
# OUR FATHER'S PLAN

WILLIAM G MOST



# നമ്മുടെ പിതാവിൻെറ പദ്ധതി

വിവർത്തകൻ

ഫാദർ ജേക്കബ് ഞായല്ലൂർ

www.malankaralibrary.com

# Our Father's Plan

# നമ്മുടെ പിതാവിൻെറ പദ്ധതി

## ദൈവത്തിൻെറ ക്രമീകരണങ്ങളും നമ്മുടെ മറുപടികളും

ഗ്രന്ഥകർത്താ:

Very Rev. Fr. William G. Most

By kind permission of the author
and
Publishers

Trinity Communications Manassas
Virginia, U. S. A.

★

വിവർത്തകൻ:

ഫാ. ജേക്കബ് തൊയലുർ

www.malankaralibrary.com

MALANKARA
LIBRARY

www.malankaralibrary.com

Nammude Pithavinte Padhadi·

Copy right to the translator.

First Edition.

Copies 1000.

Printed in St. Mary's Press,
Pattom, Trivandrum.

വില 40 രൂപ.

---

*Imprimatur:*

+Most Rev. Benedict Mar Gregorios
Archbishop of Trivandrum.

www.malankaralibrary.com

## സമർപ്പണം

പരിശുദ്ധാത്മാവിൽ
യേശുവിൻെറയും മറിയത്തിൻെറയും
ഹൃദയങ്ങൾ വഴി
നമ്മുടെ പിതാവിന്

## Dedication.

To Our Father
through the Hearts
of Jesus and Mary
in the Holy Spirit.

www.malankaralibrary.com

# A GNAYALLOOR PUBLICATION

## പരിഭാഷകന്റെ ഇതര കൃതികൾ

1 മഹാനായ ഒരു ആദ്ധ്യാത്മിക ഗുരു
2 പരിശുദ്ധാത്മാവിന്റെ ദാനങ്ങൾ
3 വി. അഗസ്തീനോസ്
4 അങ്ങനെ അവരുടെ കല്യാണവും കഴിഞ്ഞു (പരിഭാഷ)
5 വിങ്ങുന്ന ഹൃദയം
6 വിപ്ലവത്തിന്റെ വെന്നിക്കൊടി (പരിഭാഷ)
7 സഖാക്കളുടെ നാട്ടിൽ
8 മറിയം നമ്മുടെ ജീവിതത്തിൽ—രണ്ട് വാല്യങ്ങൾ (പരിഭാഷ)
9 Augustine Saint for Today (Published in U. S. A.)
10 ആർച്ച്ബിഷപ്പ് മാർ ഗ്രിഗോറിയോസ്
11 നിസ്സായിലെ വി. ഗ്രിഗോറിയോസ്
12 ഗിരിപ്രഭാഷണം (പരിഭാഷ)
13 ക്രിസ്തുനാഥൻ (പരിഭാഷ)
14 ക്രിസ്തുനാഥാനുകരണം (പരിഭാഷ)
15 വിശ്വാസദീപം
16 നേഴ്സുകൾക്കൊരു ധാർമ്മികസംഹിത (പരിഭാഷ)
17 കർത്തൃപ്രാർത്ഥന (പരിഭാഷ)

## ഫാ. ജോസഫ് ഞായല്ലൂരിന്റെ കൃതികൾ

1 വിവാഹം-വിശുദ്ധ കൂദാശ *(edited)*
2 നോമ്പ്, വർജ്ജന, ഉപവാസം—നൂറ്റാണ്ടുകളിലൂടെ
3 കന്യകമറിയം—മാർ അപ്രേമിന്റെ കണ്ണുകളിലൂടെ
4 മോതിരവും കിരീടവും വിവാഹ ശുശ്രൂഷയിൽ
5 മരിയദർശനം—മാർത്തോമ്മാമുതൽ ഇന്നുവരെ.

www.malankaralibrary.com

Most Rev. Benedict Mar Gregorios,
Archbishop of Trivandrum

Archbishop's House,
Trivandrum-695004.
Kerala, India.

# അവതാരിക

ആത്മീയ ജീവിതത്തിനു് വളരെയേറെ പ്രചോദനം നൽകുവാൻ ഉതകുന്ന ഒരു സത്ഗ്രന്ഥമാണ് "നമ്മുടെ പിതാവിന്റെ പദ്ധതി". വില്ല്യം ജി. മോസ്റ്റ് എന്ന അമേരിക്കൻ വൈദികൻ 'Our Father's plan' എന്ന പേരിൽ രചിച്ച ഗ്രന്ഥത്തിന്റെ പരിഭാഷയാണിതു്. ഫാദർ മോസ്റ്റ് പ്രസിദ്ധനായ ഒരു ദൈവശാസ്ത്രജ്ഞനും ആദ്ധ്യാത്മികജീവിതത്തിനു ഒരു ഉത്തമ വഴികാട്ടിയുമാണ്. പിതാവായ ദൈവത്തിനു നമ്മോടുള്ള കാരുണ്യവും, ദൈവകാരുണ്യത്തോടു മനുഷ്യർക്ക് ഉണ്ടാകേണ്ട പ്രതികരണവുമാണ് പ്രതിപാദ്യവിഷയം.

"ദൈവത്തെ ആരും ഒരുനാളും കണ്ടിട്ടില്ല. പിതൃമാർവിടത്തിൽ സ്ഥിതി ചെയ്യുന്ന ഏകജാതൻ അവിടുത്തെ വെളിപ്പെടുത്തി" (യോഹന്നാൻ 1: 18) ദൈവം സ്നേഹമാകുന്നുവെന്നുള്ളതാണ് ഈ വെളിപാടിന്റെ സാരാംശം. സൗജന്യവും നിഷ്ക്കളങ്കവുമായ സ്നേഹത്തിൽനിന്നു് ദൈവം നമ്മെ ഉരുവാക്കുകയും ആ സ്നേഹത്തിൽ വിലയം പ്രാപിക്കുന്നതിന് നമ്മെ നിരന്തരം ആനയിക്കുകയും ചെയ്യുന്നു.

ദൈവത്തെ നാം പ്രാപിക്കുന്നതു് നമ്മുടെ സ്വയമായ പരിശ്രമംകൊണ്ടല്ല. "അവൻ ആദ്യമായി നമ്മെ സ്നേഹിച്ചു." (യോഹ. 4, 19) എല്ലാററിനും മൂലകാരണമായ ഈ

www.malankaralibrary.com

ദൈവസ്നേഹത്തിൽ നിന്നാണ് മനുഷ്യനിലുള്ള ഏതു നന്മയും, പരിശ്രമവും ആരംഭിക്കുന്നതു്. നാം നല്ലവരായതുകൊണ്ടല്ല ദൈവം നമ്മെ സ്നേഹിക്കുന്നതു്. ദൈവം നമ്മെ സ്നേഹിക്കുന്നതുകൊണ്ടാണ് നാം നല്ലവരാകുന്നത്.

ജീവിതത്തിൻെറ ഓരോ നിമിഷവും ഈ സ്നേഹം നമ്മെ പിന്തുടരുന്നു. ആകാശത്തിലെ പറവകളെയും വയലിലെ സസ്യങ്ങളേയും ജാഗ്രതയോടെ സംരക്ഷിക്കുന്ന സ്വർഗ്ഗസ്ഥ പിതാവ്, തൻെറ മക്കളായ മനുഷ്യരെ എത്രയോ കൂടുതൽ വാത്സല്ല്യത്തോടെ പരിപാലിക്കുന്നു! "നിങ്ങളുടെ തലയിലെ ഓരോ മുടിയിഴയും എണ്ണപ്പെട്ടിരിക്കുന്നു".

സ്നേഹസ്വരൂപിയായ പിതാവിൻെറ പൂർണ്ണമായ വെളിപാടാണ് രക്ഷകനായ യേശുമിശിഹാ. പിതാവിനെ നാം സമീപിക്കുന്നതു് മാംസമായി അവതരിച്ച പുത്രനിൽ കൂടിയാണു്. രണ്ടാമത്തെ ആദാമായ യേശുവിനു് ജനനം നൽകിയ പുതിയ ഹവ്വയായ മറിയം, നമ്മുടെ വീണ്ടെടുപ്പിൽ രക്ഷകനോട് ഏററം ഗാഢമായി സഹകരിച്ചു. രക്ഷകൻെറ സന്നിധിയിലേക്കു അവരം നമ്മെ നടത്തുന്നു.

രക്ഷയുടെ മാർഗ്ഗമായി ക്രിസ്തു സ്ഥാപിച്ച സഭയിൽ, നന്മനസ്സുള്ളവരും, പരിശുദ്ധാത്മാവിൻെറ പ്രേരണയ്ക്കു സ്വയം വിധേയരാകുന്നവരും എപ്രകാരം അംഗങ്ങളായിത്തീരുന്നുവെന്നുള്ളതു് വളരെ വിദഗ്ദ്ധമായി ഫാദർ മോസ്സു് വ്യാഖ്യാനിക്കുന്നുണ്ടു്.

ഫാദർ ജേക്കബ് ഞായല്ലൂർ ഈ ഗ്രന്ഥം മലയാളത്തിൽ പരിഭാഷ ചെയ്തു പ്രസിദ്ധീകരിക്കുന്നതു കേരളീയർക്കെല്ലാവർക്കും ഈടുററ ഒരു സംഭാവനയാണ്. പരിഭാഷകനെ ഞാൻ അനുമോദിക്കുകയും ഈ ഗ്രന്ഥം സത്യാന്വേഷികരംക്കു ഒരു വഴികാട്ടിയും, ഈശ്വരഭക്തരായ എല്ലാവർക്കും പുണ്യജീവിതത്തിന് പ്രചോദനവുമാകട്ടെയെന്നു പ്രാർത്ഥിക്കുകയും ചെയ്യുന്നു.

Archbishop of Trivandrum.

www.malankaralibrary.com

# ആമുഖം

സൽഗ്രന്ഥപാരായണം ആദ്ധ്യാത്മികജീവിതപുരോഗതിക്കു പ്രയോജനപ്രദമാണ്. ഭക്തിമാർഗ്ഗപ്രദീപ്തമായ ഗ്രന്ഥങ്ങളും യുക്തിമാർഗ്ഗപ്രദീപ്തമായ ഗ്രന്ഥങ്ങളും ക്രൈസ്തവസാഹിത്യത്തിൽ ധാരാളമുണ്ട്. എന്നാൽ ഭക്തിയും യുക്തിയും സമഞ്ജസമായി ഇണങ്ങിച്ചേർന്ന ഗ്രന്ഥങ്ങൾ വിരളമാണ്. ആ കുറവു നികത്തുന്ന ഒന്നാണ് "നമ്മുടെ പിതാവിൻെറ പദ്ധതി" എന്ന ഈ ഗ്രന്ഥം. ദൈവശാസ്ത്രത്തിൻെറ ഈടുവെയ്പിൽനിന്നു ശേഖരിച്ചിട്ടുള്ള അമൂല്യരത്നങ്ങൾ ഈ ഗ്രന്ഥത്തിൽ ധാരാളമുണ്ട്. അതേസമയംതന്നെ ആത്മാവിനെ ഭക്തിയുടെ ഉത്തുംഗശൃംഗത്തിലേക്കുയർത്തുവാൻ പോരുന്ന വിശിഷ്ട ചിന്തകളും ഈ ഗ്രന്ഥത്തിൻെറ പ്രത്യേകതയാണ്.

മൂലഗ്രന്ഥകാരൻ പുസ്തകത്തിൽ ധാരാളം അടിക്കുറിപ്പുകൾ ചേർത്തിട്ടുണ്ട്. പലതും ഈ വിവർത്തകനു പരിചയമില്ലാത്ത ഭാഷകളിലായതിനാൽ അവ പരിഭാഷപ്പെടുത്തിയിട്ടില്ല. പരിഭാഷ അറിയാമെങ്കിലും മൂലഗ്രന്ഥത്തിലുള്ള ചില ഗ്രീക്കുപദങ്ങൾ അതേപടി നിലനിർത്തിയിട്ടുണ്ട്. ഉദാഹരണമായി അരയോപ്പാഗയിററു് എന്നു സ്വയം വിളിച്ചിരുന്ന ഡയനീഷ്യസ് എന്ന് പരിഭാഷയുടെ ആദ്യഭാഗത്തുതന്നെയുണ്ടു്. അരയോപ്പാഗസ് എന്ന പദം അരയോസ് എന്നും പാഗോസ് എന്നും ഉള്ള രണ്ടു ഗ്രീക്കു പദങ്ങൾ കൂട്ടിച്ചേർത്തതാണ്. അതിനർത്ഥം അരയോസിൻെറ കുന്നു് എന്നാണ്. അരയോസ് ഗ്രീക്കുകാരുടെ യുദ്ധാധിദേവനായിരുന്നു. ആഥൻസിനു കിഴക്കുപടിഞ്ഞാറു് സ്ഥിതി ചെയ്ത ആ സ്ഥലത്താണ് ഗ്രീക്കുകാരുടെ ഏററം പരമോന്നതമായ പണ്ഡിതസംഘം യോഗം ചേർന്നിരുന്നതു്. അവരുടെ മുമ്പിൽ വി. പൗലോസ് ഗ്രീക്കുകാരുടെ അജ്ഞാതദേവനെക്കുറിച്ച് പ്രസംഗിച്ചു. അതിൻ ഫലമായി ഡയനീഷ്യസ് എന്നു പേരുള്ള ഒരാൾ ക്രിസ്ത്യാനിയായി. (നടപടി 17: 19-34) അന്നു മാനസാന്തര

www.malankaralibrary.com

പ്പെട്ട ഡയനീഷ്യസിനെപ്പോലെയുള്ള ഒരു വ്യക്തിയാണു താനെന്നു, അരയോപ്പാഗയിററ് എന്ന് സ്വയം വിളിച്ചുപോന്ന ആരം സൂചിപ്പിക്കുകയാണു്. അദ്ദേഹം എഴുതിയതു ഏ. ഡി. 500—നോടടുത്താണ്. അപ്പോരം വി. പൗലോസ് മാനസാന്തരപ്പെടുത്തിയ ആളല്ലെന്നു വ്യക്തം.

ലോഗോസ് അഥവാ വചനം എന്ന പദം പരിശുദ്ധത്രിത്വത്തിലെ രണ്ടാമത്തെ ആളായ പുത്രൻ തമ്പുരാനെക്കുറിച്ച് വി. യോഹന്നാൻ തന്റെ സുവിശേഷത്തിന്റെ ആദ്യഭാഗത്തുതന്നെ നൽകുന്നുണ്ടു്. ലോഗോസ് എന്ന ഗ്രീക്കു പദത്തിനർത്ഥം വചനമെന്നാണെങ്കിലും, വി. യോഹന്നാൻ ആ പദം ഉപയോഗിച്ചിട്ടുണ്ടെങ്കിലും 'വചനത്തെ പിൻചെല്ലുക' എന്നു പറയുമ്പോരം മലയാളം വായിക്കുന്നവർക്കു ആശയക്കുഴപ്പം സംഭവിച്ചേക്കാം എന്നു കരുതി പരിഭാഷയിൽ ലോഗോസ് എന്നുതന്നെ നിലനിറുത്തിയിരിക്കയാണ്.

ഈ ഗ്രന്ഥം പരിഭാഷപ്പെടുത്തുവാൻ സദയം അനുവാദം നൽകിയ മൂലഗ്രന്ഥകാരനായ ഫാദർ വില്യം ജി. മോസ്റ്റിനോടും അമേരിക്കയിൽ ഇതു പ്രസിദ്ധീകരണം ചെയ്ത ട്രിനിററി കമ്മ്യൂണിക്കേഷൻസ് എന്ന പ്രസിദ്ധീകരണകമ്പിനിയോടും എനിക്കുള്ള നന്ദി ഞാൻ രേഖപ്പെടുത്തുന്നു.

പരിഭാഷയുടെ കൈയെഴുത്തുപ്രതി വിവിധ ജോലിത്തിരക്കുകരംക്കിടയിൽ വായിച്ച് അത്യാവശ്യമായ നിർദ്ദേശങ്ങരം നൽകുകയും പ്രൗഢമായ ഒരു അവതാരിക എഴുതിത്തരുകയും ചെയ്ത അഭിവന്ദ്യ മാർ ഗ്രിഗോറിയോസ് തിരുമേനിയോടുള്ള എന്റെ നന്ദിയും കടപ്പാടും കേവലം വാക്കുകളിൽ ഒതുങ്ങുന്നതല്ല. തിരുമേനിയുടെ നിർദ്ദേശമനുസരിച്ചാണ് ഗ്രീക്കുപദങ്ങളെക്കുറിച്ച് ഞാൻ ഈ ആമുഖത്തിൽ എഴുതിയിട്ടുള്ളതു്. തിരുമേനി എന്നോടു കാണിച്ചിട്ടുള്ള കരുണയും സ്നേഹവും വാത്സല്യവുമെല്ലാം ജീവിതത്തിലെ മധുരസ്മരണകളോടൊപ്പം എന്റെ ഹൃദയത്തിൽ ഞാൻ സൂക്ഷിക്കുന്നു.

www.malankaralibrary.com

ഈ ഗ്രന്ഥം ഭംഗിയായി മുദ്രണം ചെയ്തുതന്ന സെൻറു് മേരീസ് പ്രസ്സ് മാനേജർ വെരി. റവ. ഫാദർ ജോർജ്ജ്ജോണിനോടും, പ്രസ്സിലെ മററാളുകളോടും എനിക്കുള്ള നന്ദി രേഖപ്പെടുത്തുന്നു.

എൻെറ അനുജൻ ഫാദർ. ജോസഫ് ഞായല്ലൂർ ഈ ഗ്രന്ഥപ്രകാശനത്തിന് നൽകിയ സഹകരണങ്ങൾക്ക് അദ്ദേഹത്തിനും നന്ദി രേഖപ്പെടുത്തുന്നു.

ഒരു വ്യക്തിയുടെയെങ്കിലും ആദ്ധ്യാത്മിക പുരോഗതിക്കു ഈ ഗ്രന്ഥം സഹായകമാകുമെങ്കിൽ ഞാൻ കൃതാർത്ഥനായിരിക്കും.

വിവർത്തകൻ.

www.malankaralibrary.com

# ആമുഖം

## നഷ്ടപ്പെട്ട ആശയം വീണ്ടെടുക്കാൻ

ആധ്യാത്മികമായി വളരുന്നതിന് ഉദാരമായിതന്നെ ബുദ്ധിമുട്ടുന്ന ആത്മാക്കരം, ആധ്യാത്മികകാര്യങ്ങരം—ദിവ്യബലിപോലും—തങ്ങരംക്ക് "ഒന്നും നല്കുന്നില്ല" എന്ന് പ്രസ്താവിക്കുവാൻ തക്കവിധം അവർക്കവ പ്രയോജനകരമാകാത്തത് എന്തുകൊണ്ട്? ഈ ഗ്രന്ഥത്തിൻെറ വിവിധ ഭാഗങ്ങളിൽ അതിൻെറ കാരണം ആരായുന്നതിന് ഞാനുദ്ദേശിക്കുന്നു. പക്ഷേ, ഇപ്പോരം നഷ്ടപ്പെട്ടുപോയ ഒരു ആശയത്തിൽ നമ്മുടെ ശ്രദ്ധ കേന്ദ്രീകരിക്കുന്നത് നന്നായിരിക്കും.

അനേകരുടെ ആധ്യാത്മികജീവിതത്തിൽനിന്ന് ഒരു വലിയ ദൃശ്യം—അതവിടെ ഉണ്ടായിരുന്നെങ്കിൽ—മാഞ്ഞുപോയിരിക്കുന്നു. സഭയുടെ ആദ്യപിതാക്കന്മാർ അത് കണ്ടെത്തുന്നതിനുള്ള ആരംഭം നമുക്ക് നല്കും. സഭാമർദ്ദനങ്ങളുടെ ഏകദേശം അവസാനകാലഘട്ടത്തിൽ സഭയുടെ വിശ്വാസം രേഖപ്പെടുത്തിയ അർനോബിയൂസ് ദൈവത്തോട് ഈ വാക്കുകരം പ്രസ്താവിക്കുന്നു: "അങ്ങയെ ഗ്രഹിപ്പാൻ ഞങ്ങരം നിശ്ശബ്ദത പാലിക്കണം. തെററിപ്പോകാവുന്ന ഊഹം വഴി അങ്ങയെ പിൻതുടരാൻ യാതൊന്നുംതന്നെ ഞങ്ങരം പതുക്കെപ്പോലുംപറയരുത്''. അതുപോലെAREOPAGITE ആയ ഡയനീഷ്യസ് എന്ന് സ്വയം വിളിച്ചുപോന്ന ഒരു ഗ്രന്ഥകർത്താവ് ഏകദേശം 500 എ. ഡി-യിൽ എഴുതി, ദൈവത്തെ ഏററം നന്നായറിയുന്നത് അറിയാതിരിക്കുകവഴിയാണെന്ന്. ഇതിലും നേരത്തെതന്നെ നിസ്സായിലെ വി. ഗ്രിഗറി ഈ ആശയം ഇപ്രകാരം അവതരിപ്പിച്ചിട്ടുണ്ട്. "നാം അന്വേഷിക്കുന്നവൻെറ യഥാർത്ഥ ദർശനം, ശരിയായ കാഴ്ച അടങ്ങിയിരിക്കുന്നത് ഇതിലാണ്: കാണാതിരിക്കുന്നതിൽ. കാരണം, നാം അന്വേഷിച്ചവൻ എല്ലാവിധത്തി

www.malankaralibrary.com

ലുമുള്ള അറിവിനതീതനാണ്''. ക്ഷമിക്കാവുന്ന അത്യുക്തിയോടെ 'ക്രിസ്തീയപ്രബോധനം' എന്ന തൻെറ പ്രബന്ധത്തിൽ ഈ വസ്തുതതന്നെ അദ്ദേഹം ഇങ്ങനെ രേഖപ്പെടുത്തി: "വിശദമാക്കുവാൻ സാധ്യമല്ലാത്തവനെന്നുപോലും അവിടുത്തെക്കുറിച്ച് നാം പ്രസ്താവിച്ചുകൂടാ. കാരണം, ആ വാക്ക് നാം പ്രസ്താവിക്കുമ്പോഠം എന്തോ ഒന്ന് പ്രസ്താവിക്കുകയാണ്?

ദൈവശാസ്ത്രജ്ഞന്മാരിൽ ഏററം മഹാനായ വി. തോമസ് അക്വിനാസ് തൻെറ ദൈവശാസ്ത്രവിജ്ഞാനീയത്തിൻെറ മഹാഗ്രന്ഥമായ Summa Theologica (ദൈവശാസ്ത്രത്തിൻെറ അത്യുന്നതതലം) പൂർത്തിയാക്കിയില്ല. ജീവിതസായാഹ്നത്തിനടുത്ത് അദ്ദേഹം അത് അപൂർണ്ണമായി നിറുത്തുകയാണുണ്ടായത്. അതിനദ്ദേഹത്തെ നിർബ്ബന്ധിച്ച കാരണം അദ്ദേഹം ഇങ്ങനെ പ്രസ്താവിക്കുന്നു: "ഞാൻ എഴുതിയതും പഠിപ്പിച്ചതുമായ കാര്യങ്ങഠം, കേവലം നിസ്സാരമെന്നു തോന്നത്തക്ക രീതിയിലുള്ള കാര്യങ്ങഠം എനിക്ക് വെളിപ്പെടുത്തപ്പെട്ടിരിക്കുന്നു'' ദൈവം എന്താണെന്നതിനെക്കുറിച്ച് ഒരു നിമിഷദർശനം നൽകപ്പെട്ടു കഴിഞ്ഞപ്പോഠം തൻെറ പണ്ഡിതോചിതരചനയായായ സുമ്മാതീരെ ദരിദ്രമാണെന്ന് ഗ്രഹിച്ച് അതിൻെറ രചന തുടരുവാൻ അദ്ദേഹത്തിന് മാനസികഭാവമുണ്ടായില്ല.

"ആയിരിക്കുകയിൽ നിന്നും അതീതനാണ്'' ദൈവം എന്ന് വിജാതീയനായിരുന്ന പ്ലേറേറാപോലും എഴുതി.

വന്ധ്യമായ ആത്മാക്കഠംക്ക് അജ്ഞാതമായ അതിവിശാലമായ പരിമാണങ്ങളുടെ ആഴത്തിലേക്ക് ഈ എഴുത്തുകാർ ഇറങ്ങി. പരസ്പരവിരുദ്ധമെന്ന് തോന്നാവുന്ന വാക്കുകഠം മുഖേന വിശദമാക്കുവാനാകാത്തതിനെ വിശദമാക്കുന്നതിന് അവർ ശ്രമിച്ചു. അവരെ നാം കുററപ്പെടുത്തുന്നില്ല. ഇനിയും പ്രസ്താവിക്കുന്ന വിധം അത് വിശദമാക്കുവാൻ നമുക്ക് കഴിയും. ചുവപ്പ്, പച്ച, നീല, എന്നീ വാക്കുകഠം നാം പ്രസ്താവിക്കുമ്പോഠം നിറം മനസ്സിലാക്കുവാൻ കഴിയുന്ന ഒരുവന് അതിൻെറ അർത്ഥം ഗ്രഹിക്കുവാനൊക്കും. നാം ഉദ്ദേശിക്കുന്നതിൻെറ പ്രതിച്ഛായ അവ

www.malankaralibrary.com

ന് ലഭിക്കും. അതിന്റെ കാരണം, നാമും നമ്മുടെ ശ്രോതാവും പൊതുവായ ഒരനുഭവം പങ്കിടുന്നതാണ്. കാരണം, നാമെല്ലാം ഈ നിറങ്ങൾ എന്താണെന്നു ഗ്രഹിച്ചിട്ടുണ്ട്. എന്നാൽ, നിറങ്ങൾ ഗ്രഹിക്കുന്നതിന് കഴിവില്ലാത്ത ഒരുവനോട് നാം നിറങ്ങളെക്കുറിച്ച് പ്രസ്താവിക്കുന്നെന്ന് കരുതുക. തീർച്ചയായും പ്രകാശതരംഗങ്ങളുടെ സ്പന്ദനങ്ങളെക്കുറിച്ച് അയാളോട് നമുക്ക് പറയുവാൻ കഴിയും. പക്ഷേ, ഈ നിറങ്ങളുടെ ഒരു മാനസികപ്രതിച്ഛായ അയാൾക്ക് യഥാർത്ഥത്തിൽ നമുക്കുള്ളതുപോലെ ലഭിക്കുകയില്ല. അവ അയാളുടെ അനുഭവത്തിനതീതമാണ്.

ഇപ്രകാരംതന്നെ ദൈവത്തെക്കുറിച്ച് പ്രസ്താവിക്കുമ്പോൾ നാം സാധാരണക്കാർക്കറിയാവുന്ന പദങ്ങളുപയോഗിക്കുന്നു. പക്ഷേ, നാമവ ഉപയോഗിക്കേണ്ടത് ഭാഗികമായ ഒരർത്ഥത്തിൽ, യഥാർത്ഥത്തിൽ നമുക്ക് പരിചയമുള്ള അർത്ഥത്തിൽനിന്ന് വിഭിന്നമായി വേണം. അതിനാലാണ് "നല്ലവനായ ഗുരോ" എന്ന് ഒരു യുവാവ് നമ്മുടെ കർത്താവിനെ സംബോധനചെയ്തപ്പോൾ അവനെ ഈ പാഠം നാടകീയമായ രീതിയിൽ പഠിപ്പിക്കുവാനുള്ള അവസരം അവിടുന്ന് കണ്ടെത്തിയത്. "എന്തുകൊണ്ടാണ് നീ എന്നെ നല്ലവൻ എന്നു വിളിക്കുന്നത്? ദൈവം അല്ലാതെ നല്ലവനായി മററാരുമില്ല". (ലൂക്കോ. 18:18-19)

താൻ ദൈവമാണെന്നത് നിഷേധിക്കുവാൻ തീർച്ചയായും യേശു ഉദ്ദേശിച്ചില്ല. മനുഷ്യനെന്ന നിലയിൽതന്നെ താൻ നല്ലവനല്ലെന്നതും അവിടുന്നുദ്ദേശിച്ചില്ല. അതല്ല. അർണോബിയസും മററു പിതാക്കന്മാരും കണ്ട സത്യം ശക്തമായി പഠിപ്പിക്കുന്നതിന് അവിടുന്നാഗ്രഹിച്ചു. നല്ലവനെന്ന പദം യഥാർത്ഥത്തിൽ ദൈവത്തെക്കുറിച്ചുപയോഗിക്കുമ്പോഴും സൃഷ്ടികളെക്കുറിച്ചുപയോഗിക്കുമ്പോഴും ഭാഗികമയി ഒന്നുതന്നെയാണ്. എന്നിരുന്നാലും ഒരു വ്യത്യാസമുണ്ട്. അതാകട്ടെ വലിയ വ്യത്യാസം തന്നെയാണ്. അതാകട്ടെ സൃഷ്ടികൾക്ക് ബാധകമായ ചില പ്രത്യേകതകൾ ദൈവത്തെക്കുറിച്ചാകുമ്പോൾ ഭാഷയിലും ഗ്രഹിക്കുന്ന വിധത്തിലും ഉടൻതന്നെ നിഷേധിക്കുന്ന വിധവും. അതിനാൽ

www.malankaralibrary.com

നാം നമ്മുടെ ധാരണകൾ തിരുത്തുകവഴി "അറിയാതിരിക്കുകമൂലം" ദൈവത്തെ നാം അറിയുന്നു. എല്ലാ തിരുത്തലുകളും നടത്തിക്കഴിയുമ്പോൾ പിന്നെ ശേഷിക്കുന്നത് വെറും നിസ്സാരം മാത്രം. അപ്പോൾ അതിനതീതമായിട്ടുള്ളത് വിശദീകരിക്കുവാൻ സാധിക്കാത്ത സത്തമാത്രം. അതിനാൽ ഡയനീഷ്യസ് എഴുതി: "കാണാതിരിക്കുന്നതും അറിയാതിരിക്കുന്നതുംമൂലം നമ്മുടെ കാഴ്ചയ്ക്കും അറിവിനും അതീതനായവനെ കാണുന്നതിനും അറിയുന്നതിനും വേണ്ടി നാം പ്രാർത്ഥിക്കുന്നു".

എല്ലാ പ്രയത്നങ്ങൾകൊണ്ടും ദൈവത്തെ വിവരിക്കുവാൻ സാധിക്കാത്തതിന്റെ പിന്നിലുള്ള വസ്തുത അവിടുന്ന് സകലതിനും അതീതനാണെന്നതാണ്. അതായത്, അവിടുന്നു നമ്മുടെ സുവ്യക്തമായ ആശയത്തിലോ തരംതിരിപ്പിലോ ഒതുങ്ങുന്നില്ല. അവിടുന്നു സകലതിനും അതീതനാണ്. ഒരു പ്രത്യേകകാര്യം മുഖേന ഇത് ഗ്രഹിക്കുന്നതിന് നമുക്കൊന്ന് പരിശ്രമിച്ചുനോക്കാം. ദൈവം എങ്ങനെയാണ് കാര്യങ്ങളറിയുകയെന്ന് വിശദമാക്കുവാൻ നാം പരിശ്രമിച്ചാൽ ചൂഴ്ന്നിറങ്ങുന്നതിനസാധ്യമായ ഒരു രഹസ്യത്തിലേക്ക് നാം ഓടിക്കയറുകയായിരിക്കും.

ഒരു സൃഷ്ടിക്ക് രണ്ടുവിധത്തിൽ, സർഗ്ഗാത്മകവിധത്തിലും നിശ്ചേഷ്ടവിധത്തിലും (active and passive way) കാര്യങ്ങളറിയാൻ കഴിയും. നിശ്ചേഷ്ട വിധത്തിൽ നമ്മിൽനിന്ന് ബാഹ്യമായ ഏതെങ്കിലും ഒന്നിൽനിന്ന് നാം ഒരു ധാരണയെടുക്കുന്നു. പുതിയ ഒന്ന് നാം നേടുന്നു. നമുക്കു മുൻപില്ലാതിരുന്ന സ്ഥിതിവിവരണം നാം നേടുന്നനികത്തേണ്ട ഒരു കുറവ് ദൈവത്തിനുള്ള രീതിയിൽ, ദൈവത്തെക്കുറിച്ചുള്ള അറിവിനെക്കുറിച്ച് നമുക്ക് ഈ രീതിയിൽ ചിന്തിക്കുക സാധ്യമല്ല. അവിടുത്തേക്ക് യാതൊരു കുറവും ഉണ്ടാകുവാൻ പാടില്ല.

എന്നാൽ സർഗ്ഗാത്മകവിധത്തിലാണു ദൈവം കാര്യങ്ങളറിയുന്നതെന്നു പറയുന്നതിനു ശ്രമിച്ചാൽ കൂടുതൽ മോശമായ പ്രതിബന്ധങ്ങളെ നാം നേരിടും. ഒരു കസേര അനങ്ങുകയാണെന്ന് ഒരു അന്ധന് അറിയാൻ കഴിയും. കാരണം

www.malankaralibrary.com

അയാാം തൻെറ പ്രവൃത്തി മുഖേന അതു തള്ളുകയാണ്. ഒരു അന്ധനു അയാാം പ്രവർത്തിക്കാതെതന്നെ ഒരു പ്രവൃത്തിക്കുകാരണമാകാതെ തന്നെ പലതും അറിയാൻ കഴിയും. എന്നാൽ ദൈവം താൻ കാരണമാകുന്നതു മാത്രമേ അറിയുന്നുള്ളു എന്നു പ്രസ്താവിക്കുക വഴി അവിടുത്തെ ഒരു അന്ധനെക്കാാം കൂടുതലായി നാം പരിമിതപ്പെടുത്തുകയാണ്.

അതിനാൽ സർഗ്ഗാത്മകമെന്നോ, നിശ്ചേഷ്ടമെന്നോ ഉള്ള വിശദീകരണമൊന്നും അവിടുത്തേക്കു ചേരുകയില്ല. നാം മുൻപു പ്രസ്താവിച്ചതാണു കാരണം. അവിടുന്ന് എല്ലാ തരംതിരിപ്പിനും അതീതനാണ്. സൃഷ്ടികാംക്കു വേണ്ടിയുള്ള ചട്ടക്കൂട്ടിൽ അവിടുത്തെ ഒതുക്കുക സാധ്യമല്ല. അവിടുത്തെ ഈ പ്രത്യേകത വെളിവാക്കാവുന്ന പദമാണ് അതീതം അല്ലെങ്കിൽ അവാച്യം എന്നത്.

അതിനാലാണ്, മനുഷ്യരുടെ ഭാവിയിലെ സ്വതന്ത്രമായ തീരുമാനങ്ങാം എങ്ങനെ ദൈവം അറിയും എന്നതു വിശദമാക്കുവാൻ ശ്രമിക്കവേ വി. തോമസ് അകപിനാസ് ഇപ്രകാരം പ്രസ്താവിച്ചു സംതൃപ്തനായത്. ദൈവം നിത്യനാകുന്നു. നിത്യതയിൽ ഭൂതകാലമോ ഭാവികാലമോ ഇല്ല. വി. തോമസ് അകപിനാസ് ഈ നിഗമനത്തിൽ എത്തിച്ചേരാൻ ഇടയായത് ഇനി പ്രസ്താവിക്കുന്ന കാരണം നിമിത്തമാണ്. ഭാവിയിലെ സ്വതന്ത്രതീരുമാനം യഥാർത്ഥത്തിൽ അറിയുക സാധ്യമല്ല. കാരണം, അത് യഥാർത്ഥത്തിൽ സ്ഥിതിചെയ്യുന്നില്ല. ഈ രീതിയിൽ തീരുമാനിക്കാനുള്ള കാരണങ്ങളും മനുഷ്യനു ബാഹ്യമായില്ല. അങ്ങനെയാണെങ്കിൽ അവൻ സ്വതന്ത്രനല്ല. എന്നാൽ എല്ലാ കാര്യങ്ങളും ദൈവത്തിനു മുൻപിൽ സന്നിഹിതമാണ്. അവിടുത്തേക്ക് അവ അറിയുവാൻ സാധിക്കും. കാരണം വർത്തമാനകാലത്തിൽ അവ തീരുമാനിക്കപ്പെട്ടിരിക്കുന്നു, അതിനാൽ അവ അറിയാവുന്നവയാണ്.

www.malankaralibrary.com

പക്ഷേ, വി. തോമസ് ഇതിനപ്പുറം ആരായുവാൻ തയ്യാറായില്ല, നിത്യതയിൽ ദൈവം ഏതു രീതിയിലാണ് കാര്യങ്ങൾ വർത്തമാനകാലത്തിലറിയുന്നതെന്ന്. അങ്ങനെയായാൽ നാം കണ്ട സർഗ്ഗാത്മകമെന്നതോ നിശ്ചേഷ്ടമെന്നതോ ആയ വിഷമപ്രശ്നത്തിൽ അദ്ദേഹം കുടുങ്ങിപ്പോകും. ഇതിൽ ചൂഴ്ന്നിറങ്ങി മുൻപോട്ടു പോകുക തനിക്കു സാധ്യമല്ലെന്നുകണ്ട്,തൻെറ യഥാർത്ഥവിനയത്തിനനുസൃതമായി അദ്ദേഹം നിശബ്ദത പാലിച്ചു. ഭാവി ദൈവത്തിനു എപ്രകാരം വർത്തമാനകാലമാകുമെന്ന് നമുക്കും അറിഞ്ഞുകൂടാ. ഭാവികാലമുപയോഗിച്ചുകൊണ്ട് താൻ അവസാനകാലത്ത് പ്രത്യക്ഷനാകുമെന്ന് ക്രിസ്തു പ്രസ്താവിക്കുന്നുണ്ട്. എന്നാൽ, ദൈവമനസ്സിന് അതു വർത്തമാനകാലമാണ്. ഭൂതകാലം ഉപയോഗിച്ചുകൊണ്ട് ദൈവം ലോകത്തെ സൃഷ്ടിച്ചു എന്നു നാം പ്രസ്താവിക്കുന്നുണ്ടല്ലോ. പക്ഷേ, ദൈവമനസ്സിന് അത് വർത്തമാനകാലമാണ്.

ഇതാ, കൂടുതലായ ഒരു രഹസ്യം. പ്രത്യേകരീതിയിലുള്ള ഒരു ഭാവി ദൈവം അറിയുന്ന വിവിധ സന്ദർഭങ്ങൾ വേദപുസ്തകത്തിലുണ്ട്. പക്ഷേ, അവ തീർച്ചയായും സംഭവിക്കുന്നവയല്ലാ, നേരെമറിച്ച് എന്തു സംഭവിക്കുമെന്നത് ഉദാഹരണമായി ഞാനിങ്ങനെ പ്രവർത്തിച്ചാൽ ഈ സാഹചര്യങ്ങളിൽ എന്തു സംഭവിക്കും. (ദൈവശാസ്ത്രജ്ഞന്മാർ ഇതിനെ futuribles—സംഭവിക്കാവുന്നവ എന്നു വിളിക്കുന്നു) നിത്യതയ്ക്കുപോലും ഇവയെ വർത്തമാനകാലമാക്കാനൊക്കുകയില്ല. കാരണം, അവ ഇപ്പോൾ സ്ഥിതിചെയ്യുന്നില്ല. അവ ഒരിക്കലും സ്ഥിതിചെയ്യുകയുമില്ല. എന്നാൽ വേദപുസ്തകം കാണിക്കുന്നതുപോലെ ദൈവം അവയെ അറിയുന്നു.

ഈ സത്യങ്ങളുടെ ഒരു ഏകദേശവീക്ഷണം ലഭിച്ചാൽ ദൈവത്തോടുള്ള നമ്മുടെ മറുപടിയിൽ രണ്ടു ധ്രുവങ്ങളു

www.malankaralibrary.com

ണ്ടെന്നു നമുക്കു കാണാൻ കഴിയും (ധ്രുവങ്ങളെന്നു ഞാനുദ്ദേക്കുന്നത് കാര്യങ്ങൾ ഒരു ഗണമായി ചുററും ചേരുന്ന കേന്ദ്രങ്ങളെന്നാണ്) അവ സ്നേഹാത്മകസാമീപ്യത്തിൻെറയും സ്നേഹോഷ്മളതയുടെയും ധ്രുവവും അവിടുത്തെക്കുറിച്ചുള്ള അമ്പരപ്പ്, മഹത്വബോധം, അവിടുത്തെ അനന്തനന്മയെക്കുറിച്ചുള്ള അവബോധം, അവിടുത്തോടു തുലനം ചെയ്യുമ്പോൾ നമ്മുടെ ഒന്നുമില്ലായ്മ എന്ന ചിന്തകളുടെ ധ്രുവവുമാണ്.

കൃത്യമായി പ്രസ്താവിച്ചാൽ ഈ രണ്ടു വിധമറുപടികൾക്കുള്ള മനോഭാവങ്ങൾ അധികമാക്കുക നമുക്കു സാധ്യമല്ല. കാരണം, ദൈവം എല്ലാ വിധത്തിലും അനന്തതതന്നെയാണ്. അവിടുന്ന് സ്നേഹവും അതേസമയംതന്നെ അനന്തമഹിമയുമാണ്. മുൻപു പ്രസ്താവിച്ച ധ്രുവങ്ങളിലൊന്നിനെക്കാൾ കൂടുതലായോ ഒന്നൊഴിച്ചുകൊണ്ടോ ഏതെങ്കിലും അഭ്യസിച്ചാൽ വികലമായതോ രോഗഗ്രസ്തംതന്നെയായതോ ആയ ഒരവസ്ഥ നമ്മുടെ ആത്മാക്കളിൽ ഉളവാകും.

' ഇപ്രകാരമാണ് അനേകം ആത്മാക്കൾ ചെയ്യുക. ദൈവം സ്നേഹമാണെന്ന കാര്യത്തിൽ മാത്രം അവർ ശ്രദ്ധ കേന്ദ്രീകരിക്കുന്നതിനാൽ അവർ ആ സ്നേഹം വികലമാക്കിയെന്ന് നാം കരുതുന്നു. ഇങ്ങനെ വികലമാക്കുവാൻ സാത്താൻ സന്തോഷപൂർവം നമ്മെ സഹായിക്കുന്നു. കാരണം, സ്നേഹത്തിനെതിരായി പ്രസ്താവിക്കുവാൻ ആളുകൾ ഭയപ്പെടുമെന്നും അങ്ങനെ വ്യാജസ്നേഹങ്ങളുടെ ചെളിക്കുണ്ടിൽ നമ്മെ താഴ്ത്താനൊക്കുമെന്നും അവൻ കരുതുന്നു. "പിശാചുപോലും പ്രഭാപൂർണ്ണനായ ദൈവദൂതനായി വേഷം കെട്ടാറുണ്ടല്ലോ" (2 കോറി. 11: 14) എന്ന് വി. പൗലോസ് രേഖപ്പെടുത്തിയിരിക്കുന്നു. അതായത് അവൻ നന്മയുടെ വേഷം, പക്ഷേ രോഗഗ്രസ്തമായ, വികലമായ, നന്മയുടെ

www.malankaralibrary.com

വേഷം സ്വീകരിക്കുന്നു. നമ്മെ ആ വലയിൽ വീഴിച്ച് യഥാർത്ഥ നന്മയായതിൽ നിന്ന് അകററിനിറുത്താൻവേണ്ടി തന്നെ.

ആരെങ്കിലും ഒരാാം എന്നോടു പറയുന്നെന്നു സങ്കല്പിക്കുക: "ഇവിടെ നിന്നു മൂന്നു വീടുകാംക്കപ്പുറത്തു താമസിക്കുന്ന ജോൺ താങ്കളെ സ്നേഹിക്കുന്നു" എൻെറ പ്രതികരണം മിക്കവാറും ഇതായിരിക്കും. "ഹോ, അങ്ങനെയോ? അതാരാണ്? ഞാനതിലെന്തിനു താത്പര്യം കാണിക്കണം?" അതുപോലെ ഒരാളോടു ദൈവം അയാളെ സ്നേഹിക്കുന്നുവെന്ന് പറഞ്ഞാൽ അവിടുത്തെ മഹാതിശയിയായ മഹിമയെയും ദൈവത്തിൻെറ അനന്തമായ വ്യതിരിക്തതയെയുംകുറിച്ച് ശരിയായ ഒരു ധാരണ അയാാംക്കില്ലെങ്കിൽ, അയാളും ദൈവത്തിൻെറ സ്നേഹത്തിൽ താത്പര്യമുള്ളവനായിരിക്കുകയില്ല. ആദ്ധ്യാത്മികമായി അയാളുടെ വളർച്ച മുരടിച്ച് വികലമായും തീരും. അതിനാൽ ദൈവത്തിൻെറ അനന്തതയേയും നമ്മുടെ ഒന്നുമില്ലായ്മയേയും കുറിച്ച് നമുക്ക് ഈ കാഴ്ചപ്പാടുണ്ടാകണം. ദൈവത്തോടു തുലനം ചെയ്യുമ്പോാം നാം എന്താണെന്ന് അംഗീകരിക്കുന്ന സദ്ഗുണമായ എളിമയെന്നതില്ലാത്തതിൻെറ കുരുക്കിൽ അതിൻെറ അഭാവം നമ്മെ അകപ്പെടുത്തും. പതിനെട്ടാം അദ്ധ്യായത്തിൽ വിശദമായി ഇതു പ്രതിപാദിക്കപ്പെടുന്നതായിരിക്കും. ഈ എളിമയാകട്ടെ സ്നേഹിക്കുവാൻ തീർച്ചയായുള്ള ഒരു മുൻഘടകമായിരിക്കും. നമ്മുടെ സ്നേഹത്തിൻെറ ഔന്നത്യമനുസരിച്ച് നമ്മുടെ എളിമയും അത്രകണ്ട് അഗാധമായിരിക്കണം. അല്ലെങ്കിൽ ആ സ്നേഹം ഭാഗികമായിട്ടെങ്കിലും ഒരു വെറും തോന്നലോ കള്ളനാണയമോ ആയിരിക്കും. ദൈവത്തെ സംബോധന ചെയ്യുന്നതിനു ക്രിസ്തുവിൻെറ കാലത്തിനു മുൻപുണ്ടായിരുന്ന ഒരു ഹീബ്രൂപദഘടകം ഈ രണ്ടു ഘടക

www.malankaralibrary.com

ങ്ങളും സമഞ്ജസമായി സമ്മേളിച്ചിട്ടുള്ളതാണ്. ഈ പ്രാർത്ഥനാരൂപം ഇതാണ്: ''ആവിനുമൽക്കേനു''. അർത്ഥം ഞങ്ങളുടെ പിതാവ്, ഞങ്ങളുടെ രാജാവ്'' എന്നാണ്.

ആദ്ധ്യാത്മികമായ ഈ സമതുലതയെക്കുറിച്ചു് വായിക്കുകയോ കേൾക്കുകയോ ചെയ്താൽ മാത്രം പോരാ, ഒരുവൻ അതു അനുഭവത്തിലാക്കുകയും വേണം. അതിനാൽ നാം രണ്ടാമത്തെ അറിവിലേക്കു വരുന്നു. മാനസികമായ അറിവും അനുഭവജ്ഞാനവും തമ്മിൽ കർദ്ദിനാൾ ന്യൂമാൻ വളരെ പ്രശസ്തമായ ഒരു വ്യത്യാസം നിർദ്ധാരണം ചെയ്തിട്ടുണ്ടു്. ആഫ്രിക്കയിൽ ഒരു ക്ഷാമമുണ്ടെന്നു പത്രത്തിൽ ഞാൻ വായിച്ചറിയുന്നുവെന്നു സങ്കല്പിക്കുക. ഞാൻ ആ വാർത്ത മിക്കവാറും വിശ്വസിക്കും. പക്ഷേ, അതു എന്നെ അലോസരപ്പെടുത്തുവാനുള്ള സാധ്യത കുറവാണു്. ആ വാർത്ത വേഗം വായിച്ചുതീർത്തു് മറെറാരു വാർത്ത ഞാൻ വായിച്ചെന്നുവരും. എനിക്കു അതേക്കുറിച്ചു മാനസികമായ അറിവേയുള്ളു. എന്നാൽ ഞാൻ ആ ക്ഷാമമേഖലയിൽ പോകുന്നെന്നു സങ്കല്പിക്കുക. ആളുകളെ മരണാസന്നരായി കാണുക, ആളുകൾ മരിക്കുന്നതുതന്നെ കാണുക, എനിക്കു തന്നെ കടുത്ത വിശപ്പുണ്ടാകുക—ഇങ്ങനെയെങ്കിൽ ആ സംഗതിതന്നെ ഞാനറിയുന്നു. ആ അറിവാകട്ടെ വ്യത്യസ്ത നിലയിലുള്ളതുമായിരിക്കും. എനിക്കു അനുഭവജ്ഞാനമുണ്ടാക്കുന്നു. അഗാധമായി ചിന്തിക്കുവാൻ മാത്രമല്ലാ, പ്രവർത്തിക്കുവാനും തക്കവിധം ആ അനുഭവജ്ഞാനം നമ്മളെ പിടിച്ചുലയ്ക്കുന്നു. അതു നമ്മളെ മറെറാരാളാക്കി മാററുന്നു. ഈ അനുഭവജ്ഞാനത്തിനാകട്ടെ പല തലങ്ങളുണ്ടെന്നും തീർച്ച.

നമ്മുടെ ഏററവും ഒടുവിലത്തെ കളിയെക്കുറിച്ചു നമുക്കുണ്ടായ അനുഭവം പോലെ വിശ്വാസത്തിൻെറ മൗലികസത്യങ്ങളെക്കുറിച്ചു നമുക്ക് അനുഭവജ്ഞാനമുണ്ടായാൽ

www.malankaralibrary.com

എന്തു സംഭവിക്കും.? നാം പാടേ മാറിപ്പോകും. അതിനാൽ ദൈവത്തെക്കുറിച്ചും അവിടുത്തോടുള്ള നമ്മുടെ ബന്ധങ്ങളെക്കുറിച്ചും സമതുലിതമായ ഒരു ചിത്രം നല്കുന്നതിനു ഞാൻ ശ്രമിക്കാം. അതു വാഗ്ദാനം ചെയ്യുന്നു. ഈ ഗ്രന്ഥം കൊണ്ട് അതു സാധിക്കും. പക്ഷേ, ആധ്യാത്മികമായ അവബോധമുളവാക്കുന്നതിനു് അനുവാചകൻ ഈ സത്യങ്ങൾ ആഴമായി ധ്യാനവിഷയമാക്കേണ്ടതുണ്ടു്. അങ്ങനെ അനുഭവജ്ഞാനത്തിന്റെ പല തലങ്ങളും പിന്നിട്ടു മുന്നേറുവാൻ ഈ ഗ്രന്ഥത്തിന്റെ ആഴമായ പഠനം സഹായകമാകും.

www.malankaralibrary.com

# അധ്യായം 1

## ആവിനുമൽക്കേനു

ആരംഭത്തിൽ ഒരു നല്ല പിതാവുണ്ടായിരുന്നു. നമുക്കു അവിടുത്തെ പിതാവെന്നു വിളിക്കുവാൻ കഴിയും. അതാകട്ടെ, ഈ ലോകത്തിൽ നമ്മുടെ പിതാക്കൻമാരെന്നു നാം വിളിക്കുന്നവരോടു ഏതോ ആലങ്കാരരീതിയിൽ സാമ്യമുള്ളതിനാലുമല്ല. നേരെമറിച്ച് മററുള്ളവരെല്ലാം വളരെ അപൂർണ്ണമാംവിധം അവിടുത്തെ പിതൃത്വം അനുകരിക്കുന്നതിനാലാണു് പിതാക്കൻമാരെന്നു വിളിക്കപ്പെടുന്നതു്. കാരണം, അവർ അങ്ങനെ വിളിക്കപ്പെടുന്നതു് പിതാക്കൻമാരിൽവച്ചു് ഏററം വലിയവനും നല്ലവനുമായ അവിടുത്തെ പിതൃത്വം വി. പൗലോസ് പ്രസ്താവിക്കുന്നതുപോലെ "സ്വർഗ്ഗത്തിലും ഭൂമിയിലുമുള്ള എല്ലാ പിതൃത്വങ്ങൾക്കും നാമകാരണം" അവിടുന്നാകയാലാണു്. (എഫേ. 3: 15) ഏക നല്ല പിതാവ് എന്നു നാം അവിടുത്തെ വിളിക്കണം. കാരണം, അവിടുത്തോടു താരതമ്യപ്പെടുത്തുമ്പോൾ, ജീവിക്കുന്നവരൊന്നും നല്ലവരല്ല, (ലൂക്കോ. 18: 18-19) മററാരാളും പിതാവെന്ന നാമം അർഹിക്കുന്നില്ല.

വീണ്ടും, നല്ല ഒരു പിതാവുണ്ടായിരുന്നു എന്നു നാം പറയരുതായിരുന്നു. കാരണം, "അവർ ആയിരുന്നു, അവർ ആയിരിക്കും" എന്ന് എല്ലാ സൃഷ്ടികളെക്കുറിച്ചും തെററില്ലാതെ പ്രസ്താവിക്കും. അവിടുത്തെക്കുറിച്ചു് "അവിടുന്നു് ആകുന്നു" എന്നു പ്രസ്താവിക്കുക മാത്രമാണു ശരി. കാരണം, നമുക്കുള്ള ഏതെങ്കിലും നന്മയോ, സന്തോഷമോ, അസ്തിത്വം തന്നെയോ, അല്പാല്പമായിട്ടാണു്, ഒരു ഭാഗമെന്നനിലയിലാണുള്ളതു്. നമ്മുടെ അസ്തിത്വം പഴയതിനുശേഷം അനുഗമിക്കുകയോ, പിൻഗമിക്കുകയോ എന്ന രീതിയിലുള്ളതാണു്. ഇപ്പോൾ ക്ഷണികമായി കടന്നുപോകുന്ന നമുക്കുള്ള ഭാഗത്തിനുശേഷം അതിനെ പിൻതുടരാൻ മററൊന്നു കാത്തു നിൽക്കുന്നു. പക്ഷേ, ഇങ്ങനെ തുടർച്ചയായി അല്പാല്പമായ നിമിഷ

www.malankaralibrary.com

ങ്ങളുടെ ജനനവും മരണവും നമ്മുടെ പിതാവിനില്ല. അവിടുന്നു ആകുന്നു. അവിടുന്നാകുന്ന എല്ലാം, അവിടുത്തേക്കുള്ളതെല്ലാം ആരംഭിക്കാത്തതും നിന്നുപോകാത്തതും ചരമമടയാത്തതുമായ നിത്യമായ വർത്തമാനകാലത്തിൽ അവിടുത്തേക്കു ഒരേ സമയം തന്നെ കൈവശമാണു്. നാം മുമ്പ് കണ്ടതുപോലെ (നാം പറയുന്നതു ശരിയാണെന്നു നമുക്കു് തോന്നാമെങ്കിലും) മററെല്ലാ കാര്യത്തിലും ഒരു ഉദാഹരണം (അവിടുന്നു ഭൂതകാലത്തിൽ ലോകത്തെ സൃഷ്ടിച്ചു) അവിടുത്തേക്കവ വർത്തമാനകാലമാണ്. അവിടുത്തെ പുത്രൻ അവസാനകാലത്തു വരുമെന്നു നാം പറയുന്നുവെങ്കിലും അത് അവിടുത്തേക്കു കേവലം വർത്തമാനകാലമാണു്. എന്തെന്നാൽ, അവിടുത്തേക്കു "പ്രകാശങ്ങളുടെ പിതാവിൽ" മാററമോ മാററത്തിൻെറ നിഴൽ പോലുമോയില്ല. മാററങ്ങളില്ലെങ്കിൽ ഭൂതകാലത്തിൻെറയോ വർത്തമാനകാലത്തിൻെറയോ ഭാവികാലത്തിൻെറയോ തുടർച്ചയില്ല. കാരണം മാററം സമയത്തിൻേറതാണു്. ആകുന്ന അവിടുത്തേക്കു എല്ലാം സന്നിഹിതമാണു്, നിത്യമായി സന്നിഹിതമാണു്. (അറിയാതിരിക്കുന്നതിലാണ് ദൈവത്തെ അറിയുകയെന്ന് ഡയനീഷ്യസ് പ്രസ്താവിച്ചതു നാം സ്മരിക്കുക. അവിടുത്തെക്കുറിച്ചു സംസാരിക്കുമ്പോഠം നമ്മുടെ അപൂർണ്ണമായ വാക്കുകഠം നാം തിരുത്തണം)

പിതാവെന്നു ഈ നല്ലവനായ പിതാവിനെ വിളിക്കുന്നതിനു കാരണം അവിടുത്തേക്കു തന്നിൽനിന്നു ജനിച്ച ഏകജാതനുണ്ടു് എന്നതാണു്. എന്നാൽ, ഈ പുത്രൻ അവിടുത്തെക്കാഠം ഇളയതോ, മഹിമയിലും ശക്തിയിലും കുറഞ്ഞവനോ അല്ല. അവിടുത്തേക്കുറിച്ച് നിത്യപിതാവ് സങ്കീർത്തകൻ മുഖേന പ്രസ്താവിക്കുന്നു. "നീ എൻെറ പുത്രനാണ്, ഇന്നു ഞാൻ നിനക്കു ജന്മം നല്കി" (സങ്കീർ. 2: 7) അതായതു്, നിത്യതയുടെ ആരംഭമില്ലാത്തതും അവസാനമില്ലാത്തതുമായ ദിനത്തിൽ, "പരിശുദ്ധമായ പ്രഭയിൽ നീ ജനിച്ച ദിനംതന്നെ രാജകീയ മഹത്ത്വം നിൻേറതാണു്. പ്രഭാതതാരകയ്ക്കു മുമ്പുള്ള മഞ്ഞുതുള്ളികണക്കെ ഞാൻ നിനക്കു ജന്മം നൽകി" തൻെറതന്നെ

www.malankaralibrary.com

കേവലാവസ്ഥയായ അനന്തജ്ഞാനത്തിൽ പിതാവു് ഒരു വാക്കു് ഉച്ചരിക്കുന്നു. (യോഹ 1:1) സൃഷ്ടികളായ നാം ഉച്ചരിക്കുമ്പോഴെന്നപോലെ വായുതരംഗത്തിൽ പെട്ടെന്നില്ലാതാകുന്ന ഒരു വാക്കല്ലാ അതു്. പ്രത്യുത തൻെറ തന്നെ പ്രകാശനംവഴി അത്രമാത്രം പരിപൂർണ്ണവും അത്രമാത്രം സത്താത്മകവുമായ ഒരു വാക്കു് ആണതു്. ഈ വാക്ക് ഒരാളാണു്, അവിടുത്തെ നിത്യസുതൻ, എന്നാൽ പുത്രൻ മററൊരാളായിരുന്നിട്ടും പിതാവിൽനിന്നു വ്യത്യസ്തനായ ആ പുത്രനു തെററില്ലാതെതന്നെ പറയാൻ സംധിച്ചിരുന്നു: "ഞാനും പിതാവും ഒന്നാണു്." (യോഹ: 10: 30)

പിതാവിൽനിന്നും പുത്രനിൽനിന്നും പ്രവഹിക്കുന്ന അമേയമായ സ്നേഹത്തിൽനിന്നും അനന്ത ജ്ഞാനം പുറപ്പെടുന്നു. എന്നാൽ സൃഷ്ടികളായ നാം നമ്മുടെ ഇടയിലറിയുന്ന സ്നേഹം മാതിരിയുള്ളതല്ല അതെന്നു വീണ്ടും പറയേണ്ടിയിരിക്കുന്നു. പിതാവിൻെറയും പുത്രൻെറയും ഈ സ്നേഹം ഒരു വ്യത്യസ്ത ആളാണു്—പരിശുദ്ധാത്മാവു്. എന്നാൽ ഈ മൂന്നു ആളുകളും ഒന്നാണു്. വിശദീകരിക്കുവാനസാധ്യമായ ഏക ദൈവം.

ആരാധ്യമായ ഈ ത്രിത്വത്തെ വിശദമാക്കുക അസാധ്യമെന്നു പറയുക സത്യമാണു്. കാരണം സൃഷ്ടിക്കപ്പെട്ട നമ്മുടെ വാക്കുകരംക്കൊന്നിനും ദൈവികമായ അത്ഭുതങ്ങരം വെളിവാക്കുക സാധ്യമല്ല. അതിനാലാണു് നമുക്കനുഭവമുള്ള കാര്യങ്ങളുമായി ദൈവികസത്യങ്ങരം താരതമ്യപ്പെടുത്തുമ്പോരം നമ്മുടെ ഭാഷയിലെ തെററുകരം തിരുത്തേണ്ടതായി നാം കാണുക. കാരണം, നമ്മുടെ എല്ലാ മാനുഷിക പദങ്ങളും നമുക്കനുഭവമുള്ള കാര്യങ്ങളെ ആശ്രയിച്ചാണിരിക്കുന്നതു്. സൃഷ്ടവസ്തുക്കരം വിശദമാക്കുവാൻ സൃഷ്ടപദങ്ങരം മതിയാവും. എന്നാൽ, നേരിട്ടു നമുക്കറിയാവുന്ന യാതൊന്നിനും തന്നെ ദൈവിക പരിപൂർണ്ണതയുടെ വളരെ തുച്ഛമായ ദൃശ്യം പ്രതിഫലിപ്പിക്കുവാൻ അസാധ്യമായതിനാൽ, ദൈവത്തെക്കുറിച്ചു നാം പറയുന്ന പദങ്ങരംക്കു തുടർച്ചയായ തിരുത്തൽ നൽകേണ്ടതുണ്ടു്.

www.malankaralibrary.com

പ്രകൃതിയുടെ തലത്തിലോ,ആധ്യാത്മികതലത്തിലോ ഉള്ളതായിക്കൊള്ളട്ടെ, പിതാവ് എന്നു നാം വിളിക്കുന്ന സൃഷ്ടിയുടെ ഭീതിദമായ ചുമതലയെക്കുറിച്ച് ഈ സന്ദർഭത്തിൽ ചിന്തിക്കുക സമുചിതമാണു. പിതാവ് എന്നു നാം വിളിക്കുന്ന ആളുകളിൽ നിന്നാണ് ഒരു കുട്ടിയ്ക്കു് പിതാവായ ദൈവത്തെക്കുറിച്ചുള്ള അവബോധം ലഭിക്കുക എന്നതിനാൽ, അവരിൽ അവൻ കാണുന്നതെല്ലാം ദൈവത്തെക്കുറിച്ചു് പ്രതിഫലിക്കുകയാണു്.

ദൈവത്തെക്കുറിച്ചുള്ള നമ്മുടെ വിവരണത്തിൽ സുപ്രധാനമായ മറ്റൊരു തിരുത്തൽ നാം വരുത്തേണ്ടതുണ്ടു്. അവിടുത്തേക്കു നന്മയോ, സ്നേഹമോ, നീതിയോ ഉണ്ടെന്നു പറയുക ശരിയായ അർത്ഥത്തിൽ സത്യമല്ല. ബലഹീനസൃഷ്ടികളായ നമുക്കു് നമ്മെക്കുറിച്ചു് അങ്ങനെ പ്രസ്താവിക്കാം. നമുക്കു് നന്മ, സ്നേഹം, നീതി- ഇവയുണ്ടെന്നു പറയാം. കാരണം നന്മയോ, സ്നേഹമോ, നീതിയോ നമ്മുടെ കൃത്യപ്രകൃതിയിൽ പെട്ടതല്ല. നാം വ്യത്യസ്തർ, നമ്മുടെ നന്മയും വ്യത്യസ്തം. എന്നാൽ "നല്ലവൻ മാത്രമായ ദൈവത്തിൽ" (ലൂ. 18; 19) ഈദൃശ വ്യത്യാസമില്ല. അവിടുത്തേക്കു നന്മ ഉണ്ടായിരിക്കുകയല്ല, അവിടുന്നു് അനന്തനന്മ തന്നെയാണു്. അവിടുത്തേക്കു സ്നേഹം ഉണ്ടായിരിക്കുകയല്ല, പ്രത്യുത വി. യോഹന്നാൻ രേഖപ്പെടുത്തിയിട്ടുള്ളതുപോലെ "ദൈവം സ്നേഹമാകുന്നു." (1 യോഹന്നാൻ 4: 8)

പിതാവ് തന്റെ പുത്രനെക്കാരം വലിയവനല്ല, പുത്രൻ പിതാവിനെപ്പോലെ നിത്യനാണ്, ത്രിത്വത്തിലെ മൂന്നു പേരും ഒന്നാണ്, ഒരു ദൈവമേയുള്ളു, ദൈവം ഉണ്ടായിരുന്നു, ഉണ്ടാകും എന്നല്ല, ദൈവം ആകുന്നു—എന്നുള്ള ഈ ചിന്തകരം നമ്മുടെ പാവപ്പെട്ട മനസ്സുകളെ സ്തംഭിപ്പിക്കുന്നു. നിത്യതയിലെ മുഖാമുഖമുള്ള ധ്യാനസമാധിക്കുപോലും ആശ്ചര്യത്തിന്റെ അവസാനത്തിലെത്തുവാൻ നമ്മുടെ മനസ്സിനു കഴിവുണ്ടാക്കുകയില്ല. J. P. Arendzen ഇപ്രകാരം ഇതു കാവ്യാത്മകരീതിയിൽ രേഖപ്പെടുത്തി.

www.malankaralibrary.com

"ദൈവം തൻെറ വിശുദ്ധരിൽ ഏററം വലിയവനുപോലും അമേയനായി സ്ഥിതിചെയ്യുന്നു. അവർ അവിടുത്തെ കാണുന്നു. എന്നാൽ, അവരിൽ ഒരുവനുപോലും അവിടുത്തെ ദൈവികതത്വത്തിൻെറ ആഴംകാണുക സാധ്യമല്ല. ദൈവം ഒരു പ്രപഞ്ചമാണ്, വളരെ വിസ്തൃതമായ പ്രപഞ്ചം. വിശുദ്ധരിലാരും അതു പൂർണ്ണമായി അന്വേഷിച്ചു കണ്ടെത്തിയിട്ടില്ല. കാലങ്ങളുടെ ദശലക്ഷക്കണക്കായ ചംക്രമണശേഷവും സ്വർഗ്ഗരാജ്ഞിയായ മറിയമോ, സ്വർഗ്ഗീയഗണങ്ങളിൽ പ്രമുഖനായ മൈക്കിളോ, ദൈവികമഹിമയുടെ വലുപ്പം പൂർണ്ണമായി കണ്ടെത്തുകയില്ല. സൃഷ്ടബുദ്ധിയാകുന്ന ചെറുയാനപാത്രത്തിനു എന്നേക്കും എല്ലാ ദിശകളിലേക്കും മുന്നോട്ടു പോകാൻ കഴിയുന്ന ഒരു സാഗരമാണത്. കാരണം, അതു തീരമില്ലാത്ത ഒരു സാഗരമാണ്. പല നിറങ്ങളുള്ള മനോഹരമായ ഒരു ശലഭം വേനൽക്കാലമന്ദമാരുതനിൽ വളരെ വേഗത്തിൽ തെന്നിനീങ്ങുകയും അതിരില്ലെന്നു തോന്നുന്ന വായുവിൽകൂടെ അകലങ്ങളിലേക്കുപറന്നകലാൻ സ്വയം അനുവദിക്കുകയും ചെയ്യുന്നതുപോലെ, അതിരില്ലാത്തതായി കാണപ്പെടുന്ന ആകാശത്തിൽ ഒരു കുയിൽ പറന്നുയരുകയും ചെയ്യുന്നതുപോലെ, സ്വർഗ്ഗഭാഗ്യമനുഭവിക്കുന്നവർ ദൈവത്തിൻെറ അതിരില്ലാത്ത വിസ്തൃതിയിൽ നീങ്ങുന്നു."

ഏകനും മൂന്നാളുകളുമായിരിക്കുന്ന സ്നേഹമാകുന്ന ദൈവത്തിൻെറ അഗാധതയുടെ മുൻപിൽ അശക്തമായ, ആദരപ്രയുക്തമായ ഭയത്തോടെ നാം നിൽക്കുക നമുക്കു നല്ലതാണ്. അഗ്രാഹ്യമായ തൻെറ ഔദാര്യത്തിൽ ഈ നല്ല നിത്യപിതാവ്, നമ്മുടെ പിതാവാകുവാൻ പദ്ധതി തയ്യാറാക്കി. ഏററം മഹോന്നതമായ ഔദാര്യം ഒന്നുകൊണ്ടുമാത്രമാണ് അവിടുന്ന് ഈ ആഗ്രഹം സ്വയം ഉളവാക്കിയത്. കാരണം, അവിടുത്തെ അതിരില്ലാത്ത ദൈവികജീവനിൽ, ഓരോ ദൈവികആളും മററെയാളാക്കു സ്വയം പരിപൂർണ്ണമായി നൽകുകനിമിത്തം എല്ലാവരും തുല്യരും അതേസമയം തന്നെ ഒന്നായിരിക്കുകയും ചെയ്യുന്ന അവസ്ഥയിൽ, അവിടുത്തേക്കു യാതൊന്നും ആവശ്യമില്ല, എന്തെങ്കിലും നേടുക സാദ്ധ്യവുമല്ല. വി. ഇറനയൂസ് പ്രസ്താവിച്ചതുപോലെ

www.malankaralibrary.com

"ആരംഭത്തിൽ ദൈവം മനുഷ്യനെ സൃഷ്ടിച്ചു. അതാകട്ടെ, മനുഷ്യനെ അവിടുത്തേക്കു ആവശ്യമുണ്ടായിരുന്നതുകൊണ്ടല്ലാ, പ്രത്യുത, അവിടുത്തെ ദാനങ്ങൾ സ്വീകരിക്കുന്നതിനായി ഒരാളുണ്ടാകേണ്ടതിനായിരുന്നു."

തൻെറ മഹത്വം കാണിക്കാനാണ് അവിടുന്നു സൃഷ്ടിച്ചതെന്നു പലപ്പോഴും പറയാറുണ്ട്. ഇതു ശരിയാണ്, പക്ഷേ, വേണ്ടവിധത്തിൽ ഗ്രഹിച്ചാൽ മാത്രം, നമ്മുടെ കർത്താവുതന്നെ പരോക്ഷമായി വെളിപ്പെടുത്തുന്ന തുടർച്ചയായ പ്രബോധനങ്ങളിലെ സത്യം നാം പരിചിന്തനം ചെയ്താൽ ദൈവം നമ്മുടെ പിതാവാണെന്നു ഗ്രഹിക്കാം. തന്നെ ബഹുമാനിക്കുന്നതിനും തനിക്കു മഹത്വം നൽകുന്നതിനും മക്കളുണ്ടാകണമെന്ന് ഒരു ലൗകികപിതാവ് ആഗ്രഹിക്കുന്നില്ല. അവരെ അയാൾ സ്നേഹിക്കുകയോ കരുതുകയോ ചെയ്യുന്നത് അവർ നല്ലവരായതിനാലല്ലാ, നേരെ മറിച്ച് അയാൾ നല്ലവനായിരിക്കുന്നതിനാലാണ്. എന്നാലും അവർ തന്നെ ബഹുമാനിക്കണമെന്ന് അയാൾ ആഗ്രഹിക്കുന്നു. അതു തൻെറ തന്നെ നന്മയ്ക്കുവേണ്ടിയല്ല. എന്നാൽ അത് രണ്ടു കാരണങ്ങളാലാണ്. ഒന്നാമത്തേത്: മക്കൾ പിതാവിനെ ബഹുമാനിക്കുകയും അനുസരിക്കുകയും ചെയ്യേണ്ടത് അത് അതിൽതന്നെ ശരിയായതിനാലാണ്. രണ്ടാമത്തേത്. അവർ അയാളെ അനുസരിക്കുക അവർക്കു തന്നെ നല്ലതാണ്. കാരണം, അവർ അയാളെ അനുസരിക്കുന്ന പക്ഷം ഔദാര്യപൂർവം അയാൾ അവർക്കു നല്കുന്നതെല്ലാം സ്വീകരിക്കുവാൻ അവർക്കു മാനസിക ഭാവമുണ്ടാകുന്നു.

ഇതുപോലെ സ്വർഗ്ഗത്തിലുള്ള നമ്മുടെ പിതാവിൻെറ ഔദാര്യം അമേയവും കൂടുതൽ പരിശുദ്ധവുമാണെങ്കിലും അവിടുത്തേക്കു നമുക്കു നൽകാവുന്ന ചെറിയ ബഹുമാനം, ഇപ്പോൾ നമുക്കുള്ളതിൽ കൂടുതൽ വിശ്വസ്തതയുള്ളതായിരുന്നാലും, നമ്മെ സൃഷ്ടിക്കുവാൻ പ്രേരിപ്പിച്ചത് അതല്ല. "ദൈവത്തെ സേവിക്കുക" എന്നു നാം പറയുമ്പോൾ ആ പദങ്ങൾ യഥാർത്ഥമായ ഉദ്ധരണിയിലിടുകയാണു വേണ്ടത്. ഉപവാസം, മൗനജീവിതം, പ്രാർത്ഥന, വി. കുർബാന—എന്നിവ മുഖേന വിശുദ്ധരുടെ ഗണമായ ഒരു

www.malankaralibrary.com

സന്യാസസഭ ഒരു നൂററാണ്ടുകാലത്തേക്ക് ദൈവത്തിനു "ശുശ്രൂഷ നൽകുന്നു"വെന്ന് ഭാവന ചെയ്യുക. അല്ലെങ്കിൽ അത്രയും വിശുദ്ധരുടെ ഒരു അപ്പസ്തോലികഗണം മനുഷ്യശക്തിക്കതീതമായ തീക്ഷ്ണതയോടെ അപ്പോസ്തലിക പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നെന്നു കരുതുക. ആ കാലത്തിന്റെ അവസാനത്തിൽ ഈ രണ്ടു ഗണങ്ങളിൽ നിന്നും അവിടുന്നു യാതൊന്നും നേടുകയില്ല. ജോബിന്റെ പുസ്തകത്തിൽ നാം വായിക്കുന്നു: "ഒരുവനു ദൈവത്തിന്റെ മുമ്പിൽ എങ്ങനെ നീതീമാനാകാൻ കഴിയും..." (ജോബ്2:2)

മാററമില്ലാത്ത പിതാവിനെ നിഷ്കൃഷ്ടാർത്ഥത്തിൽ യാതൊന്നിനും തന്നെ ചലിപ്പിക്കുക സാധ്യമല്ല. എന്നാൽ, അവിടുത്തെ അനന്തമായ നൻമയും അവിടുന്നായിരിക്കുന്ന അവാച്യമായ നന്മയും നിമിത്തം, തനിക്കുവേണ്ടി യാതൊന്നും നേടുക സംഭാവ്യമല്ലെങ്കിലും തന്റെ കറ പുരളാത്ത ഔദാര്യം മൂലം നമ്മുടെ പിതാവായിരിക്കുന്നതിനു അവിടുന്നു സ്വതന്ത്രമായി തിരുമനസ്സായി.

സൃഷ്ടികളായ നാം സ്നേഹിക്കുമ്പോൾ, മററൊരാളിലുള്ളതോ, ഉണ്ടെന്നു നാം കരുതുന്നതോ ആയ കാരണത്താൽ അങ്ങോട്ട് ആകർഷിക്കപ്പെടുകയാണ്. അത് ഇപ്രകാരം കരുതുന്നതിനോ ചിന്തിക്കുന്നതിനോ നമുക്കു പ്രേരകമാകുന്നു; "വളരെ നല്ലയാൾ അയാൾക്ക് / അവൾക്ക് സുഖമെന്നു ഞാൻ പ്രതീക്ഷിക്കുന്നു. അയാൾക്കോ / അവൾക്കോ/ സന്തോഷം ഉണ്ടാകുന്നതിനു വേണ്ടതൊക്കെ ലഭിക്കുന്നുണ്ട്." സ്നേഹം ചുരുക്കത്തിൽ അതാണ്, മററൊരുവനു വേണ്ടി അവനു നന്മ വരാനിച്ഛിക്കുക. എന്നാൽ, ആരംഭത്തിൽ നമ്മെ സൃഷ്ടിക്കുന്നതിനു മുൻപ് നമ്മെ സ്നേഹിക്കുന്നതിനു നമ്മിൽ എന്തു നന്മ കണ്ടിട്ടാണ് നമ്മുടെ പിതാവിനു പ്രേരകമായത്, ഒട്ടുംതന്നെയില്ല. കാരണം, നാം ഒന്നുമില്ലായ്മയായിരുന്നു. നമുക്ക് എന്തെങ്കിലുമുള്ള നന്മ അവിടുത്തെ കേവലദാനമാണ്. അതു നമുക്കു ഗ്രഹിക്കാവുന്നതാണ്. അവിടുന്നു മാത്രമാണ് ശുദ്ധമായ ഉദാരതയുള്ളവൻ. അവിടുത്തെ സ്നേഹത്തിന് യാതൊരു പ്രചോദനവും ആവശ്യമില്ല. ഒരുവനിൽ നന്മ കാണേണ്ടതിന് അവിടുത്തേയ്ക്ക് ആവശ്യമില്ല. നാം സ്നേഹിക്കുമ്പോൾ ഇപ്ര

www.malankaralibrary.com

കാരമുള്ള ഒരു പ്രചോദനം നമുക്കാവശ്യമാണ്. അതിനാൽ കലർപ്പുകലരാത്ത അവിടുത്തെ ഔദാര്യവുമായി നമുക്കു കിടനിൽക്കുക സാധ്യമല്ല.

ആദ്യമുണ്ടാകുവാൻ പോകുന്ന ഒരു ശിശുവിനുവേണ്ടി ഒരു മാതാവോ, പിതാവോ, സ്നേഹപൂർവം ഒരു മുറി ഒരുക്കുന്നതുപോലെ തൻെറ സന്തോഷം പങ്കിടുന്നതിനുള്ള ആഴമായ ആഗ്രഹം നിവൃത്തിയാകുവാൻ അത്ഭുതകരമായ ഒരു ലോകം നമ്മുടെ പിതാവ് തൻെറ മക്കൾക്കുവേണ്ടി ഒരുക്കി. അതുണ്ടാകട്ടെ എന്നുള്ള തൻെറ സർവ്വശക്തമായ ഇച്ഛാശക്തിമൂലം താരകം നിറഞ്ഞ വിസ്തൃതമായ സ്പേസ് സൃഷ്ടിക്കുകയും രത്നം കണക്കെ തിളങ്ങുന്ന ഗാലക്സികളുടെ നിരകൊണ്ട് അതിനെ അലങ്കരിക്കുകയും ചെയ്തു. അവയെ ഉളവാക്കിയ നല്ല പിതാവിൻെറ മഹത്വം അവ അറിയിക്കുന്നതിനുവേണ്ടി തന്നെ.

അവിടുത്തെ മഹാമഹിമയെക്കുറിച്ചുള്ള ചില ധാരണകൾ നേടുന്നതിനു നമ്മുടെ പിതാവിൻെറ ഈ അത്ഭുതകൃത്യങ്ങൾ ധ്യാനിക്കുക നല്ലതാണ്. വാനഗോളശാസ്ത്രജ്ഞൻമാരുടെ ഒരു അന്താരാഷ്ട്രസമ്മേളനത്തിൽ പന്ത്രണ്ടാം പീയൂസ് മാർപ്പാപ്പാ ഇങ്ങനെ പ്രസ്താവിച്ചു.

"നമുക്കു നിങ്ങളോടു നന്ദിയുണ്ട്. കാരണം ഈ ശാസ്ത്രീയപരിവേഷണവും പ്രപഞ്ചത്തെക്കുറിച്ചുള്ള ഉദാത്തമായ ചിന്തകളും നമ്മുടെ ആത്മാവിനു ഉത്തേജജനകമാണ്. തൻെറ തന്നെ മുദ്ര (തൻെറ പ്രതിച്ഛായ) നമ്മിൽ പതിച്ച് സകലവിധ അറിവിനും അതീതനായ പരമലക്ഷ്യത്തിലേക്ക് അവ നമ്മെ നയിക്കുന്നു. "സൂര്യനെയും മററു നക്ഷത്രങ്ങളെയും ചലിപ്പിക്കുന്ന സ്നേഹമാണ് അവിടുന്ന്."

ഒരു വേനൽക്കാലരാത്രിയിൽ നാം വീടിനു പുറത്തു നിൽക്കുകയാണെന്നു നമുക്കു ഭാവന ചെയ്യാം. ആകാശത്തിൻെറ തെക്കുവശത്തേക്കു നോക്കുമ്പോൾ അവിടെ ചക്രവാളത്തിനു സമീപം ചെറിയ ഒരു ചുവന്ന നക്ഷത്രം നാം കാണുന്നു. അതു അൻറാറസ് എന്നു വിളിക്കപ്പെടുന്നു. അതു സ്കോർപ്പിയോ നക്ഷത്രസമൂഹത്തിലുൾപ്പെട്ടതാണ്. അതിൻെറ ചെറിയ ആകാരം നമ്മുടെ കാഴ്ചയിൽ മാത്രമാ

www.malankaralibrary.com

ണ്. വാനഗോളശാസ്ത്രജ്ഞൻമാർ പ്രസ്താവിക്കുന്നത് അതിൻെറ വലുപ്പം ഭീമമായതെന്നാണ്. ഭൂമിയും സൂര്യനും തമ്മിലുള്ള അകലമായ ഒൻപതുകോടി മുപ്പതു ലക്ഷം മൈലുകൾ മൂന്നു പ്രാവശ്യം ഗുണിച്ചാലും അതിനു അതിനിടയിലുള്ള സ്പേസിൽ കൂടി കടന്നുപോകുക അസാദ്ധ്യമെന്നാണ്. സൂര്യനെക്കാൾ അനേകം മടങ്ങ് വ്യാസമുള്ളതാണത്. അത് നൂററിമുപ്പതുപ്രകാശവത്സരങ്ങൾക്കപ്പുറമാണ്. എന്നു പറഞ്ഞാൽ, ഒരു സെക്കൻഡിൽ ഒരു ലക്ഷത്തി എൺപത്താറായിരം മൈൽ എന്ന വേഗത്തിൽ അതിൻെറ പ്രകാശം ഓരോ മിനിട്ടിൻെറയും ഓരോ സെക്കൻഡിൽ, ഓരോ മണിക്കൂറിൻെറയും ഓരോ സെക്കൻഡിൽ, ഒരു ദിവസമായ ഇരുപത്തിനാലുമണിക്കൂറിൻെറയും ഓരോ സെക്കൻഡിൽ, ഒരു മാസത്തിലുള്ള മുപ്പതു ദിവസങ്ങളുടെ ഓരോ സെക്കൻഡിൽ, പന്ത്രണ്ടു മാസങ്ങളും അഞ്ചു മണിക്കൂറുമുള്ള ഒരു വർഷത്തിൻെറ ഓരോ സെക്കൻഡിൽ, സഞ്ചരിച്ചാലും ആ പ്രകാശം നമ്മുടെ പക്കലെത്താൻ നൂററിമുപ്പതു പ്രകാശവർഷങ്ങൾ എടുക്കും. എന്നാൽ ആകാശങ്ങളിലെ ഈ പ്രഭ ഒററവാക്കിനാൽ സൃഷ്ടിച്ച ദൈവം നാമോരോരുത്തനെയും സ്നേഹിക്കുന്നു, നാം അവിടുത്തെ പിതാവെന്നു വിളിക്കുവാനാഗ്രഹിക്കുന്നു.

നമുക്ക് ഇനി ഉത്തരവിഹായസ്സിലേക്കു തിരിയാം. അവിടെ ഉർസാ മൈനർ എന്ന നക്ഷത്രസമൂഹത്തിൽ നമ്മുടെ ഭൂമിയുടെ ഉത്തരധ്രുവത്തിൻെറ നേരെ മുകളിൽ പ്രകാശിക്കുന്ന പൊളാരീസിനെ നാം കാണുന്നു. അതിൻെറ പ്രകാശം കൊളംബസ് അമേരിക്കയിലേക്കു പുറപ്പെടുന്നതിനു മുൻപ്, ഐക്യഅമേരിക്കൻ നാടുകൾ കണ്ടുപിടിക്കുന്നതിനുമുൻപ് പുറപ്പെട്ടതാണ്. വലിയ പാശ്ചാത്യശീശ്മയുടെ ഏകദേശകാലഘട്ടമായിരുന്നു അത്. ലൂഥറിൻെറ കാലത്ത് ആ നക്ഷത്രത്തെ നശിപ്പിക്കുന്നതിനു ദൈവം തിരുമനസ്സായിരുന്നെങ്കിൽ ആ നാശം ഇപ്പോഴും നാം അറിയുകയില്ലായിരുന്നു. കാരണം, 14-ാം നൂററാണ്ടിൽ പുറപ്പെട്ട അതിൻെറ പ്രകാശം ഇപ്പോഴും നമ്മുടെ പക്കലെത്തിക്കൊണ്ടിരിക്കുകയാണ്.

www.malankaralibrary.com

എന്നിട്ടും പ്രയത്നമില്ലാതെ, വലിയ പദ്ധതി തയാറാക്കാതെ തന്റെ ഇച്ഛാശക്തികൊണ്ടുമാത്രം അതിനെ സൃഷ്ടിച്ച ദൈവം എന്നെ സ്നേഹിക്കുന്നു, ഞാൻ അവിടുത്തെ പിതാവെന്നു വിളിക്കുവാനാഗ്രഹിക്കുന്നു.

പൊളാരീസും സ്ഥിതി ചെയ്യുന്നത് താരതമ്യേന വളരെ അകലെയല്ലായെന്നതാണ് സത്യം. ഉത്തരവിഹായസ്സിൽ കാണപ്പെടുന്നതുപോലെ W (ഡബ്ല്യു) ആകൃതിയിലുള്ള നക്ഷത്രസമൂഹമായ കാസിയോപ്പിയാ അതിൽതന്നെ ഒരു ലോകമായ മങ്ങിയ ഒരു പ്രകാശക്കൂട്ടമാണ്. സ്വതന്ത്രമായ ഒരു ഗാലക്സി അഥവാ ''ദ്വീപപ്രപഞ്ച''മാണ് അൻഡ്രോമേഡാ. നമ്മുടെ ഭൂമിയും സൂര്യനുമടങ്ങുന്ന ഗാലക്സിയിൽ നിന്ന് അതു വളരെയകലെ സ്ഥിതിചെയ്യുന്നു. ഇരുപത്തിരണ്ടു ലക്ഷം പ്രകാശവത്സരങ്ങൾക്കപ്പുറം അതു സ്ഥിതി ചെയ്യുന്നു. അതു സൃഷ്ടിയുടെ അങ്ങേ തലയ്ക്കലുമല്ല.

അമേരിക്കയിലെ മൗണ്ട് വിൽസണിലെ നൂറിഞ്ച് വ്യാസമുള്ള ദൂരദർശിനി വർഷങ്ങൾക്കുമുമ്പ് വിഹായസ്സിലേക്ക് തിരിച്ചുവിട്ടപ്പോൾ നൂറുകോടി പ്രകാശവത്സരങ്ങളുടെ വ്യാപ്തിക്കകത്തു പത്തുകോടി ഗാലക്സികൾ കണ്ടുപിടിക്കുവാൻ അതിനു കഴിഞ്ഞു. ഓരോ ഗാലക്സിയിലും പതിനായിരം കോടി നക്ഷത്രങ്ങൾ. അതിനുശേഷം കൂടുതൽ ശക്തിയുള്ള ദൂരദർശിനികൾ ഉണ്ടായിട്ടുണ്ട്. അവ നമുക്ക് കണ്ടുപിടിക്കാൻ കഴിയുന്ന മിക്കവെയും കണ്ടുപിടിച്ചു കഴിഞ്ഞു. ഇപ്പോഴത്തെ കണക്കനുസരിച്ചു് ക്വാസാഴ്സ് (Quasars) ആണ് വിദൂരതയിലുള്ള വസ്തുക്കൾ അവയിലേററം അകലെയുള്ളത് നൂററിനാല്പതുകോടി പ്രകാശവത്സരങ്ങൾക്കകലെയും. അത്ഭുതകരമായ ഈ അന്വേഷണങ്ങൾക്കും അപ്പുറം എത്രയധികം പ്രപഞ്ചങ്ങളുണ്ടെന്ന് നമ്മുടെ പിതാവിന് മാത്രമേ അറിയാവൂ. കാരണം ''സൂര്യനെയും നക്ഷത്രങ്ങളെയും ചലിപ്പിക്കുന്ന സ്നേഹം അവിടുന്നാണ്''. എന്നാൽ, ഭീതിദമായ മഹത്വമുള്ള ഈ ദൈവം എന്നെ സ്നേഹിക്കുന്നു,തന്നെ പിതാവെന്ന് വിളിക്കുവാൻ അവിടുന്ന് അനുവദിക്കുക മാത്രമല്ല, നിർബന്ധിക്കുകയും ചെയ്യുന്നു.

www.malankaralibrary.com

ആകാശങ്ങളുടെ വിസ്തൃതമായ പ്രഭ അതിൻെറ നാഥൻെറ മഹത്ത്വം എല്ലാത്തിലുമുപരി പ്രഘോഷിക്കുന്നു. എന്നാൽ ധ്യാനിക്കുവാൻ മുതിരുന്ന ഒരാൾക്ക് എല്ലാ സൃഷ്ടവസ്തുക്കളും നമ്മുടെ പിതാവിൻെറ അത്ഭുതങ്ങളും നന്മയും ചൂണ്ടിക്കാണിക്കുന്നുണ്ട്. മഞ്ഞുതൊപ്പിയിട്ട പർവ്വതങ്ങൾ, ലഘുശബ്ദമുളവാക്കുന്ന കാനനങ്ങൾ, വെള്ളത്തുള്ളികൾ വീഴുന്ന അവയിലെ ഗുഹകൾ, പ്രകാശരഹിതമായ ആഴങ്ങളിൽ വസിക്കുന്ന പ്രത്യേകയിനം ജന്തുക്കളുള്ള അലറിത്തിമിർക്കുന്ന സാഗരങ്ങൾ, അനേകായിരം മടങ്ങ് സ്വയം വർദ്ധിക്കുന്ന മനുഷ്യൻെറ തലച്ചോറിലെ അത്ഭുതകരമായ നിഗൂഢത, ജനനത്തിന് മുൻപുതന്നെ നൂറായിരം ന്യൂറോൺസ് ഓരോ മിനിട്ടിലും ഉളവാകുക, ഓരോന്നും നൂറായിരം ബന്ധപ്പെടുത്തലുളവാക്കുക, അങ്ങനെ ലക്ഷം കോടി സിനോപ്സിസും ആയിരംകോടി ന്യൂറോണുകളും അതേസമയംതന്നെ രണ്ട് ന്യൂറോണുകൾ ആകൃതിയിൽ ഒരുപോലല്ലാതിരിക്കുക—എല്ലാം ദൈവത്തിൻെറ അത്ഭുതകരമായ പ്രവർത്തനഫലം.

ഒരു തടിക്കഷണം നോക്കിയാലോ? അതിലെ ഓരോന്നാരും അതിൽതന്നെ ഒരു പ്രപഞ്ചത്തോട് തുലനം ചെയ്യാവുന്ന അണുകൾ (ആററങ്ങൾ) കൊണ്ട് നിറഞ്ഞിരിക്കുന്നു. ഹൈഡ്രജൻപോലുള്ള ഏററം ലളിതമായ ആററങ്ങൾക്ക് ഒരു ഇലക്ട്രോണും ഒരു ന്യൂക്ലിയസുമേയുള്ളു. യുറേനിയം പോലെ കൂടുതൽ സങ്കീർണ്ണമായ ആററങ്ങൾക്ക് ഏഴ് ഭ്രമണപഥങ്ങൾ, കൂടുതൽ വ്യക്തമായി പ്രസ്താവിച്ചാൽ, ശക്തിതലങ്ങൾ ചുററുമുണ്ട്. ന്യൂക്ലിയസിൽ സങ്കീർണ്ണമായ ഒരു ഘടനയുണ്ട്. അതിൻെറ പ്രാഥമികഘടന നാം മനസ്സിലാക്കി തുടങ്ങിയിട്ടേയുള്ളു. ഉവ്വ്, ആരാധനക്രമത്തിൽ ഇങ്ങനെ ആലപിക്കുന്നത് ശരിതന്നെ. "ആകാശങ്ങളും ഭൂമിയും അവിടുത്തെ മഹത്ത്വംകൊണ്ട് നിറഞ്ഞിരിക്കുന്നു. കർത്താവിൻെറ എല്ലാ സൃഷ്ടികളുമേ, കർത്താവിനെ വാഴ്ത്തുവിൻ".

വിജാതീയരിലെ ഏററം വലിയ തത്വശാസ്ത്രജ്ഞനായിരുന്ന അരിസ്റ്റോട്ടിൽ,ദൈവജനങ്ങളും മനുഷ്യനും തമ്മിൽ സ്നേഹബന്ധംപോലും ഉണ്ടാകുക ചിന്തനീയമേയല്ലെന്നു

www.malankaralibrary.com

കരുതി. എന്നാൽ ദൈവങ്ങളെന്ന് നാം ഒരിക്കലും വിളിക്കാത്ത സാധുജീവികഠം അദ്ദേഹത്തിൻെറ മനസ്സിലുണ്ടായിരുന്നു. അനന്തമായ ശക്തിയും നന്മയും സൃഷ്ടിതമായ ഒന്നുമല്ലായ്മയും തമ്മിലുള്ള അകലം അദ്ദേഹം അപ്പോഠം എങ്ങനെ വിഭാവനംചെയ്യും?

നമ്മുടെ ഭാവനയെ ഒന്ന് കയറൂരിവിടുകയാണെന്നു കരുതുക. ഒരു പ്രധാന മാലാഖ സ്പേസിനപ്പുറവും പറന്നുകൊണ്ട് നമ്മുടെ ഭൂമിയെ നോക്കുന്നു. നാം ഒരു തീരെ ചെറിയ കറുത്ത പൊട്ടായി അദ്ദേഹം കാണും. പിന്നെ കാണാനേയൊക്കുകയില്ല. ഏററം ചെറിയ വസ്തു അല്പ കാലം മാത്രം ജീവിക്കുന്ന നിസ്സാരവസ്തുവാണെന്നും അദ്ദേഹം കാണും. മാത്രമോ? പല കറകളുള്ളതായും. എന്നിരുന്നാലും ഈ നിസ്സാരവും കറയുള്ളതുമായ പൊട്ട് ആകാശത്തിലെ അങ്ങേയററത്തെ താരകകളിലേക്ക് നോക്കുന്നതും ആകാശത്തിനപ്പുറമുള്ള ഏററം വിദൂര പ്രപഞ്ചത്തിലേക്ക് കണ്ണുകളുയർത്തുന്നതും ''എൻെറ പിതാവേ,അങ്ങയെ ഞാൻ സ്നേഹിക്കുന്നു'' എന്നു പറയുന്നതും കാണും. അചിന്തനീയമായധൈര്യം. ഇപ്രകാരമുള്ള ഒരു ജീവി തൻെറ സ്രഷ്ടാവിനോട് സംസാരിക്കുവാൻ ധൈര്യപ്പെടുക! മാത്രമോ? ദൈവത്തെ പിതാവെന്ന് വിളിക്കുക! അതിൻെറ സ്നേഹം അവിടുത്തേക്ക് സമർപ്പിക്കുക! ''അവിടുത്തെ ചിന്തയിൽ വരാൻ മാത്രം മർത്യനെന്ത് മേന്മയുണ്ട്? അവിടുത്തെ പരിഗണന ലഭിക്കാൻ മനുഷ്യപുത്രന് എന്ത് അർഹതയാണുള്ളത്''? (സങ്കീ. 8:4).

എന്നാൽ നമ്മുടെ പിതാവ് നാം അവിടുത്തെ സ്നേഹിക്കുന്നതിന് നമ്മെ അനുവദിക്കുക മാത്രമല്ലാ, ക്ഷണിക്കുകമാത്രമല്ലാ, നാം അവിടുത്തെ സ്നേഹിക്കുന്നതിന് നിർബന്ധിക്കുകയും ചെയ്യുന്നു. നാം നമ്മുടെ ബലഹീനതയെയും പാപത്തെയും നോക്കുമ്പോഠം യഥാർത്ഥത്തിൽ നാം കറയുള്ള പൊടിമാത്രമാണെന്നു കാണും. എങ്കിലും അവിടുത്തെ നന്മയും ശക്തിയും മൂലംനമ്മുടെ നിസ്സാരമായ അവസ്ഥയിലും പ്രസാദവരം, ദൈവത്തിൻെറതന്നെ പ്രകൃതിയുടെ ഒരു യഥാർത്ഥ ഭാഗഭാഗിത്വം നൽകുന്ന സ്നേഹമാണ് അവിടുത്തേക്കുള്ളത്.

www.malankaralibrary.com

## അധ്യായം 2

## ദൈവത്തിന്റെ പുത്രൻമാർ

പ്രകൃതിയുടെ കേവലം സാധാരണ ക്രമമനുസരിച്ച് ഒരു മനുഷ്യപിതാവ് രണ്ടു കാരണങ്ങളാൽ തന്റെ ബഹുമാന്യപദവി അർഹിക്കുന്നു. ഒന്നാമതായി ഒരു പുതിയ ജീവിയുടെ ജീവന് അയാരം കാരണമായി. രണ്ടാമതായി, ആ ശിശുവിന് ആവശ്യമുള്ളിടത്തോളംകാലം അയാരം അതിനെ സൂക്ഷിക്കുകയും സംരക്ഷിക്കുകയും ചെയ്യുന്നു. അതല്ലെങ്കിൽ അയാരംക്കതിന് കഴിവും മനസ്സുമുള്ളിടത്തോളം കാലം "സ്വർഗ്ഗത്തിലും ഭൂമിയിലുമുള്ള എല്ലാ പിതൃതടങ്ങരംക്കും നാമകാരണമായ" (എഫേസ്യർ 3:15) സ്വർഗ്ഗത്തിലുള്ള നമ്മുടെ പിതാവ് നമ്മുടെ ഭൗമികപിതാക്കൻമാരെക്കാരം കൂടുതലായി പൂർണ്ണമായ വിധത്തിലും ഉന്നതമായ വിധത്തിലും കൂടുതൽ വാച്യാർത്ഥരീതിയിലും നമ്മുടെ പിതാവ് എന്ന നാമം അർഹിക്കുന്നുണ്ട്.

ഈ സന്ദർഭത്തിൽ ഒരു പ്രത്യേകകരുതൽ നമുക്കാവശ്യമാണ്. കാരണം, മിക്ക ആളുകളും സുപ്രധാനമായ ആധ്യാത്മികസത്യങ്ങരം കേരംക്കുമ്പോരം അവയ്ക്ക് ഒരുമാതിരി ന്യൂനീകരണം നൽകുന്നുണ്ടു്. ലേഖിതാവോ, പ്രാസംഗികനോ അതിശയോക്തി കലർത്തുകയാണെന്നോ, അല്പം സംവേദനനഷ്ടം അനുവദിക്കുകയാണെന്നോ അവർ കരുതുന്നു. ഈ ഗ്രന്ഥത്തിലുടനീളം ഏതെങ്കിലും വിധത്തിലുള്ള അതിശയോക്തിയില്ലെന്ന് അനുവാചകർ സദയം ഗ്രഹിച്ചാലും. അതിനാൽ അനുവാചകരുടെ ഭാഗത്തുനിന്നും താദൃശമായ ന്യൂനീകരണം ഉണ്ടാകാതിരിക്കുവാൻ സൂക്ഷിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

അവിടുന്ന് നമ്മുടെ പിതാവായിരിക്കുകയെന്നത് എത്രയോ യഥാർത്ഥവും സൂക്ഷ്മവുമായ അർത്ഥത്തിലാണെന്ന അവബോധം നമുക്കുണ്ടാകുവാൻ ശ്രമിക്കുക സുപ്രധാനമായ ഒന്നാണ്. കാരണം, അത് അവിടുത്തോടുള്ള

www.malankaralibrary.com

സ്നേഹത്തിലും ബഹുമാനത്തിലും വളരുവാൻ നമ്മെ സഹായിക്കും. അതിനാൽ ഒരു മനുഷ്യപിതാവിൻെറ രണ്ടു പ്രവൃത്തികളെ അവിടുത്തെ പിതൃത്വവുമായി നമുക്ക് താരതമ്യംചെയ്തുനോക്കാം.

ഒന്നാമതായി, ഒരു പിതാവ് ഏതെങ്കിലും വിധത്തിൽ ഒരു പുതിയ ജീവൻെറ കാരണമായിരിക്കണം. വളരെ പരിമിതമായ അർത്ഥത്തിൽ മാത്രമേ മനുഷ്യപിതാവ് ഒരു ജീവൻെറ കാരണമാണെന്ന് പറയുവാനൊക്കുകയുള്ളു. അയാരം ഒരു പുതിയ ജീവൻെറ ഉല്പാദനത്തിനുവേണ്ടി സഹകരിക്കുന്നെങ്കിലും അയാരം അതിൻെറ ഏകവും സ്വയം മതിയായതും പ്രധാനവുമായ കാരണമല്ല. സഹകരിക്കാനുള്ള അയാളുടെ പ്രാപ്തിതന്നെ സ്വർഗ്ഗത്തിലുള്ള നമ്മുടെ പിതാവിൻെറ ദാനമാണ്. അയാരം സ്വീകരിച്ചിട്ടുള്ള ആ ദാനത്തിൻെറ ഉപയോഗത്തിനുവേണ്ടി ആ മനുഷ്യപിതാവിനു നമ്മുടെ സ്വർഗ്ഗീയപിതാവിൻെറ നിരന്തരമായ ശക്തിയുടെ പ്രവാഹം ആവശ്യമാണ്. കാരണം അവിടുന്നിൽ നാം ജീവിക്കുന്നു, ചരിക്കുന്നു, നിലനിൽക്കുന്നു'' (അപ്പ. പ്ര. 18) കൂടാതെ, ഒരു ലൗകികപിതാവ് ഒരുവൻെറ ശരീരത്തിനുമാത്രമല്ല പിതാവാണെന്നു ശരിയായ രീതിയിൽ പ്രസ്താവിക്കപ്പെടുന്നുണ്ടെങ്കിലും ആത്മാവ് അയാളിൽ നിന്നുളവാകുന്നതല്ല. ഒരു ആത്മാവിനെ ഉള്ളിലുളവാകുന്നതിനുതകുന്നശരീരത്തിൻെറ രൂപീകരണത്തിൽഅയാരംക്ക് കേവലമായ ഒരു പങ്കു മാത്രമേയുള്ളു. എന്നാൽ ആത്മാവാകട്ടെ, സ്വർഗ്ഗസ്ഥനായ പിതാവിൻെറ മാത്രം സൃഷ്ടിയാണ്.

ഈ കാരണത്താൽ ഒരു പുതിയ ജീവൻെറ കാരണമാകുന്ന നമ്മുടെ ഭൗമികപിതാവിനെക്കാരം ഉപരിയായ പിതാവ് ഉദാത്തമായ വിധത്തിലും വാച്യാർത്ഥത്തിലും നമ്മുടെ സ്വർഗ്ഗീയ പിതാവാണെന്നത് സ്പഷ്ടമാണു്.

നമ്മുടെ ലൗകിക മാതാപിതാക്കളെക്കാളുപരിയായും യഥാർത്ഥമായും നാം നമ്മുടെ സ്വർഗ്ഗസ്ഥ പിതാവിനോടു് ബന്ധമുള്ളവരാണു്. ഒരു താരതമ്യം മുഖേന ഇതു കൂടുതൽ നമുക്കു ഗ്രഹിക്കുവാനാകും. ഒരു വിമാ

www.malankaralibrary.com

നത്തിൻെറ മാതൃക ഉണ്ടാക്കുവാൻ ഒരാറം തീരുമാനിക്കുന്നെന്നു കരുതുക. അതിനാവശ്യമായ ബൽസാതടി, തുണി, പശ—മുതലായവ അയാറം ശേഖരിക്കുന്നു. വളരെ ശ്രദ്ധാപൂർവ്വം പണിയെടുത്തു് ആകർഷകമായ ഒരു വിമാനം ഉണ്ടാക്കുന്നു. ഒരു പക്ഷേ, അയാറം അതിനാവശ്യമായ യന്ത്രം കൂടി ചേർക്കുന്നു. അയാറം നന്നായി പണിയെടുത്തുവെങ്കിൽ അതിനു പറക്കാൻ കഴിയും. ഒരു സ്റ്റോറിൽ നിന്നു ഇതുപോലെയൊന്നു വാങ്ങുന്നതിനെക്കാറം മെച്ചമാണ് തൻെറ വിമാനമെന്നു് അയാറം കരുതുന്നു. ശരിതന്നെ. എന്നാൽ അതിൻെറ തടിയോ, തുണിയോ, അതിനാവശ്യമായതൊന്നുംതന്നെയോ അയാളുടെ സ്വയം നിർമ്മിതിയല്ല. എന്നാൽ അവ നിർമ്മിച്ചതു് സ്വർഗ്ഗസ്ഥനായ നമ്മുടെ പിതാവാണു്. നമ്മുടെ അവസ്ഥയ്ക്കു നിദാനമായ സകലതും അവിടുത്തെ നിർമ്മിതിയാണു. മുമ്പുണ്ടായിരുന്ന ഏതെങ്കിലും വസ്തുവിൽനിന്നല്ല, നേരെമറിച്ച് യാതൊന്നുമില്ലായ്മയിൽനിന്നുതന്നെ. ഒരു ശിശുവിനു അതിൻെറ മാതാപിതാക്കളുമായുള്ള ബന്ധത്തിലുപരിയായി ഒരു വിമാനനിർമ്മാതാവിനു ബന്ധമില്ലല്ലോ. പക്ഷേ, ഇവ രണ്ടിനേക്കാളുപരിയായി പൂർണ്ണമായും വാച്യാർത്ഥത്തിലും തന്നെ നാം അവിടുത്തോടു ബന്ധമുള്ളവരാണു്.

ഒരു ലൗകിക പിതാവിൻെറ രണ്ടാമത്തെ പ്രവൃത്തി അയാളുടെ ശിശുവിൻെറ സംരക്ഷണമാണു്. അതു് ആ ശിശുവിനു ആവശ്യമുള്ളിടത്തോളം കാലമോ, അതു നല്കുന്നതിന് അയാറംക്കു മനസ്സോ, പ്രാപ്തിയോ, ഉള്ളിടത്തോളം കാലമോയെന്നു നാം മുമ്പ് പ്രസ്താവിച്ചിട്ടുണ്ടു്.

എല്ലാ മാതാപിതാക്കളും തങ്ങളുടെ കടമ ശരിയായി നിർവ്വഹിക്കുന്നില്ല. ചിലർ തങ്ങളുടെ മക്കളെ സംരക്ഷിക്കുവാൻ പ്രാപ്തിയുള്ളവരല്ല. മററു ചിലർ മക്കറം തീരെ കുഞ്ഞുങ്ങളായിരിക്കുമ്പോറം മരിക്കുന്നു. കാലം കഴിയുമ്പോറം ശിശുവിനു പിതാവിൻെറ സംരക്ഷണം ആവശ്യമില്ലാത്ത ഒരു സമയവും സമാഗതമാകും.

എല്ലാ ലൗകിക പിതാക്കളെക്കാളും നല്ലവനായ നമ്മുടെ സ്വർഗ്ഗസ്ഥനായ പിതാവു് അങ്ങനെയല്ല. തൻെറ മക്കളെ

www.malankaralibrary.com

സംരക്ഷിക്കുവാൻ അവിടുന്നു ഒരിക്കലും പ്രാപ്തിയി ല്ലാത്തവനാകയില്ല. അവിടുന്നു സർവ്വശക്തനാണു്. അ വിടുന്നു ഒരിക്കലും മനസ്സില്ലാത്തവനാകയില്ല. വി. യോഹ ന്നാൻ പ്രസ്താവിക്കുന്നതുപോലെ അവിടുത്തേക്കു നമ്മോ ടു് സ്നേഹം മാത്രമല്ലാ ഉള്ളതു്. "അവിടുന്നു സ്നേഹ മാകുന്നു." (1 യോഹ. 4: 8) അവിടുത്തെ സഹായം നമു ക്കാവശ്യമില്ലാത്ത ഒരു സമയം ഉണ്ടാകുകയുമില്ല. ശിശു വിൻെറ ചെറുപ്പകാലത്ത് ഒരു ഭൗമിക പിതാവു് മരിക്കുന്ന പക്ഷം, പിതാവിൻെറ സംരക്ഷണം നഷ്ടപ്പെട്ടുവെങ്കിലും അയാളെ കൂടാതെ ജീവിക്കുവാൻ അതിനു കഴിയും. ദീർഘ കാലജീവിതം അതിനു നയിക്കുവാൻ കഴിയും. എന്നാൽ സ്വർഗ്ഗത്തിലുള്ള നമ്മുടെ പിതാവിനെ കൂടാതെ ജീവിക്കു കയോ പ്രവർത്തിക്കുകയോ നമുക്കു സാധ്യമല്ല. മാത്രമോ? ഒരു നിമിഷംപോലും അവിടുത്തെകൂടാതെ ജീവിക്കുക നമുക്കു സാധ്യമല്ല. "അവിടുന്നിൽ നാം ജീവിക്കുകയും ചരിക്കുകയും നിലനില്ക്കുകയും ചെയ്യുന്നതിനാൽ" (അപ്പ. പ്ര. 17: 18) ജീവിതമെന്നതുതന്നെ ഒരു നിമിഷത്തിൽ നിന്നു മറ്റൊരു നിമിഷത്തിലേക്കുള്ള അവിടുത്തെ ദാനമാ ണ്. ഒരു നിമിഷത്തിൽ നിന്നു മറ്റൊരു നിമിഷത്തിലേ ക്കുള്ള ആശ്രയത്വത്തെക്കുറിച്ച് 18-ാം അധ്യായത്തിൽ നാം ചർച്ചചെയ്യും.)

സ്വന്തമുദ്രയുള്ള ഒരു മോതിരം നാം വെള്ളത്തിലിടു ന്നെന്നു വിചാരിക്കുക. വെള്ളം നിർമ്മിതമായ ആ വസ്തു വിൻെറ രൂപത്തിലാകും. പക്ഷേ, മോതിരം അതിലുള്ളിട ത്തോളം സമയം മാത്രം. ഇതുപോലെ സ്വർഗ്ഗത്തിലുള്ള നമ്മുടെ പിതാവിൻെറ ശക്തിയുടെ നിരന്തരമായ മുദ്ര നമുക്കാവശ്യമാണ്.

എല്ലാ കാര്യങ്ങളിലും എന്തുമാത്രം പൂർണ്ണമായി നമ്മു ടെ പിതാവിനെ നാം ആശ്രയിച്ചിരിക്കുന്നുവെന്ന് സമഗ്ര മായി ഗ്രഹിക്കുക പ്രയാസകരമാണ്. മറ്റൊരു താരതമ്യം ഒരുപക്ഷേ ഇതിനു സഹായകമായേക്കാം. നാം സിനിമ കാണുന്നു. സ്ക്രീനിലുള്ള പ്രതിബിംബങ്ങൾക്കു നിറവും ജീവനും ഉള്ളതായും അവ സംസാരിക്കുന്നതും ചിരിക്കുന്ന

www.malankaralibrary.com

തും യഥാർത്ഥമാണെന്നും നാം കരുതുന്നു. ആ നാടകവു മായി താദാത്മ്യപ്പെടുവാൻ തക്കവണ്ണം അവ യഥാർത്ഥമാ ണെന്നു നമുക്കു തോന്നലുണ്ടാകുന്നു. പ്രൊജക്ഷൻബൂ ത്തിലുള്ള ടെക്നീഷൻ സ്വിച്ച് മാററിയാൽ സ്ക്രീനിൽ പ്രതിബിംബങ്ങൾ ഉണ്ടായിരിക്കുകയില്ല. അവ ഇല്ലായ്മ യിലേക്കു പിന്തിരിയും.

നമ്മുടെ പിതാവിൽ നിന്നുള്ള ശക്തിയുടെ തുടർച്ച യായ പ്രവാഹത്തിലുള്ള നമ്മുടെ ആശ്രയത്വം സ്ക്രീനിൽ കാണുന്ന പ്രതിബിംബങ്ങളുടേതുപോലെയാണ്. എന്നാൽ ഈ സുപ്രധാനവ്യത്യാസമുണ്ട്. തൻെറ ഇച്ഛയെ തിര സ്കരിക്കുന്ന യാതൊരു പ്രതിബിംബവുമുളവാക്കുന്നതി ന് ഒരു ടെക്നീഷനു സാധ്യമല്ല. പക്ഷേ, നമ്മുടെ പിതാ വിൻെറ സർവ്വശക്തിക്കതു സാധ്യമാണ്. തന്നെ അനുസ രിക്കാതിരിക്കാനുള്ള സ്വാതന്ത്ര്യം മനുഷ്യനു നൽകുന്നതി നു അവിടുത്തേക്കു സാധിക്കുന്നു. അചിന്തനീയമായ തൻെറ നന്മയിൽ ആ ശക്തി യഥാർത്ഥമായിതന്നെ അവിടുന്നു നൽകുന്നു. അതാകട്ടെ, അവിടുത്തെ ഔദാര്യം നാം നിരസി ക്കാതിരിക്കുന്നുവെങ്കിൽ അവിടുത്തെ പക്കൽ നിന്ന് ഊഹാ തീതമായ വൻദാനങ്ങൾ നാം സ്വീകരിക്കുന്നതിന് നമ്മെ പ്രാപ്തരാക്കാനാണ്. ഇത് നാണയത്തിൻെറ മറുവശം. അവിടുത്തെ ദൈവികസുതൻെറ വാക്കുകൾ എത്രയോ യ ഥാർത്ഥം! “നിങ്ങളുടെ തലമുടിയിഴപോലും എണ്ണപ്പെട്ടി രിക്കുന്നു” (ലൂക്കോ. 12:7).

നമ്മുടെമേൽ തൻെറ ദാനങ്ങൾ വർഷിക്കാനുള്ള മഹോ ന്നതമായ ആഗ്രഹമായി നമ്മുടെ പിതാവിൻെറ ഈ മനോഭാ വത്തെ വിശദീകരിക്കുകയാണ് ഏററം നല്ല വിശദീകരണം. ധ്യാനസമാധിയുടെ ഏററം ഉന്നതമായ അനുഭവങ്ങൾ വഴി നമ്മുടെ പിതാവിൻെറ മാർഗ്ഗങ്ങൾ വ്യക്തിപരമായി അനു ഭവിച്ച സഭയിലെ ഒരു വലിയ വേദപാരംഗതനായ കുരി ശിൻെറ വി. യോഹന്നാൻ നമ്മുടെ പിതാവിനെ സൂര്യനു മായി താരതമ്യപ്പെടുത്തുന്നുണ്ട്. വി.യോഹന്നാൻ പ്രസ്താ വിക്കുന്നു: “നാം നമ്മുടെ ഭാഗം നിവർത്തിക്കുകയാണെ ങ്കിൽ രഹസ്യമായിട്ടായാലും നിശ്ശബ്ദമായിട്ടായാലും നാമു

www.malankaralibrary.com

മായി ആശയസംവേദനം നടത്താതിരിക്കാൻ ദൈവത്തിന് അസാധ്യമാണ്..... നിങ്ങളുടെ ആത്മാവിനെ ശൂന്യവത്ക്കരിച്ച് അതിനെ ദൈവികനന്മകൾകൊണ്ട് നിറച്ചാൽ, നിങ്ങൾ അതിരാവിലെ വീടിന്റെ ജനാല തുറക്കുമ്പോൾ സൂര്യൻ അതിൽ പ്രവേശിക്കുന്നതുപോലെ, ദൈവം ആ ആത്മാവിൽ പ്രവേശിക്കും".

ഈ മൗതികവേദപാരംഗതൻ (Mystical doctor) ഇവിടെ പ്രസ്താവിക്കുന്നത് സാധാരണനിലയിലുള്ള അനുഗ്രഹങ്ങളെക്കുറിച്ചല്ലാ, പ്രത്യുത, അത്യുദാത്തവും താരതമ്യേന അപൂർവ്വവുമായ നിവേശിതധ്യാനസമാധിയെക്കുറിച്ചാണെന്ന് ഓർക്കുക സുപ്രധാനമാണ്. ഇത്ര വലിയ ഒരു അനുഗ്രഹം ലഭിക്കുന്നതിൽ ആത്മാവ് പരാജയപ്പെടുന്നത് ദൈവത്തിന്റെ ഭാഗത്തുനിന്നുള്ള ഔദാര്യത്തിന്റെ കുറവുകൊണ്ടല്ലായെന്നാണ് അദ്ദേഹം വിവക്ഷിക്കുന്നത്. അതാകട്ടെ 'ജനാല തുറക്കാൻ' ആത്മാവ് പരാജയപ്പെടുന്നതുകൊണ്ടു മാത്രമാണ്, അതായത് ആത്മാവ് തടസ്സങ്ങൾ അതിൽ തന്നെ ഉണ്ടാക്കുന്നതുകൊണ്ടാണ്. മറവ് ഇല്ലെങ്കിൽ, പ്രവേശിക്കുവാൻ കഴിയാതിരിക്കുന്ന സൂര്യനെപ്പോലെയാണ് ദൈവം. സഭയുടെ മററൊരു വേദപാരംഗതയായ അവിലായിലെ വി. ത്രേസ്യായും ഈ രീതിയിൽ പ്രസ്താവിക്കുന്നു. "തനിക്ക് നൽകാവുന്നവരെ കണ്ടെത്തിയാൽ അവർക്ക് നൽകുകയെന്നതല്ലാതെ മററൊന്നും ദൈവം ആഗ്രഹിക്കുന്നില്ല. ഈ ജീവിതത്തിൽ ദൈവം തന്റെ ആത്മാവിനെ നമുക്കു നൽകുമ്പോൾ അതിന്റെ അർത്ഥം അവിടുന്നു നമ്മിൽ തന്റെ പരിശുദ്ധാത്മാവിനെ, പിതാവിന് പുത്രനോടുള്ള സ്നേഹത്തിന്റെയും പുത്രന് പിതാവിനോടുള്ള സ്നേഹത്തിന്റെയും ആ ആത്മാവായ പരിശുദ്ധാത്മാവിനെ അയയ്ക്കുന്നുവെന്നാണ്. നമ്മുടെ ആത്മാവിൽ ആ ആത്മാവ് ഉണ്ടായിരിക്കുക വി. പൗലോസ് പ്രസ്താവിക്കുന്നതുപോലെ "ആ അവകാശത്തിന്റെ അച്ചാരം" (എഫേ. 1:14) ഉണ്ടായിരിക്കുകയാണ്. അച്ചാരമെന്നത് സ്വീകരിക്കുന്നവന് ബാക്കിയുള്ളത് പിന്നീട് നൽകാമെന്ന് കാണിക്കുന്ന മുൻകൂട്ടിയുള്ള നൽകലാണ്. അച്ചാരമായി

www.malankaralibrary.com

നമുക്ക് ലഭിച്ചിട്ടുള്ളത് ദൈവത്തെതന്നെയാണ്; നമ്മുടെ ആത്മാവിന് ലഭിക്കുന്ന യഥാർത്ഥ പരിശുദ്ധാത്മാവ് തന്നെ. അവിടുന്ന് ആയിരിക്കുന്നതുപോലെ അവിടുത്തെ കാണുകയെന്നതിൽനിന്ന് നമ്മെ തടസ്സപ്പെടുത്തുന്നത് ജഡത്തിന്റെ മറയാണ്. മരണം മുഖേന ആ മറ മാററപ്പെടുമ്പോൾ നാം മതിയാംവിധം ശുദ്ധീകൃതരാണെങ്കിൽ ആ കാഴ്ചയുണ്ടാകും. അല്ലാത്തപക്ഷം ശുദ്ധീകരണസ്ഥലം മുഖേന നമ്മുടെ ആവശ്യം നിറവേറും. നേരേ മറിച്ച്, മാരകപാപം മൂലം പരിശുദ്ധാത്മാവിനെ തന്റെ ആത്മാവിൽനിന്ന് നിഷ്കാസനം ചെയ്തവന് ലഭിക്കുക നരകത്തിന്റെ, അതായത് ദൈവത്തെ നഷ്ടപ്പെടുക എന്നതിന്റെ അച്ചാരമാണ്. ആ അവസ്ഥയിൽ മറ നീക്കപ്പെടുകയാണെങ്കിൽ, ആ നഷ്ടം നിത്യമാണ്.

പരിശുദ്ധാത്മാവിന്റെ ഈ സാന്നിധ്യം നിമിത്തം വി. യോഹന്നാൻ പ്രസ്താവിക്കുന്നു: "ദൈവമക്കളെന്നു നാം വിളിക്കപ്പെടുന്നു; നാം അങ്ങനെയാണുതാനും" (1 യോഹ. 3: 1) ഈ വാക്യം പ്രകൃത്യതീതതലത്തെ സൂചിപ്പിക്കുന്നു. സ്വാഭാവികതലത്തിൽതന്നെ നാം അവിടുത്തെ മക്കളാണ്. കാരണം, അവിടുന്നു നമുക്കു ജീവൻ നല്കുന്നു, നമ്മുടെ അസ്തിത്വം പരിപാലിക്കുന്നു, നമ്മെ സംരക്ഷിക്കുന്നു.

പ്രസാദവരം ദൈവികമായ ഒരു ദത്തെടുക്കലാണു്. ഇവിടെയും യാഥാർത്ഥ്യത്തിന്റെ മഹിമ വിശദമാക്കുന്നതിന് നമ്മുടെ ഭാഷ വളരെ അപര്യാപ്തമാണു്. കാരണം, ദത്തെടുക്കുകയെന്നു കേൾക്കുമ്പോൾ മാനുഷികമായി ഈ ലോകത്തിൽ സംഭവിക്കുന്ന ദത്തെടുക്കലാണു നാം ചിന്തിക്കുക. ഈ ലോകത്തിലെ ദത്തെടുക്കൽ ഇങ്ങനെയാണ്. ഒരാളുടെയോ രണ്ടു പേരുടെയോ ഔദാര്യം നിമിത്തം നിയമത്തിന്റെ ഒരു ഭാവന മുഖേന അനാഥനായ ഒരു ശിശുവിനെ വീട്ടിൽ സ്വീകരിക്കുന്നു. അതു മൂലം സ്വാഭാവിക ശിശുവിന്റേതുപോലെതന്നെയുള്ള അവകാശങ്ങൾ അവൻ നേടുന്നു. ആ മാതാപിതാക്കളുടെ രക്തത്തിലും ജനുസ്സിലും യഥാർത്ഥ പങ്കാളിയെന്ന നിലയിൽ അവനു സ്നേഹപരമായ

www.malankaralibrary.com

സംരക്ഷണം ലഭിക്കുന്നു. ഉദാരതയുള്ള ഈ മാതാപിതാക്കൾ തങ്ങൾ ദത്തെടുത്ത അവനെ എത്രമാത്രം സ്നേഹിച്ചാലും അവൻ അവരുടെ ശരീരത്തിൻെറ ശരീരമല്ലെന്നു സമ്മതിക്കേണ്ടിയിരിക്കുന്നു. അവരുടെ കുടുംബപേരായ സ്മിത്ത് എന്ന് ചേർത്ത് അവൻ വിളിക്കപ്പെട്ടാലും സ്മിത്തിൻെറ ജനുസ്സിൻെറയും രക്തത്തിൻെറയും കണികപോലും അവനുണ്ടാകുകയുമില്ല.

തങ്ങളുടെ ദത്തുപുത്രനുവേണ്ടി കൂടുതൽ ചെയ്യാൻ കഴിയുമെങ്കിൽ ഈ ദമ്പതികൾ അതു ചെയ്യും. എന്നാൽ, സ്വർഗ്ഗത്തിലുള്ള നമ്മുടെ പിതാവു് ഏതെങ്കിലും പരിധിക്കധീനനല്ല. തൻെറ സർവശക്തമായ ശക്തിയിൽ അവിടുത്തേക്കു എല്ലാം കഴിയുന്നു. തൻെറ അനന്ത നന്മയിൽ അവിടുന്നു ഇച്ഛരിക്കുന്നു, യാതൊരു സൃഷ്ടിക്കും സ്വപ്നം കാണാൻ നിവൃത്തിയില്ലാത്തതു ചെയ്യുന്നു. വി. പത്രോസ് പഠിപ്പിക്കുന്നതുപോലെ അതിനാൽ യഥാർത്ഥത്തിൽ "അവിടുത്തെ ദൈവികസ്വഭാവത്തിൽ നാം പങ്കുകാരാകുന്നു." (2 പത്രോ. 1: 4)

ഇതിൻെറ അർത്ഥം സാക്ഷാത്താക്കുന്നതിന് ഒരു നല്ല ആരംഭമിടുന്നതിനുപോലും നാം കേവലം അശക്തരാണ്. കാരണം, ദൈവം സജ്ജീകരിച്ചിരിക്കുന്ന വരാനിരിക്കുന്ന ലോകത്തിൽ മാത്രമേ, "കണ്ണുകൾ കാണുകയോ, ചെവികൾ കേൾക്കുകയോ, മനുഷ്യമനസ്സു ഗ്രഹിക്കുകയോ" ചെയ്തിട്ടില്ലാത്ത (1കോറി. 2:9) കാഴ്ചയിൽ മാത്രമേ നമുക്കത് പൂർണ്ണമായി ഗ്രഹിക്കുവാൻ കഴിയൂ. എന്നിരുന്നാലും നമ്മുടെ വാക്കുകൾ ആ യാഥാർത്ഥ്യം വിശദമാക്കുവാൻ അപര്യാപ്തമാണെന്ന് നാം വിസ്മരിക്കാതിരിക്കുക. എങ്കിലും ആ യാഥാർത്ഥ്യം ഗ്രഹിക്കുന്നതിന് ഒരു ചെറിയ ആരംഭമിടാൻ നമുക്ക് തുനിയാം.

മുൻപിലത്തെ അധ്യായത്തിൽ പ്രസ്താവിച്ചതുപോലെ, ഏററം പരിശുദ്ധതമത്രിത്വത്തിൽ, ദൈവിക ആളുകളിൽ, അനന്തവും അനിർവചനീയവുമായ ജ്ഞാനത്തിൻെറ അനന്തമായ പ്രവാഹം നിലനിൽക്കുന്നു. തന്നെ സ്വയം വെളിപ്പെടുത്തിയും തന്നെ സ്വയം നൽകിയുമുള്ള ഒരു വചനം (LOGOS) ആണത്. (യോഹ. 1:1) അത് തൻെറ തന്നെ

www.malankaralibrary.com

പൂർണ്ണമായ പ്രതിരൂപവും തന്നോടുകൂടി ഏകനുമായ തൻെറ ദൈവികപുത്രനാണ്. വീണ്ടും പിതാവും പുത്രനും തമ്മിലുള്ള അനന്തജ്ഞാനത്തിൽനിന്ന് അനന്തസ്നേഹം ഉത്ഭവിക്കുന്നു. അതും ഒരാളാണ്—പരിശുദ്ധാത്മാവ്. ഇപ്രകാരം ഈ അനന്തജ്ഞാനത്തിലും അനന്തസ്നേഹത്തിലും പങ്കാളിത്തമോ, സംയോജിതത്വമോ ഉണ്ടായിരിക്കുകയാണ് ദൈവപ്രകൃതി. എന്നിരുന്നാലും പ്രസാദവരം മുഖേന ഒരു അങ്കുരത്തിലെന്നപോലെ ആ പ്രാപ്തി നമുക്ക് നൽകപ്പെട്ടിരിക്കുന്നു. ഈ അങ്കുരമാകട്ടെ, നാം നമ്മുടെ ഭവനത്തിലെത്തുമ്പോാം പിതാവിനെയും പുത്രനെയും പരിശുദ്ധാത്മാവിനെയും അറിയുന്നതിലും സ്നേഹിക്കുന്നതിലും പുഷ്പിതമാകും. അവർ പരസ്പരം അറിയുന്നതും സ്നേഹിക്കുന്നതും പോലെ അനന്തനിലയിലായിരിക്കുകയില്ലെന്ന് മാത്രം. ദൈവികസ്വഭാവമുള്ളയാാക്ക് മാത്രമേ ഇങ്ങനെയായിരിക്കുന്നതിന് കഴിവുണ്ടാകുകയുള്ളു.

ഇതെക്കുറിച്ച് സംതൃപ്തമെന്ന് തോന്നാവുന്നതിനോടടുത്തുപോലും ഗ്രഹിക്കുന്നതിന് നമ്മുടെ അനുഭവത്തിൽ യാതൊന്നുമില്ല. എങ്കിലും അതിൻെറ ഒരു ഏകദേശരൂപം ഗ്രഹിക്കുവാൻ ഒരു താരതമ്യം സഹായകമായേക്കാം. ഈ ജീവിതത്തിൽ നാം വസ്തുക്കാം ഗ്രഹിക്കുമ്പോാം—ഉദാഹരണമായി ഒരു പുഷ്പം—പ്രത്യക്ഷമായി നാം ഗ്രഹിക്കുന്നുവെന്ന് പറയുന്നു. എന്നിരുന്നാലും നമ്മുടെ അറിവിൽ കുറച്ച് പ്രത്യക്ഷരാഹിത്യമുണ്ട്. നാം ആ പുഷ്പം യഥാർത്ഥമായി മനസ്സിൽ എടുക്കുന്നില്ല. നേരെമറിച്ച്, അതിനെക്കുറിച്ച് നമ്മുടെയുള്ളിൽ ഒരു പ്രതിച്ഛായ രൂപപ്പെടുകയാണ്. ആ പൂവിൻെറയോ, മറേറതെങ്കിലും സൃഷ്ടവസ്തുവിൻെറയോ കാര്യത്തിൽ, അത് എത്ര അത്ഭുതകരമായിരുന്നാലും നമുക്ക് പൂർണ്ണമായ അറിവ് നൽകാൻ ഒരു പ്രതിച്ഛായയ്ക്ക് കഴിയും. എന്നാൽ നാം നമ്മുടെ പിതാവിൻെറ ഭവനത്തിലെത്തുമ്പോാം വി. പൗലോസ് പ്രസ്താവിക്കുന്ന പ്രകാരം മുഖാമുഖദർശനത്തിന് (1 കോറി. 13:12), അവിടുന്നായിരിക്കുന്നപോലെ അവിടുത്തെ അറിയുവാൻ യാതൊരു പ്രതിച്ഛായയ്ക്കും നമ്മെ അറിയി

www.malankaralibrary.com

ക്കുവാൻ കഴിയുകയില്ല. കാരണം, ഏത് പ്രതിച്ഛായയും സൃഷ്ടവസ്തുവാണ്. അളവുള്ള വസ്തുവാണ്. എന്നാൽ അവിടുന്ന് അളവില്ലാത്തവനാണ്, സൃഷ്ടമല്ലാത്തനന്മയാണ്,

അതിനാൽ, പന്ത്രണ്ടാം ബനഡിക്ട് മാർപ്പാപ്പാ പ്രഖ്യാപിച്ചതുപോലെ, ആത്മാവുമായി ദൈവത്തിന് പ്രത്യക്ഷമായ ഒരു ഐക്യം ഉണ്ടായിരിക്കണം. അതിനിടയിൽ യാതൊരു പ്രതിബിംബവും ഉണ്ടാകയുമരുത്. വി. തോമസ് അക്വിനാസ് ധൈര്യപൂർവ്വം ഈ നിഗമനത്തിലെത്തി: ദൈവംതന്നെ പ്രതിബിംബത്തിൻെറ സ്ഥാനമെടുക്കുന്നു. അങ്ങനെ ഭാഗികമായി ദൈവികമായിത്തീരുന്ന നാം അനന്തമായ ജ്ഞാനത്തിൻെറയും അനന്തമായ സ്നേഹത്തിൻെറയും പ്രവാഹത്തിൽ പങ്കുചേരുന്നു. നേരത്തെ കാവ്യാത്മകരീതിയിൽ J. P. Arendzen ദൈവത്തെക്കുറിച്ചെഴുതിയപ്പോൾ ചിത്രശലഭം അനന്തവിഹായസ്സിൽ പറക്കുന്ന ചിത്രം നൽകിയത് നാം വായിച്ചതാണല്ലോ. അത് ആത്മാവിനെ സംബന്ധിച്ച് ശരിയാണ്. ഈ സൗഭാഗ്യകരമായ ദർശനം എപ്പോഴും നവീനമാണ്, ഒരിക്കലും തീർന്നുപോകാത്തതാണു്. സ്നേഹമാകുന്ന ദൈവത്തിനു മാത്രമേ ഇപ്രകാരമുള്ള ഒരു പദ്ധതിയെക്കുറിച്ച് ചിന്തിക്കുവാനും നടപ്പാക്കുവാനും കഴിയുകയുള്ളു. ഈ ലോകത്തിലെ ഒരു രാജാവിൻെറയോ, പ്രസിഡൻറിൻെറയോ, ഭരണാധിപതിയുടെയോ, മഹിമയുമായി താരതമ്യം ചെയ്യുമ്പോൾ ദൈവപ്രകൃതിയിൽ തന്നെ പങ്കാളിയാകുന്ന ഒരു ദൈവപുത്രൻെറ മഹിമ എത്രയോ ഉന്നതമായിട്ടുള്ളതാണ്.

നമ്മുടെ പിതാവിൻെറ കൊട്ടാരങ്ങളിൽ എത്തുമ്പോൾ മാത്രമേ പ്രസാദവരത്തിൻെറ പൂർണ്ണഫലം നാം നേടുകയുള്ളു. എന്നാൽ, പ്രസാദവരത്തിലുള്ള ഒരാത്മാവ് അത്ഭുതകരമായ ഒന്നാണ്. മഹാനായ വി. ബേസിൽ എഴുതി:

"പ്രകാശവും തിളക്കവുമുള്ള വസ്തുക്കളിന്മേൽ ഒരു സൂര്യകിരണം തട്ടുമ്പോൾ അവ വളരെ കൂടുതൽ തിളക്കമുള്ളതാകുന്നു. അവയിൽനിന്നു മറെറാരു കിരണം ബഹിർഗമിക്കുന്നു. ഇതുപോലെ പരിശുദ്ധാത്മാവിനെ വഹി

www.malankaralibrary.com

ക്കുന്ന ആത്മാക്കാം പരിശുദ്ധാത്മാവിനാൽ പ്രകാശിത രായി തങ്ങളെതന്നെ പൂർണ്ണമായി ആധ്യാത്മികരാക്കു കയും മററുള്ളവരിലേക്കു പ്രസാദവരം പ്രസരിപ്പിക്കു കയും ചെയ്യുന്നു.''

അലക്സാന്ത്രിയായിലെ വി. സിറിാം ഈ പരിശുദ്ധാത്മാവിനെക്കുറിച്ചു പ്രസ്താവിക്കവേ ഇങ്ങനെ പറ ഞ്ഞു: ''ദൈവത്തിൽനിന്നുള്ളവനുംദൈവത്തിൽനിന്നു പുറപ്പെടുന്നവനുമായ അവിടുന്നു തന്നെ സ്വീകരിക്കുന്നവരിൽ മെഴുകിൽ ഒരു മുദ്ര കണക്കെ ദൈവത്തിൻെറപ്രതിച്ഛായ വീണ്ടും നൽകിക്കൊണ്ട് അദൃശ്യരീതിയിൽ തന്നെതന്നെ മുദ്രിതമാക്കുന്നു.'' കൊല്ലൻെറ ഉലയിൽ ഇരുമ്പിനെ അഗ്നിയായി രൂപാന്തരപ്പെടുത്തുന്നതുപോലെ ആത്മാവിനെ പരിശുദ്ധാത്മാവ് രൂപപ്പെടുത്തുന്നുണ്ടെന്നു ജറുസലേമിലെ വി. സിറിാം പ്രസ്താവിക്കുന്നു. ഇരുമ്പ് ആദ്യം തണുത്തതും കറുത്തതുമാണ്. പക്ഷേ, ഉലയിൽ അത് ചൂടാകാൻ തുടങ്ങുന്നു, പിന്നെ പ്രകാശിക്കുന്നു, അവസാനം ഇരുമ്പ് അഗ്നിയായി രൂപാന്തരപ്പെട്ടതുപോലെ കാണപ്പെടുന്നു. ഈ രൂപാന്തരീകരണമാകട്ടെ, നമ്മുടെ കർത്താവുതന്നെ അവിടുത്തെ മരണത്തിൻെറ തലേരാത്രിയിൽ നൽകിയ വാഗ്ദാനമനുസരിച്ചുള്ളതാണ്. ''എന്നെ സ്നേഹിക്കുന്നവൻ എൻെറ വചനം പാലിക്കും. അപ്പോാം എൻെറ പിതാവ് അവനെ സ്നേഹിക്കുകയും ഞങ്ങാം അവൻെറ അടുത്തുവന്ന് അവനിൽ വാസമുറപ്പിക്കുകയും ചെയ്യും (യോഹ. 14:23). വി. പൗലോസ് കൂട്ടിച്ചേർക്കുന്നു: ''നിങ്ങാം ദൈവത്തിൻെറ ആലയമാണെന്നും ദൈവാത്മാവ് നിങ്ങളിൽ വസിക്കുന്നുവെന്നും നിങ്ങാം അറിയുന്നില്ലേ''? പ്രസാദവരത്തിലുള്ള ആത്മാവ്, വാച്യാർത്ഥത്തിൽതന്നെ മൂന്ന് ദൈവിക ആളുകളുടെ വാസസ്ഥാനമാണ്. സക്രാരിയെയും കാസായെയും അവയിൽ ഒന്നുമില്ലാതിരിക്കുമ്പോഴും ആദരിക്കുന്നുണ്ട്. കാരണം, അവയിൽ ക്രിസ്തുവിൻെറ

www.malankaralibrary.com

തിരുശരീരരക്തങ്ങൾ ഉണ്ടായിരുന്നതുതന്നെ. എന്നാൽ, സക്രാരിയും കാസായും നമ്മുടെ ആദരം അവകാശപ്പെടുന്നുണ്ടെങ്കിലും അവയിലുണ്ടായിരുന്ന ദൈവസാന്നിദ്ധ്യം അവയുടെ പ്രകൃതിക്ക് മാററം വരുത്തിയിട്ടില്ല. എന്നാൽ നാം മുമ്പ് കണ്ടതുപോലെ നമ്മുടെ ആത്മാക്കളിൽ വസിക്കുന്ന മൂന്ന് ദൈവികആളുകളും നമ്മുടെ ആത്മാക്കളെ അതിമാനുഷികമാക്കി, ദൈവികത്വത്തിൽതന്നെ ഭാഗഭാഗിത്വമുള്ളതാക്കി പ്രസാദവരംമുഖേന വ്യത്യാസപ്പെടുത്തുന്നു.

അപ്പോൾ, നമ്മുടെ ഉദാത്തമായ മഹിമ മുൻപ് പ്രസ്താവിച്ച പ്രകാരമുള്ളതാണ്. ലത്തീൻ ആരാധനക്രമത്തിൽ സ്വർഗ്ഗസ്ഥനായ പിതാവേ എന്ന പ്രാർത്ഥന ചൊല്ലുന്നതിന് മുൻപ് ഇങ്ങനെ ചൊല്ലുന്നു: ''ദൈവത്തെ ഞങ്ങളുടെ പിതാവേ, എന്ന് വിളിക്കുന്നതിന് യേശു ഞങ്ങളെ പഠിപ്പിച്ചു. അതിനാൽ ഇങ്ങനെ പ്രസ്താവിക്കുന്നതിനു ഞങ്ങൾ ധൈര്യപ്പെടുന്നു''.

www.malankaralibrary.com

# അദ്ധ്യായം 3

## അനന്തതയ്ക്കുമപ്പുറമുള്ള പുനരുദ്ധാരണം

ഇരുപതാം നൂററാണ്ടിലെ അമേരിക്കക്കാർ എഴുതാനുപയോഗിക്കുന്ന ശൈലിതന്നെയാണ് എല്ലാക്കാലങ്ങളിലും എല്ലാ സംസ്കാരങ്ങളിലും ആളുകൾ ഉപയോഗിക്കേണ്ടതെന്നു നാം കരുതുകമണ്ടത്തരമാണ്. കാരണം വ്യത്യസ്തരായ ആളുകൾ വ്യത്യസ്ഥരീതികളിൽ പ്രവർത്തിക്കുന്നു. ഉദാഹരണമായി അമേരിക്കൻ ആഭ്യന്തരയുദ്ധത്തെക്കുറിച്ച് ചരിത്രപരമായ ഒരു ആധുനികനോവൽ അടിസ്ഥാനപരമായി സംഭവങ്ങളുടെ വിവരണമോ ചരിത്രപരമോ ആണ്. അതിൻെറ പശ്ചാത്തലവിവരണങ്ങൾ അന്നത്തെ കാലഘട്ടത്തിനനുസൃതമാണ്. എന്നാൽ വേണ്ടവയെല്ലാം ഗ്രന്ഥകർത്താവ് അതിൽ രേഖപ്പെടുത്തേണ്ടതാണെന്നു നാം പ്രതീക്ഷിക്കുന്നു. ഉദാഹരണമായി, ഉന്നതോദ്യോഗസ്ഥരുമായി ലിങ്കൺ നടത്തിയ സംഭാഷണങ്ങളിലെ ഓരോ വാക്കും. ഇങ്ങനെയുള്ള കാര്യത്തിനു ആ ഓരോ വാക്കിൻെറയും രേഖകൾ ഗ്രന്ഥകർത്താവിൻെറ പക്കലില്ലെന്നത് നാം ചിന്തിക്കുന്നില്ല. പക്ഷേ, ആ സംഭാഷണങ്ങൾ കൂടുതൽ രസമുള്ളതാക്കാൻ ഗ്രന്ഥകർത്താവ് സ്വന്തം വാക്കുകൾ പ്രയോഗിക്കുന്നു. നമ്മുടെ ആധുനികചരിത്രനോവൽ ചരിത്രത്തിൻെറയും ഭാവനയുടെയും ഒരു സങ്കരമാണ്. ഈ കാരണത്താൽ ഗ്രന്ഥകാരൻ അറിവില്ലാത്തവനോ, നമ്മെ വഞ്ചിക്കുവാൻ ശ്രമിക്കുന്നവനോ ആണെന്നു നാം പറയുകയില്ല. അതുകൊണ്ട് എന്താണുദ്ദേശിച്ചിരിക്കുന്നത്, നാം അതു എങ്ങനെ സ്വീകരിക്കണം, എന്ന് രചയിതാവും അനുവാചകരും മനസ്സിലാക്കുന്ന വ്യവസ്ഥാപിതമായ ഒരു ആലേഖനരീതിയുണ്ട്.

മററു സംസ്കാരങ്ങൾക്കും മററു നൂററാണ്ടുകൾക്കും നമ്മുടെ രീതി തീർച്ചയായി ഉണ്ടാകണമെന്നില്ല. അതിനാൽ എന്താണ് അവർ ഉദ്ദേശിച്ചതെന്നറിയുവാൻ നാം ബുദ്ധിമുട്ടി പരിശ്രമിക്കേണ്ടതുണ്ട്. രണ്ടാം വത്തിക്കാൻ സുനഹദോസ് പ്രസ്താവിക്കുന്നു:

www.malankaralibrary.com

"വി. ഗ്രന്ഥകാരൻമാരുടെ ഉദ്ദേശ്യം ആരായുന്നവർ ഇതിനുവേണ്ടി മററു പലതിൻെറയും കൂട്ടത്തിൽ പരിശോധിക്കേണ്ടത് അവരുടെ സാഹിത്യരൂപത്തെയാണ്. കാരണം, വിവിധ രീതികളിലാണ് വി. ലിഖിതങ്ങളിൽ സത്യം ആവിഷ്കരിച്ചു പ്രകാശിപ്പിച്ചിട്ടുള്ളത്. ഒരു സ്ഥലത്തു ചരിത്രാനുസരേണയാണെങ്കിൽ, മററൊരിടത്തു പ്രവചനപരമായിരിക്കും; വേറൊരിടത്തു കവിതയിലൂടെയോ മറേറതെങ്കിലും സാഹിത്യരൂപത്തിലൂടെയോ ആകാം. വി. ഗ്രന്ഥകാരൻ എന്താണു പ്രകാശിപ്പിക്കുവാനുദ്ദേശിക്കുന്നതെന്നും ഒരു നിയതസാഹചര്യത്തിൽ സാക്ഷാത്തായി എന്താണു വ്യക്തമാക്കുന്നതെന്നും വ്യാഖ്യാതാവ് പരിശ്രമിച്ചറിയണം. കാരണം, വി. ലിഖിതരചയിതാവ് സ്വന്തം കാലത്തിലെ സാംസ്കാരികപശ്ചാത്തലത്തിലും അന്നത്തെ സാഹിത്യരൂപങ്ങരം ഉപയോഗിച്ചുമാണ് എഴുതിയിരിക്കുന്നത്."

പ്രസ്പഷ്ടമായ ഈ തത്വം നാം അവഗണിക്കുന്നുവെങ്കിൽ നാം ഫണ്ടമെൻറലിസത്തിൽ (മതമൗലികവാദത്തിൽ) നിപതിക്കും. ഇരുപതാം നൂററാണ്ടിൽ ജീവിക്കുന്ന അമേരിക്കക്കാരെഴുതിയതാണതെന്നു നാം കരുതിയേക്കും.

ഈ കാര്യങ്ങരം പ്രസ്താവിച്ചതിൻെറ കാരണം ഉല്പത്തിപ്പുസ്തകത്തിൻെറ ആദ്യത്തെ മൂന്നധ്യായങ്ങരം ശ്രദ്ധാവിഷയമാക്കുന്നതിനു നാം ആഗ്രഹിക്കുന്നതിനാലാണ്. ഹുമാനിജേനറിസ് (Humani generis) എന്ന തൻെറ ചാക്രികലേഖനത്തിൽ പന്ത്രണ്ടാംപീയൂസ് മാർപ്പാപ്പാ ഈ അധ്യായങ്ങളുടെ രീതിയുടെ പ്രശ്നം അംഗീകരിക്കുന്നുണ്ട്. അതേസമയംതന്നെ ഒരു സമതുലിത പ്രസ്താവനവഴി ഇവ കൈകാര്യം ചെയ്യുന്നതിൽ അശ്രദ്ധ കാണിക്കരുതെന്നും അദ്ദേഹം ഉൽബോധിപ്പിക്കുന്നുണ്ട്.

"നാം ഇപ്പോരം ഉപയോഗിക്കുന്ന തരത്തിലുള്ള ചരിത്രപരമായ രചനയുടെ കർക്കശനിയമങ്ങളുമായി അവ പൊരുത്തപ്പെടുന്നില്ലെങ്കിലും ശാസ്ത്രജ്ഞൻമാർ ഇനിയും അന്വേഷിച്ചു തീർച്ചപ്പെടുത്തേണ്ട ഒരു പ്രത്യേകാർത്ഥത്തിൽ അവ ചരിത്രത്തിൻെറ ഇനത്തിൽപ്പെട്ടവയാണ്." ഈ അധ്യായങ്ങരം യഥാർത്ഥത്തിൽ സംഭവിച്ച വസ്തുതകരം നമ്മോടു

www.malankaralibrary.com

പ്രസ്താവിക്കുന്നു. എന്നാൽ, ഒരു പ്രസ്താവനയുടെ ആധുനികരീതിയിലല്ലെന്നുമാത്രം. ഈ പന്ത്രണ്ടാംപീയൂസ് മാർപ്പാപ്പാ തന്നെ രണ്ടു ഖണ്ഡികകൾക്കു മുൻപ് മനുഷ്യ ശരീരത്തിൻെറ പരിണാമം ഒരു യഥാർത്ഥസാധ്യതയാണെന്നു കരുതാമെന്ന് പ്രസ്താവിച്ചിട്ടുമുണ്ട്. പരിണാമവാദം ഉൽപ്പത്തിയുടെ യഥാർത്ഥനിലപാടിനു വിരുദ്ധമാണെന്നും പ്രസ്താവിച്ചിട്ടില്ല.

എന്നാൽ ഇരുപതാംനൂററാണ്ടിലെ അമേരിക്കൻരീതിയിൽ നിന്ന് അല്പം വ്യത്യസ്തമായ രീതിയിലാണ് അത് പ്രസ്താവിക്കപ്പെട്ടിരിക്കുന്നത് എന്ന അർത്ഥത്തിൽ നമുക്കതു സ്വീകരിക്കാം.

ഇവ പ്രസ്താവിച്ചതിനു കാരണമുണ്ട്. നമ്മുടെ ആദിമാതാപിതാക്കളോടുണ്ടായിരുന്ന നമ്മുടെ പിതാവിൻെറ ഔദാര്യപൂർവ്വമായ പദ്ധതി നാമിപ്പോൾ പരിഗണിക്കാൻ തുടങ്ങുകയാണ്. ആദിമാതാപിതാക്കളുണ്ടായിരുന്നുവെന്ന് നമുക്കറിയാം. എന്നാൽ, അവരുടെ പേരുകൾ ആദം എന്നും ഹവ്വായെന്നും ആണെന്നു നാം ഉറപ്പാക്കേണ്ടതില്ല. ദൈവം അവരെ അവിടുത്തെ പ്രത്യേകസ്നേഹംമൂലം സന്തോഷപൂർണ്ണമായ ഒരു അവസ്ഥയിൽ ആക്കി, ഒരു കല്പന അവർക്കു അവിടുന്നു നല്കി, അതെന്താണെന്നു സൂക്ഷ്മമായി നമുക്കറിഞ്ഞുകൂടാ, അവർ ആ കല്പന ലംഘിച്ചു, അവിടുന്ന് അവർക്കു നല്കിയത് മിക്കതും അവർക്കു നഷ്ടപ്പെട്ടു—ഇത്രയും നമുക്കറിയാം. അവർ നിമിത്തം അവ നമുക്കും നഷ്ടപ്പെട്ടു, കാരണം തങ്ങൾക്കില്ലാത്തത് പിൻതലമുറക്കാരായ നമുക്കു പകരാൻ അവർക്കു സാധിക്കയില്ലായിരുന്നു. അതിനാൽ അവിടുത്തെ പ്രസാദവരമില്ലാതെയും മററു കൂടുതലായ ദാനങ്ങളില്ലാതെയും മനുഷ്യപ്രകൃതിയുടെ അത്യാവശ്യമായവ നാം സ്വീകരിക്കുന്നു. ദൈവത്തിൻെറ പദ്ധതിയനുസരിച്ച് പ്രസാദവരത്തിൽ ജനിക്കാതിരിക്കുക എന്നതാണ് ജന്മപാപം എന്നതുകൊണ്ട് നാം വിവക്ഷിക്കുന്നത്. പ്രസാദവരം പാരമ്പര്യമായി നമുക്കു ലഭിക്കേണ്ടതായിരുന്നു. അതുണ്ടായില്ല. ജന്മപാപം പാരമ്പര്യമായി നമുക്കു ലഭിക്കുകയും ചെയ്തു എന്നുപറയാം.

www.malankaralibrary.com

ഇവിടെ ഒരു താരതമ്യം സഹായകമായേക്കും. ഒരുവൻ മാരകപാപം ചെയ്താൽ അയാളുടെ ആത്മാവ് പ്രസാദവരമില്ലാതാകുന്നു. അതിനാൽ അയാരം പാപാവസ്ഥയിലാണെന്നു നാം പറയുന്നു. എന്നാൽ, നവജാതനായ ഒരു ശിശു പാപാവസ്ഥയിലാണെന്നു നാം പ്രസ്താവിക്കുമ്പോരം ഭാഗികരീതിയിൽ അതുതന്നെ നാം പറയുന്നു, അതായത് ആ ശിശുവിൻെറ ആത്മാവിനു പ്രസാദവരമില്ല. എന്നാൽ, ഭാഗികമായി അതു വ്യത്യസ്തവുമാണ്. അതിൻെറ ദൈവപ്രസാദരാഹിത്യം അതിൻെറ തെററല്ല. അതേസമയംതന്നെ പ്രായമായ ഒരാരം മാരകപാപം ചെയ്യുമ്പോരം അയാരംക്കു പ്രസാദവരമില്ലാതാകുന്നത് അയാളുടെ തെററു നിമിത്തമാണ്.

ഉല്പത്തിപ്പുസ്തകത്തിലെ വിവരണങ്ങരം മനശ്ശാസ്ത്രപരമായി മററു ചില വസ്തുതകരം വെളിവാക്കുന്നുണ്ട്. ഒരുവനു മനുഷ്യപ്രകൃതിയുണ്ടെങ്കിലും അതിൻെറ കൂടെ മററു ദാനങ്ങളില്ലെങ്കിൽ അവൻ വിഷമതകരം അനുഭവിക്കുമെന്നു നമുക്കറിയാം. കാരണം, മനുഷ്യപ്രകൃതിയിൽ വളരെയധികം വ്യത്യസ്തമായ പ്രേരണകളും ആഗ്രഹങ്ങളുമുണ്ട്. ഓരോന്നും അതിൽതന്നെ അടിസ്ഥാനപരമായി നല്ലതുമായിരിക്കും. പക്ഷേ, പരസ്പരമുള്ള പൊരുത്തത്തിൻെറ അഭാവം പ്രശ്നങ്ങളുളവാക്കുന്നു. ഓരോ പ്രേരണയും മററുള്ള പ്രേരണകളെക്കുറിച്ചും അവയുടെ യുക്തിസഹമായ ആവശ്യങ്ങളെയും ആഗ്രഹങ്ങളെയും കുറിച്ചും യാതൊരു ചിന്തയുമില്ലാതെ അതിനിഷ്ടമുള്ളതിൻെറയും ആവശ്യമായതിൻെറയും പിന്നാലെ പോകുന്നു. ഈ പ്രേരണകളിൽ ഏററം ക്രമരഹിതമായതും ലൈംഗികപ്രേരണയാണ്. യാതൊരു ഉത്തേജനവുമില്ലാതെ അതാരംഭിച്ചേക്കാമെന്നു മാത്രമല്ലാ, അതു വളരെ ധാർഷ്ട്യവും സമ്മർദ്ദരൂപമുള്ളതും ആയിരിക്കയും ചെയ്യും.

ഈ കാര്യത്തെക്കുറിച്ച് രചനാരീതിയനുസരിച്ച് ഉല്പത്തിപ്പുസ്തകം നമ്മോടു ചിലതെല്ലാം പ്രസ്താവിക്കുന്നുണ്ട്. ആദം പാപം ചെയ്തതിനുശേഷം, "ആദമേ നീ എവിടെ?" എന്നു ദൈവം വിളിച്ചുചോദിക്കുന്നതായി ചിത്രീകരിച്ചിരിക്കുന്നു. ആദം എവിടെയെന്നു ദൈവത്തിനു

www.malankaralibrary.com

ത്തീർച്ചയായും മറിയാമായിരുന്നു. പക്ഷേ, ഒരു കാര്യം വ്യക്തമാക്കുവാനാണു ഗ്രന്ഥകാരൻ ശ്രമിക്കുന്നത്. താൻ നഗ്നനായതിനാൽ ഒളിച്ചിരിക്കയാണെന്നു ആദം മറുപടി പറഞ്ഞു. പാപത്തിനുമുൻപും ആദം നഗ്നനായിരുന്നു. എന്നാൽ, അതു അദ്ദേഹം ശ്രദ്ധിച്ചിരുന്നില്ല. പാപത്തിനു ശേഷം അദ്ദേഹം അതു ശ്രദ്ധിച്ചു. മറുതലിക്കുന്നതും ലജ്ജതോന്നിപ്പിക്കുന്നതുമായ ഭാഗം മറയ്ക്കുന്നതിനു എന്തെങ്കിലും ആവശ്യമാണെന്ന്—വേദപുസ്തകം അത്തിയിലകറം എന്നാണു പറയുന്നത്—ആദത്തിനുതോന്നി.

ലേഖിതാവ് ഉദ്ദേശിക്കുന്നതു വ്യക്തമാണ്. വീഴ്ചയ്ക്കു മുൻപ് വിവിധതരത്തിലുള്ള പ്രേരണകളെ ബുദ്ധിക്കു കീഴ്പ്പെടുത്തി പരസ്പരം പൊരുത്തപ്പെടുത്തുന്ന ഏതെങ്കിലും തരത്തിലുള്ള ദാനമുണ്ടായിരുന്നു. ലൈംഗികശക്തി അദ്ദേഹത്തിനുണ്ടായിരുന്നു, പക്ഷേ അതു അദ്ദേഹത്തിൻെറ ആഗ്രഹത്തിനു കീഴ്പെട്ടിരുന്നു. അതു നിർവഹിക്കാൻ അദ്ദേഹം ആഗ്രഹിച്ചെങ്കിൽ അതു അദ്ദേഹത്തിനു കഴിയുമായിരുന്നു, പക്ഷേ ആദം അതു ചെയ്തില്ല. ആ പ്രേരണയ്ക്കു മറുതലിക്കാൻ കഴികയില്ലായിരുന്നു. എന്നിരുന്നാലും വി. അഗസ്തീനോസ് ചൂണ്ടിക്കാട്ടുന്നതുപോലെ, "മനുഷ്യൻ തൻെറ ഉന്നതനായ യജമാനനെ (ദൈവത്തെ) തൻെറ സ്വന്തം ഇച്ഛയാൽ ഉപേക്ഷിച്ചതിനാൽ, അവനു തൻെറ താണ സേവകനെ (ശരീരത്തെ) സ്വന്തം ഇച്ഛയനുസരിച്ചു പിടിച്ചുനിറുത്തുവാൻ കഴിഞ്ഞില്ല." അതിനാൽ, അനുസരണരാഹിത്യത്തിൻെറ ശിക്ഷ അനുസരണരാഹിത്യമായിരുന്നു. മനുഷ്യൻെറ ഉന്നത പ്രകൃതിയോടുള്ള മനുഷ്യൻെറ താണ സേവകൻെറ അനുസരണരാഹിത്യം. കൂടാതെ മൃഗങ്ങളുടെയും പക്ഷികളുടെയും ലോകത്തിനു മനുഷ്യനോടുള്ള അനുസരണരാഹിത്യം. കാരണം, അതിനു മുൻപ് മനുഷ്യൻ എല്ലാ സൃഷ്ടികളുടെയും യജമാനനായിരുന്നു എന്ന് ഉല്പത്തിപ്പുസ്തകം ചിത്രീകരിക്കുന്നുണ്ട്. പക്ഷേ, ഇപ്പോറം മൃഗങ്ങറം അദ്ദേഹത്തിൽനിന്ന് ഓടിയകലുന്നു, തൻെറ നെററിയിലെ വിയർപ്പുകൊണ്ടു കഠിനമായി അധ്വാനിച്ച് അദ്ദേഹം ജീവിക്കണം. മുമ്പ് ഭൂമി ഉഴവിൻെറ

www.malankaralibrary.com

യും കിളയുടെയും ആവശ്യമില്ലാതെതന്നെ അദ്ദേഹത്തിനു ജീവിക്കുവാനാവശ്യമായവ സമൃദ്ധമായി നൽകിപ്പോന്നു.

അതു മാത്രമോ? നമ്മുടെ ആദിമാതാപിതാക്കൾക്കു സ്വാഭാവിക വികാരങ്ങളെ തമ്മിൽ പൊരുത്തപ്പെടുത്തുന്ന ഈ മഹത്തായ ദാനവും മരണരാഹിത്യമെന്ന ദാനവും നഷ്ടപ്പെട്ടു. കാരണം, അവർ പാപംചെയ്യുന്നപക്ഷം ശാരീരികവും ആധ്യാത്മികവുമായ മരണം ശിക്ഷയായി ലഭിക്കുമെന്നുള്ള ഭീഷണിയുണ്ടായിരുന്നു. ആധ്യാത്മിക മരണം കഴിഞ്ഞ അധ്യായത്തിൽ നാം കണ്ടതുപോലെ മനുഷ്യനെ ദൈവത്തിനനുരൂപനാക്കുന്ന ആത്മാവിൻെറ ജീവനായ പ്രസാദവരനഷ്ടമാണ്.

എന്തൊരു വിരോധാഭാസം! ആദവും ഹവ്വായും ദൈവത്തെ അനുസരിക്കാതിരിക്കുന്നപക്ഷം അവർ ദൈവത്തെപ്പോലെയാകുമെന്ന് പറയുന്നതായി പ്രലോഭകനെ ഉല്പത്തിപ്പുസ്തകം ചിത്രീകരിക്കുന്നു. അവരാകട്ടെ പ്രസാദവരം മുഖേന ദൈവത്തെപ്പോലെയായിരുന്നു. തങ്ങൾക്കുണ്ടായിരുന്നതു ലഭിക്കുന്നതിനുള്ള അന്വേഷണത്തിൽ അവർക്കുണ്ടായിരുന്നതുതന്നെ, അതായത് ദൈവികത്വത്തിലുള്ള തങ്ങളുടെ പങ്കാളിത്തംതന്നെ അവർ വലിച്ചെറിഞ്ഞു.

അഹന്തയിലാണ് എല്ലാ പാപങ്ങളും അടിസ്ഥാനപരമായി നിലകൊള്ളുന്നതെന്ന വസ്തുത ഉല്പത്തിപ്പുസ്തകം ബുദ്ധിപൂർവകമായി അവതരിപ്പിക്കുകയാണെന്നും നാം ഗ്രഹിക്കുന്നു. അതു ഒന്നുകൂടി സ്പഷ്ടമാക്കുന്നതിനു നമ്മുടെ വാക്കുകളിൽതന്നെ ആ കഥ ഒന്നുകൂടി ആവർത്തിക്കാം: ഹവ്വാ മാത്രം തോട്ടത്തിൽ നിൽക്കുമ്പോൾ പ്രലോഭകൻ വരുന്നു. "ഹാ! എത്രയോ നല്ല ഒരു തോട്ടം! ഇതിലെ മരങ്ങളിലെല്ലാത്തിൻെറയും ഫലം ഭക്ഷിക്കുവാൻ ദൈവം അനുവദിക്കുന്നുണ്ടോ?" പ്രലോഭകൻെറ ചോദ്യമാണിത്. ഹവ്വായുടെ മറുപടി: "ഉവ്വ്—ഓ ഒരു നിമിഷം ഓർക്കട്ടെ. ആ കാണുന്ന മരമുണ്ടല്ലോ, അതിൻെറ ഫലങ്ങൾ ഭക്ഷിച്ചാൽ ഞങ്ങൾ മരിക്കുമെന്ന്, അവിടുന്നു പറയുന്നു." പ്രലോഭകൻെറ ആശ്ചര്യസ്വരത്തിലുള്ള മറുപടി: "അതു സത്യമല്ല. എന്തുകൊണ്ടാണു നിങ്ങളതു മനസ്സിലാക്കാത്ത

www.malankaralibrary.com

ത്? അതിൻെറ ഫലം ഭക്ഷിച്ചാൽ നിങ്ങരം ദൈവങ്ങളെപ്പോലെയാകും. ദൈവം തനി സ്വാർത്ഥനാണ്. മററാരും ദൈവികനാകുക അവിടുത്തേക്കിഷ്ടമല്ല. അതു തനിക്കുവേണ്ടിമാത്രമായി സൂക്ഷിക്കുവാനാണ് അവിടുത്തെ ആഗ്രഹം.'' അപ്പോരം ഹവ്വാ വിലക്കപ്പെട്ട കനി നോക്കുന്നു. അതു വളരെ നല്ലതാണെന്നു അവരം കാണുന്നു. അവരം മനസ്സിൽ കരുതുകയാണ്. ''എല്ലാം പൊതുവേ നല്ലതാണെന്നു ദൈവത്തിനറിയാം. പക്ഷേ, ഇതു വളരെ നല്ലതാണെന്നു എനിക്കിപ്പോരം തോന്നുന്നു. അതിനാൽ ഞാൻ ഇതു തിന്നും,'' അവരം അങ്ങനെ ചെയ്തു. അങ്ങനെ ചെയ്യുന്നതിനു അവരം ഭർത്താവിനോടും ആവശ്യപ്പെട്ടു. ഭർത്താവും അതു ചെയ്തു. തന്മൂലം തങ്ങരംക്കു നേരത്തെ എന്തുണ്ടായിരുന്നോ അതു, ദൈവം അവർക്കു സമൃദ്ധമായി നൽകിയിരുന്ന ദൈവിക പ്രകൃതിയിലെ പങ്കും മററു പല ദാനങ്ങളും അവർക്കു നഷ്ടമായി. കാരണം, ദൈവത്തിനു സ്വാർത്ഥനാകാമെന്ന്, അവർക്കു നൽകാതിരിക്കാമെന്ന്, അവർ വിശ്വസിച്ചു.

നാം മുമ്പു പ്രസ്താവിച്ചിട്ടുള്ളതുപോലെ എല്ലാ പാപങ്ങളുടെയും പ്രതിച്ഛായ ഇതാണ്. ദൈവത്തിനെല്ലാം പൊതുവേ അറിയാം, പക്ഷേ വിലക്കപ്പെട്ടതു എനിക്കിപ്പോരം നല്ലതാണ്, അതിനാൽ ഞാനിതുചെയ്യുന്നു,—പാപം ചെയ്യുന്നയാരം ഫലത്തിൽ പ്രസ്താവിക്കുകയാണ്. ദൈവത്തെക്കാരം കൂടുതൽ തനിക്കറിയാമെന്നു കരുതുക, തീർച്ചയായും ഇതു അഹന്തയാണ്. നാം മുൻപുകണ്ടതുപോലെ, അവിടുന്ന് നമുക്കു വളരെ ഉദാരമായി നൽകുന്നതിനാഗ്രഹിക്കുന്നവ സ്വീകരിക്കുവാൻ നമ്മെ സജ്ജമാക്കുന്ന മാർഗ്ഗങ്ങളാണ് അവിടുത്തെ കല്പനകരം. വി. തോമസ് അക്വീനാസ് എഴുതി: ''നമ്മുടെ നന്മയ്ക്കെതിരായി നാം ചെയ്യുന്നതൊഴികെ മററൊന്നിനാലും ദൈവം ദ്രോഹിക്കപ്പെടുന്നില്ല.'' പാപം അവിടുത്തെ സ്പർശിക്കുന്നേയില്ല. അവിടുന്ന് സ്നേഹിക്കുന്നവരായ നാം സ്വയം ഉപദ്രവിക്കുന്നതിലാണ് അവിടുത്തെ അനിഷ്ടം (അതിൽതന്നെ നന്മയായിരിക്കുന്നതിനെതിരായി നാം ചെയ്യുന്നതും അവിടുത്തേക്കു

www.malankaralibrary.com

അനിഷ്ടമുളവാക്കുന്നുണ്ട്. അടുത്ത അധ്യായത്തിൽ നാം ഇതു ചർച്ചചെയ്യും).

അവിടുത്തെ വിലയേറിയ ദാനങ്ങൾ വലിച്ചെറിയാനും അവിടുത്തെ ഔദാര്യത്തെ എതിർക്കാനും നമ്മുടെ ആദിമാതാപിതാക്കൾ തുനിഞ്ഞ ആ ദുർഭഗദിനത്തിൽ നമ്മുടെ പിതാവിനു പലവിധത്തിൽ പ്രവർത്തിക്കാമായിരുന്നു. നേരത്തെ അവിടുന്ന് അവരെ ഭീഷണിപ്പെടുത്തിയിരുന്ന മരണം ഉടനടി അവർക്കു നൽകാമായിരുന്നു. അപ്പോൾ നമ്മുടെ വർഗ്ഗംതന്നെ ഇല്ലാതാകുമായിരുന്നു. കാരണം, അതുവരെ അവർക്കു പിൻഗാമികളുണ്ടായിരുന്നില്ല. വീണ്ടും മരണശിക്ഷ അവിടുത്തേക്കു നീട്ടിവയ്ക്കാമായിരുന്നു. പക്ഷേ അവരുടെ എല്ലാ പിൻഗാമികളെയും ഉൾപ്പെടുത്തിക്കൊണ്ട് അവരെ കേവലം പ്രകൃതിയുടെ തലത്തിലേക്കു അവിടുന്ന് താഴ്ത്തുകമാത്രം ചെയ്തു. അപ്പോൾ അത്ഭുതകരമായ ദൈവദർശനത്തെക്കുറിച്ചുള്ള എല്ലാ പ്രതീക്ഷയും അസ്തമിച്ചു. അവരുടെ പിൻഗാമികൾ പിന്നെ പാപമേ ചെയ്തിട്ടില്ലെന്നു കരുതുക. മാമോദീസാ സ്വീകരിക്കാതെ മരിക്കുന്ന ശിശുക്കൾക്കു ലഭിക്കുമെന്ന് ചില ദൈവശാസ്ത്രജ്ഞന്മാർ പ്രസ്താവിക്കുന്നരീതിയിലുള്ള ഏതോ സ്വാഭാവികസന്തോഷസ്ഥിതി മാത്രം ശാരീരിക മരണത്തിനുശേഷം അവർക്കു ലഭിക്കും.

പക്ഷേ, നമ്മുടെ വംശത്തെ അഭൗമികതലത്തിൽ ആക്കുന്നതിനു അവിടുന്ന് ഇച്ഛരിച്ചു. അവിടുന്ന് അങ്ങനെ ചെയ്യുകയും ചെയ്തു. വീണ്ടും അതിനും പല സാധ്യതകളുണ്ടായിരുന്നു.

ഒന്നാമതായി, യാതൊരു പരിഹാരവും കൂടാതെതന്നെ നമ്മുടെ പിതാവിനു പാപം ക്ഷമിക്കാമായിരുന്നു. ഇതു അവിടുത്തെ ഔദാര്യത്തിനു അതീതവുമല്ലായിരുന്നു. എന്നാൽ, അവിടുത്തെ സ്നേഹപൂർവകമായ ജ്ഞാനം കൂടുതൽ മെച്ചമായ, മനുഷ്യവർഗ്ഗത്തിനുകൂടുതൽ സമ്പന്നമായ മററൊരുമാർഗ്ഗം ഇഷ്ടപ്പെട്ടു. നാം ഇനി പ്രസ്താവിക്കുവാനിരിക്കുന്നതുപോലെ അതിൽതന്നെ ശരിയായിട്ടുള്ളതിനോടുള്ള അവിടുത്തെ സ്നേഹം സംതൃപ്തമാക്കുന്നതി

www.malankaralibrary.com

ന്, ഭഞ്ജിക്കപ്പെട്ട ധാർമ്മികക്രമം വീണ്ടും സമതുലിതമാക്കുന്നതിന് അവിടുന്ന് ഇഷ്ടപ്പെട്ടു.

മററൊരു സാധ്യത, അപൂർണ്ണമായ ഒരു പാപപരിഹാര മാർഗ്ഗം ഉണ്ടാക്കുകയായിരുന്നു. ഇതു നടപ്പാക്കുന്നതിന് കേവലം ഒരു മനുഷ്യനെ അവിടുന്ന് തെരഞ്ഞെടുക്കുക, എന്നിട്ട് ആ പരിഹാര പ്രവൃത്തിക്കുവേണ്ടി പരിശുദ്ധി നൽകിയിട്ട് ഒരു പക്ഷേ ഒരു മൃഗത്തെ ബലിയർപ്പിക്കുക എന്നതുപോലെ ഏതെങ്കിലും മതാത്മക ചടങ്ങ് നിർവഹിക്കാൻ നിദ്ദേശിക്കുക എന്നതായിരുന്നു.

മൂന്നാമത്തെ സാധ്യത: യഥാർത്ഥത്തിൽ സംഭവിച്ചതിൽ നിന്നെല്ലാം വ്യത്യസ്ത രീതിയിൽ തന്റെ പുത്രനായ ദൈവ ആളിനെ അയയ്ക്കുകയായിരുന്നു. അന്നത്തെ സാങ്കേതിക വിദ്യയ്ക്കു സ്വപ്നം കാണാവുന്ന സകല നിലയിലും ആഡംബരങ്ങൾ നിറഞ്ഞ ഒരു കൊട്ടാരത്തിൽ ജനിക്കുവാൻ അവിടുത്തേക്കു തന്റെ പുത്രനെ അയയ്ക്കാമായിരുന്നു. ആ പുത്രൻ മരിക്കേണ്ട ആവശ്യമില്ല, ഏതെങ്കിലും ഒരു മതാത്മകപ്രവൃത്തി ചെയ്താൽ മതിയെന്നു അവിടുത്തേക്കു തീരുമാനിക്കാമായിരുന്നു. കാരണം, ഈ ദൈവിക മനുഷ്യന്റെ ഏതു പ്രവൃത്തിയും അനേകലോകങ്ങളുടെ പാപപരിഹാരത്തിനുപരിയായവിധത്തിൽ അതിന്റെ പ്രകൃതിയിൽതന്നെ അനന്തവിലയുള്ളതാകുമായിരുന്നു. "പിതാവേ, അവരോടു ക്ഷമിക്കണമെ"—എന്ന് മൂന്നു വാക്കുകൾ മാത്രമടങ്ങിയ ഒരു പ്രാർത്ഥനകൊണ്ടുതന്നെ ആ പുത്രനു നമ്മെ വീണ്ടെടുക്കാമായിരുന്നു. പിന്നെ, എല്ലാ ജനതകളുടെയും ആശ്ചര്യഭരിതരായ പ്രതിനിധികളുടെ മുൻപിൽവച്ച് മഹത്വത്തിന്റെ പ്രഭാവലയം ഉളവാക്കി അവിടുത്തേക്ക് സ്വർഗ്ഗാരോഹണം ചെയ്യാമായിരുന്നു.

യഥാർത്ഥ നിലയിൽ നിഷ്കൃഷ്ടമായിതന്നെ ഈ മൂന്നാമത്തെ തെരഞ്ഞെടുപ്പ് അനന്തവിലയുള്ളതാകുമായിരുന്നു. എന്നാൽ അനന്തതയ്ക്കുമപ്പുറം പോകുവാൻ അവിടുന്ന് ഇച്ഛിച്ചു. ഇതു വചോവിലാസപരമായ അതിശയോക്തിയല്ല. സംഖ്യാശാസ്ത്രമനുസരിച്ച് അനന്തതയ്ക്കുമപ്പുറം ഒന്ന് എന്നതുകൂടി ചേർക്കുവാൻ സാധ്യമല്ലെന്ന

www.malankaralibrary.com

തു ശരിതന്നെ. പക്ഷേ, ഇതു സാംഖ്യാശാസ്ത്രതലത്തിന്റെ പരിധിയിൽപെട്ടതല്ല. നേരെമറിച്ച് ഇതു ഉദാരതയുടെ തലമാണ്. അതിനാൽ കൊട്ടാരത്തിനുമപ്പുറം കാലിത്തൊഴുത്തിലേക്കും മൂന്നു വാക്കുകളടങ്ങിയ പ്രാർത്ഥനയ്ക്കുമപ്പുറം കുരിശിലേക്കും പോകുന്നതിനു തന്റെ പുത്രനെ അയയ്ക്കുവാൻ അവിടുന്ന് ഇച്ഛരിച്ചു.

എന്തുകൊണ്ട്? ഇതിനുള്ള കാരണത്തിന്റെ ഒരു അംശം വി. വിൻസന്റ് ഡി. പോളിന്റെ ജീവിതശൈലിയിൽ നിന്നു നമുക്കു കാണുവാൻ കഴിയും. സാധുക്കൾക്കു ദാനധർമ്മങ്ങൾ ചെയ്തുപോന്ന തന്റെ സഹചാരികളോട്, അവർ തങ്ങളുടെ കൈവശമുള്ള സാധനങ്ങളും സഹായങ്ങളും പാവപ്പെട്ടവർക്കു നൽകുമ്പോൾ വളരെ സൂക്ഷ്മനയംതന്നെയുണ്ടായിരിക്കണമെന്നു അദ്ദേഹം പ്രസ്താവിക്കുകയുണ്ടായി. പാവപ്പെട്ടവർ ആ ദാനധർമ്മങ്ങൾ സ്വീകരിക്കുന്നതിനു സന്മനസ്സുള്ളവരാകുന്നതിനാണ് ആ നയം സ്വീകരിക്കേണ്ടത്. കാരണം, അവ സ്വീകരിക്കുമ്പോൾ പകരം നൽകുവാൻ സാധിക്കാത്ത നിലയിൽ താണവരാണ് തങ്ങളെന്ന് അവർ ചിന്തിക്കും.

ഒരുപക്ഷേ വിചിത്രമെന്നുതന്നെ തോന്നാം, മേൽ പ്രസ്താവിച്ച രീതിയിലുള്ള ഒരു മനോഭാവം തന്റെ മക്കളിൽ കാണപ്പെടുമെന്നു് പിതാവിനറിയാമായിരുന്നു. കുരിശിന്റെ വി. യോഹന്നാന്റെയും അവിലായിലെ വി. ത്രേസ്യായുടെയും വാക്കുകൾ ഈ സന്ദർഭത്തിൽ നാം സ്മരിക്കുക. "തനിക്കു നല്കാവുന്ന ആത്മാക്കളെ കണ്ടെത്തിയാൽ, നൽകുകയെന്നതിലുപരി മറെറാന്നും ദൈവം ആഗ്രഹിക്കുന്നില്ല." തന്റെ ഔദാര്യം നിരസിക്കാത്തിടത്തോളം ആളുകൾക്കു ഉത്തേജനം നൽകുന്നതിനുവേണ്ടി ഏതെങ്കിലും സൃഷ്ടിയുടെ കാടു കയറിയ ഭാവനയെക്കാളുപരിയായ നിലയിൽ ഒരു സമുദ്ധാരണത്തിനു അവിടുന്നു പദ്ധതി തയാറാക്കി. അവിടുത്തെ പുത്രൻ അരുളിച്ചെയ്യുകയുണ്ടായി: "ഞാൻ ഭൂമിയിൽ നിന്നു് ഉയർത്തപ്പെടുമ്പോൾ എല്ലാ മനുഷ്യരെയും എന്റെ പക്കലേക്കു ആകർഷിക്കും".

(യോഹന്നാൻ 12: 32)

www.malankaralibrary.com

അതിനാൽ അവിടുന്നു തൻെറ ഏകജാതനായ പുത്രനെ ഒഴിവാക്കാതിരിക്കുകമാത്രമല്ലാ, നിത്യ പുരോഹിതനായി അയയ്ക്കുകയും ചെയ്തു. അതാകട്ടെ, അനന്തവിലയുള്ള തെങ്കിലും നിസ്സാരമായ ഒരു മതാത്മകപ്രവൃത്തിമാത്രം നിർവഹിക്കാനായിരുന്നില്ല. നേരെമറിച്ചു്, മരണംവരെ അനുസരണമുള്ളവനായിരിക്കുവാൻ അതേ കുരിശുമരണ ത്തോളം അനുസരണമുള്ളവനായിരിക്കുവാൻ അങ്ങനെ ആ പുത്രൻ തൻെറ സഹോദരങ്ങളുടെ പ്രതിബന്ധമുള്ള ഹൃദ യങ്ങളെ മയപ്പെടുത്തുവാൻ അവിടുന്നു തൻെറ ഏകജാതനെ അയച്ചു.

എന്നാൽ ഇതിലുപരിയായ മറെറാരു കാര്യംകൂടിയു ണ്ടു്. അതു അനന്തതയ്ക്കുമപ്പുറമാണെങ്കിൽ പോലും ഏതെങ്കിലും വിധം ആ സമുദ്ധാരണം സമ്പന്നമാക്കുവാൻ എന്തെങ്കിലും കൂട്ടിച്ചേർക്കാനൊക്കുമെങ്കിൽ, അതിൽ കുറ ഞ്ഞതുകൊണ്ടു് നമ്മുടെ പിതാവ് സംതൃപ്തനാകുകയില്ലാ യിരുന്നെന്നു തോന്നുന്നു. മനുഷ്യൻെറ മരണത്തിലെത്തിയ അനുസരണരാഹിത്യത്തിൻെറ വീഴ്ചയിൽ രണ്ടു പേർ ഉൾ പ്പെട്ടിരുന്നു. നമ്മുടെ ശിരസ്സായ ആദാമിനു ആ വീഴ്ച യിൽ ഒരു സഹായിയുമുണ്ടായുരുന്നു, ഹവ്വാ. അവൾ ജീവ നുള്ളവരുടെ മാതാവാകേണ്ടിയിരിക്കുന്നു. പക്ഷേ, തൻെറ പിൻഗാമികളാകാനുള്ള മക്കളുടെയെല്ലാം ആത്മാവിൻെറ ജീവൻ നഷ്ടപ്പെടുത്തുവാൻ അവളും പങ്കാളിനിയായി.

അതിനാൽ സമുദ്ധാരണം വളരെ കൂടുതൽ സമൃദ്ധ മാകേണ്ടതിനു് (റോമ: 5. 15-21) രണ്ടു പേരുണ്ടാകേണ്ടി യിരുന്നു: നിത്യപുരോഹിതനും പുതിയ ആദവുമായ കിസ്തുവും സഭാപിതാക്കന്മാർ ഏകകണ്ഠമായി പുതിയ ഹവ്വായെന്നു വിളിക്കുന്ന പരിശുദ്ധ കന്യകമറിയവും. ഇതെങ്ങനെ സംഭവിച്ചുവെന്നു് നാം പിന്നീടു കാണും. തൽക്കാലം പന്ത്രണ്ടാം പീയൂസ് മാർപ്പാപ്പായുടെ ഈ വാക്കുകൾ മതിയാവും. "നമ്മുടെ രക്ഷ യേശുക്രിസ്തു വിൻെറ സ്നേഹത്തിൽ നിന്നും കഷ്ടാനുഭവങ്ങളിൽനി ന്നും ഉൽഭവിച്ചു. അവ അവിടുത്തെ മാതാവിൻെറ സ്നേ ഹവും ദുഃഖങ്ങളുമായി ഗാഢപൂർവ്വം ഐക്യപ്പെട്ടിരുന്നു."

www.malankaralibrary.com

അല്ലെങ്കിൽ രണ്ടാം വത്തിക്കാൻ സൂനഹദോസ് പ്രസ്താവിച്ചതുപോലെ "അവിടുന്നു് കുരിശിൽ കിടന്നു മരിച്ചപ്പോൾ അവിടുത്തെ പീഡകളോടു് അവൾ സ്വയം യോജിപ്പിച്ചു. ഇങ്ങനെ ആത്മാക്കൾക്കു അതിസ്വാഭാവികജീവൻ പ്രാപിച്ചുകൊടുക്കുവാനുള്ള രക്ഷകൻെറ ദൗത്യത്തിൽ അവൾ തൻെറ അനുസരണം, വിശ്വാസം, ശരണം, ഉജ്ജ്വലത്തായ ഉപവി എന്നിവവഴി തികച്ചും അനിതരസാധാരണമായ രീതിയിൽ സഹകരിച്ചു." ഇപ്രകാരം അവൾ ആദ്യത്തെ ഹവ്വാ മുഖേന മരണത്തിനധീനരായവരുടെ മാതാവായിത്തീർന്നവരുടെ നാശം വിപരീതനിലയിലാക്കി. രണ്ടാം വത്തിക്കാൻ സൂനഹദോസ് ആ രേഖയിൽ തുടർന്നു പറയുന്നപ്രകാരം "ഈ കാരണത്താൽ (മഹത്തായ ബലിയിലെ അവളുടെ പങ്കാളിത്തം നിമിത്തം) ....കൃപയുടെ തലത്തിൽ അവൾ നമ്മുടെ മാതാവാണു്." അതായതു് ദൈവസ്വഭാവത്തിൽ പങ്കാളികളായി എന്നേക്കും ജീവിക്കുന്നവരുടെ യഥാർത്ഥ മാതാവ്.

ദൈവം നമ്മുടെ പിതാവാണു്. എന്നിരുന്നാലും അവിടുത്തേക്കു ഒരു പിതാവിൻെറ സ്നേഹത്തിൻെറ ശക്തി മാത്രമല്ലാ ഉള്ളതു്. പ്രത്യുത, ഒരു സന്താനത്തിൻെറ നാശമോ, ശിക്ഷയോ സാധ്യമെങ്കിൽ എന്തു സഹിച്ചും ഒഴിപ്പിക്കുവാൻ ശ്രമിക്കുന്ന ഒരു മാതാവിൻെറ നിർബന്ധസ്വഭാവവും അവിടുത്തേക്കുണ്ടു്. തന്നെ മാതാവ് എന്നു് അവിടുന്നു സ്വയം വിളിക്കുന്നില്ല. എങ്കിലും യേശയ്യാ പ്രവാചകൻ മുഖേന അവിടുന്നു അങ്ങനെ പ്രസ്താവിക്കുന്നുണ്ടു്. "മുല കുടിക്കുന്ന കുഞ്ഞിനെ അമ്മയ്ക്കു മറക്കാനാവുമോ? പുത്രനോടു പെററമ്മ കരുണ കാണിക്കാതിരിക്കുമോ? അവൾ മറന്നാലും ഞാൻ നിന്നെ മറക്കുകയില്ല. ഇതാ, ഞാൻ നിന്നെ എൻെറ ഉള്ളം കൈയിൽ രേഖപ്പെടുത്തിയിരിക്കുന്നു." (യേശയ്യാ 49: 15)—ആണികളുടെ അടയാളങ്ങൾ വഴി. മറിയത്തെ അവളുടെ പുത്രൻെറ സഹോദരങ്ങളാക്കുകവഴി, അവളെ ഏററം അത്ഭുതകരയാക്കിത്തീർത്ത അവിടുന്നു ഈ മാതൃസഹജമായ സ്നേഹത്തിൻെറ നിർബന്ധബുദ്ധി തന്നിൽത്തന്നെ വെളിപ്പെടുത്തുകയാണു്.

www.malankaralibrary.com

വി. മത്തായിയുടെ സുവിശേഷം 23: 37-ൽ യേശു ഒരു പിടകോഴിയോടു സ്വയം സാദൃശ്യപ്പെടുത്തുന്നു: "ജറൂസലേം, ജറൂസലേം, പ്രവാചകൻമാരെ വഹിക്കുകയും നിൻെറ പക്കലേക്കു അയയ്ക്കപ്പെടുന്നവരെ കല്ലെറിയുകയും ചെയ്യുന്നവളേ, പിടക്കോഴി കുഞ്ഞുങ്ങളെ ചിറകുകൾക്കുള്ളിൽ കാത്തുകൊള്ളുന്നതുപോലെ, നിൻെറ മക്കളെ ഒരുമിച്ചു കൂട്ടുവാൻ ഞാൻ എത്രയോ പ്രാവശ്യം ആഗ്രഹിച്ചു; പക്ഷേ, നീ സമ്മതിച്ചില്ല." ഈ വാക്യം മനോഹരമായ രീതിയിൽ വി. അഗസ്തീനോസ് ഇങ്ങനെ ഭാഷ്യപ്പെടുത്തുന്നു.

"തൻെറ കുഞ്ഞുങ്ങളോടൊപ്പം ഒരു പിടക്കോഴി എത്രമാത്രം ബലഹീനയാണെന്നു സഹോദരന്മാരെ, കാണുക. മറെറാരു പക്ഷിയും (ഇത്രയെളുപ്പം) ഒരമ്മയായി അംഗീകരിക്കപ്പെട്ടിട്ടില്ല. പല വിധത്തിലുള്ള കുരുവികളും കൂടുണ്ടാക്കുന്നതു് നാം നമ്മുടെ മുൻപിൽ കണ്ടിട്ടുണ്ടു്. മീവൽ പക്ഷികളും കൊക്കുകളും പ്രാവുകളും കൂടുണ്ടാക്കുന്നതു് ഓരോ ദിവസവും നാം കാണുന്നു. പക്ഷേ, ഇവ കൂട്ടിലല്ലാത്തപ്പോൾ ഇവ മാതാക്കളാണെന്നു നാം അറിയുന്നില്ല. എന്നാൽ, പിടക്കോഴിയാകട്ടെ, കുഞ്ഞുങ്ങളോടൊപ്പം സ്വയം ബലഹീനയാകുന്നു. അവർ അവളെ പിൻതുടരാത്തപ്പോഴും അതിൻെറ കുഞ്ഞുങ്ങളെ നിങ്ങൾ കാണുന്നില്ലെങ്കിലും അവൾ ഒരു തള്ളയാണെന്നു നിങ്ങൾക്കറിയാം".

www.malankaralibrary.com

# അധ്യായം 4

ശക്ʼതിയുടെയും മഹത്വത്തിൻെറയും ദൈവമായ കർത്താവ്, പരിശുദ്ʼധൻ, പരിശുദ്ʼധൻ, പരിശുദ്ʼധൻ.

നമ്മുടെ സമുദ്ʼധാരണം എങ്ങനെയാണു സാധിക്കുക എന്നതിനെക്കുറിച്ചുള്ള തെരഞ്ഞെടുപ്പുകൾ അഥവാ മാർഗ്ഗങ്ങൾ പരിഗണിച്ചപ്പോൾ, നമുക്കേററം സമ്പന്നമായിത്തീരുന്ന ഒന്നു്, യോഗ്യതയിൽ വാച്യാർത്ʼഥത്തിൽത്തന്നെ അനന്തതയ്ക്കുമപ്പുറം പോകുന്ന ഒന്നു്, നമ്മുടെ പിതാവു് തെരഞ്ഞെടുത്തു. അവിടംവരെ പോകുന്നതിനു അവിടുത്തേക്കു കാരണമായതു് നമ്മോടുള്ള സ്ʼനേഹമാണു്. എന്നാൽ മുമ്പു് അല്പമായി മാത്രം നാം പരാമർശിച്ച ഒരു തലം കൂടി ഇതിനുണ്ടു്. ഇന്നു് വിസ്മരിക്കപ്പെട്ടിരിക്കുന്ന ഒന്നു് അഥവാ കൃത്യമായി പറഞ്ഞാൽ ദൈവശാസ്ത്രജ്ʼഞൻമാരാൽ അവഗണിക്കപ്പെട്ട ഒരു കാര്യം. അതാകട്ടെ, നന്മയുടെയും പരിശുദ്ʼധിയുടെയും വസ്ʼതുനിഷ്ഠമായ ക്രമത്തെക്കുറിച്ചുള്ള അവിടുത്തെ ചിന്തയാണു്. നാമതു അവഗണിക്കുകയാണെങ്കിൽ നമ്മുടെ പിതാവിൻെറ മാർഗ്ഗങ്ങളെക്കുറിച്ചു ശരിയായ ഒരു ധാരണ നമുക്കുണ്ടാകുകയില്ല. കാരണം, ഒരേ സമയം തന്നെ അവിടുന്നു രണ്ടുലക്ഷ്യങ്ങളും ഉദ്ദേശിക്കുന്നു—നമ്മോടുള്ള സ്ʼനേഹവും നന്മയോടുള്ള വസ്ʼതുനിഷ്ഠമായ സ്ʼനേഹവും. മനുഷ്യരായ നാം അവിടുത്തെ ഉദാരമായ പദ്ʼധതികൾക്കു തടസ്സമുണ്ടാക്കുമ്പോഴല്ലാതെ, ഇവ തമ്മിൽ യാതൊരു വിരുദ്ʼധതയുമില്ല.

ശരിയായരീതിയിൽ ക്രമത്തിൻെറ, പരിശുദ്ʼധിയുടെ, ഈ സ്ʼനേഹം നാം ഗ്രഹിക്കുക സുപ്രധാനമായ ഒരു കാര്യമാണ്. അവിടുത്തോടു നാം ചെയ്ʼത തെററിനു് അവിടുന്നു് കേവലമായ പരിഹാരം ആവശ്യപ്പെട്ടില്ല എന്നു നാം അർത്ʼഥമാക്കുന്നില്ല; അവിടുത്തേക്കു അതു ശരിയായ രീതിയിൽ ചെയ്യാമായിരുന്നു. നാം ആരോടു തെററു ചെയ്ʼതുവോ ആ ആൾ അനന്തനാകയാൽ തെററും അനന്തമായ ഒന്നാ

www.malankaralibrary.com

യിരുന്നെന്നും നാം ഗ്രഹിക്കേണ്ടതുണ്ടു്. എല്ലാ യുഗങ്ങളിലുമായി മനുഷ്യവർഗ്ഗം ചെയ്തു കൂട്ടിയ പാപങ്ങളുടെ ആകെത്തുക നാമിവിടെ വിസ്മരിക്കുന്നുമില്ല. എന്നിരുന്നാലും, പരിഹാരചിന്തയ്ക്കെതിരായി ഉന്നയിക്കുന്ന ഒരു തടസ്സവാദമുണ്ട്. നമുക്കെതിരായുള്ള തെററുകൾക്കു മനുഷ്യരായ നാം പലപ്പോഴും പരിഹാരം ആവശ്യപ്പെടുന്നില്ല. അതിനാൽ തടസ്സവാദം ഇങ്ങനെയാണ്: നല്ല മനുഷ്യർ പലപ്പോഴും ചെയ്യുന്നതുപോലെ പരിഹാരം വേണ്ടെന്നു ദൈവത്തിനു വയ്ക്കരുതായിരുന്നോ? ഈ തടസ്സവാദമാകട്ടെ, ദൈവത്തിൻെറ അനന്തതയും സൃഷ്ടിയും സ്രഷ്ടാവും തമ്മിലുള്ള അപരിമേയമായ വിദൂരതയും അതിലും പ്രധാനമായി അവയിൽതന്നെ നന്മയോടും പരിശുദ്ധിയോടുമുള്ള അവിടുത്തെ സ്നേഹവും വിസ്മരിക്കുന്നു.

വസ്തുനിഷ്ഠാത്മകമായ ക്രമത്തോടുള്ള അവിടുത്തെ ഔത്സുക്യത്തെക്കുറിച്ച് നാം പറയുമ്പോൾ അതിൽത്തന്നെ ശരിയായ പരിശുദ്ധിയോടുള്ള അവിടുത്തെ ഔത്സുക്യമാണ് നാമുദ്ദേശിക്കുന്നത്. ചിലർ അവിടുത്തെക്കുറിച്ച് തെററായ രീതിയിൽ പ്രസ്താവിക്കുന്നുണ്ട്. അതാകട്ടെ, ദൈവം തൻെറ മഹിമയ്ക്കെതിരായ പാപത്തിന് പരിഹാരമാവശ്യപ്പെടുന്ന കാര്യത്തിലാണ്. അവിടുത്തെ പരിശുദ്ധി ആവശ്യപ്പെടുന്ന അവിടുത്തെ നിസ്വാർത്ഥമായ ഇച്ഛയ്ക്കെതിര് പറയുക അവർക്ക് സാധ്യമല്ല. കാരണം, ധാർമ്മികതയെന്നത് അപ്രകാരമുള്ളതാണ്.

വേദപുസ്തകം രചിക്കപ്പെട്ട കാലത്തെ ജനങ്ങൾക്ക് തങ്ങളുടെ ഹൃദയത്തിൽ ചൂഴ്ന്നിറങ്ങുന്ന ഒന്നായിരുന്നു വേദപുസ്തകം വ്യക്തമാക്കിയ ദൈവത്തിൻെറ ചിത്രം. റോമിലെയും ഗ്രീസിലെയും ജനതകളുടെ സാഹിത്യകൃതികളിൽ തങ്ങളുടെ ദൈവങ്ങൾ ധർമ്മച്യുതിയുള്ളവരായി ചിത്രീകരിക്കപ്പെട്ടിരുന്നു. അതായത്, ധാർമ്മികതയെന്ന ഒന്ന് ഇല്ലെന്ന വിധത്തിൽ തന്നെ അവർ പ്രവർത്തിച്ചിരുന്നതായിട്ടാണ് ചിത്രീകരണം. പാപമെന്ന് നാം പറയുന്നത് അവർ ജീവിതത്തിൽ ചെയ്തുപോന്നു. സേയൂസ് അനേകപ്രാവശ്യം മനുഷ്യസ്ത്രീകളുമായി വ്യഭിചരിച്ചിട്ടുണ്ട്. അയാളു

www.malankaralibrary.com

ടെ ഭാര്യ ഹേരാ അയാളെ നിരീക്ഷിച്ച് പിൻചെന്നില്ലായിരുന്നെങ്കിൽ അതു കൂടുതൽ പ്രാവശ്യം സംഭവിച്ചേനെ. പക്ഷേ, അവളുടെ തടസ്സവാദമാകട്ടെ, സാന്മാർഗ്ഗികതയെ സംബന്ധിച്ചല്ലായിരുന്നു. ധാർമ്മികനിയമം അവരംക്കജ്ഞാതമായിരുന്നു. അസൂയാലുവായ ഒരു ഭാര്യയായിരുന്നു അവരം. കൂടാതെ ദൈവങ്ങരം തന്നെ തങ്ങളുടെ ജീവിതത്തിൽ ചെയ്തത് മനുഷ്യരുടെ ജീവിതത്തിൽ അവർ പൂർണ്ണമായി അവഗണിച്ചു. സ്ത്രീകളും പുരുഷന്മാരും വ്യഭിചരിക്കുകയോ, കള്ളംപറയുകയോ, മോഷ്ടിക്കുകയോ, കൊലപാതകം ചെയ്യുകയോ ചെയ്താൽ ആ ദൈവങ്ങരം അത് അവഗണിച്ചിരുന്നു. ഉവ്വ്, കൊലപാതകം ഇഷ്ടപ്പെടാതെ അതു ചെയ്തവനെ ഭ്രാന്തനാക്കുന്ന ഫ്യൂറിസ് എന്ന പേരിൽ അറിയപ്പെട്ടിരുന്ന താണനിലയിലുള്ള ദൈവങ്ങളുണ്ടായിരുന്നു. എന്നാൽ, വലിയ ദൈവങ്ങളാകട്ടെ, കൊലപാതകങ്ങളോ മററു വലിയ പാപങ്ങളോ ശ്രദ്ധിക്കാത്തവരായി. തങ്ങരംക്കു ലഭിക്കേണ്ട ബഹുമാനം അവർ നിർബന്ധപൂർവമാക്കിയിരുന്നു. ധാർമ്മികതയിലെ ചില ഒററതിരിഞ്ഞ കാര്യങ്ങരം, പ്രധാനമായി നാടിനോടും വീടിനോടും അതിഥികളോടും ശരിയായ ആചാരമര്യാദകരം അനുഷ്ഠിക്കാത്തവരോട്, സേയൂസിനോട് അപേക്ഷിക്കാത്തവരോട്, അയാരം പ്രതികാരം ചെയ്തിരുന്നു. മററ് കാര്യങ്ങളൊന്നും ഈ ദൈവങ്ങരം പരിഗണിച്ചില്ല.

ഇവയ്ക്കു നേരെ വിപരീതമായി, പഴയനിയമത്തിൽ കാണുന്ന ദൈവം സാദിക്, അതായത് ധാർമ്മികമായി ഉത്തമനായിരുന്നു. അവിടുന്ന് സങ്കീർത്തകൻ ആലപിക്കുന്നതുപോലെ നീതിമാനാണ്. "കർത്താവ് നീതിമാനാണ്, അവിടുന്ന് നീതിയുക്തമായ പ്രവൃത്തികരം ഇഷ്ടപ്പെടുന്നു" (സങ്കീർ. 11:7)

വേദപുസ്തകം മുഴുവനിലും പരമപരിപൂർണ്ണമായ ഈ പരിശുദ്ധിയുടെ ഭാവം കാണാം. ഉല്പത്തിപ്പുസ്തകം 15-ാം അദ്ധ്യായം 16-ാം വാക്യത്തിൽ വളരെ ശ്രദ്ധേയമായ ഒരു പ്രസ്താവം നാം കാണുന്നു. എണ്ണമെടുക്കാൻ കഴിയാത്തവിധമുള്ള സന്താനപരമ്പരയെക്കുറിച്ചുള്ള അവിടുത്തെ വാഗ്ദാനം അബ്രാം വിശ്വസിച്ചു. "അത് അവിടു

www.malankaralibrary.com

ന്ന് നീതീകരണമായി കണക്കാക്കി (ഉല്പ. 15:6). ആ നിർണ്ണായകദിനത്തിൽതന്നെ വളരെ നിഗൂഢരീതിയിലുള്ള ഒരു ബലിക്കുവേണ്ടി ക്രമീകരണങ്ങളിലേർപ്പെടാൻ ദൈവം ആവശ്യപ്പെട്ടു. സൂര്യൻ അസ്തമിക്കുകയായിരുന്നു. അബ്രാം ഒരു ഗാഢനിദ്രയിലാണ്ടു. അപ്പോൾ ദൈവം അബ്രാമിനോട് അവൻെറ സന്തതികൾ കാനാൻദേശം അവകാശമാക്കുമെന്ന് അരുളിച്ചെയ്തു. അതുടനെ ഉണ്ടാകുകയില്ലെന്നും അവിടുന്ന് കൂട്ടിച്ചേർത്തു. ആദ്യം അവർ മററൊരു നാട്ടിൽ, ഈജിപ്തിൽ, നാനൂറു വർഷത്തേക്ക് ദാസ്യവേലചെയ്യും. ഉല്പത്തി 15-ാം അദ്ധ്യായം 16-ാം വാക്യമാണല്ലോ വളരെ ശ്രദ്ധേയമെന്ന് മുൻപ് പ്രസ്താവിച്ചത്. "നാലാം തലമുറയിൽ അവർ ഇങ്ങോട്ട് തിരിച്ചുപോരും. എന്തെന്നാൽ ആമോര്യരുടെ ദുഷ്ടത ഇനിയും പൂർത്തിയായിട്ടില്ല". പിന്നീട് നിയമാവർത്തനം ഒൻപതാം അദ്ധ്യായം നാലും അഞ്ചും വാക്യങ്ങളിൽ ഇസ്രായേൽ ഭൂമി കൈവശപ്പെടുത്തുന്നത് അവരുടെ നീതിനിമിത്തമല്ലാ, പ്രത്യുത, ആ ദേശത്തെ ജനതകളുടെ ദുഷ്ടതനിമിത്തം അവരെ പുറത്താക്കിയതിനാലാണെന്നു നാം വായിക്കുന്നു.

ഇവിടെ ശ്രദ്ധേയമായ ഒരു ചിന്താവിഷയമുണ്ട്. ദൈവത്തിനിഷ്ടമുള്ള സമയം ആർക്കെങ്കിലും ഭൂമി നൽകുവാൻ അവിടുത്തേക്കു പാടില്ലയോ? അവിടുന്നാണു പരിപൂർണ്ണനായ ഉടമസ്ഥൻ. "അവകാശങ്ങൾ" എന്നു നാം പറയുന്നതു യഥാർത്ഥത്തിൽ നമുക്കുണ്ടായിരിക്കാനോ, നാം ചെയ്യാനോ അവിടുന്നു ഇച്ഛിക്കുന്ന കാര്യങ്ങൾക്കു അർത്ഥിയായിരിക്കുക മാത്രമാണ്. എന്നാൽ അവിടുത്തെ പരിശുദ്ധി എല്ലാ കാര്യങ്ങളിലും ശരിയായ ക്രമം പാലിക്കുവാനാഗ്രഹിക്കുന്നതായി നാം കാണുന്നു. അതിനാൽ അമോര്യരുടെ ദുഷ്ടത പൂർണ്ണമാകുന്നതുവരെ അവിടുന്നു അവരെ പുറത്താക്കിയിട്ടില്ല.

ഇവിടെ നമ്മുടെ പിതാവ് ധാർമ്മികക്രമം പാലിക്കുക മാത്രമല്ലായിരുന്നു, ഒരു ജനതയെ അവർ അതർഹിക്കുന്നതുവരെ നശിപ്പിക്കാതിരിക്കണമെന്നു കരുതി പരമാവധി ക്ഷമാപൂർവകമായ കാത്തിരിപ്പ് കാണിക്കുകയുമായിരുന്നു.

www.malankaralibrary.com

വേദപുസ്തകത്തിലുള്ള മററു പല സംഭവങ്ങളിലും അവയിൽ തന്നെ ശരിയായതിനു വേണ്ടിയുള്ള ചിന്താഗതി കൂടുതൽ നാടകീയമായ രീതിയിൽ വിവരിച്ചിട്ടുണ്ട്. ഉല്പത്തിപ്പുസ്തകം പന്ത്രണ്ടാമദ്ധ്യായം നോക്കുക. ദൈവകല്പനയനുസരിച്ച് ആദ്യം കാനാൻ നാട്ടിൽ പ്രവേശിച്ചശേഷം അബ്രാം ഈജിപ്തിലേക്കു യാത്ര തുടർന്നു. കാരണം, കാനാനിൽ അന്ന് ക്ഷാമമായിരുന്നു. ഈജിപ്തിന്റെ സമീപമെത്തിയപ്പോഠം അബ്രാം ഭാര്യയായ സാറായോടു പ്രസ്താവിച്ചു, ഈജിപ്തുകാർ അവളെ ഫറവോയുടെ പക്കലേക്കു കൊണ്ടുപോകുമെന്നും അവഠം തന്റെ ഭാര്യയായതിനാൽ താൻ വധിക്കപ്പെടുമെന്നു ഭയമുണ്ടെന്നും, അതിനാൽ അവഠം തന്റെ സഹോദരിയാണെന്നു പറയാമെന്ന് അവർ തീരുമാനത്തിലെത്തി. സാങ്കേതികമായി ആ നാമം സത്യമായിരുന്നു. കാരണം,ഹീബ്രൂപദമായ അഹോത്ത് അകന്നബന്ധുവിനു പോലും ചേരുന്ന ഒന്നായിരുന്നു.

പ്രതീക്ഷിച്ചതുപോലെതന്നെ സാറായിയെ ഫറഓന്റെ ആഠംക്കാർ അയാളുടെ പക്കലെത്തിച്ചു. രാജകീയ ദാനങ്ങഠം പോലും അബ്രാമിന് ലഭിച്ചു. ഉല്പത്തിപ്പുസ്തകം 12-ാം അദ്ധ്യായം 17-ാം വാക്യം നോക്കുക. "പക്ഷേ, അബ്രാമിന്റെ ഭാര്യയായ സാറായിയെപ്രതി കർത്താവ് ഫറഓയെയും കുടുംബത്തെയും കഠിനമായി പീഡിപ്പിച്ചു". നാമിങ്ങനെ പറഞ്ഞേക്കാം. "ഫറഓ നല്ല വിശ്വാസത്തിലായിരുന്നു. അതിൽത്തന്നെ തെററായ എന്തെങ്കിലുമാണ് താൻ ചെയ്യുന്നതെന്ന് ഫറഓ അറിഞ്ഞിരുന്നില്ല". പക്ഷേ, വസ്തുനിഷ്ഠമായ ധാർമ്മികക്രമത്തോടുള്ള സ്നേഹവും തന്റെ പരിശുദ്ധിയും നിമിത്തം കാര്യങ്ങഠം തിരുത്തുവാൻ അവിടുന്ന് ആഗ്രഹിച്ചു; അതിനാൽ ഫറഓയെ അവിടുന്നു ശിക്ഷിച്ചു. അസന്തുഷ്ടനായ ആ ഭരണാധികാരി സത്യമറിഞ്ഞപ്പോഠം അബ്രാമിനെ വിളിച്ച് എന്തുകൊണ്ട് സത്യം പറഞ്ഞില്ലായെന്നു ചോദിക്കുകയും അവരെ രാജ്യത്തുനിന്ന് ബഹിഷ്ക്കരിക്കുകയും ചെയ്തു.

ഇതുനിമിത്തം, ഒരു മനുഷ്യൻ മനഃപൂർവ്വമല്ലാതെ ഏതെങ്കിലും ദൈവകല്പന ലംഘിച്ചാൽ അർപ്പിക്കേണ്ട ബലി

www.malankaralibrary.com

കളുടെ നിയമങ്ങൾ ലേവ്യർ നാലാമദ്ധ്യായത്തിൽ വിശദമായി പ്രതിപാദിക്കുന്നുണ്ട്. അറിഞ്ഞുകൊണ്ട് ചെയ്യുന്ന പാപങ്ങളെക്കാൾ വളരെ കുറവായിരുന്നു ഇപ്രകാരമുള്ള നിയമലംഘനങ്ങൾ. അവ അടിസ്ഥാനപരമായി വ്യത്യസ്തയിനത്തിൽപ്പെട്ടവയായിരുന്നു. എന്നിരുന്നാലും അതിൽ തന്നെ ശരിയായതിനോട് ദൈവത്തിന്റെ പരിശുദ്ധിയുടെ ഔത്സുക്യം നല്ല വിശ്വാസത്തിൽ ചെയ്തുപോയ പാപങ്ങൾക്കുപോലും പരിഹാരംവേണമെന്ന് നിഷ്ക്കർഷിച്ചിരുന്നു. ധാർമ്മികക്രമം വീണ്ടും സമതുലിതമാക്കേണ്ടിയിരുന്നു.

അപ്പോൾ പാപത്തെക്കുറിച്ചുള്ള ചിന്ത കടമെന്ന ചിന്തയായിത്തീർന്നു. പഴയനിയമത്തിന്റെ പുരാതന ഗ്രീക്കു പരിഭാഷയായ സെപ്തജിന്തിൽ പാപം ക്ഷമിക്കുന്നു എന്ന ക്രിയാപദത്തിനു അഫിയേമി എന്നാണ് ഉപയോഗിക്കുന്നതു്. അതേസമയം തന്നെ ആ പദത്തിന് കടം വീട്ടുക എന്ന അർത്ഥവുമുണ്ടു്. ഹീബ്രു പദമായ് ഹോബാഗ് (അരമായ പദം ഹോബാ) കടമെന്ന അർത്ഥത്തിൽ പഴയ നിയമഗ്രന്ഥരചനയുടെ അവസാന കാലഘട്ടത്തിനുശേഷവും പുതിയ നിയമഗ്രന്ഥം രചിക്കപ്പെടുന്നതിനു മുമ്പും യഹൂദൻമാർ തങ്ങളുടെ ഗ്രന്ഥങ്ങളിൽ രേഖപ്പെടുത്തിയിട്ടുള്ളതു് ഇക്കാര്യം സ്പഷ്ടമായി വ്യക്തമാക്കുന്നുണ്ടു്.

കടമെന്ന രീതിയിലുള്ള ഈ ചിന്ത പുതിയ നിയമത്തിൽ സുസ്പഷ്ടമാവിധം അനേക പ്രാവശ്യം കാണപ്പെടുന്നില്ല. പക്ഷേ, അവ കാണപ്പെടുന്ന ഭാഗങ്ങൾ വളരെ അർത്ഥവത്തായവയാണു്. സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ എന്ന പ്രാർത്ഥനയിൽ യേശുതന്നെ ഇങ്ങനെ പ്രാർത്ഥിക്കുവാൻ നമ്മെ പഠിപ്പിച്ചു. "ഞങ്ങളുടെ കടങ്ങൾ ഞങ്ങളോടു ക്ഷമിക്കണമെ." ഗ്രീക്കു ഭാഷയിലെ ഒഫെയ്ലമാത്താ എന്ന പദത്തിന്റെ ശരിയായ പരിഭാഷയാണിതു്.

അതുപോലെ, യേശു വീണ്ടെടുപ്പിന്റെ "വില" (1 കോറി. 6. 30, 7: 23) നൽകുന്നതായി വി. പൗലോസ് പ്രസ്താവിക്കുന്നു, കോളോസോസ്കാർക്കു് വി. പൗലോ-

www.malankaralibrary.com

ണല്ലു് എഴുതിയതു് മരിച്ചവരിൽ നിന്നു് ക്രിസ്തുവിനെ ഉയിർത്തെഴുന്നേല്പിച്ച ദൈവം നിങ്ങളെ അവനോടുകൂടി ജീവിപ്പിക്കുകയും നമ്മുടെ എല്ലാ പാപങ്ങളും ക്ഷമിക്കുകയും ചെയ്തു, നമ്മുടെ ദോഷകരമായിനിന്ന ലിഖിത നിയമങ്ങളെ അവൻ മായിച്ചുകളയുകയും അവയെ കുരിശിൽ തറച്ചു നിഷ്കാസനം ചെയ്യുകയും ചെയ്തു.'' എന്നാണു്. അതായതു് ''വീണ്ടെടുപ്പിന്റെ'' വില നൽകിയാലെന്നവണ്ണമായിരുന്നു അതു്. അതുപോലെ ഗലാത്തിയാക്കാർക്കു് അദ്ദേഹമെഴുതി: ''നിയമത്തിന്റെ ശാപത്തിൽനിന്ന് ക്രിസ്തു നമ്മെ വിലയ്ക്കു വാങ്ങി'' (ഗലാ 3: 13)

വി. പൗലോസ് പഠിച്ച റബ്ബികളുടെ ദൈവശാസ്ത്രം ഈ ആശയം തുലാസിന്റെ രണ്ടു തട്ടുകളുടെ സാദൃശ്യം കൊണ്ടു വിശദമാക്കിയിരുന്നു. തനിക്ക് എടുക്കാനാവശ്യമില്ലാത്ത ഒന്നു് പാപം ചെയ്യുന്നവൻ ഒരു തട്ടിൽനിന്നെടുക്കുന്നു. അപ്പോഠം തുലാസിന്റെ സമതുലിതാവസ്ഥ നഷ്ടപ്പെടുന്നു. ദൈവത്തിന്റെ പരിശുദ്ധി ആ തുലാസ് വീണ്ടും സമതുലിതമാക്കാനാഗ്രഹിക്കുന്നു. അതിനാൽ മോഷ്ടിച്ച സാധനം പാപി ആ തട്ടിൽ ഇടണം. നിയമാനുസൃതമല്ലാത്ത ഒരു സന്തോഷമാണ് അവൻ മോഷ്ടിച്ചതെങ്കിൽ, അതിനു പകരം തനിക്കു നിയമാനുസൃതം കൈവശം വയ്ക്കാവുന്ന മറ്റേതെങ്കിലും അവൻ വേണ്ടെന്നു വയ്ക്കണം. എ. ഡി. 110-നോടടുത്തു ജനിച്ചവനും തന്നായി റബ്ബികളിൽ ഏറ്റം ശ്രേഷ്ഠനും റബ്ബി അക്കിബായുടെ ശിഷ്യനുമായിരുന്ന റബ്ബി മേയിറിനെ ഉദ്ധരിച്ചുകൊണ്ടു് റബ്ബി ശിമയോൻ ബെൻ എലയാസർ ഇപ്രകാരം എഴുതി:

''ഒരു മനുഷ്യൻ ഒരു കല്പനയനുസരിച്ചു. അവൻ അനുഗ്രഹീതനാകട്ടെ. തന്റെയും ലോകത്തിന്റെയും നന്മയ്ക്കുവേണ്ടി അവൻ തുലാസിന്റെ ഒരു തട്ടം ഉയർത്തി. ഒരു മനുഷ്യൻ ഒരു കല്പന ലംഘിച്ചു. അവനു കഷ്ടം. അവൻ ലോകത്തിന്റെയും തന്റെയും കടത്തിനുവേണ്ടി തുലാസിന്റെ ഒരു തട്ടം താഴ്ത്തി.''

www.malankaralibrary.com

നാമെല്ലാം പരസ്പരാശ്രയത്വമുള്ളവരാണെന്നു് റബ്ബി റമയിർ പഠിപ്പിക്കുന്നു. ഒരുവൻെറ പാപം എല്ലാവർക്കും ഉപദ്രവമുണ്ടാക്കുന്നു. മററുള്ളവർക്കു ദോഷമുളവാക്കാത്ത കുററമാണെങ്കിൽ പോലും അതു തുലാസിൻെറ തട്ടത്തിൽ അസുഖകരമായ ചലനം ഉളവാക്കുന്നു. ഈ താരതമ്യം ഉള്ളിൽ വച്ചുകൊണ്ടു് വി. പൗലോസ് ക്രിസ്തുവിൻെറ മൗതിക ശരീരമാകുന്ന സഭയെക്കുറിച്ചു പ്രസ്താവിക്കുന്നു: "ഒരു അവയവം വേദന അനുഭവിക്കുമ്പോൾ എല്ലാ അവയവങ്ങളും വേദന അനുഭവിക്കുന്നു."

മൗതികശരീരത്തിൻെറ ശിരസ്സായ ക്രിസ്തു തുലാസിൻെറ തട്ടുകൾക്കു സമനിലയുളവാക്കുന്നതിനു ഏററം അത്യാവശ്യവും യഥാർത്ഥത്തിൽ അനന്ത വിലയുള്ളതുമായ കാര്യം നിർവഹിച്ചു. അവിടുത്തെ കൂടാതെ അതു പൂർണ്ണമായി നിർവഹിക്കുക സാധ്യമല്ലായിരുന്നു. കാരണം, ഒരു രീതിയിൽ വീക്ഷിക്കുമ്പോൾ പാപത്തിനു അതിൽ തന്നെ അനന്തതയുണ്ടു്. ദ്രോഹിക്കപ്പെട്ട ദൈവം അനന്തനാണു്. അതിനാൽ അനന്തനായ ഒരാൾക്കു മാത്രം ശരിപ്പെടുത്തുക സാധ്യമായിട്ടുള്ള ഒരു അനന്തമായ സമതുലിതരാഹിത്യം ഉണ്ടായിരുന്നു. നാം മുമ്പു കണ്ടതുപോലെ ഒരു ദൈവിക ആളിൻെറ മനുഷ്യാവതാരം കൊണ്ടു മാത്രമേ അതു നിർവ്വഹിക്കുക സാധ്യമായിരുന്നുള്ളു.

"ദണ്ഡവിമോചനങ്ങളുടെ പ്രബോധനം" (Indulgentiarum Doctrina) എന്ന അപ്പോസ്തോലിക ലേഖനത്തിൽ പോൾ ആറാമൻ മാർപ്പാപ്പാ ഇക്കാര്യം നന്നായി വിശദമാക്കുന്നു. "ദൈവം അവിടുത്തെ അവർണ്ണനീയ ജ്ഞാനത്തിലും അനന്തമായ സ്നേഹത്തിലും ക്രമീകരിച്ച സാർവ്വത്രിക ക്രമത്തിനു ഓരോ പാപവും ഉപദ്രവമുളവാക്കുന്നു. അതിനാൽ പാപങ്ങൾ നിമിത്തമുള്ള കടങ്ങളുടെ മോചനവും പരിഹാരവും ആവശ്യമാണു്. അതാകട്ടെ, ആത്മാർത്ഥമായ ഹൃദയ മാനസാന്തരം മുഖേന ദൈവത്തോടുള്ള സഖ്യം പുനരുദ്ധരിക്കുകയും അവിടുത്തെ ജ്നാനത്തിനും നന്മയ്ക്കും എതിരായ തെററു് ഇല്ലായ്മ ചെയ്യുകയും മാത്രമല്ലാ, പ്രത്യുത പാപം നിമിത്തം ക്ഷീണിതമോ, താറു

www.malankaralibrary.com

മാറായതോ ആയ എല്ലാ നന്മകളും അവ വ്യത്തിപരമോ സാമൂഹികവുമോ, ആയിക്കൊള്ളട്ടെ, സാർവ്വത്രികക്രമമനുസരിച്ചുള്ളതോ ആയിക്കൊള്ളട്ടെ, സ്വമനസ്സാലെയുള്ള പരിഹാരം മുഖേന....ശിക്ഷകളുടെ സഹനം മുഖേന, പുനസംവിധാനം ചെയ്യേണ്ടതാണു്.

അതിനാൽ ദുഃഖരഹിതമായ തെററുകരം ഇല്ലെന്നുതന്നെ പറയാം. ഒരുവൻെറ വിശുദ്ധി മററുള്ളവരെ സഹായിക്കുന്നതുപോലെതന്നെ ഒരുവൻെറ പാപം മററുള്ളവർക്കു ദോഷമുണ്ടാക്കുന്നു. ഈ രീതിയോടു ബന്ധപ്പെട്ടതാണു് ക്രിസ്തുവിൻെറ മരണം മുഖേന നിർവഹിക്കപ്പെട്ട പാപപരിഹാരവും സാർവ്വത്രികക്രമത്തിൻെറ പുനരുദ്ധാരണവും. അവിടുന്നു ''തന്നെതന്നെ ശൂന്യനാക്കി'' ദൈവമെന്നനിലയിൽ തനിക്കുയഥാർത്ഥമായി ഉണ്ടാകാമായിരുന്ന ബഹുമാനവും സുഖങ്ങളും അവിടുന്നു് വേണ്ടെന്നുവച്ചു. കൂടാതെ അവിടുന്നു മരണംവരെ, അതേ കുരിശുമരണംവരെ അനുസരണമുള്ളവനായി തന്നെതന്നെ താഴ്ത്തി''! (ഫിലിപ്പി 2: 7—9) തുലാസിൻെറ തട്ടിൽ നിന്നു് പാപികരം തങ്ങരംക്കർഹതയില്ലാത്തതു് എടുക്കുന്നു. യേശുവാകട്ടെ അതു സമൃദ്ധമായിതന്നെ തുലാസിൻെറ തട്ടിൽ നിക്ഷേപിച്ചു.

നമ്മുടെ ശിരസ്സായ ക്രിസ്തു പീഡ അനുഭവിക്കുകയും പാപപരിഹാരം ചെയ്യുന്നതുമായ ശിരസ്സായിരിക്കുക അവിടുത്തെ അവയവങ്ങളായ നാം യാതൊന്നും ചെയ്യാതിരിക്കുകയും സുഖത്തിൻെറ ജീവിതം നയിക്കുകയും ചെയ്യുക-വിചിത്രമായ ഒന്നാണു്. അതു ശരിയല്ലെന്നു വി. പൗലോസ് പഠിപ്പിക്കുന്നു. അതിനാൽ ഇക്കാര്യത്തിൽ നാം നമ്മുടെ ശിരസ്സായ ക്രിസ്തുവിനെപോലെയാകുവാൻ വിളിക്കപ്പെട്ടിരിക്കുന്നു. വി. പൗലോസ് റോമാക്കാരോടു പ്രസ്താവിച്ചതുപോലെ നാം ക്രിസ്തുവിനോടൊന്നിച്ചു നമ്മുടെ പിതാവിൻെറ ഭവനങ്ങളുടെ കൂട്ടവകാശികളാണ്. ''അവനോടൊപ്പം ഒരിക്കൽ മഹത്വപ്പെടേണ്ടതിനു ഇപ്പോരം നാം അവനോടൊന്നിച്ചു പീഡയനുഭവിക്കുന്നെങ്കിൽ'' (റോമ. 8: 17) നാം രക്ഷിക്കപ്പെട്ടതും പരിശുദ്ധരാക്കപ്പെട്ടതും

www.malankaralibrary.com

ക്രിസ്തുവിന്റെ അവയവങ്ങളായിരിക്കുന്നിടത്തോളം മാത്ര മല്ല, പ്രത്യുത, അവനെപ്പോലെ പ്രത്യേകിച്ച് അവിടുത്തെ പാപപരിഹാരത്തിൽ അവിടുത്തെപ്പോലെയായിരിക്കുന്നതി ലാണ്.

ഈ വ്യവസ്ഥ കഠിനമായ ഒന്നാണ്; പക്ഷേ, ആശ്വാസ ദായകവുമാണ്. കാരണം വി. പൗലോസ് പ്രസ്താവിക്കു ന്നു: "നമുക്ക് വെളിപ്പെടുത്താനിരിക്കുന്ന മഹത്വത്തോട് തുലനംചെയ്യുമ്പോൾ ഇന്നത്തെ കഷ്ടതകൾ നിസ്സാരമാണെ ന്ന് ഞാൻ കരുതുന്നു" (റോമ. 8:18). അതായത് ആദ്യഘട്ട ത്തിൽ നാം എത്രമാത്രം കൂടുതൽ അവിടുത്തെപ്പോലെയാ യിരിക്കുന്നുവോ, അതായത് കഷ്ടതകളുടെ ആ ജീവിതം കുരിശിന്മേലവസാനിക്കുക, അതായത് രണ്ടാമത്തെയും അ വസാനത്തെയും ഘട്ടത്തിൽ നാം കൂടുതലായി അവിടുത്തെ പ്പോലെയായിരിക്കും—അവസാനമില്ലാത്ത മഹത്വത്തിൽ. അവിടുത്തെ പീഡകളിൽ നാം പങ്കാളികളാകുന്ന അളവിലാ യിരിക്കും അവിടുത്തെ മഹത്വത്തിൽ പങ്കാളികളാകുക. കാ രണം, കൂടുതൽ പലിശ നമുക്കപ്പോൾ കിട്ടും. വി. പൗലോ സ് നമുക്ക് ഉറപ്പ് നല്കുന്നു: "ഞങ്ങളുടെ ക്ലേശങ്ങൾ നി സ്സാരവും ക്ഷണികവുമാണ്, അവയുടെ ഫലമോ, അനുപമ മായ മഹത്വവും" (2കോറി. 4:17).

കൂടാതെ വസ്തുനിഷ്ഠാത്മകമായ ക്രമം സമതുലി തമാക്കുവാൻ ഒരവയവം തന്റെ ഭാഗം നിർവഹിക്കുകയാ ണെങ്കിൽ, മററൊരാൾക്ക് അത് നിർവഹിക്കാനാകുമെന്ന് വി. പൗലോസിനറിയാമായിരുന്നു. ആത്മാക്കളുടെ ഇടയ നെന്ന നിലയിൽ ഇത് തന്റെ ഒരു ദൗത്യമാണെന്ന് വി. പൗ ലോസ് കരുതി. "നിങ്ങളെപ്രതിയുള്ള എന്റെ പീഡക ളിൽ ഞാൻ സന്തോഷിക്കുന്നു. സഭയാകുന്ന തന്റെ ശരീര ത്തെപ്രതി ക്രിസ്തുവിന് സഹിക്കേണ്ടിവന്ന പീഡകളുടെ കുറവ് എന്റെ ശരീരത്തിൽ ഞാൻ നികത്തുന്നു" (കൊളോ. 1:24).

അജ്ഞതമൂലമുള്ളവയോ, "നല്ല ഉദ്ദേശ്യ"ത്തോടുകൂ ടിയോ ഉള്ള പാപങ്ങൾ നിസ്സാരമായി തള്ളാൻ പാടില്ലെന്നും വി. പൗലോസ് അറിഞ്ഞിരുന്നു. അതിനാൽ അദ്ദേഹം

www.malankaralibrary.com

കോറിന്തോസുകാരോട് പ്രസ്താവിച്ചു: "ഞാൻ ഏതെങ്കിലും തരത്തിൽ കുററക്കാരനാണെന്ന് എനിക്കു ബോധ്യമില്ല. എന്നാൽ അതുകൊണ്ടുമാത്രം ഞാൻ നീതീകരിക്കപ്പെട്ടു എന്നർത്ഥമില്ല" (1കോറി. 4:4). അതായത്: ഏതെങ്കിലും പാപം ഞാൻ ചെയ്തുപോയിരിക്കാം. ഈ ചിന്താഗതിയനുസരിച്ച് ഒരു പ്രമുഖ യഹൂദപണ്ഡിതനായ A. Buchler പ്രസ്താവിക്കുന്നത് "—പ്രാചീന ഭക്തർ തങ്ങൾ തലേ ദിവസം എന്തെങ്കിലും പാപം ചെയ്തുപോയിട്ടുണ്ടോയെന്ന സംശയത്തിൽ പിറേറദിവസം തങ്ങളുടെ തെററിൽനിന്ന് വിമുക്തരാകുന്നതിന് ദൈവാലയത്തിൽ ഏതെങ്കിലും സമർപ്പണവസ്തു പാപപരിഹാരത്തിന്കൊണ്ടുവന്നിരുന്നു" എന്നാണു്.

ഇന്നും വി. ജോൺ ക്രിസോസ്റ്റോമിൻെറ നാമത്തിൽ അറിയപ്പെടുന്ന ദിവ്യബലിയിൽ ലേഖനവായനയ്ക്കുമുമ്പ് ചൊല്ലുന്ന ഒരു പ്രാർത്ഥനയുണ്ടു്. "മനസ്സറിഞ്ഞും മനസ്സറിയാതെയും ഞങ്ങൾ ചെയ്തുപോയിട്ടുള്ള പാപങ്ങൾ ഞങ്ങളോട് ക്ഷമിക്കണമെ".

വി. യോഹന്നാൻ തൻെറ ഒന്നാം ലേഖനത്തിൽ പ്രസ്താവിക്കുന്നു. "ദൈവം സ്നേഹമാകുന്നു" (1യോഹ. 4:8). ആദ്യത്തെ അധ്യായത്തിൽ നാം കണ്ടതുപോലെ പരിമിതസൃഷ്ടികളായ നമുക്കും സ്നേഹമുണ്ടെന്ന് പറയാം. പക്ഷേ, ഇത് ഒരു ഭേദത ഉൾക്കൊള്ളുന്നുണ്ട്, നാമും നമ്മുടെ സ്നേഹവും. എന്നാൽ ദൈവം പരമോൽകൃഷ്ടമായി ഒന്നാണ്. അതിനാൽ അവിടുത്തേക്ക് സ്നേഹമുണ്ടായിരിക്കുകയല്ല, അവിടുന്ന് സ്നേഹമാണ്. അവിടുന്ന് അതുമായി തത്തുല്യമാക്കപ്പെട്ടിരിക്കുന്നു.

സവിശേഷമായ മറെറാരു സത്യംകൂടി ഇതിൽനിന്നു നാം കാണുന്നു. അവിടുത്തേക്ക് സ്നേഹമുണ്ടായിരിക്കുകയല്ലാ, അവിടുന്ന് സ്നേഹമാകുന്നതുപോലെതന്നെ അവിടുത്തേക്ക് നീതി, ദയ, പരിശുദ്ധി തുടങ്ങിയ മററ് ഗുണങ്ങളും ഉണ്ടായിരിക്കുകയല്ലാ, അവിടുന്നു നീതിയാണ്, അവിടുന്ന് ദയയാണ്, അവിടുന്ന് പരിശുദ്ധിയാണ്. അവിടുന്ന് പരിശുദ്ധി തന്നെയും നീതിതന്നെയും ആയിരി

www.malankaralibrary.com

ക്കുന്നതിനാൽ, പൂർണ്ണ പരിശുദ്ധിയായിരിക്കുന്നതിനു് ധാർമ്മികതയുടെ വസ്തുനിഷ്ഠമായ ക്രമം സമതുലിതമാക്കുകയെന്നതും ഇതിൽ അടങ്ങിയിരിക്കുന്നു. അതിനാൽ എന്തുകൊണ്ടാണ് അത് അവിടുന്ന് നിഷ്ക്കർഷിക്കുന്നതെന്ന് നമുക്ക് മനസ്സിലാകും.

അപ്പോഠം മററൊരു പ്രശ്നംകൂടി ആവിർഭവിക്കുന്നു. അവിടുന്ന് നീതിയും ദയയുമാണെങ്കിൽ നീതിയും ദയയും അവിടുത്തോട് തത്തുല്യമാക്കപ്പെട്ടിരിക്കയാണ്. നമ്മുടെ ദൃഷ്ടിയിലാകട്ടെ, നീതിയും ദയയും പലപ്പോഴും വ്യത്യസ്തമായിട്ടുമാത്രമല്ലാ, പരസ്പരവിരുദ്ധവുമായിട്ടാണ് കാണപ്പെടുന്നത്. നാം മുമ്പു കണ്ടതുപോലെ "അറിയാതിരിക്കുകമൂലം" നാം ദൈവത്തെ അറിയുന്നു എന്ന് ഡയനീഷ്യസ് രേഖപ്പെടുത്തിയതിൽ അത്ഭുതമില്ല.

ഒരേസമയംതന്നെ അവിടുത്തേക്ക് നീതിയും ദയയും എങ്ങനെ ആയിരിക്കുവാൻ കഴിയും എന്നത് പൂർണ്ണമായി നമുക്ക് ഗ്രഹിക്കുവാൻ കഴിയുകയില്ലെങ്കിലും അക്കാര്യം നമുക്കൊന്ന് പരിശോധിക്കാം. ഒരിക്കലും കുടിച്ച് മദ്യലഹരിക്കടിപ്പെടാത്ത ഒരു വ്യക്തി. പക്ഷേ, ശനിയാഴ്ച രാത്രി അയാഠം മദ്യലഹരിയുടെ പിടിയിലമരുന്നു. പിറേറദിവസം അതിൻെറ മററു ഫലങ്ങളും അയാഠംക്കനുഭവപ്പെടുന്നു. അയാഠംക്ക് കുററബോധമുണ്ടാകും. എന്തുകൊണ്ട്? അയാളിൽ രണ്ടു സ്വരങ്ങളെപ്പോലെയുള്ള ഒന്നുണ്ടു്. ഒരു സ്വരമാകട്ടെ, അയാളുടെ ധാർമ്മികവിശ്വാസങ്ങളുടേതാണു്. മദ്യപിച്ച് ലഹരിക്കടിപ്പെടുക വളരെ തെററായ ഒന്നാണെന്ന് അയാളോട് അത് പറയുന്നു. മറേറ സ്വരമാകട്ടെ, അയാളുടെ പ്രവൃത്തികളുടേതാണ്. മദ്യപിച്ചു ലഹരിക്കടിപ്പെടുക തെററല്ലെന്ന് അത് അയാളോട് പറയുന്നു. ഈ സംഘട്ടനം ഖേദകരമാണ്. ഇപ്രകാരമുള്ള പിരിമുറുക്കം നമ്മുടെ പ്രകൃതി ഇഷ്ടപ്പെടുന്നില്ല. ഏതെങ്കിലും ഒന്ന് മുൻപിലെത്തും. ഒന്നുകിൽ അയാളുടെ പ്രവൃത്തികഠം തൻെറ വിശ്വാസങ്ങഠംക്കനുസൃതമാകും. അല്ലെങ്കിൽ കുറേകാലത്തിനിടയിൽ ക്രമേണ അയാളുടെ വിശ്വാസങ്ങഠം അയാളുടെ പ്രവൃത്തികളുമായി യോജിക്കും. മദ്യലഹരിക്കടിപ്പെടുക തെററാ

www.malankaralibrary.com

ണെന്ന് കാണാൻ അയാൾക്ക് കഴിയാതെ വരും. അതെക്കുറിച്ച് നാം പറയുകയാണെങ്കിൽ അയാൾ മിക്കവാറും ഇപ്രകാരം പറയും: ''ഒരു മനുഷ്യന് എന്തെങ്കിലും രസംവേണ്ടേ?'' ദീർഘകാലാടിസ്ഥാനത്തിൽ അയാളുടെ മററുള്ള ധാർമ്മിക വിശ്വാസങ്ങളും താറുമാറായേക്കാം. ഇതിന്റെ പൂർണ്ണഫലമോ? മതസത്യങ്ങൾ ഉൾക്കൊള്ളാനുള്ള അയാളുടെ കഴിവ് നഷ്ടപ്പെടുകയാവും.

ഈ രീതി വളരെയധികം പുരോഗമിക്കുമ്പോൾ യഥാർത്ഥമായ ആധ്യാത്മികാന്ധകാരം അയാളെ പിടികൂടും. ക്ഷമിക്കപ്പെടുക സാധ്യമല്ലാത്ത പരിശുദ്ധാത്മാവിനെതിരായ പാപംവരെ (മത്താ. 2:32) അത് ചെന്നെത്തും. കാരണം ഈ അന്ധകാരം അനുതാപം അസാധ്യമാക്കിത്തീർക്കുന്നു. ഒരാൾ പാപത്തെക്കുറിച്ച് അനുതപിക്കുമ്പോൾ അയാൾ പുറകോട്ടു നോക്കി സ്വയം പറയുന്നു: ''ഞാൻ അത് ചെയ്യരുതായിരുന്നു. അത് ചെയ്യാതിരുന്നെങ്കിൽ എന്ന് ഞാൻ ചിന്തിക്കുന്നു. ഇനിയും അതു ചെയ്യുവാൻ ഞാൻ ഉദ്ദേശിക്കുന്നില്ല''. പക്ഷേ, പാപബോധത്തെക്കുറിച്ചുള്ള കാഴ്ചയില്ലായ്മ അതു കാണുന്നതിൽനിന്ന് അയാളെ തടയുന്നു. അതിനാൽ അത് അനുതാപത്തെ തടഞ്ഞുനിർത്തുന്നു. അതിനാൽ പാപം ഒരിക്കലും ക്ഷമിക്കപ്പെടാൻ വയ്യാതാവുന്നു.

തിൻമയുടെ ഗോവണി കയറുന്തോറും അയാൾക്ക് പാപബോധമില്ലാതാകുന്നു. ഈ പാപബോധമില്ലായ്മയെക്കുറിച്ച് പന്ത്രണ്ടാം പീയൂസ് മാർപ്പാപ്പായും ജോൺ പോൾ രണ്ടാമൻ മാർപ്പാപ്പായും പലപ്രാവശ്യം ദുഃഖപൂർവ്വം പ്രസ്താവിച്ചിട്ടുണ്ട്. പാപം ദൈവത്തിനെതിരായ, അവിടുത്തെ പരിശുദ്ധിക്കെതിരായ കുററമാണെന്നത് കാണാൻ ആളുകൾക്ക് കഴിയാതെ വരുന്നത് എത്രയോ സങ്കടകരമാണ്. പാപം ദൈവത്തെ സ്പർശിക്കുകയില്ല, പക്ഷേ, അവിടുന്നു സ്നേഹിക്കുന്നവരെ, അവിടുത്തെ മക്കളെ അത് ഉപദ്രവിക്കും. കൂടാതെ അവിടുന്നു സ്നേഹിക്കുന്ന വസ്തുനിഷ്ഠമായ പരിശുദ്ധിയുടെ ക്രമം അത് തെററിക്കും.

കാര്യങ്ങൾ ഇപ്പോൾ അല്പംകൂടി സ്പഷ്ടമാകുന്നു. ദൈവവുമായുള്ള നമ്മുടെ ബന്ധത്തിൽ രണ്ട് ധ്രുവങ്ങളു

www.malankaralibrary.com

ങ്ങളെന്ന് ആമുഖത്തിൽ നാം പ്രസ്താവിച്ചിട്ടുണ്ട്. ഒന്നാമത്തേത് സ്നേഹത്തിന്റേതായ, അടുപ്പത്തിന്റേതായ, സ്നേഹോഷ്മളതയുടേതായ ധ്രുവം. രണ്ടാമത്തേതു്, അത്ഭുതം, ആദരം, അവിടുത്തെ മഹിമയുടെ സാന്നിധ്യത്തെക്കുറിച്ചുള്ള അവബോധം—ഇവയുടേതാണ്. ഒന്നാമത്തേതാകട്ടെ, ദൈവം നമ്മുടെ പിതാവാണ്, നമ്മുടെ സമുദ്ധാരണ പദ്ധതിക്കായി, എല്ലാം നമുക്ക് ഏററം സമ്പന്നമാക്കാനുള്ള ആഗ്രഹത്തിൽ, വാച്യാർത്ഥത്തിൽതന്നെ അനന്തതയ്ക്കുമപ്പുറം പോയതിനോട് ബന്ധപ്പെട്ടിരിക്കുന്നു. മറേറതാകട്ടെ അവിടുന്നാകുന്ന കേവലമായ പരിശുദ്ധി, നിമിത്തം വസ്തുനിഷ്ഠമായ ധാർമ്മികക്രമത്തിന്റെ തുലാസിലെ തട്ടങ്ങളെ സമതുലിതാവസ്ഥയിലാക്കുന്ന പരിശുദ്ധി പ്രതിഫലിപ്പിക്കുന്നു.

എന്നിരുന്നാലും രണ്ടു ദൈവങ്ങളില്ല. ഒരു ദൈവം മാത്രമേയുള്ളു. ഒരേസമയംതന്നെ സ്നേഹവും പരിശുദ്ധിയുമാകുന്ന ദൈവം. അവിടുന്നിൽ ഇവ വ്യത്യസ്തങ്ങളല്ല. നേരെ മറിച്ച് അവ രണ്ടും പൂർണ്ണമായി തത്തുല്യമാക്കപ്പെട്ടതാണ്.

www.malankaralibrary.com

## അധ്യായം 5

# സീനായിലെ ഉടമ്പടി

"അവിടുത്തെ പദ്ധതി എന്താണു്? എന്റെ പിതാവിന്റെ ഹൃദയത്തിലെന്താണുള്ളതു്? അവിടുത്തെ പരിശുദ്ധമായ മനസ്സിൽ എന്തു പദ്ധതിയാണു് അവിടുന്നു എനിക്കു ഒരുക്കിയിരിക്കുന്നതു്? വിരിക്കപ്പെട്ട ഒരു വല അതു ഒരു ശത്രുവിന്റെ വലയാണു്" ഈ വാക്കുകൾ ഒരു മെസപ്പൊട്ടോമിയൻ ഗീതത്തിന്റെ ഭാഗമാണു്. എൻലിൻ എന്ന പേരിലുള്ള ഒരു ദൈവത്തിനു് മെസപ്പൊട്ടോമിയായിലെ ഏറ്റം ശക്തനായിരുന്ന ദൈവത്തിനു ആലപിച്ച ഗീതത്തിന്റെ ഭാഗം, ഇതു് ഒരു കാര്യം വ്യക്തമാക്കുന്നു: പ്രാചീനർ തങ്ങളുടെ ദൈവങ്ങളെ ഭയപ്പെട്ടിരുന്നെന്നുമാത്രമല്ലാ യഥാർത്ഥത്തിൽ അവിശ്വസിക്കുകയും ചെയ്തിരുന്നു. ദൈവങ്ങൾ അവർക്കെതിരായി വല ഇടുകയോ, കെണി വയ്ക്കുകയോ ചെയ്യും.

പുരാതന കാലത്തെ ഹെബ്രായർ ഒരിക്കലും ദൈവത്തെക്കുറിച്ചു് ഇപ്രകാരമുള്ള അവിശ്വാസം പ്രകടിപ്പിച്ചിട്ടില്ല. എന്നാൽ പ്രവാചകനായിരുന്ന യേശയ്യാ മുഖേന ദൈവം അരുളിച്ചെയ്തു: "ആകാശം ഭൂമിയെക്കാൾ ഉയർന്നു നിൽക്കുന്നു. അതുപോലെ എന്റെ വഴികളും ചിന്തകളും നിങ്ങളുടേതിനേക്കാൾ ഉന്നതമത്രെ". സന്ദർഭമനുസരിച്ചുനോക്കുമ്പോൾ, ദൈവം തന്റെ ദയയിൽ വിശ്വസിക്കുന്നതിനു അവിടുത്തെ ആളുകളെ പ്രോത്സാഹിപ്പിക്കുകയായിരുന്നു, എന്നാൽ, വിശാല വീക്ഷണത്തിൽ, അവിടുന്നു അവരെക്കാൾ ഉന്നതനാണെന്നും അവിടുത്തെ വഴികൾ പൂർണ്ണമായി ഗ്രഹിക്കുക സാധ്യമല്ലെന്നും അവർ അറിയാമായിരുന്നു. മെസപ്പൊട്ടോമിയൻ ഗീതത്തിൽ കണ്ടതുപോലുള്ള ചിന്താരീതി ആളുകൾക്കിടയിൽ തീരെ ഇല്ലാതിരുന്നുമില്ല. ഹെബ്രായർ ദൈവത്തെ ഒരു പിതാവിനോടു് സാമ്യപ്പെടുത്തിയിരുന്നുവെന്നതു ശരിതന്നെ. "അബ്രഹാം ഞങ്ങളെ അറിയുന്നില്ലെങ്കിലും ഇസ്രായേൽ ഞങ്ങളെ അംഗീകരിക്കുന്നില്ലെ

www.malankaralibrary.com

കിലും അങ്ങാണ് ഞങ്ങളുടെ പിതാവ്. കർത്താവേ, അങ്ങ് തന്നെയാണു ഞങ്ങളുടെ പിതാവ്. ഞങ്ങളുടെ വിമോചകൻ എന്നാണ് പണ്ടു മുതലേ അങ്ങയുടെ നാമം'' (യേശയ്യാ 63: 16)

എന്നിട്ടും മനുഷ്യർ പൂർണ്ണമായി തന്നെ കാണുന്നതിനു താൻ അവരെ മനസ്സിലാക്കുകയും സ്നേഹിക്കുകയും ചെയ്തുവെന്ന നിത്യസത്യം അവർ കാണുന്നതിനു മനുഷ്യാവതാരത്തിൽ അവിടുന്നു എടുത്തതുപോലെയുള്ള ഒരു മാനുഷിക ഹൃദയം ദൈവം അതുവരെ എടുത്തിരുന്നില്ല. എന്നാൽ ഒരു പിതാവിനെപ്പോലെ അവിടുന്നു അവരോടു പറയും: നിങ്ങൾ ഇതു ചെയ്താൽ ഞാൻ അതു ചെയ്യും!! അപ്പോൾ അവിടുന്നു എങ്ങനെ പ്രവർത്തിക്കുമെന്നു് അവർക്കുറപ്പുണ്ടാകും.

സൂക്ഷ്മാവലോകനത്തിൽ പഴയ ഉടമ്പടിയുടെ കാരണം അവിടുത്തെ ഈ പരിശുദ്ധി, ഈ സ്നേഹം, ആണ്. അവിശ്വസിക്കുവാനുള്ള അവരുടെ പ്രവണതയ്ക്കു അവിടുന്നു ഒരു ചികിത്സ നൽകി.

ശക്തിയേറിയ അടയാളങ്ങളോടെ മോശ ഹെബ്രായരെ ചെങ്കടൽ കടത്തിയിട്ട് ഇടിമുഴക്കവും ഇടിമിന്നലും കാഹളശബ്ദവും ഒത്തുചേർന്ന നിലയിൽ സീനായ് പർവ്വതത്തിന്റെ താഴ്വാരത്തിൽ കൊണ്ടുചെന്നാക്കി. അതിനുശേഷം ഘനമേറിയ മേഘങ്ങളിൽ കൂടി ദൈവം ഇപ്രകാരം സംസാരിക്കുന്നതു മോശ കേട്ടു. “അതുകൊണ്ടു് നിങ്ങൾ എന്റെ വാക്ക് കേൾക്കുകയും എന്റെ ഉടമ്പടി പാലിക്കുകയും ചെയ്യുന്നപക്ഷം നിങ്ങൾ എല്ലാ ജനങ്ങളിലും വച്ചു് എനിക്കു ഏററം പ്രിയപ്പെട്ട എന്റെ സ്വന്ത ജനമായിരിക്കും. (പുറപ്പാട് 19; 8) മററു വാക്കുകളിൽ പറഞ്ഞാൽ അവർ എന്തു ചെയ്യണമെന്നു് ഉടമ്പടി നിയമത്തിൽ അവിടുന്നു അവരോടു സ്പഷ്ടമായി പ്രസ്താവിച്ചു. അവർ അതു നിവർത്തിക്കുന്നപക്ഷം അവർ അവിടുത്തെ പ്രത്യേക ജനത എന്ന നിലയിൽ അവിടുത്തെ പ്രത്യേക പ്രീതി നേടും.

ചില വ്യാഖ്യാതാക്കൾ ഈ വാക്കുകളിൽ കാണുന്നതു് ഇപ്രകാരമാണു്. സർവ്വശക്തൻ തന്റെ അടിമകളുടെമേൽ

www.malankaralibrary.com

കല്പനകൾ കെട്ടിയേൽപ്പിക്കുകയാണു്. അവിടുത്തെ ഇഷ്ടം നിർവഹിച്ചാലും അവർക്കു യാതൊരു അവകാശവുമില്ല. ഈ വ്യാഖ്യാതാക്കൾ പറയുന്നതുപോലെയല്ലാ ദൈവം പ്രസ്താവിച്ചതു്. ഫലത്തിൽ അവിടുന്നു് ഇപ്രകാരം പറയുകയായിരുന്നു: "നിങ്ങൾ ഇതു ചെയ്യുന്നെങ്കിൽ ഞാൻ അപ്രകാരം ചെയ്യും. എൻെറ കൽപന നിങ്ങൾ പാലിക്കുന്നപക്ഷം നിങ്ങൾക്കു എൻെറ പ്രത്യേക പ്രീതി ലഭിക്കും" ഈ വ്യാഖ്യാതാക്കൾ മറന്നുപോയ ഒരു കാര്യമുണ്ടു്. ദൈവം ഒരിക്കൽ പറഞ്ഞാൽ അതു അവിടുത്തേക്കു പാലിക്കേണ്ടതുണ്ട്. സാങ്കേതികമായി സൃഷ്ടികളോട് കടപ്പാടില്ലെങ്കിലും അവിടുന്നു ചെയ്ത ഉടമ്പടിപാലിക്കേണ്ടതുണ്ടു്. അതിനാൽ, ദൈവം തൻെറ മേൽതന്നെ ഒരു കടപ്പാടു ചുമത്തുകയാണു്.

ദൈവനിവേശിതരായിരുന്ന പഴയനിയമഗ്രന്ഥത്തിൻെറ രചയിതാക്കൾ ഈ സാഹചര്യം നന്നായി ഗ്രഹിച്ചിരുന്നു. ദൈവത്തിനു തൻെറ ജനങ്ങളോടുള്ള ബന്ധം വിവാഹവേളയിൽ രണ്ടു വ്യക്തികൾ സ്വീകരിക്കുന്ന കടമകളോടും അവകാശങ്ങളോടും പ്രവാചകന്മാർ പലപ്പോഴും സാമ്യപ്പെടുത്തിയിട്ടുണ്ടു്. ഈ ഉടമ്പടിയെക്കുറിച്ചുതന്നെ ഹോസിയാ മുഖേന അവിടുന്നു പ്രസ്താവിച്ചു: അന്നു് നീ എന്നെ എൻെറ പ്രിയതമൻ എന്നു വിളിക്കും. എൻെറ ബാൽ എന്നു നീ മേലിൽ വിളിക്കുകയില്ല....എന്നേക്കുമായി ഞാൻ നിന്നെ പരിഗ്രഹിക്കും. (ഹോസിയാ 2: 16—19) അതുപോലെ ജെറമിയാപ്രവാചകൻ മുഖേന: "നീ ജറുസലേമിൽ ചെന്നു വിളിച്ചു പറയുക, കർത്താവ് അരുളിച്ചെയ്യുന്നു. നിൻെറ യൗവ്വനത്തിലെ വിശ്വസ്തതയും വധുവിനടുത്ത സ്നേഹവും ഞാൻ ഓർമ്മിക്കുന്നു." (ജെറമിയാ 2: 2) നിയമാവർത്തനഗ്രന്ഥത്തിലെ 26-ാം അധ്യായം 17-18 വാക്യങ്ങളിലെ ശൈലി വളരെ ശക്തമായതിനാൽ അവ പദാനുപദം പരിഭാഷപ്പെടുത്തുവാൻ ആധുനികപരിഭാഷകർ ധൈര്യപ്പെടുന്നില്ല. ഹീബ്രുഭാഷയിലുള്ള വേദപുസ്തകത്തിൽ ഇങ്ങനെ കാണുന്നു: "ഇന്നു് കർത്താവു് നിങ്ങൾക്കു ഒരു ദൈവമായിരിക്കുമെന്നു പറയുവാൻ നിങ്ങൾ കർത്താവിനു കാരണമുണ്ടാക്കി.......ഇന്നു നിങ്ങൾ

www.malankaralibrary.com

തനിക്കൊരു ജനത, ഒരു പ്രത്യേക കൈവശമായിരിക്കുമെന്നും ..........നിങ്ങരം അവിടുത്തെ എല്ലാ കല്പനകളും പാലിക്കുമെന്നും നിങ്ങരം പറയുവാൻ കർത്താവു കാരണമുണ്ടാക്കി.'' വ്യക്തമായി പറയുവാൻ നാം മടിക്കണം. എങ്കിലും ഉടമ്പടിയിൽ ദൈവം തൻെറ ജനതയുടെ തലത്തിലേക്കിറങ്ങിയെന്നു പറയാമെന്നു തോന്നുന്നു. കാരണം, ഒരേ ശൈലിയാണ് രണ്ടിടത്തും ഉപയോഗിച്ചിരുന്നതു്. അവിടുന്നു് ഉടമ്പടിയുമായി തന്നെതന്നെ ബന്ധിച്ചുവെന്നു സ്പഷ്ടമാണു്.

വി. പൗലോസു് ഈ വസ്തുത സ്പഷ്ടമായി ഗ്രഹിച്ചിരുന്നു. ഗലാത്യർക്കുള്ള ലേഖനം മൂന്നാമധ്യായം 16—18 വാക്യങ്ങളിൽ അദ്ദേഹം പ്രയാസകരമായ ഒരു പ്രശ്നം കാണുന്നു.

''വാഗ്ദാനങ്ങരം ലഭിച്ചതു് അബ്രഹാത്തിനും അവൻെറ സന്തതിക്കുമായിട്ടാണ്, പലരെ ഉദ്ദേശിച്ചു് സന്തതികരംക്കു് എന്നു് അതിൽ പറഞ്ഞിട്ടില്ല, പ്രത്യുത ഒരുവനെ ഉദ്ദേശിച്ച് നിൻെറ സന്തതി എന്നാണ് പറഞ്ഞിരിക്കുന്നതു്. അതു ക്രിസ്തുവിനെ ഉദ്ദേശിച്ചാണു്. ഞാൻ പറയുന്നത് ഇതാണ്. നാനൂററിമുപ്പതു വർഷങ്ങരംക്കുശേഷം നിലവിൽ വന്ന നിയമം ദൈവം പണ്ടുതന്നെ സ്ഥിരീകരിച്ച ഉടമ്പടിയെ, വാഗ്ദാനത്തെ, നീക്കിക്കളയത്തക്കവിധം അസാധുവാക്കുകയില്ല. എന്തെന്നാൽ, പാരമ്പര്യാവകാശം നിയമത്തിൽ നിന്നാണു ലഭിക്കുന്നതെങ്കിൽ, അത് ഒരിക്കലും വാഗ്ദാനത്തിൽ നിന്നായിരിക്കയില്ല, എന്നാൽ ദൈവം അബ്രഹാത്തിനു അതു നൽകിയത് വാഗ്ദാനം വഴിയാണു്.

ഈ വിഷമപ്രശ്നത്തെ പിൻചെല്ലുവാൻ രണ്ടു കാര്യങ്ങരം തമ്മിൽ ഇടയുന്നതായി വി. പൗലോസ് ചിന്തിക്കുന്നതായി നാം കാണേണ്ടതുണ്ട്. 1) യാതൊരു വ്യവസ്ഥകളും ഉരംപ്പെടുത്താതെയാണ് ദൈവം ഒരു വാഗ്ദാനം നൽകിയത്. പക്ഷേ (2) 430 വത്സരങ്ങരംക്കുശേഷം ദൈവം ഒരുടമ്പടി ചെയ്തു. വി. പൗലോസ് അതിനെ നിയമമെന്നു വിളിക്കുന്നു. ആ ഉടമ്പടിയിൽ, യാതൊരു വ്യവസ്ഥയും വയ്ക്കാതെ നൽകിയ വാഗ്ദാനം ദൈവം ആ നിയമത്തിലുരംപ്പെ

www.malankaralibrary.com

ടുത്തി. അതിനാൽ വി. പൗലോസ് ചോദിക്കുന്നു: നിയമമനുസരിക്കണമെന്നതിനാൽ ആ വ്യവസ്ഥ മൂലം ദൈവം അവിടുത്തെ വാഗ്ദാനത്തിൽ നിന്നു പുറകോട്ടു പോയോ ഉത്തരം നമ്മെ വിഷമിപ്പിക്കേണ്ടതില്ല. നാം മനസ്സിരുത്തേണ്ടത് വി. പൗലോസ് സീനായെ കാണുന്നത് ബന്ധിപ്പിക്കുന്ന ഒരു ക്രമീകരണമായിട്ടാണ്. ആ ക്രമീകരണത്തിൽ ദൈവജനം ഒരു വ്യവസ്ഥ പൂർത്തിയാക്കേണ്ടതുണ്ട്. അങ്ങനെയാകുമ്പോൾ അവർക്കു എന്തെങ്കിലും ലഭിക്കും. പക്ഷെ, വ്യവസ്ഥയൊന്നുമില്ലാതെതന്നെ ദൈവം തന്നെ തന്നെ അബ്രഹാവുമായി ബന്ധിച്ചിരുന്നു. 430 സംവത്സരങ്ങൾക്കു ശേഷവും ദൈവം തന്നെ തന്നെ ബന്ധിപ്പിച്ചു എന്നതു സ്പഷ്ടമാണ്. അങ്ങനെ അവിടുന്നു ചെയ്തില്ലെങ്കിൽ ഈ രണ്ടു സംഭവങ്ങളും സമാന്തരമായി കാണപ്പെടുകയില്ലായിരുന്നു. അപ്പോൾ വി. പൗലോസ് യാതൊരു പ്രശ്നവും അതിൽ കാണുകയുമില്ലായിരുന്നു.

എന്തുകൊണ്ടാണ് ദൈവം ഈ ഉടമ്പടി ചെയ്ത കാരണമെന്നത് ഈ സന്ദർഭത്തിൽ നാം ആഴത്തിൽ പരിഗണിക്കേണ്ടതുണ്ട്. രണ്ടാമതായി, ചെയ്തുകഴിഞ്ഞ ഉടമ്പടിക്കുശേഷം അതുനിമിത്തം അവിടുന്ന് അനുഗ്രഹങ്ങൾ നൽകുന്നതിൻെറ കാരണവും.

എന്തുകൊണ്ടാണ് അവിടുന്ന് ഒരുടമ്പടി ചെയ്തത്? ഒററ ഉത്തരം മാത്രമേയുള്ളു. എല്ലാ മനുഷ്യരുടെയും നന്മ ആഗ്രഹിക്കുന്ന ഉദാരമായ നൻമ, അതോടൊന്നിച്ച് ശരിയായ ക്രമത്തോടുള്ള അവിടുത്തെ സ്നേഹവും.

ഉടമ്പടി കഴിഞ്ഞ്, നാം വീണ്ടും അറിയാനാഗ്രഹിക്കുന്നു. അതിൻെറ അനുഷ്ഠാനത്തിൻ കീഴിൽ എന്തുകൊണ്ട് അവിടുന്നു അനുഗ്രഹങ്ങൾ നൽകുന്നു? ഇക്കാര്യത്തിൽ രണ്ടു തലങ്ങൾ നാം കാണുന്നു; അടിസ്ഥാനപരമായ ഒരു തലവും അടിസ്ഥാനപരമല്ലാത്ത സാമാന്യതലവും. അടിസ്ഥാനതലത്തിൽ, ദൈവത്തിൻെറ ഭാഗത്തുനിന്നുള്ള നൻമ മാത്രമാണ് അനുഗ്രഹങ്ങൾ ചൊരിയാനുള്ള കാരണം. ഒരു സൃഷ്ടിക്കും തൻെറ സ്വന്ത ശക്തിമൂലം ദൈവത്തിൻെറ മേൽ ഒരു അവകാശം ഉളവാക്കുക സാധ്യമല്ല.

www.malankaralibrary.com

എന്നാൽ സാമാന്യതലത്തിലാകട്ടെ, അവിടുന്ന് തന്റെ അടിസ്ഥാനോദ്ദേശ്യങ്ങൾ നിർവഹിക്കുന്നതായി നാം കാണുന്നു. ഒരു വ്യവസ്ഥ വയ്ക്കുമ്പോൾ നൽകുന്നതിനും സ്വീകരിക്കുന്നതിനുമുള്ള കൈവശാവകാശങ്ങൾ ലഭിക്കും. നല്ല ക്രമത്തോടുള്ള അവിടുത്തെ സ്നേഹം ഇതു ഇഷ്ടപ്പെടുന്നു. അതേ സമയം തന്നെ, വ്യവസ്ഥ അഥവാ നിയമം മനുഷ്യരുടെ നൻമയ്ക്കുപകാരപ്രദവുമാണ്. കാരണം, നമ്മുടെ പിതാവ് ഉദാരമായി നമുക്കു നൽകുവാനാഗ്രഹിക്കുന്നവ സ്വീകരിക്കുവാൻ നമ്മെ പ്രാപ്തരാക്കുന്നതിനായി നമ്മുടെ ഹൃദയങ്ങൾ തുറക്കുന്നതിനു ഉടമ്പടി നിയമങ്ങൾ ആവശ്യപ്പെടുന്നു. എന്തെന്നാൽ, നാം മുമ്പു കണ്ടതുപോലെ നിയമങ്ങൾ അവിടുത്തെ പ്രയോജനത്തിനുവേണ്ടിയല്ലാ, നമ്മുടെ പ്രയോജനത്തിനുവേണ്ടിയാണ്.

ആശ്രിതരെ, ഭൃത്യരെ സംബന്ധിച്ച് പുരാതനകാലത്ത് ഉടമ്പടികൾ നിലവിലിരുന്നു. അവ ഹിററയിററ് ആശ്രിത ഉടമ്പടികൾ എന്നറിയപ്പെടുന്നു. അവയുടെ മാതൃകയിലുള്ള ഭാഷയാണ് സീനായ് ഉടമ്പടിയിലുള്ളതെന്ന് ചിലർ കരുതുന്നുണ്ട്. ആശ്ചര്യകരമായ ഒരു കാര്യം ആ പഴയ ഉടമ്പടികളിൽ കാണാം. ആശ്രിതന്റെ അഥവാ ദാസന്റെ അഥവാ ഭൃത്യന്റെ പക്കൽ നിന്നും അവ കല്പനരൂപേണ സ്നേഹം ആവശ്യപ്പെടുന്നു. നമ്മുടെ ചോദ്യം: കല്പനരൂപേണ എങ്ങനെ സ്നേഹം ആവശ്യപ്പെടാം? പക്ഷേ, യേശുവും അപ്രകാരമാണ് പ്രവർത്തിച്ചത്. ഫരിസേയരിലെ ഒരു നിയമജ്ഞൻ യേശുവിനെ കുടുക്കിലാക്കാൻ മുൻപോട്ടുവന്നു ചോദിച്ചു. "ഗുരോ, നിയമത്തിലെ സുപ്രധാന കല്പന ഏതാണ്?" (മത്താ. 22, 37–40) ഷേമായിലെ ഉദാത്തമായ പദങ്ങളുപയോഗിച്ച് യേശു മറുപടി നല്കി. "നിങ്ങളുടെ ദൈവമായ കർത്താവിനെ പൂർണ്ണഹൃദയത്തോടും പൂർണ്ണാത്മാവോടും പൂർണ്ണശക്തിയോടും കൂടെ സ്നേഹിക്കണം." (നിയമാവർത്തനം 6: 5) അയൽക്കാരനെ സ്നേഹിക്കണമെന്ന രണ്ടാമത്തെ കല്പന നല്കിയശേഷം അവിടുന്നരുളിച്ചെയ്തു: "ഈ രണ്ടു കല്പനകളിൽ സമസ്തനിയമങ്ങളും (ഉടമ്പടിനിയമങ്ങൾ) പ്രവാചകൻമാരും ഉൾക്കൊണ്ടിരിക്കുന്നു."

www.malankaralibrary.com

സ്നേഹം ഒരു വികാരമാണെന്ന് അനേകർ ചിന്തിക്കുന്നുണ്ടെന്നതാണ് മൂലപ്രശ്നം. "സ്നേഹമുണ്ടാക്കുക" എന്നതു ചിലർ ലൈംഗികതയുമായി തുല്യമാക്കുന്നു. എന്നാൽ, സ്നേഹത്തിനു വികാരത്തെക്കാരം കൂടുതൽ ഉറപ്പും നിലനില്പുമുണ്ട്. കാരണം, വിവാഹത്തിൽ ജീവിതാവസാനംവരെയുള്ള അർപ്പണബോധത്തിൻെറ അടിസ്ഥാനം സ്നേഹമാണ്. എന്നാൽ, അതു വികാരങ്ങളെ ആശ്രയിച്ചല്ല നിലകൊള്ളുന്നത്. കൂടാതെ നാം നമ്മുടെ അയൽക്കാരനെ സ്നേഹിക്കണമെന്ന് ക്രിസ്തു ആവശ്യപ്പെടുന്നു. എല്ലാവരും നമ്മുടെ അയൽക്കാരാണെന്നും അവിടുന്ന് വ്യക്തമാക്കുന്നുണ്ട്. തീർച്ചയായും എല്ലാ നിമിഷങ്ങളിലും എല്ലാ മനുഷ്യരോടും എനിക്കുഊഷ്മള വികാരമുണ്ടായിരിക്കുക സാധ്യമേയല്ല. കൂടാതെസ്നേഹം ഒരു വികാരമാണെങ്കിൽ ശത്രുക്കളെ സ്നേഹിക്കുക അസാധ്യവുമാണ്.

വി. യോഹന്നാൻെറ സുവിശേഷം മൂന്നാമദ്ധ്യായം പതിനാറാം വാക്യത്തിൽ നിന്ന് സ്നേഹം എന്താണെന്നു ഗ്രഹിക്കാം. "എന്തെന്നാൽ, അവനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കുന്നതിനു വേണ്ടി തൻെറ ഏകജാതനെ നൽകാൻ തക്കവണ്ണം ദൈവം ലോകത്തെ അത്രമാത്രം സ്നേഹിച്ചു." നമുക്കു നിത്യസൗഭാഗ്യം നൽകുന്നതിന് തൻെറ പുത്രനെ അതിഭീകരമായ മരണത്തിനു വിടുവാൻ തക്കവണ്ണം ദൈവത്തിൻെറ സ്നേഹം അവിടുത്തെ നയിച്ചുവെങ്കിൽ നാം ഈ ചോദ്യം ഉന്നയിക്കേണ്ടതുണ്ട്. നമ്മുടെ സൗഭാഗ്യംവരെ ഫലത്തിൽ പോകുവാൻ തക്കവണ്ണമുള്ള ആ സ്നേഹം അതിൽതന്നെ എന്താണ്? തീർച്ചയായും നാം നമ്മുടെ നിത്യസൗഭാഗ്യം അഭിലഷിക്കുകയോ, ആഗ്രഹിക്കുകയോ, ഇച്ഛിക്കുകയോ വേണം. അതിനാൽ ഇക്കാര്യം വ്യക്തമാണ്: സ്നേഹം മററുള്ളവരുടെ നൻമയ്ക്കുവേണ്ടി, അവർക്കുവേണ്ടി തന്നെയുമുള്ള ഒരു ആഗ്രഹമാണ്, ഇച്ഛയാണ്. (മറെറാരുവന് അവനു വേണ്ടിയല്ലാതെ എനിക്കുവേണ്ടി നൻമ ആഗ്രഹിക്കുന്നുവെങ്കിൽ ഞാൻ അവനെ സ്നേഹിക്കുകയല്ലാ, അവനെ ഉപയോഗിക്കുകയാണ്)

www.malankaralibrary.com

പക്ഷെ മറ്റൊരു പ്രശ്നമുൽഭവിക്കുന്നു. നാം മുൻപു പ്രസ്താവിച്ചതുപോലെ ഏതെങ്കിലും സൃഷ്ടിയെക്കുറിച്ചാകുമ്പോൾ, അവനെപ്രതി നൻമ ഇച്ഛരിക്കുകയാണു സ്നേഹമെന്നു പറയുന്നതിൽ തെറ്റൊന്നുമില്ല. എന്നാൽ, നമുക്കു ദൈവസന്നിധിയിലേക്കു തിരിഞ്ഞ് ഈ രീതിയിലെന്നവണ്ണം പറയാനൊക്കുമോ? ''അവിടുന്നു സന്തോഷവാനാണ്, അവിടുത്തേക്കു സുഖമെന്നു ഞാൻ കരുതുന്നു, അവിടുത്തേക്കാവശ്യമുള്ളതെല്ലാം ലഭിക്കുന്നുണ്ടെന്നു ഞാൻ ചിന്തിക്കുന്നു.'' അവിടുത്തേക്കു യാതൊന്നുമാവശ്യമില്ല, നമ്മുടെ ''സേവന''ത്തിൽ നിന്ന് അവിടുന്ന് യാതൊന്നും നേടുന്നുമില്ല.

അതിനാൽ ദൈവത്തെക്കുറിച്ചും മനുഷ്യരെക്കുറിച്ചും സ്നേഹമെന്ന പദം ഉപയോഗിക്കുമ്പോൾ നാം അതിൻെറ അർത്ഥം വിവേചിക്കേണ്ടതുണ്ട്. നാം അനുസരിക്കുമ്പോൾ ദൈവം സന്തുഷ്ടനാകുന്നെന്നും അതു ചെയ്യാത്തപ്പോൾ അസന്തുഷ്ടനാകുന്നുവെന്നും വേദപുസ്തകം ചിത്രീകരിക്കുന്നുണ്ട്. നാം പലപ്പോഴും പ്രസ്താവിച്ചിട്ടുള്ളതുപോലെ നമ്മുടെ അനാവരണം മൂലം അവിടുത്തേക്ക് ഒന്നും നേടാനില്ല. എന്നാലും മക്കൾ തന്നെ അനുസരിക്കണമെന്ന് ഒരു നല്ല പിതാവ് ആഗ്രഹിക്കുന്നതുപോലെ അവിടുന്ന് അതു ആഗ്രഹിക്കുന്നു. കാരണം, അവിടുത്തെ പരിശുദ്ധിയും നല്ല ക്രമത്തോടുള്ള ഇച്ഛരയും അതാവശ്യപ്പെടുന്നുണ്ട്. കൂടാതെ അവിടുന്ന് തൻെറ മക്കൾക്ക് അനുഗ്രഹങ്ങൾ സമൃദ്ധമായി നൽകുവാനാഗ്രഹിക്കുന്നു. അവർ ചീത്തയാണെങ്കിൽ അവിടുന്ന് അവരെ ശിക്ഷിക്കണം, സമ്മാനം നൽകുകയല്ലാ വേണ്ടത്.

അതിനാൽ അവിടുന്ന് ഔദാര്യംതന്നെയായതിനാൽ നാം അനുസരിക്കുമ്പോൾ അത് അവിടുത്തേക്ക് സന്തോഷം നല്കുന്നു. കാരണം, സ്വീകരിക്കുന്നതിന് നാം സന്നദ്ധതയുള്ളവരായതിനാൽ ഫലപ്രദമായ നിലയിൽ അവിടുത്തേക്ക് നമുക്ക് നൽകുവാൻ കഴിയും. തന്മൂലം അന്തിമ അത്താഴവേളയിൽ അവിടുന്ന് ശ്ലീഹൻമാരോടരുളിച്ചെയ്തു: ''നിങ്ങൾ എന്നെ സ്നേഹിക്കുന്നുവെങ്കിൽ എൻെറ കല്പന

www.malankaralibrary.com

പാലിക്കും.........എന്നെ സ്നേഹിക്കുന്നവൻ എന്റെ വചനം പാലിക്കും'' (യോഹ. 14:15-21). വി. യോഹന്നാൻ തന്റെ ഹ്രസ്വമായ രണ്ടാം ലേഖനം ആറാം വാക്യത്തിൽ പറയുന്നു: "ഇതാണ് സ്നേഹം; നാം അവിടുത്തെ കല്പനകളനുസരിച്ച് നടക്കുക''.

ഒന്നാമധ്യായത്തിൽ വി. ഇറണയൂസിന്റെ പ്രസ്താവം നാം വായിച്ചു: ആരംഭത്തിൽ ദൈവം ആദാമിനെ സൃഷ്ടിച്ചു. അത് മനുഷ്യനെ അവിടുത്തേക്ക് ആവശ്യമുണ്ടായിരുന്നതുകൊണ്ടല്ല, നേരെമറിച്ച് അവിടുത്തെ ദാനങ്ങൾ സ്വീകരിക്കുന്നതിന് ഒരാളുണ്ടാകേണ്ടതിനാണ്''. ഈ പ്രസ്താവം എത്ര ആശ്ചര്യകരമാംവിധം സത്യമെന്ന് ഇപ്പോൾ നാം ഗ്രഹിക്കുന്നു.

സ്നേഹിക്കുന്നതിന് കല്പനയുണ്ടായിരുന്നതെന്ന് നാം മുമ്പ് പ്രസ്താവിച്ച ഹിററൈററ്ദാസ ഉടമ്പടി യഥാർത്ഥത്തിൽ അനുസരണം കല്പിക്കുന്നവയായിരുന്നു. D. J. Mc Carthy എന്ന പണ്ഡിതൻ Catholic Biblical quarterly എന്ന പ്രസിദ്ധീകരണത്തിൽ എഴുതിയ ഒരു ലേഖനത്തിൽ പ്രസ്താവിക്കുന്നു: "ആ ഉടമ്പടികളിൽ ലോലമായ സ്നേഹവികാരത്തിന്റെ പ്രശ്നമേയില്ല. ബഹുമാനം, സ്വാമിഭക്തി, അനുസരണം—എന്നിങ്ങനെ കല്പിക്കാനാവശ്യമുള്ളവ സംബന്ധിച്ചുള്ള കല്പനയാണവ. നിയമാവർത്തനഗ്രന്ഥം സ്പഷ്ടമാക്കുന്ന മനോഭാവവും ഇതുതന്നെ (6:5). ഉടമ്പടി ബന്ധമാണ് അതിന്റെയും അടിസ്ഥാനം''. അതായത്, സ്നേഹിക്കുന്നതിനുള്ള കല്പനയുടെ അടിസ്ഥാനം. ദൈവം നമുക്ക് അനുഗ്രഹങ്ങൾ നൽകുന്നതിന് നാം അനുസരിക്കണമെന്നും അങ്ങനെ പാപവുമായി ബന്ധപ്പെട്ടിരിക്കുന്ന ശിക്ഷകൾ ഒഴിവാക്കണമെന്നും ചുരുക്കമായി നാം പ്രതിപാദിച്ചിട്ടുണ്ട്. വി. അഗസ്തീനോസ് തന്റെ പാപനിവേദനങ്ങൾ എന്ന ഗ്രന്ഥത്തിൽ ഇത് വിശദമാക്കുന്നു. "കർത്താവേ, അത് നന്നായി അവിടുന്ന് ക്രമീകരിച്ചിരിക്കുന്നു. അത് സത്യവുമാണ്. ക്രമരഹിതമായ ആത്മാവ് അതിന്റെതന്നെ ശിക്ഷയാണ്''. റോമൻ ചരിത്രകാരനായിരുന്ന ടാസിററസ് തന്റെ ചരിത്രഗ്ര

www.malankaralibrary.com

ന്ഥമായ Annals-ൽ, (ചരിത്രാഖ്യാനത്തിൽ) തിബേരിയസ് ചക്രവർത്തി അയാളുടെ ജീവിതാന്ത്യത്തോടടുത്ത കാലം സെനററിനെഴുതിയ ഒരു കത്ത് ഉദ്ധരിച്ചിട്ടുണ്ട്. അന്ന് അയാരം കാപ്രി ദ്വീപിൽ താമസിച്ച് ലൈംഗികവികൃതികളിൽ നീന്തിത്തുടിക്കുകയായിരുന്നു. തിബേരിയസ് ഇപ്രകാരമെഴുതി; "സെനറർമാരെ, ഞാനില്ലാതാകാൻ ദൈവങ്ങരം കാരണമാകട്ടെ. നിങ്ങരംക്ക് എന്തെഴുതണമെന്നോ, എങ്ങനെയെഴുതണമെന്നോ, എനിക്കറിഞ്ഞുകൂടാ. ആ രീതിയിൽ ഞാനിപ്പോരം കൂടുതൽ നശിച്ചുകൊണ്ടിരിക്കയാണ്". ടാസിററസിൻെറ ഭാഷ്യം: "അയാളുടെ തെററുകളും ക്രൂരതകളും അയാരംക്കുള്ള ശിക്ഷയായി പരിണമിച്ചു. മനുഷ്യരിൽ ഏററം ജ്ഞാനി പറയുന്നത് ശരിയാണ്. ക്രൂരന്മാരായ സ്വേച്ഛാധിപതികളുടെ ആത്മാവ് നഗ്നമാക്കപ്പെടുകയാണെങ്കിൽ ഒരാരംക്കവിടെ വ്രണങ്ങളും ച്ഛേദങ്ങളും കാണാൻ കഴിയും. ചമ്മട്ടിയടികളുടെ അടയാളങ്ങരംപോലെതന്നെയുള്ള അടയാളങ്ങരം. ക്രൂരത, കാമാർത്തത, ദുഷ്ടമനസ്സ്—ഇവ ആത്മാവിലുളവാക്കിയ വ്രണങ്ങരം തിബേരിയസിൻെറ സ്വേച്ഛാധിപത്യമോ മററുള്ളവരിൽനിന്ന് മാറിയൊഴിഞ്ഞ അയാളുടെ ജീവിതമോ, അയാളുടെ ശിക്ഷയായ ആന്തരികനൊമ്പരങ്ങരം അംഗീകരിക്കുന്നതിന് അയാരംക്കിട നൽകിയില്ല".

മനുഷ്യരിൽ ഏററം ജ്ഞാനിയെന്ന് ടാസിററസ് രേഖപ്പെടുത്തിയത് സോക്രട്ടീസിനെ ഉദ്ദേശിച്ചാണ്. പ്ലേറേറാ പ്രസിദ്ധപ്പെടുത്തിയ Theatetus എന്ന ഗ്രന്ഥത്തിൽ സോക്രട്ടീസ് എഴുതി: "അവർക്ക് (തിൻമചെയ്യുന്നവർക്ക്) തെററുചെയ്താലുള്ള ശിക്ഷ അറിഞ്ഞുകൂടാ.....അത് ചമ്മട്ടിയടിയോ മരണമോ അല്ല.....തിൻമ ചെയ്യുന്നവർ പലപ്പോഴും ഇവയിൽനിന്നു രക്ഷപെടുന്നു....പക്ഷേ അവർക്ക് രക്ഷപെടാൻ വയ്യാത്ത ഒരു ശിക്ഷയുണ്ടു്..... അവർ വളരുന്ന രീതിയിലുള്ള ഒരു ജീവിതമാണവരുടേത്". സാമാന്യമായ ചില ഉദാഹരണങ്ങരം നോക്കാം. ഏതെങ്കിലും രാത്രിയിൽ ഒരുവൻ അമിതമായ മദ്യലഹരിക്കടിപ്പെട്ടാൽ പിറെറദിവസം അതിൻെറ ഫലമായി അയാരംക്ക് ഉൻമേഷരാഹിത്യം അനുഭവപ്പെടും. വിവാഹത്തിന് മുൻപ് ലൈംഗികപ്രവൃത്തിക

www.malankaralibrary.com

ളിലേർപ്പെടുന്നവർ തങ്ങടം പങ്കാളികളോട് സ്നേഹപൂർവം പ്രവർത്തിക്കുകയാണെന്ന് കരുതും. ശാരീരികരസതന്ത്രം കള്ളനാണയം ഉണ്ടാക്കുകയാണ്. അവർ തമ്മിൽ യഥാർത്ഥസ്നേഹമുണ്ടായിരിക്കുകയില്ല. പിന്നീട്, സ്നേഹരഹിതമായ ഒരു വിവാഹത്തിൽ അവർ കുടുങ്ങും. നിയമത്തിൽ നിന്നുള്ള സ്വാതന്ത്ര്യം അനുവദനീയമാണെന്ന തൻെറ വാക്കുകടം കാമപൂരണത്തിനായുപയോഗിച്ച കോറിന്തോസ്കാർക്ക് അതിനാലാണ് വി. പൗലോസ് ഇപ്രകാരമെഴുതിയത്: "എല്ലാം എനിക്ക് നിയമാനുസൃതമാണ്, എന്നാൽ എല്ലാം പ്രയോജനകരമല്ല" (1കോറി. 6:12).

സാന്ദർഭികമായി രേഖപ്പെടുത്തട്ടെ. രണ്ടാമത്തെ കല്പനയ്ക്ക്, അതായത് അയൽക്കാരനെ സ്നേഹിക്കണമെന്ന കല്പനയ്ക്ക് ദൈവത്തെ സ്നേഹിക്കുകയെന്ന കല്പനയുമായി അഭേദ്യബന്ധമാണുള്ളത്. സ്നേഹംമൂലം ദൈവത്തെ ഇഷ്ടപ്പെടുത്തുന്നതിന് നാം യഥാർത്ഥമായി ആഗ്രഹിക്കുന്നെങ്കിൽ അവിടുത്തെ അനുഗ്രഹങ്ങടം നേടുന്നതിന് നാം നമ്മെതന്നെ തുറന്നിടുകയാണ് വേണ്ടത്. അപ്പോടം അവ നൽകുന്നതിന് അവിടുത്തേക്ക് സന്തോഷമുണ്ടാകും. അങ്ങനെയെങ്കിൽ മററെല്ലാവർക്കും അനുഗ്രഹങ്ങടം നൽകുന്നതിന് അവിടുത്തേക്ക് സന്തോഷമുണ്ടാകാൻ അവർ തങ്ങളെ തന്നെ തുറന്നിടുന്നതിന് നാം ആഗ്രഹിക്കും. അതിനാൽ അയൽക്കാരനെ സ്നേഹിക്കുന്നതിൻെറ ആരംഭമായി അവനിൽ നൻമ കാണുന്നതിന് നാം ശ്രമിക്കേണ്ടതില്ല. ദൈവം അവന് അനുഗ്രഹങ്ങടം നൽകുന്നതിന് അവൻ നല്ലവനായിരിക്കുവാൻ നാം ആഗ്രഹിച്ചാൽ മാത്രം മതി, ഒരുവനിൽ നൻമ കാണുമ്പോടം തീർച്ചയായും നമുക്ക് മറെറാരു പ്രചോദനമുണ്ടാകും. അതായത് അത്രമാത്രം നല്ലവനായ അവൻ ദൈവദാനങ്ങടം സ്വീകരിക്കുവാൻ തക്കവണ്ണം സജ്ജമാക്കുന്നതിന് അവന് നൻമ നേരുക. മാത്രമോ? ദൈവത്തെ പ്രതിയും അയൽക്കാരൻെറ നൻമയെ പ്രതിയും അവന് നന്മ നേരുമ്പോടം ദൈവത്തെ നാം കൂടുതൽ സന്തോഷിപ്പിക്കുന്നു. അങ്ങനെ അവിടുത്തെ ദാനങ്ങടം സ്വീകരിക്കുന്നതിന് നാം കൂടുതൽ സജ്ജമാകുന്നു. അത് അവിടുത്തേക്ക് കൂ

www.malankaralibrary.com

ടുതൽ സന്തോഷം നല്കും. അങ്ങനെ ഒരു കോവണി കണക്കെ അത് ഉയർന്നു പോകും.

അവസാനമായി, ശരിയായ ധാരണയോടെ ഇപ്രകാരമുള്ള ഒരു പ്രവൃത്തിക്ക് ഒരാൾ പ്രതിജ്ഞയെടുക്കുമ്പോൾ അയാൾ ഇങ്ങനെ സ്വയം പറയുകയാണെന്ന് കരുതാം: ദൈവത്തിനിഷ്ടകരമായ ഒരു പാതയിൽകൂടി മുന്നോട്ടുപോകുവാൻ ഞാനാഗ്രഹിക്കുന്നു. പക്ഷേ, എൻെറ സ്ഥിരതയില്ലായ്മ എനിക്കറിയാം. കുറെ നാൾ കഴിയുമ്പോൾ ഞാൻ പിന്തിരിഞ്ഞേക്കുമെന്ന് ഭയപ്പെടുന്നു. അതിനാൽ, ദൈവസന്നിധിയിൽ പരാജയപ്പെടാതിരിക്കുന്നതിന് ഈ പ്രതിജ്ഞ മുഖേന ഞാൻ എന്നെത്തന്നെ ബന്ധിക്കുന്നു''. മററ് വാക്കുകളിൽ പറഞ്ഞാൽ, സ്നേഹതീവ്രത, ദൈവത്തെ സന്തോഷിപ്പിക്കണമെന്ന ആഗ്രഹതീവ്രത, തങ്ങളെത്തന്നെ ബന്ധിക്കാൻ മനുഷ്യരെ പ്രേരിപ്പിക്കുന്നു. നൻമചെയ്യുന്നതിനുള്ള തൻെറ സ്ഥിരതയെക്കുറിച്ച് ദൈവത്തിന് തീർച്ചയായും ഭയപ്പെടേണ്ടതില്ലല്ലോ. എന്നാൽ നമ്മോടുള്ള സ്നേഹതീവ്രതയാണ് ഉടമ്പടിമൂലം സ്വയം ബന്ധിക്കുവാൻ അവിടുത്തേക്ക് കാരണമായത്—നാം പ്രതിജ്ഞമൂലം നമ്മെത്തന്നെ ബന്ധിക്കുന്നതുപോലെ.

ഇങ്ങനെ ഉടമ്പടി അതിൻെറ നൈയാമികമായ രൂപത്തിൽ കാണപ്പെടുന്നുവെങ്കിലും അത് സ്നേഹത്തിൻെറ അത്ഭുതകരമായ ഒരു കണ്ടുപിടിത്തമാണ്.

www.malankaralibrary.com

## അദ്ധ്യായം 6

# അവിടുന്ന് പ്രവാചകൻമാർ മുഖേന സംസാരിച്ചു

പഴയ ഉടമ്പടിയുണ്ടാക്കിയതിനും അസംഖ്യങ്ങളായ നൂററാണ്ടുകാംക്കു മുൻപ് തൻെറ പുത്രനെ നമ്മുടെ പക്കലേക്കയയ്ക്കുന്നതിനു നമ്മുടെ പിതാവ് പദ്ധതിയുണ്ടാക്കി. യഥാർത്ഥത്തിൽ അവിടുത്തെ ഉണ്മപോലെതന്നെ അവിടുത്തെ പദ്ധതികളും നിത്യമാണ്. അവിടുന്ന് മാററത്തിനു വിധേയനല്ലാത്തതിനാൽ, ഇപ്പോാം ഒരു പദ്ധതി, ഒരു തീരുമാനം, പിന്നീട് മറെറാന്ന് എന്നത് അവിടുത്തേക്കുണ്ടാകുക സാധ്യമല്ല. മുമ്പില്ലാതിരുന്ന ഒരു പദ്ധതി ഇപ്പോഴുണ്ടാകുകയുമില്ല. മാററത്തിനു വിധേയനല്ലാത്തതിനാൽ അവിടുന്ന് സമയത്തിലല്ല, അതിനാൽ അവിടുത്തേക്കു ഭൂതകാലമോ, ഭാവികാലമോ ഇല്ല. മുമ്പു നാം പ്രസ്താവിച്ചിട്ടുള്ളതുപോലെ സൃഷ്ടികർമ്മം ഭൂതകാലത്തിൽ നടന്നതായും ലോകാന്ത്യത്തിലുള്ള ക്രിസ്തുവിൻെറ പുനരാഗമനം ഭാവിയിലുള്ളതായും നാം ചിന്തിക്കുന്നു. പക്ഷേ, നിത്യമഹത്വത്തിൻെറ ദൃഷ്ടികാംക്കു മുൻപിൽ എല്ലാം വർത്തമാനകാലമാണ്, ഒരേ സമയംതന്നെ വർത്തമാനകാലം.

അതിനാൽ അവിടുന്ന് തൻെറ പുത്രനെ മനുഷ്യനാകുവാനയയ്ക്കുന്നതിനുള്ള പദ്ധതി എപ്പോഴുമുണ്ടായിരുന്നുവെന്നുതന്നെ നിഷ്കൃഷ്ടമായ അർത്ഥത്തിൽതന്നെ പറയുകസത്യമാണ്. അപ്പോാം അതുപോലെ തൻെറ മാതാവായ മറിയത്തിനുവേണ്ടിയും.

എന്നാൽ ഈ പദ്ധതികളുടെ പ്രത്യക്ഷീകരണവും മറനീക്കലും സമയമെന്നു നാം വിളിക്കുന്നതിലാണ് വന്നതും വരുന്നതും. അതിനാൽ അവിടുന്ന് എപ്പോഴും ഉദ്ദേശിക്കുന്നതിൻെറ പ്രത്യക്ഷീകരണം നമുക്കൊന്നു പിന്തുടരാം.

അബ്രഹാമിൻെറ പുത്രനായ ഇസഹാക്കിൻെറ പുത്രനും മഹാനായ കുലപതിയുമായ യാക്കോബ് ഈജിപ്തിൽ മരണാസന്നനായി കിടക്കുകയായിരുന്നു. അദ്ദേഹം തൻെറ

www.malankaralibrary.com

മക്കളെയെല്ലാം വിളിച്ചുകൂട്ടി. അവർക്കും അവരുടെ മക്കൾക്കും അവസാന നാളിൽ എന്തു സംഭവിക്കുമെന്ന് പരിശുദ്ധാത്മ പ്രചോദിതനായി അദ്ദേഹം അവരോടു പറഞ്ഞു. യൂദായെക്കുറിച്ചുള്ള അദ്ദേഹത്തിന്റെ വാക്കുകൾ പ്രത്യേക പ്രാധാന്യമർഹിക്കുന്നു: "ചെങ്കോൽ യൂദായെ വിട്ടുപോകയില്ല, ഷിലോഹ് വന്നുചേരുംവരെ അധികാരദണ്ഡ് അവന്റെ കാലുകൾക്കിടയിൽ നിന്നു നീങ്ങിപ്പോകയില്ല. ജനതകൾ അവനെ അനുസരിക്കും." "ഷിലോഹ് വന്നുചേരുംവരെ" എന്നു നാം നൽകിയ പരിഭാഷയോടു ആധുനിക പരിഭാഷകർ ഒട്ടും യോജിക്കുന്നില്ല. പക്ഷേ, പുരാതന യഹൂദ വ്യാഖ്യാതാക്കൾ "തർഗൂമുകളിൽ" ഗ്രഹിച്ചിരുന്നതുപോലെയും പിന്നീടുള്ള യഹൂദപാരമ്പര്യത്തിലുള്ളതുപോലെയുമാണ് നാമതു ഇവിടെ നൽകുന്നത്. തർഗൂമുകൾ പുരാതനങ്ങളായ യഹൂദ ഭാഷ്യങ്ങളാണ്. കൂടാതെ, പഴയനിയമത്തിൽനിന്നുള്ള വാക്യങ്ങളും അവയിലുണ്ട്. എല്ലാ പഴയനിയമഗ്രന്ഥങ്ങൾക്കും ഭാഷ്യമുണ്ട്. ചിലതിന് ഒന്നിൽകൂടുതലും. തർഗൂമുകളുടെ രചനകാലം വിവാദവിഷയമാണ്. അവ എഴുതപ്പെട്ട കാലങ്ങൾ ഏതുമാകട്ടെ, പുരാതന യഹൂദർ പഴയനിയമ വാക്യങ്ങൾ എപ്രകാരം ഗ്രഹിച്ചിരുന്നുവെന്ന് അവ വ്യക്തമാക്കുന്നുണ്ട്. "പിൻവീക്ഷണമെന്ന്" നാം പറയുന്ന രീതിയിൽ യഹൂദർ നിരസിച്ച ക്രിസ്തുവിലുള്ള അവയുടെ പൂർത്തീകരണം അവയിൽ നിന്നു ഗ്രഹിക്കുക സാധ്യമല്ല. നെയോഫിത്തി എന്ന പേരിലറിയപ്പെടുന്ന തർഗൂം ഉല്പത്തിപ്പുസ്തകം 49-ാം അധ്യായത്തിലെ പത്താം വാക്യത്തെക്കുറിച്ച് ഉറച്ച രീതിയിൽ പ്രസ്താവിക്കുന്നു. "യൂദായുടെ ഭവനത്തിൽ രാജാക്കന്മാരില്ലാതാകുകയില്ല.... മിശിഹാരാജാവ് വരുന്ന സമയം വരെ." ഇതു ദാവീദിന്റെ രാജകീയ വംശത്തിന്റെ പുനരുദ്ധാരണമാണു കാണിക്കുന്നതെന്ന്, അതു രക്ഷകനെ സംബന്ധിച്ചാണെന്ന്, മിദ്രാഷിക്, തൽമൂദിക് എന്നീ യഹൂദ പാരമ്പര്യ സ്രോതസ്സുകൾ ഉദ്ധരിച്ചുകൊണ്ട് ആധുനിക യഹൂദ പണ്ഡിതന്മാരിലെ ഒരു പ്രമുഖനായ സാംസൺ ലേവി പ്രസ്താവിക്കുന്നുണ്ട്.

www.malankaralibrary.com

അർത്ഥം വ്യക്തമാണ്. രക്ഷകന്റെ ആഗമനകാലം വരെ ഏതെങ്കിലും വിധത്തിലുള്ള ഒരു യഹൂദ ഭരണാധികാരി ഉണ്ടായിരിക്കും. ചരിത്രപരമായിതന്നെ അതു സംഭവിക്കുകയും ചെയ്തു. യൂദാഗോത്രത്തിൽ മാത്രം ഒതുക്കിയ യഹൂദരാജ്യത്തിനു 41 B. C വരെ അതിന്റെതന്നെ രാജാക്കന്മാരുണ്ടായിരുന്നു. യഹൂദനല്ലാത്ത ആദ്യ രാജാവായ ഹേറോദേസ് പിന്നീടു ഭരണമാരംഭിച്ചു (അയാൾ പകുതി അറബിയും പകുതി ഇദൂമിയനുമായിരുന്നു). രക്ഷകൻ ആഗതനാകുമെന്ന പ്രതീക്ഷ പൂവണിഞ്ഞപ്പോൾ മാഗികളിൽനിന്നു ഉത്തരം ലഭിക്കാനാഗ്രഹിച്ച ആ രാജാവിനു യഹൂദ ദൈവശാസ്ത്രജ്ഞന്മാരിൽനിന്നു മറുപടി ലഭിക്കുക വിഷമകരമായില്ല. അവർ അയാളോടു പറഞ്ഞു: "യൂദായിലെ ബേത്ലഹേമിൽ പ്രവാചകൻ എഴുതിയിരിക്കുന്നു: യൂദായിലെ ബേത്ലഹേമേ, നീ യൂദായിലെ പ്രമുഖ നഗരങ്ങളിൽ ഒട്ടും താഴെയല്ല. എന്റെ ജനമായ ഇസ്രായേലിനെ നയിക്കാനുള്ളവൻ നിന്നിൽനിന്നാണ് ഉത്ഭവിക്കുക." പ്രധാന പുരോഹിതന്മാരും ഫരിസേയരും മിഖാ 5:1-ൽ നിന്നുള്ള പ്രവചനമാണുദ്ധരിച്ചത്. മിഖാ ഉപയോഗിച്ച ഹീബ്രൂപദം മുമ്പുതന്നെ ജനിച്ച ഒരു രക്ഷകൻ എന്ന ആശയത്തെ താങ്ങുന്നുണ്ടെന്നും റബ്ബികളുടെ ഉദ്ധരണികളിൽ അതു കാണുന്നില്ലെന്നും ലേവി പ്രസ്താവിക്കുന്നുണ്ട്. തർഗൂം യോനാഥൻ എന്ന പേരിലറിയപ്പെടുന്ന ഭാഷ്യം ഇതാണ്: "നിന്നിൽനിന്നു എനിക്കു മുൻപെ രക്ഷകൻ വരും. അദ്ദേഹത്തിന്റെ നാമം പഴയകാലംമുതൽ, നിത്യതയുടെ കാലംമുതൽ, പ്രസ്താവിച്ചിട്ടുണ്ട്'" ഹീബ്രൂപദം ഉദ്ദേശിച്ചതുതന്നെയാണ് തർഗൂം മിക്കവാറും ഉദ്ദേശിച്ചതെന്നും കരുതാം. കാരണം, ഹീബ്രൂശൈലിയിൽ നാമം ചിലപ്പോൾ വ്യക്തിയുമായി തത്തുല്യമാക്കപ്പെടുന്നുണ്ട്.

ആദി മാതാപിതാക്കൾ പാപം ചെയ്തുകഴിഞ്ഞയുടനെ രക്ഷകനെക്കുറിച്ചുള്ള വാഗ്ദാനം ദൈവം നൽകിയതായി ഉല്പത്തിപ്പുസ്തകം മൂന്നാമധ്യായം പതിനഞ്ചാം വാക്യത്തിൽ നാം വായിക്കുന്നു. "നീയും സ്ത്രീയും തമ്മിലും നിന്റെ സന്തതിയും അവളുടെ സന്തതിയും തമ്മിലും ഞാൻ

www.malankaralibrary.com

ശത്രുത ഉളവാക്കും. അവൻ നിന്റെ തല തകർക്കും. നീ അവന്റെ കുതികാലിൽ പരുക്കേൽപ്പിക്കും.'' ഈ പ്രവചനത്തിൽ രക്ഷകനെക്കുറിച്ചു പ്രസ്താവിച്ചിട്ടുണ്ടെന്നത് ചില ആധുനിക വ്യാഖ്യാതാക്കൾ വിസമ്മതിക്കുന്നുണ്ട്. അവരുടെ ന്യായം: ഒരു സ്ത്രീ മാത്രമേ രംഗത്തുള്ളു. അതു ഹവ്വായാണ്. ഹവ്വാ രക്ഷകന്റെ മാത്രമല്ല. കൂടാതെ ഷൂഫ് എന്ന ഹീബ്രൂപദംതന്നെ സ്ത്രീയുടെ സന്തതിക്കും രക്ഷകന്റെ സന്തതിക്കും ഉപയോഗിച്ചിരിക്കുന്നു. അതിനാൽ ഒരു ജയത്തിന്റെ അടയാളമില്ല, ഒരു തുല്യാവസ്ഥമാത്രം.

പക്ഷേ, തർഗൂമുകൾ നമുക്കു സഹായകമാണ്. സ്യൂഡോയോനാഥന്റെ പേരിലറിയപ്പെടുന്ന തർഗൂം, പിന്നെ ചില തർഗൂമുകളുടെ അവശേഷഭാഗങ്ങൾ—ഇവയെല്ലാംതന്നെ മുൻപുദ്ധരിച്ച വാക്യങ്ങൾ രക്ഷകനെക്കുറിച്ചാണെന്നു രേഖപ്പെടുത്തിയിട്ടുണ്ട്. പക്ഷേ, അവയുടെ വ്യാഖ്യാനമാകട്ടെ ഭാഗികമായി രൂപകാർത്ഥത്തിലാണ്, അവ പ്രസ്താവിക്കുന്നത്. തോറാ (യഹൂദന്മാരുടെ നിയമഗ്രന്ഥം) സ്ത്രീയുടെ പുത്രന്മാർ അനുസരിക്കുമെന്നും സർപ്പത്തിന്റെ അനുസരണരഹിതരായ പുത്രന്മാരോടു യുദ്ധം ചെയ്യുമെന്നാണ് പ്രസ്താവിച്ചിട്ടുള്ളത്. പക്ഷേ, സ്ത്രീയുടെ പുത്രനോ പുത്രന്മാർക്കോ വിജയമുണ്ടാകും. അതിനാൽ തർഗൂം നിയോഫത്തി പറയുന്നു: ''സ്ത്രീയുടെ പുത്രന് ഒരു മരുന്ന് (മുറിവിനുള്ളത്) ഉണ്ടാകും, പക്ഷേ, സർപ്പമേ, നിനക്കു മരുന്നുണ്ടാകുകയില്ല.''

മറെറാരുകാര്യംകൂടി പരിഗണിക്കേണ്ടതുണ്ട്. ഭാവന വളരെയധികം വലിച്ചുനീട്ടിയാൽ മാത്രമേ, ഹവ്വായുടെ സന്തതികൾ (എല്ലാ മനുഷ്യരും അല്ലെങ്കിൽ എല്ലാ സ്ത്രീകളും) തിന്മയുടെ പ്രത്യേക ശത്രുക്കളാണെന്നും തിന്മയെ കീഴ്പ്പെടുത്തുമെന്നും പറയാനൊക്കുകയുള്ളു. ആധുനിക രീതിയിലും പ്രാചീനരീതിയിലും മനുഷ്യവർഗ്ഗത്തെക്കുറിച്ചു പരിഗണിക്കുമ്പോൾ ഇതു യാഥാർത്ഥ്യവുമായി പൊരുത്തപ്പെടുന്നതല്ല, അതിനാൽ രക്ഷകനെക്കുറിച്ച് മുൻപുദ്ധരിച്ച വാക്യം എന്താണു പ്രസ്താവിക്കുന്നതെന്നു കാണുന്നതിനുള്ള ഒരു പരിശ്രമം നമുക്കു നടത്താം.

www.malankaralibrary.com

നമ്മുടെ മാനുഷിക ശക്തികൾക്കോ അറിവിനോ ഈ വാക്യം രക്ഷകനെയും അവിടുത്തെ മാതാവിനെയും കുറിച്ചാണെന്നു തെളിയിക്കുക സാധ്യമല്ല. എന്നാൽ ദൈവപരിപാലനാനുസൃതം നയിക്കപ്പെടുന്ന സഭയുടെ പ്രബോധനാധികാരത്തിന് നമ്മുടെ ബലഹീനമായ മാനുഷിക പ്രാപ്തിക്കു കാണാൻ കഴിയാത്തത് കാണാൻ സാധിക്കും. സഭയുടെ ഘടന (Constitution of the Church) എന്ന പ്രമാണരേഖയിൽ രണ്ടാം വത്തിക്കാൻ സൂനഹദോസ് ഇതു പഠിപ്പിക്കുന്നുണ്ട്. ക്രിസ്തുവിലുള്ള രക്ഷ ക്രമേണ സജ്ജമാക്കപ്പെടുന്ന പഴയനിയമഗ്രന്ഥങ്ങളെക്കുറിച്ച് രണ്ടാം വത്തിക്കാൻ സൂനഹദോസ് പഠിപ്പിക്കുന്നു.

"പുരാതനമായ ഈ പ്രമാണരേഖകൾ സഭാതത്വങ്ങളുടെ വെളിച്ചത്തിൽ വായിച്ച്, പിന്നീട് സംഭവിച്ച പൂർണ്ണമായ ദൈവികാവിഷ്ക്കാരത്തിൻെറ പ്രകാശത്തിൽ മനസ്സിലാക്കുമ്പോൾ രക്ഷകൻെറ മാതാവായ ഈ മഹിളയുടെ ചിത്രം കൂടുതൽ വെളിവാകുന്നുണ്ട്. ഈ വെളിച്ചത്തിൻെറ സഹായത്തോടെ നോക്കുമ്പോൾ, ആദിമാതാപിതാക്കൻമാരുടെ വീഴ്ചയെതുടർന്ന് സർപ്പത്തിൻെറമേൽ വിജയം വരിക്കുമെന്നുള്ള വാഗ്ദാനത്തിൽ, അവൾ പ്രവചനാത്മകരീതിയിൽ അവതരിക്കപ്പെട്ടിരിക്കുന്നതായി കാണാം." (ഉല്പത്തി 3: 15)

സഭയുടെ പ്രബോധനാധികാരം മുൻപു പ്രസ്താവിച്ച രേഖകൾ രണ്ടാം വത്തിക്കാൻ സുന്നഹദോസിൻെറ ഈ പ്രഖ്യാപനത്തിനു വഴിയൊരുക്കിയിട്ടുണ്ട്. പരിശുദ്ധ കന്യകയുടെ അമലോത്ഭവത്തെക്കുറിച്ച് 1854-ൽ പീയൂസ് ഒൻപതാമൻ മാർപ്പാപ്പാ അധ്യവസാനം ചെയ്തിട്ടുള്ള രേഖയിൽ നാം വായിക്കുന്നു:

"സഭാപിതാക്കൻമാരും സഭയിലെ ഗ്രന്ഥകാരൻമാരും ....ഉല്പത്തി മൂന്നാമദ്ധ്യായം പതിനഞ്ചാംവാക്യം വ്യാഖ്യാനിക്കുകയിൽ, പഠിപ്പിച്ചത് ഈ പ്രസ്താവന പ്രസ്പഷ്ടമായും തെളിമയാർന്നും മനുഷ്യവർഗ്ഗത്തിൻെറ ദയാപൂർണ്ണനായ രക്ഷകനെക്കുറിച്ചും അവിടുത്തെ ഏററം സൗഭാഗ്യവതിയായ മാതാവായ കന്യകമറിയത്തെക്കുറിച്ചും പ്രസ്താ

www.malankaralibrary.com

ഷിച്ചുവെന്നാണ്. അതേസമയം തന്നെ പിശാചിനെതിരായ അവരുടെ ശത്രുത പ്രത്യേകവിധം സ്പഷ്ടമാക്കിയെന്നു മാണ്.''

1950-ൽ പന്ത്രണ്ടാംപീയൂസ്മാർപ്പാപ്പാ മറിയത്തിൻെറ സ്വർഗ്ഗാരോപണം അധ്യവസാനം ചെയ്തുകൊണ്ടെഴുതിയ അപ്പോസ്തലിക ഘടനയിൽ ഇങ്ങനെ രേഖപ്പെടുത്തി:

രണ്ടാംശതകം മുതൽ പുതിയ ഹവ്വായായിട്ടാണ് കന്യക മറിയത്തെ സഭാപിതാക്കൻമാർ നമ്മെ പരിചയപ്പെടുത്തുന്നത്. പ്രോട്ടോ ഏവൻഗേലിയോൻ എന്നറിയപ്പെടുന്ന ഉല്പത്തി പുസ്തകം മൂന്നാമധ്യായം പതിനഞ്ചാംവാക്യത്തിൽ പ്രസ്താവിച്ചിട്ടുള്ളതുപോലെ നാരകീയശത്രുവിനോടുള്ള പോരാട്ടത്തിൽ അവരം അവിടുത്തോട് ഗാഢമായി ബന്ധപ്പെട്ടിരുന്നു. അതു പാപത്തിൻെറ മേലും മരണത്തിൻെറമേലുമുള്ള ഏററം പരിപൂർണ്ണമായ വിജയത്തിൽ കലാശിച്ചു.''

1986 ഡിസംബർ 17-ന് ജോൺ പോരം രണ്ടാമൻ മാർപ്പാപ്പ നൽകിയ ഒരു പൊതുദർശനവേളയിൽ അദ്ദേഹം ഇങ്ങനെ പ്രസ്താവിക്കുകയുണ്ടായി. ''ഉല്പത്തി പുസ്തകത്തിലെ ഈ വാക്കുകരം പ്രോട്ടോ ഏവൻഗേലിയോൻ അഥവാ രക്ഷകനായ മിശിഹായെക്കുറിച്ചുള്ള പ്രഥമപ്രസ്താവമെന്നു വിളിക്കപ്പെടുന്നു. അതു മനുഷ്യവർഗ്ഗം നമുക്കറിയാവുന്ന ജൻമപാപാവസ്ഥയിൽ വീണുപോയതിനുശേഷമുള്ള ദൈവത്തിൻെറ രക്ഷാകരപദ്ധതി വെളിപ്പെടുത്തുന്നു.''

നാം മുമ്പ് രേഖപ്പെടുത്തിയ രണ്ടാം വത്തിക്കാൻ സൂന്നഹദോസ് തുടരുന്നു: ''അതുപോലെതന്നെ കന്യക ഗർഭം ധരിച്ച് ഒരു പുത്രനെ പ്രസവിക്കും. അവൻ എമ്മാനുവേൽ എന്നു വിളിക്കപ്പെടും എന്നു പറഞ്ഞിരിക്കുന്നതും ഇവളെക്കുറിച്ചുതന്നെ.'' (യേശയ്യാ 7, 14; മിഖാ. 5, 2-2; മത്താ. 1, 22-23).

സൂന്നഹദോസ് യേശയ്യായുടെ പ്രസ്താവനയെ സൂചിപ്പിക്കുകയായിരുന്നു: ''കണ്ടാലും, കന്യക ഗർഭം ധരിച്ച്

www.malankaralibrary.com

ഒരു പുത്രനെ പ്രസവിക്കും. അവൻെറ നാമം എമ്മാനു വേൽ എന്നായിരിക്കും" (യേശയ്യാ 7, 14) തർഗൂമുകൾ ഈ വാക്കുകളിൽ ഒരു രക്ഷകനെക്കുറിച്ചുള്ള ആശയം കുറവായിമാത്രം കാണുന്നതാണെന്നും സ്മരിക്കുക—യേശയ്യാ ഉപയോഗിച്ച അൽമാഹ് എന്ന പദം ഗ്രീക്കിൽ കന്യകയെന്നർത്ഥമുള്ള പാർത്തനോസ് എന്നാണ് പരിഭാഷപ്പെടുത്തിയിരിക്കുന്നത്. അൽമാഹ് എന്ന പദത്തിൻെറ അർത്ഥം വിവാഹപ്രായമായ ഒരു യുവതി, കന്യകയെന്നു പരിഗണിക്കപ്പെടുന്ന" ഒരു യുവതി എന്നാണ് പരിഭാഷപ്പെടുത്തിയിരിക്കുന്നതു്. എന്നാൽ കന്യകയെന്ന പദത്തിന് ബത്തുലാഹ് എന്ന കൃത്യമായ പദം ഹീബ്രുവിലുണ്ടായിരുന്നു. പക്ഷേ, സെപ്ത്വജിന്ത് ഇവിടെ അൽമാഹ് എന്ന പദമാണ് കന്യകയെന്ന പദമായി പരിഭാഷപ്പെടുത്തിയിരിക്കുന്നത്. ഇത് പ്രത്യേക പരിഗണനയർഹിക്കുന്നു. കാരണ , അൽമാഹ് എന്ന പദം പ്രായമില്ലാത്ത സ്ത്രീയെന്ന അർത്ഥത്തിൽ നാം എടുത്താൽ അതു സാധാരണ രീതിയിൽ പ്രായമില്ലാത്ത ആരെക്കുറിച്ചും ഉപയോഗിക്കാവുന്നതാണ്. ഈ പ്രവചനം ആദ്യമായി പ്രസ്താവിക്കപ്പെട്ടത് ആഹാസ് രാജാവിൻെറ മകൻ ഹെസ്ക്കിയായോടാണെന്ന് യഹൂദവ്യാഖ്യാതാക്കൾ സാധാരണയായി പ്രസ്താവിച്ചുപോന്നു. കന്യകയെന്ന അർത്ഥം നാം സ്വീകരിച്ചാൽ ഈ പ്രവചനം ക്രിസ്തുവിനെക്കുറിച്ചായിരിക്കണം (വി. മത്താ. 1, 23). ഈ അർത്ഥമാണ് വി. മത്തായി സ്വീകരിച്ചത്. അദ്ദേഹം ക്രിസ്തുവിനെ ഗർഭം ധരിക്കുന്നതിനെക്കുറിച്ച് ഈ പ്രവചനം സൂചിപ്പിക്കുന്നതായി പ്രസ്താവിക്കുന്നു. യഹൂദർ അപ്രകാരം കണ്ടിരുന്നില്ലെന്ന് അദ്ദേഹം അറിയാതിരുന്നോ? തീർച്ചയായും അദ്ദേഹം അറിഞ്ഞിരുന്നു. എന്നിട്ടും പരിശുദ്ധാത്മനിവേശിതനായി, ഈ പ്രവചനം ക്രിസ്തുവിൽ പൂർത്തിയായി എന്നുപറയാൻ അദ്ദേഹം മടിച്ചില്ല. ഇതുപോലെ തന്നെ 2, 15-ാം വാക്യത്തിൻെറയും കാര്യം. ഹോസിയാ 11, 1-ൽ ഉള്ള പ്രവചനം ക്രിസ്തുവിനെക്കുറിച്ചാണെന്ന് അദ്ദേഹം കാണുന്നു. "ഹേറോദോസിൻെറ മരണംവരെ അവിടെ (ഈജിപ്തിൽ) വസിച്ചു. ഈജിപ്തിൽ നിന്ന്

www.malankaralibrary.com

ഞാൻ എന്റെ പുത്രനെ വിളിച്ചു എന്ന് പ്രവാചകനിലൂടെ കർത്താവ് അരുളിച്ചെയ്തത് പൂർത്തിയാകാനാണിത് സംഭവിച്ചത്." വീണ്ടും വി. മത്തായിക്കു തീർച്ചയായും എന്റെ പുത്രൻ" എന്ന പദം എല്ലാ ഇസ്രായേൽക്കാരെയും പുറപ്പാടുവഴി രക്ഷിച്ചതിനെ ഉദ്ദേശിച്ചുള്ളതാണെന്ന് സന്ദർഭമനുസരിച്ച് അറിയാമായിരുന്നു.

ഇതിന്റെ ന്യായം ഇതാണു്: ദൈവവചനങ്ങളെന്ന നിലയിൽ പ്രവചനങ്ങൾക്കു ധാരാളം പൂർത്തീകരണമുണ്ടാകുമെന്നു് വി. മത്തായി മിക്കവാറും കരുതിയിരുന്നു. അദ്ദേഹമെഴുതിയ സുവിശേഷം 24-ാം അധ്യായത്തിൽ ജറൂസലേമിന്റെ നാശത്തിന്റെയും അന്ത്യ നാളുകളിലുള്ള പുനരാഗമനത്തിന്റെയും അടയാളങ്ങൾ അപ്പസ്തോലൻമാർ ഗുരുവിനോടാരായുന്നു. യേശുവിന്റെ ഒരു സുദീർഘ സംഭാഷണം വി. മത്തായി നല്കുന്നു. അതിൽ രണ്ടു സംഭവങ്ങൾക്കും യോജിക്കുന്നവയുണ്ടു്. അതുപോലെ വി. പൗലോസിനെഴുതിയ രണ്ടാം ലേഖനം മൂന്നാം അധ്യായം ഒന്നു മുതൽ അഞ്ചുവരെയുള്ള വാകൃങ്ങൾ നോക്കുക. "അവസാന നാളുകളിൽ ക്ലേശപൂർണ്ണമായ സമയങ്ങൾ വരും........ അവർ സുഖഭോഗങ്ങളിൽ ആസക്തിയുള്ളവരായിരിക്കും" തിന്മകളുടെ ഒരു പട്ടികതന്നെ പിന്നീടദ്ദേഹം നിരത്തുന്നുണ്ടു്. പ്രസ്തുത ലേഖനം 4-ാം അധ്യായം 3- 4 വാക്യങ്ങൾ കൂടി ശ്രദ്ധിക്കുക. "ജനങ്ങൾ ഉത്തമമായ പ്രബോധനത്തിൽ സഹിഷ്ണുത കാണിക്കാത്തകാലം വരുന്നു"വേദവ്യാഖ്യാതാക്കൾ ഈ രണ്ട് ഉദ്ധരണികളെക്കുറിച്ചും പൊതുവെ പറയുന്നതിതാണ്: ക്രിസ്തുവിന്റെ സ്വർഗ്ഗാരോഹണം മുതൽ പുനരാഗമനംവരെയുള്ള എല്ലാ കാലങ്ങളെക്കുറിച്ചുമാണു് അവ പ്രസ്താവിക്കുന്നതു്. പുനരാഗമനത്തിനു തൊട്ടടുത്തുള്ള കാലത്തെക്കുറിച്ചു് പ്രത്യേകിച്ചും.

വിവിധങ്ങളായ പൂർത്തീകരണങ്ങളുടെ ഈ വീക്ഷണകോണിൽകൂടി നോക്കുമ്പോൾ യേശയ്യായുടെ പ്രവചനം ഹെസക്കിയായിക്കും യേശുവിനും ബാധകമാണെന്നു കാണാം.

ഇതുകൂടി പ്രസ്താവ്യമാണു്. ഒരു കേവലം സിംഹാസനാവകാശിയുടെ ജനനം മാത്രമാണു് അതു പ്രവചിക്കു

www.malankaralibrary.com

ന്നതെങ്കിൽ അതു ഗ്രഹിക്കുവാൻ പ്രയാസമുള്ള രീതിയിൽ ഈ പ്രവചനത്തിനു വളരെ ഉദാത്തമായ സ്വരവും പശ്ചാത്തലവുമുണ്ടു്. കൂടാതെ ഹീബ്രൂവിൽ "ഹ" എന്നുകൂടിയുണ്ട്. ഒരു വ്യക്തിയെ അതു കുറിക്കുന്നു. അൽമാഹ് ഒരു കന്യകയെ സൂചിപ്പിക്കുന്നു. ഇതു പ്രത്യേകമായി ഒരാളെ ചൂണ്ടിക്കാണിക്കുകയാണു്. കൂടാതെ "അവൻ എമ്മാനുവേൽ എന്നു വിളിക്കപ്പെടും" എന്നും ഹീബ്രൂവിലുണ്ടു്. സാധാരണയായി പിതാവായിരുന്നു ഒരു ശിശുവിനു പേരിട്ടിരുന്നതു്. അതിനാൽ ശിശുവിനു മാനുഷികപിതാവില്ല, മാതാവ് കന്യകയുമാണ്. എന്നൊരു സൂചനകൂടി ഇതിൽ കാണാം.

ഇനിയും നോക്കാം. ഏശയ്യാ 9: 6-ൽ പ്രവചിക്കപ്പെട്ട അത്ഭുതകരനായ ശിശുവും ഏശയ്യാ 7: 14-ൽ പ്രവചിക്കപ്പെട്ട ശിശുവും ഒരാംതന്നെയാണെന്നു കരുതാം. കാരണം, രണ്ടും രക്ഷകനെക്കുറിച്ചുള്ള ഗ്രന്ഥത്തിൽതന്നെയാണു്. ഏശയ്യാ 9: 6-7-ലെ മഹത്തായ വിവരണം ഹെസക്കിയായിക്കു ചേരുന്നതുമല്ല. അതിൽ നാം കാണുന്നതിതാണു്: "എന്തെന്നാൽ നമുക്കൊരു ശിശു ജനിച്ചിരിക്കുന്നു; നമുക്ക് ഒരു പുത്രൻ നൽകപ്പെട്ടിരിക്കുന്നു. ആധിപത്യം അവൻെറ ചുമലിലായിരിക്കും. വിസ്മയനീയനായ ഉപദേഷ്ടാവ് ശക്തനായ ദൈവം, നിത്യനായ പിതാവ്, സമാധാനത്തിൻെറ രാജാവ് എന്നവൻ വിളിക്കപ്പെടും. രക്ഷകനെക്കുറിച്ചാംന് ഈ പ്രവചനമെന്നതിനു തർഗൂമുകൾക്കു സംശയമില്ല. 7: 14-ൽ പ്രസ്താവിതമായ ശിശു ഇതാണെങ്കിൽ അതു രക്ഷകൻതന്നെയായിരിക്കണം. 7: 14-ൻെറ ഭാഷ്യത്തിനു തർഗൂമുകൾ ഇങ്ങനെ പറയാത്തതെന്തേ? ചില നല്ല ആധുനിക യഹൂദപണ്ഡിതൻമാർ ഇക്കാര്യം അംഗീകരിക്കുന്നുണ്ട്. ക്രിസ്ത്യാനികൾ രക്ഷകനെക്കുറിച്ചുള്ള പ്രവചനങ്ങൾ ഉദ്ധരിക്കുന്നതുകണ്ട് മനഃപൂർവ്വം തർഗൂമുകളിലെ ഈ ഭാഗം നീക്കം ചെയ്യുന്നതാണെന്നു അവർ അംഗീകരിക്കുന്നുണ്ടു്.

ആധുനിക അമേരിക്കൻ വേദപുസ്തകം എൽഗിബ്ബോർ എന്ന ഹീബ്രൂപദം ശക്തനായ ദൈവം എന്ന് പരിഭാഷപ്പെ

www.malankaralibrary.com

ടുത്താൻ വിസമ്മതിക്കുന്നു. പക്ഷേ, എൽഗിബ്ബോർ എന്ന പദത്തിനു ശക്തനായ ദൈവം എന്നാണ് പഴയ നിയമത്തിൽ മററു ഭാഗങ്ങളിൽ ഉദ്ദേശിച്ചിരിക്കുന്നതു്. അല്ലാതെ, ആധുനിക അമേരിക്കൻ വേദപുസ്തകത്തിൽ കാണുന്ന ദൈവിക വീരപുരുഷൻ എന്നല്ല. യറൂസലേം ബൈബിളും Revised Standared Edition-നും ശക്തനായ ദൈവം എന്നുതന്നെയാണു് പരിഭാഷപ്പെടുത്തിയിരിക്കുന്നതു്.

ജോനാഥൻെറ പേരിലുള്ള തർഗൂമിനും ഇക്കാര്യത്തിൽ മടിയില്ല. ശക്തനായ ദൈവം എന്നുതന്നെയാണ് അതിലും പരിഭാഷ. പക്ഷേ, തർഗൂം ഉദ്ദേശിക്കുന്നത് മറെറാരു രീതിയിൽ വിവാദമുയർത്തിയിട്ടുണ്ട്. ഓക്സ്ഫോർഡിലെ ജെ. എഫ്. സ്റ്റെന്നിംഗ് അത് ഇങ്ങനെ രേഖപ്പെടുത്തുന്നു. "അത്ഭുതകരനായ ഉപദേഷ്ടാവ്, ശക്തനായ ദൈവം, തൻെറ കാലത്ത് നമ്മുടെമേൽ സമാധാനം വർദ്ധിപ്പിക്കുന്നുവെന്നും ജീവിച്ചിരിക്കുന്നവൻ എന്നും പഴയ കാലം മുതൽ അവൻെറ നാമം പറയപ്പെടുന്നു". എസ്. ലേവി, പക്ഷേ, വാക്യഘടനയിൽ ഒരു തകിടം മറിച്ചിൽ നടത്തിപ്പറയുന്നു: "രക്ഷകനായ ദൈവം എന്നതു വിട്ടിട്ട് രക്ഷകൻ എന്നു ശക്തനായ ദൈവത്താൽ അവൻ വിളിക്കപ്പെടുന്നു. തർഗൂമുകളുടെ വാക്യഘടനയെയാണ് താൻ അനുഗമിക്കുന്നതെന്നു് ലേവി പ്രസ്താവിക്കുന്നു. സ്റ്റെന്നിംഗ് അതുമായി യോജിക്കുന്നില്ല. അരമായ പരിഭാഷ ഈ രണ്ടുവിധത്തിലുമാകാമെന്നാണ് വാസ്തവം.

രക്ഷകൻ ദൈവമാണെന്നു കരുതുന്നതിൽ പുരാതന യഹൂദർക്കു പ്രയാസമുണ്ടായിരുന്നെന്നു സ്പഷ്ടം. പക്ഷേ, ഏശയ്യാ പ്രവചിച്ച ശിശു രക്ഷകനാണെന്നു തർഗൂമുകാരംക്കെങ്കിലും അറിയാമായിരുന്നു.

ഏശയ്യാ 53-ാം അധ്യായം നമ്മുടെ കർത്താവിൻെറ പീഡാനുഭവത്തെക്കുറിച്ചുള്ള പ്രവചനമാണെന്നു പലപ്പോഴും പറയപ്പെടുന്നു. യേശയ്യാ പ്രവചിച്ച പീഡ അനുഭവിക്കുന്ന ഭൃത്യനും യേശുവും ഒരാം തന്നെയാണെന്നു വി. മത്തായി പ്രസ്താവിക്കുന്നുണ്ടു്. വി. മത്തായിയുടെ സുവിശേഷം 8-ാം അദ്ധ്യായം 16-18 വാക്യങ്ങൾ നോക്കുക: "സായാഹ്

നമായപ്പോൾ അനേകം പിശാചുബാധിതരെ അവർ അവൻെറ അടുത്തു കൊണ്ടുവന്നു. അവൻ അശുദ്ധാത്മാക്കളെ വചനം കൊണ്ടു പുറത്താക്കുകയും എല്ലാ രോഗികളെയും സുഖപ്പെടുത്തുകയും ചെയ്തു. അവൻ നമ്മുടെ ബലഹീനതകൾ ഏറ്റെടുക്കുകയും രോഗങ്ങൾ വഹിക്കുകയും ചെയ്തുവെന്ന് യേശയ്യാ പ്രവചിച്ചതു് അങ്ങനെ നിറവേറി''.

പരിഹാരമനുഷ്ഠിച്ചും പീഡയനുഭവിച്ചും മരിക്കുന്ന ഭൃത്യൻെറ ചിത്രം യേശയ്യാ നൽകുന്നു. ''അവനു രൂപഭംഗി ഉണ്ടായിരിക്കുകയില്ല. അവൻ മനുഷ്യരാൽ നിന്ദിക്കപ്പെടുകയും ചെയ്തു. നമ്മുടെ വേദനകളാണു് യഥാർത്ഥത്തിൽ അവൻ വഹിച്ചതു്. നമ്മുടെ അതിക്രമങ്ങൾക്കു വേണ്ടി അവൻ മുറിവേൽക്കപ്പെട്ടു........അവൻ മർദ്ദിക്കപ്പെടുകയും പീഡിപ്പിക്കപ്പെടുകയും ചെയ്തു. എങ്കിലും കൊല്ലാൻ കൊണ്ടുപോകുന്ന ഒരു കുഞ്ഞാടിനെപ്പോലെ അവൻ ഉരിയാടിയില്ല''.

53: 2-ൽ ഇതു രക്ഷകനാണെന്നതിനു വ്യക്തമായ സൂചനയുണ്ടു്. ''തൈച്ചെടിപോലെ, വരണ്ട ഭൂമിയിൽ നിൽക്കുന്ന മുളപോലെ പീഡയനുഭവിക്കുന്ന ഭൃത്യൻ വളരുന്നു. ഇതു ഏശയ്യാ 11: 1-ൽ ''ജെസ്സയുടെ കുററിയിൽ നിന്നു് ഒരു മുള കിളിർത്തുവരും, അവൻെറ വേരിൽനിന്ന് ഒരു ശാഖ പൊട്ടിക്കിളിർക്കും'' എന്നു പ്രസ്താവിച്ചിട്ടുള്ളതിനെ വ്യക്തമായി സൂചിപ്പിച്ചുപറയുകയാണു്. രക്ഷകനെക്കുറിച്ചാണ് ഈ പ്രസ്താവമെന്നു് തർഗൂം വെളിപ്പെടുത്തുന്നുണ്ടു്. 52: 13-ൽ പറയുന്ന ആ ഭൃത്യൻ രക്ഷകനാണെന്നും തർഗൂം പ്രസ്താവിക്കുന്നു. അപ്പോൾ ഒരു വിചിത്രകാര്യം ഉൽഭവിക്കുന്നു. കൊല്ലാൻ കൊണ്ടുപോകപ്പെടുമ്പോൾ വായ് തുറക്കാത്ത ശാന്തനും പീഡയനുഭവിക്കുന്നവനുമായ ഈ ഭൃത്യൻ തർഗൂമിൽ ചിത്രീകരിക്കപ്പെടുന്നതു ശക്തൻമാരായ രാജാക്കന്മാരെ കീഴ്പ്പെടുത്തുകയും നശിപ്പിക്കപ്പെട്ട പരിശുദ്ധ സ്ഥലം വീണ്ടും പണിയുകയും ചെയ്യുന്ന അഹങ്കാരിയും അക്രമിയുമായ ഒരു വ്യക്തിയായിട്ടാണു്.

ഉദാഹരണമായി വേദപുസ്തകത്തിലുള്ളതു് ''അവൻ മനുഷ്യരാൽ നിന്ദിക്കപ്പെടുകയും ഉപേക്ഷിക്കപ്പെടുകയും

www.malankaralibrary.com

ചെയ്തു''. പക്ഷേ, തർഗൂമിലെ ഭാഷ്യം. ''അപ്പോഠം എല്ലാ രാജ്യങ്ങളുടെയും മഹത്ത്വം നിന്ദിക്കപ്പെടുകയും ഇല്ലാതാക്കുകയും ചെയ്യും'' അഞ്ചാം വാക്യത്തിൽ നാം വായിക്കുന്നു, നമ്മുടെ അതിക്രമങ്ങഠംക്കുവേണ്ടി അവൻ മുറിവേൽക്കപ്പെട്ടു; നമ്മുടെ അതിക്രമങ്ങഠംക്കുവേണ്ടി അവൻ ക്ഷതമേൽക്കപ്പെട്ടു''. തർഗൂമിലെ ഭാഷ്യം: നമ്മുടെ പാപങ്ങഠം നിമിത്തം മലിനമാക്കപ്പെട്ടതും മററുള്ളവർ കൈവശമാക്കിയതുമായ വിശുദ്ധ സ്ഥലം അവൻ വീണ്ടും പണിയും''. ഏഴാം വാക്യത്തിൽ നാം വായിക്കുന്നു: ''കൊല്ലാൻ കൊണ്ടുപോകപ്പെടുന്ന ഒരു കുഞ്ഞാടിനെപ്പോലെയായിരുന്നു അവൻ. ''തർഗൂമിലെ ഭാഷ്യം: ജനപദങ്ങളിലെ ശക്തരായവരെ കൊല്ലാനുള്ള ഒരു കുഞ്ഞാടിനെപ്പോലെ അവരെ ഏല്പ്പിക്കും.

ഇതു മനഃപൂർവ്വമായ വക്രതയാണു്. ഏശയ്യായിലെ ഈ ഭാഗം ക്രിസ്ത്യാനികഠം ഉപയോഗിക്കുന്ന വിധത്തെക്കുറിച്ച് യഹൂദർ അസന്തുഷ്ടരാകുകയും തർഗൂം രചിച്ച് വക്രത ഉപേക്ഷിച്ച് അതു നിർത്തുവാൻ ശ്രമിക്കയും ചെയ്തതായി കരുതാം. പക്ഷേ, ഷേക്സ്പീയർ കൃതിയിലെ ആ ''കൂടുതൽ എതിർപ്പു പ്രകടിപ്പിക്കുന്ന'' വനിതയെപ്പോലെ അവിശ്വസനീയമായ ഈ വക്രത മുഖേന അവർ തങ്ങളുടെ ഉള്ളിലിരുപ്പു് വ്യക്തമാക്കി.

എന്നാലും നമുക്കിതു ഗ്രഹിക്കുവാൻ കഴിയും. പീഡ അനുഭവിക്കുന്ന ഭൃത്യൻ രക്ഷകനാണെന്നു തർഗൂം ഉറപ്പായി പറയുന്നുണ്ടു്. അവൻ തീർച്ചയായും യേശുവാണെന്നു വി. മത്തായിയുടെ സുവിശേഷം പ്രസ്താവിക്കുന്നുണ്ടു്. അതിനാൽ ഇരുത്തി ചിന്തിപ്പിക്കുന്ന വായനയ്ക്ക് ഈ ഭാഗം അർഹതയുള്ളതാണു്. കാരണം, അവൻ മാനുഷികരൂപം മറയ്ക്കുവാൻ തക്കവണ്ണം ഒരു ആകാരമില്ലാത്തവനായി വിരൂപനാക്കപ്പെടുകയും എല്ലാവരാലും നിന്ദിക്കപ്പെടുകയും ഉപേക്ഷിക്കപ്പെടുകയും നമ്മുടെ പാപങ്ങഠംക്കുവേണ്ടി മുറിവേൽപ്പിക്കപ്പെടുകയും ചെയ്തു. അവൻെറ മേലുള്ള ശിക്ഷമൂലം നമുക്കു പൂർണ്ണത ലഭിച്ചു. അവൻെറ ക്ഷതങ്ങളാൽ നാം സൗഖ്യം പ്രാപിച്ചു. അതു നമുക്കാവശ്യമായിരുന്നു. കാരണം ആടുകളെപോലെ നാം വഴി തെററിപ്പോ

www.malankaralibrary.com

ഴി. അപ്പോഠം ദൈവം എല്ലാവരുടെയും തിന്മകഠം അവി ടുത്തെ ഭൃത്യൻെറ മേൽ വച്ചു. അവൻ കൊല്ലപ്പെടുകയും ജീവിക്കുന്നവരുടെ നാട്ടിൽ നിന്നും വിഛേദിക്കപ്പെടുകയും ചെയ്തു.

എന്നാൽ പത്താം വാക്യം പെട്ടെന്നു് ഭൃത്യൻ ജീവിക്കുന്നതായി പ്രസ്താവിക്കുന്നു. തൻെറ പ്രയത്നഫലം അവൻ കാണുകയും സംതൃപ്തനാകയും വേണം. മഹാന്മാരോടൊപ്പം അവൻ എണ്ണപ്പെടും. പത്താം വാക്യത്തിലെ ഈ വ്യതിയാനം വിചിത്രമായി ജോൺ മെക്കൻസി കാണുന്നു. "7 മുതൽ 9 വരെയുള്ള വാക്യങ്ങളും പത്തു മുതൽ പന്ത്രണ്ടുവരെയുള്ള വാക്യങ്ങളും തമ്മിൽ സ്പഷ്ടമായ വിരോധോക്തിയുണ്ടു്." ഉയിർപ്പിനെക്കുറിച്ചുള്ള ഒരു പ്രവചനം ഒരുവൻ ഈ വരികളിൽ കാണുന്നില്ലെങ്കിൽ കാര്യം വിചിത്രംതന്നെ.

ഇരുപതാം നൂററാണ്ടിലെ അമേരിക്കരെഴുതിയ നിലയിൽ വേദപുസ്തകം വായിക്കുക ഫണ്ടമെൻറലിസമാണു്. (മതമൗലികവാദമാണു്) അല്ലെങ്കിൽ പുരാതനകാലത്തെ ജനതകളുടെ ഭാഷയും സംസ്കാരവുമനുസരിച്ച് അവർ ഗ്രഹിച്ചവയെ അവഗണിക്കുക ഫണ്ടമെൻറലിസത്തോടടുത്തുവരുന്നതാണു്. അതിനാൽ തർഗൂമുകഠം വേദപുസ്തകവാക്യങ്ങഠം രൂപകാർത്ഥത്തിൽ വ്യാഖ്യാനിക്കുന്നുണ്ടെങ്കിലും അവ നമുക്കു് ഒരു സഹായി ആണെന്നു പറയാം.

അങ്ങനെയെങ്കിൽ, പ്രവചനങ്ങഠം തർഗൂമുകളുടെ സഹായത്തോടെ നാം വായിക്കുന്ന പക്ഷം ഉല്പത്തിപുസ്തകം 49-ാം അധ്യായത്തിൽ മരണത്തോടടുത്തുകിടക്കുന്ന യാക്കോബിൻെറ പ്രവചനങ്ങഠം സ്വയം ഭരണം യൂദായിൽ നിന്നു മാറിപോകുമ്പോഠം രക്ഷകൻ ആഗതനാകുമെന്നും അവിടുന്ന് ബേത്ലഹേമിൽ ജനിക്കുമെന്നുമുള്ള പ്രവചനമാണെന്നു നാം ഗ്രഹിക്കും. ഏശയ്യാ. 7: 14-ൽ രക്ഷകൻെറ കന്യകാജനനം യഥാർത്ഥമായി പ്രവചിച്ചിരുന്നെന്നു പുരാതന സെപ്തജിന്തിൻെറ സഹായത്തോടെ നമുക്കു കാണുവാൻ കഴിയും. വീണ്ടും തർഗൂമുകളിലേക്കു തിരിഞ്ഞാൽ മററൊരു കാര്യവും നമുക്കു കാണുവാൻ കഴിയും. ഏശയ്യാ 9: 5-6-ൽ പ്രസ്താവിക്കുന്ന ശിശുവും 7: 14-ൽ

www.malankaralibrary.com

പ്രസ്താവിക്കുന്ന ശിശുവും ഒരാരം തന്നെയാണെന്നും നാം ഇപ്പോരം കാണും. അതു രക്ഷകനാണെന്നും കാണും. കൂടാതെ ഏക ദൈവത്തിലുള്ള യഹൂദരുടെ ശക്തമായ ഭയം ഒന്നു മാററി വച്ചിട്ട് നാം വായിക്കുകയാണെങ്കിൽ രക്ഷകൻ ശക്തനായ ദൈവം തന്നെയാണെന്നും നാം കാണും. ഏശയ്യാ 53-ലെ സഹിക്കുന്ന ഭൃത്യൻ രക്ഷകനാണെന്നും നമുക്കു ഗ്രഹിക്കാം. ശാന്തനായ ഭൃത്യനെ ഉദ്ധതനായ ഒരു ജേതാവാക്കുന്ന തർഗൂമിൻെറ "കൂടുതലായ എതിർപ്പ്" നാം നന്ദിയോട് സ്വീകരിക്കുക. കാരണം, അവിടെ രക്ഷകൻെറ പീഡാനുഭവം നമുക്കു ദർശിക്കാം. 10-12 വരെയുള്ള വാക്യങ്ങരം അവിടുത്തെ ഉയിർപ്പിനെയാണ് മിക്കവാറും പ്രവചിക്കുന്നതെന്നും നമുക്കു കാണുവാൻ കഴിയും.

കൂടാതെ ഉല്പത്തി 3: 15-ാം വാക്യം രക്ഷകനെക്കുറിച്ചും, അവിടുത്തെ മാതാവിനെക്കുറിച്ചും നാരകീയ സർപ്പത്തിൻെറമേൽ അവർക്കുള്ള വിജയത്തേയുമാണ് സൂചിപ്പിക്കുന്നതെന്നു നമുക്കു കാണുവാൻ കഴിയും.

അല്പം പ്രയാസത്തോടെയെങ്കിലും സെപ്തജിന്തിൻെറയും തർഗൂമുകളുടെയും സഹായത്തോടുകൂടി നാം കാണുന്ന കാര്യം ദൈവപരിപാലനയാൽ സംരക്ഷിക്കപ്പെടുന്ന സഭയുടെ പ്രബോധനാധികാരത്തിൻെറ സഹായത്തോടെ കൂടുതൽ തെളിമയാർന്നു നാം കാണുന്നു.

"പുരാതനമായ ഈ പ്രമാണരേഖകരം സഭാതത്വങ്ങളുടെ വെളിച്ചത്തിൽ വായിച്ച് പിന്നീടു സംഭവിച്ചപൂർണ്ണമായ ദൈവാവിഷ്കാരത്തിൻെറ പ്രകാശത്തിൽ മനസ്സിലാക്കുമ്പോരം രക്ഷകൻെറ മാതാവായ ഈ മഹിളയുടെ ചിത്രം കൂടുതൽ വെളിവാക്കുന്നുണ്ടു" എന്നു് രണ്ടാം വത്തിക്കാൻ സൂനഹദോസ് പ്രസ്താവിക്കുന്നു. കൂടാതെ, കാലത്തിൻെറ തികവിൽ സംഭവിക്കേണ്ടതും ദീർഘയുഗങ്ങളിൽ കൂടി അല്പാല്പമെങ്കിലും ആവശ്യാനുസരണം വെളിപ്പെടുത്തിയതും നിത്യത മുതൽ അവളെയും അവളുടെ ദൈവസുതനായ രക്ഷകനെയും കുറിച്ച് പിതാവ് തയ്യാറാക്കിയ പദ്ധതിയും നാം ഗ്രഹിക്കുന്നു.

www.malankaralibrary.com

# അധ്യായം 7

## വചനം ശരീരിയായി

"പൂർവകാലങ്ങളിൽ പ്രവാചകന്മാർ വഴി വിവിധ ഘട്ടങ്ങളിലും വിവിധ രീതികളിലും ദൈവം നമ്മുടെ പിതാക്കന്മാരോടു സംസാരിച്ചിട്ടുണ്ട്. എന്നാൽ ഈ അവസാന നാളുകളിൽ തന്റെ പുത്രൻവഴി അവിടുന്നു നമ്മോടു സംസാരിച്ചിരിക്കുന്നു. അവനെ അവിടുന്നു സകലത്തിന്റെയും അവകാശിയാക്കി നിയമിക്കുകയും അവൻ മുഖേന പ്രപഞ്ചത്തെ സൃഷ്ടിക്കുകയും ചെയ്തു." സമയം പൂർത്തിയായപ്പോൾ ദൈവം തന്റെ നിത്യമായ പദ്ധതികൾക്കും കാലങ്ങളിലുണ്ടായ പ്രവചനങ്ങൾക്കും അനുസൃതമായി സ്വർഗ്ഗീയ രാജസദസ്സിലെ മഹാനായ ഒരു രാജകുമാരനെ, പ്രധാന മാലാഖയായ ഗബ്രിയേലിനെ, ഒരു പുത്രനെ ഗർഭം ധരിക്കുകയും അവിടുത്തെ നാമം യേശുവെന്നു് വിളിക്കുകയും ചെയ്യേണ്ട ഒരു കന്യകയുടെ പക്കലേക്കയച്ചു.

മുമ്പ് കേട്ടിട്ടില്ലാത്ത ഒരു അഭിവാദനമായിരുന്നു, മാലാഖയുടേതു്. "പ്രസാദവരപൂരിതേ, സ്വസ്തി" "പ്രസാദവരപൂരിതേ" എന്നാണ് വി. ജെറോം അതു ശരിയായി പരിഭാഷപ്പെടുത്തിയിരിക്കുന്നതു്. വി. ജറോമിന്റെ പരിഭാഷ സ്വീകരിക്കുന്നതിനു രണ്ടാം വത്തിക്കാൻ സൂനഹദോസ് മടിച്ചില്ല. ഇതാണ് മാലാഖയുടെ വാക്കുകളുടെ പൂർണ്ണമായ അർത്ഥമെന്നതിനോട് നാം യോജിക്കുന്നു. എന്നാൽ, ദൈവപരിപാലനയാൽ നയിക്കപ്പെട്ട സഭയുടെ പ്രബോധനാധികാരം ഇല്ലായിരുന്നുവെങ്കിൽ ആ പരിപൂർണ്ണമായ അർത്ഥത്തിൽ നാം എത്തിച്ചേരുകയില്ലായിരുന്നു. വി. ലൂക്കോസ് ഗ്രീക്കു ഭാഷയിലാണു തന്റെ സുവിശേഷം എഴുതിയതു്. വി. ലൂക്കോസു് 1: 28-ലുള്ള പദം കെക്കാരിടോമിനെ (Kecharitomene) എന്നാണ്. വളരെ ചുരുക്കമായി മാത്രമായി ഉപയോഗിക്കുന്ന ഒരു പദത്തിന്റെ ഒരു അസാധാരണ രൂപമാണത്. കാരിററൂ (Charitoo) എന്ന പദം പൊതുവായി ഉദ്ദേശിക്കുന്നതിതാണു്: പദനിഷ്പത്തിയനുസരിച്ച് കൃപയിലായിരിക്കുന്നതിനു്, അഥവാ, പ്രസാദവരത്തിലായിരിക്കുന്നതിനു കാരണമാകുക

www.malankaralibrary.com

എന്നാണർത്ഥം. ആ വാക്ക് പൂർണ്ണമാക്കുക എന്നതിനെ സൂചിപ്പിക്കുന്നു. മാലാഖാ ചാരിററൂ എന്ന പദം ഉപയോഗിക്കുക മാത്രമല്ലാ, പ്രത്യുത അത് ഒരു വ്യക്തിനാമത്തിനു പകരം ഉപയോഗിക്കുകയാണ്. നമ്മുടെ സാധാരണ സംസാരശൈലിയിൽ ഒരാളെ "മിസ്റ്റർ ടെന്നിസ്" എന്നു പറയുന്നെന്ന് കരുതുക. അപ്പോാം, അയാാം ടെന്നീസ് കളിയിലെ ഏററം പ്രമുഖനാണെന്നാണ് നാം ഉദ്ദേശിക്കുന്നതു്. അതുപോലെ മറിയത്തെ പേരെടുത്ത് വിളിക്കുന്നതിന് പകരം മാലാഖ അവളെ സംബോധനചെയ്യുന്നത് "പ്രസാദവരപൂരിതേ" എന്നാണ്. (അതിനാൽ ഒരു നാമം കൂട്ടിച്ചേർക്കുന്ന പരിഭാഷ-ഉദാഹരണം മകാം-നിഷ്കൃഷ്ടമായ രീതിയിൽ ശരിയല്ല, അത് ശൈലിയുടെ ശക്തി കുറയ്ക്കുന്ന ഒന്നാണു്)

മറിയത്തിൻെറ അമലോത്ഭവം അധ്യവസാനം ചെയ്തുകൊണ്ടുള്ള ഉദാത്തമായ രേഖയിൽ ഒൻപതാം പീയുസു് മാർപ്പാപ്പാ രേഖപ്പെടുത്തി.

"അവിടുന്നു (പിതാവ്) തൻെറ ഏക ജാതനായ പുത്രനുവേണ്ടി ഒരു മാതാവിനെ തെരഞ്ഞെടുത്തു. തനിച്ചു അവളിൽ മാത്രം പ്രത്യേക സന്തോഷമുണ്ടാകുവാൻ തക്ക വിധം മറെറല്ലാ സൃഷ്ടികളെയുംകാാം അവളെ കൂടുതൽ സ്നേഹിച്ചു. അതിനാൽ ദൈവത്തിനു കീഴെ യാതൊരാളും മഹിമയുള്ളതായിരിക്കുക സാധ്യമാകാത്തവിധം പാപത്തിൻെറ അല്പ മാലിന്യത്തിൽനിന്നുപോലും വിടുതൽ നൽകി, പൂർണ്ണ സുഭഗയും പരിപൂർണ്ണയുമായി, നിർമ്മലതയുടെയും പരിശുദ്ധിയുടെയും പൂർണ്ണതയോടെ, ദൈവത്തിനല്ലാതെ മററാർക്കും ഗ്രഹിക്കാനാവാത്ത രീതിയിൽ, എല്ലാ മാലാഖമാരെയും വിശുദ്ധരേയുംകാാം സ്വർഗ്ഗീയ ദാനങ്ങാംകൊണ്ടു് അത്ഭുതകരമായ രീതിയിൽ അവളെ നിറച്ചു.

സമഗ്രമായ ഈ പ്രസ്താവന അവർ തീർച്ചയായും പ്രസാദവരപൂരിതയായിരുന്നുവെന്നു് നമുക്കു ഉറപ്പു നൽകുന്നുണ്ടു്. രണ്ടാം വത്തിക്കാൻ സൂനഹദോസു് ഇതിനോടു യോജിക്കുന്നു. "ഗർഭസ്ഥയായ നിമിഷം മുതൽ

www.malankaralibrary.com

തന്നെ പരിശുദ്ധിയുടെ പ്രത്യേക ശോഭകളാൽ സമ്പന്നയാക്കപ്പെട്ട നസ്രേത്തിലെ കന്യക, ദൈവകല്പനയാൽ ദൗത്യവാഹകനായ മാലാഖയാൽ ''പ്രസാദവരപൂരിത''യെന്നു് അഭിവാദനം ചെയ്യപ്പെടുന്നു''.

താൻ എന്താണു നിർവഹിക്കേണ്ടതെന്നു് ആ സന്ദർഭത്തിൽ അവരം മനസ്സിലാക്കിയോ? ഒരു ശിശുവിനെ ഉല്പാദിപ്പിക്കുന്നതിനു ശരീരം നല്കുവാൻ അവരം സമ്മതിച്ചു എന്നാണ് ചിലരുടെ ധാരണയെന്നു് മിതമായ ഭാഷയിൽ നമുക്കു പറയാൻ ഒക്കും. പക്ഷെ, അതു സത്യത്തിൽനിന്നു വളരെ വിദൂരമാണു്. തർഗൂം ഗ്രന്ഥകാരന്മാർ ക്ലിപ്തമായ ഒരു നിലയിൽ കണ്ടതു് ''എല്ലാ സ്വർഗ്ഗീയ ദാനങ്ങളുടെയും സമൃദ്ധിയിൽ'' സമ്പന്നയാക്കപ്പെട്ട പ്രസാദവരപൂരിതയായ അവരം തീർച്ചയായി സ്പഷ്ടമായും പൂർണ്ണമായും കാണും. രണ്ടാം വത്തിക്കാൻ സൂനഹദോസ് ശക്തിയോടെ പ്രസ്താവിക്കുന്നു:''മുൻകൂട്ടി തെരഞ്ഞെടുക്കപ്പെട്ട മാതാവിൻെറ സമ്മതം നേടൽ മനുഷ്യാവതാരത്തിനു മുൻപുതന്നെ ഉണ്ടാകണമെന്ന് കരുണകളുടെ പിതാവ് ഇച്ഛരിച്ചു.'' സൂനഹദോസ് തുടരുന്നു: ''മരണം ലോകത്തിൽ തേർവാഴ്ച നടത്തുന്നതിനു ഒരു സ്ത്രീ സമ്മതിച്ചതുപോലെ ജീവൻെറ പുനഃപ്രാപ്തിയിലും ഒരു സ്ത്രീ സഹകരിക്കുക ഉചിതമായിരുന്നതുകൊണ്ടാണത്.'' മിക്കവാറും എല്ലാ സഭാപിതാക്കൻമാരുടെയും ഗ്രന്ഥങ്ങളിൽ, പ്രത്യേകിച്ചു് മംഗലവാർത്ത സന്ദർഭത്തെക്കുറിച്ചുള്ള അവരുടെ ഭാഷ്യങ്ങളിലുള്ള പുതിയ ഹവ്വാ എന്ന വിഷയമാണ് സുന്നഹദോസ് ഉദ്ദേശിക്കുന്നതു്.

രണ്ടാം വത്തിക്കാൻ സൂനഹദോസ് കൂടുതലായി പറയുന്നു: ''അങ്ങനെ ദൈവവചനത്തിനു വിധേയയായിക്കൊണ്ട് ആദത്തിൻെറ പുത്രിയായ മറിയം ക്രിസ്തുവിൻെറ മാതാവായിത്തീർന്നു. ദൈവത്തിൻെറ രക്ഷാകരമായ തിരുവുള്ളം പൂർണ്ണ ഹൃദയത്തോടെ സ്വീകരിച്ചും പാപത്താൽ തടയപ്പെടാതെയും, അവരം കർത്താവിൻെറ ദാസിയായി തൻെറ പുത്രനുവേണ്ടിയും അവിടുത്തെ ദൗത്യത്തിനുവേണ്ടിയും സ്വയം പൂർണ്ണമായി പ്രതിഷ്ഠിക്കുന്നു....

www.malankaralibrary.com

സഭാപിതാക്കൻമാർ മറിയത്തെ ദൈവതൃക്കരങ്ങളിലെ നിശ്ചേഷ്ടോപകരണമായിട്ടല്ല, പ്രത്യുത തന്റെ വിശ്വാസവും അനുസരണവും വഴി സ്വതന്ത്രമായി രക്ഷാകര കർമ്മത്തിൽ പങ്കെടുക്കുന്നവളായിട്ടാണു് പരിഗണിക്കുന്നതു്. വി. ഇറണയൂസ് പറയുന്നു; തന്റെ അനുസരണത്താൽ അവൾ തന്റെയും മനുഷ്യർ എല്ലാവരുടെയും രക്ഷയ്ക്കു കാരണക്കാരിയായി''. അദ്ദേഹത്തോടൊപ്പം മററു പല സഭാപിതാക്കൻമാരും സമർത്ഥിക്കുന്നു: ''ഹവ്വാ അനുസരണക്കേടു വഴി ബന്ധിച്ചതു് മറിയം അനുസരണയാൽ അഴിച്ചു. കന്യകയായ ഹവ്വാ അവിശ്വാസം കൊണ്ടു ബന്ധിച്ചതു് കന്യകയായ മറിയം വിശ്വാസത്താൽ അഴിച്ചു'' താൻ ചെയ്യുന്നത് എന്താണെന്നു അവൾ അറിഞ്ഞിരുന്നില്ലെങ്കിൽ വത്തിക്കാൻ സൂനഹദോസ് പ്രസ്താവിക്കുന്നതരത്തിലുള്ള സമ്മതം നല്കുന്നതിനു അവൾക്കു കഴിയുമായിരുന്നില്ലെന്നതു സ്പഷ്ടമാണു്.

ചുരുക്കിപ്പറയാം. എല്ലാസഭാപിതാക്കന്മാരും ഏകകണ്ഠമായി—പലപ്പോഴും പല കാര്യങ്ങളിലും അവർ ഇപ്രകാരം ഏകകണ്ഠമല്ല—ആദ്യ ആദാം വരുത്തിയ നാശം ഇല്ലാതാക്കിയ ക്രിസ്തു പുതിയ ആദാം ആയിരുന്നതുപോലെ മറിയവും പുതിയഹവ്വായായിരുന്നെന്നാണുപ്രസ്താവിച്ചിട്ടുള്ളത്. പഴയ ഹവ്വാ ദൈവവചനത്തിലുള്ള അവിശ്വാസം നിമിത്തം ജന്മപാപത്തിന്റെ അപകടം നമ്മുടെ വർഗ്ഗത്തിനു മേൽ വരുത്തിവയ്ക്കുവാൻ സഹകരിച്ചതുപോലെ,പുതിയ ഹവ്വായായ മറിയം വിശ്വാസവും അനുസരണവും മൂലം ആ അപകടം തിരിച്ചെടുക്കുന്നതിനു സഹകരിക്കുന്നു. വി. ഇറണയൂസ് പ്രസ്താവിക്കുന്നു: ''അവൾ തന്റെയും മനുഷ്യർ എല്ലാവരുടെയും രക്ഷയ്ക്കു കാരണക്കാരിയായി''.

എന്താണു സമ്മതം നൽകേണ്ടതെന്നു് അവൾ അറിഞ്ഞിരുന്നുവെന്ന കാര്യത്തിൽ ഒന്നിൽ കൂടുതൽ മാർപ്പാപ്പാമാരുടെ പ്രസ്താവനകളുണ്ടു്. മഹാനായ ലെയോ മാർപ്പാപ്പാ തിരുപ്പിറവിയെക്കുറിച്ചുള്ള തന്റെ പ്രസംഗത്തിൽ പറയുന്നു:

www.malankaralibrary.com

"ദാവീദിന്റെ രാജവംശത്തിൽപ്പെട്ട കന്യക തെരഞ്ഞെടുക്കപ്പെട്ടു. അവൾ ദൈവപുത്രനെ ഗർഭം ധരിക്കേണ്ടിയിരിക്കുന്നതിനാൽ ദൈവവും മനുഷ്യനുമായ ശിശുവിനെ ശരീരത്തിൽ ഗർഭം ധരിക്കുന്നതിനുമുമ്പുതന്നെ അതിനെ മനസ്സിൽ ഗർഭം ധരിക്കേണ്ടിയിരുന്നു. അതാകട്ടെ, പരിശുദ്ധാത്മാവിനാൽ അവളിൽ നിറവേറേണ്ടതിനെക്കുറിച്ച് മാലാഖയുമായുള്ള സംഭാഷണത്തിൽനിന്നു് അവൾ അറിഞ്ഞ സ്വർഗ്ഗീയ പദ്ധതിയെക്കുറിച്ചുള്ള അജ്ഞത മൂലം അവൾ ഭയപ്പെടാതിരിക്കാനായിരുന്നു".

പതിമൂന്നാം ലെയോ മാർപ്പാപ്പാ ഒരു അപ്പസ്തോലിക ലേഖനത്തിലെഴുതി; "ഓ! അപ്പോൾ എത്രയോ മാധുര്യമുള്ളതായും എത്രയോ സന്തോഷകരവുമായാണ് പരിശുദ്ധ കന്യകയുടെ പക്കൽ മാലാഖയുടെ അഭിവാദനമെത്തിയതു്. ഗബ്രിയേൽ അവളെ അഭിവാദനം ചെയ്ത വേളയിൽ പരിശുദ്ധാത്മാവിനാൽ ദൈവവചനത്തെ താൻ ഗർഭം ധരിച്ചു എന്നവൾ കരുതി."

മംഗലവാർത്താദിനത്തിൽ താൻ ചെയ്തതു് എന്താണെന്നു അവൾ അറിഞ്ഞിരുന്നില്ലെന്നു തെററായി ധരിച്ചു് പറയുന്നവർതന്നെയാണ് അവളുടെ ദൈവിക സുതൻ താനാരാണെന്നു അറിഞ്ഞിരുന്നില്ലെന്നു പറയുന്നതും. ഇപ്രകാരമുള്ള ചിന്താഗതിക്കു വിശുദ്ധ ലിഖിതപരമായോ മററു രീതികളിലോ തെളിവുകളില്ല. എന്നു മാത്രമല്ല, ഇതു സഭയുടെ ആവർത്തിക്കപ്പെട്ടതും സ്പഷ്ടവുമായ പ്രബോധത്തിനു തികച്ചും വിരുദ്ധവുമാണ്. നാമിതു പിന്നീടു ചർച്ച ചെയ്യും. ഈ തെററിൽ വീണുപോയ ആളുകളുടെ ചിന്ത ഇങ്ങനെ നീളുന്നു. താൻ ആരാണെന്നു അവിടുന്നു അറിഞ്ഞിരുന്നില്ലെങ്കിൽ അവൾക്കും അറിയാമായിരുന്നില്ല. അല്ലെങ്കിൽ അവൾ അവിടുത്തോടു പറയുമായിരുന്നു. കന്യകാജനനംതന്നെയില്ലായിരുന്നെന്ന് പലപ്പോഴും അവർ യഥാർത്ഥത്തിൽ സൂചിപ്പിക്കുന്നുണ്ടു്. അപ്പോൾ അവൾക്കു കൂടുതൽ അറിയാമായിരുന്നു. അവൾ അതു അവിടുത്തോടു പറയുമായിരുന്നു. പക്ഷേ, അവിടുന്നു് അക്കാര്യത്തിൽ അജ്ഞനായിരുന്നു. അതിനാൽ യാതൊരുവിധ കന്യകാജനനവുമില്ല.

www.malankaralibrary.com

പരിപൂർണ്ണമായി സംഭവിച്ചതായാണ് രണ്ടാം വത്തി ക്കാൻ സൂനഹദോസ് മംഗലവാർത്താസംഭവം പരിഗണിക്കു ന്നതു്. അതിനാൽ വി. ലൂക്കോസിൻെറ സുവിശേഷത്തിലെ വിവരണങ്ങളിലൂടെ നമുക്കൊരു പര്യടനം നടത്താം.

മംഗലവാർത്താദിനത്തിനു മുൻപ് ഭക്തരായ അനേകം യഹൂദരെപ്പോലെ രക്ഷകൻെറ ആഗമനത്തിനുവേണ്ടി അവ ഒരുങ്ങുകയായിരുന്നു. രേഖപ്പെടുത്തിയിട്ടുള്ളതുപോലെ "തിരുപ്പിറവി എന്ന രഹസ്യം സമാഗതമാക്കുന്നതിൽ തീർച്ച യായും കന്യകയുടെ പ്രാർത്ഥനയ്ക്കു വളരെ ശക്തി ഉണ്ടായിരുന്നു."

മററുള്ളവർക്കു സ്വർഗ്ഗീയമായ ഒരു പ്രത്യക്ഷതയിൽ ഉണ്ടാകാറുള്ളതുപോലെ മറിയവും ആദ്യം ഭയപ്പെട്ടു. അവളെ സമാധാനിപ്പിക്കാൻ മാലാഖ തത്രപ്പെട്ടു: "ദൂതൻ അവ ളോടു പറഞ്ഞു: മറിയമേ, നീ ഭയപ്പെടേണ്ട; ദൈവസന്നിധി യിൽ നീ കൃപ കണ്ടെത്തിയിരിക്കുന്നു. നീ ഗർഭം ധരിച്ച് ഒരു പുത്രനെ പ്രസവിക്കും. നീ അവനെ യേശു എന്നു പേരിടണം. അവൻ വലിയവൻ ആയിരിക്കും; അത്യുന്നത ൻെറ പുത്രൻ എന്നു അവൻ വിളിക്കപ്പെടും". അതുവരെ തൻെറ മകൻെറ പ്രകൃതിയെക്കുറിച്ചു് അവ അധികം അറിഞ്ഞിരുന്നില്ലെന്നു പറയാം. "അത്യുന്നതൻെറ പുത്രൻ" എന്ന നാമം ഏതു ഭക്ത യഹൂദനും ചേരും. ഹോസിയാ. 11: 1-നെക്കുറിച്ചു നമുക്കിപ്പോ വിചാരമുണ്ടാകുന്നു. വി. മത്തായി. 2: 15-ൽ അതു ഉദ്ധരിച്ചിട്ടുമുണ്ട്. "ഈജി പ്തിൽ നിന്നു് ഞാൻ എൻെറ പുത്രനെ വിളിച്ചു. "പുറ പ്പാടുവഴി ഈജിപ്തിൽ നിന്നു് രക്ഷപ്പെടുത്തിയ മുഴുവൻ ഇസ്രായേലിനെയുമാണു് പുത്രൻ എന്നു് ഇവിടെ പരാമർ ശിക്കുന്നതു്.

കാര്യങ്ങ കൂടുതൽ കൂടുതൽ വ്യക്തമായി തുടങ്ങി യതു് മാലാഖ തുടർന്നപ്പോഴാണ്: "അവൻെറ പിതാവായ ദാവീദിൻെറ സിംഹാസനം ദൈവമായ കർത്താവ് അവനു കൊടുക്കും". വി. ലിഖിതങ്ങളിലുള്ള അനേകം പ്രവചന ങ്ങ രക്ഷകനെക്കുറിച്ചു ദാവീദിൻെറ പുത്രനെന്നാണു പ്ര

www.malankaralibrary.com

സ്താവിച്ചിരിക്കുന്നതു്. ഏശയ്യാ 11: 1 നാം കണ്ടതാണു്. അതിനാൽ തന്റെ പുത്രൻ രക്ഷകനാണെന്നു അവൾക്കു അനായാസം ഗ്രഹിക്കാനാവും.

വീണ്ടും യാക്കോബിന്റെ ഭവനത്തിൻ മേൽ അവൻ എന്നേക്കും ഭരണം നടത്തും. അവന്റെ രാജ്യത്തിന് അവസാനമുണ്ടാകുകയില്ല.'' (ലൂക്കോ 1: 33) രക്ഷകൻ എന്നേക്കും ജീവിക്കുമെന്നാണ് മിക്ക യഹൂദരും കരുതിയിരുന്നതു്. തന്മൂലമാണ് ഏശയ്യാ 53-ൽ പ്രസ്പഷ്ടമായി കാണാമായിരുന്നതു് ആ അദ്ധ്യായത്തിന്റെ ഭാഷ്യത്തിൽ തർഗൂമിനു കാണാൻ കഴിയാതെ വന്നതു്. (പീഡ അനുഭവിക്കുന്ന ഭൃത്യൻ രക്ഷകനാണെന്നു തർഗൂമിനറിയാമായിരുന്നു.) അതായത് രക്ഷകൻ പീഡയനുഭവിക്കുമെന്നും, മരിക്കുമെന്നും. അതിനാലാണ് ഏശയ്യാ ഭൃത്യനെക്കുറിച്ച് മുൻകൂട്ടി പ്രസ്താവിച്ചിരുന്നതിനു നേരെ വിരുദ്ധമായി ഭാഷ്യം നൽകാൻ തർഗൂം ഇത്രമാത്രം ശക്തമായി പ്രതികരിച്ചതു്. ഏശയ്യാ 53-ൽ പ്രതിപാദിച്ചിട്ടുള്ള രക്ഷകൻ പീഡയനുഭവിക്കുകയും മരിക്കുകയും ചെയ്യുമെന്നു് മിക്ക യഹൂദർക്കും ഗ്രഹിക്കുവാൻ കഴിയാതെപോയതു് പ്രസാദവരപൂരിതയായ മറിയത്തിനു തീർച്ചയായും ഗ്രഹിക്കുവാൻ സാധിക്കുമായിരുന്നു.

എന്നാൽ അജ്ഞത അവൾക്കാരോപിക്കുന്നവർ തങ്ങൾക്കുതന്നെ പ്രയാസകരമായ ഒരു കാര്യം തെരഞ്ഞെടുക്കേണ്ടതുണ്ടു്. അവളുടെ മകൻ എന്നേക്കും ഭരണം നടത്തുമെന്നാണ് മാലാഖ പ്രസ്താവിച്ചതു്. അപ്പോൾ ആറാം അധ്യായത്തിൽ നാം കാണുന്നതുപോലെ എന്നേക്കും ഭരണം നടത്തുന്നതിനു ഉയിർത്തെഴുന്നേൽക്കുന്നവനും ഏശയ്യാ 53-ൽ പറഞ്ഞിരിക്കുന്നവനുമായ പീഡയനുഭവിക്കുന്നവനുമായ രക്ഷകനായി അവൾ അവിടുത്തെ കാണണം. അല്ലെങ്കിൽ രക്ഷകനായി ചിന്തിക്കാതെ ഇങ്ങനെയവൾ കരുതണം: "ദൈവം മാത്രമേ എന്നേക്കും ഭരണം നടത്തുന്നുള്ളു. അതിനാൽ എന്റെ മകൻ ദൈവമായിരിക്കണം''.

മാലാഖയുടെ അറിയിപ്പുമൂലം തന്റെ പുത്രൻ രക്ഷകനാണെന്നു് അവൾ കരുതിയെന്നു് നാം ഊന്നിപ്പറയുന്നു.

www.malankaralibrary.com

കൂടുതലായുമുണ്ടു്. "താൻ പുരുഷനെ അറിയുന്നില്ലല്ലോ" അവളുടെ കന്യകാത്വത്തെക്കുറിച്ചുള്ള പ്രതിജ്ഞയോ തീരുമാനമോ അതു സൂചിപ്പിക്കുന്നു. അങ്ങനെ പ്രസ്താവിച്ചിട്ട് ഇതെങ്ങനെ സംഭവിക്കുമെന്നു് അവരം ആരാഞ്ഞപ്പോരം മാലാഖാ തുടർന്നു വിശദമാക്കി. "പരിശുദ്ധാത്മാവ് നിന്റെമേൽ വരും: അത്യുന്നതന്റെ ശക്തി നിന്റെമേൽ ആവസിക്കും; ജനിക്കാൻ പോകുന്ന ശിശു പരിശുദ്ധൻ, ദൈവപുത്രൻ എന്നു വിളിക്കപ്പെടും" (ലൂക്കോ. 1: 35)

തന്റെ പുത്രൻ ദൈവമാണെന്നു് മറിയം ഈ സന്ദർഭത്തിൽ തീർച്ചയായും ഗ്രഹിക്കും. കാരണം, ദൈവപുത്രൻ എന്നു് അവിടുന്നു് വിളിക്കപ്പെടുന്നതിന്റെ കാരണം പ്രത്യേകമായ ഒന്നാണു്. അവിടുന്നു ദൈവപുത്രനാണെന്നു വിളിക്കപ്പെടുന്നതിന്റെ കാരണം. അത്യുന്നതന്റെ ശക്തി അവളുടെമേൽ ആവസിക്കുമെന്നതിനാലാണു്. ഈ പദം പലപ്പോഴും പഴയനിയമത്തിൽ ഉപയോഗിച്ചിട്ടുണ്ടു്. മരുഭൂമിയിൽ സമാഗമനകൂടാരത്തിൽ ദൈവസാന്നിധ്യം പൂർണ്ണമായുണ്ടെന്നു കാണിക്കുവാൻ ഈ വാക്കു ഉപയോഗിച്ചിട്ടുണ്ടു്. (പുറപ്പാട് 40; 34) യറൂസലേമിലെ ദൈവാലയ പ്രതിഷ്ഠാവേളയിൽ ദൈവസാന്നിധ്യം നിറഞ്ഞതായി സൂചിപ്പിക്കുവാനും ഈ പദം ഉപയോഗിച്ചിട്ടുണ്ടു്. പുതിയ ദൈവാലയം പഴയ ദൈവാലയത്തെക്കാരം കൂടുതൽ മഹത്വത്തോടെ കർത്താവിന്റെ പ്രഭകൊണ്ടു നിറയുമെന്നു് ഹഗ്ഗായി പ്രവചിച്ചിട്ടുണ്ടു്. (ഹഗ്ഗാ. 2: 2:-9) 'ഇക്കാരണത്താൽ' അതായതു് അവളുടെമേൽ ദൈവസാന്നിധ്യം വരുമെന്നതിനാൽ, അവളുടെ പുത്രൻ "ദൈവത്തിന്റെ പുത്രൻ" ആയിരിക്കുമെന്നതും നാം പ്രത്യേകം ഗ്രഹിക്കേണ്ടതാണ്. ഭക്തനായ ഏതെങ്കിലും യഹൂദനെ ദൈവപുത്രൻ എന്നു വിളിക്കുന്നതിൽനിന്നും ഇത് വളരെ വിഭിന്നമാണെന്ന് സ്പഷ്ടം. അവളുടെ മകൻ ആ മകൻ മാത്രം, ദൈവസുതൻ ആയിരിക്കും.

കൂടാതെ, ഭക്തനായ ഏതൊരു യഹൂദനെയുംപോലെ അവരം പഴയനിയമം ധ്യാനിച്ചിരുന്നതിനാൽ, ഏശയ്യാ 9:

www.malankaralibrary.com

5-6-ൽ കാണുന്ന രക്ഷകൻ "ശക്തനായ ദൈവം" ആയിരിക്കുമെന്ന് അവരറിയാമായിരുന്നു. നാം ഇത് ആറാം അധ്യായത്തിൽ കണ്ടതാണ്. കഠിന ഹൃദയരും അഹന്തയുള്ളവരുമായവർക്ക് ഇക്കാര്യം മനസ്സിലാകുക സാധ്യമായിരുന്നില്ലെങ്കിലും പ്രസാദവരപൂരിതയായ അവർക്ക് ഇതിന്റെ അർത്ഥം ഗ്രഹിക്കാമായിരുന്നു. സ്നാപകയോഹന്നാന്റെ ജനനത്തെക്കുറിച്ച് മാലാഖാ സഖറിയായിക്ക് അറിയിപ്പു നൽകാൻ വന്നപ്പോൾ യോഹന്നാൻ യഥാർത്ഥത്തിൽ ദൈവത്തിന്റെതന്നെ മുൻപേ പോകുമെന്ന് പ്രസ്താവിച്ചിരുന്നല്ലോ. മലാക്കി 3:1–ൽ ദൈവത്തിന്റെ വ്യക്തിപരമായ ആഗമനം പ്രസ്താവിച്ചിട്ടുണ്ട്. ആ വാക്കുകളുപയോഗിച്ച് മാലാഖാ യോഹന്നാനെക്കുറിച്ച് പ്രസ്താവിച്ചു: "ഇസ്രായേൽമക്കളിൽ വളരെപ്പേരെ അവരുടെ ദൈവമായ കർത്താവിന്റെ പക്കലേക്ക് അവൻ കൊണ്ടുവരും........സജ്ജീകൃതമായ ഒരു ജനത്തെ കർത്താവിനുവേണ്ടി ഒരുക്കാനും ഏലിയായുടെ ചൈതന്യത്തോടും ശക്തിയോടുംകൂടെ അവൻ (യോഹന്നാൻ) കർത്താവിന്റെ (ദൈവത്തിന്റെ) മുമ്പാകെ പോകും" (ലൂക്കോ. 1, 16-17),

ഉടൻതന്നെ മാലാഖാ മുഖേന ദൈവം ആവശ്യപ്പെട്ടതിന് മറിയം സന്നദ്ധയായി. ലെയോ പതിമ്മൂന്നാമൻ മാർപ്പാപ്പാ രേഖപ്പെടുത്തിയതുപോലെ "മനുഷ്യവർഗ്ഗം മുഴുവന്റെയും നാമത്തിൽ" രക്ഷകന്റെ മാതാവായിരിക്കുന്നതിന്, ദൈവമാതാവായിരിക്കുന്നതിന്, മറിയം സമ്മതിച്ചു. അവർ പറഞ്ഞു: "ഇതാ! ഞാൻ കർത്താവിന്റെ അടിമപ്പെണ്ണ്, നിന്റെ വചനംപോലെ എനിക്കു ഭവിക്കട്ടെ"-ആ സന്ദർഭത്തിൽ തന്നെ ഒൻപതാം പീയൂസ് പ്രസ്താവിച്ചിട്ടുള്ളതുപോലെ അവർ "ദൈവത്തിന് മാത്രം താഴെയുള്ള" മഹത്വനിലയിലേക്ക് ഉയർത്തപ്പെട്ടു. അവർ അടിമപ്പെണ്ണെന്നു പറഞ്ഞ ആ നിമിഷത്തിൽതന്നെ അത് സംഭവിച്ചു. വി. ലൂക്കോസ് ഗ്രീക്കിലാണ് തന്റെ സുവിശേഷം രചിച്ചത്. അദ്ദേഹം ഉപയോഗിച്ച പദം ദൂലെ (dule) എന്നാണ്.

ആ ദിവസത്തിനുശേഷമുള്ള നൂററാണ്ടുകളിൽ സവിശേഷ ശ്രേഷ്ഠതയുള്ള അനേകം ആത്മാക്കൾ, വിശുദ്ധരെന്ന് പേർവിളിക്കപ്പെട്ടിട്ടില്ലെങ്കിലും ദൈവസാന്നിദ്ധ്യം

www.malankaralibrary.com

ഗ്രഹിക്കുന്നതിനു അനുവദിക്കപ്പെട്ടവരായി ആധ്യാത്മികാഭിവൃദ്ധിയുടെ ഉത്തുംഗതസ്ഥാനത്ത് എത്തിയിട്ടുണ്ട്. ഇന്ദ്രിയങ്ങൾ മുഖേനയല്ലാതെ അവരതു ഗ്രഹിച്ചിട്ടുണ്ട്. മേശമേൽ കൈയ് വച്ച് സ്പർശനാനുഭവം ഉണ്ടാകുന്നതു പോലുള്ള ദൈവസാന്നിധ്യാനുഭവം അവർക്കുണ്ടായിട്ടുമുണ്ട്. മംഗലവാർത്താനിമിഷം മുതൽ ശാരീരികമായിതന്നെ അവൾ ദൈവസാന്നിധ്യം അനുഭവിച്ചു. അവളുടെ മകൻ ആ നിമിഷത്തിൽതന്നെ അവളുടെ ഉദരത്തിൽ ഉരുവായി. പക്ഷേ, ഒൻപതാം പീയൂസ് മാർപ്പാപ്പാ പ്രസ്താവിച്ചിട്ടുള്ളതുപോലെ "ദൈവത്തിനുതാഴെ മറ്റൊരുവനും വലിയവനല്ലാത്തനിലയിൽ, ദൈവത്തിനുമാത്രം ഗ്രഹിക്കാവുന്ന നിലയിൽ" അവൾ ആരംഭംമുതലേ പരിശുദ്ധിയിൽ വളരെ പുരോഗമിച്ചവളായിരുന്നു. ആ ദൈവസാന്നിധ്യം, അതേ തൻെറ മകൻെറ സാന്നിധ്യം അവൾ ഗ്രഹിച്ചുവെന്നതു സ്പഷ്ടം. അവിടുത്തെ ദൈവത്വത്തെക്കുറിച്ച് മാലാഖയിൽ നിന്നു ഗ്രഹിച്ചിരുന്നില്ലെങ്കിൽപോലും ഈ നിലയിൽ അവൾ അതുഗ്രഹിച്ചിരുന്നിരിക്കണമെന്നു വ്യക്തമാണ്.

സന്തോഷകരമായ ഒരു രഹസ്യമെന്നാണ് ഈ മംഗലവാർത്തയെക്കുറിച്ച് നാം പറയുന്നത്. അതങ്ങനെതന്നെയാണുതാനും. പക്ഷേ, ഈ ലോകത്തിൽ കലർപ്പുകലരാത്ത സന്തോഷം വളരെ ചുരുക്കമാണ്. ഈ സന്തോഷം മറിയത്തിനുവിവിധപ്രശ്നമുളവാക്കി. മറിയത്തിനുള്ള ഒരുവാളിൻെറ ആരംഭമായി അതുതുടങ്ങി, കാരണം അവളുടെ വിശ്വാസത്തിന് ആ ദിവസം കഠിനമായ ഒരു പരീക്ഷയായി. കൂടാതെ ദൈവതിരുമനസ്സുമായുള്ള സംയോജിപ്പിൻെറ വളരെ വേദനാജനകവുമായ ആരംഭവും.

അവളുടെ വിശ്വാസം പരീക്ഷിക്കപ്പെട്ടു. കാരണം, മറേറതൊരു യഹൂദനെയും പോലെ ഒരുദൈവം മാത്രമേയുള്ളൂവെന്നകാര്യം തുടർച്ചയായി പ്രബോധിക്കപ്പെട്ടിരുന്നതുമൂലം അതു അവളുടെ ഉള്ളിൽ നിറഞ്ഞുനിന്നിരുന്നു. എന്നിരുന്നാലും ഗബ്രിയേലിൻെറ ദൗത്യത്തിൽനിന്ന് പിതാവായ ദൈവമുണ്ടെന്നും തൻെറ മകൻ ദൈവമാണെന്നും അവൾ ഗ്രഹിച്ചു. അതെങ്ങനെ സംഭവിക്കും? ഇന്നു ജീവി

www.malankaralibrary.com

ച്ചിരിക്കുന്ന നമുക്കു ദൈവം ഏകനാണെന്നും അതേ സമയം തന്നെ ദൈവത്തിൽ മൂന്നാളുകളുണ്ടെന്നും പരിശുദ്ധ ത്രിത്വത്തെക്കുറിച്ച് സുഗമമായി പ്രസ്താവിക്കാം. മറെറാരുവാക്കിൽ പറഞ്ഞാൽ അതിനിഗൂഢമായ ഈ രഹസ്യം നമ്മിൽ വേരൂന്നിക്കഴിഞ്ഞിരിക്കുന്നു. ഈ രഹസ്യം നമുക്ക് ഇന്നു വിഷമപ്രശ്നമേയല്ലെന്നു പറയാം. പക്ഷേ, എങ്ങനെയാണ് മൂന്നാളുകൾ ഉണ്ടെങ്കിലും ഒരു ദൈവമേയുള്ളുവെന്ന് നാം പൂർണ്ണമായി ഗ്രഹിച്ചിട്ടുമില്ല.

വാക്കുകളുടെ ഇപ്രകാരമുള്ള ഒരു വ്യവസ്ഥ (Formula) അവർക്കില്ലായിരുന്നു. പക്ഷേ, നാം മുമ്പുപ്രസ്താവിച്ചതുപോലെ വാക്കുകളുടെ ഈ വ്യവസ്ഥ അഥവാ സൂത്രരൂപം അതുഗ്രഹിക്കുവാൻ നമുക്കു സഹായകമല്ല. അതുപയോഗിച്ച് നാം ശീലിച്ചുവെന്നുമാത്രം. ദൈവം ഒന്നുമാത്രമേയുള്ളുവെന്ന തൻെറ പിതാക്കന്മാരുടെ വിശ്വാസം താൻ കാത്തുസൂക്ഷിക്കേണ്ടതുണ്ടെന്ന് അവൾക്കറിയാമായിരുന്നു. എന്നാൽ ദൈവമായ രണ്ടാളുകളെ അവൾ അറിയേണ്ടതുണ്ടായിരുന്നു. എങ്ങനെ പൊരുത്തപ്പെടാനാണ്? അവൾക്കറിഞ്ഞുകൂടായിരുന്നു. മനസ്സിലാക്കുവാനുള്ള സാധ്യതയില്ലാതെതന്നെയെന്നു പറയാം, അവൾ ഇരുട്ടിൽ തപ്പേണ്ടിയിരുന്നു. അവളതു ചെയ്തു. അവിശ്വസനീയമായത് അവൾ വിശ്വസിച്ചു.

പ്രധാനമാലാഖയുടെ വാക്കുകളിൽ നിന്ന് ദൈവത്തിൽ മൂന്നാമതൊരാൾ കൂടിയുണ്ടെന്നു അവൾ ഗ്രഹിച്ചോ? നമുക്കു തീർച്ചയില്ല. മംഗലവാർത്താവേളയിൽ പരിശുദ്ധാത്മാവിൻെറ കാര്യം പ്രസ്താവിച്ചത് വ്യത്യസ്തമായ ഒരു വിചാരം അവളിൽ ഉളവാക്കിയിരിക്കാം. പഴയ നിയമത്തിൽ ദൈവത്തിൻെറ ആത്മാവിനെക്കുറിച്ച് ചലപ്രാവശ്യം പ്രസ്താവിക്കുന്നുണ്ട്. ഉദാഹരണമായി, സൃഷ്ടിയുടെ സമയം ദൈവത്തിൻെറ ആത്മാവ് വെള്ളത്തിനുമീതെ ചലിച്ചുകൊണ്ടിരുന്നു. എന്നാൽ യഹൂദർ ഈ ആത്മാവിനെ ഒരു ആളായികണ്ടിരുന്നില്ല; പ്രത്യുത ദൈവത്തിൽനിന്നു പുറപ്പെടുന്ന ശക്തിയോ ചൈതന്യമോ ആയി മാത്രം. അതിനാൽ, പരിശുദ്ധാത്മാവ് എന്ന പദം അവളിൽ ഏതുതര

മുള്ള അവബോധമാണുണ്ടാകേണ്ടിയതെന്ന് അറിയാനുള്ള മാർ ഗ്ഗം നമുക്കില്ല. അതു രണ്ടുവിധത്തിലുമാകാം.

അവൾക്ക് തൻെറ ഉള്ളിലുള്ള ദൈവസാന്നിധ്യത്തെ സംബന്ധിച്ച ബഹുമാനം ഏററം ആഴമായിരുന്നതാണോ എന്ന് നമുക്കറിഞ്ഞുകൂടാ. നാം മുമ്പുകണ്ടതുപോലെ ആധുനികകാലത്ത് അനേകം ആത്മാക്കൾ ഒരു രോഗത്തിനു വിധേയരാണ്. കാരണം, അവർ ദൈവത്തിൻെറ നന്മയും സ്നേഹവും മാത്രമേ ചിന്തിക്കുന്നുള്ളൂ. അവ അനന്തവുമാണ് പക്ഷേ, പ്രായോഗികതലത്തിൽ അവർ അവിടുത്തെ അനന്തമഹിമ വിസ്മരിക്കുന്നു. അവൾക്കു മറവിയില്ലായിരുന്നു. കാരണം, അവളുടെ കാലത്തെ നല്ല യഹൂദർ പ്രാർത്ഥിക്കുമ്പോൾ പോലും വി. ലിഖിതങ്ങൾ വായിക്കുമ്പോൾപോലും അവിടുത്തെ പരിശുദ്ധനാമമായ യാഹ്വേ എന്ന് ഉച്ചരിക്കുകപോലുമില്ലായിരുന്നു. ദൈവത്തോടുള്ള അവരുടെ ബഹുമാനം അത്രയ്ക്കുവലുതായിരുന്നു. പക്ഷേ, ഇപ്പോൾ അവിടുന്നു അവളുടെ ഉള്ളിലുണ്ട്, ഒൻപതുമാസത്തേക്ക് അവളുടെപുത്രനായി.

രണ്ടാമതായി, ഒരുവാൾ അവളുടെ ഹൃദയത്തിൽ തളച്ചുകയറാൻ തുടങ്ങിയിരുന്നു. കാരണം, തർഗൂമുകളെഴുതിയവർ അവ്യക്തമായികണ്ടിരുന്നത്, അതായത് അവിടുന്നു രക്ഷകനാണെന്ന വസ്തുത, അവൾ വ്യക്തമായി ഗ്രഹിച്ചുകഴിഞ്ഞിരുന്നു. കൂടാതെ അവർ വിട്ടുകളഞ്ഞകാര്യവും അവൾ മനസ്സിലാക്കി. അതാകട്ടെ, രക്ഷകൻ "മനുഷ്യാകാരത്തിനും അതീതമായി വിരൂപനാക്കപ്പെടുകയും.... മനുഷ്യരാൽ നിന്ദിക്കപ്പെടുകയും ഉപേക്ഷിക്കപ്പെടുകയും ദുഃഖത്തിൻെറ മനുഷ്യനാകുകയും പീഡകൾ സഹിക്കുകയും ചെയ്യുമെന്ന്." നമ്മുടെ വേദനകൾ അവിടുന്ന് യഥാർത്ഥത്തിൽ വഹിക്കും, നമ്മുടെ ദുഃഖങ്ങൾ അവൻ ചുമക്കും, എന്നാൽ ദൈവം അവനെ പ്രഹരിക്കുകയും ശിക്ഷിക്കുകയും ദണ്ഡിപ്പിക്കുകയും ചെയ്യും, നമ്മുടെ അതിക്രമങ്ങൾക്കുവേണ്ടി അവിടുന്ന് മുറിവേൽപ്പിക്കപ്പെടും, നമ്മുടെ അകൃത്യങ്ങൾക്കുവേണ്ടി അവൻ ക്ഷതമേൽപ്പിക്കപ്പെടും, ഇവയെല്ലാം അവൾ അറിഞ്ഞിരുന്നു. ജീവിക്കുന്നവരുടെയിടയിൽ

www.malankaralibrary.com

അവൻ വിഷേ്കരിക്കപ്പെട്ടും, അവൻ തൻെറ ജനങ്ങളുടെ പാപങ്ങൾക്കുവേണ്ടി ക്ഷതമേൽക്കപ്പെടും, എന്നും അവരം അറിഞ്ഞിരുന്നു. തൻെറ കഠിനവേദനയുടെ ഫലം കണ്ട് അവൻ സംതൃപ്തനാകും, വീണ്ടും ജീവിച്ച് മഹാനായി അവൻ എണ്ണപ്പെടും എന്നുംകൂടി അവരം അറിഞ്ഞിരുന്നു. നവജാതനാകാൻ പോകുന്ന ഒരു ശിശുവിനെക്കുറിച്ചുള്ള വിചാരം പ്രസവവേദനയനുഭവിക്കുന്ന ഒരു സ്ത്രീയുടെ വേദന കുറക്കാത്തതുപോലെ ഭാവിയെക്കുറിച്ചുള്ള ചിന്ത അവരം വേദന സഹിക്കുന്നത് കുറച്ചില്ല.

നേരേമറിച്ച്, വേദനാജനകമായ ഈ അറിവോടുകൂടി അനേകവത്സരങ്ങരം ജീവിക്കണമെന്ന വസ്തുത അവളുടെ വേദനവർദ്ധിപ്പിച്ചിതേയുള്ളു. ദൈവമായിരുന്നുവെങ്കിലും അവിടുന്നും ഇതു സഹിക്കേണ്ടിവന്നു. അടുത്ത അധ്യായത്തിൽ നാം കാണാനിരിക്കുന്നതുപോലെ അവിടുന്ന് ഗർഭസ്ഥനായ നിമിഷം മുതൽ ദൈവദർശനം അവിടുത്തേക്കുണ്ടായിരുന്നതിനാൽ അവിടുത്തെ മാനുഷീകാത്മാവ് താൻ പീഡയനുഭവിക്കുമെന്ന് പൂർണ്ണമായി അറിഞ്ഞിരുന്നു. എബ്രായർക്കുള്ള ലേഖനത്തിൽ വി. പൗലോസ് പ്രസ്താവിക്കുന്നതുപോലെ ആ നിമിഷംതന്നെ അവിടുന്ന് അതു സ്വീകരിക്കുകയും ഇങ്ങനെ പറയുകയും ചെയ്തു: “ദൈവമേ, ഇതാ! അവിടുത്തെ ഇഷ്ടം നിറവേററാൻ ഞാൻ വന്നിരിക്കുന്നു”. (എബ്രാ. 10, 7) ഇങ്ങനെ, “അതു സംഭവിക്കട്ടെ” എന്നുള്ള അവളുടെ വാക്കുകരംതന്നെ അവിടുന്ന് പ്രതിധ്വനിപ്പിച്ചു. അതിനാൽ പിന്നീട് അവിടുന്ന് തൻെറ അപ്പോസ്തലന്മാരോടു പ്രസ്താവിച്ചു: “എനിക്ക് ഒരു മാമോദീസാ സ്വീകരിക്കുവാനുണ്ട്, അതു നിവൃത്തിയാകുവോളം ഞാൻ എത്ര ഞെരുങ്ങുന്നു!” (ലൂക്കോ. 12, 50) തൻെറ പീഡാനുഭവങ്ങരംക്കു ഏതാനും ദിവസങ്ങരം മാത്രം ബാക്കിനിൽക്കേ ജനക്കൂട്ടത്തോടുള്ള ഉപദേശത്തിൽ സ്വഗതമെന്നോണം അവിടുന്നരുളിച്ചെയ്തു: “ഇപ്പോരം എൻെറ ആത്മാവ് അസ്വസ്ഥമായിരിക്കുന്നു. ഞാൻ എന്തു പറയേണ്ടു? പിതാവേ, ഈ നാഴികയിൽ നിന്ന് എന്നെ രക്ഷിക്കണമെ” (യോഹ. 12, 27).

www.malankaralibrary.com

എന്നിരുന്നാലും അവളുടെ വിശ്വാസം ഒരിക്കലും ഉലഞ്ഞില്ല. യാതൊരു മടിയുംകൂടാതെ പിതാവിന്റെ തിരുവിഷ്ടം അവൾ സ്വീകരിച്ചു "നിന്റെ വചനംപോലെ എനിക്കു ഭവിക്കട്ടെ".

അവസാനം ദൈവത്തിനു ഒരു മാനുഷിക ഹൃദയമുണ്ടായി. അവിടുത്തെ മാർഗ്ഗങ്ങളെക്കുറിച്ച് അനേക കാര്യങ്ങൾ ഗ്രഹിക്കുവാൻ കഴിയുമെന്ന് സംശയലേശമെന്യെ മനുഷ്യർക്കു കരുതാറായി, ആകാശങ്ങൾ ഭൂമിക്കുമേൽ എത്ര ഉന്നതമാണോ, അതുപോലെ അവിടുത്തെ മാർഗ്ഗങ്ങൾ നമുക്കുമേൽ ഉന്നതമാണെങ്കിലും, ദൈവം എപ്പോഴും അനന്ത നന്മയായിരുന്നു, അനന്ത സ്നേഹമായിരുന്നു. പക്ഷേ, അവിടുത്തെ ഗ്രഹിക്കുന്നതിനുനമുക്കൊരുസഹായം ആവശ്യമായിരുന്നു.

ഈ മനുഷ്യത്വത്തിന്റെ അസ്തിത്വംതന്നെ, മനുഷ്യാവതാരത്തിന്റെ ഈ വസ്തുതതന്നെ, എണ്ണമററ ലോകങ്ങൾ വീണ്ടെടുക്കുന്നതിനു പര്യാപ്തമായിരുന്നു. ഏതെല്ലാം മാർഗ്ഗങ്ങൾവഴി നമ്മുടെ വീണ്ടെടുപ്പ് ദൈവത്തിനു സാധ്യമായിരുന്നെന്നു നാം സ്മരിക്കുകയാണെങ്കിൽ (അധ്യായം മൂന്ന്) ദൈവം മനുഷ്യനാകുന്ന വസ്തുതതന്നെ, മനുഷ്യത്വം ദൈവത്തിന് ഒരു ആരാധന, അനന്തവിലയുള്ള പാപപരിഹാരം സമർപ്പിക്കുകയായിരുന്നെന്നു നമുക്കു ഗ്രഹിക്കുവാൻ കഴിയും.

പൗരസ്ത്യപിതാക്കന്മാർക്കു പൊതുവേ, പ്രത്യേകിച്ച് വിശുദ്ധ അത്തനേഷ്യസിന് ഈ വസ്തുത വീക്ഷിക്കുവാനുള്ള ഒരു പ്രത്യേക മാർഗ്ഗമുണ്ട്. ആര്യനിസത്തിനെതിരായ തന്റെ രണ്ടാം പ്രസംഗത്തിൽ അദ്ദേഹം പ്രസ്താവിക്കുന്നത്, പുത്രൻ നമ്മുടെ സ്വഭാവം സ്വീകരിച്ചത്, "അതിന്റെ ആദിമ നിർമ്മാതാവായ അവിടുന്ന് അതിനെ വീണ്ടും നിർമ്മിക്കുന്നതിന്, തന്നിൽതന്നെ അതിനെ ദൈവികമാക്കുന്നതിനാണ്. അങ്ങനെ മനുഷ്യൻ തന്റെ പ്രകൃതിയാലെയായിരിക്കുന്നതിനെ, മനുഷ്യരക്ഷ സുസ്ഥിരമാക്കുന്നതിനു ദൈവികസ്വഭാവവുമായി സംയോജിപ്പിക്കുന്നതിനാണ്." അതുപോലെ നിസ്സായിലെ വി. ഗ്രിഗറി രേഖപ്പെടുത്തി,

www.malankaralibrary.com

മനുഷ്യാവതാരത്തിൽ "നമ്മുടെ പ്രകൃതി ദൈവികമായതി നോടു സംയോജിച്ച്, അങ്ങനെ അതിനെ ദൈവികമാക്കുന്ന തിനുവേണ്ടി അവിടുന്ന് നമ്മുടെ പ്രകൃതിയുമായി യോജി ച്ചു." ഇതിൽ അന്തർലീനമായിട്ടുള്ളത് ഇതാണ്: നമ്മുടെ പ്രകൃതി (സ്വഭാവം) പാപംമൂലം രോഗഗ്രസ്തവും മുറി വേററതുമായിരുന്നു; എന്നാൽ മനുഷ്യാവതാരത്തിൽ ദൈവം തൻെറ പുത്രൻെറ മനുഷ്യത്വത്തെ രോഗഗ്രസ്തമായ മനു ഷ്യസ്വഭാവത്തോട് സംയോജിപ്പിച്ചു. അങ്ങനെ അതു മനു ഷ്യത്വത്തിൻെറ ഭാഗമായി. ദൈവത്വവുമായുള്ള ആ സമ്പർ ക്കം നമ്മുടെ രോഗങ്ങരം സുഖപ്പെടുത്തുകയും നമ്മെ ഭാഗി കമായി ദൈവികമാക്കുകയും ചെയ്തു.

നാം മുമ്പ് കണ്ടതുപോലെ, തത്വശാസ്ത്രജ്ഞന്മാരിൽ മഹാനായിരുന്ന അരിസ്റ്റോട്ടലിൻെറ ബലഹീനമായ മനസ്സ് കണ്ടത്, മനുഷ്യനുമായി യാതൊരു സൗഹൃദവും പാടില്ലാ ത്ത നിലയിൽ ദൈവം അത്രമാത്രം ഉന്നതനാണെന്നാണ്. വചനം ശരീരിയായി, സ്വയം മനുഷ്യനായി, നമ്മുടെയിട യിൽ പങ്കാളിത്തംവഴി നമ്മെ ദൈവങ്ങളാക്കി എന്ന് അദ്ദേഹം ഗ്രഹിച്ചിരുന്നുവെങ്കിൽ അദ്ദേഹം എന്തു വിചാരിച്ചേനേ? ദൈവമനുഷ്യൻ നമുക്കുവേണ്ടി ഭയാനകവും ലജ്ജാവഹവു മായ നിലയിൽ മരിച്ചുവെന്ന് അദ്ദേഹം കേട്ടിരുന്നെങ്കിൽ എന്തു ചിന്തിക്കുമായിരുന്നു! "ഞങ്ങളാകട്ടെ, യഹൂദർക്കു ഇടർച്ചയും വിജാതീയർക്കു ഭോഷത്തവുമായ ക്രൂശിക്കപ്പെട്ട ക്രിസ്തുവിനെ പ്രസംഗിക്കുന്നു" (1 കോറി. 1, 22) എന്ന് വി. പൗലോസ് എഴുതിയതിൽ അത്ഭുതപ്പെടേണ്ട കാര്യ മില്ല.

www.malankaralibrary.com

# അധ്യായം 8

## മഹത്തായ ബലിയുടെ അർപ്പണം

വി. അത്തനേഷ്യസ് വിശദമാക്കിയതുപോലെ (അധ്യായം 7) നമ്മെ സമൃദ്ധമായ രീതിയിൽ വീണ്ടെടുക്കാൻ മനുഷ്യാവതാരം മാത്രം മതിയായിരുന്നു. എന്നാൽ, നാം മൂന്നാമധ്യായത്തിൽ കണ്ടതുപോലെ വീണ്ടെടുപ്പിനുവേണ്ടി ഏററം സമ്പന്നവും ഏററം സമൃദ്ധവുമായ മാർഗ്ഗങ്ങൾ തെരഞ്ഞെടുക്കുന്നതിനു പിതാവ് ആഗ്രഹിച്ചു. അതാകട്ടെ, വസ്തുനിഷ്ഠമായ ക്രമത്തോടുള്ള സ്നേഹം നിമിത്തവും (അധ്യായം 4) നമ്മോടുള്ള സ്നേഹം നിമിത്തവുമാണ്. അതു നാം രക്ഷിക്കപ്പെടേണ്ടതിനു ഒരു മാർഗ്ഗം നൽകുന്നതിനു മാത്രമായിരുന്നില്ല. അതു അവിടുത്തെ ദാനങ്ങൾ സ്വീകരിക്കുവാൻ നമ്മെ പ്രേരിപ്പിക്കുകയുമായിരുന്നു. അതിനാൽ ചെയ്യാനുള്ള യാതൊന്നും ചെയ്തില്ലെന്നുവരാതിരിക്കുവാൻ അവിടുന്ന് നിശ്ചയിച്ചു.

യേശുവിൻെറ കന്നുകാലിത്തൊഴുത്തിലെ ജനനശേഷം കഴിയുന്നത്ര വേഗത്തിൽ അനുയോജ്യമായ ഒരു വാസസ്ഥലം വി. യൗസേഫ് കണ്ടുപിടിച്ചുവെന്ന് നമുക്കുറപ്പിക്കാം. പൗരസ്ത്യ പണ്ഡിതന്മാർ വന്നപ്പോൾ അവർ ശിശുവിനെ ഒരു ഭവനത്തിൽ കണ്ടതായി വി. മത്തായി പ്രസ്താവിക്കുന്നുണ്ട് (മത്താ. 2, 1). അതു അവിടുന്ന് ജനിച്ച് മാസങ്ങൾ കഴിഞ്ഞായിരിക്കണം. ഒരു പക്ഷേ, ഒരു വർഷം കഴിഞ്ഞശേഷം. കാരണം, രണ്ടു വയസ്സ്‌വരെ പ്രായമുള്ള എല്ലാ ആൺ പൈതങ്ങളെയും വധിക്കുക ആവശ്യമാണെന്ന് ഹേറോദേസ് കരുതി.

പൗരസ്ത്യ പണ്ഡിതന്മാർ വരുന്നതിനു വളരെമുമ്പ്, യേശു ജനിച്ച് നാല്പതു ദിവസങ്ങൾ കഴിഞ്ഞശേഷം, മറിയവും യൗസേഫും ശിശുവിനെ ബേത്ലഹേമിൽനിന്ന് അഞ്ചു മൈൽ അകലെ സ്ഥിതിചെയ്തിരുന്ന യറൂസലേം ദൈവാലയത്തിൽ കൊണ്ടുപോയി. ഒരു ആൺകുഞ്ഞിൻെറ

www.malankaralibrary.com

മാതാവ് ദൈവാലയത്തിൽ ശുദ്ധീകരണത്തിനെത്തണമെന്ന് മൂശയുടെ നിയമം അനുശാസിച്ചിരുന്നു. (ലേവ്യർ12) അമ്മയുടെയും മകൻെറയും ശുദ്ധീകരണത്തെക്കുറിച്ച് വി. ലൂക്കോസ് പൊതുവായി പ്രസ്താവിക്കുന്നുണ്ടെങ്കിലും നിഷ്കൃഷ്ടാർത്ഥത്തിൽ ആൺകുഞ്ഞ് "ശുദ്ധീകരിക്കപ്പെട്ടിരുന്നില്ല". അഞ്ചു ഷെക്കൽ നാണയങ്ങൾ നൽകി ആൺകുഞ്ഞ് വീണ്ടെടുക്കപ്പെട്ടിരുന്നു. (പുറപ്പാട് 13, 1; 12-15) ഇസ്രായേലിൽ എവിടെയുമുള്ള ഏതു വൈദികനും ഈ വീണ്ടെടുപ്പു വിലനൽകിയിട്ട് ഇതു സാധിക്കാമായിരുന്നു. പക്ഷേ, അതിനുവേണ്ടി ദൈവാലയത്തിൽ പോകാനാണ് മറിയവും യൗസേഫും ഇഷ്ടപ്പെട്ടത്.

ഇസ്രായേലിലെ പരിശുദ്ധനായവൻെറ ജനനത്തിനു ശുദ്ധീകരണം ആവശ്യമില്ല, തൻെറ മകനു വിലനൽകി ദൈവസേവനത്തിൽനിന്ന് തിരിച്ചുവാങ്ങേണ്ടതില്ല, ആ വീണ്ടെടുപ്പാവശ്യമില്ല, അവിടുന്ന് പിതാവിൻെറ ഇഷ്ടം നിവർത്തിക്കുന്നതിനു മാത്രമാണ് വന്നിരിക്കുന്നത്. ലോകത്തിനു വീണ്ടെടുപ്പുവിലയായി നൽകുന്നതിനാണു വന്നിരിക്കുന്നത്—എന്നിങ്ങനെയെല്ലാം മറിയത്തിനു സയുക്തമായി പ്രസ്താവിക്കാമായിരുന്നു.

പിന്നീട് അവിടുത്തെ സ്നാനപ്പെടുത്തുന്നതിന് സ്നാപകയോഹന്നാൻ മടികാണിച്ചപ്പോൾ യേശു പ്രസ്താവിച്ചു: "ഇപ്പോൾ ഇതു സമ്മതിക്കുക, അങ്ങനെ സകല നീതിയും പൂർത്തിയാക്കുക നമുക്കുചിതമാണ്." (മത്താ. 3, 15)

കൂടാതെ, പിന്നീടു സംഭവിക്കുവാനിരിക്കുന്ന മഹത്തായ ബലിക്കായി ദൈവാലയത്തിൽ സ്വയം സമർപ്പിക്കുവാൻ അവിടുന്നാഗ്രഹിച്ചു. നാം ഏഴാമധ്യായത്തിൽ കണ്ടതുപോലെ പിന്നെ വരാനുള്ളത് എന്താണെന്ന്, അവിടുത്തെ മരണമാണതെന്ന്, വ്യക്തമായി അറിഞ്ഞിരുന്നിട്ടും അവിടുത്തെ മാതാവ് ആ സമർപ്പണത്തിൽ സന്തോഷപൂർവ്വം പങ്കുചേർന്നു.

www.malankaralibrary.com

അവിടുന്ന് ഗർഭസ്ഥനായ നിമിഷം തന്നെ അവിടത്തെ ഹൃദയഭാവം എന്തായിരുന്നുവെന്ന് വി. പൗലോസ് എബ്രായർക്കുള്ള ലേഖനത്തിൽ ചിത്രീകരിക്കുന്നുണ്ട്. "കാളകളുടെയും കോലാടുകളുടെയും രക്തത്തിന് പാപങ്ങൾ നീക്കിക്കളയുക അസാധ്യമാണ്. ഇതിനാൽ, അവൻ ലോകത്തിലേക്കു പ്രവേശിച്ചപ്പോൾ ഇങ്ങനെ അരുളിച്ചെയ്തു. ബലികളും കാഴ്ചകളും അവിടുന്ന് ആഗ്രഹിച്ചില്ല. എന്നാൽ അവിടുന്നു എനിക്കൊരു ശരീരം സജ്ജമാക്കിയിരിക്കുന്നു. ദഹനബലികളിലും പാപപരിഹാരബലികളിലും അവിടുന്ന് സംപ്രീതനായില്ല. അപ്പോൾ, പുസ്തകത്തിന്റെ ആരംഭത്തിൽ എന്നെക്കുറിച്ച് എഴുതിയിരിക്കുന്നതുപോലെ, ഞാൻ പറഞ്ഞു. ദൈവമേ, അവിടുത്തെ ഇഷ്ടം നിറവേറ്റാൻ ഞാൻ ഇതാ വന്നിരിക്കുന്നു" (ഹെബ്രായർ 10, 4-7).

ഹെബ്രായർക്കുള്ള ലേഖനം പ്രസംഗിക്കുന്നതിന്റെയോ പ്രസംഗങ്ങളുടെയോ സാഹിത്യശൈലിയാണെന്നു തോന്നാം. അല്പമൊക്കെ ആലങ്കാരികശൈലി അതിലുണ്ടെന്നും തോന്നാം. പക്ഷേ, സഭയുടെ പ്രബോധനാധികാരപ്രകാരമുള്ള അധ്യാപനത്തിൽ, ഇവിടെ അലങ്കാരപ്രയോഗമൊന്നുമില്ല. ക്രിസ്തുവിന്റെ മൗതിക ശരീര (Mystical body) ത്തെക്കുറിച്ചുള്ള ചാക്രികലേഖനത്തിൽ പന്ത്രണ്ടാം പീയൂസ് മാർപ്പാപ്പാ എഴുതി.

"മനുഷ്യാവതാരത്തിന്റെ ആദ്യനിമിഷത്തിൽതന്നെ നമ്മെക്കുറിച്ച് ദൈവികരക്ഷകനുണ്ടായിരുന്ന ഇപ്രകാരമുള്ള ഏററം സ്നേഹാത്മകമായ ജ്ഞാനം മനുഷ്യമനസ്സിന്റെ സംപുഷ്ടമായ ഗ്രഹണശക്തിയെ അതിശയിക്കുന്നതാണ്. കാരണം, ദൈവമാതാവിന്റെ ഗർഭാശയത്തിൽവച്ച് അവിടുന്നാസ്വദിച്ച സൗഭാഗ്യകരമായ ദർശനംമൂലം മൗതിക ശരീരത്തിലെ എല്ലാ അവയവങ്ങളെയും തുടർച്ചയായും അവിടുന്നു കണ്ടു. രക്ഷാകരമായ സ്നേഹംമൂലം ആ ദർശനം അവരെ ആശ്ലേഷിക്കുന്നു. പുൽക്കൂടിൽ, കുരിശിന്മേൽ, പിതാവിന്റെ നിത്യമഹത്വത്തിൽ, സഭയുടെ എല്ലാ അംഗങ്ങളും ക്രിസ്തുവിന്റെ മുൻപിൽ സന്നിഹിതരാണ്. ഒരു അമ്മ

www.malankaralibrary.com

ത്മാവിലും ആവശ്യമായതെന്താണെന്നു നാം പരിഗണി ക്കുക. ഈ ദർശനമാകട്ടെ യാതൊരു പ്രതിച്ഛായപോലും ഉളവാക്കാതെ നേരിട്ടുള്ളതാണെന്നു രണ്ടാം അദ്ധ്യായത്തിൽ നാം കണ്ടതാണ്. അനുദിനജീവിതത്തിൽ ആളുകളെയോ വസ്തുക്കളെയോ കാണുമ്പോഠം നാം ആളുകളെയോ, വസ്തുക്കളെയോ നമ്മുടെ ഉള്ളിലേക്കെടുക്കുന്നില്ല, പ്രത്യുത നാം ഒരു പ്രതിച്ഛായ എടുക്കുകയാണ്. സൃഷ്ടികളെ സംബന്ധിച്ച് അതു മതിയാവും. കാരണം, ഒരു പ്രതിച്ഛായ നിയതമായതാണു്, അതുപോലെ നിയതമായതാണു് അറിയാൻ നാം ആഗ്രഹിക്കുന്ന സൃഷ്ടികളും. എന്നാൽ പന്ത്രണ്ടാം ബനഡിക്ട് മാർപ്പാപ്പാ പ്രസ്താവിച്ചിട്ടുള്ളതു്, ദൈവത്തെ കാണുന്നതിൽ യാതൊരു പ്രതിച്ഛായയും ഉരംപ്പെട്ടിട്ടില്ലെന്നാണ്. ആ കാര്യം സ്പഷ്ടമാണല്ലോ. ഒരു പ്രതിച്ഛായനിയതമായതിനാൽ, അല്ലെങ്കിൽ അതു അളവുള്ളതാകയാൽ, അനന്തനായ ദൈവത്തെ നമുക്കു കാണിച്ചുതരാൻ അതിനു സാധ്യമല്ല. അതിനാൽ ഒഴിഞ്ഞുമാറാൻ പററാത്ത ഈ നിഗമനത്തിൽ വി, തോമസ് അകചിനാസ് എത്തിച്ചേർന്നു: യാതൊരു പ്രതിച്ഛായയും ഇല്ലാത്തവിധം മനുഷ്യമനസ്സിനോടോ ആത്മാവിനോടോ ദൈവതം അതിനെത്തന്നെ ചേർക്കണം. ഇതാണു് ഒരു ആവശ്യം. ദർശനത്തിനുള്ള രണ്ടാമത്തെ ആവശ്യം ഒന്നാമത്തെ ആവശ്യത്തിൽനിന്നു് അനായാസം ഉളവാകുന്നതാണു്. ഈ ദർശനം അത്രമാത്രം അത്യുന്നതത്തിലുള്ളതാകയാൽ, ചിന്തയ്ക്കു വിധേയമാക്കാവുന്ന ഏതെങ്കിലും സൃഷ്ടിയുടെ ശക്തികഠംക്കതീതമായവിധം അത്യുന്നതത്തിലുള്ളതാകയാൽ, സൃഷ്ടിയുടെ അറിയാനുള്ള ശക്തി അത്യുന്നതമാക്കപ്പെടണം. ഇതു ആത്മാവിനെ പരിവർത്തനം ചെയ്യുകയും അതിനെ ഭാഗികമായി ദൈവികമാക്കുകയും ചെയ്യുന്ന പ്രസാദവരത്താൽ സംഭവിക്കുന്നു. നാമിതു കണ്ടതാണു്.

രണ്ടാമത്തെ സ്വീകൃതതത്ത്വം ക്രിസ്തുവിൻെറ ഘടന എന്നു നമുക്കു പറയാവുന്നതിനെസംബന്ധിച്ചുള്ളതാണ്. ഏ. ഡി. 451–ൽ നടന്ന കൽക്കദോനിയാ സൂനഹദോസ്സു് ക്രിസ്തുവിൽ രണ്ടു സ്വഭാവങ്ങഠം, ദൈവസ്വഭാവവും മനു

www.malankaralibrary.com

ഷ്യസ്വഭാവവും ഉണ്ടെന്നും അതേ സമയംതന്നെ അവിടുന്നു ഒരാറം മാത്രമാകുന്നുവെന്നും പഠിപ്പിച്ചിട്ടുണ്ടു്. നാം കാര്യങ്ങരം ആരോപിക്കുന്ന ഒരു കേന്ദ്രമാണു് ഒരാറം. ഉദാഹരണമായി ഈ വ്യക്തിയായ ജോൺ സ്മിത്തു് ഈ കാര്യങ്ങരം അറിയുന്നു, ഈ കാര്യങ്ങരം അനുഭവിക്കുന്നു, ഈ കാര്യങ്ങരം ചെയ്യുന്നു മുതലായവ. ക്രിസ്തുവിൽ രണ്ടാളുകരം ഉണ്ടെങ്കിൽ ദൈവ ആറം നമ്മെ വീണ്ടെടുത്തു എന്നു നമുക്കു പറയാനാവില്ല. പീഡാനുഭവം ക്രിസ്തുവിലുള്ള മനുഷ്യ ആളിൻേറതുമാത്രമാകും. അതിനാൽ അതു അനന്ത വിലയുള്ളതാകുകയുമില്ല:

പക്ഷേ, ഒരു പ്രശ്നം ആവിർഭവിക്കുന്നു. യേശു ദൈവമാണെന്നുള്ള നിഖ്യാസുനഹദോസിൻെറ പ്രബോധനം ന്യായീകരിച്ച പുരാതനസഭാഗ്രന്ഥകാരന്മാരിൽ ഒരാളാണ് അപ്പൊള്ളനാരിസ് ഒരു പാഷണ്ഡതയുളവാക്കുവാൻ അപ്പൊള്ളനാരിസ് ഉദ്ദേശിച്ചില്ല. എന്നാൽ അതു അദ്ദേഹം ഉളവാക്കി. അപ്പൊള്ളനാരിസം എന്ന പേരിൽ അതു അറിയപ്പെടുന്നു. യഥാർത്ഥത്തിൽ അപ്പൊള്ളനാരിസ് ശരിയായ ഒരു കാര്യം കണ്ടു. അതായതു് നാം രണ്ടു സ്വഭാവങ്ങരം എടുക്കുകയും അവ ഒന്നിപ്പിച്ചാൽ അവ രണ്ടും പൂർണ്ണമായതാണെങ്കിൽ, അവ ഒന്നാകയില്ലെന്നു്. പ്രാകൃതമായ ഒരു ഉദാഹരണം ഒരു തൊട്ടിയിൽ ഉരുക്കു കൊണ്ടുള്ള ഉണ്ടകളും സ്ഫടികം കൊണ്ടുള്ള ഉണ്ടകളും ഇട്ടു: എത്ര കുലുക്കിയാലും അവ സംയോജിതമാകയില്ല. അതിനാൽ, അപ്പോള്ളനാരിസ് ഇങ്ങനെ വിചാരിച്ചു: രണ്ടു സ്വഭാവങ്ങരം, ദൈവസ്വഭാവവും മനുഷ്യസ്വഭാവവും ഓരോന്നും പൂർണ്ണമാണെങ്കിൽ അവയ്ക്കു് ഒരു ഐക്യം ഉണ്ടാക്കുക സാദ്ധ്യമല്ല,

ഇവിടെവരെ അപ്പോളാനാരീസിനു തെററിയില്ല. അതിനാൽ അപ്പോള്ളനാരീസ് ചിന്തിച്ചു: ഈ രണ്ടു സ്വഭാവങ്ങളുടെ ഐക്യമുളവാക്കുന്നതിനു എന്തോ ഒര കുറവുണ്ടായിരിക്കണം. എന്താണു കുറവെന്നതു കണ്ടു പിടിക്കാനുള്ള ശ്രമത്തിൽ അദ്ദേഹത്തിനു തെററു പററി. യേശുവിനു മാനുഷികബുദ്ധിശക്തിയുള്ള ആത്മാവില്ലെന്നു് അദ്ദേഹം

www.malankaralibrary.com

പ്രസ്താവിച്ചു. അതു തെററാണ്. അതിനാൽ അതു പാഷണ്ഡതയാണെന്നു സഭ വിധിച്ചു.

പക്ഷേ, നാം മുമ്പു പ്രസ്താവിച്ചതുപോലെ, എന്തോ കുറവുണ്ടെന്നു അപ്പൊളിനാരിസ് പ്രസ്താവിച്ചതിൽ തെററില്ല. തീർച്ചയായും അതു ക്രിസ്തുവിൻെറ ദൈവത്വത്തിലുള്ള കുറവായിരുന്നില്ല. അപ്പോരം അദ്ദേഹത്തിൻെറ അഭിപ്രായത്തിൽ അതു മനുഷ്യത്വത്തിലായിരിക്കണം. ആ കുറവ് എന്താണു്? കണ്ടുപിടിക്കാൻ വളരെ പ്രയാസമുള്ള ഒന്നല്ലാ അതു്. യേശുവിൽ ഒരാരം മാത്രമേയുള്ളുവെന്നു് സഭ പഠിപ്പിക്കുന്നു. ശരീരവും ആത്മാവുമുള്ള ഒരു മനുഷ്യസ്വഭാവം അതിനാൽതന്നെ ഒരു മനുഷ്യ ആരം ആയിരിക്കണം. യേശുവിൻെറ കാര്യത്തിൽ അവിടുത്തെ മനുഷ്യത്വം ഒരു മനുഷ്യ ആരം ആയില്ല. അതിനാൽ മനുഷ്യ ആരം ആയിരിക്കണം കുറവു്. എന്തുകൊണ്ട്? കാരണം, ആ മനുഷ്യത്വം 'എടുക്കപ്പെട്ടതാണു്' അതായതു് ദൈവ ആളിനാൽ എടുക്കപ്പെട്ടതാണു്. ആ മനുഷ്യത്വംവ്യതിരിക്തമായി സ്ഥിതി ചെയ്തില്ല ദൈവങ്ങളിൽ അതു സ്ഥിതി ചെയ്തു. അതിനാൽ അതു മനുഷ്യ ആരം ആയില്ല. പരിശുദ്ധ തമത്രിത്വത്തിലെ രണ്ടാമത്തെ ആരം അതിനുആളത്വം നൽകി.

മററൊരു സമാനതത്വവും ഇല്ലാത്ത അത്രമാത്രം സംയോജിതനിലയിലാണ് ഈ ഒന്നിച്ചുചേരൽ. ഒരു ആളിൽ, ദൈവ ആളിൽ സംയോജിതമായിരിക്കുകയാണു്. ഇതിനു സമാനമായി മററൊന്നില്ല. ഈ ഒന്നിച്ചുചേരലിനു് സാത്വികമായ ഐക്യം (Hypostatic union) എന്നു നാം പറയുന്നു.

നാമന്വേഷിച്ച ഉത്തരം ഇതാ അവസാനം നാം കണ്ടെത്തിയിരിക്കുന്നു. എന്തെങ്കിലും ആത്മാവിന് സൗഭാഗ്യദർശനത്തിനാവശ്യമായവ നമുക്ക് ഒന്നുകൂടി ആവർത്തിക്കാം. 1) അറിയുന്നതിന് അതിൻെറ ശക്തി പ്രസാദവരത്താൽ ഉയർത്തുക. 2) യാതൊരു പ്രതിച്ഛായയുമില്ലാതെ മനുഷ്യാത്മാവും ദൈവത്വവുമായുള്ള സമ്പർക്കം. യേശുവിൻെറ കാര്യത്തിൽ ഇത് സംഗതമാണ്. 1) അവിടുത്തെ മനുഷ്യാത്മാവ് പ്രസാദവരത്തിൻെറ ഏററം നിറഞ്ഞ പരി

www.malankaralibrary.com

പൂർണ്ണാവസ്ഥയിലായിരുന്നു. 2) സാധാരണ ഒരു മനുഷ്യാത്മാവിന് സാധിക്കുന്നതുപോലെയായിരുന്നില്ല അവിടുത്തെ മനുഷ്യാത്മാവിന്റെ സമ്പർക്കം. എന്തെന്നാൽ ആ മനുഷ്യാത്മാവ്, യഥാർത്ഥത്തിൽ മനുഷ്യാത്മാവ് മാത്രമല്ലാ, മുഴുവൻ മനുഷ്യത്വവും ദൈവത്വവുമായി ഏററം ഗാഢമായ സമ്പർക്കത്തിൽ, അഥവാ ഐക്യത്തിൽ ആയിരുന്നു. അതാകട്ടെ ഏററം പ്രത്യേക രീതിയിലുള്ളതും അതായത്, രണ്ടു സ്വഭാവങ്ങൾ, മനുഷ്യസ്വഭാവവും ദൈവസ്വഭാവവും ഒരാൾ, ദൈവആൾ ആയിത്തീർന്ന ഏററം ഗാഢമായ ഐക്യം.

പിതാവിന്റെ പക്കൽനിന്നുള്ള ഒരു പ്രത്യേക ദാനമായിരുന്നില്ല, അതെന്ന് നമുക്കിപ്പോൾ കാണുവാൻ കഴിയും. ആരംഭനിമിഷം മുതൽതന്നെ യേശുവിന്റെ മനുഷ്യാത്മാവ് ദൈവദർശനമനുഭവിച്ചത് ഉചിതമായ അനുഗ്രഹംമൂലമല്ലെന്ന് ചുരുക്കം. അത് അവിടുത്തെ ഘടനയുടെ—ആ പദം നമുക്കുപയോഗിക്കാമെങ്കിൽ—പ്രകൃതിയിൽ നിന്നുതന്നെ നിഷ്കൃഷ്ടമായി അനുപേക്ഷണീയമായിരുന്നു. ദൈവസ്വഭാവം യാതൊരു പ്രതിബാധയുമില്ലാതെ കാണാതിരിക്കുക എന്നത് അവിടുത്തെ മാനുഷികമായ ആത്മാവിനും മനസ്സിനും അസാധ്യമായിരുന്നു. അതിന്റെ ഫലമായി ദൈവത്തിന്റെതന്നെ ജ്ഞാനത്തിന്റെ അനന്തത അവിടുത്തെ ആത്മാവിന്റെ നയനങ്ങൾക്കു മുൻപിൽ ഉണ്ടായിരുന്നു. അവിടുത്തെ മാനുഷികാത്മാവ് അനന്തമല്ലായിരുന്നെന്ന് തീർച്ച. അതിനാൽ അനന്തജ്ഞാനം ഒററനിമിഷത്തിൽ ഉൾക്കൊള്ളുക അതിനു സാധ്യമല്ലായിരുന്നു. എന്നാൽ നമ്മുടെ ഗ്രഹണശക്തിക്കതീതമായ ജ്ഞാനം അതിനുണ്ടായിരുന്നു. അതാകട്ടെ, മററുകാര്യങ്ങളൊന്നിച്ച് അവിടുത്തെ രക്ഷാകരദൗത്യവുമായി ബന്ധപ്പെട്ട എല്ലാ കാര്യങ്ങളും ഉൾക്കൊണ്ടിരുന്നു. യേശുവിന്റെ ആത്മാവ് തന്റെ മൗതികശരീരത്തിലെ ഓരോ അവയവത്തെയും ആദ്യനിമിഷത്തിൽതന്നെ വ്യക്തിപരമായി അറിഞ്ഞിരുന്നുവെന്ന് പഠിപ്പിക്കുന്നതിന് എങ്ങനെ പന്ത്രണ്ടാം പീയൂസ് മാർപ്പാപ്പായിക്കു സാധിച്ചുവെന്നത് നാമിപ്പോൾ ഗ്രഹിക്കുന്നു.

www.malankaralibrary.com

അതുപോലെ, ദൈവാലയത്തിൽ അവിടുത്തെ കാഴ്ച വച്ച ദിനം അവിടുത്തെ മാനുഷികമായ ആത്മാവ് അല്ലെങ്കിൽ ഹൃദയം മഹത്തായ ബലി സമർപ്പണത്തിൽ പരിപൂർണ്ണമായി സ്വയം സമർപ്പിച്ചു. ഹെബ്രായ ലേഖനത്തിൽ പ്രസ്താവിച്ചിരിക്കുന്ന പ്രകാരം "ഓ ദൈവമേ, അവിടുത്തെ തിരുഹിതം നിറവേററാൻ ഇതാ ഞാൻ വന്നിരിക്കുന്നു" എന്നത് അവിടുത്തെ ഹൃദയം നവീകരിക്കുകയും അതിന്റെ സമർപ്പണം തുടരുകയും ചെയ്തു.

"ഇതാ ഞാൻ വന്നിരിക്കുന്നു" എന്ന അവിടുത്തെ വാക്കുകൾ "നിന്റെ വചനംപോലെ എനിക്കു ഭവിക്കട്ടെ" എന്നുള്ള മറിയത്തിന്റെ വാക്കുകളോട് ബന്ധപ്പെടുത്താവുന്നവയാണ്. ഈ ദിവസം അവർ ദൈവാലയത്തിൽ അവിടുത്തോടും അവിടുത്തെ പിതാവിന്റെ തിരുഹിതത്തോടുമുള്ള സമർപ്പണം നവീകരിച്ചു. അവർക്കത് വേദനാജനകമായിരുന്നെങ്കിലും. കാരണം, മംഗലവാർത്താദിനം തന്നെ അവിടുന്നു "വേദനകളുടെ മനുഷ്യൻ, ദുഃഖങ്ങളുമായി പരിചയപ്പെട്ടവൻ" ആയിരിക്കും, പീഡയനുഭവിക്കയും ഉപേക്ഷിക്കപ്പെടുകയും ചെയ്യുന്നവനും ആയിരിക്കുമെന്നും അവർക്കറിയാമായിരുന്നു.

വൃദ്ധനും വിശുദ്ധനുമായ ശിമയോൻ അടുത്തെത്തിയപ്പോൾ അവർ ഇതോർത്തു. രക്ഷകൻ ഉടൻതന്നെ വരുമെന്നുപഠിപ്പിച്ചപണ്ഡിതനായിരുന്ന ഹില്ലേലിന്റെ പുത്രനായിരുന്നു അദ്ദേഹമെന്ന് ചില പണ്ഡിതൻമാർ കരുതുന്നുണ്ട്. അതെന്തായാലും കർത്താവിന്റെ അഭിഷിക്തനായ രക്ഷകനെ കാണുംവരെ ശിമയോൻ മരിക്കുകയില്ലായെന്ന് പരിശുദ്ധാത്മാവ് അദ്ദേഹത്തിന് വെളിപ്പെടുത്തിയിരുന്നു. ഈ നിമിഷത്തിൽ അവിടുന്ന് അടുത്തെത്തിയെന്ന് അതേ ആത്മാവ്തന്നെ ശിമയോന് വെളിപ്പെടുത്തി. നന്ദിയുടെ കണ്ണുനീർക്കണങ്ങളോടെ ശിമയോൻ പ്രാർത്ഥിച്ചു.

"കർത്താവേ, അവിടുത്തെ വാഗ്ദാനമനുസരിച്ച് ഇപ്പോൾ ഈ ദാസനെ സമാധാനത്തിൽ വിട്ടയയ്ക്കണമെ. എന്തെന്നാൽ സകല ജനതകൾക്കുംവേണ്ടി അങ്ങ് ഒരുക്കിയിരി

www.malankaralibrary.com

ക്കുന്ന രക്ഷ എന്റെ കണ്ണുകൾ കണ്ടുകഴിഞ്ഞു. അത് വിജാതീയർക്ക് വെളിപാടിന്റെ പ്രകാശവും അവിടുത്തെ ജനമായ ഇസ്രായേലിന്റെ മഹിമയുമാണ്'" (ലൂക്കോ. 2:29-32).

അതിനുശേഷം ശിമയോൻ അവരെ അനുഗ്രഹിക്കുകയും അവിടുത്തെ മാതാവായ മറിയത്തോടു പ്രസ്താവിക്കുകയും ചെയ്തു: "ഇവൻ ഇസ്രായേലിൽ പലരുടെ വീഴ്ചയ്ക്കും ഉയർച്ചയ്ക്കും കാരണമാകും. ഇവൻ വിവാദവിഷയമായ അടയാളവുമായിരിക്കും. അങ്ങനെ അനേകരുടെ ഹൃദയവിചാരങ്ങൾ വെളിപ്പെടും. നിന്റെ ഹൃദയത്തിലൂടെ ഒരു വാൾ തുളച്ചുകയറുകയും ചെയ്യും" (ലൂക്കോ. 2:34-35).

പ്രസ്തുത വാളിനെക്കുറിച്ച് മറിയത്തിന് നേരത്തേതന്നെ അറിയാമായിരുന്നു. പക്ഷേ, ദൈവനിവേശിതമായ ഈ ഓർമ്മിപ്പിക്കൽ അവളുടെ വേദന വർദ്ധിക്കാൻ കാരണമായി. തന്റെ പുത്രനോടുള്ള സ്നേഹത്തിന്റെ തോതനുസരിച്ച് ആ വേദന വലുതായിരുന്നു. അവളുടെ ജീവിതാരംഭത്തിൽതന്നെ, "ദൈവത്തിന് കീഴിൽ മററാർക്കുമില്ലാത്ത, ദൈവത്തിനുമാത്രം മനസ്സിലാക്കാവുന്ന" അത്ര മഹോന്നതമായ പരിശുദ്ധി അവൾക്കുണ്ടായിരുന്നുവെന്ന് നാം മുമ്പ് കണ്ടതാണ്. ഒൻപതാം പീയൂസ് മാർപ്പാപ്പായാണ് ഇത് പഠിപ്പിച്ചത്. പരിശുദ്ധിയും ദൈവസ്നേഹവും പരസ്പരം വച്ചുമാററാവുന്ന പദങ്ങളാണു്. അതിനാൽ ദൈവത്തിനുമാത്രം ഗ്രഹിക്കാവുന്ന തരത്തിലുള്ള മഹത്തായ ഒന്നായിരുന്നു അവളുടെ ദൈവസ്നേഹവും. അത്രമാത്രം വലുതായ ആ സ്നേഹം, നമുക്കിങ്ങനെ പറയാമെങ്കിൽ, ഒരമ്മയ്ക്കു മകനോടുള്ള സ്വാഭാവിക സ്നേഹമനുസരിച്ച് വർദ്ധിച്ചു. എന്നാൽ, അവളുടെ മകൻ ദൈവമായിരുന്നു, ദൈവമാണ്. അതിനാൽ സ്വാഭാവികം അതിസ്വാഭാവികത്തെ ഉദാത്തമാക്കി; അതിസ്വാഭാവികം സ്വാഭാവികത്തെ അനേകമടങ്ങാക്കുകയും ചെയ്തു. അത് കണക്കാക്കുന്നതിനു്, അതിന്റെ ഒരു രൂപം ഗ്രഹിക്കുന്നതിന് നമുക്ക് തീർത്തും കഴിവില്ല. അതിനാൽ ഒൻപതാം പീയൂസ് മാർപ്പാപ്പായോടൊന്നിച്ച് നാം പ്രസ്താവിക്കുന്നു: "ദൈവത്തിനു മാത്രമേ അത് ഗ്രഹിക്കുവാൻ കഴിയുകയുള്ളു.

www.malankaralibrary.com

ഹഗ്ഗായി പ്രവാചകൻ മുഖേന ദൈവം വാഗ്ദാനം ചെയ്തത് അന്നേദിവസം പൂർത്തിയായി: ഈ ആലയം ഞാൻ മഹത്വപൂർണ്ണമാക്കും........ഈ ആലയത്തിൻെറ പൂർവ്വമഹത്വത്തെക്കാരം ഉന്നതമായിരിക്കും വരാൻപോകുന്ന മഹത്വം.'' ഹഗ്ഗായിയുടെ കാലത്തെ ദൈവാലയത്തിൻെറ ഭൗതികശ്രേഷ്ഠത, ശലോമോൻ നിർമ്മിച്ച ദൈവാലയത്തെക്കാരം വളരെ വലുതായിരുന്നു. അതിനാൽ വി. അഗസ്തീനോസ് പ്രസ്താവിച്ചതുപോലെ ഭാവിയിലെ കൂടുതൽ ആളുകരംക്ക് കൂടുതലായി കാണാവുന്ന ഒന്നായിരിക്കും അത്.

പഴയനിയമകാലത്തെ പ്രവാചകന്മാരിൽ അവസാനത്തെ ആളായ മലാഖിയുടെ മഹാപ്രവചനവും അപ്പോരം പൂർത്തിയാകുവാനാരംഭിച്ചുകഴിഞ്ഞിരുന്നു. ''ഇതാ എനിക്കുമുൻപേ വഴിയൊരുക്കുവാൻ ഞാൻ എൻെറ ദൂതനെ അയയ്ക്കുന്നു. നിങ്ങരം തേടുന്ന കർത്താവ് ഉടൻതന്നെ തൻെറ ആലയത്തിലേക്ക് വരും. നിനക്ക് പ്രിയങ്കരനായ ഉടമ്പടിയുടെ ദൂതൻ ഇതാ, വരുന്നു'' (മലാഖി 3:1). ''ഉടമ്പടിയുടെ ദൂതൻ'' യേശുവാണ്. അവിടുത്തേക്ക്, ദൈവത്തിനുതന്നെ, വഴിയൊരുക്കുന്ന ദൂതൻ സ്നാപകയോഹന്നാനാണ്. ഈ കാഴ്ചവെപ്പ് ദിനം ദൈവം തൻെറ ആലയത്തിൽ യേശുവിൽ ഉടൻതന്നെ വന്നു. തൻെറ മാതാപിതാക്കളും ശിമയോനും അന്നയും ഒഴികെ മററാരും അറിയാത്ത രീതിയിൽ യേശു അപ്രതീക്ഷിതമായിവന്നു. ''അവൻ സ്വജനത്തിൻെറ അടുത്തേക്കു വന്നു; എന്നാൽ, അവർ അവനെ സ്വീകരിച്ചില്ല''. പിന്നീട് അത്ഭുതങ്ങളുടെ പ്രഭയുമായി വരുമ്പോഴും അവിടുന്നു സ്വീകാര്യനാകുകയില്ല. അതിനുപകരം വേദനകളുടെ മനുഷ്യനായി, ദുഃഖങ്ങളുമായി പരിചയപ്പെട്ടവൻ മാത്രമായി അവിടുന്ന് സ്വീകൃതനാകും. ആ ഭാവിനിലപാടും മരണവും അവിടുന്ന് ഇപ്പോരം തൻെറ കൊച്ചുഹൃദയത്തിൽ സ്വീകരിച്ചു. ആ സമർപ്പണത്തിൽ അവിടുത്തെ മാതാവിൻെറ വിമലഹൃദയവും അവിടുത്തെ ഹൃദയവുമായി സംയോജിച്ചു. രണ്ടാം വത്തിക്കാൻ സൂനഹദോസ് പ്രസ്താവിച്ചതുപോലെ ''അവരം പുത്രനുമായുള്ള ഐക്യം കുരിശുവരെ അഭംഗുരം തുടർന്നു''. ''ഭവിക്കട്ടെ'' എന്നുള്ള തൻെറ വാക്ക് നിറവേററുന്നതിന് ഭാവിയിലെ ബലിവസ്തുവുമായി അവരംക്കുള്ള ഐക്യം ഗ്രഹിക്കുക നമ്മുടെ കഴിവിനതീതമാണ്. നാമിതു പത്താം അധ്യായത്തിൽ കാണും.

www.malankaralibrary.com

# വിരുന്നുശാലയും കാൽവരിയും

നസ്രത്തിലെ വളരെ വർഷങ്ങൾനീണ്ട അവിടുത്തെ രഹസ്യജീവിതകാലത്ത് വളരെ സാധാരണമെന്നുകരുതാവുന്ന ഒരു ജീവിതത്തിന്റെ വിലയുടെ മഹനീയ മാതൃക അവിടുന്നു നമുക്കു കാണിച്ചുതരാൻ തിരുമനസ്സായി. പിതാവിന്റെ തിരുഹിതമനുസരിച്ചു ജീവിക്കുന്നതിന്റെ വിലയാണ് അവിടുന്നു കാണിച്ചുതന്നത്. അതുമാത്രമല്ല, പാപംമൂലം വന്നുഭവിച്ച സമതുലിതാവസ്ഥയുടെ അഭാവം അങ്ങനെ പരിഹരിക്കുവാനാരംഭിക്കുന്നതിനും അവിടുന്ന് ഇച്ഛരിച്ചു.

തന്റെ പദ്ധതിയുമായി കൂടുതൽ മുന്നോട്ടുപോകുന്നതിനു പിതാവ് തിരുമനസ്സായി. നൂററാണ്ടുകൾക്കു മുൻപേ ജെറമിയാ പ്രവാചകൻ മുഖേന അവിടുന്ന് അരുളിച്ചെയ്തിരുന്നു:

''ഇസ്രായേൽ ഗോത്രത്തോടും യൂദാഗോത്രത്തോടും ഞാൻ ഒരു പുതിയ ഉടമ്പടി ചെയ്യുന്നദിവസം ഇതാ വരുന്നു. ഞാൻ അവരെ കൈയ്ക്കുപിടിച്ച് ഈജിപ്തിൽ നിന്നു കൊണ്ടുവന്നനാളിൽ അവരുടെ പിതാക്കന്മാരോടു ചെയ്ത ഉടമ്പടി പോലെ ആയിരിക്കുകയില്ല അതു. ഞാൻ അവരുടെ കർത്താവായിരുന്നിട്ടും എന്റെ ഉടമ്പടി അവർ ലംഘിച്ചു. കർത്താവ് അരുളിച്ചെയ്യുന്നു: ആ ദിവസം വരുമ്പോൾ ഞാൻ ഇസ്രായേലുമായി ചെയ്യുന്ന ഉടമ്പടി ഇതായിരിക്കും; ഞാൻ എന്റെ ഉടമ്പടി അവരുടെ ഉള്ളിൽ നിക്ഷേപിക്കും; അവരുടെ ഹൃദയത്തിൽ എഴുതും. ഞാൻഅവരുടെ ദൈവവും അവർ എന്റെ ജനവുമായിരിക്കും''. (ജെറമിയ. 31: 31-33)

സീനായിൽ വച്ച് ഇസ്രായേൽ ജനതയുമായി നമ്മുടെ പിതാവ് ഒരുടമ്പടി ചെയ്തുവെന്നു നാം കണ്ടതാണ്. അവരുടെ ബന്ധുവായി, അവരുടെ പിതാവായിപോലും പ്രവർത്തിക്കാമെന്ന് അവിടുന്ന് വാഗ്ദാനം ചെയ്തു. ഉടമ്പ

www.malankaralibrary.com

ടിബന്ധത്തിന്റെ നിയമാനുസാരമായ ഹീബ്രുപദം ഹെസദ് എന്നാണ്. അതു അവരുടെ ബന്ധുവായി അവിടുന്നു പ്രവർത്തിക്കുമെന്നുവ്യക്തമാക്കുന്നുണ്ട്. സീനായിലെ ഉടമ്പടിയുടെ സ്ഥിരീകരണമായി നടന്ന ചടങ്ങ് ഇതുൾക്കൊള്ളുന്നുണ്ട്. മോശ പർവ്വതത്തിൽ നിന്നു ഇറങ്ങി വന്ന ശേഷം അദ്ദേഹം ദഹനബലികളും മററുയാഗങ്ങളും സമർപ്പിച്ചു. അതിനുശേഷം, മോശ ബലിയുടെ രക്തത്തിൽ പകുതി ബലിപീഠത്തിന്മേൽ തളിക്കുകയും ചെയ്തു. .... അപ്പോൾ മോശ രക്തമെടുത്തു ജനങ്ങളുടെമേൽ തളിച്ചു കൊണ്ടുപറഞ്ഞു: ഈ വചനങ്ങളെല്ലാം ആധാരമാക്കി കർത്താവ് നിങ്ങളോടു ചെയ്ത ഉടമ്പടിയുടെ രക്തമാകുന്നു ഇത്." (പുറപ്പാട് 24; 3-8) ഹെബ്രായ ചിന്താഗതി "ശരീരത്തിന്റെ ജീവൻ രക്തത്തിലാണിരിക്കുന്നത്" (ലേവ്യർ. 17: 11) എന്നായിരുന്നു. അതിനാൽ ഈ രണ്ടു വിധമുള്ള തളിപ്പ് ദൈവം തങ്ങളുടെ ബന്ധുവാണെന്ന് ആളുകളെ പഠിപ്പിച്ചു.

പക്ഷേ, ഇപ്പോൾ ജറമിയാ മുഖേന അവിടുത്തേക്ക് തന്റെ ജനത്തോടു പറയേണ്ടിവന്നു, അവർ തന്റെ ഉടമ്പടി ലംഘിച്ചതിനാൽ ഇനിമേൽ താൻ അവരുടെ യജമാനനായി മാത്രം വർത്തിക്കും, പിതാവായി വർത്തിക്കാൻ സാധ്യമല്ലെന്ന്. യഥാർത്ഥത്തിൽ ഉടമ്പടിലംഘനം അനേകപ്രാവശ്യമായി ദീർഘകാലം നിലനിന്നു. അവരെ പീഡിപ്പിക്കുന്നതിനു വിദേശരാഷ്ട്രങ്ങളെ അയച്ച് അവർക്കുബോധം ജനിപ്പിക്കുന്നതിനു അവരുടെ പിതാവ് അനേകപ്രാവശ്യം ശ്രമിച്ചു. ഓരോ പ്രാവശ്യവും അനുതപിച്ചപ്പോൾ അവരെ പ്രവാസജീവിതത്തിനു വിട്ടുകൊടുത്തു. നെബുക്ക് ദനേസർ രണ്ടാമൻ ബി. സി. 597-ലും 587-ലും ജറുസലേം പിടിച്ചടക്കി. അയാൾ ദൈവാലയം നശിപ്പിച്ചു. അവരുടെ ദേശീയ ചൈതന്യം തകർക്കുന്നതിന് അവരിൽ ഭൂരിപക്ഷത്തെയും അവർക്കു അപരിചിതമായ ഒരു സ്ഥലത്തേക്കു നാടുകടത്തി.

എന്നാൽ, ഈ സന്ദർഭത്തിൽപോലും അവിടുന്ന് തന്റെ ജനത്തെ കൈവെടിഞ്ഞില്ല. നേരെമറിച്ച് അവരുടെ പുന

www.malankaralibrary.com

രുദ്ധാരണത്തിന് അവിടുന്ന് പദ്ധതിയിട്ടു; അതു നാം കണ്ട ജറമിയായുടെ പ്രവചനംവഴി അവരെ അറിയിച്ചു.

പുതിയ ഉടമ്പടി പഴയതുപോലെയായിരിക്കുകയില്ല. കാരണം, പഴയത് ലംഘിക്കപ്പെട്ടു. പുതിയത് അലംഘനീയമാണെന്ന വ്യക്തമായ ധ്വനിയും ഉണ്ടായിരുന്നു. കൂടാതെ, പഴയ ഉടമ്പടി രേഖപ്പെടുത്തിയത് കൽപ്പലകകളിന്മേലായിരുന്നു, എന്നാൽ പുതിയതിനെക്കുറിച്ച് അവിടുന്നരുളിച്ചെയ്തു: "ഞാൻ എൻെറ നിയമം അവരുടെ ഉള്ളിൽ നിക്ഷേപിക്കും; അവരുടെ ഹൃദയത്തിൽ എഴുതും".

ഈ വ്യത്യാസങ്ങളുണ്ടെങ്കിലും അത്യാവശ്യകാര്യങ്ങളിൽ പുതിയ ഉടമ്പടി സീനായ് ഉടമ്പടിക്ക് സമാന്തരമായിരുന്നു. സീനായ് ദൈവത്തിൻെറ ഒരു ജനത്തിന് അസ്തിത്വം നൽകി. പുതിയതിൽ: "ഞാനവരുടെ ദൈവവും അവർ എൻെറ ജനതയുമായിരിക്കും" പഴയവർക്ക് ദൈവപ്രീതി വാഗ്ദാനം ചെയ്യപ്പെട്ടത് അവർ ഉടമ്പടിനിയമം അനുസരിക്കണമെന്ന വ്യവസ്ഥയിലായിരുന്നു. പുതിയതിലാകട്ടെ നിയമം കൽപ്പലകകളിന്മേലല്ല, പ്രത്യുത ഹൃദയങ്ങളിലാണെഴുതപ്പെടുക.

പഴയ ഉടമ്പടിയിൽ ജനതയുടെ ബന്ധുവെന്ന നിലയിൽ പെരുമാറുമെന്നാണ് വാഗ്ദാനമുണ്ടായത്. പക്ഷേ, പുതിയ ഉടമ്പടിയിൽ അവിടുന്ന് യഥാർത്ഥമായി നമ്മുടെ ശരീരമെടുത്തു. അങ്ങനെ വാച്യാർത്ഥത്തിൽതന്നെ നമ്മുടെ ബന്ധു, ദിവ്യകാരുണ്യത്തിൽ തൻെറ രക്തം നമ്മുടെ രക്തവുമായിട്ടുപോലും കലർത്തുന്ന സഹോദരൻ ആയി.

പ്രവാസജീവിതത്തിൻെറ അവസാനകാലത്തുതന്നെ ജറമിയായുടെ ഈ പ്രവചനപൂർത്തീകരണം സംഭവിച്ചില്ല. ജറമിയായുടെ പ്രതീക്ഷ ഭാവികാലത്തേക്കായിരുന്നു. രണ്ടാം വത്തിക്കാൻ സൂനഹദോസ് ഈ പ്രവചനത്തിൻെറ പ്രധാന ഭാഗം ഉദ്ധരിച്ചിട്ട് തുടർന്നു: "ക്രിസ്തു ഈ പുതിയ ഉടമ്പടി സ്ഥാപിച്ചു, തൻെറ രക്തത്തിലുള്ള പുതിയ ഉടമ്പടി. മനുഷ്യരെ ശാരീരികമായി മാത്രമല്ലാ, അരൂപിയിൽ കൂടിയും ഒന്നിപ്പിക്കാനും അങ്ങനെ അവർ ദൈവത്തിൻെറ

www.malankaralibrary.com

പുതിയ ജനമായിത്തീരാനുംവേണ്ടി യൂദനിൽനിന്നും പുറ ജാതിയിൽനിന്നും അവരെ ആഹ്വാനംചെയ്തുകൊണ്ടാണ് അവിടുന്ന് ഇത് നിർവഹിച്ചത്''.

പഴയ ഉടമ്പടിക്കാലത്തെ ആളുകളുടെ അനുസരണം ന ല്ലതായിരുന്നില്ല. എന്നാൽ, പുതിയതിൽ ആളുകളുടെ അനുസരണം ആവശ്യപ്പെട്ടെങ്കിലും അവരുടെ ശിരസ്സ് പു തിയ ആദമായ ക്രിസ്തു ആയിരിക്കും. അവിടുത്തെ അനു സരണമാകട്ടെ, പരിപൂർണ്ണവുമായിരുന്നു. കാരണം, അവി ടുന്ന് ''തന്നെത്തന്നെ ശൂന്യമാക്കിക്കൊണ്ട്, ദാസൻെറ രൂപം സ്വീകരിച്ച്,.......മരണം വരെ, അനുസരണമുള്ളവനായി തന്നെത്തന്നെ താഴ്ത്തി'' (ഫിലിപ്പി 2,7–8).

പെസഹാവ്യാഴാഴ്ച രാത്രിയിൽ വിരുന്നുശാലയിൽ വച്ച് അവിടുന്ന് ആ അനുസരണത്തിന് ഉറപ്പ് നൽകി. ഒരു പ്രമാണത്തിൽ ഒപ്പുവച്ച് അവിടുത്തേക്ക് അത് നിർവഹി ക്കാമായിരുന്നു, അല്ലെങ്കിൽ അവയ്ക്ക് സമാനമായ വാക്കു കൾ പറയുകയും അങ്ങനെ അനുസരണം സ്വീകരിക്കുക യും ചെയ്യാമായിരുന്നു. പക്ഷേ, പിതാവിൻെറ ഇച്ഛ യുടെ സ്വീകരണം നാടകീയമെന്നുതന്നെ പറയാവുന്നവിധം അവിടുന്നു നിർവഹിച്ചു. അതിനാൽ അവിടുന്ന് അപ്പവും വീഞ്ഞും എടുത്ത് അവയുടെമേൽ ഇങ്ങനെ പ്രസ്താവി ച്ചു: ''ഇതെൻെറ ശരീരമാകുന്നു, ഇതെൻെറ രക്തമാകുന്നു'' ശരീരവും രക്തവും വേർപെട്ടുവെങ്കിൽ മനുഷ്യൻ മരിച്ചു കഴിഞ്ഞു. അതിനാൽഈ മാർഗ്ഗേണ കുരിശിന്മേലുള്ള ത ൻെറ മരണത്തിൻെറസ്വീകരണം അവിടുന്ന് സൂചിപ്പിച്ചു.

ഇക്കാലത്ത് ഈ രീതിയിലുള്ള ആശയപ്രകാശനം വിര ളമാണ്. അതിനാൽ ഇതു നമുക്കു് ഇങ്ങനെ ഭാഷ്യപ്പെടു ത്താം: ''പിതാവേ, അവിടുന്നു എനിക്കു നൽകിയ കല്പന എനിക്കറിയാം. നാളെ ഞാൻ മരിക്കേണ്ടിയിരിക്കുന്നു. ഞാൻ എന്നെത്തന്നെമരണത്തിനു ഏല്പ്പിക്കുന്നു, ഞാൻ സ്വീകരിക്കുന്നു, ഞാൻ അനുസരിക്കുന്നു''

ആ സന്ധ്യയ്ക്കു അവിടുന്നു തൻെറ അനുസരണത്തി ൻെറ ഉറപ്പു നൽകിയതു പിറേറദിവസം അവിടുന്നു പാ ലിച്ചു.

www.malankaralibrary.com

നമുക്കൊന്നു കൂടുതൽ അപഗ്രഥിച്ചുനോക്കാം. മോശ ജനങ്ങളുടെ മേൽ മൃഗങ്ങളുടെ രക്ത്തം തളിച്ചു. അതു അവർ ദൈവത്തിന്റെ രക്ത്തബന്ധുക്കളാണെന്നു കാണിക്കുവാനായിരുന്നു. യേശു അതിൽ കൂടുതൽ ചെയ്തു. തന്റെ രക്ത്തം നാം പാനം ചെയ്യുവാനും തന്റെ ശരീരം നാം ഭക്ഷിക്കുവാനുമായി അവിടുന്നു ദിവ്യകാരുണ്യം സ്ഥാപിച്ചു. നമ്മെ അവിടുത്തെ സഹോദരങ്ങളാക്കുവാനായുള്ള ഒരു രൂപേണയുള്ള രക്ത്തദാനം.

അതു നിർവഹിക്കുവാൻ അവിടുന്നു തെരഞ്ഞെടുത്ത സമയമോ! നമ്മുടെ വർഗ്ഗം അവിടുത്തോട് ഏററം മോശമായ നിലയിൽ പെരുമാറുന്നതിനു ആരംഭിച്ച സന്ദർഭം, അവിടുത്തെ വേദനകളുടെ മനുഷ്യൻ, ദുഃഖവുമായി പൊരുത്തപ്പെട്ട മനുഷ്യൻ, മനുഷ്യരാൽ ഉപേക്ഷിക്കപ്പെട്ടവൻ, ആക്കിത്തീർക്കാൻ തുടങ്ങുന്ന സന്ദർഭം. നാമാകട്ടെ, ആരെങ്കിലും നമ്മോടു അപമര്യാദയായി പെരുമാറിയാൽ അയാളുമായി വീണ്ടും സൗഹൃദം സ്ഥാപിക്കുവാൻ പ്രയാസം കാണുന്നവരാണു്. അവിടുന്നാകട്ടെ, നമ്മുടെ ഭക്ഷണമായി നമ്മുടെ ഉള്ളിലെത്തി നമ്മോടെ ഏററം അടുക്കുവാൻ, അത്ഭുതകരമായ മാർഗ്ഗമാണ് ആ സമയം സ്വീകരിച്ചതു്.

ഈ പുതിയ ഉടമ്പടിക്കു ഉറപ്പു നൽകിയശേഷം ബാക്കി പതിനൊന്നു അപ്പോസ്തലന്മാരെ അവിടുന്നു തന്നോടൊന്നിച്ചുകൊണ്ടുപോയി. യൂദാസ് അവിടുത്തെ ഒററിക്കൊടുക്കുന്നതിൽ വ്യാപൃതനായിരുന്നു. അവർ ജറൂസലേം സ്ഥിതി ചെയ്യുന്ന കുന്നിന്റെ തെക്കുള്ള ഇറക്കം ഇറങ്ങി കെദ്രോൺ തോടിനപ്പുറം പോയി. പൂർണ്ണചന്ദ്രൻ പ്രകാശം തൂകിക്കൊണ്ടിരുന്നു. അന്നു് പെസഹാപെരുനാളായിരുന്നു. അവർ എതിർവശത്തുള്ള ഒലിവുമല കയറി. പത്രോസും യാക്കോബും യോഹന്നാനും ഒഴികെ മറെറല്ലാവരെയും തോട്ടത്തിന്റെ വാതുക്കലാക്കിയിട്ടു് അവിടുന്നു് അകത്തേക്കു കയറി. കുറെ ദൂരം ചെന്നിട്ടു് അവരെയും അവിടെ നിർത്തിയശേഷം അവിടുന്നു കുറെ ദൂരം കൂടി മുമ്പോട്ടു പോയി. അവിടെ അവിടുന്നു് "ദുഃഖിക്കുവാനും ഭയപരവശനാകുവാനും" തുടങ്ങി. അതേ, വി: മർ

www.malankaralibrary.com

ക്കോസ് രേഖപ്പെടുത്തിയ ഗ്രീക്കുപദമായ "എക്താം ബേയിസ്തായി" എന്നതിന്റെ അർത്ഥം "ഭയപരവശനാകുക" എന്നതുതന്നെയാണു്. (മർക്കോ. 14: 33)

നമുക്കു നമ്മോടുതന്നെ ചോദിക്കാം. എല്ലാ കാര്യങ്ങളും അറിയുന്ന ദൈവം മനുഷ്യനു് എങ്ങനെ ഭയത്തിലാകാനൊക്കും? ഉത്തരം വ്യക്തമാണു്. അവിടുന്നു് യഥാർത്ഥമനുഷ്യനും യഥാർത്ഥ ദൈവവുമായിരുന്നു. മരുഭൂമിയിലുള്ള തന്റെ നാല്പതു ദിവസത്തെ ഉപവാസത്തിനു ശേഷം കല്ലുകൾ അപ്പമാക്കുവാൻ സാത്താൻ ഉപദേശിച്ചപ്പോൾ അതു ഒരു പരീക്ഷയായി മാത്രമേ അവിടുന്നു എടുത്തുള്ളു. അതു ഒരു പരീക്ഷയാകുന്നതെന്തിനു്? സുദീർഘമായ ഉപവാസത്തിനുശേഷം ഭക്ഷണം കഴിക്കുക ഉചിതമല്ലായിരുന്നോ? പക്ഷേ, കാരണം ഇതാണു്: വി. പൗലോസു് പ്രസ്താവിക്കുന്നതുപോലെ അവിടുന്നു് "സ്വയം ശൂന്യനാക്കി ദാസന്റെ രൂപമെടുത്തിരുന്നു! അവിടുത്തേക്കു തന്റെ ദൈവത്വത്തിൽ ശൂന്യനാകുവാൻ, ദൈവമല്ലാതിരിക്കുവാൻ, തീർച്ചയായും കഴിയുമായിരുന്നില്ല. തന്റെ ദൈവികശക്തി സ്വന്തം സുഖത്തിനുവേണ്ടി ഉപയോഗിക്കുകയില്ലെന്നു തീരുമാനിക്കുവാൻ അവിടത്തേക്കു കഴിയുമായിരുന്നു. അപ്രകാരം അവിടുന്നു പ്രവർത്തിച്ചു. അതു മററുള്ളവർക്കുവേണ്ടിയാണ്. അവരുടെ രോഗങ്ങൾ സുഖപ്പെടുത്താനാണു്. ഉവ്വ്, അതു തനിക്കുവേണ്ടിയല്ല. അതിനാൽ, ഈ ഭയത്തിൽ നിന്നും എല്ലാ വിധത്തിലുമുള്ള കഷ്ടപ്പാടുകളിൽനിന്നുതന്നെയും സ്വയം രക്ഷപ്പെടാൻ അവിടുത്തെ ദൈവത്വത്തിനു കഴിയുമായിരുന്നു. എന്നിരുന്നാലും അവിടുന്നു സകലതും സഹിക്കണമെന്നതു് പിതാവിന്റെ തിരുവിഷ്ടമായിരുന്നു. സഹായരഹിതമായിത്തീർന്ന അവിടുത്തെ മനുഷ്യസ്വഭാവമാകട്ടെ, ഭയാനകമായ പീഡാസഹനങ്ങളും മരണവും ഓർത്തു് തീവ്രമായ ഭയവികാരത്തിനടിമപ്പെട്ടു.

വൈദ്യനായിരുന്ന വി. ലൂക്കോസിന്റെ ദൈവനിവേശിതമായ രേഖയനുസരിച്ച് അവിടുത്തെ രക്തം വിയർപ്പായി പുറത്തേക്കൊഴുകി. (ലൂക്കോ. 22: 14) മെഡിക്കൽ

www.malankaralibrary.com

നിഘണ്ടുവനുസരിച്ചു് അതിന്റെ പേരു് ഹെമാററിഡ്രോസിസ് എന്നാണു്. ആന്തരീകസമ്മർദ്ദം വളരെ വളരെ അധികമാകുമ്പോഠം, മനുഷ്യനു സുബോധം നഷ്ടപ്പെടുന്നില്ലെങ്കിൽ, വിയർപ്പുളവാക്കുന്ന ഗ്രന്ഥികളുടെ സമീപം സ്ഥിതി ചെയ്യുന്ന ചെറുരക്തധമനികഠം പൊട്ടുകയും അവയിലെ രക്തം വിയർപ്പുഗ്രന്ഥികളിൽകൂടി ഒഴുകുകയുമാണു് അതിന്റെ കാരണം.

ഇത്ര ഭീകരമാംവിധം അവിടുത്തേക്കു എങ്ങനെ സഹിക്കാൻ കഴിഞ്ഞു! പുരാതനകാലത്ത് എത്രയോപേർ അവിടുന്നനുഭവിച്ചരീതിയിലുള്ള മരണത്തിനുവിധേയരായിട്ടുണ്ട്. ഉണ്ട്. പക്ഷേ, അവിടുത്തെ സഹനത്തിനു രണ്ടു പ്രത്യേകഭാവങ്ങളുണ്ടായിരുന്നു. ഒന്നാമതായി അതിന്റെ ആഗമനം അവിടുത്തേക്കു എന്നും അറിയാമായിരുന്നു. ക്രൂരമായ അതിന്റെ സകല വിശദാംശങ്ങളും അവിടുന്നു പ്രസ്പഷ്ടമായി കണ്ടു. പന്ത്രണ്ടാം പീയൂസ് മാർപ്പാപ്പാ പ്രസ്താവിച്ചതുപോലെ അവിടുത്തെ മനുഷ്യാത്മാവിനു അതിന്റെ ആരംഭം മുതലേ ദൈവദർശനമുണ്ടായിരുന്നു. ആ ദർശനത്തിൽ അവിടുത്തേക്കു സകലതും കാണാൻ കഴിഞ്ഞിരുന്നു. ഈ നിമിഷം തന്നെയും അവിടുന്നു കണ്ടിരുന്നു. ജീവിതകാലം മുഴുവൻ തുടർച്ചയായി അവിടുത്തെ മഥിച്ചുകൊണ്ടിരുന്ന ഒരു കാര്യവുമാണു് അതു്. ഭയാനകമായ എന്തെങ്കിലും നാം മുൻകൂട്ടി കാണുന്നെങ്കിൽ സമാശ്വാസദായകമായ ഈ ചിന്ത നമുക്കുണ്ടാകാം; ഒരു പക്ഷേ, അതു സംഭവിക്കയില്ലായിരിക്കാം, അല്ലെങ്കിൽ ഒരു പക്ഷേ, അതു അത്ര ഭീതിദമായിരിക്കാനിടയില്ല. അവിടുത്തെ ദർശനത്തിന്റെ പ്രസ്പഷ്ടത ഈ സഹായം ഇല്ലാതാക്കി.

തന്റെ പരസ്യജീവിതകാലത്തു് ഒരിക്കൽ അവിടുന്നു് ശ്ലീഹൻമ്മാരോടു് അരുഠം ചെയ്ത കാര്യം നാം മുമ്പു കണ്ടതാണ് "എനിക്കു ഒരു മാമോദീസാ സ്വീകരിക്കുവാനുണ്ടു്. അതു നിവൃത്തിയാകുവോളം ഞാൻ എത്ര ഞെരുക്കം അനുഭവിക്കുന്നു" (ലൂക്കോ. 12,50). മറെറാരു വിധത്തിൽ പറഞ്ഞാൽ ദുഃഖങ്ങളുടെ പ്രവാഹത്തിൽ എറിയപ്പെടുമെന്നു അവിടുന്നു അറിഞ്ഞിരുന്നു. അതു പൂർത്തിയാകുന്നതുവരെ ആ ചിന്ത അവിടുത്തെ മഥിച്ചുകൊണ്ടിരിക്കും. അവി

www.malankaralibrary.com

ടുത്തെ പീഡാനുഭവങ്ങൾക്കു ഏതാനും ദിവസങ്ങൾ മുൻപ് ജനങ്ങളോടുള്ള തൻെറ ഉപദേശം ഇടയ്ക്കു നിറുത്തി അവിടുന്നു അരുൾ ചെയ്തു: "ഇപ്പോൾ എൻെറ ആത്മാവ് അസ്വസ്ഥമായിരിക്കുന്നു. ഞാൻ എന്തു പറയേണ്ടു? പിതാവേ, ഈ മണിക്കൂറിൽ നിന്നു് എന്നെ രക്ഷിക്കണമെ" (യോഹ. 13: 27). മിക്ക ആളുകൾക്കും ഉറക്കവേളയിൽ അസ്വസ്ഥ ചിന്തകളുണ്ടാകാറുണ്ടു്. ഭീതിദമായ എന്തോ അവരെ പിൻതുടരുന്നു. അവർക്കു മരവിപ്പു തോന്നും, അനങ്ങാൻ പാടില്ലാതെവരും. അതു അവരെ പിടികൂടാറാകുമ്പോൾ അവർ പെട്ടെന്നുണരും. എന്നാൽ, അവിടുത്തേക്കുറിച്ചു ചിന്തിച്ചുനോക്കൂ. ജീവിതകാലം മുഴുവനും നീണ്ടുനിന്ന ഈ അസ്വസ്ഥത അവിടുത്തെ പിടികൂടാറാകുമ്പോൾ രക്ഷ പെടാൻ ഒരു മാർഗ്ഗവുമില്ലെന്നു് അവിടുന്നു ഗ്രഹിക്കുന്നു.

തിരുഹൃദയത്തിൻെറ ആവിഷ്കരണങ്ങൾ ലഭിച്ച വി. മാർഗ്ഗരീത്താമറിയം തനിക്കുണ്ടായ ഒരു ദർശനത്തെക്കുറിച്ചു പ്രസ്താവിക്കുന്നു:

"സൂര്യനെക്കാൾ പ്രഭയുള്ളതും സ്ഫടികംപോലെ സുതാര്യവുമായ അവിടുത്തെ തിരുഹൃദയം തീജ്വാലകളുടെ ഒരു സിംഹാസനത്തിൽ ഞാൻ കണ്ടു. അതിനു അതിൻെറ ആരാധ്യമായ മുറിവുണ്ടായിരുന്നു, മുള്ളുകൾ കൊണ്ടുള്ള ഒരു കിരീടത്താൽ അതു വലയം ചെയ്യപ്പെട്ടിരുന്നു........അതിന്മേൽ ഒരു കുരിശുമുണ്ടായിരുന്നു. അവിടുത്തെ മനുഷ്യാവതാരനിമിഷംതന്നെ അതായതു് തിരുഹൃദയം രൂപപ്പെട്ട സമയം മുതൽ തന്നെ ഈ കുരിശ് അതിന്മേലുണ്ടായിരുന്നു, കയ്പും അപമാനങ്ങളും ദാരിദ്ര്യവും ദുഃഖനിന്ദയും അവിടുത്തെ പരിശുദ്ധമായ മനുഷ്യത്വം ജീവിതകാലം മുഴുവനും പീഡാനുഭവകാലത്തും സഹിക്കേണ്ടിയിരുന്നവകൊണ്ടു് നിറഞ്ഞിരുന്നതായും ഈ കുരിശ് സൂചിപ്പിക്കുന്നുണ്ടു്."

ഗത്സമേൻ തോട്ടത്തിൽവച്ചുള്ള അവിടുത്തെ സഹനത്തിൻെറ രണ്ടാമത്തെ കാരണം ഇതാണു്: താൻ ആരെ മരണം മൂലം രക്ഷിക്കുവാൻ ശ്രമിക്കുന്നുവോ അവരിൽനിന്നുതന്നെ

www.malankaralibrary.com

യുള്ള നിരാകരണം. നിരാകരണത്തിൻെറ രൂപം, നിരാക രിക്കുന്നവരോടു നിരാകരിക്കപ്പെടുന്നയാളിൻെറ സ്നേഹം.

അവിടുത്തെ സ്നേഹം എത്രമാത്രം വലുതായിരുന്നു. മുമ്പു് കണ്ടതുപോലെ, സ്നേഹം ഒരാഗ്രഹമാണെങ്കിൽ മറെറാരാളുടെ നന്മയ്ക്കുവേണ്ടിയുള്ള ഇച്ഛയാണെങ്കിൽ അവിടുത്തെ സ്നേഹം രണ്ടു വിധത്തിൽ മഹത്തായതാണു്. ഒന്നാമതായി നമുക്കുണ്ടായിരിക്കണമെന്നു് അവിടുന്നാഗ്ര ഹിക്കുന്ന നന്മ ഒരു നൂറു വർഷത്തേക്കുള്ള സന്തോഷപ്രദ മായ ജീവിതമല്ല. അതു നിത്യമായ സന്തോഷമാണു്. കേവ ലമനുഷ്യനു ചേർന്ന സന്തോഷമല്ല, അവിടുന്നു നമുക്കു് വേണ്ടി ആഗ്രഹിക്കുന്നതു്. ഒരു മൃഗത്തിനു ആ മൃഗത്തി നുചേർന്ന സന്തോഷത്തിനു ദൈവം പദ്ധതി തയ്യാറാക്കിയി ട്ടുണ്ടു്. എന്നാൽ നമുക്കാകട്ടെ കേവലമായ മാനുഷിക സംതൃപ്തി മാത്രമല്ലാ അവിടുന്നു് ഇച്ഛിക്കുന്നതു്. ദൈവത്തിൻെറ തന്നെ ജീവൻ നമുക്കുണ്ടായിരിക്കണമെന്നു് അവിടുന്നു ആഗ്രഹിക്കുന്നു. കാരണം, അവിടുന്നു നമ്മെ ദൈവസ്വഭാവത്തിൽ അക്ഷരാർത്ഥത്തിൽ തന്നെ പങ്കാളിക ളാക്കിയിട്ടുണ്ടു്. രണ്ടാമതായി, പീഡാനുഭവമെന്ന വിഘാ തം മൂലം നിന്നുപോകാത്തവിധം അത്രമാത്രം ദൃഢമായി രുന്നു അവിടുത്തേക്കു നമ്മോടുള്ള സ്നേഹം. ഒരു ചെ റുവിലങ്ങുതടിമതി ചെറിയ സ്നേഹത്തിനു സ്നേഹി ക്കപ്പെടുന്ന ആളിനോടുള്ള സ്നേഹം ഇല്ലാതാകാനെന്നു നമുക്കറിയാം. വലുതായ വിഘാതം വേണം വലുതായ സ്നേഹം ഇല്ലാതാക്കാൻ. എന്നാൽ, രക്തം വിയർപ്പായി പ്രവഹിച്ചപ്പോഴും കുരിശിന്മേലായിരുന്നപ്പോഴും ഇതു കൂ ടുതലാണു്, മതിയായി, എന്നു പറയാതിരുന്ന ആ സ്നേ ഹമുണ്ടല്ലോ, അതു് എത്രയോ മഹത്തമമാണു്. അവിടുന്നു സകലതും സഹിച്ചു. നമ്മോടുള്ള അവിടുത്തെ സ്നേഹം അളവില്ലാത്തതായിരുന്നു. ദൈവത്തോടുള്ള മറിയത്തിൻെറ സ്നേഹം ദൈവത്തിനു മാത്രമേ ഗ്രഹിക്കുവാൻ കഴിയൂ, എന്നു് ഒൻപതാം പീയൂസു് മാർപ്പാപ്പാ പ്രസ്താവിച്ചതു നാം മുമ്പു കണ്ടതാണു്. അപ്പോൾ ദൈവ—മനുഷ്യന് നമ്മോടുള്ള സ്നേഹം എന്തായിരിക്കും!

www.malankaralibrary.com

സ്നേഹം നിഷേധിക്കപ്പെട്ട ആളിൻെറ സ്നേഹവും ആ നിരാകരണത്തിൻെറ രൂപഭാവവുമനുസരിച്ചാണു സ്നേഹം അളക്കപ്പെടേണ്ടതെന്നു നാം പ്രസ്താവിച്ചുകഴിഞ്ഞതാണ്. ആൾക്കൂട്ടത്തിൽവച്ച് ഒരാൾ എന്നെ നിർദ്ദയമായി തള്ളിയെന്നു സങ്കല്പ്പിക്കുക. അല്പമായിട്ടെങ്കിലും അതു എനിക്കു ഉപദ്രവം തോന്നിക്കും. അയാൾ എന്നെ അടിക്കുകയാണെങ്കിൽ അതു കൂടുതൽ മോശമാകും. എന്നാൽ, എന്നെ കൊല്ലണമെന്ന് അയാൾ ആഗ്രഹിക്കുന്നു. വെറും കൊലകൊണ്ടുമാത്രം അയാൾ തൃപ്തനാകയില്ല, നേരെമറിച്ച് തനിക്കു കഴിയുന്നത്ര ക്രൂരമായ രീതിയിൽ എന്നെ വധിക്കണമെന്നാണു അയാളുടെ ആഗ്രഹമെന്നും സങ്കല്പിക്കുക. എങ്കിൽ അതു് എത്രയോ ഹൃദയഭേദകമായിരിക്കും!

അപ്പോൾ, അളവില്ലാത്ത ഒരു സ്നേഹം ചിന്തിക്കാവുന്നതിൽവച്ചേററം നികൃഷ്ടമായ രീതിയിൽ നിരാകരിക്കപ്പെടുന്നു. ഇപ്രകാരമുള്ള ഒരു നിരാകരണം വരുത്തുന്ന വേദന ചിത്രീകരിക്കുക നമ്മുടെ ശക്തിക്കതീതമാണ്. അതിനാൽ ഒരു ദർശനത്തിൽ അവിടുന്ന് വി. മാർഗ്ഗരീത്താ മറിയത്തോട് പ്രസ്താവിച്ചു: "എൻെറ പീഡാനുഭവവേളയിൽ ഞാൻ സഹിച്ചതിലധികമാം വിധം മനുഷ്യരുടെ ഈ നന്ദിയില്ലായ്മയും പുച്ഛവും എന്നെ സ്പർശിക്കുന്നു." നിരാകരണഫലമായുളവാകുന്ന ആത്മനൊമ്പരം ശാരീരികവേദനയുടെ തലത്തിലുള്ളതല്ല. അവിടുത്തെ ശാരീരികവേദന ഭീകരമായിരുന്നെങ്കിലും ആ ആത്മനൊമ്പരം വളരെ അഗാധമായ ഒന്നാണ്.

അവിടുത്തെ സ്നേഹത്തിൻെറ നിരാകരണം മാത്രമല്ല സംഭവിച്ചത്. അവിടുത്തെ പരിശുദ്ധശിരസ്സിൽ ഹാസ്യദ്യോതകമായി മുൾമുടിയണിയിച്ചപ്പോൾ അവിടുത്തെ ബുദ്ധിശക്തിയെ കടന്നാക്രമിക്കുകയും നിന്ദിക്കുകയും ഒരു വിഡ്ഢിയോടെന്നവിധം അവിടുത്തോടു പെരുമാറുകയുമാണുണ്ടായത്. അക്ഷരാർത്ഥത്തിൽ തന്നെ അവിടുത്തെ ദൈവികജ്ഞാനത്തിൻെറ മാനുഷികാവയവമായിരുന്നു ആ പരിശുദ്ധ ശിരസ്സ്. മാനുഷികതലത്തിൽ എല്ലാ കാര്യങ്ങ

www.malankaralibrary.com

ളും നിർവഹിക്കുന്നതിനുള്ള പരിശുദ്ധാത്മാവിന്റെ ഉപകരണമായിരുന്നു ആ പരിശുദ്ധ ശിരസ്സ്. ആ മാനുഷികബുദ്ധി ദൈവത്വത്തിന്റെ ദർശനത്താൽ പ്രശോഭിതമായിരുന്നതിനാൽ അവിടുത്തെ പീഡാനുഭവവേളയിൽപ്പോലും നാം ഓരോരുത്തരെയും വ്യക്തമായി കണ്ടു. പന്ത്രണ്ടാം പീയൂസ് മാർപ്പാപ്പാ പ്രസ്താവിച്ചതുപോലെ "പുൽക്കൂട്ടിൽ, കുരിശിൻമേൽ, പിതാവിന്റെ നിത്യമഹത്വത്തിൽ, സഭയുടെ എല്ലാ അംഗങ്ങളും ക്രിസ്തുവിന്റെ മുൻപിൽ സന്നിഹിതരാണ്. ഒരമ്മയുടെ മടിയിൽ കിടക്കുന്ന പുത്രനെക്കാളും അല്ലെങ്കിൽ ഓരോരുത്തനും തന്നെതന്നെ സ്നേഹിക്കുന്നതിനെക്കാളും ഉപരിയായി അവർ അവിടുത്തോടു സംയോജിതരുമാണ്." ഒരു മാനുഷിക ഹൃദയത്തിനു അതിനറിയുകപോലും ചെയ്യാത്ത ഒരാളെ സ്നേഹിക്കുവാൻ കഴിയുകയില്ലെന്നു സ്പഷ്ടം. പക്ഷേ, നാം അവിടുത്തെ ബുദ്ധിശക്തിയെയും സ്നേഹത്തെയും നിരാകരിച്ചപ്പോഴംപോലും തന്റെ മാനുഷികബുദ്ധിയുടെ ഊഹാതീതമായ പ്രകാശം മുഖേന നാം ഓരോരുത്തരെയും വ്യക്തിപരമായി അവിടുന്നറിഞ്ഞു. അതിനാൽ വ്യക്തിപരമായി നാം ഓരോരുത്തരെയും സ്നേഹിക്കുന്നതിനു അവിടുത്തേക്കു സാധ്യമായി.

സ്നേഹിക്കുന്നതിനു അവിടുത്തേക്കു "സാധ്യമായി" എന്നത് അല്പം വിശേഷഭാവമുള്ള പദമാണ്. സാധാരണമനുഷ്യരായ നാം സ്നേഹിക്കുമ്പോഴം, നാം സ്നേഹിക്കുന്നയാളിൽ ഏതെങ്കിലും നന്മ കാണുകയാണ് അതിനുത്തേജനം നൽകുക. എന്നാൽ, ഈ സന്ദർഭത്തിൽ സ്നേഹയോഗ്യമായയാതൊന്നും അവിടുന്ന് നമ്മിൽ കണ്ടില്ല, നേരെമറിച്ച് പാപം മാത്രം, ഓരോ നിമിഷവും തന്നെ നൊമ്പരപ്പെടുത്തുന്ന പാപം മാത്രം, കണ്ടു. വി. പൗലോസ് പ്രസ്താവിക്കുന്നു: "നാം പാപികളായിരിക്കെ, ക്രിസ്തു നമുക്കുവേണ്ടി മരിച്ചു, അങ്ങനെ നമ്മോടുള്ള സ്നേഹം ദൈവം പ്രകടമാക്കിയിരിക്കുന്നു" (റോമാ. 5: 8).

ദൈവികജ്ഞാനത്താൽ പ്രശോഭിതമായ അവിടുത്തെ മാനുഷികബുദ്ധി നമ്മെ സ്നേഹിക്കുന്നതിനു അവിടുത്തെ നയിച്ചു. അതിനെല്ലാം അറിയാമായിരുന്നു. എങ്കിലും

www.malankaralibrary.com

ഈ പ്രപഞ്ചം ഒരിക്കലും കണ്ടിട്ടില്ലാത്ത പരിശുദ്ധവും ഉദാരവും സ്വന്തതാത്പര്യം പരിഗണിക്കാതെയുമുള്ള സ്നേഹം അവിടുന്നു കാണിച്ചു.

തീർച്ചയായും, അവിടുന്ന് പരിഹാരം ചെയ്യേണ്ട അനന്തമെന്നുതന്നെ വിശേഷിപ്പിക്കാവുന്ന പാപഭാരം തന്റെ വേദന അമേയമായി വർദ്ധിപ്പിച്ചു. വി. പൗലോസ് നാടകീയമായ രീതിയിൽ അതു രേഖപ്പെടുത്തുന്നു. "എന്തെന്നാൽ, നാമെല്ലാവരും അവനിൽ ദൈവത്തിന്റെ നീതിയാകേണ്ടതിന്, പാപം അറിയാത്തവനെ ദൈവം പാപമാക്കി" (2 കോറി. 5: 21).

ഒരു ഉടമ്പടിയുടെ ചട്ടക്കൂട് നാം ഗ്രഹിക്കുമ്പോൾ അവിടുത്തെ സ്നേഹത്തിന്റെ അളവില്ലായ്മ കൂടുതൽ വ്യക്തമാകും. ഉടമ്പടി ഏകദേശം ഒരു കരാർ പോലെയാണ്: "നീ അതു ചെയ്യുമെങ്കിൽ ഞാൻ ഇതു നിറവേററും." അപ്പോൾ കരാർ ചെയ്യുന്നയാൾ തന്റെ പ്രവൃത്തിക്കു ഏകദേശമെങ്കിലും തുല്യവില കണക്കാക്കാവുന്ന ഒന്ന് തിരിച്ചു കിട്ടണമെന്ന് വിചാരിക്കുന്നു, ആഗ്രഹിക്കുന്നു. അല്ലാത്ത പക്ഷം അയാൾ ആ കരാറിൽ ഏർപ്പെടുകയില്ല. അതിനാൽ പുതിയ ഉടമ്പടിയിലെ കരാറിൽ, വി. പൗലോസ് പ്രസ്താവിക്കുന്നതുപോലെ വീണ്ടെടുപ്പിന്റെ വിലയ്ക്കു തുല്യമായതു ചെയ്യുവാൻ പിതാവ് സ്വയം പ്രതിബന്ധനാക്കി. പക്ഷേ, ആ വീണ്ടെടുപ്പുവില അനന്തതയ്ക്കും അപ്പുറമുള്ളതായിരുന്നു. കാരണം, അനന്തനായ ആളിന്റെ, ദൈവ-മനുഷ്യന്റെ നിസ്സാരപ്രവൃത്തിപോലും അനന്തവിലയുള്ളതായിരുന്നു. അപ്പോൾ ഇത്രയധികം സഹനത്തിന്റെ ആവശ്യമെന്ത്? അതിനാൽ, ഇനി ജനിക്കാനുള്ള ദൈവജനത്തിനു പ്രസാദവരത്തിന്റെ, പ്രത്യേകസ്നേഹത്തിന്റെ, ക്ഷമയുടെ അനന്തമായ ഒരു ഭണ്ഡാഗാരം നൽകുന്നതിനും അവർ ഈ പുതിയ ഉടമ്പടിമൂലം തന്റെ നന്മകൾ സ്വീകരിക്കുന്നതിനും പിതാവ് സ്വയം പ്രതിബന്ധനാക്കുകയാണുണ്ടായത്. നിയമഭാഷ നാം ഉപയോഗിക്കുന്ന പക്ഷം, അനന്തതയുള്ള വസ്തുനിഷ്ഠമായ അവകാശം പുതിയ ഉടമ്പടി മൂലം ഉണ്ടായെന്നു നമുക്കു പറയാൻ കഴിയും.

www.malankaralibrary.com

എന്നാൽ, ഇതിൽനിന്നും കൂടുതലായി പ്രസ്താവി ക്കേണ്ടതുണ്ടു്. ഗലാത്യർക്ക് വി. പൗലോസ് എഴുതി: ''അവിടുന്ന് എന്നെ സ്നേഹിക്കുകയും എനിക്കുവേണ്ടി തന്നെത്തന്നെ ബലിയർപ്പിക്കുകയുംചെയ്തു''(ഗലാ.2:20). നിയമഭാഷ ഇത് കൂടുതൽ വ്യക്തമാക്കും. അതായത് പുതിയ ഉടമ്പടിയിൽ മനുഷ്യവർഗ്ഗത്തിന് പൊതുവായ നിലയിൽ അനന്തതയുള്ള വസ്തുനിഷ്ഠമായ ഒരവകാശം ഉണ്ടാകുകമാത്രമല്ലാ ചെയ്തത്, പ്രത്യുത അത് ഓരോ വ്യക്തിക്കും അനന്തതയുള്ള വസ്തുനിഷ്ഠമായ ഒരവ കാശം നൽകുകയും ചെയ്തു. അളവില്ലാത്ത സ്നേഹ ത്തിൻെറ അളവാണിത്.

ദൈവത്തിൻെറ വഴികളിൽ മഹത്തായ രണ്ട് തത്വങ്ങളു ണ്ടെന്ന് നാലാമധ്യായത്തിൽ നാം കണ്ടു, നമ്മോട് അവിടു ത്തേക്കുള്ള സ്നേഹവും വസ്തുനിഷ്ഠമായ ക്രമത്തോ ടുള്ള അഥവാ, വസ്തുനിഷ്ഠമായ നന്മയോടുള്ള അവിടു ത്തെ സ്നേഹവും. വസ്തുനിഷ്ഠമായ ക്രമത്തെക്കുറിച്ച് പോരം ആറാമൻ മാർപ്പാപ്പാ മനോഹരമായ രീതിയിൽ രേഖ പ്പെടുത്തി:

''ദൈവം തൻെറ അവാച്യമായ ജ്ഞാനത്തിലും അനന്ത സ്നേഹത്തിലും സ്ഥാപിച്ച പ്രപഞ്ചക്രമത്തിന് ഓരോ ഭംഗമേല്പിക്കുന്നു........ അതിനാൽ പാപത്തിൻെറ പൂർണ്ണ മോചനവും പരിഹാരവും ആവശ്യമാണ്, ഹൃദയത്തിൻെറ ആത്മാർത്ഥമായ മാനസാന്തരം വഴി ദൈവത്തോടുള്ള സ് നേഹം പുനസ്ഥാപിക്കപ്പെടണം. അവിടുത്തെ ജ്ഞാന ത്തിനും നന്മയ്ക്കും എതിരായുള്ള അപരാധം ഇല്ലാതാക ണം. വ്യക്തിപരവും സാമൂഹികവുമായുള്ള എല്ലാ നന്മ കളും പുനസ്ഥാപിക്കപ്പെടണം. കൂടാതെ പാപം മൂലം ഇല്ലാതാകുകയോ, കുറയുകയോ ചെയ്ത, പ്രപഞ്ചക്രമ ത്തിനെതിരായി സംഭവിച്ചതും നേരെയാക്കണം''.

പാപം മുഖേനയുണ്ടായ അപരാധം ദൈവത്തിനെതിരാ യുള്ളതാണ്. ദൈവം അനന്തനാണ്. അപ്പോൾ ആ വീക്ഷ ണകോണത്തിൽക്കൂടി നോക്കിയാൽ പാപവും അനന്തമാണ്.

www.malankaralibrary.com

അതിനാൽ പ്രപഞ്ചക്രമത്തിനുണ്ടായ ഭംഗം ഇല്ലാതാക്കി ആ ക്രമം പുനസ്ഥാപിക്കുന്നതിന് ഒരു ദൈവ-മനുഷ്യനു മാത്രമേ സാദ്ധ്യമാവൂ. തന്മൂലം നാം മുമ്പ് കണ്ട രേഖയിൽ പോലെ ആറാമൻ മാർപ്പാപ്പാ പ്രസ്താവിച്ചു: "മനുഷ്യവർഗ്ഗം മുഴുവനും പാപത്തിൽനിന്ന് മോചിക്കപ്പെടുവാനായി, ദൈവമുമ്പാകെ ആ പരിഹാരപ്രവൃത്തിയുടെയും യോഗ്യതകളുടെയും അനന്തവും തീർന്നുപോകാത്തതുമായ വില ക്രിസ്തു നൽകി".

ഇതിൻെറ വെളിച്ചത്തിൽ നോക്കുമ്പോൾ വി. പൗലോസ് റോമാക്കാർക്കെഴുതിയ ലേഖനത്തിലെ മൂന്നാമധ്യായം 24 മുതൽ 26 വരെയുള്ള വാക്യങ്ങളുടെ ആഴം എന്തെന്ന് സ്പഷ്ടമാകും. അത് നമ്മെക്കുറിച്ചാണ്.

"അവർ അവിടുത്തെ കൃപയാൽ യേശുക്രിസ്തു വഴിയുള്ള വീണ്ടെടുപ്പിലൂടെ സൗജന്യമായി (അതായത് നാം അത് സമ്പാദിച്ചതല്ല) നീതീകരിക്കപ്പെടുന്നു. വിശ്വാസം വഴി സംലബ്ധമാകുന്ന രക്തംകൊണ്ടുള്ള പാപപരിഹാരമായി ദൈവം അവനെ നിശ്ചയിച്ചു. അവിടുന്ന് തൻെറ ക്ഷമയിൽ പഴയ പാപങ്ങളെ അവഗണിച്ചുകൊണ്ട് ഇപ്പോൾ തൻെറ നീതി വെളിപ്പെടുത്താനും, അങ്ങനെ താൻ നീതിമാനാണെന്നും യേശുവിൽ വിശ്വസിക്കുന്നവനെ നീതീകരിക്കുന്നവനാണെന്നും തെളിയിക്കാനുമാണ് ഇപ്രകാരം ചെയ്തത്".

ഇതിൻെറ അർത്ഥം ഇങ്ങനെയാണ്. പാപികളായിരിക്കെ നാം നീതീകരിക്കപ്പെട്ടു. നാം അത് നേടിയെടുത്തതല്ല. യേശുവാണ് അത് നേടിയത്. പഴയനിയമത്തിലെ അനുരഞ്ജകൻെറ പൊരുളായ പുതിയ അനുരഞ്ജകനാണവിടുന്നു്. അതായതു് വസ്തുനിഷ്ഠമായ ക്രമം സമതുലിതമാക്കുന്ന പരിഹാരമാർഗ്ഗമാണവിടുന്നു്. അവിടുത്തെ രക്തത്തിൽ വിശ്വാസമുള്ള സകലർക്കും ഇതിൻെറ നന്മ ലഭിക്കുന്നു. ഇവയിലെല്ലാംതന്നെ, വസ്തുനിഷ്ഠമായ ക്രമം സമതുലിതമാക്കുന്നതിൽ താൻ ചിന്തയുള്ളവനാണെന്നും അങ്ങനെ താൻ നീതിമാനാണെന്നുമാണ് ദൈവം സ്പഷ്ടമാക്കുന്നതു്. "പാപങ്ങളെ അവഗണിച്ച" അവിടുത്തെ

www.malankaralibrary.com

പഴയ ഉടമ്പടിയുടെ കാലത്തു് ഇതു ശരിയായി വ്യക്തമല്ലായിരുന്നു. അവിടുന്നു പാപങ്ങൾക്കു ശിക്ഷ നല്കിയിരുന്നു. ചിലപ്പോൾ നൽകിയതെന്നു പറയാവുന്ന വിധത്തിലും പരസ്യമായും തന്നെ. പക്ഷേ, ശിക്ഷയാകട്ടെ, തുലാസിൻെറ തട്ടുകൾ സമതുലിതമാക്കുവാൻ പോരുന്നവയായിരുന്നില്ല. കാരണം, നാം മുമ്പു് കണ്ടതുപോലെ പാപത്തിനു അതിൻേറതായ ഒരു അനന്തതയുണ്ടു്. അതിനാൽ സമതുലിതാവസ്ഥയെക്കുറിച്ചുള്ള ദൈവനിശ്ചയം വ്യക്തമായിരുന്നില്ല. ഇപ്പോൾ യേശു നിർവഹിച്ച അനന്തമായ പാപപരിഹാരം വഴി, ദൈവം വസ്തുനിഷ്ഠമായ ധാർമ്മികത പരിഗണിക്കുന്ന നീതിമാനാണെന്നു വ്യക്തമായി. തങ്ങളുടെ നീതിക്കുവേണ്ടി യേശുവിലുള്ള വിശ്വാസത്തെ ആശ്രയിക്കുന്ന പാപികളെ അവിടുന്നു നീതിയുള്ളവരാക്കുന്നു.

വി. പൗലോസ് രേഖപ്പെടുത്തിയ മേലുദ്ധരിച്ച ഭാഗത്തിൻെറ ആഴം ഇപ്പോൾ നമുക്കു ഗ്രഹിക്കുവാൻ കഴിയും. കാരണം, ആകമാനത്തിലുള്ള വസ്തുനിഷ്ഠമായ ക്രമം ശരിയാക്കുക എന്നതു പഴയനിയമപശ്ചാത്തലത്തിൽ നാം വായിക്കാതിരുന്നാൽ, പുതിയനിയമത്തിലുള്ള യേശുവിൻെറ മരണം ആരാധനക്രമത്തിലെ ഒരു ചടങ്ങ് മാത്രമായി നമുക്കു തോന്നാം, പഴയനിയമത്തിലെ അനുരജ്ഞകചടങ്ങിൻെറ ഒരു പുതിയ പതിപ്പ്. അത് ആഴമില്ലാത്ത ചിന്തയാകും. നാം സ്വയം ചോദിച്ചുപോകും. ആരാധനക്രമത്തിലെ ഒരു ചടങ്ങിനുള്ള മാർഗ്ഗമായി മാത്രം എന്തിനിങ്ങനെയുള്ള വേദനനിറഞ്ഞ മരണം.

കാൽവരിക്ക് മറെറാരു വശംകൂടിയുണ്ടു്, ബലിയുടേതാണത്. ഒരു ബലിക്ക് രണ്ടു് ഘടകങ്ങളുണ്ടു്. ബാഹ്യമായ അടയാളവും അദൃശ്യമായ അല്ലെങ്കിൽ ആന്തരികമായ ഭാവങ്ങളും. ബാഹ്യമായ അടയാളങ്ങൾ അദൃശ്യമായ അല്ലെങ്കിൽ ആന്തരികമായ ഭാവങ്ങളെ വിശദമാക്കുകയോ പോഷിപ്പിക്കുകയോ ചെയ്യുന്നു. വിരുന്നുശാലയിലും വി. കുർബാനയിലുമുള്ള ബാഹ്യമായ അടയാളം ഇതാണ്: അപ്പവും വീഞ്ഞും വേർതിരിച്ച് കാണപ്പെടുന്നു. ശരീരവും രക്തവും

www.malankaralibrary.com

വേർപെട്ട നിലയാണ് അത് കാണിക്കുന്നത്. കാൽവരിയിലാകട്ടെ, ബാഹ്യമായ അടയാളം യഥാർത്ഥമായ ശാരീരികമരണമായിരുന്നു. എന്നാൽ വിരുന്നുശാലയിലും കാൽവരിയിലും വി. കുർബാനയിലും ആന്തരികഭാവങ്ങൾ ഒന്നുതന്നെ; യേശുവിൻെറ ഹൃദയഭാവങ്ങൾ....പിതാവിനോടുള്ള ആരാധനാഭാവം, സ്നേഹം, ആകമാനക്രമം വീണ്ടും സമതുലിതമാക്കാനുള്ള ഉദ്ദേശ്യം, നാം വി. കുർബാനയിൽ കേൾക്കുന്നതുപോലെ പാപപരിഹാരത്തിനുള്ള ഉദ്ദേശ്യം—ഇവയെല്ലാം അവ ഉൾക്കൊള്ളുന്നുണ്ട്; എന്നാൽ രണ്ടാം വത്തിക്കാൻ സൂനഹദോസ് ഇവയിൽ പ്രമുഖമായി കാണുന്നത് അനുസരണമാണ്. ഉടമ്പടിയെ സംബന്ധിച്ച ദൈവശാസ്ത്രത്തിൽ നാമത് കണ്ടതാണ്. തിരുസഭയെക്കുറിച്ചുള്ള ഡിക്രിയിൽ സൂനഹദോസ് പ്രസ്താവിക്കുന്നത്, "തൻെറ അനുസരണം വഴി അവിടുന്ന് ലോകരക്ഷ കൈവരുത്തി" എന്നാണ്. വി. പൗലോസ് റോമക്കാർക്കെഴുതിയ ലേഖനത്തിലെ അഞ്ചാമധ്യായം പത്തൊൻപതാം വാക്യത്തിലെ ഒരു പ്രതധ്വനിയാണിത്. "ഒരു മനുഷ്യൻെറ അനുസരണക്കേടിനാൽ അനേകർ പാപികളായിത്തീർന്നതുപോലെ ഒരു മനുഷ്യൻെറ അനുസരണത്താൽ അനേകർ നീതിയുള്ളവരാകും" ആദാമിൻെറ അനുസരണരാഹിത്യവും യേശുവിൻെറ അനുസരണവുമാണ് മേലുദ്ധരിച്ച വാക്യത്തിൽ പരാമർശിക്കപ്പെടുന്നത്. നമ്മുടെ വർഗ്ഗത്തിൻെറ ആദ്യശിരസ്സായ ആദാം നമ്മെ ഉത്ഭവപാപത്തിൻെറ നാശത്തിലേക്ക് വീഴിച്ചു. പുതിയ ആദാമായ, നമ്മുടെ വർഗ്ഗത്തിൻെറ പുതിയ ശിരസ്സായ ക്രിസ്തു, തൻെറ മരണമാകുന്ന ബലിമൂലം പ്രസ്തുത ക്രമഭംഗം ഇല്ലാതാക്കി. അതുപോലെ വി. പൗലോസ് ഫിലിപ്യർക്കെഴുതി: "തന്നെത്തന്നെ ശൂന്യനാക്കിക്കൊണ്ട്...... മരണംവരെ, അതേ കുരിശുമരണംവരെ അനുസരണമുള്ളവനായി തന്നെത്തന്നെ അവിടുന്നു താഴ്ത്തി" (ഫിലിപ്പി 2:7-8) ആദ്യആദാം മരണത്തോളം അനുസരണരഹിതനായി, കാരണം, അവൻെറ പാപം അവൻെറ മേലും നമ്മുടെ വർഗ്ഗം മുഴുവൻെറമേലും മരണം ഉളവാക്കി. രണ്ടാമത്തെ ആദം മരണത്തോളം അനുസരണമുള്ളവനായിരുന്നു. ഇപ്രകാരമുള്ള ആന്തരിക ഭാവങ്ങളില്ലാതെ കേവലം ശാരീരികസഹനങ്ങളും

www.malankaralibrary.com

നീതിയുടെതന്നെ ഒരു ഫലരഹിതപ്രവൃത്തിയാകുമായിരുന്നു; അതിന് രക്ഷാകരമായ വിലയില്ലാതാകുമായിരുന്നു. എന്നാൽ ഒരു അനുസരണപ്രവൃത്തിയായി അത് ചെയ്തതിനാൽ അതൊരു ബലിയായി എണ്ണമററ ലോകങ്ങളുടെ വീണ്ടെടുപ്പിന് അതു മതിയായി.

പോൾ ആറാമൻ മാർപ്പാപ്പാ 1966 ഒക്ടോബർ അഞ്ചാം തീയതിചെയ്ത പ്രസംഗത്തിൽ ഈ ആശയം മനോഹരമായി വ്യക്തമാക്കിയിട്ടുണ്ട്. അദ്ദേഹം പ്രസ്താവിച്ചു, ക്രിസ്തുവിൻെറ അവയവങ്ങളായ നമ്മുടെ അനുസരണം. "എല്ലാത്തിലുമാദ്യമായി നമ്മെ അനുസരണംമൂലം രക്ഷിച്ച ക്രിസ്തുരഹസ്യത്തിലേക്കുള്ള ഒരു ചൂഴ്ന്നിറങ്ങലും അതിൻെറ സ്വീകരണവുമാണ്. പിതാവിൻെറ ഇഷ്ടത്തിൻെറ സ്വീകരണമെന്ന അവിടുത്തെ മൗലികമായ പ്രവൃത്തിയുടെ ഒരു തുടർച്ചയാണത്. മനുഷ്യാവതാരത്തിൻെറയും വീണ്ടെടുപ്പിൻെറയും പദ്ധതിയെ മുഴുവൻ ഉൾക്കൊള്ളുന്ന തത്വത്തിൻെറ അവബോധവുമാണത്.

അനുസരണത്തെ കേന്ദ്രബിന്ദുവാക്കുമ്പോൾ സ്നേഹത്തെ നാം വിട്ടുകളയുന്നുമില്ല. അഞ്ചാമധ്യായത്തിൽ നാം കണ്ടതുപോലെ, ദൈവത്തോടുള്ള നമ്മുടെ സ്നേഹം പ്രായോഗികതലത്തിൽ അനുസരണവുമായി താദാത്മ്യം പ്രാപിച്ചതാണ്.

ഇങ്ങനെ, ബലിയിലും ഉടമ്പടിയിലുംകൂടെ നമ്മുടെ ഏററം മഹാപുരോഹിതനായ യേശുവിൻെറ അനുസരണ—സ്നേഹം പിതാവിൻെറ പക്കൽനിന്നും അനന്തമായ ഒരു അവകാശം നേടി. അത് നമ്മുടെ വർഗ്ഗത്തിന് പൊതുവായിമാത്രമുള്ളതല്ല, നാം ഓരോ വ്യക്തിക്കും കൂടിയുള്ളതാണ്.

## അദ്ധ്യായം 10

### അനന്തതയ്ക്കുമപ്പുറം അനന്തമായി.

കാൽവരിയിലെ ബലിയുടെ ഒരു സുപ്രധാനവശം നാം ഇതേവരെ ചർച്ച ചെയ്തില്ല. നമ്മുടെ വർഗ്ഗത്തിൻെറ പുനരുദ്ധാരണം സാധിക്കുന്നതിനു നമ്മുടെ പിതാവു് തീരുമാനിച്ചപ്പോഠം അവിടുത്തേക്കു പല മാർഗ്ഗങ്ങളിലൊന്നു് തെരഞ്ഞെടുക്കാമായിരുന്നു. നാമിതു മൂന്നാം അദ്ധ്യായത്തിൽ കണ്ടതാണ്. ഒന്നാമതായി, വസ്തുനിഷ്ഠമായ ക്രമം വീണ്ടും സമതുലിതമാക്കാതെ അവിടുത്തേക്കു ക്ഷമിക്കാമായിരുന്നു. എന്നാൽ അവിടുത്തെ പരിശുദ്ധി ആ സമതുലിതാവസ്ഥ ആഗ്രഹിച്ചു. രണ്ടാമതായി ഏതെങ്കിലും മനുഷ്യനെക്കൊണ്ട് അപര്യാപ്തമായ പരിഹാരം അവിടുത്തേക്കു ക്രമീകരിക്കാമായിരുന്നു. മൂന്നാമതായി തൻെറ പുത്രൻ ഒരു രാജ കൊട്ടാരത്തിൽ ജനിച്ച് ഒരിക്കലും മരിക്കാതെതന്നെ ആകമാന വസ്തുനിഷ്ഠമായ ക്രമത്തിൻെറ പുനരുദ്ധാരണം നിർവഹിപ്പിക്കാമായിരുന്നു. എന്നാൽ തൻെറ പുത്രൻ കൊട്ടാരത്തിലല്ലാതെ കാലിത്തൊഴുത്തിൽ ജനിക്കുവാനും ഒടുവിൽ കുരിശിലേക്കു പോകുവാനും അവിടുന്നു നിശ്ചയിച്ചു. അതിനാൽ അക്ഷരാർത്ഥത്തിൽ തന്നെ അവിടുന്നു അനന്തതയ്ക്കുമപ്പുറം പോയി.

ഇവയിലെല്ലാം അവിടുത്തെ പ്രവർത്തനരീതി ഇതായിരുന്നു. കൂടുതൽ ചേർക്കാൻ കഴിയുമെങ്കിൽ കുറച്ചുള്ളതുകൊണ്ട് അവിടുന്നു ഒരിക്കലും തൃപ്തനാകയില്ല. എന്നാൽ, അനന്തമല്ലെങ്കിലും അനന്തതയ്ക്കുമപ്പുറം അനന്തതയുള്ളതിനോടു അല്പം കൂടി കൂട്ടിച്ചേർക്കാമായിരുന്നു. രണ്ടാമത്തെ തെരഞ്ഞെടുപ്പായി മുമ്പു നാം കണ്ട കാര്യം, എന്തെങ്കിലും മനുഷ്യനെക്കൊണ്ട് അപര്യാപ്തമായ പരിഹാരം കൂട്ടിച്ചേർക്കാവുന്ന കാര്യം, പോലെ ആ മഹത്തായ ബലിയിൽ മറിയത്തിൻെറ പങ്ക് അവിടുത്തേക്കു കൂട്ടിച്ചേർക്കാമായിരുന്നു. അതു യഥാർത്ഥത്തിൽ അവിടുന്നു ചെയ്തുവോ?അവഠം കാൽവരിയിൽ നിന്നതിനെക്കുറിച്ച്രണ്ടാം വത്തിക്കാൻ സൂനഹദോസ് പ്രസ്താവിച്ചു:

www.malankaralibrary.com

"അവിടുന്നു കുരിശിൽകിടന്നുമരിച്ചപ്പോരം അവിടുത്തെ പീഡകളോടു അവരം സ്വയം യോജിപ്പിച്ചു ഇങ്ങനെ ആത്മാക്കരംക്കു അതിസ്വാഭാവികജീവൻ പ്രാപിച്ചുകൊടുക്കുവാനുള്ള രക്ഷകൻെറ ദൗത്യത്തിൽ അവരം തൻെറ അനുസരണം വിശ്വാസം, ശരണം, ഉജ്ജ്വലത്തായ ഉപവി, എന്നിവവഴി തികച്ചും അനിതര സാധാരണമായ രീതിയിൽ സഹകരിച്ചു: ഇതുകൊണ്ടാണു പ്രസാദവരമണ്ഡലത്തിൽ അവരം നമ്മുടെ മാതാവായിരിക്കുന്നതു്.

ഇതു വളരെ ആഴമായ അർത്ഥമുള്ള ഒരു പ്രസ്താവനയാണു്. ഈ പ്രസ്താവനയുടെ ഓരോ ഭാഗവും നാം അല്പാല്പമായി പരിശോധിക്കേണ്ടതുണ്ടു്. "അവൻ രക്ഷകൻെറ ദൗത്യത്തിൽ സഹകരിച്ചു" എന്നു നാം കാണുന്നു. അതാകട്ടെ, "ആത്മാക്കരംക്കു അതിസ്വാഭാവിക ജീവൻ നൽകേണ്ടതിനാണ്. അതിൻെറ അർത്ഥമാകട്ടെ, അവരം വീണ്ടെടുപ്പിൽ ഒരു നിലയിൽ പങ്കാളിയായെന്നതാണു്.

ഏതു നിലയിൽ? രണ്ടാം വത്തിക്കാൻ സൂനഹദോസിൻെറ സഹായമില്ലാതെതന്നെ നമുക്കിതു കാണുവാൻ കഴിയും. അവിടുത്തേക്കു മരണം സാധ്യമാക്കിയ ഒരമ്മയാകുക വഴി തന്നെ അവരം അതിൽ പങ്കാളിയായി. ഏതു നിലയിലാണ് അവരം സഹകരിച്ചതു്. "തികച്ചും അനിതരസാധാരണമായ രീതിയിൽ" സഹകരണം അനിതരസാധാരണമായിരുന്നെന്നു നമ്മെ ഓർമ്മിപ്പിക്കുവാൻ ഈ വാക്യം ആവശ്യമാണു്. കാരണം, കത്തോലിക്കാപ്രവർത്തനത്തിൽ ഏർപ്പെട്ടിരുന്ന ഒരു ഗണം യുവാക്കളോട് പ്രസംഗിക്കവേ അവർ "സഹരക്ഷകരാ"യിരിക്കണമെന്നു് മാർപ്പാപ്പാ ഉദ്ബോധിപ്പിച്ചു. അദ്ദേഹം ഇതു നിഷ്കൃഷ്ടാർത്ഥത്തിലല്ലാ പ്രസ്താവിച്ചതു്. വീണ്ടെടുപ്പിൻെറ ഫലങ്ങരം നാം ജീവിതത്തിൽ ഉള്ളവരായിരിക്കണം, മററുള്ളവർക്കു ആ ഫലങ്ങരം ജീവിതത്തിൽ ഉണ്ടായിരിക്കുവാൻ പ്രവർത്തിക്കേണ്ടതുമാണെന്നുമാണു് അദ്ദേഹം ഉദ്ബോധിപ്പിച്ചതു്. കാൽവരിയിൽ ഒരിക്കൽ നേടിയെടുത്ത അനന്തമായ ഭണ്ഡാഗാരമല്ലാ അദ്ദേഹം ഉദ്ദേശിച്ചതു്. എന്നാൽ സൂനഹദോസാകട്ടെ

www.malankaralibrary.com

ആരും അയഞ്ഞ രീതിയിൽ പ്രസ്താവിക്കാതിരിക്കുന്നതി നുവേണ്ടി "തികച്ചും അനിതരസാധാരണമായ രീതിയിൽ" ആയിരുന്നു അവളുടെ സഹകരണമെന്നു് ഉറപ്പായനിലയിൽ പ്രഖ്യാപിച്ചു.

കഴിഞ്ഞ അധ്യായത്തിൽ നാം കണ്ടതുപോലെ യേശു തൻെറ അനുസരണം മൂലമാണു് നമ്മെ വീണ്ടെടുത്തതു്. "തൻെറ അനുസരണം മൂലം അവിടുന്നു് ലോകരക്ഷ കൈവരുത്തി" മറിയം അനുസരണംമൂലം അവിടുത്തെ പ്രവൃത്തിയിൽ പങ്കാളിയായെന്നു സൂനഹദോസു പഠിപ്പിക്കുന്നു. അതോടൊപ്പം മഹത്തായ ബലിയിൽ അവിടുത്തെ ഹൃദയത്തിൻെറ ആന്തരിക ഭാവങ്ങളിലും അവരം സഹകരിച്ചു. അവ വിശ്വാസം, ശരണം, ഉജ്ജ്വലത്തായ ഉപവി മുതലായവയാണു്.

അവളുടെ അനുസരണമെന്ന ആശയം സൂനഹദോസു് ഇങ്ങനെ വ്യക്തമാക്കി:

"അവരം തൻെറ പുത്രനുമായുള്ള ഐക്യം കുരിശുവരെ അഭംഗുരം വിശ്വസ്തതാപൂർവ്വം തുടർന്നു. തൻെറ ഏകജാതനോടുകൂടി ദൈവിക പദ്ധതിക്കനുസൃതമായി നിഷ്ഠൂരവേദനകരം സഹിച്ചുകൊണ്ടു് കുരിശിൻെറ ചുവട്ടിൽ അവരം നിലകൊണ്ടു. അവിടെ അവരം മാതൃസഹജമായ വികാരങ്ങളോടെ അവിടുത്തെ ബലിയോടെ സ്വയം യോജിപ്പിക്കുകയും തന്നിൽനിന്നു ജനിച്ച ആ ബലിവസ്തുവിനെ ഹോമിക്കാൻസ്നേഹപുരസ്സരംസമ്മതിക്കുകയുംചെയ്തു."

അവരം സമ്മതിച്ചു എന്നു പറയുമ്പോരം സൂനഹദോസ് അർത്ഥമാക്കുന്നതു അവളുടെ ഇച്ഛാശക്തി പിതാവിൻെറയും പുത്രൻെറയും ഇച്ഛാശക്തിക്കനുസൃതമായിരുന്നുവെന്നാണ്. അവിടുന്നു ഇത്രമാത്രം നിഷ്ഠൂരമായ രീതിയിൽ മരിക്കണമെന്നു് അവർ ഇച്ഛിച്ചു. അതിനാൽ പിതാവിനോടും പുത്രനോടുമുള്ള അവളുടെ ഐക്യം ആവശ്യപ്പെട്ടതു അവരം എതിർപ്പു പ്രകടിപ്പിക്കാതിരിക്കുകയെന്നതുമാത്രമല്ലാ, പ്രത്യുത അവർ ഇച്ഛിച്ചതു തന്നെ അവളും ഇച്ഛിക്കുകയെന്നതായിരുന്നു. അതാ

www.malankaralibrary.com

യത്, നിഷ്ഠൂരമായ രീതിയിൽ ആ സമയത്ത് അവിടുന്നു മരിക്കണമെന്നതുതന്നെ.

പതിനഞ്ചാം ബനഡിക്ട് മാർപ്പാപ്പാ ഇതുതന്നെ പഠിപ്പിച്ചു:

"യാതനയനുഭവിച്ചുകൊണ്ടിരുന്ന സ്വപുത്രനോടുകൂടെ മറിയവും യാതന അനുഭവിക്കുകയും മരണത്തിൻെറ വക്കിലെത്തുകയും ചെയ്തു. ദൈവനീതിയെ തൃപ്തിപ്പെടുത്തുന്നതിനും മനുഷ്യവർഗ്ഗത്തിനുരക്ഷനേടുന്നതിനും അവൾ സ്വപുത്രൻെറമേൽ അമ്മയെന്നനിലയിൽ തനിക്കുള്ള അവകാശങ്ങൾ പരിത്യജിച്ചു. അവൾ തനിക്കു സാധ്യമായ നിലയിൽ ക്രിസ്തുവിനെ ബലിയായി സമർപ്പിച്ചു. അതിനാൽ, ക്രിസ്തുവിനോടു ചേർന്നു് അവളുടെ മനുഷ്യവർഗ്ഗത്തെ വീണ്ടെടുത്തു എന്നു പറയാം."

ഈ പ്രസ്താവനകളെല്ലാംതന്നെ തീർച്ചയായും രണ്ടാം വത്തിക്കാൻ സൂനഹദോസു് ഊന്നൽ നല്കി പ്രസ്താവിക്കുന്ന ഉടമ്പടിയുടെ ചട്ടക്കൂട്ടിലുള്ളതാണു്. സീനായിലെ പഴയ ഉടമ്പടിയിൽ കൃപ ലഭിക്കുവാൻ അനുസരണത്തിൻെറ വ്യവസ്ഥയിൽ ഒരു ദൈവജനം രൂപീകരിക്കപ്പെട്ടു. അതുപോലെ, പുതിയ ഉടമ്പടിയിൽ അനുസരണത്തിൻെറ വ്യവസ്ഥയിൽ ദൈവകൃപ ലഭിക്കും.

അടിസ്ഥാനപരവും അനന്തവുമായ അനുസരണം യേശുവിൻേറതായിരുന്നു. എന്നാൽ, വി. പൗലോസ് അനേക പ്രാവശ്യം വ്യക്തമായി പ്രസ്താവിക്കുന്നതുപോലെ നാമും ക്രിസ്തുവിനോടൊന്നിച്ച് എല്ലാം നിർവഹിക്കേണ്ടതുണ്ടു്. നാം അവിടുത്തോടൊന്നിച്ചു സഹിക്കുന്നു, നാം അവിടുത്തോടൊന്നിച്ചു മരിക്കുന്നു, നാം അവിടുത്തോടൊന്നിച്ചു സംസ്കരിക്കപ്പെടുന്നു, നാം അവിടുത്തോടൊന്നിച്ചു ഉയർപ്പിക്കപ്പെടുകയും ആരോഹണം ചെയ്യുകയും ചെയ്യുന്നു. (റോമാ, 6: 1–5, കൊലേസ്യർ 3: 1) യഥാർത്ഥത്തിൽ നാം അവിടുത്തെ അവയവങ്ങളായിരിക്കുന്നിടത്തോളമേ, രക്ഷ നേടുന്നുള്ളു: എന്നാൽ നാം അവിടുത്തെപോലെയാണു്, പ്രത്യേകിച്ച് അവിടുത്തെ ഏററം അത്യാവശ്യമായ പ്രവർത്തനഭാവത്തിൽ, അതായത് അനുസരണത്തിൽ അതി

www.malankaralibrary.com

ല്ലായിരുന്നെങ്കിൽ അവിടുത്തെ മരണം ഒരു ദുരന്തം മാത്രമാകുമായിരുന്നു, വീണ്ടെടുപ്പാകുമായിരുന്നില്ല. (റോമാ. 5. 19) "തന്റെ അനുസരണം മൂലം അവിടുന്നു ലോകരക്ഷ കൈവരുത്തി" എന്ന് രണ്ടാം വത്തിക്കാൻ സുന്നഹദോസ് പ്രസ്താവിക്കുന്നത് എത്രയോ സാർത്ഥകം.

അതിനാൽ അവിടുത്തെ രക്ഷാകരമായ മരണത്തിന് മൂല്യമുളവാക്കിയ അനുസരണത്തിൽ, അവളും നിഷ്കൃഷ്ടാർത്ഥത്തിൽതന്നെ ഉടമ്പടിവ്യവസ്ഥയിൽ പങ്കുചേർന്നു. അമലോത്ഭവം വഴി ഇതിന് പിതാവ് അവളെ യോഗ്യയാക്കിക്കഴിഞ്ഞിരുന്നു.

ഇക്കാര്യത്തിന് ഉടമ്പടിവ്യവസ്ഥയായ അനുസരണത്തിന് പിതാവ് അവളെ യോഗ്യയാക്കുക,അവളുടെ മകന്റെ വളരെ നിഷ്ഠൂരമായ മരണം അനുസരണത്തിൽ ഇച്ഛിക്കുന്നതിന് ക്ഷണിക്കുക, എന്നിട്ട് അതിനെ ഉടമ്പടിയുടെ ഭാഗമായി, അതായത് വീണ്ടെടുപ്പു ഭാഗമായി അംഗീകരിക്കാതിരിക്കുക—ഇവ നമുക്ക് ചിന്തിക്കുവാൻ കഴിയുമോ? തീർച്ചയായും ഇല്ല. നാം മുമ്പ് കണ്ടതുപോലെ അവിടുന്ന് അവളെ കാൽവരിയിൽ സന്നിഹിതയാക്കിയത് ഒരു സ്വകാര്യവ്യക്തി എന്ന നിലയ്ക്കല്ല, പ്രത്യുത സഹകരിക്കാൻ ഔദ്യോഗികമായി നിയോഗിക്കപ്പെട്ടവളായിട്ടാണ്. അതിനാൽ സൂനഹദോസ് പ്രസ്താവിച്ചത് "ദൈവപരിപാലനയുടെ പദ്ധതിയനുസരിച്ചാണ്" എന്നായിരുന്നു.

സ്വർഗ്ഗാരോപണത്തിന്റെ മഹത്തായ നിർണ്ണയപ്രഖ്യാപനത്തിൽ പന്ത്രണ്ടാം പീയൂസ് മാർപ്പാപ്പാ അവളുടെ പങ്കാളിത്തത്തെക്കുറിച്ച് പുതിയ ഹവ്വാ എന്ന നിലയിൽ കൂടുതൽ വെളിച്ചം വീശി:

"സഭാപിതാക്കന്മാർ കന്യകമറിയത്തെ രണ്ടാം നൂററാണ്ടു മുതൽ പുതിയ ഹവ്വായായി പരിഗണിച്ചിരുന്നുവെന്ന് നാം പ്രത്യേകം സ്മരിക്കേണ്ടതുണ്ട്. പുതിയ ആദാമിന് കീഴ്പ്പെട്ടാണെങ്കിലും പ്രോട്ടോ ഏവൻഗേലിയോനിൽ പ്രസ്താവിക്കപ്പെട്ടിരുന്നതുപോലെ അവരം നാരകീയശത്രുവിനോ

www.malankaralibrary.com

ടുള്ള പോരാട്ടത്തിൽ അവിടുത്തോട് ഗാഢമായി ബന്ധപ്പെട്ട്, പാപത്തിന്മേലും മരണത്തിന്മേലും പരിപൂർണ്ണവിജയം നേടി".

പ്രോട്ടോ ഏവൻഗേലിയോൻ എന്ന പദങ്ങൾകൊണ്ടുദ്ദേശിക്കുന്നത് ഉല്പത്തിപ്പുസ്തകം മൂന്നാമധ്യായം പതിനഞ്ചാം വാക്യമാണ്. സർപ്പവും സ്ത്രീയും തമ്മിലുള്ള ശത്രുതയാണിവിടെ പ്രതിപാദിച്ചിരിക്കുന്നത്. സ്ത്രീയുടെ സന്തതി സർപ്പത്തെ തോല്പിക്കും. അതിനാൽ സാത്താനുമായുള്ള പോരാട്ടത്തിൽ പങ്കാളിത്തം വഹിക്കുന്ന പുതിയ ഹവ്വായായാണ് സഭാപിതാക്കന്മാരിൽ മിക്കവാറും എല്ലാവരുംതന്നെ അവളെ വിശേഷിപ്പിക്കുന്നതെന്ന് മാർപ്പാപ്പാ നമ്മെ അനുസ്മരിപ്പിക്കുന്നു.

ഈ അടിസ്ഥാനത്തിൽ പന്ത്രണ്ടാം പീയൂസ് മാർപ്പാപ്പാ മുൻപോട്ടു പോകുന്നു. "കാൽവരിയിലെ പോരാട്ടത്തിൽ" അവൾ യേശുവുമായി സഹകരിച്ചതുപോലെ സ്വർഗ്ഗാരോപണംവഴി അവിടുത്തെ മഹത്വീകരണത്തിലും സഹകരിക്കണം". അതിനാൽ, ക്രിസ്തുവിന്റെ മഹത്തായ പുനരുത്ഥാനം ഈ വിജയത്തിന്റെ അത്യാവശ്യഘടകവും ആയിരിക്കുന്നതുപോലെ, ആ പോരാട്ടം പരിശുദ്ധ കന്യകയ്ക്കും അവളുടെ മകനും പൊതുവായുള്ളതായിരുന്നതിനാൽ, അത് അവളുടെ കന്യകാശരീരത്തിന്റെ "മഹത്വീകരണത്തിൽ" അവസാനിക്കേണ്ടിയിരുന്നു".

മാർപ്പാപ്പായുടെ യുക്തിയുടെ ശക്തി പ്രത്യേകമായ ഒന്നാണ്: കാൽവരിയിലെ പോരാട്ടത്തിൽ അവൾ അവിടുത്തോടുകൂടി പരിപൂർണ്ണ പങ്കാളിത്തം വഹിച്ചതിനാൽ അത് ഇരുവർക്കും പൊതുവായ പ്രവൃത്തിയാണെന്ന് പറയാം. പൊതുവായതെന്ന ആ പദം ഒരുമാതിരി അയഞ്ഞ അർത്ഥത്തിൽ സ്വീകരിക്കേണ്ടതല്ല. നിഷ്കൃഷ്ടാർത്ഥത്തിൽ തന്നെ അതെടുക്കണം. കാരണം, കാൽവരിയിലെ പ്രവൃത്തി പൊതുവായതിനാൽ, പൊതുവായ കാരണത്തിന് പൊതുവായ ഫലമുണ്ടായിരിക്കണം; അതായത് മഹത്വീകരണം.

www.malankaralibrary.com

മാർപ്പാപ്പാ സ്വർഗ്ഗാരോപണത്തെക്കുറിച്ചാണ് പ്രത്യേകിച്ച് പറഞ്ഞത്. ആവിഷ്കരണത്തിൽ അതിൻെറ കാരണങ്ങളാരാഞ്ഞതിൽ, വീണ്ടെടുപ്പിലുള്ള അവളുടെ സഹകരണത്തിലാണ് അദ്ദേഹം കണ്ടത്. ആ സഹകരണമാകട്ടെ, പരിപൂർണ്ണമായ അർത്ഥത്തിൽ നിഷ്കൃഷ്ടമായിത്തന്നെ മഹത്തായ ബലി പൊതുവായ ഒരു പ്രവൃത്തിയാണെന്ന് പറയാൻ തക്കവണ്ണം യഥാർത്ഥമാകേണ്ടിയിരുന്നു. അവിടുത്തേക്ക് കീഴ്പ്പെട്ടതായിരുന്നു അതെന്നത് ശരി. മാർപ്പാപ്പാ വ്യക്തമാക്കിയിട്ടുണ്ടു്. ഏതെങ്കിലും ഒരു സൃഷ്ടിക്ക് ഏതെങ്കിലും വിധത്തിൽ നമ്മുടെ വീണ്ടെടുപ്പിൽ പങ്കുണ്ടായിരിക്കുക എന്ന ആശയം തന്നെ അസാധാരണമാണ്, അതിനാൽ ഇതെങ്ങനെ സാധ്യമെന്ന് കാണുവാൻ സ്വാഭാവികമായി നാം ആഗ്രഹിക്കും. പൊതുവായ ഒരു പ്രവൃത്തിയായിരുന്നു അതെന്ന് ശക്തി മുററിയ അർത്ഥത്തിൽതന്നെ പന്ത്രണ്ടാം പീയൂസ് മാർപ്പാപ്പാ നമുക്ക് ഉറപ്പ് നൽകിയിട്ടുണ്ട്. അവിടുത്തെ രക്ഷാകരപ്രവൃത്തിയുടെ ആന്തരികഭാഗവും അവിടുത്തോടുള്ള സഹകരണത്തിൻെറ ആന്തരികഭാവവും വിശദമാക്കുന്നതിന് രണ്ടാംവത്തിക്കാൻ സുന്നഹദോസ് ഒരേപദം തന്നെയാണുപയോഗിച്ചത്; "അനുസരണം".

എങ്ങനെയെന്ന് പരിശോധിക്കുവാനുള്ള ഒരു മാർഗ്ഗം ബലിയുടെ ആശയം നോക്കുകയാണ്. ഒരു ബലി ബാഹ്യമായ ഒരു അടയാളവും ആ അടയാളം വിശദമാക്കുന്നതും ഉത്തേജിപ്പിക്കുന്നതുമായ അനുസരണം, സ്നേഹം, ആരാധന,—എന്നിവ ഉൾക്കൊള്ളുന്നതാണെന്നും നമുക്കറിയാം. അവൾ ബാഹ്യമായ ആ അടയാളത്തിൽ പങ്കാളിയാണെന്ന് സ്പഷ്ടമാണ്—അത് അവിടുത്തെ വധിച്ചുകൊണ്ടല്ല, അവിടുന്നും അത് ചെയ്തില്ല—എന്നാൽ നാമും മുമ്പു കണ്ടതുപോലെ ആ മരണം സാധ്യമാക്കിയ ശരീരം നൽകുക വഴി ആന്തരികാംശത്തെ സംബന്ധിച്ചെന്ത്? നാം മുമ്പ് കണ്ടതുപോലെ അതിൻെറ പ്രധാനഭാഗം അനുസരണം—സ്നേഹമാണ്. അവൾ അനുസരണംമൂലം അതിൽ സഹകരിച്ചു. അതായത് അവിടുന്നു മരിക്കണമെന്ന പിതാവിൻെറ ഇച്ഛ അംഗീകരിക്കുകവഴി.

www.malankaralibrary.com

അവരാക്കിത് എത്രമാത്രം ഹൃദയഭേദകമായിത്തീർന്നു? മകൻെറ മരണത്തിൽ ആ അമ്മയ്ക്കുണ്ടാവുന്ന ദുഃഖം രണ്ടു കാര്യങ്ങളാൽ അളക്കേണ്ടതാണ്; അവിടുന്ന് എന്തുമാത്രം സഹിച്ചുവെന്നതും അവിടുത്തോട് അവരാക്ക് എത്രമാത്രം സ്നേഹമുണ്ടായിരുന്നുവെന്നതും. അവിടുന്ന് എത്രമാത്രം സഹിച്ചു? അതിൻെറ അഗാധത കാണുവാൻ നാം ശ്രമിച്ചതാണ്. അത് അളക്കാവുന്നതല്ലെന്നും നാം കണ്ടു. അതെക്കുറിച്ചുള്ള നമ്മുടെ അവബോധം തുച്ഛവും ബലമില്ലാത്തതുമാണ്, അവളുടെ അവബോധത്തോട് താരതമ്യം ചെയ്യുമ്പോരം. കാരണം അത് അവളുടെ കൺമുമ്പിൽവച്ചുതന്നെയായിരുന്നു, അതിൻെറ ദയാരാഹിത്യം സ്പഷ്ടമായി അവരാ കാണുകയായിരുന്നു, ശിമയോൻ പ്രവചിച്ച വാരാ അവളുടെ ഹൃദയത്തിലേക്ക് അനുകമ്പാരഹിതമായി തുളച്ചുകയറുകയായിരുന്നു. അതാകട്ടെ, അവിടുത്തോടുള്ള അവരുടെ സ്നേഹം നിമിത്തം വർദ്ധിച്ചുകൊണ്ടുമിരുന്നു. ആ സ്നേഹമാകട്ടെ ഒൻപതാം പീയൂസ് മാർപ്പാപ്പാ പ്രസ്താവിച്ചതുപോലെ "ദൈവത്തിന് താഴെ മററാർക്കുമില്ലാത്തതും ദൈവത്തിനല്ലാതെ മററാർക്കും ഗ്രഹിക്കാവുന്നതുമല്ല".

എന്നിരുന്നാലും നാം ഓരോരുത്തർക്കും വേണ്ടി അവിടുന്ന് സഹിച്ചതുപോലെ—"അതിനാൽ നാമോരോരുത്തർക്കും അപ്പോസ്തലനോടുകൂടി പറയാൻ കഴിയും ദൈവസുതൻ എന്നെ സ്നേഹിച്ചു, എന്നെപ്രതി സ്വയംസമർപ്പിച്ചു" (ഗലാ. 2:20) എന്നാണല്ലോ രണ്ടാം വത്തിക്കാൻ സൂനഹദോസ് പഠിപ്പിക്കുന്നത് — സങ്കടപൂർവ്വമായിരുന്നെങ്കിലും, പൂർണ്ണമനഃസ്സോടെ അവളും നാമോരോരുത്തർക്കും വേണ്ടി അവിടുത്തെ പിതാവിനു നൽകി.

വേദനയുടെ നടുവിൽക്കിടന്ന് അവിടുന്നപേക്ഷിച്ചു: "തങ്ങരാ ചെയ്യുന്നതെന്തെന്ന് അവർ അറിയുന്നില്ല, അവരോട് ക്ഷമിക്കണമെ". "അമ്മയ്ക്ക് മകൻെറ മേലുള്ള അവകാശങ്ങരാ വിട്ടുകൊടുക്കാനവളോടാവശ്യപ്പെട്ടു" എന്നും പതിനഞ്ചാം ബനഡിക്ട് മാർപ്പാപ്പായും "സമ്മതിക്കുവാൻ" അവളോടാവശ്യപ്പെട്ടു എന്ന് രണ്ടാം വത്തിക്കാൻ സൂനഹദോസും പ്രസ്താവിച്ചിട്ടുണ്ട്. അവിടുന്നു ക്ഷമിച്ച

www.malankaralibrary.com

സമയംതന്നെ അവളും അതേ രീതിയിൽ നമ്മോടും ക്ഷമിച്ചു. അവിടുത്തെ തിരുവിഷ്ടം ഇങ്ങനെയായിരുന്നു; അവരംക്ക് നമ്മോടുള്ള സ്നേഹവും കരുണയും ഇപ്രകാരമായിരുന്നു.

വിരുന്നുശാലയിൽവച്ച് അവിടുന്ന് വാഗ്ദാനംചെയ്തതും കാൽവരിയിൽ അവിടുന്ന് നിർവഹിച്ചതുമായ അനുസരണകൃത്യം പുതിയ ഉടമ്പടിയുടെ ചട്ടക്കൂട്ടിൽ ആരാഞ്ഞാൽ അവിടുത്തോടുള്ള അവളുടെ സഹകരണം കൂടുതൽ ഗ്രഹിക്കുവാൻ സാധിക്കും. പുതിയ ഉടമ്പടിയുടെ നവീകരണമാണ് വി. കുർബാനയെന്ന് രണ്ടാം വത്തിക്കാൻ സൂനഹദോസ് പ്രസ്താവിക്കുന്നുണ്ട്. നവീകരണം ഉടമ്പടി നിർവഹിച്ചുകഴിഞ്ഞതാണെന്ന് സൂചിപ്പിക്കുന്നു. ഉടമ്പടിയാകട്ടെ, വിരുന്നുശാലയിലും കാൽവരിയിലുമാണ് നിർവഹിക്കപ്പെട്ടത്. പുതിയ ഉടമ്പടിയുടെ നവീകരണമായ വി. കുർബാനയെക്കുറിച്ച് നാം ചില കാര്യങ്ങരം ഓർക്കേണ്ടതുണ്ട്. വി. കുർബാനയിൽ ദൈവികബലിവസ്തു ക്രിസ്തുവാണ്. അവിടുന്ന് പിതാവിനോടുള്ള അനുസരണസമർപ്പണം വി. കുർബാനയിൽ നവീകരിക്കുന്നു. വിരുന്നുശാലയിൽവച്ച്, പിതാവിൻെറ തിരുഹിതത്തിൻെറ സ്വീകരണം നാടകീയരീതിയിൽ അവിടുന്ന് നിർവഹിച്ചു. ശരീരവും രക്തവും തമ്മിലുള്ള വേർപിരിയൽ സൂചിപ്പിക്കുന്ന അപ്പത്തിൻെറയും വീഞ്ഞിൻെറയും സാദൃശ്യത്തിലാണ് അത് നടന്നത്. വി. കുർബാനയിൽ ദൈവികബലിവസ്തുവായ ക്രിസ്തുവിനോട് നമ്മുടെ ആന്തരികഭാവങ്ങരം സംയോജിപ്പിച്ചുകൊണ്ട് വേണം നാമതിൽ പങ്കെടുക്കേണ്ടതെന്ന് സഭ നിഷ്ക്കർഷിക്കുന്നു. കാരണം, വിരുന്നുശാലയിൽവച്ച് പിതാവിൻെറ തിരുഹിതത്തോടുള്ള അനുസരണം നാടകീയരീതിയിൽ ദൃശ്യമാക്കിയ അതേ ദൈവികബലിവസ്തുവായ ക്രിസ്തു തന്നെയാണ് വി. കുർബാനയിലും അപ്പവും വീഞ്ഞും തിരുശരീരരക്തങ്ങളാക്കി ആ അനുസരണം നവീകരിക്കുന്നത്.

അതിൽ ആ നവീകരണമായ വി. കുർബാനയിൽ അനുസരണത്തിൻെറ രണ്ടുവിധമായസമർപ്പണമുണ്ട്; അവ രണ്ടും

www.malankaralibrary.com

ഉരുകിച്ചേർന്നാലെന്നപോലെ ഒന്നാകുന്നു. അവ ക്രിസ്തുവിൻെറ അനുസരണവും പിതാവിനോടുള്ള നമ്മുടെ അനുസരണവുമാണ്. നമ്മുടെ അനുസരണം അവിടുത്തെ അനുസരണത്തോടു നാം സംയോജിപ്പിക്കുന്നു. അങ്ങനെ മുഴുവൻ ക്രിസ്തുവിൻെറ ശിരസ്സിൻെറയും അവയവങ്ങളുടെയും അനുസരണസമർപ്പണം വി. കുർബാനയിൽ നിർവഹിക്കപ്പെടുന്നു.

ഇപ്പോഠം പ്രത്യേകമായ ഒരു കാര്യം നാം കാണുന്നു: സുന്നഹദോസ് നിഷ്കർഷിക്കുന്നതുപോലെ വി. കുർബാനനവീകരണമാണെങ്കിൽ, നവീകരണം യഥാർത്ഥത്തിൽ നവീകരിക്കുകയോ ആവർത്തിക്കുകയോ ചെയ്യുന്നെങ്കിൽ, ആദ്യത്തേതിനെ മാററുകയോ വ്യത്യാസപ്പെടുത്തുകയോ ചെയ്യുന്നെങ്കിൽ, വി. കുർബാനയിൽ അഥവാ നവീകരണത്തിൽ ദ്വിവിധമായ അനുസരണസമർപ്പണമുണ്ടായിരിക്കണം. ഇതിൻെറ സ്പഷ്ടമായ അർത്ഥം ഇതാണ്. അംത്താരയിൽ സംഭവിക്കുന്ന അനുസരണത്തോടു നമ്മുടെ അനുസരണവും ഉരുകിച്ചേർന്നാലെന്നതുപോലെ ഒന്നാകുന്നവിധം കാൽവരിയിലുള്ള അവിടുത്തെ അനുസരണത്തോടു അവളുടെ അനുസരണവും ചേർന്നൊന്നായിത്തീർന്നു. അപ്പോഠം രണ്ടാം വത്തിക്കാൻ സുന്നഹദോസിൻെറ ഈ വാക്കുകളുടെ അർത്ഥം നമുക്ക് സുഗ്രാഹ്യമാകും. "അവിടുന്ന് കുരിശിൽ കിടന്നു മരിച്ചപ്പോഠം, അവിടുത്തെ പീഡകളോട് സ്വയം യോജിച്ച്, രക്ഷകൻെറ പ്രവൃത്തിയിൽ അവർ സഹകരിച്ചു...........അനുസരണം മുഖേന."

മരിയൻ ശാസ്ത്രത്തിലുള്ള തർക്കങ്ങഠംക്കു വിധി കല്പിക്കാനുദ്ദേശിക്കുന്നില്ലെന്നു സൂനഹദോസ് സ്പഷ്ടമായി പറഞ്ഞിട്ടുണ്ട്. എന്നിരുന്നാലും ദൈവപരിപാലനയുടെ കരങ്ങളിലെ ഒരു ഉപകരണമാണുസൂനഹദോസ്. അവഠം തൻെറ അനുസരണം മുഖേന തനിക്കും മനുഷ്യവർഗ്ഗം മുഴുവനും രക്ഷക്കു കാരണക്കാരിയായി എന്നു രണ്ടാം വത്തിക്കാൻ സുന്നഹദോസിൻെറ പ്രസ്താവം വി. ഇരണ്യൂസിൻെറ വാക്കുകളാണ്. പക്ഷേ, സന്ദർഭം വച്ചു നോക്കു

www.malankaralibrary.com

മ്പോൾ വി. ഇരണയൂസ് ഉദ്ദേശിച്ചതു കാൽവരിയല്ലാ, പ്രത്യുത മംഗലവാർത്തയാണെന്നു വ്യക്തമാണ്. സുന്നഹദോസ് ഉദ്ധരിച്ചിട്ടുള്ള മററൊരു വാക്യത്തിൽ വി. ഇരണയൂസ് എല്ലാ പാപങ്ങളെയും ഒരു കെട്ടിനോടു സാദൃശ്യപ്പെടുത്തുന്നുണ്ട്. എന്നാൽ ഒരു കെട്ടഴിക്കുക കെട്ടിയതിനു വിപരീതരീതിയിൽ ചരടു ശരിപ്പെടുത്തുമ്പോഴാണ്. അതിനാൽ, ഹവ്വാ കെട്ടിയതു മറിയം അഴിച്ചു എന്നു വി. ഇരണയൂസ് രേഖപ്പെടുത്തിയപ്പോൾ, ആ വാക്കുകളിൽ അന്തർലീനമായിരുന്നത് വി. ഇരണയൂസൂസ് അപ്പോഴതു കണ്ടിരുന്നില്ലെങ്കിലും, വീണ്ടെടുപ്പിലുള്ള പങ്കാളിത്തം കാൽവരിവരെ നീണ്ടു എന്നതാണ്. ഒരുപക്ഷേ രണ്ടാം വത്തിക്കാൻ സുന്നഹദോസ് ആ വാക്കുകളിലുള്ള എല്ലാ സമ്പന്നതകളും കണ്ടിരുന്നില്ലായിരിക്കാം. എന്നാൽ സുന്നഹദോസിനെ നയിച്ച പരിശുദ്ധാത്മാവ് ആ വാക്കുകൾ ഉൾക്കൊള്ളുന്നതൊന്നും വിട്ടുകളഞ്ഞിട്ടില്ല. അവയിൽ പൂർണ്ണമായി ഉൾക്കൊണ്ടിരുന്നതു നാമിപ്പോൾ കണ്ടതാണെന്നു തോന്നുന്നു. വി. പൗലോസ് കോറിന്ത്യർക്കെഴുതിയ ഒന്നാംലേഖനം ആറാമധ്യായം ഇരുപതാം വാക്യം ഉപയോഗിച്ചാൽ അവളുടെ അനുസരണം അവിടുത്തെ അനുസരണവുമായി ചേർന്ന് വീണ്ടെടുപ്പിനുള്ള ഒരു വിലയായിത്തീർന്നുവെന്നുകാണാം.

സ്വീകരിക്കുന്നതിലാണ്, അല്ലാതെ സർഗ്ഗാത്മകമായി നേടുന്നതിലല്ലാ, മറിയത്തിൻെറ കാൽവരിയിലെ സഹകരണം അടങ്ങിയിരുന്നതെന്നു ചിലർ പ്രസ്താവിക്കുന്നുണ്ട്. എന്നാൽ, അനുസരണം എന്ന ഒരേ പദം തന്നെയാണ് അവളുടെ പ്രവൃത്തിയും അവിടുത്തെ പ്രവൃത്തിയും വിശദമാക്കാൻ സുന്നഹദോസ് ഉപയോഗിച്ചതെന്നു നാം കണ്ടു. അവ വ്യത്യസ്തമായ അർത്ഥത്തിലാണു സുന്നഹദോസ് ഉപയോഗിച്ചതെന്നു കാണാൻ നിവൃത്തിയില്ല. അതിനാൽ അവളുടെ ഭാഗത്തിൻെറയും അവിടുത്തെ ഭാഗത്തിൻെറയും പൊതുസ്വഭാവം ഒന്നാണെന്നു പറയേണ്ടതുണ്ട്. പക്ഷേ അവളുടെ ഭാഗം അവിടുത്തേതിനോടു കീഴ്പ്പെട്ടും ആശ്രയിച്ചുമാണ് നിർവഹിക്കപ്പെട്ടത്. അനുസരിച്ചുകൊണ്ട് അവിടുന്ന് സജീവമായിരക്ഷ കൈവരുത്തി. അവൾ സ്വീക

www.malankaralibrary.com

രിക്കുകമാത്രമല്ല ചെയ്തത്, ഒരാരം കൈനീട്ടുന്നതുപോലെ "സജീവമായി സ്വീകരിക്കുക"പോലുമല്ലായിരുന്നു അത്. അനുസരിക്കുക എന്നത് സജീവമായ ഒരു പൂർണ്ണമറുപടിയാണ്. മററൊരാരം തനിയേ നേടുന്നത് സ്വീകരിക്കുകയല്ലാ അത്. അവിടുത്തെ മരണത്തിനു രക്ഷാകരവില നൽകിയ ഉടമ്പടി വ്യവസ്ഥയുടെ തന്നെ ഒരു ഭാഗമായിരുന്നു അത്.

സ്വർഗ്ഗാരോപണം നിർണ്ണയം ചെയ്തുകൊണ്ട് പന്ത്രണ്ടാം പിയൂസ് മാർപ്പാപ്പാ പുറപ്പെടുവിച്ച മഹത്തായ പ്രഖ്യാപനവും നാമിപ്പോരം സ്മരിക്കുന്നു. കാൽവരി അവിടുത്തേക്കും അവരംക്കും "പൊതുവായ"താണെന്ന് അതിൽ പ്രസ്താവിച്ചിട്ടുണ്ട്. അതു എതിരാളികരം ഉന്നയിക്കുന്ന തർക്കങ്ങരംക്കു വിരാമമിടുന്നുണ്ട്.

മുൻപു പ്രസ്താവിച്ചതിനു സമാന്തരമായ ഒന്ന് നമുക്ക് ചിന്തിച്ചുനോക്കാം. ഒരു പ്രത്യേക നന്മപ്രവൃത്തി ചെയ്യുന്നതിനു വേണ്ടി നമ്മെ നയിക്കാനും സഹായിക്കാനുമായി ദൈവം ഒരു പ്രത്യേകാനുഗ്രഹം അയക്കുമ്പോരം അതിൽ രണ്ടു ഘട്ടങ്ങരം കാണാം. ആദ്യമായി, അതു നിർവഹിക്കുന്നതിനു അവിടുന്നു നമുക്കു പ്രാപ്തിനൽകുന്നു. പിന്നെ ഒരേസമയംതന്നെ ആ അനുഗ്രഹത്താലും ആ അനുഗ്രഹത്തിൽ നിന്നു വരുന്ന ശക്തിയാലും നാം പ്രചോദിതരാകുന്നു. അതിനാൽ, നാം ആ അനുഗ്രഹത്തിൽ വെറും നിശ്ചേഷ്ഠരല്ലെന്ന് ത്രെന്തോസ് സുന്നഹദോസ് പഠിപ്പിക്കുന്നു. അതുപോലെ, കൂടുതൽ വിപുലമായ ഒരു മണ്ഡലത്തിൽ നാം ചെയ്യുന്നതിൽ കുറവായി മറിയം ചെയ്യരുത്. സഹകരിക്കാനുള്ള മാർഗ്ഗങ്ങരം തന്നെ അവരം തൻെറ പുത്രനിൽ നിന്നും സ്വീകരിച്ചിരുന്നു. പിന്നീട് അവരം അവിടുത്തോട് സജീവമായി സഹകരിച്ച്, സജീവമായി അനുസരിച്ചു. അതിനാൽ അവിടുന്നു നേടിക്കൊണ്ടിരുന്നതിൽ, അതായത് നാമെല്ലാവരുടെയും രക്ഷയിൽ സജീവമായ ഭാഗം വഹിച്ചു.

പഴയ ഉടമ്പടിയെക്കുറിച്ചു അനുസ്മരിക്കുക വഴി ഇക്കാര്യത്തിൽ പുതിയൊരു വെളിച്ചം നമുക്കു ലഭിക്കും.

www.malankaralibrary.com

ആ ഉടമ്പടിക്കു രണ്ടു തലങ്ങളുണ്ടായിരുന്നുവെന്നു് നാം കണ്ടതാണു്. അടിസ്ഥാനതലത്തിൽ, ദൈവം തൻെറ അനുഗ്രഹങ്ങരം നൽകിയ കാരണം മനുഷ്യർ തങ്ങളുടെ യോഗ്യത കൊണ്ടു നേടിയതല്ല. യോഗ്യതമൂലം നേടാൻ സാധിക്കാത്ത അവിടുത്തെ ഔദാര്യഫലങ്ങളാണിവ. രണ്ടാമത്തെ തലത്തിൽ ഉടമ്പടി വ്യവസ്ഥ അഥവാ നിയമം ജനങ്ങരം പ്രവൃത്തിയിൽ എത്തിച്ചു എന്നതാണു്. (അവരങ്ങനെ ചെയ്തപ്പോരം) പുതിയ ഉടമ്പടിയിലും ആ അടിസ്ഥാന കാരണം നാം കാണുന്നു. പിതാവു് അനുഗ്രഹങ്ങരം നൽകുകയോ ക്ഷമിക്കുകയോ ചെയ്യുന്നതിൻെറ അടിസ്ഥാന കാരണം അവിടുത്തെ ഔദാര്യം മാത്രമാണു്. ക്രിസ്തുവിൻെറ പ്രവൃത്തിപോലും ഈ രണ്ടാം തലത്തിലാണു വളരുന്നതു്.

നാം ഇതു ആദ്യമായി ചിന്തിക്കുമ്പോരം ഇതു വിചിത്രമെന്നു തോന്നാം. ക്രിസ്തു വന്നതുകൊണ്ടല്ലാ പിതാവു് കോപം മാററിവച്ചിട്ട് നമ്മെ വീണ്ടും സ്നേഹിച്ചതെന്നു് നാം ഗ്രഹിക്കേണ്ടതാണു്. നേരെമറിച്ചു് പിതാവ് നമ്മെ എന്നും സ്നേഹിച്ചിരുന്നതിനാലാണു ക്രിസ്തു വന്നതു്. അതിനാൽ അവിടുത്തെ ഔദാര്യം-സ്നേഹം ക്രിസ്തുവിൻെറ ആഗമനത്തിലുപരി അടിസ്ഥാനപരമായതാണു്. വി. അഗസ്തീനോസ് ഇക്കാര്യം മനോഹരമായി രേഖപ്പെടുത്തുന്നു: "നമ്മെ മുമ്പേതന്നെ സ്നേഹിച്ചിരുന്നവനുമായി നാം അനുരഞ്ജനപ്പെടുത്തപ്പെട്ടു." അതിനാൽ പിതാവ് പ്രേരിപ്പിക്കപ്പെടേണ്ടിയിരുന്നില്ല. മാററത്തിനു വിധേയനല്ലാത്തതിനാൽ അവിടുന്നു പ്രേരിപ്പിക്കപ്പെടുക സാധ്യമല്ലെന്നതാണു വസ്തുത.

വീണ്ടെടുപ്പിൽ സഹകരിക്കുന്നതിനു എങ്ങനെയാണു മറിയത്തിനു സാധിച്ചതെന്നു ഗ്രഹിക്കുവാൻ ഇതു നമ്മെ സഹായിക്കുന്നു. വീണ്ടെടുപ്പിനു പിതാവിനെ പ്രേരിപ്പിക്കേണ്ടതുണ്ടായിരുന്നെങ്കിൽ അതിനു യാതൊന്നും ചെയ്യുവാൻ അവരംക്കു കഴിയുമായിരുന്നില്ല. എന്നാൽ, രണ്ടാം തലത്തിൽ അതിനുപകരം വീണ്ടെടുപ്പിനു വസ്തുനിഷ്ഠമായ ഒരു അവകാശത്തെളിവു്, ഒരു സൃഷ്ടിയുടെ ശക്തിക്കനുസൃതം അങ്ങനെ ഒരു ശക്തിയും നിർവഹണഭാഗവും

www.malankaralibrary.com

നൽകുവാൻ ദൈവം ആ സൃഷ്ടിയെ തെരഞ്ഞെടുത്തപക്ഷം-നൽകുവാൻ അവറ്റക്കു കഴിഞ്ഞു. അവയുടെ പ്രകൃതിയാൽ തന്നെ ഉചിതമായ മാർഗ്ഗങ്ങറം ഉടമ്പടിയിലുള്ള അനുസരണം—രണ്ടാം തലത്തിൽ, മുഖ്യമല്ലാത്ത അവകാശത്തെളിവായി—വർത്തിക്കുവാനുള്ള സഹായങ്ങറം—പിതാവു അവറ്റക്കു നൽകി, പ്രകൃത്യാതന്നെ യോഗ്യമായ സഹായങ്ങറം അവറ്റക്കു നൽകിയിട്ട് അതു സ്വീകരിക്കാതിരിക്കുന്നതിനു അവിടുന്നു ഉദ്ദേശിക്കുമോ?

തൻെറ ദൈവികപുത്രൻെറ തലത്തിൽ തന്നെയായിരുന്നു അവളെന്നു് ഇതിനർത്ഥമില്ല. സഹകരിക്കുവാനുള്ള അവളുടെ കഴിവുതന്നെ അവിടുത്തെ പക്കൽ നിന്നു ലഭിച്ചതാണ്. അതിനാൽ രണ്ടാം വത്തിക്കാൻ സൂനഹദോസു് രേഖപ്പെടുത്തി.

"സൃഷ്ടിക്കപ്പെട്ടിട്ടുള്ള യാതൊന്നിനേയും മനുഷ്യാവതാരം ചെയ്തവനും രക്ഷകനുമായ ദൈവവചനത്തോടു ഒരിക്കലും താരതമ്യപ്പെടുത്തുവാൻ സാധ്യമല്ല...........ഒരേ ദൈവിക യഥാർത്ഥത്തിലും വ്യത്യസ്തമായ രീതിയിലും അവിടുന്നു സൃഷ്ടികളിൽ വിതരണം ചെയ്യുന്നു. ഇതുപോലെതന്നെ ദിവ്യരക്ഷകൻെറ ഏകമാധ്യസ്ഥം സൃഷ്ടികളുടെ പക്കൽ നിന്നുള്ള സഹകരണത്തെ തീർത്തും നിഷേധിക്കുന്നില്ല; പ്രത്യുത, വിവിധ തരത്തിൽ സഹകരിക്കുവാൻ അനുവദിക്കുകയത്രേ ചെയ്യുന്നതു്. എന്നാൽ ഉത്ഭവസ്ഥാനം ഒന്നു തന്നെയാണെന്നു മാത്രം"

നാലാമധ്യായത്തിലും പഴയ ഉടമ്പടിയിലും നാം കണ്ട വസ്തുനിഷ്ഠമായ ക്രമത്തിൻെറ പരിശുദ്ധിയും സ്നേഹവും മറിയത്തെക്കാറം താണനിലയിലുള്ള വിശുദ്ധരും യഥാർത്ഥമായി ആഗ്രഹിച്ചിട്ടുണ്ടു്. കഴിയുന്നിടത്തോളം എല്ലാം സമ്പന്നമാക്കുവാൻ അവരും ആഗ്രഹിച്ചു. തീർച്ചയായും കാൽവരിയിലെ ഫലങ്ങളുടെ വിതരണത്തിൽ അവർക്കും ഒരു ഭാഗഭാഗിത്വമുണ്ടു്. അതു ഒരിക്കലായി ആ ഫലങ്ങറം നേടിയതിലുമല്ല. അതിനാൽ, അവരുടെ മധ്യസ്ഥതയ്ക്കുവേണ്ടി അപേക്ഷിക്കുക വിലയുള്ളതും സഹായകവുമാണെന്നു് സഭ പഠിപ്പിക്കുന്നു. ഈ രീതിയിൽ നോക്കു

www.malankaralibrary.com

ബോധം നൽകുന്നതിലുള്ള അവകാശം ക്രിസ്തുവിലും മറിയത്തിലും പ്രത്യുത,മൗതികമായ മുഴുവൻ ക്രിസ്തുവി ലുമുണ്ടു്. (in the whole mystical Christ) കൂടാതെ, "ചോദിക്കുവിൻ, നിങ്ങൾക്കു നൽകപ്പെടും" എന്നുള്ള വാഗ് ദാനം ഈ ചിത്രത്തിലും ദൃശ്യമാണു്. പിതാവ് നമ്മോടുള്ള സ്നേഹത്തിലും വസ്തുനിഷ്ഠമായ ക്രമത്തോടുള്ള സ് നേഹത്തിലും, ശരിയായി നടത്തുന്ന പ്രാർത്ഥനകൾക്കു പ്രാർത്ഥിക്കുന്നവ നൽകുവാൻ സ്വയം ബന്ധപ്പെടുത്തു ന്നതിനു തിരുമനസ്സായി.

കാൽവരിയിൽ എല്ലാ അനുഗ്രഹങ്ങളും സമ്പാദിക്കുന്ന തിനും, നേടുന്നതിനും അവൾ സഹകരിച്ചു എന്ന വസ്തു തയിൽനിന്നു് യുക്തിപൂർവകമായ ഒരു വസ്തുത ഉരു ത്തിരിയുന്നു. എല്ലാ ദാനങ്ങളുടെയും വിതരണത്തിൽ അ വൾക്കും ഒരു പങ്കുണ്ടായിരിക്കണം. ഈ പ്രവൃത്തിമൂലം എല്ലാ അനുഗ്രഹങ്ങളുടെയും മധ്യസ്ഥയെന്നു അവൾ വി ളിക്കപ്പെടുന്നു.

ഈ അധ്യായത്തിൻെറ ആരംഭഭാഗത്ത് രണ്ടാം വത്തി ക്കാൻ സൂനഹദോസിൻെറ പ്രസ്താവന ഉദ്ധരിച്ചല്ലോ. കാൽവരിയിലുള്ള അവളുടെ സഹകരണം പ്രതിപാദിച്ച ശേഷം സൂനഹദോസു തുടർന്നു.

"ഇതുകൊണ്ടാണു പ്രസാദവരമണ്ഡലത്തിൽ അവൾ നമ്മുടെ മാതാവായിരുന്നതു്." സ്വാഭാവികതലത്തിൽ ഒരു അമ്മയ്ക്കു രണ്ടു കർമ്മങ്ങളാണുള്ളതു്. ഒരു പുതിയ ജീവൻ ഉല്പാദിപ്പിക്കുന്നതിൽ സഹകരിക്കുക. ആവശ്യ മുള്ളിടത്തോളം കാലംവരെയോ അല്ലെങ്കിൽ തനിക്കു കഴിവു ള്ളിടത്തോളം കാലംവരെയോ ആ ജീവൻ കാത്തു സൂക്ഷി ക്കുക, നമുക്കുവേണ്ടി പുതിയ ജീവൻ, പ്രസാദവരത്തിൻെറ ജീവൻ, ദൈവിക ജീവൻ, നേടുന്നതിൽ കാൽവരിയിൽ മറി യം പങ്കാളിയായി. നമുക്കാവിശ്യമുള്ളിടത്തോളം കാലം അതായതു് നാം നമ്മുടെ പിതാവിൻെറ ഭവനത്തിൽ എത്തി ച്ചേരുന്നതുവരെ മറിയം നമ്മെ കാത്തു സൂക്ഷിക്കുന്നു. ലൗ കികമാതാക്കൾക്കു ചിലപ്പോൾ സഹായിക്കാനാവാതെവരാം.

www.malankaralibrary.com

മറിയം അതുപോലെയല്ല. തന്റെ പുത്രൻ വഴി പിതാവി നോടുള്ള അവളുടെ അപേക്ഷ എപ്പോഴും ചെവിക്കൊള്ള പ്പെടുന്നു.

അവളുടെ ഈ പ്രവൃത്തി, മംഗലവാർത്താദിനത്തിൽ അവരം പറഞ്ഞ "എനിക്കു ഭവിക്കട്ടെ" എന്നു പ്രസ്താവി ച്ചതിന്റെ ഒരു യഥാർത്ഥ തുടർച്ചയാണെന്നു രേഖപ്പെടു ത്തിയശേഷം സൂനഹദോസു് തുടർന്നു.

"സ്വർഗ്ഗാരോപിതയായതോടെ ഈ രക്ഷണീയ ദൗത്യം അവസാനിപ്പിക്കാതെ, നിത്യരക്ഷക്കാവശ്യമായ ദാനങ്ങരം സമ്പാദിച്ചുതരുന്നതിൽ അവരം നിരന്തരം മാധ്യസ്ഥം വഹി ച്ചുകൊണ്ടിരിക്കുന്നു. അപകടങ്ങളും പ്രതിസന്ധിഘട്ട ങ്ങളും നിറഞ്ഞ ജീവിതയാത്ര കഴിക്കുന്ന സ്വപുത്രന്റെ സഹോദരന്മാർ സൗഭാഗ്യകരമായ പിതൃഭവനത്തിൽ എത്തു ന്നതുവരെ, അവരം മാതൃസഹജമായ വാത്സല്യത്തോടെ അവ രുടെ സംരക്ഷണം നിർവഹിക്കുകയും ചെയ്യുന്നു. തൻമൂ ലമത്രേ, തിരുസഭ പരിശുദ്ധ കന്യകയെ അഭിഭാഷക, സഹായിക, ഉപകാരണി, മധ്യസ്ഥ, എന്നീ അഭിധാനങ്ങ ളാൽ വിളിച്ചപേക്ഷിക്കുന്നതു്."

"മധ്യസ്ഥ"യെന്നേ സൂനഹദോസ് പറഞ്ഞിട്ടുള്ളൂ, "എല്ലാ പ്രസാദവരങ്ങളുടെയും" എന്നു പറഞ്ഞിട്ടില്ല എന്നു ചിലർ പ്രസ്താവിക്കുന്നുണ്ടു്. എന്നാൽ രണ്ടുവിധ ത്തിൽ സൂനഹദോസ്സത്യംപഠിപ്പിച്ചിട്ടുണ്ടു്. ഒന്നാമതായി അവരം എല്ലാ പ്രസാദവരങ്ങളുടെയും മധ്യസ്ഥയാണെന്നു പഠിപ്പിച്ച ലെയോ പതിമൂന്നാമന്റെയും വി. പത്താംപീയൂ സിന്റെയും പന്ത്രണ്ടാം പീയൂസിന്റെയും പ്രബോധനങ്ങ ളെക്കുറിച്ചു ചില കുറിപ്പുകരം കൂട്ടിച്ചേർത്തിട്ടുണ്ടു്. രണ്ടാ മതായി, തിരുസഭയെക്കുറിച്ചുള്ള ഈ കോൺസ്റ്റിറ്റ്യൂഷന്റെ 25-ാം ഖണ്ഡികയിൽ, മാർപ്പാപ്പാമാരുടെ പ്രബോധനങ്ങരം, നിർണ്ണയം ചെയ്യപ്പെടാത്തവപോലും, നമ്മുടെ ആന്തരിക വിശ്വാസമാണ് കേവലം ബാഹ്യമായ സമ്മതമല്ലാ ആവ ശ്യപ്പെടുന്നതെന്നും സൂനഹദോസ് പഠിപ്പിച്ചിട്ടുണ്ടു്. അ ങ്ങനെ അത്യാവശ്യമല്ലെങ്കിൽപോലും, മരിയൻമാർപ്പാപ്പാമാ

www.malankaralibrary.com

രായവരുടെ പ്രത്യേകിച്ച് ഡി. പത്താം പീയൂസിൻെറയും പന്ത്രണ്ടാം പീയൂസിൻെറയും പ്രബോധനങ്ങൾക്കു പുനഃസ്ഥിരീകരണം നൽകുന്നുണ്ടു്. മറിയം എല്ലാ പ്രസാദവരങ്ങളുടെയും മധ്യസ്ഥയാണെന്നു പഠിപ്പിക്കുന്ന പന്ത്രണ്ട് ഖണ്ഡികകൾ തന്നെ മാർപ്പാപ്പാമാർ എഴുതിയിട്ടുണ്ടു്.

എല്ലാ പ്രസാദവരങ്ങളും നേടുന്നതിൽ അവൾ പങ്കാളിയായെന്ന വസ്തുതതന്നെ നൽകപ്പെടുന്ന എല്ലാ പ്രസാദവരങ്ങളും അവൾ മുഖേനയാണു നൽകപ്പെടുന്നതെന്നു സ്പഷ്ടമാക്കുന്നുണ്ടു്. കൂടാതെ, അവൾ യഥാർത്ഥത്തിൽ മധ്യസ്ഥത വഹിക്കുന്നു. അവൾ ഓരോ അനുഗ്രഹവും നമുക്കുവേണ്ടി അപേക്ഷിക്കുന്നു. നമ്മുടെ ആവശ്യങ്ങൾ അവൾക്കറിയാം. അവളുടെ മക്കളായ നാം വളരെ അധികമുണ്ടു്. പക്ഷേ, അവളെ സംബന്ധിച്ചിടത്തോളം നാം കൂടുതലല്ല. കാരണം, പ്രസാദവരത്തിൻെറ പരിപൂർണ്ണത നിമിത്തം പ്രശോഭിതയായ അവളുടെ ആത്മാവ് അനന്തമായ ദൈവദൃശ്യത്തിൽ സകലതും കാണുന്നുണ്ട്. അതിനാലാണ് ഒൻപതാം പീയൂസ് മാർപ്പാപ്പാ പ്രസ്താവിച്ചതു്: "ദൈവത്തിനു കീഴിൽ മററാരാളെക്കുറിച്ചും ഇങ്ങനെ ചിന്തിക്കുക സാധ്യമല്ല, ദൈവത്തിനല്ലാതെ മററാർക്കും ഇതു ഗ്രഹിക്കുക സാധ്യവുമല്ല."

മറിയത്തെക്കുറിച്ചു രണ്ടാം വത്തിക്കാൻ സൂനഹദോസ് നൽകുന്ന പ്രബോധനങ്ങളുടെ ഉദാത്തമായ വൈപുല്യം കാണുക. മനുഷ്യാവതാരത്തിനുള്ള നിശ്ചയത്തിൽ, അവൾ അനാദികാലം മുതൽ അവിടുത്തോടു സംയോജിതയായിരുന്നുവെന്നു ചൂണ്ടിക്കാണിച്ചശേഷം സൂനഹദോസ് അവിടുത്തെ ജീവിതത്തിൻേറയും ദൗത്യത്തിൻെറയും ഓരോ രഹസ്യവും ചർച്ച ചെയ്യുന്നു, ഓരോ സന്ദർഭത്തിലും അവളുടെ പങ്ക്, കാൽവരിയിൽ പോലുമുള്ള പങ്കു്, പ്രസ്താവിക്കുന്നു. അതിനുശേഷം, "ഈ ലോകവാസത്തിൻെറ അവസാനത്തിൽ ആത്മശരീരങ്ങളോടെ സ്വർഗ്ഗത്തിലേക്കു് ആരോപിതയായി. ഇതിനും പുറമെ നമ്മുടെ കർത്താവു് അവളെ പ്രപഞ്ചത്തിൻെറ മുഴുവൻ രാജ്ഞിയായി വാഴിച്ചു. ഇതു കർത്താക്കളുടെ കർത്താവും പാപത്തെയും മരണത്തെ

www.malankaralibrary.com

യും ജയിച്ചവനുമായ തന്റെ തിരുസുതനോട് അവരം കൂട്ടുതലായി അനുരൂപപ്പെടാൻവേണ്ടിയായിരുന്നു'' എന്നും സൂനഹദോസ് പ്രസ്താവിക്കുന്നു.

അതിനാൽ, സമയം ആരംഭിക്കുന്നതിനു മുമ്പുള്ള അനാദികാലം മുതൽ, സമയത്തിന്റെ അവസാനം കഴിഞ്ഞുള്ള നിത്യതവരെ, അതിനിടയിലുള്ള എല്ലാ രഹസ്യങ്ങളിലും അവരം അമ്മയും വേർപിരിക്കാനാവാത്ത സഹകാരണിയുമാണു്.

യേശുവുമായുള്ള അവളുടെ നിരന്തരമായ ഐക്യത്തിന്റെ പ്രബോധനപരമായ രൂപരേഖയിൽനിന്നു് സൂനഹദോസ് യുക്തിപൂർവമായ നിഗമനത്തിലെത്തി. സൂനഹദോസ് എല്ലാവരെയും ഉൽബോധിപ്പിച്ചു. ''പരിശുദ്ധകന്യകയോടുള്ള വണക്കം അതിപ്രധാനമായി തിരുകർമ്മവിധികളിലൂടെ ഔദാര്യപൂർവ്വം വർദ്ധിപ്പിച്ചുകൊണ്ടു് വരണമെന്നു് ഉൽബോധിപ്പിക്കുകയും ചെയ്യുന്നു. അതിനായി നൂററാണ്ടുകളിലൂടെ സഭയുടെ പ്രബോധനാധികാരം അംഗീകരിച്ചിട്ടുള്ള ഭക്തമുറകരം വളരെ വിലമതിക്കുകയും ചെയ്യണം.'' യഥാർത്ഥത്തിൽ, രണ്ടാം വത്തിക്കാൻ സൂനഹദോസ് അതിനു മുൻപു നടന്നിട്ടുള്ള എല്ലാ സൂനഹദോസുകളും ഒന്നിച്ചു ചേർന്നെടുത്താൽ പോലും മറിയത്തെക്കുറിച്ചു പഠിപ്പിച്ചിട്ടുള്ളതിലുമുപരിയായി പഠിപ്പിച്ചിട്ടുണ്ട്. അതിനാൽ അതിനെ മരിയൻ സൂനഹദോസ് എന്നു വിളിക്കാവുന്നതാണ്.

എന്നിരുന്നാലും അവളുടെ ഈ മഹത്വം പിതാവു നൽകിയ ദാനമാണ്. അതേ, നമ്മോടും ആകമാനക്രമത്തോടും തനിക്കുള്ള സ്നേഹത്തിൽ പിതാവു നൽകിയ ദാനം കാരണം, അവിടുന്നു പരിശുദ്ധി-സ്നേഹമാണ്. അവിടുന്നു അനന്തതയ്ക്കുമപ്പുറം അനന്തമായിപ്പോയി. കാരണം, ഒരു രാജകൊട്ടാരത്തിൽ, മരണമില്ലാത്ത അവസ്ഥയിൽ, മനുഷ്യാവതാരം നടക്കുകതന്നെ അനന്തവിലയുള്ളതാകുമായിരുന്നു. അതിലുമപ്പുറം അവിടുന്നു പോയി, കാലിത്തൊഴുത്തിലേക്കും കാൽവരിയിലേക്കും അതിനുമപ്പുറം മറിയത്തിന്റെ പങ്കാളിത്തം കൂട്ടിച്ചേർത്തുകൊണ്ട്.

www.malankaralibrary.com

## പുതിയ ഉടമ്പടിയുടെ നവീകരണം

നമ്മുടെ പാപങ്ങൾക്കു യേശു പൂർണ്ണ പരിഹാരം ചെയ്തു. നമുക്കുവേണ്ടി, നാം ഓരോരുത്തനും വേണ്ടി, അനന്തമായ ഉടമാവകാശം നൽകിക്കൊണ്ട് പ്രസാദവരത്തിൻെറ അനന്തമായ ഒരു ഒരു ഭണ്ഡാഗാരം അവിടുന്നു നേടിയെടുത്തു. അവിടുത്തെ ഭാഗ്യവതിയായ മാതാവ് ഈ കൃത്യത്തിൽ പങ്കാളിയായി. ഈ യോഗ്യതകൾ അനന്തമാണു്, ഒരിക്കലായി മാത്രം നേടിയതാണു്, അതിനാൽ അവ സ്വീകരിച്ചാൽ മതി, മററൊന്നും ചെയ്യേണ്ട, എന്നു നമുക്കു തീരുമാനിച്ചാൽ മതിയോ?

വി. പൗലോസ് ഹെബ്രായർക്കെഴുതിയ ലേഖനത്തിൽ എന്നേക്കുമായി യേശു സമർപ്പിച്ച കാഴ്ചയെക്കുറിച്ചു പ്രതിപാദിക്കുന്നുണ്ടു്. ഈ വസ്തുത മുൻപറഞ്ഞ പ്രശ്നം കൂടുതൽ സങ്കീർണ്ണമാക്കുന്നു. കാരണം ലോകത്തിൽ വന്നപ്പോൾ യേശു പറഞ്ഞു: "ദൈവമേ, അവിടുത്തെ ഇഷ്ടം നിറവേററാൻ ഞാൻ ഇതാ വന്നിരിക്കുന്നു." (ഹെബ്രാ 10: 5) പിന്നീട് ഹെബ്രായർക്കുള്ള ലേഖനത്തിൽ നാം ഇതു കാണുന്നു. "ആ ഹിതമനുസരിച്ച് യേശുക്രിസ്തുവിൻെറ ശരീരം എന്നേക്കുമായി ഒരിക്കൽ സമർപ്പിക്കപ്പെട്ടതു വഴി നാം വിശുദ്ധീകരിക്കപ്പെട്ടിരിക്കുന്നു." (ഹെബ്രാ. 10: 10)

നമ്മുടെ ഭാഗത്തുനിന്നുള്ള പ്രവർത്തനത്തിനു ഈ വാക്കുകൾ തടസ്സം നില്ക്കുന്നതുപോലെ തോന്നാം. അതു മാത്രമല്ലാ, പുതിയ ഉടമ്പടിയുടെ നവീകരണമെന്നു് രണ്ടാം വത്തിക്കാൻ സൂനഹദോസ് പഠിപ്പിച്ചിട്ടുള്ള വി. കുർബാനയ്ക്കും യാതൊരു സ്ഥാനവുമില്ലെന്നും തോന്നാം.

ദിവ്യകാരുണ്യം സ്ഥാപിച്ചപ്പോൾ "ഇതെൻെറ ഓർമ്മയ്ക്കായി നിങ്ങൾ ചെയ്യുവിൻ" എന്നു് യേശു അരുളിച്ചെയ്തതു് ദൈവനിവേശിതനായിരുന്ന ലേഖനകർത്താവിനു് അജ്ഞാതമായിരുന്നില്ല. അപ്പോൾ അവിടുത്തെ സമർപ്പണം മൂലം "എന്നേക്കുമായി" നാം ശുദ്ധീകരിക്ക

www.malankaralibrary.com

ഒപ്പെട്ടുവെന്ന് അപ്പോസ്തലന്നു എങ്ങനെ എഴുതുവാൻ കഴിഞ്ഞു? ഉത്തരം വിഷമകരമല്ല. രണ്ടു കാര്യങ്ങൾ നാം പരിഗണിക്കേണ്ടിയിരിക്കുന്നു. ഒന്നാമതായി പ്രസാദവരത്തിൻെറയും നമ്മോടുള്ള ക്ഷമയുടേയും ഭണ്ഡാഗാരസമ്പാദനവും ആ ഭണ്ഡാഗാരത്തിൽനിന്നുള്ള വിതരണവും തമ്മിലുള്ള വ്യത്യാസം നാം കാണണം. ഈ ഭണ്ഡാഗാരസമ്പാദനം വസ്തുനിഷ്ഠമായ വീണ്ടെടുപ്പെന്നു ചിലപ്പോൾ വിളിക്കപ്പെടുന്നു. എല്ലാ കാലങ്ങളിലും നിർവഹിക്കപ്പെടുന്ന അതിൻെറ വിതരണമാകട്ടെ ആത്മനിഷ്ഠമായ വീണ്ടെടുപ്പെന്നു വിളിക്കപ്പെടുന്നു. സമ്പാദനം എന്നേക്കുമായി നിർവഹിക്കപ്പെട്ടുകഴിഞ്ഞു. അതു അനന്തമായ ഒരു ഭണ്ഡാഗാരം, പ്രസാദവരത്തിനും ക്ഷമയ്ക്കും വേണ്ടി മനുഷ്യവർഗ്ഗത്തിനു മുഴുവനുമായുള്ള അനന്തമായ അവകാശം സ്ഥാപിച്ചു. യഥാർത്ഥത്തിൽ അതു ഓരോ വ്യക്തിയ്ക്കും വേണ്ടിയുള്ളതാണ്. ഗലാത്യർ 2 2: 20-ൽ നിന്നു ഇതു നമുക്കു ഗ്രഹിക്കുവാൻ കഴിയും. ആ സമ്പാദനത്തിൽ മറിയം പങ്കാളിത്തം വഹിച്ചുവെന്നു നാം മുമ്പു കണ്ടു.

രണ്ടാമതായി, "എൻെറ ഓർമ്മയ്ക്കായി നിങ്ങൾ ഇതു ചെയ്യുവിൻ" എന്നു് കല്പിച്ച് തൻെറ സമർപ്പണം ആവർത്തിക്കുവാൻ അവിടുന്നു ആവശ്യപ്പെട്ടു. അതിനു രണ്ടു കാരണങ്ങളുണ്ട്. വി. പൗലോസ് പ്രസ്താവിക്കുന്നപ്രകാരം അവിടുത്തെ അവയവങ്ങളായ നാം ആ സമർപ്പണത്തിൽ ചേരണം, നാം ചേരുന്ന അവിടുത്തെ സമർപ്പണം മൂലം അനന്തവും വസ്തുനിഷ്ഠവുമായ അവകാശത്തെളിവു് സ്ഥാപിക്കപ്പെടണം. ഓരോ ദിവ്യബലിയിലും അവിടുത്തെ മാതാവും ചേരുന്നുണ്ടെന്നതു് ഈ അധ്യായത്തിൽ നാം കാണും.

നാം ചേരണമെന്നു് അവിടുന്നു ആഗ്രഹിച്ചു. കാരണം വി. പൗലോസ് പ്രസ്താവിക്കുന്നപ്രകാരം നാം അവിടുത്തെ അവയവങ്ങളായിരിക്കുന്നിടത്തോളം മാത്രമല്ലാ, നാം അവിടുത്തെപോലെയായിരിക്കുകയും ചെയ്യുകമൂലമാണു് രക്ഷിക്കപ്പെടുക. നമ്മുടെ ശിരസ്സ് പീഡയനുഭവിക്കുകയും പാപപരിഹാരം ചെയ്യുകയും അനുസരിക്കുകയും ചെയ്യു

www.malankaralibrary.com

മ്പോഠം നാമും അങ്ങനെ ചെയ്യാത്തപക്ഷം അതു ശിരസ്സിനു അനുയോജ്യമല്ലാത്ത അവയവത്തിൻെറ ചിത്രമാണു നൽകുക.

നമ്മുടെ അനുസരണം തൻെറ അനുസരണവുമായി യോജിക്കുന്നതിനു അവിടുന്നു പ്രത്യേകമായി ആഗ്രഹിക്കുന്നു. നമ്മുടെ അനുസരണം അവിടുത്തേക്കു ഏതെങ്കിലും നൻമ നൽകുന്നില്ല. നാം ഇതു മുമ്പു കണ്ടതാണു്. നേരെമറിച്ച് സ്വീകരണത്തിനു് നമ്മുടെ അനുസരണം നമ്മെ പ്രാപ്തരാക്കും. നമുക്കു സ്വീകരിക്കാൻ സാധ്യമല്ലെങ്കിൽ നല്കുന്നതു പ്രയോജനരഹിതമാണല്ലോ.

രണ്ടാമതായി, നാലാമധ്യായത്തിൽ നാം കണ്ടതുപോലെ പിതാവിൻെറ പരിശുദ്ധി ഇപ്പോഴും വസ്തുനിഷ്ഠമായ ക്രമത്തെ സ്നേഹിക്കുന്നു. തൻെറ പുത്രൻെറ മരണംവഴി പാപമോചനത്തിനുള്ള അനന്തമായ ഉടമാവകാശരേഖ നൽകുവാൻ അവിടുന്നു കടപ്പെട്ടിരുന്നു എന്നു നാം പറയുന്നില്ല. എന്നാൽ, അങ്ങനെ ചെയ്യേണ്ടതില്ലായിരുന്നുവെങ്കിലും അതിനെന്തെങ്കിലും നിർബന്ധമില്ലായിരുന്നുവെങ്കിലും അതു ചെയ്യുവാൻ അവിടുന്നു ഇച്ഛരിച്ചു. എന്നേക്കുമായി ഒരിക്കലായി ക്രിസ്തു നേടിയ ഭണ്ഡാഗാരത്തിൽനിന്നു അതു അവിടുന്നു നമുക്കു നൽകുന്നു. ഇതിനു രണ്ടു ഘട്ടങ്ങളുണ്ടെന്നു നാം വീണ്ടും കാണുന്നു, വസ്തുനിഷ്ഠമായ വീണ്ടെടുപ്പും ആത്മനിഷ്ഠമായ വീണ്ടെടുപ്പും. വസ്തുനിഷ്ഠമായ വീണ്ടെടുപ്പ് ഒരിക്കലായി, എന്നേക്കുമായി സമ്പാദിച്ച അനന്തമായ ഭണ്ഡാഗാരമാണു്. ആത്മനിഷ്ഠമായ വീണ്ടെടുപ്പാകട്ടെ എല്ലാ കാലങ്ങളിലും അനന്തമായ ആ ഭണ്ഡാഗാരത്തിലെ സമ്പത്തുകളുടെ വിതരണമാണു്. ഈ രണ്ടു ഘട്ടങ്ങളിലും അനന്തമായ അവകാശരേഖ ഉണ്ടായിരിക്കണമെന്നു് പിതാവ് ഇച്ഛരിച്ചു. ക്രിസ്തുവിൻെറ അനുസരണത്തോടു നമ്മുടെ അനുസരണവും ചേർത്തുകൊണ്ടു് ആ കൈവശാവകാശരേഖ നാം സമ്പാദിക്കണമെന്നു് അവിടുന്നു ഇച്ഛിച്ചു.

അരംത്താരമേൽ യേശു തൻെറ അനുസരണം നവീകരിക്കുന്നു. വീണ്ടും മരിക്കുവാൻ പിതാവ് ആവശ്യപ്പെടുന്നി

www.malankaralibrary.com

ല്ലെങ്കിലും അതു എന്നേക്കുമായി ഒരിക്കൽ അവിടുന്നു നിർവഹിച്ചുകഴിഞ്ഞതാണല്ലോ. എന്നാൽ, സ്വർഗ്ഗത്തിലുള്ള യേശുവിൻെറ തിരുഹൃദയഭാവങ്ങൾ മരണത്തിൽ അവിടുന്നു ഈ ലോകം വിട്ടപ്പോഴുള്ള ഭാവങ്ങൾ തന്നെയാണു്. അതിനാൽ അൾത്താരമേൽ അവിടുന്നു തൻെറ സമർപ്പണം തുടരുന്നു. അല്ലെങ്കിൽ അതു നവീകരിക്കുന്നു. കാൽവരിയിലെ ഫലങ്ങൾ, അനന്തമായ ഒരു അവകാശം മനുഷ്യർക്കു വിതരണം ചെയ്യുന്നതിനാണതു്. കൂടാതെ, കാൽവരിയിൽ യേശുവിൻെറ അനുസരണവുമായി മറിയത്തിൻെറ അനുസരണവും ചേരണമെന്നു് പിതാവ് ഇച്ഛരിച്ചതുപോലെ വി. കുർബാനയിലും അവിടുത്തെ അനുസരണത്തോടു് അവളുടെ അനുസരണവും ചേരണമെന്നു് അവിടുന്നു ഇച്ഛരിച്ചു. അങ്ങനെ വി. കുർബാന മുഖേന എല്ലാ അനുഗ്രഹങ്ങളും വിതരണം ചെയ്യാനുള്ള അവകാശം രണ്ടു വിധത്തിലുള്ളതാണു്, ശിരസ്സിൻെറ അനുസരണസമർപ്പണവും അവയവങ്ങളുടെ അനുസരണസമർപ്പണവും.

രണ്ടാം തലത്തിൽ,കാൽവരിയിലെ ഫലങ്ങൾ വിതരണം ചെയ്യുന്ന ഈ അവകാശം പഴയ ഉടമ്പടിയിലും പുതിയ ഉടമ്പടിയിലും ഒരേ രീതിയിലുള്ളതാണ്. ഈ ദാനങ്ങളുടെ അടിസ്ഥാനപരമായ കാരണം അവിടുത്തെ പരിശുദ്ധി-സ്നേഹത്തിൻെറ ഔദാര്യമാണു്.

വി. കുർബാന ഒരു ബലിയാണെന്നു പറയുന്നതു നാം പലപ്പോഴും കേൾക്കാറുണ്ടു്. യേശു വീണ്ടും മരിക്കുന്നെന്നോ എന്നേക്കുമായി അവിടുന്നു നേടിയതു് വീണ്ടും അവിടുത്തേക്കു നേടേണ്ടതുണ്ടെന്നോ നാം പറയുന്നില്ല. വിരുന്നുശാലയിൽ വച്ച് അവിടുന്ന് അപ്പോസ്തലന്മാരോടു കല്പിച്ചു. "എൻെറ ഓർമ്മയ്ക്കായി നിങ്ങളിതു ചെയ്യുവിൻ" അതിനാൽ വിശുദ്ധ പൗലോസ് പ്രസ്താവിക്കുന്നു: "നിങ്ങൾ ഈ അപ്പം ഭക്ഷിക്കുകയും ഈ പാത്രത്തിൽ നിന്നു പാനം ചെയ്യുകയും ചെയ്യുമ്പോഴെല്ലാം കർത്താവിൻെറ മരണം, അവൻെറ പ്രത്യാഗമനം വരെ പ്രഖ്യാപിക്കുകയാണു ചെയ്യുന്നത്." (1 കോറി 11: 26) നാലാമധ്യായത്തിൽ

www.malankaralibrary.com

നാം കണ്ടതുപോലെ ഒരു ബലിയിൽ രണ്ടു ഘടകങ്ങളുണ്ട്; ബാഹ്യമായ അടയാളവും ആ അടയാളം മുഖേന പ്രകടമാക്കുന്ന ആന്തരികമനോഭാവവും. വി. കുർബാനയുടെ ബാഹ്യമായ അടയാളം കാൽവരിയുടേതിൽനിന്ന് വ്യത്യസ്തമാണ്. കാൽവരിയിൽ അതു അവിടുത്തെ രക്തസഹിതമായ മരണമായിരുന്നു. അംത്താരമേൽ, ബാഹ്യമായ അടയാളം വിരുന്നുശാലയിലെന്നപോലെ ശരീരത്തിന്റെയും രക്തത്തിന്റെയും വേർപിരിയൽ എന്നു കാണപ്പെടുന്നതാണ്. കാരണം, തന്റെ വൈദികൻ മുഖേന യേശു "ഇതെന്റെ ശരീരമാകുന്നു" എന്നു അപ്പത്തിന്മേലും "ഇതെന്റെ രക്തമാകുന്നു" എന്നു വീഞ്ഞിന്മേലും പറയുമ്പോരം ശരീരവും രക്തവും വേർപിരിഞ്ഞതായി കാണപ്പെടുന്നു. അതാണു മരണത്തിന്റെ അടയാളം. അതിനാൽ വി. പൗലോസ് രേഖപ്പെടുത്തി: "കർത്താവിന്റെ മരണം, അവന്റെ പ്രത്യാഗമനംവരെ നാം പ്രഖ്യാപിക്കുന്നു."

യേശു കുരിശിന്മേലായിരുന്നപ്പോരം അവിടുത്തേക്കുണ്ടായിരുന്ന ആന്തരികമനോഭാവങ്ങളുടെ ആവർത്തനമല്ലാ അംത്താരമേൽ അവിടുത്തേക്കുള്ളത്. അവ എണ്ണത്തിലും എല്ലാത്തിലും ഒന്നുതന്നെയാണ്! കാരണം, ആത്മാവ് ഈ ലോകം വിടുമ്പോഴുള്ള ഹൃദയഭാവങ്ങളെ മരണം സ്ഥിരപ്പെടുത്തുന്നുണ്ട്. അതിനാൽ അംത്താരമേൽ യേശു തന്റെ അനുസരണത്തിന്റെ ഭാവങ്ങരം ആവർത്തിക്കുകയല്ല, അവ കുരിശിന്മേൽ കിടന്ന് അവിടുന്ന് വിളിച്ചുപറഞ്ഞ അനുസരണത്തിന്റെ ഭാവങ്ങരം തന്നെയാണ്: "എല്ലാം പൂർത്തിയായി,പിതാവേ, അങ്ങയുടെ കരങ്ങളിൽ എന്റെ ആത്മാവിനെ ഞാൻ ഭരമേല്പിക്കുന്നു."

അതിനാൽ വി. കുർബാനയിൽ ബാഹ്യമായ അടയാളം വ്യത്യസ്തമാണ്. എന്നാൽ ബലിയുടെ ഹൃദയത്തിന്, യേശുവിന്റെ ഹൃദയത്തിനു മാററമില്ല. അതു ആവർത്തിക്കപ്പെടുകയല്ല. കുരിശിന്മേലുള്ള അവിടുത്തെ പ്രവൃത്തിയുടെ തുടർച്ചയാണത്. തന്മൂലം സമർപ്പണത്തിന്റെ രീതിയിൽ മാത്രം വ്യത്യസ്തമായ രക്തസഹിതമായ ബലിയാ

www.malankaralibrary.com

ണ്, കാൽവരിയിലെ ബലിതന്നെയാണ് വി. കുർബാനയെന്നു ട്രെൻറ് സൂനഹദോസ് പഠിപ്പിച്ചു.

"എൻെറ ഓർമ്മയ്ക്കായി നിങ്ങറം ഇതു ചെയ്യുവിൻ" എന്ന് യേശു തൻെറ അപ്പോസ്തലന്മാരോടരുളിച്ചെയ്തതു വഴി താൻ നിർവഹിച്ചതു നിർവഹിക്കാനുള്ള കല്പനയും ശക്തിയും അവിടുന്ന് അവർക്കു നൽകി. അതായത്, താൻ വീണ്ടും സന്നിഹിതനാകുന്ന വി. കുർബാനയിൽ സമർപ്പണത്തിൻെറ ആന്തരികഭാവങ്ങറംക്കുള്ള ബാഹ്യമായ അടയാളം അവർ നിവർത്തിക്കണം. അവരോ, അവരുടെ പിൻഗാമികളോ, അവർ പൗരോഹിത്യം നൽകിയ ഒരു വൈദികനോ ഈ ബാഹ്യമായ അടയാളം നിർവഹിക്കുമ്പോറം, അവരുടെ വാക്കുകളോടു പ്രത്യേകരീതിയിലുള്ള അനുസരണം നിമിത്തം, അപ്പത്തിൻെറയും വീഞ്ഞിൻെറയും ജീവരഹിതമായ സാദൃശ്യത്തിൽ സന്നിഹിതനാകാൻ തന്നെത്തന്നെ താഴ്ത്തി, അവിടുന്ന്, ക്രിസ്തു, അവയിൽ സന്നിഹിതനാകുന്നു.

ക്രിസ്തുവിൻെറ പൗരോഹിത്യത്തിലുള്ള രണ്ടുവിധമായ പങ്കാളിത്തത്തെക്കുറിച്ച്, തിരുപ്പട്ടം മുഖേനയുള്ള പങ്കാളിത്തത്തെക്കുറിച്ചും സാധാരണവിശ്വാസികളുടെ പങ്കാളിത്തക്കുറിച്ചും രണ്ടാം വത്തിക്കാൻ സുന്നഹദോസ് പ്രസ്താവിക്കുന്നുണ്ട്. സാധാരണ വിശ്വാസികളുടെ പങ്കാളിത്തത്തെക്കുറിച്ച് സൂനഹദോസ് പറയുന്നു:

"മനുഷ്യരിൽ നിന്നും എടുക്കപ്പെട്ട പുരോഹിതനായ ക്രിസ്തുനാഥൻ ഈ പുതിയ ജനത്തിൽനിന്ന് തൻെറ പിതാവായ ദൈവത്തിനു ഒരു രാജ്യവും പുരോഹിതവംശവും തയ്യാറാക്കി. ക്രൈസ്തവൻെറ എല്ലാ പ്രവൃത്തികളുംവഴി ആധ്യാത്മികബലിയർപ്പിക്കുകയും അന്ധകാരത്തിൽ നിന്നും തൻെറ അത്ഭുതകരമായ പ്രകാശത്തിലേക്കു വിളിച്ച അവിടുത്തെ ഔന്നത്യത്തെ പ്രകീർത്തിക്കുകയുമാണ് അവരുടെ കർത്തവ്യം."

ആധ്യാത്മികബലികറം എന്നതുകൊണ്ട് എന്താണുദ്ദേശിക്കുന്നതെന്നും സൂനഹദോസ് വ്യക്തമാക്കുന്നു:

www.malankaralibrary.com

"അവരുടെ സകല ജോലികളും പ്രാർത്ഥനകളും പ്രേഷിതപ്രവർത്തനങ്ങളും വിവാഹജീവിതവും കുടുംബ ജീവിതവും അനുദിനജോലികളും ശാരീരികവും മാനസിക വുമായ വിശ്രമവും ക്ഷമാപൂർവം സഹിക്കുന്ന ജീവിതക്ലേശ ങ്ങളും, എല്ലാം, പരിശുദ്ധമായ അരൂപിയിൽ നിർവഹിക്ക പ്പെടുമ്പോൾ, അവ ക്രിസ്തുവിലൂടെ ദൈവത്തിനു സ്വീ കാര്യമായ ആധ്യാത്മികബലിയായിത്തീരുന്നു. വി. കുർ ബാനയിൽ കർത്താവിൻെറ ശരീരം സമർപ്പിക്കപ്പെടുന്നതോ ടൊന്നിച്ച് ഇവയും ഭക്തിപൂർവം പിതാവിനു സമർപ്പിക്ക പ്പെടുന്നു."

നാം മുമ്പു കണ്ടതുപോലെ, ഒരു ബലിക്ക് രണ്ടു ഘട കങ്ങൾ, ബാഹ്യമായ അടയാളവും അതു സൂചിപ്പിക്കുന്ന ആന്തരികമനോഭാവങ്ങളും, ഉള്ളതിനാൽ ഇവയിൽ ഏതെങ്കി ലുമൊന്നിലോ, രണ്ടിലും തന്നെയോ, ഉള്ള പങ്കാളിത്തത്തെ ക്കുറിച്ച് നമുക്കു പറയാൻ കഴിയുമെന്നത് വ്യക്തമാണ്. ബാഹ്യമായ അടയാളം ആന്തരികഭാവങ്ങൾ വിശദമാക്കുകയും അവയെ പ്രചോദിപ്പിക്കുകതന്നെയും ചെയ്യുന്നതിനാൽ ഇവ യിൽ കൂടുതൽ പ്രാധാന്യമർഹിക്കുന്നതു ആന്തരികഭാവ ങ്ങൾക്കാണെന്നു സ്പഷ്ടം. കാൽവരിയിൽ തന്നെയും ബാഹ്യമായ അടയാളം, അവിടുത്തെ മരണം, പിതാവിനോ ടുള്ള തൻെറ അനുസരണത്തിൻെറ ആന്തരികഭാവമില്ലായി രുന്നെങ്കിൽ, വിലയില്ലാത്തതാകുമായിരുന്നു, നീതിയുടെ തെററായ നിർവഹണമാകുമായിരുന്നു. രണ്ടാം വത്തിക്കാൻ സുന്നഹദോസ് പ്രസ്താവിച്ചതുപോലെ "അവിടുത്തെ അനുസരണത്താൽ അവിടുന്ന് ലോകരക്ഷ കൈവരുത്തി." "ആധ്യാത്മികബലികൾ" എന്നു പ്രസ്താവിക്കുമ്പോൾ "വി. കുർബാനയിൽ കർത്താവിൻെറ ശരീരം സമർപ്പിക്കപ്പെ ടുന്നതോടൊന്നിച്ച് ഭക്തിപൂർവം പിതാവിനു സമർപ്പിക്ക പ്പെടുന്നത്'" അടിസ്ഥാനപരമായ ആന്തരികസമർപ്പണമാ ണ് എന്നാണ് സൂനഹദോസ് വിവക്ഷിക്കുന്നതെന്നു സ്പ ഷ്ടമാണ്. അതു ഇപ്രകാരമാണ്: നമ്മുടെ അനുദിനജീ വിതത്തിൽ, പിതാവിനോടുള്ള അനുസരണത്തിൽ, അവിടു ത്തെ തിരുഹിതമനുസരിച്ച് നാം ജീവിക്കണം. എന്നിട്ട്,

www.malankaralibrary.com

അവിടുത്തെ തിരുഹിതത്തോടുള്ള നമ്മുടെ അനുസരണമാകുന്ന സമർപ്പണം വി. കുർബാനയിൽ യേശുവിൻെറ സമർപ്പണവുമായി യോജിക്കുന്നതിനു നാം കൊണ്ടുചെല്ലണം. അതിനാൽ ഓരോ വി. കുർബാനയുടെ നേരത്തും അതിനു മുൻപും നാം പങ്കെടുത്ത വി. കുർബാനയ്ക്കുശേഷമുള്ള കാലയളവിലേക്ക് നാം പിന്തിരിഞ്ഞു നോക്കണം, അതു ഗുണകരമാണ്. ആ വേളയിൽ പിതാവിൻെറ തിരുഹിതം നിറവേററാൻ നാം എന്തുചെയ്തു, യേശുവിൻെറ അനുസരണവുമായി യോജിക്കുവാൻ നമ്മുടെ പക്കൽ എന്തുണ്ട് എന്നു നാം അപ്പോഠം കാണും. നന്നായി നിർവഹിക്കാതെ എന്തെങ്കിലും കാണുന്ന പക്ഷം, യേശുവിൻെറ അനുസരണവുമായി ചേർക്കാതിരിക്കുക. അതിനുപകരം നമ്മുടെ സങ്കടങ്ങഠം, കാര്യങ്ങഠം ശരിയായി നിർവഹിക്കാഞ്ഞതിലുള്ള നമ്മുടെ ദുഃഖങ്ങഠം നമുക്കു സമർപ്പിക്കാം. ഭാവിയിൽ നന്നായി പ്രവർത്തിക്കുന്നതിനു ഉത്തേജനം നൽകണമേയെന്നും നമുക്കു പ്രാർത്ഥിക്കാം. പിതാവിൻെറ തിരുഹിതം നിറവേററാൻ എളുപ്പമല്ലാത്ത വല്ലതും ഉണ്ടോയെന്നറിയുന്നതിനു വരാനിരിക്കുന്ന ദിവസങ്ങളും നാമൊന്നു നോക്കണം. ഈ സന്ദർഭങ്ങളിൽ തോൽവിയടയാതിരിക്കുമെന്നു നാം ദൃഢപ്രതിജ്ഞ ചെയ്യണം. അവിടുന്ന് നമ്മിൽ നിന്ന് എന്താണാഗ്രഹിക്കുന്നതെന്നും അവിടുത്തെ സമർപ്പണത്തോടു കൂടി ചേർക്കാൻ പററാത്തതു കണ്ടുപിടിക്കുന്നതിനും ഈ നോട്ടം നമ്മെ സഹായിക്കും. നമ്മുടെ സമർപ്പണത്തിൻെറ വർത്തമാനനിമിഷത്തോടൊന്നിച്ച് കഴിഞ്ഞുപോയ നിമിഷങ്ങളും ഭാവിനിമിഷങ്ങളും ഒന്നിച്ചുചേർക്കുക. വി. കുർബാന നമ്മുടെ ജീവിതത്തിൻെറ കേന്ദ്രമാകും, നമ്മുടെ ജീവിതത്തെ ഭരിക്കുന്ന ഘടകമാകും. അപ്പോഠം, വി. കുർബാന ജീവിതത്തിനുപകരിക്കുന്നില്ലായെന്ന് ആർക്കും പറയുക സാധ്യമല്ല. അയാഠക്കു പ്രത്യേകവികാരത്തോടോ, അതില്ലാതെ തന്നെയോ ഉള്ള ഇച്ഛയുടെ ആധ്യാത്മികസമർപ്പണമാണ് പ്രാധാന്യമുള്ളതും ഏററം വിലയുള്ളതും.

ഈ ആശയമനുസരിച്ച് വി. അഗസ്തീനോസ് എഴുതി: “സഭ, അവളുടെ ശിരസ്സിൻെറതന്നെ ശരീരമാകയാൽ

www.malankaralibrary.com

അവിടുന്നു മുഖേന സ്വയം സമർപ്പിക്കുന്നതിന് പഠിക്കുന്നു", "സഭയുടെ അനുദിനബലിയിൽ". നമ്മുടെ ദൈവികശിരസ്സുമായുള്ള യോജിപ്പ് മുഖേന നാം ഓരോ ദിവസവും നേർവഴിയിൽ ചരിക്കും, അതായത് നമ്മുടെ ഇച്ഛകൾ അവിടുത്തെ ഇച്ഛകളുമായി യോജിച്ചിരിക്കയാണ്, എന്ന് നമുക്ക് പറയാൻ കഴിയും.

കൈവയ്പുമൂലം ലഭിച്ച ശുശ്രൂഷാപരമായ പൗരോഹിത്യവും സാധാരണ വിശ്വാസികളുടെ പൗരോഹിത്യവും തമ്മിൽ വ്യത്യാസമുണ്ട്. അവതമ്മിലുള്ള വ്യത്യാസം സത്താപരമാണ്, പദവിയിലുള്ളതല്ല, എന്നത്രേ രണ്ടാം വത്തിക്കാൻ സൂനഹദോസ് പഠിപ്പിക്കുന്നത്. അതായത്, വൈദികന്റെ പൗരോഹിത്യം സാധാരണ വിശ്വാസികളുടെ പൗരോഹിത്യമെന്ന അടിസ്ഥാനപരമായ പൗരോഹിത്യമല്ല, ആ തലത്തിൽ ഉയർത്തുന്നതുമല്ല, പ്രത്യുത വ്യത്യസ്തമായ സത്തയും പ്രകൃതിയുമുള്ളതാണ്. എന്തുകൊണ്ട്? കൈവയ്പുമൂലം പൗരോഹിത്യം ലഭിച്ച വ്യക്തി, "ക്രിസ്തുവിന്റെ പ്രതിനിധിയായി വിശുദ്ധ കുർബാനയെന്ന ബലിയർപ്പിക്കുന്നു". കാരണം, വിശുദ്ധ കുർബാനയിൽ അദ്ദേഹം ക്രിസ്തുവിന്റെ തന്നെ വാക്കുകൾ ഉപയോഗിക്കുന്നു, ക്രിസ്തുവിനെപ്പോലെ പ്രവർത്തിക്കുന്നു, മറെറാരു ക്രിസ്തുവായി പ്രവർത്തിക്കുന്നു. രണ്ടാം വത്തിക്കാൻ സൂനഹദോസ് ഇപ്രകാരമാണ് പഠിപ്പിച്ചിട്ടുള്ളത്.

ആരാധനയെ സംബന്ധിച്ച് പന്ത്രണ്ടാം പീയൂസ് മാർപ്പാപ്പാ പുറപ്പെടുവിച്ച "മേദിയാത്തോർ ദേയി"—ദൈവത്തിന്റെ മധ്യസ്ഥൻ"—എന്ന ചാക്രികലേഖനത്തിലെ ആശയങ്ങളാണ് സൂനഹദോസ് അവതരിപ്പിച്ചത്. മാർപ്പാപ്പാ എഴുതി: "യാഗവസ്തു എന്ന നിലയിൽ ക്രിസ്തു അംത്താരമേൽ സന്നിഹിതനാകുന്ന ആ ബലി വൈദികൻ മാത്രമാണ് നിർവ്വഹിക്കുന്നത്. അദ്ദേഹം ക്രിസ്തുവെന്ന നിലയിൽ ചെയ്യുന്നത്"'. വിശ്വാസികൾ ഈ ബലിയിൽ എങ്ങനെയാണ് പങ്കുള്ളവരാകുന്നുവെന്നതും അദ്ദേഹം വിശദമായി പ്രതിപാദിച്ചു. "വിശ്വാസികൾ ഈ സമർപ്പണത്തിൽ

www.malankaralibrary.com

പങ്കുചേരുക നിയതമായ ഈ അർത്ഥത്തിലാണ്; അവർ അവരുടെ തനതായ രീതിയിൽ രണ്ടുവിധത്തിൽ പങ്കു ചേരുന്നു, പുരോഹിതൻെറ കരങ്ങൾ മുഖേന മാത്രമല്ലാ, അദ്ദേഹത്തോടൊന്നിച്ചും അവർ ബലിയർപ്പിക്കുന്നു.

ആ രണ്ടുവിധങ്ങളും മാർപ്പാപ്പാ കൂടുതൽ വിശദമാക്കുന്നുണ്ട്. ''അൾത്താരയുടെ സന്നിധിയിൽ ഉള്ള വൈദികൻ, മൗതികശരീരത്തിൻെറ ശിരസ്സായ ക്രിസ്തുവെന്ന നിലയിലാണ് ബലിയർപ്പിക്കുന്നത്. ഈ വസ്തുതതന്നെ അവിടുത്തെ എല്ലാ അവയവങ്ങളുടെയും പേരിലാണ് ബലിയർപ്പിക്കുന്നതെന്ന് വ്യക്തമാക്കുന്നുണ്ട്''. അതിനാൽ ക്രിസ്തുവിനുവേണ്ടി വൈദികൻ പ്രവർത്തിക്കുന്നു, ആളുകളാകട്ടെ ക്രിസ്തുവിൻെറ അവയവങ്ങളാകയാൽ, വൈദികൻ മുഖേന ബലിയർപ്പിക്കുന്നുവെന്ന് പറയാവുന്നതാണ്.
രണ്ടാമതായി,

''ജനങ്ങൾ വൈദികനോടൊന്നിച്ച് ബലിയർപ്പിക്കുന്നുവെന്ന പ്രസ്താവനയ്ക്ക് അവർ ദൃശ്യമായ ഒരു ആരാധനക്രമം അനുഷ്ഠിക്കുന്നുവെന്ന് അർത്ഥമാക്കേണ്ടതില്ല; പ്രത്യുത,അവർ തങ്ങളുടെ സ്തുതി, അപേക്ഷ, പരിഹാരം, കൃതജ്ഞത എന്നിവയുടെ മനോഭാവങ്ങളോടുകൂടി വൈദികൻെറ പ്രാർത്ഥനകളോടോ, നിയോഗങ്ങളോടോ, തങ്ങളുടെ ഹൃദയങ്ങളെ യോജിപ്പിക്കുന്നുവെന്ന് ഗ്രഹിച്ചാൽ മതി. അപ്പോൾ ക്രിസ്തുവാകുന്ന പ്രധാനാചാര്യനോടൊന്നിച്ച് തന്നെയെന്ന് പറയാം, അവർ പിതാവായ ദൈവത്തിനു ഒരേ ബലിവസ്തുതന്നെ കാഴ്ച സമർപ്പിക്കുകയാണ്''.

അതായത്,അവർ തങ്ങളുടെ''ആധ്യാത്മികബലികൾ'' അഥവാ ആന്തരികഭാവങ്ങൾ, അൾത്താരമേലുള്ള ദൈവിക ബലിവസ്തുവുമായി യോജിപ്പിക്കുന്നു.

ഒരു തെററിദ്ധാരണ ഈ ബലിയർപ്പണത്തെക്കുറിച്ച് വരാതിരിക്കാൻ നാം സൂക്ഷിക്കേണ്ടതാവശ്യമാണ്. വൈദികൻ ക്രിസ്തുവിനെ സന്നിഹിതനാക്കുന്നു; അതിനുശേഷം എല്ലാവരും, അതായത്, വൈദികനും ആളുകളും ചേർന്ന് അവിടുത്തെ സമർപ്പിക്കുന്നു എന്നതാണത്. പന്ത്രണ്ടാംപീ

www.malankaralibrary.com

യൂസ് മാർപ്പാപ്പാ പ്രസ്താവിച്ചു: നിയമാനുസാരരീതിയിൽ അപ്പത്തിൻെറയും വീഞ്ഞിൻെറയും കൂദാശ നടന്നുകഴിയുമ്പോൾ ക്രിസ്തുവിൻെറ എല്ലാ പ്രവൃത്തികളും നിറവേറിക്കഴിഞ്ഞു. പിന്നീട് വി. കുർബാന പൂർത്തിയാക്കാൻ കഴിയാതെവന്നാലും കർത്താവിൻെറ സമർപ്പണത്തിന് യാതൊരു കുറവും വരുന്നില്ല'',

വിരുന്നുശാലയിൽവച്ച് തൻെറ പിതാവിൻെറ തിരുഹിതം സ്വീകരിച്ച യേശു ഉപയോഗിച്ച അതേ അടയാളം തന്നെയാണ് പൗരോഹിത്യം സ്വീകരിച്ച വൈദികൻ മുഖേന അവിടുന്നു നിർവഹിക്കുന്നത്; അതായത് മരണം സ്വീകരിക്കുന്നതിൻെറ അടയാളമായി അപ്പത്തിൻെറയും വീഞ്ഞിൻെറയും സാദൃശ്യത്തിൽ യേശുവിൻെറ ശരീരരക്തങ്ങളുടെ വേർപിരിയൽ. ഈ വസ്തുതയിലാണ് വി. കുർബാനയുടെ മർമ്മഭാഗം സ്ഥിതിചെയ്യുന്നതെന്ന് നാം ഓർക്കുക. ആ അടയാളം സംഭവിച്ചുകഴിയുമ്പോൾ അവിടുത്തെ സമർപ്പണം പൂർത്തിയായിക്കഴിഞ്ഞു. മററുവിധത്തിൽ പറഞ്ഞാൽ ആ രണ്ടുവിധത്തിലുള്ള അടയാളങ്ങൾ വഴിയുള്ള അവിടുത്തെ മനോഭാവങ്ങളിൽ സമർപ്പണം അടങ്ങിയിരിക്കുന്നു. അതിനാൽ ‘‘സമർപ്പിക്കുക'' എന്നതിനർത്ഥം പിതാവിൻെറ തിരുഹിതം സ്വീകരിക്കുക എന്നതാണ്. അതിനാൽ നാമെല്ലാവരും ചേരുന്നു. തിരുവോസ്തിയോ, കാസായോ ഉയർത്തുമ്പോൾ ‘‘കർത്താവേ, ഞങ്ങൾ അങ്ങേയ്ക്ക് സമർപ്പിക്കുന്നു'' എന്നു പ്രാർത്ഥിക്കുന്നതോ, ‘ആമേൻ' എന്ന് പലപ്രാവശ്യം പറയുന്നതോ അല്ല, ‘‘സമർപ്പിക്കുക'' എന്നു പറയുന്നതിനർത്ഥം.

പ്രതിവാക്യങ്ങൾ ചൊല്ലുക, കാഴ്ചവെയ്പ്പുഘോഷയാത്രയിൽ സംബന്ധിക്കുക തുടങ്ങി വി. കുർബാനയിലെ ബാഹ്യരീതിയിലുള്ള പങ്കാളിത്തത്തെ സംബന്ധിച്ച് എന്താണ് പറയാനുള്ളത്? വസ്തുനിഷ്ഠമായി പറഞ്ഞാൽ ഇവയിൽ സഹകരിക്കുകയാണ് കൂടുതൽ നല്ലത്. ‘‘വസ്തുനിഷ്ഠ''മെന്നു നാം പറയുന്നതിന് കാരണമുണ്ട്. ഓരോ ആളിൻേറയും ആധ്യാത്മികമായ ആവശ്യങ്ങൾ വ്യത്യ

www.malankaralibrary.com

സ്തങ്ങളായിരിക്കും. ഇന്ന് ചെറുപ്പക്കാർക്കുവേണ്ടി പ്രത്യേക സംഗീതമുള്ള, കുട്ടികൾക്കുവേണ്ടി പ്രത്യേകപ്രാർത്ഥനകളുള്ള—എന്നിങ്ങനെ പലവിധ സംവിധാനങ്ങളുള്ള വി. കുർബാനയുണ്ട്. (ഇത് ലത്തീൻറീതിയിലെ കാര്യമാണ്. പരിഭാഷകൻ) അതിനാൽ മുൻപ് പ്രസ്താവിച്ചത് ന്യായയുക്തമാണ്. പക്ഷേ, ഏററം അത്യാവശ്യം യേശുവിൻെറ അനുസരണവുമായുള്ള നമ്മുടെ യോജിപ്പ്, ആന്തരികമായ പങ്കാളിത്തം, ആണ്. പന്ത്രണ്ടാംപീയൂസ് മാർപ്പാപ്പാ ആരാധനക്രമത്തെ സംബന്ധിച്ച് പുറപ്പെടുവിച്ച ചാക്രികലേഖനം ഇക്കാര്യത്തിൽ നമുക്ക് സഹായകമാണ്. ആളുകൾ വി. കുർബാനയിൽ എങ്ങനെയാണ് പങ്കുചേരേണ്ടതെന്ന ചോദ്യമുന്നയിച്ചിട്ട് അദ്ദേഹമെഴുതി:

“ഒന്നാമതായി, ബാഹ്യമായ പങ്കെടുക്കൽ ഇവയാണു്: വി. കുർബാനയിൽ സംബന്ധിക്കുന്നവർ പ്രതിവാക്യങ്ങൾ ചൊല്ലിക്കൊണ്ട് ബലി അർപ്പിക്കുന്ന പുരോഹിതൻെറ പ്രാർത്ഥനകളുമായി തങ്ങളുടെ പ്രാർത്ഥനകളും ചേർക്കുന്നു........... ചിലപ്പോൾ അൾത്താരമേൽ ശുശ്രൂഷിക്കുന്ന കാർമ്മികർക്കു അവർ അപ്പവും വീഞ്ഞും നൽകുന്നു. അവസാനമായി തങ്ങളുടെതന്നെ നിയോഗങ്ങൾക്കു വേണ്ടി ദൈവിക യാഗവസ്തുവിനെ സമർപ്പിക്കുവാൻ അവർ കുർബാനധർമ്മം വൈദികർക്കു നല്കുന്നു. എന്നാൽ എല്ലാ ക്രിസ്ത്യാനികളും, ബലിയർപ്പിക്കുന്നുവെന്നു പറയുന്നതു എന്തുകൊണ്ടാണെന്നതിനു വളരെ ആഴമുള്ള ഒരു കാരണമുണ്ടു്.

ഇത്രയും എഴുതിയശേഷം നാം മുമ്പു കണ്ട ആന്തരികമായ പങ്കാളിത്തത്തെക്കുറിച്ചു അദ്ദേഹം വിശദമാക്കുന്നു.

യേശയ്യാ പ്രവാചകൻെറ കാലത്തു് ഇസ്രായേൽ ജനത തങ്ങളുടെ മതാനുഷ്ഠാനചടങ്ങുകളിൽ നല്ലവിധം പെരുമാറിയിരുന്നു. കൈയടിക്കാനും സന്തോഷപ്രകടനത്തോടെ ദൈവത്തോടു ഉറക്കെപ്പറയാനും അവർ ഉത്സാഹം കാണിച്ചിരുന്നു. പക്ഷേ, അവയെല്ലാം കേവലം ബാഹ്യപ്രകടനങ്ങളായിരുന്നു, ചിലപ്പോൾ തമാശയും. അതിനാൽ ദൈവം

www.malankaralibrary.com

ഇങ്ങനെ പരിഭവം പറഞ്ഞു: "ഈ ജനം വാക്കുകൊണ്ടുമാത്രം എന്നെ സമീപിക്കുകയും അധരംകൊണ്ടുമാത്രം എന്നെ ആരാധിക്കുകയും ചെയ്യുന്നു. ഇവരുടെ ഹൃദയം എന്നിൽ നിന്നകന്നിരിക്കുന്നു" (ഏശയ്യാ 29: 13) അതുപോലെ ഹോസിയാ മുഖേന ദൈവം അരുളിച്ചെയ്തു: "ബലിയല്ലാ, സ്നേഹമാണ് ഞാൻ ആഗ്രഹിക്കുന്നതു്" (ഹോസിയാ. 6: 6) സ്നേഹമെന്നു നാം പരിഭാഷപ്പെടുത്തിയിരിക്കുന്ന വാക്കിൻെറ മൂലപദം ഹെസദ് എന്ന ഹീബ്രൂപദമാണു്. ഹെസദ് ഉടമ്പടിവ്യവസ്ഥയോടുള്ള അനുസരണമാണു്. അതില്ലാതെ ബലി അർത്ഥരഹിതമാണു്.

എന്തുകൊണ്ടാണ് സ്നേഹമെന്നു കേരംക്കുവാൻ ആഗ്രഹിക്കുന്നിടത്ത് അനുസരണത്തിനു് നാം മാഹാത്മ്യം നൽകുന്നതെന്നു അഞ്ചാം അധ്യായത്തിൽ നാം പ്രതിപാദിച്ചുകഴിഞ്ഞതാണു്. ദൈവത്തെ സ്നേഹിക്കുമ്പോരം അനുസരണവും സ്നേഹവും പ്രായോഗികതലത്തിൽ അഭിന്നമായിത്തീരുമെന്നതാണ് വസ്തുത. പോരം ആറാമൻ മാർപ്പാപ്പാ ഈ അനുസരണത്തെക്കുറിച്ച് പ്രസ്താവിച്ചു:-

"അതു അനുസരണം മൂലം നമ്മെ രക്ഷിച്ച ക്രിസ്തുരഹസ്യത്തിലേക്കുള്ള ഒരു പൂഴ്ന്നിറങ്ങലും സ്വീകരണവുമാണു്. ഇതു പിതാവിൻെറ തിരുഹിതം സ്വീകരിക്കുകയെന്ന അവിടുത്തെ അടിസ്ഥാനപരമായ പ്രവൃത്തിയുടെ ഒരു തുടർച്ചയും അനുകരണവുമാണു്. ഇതു മനുഷ്യാവതാരത്തിൻേറയും വീണ്ടെടുപ്പിൻെറയും പദ്ധതിയെ ഭരിക്കുന്ന മുഴുവൻ തത്വത്തിൻെറയും ഗ്രഹിക്കലാണ്. ഇങ്ങനെ ദൈവികമായ അനുസരണമുള്ള ക്രിസ്തുവിൽ ഈ അനുസരണം വിലയം പ്രാപിക്കുന്നു."

ഈ വിലയം പ്രാപിക്കൽ നമുക്കുണ്ടാകുക വി. കുർബാനയിലാണ്.

ഇങ്ങനെ നോക്കുമ്പോരം, നിയമാനുസൃതമല്ലാത്ത, അതായതു അനുസരണരാഹിത്യസഹിതമായ മാററങ്ങരം വിശുദ്ധ കുർബാനയിലുളവാക്കിയെങ്കിൽ മാത്രമേ വി. കുർബാന തങ്ങളെ സംബന്ധിച്ചിടത്തോളം അർത്ഥമുള്ളതാ

www.malankaralibrary.com

കുകയുള്ളുവെന്നു് പ്രസ്താവിക്കുന്നവരെക്കുറിച്ചു് എന്തു പറയണം? അർത്ഥം അവർ കാണാത്തതിൽ അത്ഭുതമില്ല, അവർ ശരിയായ അർത്ഥത്തിൽനിന്നു വേഗത്തിൽ ഓടി അകലുകയാണ്! കാരണം, വി. കുർബാനയുടെ ഹൃദയം അനുസരണമാണു്. ക്രിസ്തുവിൻെറ അനുസരണവുമായി യോജിക്കുവാൻ പററിയതു് അനുസരണരാഹിത്യമാണെന്നു് അവർ കരുതുന്നു.

കുരിശിന്മേലും വി. കുർബാനയിലും യേശുവിൻെറ ഹൃദയത്തിനു മററു പല ഭാഗങ്ങൾ കൂടിയുണ്ടു്. പ്രത്യേകിച്ചു കൃതജ്ഞതയുടെയും നമുക്കു വേണ്ട ദാനങ്ങൾക്കുള്ള അപേക്ഷയുടെയും പിതാവിനോടുള്ള ആരാധനയുടേയും ഭാവങ്ങൾ, ഈ ഗ്രന്ഥത്തിൻെറ ആമുഖത്തിൽ നാം കണ്ടതുപോലെ, അവിടുത്തെ മഹത്വത്തെക്കുറിച്ചുള്ള ശരിയായ അവബോധമില്ലായ്മ മൂലം ആധുനിക കാലത്തു അനേകരുടെ ആധ്യാത്മിക ജീവിതം രോഗഗ്രസ്തമാണു്. ആരാധനയിൽ ആ മഹത്വം നാം ഗ്രഹിക്കുന്നു. കാരണം ആരാധനയെന്നതു അവിടുന്നു് ആരാണെന്നും നാം ആരാണെന്നും ഗ്രഹിക്കുന്നതിൽനിന്നുളവാകുന്ന മനോഭാവമാണ്. അവിടുന്നു അനന്തതയാണ്, അവിടുത്തെകൂടാതെ നാം ഒന്നുമല്ല.

1959 സെപ്ററംബർ പതിമൂന്നാം തീയതി ഇററലിയിൽ നടന്ന 16-ാംമതു ദിവ്യകാരുണ്യകോൺഗ്രസ്സിനു 23-ാം ജോൺ മാർപ്പാപ്പാ നൽകിയ റേഡിയോ സന്ദേശം പ്രത്യേകം സ്മർത്തവ്യമാണ്. അതിൽ ക്രിസ്തുവിൻെറ മൗതികശരീരമായ സഭയുടെ മാതാവായ മറിയത്തോട് ഇററലിയിലെ ജനങ്ങൾ ഭക്തിതീക്ഷ്ണതയുള്ളവരായിരിക്കുമെന്നു് അദ്ദേഹം പ്രത്യാശ പ്രകടിപ്പിച്ചു. ക്രിസ്തുവിൻെറ മൗതികശരീരത്തിൻെറ (സഭയുടെ) "ശക്തിമത്തായ കേന്ദ്രവും അടയാളവും ദിവ്യകാരുണ്യമാണ്" എന്നും മാർപ്പാപ്പാ പ്രസ്താവിച്ചു. എന്നിട്ടു് അദ്ദേഹം തുടർന്നു: "നമ്മുടെ ശിരസ്സായ യേശുവിനോട് അവർക്കുള്ള പരിപൂർണ്ണമായ ഐക്യം അവർ അനുകരിക്കുമെന്നു് നാം പ്രതീക്ഷിക്കുന്നു. ദൈവികബലിവസ്തു സമർപ്പിക്കുന്നതിൽ അവർ മറിയത്തോടുകൂടി ചേരുമെന്നു് നാം പ്രതീക്ഷിക്കുന്നു.

www.malankaralibrary.com

ഇതു പ്രത്യേകം പരിഗണനാർഹമായ ഒരു പ്രസ്താവനയാണു്. അവളുടെ സമർപ്പണത്തിൽ പങ്കു ചേരാൻ ആളുകളോട് അദ്ദേഹം ആവശ്യപ്പെടുന്നു. മുമ്പ് അവരം ചെയ്തതിൽ ചേരുവാൻ പറയുന്നതിൽ സാംഗത്യമില്ല. ഇപ്പോരം വി. കുർബാനയിൽ അവളും ഏതോ വിധത്തിൽ ചേരുന്നുണ്ടെന്ന വിവക്ഷയാണു നാം ഇതിൽ കാണുക. 1984 ഫെബ്രുവരി 12-ാം തീയതി വി. പത്രോസിന്റെ നാമത്തിലുള്ള ദൈവാലയാങ്കണത്തിൽ തടിച്ചു കൂടിയിരുന്ന ജനങ്ങളോട് പ്രസംഗിക്കവേ ജോൺ പോരം രണ്ടാമൻ മാർപ്പാപ്പാ മേൽ പറഞ്ഞ ആശയം കൂടുതൽ വ്യക്തമാക്കി.

"ആരാധനക്രമത്തിന്റെ നിർവഹണത്തിൽ പരിശുദ്ധ കന്യകയുടെ സാന്നിദ്ധ്യത്തെക്കുറിച്ചു ഇന്നു നിങ്ങളോടൊന്നിച്ചു ചിന്തിക്കുന്നതിനു ഞാൻ ആഗ്രഹിക്കുന്നു............ ഓരോ ആരാധനക്രമവും കൂട്ടായ്മയുടെ ഒരു സന്ദർഭമാണ് ........പ്രത്യേകവിധത്തിൽ മറിയവുമായി ........ കാരണം, ആരാധനകർമ്മം ക്രിസ്തുവിന്റെയും സഭയുടേയും പ്രവൃത്തിയാണ്....... ഇവയൊന്നിൽനിന്നും അവളെ മാററി നിർത്താൻ ആവില്ല. ........... മറിയം ഓർമ്മയ്ക്കായുള്ള ആരാധനകർമ്മത്തിന്റെ പ്രവൃത്തിയിൽ സന്നിഹിതയാണ് ........കാരണം, അവരം രക്ഷാകർമ്മസംഭവത്തിൽ സന്നിഹിതയായിരുന്നു.... പീഡാനുഭവത്തിന്റെയും ഉയിർപ്പിന്റെയും ഓർമ്മ കൊണ്ടാടപ്പെടുന്ന ഓരോ ബലിപീഠത്തിന്റെ പക്കലും അവരം സന്നിഹിതയാണ്; കാരണം ക്രിസ്തുവിന്റെ മരണമാകുന്ന ചരിത്രപരമായ രക്ഷാകരസന്ദർഭത്തിൽ, തന്റെ എല്ലാ ഭാവങ്ങളോടും കൂടെ പിതാവിന്റെ പദ്ധതിയോടു വിശ്വസ്തയായി അവരം സന്നിഹിതയായിരുന്നു."

അവരം വി. കുർബാനയിൽ പങ്കെടുക്കുന്നുണ്ടെന്നുള്ള നിഗമനത്തിലെത്താൻ ദൈവശാസ്ത്രപരമായ അനുമാനശക്തി സ്പഷ്ടമായി നമ്മെ നയിക്കുന്നുണ്ട്. നാം മുമ്പ് കണ്ടതുപോലെ പുതിയ ഉടമ്പടിയുടെ നവീകരണം അഥവാ പുനഃകരണമാണ് വി. കുർബാനയെന്നു രണ്ടാം വത്തിക്കാൻ സൂനഹദോസ് പ്രസ്താവിച്ചിട്ടുണ്ടു്. ട്രെൻറ് സൂനഹ

www.malankaralibrary.com

ഭോസ് പ്രസ്താവിച്ചതു്, വി. കുർബ്ബാനയും കാൽവറിയും ഒന്നുതന്നെയാണെന്നാണ്, "സമർപ്പണരീതിയിൽ മാത്രം വ്യത്യാസപ്പെട്ട", രക്തസഹിതമായതിൽനിന്നു രക്തരഹിതമായതിലേക്കു് വ്യത്യാസപ്പെട്ട, ഒന്നുതന്നെയാണെന്നാണ്. അപ്പോഠം രീതിയിൽ മാത്രമേ വ്യത്യാസമുള്ളുവെങ്കിൽ, ആദ്യത്തെ ബലിയുമായി അവഠം ഗാഢമായി ബന്ധപ്പെട്ടിരുന്നതിനാൽ, വി. കുർബ്ബാനയിലും അവഠം ബന്ധപ്പെടേണ്ടതുണ്ടു്. അതുപോലെ വി. കുർബ്ബാന പുതിയ ഉടമ്പടിയെ പുനഃകരണം ചെയ്യുകയാണെങ്കിൽ, നാം കണ്ടതുപോലെ ആ ഉടമ്പടിയുടെ നിർമ്മാണത്തിൽ അവഠംക്കു വലിയൊരു പങ്കുണ്ടായിരുന്നുവെങ്കിൽ, ആ പുനകരണമാകട്ടെ വിശ്വസ്തതയോടെയുള്ളതാണെങ്കിൽ, അതായത് ഏതു പുന;കരണം ചെയ്യുന്നുവോ അതിനെ വ്യത്യാസപ്പെടുത്തുന്നില്ലെങ്കിൽ, ആ പുനഃകരണത്തിൽ, വി. കുർബ്ബാനയിൽ അവളും പങ്കു ചേരണം.

ഇതെങ്ങനെ സാധിക്കുന്നുവെന്നു് ചോദിച്ചാൽ, ബലിയുടെ രണ്ടു ഘടകങ്ങളായ ബാഹ്യ അടയാളങ്ങളിലേക്കും ആന്തരിക ഭാവങ്ങളിലേക്കും നാം വീണ്ടും നോക്കേണ്ടതുണ്ടു്. നാം മുമ്പു പ്രസ്താവിച്ചതുപോലെ അവിടുത്തെ മരണം അവഠം ഉളവാക്കിയില്ല, അവിടുന്നും അതു ചെയ്തില്ല. എന്നാൽ, നമുക്കുവേണ്ടി മരിക്കാനുള്ള മനുഷ്യത്വം അക്ഷരാർത്ഥത്തിൽതന്നെ അവഠം സംഭാവന ചെയ്തു.

ആന്തരിക ഭാവങ്ങളെക്കുറിച്ചു: അവിടുത്തെ ആന്തരിക ഭാവങ്ങഠം കുരിശിന്മേൽ അവിടുത്തേക്കുണ്ടായിരുന്ന ആന്തരിക ഭാവങ്ങളുടെ നിഷ്കൃഷ്ടമായ ഒരു തുടർച്ചതന്നെ; കാരണം, ഹൃദയത്തിൻെറ ആ ഭാവങ്ങളോടുകൂടിയാണു് അവിടുന്നു മരിച്ചതു്. അവഠം ഉടൻതന്നെ ഈ ലോകം വിട്ടുപോയില്ല. പക്ഷേ, അവിടുത്തെ ആന്തരിക ഭാവങ്ങളോട് അവഠംക്കുള്ള ഐക്യം കുറയുകയോ ചഞ്ചലമാകുകയോ ചെയ്തില്ല. അവയിപ്പോഠം സ്വർഗ്ഗത്തിൻെറ മഹിമയിൽ, അവിടുത്തോടുള്ള ഐക്യത്തിൻെറ ഭാവങ്ങളിൽ അവിടുത്തെ ഭാവങ്ങളെപ്പോലെതന്നെ സ്ഥിരമാണ്. അതിനാൽ, അവഠം ഓരോ വി. കുർബ്ബാനയിലും പങ്കാളിയാകു

www.malankaralibrary.com

ന്നു. അതിനാൽ നാം ഒരു പ്രത്യേക നിഗമനത്തിലെത്തുന്നു. ഇപ്പോഠം നാം അതു പൂർണ്ണ രീതിയിൽ ഗ്രഹിച്ചുകഴിഞ്ഞിട്ടില്ല. എങ്കിലും എത്രമാത്രം ഗാഢമായി വി. കുർബാനയിൽ നാം അവിടുത്തോടു ചേരുന്നുവോ, അത്രമാത്രം ഗാഢമായി നാം അവളോടും ചേരുന്നു. കാരണം, ഈ രണ്ടു ഹൃദയങ്ങളും വേർപിരിക്കാനാവാത്തവയാണ്, കൂടാതെ വി. കുർബാനയിൽ അവഠം അവിടുത്തോടു ഗാഢമായി ചേരുന്നുണ്ടു്.

വി. കുർബാനയിൽ പങ്കെടുക്കുന്ന എല്ലാവരേയുംകുറിച്ച് ഇതു ശരിയാണെങ്കിൽ, "ക്രിസ്തുവിൻെറ പ്രതിനിധി" എന്ന നിലയിൽ വർത്തിക്കുന്ന വൈദികനെക്കുറിച്ചു ഇതു ഏററം പ്രത്യേകമാംവിധം ശരിയാണു്. പന്ത്രണ്ടാം പീയൂസ് മാർപ്പാപ്പായും രണ്ടാം വത്തിക്കാൻ സൂനഹദോസും ഇക്കാര്യം പ്രസ്താവിക്കുന്നുണ്ടു്. മറെറാരു ക്രിസ്തുവെന്നനിലയിൽ വൈദികൻ മറിയത്തിൻെറ മറെറാരുമകനാണ്. ഒരു സന്ദർഭത്തിൽ, അവിടുന്നു ഒരു ജനക്കൂട്ടത്തിൻെറ മധ്യത്തിലായിരിക്കവേ, അവഠം അടുത്തുണ്ടെന്നു പ്രസ്താവിക്കപ്പെട്ടപ്പോഠം, അവരെ ഒരു സുപ്രധാനപ്രബോധനം ശക്തമായി പഠിപ്പിക്കുന്നതിനു അവിടുന്നു നിശ്ചയിച്ചു. "ആരാണു എൻെറ അമ്മ, ആരാണു എൻെറ സഹോദരങ്ങഠം?" തൻെറ ശിഷ്യന്മാരുടെ പക്കലേക്കു കൈചൂണ്ടി അവിടുന്നു തുടർന്നു: "ഇതാ, എൻെറ അമ്മ, ഇതാ, എൻെറ സഹോദരന്മാർ. സ്വർഗ്ഗത്തിലുള്ള എൻെറ പിതാവിൻെറ ഇഷ്ടം നിറവേററുന്നവനാരോ, അവനാണ് എൻെറ അമ്മയും സഹോദരനും സഹോദരിയും" (മത്താ: 12: 48-50) തൻെറ അമ്മയെ തള്ളിപ്പറയുവാൻ തീർച്ചയായും അവിടുന്നുദ്ദേശിച്ചില്ല. എന്നാൽ രണ്ടു മാഹാത്മ്യങ്ങഠം താരതമ്യപ്പെടുത്തുന്നതിനു അവിടുന്നാഗ്രഹിച്ചു. ഒന്നിൻെറ സ്ഥാനം ബാഹ്യക്രമത്തിൽ, അതായതു സ്ഥാനമഹിമയിൽ, മറേറതാകട്ടെ, പിതാവിൻെറ ഇഷ്ടം നിറവേററുന്ന ആന്തരികക്രമത്തിൽ, ഈ രണ്ടു മാഹാത്മ്യങ്ങളുടെ കാര്യത്തിലും അവഠം മനുഷ്യരിൽ ഉത്തുംഗതയിലായിരുന്നു. ദൈവത്തിൻെറ മാതാവ് എന്ന സ്ഥാനം പന്ത്രണ്ടാം പീയൂസ് മാർപ്പാപ്പാ

www.malankaralibrary.com

പ്രസ്താവിച്ചതുപോലെ "ദൈവം കഴിഞ്ഞാലുള്ള" താണ്. അതുപോലെ ആന്തരിക പരിശുദ്ധിയിൽ, അഥവാ ദൈവസ്നേഹത്തിൽ, അഥവാ അവിടുത്തെ തിരുഹിതത്തോടുള്ള യോജിപ്പിൽ—ഇവയെല്ലാം ഒന്നുതന്നെയാണെന്നു പറയാം—അവളുടെ പരിശുദ്ധി "ദൈവത്തിനു കീഴിലുള്ള യാതൊരാളെയുംകുറിച്ച് ചിന്തിക്കാനോ ദൈവത്തിനല്ലാതെ മററാർക്കും ഗ്രഹിക്കാനോ" കഴിയാത്തവിധം അത്ര വലുതായിരുന്നു.

രണ്ടു ക്രമങ്ങളിലും അവളുടെ മഹിമ അത്ര വലുതായിരുന്നെങ്കിലും അത്ര ഉത്തുംഗതയിലായിരുന്നെങ്കിലും പ്രസ്തുത ക്രമങ്ങളിൽ ഏററം കൂടുതൽ മഹനീയമായതു് പിതാവിൻെറ തിരുഹിതത്തോടുള്ള യോജിപ്പും ദൈവവചനം കേൾക്കുകയും അതു പാലിക്കുകയുമാണ് എന്നു് വ്യക്തമാക്കുവാൻ അവളുടെ മകൻ ആഗ്രഹിച്ചു.

വി. കുർബാനയുടെ കാര്യമെടുത്താൽ, ചിലർ പ്രാധാന്യം കല്പിക്കുന്നതു് പൗരോഹിത്യത്തിനാണ്. അൽമായരുടെ പൗരോഹിത്യവും കൈവയ്പ്പുമൂലം ലഭിച്ച പൗരോഹിത്യവും അവർ പരിഗണിക്കുന്നു. ഇതിൽ തെററൊന്നുമില്ല. പക്ഷേ, അവളുടെ മകൻ പഠിപ്പിച്ച പാഠത്തിനു വ്യത്യാസം വന്നിട്ടില്ല. വി. കുർബാനയിൽ യേശുവിനോടും മറിയത്തോടുമൊന്നിച്ച് പിതാവിൻെറ തിരുഹിതത്തോടുള്ള യോജിപ്പു് രണ്ടുവിധ പൗരോഹിത്യത്തെക്കാളും ശ്രേഷ്ഠമാണ്.

വി. കുർബാന കഴിഞ്ഞാലുടൻതന്നെ ചിലർ ധൃതിയിൽ പുറത്തിറങ്ങുകയായി. മററുള്ളവർ പള്ളിയിലിരുന്നു് പ്രാർത്ഥിക്കുവാൻ ശ്രമിക്കുമ്പോഴും അവർ പുറത്ത് ഉറച്ചു സംസാരിച്ചുകൊണ്ടുനില്ക്കും. ദൈവത്തോടുള്ള ആദരത്തിൻെറ കുറവും മനുഷ്യരോടുള്ള മര്യാദയുടെ അഭാവവും. വിലയേറിയ ഏതാനും നിമിഷത്തേക്കു് തങ്ങൾ അപ്പോഴും ദൈവസാന്നിദ്ധ്യം വഹിക്കുന്നുണ്ടെന്നതു അവർ ഗ്രഹിക്കുന്നില്ലെന്നു തോന്നുന്നു. മറിയത്തിനു കൂടുതൽ നന്നായി അറിയാമായിരുന്നു. അവിടുത്തെ ജനനത്തിനു മുൻപുള്ള ഒൻപതു് മാസങ്ങൾ അവൾക്കു ദീർഘമായ ഒരു

www.malankaralibrary.com

ദിവ്യകാരുണ്യസ്വീകരണസമയമായിരുന്നു. അതിൻെറ സമ്പന്നത, അതിൻെറ സ്നേഹം, ആർക്കു ഭാവന ചെയ്യാൻ കഴിയും! അവിടുത്തെ മരണശേഷം വി. യോഹന്നാനോടൊന്നിച്ചു വസിച്ചപ്പോഠം അവഠം അവിടുത്തെ കൂടെക്കൂടെ സ്വീകരിച്ചിരുന്നിരിക്കാം, തന്നിലുള്ള ദൈവസാന്നിധ്യബോധത്തിൽ അവഠം വളരെനേരം ചെലവഴിച്ചിരുന്നിരിക്കാം.

നമ്മുടെ കൃതജ്ഞതാപ്രകടനം നിശ്ശബ്ദധ്യാനവും വാചാപ്രാർത്ഥനയും ചേർന്നതായിരിക്കണം. കാരണം, ഓരോന്നിനും അതിൻേറതായ വിലയുണ്ട്. ഒന്നിനുപകരം മററൊന്നു് ഉപകരിക്കുകയില്ല. അതിനാൽ വ്യക്തിപരമായ പ്രാർത്ഥനയിലും ശ്രേഷ്ഠമായതു ആരാധനവേളയിലുള്ള പ്രാർത്ഥനയോ, പൊതു പ്രാർത്ഥനയോ ആണെന്നു നാം കരുതാതിരിക്കുക, പൊതുവേ പറഞ്ഞാൽ ഇതാണുശരി. പക്ഷേ, ഭക്ഷണവേളയിൽ ഭക്ഷ്യസാധനങ്ങളിലെ ഏററവും ഗുണകരമായതേതെന്നുനോക്കി അതുമാത്രം ഭക്ഷിച്ചാൽ പോഷണരാഹിത്യം മൂലമുള്ള രോഗമുണ്ടാകുമല്ലോ. അതുപോലെയാണു കൃതജ്ഞതാപ്രകടനത്തെയും മററു പ്രാർത്ഥനകളെയും നാം വീക്ഷിക്കേണ്ടതു്.

നമ്മുടെ അപൂർണ്ണതയോടും ബലഹീനതകളോടും തൻെറ പരിപൂർണ്ണതയുള്ള മനോഭാവങ്ങഠം ചേർക്കുന്നതിനു വരുവാൻ നാം പരിശുദ്ധ കന്യകയോടു അപേക്ഷിക്കുക. ഇതിനു പററിയ ഒരു മാർഗ്ഗം കൊന്തനമസ്ക്കാരത്തിലെ സന്തോഷകരമായ രഹസ്യങ്ങഠം ധ്യാനപൂർവ്വം പ്രാർത്ഥനാവിഷയമാക്കുകയാണു്. മംഗലവാർത്താമേളയിൽ അവഠം അവിടുത്തെ സ്വാഗതം ചെയ്തതു്, ഒൻപതു മാസങ്ങഠം അവിടുത്തെ സംവഹിച്ചതു് അവിടുത്തെ ജനനവേളയിൽ അവളനുഭവിച്ച സന്തോഷം—ഇവയെല്ലാം അവഠം നമ്മിൽ നവീകരിക്കും. ദൈവാലയത്തിൽ അവിടുത്തെ സമർപ്പിച്ചപ്പോഠം, കാണാതെപോയതിനുശേഷം വീണ്ടും കണ്ടുകിട്ടിയപ്പോഠം, അവഠക്കുണ്ടായ സന്തോഷം നമ്മിലുമുളവാക്കുവാനപേക്ഷിക്കുക.

www.malankaralibrary.com

"മനുഷ്യന്റെ രക്ഷകൻ" എന്ന തന്റെ ആദ്യത്തെ ചാക്രികലേഖനത്തിൽ, അവിടുത്തെ സ്വീകരിക്കുമ്പോൾ നാം ചെയ്യേണ്ടതെന്തെന്നു് ജോൺ പോൾ രണ്ടാമൻമാർപ്പാപ്പാ സൂചിപ്പിക്കുന്നുണ്ടു്. "എപ്പോഴും തുടർച്ചയായി മാനസാന്തരത്തിനുവേണ്ടിയുള്ള ഈ പരിശ്രമം കൂടാതെ, ദിവ്യകാരുണ്യസ്വീകരണത്തിന്റെ രക്ഷാകരമായ ഫലം കുറഞ്ഞു പോകും, ആധ്യാത്മികബലി ദൈവത്തിനർപ്പിക്കുന്നതിനുള്ള സന്നദ്ധത ബലഹീനമാകുകയോ, ഇല്ലാതാകുകയോ, ചെയ്യും." ഇപ്രകാരമുള്ള പ്രയത്നമില്ലാതെ കൂടെക്കൂടെയുള്ള ദിവ്യകാരുണ്യസ്വീകരണം ആധ്യാത്മികഫലമുളവാക്കുകയില്ല. ചിലപ്പോൾ ആധ്യാത്മികമായ നഷ്ടം ഉളവാക്കുകയും ചെയ്തേക്കാം.

www.malankaralibrary.com

# അധ്യായം 12

## പിതാവ് ഓരോരുത്തർക്കുവേണ്ടി പദ്ധതികൾ തയ്യാറാക്കുന്നു.

"ഇതു് നിനക്കു് വളരെ അനിഷ്ടകരമാണെന്നു് എനിക്കറിയാം, പക്ഷേ, നിന്നിൽനിന്നകലുന്നതിനു ഞാൻ ഉദ്ദേശിക്കുന്നില്ല. ഞാൻ അതു ചെയ്യുവാൻ പോകുകയാണു്." ആശയക്കുഴപ്പത്തിൽ വീണുപോയ ചില ആത്മാക്കൾക്കു് ദൈവത്തോടുള്ള മനോഭാവം ഇതാണ്. അമേരിക്കയിലെ പല പ്രമുഖസന്മാർഗ്ഗശാസ്ത്രജ്ഞന്മാർ ഈ നിലപാടിനെ ന്യായീകരിക്കുന്നുണ്ടു്. ദമ്പതികൾ ഗർഭനിരോധം നടത്തുമ്പോൾ അതു ആളുകൾക്കു പൊതുവേ പ്രയോജനകരമാണോയെന്നാണു് അവർ ചിന്തിക്കുക, അനേകകാര്യങ്ങളിൽ ദമ്പതികൾ നന്നായി വർത്തിക്കുന്നുണ്ടെന്നറിയുമ്പോൾ ഗർഭനിരോധനമെന്ന പാപം ചെയ്തവർദൈവത്തിൽനിന്നകലുവാൻ ഉദ്ദേശിക്കുന്നില്ലെന്ന നിഗമനത്തിൽ അവർ എത്തുകയായി. "അടിസ്ഥാനപരമായ തെരഞ്ഞെടുപ്പ്" എന്നു വിളിക്കപ്പെടുന്ന ഈ സിദ്ധാന്തം തെററാണെന്നു് സഭ പ്രഖ്യാപിച്ചിട്ടുള്ളതാണു്. ആ സിദ്ധാന്തം ഇങ്ങനെ സംഗ്രഹിക്കാം. മാരകപാപം ചെയ്യുന്നതിനു പ്രായോഗികതലത്തിൽ ഇങ്ങനെ കരുതുകയോ പറയുകയോ ചെയ്യേണ്ടതുണ്ടു്. "ഇതുമൂലം ദൈവത്തിൽനിന്നു് തെററിപ്പിരിയാൻ ക്രിസ്തുവിനെ നിഷേധിക്കുവാൻ, അവിടുന്നുവീണ്ടും മരിക്കുന്നതു കാണുവാൻ, ഞാൻ ആഗ്രഹിക്കുന്നു".

"ഞാൻ നിന്നെ ദ്രോഹിക്കാനാഗ്രഹിക്കുന്നില്ല" എന്നു പറയുകയും അതേസമയംതന്നെ ദ്രോഹകരമായതു പ്രവർത്തിക്കുകയും ചെയ്യുക ദ്രോഹമില്ലാതാക്കുന്നില്ല. യഥാർത്ഥത്തിൽ അതു കൂടുതൽ ധാർഷ്ട്യമാണ്. അതിനാൽ അടിസ്ഥാനപരമായ തെരഞ്ഞെടുപ്പ് തെററുമാത്രമല്ല, ബാലിശവുമാണ്.

ഇതുപോലെയുള്ളതെന്നുതോന്നാവുന്ന മറെറാരു പ്രശ്നം ഇപ്പോൾ ഓർക്കുകയാണ്. അതു മൂഢതമല്ല. അതു

www.malankaralibrary.com

ഗ്രഹിക്കുന്നതിനു നാം ഏതുരൂപമുള്ള രണ്ട് അടിസ്ഥാന തത്വങ്ങൾ നോക്കുകയും അവ എങ്ങനെ ചേരുമെന്നു് കാണുകയും വേണം.

ഒന്നാമതായി, ദൈവദാനങ്ങളോടുള്ള മറുപടിയിൽ ആളുകൾ വ്യത്യസ്തരായി ജീവിക്കുന്നു. ചിലർ തങ്ങളുടെ ജീവിതത്തിന്റെ നല്ല ഭാഗം ദൈവപ്രസാദവരമില്ലാതെയും പാപത്തിലും ജീവിക്കുന്നവരാണു്. അല്പകാലത്തേക്കു അവർ അങ്ങനെയല്ലാതാകുകയും ചെയ്യും. ഇതു അങ്ങേ അററത്തുള്ള ചിത്രമാണു്. ഇങ്ങേ അററത്താകട്ടെ വേറൊരു ചിത്രം. ജീവിതത്തിന്റെ നല്ലയൊരുഭാഗം പ്രസാദവരത്തിൽ അവർ ജീവിക്കുന്നു. അവർ ആ നിലയിൽ നിന്നു കുറച്ചുകാലം പുറത്തു കഴിഞ്ഞേക്കും. ഇവ രണ്ടിനുമിടയിൽ അനേകം ഏററക്കുറച്ചിലുകളുള്ള അവസ്ഥകളുമുണ്ടു്.

രണ്ടാമതു പ്രസ്താവിച്ചതിനെക്കുറിച്ചു നാം പരിഗണിക്കേണ്ട ചില കാര്യങ്ങളുണ്ടു്. നമ്മുടെ ഈ ലോകത്തിൽ സ്വാഭാവികമായ ചില കാരണങ്ങളുണ്ടു്. അവ ദൈവം അവയ്ക്കു നൽകിയിട്ടുള്ള നിയമങ്ങൾ പ്രകാരം പ്രവർത്തിക്കുന്നു. ഇവയിൽ ചിലതു് എതാംക്കും, ഏതു പ്രായത്തിൽപ്പെട്ടവർക്കും പെട്ടെന്നുള്ള മരണം ഉളവാക്കുവാൻ പോരുന്നവയാണു്. ചില സംഭവങ്ങൾ ചില പ്രത്യേക പ്രായത്തിലാണുണ്ടാകയെന്നതുശരിയാണു്. ഉദാഹരണമായി ഹൃദയസംബന്ധമായ കാര്യങ്ങളാൽ മാരണകാര്യമാകുന്നവ യൗവനപ്രായത്തിലേക്കാളധികം മധ്യപ്രായത്തിലും അതിനുശേഷവുമാണ് സംഭവിക്കുക. അതേസമയംതന്നെ വാഹനാപകടങ്ങൾ നിമിത്തം മരിക്കുന്നവർ ചെറുപ്രായക്കാരുടെയിടയിലാണു കൂടുതലുള്ളതു്. ഇൻഷ്വറൻസ് കമ്പനികൾക്കു ഇതു നന്നായറിയാം.

മേൽ പ്രസ്താവിച്ച രണ്ടു കാര്യങ്ങളുടെയും അടിസ്ഥാനതത്വങ്ങൾ എങ്ങനെ യോജിക്കുമെന്നതിനെക്കുറിച്ചു് ചില ചോദ്യങ്ങൾ ഉന്നയിക്കാവുന്നതാണു്. അവ ഇവയാണു്. ഒരുവൻ പ്രസാദവരത്തിലായിരിക്കുന്ന അല്പകാലത്തു് പെട്ടെന്നു് മരണം അവനെ പിടികൂടുവാൻ ദൈവപ

www.malankaralibrary.com

രിപാലന കല്പിക്കുകയോ അല്ലെങ്കിൽ അനുവദിക്കുകയോ ചെയ്യുമോ? അതിനെതിരായ വിധത്തിൽ അവൻ പ്രസാദവരത്തിൽ അല്പകാലത്തേക്കു അല്ലാത്തവേളയിൽ ഒരുവനെ മരണം പെട്ടെന്നു പിടികൂടാൻ ദൈവപരിപാലന കല്പിക്കുകയോ അനുവദിക്കുകയോ ചെയ്യുമോ? അവൻ സാധാരണയായി പ്രസാദവരത്തിലാണു ജീവിക്കുന്നതെന്നും ഓർക്കണം.

അങ്ങേത്തലയ്ക്കലുള്ള ഈ കാര്യങ്ങളെയും അവയ്ക്കിടയിലുള്ള കാര്യങ്ങളെയും കുറിച്ചു് ഒരു മറുപടിയും തീർപ്പും ആവശ്യമാണെന്നു സ്പഷ്ടം. ദൈവപരിപാലന അഥവാ നമ്മുടെ പിതാവ് ആണു തീർപ്പു കല്പിക്കുക. ഈ തീർപ്പ് അനുകൂലമെങ്കിൽ അതിനു മുൻ നിയന്ത്രണമെന്നും (Predestination) അനുകൂലമല്ലങ്കിൽ മുൻകൂട്ടിയുള്ള മോശമായ നിർണ്ണയമെന്നും (Reprobation) എന്നും വിളിക്കപ്പെടുന്നു. രണ്ടാമത്തേതിനു ചില ദൈവശാസ്ത്രജ്ഞന്മാർ നരകത്തിലേക്കുള്ള മുൻനിർണ്ണയമെന്നും പറയുന്നുണ്ടു്.

മുൻനിർണ്ണയമെന്ന വാക്കുതന്നെ ചിലരെ ഭയപ്പെടുത്തുന്നുണ്ടു്. ചില വിദ്യാർത്ഥികൾ സ്കൂളിൽ ചോദിക്കുന്ന മറയത്തര ചോദ്യങ്ങൾ അവർ കേട്ടിട്ടുണ്ടാകണം. ''സാർ, ഞാൻ എവിടെപ്പോകുമെന്നു് ദൈവത്തിനറിയാമല്ലോ. അപ്പോൾ, എനിക്കതെല്ലാതെ മററൊന്നു് സാധിക്കുന്നതെങ്ങനെ? അതങ്ങനെതന്നെ ആയിരിക്കണമല്ലോ''. രണ്ടു കാരണങ്ങളാൽ ഈ ചോദ്യങ്ങൾ കേവലം ബാലിശമാണു്. ഒന്നാമതായി ദൈവത്തിനറിയാമെന്ന വസ്തുത അവിടുന്നു അതിനു കാരണമാകുന്നുവെന്നു് അർത്ഥമാക്കുന്നില്ല. രണ്ടാമതായി, അവിടുന്നു ഭാവി അറിയുന്നില്ല. ഇതു വിരോധാഭാസമായി തോന്നിയേക്കാം. അവിടുത്തേക്കു ഭാവിയെന്നതു് ഒന്നില്ല. അവിടുന്നു മാററമില്ലാത്തവനാണു്. അതിനാൽ സമയത്തിൻെറ ഈ മാററമുണ്ടല്ലോ, ഭാവിയെന്നതു വർത്തമാനകാലമാകുന്നതും പിന്നീട് ഭൂതകാലമാകുന്നതുമായ ആ സമയപരിവർത്തനമുണ്ടല്ലോ, അതിനു അവിടുന്നു വിധേയനല്ല. അവിടുത്തേക്കു എല്ലാം വർത്തമാനകാലമാണു്;

www.malankaralibrary.com

നിത്യമായി വർത്തമാനകാലമാണു്. അവിടുത്തെ മുമ്പിൽ നമ്മുടെ ഭൂതവും വർത്തമാനവും ഭാവിയുമായ എല്ലാ കാര്യങ്ങളും സന്നിഹിതമാണു്. അതിനാൽ ക്ലിപ്തമായ അർത്ഥത്തിൽ അവിടുന്നു മുൻകൂട്ടി കാണുന്നില്ല; അവിടുന്നു കാണുകമാത്രം ചെയ്യുന്നു. നാം ചിലതു് നമ്മുടെ മുമ്പിൽ കാണുന്നുണ്ടു്. പക്ഷേ, നാം അവയ്ക്കു കാരണക്കാരാകേണ്ടതില്ല. അതുപോലെ കാരണമാകാതെ അവിടുത്തേക്കു കാണുവാൻ കഴിയും. ഉവ്വ്, കാര്യങ്ങൾ നമുക്കു ഭാവിയായിത്തോന്നും. എന്നാൽ, അവിടുത്തെ നിത്യതയുടെ നയനങ്ങൾക്കു അവകേവലം വർത്തമാനമാണു്.

നൂററാണ്ടുകളായി, സഭയുടെ ആരംഭകാലം മുതൽത്തന്നെയെന്നുപറയാം, പ്രസാദവരസഹിതമോ, പ്രസാദവരരഹിതമോ ആയ മരണത്തിൻെറ ഇടപെടലിനു ദൈവം നിശ്ചയിക്കുക എന്തടിസ്ഥാനത്തിലാണെന്നു പഠിക്കുവാൻ ദൈവശാസ്ത്രജ്ഞന്മാർ ശ്രമിച്ചിട്ടുണ്ട്. മാനുഷികയോഗ്യതകളും അയോഗ്യതകളും നോക്കുന്നതിനുമുൻപോ നോക്കിയശേഷമോ മുൻകൂട്ടി നിശ്ചയിക്കുന്നതിനു അവിടുന്നു തീരുമാനിക്കേണ്ടതുണ്ടെന്നു് അവർ പ്രസ്താവിച്ചിട്ടുണ്ടു്. മുൻപോ, പിൻപോ, എന്ന വാക്കുകൾ കേവലം ആലങ്കാരികപ്രയോഗങ്ങളാണു്. കാരണം, ദൈവത്തെ സംബന്ധിച്ചിടത്തോളം സമയമെന്നതു് ഇല്ലായെന്നു നമുക്കറിയാം. ഒരു മനുഷ്യൻ എപ്രകാരമാണു ജീവിക്കുന്നതെന്നു പരിഗണിച്ചോ, പരിഗണിക്കാതെയോ ആണോ ഇക്കാര്യങ്ങൾ അവിടുന്നു തീരുമാനിക്കുക എന്നതാണ് അവരുടെ ചോദ്യം.

എല്ലാ നൂററാണ്ടുകളിലും എല്ലാ ദൈവശാസ്ത്രജ്ഞന്മാരും ചിന്തിച്ചത് രണ്ടുവിധ നിശ്ചയങ്ങളും, എന്നു പറഞ്ഞാൽ, അനുകൂലവും പ്രതികൂലവുമായ നിശ്ചയങ്ങൾ ഒരേരീതിയിൽത്തന്നെ നിർവ്വഹിക്കപ്പെടണം എന്നാണു്. അതായതു് രണ്ടും ആളിൻെറ ജീവിതത്തെ വീക്ഷിച്ചോ, വീക്ഷിക്കപ്പെടാതെയോ നിശ്ചയിക്കപ്പെടണം. അവർ ഇങ്ങനെ അനുമാനിച്ചു: ഒരുവൻ സ്വർഗ്ഗഭാഗ്യത്തിനു മുൻകൂട്ടി നിശ്ചയിക്കപ്പെട്ടില്ലെങ്കിൽ അവർ നരകശിക്ഷയ്ക്കു നിശ്ചയിക്കപ്പെട്ടവനാണു്, ഒരു നാണയത്തിൻെറതന്നെ രണ്ടു വശം പോലെ.

www.malankaralibrary.com

ഇങ്ങനെ ചിന്തിച്ചതിൻെറ ഫലമായി ദൈവശാസ്ത്രജ്ഞന്മാർ ഒരു ഊരാക്കുടുക്കിലായി. യാതൊരുതരവും സ്വീകാര്യമോ സാധ്യമോ ആകാതെവന്നു. അതായത് മനുഷ്യൻെറ യോഗ്യത നോക്കിയാണോ അല്ലാതെയാണോ ദൈവം തീരുമാനിക്കുന്നതെന്ന ചോദ്യത്തിനുള്ള ഉത്തരം. എന്തുകൊണ്ട്? അങ്ങനെയാണെങ്കിൽ എല്ലാ മനുഷ്യരും രക്ഷിക്കപ്പെടാനാണു താൻ ആഗ്രഹിക്കുന്നതെന്നു് ദൈവത്തിനു പറയാൻ സാധിക്കയില്ല. "എല്ലാവരും രക്ഷിക്കപ്പെടണമെന്നു്" അവിടുന്ന് ആഗ്രഹിക്കുന്നതായി 1 തിമോത്തി 2-ാം അധ്യായം 3-ാം വാക്യത്തിൽ നാം വായിക്കുന്നുമുണ്ടു്. എന്നിട്ടും ചിലരുടെ നാശമോ ശിക്ഷയോ അവിടുന്നു ആഗ്രഹിക്കുന്നുവെന്നു പറയാമോ? ആ എല്ലാവരിലും ആ ചിലർ ഉൾപ്പെടുമല്ലോ?. അതാകട്ടെ, അവരുടെ യോഗ്യതകളും അയോഗ്യതകളും ഒട്ടും നോക്കാതെതന്നെ. അപ്പോൾ മനുഷ്യജീവിതത്തിലെ പ്രവൃത്തികൾക്കു എന്തു സ്ഥാനം? ഇനി മറേറ ഉത്തരം പര്യാലോചിക്കാം. യോഗ്യതകൾ നിമിത്തമോ യോഗ്യതകളെക്കുറിച്ചുള്ള പരിഗണന നിമിത്തമോ ദൈവത്തിനു മുൻനിർണ്ണയം സാധ്യമല്ല. കാരണം, നാം ചെയ്യുന്ന സൽപ്രവർത്തികളോ നമ്മുടെ നന്മയോ അവിടുത്തെ ദാനമാകയാൽ അവ ദൈവം നമുക്കു നൽകുന്നില്ലായെങ്കിൽ നമുക്കു യോഗ്യതകളൊന്നുമില്ല. "ദാനമായി ലഭിച്ചതല്ലാതെ നിനക്കെന്തുണ്ടു്.?" (1 കോറി 4: 7) എന്നു് വി. പൗലോസ് പ്രസ്താവിക്കുന്നുണ്ടല്ലോ. ദൈവത്തിൻെറ പ്രസാദവരത്തോടുള്ള തടുത്തുനില്പ്പുമാത്രമേ ദൈവം നൽകാത്തതായുള്ളു.

മേൽ പ്രസ്താവിച്ചരീതിയിൽ പഠിപ്പിച്ചുപോന്ന രണ്ടു ചിന്താഗതിക്കാരായ ഡോമിനിക്കൻസും ജെസ്യൂട്ട്സും കർദ്ദിനാളൻമാരുടെ മുൻപിൽവച്ച് വാദപ്രതിവാദം നടത്തുന്നതിനു പ്രതിനിധികളെ റോമിലേക്കയയ്ക്കണമെന്നു കാണിച്ച് 1597-ൽ ക്ലെമെൻറ് മാർപ്പാപ്പാ ഇരു കൂട്ടർക്കും കല്പന അയച്ചു. മാർപ്പാപ്പാതന്നെ ആ സംഘത്തിൽ അധ്യക്ഷത വഹിച്ചു, വാദപ്രതിവാദം നീണ്ടുപോയി. ഒടുവിൽ പോൾ അഞ്ചാമൻ മാർപ്പാപ്പാ ഒരു വലിയ ദൈവശാസ്ത്രജ്ഞനും

www.malankaralibrary.com

അതേസമയംതന്നെ വിശുദ്ധനുമായിരുന്ന വി. ഫ്രാൻസീസ് ദെസാലസിൻെറ ഉപദേശം തേടി. ഇവയിൽ ഒരഭിപ്രായവും സ്വീകരിക്കരുതെന്നു വിശുദ്ധൻ ഉപദേശം നൽകി. 1607-ൽ മാർപ്പാപ്പാ വിശുദ്ധൻെറ അഭിപ്രായം സ്വീകരിച്ചു. പിതാവിൻെറ തിരുഹിതപ്രകാരം വ്യക്തമായ ഒരു ഉത്തരം ഉരുത്തിരിയുന്നതിനു ഇപ്പോഴും സമയം സമാഗതമായിട്ടില്ല.

ശരിയായ ഉത്തരം ലഭിക്കുന്നതിൽ അവർ തോൽവിയടഞ്ഞതിൻെറ ഭാഗികമായ കാരണം അവർ തെററായ സമ്പ്രദായത്തിൽ (method) അഥവാ രീതിയിൽ പരിശ്രമിച്ചതാണ്. പ്രകൃതിപരമായ ശാസ്ത്രങ്ങൾ സമ്പ്രദായത്തെക്കുറിച്ചു് നമുക്കു ശരിയായ മാർഗ്ഗദർശനം നൽകുന്നുണ്ട്. നൂററാണ്ടുകളായി ശാസ്ത്രജ്ഞന്മാർ തെററായ സമ്പ്രദായം അഥവാ രീതി സ്വീകരിച്ചുപോന്നു. ഫലങ്ങൾ മോശമായിരുന്നു, പലപ്പോഴും തെററുകൾ നിറഞ്ഞതും. എന്നാൽ ആധുനികകാലത്തു് ശാസ്ത്രജ്ഞന്മാർ ശരിയായ സമ്പ്രദായത്തിലേക്കു മാറിയിട്ടുണ്ടു്. തത്ഫലമായി ശാസ്ത്രങ്ങളിൽ ശോഭയേറിയ ഒരു സ്ഫോടനം തന്നെ ഉളവായിട്ടുമുണ്ടു്.

ദൈവം ആവിഷ്ക്കരിച്ചിട്ടുള്ളതു കാണാൻ ശ്രമിക്കുന്ന ഒരു ജ്ഞാനതലമാണ് ദൈവശാസ്ത്രം. അതിനുവേണ്ടി നാം ആദ്യംതന്നെ ആവിഷ്ക്കാരസ്രോതസ്സുകളായ വേദപുസ്തകവും പാരമ്പര്യവും പഠിക്കേണ്ടതുണ്ടു്. അതിനുശേഷം ആ സ്രോതസ്സുകൾ എന്താണുദ്ദേശിക്കുന്നതെന്നു നാം നിശ്ചയിക്കണം. വേദപുസ്തകം എപ്പോഴും വ്യക്തമല്ലെന്നു നമുക്കറിയാം. എന്നാൽ, ദൈവപരിപാലനയാൽ സംരക്ഷിക്കപ്പെട്ട ഒരു പ്രബോധനാധികാരസ്ഥാനം ദൈവം സഭയ്ക്കു നൽകിയിട്ടുണ്ടു്. "നിങ്ങളെ കേൾക്കുന്നവൻ എന്നെ കേൾക്കുന്നു" (ലൂക്കാ. 10: 16)

മുൻനിർണ്ണയമെന്ന പ്രശ്നം വിശദമാക്കുവാൻ പരാജയപ്പെട്ട ദൈവശാസ്ത്രജ്ഞന്മാർ രണ്ടു തെററുകൾ ചെയ്തു. ഒന്നാമതായി, നാം മുമ്പു പ്രസ്താവിച്ചപോലെ തെററായ സമ്പ്രദായം അവരുപയോഗിച്ചു. തത്വശാസ്ത്രത്തിൻെറ

www.malankaralibrary.com

ഒരു ശാഖയായ ആത്മതത്വശാസ്ത്രം (metaphysics) ഉപയോഗിച്ചു പ്രശ്നം പരിഹരിക്കാനവർ ശ്രമിച്ചു. ആത്മതത്വശാസ്ത്രം നല്ലതുതന്നെ, അതിനു അനേകം നല്ല കാര്യങ്ങൾ ചെയ്യുകയും ചെയ്യാം. പക്ഷേ, ഈ ചോദ്യത്തിനു ഉത്തരം നല്കാൻ അതിനു കഴികയില്ല. എന്തുകൊണ്ടു്? അതു ദൈവത്തിന്റെ സ്വതന്ത്ര തീരുമാനത്തെ ഭാഗികമായി ആശ്രയിച്ചിരിക്കുന്നതുകൊണ്ടു് കാര്യങ്ങളുടെ പ്രകൃതിയിലെന്താണുള്ളതുമാത്രമേ ആത്മതത്വശാസ്ത്രത്തിനു കാണാൻ കഴികയുള്ളു. എന്താണു ഒടുവിലുണ്ടാകുകയെന്നു തീരുമാനിക്കുന്ന സ്വതന്ത്രബുദ്ധിയുംപ്പെട്ട കാര്യങ്ങൾക്കു മറുപടി നൽകാൻ അതിനു സാധ്യമല്ല.

രണ്ടാമതായി, വേദപുസ്തകം അവർ കൈകാര്യം ചെയ്തപ്പോൾ അവർ സ്പർശിച്ച എല്ലാ ഭാഗങ്ങളും തെററായ രീതിയിലാണു അവർ വ്യാഖ്യാനിച്ചതു്. കാരണം, വേദപുസ്തകവാക്യത്തിന്റെ സന്ദർഭം, ആ ഭാഗത്തുള്ള പൊതുവായ ചിന്താഗതി എന്നിവ അവർ ശ്രദ്ധിച്ചില്ല. ഒരാൾ അക്കാര്യം അവഗണിച്ചാൽ ഫലം ഭയാനകമായിരിക്കും. ഒരു ഉദാഹരണം: "ദൈവമില്ല എന്നു മൂഢൻ തന്റെ ഹൃദയത്തിൽ പറയുന്നു." ദൈവശാസ്ത്രജ്ഞന്മാർ അത്രയ്ക്കു ഭോഷത്വം കാണിച്ചില്ല. എന്നിട്ടും കനത്ത തെററുകളിൽ അവർ വീണു. മുൻനിർണ്ണയം സൂചിപ്പിക്കുന്ന ഏതാനും വാക്യങ്ങൾ മാത്രമേ വേദപുസ്തകത്തിലുള്ളു. അവയെല്ലാം തന്നെ വി. പൗലോസിന്റെ ലേഖനങ്ങളിലാണു്. അപ്പോസ്തലൻ റോമാക്കാർക്കെഴുതിയ ലേഖനം എട്ടാം അധ്യായം 28-ാം വാക്യവും ഒൻപതാം അധ്യായം മുപ്പത്തിമൂന്നാം വാക്യവും എഫേസ്യർക്കെഴുതിയ ലേഖനം ഒന്നാം അധ്യായത്തിലെ രണ്ടു വരികളും. പക്ഷേ, ഇവയിൽ പ്രതിപാദിക്കുന്നതു് ആരെങ്കിലും സ്വർഗ്ഗത്തിലോ നരകത്തിലോ പോകണമെന്ന ദൈവപരിപാലനാപരമായ തീരുമാനമല്ല. അതാണു വന്ന തെററിനു കാരണം. വി. പൗലോസ് പ്രസ്താവിച്ചതു ദൈവത്തിന്റെ ജനമായ സഭയിൽ പൂർണ്ണ അംഗമാകുന്നതിനുള്ള പ്രത്യേക കൃപ ആർക്കു ലഭിക്കുമെന്നതിനെക്കുറിച്ചാണു്. ഇടവക രജിസ്റ്ററിൽ തന്റെ പേരില്ലെങ്കിലും

www.malankaralibrary.com

ഒരു മനുഷ്യനു രക്ഷ പ്രാപിക്കുവാൻ സാധിക്കും, പേരുണ്ടെങ്കിലും രക്ഷ പ്രാപിക്കാതിരിക്കയും ചെയ്യാം. സഭയിലെ പൂർണ്ണമായ അംഗത്വം ഒരു ബഹുമതിയും സഹായവുമാണ്. എന്നാൽ ഒരുവനു് ആ വിധമുള്ള പൂർണ്ണ അംഗത്വം ഉണ്ടോ ഇല്ലയോ എന്നതു നിത്യരക്ഷയെ സംബന്ധിച്ച പ്രശ്നമല്ല. അതിനാൽ വി. പൗലോസിൻെറ മേൽ പ്രസ്താവിച്ച കാര്യങ്ങൾ സ്വർഗ്ഗത്തിലേക്കും നരകത്തിലേക്കുമുള്ള മുൻ നിർണ്ണയമല്ലാ പ്രതിപാദിച്ചതു്. പക്ഷേ, അങ്ങനെയാണെന്ന് ദൈവശാസ്ത്രജ്ഞൻമാർ ചിന്തിച്ചു, തത്ഫലമായി പ്രശ്നം കൂടുതൽ സങ്കീർണ്ണമായി.

എന്നാൽ, ആധുനികകാലത്തു് വേദപുസ്തകപഠനം കൂടുതൽ പുരോഗമിച്ചിട്ടുണ്ടു്. അതിനാൽ വി. പൗലോസ് എന്തിനെക്കുറിച്ചാണു പ്രസ്താവിച്ചതെന്നു നമുക്കറിയാം. തന്മൂലം യോഗ്യതകൾ പരിഗണിക്കാതെ ദൈവം മുൻകൂട്ടി നിശ്ചയിക്കുന്നുവെന്ന അപ്പോസ്തലൻെറ പ്രസ്താവന നാം ചർച്ച ചെയ്യുന്ന ചോദ്യത്തിനു ബാധകമല്ല. എന്നിരുന്നാലും ഈ ചോദ്യത്തിൻെറ ഉത്തരമെന്താണെന്നു കാണുവാൻ നാം ആഗ്രഹിക്കുന്നു.

പഴയ തെററുകൾ കൂടാതെ വേദപുസ്തകത്തെ നാം സമീപിക്കുകയും ഒരു പിതാവിൻെറ സാദൃശ്യം ഗഹനമായും സൂക്ഷ്മമായി അന്വേഷിക്കുകയും ചെയ്താൽ, "ഒരു നല്ല പിതാവ് യാതൊരുത്തനെയും നരകത്തിനു ശിക്ഷിക്കുകയില്ല" എന്ന രീതിയിൽ വികാരത്തോടെ കരുതാതിരിക്കുകയും ചെയ്താൽ, കഴിഞ്ഞുപോയ നൂററാണ്ടുകളിൽ അന്വേഷിച്ചിട്ടും ലഭിക്കാതിരുന്ന ഉത്തരം നാം കണ്ടെത്തും.

ഒരുവൻെറ ജീവിതം പരിഗണിക്കാതെ ഒരുവനെ സ്വർഗ്ഗഭാഗ്യത്തിലേക്കു ദൈവം മുൻകൂട്ടി നിശ്ചയിക്കുന്നു, അതുപോലെ അവനെ നിത്യനരകത്തിലേക്കും അവിടുന്നു മുൻകൂട്ടി നിശ്ചയിക്കുന്നു എന്ന ആ പഴയ പല്ലവി നാം ഉപേക്ഷിക്കുക. നിത്യസൗഭാഗ്യത്തിലേക്കും നിത്യശിക്ഷയിലേക്കും വ്യത്യസ്തരീതിയിലുള്ള തീരുമാനം സാധ്യമാണ്. ഇതെങ്ങനെയെന്നു നമുക്കു നോക്കാം. അതിനു മുൻപു് ചില കാര്യങ്ങൾ പരിഗണിക്കേണ്ടതുണ്ടു്.

www.malankaralibrary.com

"എല്ലാവരും രക്ഷിക്കപ്പെടണം" എന്നാണു ദൈവത്തിന്റെ ആഗ്രഹമെന്ന് 1 തിമോത്തി 2: 4-ൽ നാം വായിക്കുന്നു. ഒരുവനെ ഒരുവന്റെ ജീവിതത്തിലെ അയോഗ്യതകൾ നോക്കാതെതന്നെ ദൈവത്തിനു ശിക്ഷിക്കാമെന്ന പഴയ ദൈവശാസ്ത്രജ്ഞന്മാരുടെ നിഗമനം പോലെ അഞ്ചാമൻ മാർപ്പാപ്പാ സ്വീകരിച്ചില്ല. ദൈവം അപ്രകാരം ചെയ്യുന്നുവെങ്കിൽ "എല്ലാ മനുഷ്യരും രക്ഷപെടാൻ ഞാൻ ആഗ്രഹിക്കുന്നു" എന്നവിടുത്തേക്കു പറയുക സാധ്യമല്ല. അങ്ങനെയാണെങ്കിൽ അവിടുന്നു സ്വന്തം ഇച്ഛയ്ക്കു വിരുദ്ധമായി പ്രവർത്തിക്കുകയാണു്. അതു അവിടുത്തേക്കു സാധ്യമേ അല്ല.

അതിനാൽ, അയോഗ്യതകൾ നോക്കാതെ ശിക്ഷയേയില്ല. ഇതു ഉത്തരത്തിന്റെ ഒരു സുപ്രധാന ഭാഗമാണു്.

മുമ്പു നാം കണ്ട മററു പല കാര്യങ്ങൾ പരിഗണിക്കുമ്പോൾ ഇക്കാര്യം സ്പഷ്ടമാണു്. പ്രസാദവരങ്ങളുടെ അനന്തമായ ഭണ്ഡാഗാരത്തിലേക്കു അനന്തതയുള്ള വസ്തുനിഷ്ഠമായ അവകാശം നമുക്കു നല്കുകയും അതേസമയം തന്നെ യാതൊരു കാരണവുമില്ലാതെ അവ നമുക്കു നിരസിക്കുകയും ചെയ്യുകയെന്നത് ദൈവത്തിനു സാധ്യമല്ല. (ഒൻപതാം അധ്യായം നോക്കുക) കൂടാതെ ക്രിസ്തുവിൽ ഒരു മാനുഷികഹൃദയം ദൈവത്തിനുണ്ടെന്നുള്ളതും നമുക്കറിയാം. യാതൊരു മാനുഷികഹൃദയവും ആ വിധത്തിൽ പ്രവർത്തിക്കുകയില്ല. മറിയം എല്ലാ മനുഷ്യരുടെയും മാതാവാക്കപ്പെടുകയും എല്ലാ അനുഗ്രഹങ്ങളും അവൾവഴി വിതരണം ചെയ്യപ്പെടുന്നുവെന്നും നാം കണ്ടതാണു്. യാതൊന്നും പരിഗണിക്കാതെ നിത്യശിക്ഷയിലേക്കു മുൻകൂട്ടിയുള്ള നിശ്ചയം അവളുടെ മാതൃത്വത്തിനു ചേരുന്നതുമല്ല.

ദൈവം നമ്മുടെ പിതാവാണെന്ന കാര്യവും നമ്മുടെ ഉത്തരത്തിനു സഹായകമാണ്. വി. പൗലോസ് റോമാക്കാർക്കെഴുതിയ എട്ടാമധ്യായം 17-ാം വാക്യം. "നാം മക്കളെങ്കിൽ അവകാശികളുമാണ്, ദൈവത്തിന്റെ അവകാശികളും ക്രിസ്തുവിന്റെ കൂട്ടവകാശികളും" മക്കൾക്കു പിതാവിന്റെ

www.malankaralibrary.com

അവകാശം ലഭിക്കുമ്പോഠം ആ അവകാശം അവർ നേടുന്നതല്ല. അതു പിതാവിന്റെ നന്മമൂലം ഉളവാകുന്നതാണു്. അതുപോലെ വി. പൗലോസ് റോമാക്കാർക്കെഴുതിയ ലേഖനം 3: 24-ൽ നാം വായിക്കുന്നു: "നാം അവിടുത്തെ കൃപയാൽ യേശുക്രിസ്തുവഴിയുള്ള വീണ്ടെടുപ്പിലൂടെ സൗജന്യമായി നീതികരിക്കപ്പെടുന്നു." അതായതു് നാം ദൈവവുമായി രമ്യപ്പെടുത്തപ്പെട്ടു, അതിനാൽ അവിടുത്തെ പക്കൽനിന്നു സൗജന്യമായി അവകാശം ലഭിക്കുന്നവരാക്കപ്പെട്ടു, നാം അതു നേടിയതല്ല. നമുക്കുവേണ്ടി യേശു അതു നേടി, നാം നേടിയില്ല. അതു ഒരു സൗജന്യദാനമായി നമുക്കു ലഭിക്കുന്നു.

അങ്ങനെ ഉത്തരത്തിന്റെ രണ്ടാം ഭാഗം നാം കാണുന്നു. നമ്മെ പിതാവിന്റെ ഭവനത്തിലേക്കയയ്ക്കാനുള്ള തീരുമാനം, മുൻകൂട്ടിയുള്ള നിശ്ചയം, നമ്മുടെ യോഗ്യതകളെക്കുറിച്ചുള്ള പരിഗണനന കൂടാതെയാണ്, നാം അതു നേടുന്നതേയല്ല.

അപ്പോഠം നാം മുൻപു പ്രസ്താവിച്ച കാര്യങ്ങഠം കൂട്ടിച്ചേർക്കുമ്പോഠം ഇതാണുത്തരം.

സ്വർഗ്ഗത്തിലേക്കു മുൻകൂട്ടിയുള്ള നിശ്ചയം യോഗ്യതകളുടെ പരിഗണനയില്ലാതെയാണ്.

അയോഗ്യതകഠം പരിഗണിക്കുന്നതുനിമിത്തമാണ് ശിക്ഷാവിധിയിലേക്കുള്ള നിശ്ചയം.

ഈ രണ്ടു നിഗമനങ്ങളും നമുക്കു സ്വീകരിക്കാമോ? നാം സ്വീകരിച്ചേ ഒക്കുകയുള്ളു. കാരണം, അവ അനിവാര്യമാണ്. ഓരോന്നും നാം കണ്ട വേദപുസ്തകഭാഗങ്ങളിൽനിന്നു ഉരുത്തിരിയുന്നവയാണു്. അതിനാൽ പ്രശ്നം നാം അനാവരണം ചെയ്യേണ്ടതുണ്ടു്- അതെങ്ങനെ സാധിക്കുമെന്നു നമുക്ക് അറിഞ്ഞുകൂടെങ്കിലും നമ്മുടെ നിഗമനങ്ങഠം ശരിയാണെന്നുള്ള വസ്തുതയിൽ നാം എത്തിച്ചേരുന്നു. ഒരു വസ്തുത അറിയുന്നതും അതെങ്ങനെ സംഭവിക്കുന്നുവെന്നറിയുന്നതും രണ്ടാണു്.

www.malankaralibrary.com

നാം വളരെയധികം ചർച്ച ചെയ്ത പിതാവെന്ന ആശയം ഈ പ്രശ്നത്തെ നേരിടുവാൻ നമുക്കു സഹായകമാണ്. ഒരു സാധാരണ ഭവനത്തിലെ നല്ലവനായ പിതാവിനെക്കുറിച്ച് (മാതാവിനെക്കുറിച്ചും) നാം ചിന്തിച്ചുതുടങ്ങുന്നു. തന്റെ മക്കളെല്ലാവരും നല്ല നിലയിലാകണമെന്നതാണ് മക്കളോടുള്ള അയാളുടെ അടിസ്ഥാനമനോഭാവം. അതു പ്രത്യേകം പറയേണ്ടതില്ലല്ലോ. ഇനിയും ഒരു മകന്റെ കാര്യം; അവൻ പറയുന്നുവെന്നുകരുതുക. "ഞാൻ ചെയ്യേണ്ടതു എനിക്കറിയാം. എന്റെ അപ്പൻ എന്നെ സംരക്ഷിക്കുന്നതിനും എനിക്കാവശ്യമുള്ളവ നൽകേണ്ടതിനും ഞാൻ ഇന്ന വീട്ടുജോലികൾ ചെയ്യേണ്ടതുണ്ടു്". ഈ ചിന്ത തന്നെ മോശമാണ്, മണ്ടത്തരമാണ്. മാന്യനായ ഒരു സാധാരണ പിതാവുപോലും തന്റെ മക്കളെ സംരക്ഷിക്കുന്നതു അവർ നല്ലവരായതുകൊണ്ടല്ലാ, പ്രത്യുത അയാൾ നല്ലവനായതുകൊണ്ടാണ്. പക്ഷേ, മററൊരു കാര്യം പരിഗണനീയമാണ്. ഒരു മകനു തന്റെ മാതാപിതാക്കളുടെ അടിസ്ഥാനപരമായ സ്നേഹം നേടിയെടുക്കുക സാദ്ധ്യമല്ലെങ്കിലും അതിന്റെ ആവശ്യമില്ലെങ്കിലും അവൻ ചീത്തയാണെങ്കിൽ ശിക്ഷ നേടാൻ കഴിയും. അവൻ തുടർച്ചയായി മോശമായ രീതിയിൽ ജീവിക്കുന്നപക്ഷം പിതൃസ്വത്ത് അവനു ലഭിക്കാതിരിക്കാം, തന്റെ ഭവനത്തിൽനിന്നു അവനെ പിതാവിനു പുറത്താക്കാം. ഇങ്ങനെ സംഭവിക്കുന്നുമുണ്ടല്ലോ. വി. പൗലോസ് റോമാക്കാർക്കെഴുതിയ ലേഖനം 6-ാം അധ്യായം 23-ാം വാക്യം കൂടി നോക്കുക.

സ്വർഗ്ഗസ്ഥനായ നമ്മുടെ പിതാവിന്റെ മനോഭാവം നാം മുമ്പുകണ്ട ലൗകിക പിതാവിന്റേതിനോടു സമാന്തരമായതാണ്. അവിടുത്തെ മനോഭാവം 1 തിമോ. 2: 4-ൽ കാണാം. എല്ലാവരും രക്ഷിക്കപ്പെടണമെന്നും എല്ലാവരും നല്ലവരാകണമെന്നും അവിടുന്നാഗ്രഹിക്കുന്നു. മാനുഷികരീതിയിൽ നോക്കിയാൽ ഇങ്ങനെ പറയാം. തന്റെ പ്രസാദവരങ്ങളെ തടുത്തു നിൽക്കുന്നവർ ആരാണെന്നു കാണുവാൻ അവിടുന്നു മുന്നോട്ടു നോക്കുന്നു. ഒരാൾ അവനുലഭിക്കുന്ന പ്രസാദവരങ്ങൾ വളരെയധികം തടുക്കുമ്പോൾ, അവനെ

www.malankaralibrary.com

രക്ഷിക്കുക സാധ്യമല്ലെന്നു അവിടുന്നറിയുന്നു. കാരണം, രക്ഷയുടെ അനുപേക്ഷണീയമാർഗ്ഗം പ്രസാദവരത്തിലായിരിക്കുകയാണ്. അയാരം അതുപേക്ഷിച്ചാൽ അയാളെ രക്ഷിക്കുന്ന ഏക മാർഗ്ഗം അയാരം ഉപേക്ഷിക്കുകയാണ്. അപ്പോരം വൈമനസ്യപൂർവ്വമാണെങ്കിലും അയാളെ ശിക്ഷിക്കണമെന്നു പിതാവ് നിശ്ചയിക്കുന്നു. എന്നാൽ അവിടുന്നു അങ്ങനെ ചെയ്യുന്നതു പ്രസാദവരത്തോടുള്ള മറുത്തുനില്പിൽനിന്നുള്ള അയോഗ്യതകരം മൂലം മാത്രമാണ്.

ഇപ്രകാരമുള്ള ചെറുത്തുനില്പ് ഇല്ലാത്തവരായി പിതാവ് കാണുന്നവരുടെ കാര്യം? സ്വർഗ്ഗത്തിലേക്കു മുൻനിർണ്ണയം ചെയ്യപ്പെട്ടവരെ സംരക്ഷിക്കുവാൻ അവിടുന്നു തീരുമാനിക്കുന്നു. എന്തുകൊണ്ട്? അവരിൽ യോഗ്യതകരം അവിടുന്നു കാണുന്നതുകൊണ്ടല്ല. ഇവിടെ യോഗ്യതകളുടെ പ്രശ്നമേയില്ല. നാശകരമായ ചെറുത്തുനില്പിന്റെ അഭാവവുമല്ല. അല്ല, കേവലകാരണം ഇതാണ്. ആരംഭം മുതലേ എല്ലാവരേയും രക്ഷിക്കുവാൻ അവിടുന്നാഗ്രഹിച്ചു. (1 തിമോ 2: 4) ഇവർ അവിടുത്തേക്കു പ്രതിബന്ധം ഉളവാക്കുന്നില്ല.

അപ്പോരം, കുഴഞ്ഞുമറിഞ്ഞ ആ പഴയ പ്രശ്നത്തിനു പിതാവെന്ന ആശയത്തിന്റെ പ്രതിപാദനരീതി എങ്ങനെ ഉത്തരം നല്കാമെന്നു് കാണിക്കുന്നു. സ്വർഗ്ഗത്തിലേക്കുള്ള മുൻനിർണ്ണയം യോഗ്യതകളുടെ പരിഗണനന കൂടാതെയാണു്, നരകത്തിലേക്കുള്ള ശിക്ഷ അയോഗ്യതകളെ ആശ്രയിച്ചാണിരിക്കുന്നതു്—എന്നതാണ് നാം ഗ്രഹിക്കുന്നതു്.

നരകത്തിലേക്കുള്ള മുൻനിർണ്ണയത്തിനു എത്രമാത്രം ചെറുത്തുനില്പ്പ് ആവശ്യമാണെന്നു നാം വ്യക്തമായി പ്രസ്താവിച്ചില്ലല്ലോ. ഇപ്പോരം നമുക്കതു പരിശോധിക്കാം. പുതിയ ഉടമ്പടിയെക്കുറിച്ചു ചിന്തിച്ചപ്പോരം, പ്രസാദവരത്തിന്റെയും ക്ഷമയുടെയും അനന്തമായ ഒരു ഭണ്ഡാഗാരത്തിനുള്ള അനന്തമായ ഒരവകാശം ഓരോ വ്യക്തിക്കുംവേണ്ടി ക്രിസ്തു സ്ഥാപിച്ചു എന്നു നാം കണ്ടതാണു്. അതിനാൽ അവയെ നമ്മുടെ ഭാഗത്തുനിന്നു് ഇല്ലാ

www.malankaralibrary.com

താക്കുന്ന അത്രയുമായിരിക്കണം ആ ചെറുത്തുനില്പ്പ്; അതിനർത്ഥം അതു ഒരേസമയംതന്നെ ഗൗരവമുള്ളതും നിലനില്ക്കുന്നതുമായിരിക്കണമെന്നതാണു്.

അതു എത്രമാത്രം ഗൗരവമുള്ളതും നിലനിൽക്കുന്നതുമായിരിക്കണമെന്നു ഗ്രഹിക്കുവാൻ ഈ ചർച്ചയുടെ ആരംഭത്തിൽ നാം ഉന്നയിച്ച ഒരു പ്രശ്നത്തിലേക്കു നാം മടങ്ങുകയാണ്. ഒരുവനെ ദൈവം അവൻെറ ആദ്യമാരകപാപം നിമിത്തം നരകത്തിലേക്കുവിടുമോ? അനന്തമായ ഒരവകാശം അവനുള്ളതിനാൽ അതു അസാധ്യമാണെന്നു തോന്നാം. അവൻ പറഞ്ഞേക്കാം "പാപഭരിതമായ ഒരു ദീർഘജീവിതം എനിക്കു സാധ്യമാണ്. ഒടുവിൽ ഞാൻ അതിൽനിന്നു് മാറണമെന്നു മാത്രം." ആ ചിന്ത ശരിയാകാൻ നിവൃത്തിയില്ല. കാരണം നാം ജാഗരൂകരായിരുന്നു പ്രാർത്ഥിക്കണമെന്നു യേശു അരുളിച്ചെയ്തിട്ടുണ്ടു്. അതിനാൽ കൂടുതലായി നാം കണ്ടെത്തേണ്ട മറെറാന്നുണ്ടു്.

പ്രസാദവരത്തോടുള്ള ഗുരുതരവും നിലനിൽക്കുന്നതുമായ ചെറുത്തുനില്പ്പ് മുൻകൂട്ടിക്കണ്ടു് ദൈവം ഒരുവനെ നിത്യശിക്ഷയ്ക്കു വിധിക്കുമെന്നു നാം പറഞ്ഞുകഴിഞ്ഞു. (മുൻപ് നാം പ്രസ്താവിച്ചതുപോലെ അവിടുന്നു യാതൊന്നും മുൻകൂട്ടി കാണുന്നില്ല. എല്ലാം വർത്തമാനമായി അവിടുത്തെ പക്കൽ സന്നിഹിതമാണു്.) അതിനാൽ ഒരു മനുഷ്യൻ—അവനെ നാം തൽക്കാലം മാത്യുവെന്നു വിളിക്കുന്നു—തൻെറ ആദ്യത്തെ മാരകപാപം ചെയ്തെന്നു കരുതുക. അതു അവൻെറ മാരകപാപശൃംഖലയുടെ ആദ്യകണ്ണി മാത്രമാണെന്നു ദൈവത്തിനറിയാം. അതു ഗുരുതരമായതും നിലനിൽക്കുന്നതുമായ ചെറുത്തുനിൽപ്പിൽ എത്തുമെന്നും അവിടുത്തേക്കറിയാം. മാത്യു ശിക്ഷിക്കപ്പെടുമെന്നും അവിടുത്തേക്കറിയാം. "ഒരു മാരകപാപത്തിനു ശേഷം മാത്യുവിനെ ഈ ജീവിതത്തിൽനിന്നെടുക്കുക എന്നത് ഒരു ദയാപ്രവൃത്തിയാണ്. ഏതായാലും മാത്യു നഷ്ടപ്പെടാൻ പോകുകയാണു്, ഇപ്പോഴവനെ എടുത്താൽ അവൻെറ നാശം കുറവായിരിക്കും. രണ്ടാമതായി അവനെ നേരത്തെ എടുത്താൽ പല ആത്മാക്കൾക്കും അവൻ മൂലമു

www.malankaralibrary.com

ള്ള നാശസാദ്ധ്യത കുറവായിരിക്കും'' ഇങ്ങനെ ദൈവം തീരുമാനിക്കുമോ? എപ്പോഴും തീരുമാനിക്കുമോ, വല്ലപ്പോഴുമേ തീരുമാനിക്കുകയുള്ളോ-ഇവയൊന്നും നമുക്കറിഞ്ഞുകൂടാ. അതിനാൽ ഒരു മാരകപാപത്തിനുശേഷം ദൈവം അവനെ എടുക്കുന്നു, അവൻ നശിക്കുന്നു. ക്രിസ്തുവിൻെറ മുന്നറിയിപ്പുകൾ അവയുടെ പൂർണ്ണ വിലയിൽ നിലനിൽക്കുന്നു.

എന്നാൽ വീണ്ടും നമുക്കു ചോദിക്കാൻ കഴിയും: മാത്യുവിനുവേണ്ടി ദൈവം നൽകിയ അനന്തമെന്നുതന്നെ പറയാവുന്ന അവകാശത്തെ അധഃകരിക്കുന്നതാണോ അവൻെറ തുടർച്ചയായ ചെറുത്തുനില്പ്പ്? തീർച്ചയായും അങ്ങനെയാകരുതെന്നാണു ദൈവം ആഗ്രഹിക്കുന്നതു്. പക്ഷേ, മാത്യു ആവർത്തിക്കുന്ന പാപങ്ങൾക്കു അവൻെറ ഹൃദയം കഠിനമാക്കാൻ കഴിയും. അങ്ങനെ പ്രസാദവരം അവനു നൽകുന്ന ആദ്യകാര്യമായ നല്ല ചിന്ത കാണുന്നതിനോ, സ്വീകരിക്കുന്നതിനോ കഴിവില്ലാതെവരാം. (ഇതെങ്ങനെ സംഭവിക്കുമെന്നു നാം 19-ാം അധ്യായത്തിൽ പ്രതിപാദിക്കും) പ്രസാദവരം അതിൻെറ ആദ്യഫലംപോലും പുറപ്പെടുവിക്കുന്നില്ലെങ്കിൽ മററു ഫലങ്ങൾ പുറപ്പെടുവിക്കുകയില്ലല്ലോ. അതിനാൽ മാത്യു പ്രസാദവരരഹിതനായി കഴിയുന്നു. ഉവ്വു്, മാത്യുവിനു പ്രസാദവരത്തിനവകാശമുണ്ടു്. അതു നൽകുന്നതിനു ദൈവം ആഗ്രഹിക്കുന്നു. എന്നാൽ അയാൾ തൻെറ ഹൃദയം കൊട്ടിയടച്ചിരിക്കുകയാണ്, നിരാശാജനകമാം വിധം കൊട്ടിയടച്ചിരിക്കുകയാണു്. അതിനാൽ അവനു ദൈവം നൽകാനാഗ്രഹിക്കുന്നതു സ്വീകരിക്കാനാരംഭിക്കുവാൻപോലും അവനു കഴിയാതെപോകുന്നു.

അപ്പോൾ മാത്യുവിനു യാതൊരു പ്രതീക്ഷയ്ക്കും വഴിയില്ലേ? ഉവ്വ്, ഉണ്ടെന്നു കരുതാം. പ്രകൃതിയുടെ മണ്ഡലത്തിൽ അത്ഭുതകരമായ കാര്യങ്ങൾ,സ്വാഭാവിക ക്രമങ്ങൾക്കുമതീതമായി ദൈവം പ്രവർത്തിക്കുന്ന കാര്യങ്ങൾ, ഉള്ള പ്രകാരം ഒരു അത്ഭുതത്തിനു സമാനമായ പ്രസാദവരം ആധ്യാത്മികതലത്തിൽ അവനു നല്കുന്നതിനു ദൈവത്തിനു കഴിയും. എപ്പോഴും അവിടുന്നു അങ്ങനെ ചെയ്യു

www.malankaralibrary.com

ന്നില്ല. കാരണം, അപ്പോഠം അവിടുന്നു തൻെറ സാധാരണ ക്രമത്തിനു വിരുദ്ധമായി പ്രവർത്തിക്കുകയായിരിക്കും. അങ്ങനെ അവിടുന്നു ചെയ്യുന്നപക്ഷം ഒരുവനു് ഇപ്രകാരം പറയാൻ കഴിയും. "മിക്കപ്പോഴും ഈ നിയമങ്ങളെ അങ്ങ് മറികടക്കുന്നതിനാൽ എന്തിനാണ് ഈ നിയമങ്ങഠം സ്ഥാപിച്ചതു്." എന്നാൽ പ്രത്യേക സന്ദർഭങ്ങളിൽ അവിടുത്തേക്കങ്ങനെ പ്രവർത്തിക്കുവാൻ കഴിയും.

എപ്പോഴാണ് അവിടുന്നു ഇപ്രകാരം ചെയ്യുക? മിക്കവാറും അതു ഈ സന്ദർഭത്തിലായിരിക്കും. ഒരാഠം ധീരോചിതമായ സദ്ഗുണവും പാപപരിഹാരപ്രവൃത്തികളും മുഖേന വസ്തുനിഷ്ഠമായ ക്രമത്തിൻെറ തുലാസിൻെറ തട്ടിൽ ഘനമുള്ളവ ഇടുന്നു. (നാലാം അധ്യായം നോക്കുക) അപ്പോഠം അത്ഭുതത്തിനു സമാനമായ പ്രസാദവരം ദൈവം അവനു നൽകുന്നു. അങ്ങനെ അവനു രക്ഷപെടാൻ സാധിക്കും.

വ്യത്യസ്ത രീതിയിലുള്ള ഒരു മുൻനിർണ്ണയത്തെക്കുറിച്ചു്, അതായത് സഭയിലെ പൂർണ്ണ അംഗത്വത്തെക്കുറിച്ച് വി. പൗലോസ് പ്രസ്താവിച്ചിട്ടുള്ളതു ഈ അധ്യായത്തിൽ നാം കണ്ടു. ആ പ്രത്യേകാനുഗ്രഹം നൽകുന്നതിനു ദൈവം യോഗ്യതകഠം പരിഗണിക്കുന്നില്ലെന്നു വിശുദ്ധൻ പ്രസ്താവിച്ചിട്ടുണ്ടു്. ഇതിനെക്കുറിച്ചു് അൽപംകൂടി ചിന്തിക്കുക പ്രയോജനപ്രദമായിരിക്കും. ഈ കൃപ നൽകുന്നതിൻെറ കാരണം യോഗ്യതകളുടെ അഭാവവശമല്ലെന്നുമാത്രമേ വി. പൗലോസ് പ്രസ്താവിക്കുന്നുള്ളു. എന്നാൽ പ്രത്യക്ഷവരത്തിൽ ദൈവം നോക്കുന്ന കാരണങ്ങഠം ഏവ? ഇക്കാര്യത്തിൽ ചില വേദപുസ്തകസൂചനകഠം കാണാം.

ഒന്നാമത്തേത് വി. പൗലോസ് കോരിന്ത്യർക്കെഴുതിയ തൻെറ ഒന്നാം ലേഖനം ഒന്നാം അധ്യായം അവസാന ഭാഗത്ത് ഹൃദയസ്പർശിയായ ചില വാക്യങ്ങഠം രേഖപ്പെടുത്തിയിട്ടുണ്ട്. കോറിന്ത്യർ ഗർവ്വു കലർന്ന അഭിമാനബോധം വച്ചു പുലർത്തിയിരുന്നു. പ്രാദേശികസഭയിൽ തങ്ങഠം ഏതു പക്ഷത്താണെന്നു അവർ വീമ്പിളക്കിയിരുന്നു. ക്രിസ്ത്യാനികളായതിൽ അവർ മിക്കവാറും സ്വയം അഭിമാനം കൊണ്ടിരുന്നു.

www.malankaralibrary.com

ഈ അഹങ്കാരം വി. പൗലോസിനു അരോചകമായി. അതിനാൽ അവരുടെ ഗർവ്വം തകർക്കുന്നതിനു അദ്ദേഹം എഴുതി.

"സഹോദരരെ, നിങ്ങൾക്കു ലഭിച്ചിരിക്കുന്ന ദൈവവിളിയെപ്പററിത്തന്നെ ചിന്തിക്കുവിൻ. ലൗകികമാനദണ്ഡമനുസരിച്ചു് നിങ്ങളിൽ ബുദ്ധിമാന്മാർ അധികമില്ല; ശക്തരും കുലീനരും അധികമില്ല. എങ്കിലും വിജ്ഞാനികളെ ലജ്ജിപ്പിക്കാൻ ലോകദൃഷ്ടിയിൽ ഭോഷന്മാരായവരെ ദൈവം തെരഞ്ഞെടുത്തു. ശക്തമായവയെ ലജ്ജിപ്പിക്കാൻ ലോകദൃഷ്ടിയിൽ അശക്തമായവയെയും" (1 കോറി 1: 26-27)

മററു വാക്കിൽ: നിങ്ങളുടെ ദൈവവിളിയെക്കുറിച്ചു നിങ്ങൾ അഭിമാനിക്കുന്നു. എന്നാൽ, യഥാർത്ഥത്തിൽ ദൈവം നിങ്ങളെ സഭയിലേക്കു വിളിച്ചതു് നിങ്ങളുടെ യോഗ്യതകളൊന്നും കൊണ്ടല്ല. അവിടുന്നു ബലഹീനരെ, ഒന്നുമല്ലാത്തവരെ മനഃപൂർവ്വം തെരഞ്ഞെടുത്തു. അതാകട്ടെ, ഒരു മനുഷ്യനും ദൈവതിരുമുമ്പിൽ വീമ്പിളക്കുവാനൊക്കുകയില്ലെന്നും ശക്തി അവിടുത്തേതാണെന്നു കാണിക്കുന്നതിനും വേണ്ടിയാണു്.

അതിനാൽ, അങ്ങനെയുള്ളവർക്കുപോലും ആവശ്യമുള്ളതു നമ്മുടെ പിതാവ് നൽകുന്നുണ്ടു്. റോമാക്കാർക്കെഴുതിയ ലേഖനം 3-ാം അധ്യായം 9-ാം വാക്യത്തിൽ വി. പൗലോസ് ചോദിക്കുന്നു: "ദൈവം യഹൂദരുടെ മാത്രം ദൈവമാണോ?" അദ്ദേഹം അർത്ഥമാക്കുന്നതു ഇതാണു്: യഹൂദരല്ലാത്തവരുടെ രക്ഷയ്ക്കു ആവശ്യമായതു ചെയ്യുന്നില്ലെങ്കിൽ അവിടുന്നു അവരുടെ ദൈവമല്ലാതാകും. ഇതുപോലെതന്നെ, സഭയെക്കുറിച്ചു കേട്ടിട്ടില്ലാത്തവർക്കുപോലും സഭയുടെ ഒരംഗമാകാനുള്ള അത്യാവശ്യഘടകം അവിടുന്നു നൽകുന്നില്ലെങ്കിൽ അവിടുന്നു അവരുടെ ദൈവമല്ലായെന്ന നിലയിലാണു പ്രവർത്തിക്കുക. പക്ഷേ, അവിടുന്നു അവരുടെ ദൈവമാണു്. അവിടുന്നു സകലർക്കും വേണ്ടതു നല്കിയിട്ടുണ്ടു്.

www.malankaralibrary.com

വേദപുസ്തകത്തിലെ മററു ഭാഗങ്ങളും ഈ ചിത്രം തന്നെയാണ് കാണിക്കുന്നത്. ദൈവം എസക്കിയേലിനെ ഒരു പ്രവാചകനായി നിയോഗിച്ചപ്പോ൦ അവിടുന്നരുളി ച്ചെയ്തു: ''അന്യഭാഷയും ദുർഗ്രഹമായ ശൈലിയും ഉപ യോഗിക്കുന്ന ജനതകളുടെ അടുത്തേക്കല്ല ഞാൻ നിന്നെ അയ യ്ക്കുന്നത്. അങ്ങനെയുള്ളവരുടെ അടുത്തേക്കായിരുന്നു വെങ്കിൽ അവർ തീർച്ചയായും നിൻെറ വാക്കു ശ്രവിക്കുമാ യിരുന്നു. എന്നാൽ, ഇസ്രായേൽ ഭവനം നിൻെറ വാക്ക് കേ൦ക്കുകയില്ല. കാരണം, എൻെറ വാക്കു കേ൦ക്കുവാൻ അവർ തയ്യാറല്ല'' (എസ. 3: 5-7) വിജാതീയരെക്കാ൦ ദൈവ ത്തിൻെറ പ്രസാദവരങ്ങളെ ചെറുത്തുനിൽക്കാൻ ഇസ്രായേൽ തുടങ്ങിയിരുന്നുവെന്നു തോന്നുന്നു.

ഇതു യോനായുടെ ഗ്രന്ഥത്തിൽ കൂടുതൽ സ്പഷ്ട മാക്കുന്നുണ്ട്. വിജാതീയരുടെ നഗരമായ നിനുവേയിൽ പ്രസംഗിക്കുവാൻ അവൻ അയയ്ക്കപ്പെട്ടു. അവർ അവൻെറ വാക്കുക൦ കേ൦ക്കുകയും ചണവസ്ത്രവും ചാരവും ധരി ച്ച് പാപപരിഹാരപ്രവൃത്തിക൦ അനുഷ്ഠിക്കുകയും ചെയ്തു. എന്നാൽ, ദൈവത്തിൻെറ വിശുദ്ധ ജനതയുടെ പക്കലേക്കയച്ച പ്രവാചകന്മാർ എതിർപ്പു നേരിട്ടു, അല്ലെ ങ്കിൽ മരണമനുഭവിച്ചു.

നല്ല സമരിയാക്കാരൻെറ ഉപമയും നോക്കുക. മുറിവേ ററവനെ സഹായിക്കുവാൻ ഒരു പുരോഹിതനും ലേവായ ക്കാരനും സന്നദ്ധരാകുന്നില്ല. കരുണ കാണിക്കുന്നത് ദൈവജനത്തിൽപെട്ടവനല്ല, ഒരു സമരിയാക്കാരനാണ്. (ലൂക്കോ. 10: 30-37) വീണ്ടും നോക്കുക. യേശു പത്തു കുഷ്ഠരോഗികളെ സുഖപ്പെടുത്തി. പത്തിൽ ഒൻപതു പേർ നന്ദി പ്രകടിപ്പിക്കാൻ മടങ്ങിച്ചെന്നില്ല. അവർ ദൈവജന ത്തിൽ പെട്ടവരായിരുന്നു. മടങ്ങിച്ചെന്നവനാകട്ടെ, ഒരു സമ രിയാക്കാരനായിരുന്നു.

ഈ വേദപുസ്തകഭാഗങ്ങ൦ നൽകുന്ന സൂചന ഇതാ ണ്. പൊതുവേ പറഞ്ഞാൽ, പുറത്തുള്ളവരെക്കാ൦ ദൈവ കൃപയെ ചെറുത്തു നിൽക്കുന്നവർ ദൈവജനത്തിൽപെടുന്ന

www.malankaralibrary.com

വരാണ്. ഇവയെല്ലാം ദൈവികപ്രവർത്തനരീതിക്കു ചേർന്നതാണ്; അതായത് എല്ലാവരും രക്ഷ പ്രാപിക്കണമെന്ന് ദൈവം ഇച്ഛരിക്കുന്നു. അതിനുവേണ്ടി തൻെറ പുത്രനെ, തൻെറ ഏകജാതനെ കുരിശുവരെ, അനന്തതയ്ക്കുമപ്പുറം വരെ അയയ്ക്കാൻ തക്കവണ്ണം ആ ആഗ്രഹം അത്രമാത്രം ശക്തമായിരുന്നു.

നേരെ മറിച്ച് മാനുഷികമായ ചില പരിതസ്ഥിതികളിൽ, പ്രത്യേകിച്ച് മാനുഷികബലഹീനതമൂലം നല്ല വിശ്വാസത്തിൽ തന്നെ ദൈവജനത്തിൽ പൂർണ്ണഅംഗത്വം നേടാൻ പരാജയപ്പെടുന്ന ആളുകളുണ്ട്. ചിലർ സുവിശേഷം തങ്ങളുടെ നാട്ടിൽ പ്രസംഗിക്കപ്പെടുന്നതിനു മുൻപ് ജനിക്കുന്നവരാണ്. മററു ചിലർ കത്തോലിക്കാകുടുംബത്തിൽ വളരുന്നവരാണ്. ശിശുപ്രായം മുതൽ തങ്ങരം പഠിച്ചതാണു ശരിയെന്നു അവരിൽ മിക്കവരും വിശ്വസിക്കുന്നു. അതിനാൽ നല്ല വിശ്വാസത്തിൽ തന്നെ അവർ സഭാംഗങ്ങളാകുന്നില്ല.

ചരിത്രകാലം ആവിർഭവിക്കുന്നതിനു മുൻപു ദൈവം വലിയൊരു ചെക്കർ ബോർഡിൽ നോക്കുന്നതായി നമുക്കൊന്നു ഭാവന ചെയ്തുനോക്കാം. അതിന്മേൽ മൂന്നുവിധ ജീവിതരീതി അല്ലെങ്കിൽ മൂന്നുവിധ ചതുരങ്ങരം അവിടുന്നു കാണുന്നതായും ഭാവന ചെയ്യുക. ഒന്നാമത്തേത് ഒരാരം സഭയുടെ പൂർണ്ണഅംഗമാകുകയും വി. കുർബാനയുരംപ്പെടെ എല്ലാ കൂദാശകളും പ്രസാദവരത്തിനുള്ള മററു മാർഗ്ഗങ്ങളും ഉപയോഗിക്കുകയും ചെയ്യും എന്നതാണ്. രണ്ടാമത്തേതിൽ ചില കൂദാശകരം മാത്രമുള്ള സ്ഥാനങ്ങരം; അവിടെ എല്ലാമില്ല. പ്രത്യേകിച്ച് വി. കുർബാനയില്ല. അവയാണ് പ്രോട്ടസ്റ്റൻറ് സ്ഥാനങ്ങരം. മൂന്നാമത്തേത് യാതൊരു രീതിയിലുമുള്ള ക്രിസ്തുമതം എത്തിനോക്കാത്ത വിജാതീയ സ്ഥാനങ്ങരം.

ചിലർ പ്രസാദവരത്തോടു മററുള്ളവരെക്കാരം ചെറുത്തുനിൽക്കുന്നതും ദൈവം കാണുന്നു. ഏതു രീതിയിലുള്ള ചതുരം നൽകിയാലും ചിലർ ചെറുത്തുനിൽക്കുമെന്നും അങ്ങനെ രക്ഷ പ്രാപിക്കയില്ലെന്നും അവിടുന്ന് കാണുന്നു.

www.malankaralibrary.com

ഇങ്ങനെയുള്ളവർക്കു മൂന്നാമത്തെ സ്ഥാനമായിരിക്കും അവിടുന്നു നൽകുന്നതെന്നും നമുക്കു സങ്കല്പിച്ചുനോക്കാം. അപ്പോഠം മററുള്ളവർക്കു അവിടുന്നു രക്ഷയ്ക്കു കൂടുതൽ സാധ്യതയുള്ള ചതുരങ്ങഠം നൽകുന്നു. ഇങ്ങനെ ചെയ്യുന്നതുകൊണ്ട് ചുമതലകഠം വർദ്ധിക്കാതിരിക്കും. അങ്ങനെ നാശവും വർദ്ധിക്കാതിരിക്കും. പ്രസാദവരത്തോടു ചെറുത്തു നിൽക്കുന്ന മററുള്ളവരെയും അവിടുന്നു കാണും. അവരുടെ ചെറുത്തുനിൽപ്പ് ശക്തമായിരിക്കയില്ല. ഏതു തരത്തിലും അങ്ങനെയുള്ളവരുണ്ടാകാം. ഇങ്ങനെയുള്ളവർക്കു എല്ലാ സഹായവും ആവശ്യമാണ്. ആദ്യ ചതുരത്തിലുള്ളവർക്കു പ്രസാദവരത്തിനു വേണ്ടി നൽകുന്ന സഹായങ്ങഠം അവർക്കാവശ്യമാണ്. അല്ലെങ്കിൽ അവർ നഷ്ടപ്പെട്ടുപോകും. തീർച്ചയായും അവിടുന്നു അവരെ ഒന്നാം ചതുരത്തിലാക്കും. കൃപകളോടു ചെറുത്തുനിൽപ് വളരെ കുറച്ചുമാത്രം ഉള്ളവരുണ്ട്. അങ്ങനെയുള്ളവരെ അവിടുന്നു രണ്ടാമത്തേതോ മൂന്നാമത്തേതോ ആയ ചതുരത്തിലാക്കും.

നല്ല ചതുരങ്ങളിലാക്കിയിരിക്കുന്നവരെല്ലാവരും പ്രസാദവരത്തോടു കൂടുതൽ ചെറുത്തുനിൽപുള്ളവരല്ല. ചിലർ അങ്ങനെയുമുള്ളവരാകാം. ചിലരെ അവിടുന്ന് ആ ചതുരങ്ങളിലാക്കിയിരിക്കുന്നതു മററുള്ളവർക്കുവേണ്ടിയാണ്. മററ് ആത്മാക്കളുടെ നന്മക്കുവേണ്ടി എഴുതുന്നതിനോ പ്രസംഗിക്കുന്നതിനോ, വേറെ അപ്പസ്തോലിക പ്രവർത്തനങ്ങഠം നിർവഹിക്കുന്നതിനോ അവരെ ഉപകരണങ്ങളാക്കി ഉപയോഗിക്കുവാൻ അവിടുന്ന് ഉദ്ദേശിക്കുന്നു. നിഷ്കൃഷ്ടാർത്ഥത്തിൽ മനുഷ്യൻെറ സഹായം അവിടുത്തേക്കാവശ്യമില്ല. എങ്കിലും അങ്ങനെ ചെയ്യുന്നതിനു കാരണമുണ്ട്. നേരിട്ട് അത് അവിടുത്തേക്കു നിർവഹിക്കാം. പക്ഷേ, അപ്പോഠം അതു അത്ഭുതമാകും. അത്ഭുതങ്ങഠം അവിടുന്ന് തുടർച്ചയായി ചെയ്യുവാൻ പാടില്ല. അവിടുന്ന് സാധാരണക്രമങ്ങഠം നിശ്ചയിച്ചിട്ടുണ്ട്. അവയെ എപ്പോഴും ലംഘിക്കുക അവിടുത്തേക്ക് ഉചിതമല്ല. അതിനാലാണ് അത്ഭുതങ്ങഠം ഒഴിവാക്കി ഇങ്ങനെ ചെയ്യുന്നതിന് അവിടു

www.malankaralibrary.com

ന്ന് മനുഷ്യരെ ഉപയോഗിക്കുന്നത്. അപ്പോൾ അത്ഭുതത്തിന്റെ കാര്യം വരുന്നില്ല. എന്നാൽ, അവർ പ്രവർത്തിക്കുന്നതിനുള്ള പ്രചോദനം നൽകുക അവിടുത്തെ ആന്തരികമായ കൃപകളാണ്. മാറുള്ളവർ ആ പ്രവൃത്തികൾ നിമിത്തം നന്മകൾ നേടുന്നതും ഈ ആന്തരിക കൃപകളാലാണ്. ഇവയില്ലാതെ യാതൊന്നും സാധ്യമേയല്ല.

തീർച്ചയായും മററു രീതികളിലും അവിടുത്തേക്കു പ്രവർത്തിക്കാൻ കഴിയും.

യാതൊരുവനും നശിച്ചുപോകാത്ത രീതിയിൽ മുൻപ്രസ്താവിച്ച ഏതെങ്കിലും ചതുരം ഒരാൾക്കു നൽകുവാൻ അവിടുത്തേക്കു സാധിക്കും. ഒരുവനും നഷ്ടപ്പെട്ടുപോകരുതെന്നു നമ്മുടെ പിതാവ് തീവ്രമായി ആഗ്രഹിക്കുന്നതിനാൽ, അങ്ങനെയുള്ള ഒരു സംവിധാനം അവിടുന്നുളവാക്കുമെന്ന് നമുക്കുറപ്പിക്കാം. നാടകീയ രീതിയിൽ നാം ചിത്രീകരിച്ചതിൽ നിന്നു കൂടുതൽ നന്നായ രീതിയിൽ അവിടുത്തേക്കതു നിർവഹിക്കാം. ഊന്നിപ്രസ്താവിക്കുന്നതിനു ഞാനാഗ്രഹിക്കുന്ന കാര്യം ഇതാണ്: ഒരു നല്ല കുടുംബപിതാവിനെപ്പോലെ നമ്മുടെ പിതാവ് പ്രവർത്തിക്കുന്നു. ചില മക്കൾ രോഗികളായാൽ അവർക്കു കൂടുതൽ നല്ല പരിചരണം ലഭിക്കുന്നു. കാരണം, അത് അവർക്കാവശ്യമാണ്. ആരോഗ്യമുള്ളവർക്കു അവർക്കാവശ്യമായതും ലഭിക്കുന്നു.

നമ്മുടെ തലയിലെ രോമങ്ങൾ പോലും എണ്ണപ്പെട്ടിരിക്കുന്നു (മത്താ. 10: 30) എന്ന് അവിടുത്തെ പുത്രൻ പ്രസ്താവിച്ചപ്പോൾ പിതാവിനു നാം ഓരോരുത്തന്റെയും കാര്യത്തിൽ വ്യക്തിപരമായ പരിഗണനയുണ്ടെന്ന് അവിടുന്ന് വ്യക്തമാക്കുകയായിരുന്നു എന്നു നമുക്കു കാണുവാൻ കഴിയും. ഒന്നാമത്തെ ചതുരം ലഭിച്ചവർ അഭിമാനിക്കേണ്ടതില്ലെന്നും നമുക്കു കാണാം. നേരെമറിച്ച് അതുൾക്കൊള്ളുന്ന സൂചന ഇതാണ്: ഇങ്ങനെയുള്ള സഹായങ്ങളില്ലാതെ നാം രക്ഷിക്കപ്പെടുകയില്ല, പ്രസാദവരത്തോടു കൂടുതൽ ചെറുത്തുനിൽക്കുന്നവർ മനുഷ്യവർഗ്ഗത്തിൽ നാമാണ്.

www.malankaralibrary.com

മറെറാരു കാര്യം കൂടിയുണ്ട്. സഭയിലെ പൂർണ്ണ അംഗത്വത്തെക്കുറിച്ചു നാം പ്രസ്താവിച്ചിട്ടുണ്ട്. അപ്പോൾ പല തലങ്ങളിലുള്ള അംഗത്വമുണ്ടെന്നു വ്യക്തം. സഭയെക്കുറിച്ചുള്ള രണ്ടു പ്രസ്താവനകൾ താരതമ്യപ്പെടുത്തുമ്പോൾ ഇതു നമുക്കു കൂടുതൽ സ്പഷ്ടമാകും. സഭയ്ക്കു പുറമേ രക്ഷയില്ലായെന്ന അനേക പ്രസ്താവനകൾ, ഫ്ളോറൻസിൽ കൂടിയ സുന്നഹദോസിൻേറതുപോലും (1447) നമുക്കു ലഭിച്ചിട്ടുണ്ട്. അതേസമയം ഒൻപതാം പീയൂസ് മാർപ്പാപ്പാ പഠിപ്പിച്ചതു നോക്കുക: ദൈവം തൻെറ പരമമായ നന്മയിലും കരുണയിലും മനപൂർവ്വമായ തെററിൻെറ അശുദ്ധതയില്ലാത്ത യാതൊരുവനും നിത്യശിക്ഷയാൽ ശിക്ഷിക്കപ്പെടുന്നതിനു യാതൊരു രീതിയിലും അനുവദിക്കുന്നില്ല.'' രണ്ടാം വത്തിക്കാൻ സുന്നഹദോസ് ഇതിനോടു യോജിക്കുന്നു: സ്വന്തം കുററം നിമിത്തമല്ലാതെ ക്രിസ്തുവിൻെറ സുവിശേഷത്തെയും അവിടുത്തെ സഭയെയും അറിയാതിരിക്കുകയും, അതേ സമയം ശുദ്ധഹൃദയത്തോടെ ദൈവത്തെ അന്വേഷിക്കുകയും മനസ്സാക്ഷിയുടെ സ്വരത്തിലൂടെ പ്രകടമാക്കുന്ന ദൈവതിരുമനസ്സ് പ്രസാദവരത്തിൻെറ പ്രചോദനങ്ങൾക്കനുസൃതമായി നിറവേററാൻ പരിശ്രമിക്കുകയും ചെയ്യുന്നവർക്കും നിത്യരക്ഷ പ്രാപിക്കുവാൻ കഴിയും.''

ഇതിനെക്കുറിച്ച് സഭാപിതാക്കന്മാർ പഠിപ്പിച്ചിട്ടുള്ളത് ഈ ഗ്രന്ഥത്തിൻെറ അനുബന്ധത്തിലുണ്ട്. ചിലപ്പോൾ അവർ ഫ്ളോറൻസ് സൂനഹദോസിനപ്പോലെ സംസാരിക്കുന്നു. അതേസമയം തന്നെ അതേസഭാപിതാക്കന്മാർ തന്നെ ചിലപ്പോൾ സഭയിലെ അംഗത്വത്തെക്കുറിച്ച് വിശാലമായ രീതിയിൽ സംസാരിക്കുന്നതായും കാണാം. ഉദാഹരണമായി വി. അഗസ്തീനോസിൻെറ വാക്കുകൾ:

''ക്രിസ്തുമതമെന്ന് ഇപ്പോൾ വിളിക്കപ്പെടുന്നത് പുരാതനർക്കിടയിൽ സന്നിഹിതമായിരുന്നു. മനുഷ്യവർഗ്ഗത്തിൻെറ ആരംഭം മുതൽ തന്നെ അതു ഇല്ലാതിരുന്നില്ല. ക്രിസ്തു ശരീരമെടുത്തുവരുമ്പോഴും അതുണ്ടായിരുന്നു. അതിനുശേഷം മുമ്പു തന്നെ ഉണ്ടായിരുന്ന യഥാർത്ഥമതം ക്രിസ്തുമതമെന്നു വിളിക്കപ്പെടാനാരംഭിച്ചു.''

www.malankaralibrary.com

സഭയെന്നു ഒരിക്കലും കേട്ടിട്ടില്ലാത്തവർക്കുപോലും സഭയുടെ അംഗത്വത്തിനു ആവശ്യമായതു എങ്ങനെയോ നിറവേററാൻ കഴിയുമെന്ന വസ്തുത നമുക്കറിയാം. ആ എങ്ങനെയെന്നതിനെക്കുറിച്ചെന്ത്? വി. പൗലോസ് റോമാക്കാർക്കെഴുതിയ ലേഖനം രണ്ടാമധ്യായം 14 മുതൽ 16 വരെയുള്ള വാക്യങ്ങൾ ഇതു ഗ്രഹിക്കുവാൻ നമുക്കു സഹായം നൽകും. "നിയമം ലഭിച്ചിട്ടില്ലാത്ത വിജാതീയർ, നിയമം ആവശ്യപ്പെടുന്ന കാര്യങ്ങൾ സ്വാഭാവികമായിതന്നെ നിറവേററുമ്പോൾ, നിയമമില്ലെന്നിരിക്കിലും, അവർ തങ്ങൾക്കു തന്നെ ഒരു നിയമമാവുകയാണു ചെയ്യുന്നത്. നിയമത്തിൻെറ അനുശാസനം തങ്ങളുടെ ഹൃദയങ്ങളിൽ എഴുതപ്പെട്ടിരിക്കുന്നുവെന്ന് അവർ സ്പഷ്ടമാക്കുന്നു." അവർ തങ്ങളുടെ ഹൃദയങ്ങളിലുള്ള നിയമം അനുസരിക്കുകയോ അനുസരിക്കാതിരിക്കുകയോ ചെയ്യുന്ന വിധത്തിൽ ന്യായവിധി ദിവസം അവർ രക്ഷ പ്രാപിക്കുകയോ രക്ഷ പ്രാപിക്കാതിരിക്കുകയോ ചെയ്യുമെന്നും വി. പൗലോസ് രേഖപ്പെടുത്തുന്നുണ്ട്.

ഹൃദയങ്ങളിൽ എഴുതപ്പെട്ടിരിക്കുന്ന ഈ നിയമമെന്നതിനർത്ഥം ധാർമ്മികത എന്താണെന്ന് അവരെ അറിയിക്കുന്ന പരിശുദ്ധാത്മാവിൻെറ അഥവാ ക്രിസ്തുവിൻെറ ആത്മാവിൻെറ പ്രവർത്തനമാണ്. ആധുനികനരവംശശാസ്ത്രം ഇതുമായി യോജിക്കുന്നുണ്ട്. പ്രാകൃതമനുഷ്യർ പോലും ധാർമ്മികനിയമത്തെക്കുറിച്ച് ചിലപ്പോൾ വിദഗ്ധമായിത്തന്നെ, അറിവുള്ളവരാണ്.

അതിനാൽ, ഒരുവൻ അനുഗമിക്കുന്നതു എന്താണെന്നറിയാതെ തന്നെ ക്രിസ്തുവിൻെറ ആത്മാവിനെ അനുഗമിച്ചെന്നു വരാം. റോമാക്കാർക്കെഴുതിയ ലേഖനം 8-ാം അധ്യായം 9-ാം വാക്യത്തിൽ വി. പൗലോസ് പ്രസ്താവിക്കുന്നു: "ക്രിസ്തുവിൻെറ ആത്മാവില്ലാത്തവൻ ക്രിസ്തുവിനുള്ളവനല്ല" അതിനാൽ, ഒരുവന് ആ ആത്മാവുണ്ടായിരിക്കുകയും ആ ആത്മാവിനെ അനുഗമിക്കുകയും ചെയ്യുന്നവൻ ക്രിസ്തുവിനുള്ളവനാണ്. വി. പൗലോസിൻെറ ഭാഷയിൽ ക്രിസ്തുവിനുള്ളവനായിരിക്കുക എന്നത് ക്രിസ്തു

www.malankaralibrary.com

വിന്റെ അവയവമായിരിക്കുക എന്നുതന്നെയാണ്. ക്രിസ്തുവിന്റെ അവയവമായിരിക്കുക എന്നതിനർത്ഥം ക്രിസ്തുവിന്റെ സഭയുടെ അംഗമായിരിക്കുക എന്നുമാണ്. അതാകട്ടെ നാം മുൻപു പ്രസ്താവിച്ചിട്ടുള്ള സഭയുടെ പൂർണ്ണ അംഗത്വത്തിൽ നിന്ന് അല്പം താണതലത്തിലുള്ളതായിരിക്കാം. ആ വ്യക്തി ക്രിസ്തുവിനെക്കുറിച്ചു കേട്ടിട്ടുപോലുമില്ലായിരിക്കാം. എന്നിരുന്നാലും ക്രിസ്തുവിന്റെ ആത്മാവിനെ അനുഗമിക്കയെന്ന കാര്യം സഭയുടെ അംഗത്വത്തിനത്യാവശ്യമുള്ള കാര്യം നിർവഹിക്കുന്നുണ്ട്.

www.malankaralibrary.com

## നാം അവിടുത്തെ അവയവങ്ങളാണു്.

പന്ത്രണ്ടാം അധ്യായം നമുക്കൊരു പ്രശ്നം നൽകിയിട്ടുണ്ടു്. സഭയിലെ അംഗത്വത്തിന്റെ അർത്ഥം വളരെ വിശാലമായ ഒന്നാണെന്നു നാം കണ്ടു. സഭയെക്കുറിച്ചു കേരക്കുകപോലും ചെയ്യാതെയോ ദൃശ്യനിലയിൽ അതുമായി യോജിക്കാതെയോ ഒരാരംക്കു സാരവത്തായ നിലയിൽ സഭയുടെ അംഗമായിരിക്കാമെന്നു നാം കണ്ടു. തീർച്ചയായും ഇതു പൂർണ്ണമായ ഒന്നല്ല, പ്രത്യുത അപൂർണ്ണമായ അംഗത്വമാണ്. കാര്യം ഇങ്ങനെയാണെങ്കിൽ ദൃശ്യമായ നിലയിൽ സഭയുടെ അംഗമാകണം, പൂർണ്ണമായ അർത്ഥത്തിൽ അംഗമാകണം, എന്ന യഥാർത്ഥമായ ആവശ്യമുണ്ടോ? തീർച്ചയായും ആവശ്യമുണ്ടു്. ചുമതലതന്നെയുണ്ടു്. കാരണം പിതാവും നമ്മുടെ വീണ്ടെടുപ്പുകാരനായ, സഭയുടെ സ്ഥാപകനായ, അവിടുത്തെ പുത്രനും അങ്ങനെ ആഗ്രഹിക്കുന്നു. 1 തിമോ. 2: 4-ന്റെ പൂർണ്ണമായ അർത്ഥം ഇതാണ്: എല്ലാവരും രക്ഷിക്കപ്പെടണമെന്നും സത്യം അറിയണമെന്നുമാണ് അവിടുന്നാഗ്രഹിക്കുന്നത്'' അവിടുത്തെ സഭയുമായുള്ള ദൃശ്യമായ, വ്യക്തതയുള്ള കൂട്ടായ്മ സത്യം അറിയണമെന്നുള്ളതിൽ ഉരംപെട്ടിട്ടുണ്ട്.

ഇതു കൂടാതെയും കാര്യമുണ്ട്. വ്യക്തമായ നിലയിൽ, ദൃശ്യമായ നിലയിൽ, സഭയിലെ അംഗമാകാതിരിക്കുന്നെങ്കിൽപോലും, പന്ത്രണ്ടാം അധ്യായത്തിൽ നാം കണ്ട വ്യവസ്ഥകരം പാലിക്കുന്നെങ്കിൽ അങ്ങനെയുള്ളവർ ക്രിസ്തുവിന്റെ മൗതികശരീരമായ സഭയുടെ അവയവങ്ങളാണെന്നു പറയാമെങ്കിലും, മൗതികശരീരത്തെക്കുറിച്ചുള്ള തന്റെ ചാക്രികലേഖനത്തിൽ പന്ത്രണ്ടാം പീയൂസ് മാർപ്പാപ്പാ രേഖപ്പെടുത്തിയിട്ടുള്ളതു ശ്രദ്ധിക്കേണ്ടതുണ്ട്.

''സഭയുടെ ദൃശ്യമായ ബന്ധത്തിൽ ഉരംപ്പെടാത്തവർ.. അവരുടെ രക്ഷ സുരക്ഷിതമാക്കാൻ കഴിയാത്ത സ്ഥാനത്തു നിന്ന് പുറത്തു വരണം. കാരണം കത്തോലിക്കാസഭയിൽ

www.malankaralibrary.com

മാത്രം ആസ്വദിക്കാൻ കഴിയുന്ന നിരവധി സ്വർഗ്ഗീയദാന ങ്ങളും സഹായങ്ങളും അവർക്കു ലഭിക്കാതെപോകും.''

മാർപ്പാപ്പാ പ്രസ്താവിച്ച ഈ ദാനങ്ങളും സഹായങ്ങ ളും എന്താണ്? അദ്ദേഹത്തിൻെറ മനസ്സിൽ പ്രധാനമായി രണ്ടു കാര്യങ്ങളുണ്ടായിരുന്നു: കൂദാശകളും സഭയുടെ പ്ര ബോധനങ്ങളും.

കൂദാശകളെക്കുറിച്ച്: സഭതന്നെയും ഏററവും വലിയ കൂദാശയെന്ന് ചിലപ്പോഠ വിളിക്കപ്പെടുന്നുണ്ട്. കൂദാശ യെന്ന വാക്ക് നാം വിശാലമായ രീതിയിൽ ഉപയോഗിച്ചു പോന്നു. മതാത്മകവും രഹസ്യാത്മകവുമായ ഏതെങ്കി ലും കാര്യം സൂചിപ്പിക്കുന്നതിന് ആ വാക്കുപയോഗിച്ചു പോന്നു. അങ്ങനെ ഒരു നൂറുകാര്യങ്ങഠ സൂചിപ്പിക്കാൻ ആ വാക്ക് ഉപയോഗിച്ചിരുന്നു. അവസാനം പന്ത്രണ്ടാം നൂററാണ്ടിൽ ആ വാക്കിനു നിയതമായ, ക്ലിപ്തമായ, അർ ത്ഥം വേദശാസ്ത്രജ്ഞന്മാർ നൽകി. പ്രസാദവരം നൽ കുന്നതിനു ക്രിസ്തുവിനാൽ സ്ഥാപിക്കപ്പെട്ട വിശുദ്ധ മായ അടയാളം എന്നതിനു മാത്രമേ ആ വാക്കുപയോഗിക്കാ വുവെന്ന് വേദശാസ്ത്രജ്ഞൻമാർ പ്രഖ്യാപിച്ചു. അതി നാൽ ഏഴു കൂദാശകഠ മാത്രമേയുള്ളുവെന്ന് ട്രെൻറ് സൂന ഹദോസിനു നിർവചിക്കുവാൻ കഴിഞ്ഞു. അതിനാൽ നൂററാ ണ്ടുകളിൽ കൂടി ആ വാക്കിനുണ്ടായ നിയതമായ അർത്ഥം നാം വിസ്മരിക്കാതിരിക്കുക, എന്നിരുന്നാലും പ്രസാദവ രത്തിൻെറ വലിയ സ്രോതസ്സ് സഭയായതിനാൽ വളരെ വി ശാലമായ അർത്ഥത്തിൽ ഏററം വലിയ കൂദാശ സഭയാണ്.

പന്ത്രണ്ടാം പീയൂസ് മാർപ്പാപ്പാ പ്രസ്താവിക്കുന്ന സുരക്ഷിതത്വം മാമോദീസായോടുകൂടി ആരംഭിക്കുന്നു. പിതാവ് തന്നിൽ തന്നെ നന്മയാണ്, നമ്മോടു മാത്രം നന്മ യുള്ളവനായിരിക്കുകയല്ല, എന്ന വസ്തുതയിൽ അടിസ്ഥാ നപ്പെടുത്തി മാമോദീസാ മുഖേന ജന്മപാപത്തിൻെറയും മോചനം ഒരു സ്നേഹപ്രകരണം മൂലം ഒരുവനു ലഭിക്കു ന്നു. പക്ഷേ താൻ അതു നേടിക്കഴിഞ്ഞുവെന്ന് ഒരുവനു പറയുവാൻ കഴിയുമോ? ഇല്ല. എപ്പോഴും ഒരു ചോദ്യത്തി

www.malankaralibrary.com

നവസരമുണ്ട്. ശൈശവത്തിൽ പോലും ജന്മപാപമോചന ത്തിനും പ്രസാദവരസമ്പാദനത്തിനുമുള്ള മാർഗ്ഗം മാമോദീ സായാണ്.

ഇപ്രകാരമുള്ള ഒരു സ്നേഹപ്രകരണം വഴി പാപമോ ചനം ലഭിച്ചശേഷം സാധാരണമായി കാലികശിക്ഷയുടെ ഒരു കടം ബാക്കി നിൽക്കും. നാലാമധ്യായത്തിൽ നാം കണ്ട വസ്തുനിഷ്ഠമായ ക്രമത്തിൻെറ തുലാസിൻെറ തട്ടങ്ങൾ സമതുലിതമാക്കുവാനാണത്. എന്നാൽ,മാമോദീസാ അത്ഭു തകരമായ ഒരു ദാനം നൽകുന്നുണ്ട്. ജീവിതത്തിൽ ഒരിക്കൽ മാത്രം ലഭിക്കുന്ന ദാനം. എല്ലാ രീതിക്കുമുള്ള കടങ്ങൾ പൂർണ്ണമായി കൊടുത്തുതീർത്തതിനുശേഷം ഒരുവന് യാതൊന്നും എഴുതപ്പെടാത്ത ഒരു "ക്ലീൻ സ്ലേററ്" ലഭിക്കു ന്നതുപോലെയുള്ള ഒന്ന്.

അതുപോലെ തന്നെ, സ്നേഹപൂർവ്വകമായ ഉത്തമ മന സ്താപം വഴി ഒരുവനു കർമ്മപാപങ്ങൾ ക്ഷമിച്ചുകിട്ടും. എന്നാൽ, തീർച്ചയെന്ന പ്രശ്നം വീണ്ടും അവശേഷിക്കുന്നു. അതിനു കുമ്പസാരമെന്ന കൂദാശ സുരക്ഷിതത്വം നൽകുന്നു. കാരണം, കുമ്പസാരത്തിൽ അടിമമനസ്താപമായാലുംമതി. അടിമമനസ്താപം ഉത്തമമനസ്താപത്തിൻെറ താഴെയുള്ള തലത്തിലാണല്ലോ.

പിതാവിൻെറയും അവിടുത്തെ പുത്രൻെറയും തിരു ഹിതമനുസരിച്ച് മാമോദീസായും കുമ്പസാരവും ഉപയോ ഗിക്കുവാൻ നാം കടപ്പെട്ടവരാണ്.

ജീവിതസായാഹ്നത്തിൽ അന്ത്യലേപനം നടക്കുന്നു. ബോധരഹിതനാണെങ്കിലും ബോധരാഹിത്യം വരുന്നതിനു മുൻപ് അതു സ്വീകരിക്കാനാവശ്യമായ കുറഞ്ഞ മനോഭാവ മെങ്കിലുമുള്ളവനായിരിക്കയും ചെയ്താൽ, പാപത്തിൻെറ ക്ഷമയെന്ന ദാനം അത്ഭുതകരമായ ആ കൂദാശ വഴി ഒരുവ നു ലഭിക്കും.

വി. കുർബാനയിൽ ആന്തരികരീതിയിൽ പങ്കെടുക്കുന്ന തിനെക്കുറിച്ച് പതിനൊന്നാം അധ്യായത്തിൽ നാം സവി സ്തരം പ്രതിപാദിച്ചിട്ടുണ്ട്. ആ രീതിയിലുള്ള പങ്കു

www.malankaralibrary.com

ചേരൽ അരംത്താരമേലുള്ള ദൈവികബലിവസ്തുവുമായി നമ്മുടെ മനോഭാവങ്ങരം സംയോജിപ്പിക്കുന്നു. കാൽവരിയുടെ ഈ നവീകരണത്തോടും അവിടുത്തെ മാതാവിൻെറ പങ്കാളിത്വത്തോടും നാം അപ്പോരം നമ്മെതന്നെ സംയോജിപ്പിക്കുന്നു. ഇങ്ങനെ ചെയ്യുന്നതിനു വി. കുർബാന നമുക്കു ഉത്തേജനവും സന്ദർഭവും നൽകുന്നു. സഭയിലുള്ള പൂർണ്ണ അംഗത്വം നിമിത്തംമാത്രം ലഭിക്കാവുന്ന പ്രസാദവരം നേടുന്നതിനു വേറെ ബാഹ്യമാർഗ്ഗങ്ങളുണ്ട്. പക്ഷേ, തങ്ങളുടേതല്ലാത്ത തെററുമൂലം ഈ ബാഹ്യമാർഗ്ഗങ്ങളല്ലാത്തവരുടെ സ്ഥിതിയെന്ത്? നാം മുമ്പു പ്രസ്താവിച്ച സുരക്ഷിതത്വം അവർക്കില്ല. എന്നാൽ ഇവയോടു തുലനം ചെയ്യാവുന്ന കൃപകരം അവർക്കുണ്ടാകുവാനൊക്കുമോ? നമുക്കൊട്ടും അറിഞ്ഞുകൂടാ. എല്ലാവരും സത്യത്തിൻെറ പൂർണ്ണമായ അറിവിലേക്കും ഈ മഹത്തായ മാർഗ്ഗങ്ങളിലേക്കും വരണമെന്നതാണ് പിതാവിൻെറ തിരുഹിതം. എന്നിരുന്നാലും ഈ കാരണങ്ങളാൽ അവിടുന്ന് ബന്ധിതനല്ല. ഈ ബാഹ്യമാർഗ്ഗങ്ങരംക്ക് പുറത്തും തൻെറ സമൃദ്ധമായ അനുഗ്രഹങ്ങരം നൽകുന്നതിനു അവിടുന്നു സ്വതന്ത്രനാണ്. എന്തുമാത്രം നൽകുന്നുവെന്നത് അവിടുന്ന് വെളിപ്പെടുത്തിയിട്ടില്ല.

സോക്രട്ടീസിൻെറതുപോലെ പ്രത്യേകതയുള്ള ആത്മാക്കരം ഉണ്ടെന്നുള്ള വസ്തുത നാം അംഗീകരിക്കേണ്ടതുണ്ട്. രക്തസാക്ഷിയായ വി. ജസ്റ്റിൻ, സോക്രട്ടീസിനെ ഒരു ക്രിസ്ത്യാനിയായി കരുതിയിരുന്നു. കാരണം, വസ്തുത അറിയാതെ തന്നെ ആന്തരികമായി തനിക്കു വെളിപ്പെടുത്തപ്പെട്ട ദൈവവചനത്തെ, ലോഗോസിനെ, അദ്ദേഹം അനുഗമിച്ചിരുന്നു. വ്യക്തവും നീതിരഹിതവുമായ ഒരു ശിക്ഷയിൽ നിന്ന് ഒഴിഞ്ഞുമാറുവാനുള്ള അവസരം ലഭിച്ചപ്പോരം അതു നിരാകരിക്കത്തക്കവണ്ണം അത്രമാത്രം വലുതായിരുന്നു നീതിയോടുള്ള അദ്ദേഹത്തിൻെറ സമർപ്പണം. സത്യാന്വേഷി ഒരിക്കലും ശരീരത്തെക്കുറിച്ച് ആകുലപ്പെടേണ്ടതില്ലെന്ന് വീണ്ടും വീണ്ടും ദൃഢമായി പ്രസ്താവിക്കുവാൻ തക്കവണ്ണം അത്രമാത്രം വലുതായിരുന്നു സത്യത്തോടുള്ള അദ്ദേഹത്തിൻെറ തീക്ഷ്ണമായ മനോഭാവം. പത്തൊൻപതാം

www.malankaralibrary.com

അധ്യായത്തിൽ നാം വിവരിക്കുവാൻ പോകുന്ന തത്വങ്ങരം ക്കനുസൃതമായിരുന്നു അദ്ദേഹത്തിൻെറ മനോഭാവം. സ്വീകരിക്കുന്നതിനു നമുക്കുള്ള ഉത്സാഹത്തെക്കാരം നമുക്കു നൽകുന്നതിനു കൂടുതൽ ഉത്സാഹമുള്ള ദൈവം തൻെറ കൃപകളുടെ സ്വീകരണത്തിനു സോക്രട്ടീസിൽ കണ്ട സജ്ജീകൃത നിലയെ സ്വാഗതം ചെയ്യുകയില്ലെന്നു നമുക്കു കരുതാമോ?

ഈ കാര്യത്തെക്കുറിച്ച് രണ്ടാം വത്തിക്കാൻ സുന്നഹദോസ് പ്രസ്താവിക്കുന്നു: ക്രിസ്തു മഹത്വീകൃതനാകുന്നതിനു മുൻപുതന്നെ തീർച്ചയായും പരിശുദ്ധാരൂപി ലോകത്തിൽ പ്രവർത്തിച്ചിരുന്നു.'' ജോൺ പോരം രണ്ടാമൻ മാർപ്പാപ്പാ പരിശുദ്ധാരൂപിയെക്കുറിച്ചുള്ള തൻെറ ചാക്രികലേഖനത്തിൽ വി. ബേസിലിൻെറ ഈ വാചകം ഉദ്ധരിക്കുന്നുണ്ട്: ''സ്വീകരിക്കുവാൻ കഴിവുള്ള ഓരോരുത്തൻെറ പക്കലും അയാരം മാത്രമേയുള്ളുവെന്ന നിലയിൽ പരിശുദ്ധാരൂപി സന്നിഹിതനാണ്. എല്ലാവർക്കും അവിടുന്ന് പൂർണ്ണമായ അനുഗ്രഹം നൽകുന്നു.''

എന്നിരുന്നാലും സഭയിലുള്ള പൂർണ്ണഅംഗത്വം മുഖേന ലഭിക്കുന്ന മറെറാരു സുരക്ഷിതത്വമുണ്ട്—ദൈവികമായി സംരക്ഷിക്കപ്പെട്ട സഭയുടെ പ്രബോധനാധികാരത്തിൻെറ അമൂല്യമായ സഹായം. സോക്രട്ടീസ് തൻെറ വധത്തിൻെറ ഏതാനും മാസങ്ങരംക്കുമുമ്പ് സ്നേഹിതരുമായി നടത്തിയ സംവാദം ഫേദോ എന്ന പേരിൽ പ്ലേറേറാ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. അതിൽ മരണാനന്തരജീവിതത്തിൻെറ തെളിവുകരം സോക്രട്ടീസ് നിരത്തിവയ്ക്കുന്നുണ്ട്. അവ സ്നേഹിതർക്കും തനിക്കുതന്നെയും അനുകമ്പാപൂർവവും അതേസമയംതന്നെ ധൈര്യപൂർവകവുമായ നിലയിൽ വെളിപ്പെടുത്തുവാൻ അദ്ദേഹം പരിശ്രമുക്കുന്നു. ഇപ്രകാരമുള്ള പ്രയത്നങ്ങരം കഴിഞ്ഞപ്പോരം, സ്നേഹിതനായിരുന്ന സിമ്മിയാസ് പ്രസ്താവിച്ചതു അനശ്വരത്വം തെളിയിക്കുക വളരെയധികം പ്രയാസമുള്ള കാര്യമാണ്, ഏതെങ്കിലും ദൈവം അതു വെളിപ്പെടുത്തുമെന്ന് താൻ പ്രതീക്ഷിക്കുന്നു എന്നാണ്.

www.malankaralibrary.com

ഉവ്വ്, സത്യം നേടുന്നതിനുവേണ്ടി മഹാമനീഷികൾ പോരാടുന്നത് തത്വശാസ്ത്രചരിത്രം കാണിക്കുന്നുണ്ട്. അവരിൽ ചിലർ അതിൻെറ ഭൂരിഭാഗം നേടിയിട്ടുമുണ്ട്. എന്നാൽ വിജാതീയഗ്രീക്കുകാരിൽ ഏററം മഹാനായ അരിസ്റ്റോട്ടിൽ ചിലപ്പോൾ ഗണനീയമായ തെററുകൾ വരുത്തിയിട്ടുമുണ്ട്. ദൈവികമായ ഒരാവിഷ്കരണം സഭയ്ക്കു ലഭിച്ചിട്ടുണ്ട്. ശരിയായ രീതിയിൽ അതു നമുക്കു സഭ വ്യാഖ്യാനിച്ചുതരുമെന്ന് സഭാസ്ഥാപകൻ വാഗ്ദാനം ചെയ്തിട്ടുമുണ്ട്. ഏതെങ്കിലും ഒരാൾ കരുതുന്നതിലും വളരെ സമൃദ്ധമായ നിലയിൽ അതു സഭ നിർവഹിക്കുന്നുമുണ്ട്. വളരെ ചുരുക്കമായി മാത്രമേ പ്രബോധനകാര്യങ്ങൾ ദൃഢരീതിയിൽ സഭ നിർവചിച്ചുതന്നിട്ടുള്ളുവെന്നതു ശരിതന്നെ. രണ്ടാം വത്തിക്കാൻ സൂന്നഹദോസ് പ്രസ്താവിക്കുന്നു: "മെത്രാന്മാരിൽ ഓരോരുത്തർക്കും അപ്രമാദിത്വവരമില്ലെങ്കിലും അവർക്ക് ക്രിസ്തുവിൻെറ പഠനം അപ്രമാദമായി പ്രഖ്യാപിക്കാം. ലോകത്തിൻെറ നാനാഭാഗങ്ങളിലായി ചിതറിക്കിടക്കുന്നെന്നിരുന്നാലും തമ്മിൽ തമ്മിലും പത്രോസിൻെറ പിൻഗാമിയോടുമുള്ള ഐക്യം നിലനിൽക്കുന്നിടത്തോളം കാലം വിശ്വാസവും സന്മാർഗ്ഗവും സംബന്ധിച്ച് അവർ ആധികാരികമായി എന്തെങ്കിലും പഠിപ്പിക്കുമ്പോഴും നിർണ്ണായകമായി എന്തെങ്കിലും ഏകകണ്ഠേന അവതരിപ്പിക്കുമ്പോഴും ക്രിസ്തുവിൻെറ പ്രബോധനം അബദ്ധരഹിതമായാണവർ പ്രഘോഷിക്കുക." ലോകം മുഴുവനിലും സഭയുടെ അനുദിനപഠനം ഇതുതന്നെ; അതായത് വിശ്വാസത്തിൻെറ ഭാഗമായി അവർ വിശദീകരിച്ചുതരുമ്പോൾ അത് അപ്രമാദിത്വമുള്ളതാണ്.

ഇനിയും കൂടുതലായി: 1950-ൽ പന്ത്രണ്ടാം പീയൂസ് മാർപ്പാപ്പാ "ഹുമാനിജെനറിസ്" ("മനുഷ്യവർഗ്ഗത്തിൻെറ") എന്ന പേരിൽ ഒരു ചാക്രികലേഖനം പ്രസിദ്ധപ്പെടുത്തി. അതിൽ അദ്ദേഹം ചൂണ്ടിക്കാണിക്കുന്നു: "മാർപ്പാപ്പാമാർ ചാക്രികലേഖനങ്ങളിൽ തങ്ങളുടെ പ്രബോധനാധികാരത്തിൻെറ പരമശക്തി ഉപയോഗിക്കുന്നില്ലായെന്ന വാദം വച്ചുകൊണ്ട്, അതിനാൽതന്നെ ആ ചാക്രികലേഖനങ്ങൾക്കു

www.malankaralibrary.com

മനസ്സമ്മതം ആവശ്യമില്ലെന്നു കരുതാതിരിക്കുക. അതിലുള്ള കാര്യങ്ങറം സാധാരണ പ്രബോധനാധികാരത്താൽ പഠിപ്പിക്കുന്നവയാണ്. "നിങ്ങളെ കേറംക്കുന്നവൻ എന്നെ കേറംക്കുന്നു" (ലൂക്കോ. 10; 16) എന്ന് അവയെക്കുറിച്ച് പറയാവുന്നതാണ്." ദൈവശാസ്ത്രജ്ഞന്മാർ മുൻപ് പ്രസ്താവിച്ചിട്ടുള്ള കാര്യങ്ങളുടെ ഒരു വിധിതീർപ്പാണ് അവയെന്നും പിറ്റീട് അവയെക്കുറിച്ച് വാദപ്രതിവാദം പാടില്ലെന്നും ആ ചാക്രികലേഖനത്തിൽ മാർപ്പാപ്പാ രേഖപ്പെടുത്തിയിട്ടുണ്ട്. "നിങ്ങളെ കേറംക്കുന്നവൻ എന്നെ കേറംക്കുന്നു" എന്ന ക്രിസ്തുവിൻെറ വാഗ്ദാനം നമുക്കു സുരക്ഷിതത്വം നൽകുന്നു.

ഈ തലത്തിൽ നിന്ന് അല്പം താഴെയെങ്കിലും വിലയേറിയ ഒരുറപ്പ് രണ്ടാം വത്തിക്കാൻ സുന്നഹദോസ് നമുക്ക് നൽകുന്നു:

"ബുദ്ധിയുടെയും മനസ്സിൻെറയും മതാത്മകമായ ഈ വിധേയത്വം പ്രത്യേകവിധം പ്രകടമാക്കേണ്ടത് റോമാ മാർപ്പാപ്പയുടെ ഔദ്യോഗികമായ അധികാരത്തോടാണ്. ആധികാരികമായി സംസാരിക്കാത്ത സന്ദർഭങ്ങളിൽ പോലും അവിടുത്തെ പരമമായ പ്രബോധനാധികാരം ആദരപൂർവം അംഗീകരിക്കുകയും അവിടുത്തെ ആശയാഗ്രഹങ്ങറംവ്യക്തമാക്കപ്പെടുന്നതനുസരിച്ച് ആ തീരുമാനങ്ങറംക്കു വിധേയരാകയും ചെയ്യണം. ഈ വിഷയത്തിലുള്ള അവിടുത്തെ ആശയഗതികറം പ്രകടമാകുന്നതു മുഖ്യമായി പ്രമാണരേഖകളുടെ സ്വഭാവത്തിൽ നിന്നും ഒരേ പഠനങ്ങളെ കൂടെക്കൂടെ ആവർത്തിക്കുന്നതിൽ നിന്നും പ്രഭാഷണരീതിയിൽ നിന്നും ആണ്."

ഇതു വളരെ വിശാലമായ ഒരു പ്രഖ്യാപനമാണ്. ആ പ്രബോധനം പ്രബോധനാധികാരത്തിൻെറ ഉദ്ദേശത്തോടാശ്രയിച്ചാണ് സ്ഥിതിചെയ്യുന്നതെന്നു വരുന്നതിനാൽ പ്രത്യേകിച്ച് ആ പഠനത്തെക്കുറിച്ചുതന്നെ വീണ്ടുമുള്ള അവതരണമുണ്ടാകുമ്പോറം അതു രണ്ടാം തലത്തിലുള്ളതാണെന്നു നമുക്കു കാണാൻ കഴിയും. ചിലപ്പോറം അതിനു മൂന്നാം തലത്തിലുള്ള നിലയേ ഉണ്ടാകൂ. പന്ത്രണ്ടാം

www.malankaralibrary.com

പീയൂസ് മാർപ്പാപ്പായുടെ പഠനം നാം കണ്ടതാണല്ലോ. അതിൽ 'പ്രസ്താവിക്കുന്ന രീതി'യെക്കുറിച്ചുള്ള പരാമർശമുണ്ട്, ചിലപ്പോൾ മാർപ്പാപ്പാമാർ അത്രയധികം പോകാനുദ്ദേശിക്കുന്നുമില്ല. എന്നാലും അപ്രമാദിത്വമില്ലെങ്കിലും അവ നമുക്കു സഹായകമാണ്.

ഒരു താരതമ്യം നമുക്കു സഹായകമാകും. നാം ഭക്ഷണം കഴിക്കുവാനിരിക്കുന്നു. ഒരു പ്രത്യേക വിഭവം ഒരാൾ ചൂണ്ടിക്കാണിച്ചിട്ട്, അതു പാചകം ചെയ്തതിനു അടച്ചു വച്ചിരിക്കുന്ന തകരത്തിൽനിന്നുള്ളതാണോ? ശേഷം പരീക്ഷണശാലയിൽ പരിശോധിച്ചതാണോ-എന്നൊക്കെ അയാൾ ആരായുന്നു. ബൊട്ടൂളിസം (മാരകമായ വിഷാംശം പ്രത്യേകിച്ചു് ടിന്നിലടച്ച ഭക്ഷണത്തിനു സംഭവിക്കുന്ന വിഷം) ഉണ്ടോയെന്നു് അയാൾക്കറിയണം. പരീക്ഷണശാലയിൽ പരീക്ഷിച്ചതല്ലെന്നറിയുമ്പോൾ അയാളുടെ പ്രതികരണം: അപ്രമാദിത്വമില്ലാത്ത ഒരു ഉറപ്പിന്മേൽ ഞാൻ എൻെറ ജീവിതം പണയപ്പെടുത്തണമോ? മാനുഷിക കാര്യങ്ങൾ ഈ വിധമാണു്. അതിനാൽ വളരെ ചുരുക്കമായി മാത്രം സംഭവിക്കുന്ന ഈ വിഷപ്രശ്നം നാം സാധാരണയായി തള്ളിക്കളയുകയാണു പതിവ്. അപ്പോൾ ഹുമാനിജേനറിസിൽ മാർപ്പാപ്പാ പ്രസ്താവിച്ചതിൽനിന്നും താണതലത്തിലുള്ള പ്രബോധനം തീർച്ചയായും അപ്രമാദിത്വമുള്ളതല്ല. പാകം ചെയ്തശേഷം തകരത്തിലാക്കി വിൽക്കുന്ന ഭക്ഷണത്തിലുണ്ടാകുന്ന വിഷബാധയെക്കാൾ വളരെ വിരളമായി മാത്രമേ അങ്ങനെയുള്ള പ്രബോധനങ്ങളിൽ തെററു വരികയുള്ളു. അതിനാൽ, സുരക്ഷിതമായി സത്യം കണ്ടുപിടിക്കാൻ അവ നമുക്കു സഹായകമാകും.

സഭയെക്കൂടാതെ വേദപുസ്തകം അഥവാ ദൈവനിവേശിതഗ്രന്ഥസമുച്ചയം ഉണ്ടെന്നു യാതൊരുവനും ഉറപ്പു പറയാനൊക്കുകയില്ല. ഏതെല്ലാം ഗ്രന്ഥങ്ങളാണു ദൈവനിവേശിതമെന്നു കാണാനുള്ള മററുമാനദണ്ഡങ്ങൾ പരാജയപ്പെട്ടിട്ടുണ്ടു്. ഉദാഹരണമായി വിശ്വാസം മൂലമുള്ള നീതീകരണം ഒരു ഗ്രന്ഥം പഠിപ്പിക്കുന്നുവെങ്കിൽ അതു ദൈവനിവേശിതമാണെന്നുള്ളതാണ് ലൂഥറിൻെറ ധാരണ.

www.malankaralibrary.com

അതാണു മാനദണ്ഡമായിരുന്നതെന്നു ലൂഥർ തെളിയിച്ചിട്ടുമില്ല. കൂടാതെ അദ്ദേഹത്തിനോ എനിക്കോ അപ്രകാരമുള്ള ഒരു ഗ്രന്ഥം രചിക്കുവാൻ കഴിയും. അതു ദൈവനിവേശിതമാകുകയില്ല.

ഓരോരുത്തനും രക്ഷിക്കപ്പെടുക അയാളുടെ തനതായ പ്രവൃത്തിമൂലമല്ലെന്നും നാം ഗ്രഹിക്കേണ്ടതുണ്ടു്. സഭയ്ക്കു പുറത്തു രക്ഷയില്ലെന്നുള്ള പ്രബോധനം പന്ത്രണ്ടാം അധ്യായത്തിൽ നാം കണ്ടതിൻെറ അടിസ്ഥാന കാരണം ഇതാണ്. എല്ലാക്കാലത്തും ക്രിസ്തുവിൻെറ വ്യാപ്തിയാണ് സഭ. കാൽവരിയിൽവച്ച് അവിടുന്നു തൻെറ മാതാവിൻെറ സഹകരണത്തോടെ ഒരിക്കലായി എല്ലാ കൃപകളും ക്ഷമയും നമുക്കുവേണ്ടി നേടി. (വസ്തുനിഷ്ഠമായ വീണ്ടെടുപ്പ്) കാൽവരിയുടെ ഫലങ്ങളുടെ വിതരണത്തിൽ (ആത്മനിഷ്ഠമായ വീണ്ടെടുപ്പ്) അവിടുത്തെയും അവിടുത്തെ മാതാവിനെയും മാററി നിർത്തുക നമുക്കു സാധ്യമല്ല. അല്ല, അവിടുത്തെ അവയവങ്ങളായിട്ടാണ് നാം രക്ഷിക്കപ്പെടുന്നതു്.

വി. പൗലോസിൻെറ പ്രബോധനങ്ങൾ നാം ഒന്നിച്ചു ചേർത്താൽ (റോമാ: 3-55, കൊളോ 3:1) നാം രക്ഷിക്കപ്പെടുന്നതും പരിശുദ്ധരാക്കപ്പെടുന്നതും നാം ക്രിസ്തുവിൻെറ അവയവങ്ങളായിരിക്കുകയും അങ്ങനെ ആയിരിക്കുന്നിടത്തോളവും മാത്രമാണെന്നും അവിടുത്തോട് സദൃശരായിരിക്കുന്നിടത്തോളവും മാത്രമാണെന്നും അദ്ദേഹം പഠിപ്പിക്കുന്നതായികാണാം. നമുക്കെന്തെങ്കിലും 'യോഗ്യതകൾ' അതായതു ദൈവസഹായത്തിനോ സമ്മാനത്തിനൊ ഉള്ള അവകാശങ്ങളുണ്ടെങ്കിൽ, അവ വ്യക്തികളെന്ന നിലയ്ക്കല്ലൊ നമുക്കുള്ളതു്. നേരെമറിച്ച്, പുതിയ ഉടമ്പടിയിൽ യേശു സ്ഥാപിച്ച മഹത്തായ അവകാശത്തിൽ നാം ഭാഗഭാഗിത്വം വഹിക്കുകയാണു്. നാം അവിടുത്തെ അവയവങ്ങളാണ്, നാം മഹത്തായ ദൈവജനത്തിൻെറ ഭാഗമാണു്.

സഭ ക്രിസ്തുവിൻെറ മൗതിക (mystical) ശരീരമാണെന്ന ഈ പ്രബോധനം വളരെ സമ്പന്നമായ ഒന്നാണു്. വി. പൗലോസിൽനിന്നാണു് നമുക്കതു അടിസ്ഥാനപര

www.malankaralibrary.com

മായി ലഭിച്ചതു്. പന്ത്രണ്ടാം പീയൂസ് മാർപ്പാപ്പാ അതു വിസ്തൃതമാക്കി. രണ്ടാം വത്തിക്കാൻ സൂനഹദോസ് അതു കൂടുതലായി ഊന്നിപ്പറഞ്ഞു. "മൗതികം" എന്ന വാക്കു് വേദപുസ്തകത്തിലില്ല. എന്നാൽ, ഉപയോഗപ്രദവും ആവശ്യമുള്ളതുമായ ഒരു പദമാണതു്. കാരണം, ക്രിസ്തുവുമായുള്ള നമ്മുടെ ഐക്യം ഒരു സ്ഥൂല ശരീരത്തിന്റേതല്ല, സ്ഥൂലനിലയിൽ നാം അവിടുത്തെ ഭാഗങ്ങളല്ല. എന്നിരുന്നാലും ഒരു ധാർമ്മിക ശരീരത്തിന്റേതിനേക്കാൾ, ഉദാഹരണമായി ഒരു കോർപ്പറേഷനെക്കാൾ, ഉപരിയായതാണ് അവിടുത്തോടുള്ള നമ്മുടെ ഐക്യം. ഈ രീതിയിലുള്ള ഐക്യത്തോടു സമാനമായ മറെറാരു ഐക്യവും ഒരിടത്തുമില്ല. അതിനാലാണ് പ്രത്യേകനിലയിൽ അതു സുവ്യക്തമാക്കുന്നതിനു മൗതികം എന്ന പദം നാമുപയോഗിക്കുന്നതു്.

കോറിന്ത്യർക്കുള്ള ഒന്നാം ലേഖനത്തിലാണ് വി. പൗലോസ് ഈ ആശയം അവതരിപ്പിക്കാനാരംഭിക്കുന്നതു്. പ്രസ്തുത ലേഖനം 6: 15-ൽ കുത്തഴിഞ്ഞ ലൈംഗികതത്തിനെതിരായ ന്യായമായാണ് വിശുദ്ധൻ ആദ്യമതുപയോഗിക്കുന്നതു്. നിങ്ങളുടെ ശരീരങ്ങൾ ക്രിസ്തുവിന്റെ അവയവങ്ങൾ ആകുന്നു എന്നു് നിങ്ങൾ അറിയുന്നില്ലയോ? അതിനാൽ, ക്രിസ്തുവിന്റെ അവയവങ്ങളെടുത്തു് (എന്റെ ശരീരം)അതു വേശ്യയുടെ അവയവമാക്കുകയോ? (ഏക ശരീരമാകുന്ന രണ്ടുപേർ) ഒരുനാളും പാടില്ല". 1 കോറി 12-ാം അധ്യായം 12 മുതൽ 31 വരെയുള്ള വാകൃങ്ങളിൽ അദ്ദേഹം സുദീർഘമായ ഒരു താരതമ്യം നടത്തുന്നുണ്ടു്. ശരീരം ഒന്നേയുള്ളുവെങ്കിലും അതിനു വിവിധ അവയവങ്ങളുള്ളതുപോലെ, "ക്രിസ്തുവും അങ്ങനെയാണു്. നാമെല്ലാവരും ഒരേ ആത്മാവിൽ ഏക ശരീരമാകാൻ ജ്ഞാനസ്നാമേററു." അതായതു്, സഭയ്ക്കു വിവിധ അവയവങ്ങളുണ്ടു്. വിവിധ പ്രവർത്തനങ്ങൾക്കു അവയുടെ ആവശ്യമുണ്ടു്. താൻ കൈയ്യല്ലാത്തതിനാൽ ശരീരത്തിന്റെ ഭാഗമല്ലെന്നു പറയുവാൻ കാലിനു സാധിക്കുകയില്ല. അതുപോലെ തന്നെ മററവയവങ്ങളുടെ കാര്യവും. "നിങ്ങൾ ക്രിസ്തു

www.malankaralibrary.com

വിൻെറ ശരീരവും ഓരോരുത്തരും അതിലെ അവയവങ്ങളു മാണു്. ദൈവം സഭയിൽ ഒന്നാമതു അപ്പോസ്തലന്മാരെ യും രണ്ടാമതു പ്രവാചകന്മാരെയും മൂന്നാമതു പ്രബോധ കരെയും........"

നാം ക്രിസ്തുവിൻെറ അവയവങ്ങളാണെന്നതിൽ അവി ടുന്നു നമ്മുടെ ശിരസ്സാണെന്നതു് ഉൾക്കൊള്ളുന്നുണ്ടു്. വിശുദ്ധൻ കൊലേസ്യർക്കും എഫേസ്യർക്കും എഴുതിയ ലേഖനങ്ങളിൽ ഈ വസ്തുത മനോഹരമായ രീതിയിൽ പ്രതിപാദിച്ചിട്ടുണ്ട്. ഉദാഹരണമായി കൊലേസ്യർ 15-8-ൽ പറയുന്നു: "അവൻ സഭയാകുന്ന ശരീരത്തിൻെറ ശിര സ്സാണ്". ഒരു പുതിയ ശൈലി, (Pleroma) പൂർണ്ണത, കൊലേസ്യർ 2: 9-ൽ ദൃശ്യമാകുന്നു. "ദൈവത്വത്തിൻെറ പൂർണ്ണത മുഴുവൻ അവനിൽ മൂർത്തീഭവിച്ചിരിക്കുന്നു. എല്ലാ ആധിപത്യങ്ങളുടേയും അധികാരങ്ങളുടെയും ശിര സ്സായ അവനിലാണ് നിങ്ങളും പൂർണ്ണത പ്രാപിച്ചിരിക്കു ന്നതു്." അതിനാൽ, സഭ അവിടുത്തെ പക്കൽനിന്നും പൂർ ണ്ണത സ്വീകരിക്കുന്നു. അവിടുത്തെ പൂർണ്ണതയായി ഭവി ക്കുന്നു. "അവിടുന്നു എല്ലാ വസ്തുക്കളെയും അവൻെറ പാദങ്ങൾക്കു കീഴിലാക്കുകയും എല്ലാററിനും മുകളിൽ അ വനെ സഭയ്ക്കു തലവനായി നിയമിക്കുകയും ചെയ്തു. സഭ അവൻെറ ശരീരമാണ്. എല്ലാ വസ്തുക്കളിലും സക ലവും പൂർത്തിയാക്കുന്ന അവൻെറ പൂർണ്ണതയുമാണു്. (എഫേ 1: 22-23) 1 കോറിന്ത്യർക്കുള്ള ലേഖനത്തിൽ അവി ടുന്നു തൻെറ സഭയ്ക്കു നൽകുന്നതായി പറയുന്ന ദാനങ്ങൾ ആ പൂർണ്ണതയുടെ വികസനത്തിനാണ്, കാരണം, ദൈവം വൈവിധ്യമാർന്ന ദാനങ്ങൾ നൽകിയത് "വിശ്വാസത്തിൻെറ ഐക്യത്തിലും ദൈവപുത്രനെക്കുറിച്ചുള്ള പൂർണ്ണ ജ്ഞാ നത്തിലും എല്ലാവരും എത്തിച്ചേരുകയും ക്രിസ്തുവിൻെറ പരിപൂർണ്ണതയുടെ അളവനുസരിച്ചു് പക്വതയാർന്ന മനു ഷ്യരാവുകയും ചെയ്യുന്ന"തിനാണ്. (എഫേ. 4: 13) ഇ ങ്ങനെ ക്രിസ്തു എല്ലാവരുടേയും ശിരസ്സായിത്തീരുന്നു. (എഫേ 1: 10)

സ്വർഗ്ഗത്തിൽപ്പോലും നാം സഭയുടെ അംഗങ്ങളായിരി ക്കും. രണ്ടാം വത്തിക്കാൻ സൂനഹദോസ് പഠിപ്പിക്കുന്നു:

www.malankaralibrary.com

"സഭ അവളുടെ പൂർണ്ണത പ്രാപിക്കുന്നതു് സ്വർഗ്ഗീയ മഹത്വത്തിൽ മാത്രമായിരിക്കും."

പന്ത്രണ്ടാം അധ്യായത്തിൽ നാം കണ്ടതുപോലെ, ദൃശ്യസഭയോടു ബാഹ്യമായി ഒട്ടിച്ചേരാതെ, ഒരുവനു് സാരാംശമായി ക്രിസ്തുവിന്റെ അവയവമാകാം. അങ്ങനെ അവനു സഭയുടെ അവയവമാകാം. മററു വാക്കുകളിൽ പറഞ്ഞാൽ അവന് അപൂർണ്ണ അംഗത്വമുണ്ടാകാം. പക്ഷേ, പിതാവിന്റെ തിരുഹിതം എല്ലാവരും സത്യത്തിന്റെ അറിവിലേക്കു വരണമെന്നതാണു്. (1 തിമോ 2; 4) അവർക്കു പൂർണ്ണ അംഗത്വമുണ്ടാകാനും അതുമൂലം ക്രിസ്തുവിന്റെ ശരീരമായ സഭയുടെ സമ്പന്നമായ പൂർണ്ണതയിൽ അവർ മുഴുവനായി ഭാഗഭാക്കാകുന്നതിനുമാണതു്. യേശുവിന്റെയും മറിയത്തിന്റെയും സ്നേഹം ഇതിനു നമ്മെ ക്ഷണിക്കുന്നു. അതിനാലാണ് ഏക ഇടയനും ഏക തൊഴുത്തും ഉളവാകുവാൻ അവിടുന്നു പ്രാർത്ഥിച്ചതു്. (യോഹ 10: 16) അതിനാൽതന്നെ നല്ലതായതിനോട്, നല്ല ക്രമത്തിന്റെ ഭാഗമായതിനോട് (നാലാമധ്യായം കാണുക) പിതാവിനു സ്നേഹമുണ്ട്. ക്രിസ്തുവിന്റെ ശരീരത്തിലെ പൂർണ്ണ ഭാഗഭാഗിത്വം വഴി കൃപയ്ക്കും ക്ഷമയ്ക്കുമുള്ള പൂർണ്ണാവകാശങ്ങൾ എല്ലാവർക്കും ഉണ്ടാകണമെന്നു് പിതാവിന്റെ ആ സ്നേഹം ആഗ്രഹിക്കുന്നു.

ഈ പൂർണ്ണ അംഗത്വവും സഭയുടെ പൂർണ്ണമായ പ്രബോധനവുമില്ലാതെ നാം മുമ്പിലത്തെ അധ്യായങ്ങളിൽ കണ്ട മറിയത്തെ സംബന്ധിച്ച മനോഹരമായ സത്യങ്ങൾ ഗ്രഹിക്കുകയെന്ന ആശ്വാസം ഒരുവനു ലഭിക്കുകയില്ല; സഭയുടെ മാതാവ്, മൗതികശരീരത്തിന്റെ മാതാവ് എന്ന അവളുടെ സ്ഥാനം അയാൾ ഗ്രഹിക്കുകയില്ല.

രണ്ടാം വത്തിക്കാൻ സൂനഹദോസിന്റെ മൂന്നാം സമ്മേളനം അവസാനിക്കുന്നതിനു ഏതാനും ദിവസങ്ങൾക്കു മുൻപു് അവൾ സഭയുടെ മാതാവാണെന്നു പോൾ ആറാമൻ മാർപ്പാപ്പാ പ്രഖ്യാപിച്ചു. ആ പ്രബോധനം പുതുമയുള്ളതായിരുന്നില്ല. വി. അഗസ്തീനോസിനെ ഉദ്ധരിച്ചുകൊണ്ടു് സൂനഹദോസ് അതിനു മുൻപുതന്നെ പ്രസ്താവി

www.malankaralibrary.com

ച്ചിരുന്നു. "വിശ്വാസികരം സഭയിൽ ജാതരാകുന്നതിനുവേണ്ടി അവരം സ്നേഹത്തിൽ സഹകരിച്ചു." 1947 ജൂൺ 9-ാം തീയതി ഒട്ടാവായിൽ സമ്മേളിച്ച മരിയൻ കോൺഗ്രസ്സിനു നൽകിയ സന്ദേശത്തിൽ, അവരം സഭയുടെ മാതാവാണെന്നു പന്ത്രണ്ടാം പീയൂസ് മാർപ്പാപ്പാ സൂചിപ്പിച്ചിരുന്നു.

"മാലാഖയുടെ സന്ദേശത്തിനു് "എനിക്കു ഭവിക്കട്ടെ" എന്നു് നസ്രേത്തിലെ കൊച്ചു കന്യക മറുപടി നൽകിയപ്പോരം, പ്രകൃതിയുടെ സ്ഥൂലക്രമത്തിൽ മാത്രമല്ലാ അവരം ദൈവമാതാവായതു്, പ്രത്യുത പ്രസാദവരത്തിൻെറ ആധ്യാത്മികക്രമത്തിൽ തൻെറ ദൈവപുത്രനെ ശിരസ്സായി അംഗീകരിച്ച് ഒന്നായിത്തീരുന്ന എല്ലാവരുടേയും മാതാവായി, ശിരസ്സിൻെറ മാതാവു് അംഗങ്ങളുടെയും മാതാവായിരിക്കണം."

ചിലപ്പോരം ഈ തടസ്സവാദം ചിലർ ഉന്നയിക്കുന്നുണ്ടു്. അവരം തീർച്ചയായും സഭയുടെ അംഗമാണ്. അതിനാൽ അവരംക്കെങ്ങനെ സഭയുടെ മാതാവാകാനൊക്കും? മറുപടി എളുപ്പമാണ്. മൗതികശരീരത്തെക്കുറിച്ചു പ്രസ്താവിക്കുമ്പോരം നാം സ്ഥൂല യാഥാർത്ഥ്യങ്ങളും ആധ്യാത്മിക യാഥാർത്ഥ്യങ്ങളും തമ്മിൽ ഒരു താരതമ്യം നടത്തുകയാണു്. സ്ഥൂലകാര്യങ്ങളെക്കുറിച്ചുള്ള പദങ്ങരം എപ്പോഴും പ്രശ്നം പരിഹരിക്കുകയില്ല. നമുക്കു മറ്റൊരു താരതമ്യം നോക്കാം. വി. ജോൺ ഒരു കോർപ്പറേഷൻെറ പിതാവായിരുന്നു. കാരണം, അതു സ്ഥാപിച്ചതു്, അതു നിലനിൽപ്പിലാക്കിയതു് അയാളായിരുന്നു. എന്നിരുന്നാലും അതിനുശേഷം അയാരം ആ കോർപ്പറേഷൻെറ അംഗവുമായിരുന്നു.

അവരം സഭയുടെ പ്രതിരൂപമാണെന്നു, അതായതു സഭ ഇപ്പോഴായിരിക്കുന്നതിൻെറയും സ്വർഗ്ഗീയ മഹത്വത്തിലായിരുക്കുന്നതിൻേറയും മുൻ മാതൃകയാണെന്നു് ഏതാനും സഭാപിതാക്കന്മാർ പ്രസ്താവിച്ചിട്ടുണ്ട്. രണ്ടാം വത്തിക്കാൻ സൂനഹദോസ് ഈ പ്രബോധനം ഊന്നിപ്പറയുന്നു:

"വി. അംബ്രോസ് പഠിപ്പിക്കുന്നതുപോലെ, വിശ്വാസത്തിലും ഉപവിയിലും ക്രിസ്തുവിനോടുള്ള പൂർണ്ണ

www.malankaralibrary.com

യോജിപ്പിലും ദൈവജനനി സഭയുടെ മാതൃകയാണു്. മാതാവെന്നും കന്യകയെന്നും ന്യായപൂർവ്വം വിളിക്കപ്പെടുന്നവളാണു തിരുസഭ. പരിശുദ്ധ കന്യകമറിയം കന്യകാത്വത്തിൻെറയും മാതൃത്വത്തിൻെറയും അത്യുൽകൃഷ്ടവും അതിവിശിഷ്ടവുമായ മാതൃക സഭയുടെ മുൻപിൽ അവതരിപ്പിച്ചുകൊണ്ടു്, അവളുടെ മുന്നോടിയായി വർത്തിച്ചു ........മറിയത്തിൻെറ നിഗൂഢ വിശുദ്ധിയെപ്പററി ധ്യാനിക്കുകയും അവളുടെ ദൈവസ്നേഹം അനുകരിക്കുകയും പിതാവിൻെറ തിരുമനസ്സ് വിശ്വസ്തതയോടെ നിറവേററുകയും ചെയ്യുമ്പോരം ദൈവവചനത്തെ വിശ്വാസത്തിൽ സ്വീകരിച്ചുകൊണ്ടു് സഭ ഒരു മാതാവായിത്തീരുകയാണു ചെയ്യുന്നതു്. പരിശുദ്ധാത്മാവാൽ ഗർഭവതിയായി ദൈവത്തിൽനിന്നു ജനിക്കുന്ന സന്താനങ്ങരംക്കു് സുവിശേഷപ്രസംഗവും ജ്ഞാനസ്നാനവും വഴി നവീനവും അമർത്യവുമായ ജീവൻ സഭ പ്രദാനം ചെയ്യുന്നു. തൻെറ ദിവ്യ മണവാളനോടുള്ള വിവാഹവാഗ്ദാനം പരിശുദ്ധമായും അഭംഗുരമായും കാത്തുസൂക്ഷിക്കുന്ന സഭ ഒരു കന്യകയാണു്. തൻെറ നാഥൻെറ മാതാവിനെ അനുകരിച്ചുകൊണ്ടു് പരിശുദ്ധാത്മാവിൻെറ ശക്തിയാൽ അഖണ്ഡമായ വിശ്വാസവും ഉറച്ച പ്രതീക്ഷയും ആത്മാർത്ഥമായ ഉപവിയും കന്യകാത്വപരിശുദ്ധിയോടെ അവരം കാത്തു സൂക്ഷിക്കുന്നു.''

സൂനഹദോസ് വീണ്ടും പ്രസ്താവിക്കുന്നത്, സഭ ''ഏററം പരിശുദ്ധമായ ഈ കന്യകയിൽ കറയും മുഖച്ചുളിവുമില്ലാത്ത പൂർണ്ണത നേടിക്കഴിഞ്ഞു'' എന്നാണു്. ഇതിൻെറ അർത്ഥം ഇതാണു്. തനിക്കു സ്വർഗ്ഗത്തിലുണ്ടാകുന്ന പരിശുദ്ധി, മറിയത്തിനുണ്ടായിരുന്നതും താൻ ആദരപൂർവ്വം നോക്കുന്നതും അനുകരിക്കാനാഗ്രഹിക്കുന്നതുമായ ആ പൂർണ്ണ പരിശുദ്ധി വർത്തമാനകാലത്ത് സഭ പ്രാപിച്ചുകഴിഞ്ഞിട്ടില്ല. ഇപ്പോരം ഈ ലോകത്തിൽ തൻെറ എല്ലാ അവയവങ്ങളിലും സഭ പരിശുദ്ധിയുള്ളതല്ല. എങ്കിലും പരിശുദ്ധിക്കുള്ള എല്ലാ മാർഗ്ഗങ്ങളും ഉള്ളതിനാൽ അവരം പരിശുദ്ധയാണെന്നു പറയാം. സഭ അവളുടെ പ്രകൃതിയാൽ പരിശുദ്ധയാണ്. എല്ലാ അവയവങ്ങളിലും പരിശുദ്ധയല്ല.

www.malankaralibrary.com

വെളിപാടുപുസ്തകത്തിലെ പന്ത്രണ്ടാമധ്യായത്തിൽ സൂര്യനെ ഉടയാടയാക്കിയ ഒരു സ്ത്രീയെക്കുറിച്ചു നൽകിയിട്ടുള്ള പ്രതിരൂപം ചിന്താമധുരമായതാണു്. ഒരു വിധത്തിൽ, അതു മറിയത്തെ സൂചിപ്പിക്കുന്നതായി തോന്നുന്നു. കാരണം അവളുടെ മകൻ രക്ഷകനാണ്. സകലജനപദങ്ങളെയും ഇരുമ്പുദണ്ഡുകൊണ്ട് ഭരിക്കുന്നവൻ, സങ്കീർത്തനം 2: 9-ൻെറ ഒരു പ്രതിധ്വനിയാണ് ഈ ആശയം. മറെറാരു വിധത്തിൽ നോക്കുമ്പോൾ, അവൾ പ്രസവവേദനയനുഭവിക്കുന്നവളാണ്. മറിയത്തെ സംബന്ധിച്ചു് അതു യഥാർത്ഥമല്ല. പൊതുവേ നോക്കുമ്പോൾ ആ സ്ത്രീക്കു് മറിയത്തിൻെറ ചില ലക്ഷണങ്ങളുണ്ടു്. സഭയുടെയും ചില ലക്ഷണങ്ങൾ ആ വാക്യത്തിൽ കാണാം. വി. പത്താം പീയൂസ് മാർപ്പാപ്പാ ഈ രണ്ടു ലക്ഷണങ്ങളും സമന്വയിപ്പിച്ച് പ്രസ്താവിക്കുന്നു.

“ഏററം പരിശുദ്ധ ദൈവമാതാവ് നിത്യസന്തോഷം അനുഭവിക്കുന്നതും അതേവേളയിൽത്തന്നെ ഏതോ നിഗൂഢമായ പ്രസവവേദന അനുഭവിക്കുന്നതും യോഹന്നാൻ കണ്ടു. ഏതിൻെറ പ്രസവവേദന? തീർച്ചയായും നമ്മളെ പ്രസവിക്കുന്നതിനുള്ള വേദന, പ്രവാസത്തിൽ കഴിയുന്നവരും അതേസമയംതന്നെ പൂർണ്ണ ദൈവസ്നേഹത്തിലും നിത്യസന്തോഷത്തിലും കഴിയാനുള്ള നമ്മെ പ്രസവിക്കുന്നതിനുമുള്ള വേദന.”

ഈ വിവിധ പരാമർശങ്ങൾ നമുക്കു എങ്ങനെ വിശദമാക്കുവാൻ കഴിയും? അനായാസമായിതന്നെ. ഹീബ്രൂഭാഷയ്ക്കു ഒരു പ്രത്യേക രീതിയുണ്ടു്. ഒരു സമൂഹത്തിനു പകരം ഒരു വ്യക്തിയെ കാണിക്കുക, ഒരു പ്രകാരത്തിൽ സമൂഹത്തോടു താദാത്മ്യം തന്നെയുള്ള പ്രത്യേക ശൈലി ഉപയോഗിക്കുക. പഴയനിയമത്തിലെ യഹൂദരാജാവിൻെറ കാര്യം ഇങ്ങനെയുള്ളതാണ്. അതിനാൽ നാം മുമ്പു കണ്ട പ്രതിരൂപം മറിയത്തെയും സഭയെയും പരാമർശിക്കുന്നു എന്നു പറയാം.

മറെറാരു നിഗമനം സാധ്യമാണ്. പക്ഷേ, തീർച്ചയുള്ളതല്ല. റോമിലെ പൊൺടിഫിക്കൽ ബിബ്ലിക്കൽ ഇൻസ്റ്റിററ്യൂട്ടിനുവേണ്ടി 1954-ൽ ബെർണാർഡ് ജെ. ലെഫ്രോയ് പ്ര

www.malankaralibrary.com

സിദ്ധപ്പെടുത്തിയ ഒരു പ്രബന്ധമുണ്ട്. അതിൽ അദ്ദേഹം പ്രസ്താവിക്കുന്നത് ഈ പ്രതിരൂപം ലോകത്തിൻെറ അന്ത്യ നാളുകളെ പരാമർശിക്കുന്നുവെന്നു് തോന്നുന്നു. അതിനാൽ ആ അന്ത്യ നാളുകളിൽ സഭ ഒരു പ്രത്യേക മരിയൻ സ്വഭാവം, മറിയത്തിൻെറ കാലഘട്ടം സ്വീകരിക്കുമെന്നു അർത്ഥമാക്കാം എന്നാണു്. ലോകാവസാനത്തിനുമുമ്പ് ഒരു മരിയൻ കാലഘട്ടമുണ്ടാകുമെന്നു് വി. ലൂയിസ് ദെ മോൺഫോർട്ട് പ്രവചിച്ചിട്ടുണ്ടു്.

അങ്ങനെയൊരു കാലഘട്ടം വന്നാൽ, അതു ലോകാന്ത്യ വേളയുമായിരിക്കുമോ? തീർച്ചയായും അല്ല. യേശുതന്നെ പ്രസ്താവിച്ചിട്ടുണ്ടു്. "മനുഷ്യപുത്രൻ വരുമ്പോഠ ഭൂമിയിൽ വിശ്വാസം കണ്ടെത്തുമോ?" (ലൂക്കോ 18: 8) സഭ ലോകാവസാനത്തോളം നിലനിൽക്കുമെന്നതു ശരിതന്നെ. എന്നിരുന്നാലും അപ്പോഴേക്കും അനേകർ വിശ്വാസത്യാഗികളായിക്കഴിഞ്ഞിരിക്കും. രണ്ടു തെസ്സലോനിക്കാ രണ്ടാമധ്യായം മൂന്നാം വാക്യത്തിൽ ലോകാവസാനത്തിൽ സംഭവിക്കാനിരിക്കുന്ന ഒരു വലിയ വിശ്വാസത്യാഗം പ്രവചിക്കുന്നുണ്ടു്. 2 തിമോത്തി മൂന്നാമധ്യായം 1-7-വരെയുള്ള വാക്യങ്ങളിൽ ലോകാവസാനത്തിനു മുൻപുള്ള ഭീതിദമായ കാര്യങ്ങഠ പ്രസ്താവിക്കുന്നു. 2 തിമോത്തി 4-ാം അധ്യായം 3-ഉം 4-ഉം വാക്യങ്ങളിൽ മനുഷ്യർ ഉത്തമമായ പഠനങ്ങഠ സ്വീകരിക്കാതെ കെട്ടുകഥകളിലേക്കു തിരിയുമെന്നു് പ്രസ്താവിക്കുന്നു. വലിയ അന്തിക്രിസ്തുവിൻെറ കാലമായതിനാലാണ് അതുണ്ടാകുന്നതെന്ന് കരുതാം.

ഇതെല്ലാം മുൻ ലക്ഷണങ്ങളാണ്. എന്നാൽ, യേശുവിനോടും അവിടുത്തെ മാതാവിനോടും വിശ്വസ്തരായവർക്കു് വിശ്വാസം നിലനിർത്തുവാൻ സഹായം ലഭിക്കും. പതിനൊന്നാം പീയൂസ് മാർപ്പാപ്പാ പ്രസ്താവിക്കുന്നു.

"ഏററം പരിശുദ്ധ കന്യക സഹായിക്കുന്ന വ്യക്തി, പ്രത്യേകിച്ച് അയാളുടെ അന്തിമസമയം സഹായിക്കുന്ന വ്യക്തി, നിത്യമരണത്തിൽ അകപ്പെടുകയില്ല. സഭാപിതാക്കന്മാരുടെ അഭിപ്രായം ഇതാണ്. ക്രിസ്ത്യാനികളുടെ ചിന്തകളും ഇതിനോടു യോജിക്കുന്നതാണ്. എല്ലാ കാലങ്ങളിലെയും അനുഭവവും ഇതിനു ഉപോദ്ബലകമാണ്.

www.malankaralibrary.com

ദുഃഖാകുലയായ കന്യക യേശുവിൻെറ രക്ഷാകരകർമ്മത്തിൽ സഹകരിച്ചുവെന്നതാണ് ഇതിനുള്ള പ്രത്യേകകാരണം.''

എല്ലാ അനുഗ്രഹങ്ങളും നേടുന്നതിനു അവരം പങ്കാളിത്തം വഹിച്ചു; അതിനാൽ അവളുടെ അഭ്യർത്ഥനകരം പിതാവ് ഒരിക്കലും നിരസിക്കുന്നില്ല. തന്മൂലം പതിനഞ്ചാംബനഡിക്ട് മാർപ്പാപ്പാ അതിനെ മനോഹരരീതിയിൽ, അർത്ഥവത്തായി, ''അപേക്ഷാപരമായ സർവ്വശക്തി'' എന്ന് വിളിക്കുന്നു. രണ്ടാം വത്തിക്കാൻ സുന്നഹദോസ് പ്രസ്താവിക്കുന്നു: ''ഈ രക്ഷണീയദൗത്യം അവസാനിപ്പിക്കാതെ, നിത്യരക്ഷയ്ക്കാവശ്യമായ ദാനങ്ങരം സമ്പാദിച്ചു തരുന്നതിൽ അവരം നിരന്തരം മാധ്യസ്ഥം വഹിച്ചുകൊണ്ടിരിക്കുന്നു. അപകടങ്ങളും പ്രതിസന്ധിഘട്ടങ്ങളും നിറഞ്ഞ ജീവിതയാത്ര കഴിക്കുന്ന സ്വപുത്രൻെറ സഹോദരന്മാർ സൗഭാഗ്യകരമായ പിതൃഭവനത്തിൽ എത്തുന്നതുവരെ അവരം മാതൃസഹജമായ വാത്സല്യത്തോടെ അവരുടെ സംരക്ഷണം നിർവഹിക്കുകയും ചെയ്യുന്നു.''

അവളുടെ പുത്രൻെറ കാര്യം: ഗർഭസ്ഥനായ നിമിഷം മുതൽ തന്നെ അവിടുന്ന് എപ്പോഴും തൻെറ സഭയെ അറിയുകയും സ്നേഹിക്കുകയും ചെയ്തിരുന്നു. പന്ത്രണ്ടാം പീയൂസ് മാർപ്പാപ്പാ പ്രസ്താവിക്കുന്നു:

''ദിവ്യരക്ഷകനു തൻെറ മനുഷ്യാവതാരത്തിൻെറ ആദ്യനിമിഷം മുതൽ തന്നെ ഉണ്ടായിരുന്ന ഏററം സ്നേഹാത്മകമായ ഈദൃശജ്ഞാനം യാതൊരുവൻെറയും ഏററം ഉന്നത മനസ്സിനു ഗ്രഹിക്കാനാവുകയില്ല. കാരണം, ദൈവമാതാവിൽ ഗർഭസ്ഥനായ നിമിഷം തന്നെ അവിടുന്നാസ്വദിച്ച സൗഭാഗ്യദർശനം മൂലം അവിടുത്തേക്ക് തൻെറ മൗതികശരീരത്തിൻെറ എല്ലാ അവയവങ്ങളെയും നിരന്തരമായും നിത്യമായും കാണാമായിരുന്നു. തൻെറ രക്ഷാകരസ്നേഹംമൂലം അവിടുന്ന് എല്ലാവരെയും ആശ്ലേഷിക്കുന്നു. പുൽക്കൂട്ടിൽ, കുരിശിന്മേൽ, പിതാവിൻെറ നിത്യമഹത്വത്തിൽ, ക്രിസ്തുവിൻെറ മുമ്പാകെ സഭയുടെ സകല അംഗങ്ങളും സന്നിഹിതരാണ്. ഒരു മാതാവ് തൻെറ മടിയിലുള്ള ശിശുവിനോടു യോജിച്ചിരിക്കുന്നതിലുമുപരിയായ വിധം അവർ അവിടുത്തോടു യോജിച്ചിരിക്കുന്നു.''

www.malankaralibrary.com

# അധ്യായം 14

## വിശ്വാസത്താൽ രക്ഷിക്കപ്പെട്ട്

നമ്മുടെ വർഗ്ഗത്തോടു നമ്മുടെ പിതാവിനുള്ള വീക്ഷണം സംബന്ധിച്ച കാര്യങ്ങൾ കാണുവാനും ഏകദേശമായിട്ടെങ്കിലും ഗ്രഹിക്കുവാനും കഴിഞ്ഞ പതിമ്മൂന്ന് അധ്യായങ്ങളിൽ നാം ശ്രമിച്ചു. അവിടുത്തെ അത്ഭുതകരമായ നന്മയിലും ഉദാരതയിലും നിന്നുള്ള ആ വീക്ഷണം നമ്മുടെ പഠനവിഷയമായി. ഒരേസമയം തന്നെ അവിടുത്തേക്കു രണ്ടു ലക്ഷ്യങ്ങൾ ഉള്ളതായി നാം കണ്ടു. നമ്മോടു സ്നേഹവും അതിൽത്തന്നെ നന്മയായതിനോടുള്ള സ്നേഹവും. (വസ്തുനിഷ്ഠമായ നന്മ അഥവാ വസ്തുനിഷ്ഠമായ ക്രമം.)

ഈ രണ്ടു ലക്ഷ്യങ്ങൾ നിമിത്തം അവിടുന്ന് യാതൊന്നും തന്നെ നേടുന്നില്ല. അവിടുന്ന്, തന്റെ "മഹത്വ"ത്തിനുവേണ്ടി പ്രവർത്തിക്കുവെന്ന് നാം ചിലപ്പോൾ പറയാറുണ്ട്. പക്ഷേ, അതും അവിടുത്തേക്ക് പ്രയോജനം ചെയ്യുന്നില്ല. യാതൊന്നും നേടുക അവിടുത്തേക്കു സാധ്യമല്ല. സൃഷ്ടികൾ അവിടുത്തേക്കു നൽകുന്ന ബഹുമാനം "കഴമ്പില്ലാത്ത പുക"യാണെന്നു വി. അഗസ്തീനോസ് പ്രസ്താവിക്കുന്നത് എത്രയോ സത്യം! ബഹുമതി എന്നതിൽ നിന്ന് നാം യാതൊന്നും നേടുന്നില്ല; നമ്മുടെ പിതാവിന്റെ കാര്യവും അപ്രകാരം തന്നെ. എന്നാലും അവിടുന്ന് നമ്മുടെ ബഹുമാനം ആഗ്രഹിക്കുന്നു. കാരണം ലളിതമാണ്. സൃഷ്ടികൾ തങ്ങളുടെ സ്രഷ്ടാവിനെ ബഹുമാനിക്കണമെന്നതു വസ്തുനിഷ്ഠമായ നന്മ ആവശ്യപ്പെടുന്ന ഒന്നാണ്. അതുമുഖേന അവർക്കു സ്വീകരിക്കാനാവുന്ന വിധം അവർക്കു നൽകുവാൻ അവിടുത്തേക്കു സാധിക്കും. (തന്റെ ദാനങ്ങൾ സ്വീകരിക്കുന്നതിനു സജ്ജമാകുവാനുള്ള നിർദ്ദേശങ്ങളാണ് അവിടുത്തെ കല്പനകൾ) നാം മുൻപു പ്രസ്താവിച്ചതുപോലെ ഒരു ഏകപ്രവൃത്തി മുഖേന തന്റെ പരിശുദ്ധി ഇച്ഛിക്കുന്ന വസ്തുനിഷ്ഠമായ നന്മയ്ക്കും നമ്മുടെ നന്മയ്ക്കും വേണ്ടി അവിടുന്നു പ്രവർ

www.malankaralibrary.com

ത്തിക്കുന്നു. അവിടുത്തെ അത്ഭുതകരമായ സ്നേഹം/പരിശുദ്ധി/ഔദാര്യം—ഇവ അല്പമായെങ്കിലും ഗ്രഹിക്കുമ്പോൾ നാം സ്വയം ചോദിക്കേണ്ടതുണ്ട്: അവിടുത്തോടുള്ള നമ്മുടെ മറുപടി എന്തായിരിക്കണം? നിറയ്ക്കപ്പെടുവാൻ വേണ്ടി, ശൂന്യമാക്കുന്നതിൽ അതു ചെന്നു നിൽക്കും. വിനയം, ഇന്ദ്രിയനിഗ്രഹം, ധ്യാനം എന്നിവവഴി നാം സ്വയം ശൂന്യമാകണം. യേശുവിന്റെ മാതാവിന്റെ, ദൈവമാതാവിന്റെ, സഹായം ലഭിക്കേണ്ടതിന്റെ പ്രാധാന്യം കഴിഞ്ഞ അധ്യായങ്ങളിൽ നിന്ന് നാം ഗ്രഹിച്ചിട്ടുണ്ട്. പിതാവിന് അവളെ ആവശ്യമില്ലായിരുന്നെങ്കിലും—അവിടുത്തേക്ക് യാതൊരു സൃഷ്ടിയേയും ആവശ്യമില്ല — നമ്മോടുള്ള തന്റെ സമീപനത്തിൽ എല്ലായിടത്തും അവളുണ്ടായിരിക്കാൻ അവളെ അവിടുന്ന് സ്വതന്ത്രമായി തെരഞ്ഞെടുത്തു. തന്റെ പദ്ധതികളിലെല്ലാം വ്യാപിക്കുന്ന കർമ്മഭാഗം അവൾക്കു അവിടുന്നു നൽകി.

അപ്പോൾ ഒരു കാര്യം വ്യക്തമാണ്. അവിടുത്തെ മാർഗ്ഗങ്ങൾ അനുകരിക്കാൻ നാം ആഗ്രഹിക്കുന്നെങ്കിൽ—അതിലുപരി ശ്രേഷ്ഠമായതോ ഉന്നതമായതോ മറ്റൊന്നുമില്ലല്ലോ—നമ്മുടെ ആധ്യാത്മികജീവിതത്തിൽ അതുപോലെ സർവ്വവ്യാപകമായ ഒരു സ്ഥാനം അവൾക്കു നാം നൽകേണ്ടതുണ്ട്. ആളുകളിലുള്ള വ്യക്തിപരമായ ആധ്യാത്മിക വ്യത്യാസങ്ങൾ തീർച്ചയായും ഇക്കാര്യത്തിൽ പരിഗണിക്കേണ്ടതുണ്ട്.

അവിടുത്തോടുള്ള നമ്മുടെ മറുപടിയുടെ കേന്ദ്രസ്ഥാനം, അഥവാ അടിസ്ഥാനഭാവം എന്താണെന്നു നോക്കുമ്പോൾ നാം ഒരു വിഷമപ്രശ്നം അഭിമുഖീകരിക്കുകയുണ്ടായി. പഴയ ഉടമ്പടിയുടെയും പുതിയ ഉടമ്പടിയുടെയും മാർഗ്ഗത്തിൽക്കൂടി നമ്മോടിടപെടാനാണ് അവിടുന്ന് തീരുമാനിച്ചിരിക്കുന്നത്. ഉടമ്പടി വ്യവസ്ഥകൾ, അഥവാ അവിടുത്തെ നിയമം നാം അനുസരിക്കണം. മനുഷ്യരായ നമുക്ക് കൃപ ലഭിക്കുന്നത് ഈ വ്യവസ്ഥ പാലിക്കുമ്പോഴാണ്. ഇതു നാം കണ്ടുകഴിഞ്ഞതാണ്.

www.malankaralibrary.com

എന്നാലും സകലത്തിന്റെയും കേന്ദ്രം സ്നേഹമാണെന്ന് യേശുതന്നെ അരുളിച്ചെയ്തിട്ടുണ്ട്: "നീ നിന്റെ ദൈവമായ കർത്താവിനെ പൂർണ്ണഹൃദയത്തോടും പൂർണ്ണാത്മാവോടും പൂർണ്ണമനസ്സോടും കൂടി സ്നേഹിക്കുക. ഇതാണ് പ്രഥമവും പ്രധാനവുമായ കല്പന. രണ്ടാമത്തെ കല്പനയും ഇതിനു തുല്യം തന്നെ. അതായത്, നിന്നെപ്പോലെ തന്നെ നിന്റെ അയൽക്കാരനെയും സ്നേഹിക്കുക." ഇതരുളിച്ചെയ്തിട്ട് അവിടുന്ന് തുടർന്നു: "ഈ രണ്ടു കല്പനകളിലും സമസ്തനിയമവും പ്രവാചകൻമാരും അധിഷ്ഠിതമായിരിക്കുന്നു" (മത്താ. 22: 38, 40).

എന്നാൽ, നാം സ്വതന്ത്രരാണെന്നും രക്ഷയ്ക്കുള്ള വ്യവസ്ഥ വിശ്വാസമാണെന്നും വി. പൗലോസ് പ്രസ്താവിക്കുന്നു. വിശുദ്ധൻ ഇതു പല പ്രാവശ്യം ശക്തമായി പ്രസ്താവിക്കുന്നുണ്ട്. "നിയമാനുഷ്ഠാനം കൂടാതെ തന്നെ വിശ്വാസത്താൽ മനുഷ്യൻ നീതീകരിക്കപ്പെടുന്നു" (റോമ. 3: 28) വേദപുസ്തകത്തിലെ യാതൊരു പ്രസ്താവനയും വേദപുസ്തകത്തിലെ തന്നെ മറ്റൊരു പ്രസ്താവനയ്ക്കു വിരുദ്ധമാകയില്ലെന്നു നമുക്കറിയാം. കാരണം, എല്ലാം തന്നെ ദൈവനിവേശിതമായി എഴുതപ്പെട്ടിട്ടുള്ളതാണ്. "അതിനാൽ, ദൈവമാണ് അവയുടെ കർത്താവ്" എന്ന് രണ്ടാം വത്തിക്കാൻ സൂനഹദോസ് പഠിപ്പിക്കുന്നുമുണ്ട്.

മുൻപു പ്രസ്താവിച്ച പ്രശ്നത്തിനുത്തരം കണ്ടുപിടിക്കുക വിഷമമുള്ളതല്ല. സ്നേഹം ദൈവോൻമുഖമാകുമ്പോൾ പ്രായോഗികതലത്തിൽ അത് അവിടുത്തെ അനുസരിക്കുക എന്നതിനു തുല്യമാണ്. യാതൊന്നും നേടുക അവിടുത്തേക്കു സാധ്യമല്ലാത്തതിനാൽ നാം അവിടുത്തേക്കു നന്മ നേരുകയോ അവിടുത്തേക്കു ആവശ്യമായവ ലഭിക്കണമെന്നോ ആഗ്രഹിക്കുക സാധ്യമല്ല. സൃഷ്ടികളോടുള്ള സ്നേഹം മാത്രമേ അവരെപ്രതി നാം അവർക്കു നന്മ നേരുന്നതിൽ അടങ്ങിയിരിക്കുന്നുള്ളു. എന്നാൽ, വേദപുസ്തകം ചൂണ്ടിക്കാണിക്കുന്ന ഒന്നുണ്ട്. നാം അനുസരിക്കുന്നത് അവിടുത്തേക്കു തൃപ്തി നൽകുന്നു എന്നതാണത്. കാര

www.malankaralibrary.com

ണം, അതുമൂലം നമുക്കു നൽകുവാൻ അവിടുത്തെ ഔദാര്യം സ്നേഹിക്കുന്നവ സ്വീകരിക്കുന്നതിനു നാം സജ്ജമാകും, അതേസമയം തന്നെ സൃഷ്ടികൾ തങ്ങളുടെ പിതാവിനെ അനുസരിക്കണം, മക്കൾ തങ്ങളുടെ പിതാവിനെ അനുസരിക്കണം, എന്ന വസ്തുനിഷ്ഠമായ നന്മയും നിറവേറും. തന്മൂലമാണ് അന്ത്യഅത്താഴവേളയിൽ യേശു വ്യക്തമാക്കിയത്: "എന്റെ കല്പനകൾ സ്വീകരിക്കുകയും പാലിക്കുകയും ചെയ്യുന്നവനാണ് എന്നെ സ്നേഹിക്കുന്നത്" (യോഹ. 14: 21)

അതിനാൽ സിദ്ധാന്തരീത്യാ വ്യത്യാസമുണ്ടെങ്കിലും പ്രായോഗികരീത്യാ ദൈവസ്നേഹവും അവിടുത്തോടുള്ള അനുസരണവും ഒന്നുതന്നെയാണ്.

വിശ്വാസത്തിന്റെ കാര്യം: വി. പൗലോസ് ഗ്രഹിക്കുന്ന രീതിയിൽതന്നെ അതു നാം ഗ്രഹിക്കുന്ന പക്ഷം എല്ലാം ഉൾക്കൊള്ളുന്ന ഒരു സദ്ഗുണമാണതെന്നു നാം കാണും. അതിന്റെ യഥാർത്ഥഅർത്ഥം ദൈവത്തോടു ഒരു മനുഷ്യനുള്ള പൂർണ്ണ ആശ്രയത്വമാണ്. അപ്പോൾ ദൈവം ഒരു സത്യം പ്രസ്താവിക്കുകയാണെങ്കിൽ നാമതു വിശ്വസിക്കുന്നു. (1 തെസ്സ. 2: 13) അവിടുന്ന് ഒരു വാഗ്ദാനം നൽകുന്ന പക്ഷം അത് അവിടുന്ന് പാലിക്കുമെന്ന് നമുക്കുറപ്പുണ്ട് (റോമ. 4: 3) എന്തെങ്കിലും പ്രവർത്തിക്കുവാൻ അവിടുന്ന് പറയുമ്പോൾ നാം അനുസരിക്കുന്നു. അതിനാൽ "വിശ്വാസത്തിന്റെ വിധേയത്വ"ത്തെക്കുറിച്ചുപോലും പ്രസ്താവിക്കുവാൻ വി. പൗലോസിനു സാധിക്കുന്നു (റോമ. 1: 5). ഈ ശൈലിയിലെ 'ന്റെ' എന്നത് സമാനതയെ സൂചിപ്പിക്കുന്നു; വിശ്വാസംഅനുസരണമാണ്. എല്ലാം തന്നെ സ്നേഹത്തിൽ നിർവഹിക്കപ്പെടണം (ഗലാ. 5: 6) "ഈ അനുസരണം വഴി മനുഷ്യൻ തന്റെ ബുദ്ധിയും മനസ്സും ദൈവത്തിനു സമ്പൂർണ്ണമായി അടിയറ വയ്ക്കുകയും ദൈവികവെളിപാട് ഹൃദയപൂർവം അംഗീകരിക്കുകയും അങ്ങനെ തന്നെത്തന്നെ സ്വമനസ്സാ അവിടുത്തേക്കു പൂർണ്ണമായി സമർപ്പിക്കുകയും ചെയ്യുന്ന" ഒരു സദ്ഗുണമാണ് വിശ്വാസമെന്ന് രണ്ടാംവത്തിക്കാൻ സൂനഹദോസ് പ്രസ്താവിച്ചത് അതിനാലാണ്.

www.malankaralibrary.com

അതിനാൽ, ദൈവത്തോടുള്ള നമ്മുടെ മറുപടിയുടെ അടിസ്ഥാനവ്യവസ്ഥ സ്നേഹമാണ് അല്ലെങ്കിൽ അനുസരണമാണ്, അല്ലെങ്കിൽ വിശ്വാസമാണ് എന്നു നാം പറയുമ്പോഠം പ്രായോഗികതലത്തിൽ ഇവയെല്ലാം ഒന്നുതന്നെ. സാങ്കേതികമായി നോക്കുമ്പോഠം വ്യത്യാസം തോന്നാമെന്നു മാത്രം. ഈ സമാനത ദൈവത്തിൽ കാണാം. അവിടുത്തെ ഏററം പരിപൂർണ്ണമായ ഏകത്വം നിമിത്തം എല്ലാ സദ്ഗുണങ്ങളും ദൈവത്തിൽ ഒന്നുതന്നെ. കാരുണ്യവും നീതിയും പരസ്പരവിരുദ്ധമാണെന്നു തോന്നാമെങ്കിലും ദൈവത്തിൽ അവ ഒന്നുതന്നെ. അവയെല്ലാം അവിടുത്തെ ദൈവികപ്രകൃതിയുമായി അഭിന്നമായി സ്ഥിതിചെയ്യുന്നതിനാൽ അവതമ്മിലും അഭിന്നമായി സ്ഥിതിചെയ്യുന്നു.

സ്നേഹം, അനുസരണം, വിശ്വാസം-ഇവ എന്തെന്ന് ഈ അധ്യായത്തിൽ നാം ആരായുവാൻ പോകയാണ്. അതിനുശേഷം സ്നേഹം, അനുസരണം വിശ്വാസം ഇവ നമ്മിൽ നിറയുന്നതിനു സ്വയത്തെ ശൂന്യമാക്കുന്നതിനുള്ള വ്യവസ്ഥകഠം നാം ആരായും.

ആദ്യമായി, അവിടുത്തെ വാക്കുകഠം കേഠംക്കുന്നതിലും അവയിൽ ഉറപ്പുളവാകുന്നതിലുമുള്ള വിശ്വാസത്തിൻെറ വശം, ദൈവത്തെ മുറുകെപ്പിടിക്കുന്ന വിശ്വാസത്തിൻെറ വശം നാം ചർച്ച ചെയ്യുന്നു. ഇതു ശക്തമായവതരിപ്പിക്കുന്ന അനേകം നാടകീയ സംഭവങ്ങഠം വേദപുസ്തകത്തിലുണ്ട്. അബ്രഹാമിനു 99 വയസ്സ്. അദ്ദേഹത്തിൻെറ ഭാര്യ സാറായിക്കു 90 വയസ്സ്. സാറാ വന്ധ്യയായിരുന്നു. അപ്പോഴാണ് സാറായിൽനിന്ന് അബ്രഹാമിന് ഒരു മകനുണ്ടാകുമെന്ന് ദൈവം അബ്രഹാമിനോടരുളിച്ചെയ്തത്. അബ്രഹാം വിശ്വസിച്ചു; ഇസഹാക്കു ജാതനായി. പിന്നീട് ഇസഹാക്ക് ബാലനായിരിക്കുമ്പോഠം അബ്രഹാം കൂടുതൽ ശക്തമായ വിശ്വാസം പ്രകടിപ്പിച്ചു. ഇസഹാക്കിനെ ഒരു മലയിലേക്കു കൂട്ടിക്കൊണ്ടുപോയി. അവിടെവച്ച് ബാലനെ തനിക്കു ബലിയർപ്പിക്കുവാൻ ദൈവം അബ്രഹാമിനോടാജ്ഞാപിച്ചു. ഈ സന്ദർഭത്തിൽ അബ്രഹാമിനു ന്യായമായി ദൈവത്തോടിപ്രകാരം പറയാമായിരുന്നു: "എൻെറ

www.malankaralibrary.com

ദൈവമേ, ഇസഹാക്കുവഴി ഞാൻ വലിയൊരു ജനതയുടെ പിതാവായിത്തീരുമെന്ന് അങ്ങ് അരുളിച്ചെയ്തിട്ടുണ്ടല്ലോ. അപ്പോൾ അതു ഞാൻ വിശ്വസിക്കണം. ഞാനതു വിശ്വസിക്കുന്നു. പക്ഷേ, ആ വാഗ്ദാനത്തെ തടസ്സപ്പെടുത്തിക്കൊണ്ട് അവനെ ഞാൻ ബലികഴിക്കണമെന്ന് ഇപ്പോൾ അങ്ങ് എന്നോടു പറയുന്നു. അതിനാൽ അങ്ങയുടെ പരിശുദ്ധമായ തിരുമനസ്സ് എന്താണെന്ന് എന്നെ അറിയിച്ചാലും. അങ്ങ് ആഗ്രഹിക്കുന്നതെന്തും ഞാൻ നിവർത്തിക്കാം.'' പക്ഷേ, അബ്രഹാം ഇങ്ങനെയൊന്നുമല്ലാ ചെയ്തത്. ഇസഹാക്കിനെ ബലികഴിക്കാതിരിക്കാൻ ദൈവം ആജ്ഞാപിക്കുന്നതുവരെ അസാധ്യമായതു വിശ്വസിച്ചുകൊണ്ട് അദ്ദേഹം മുൻപോട്ടുപോയി. ഇതാ! ഇവിടെ മഹത്തായ ഒരു വിശ്വാസം, ഒരിക്കലും പതറാത്ത അചഞ്ചലമായ വിശ്വാസം, അന്ധകാരത്തിൽ യാതൊന്നും കാണുക അസാധ്യമായിരുന്നപ്പോൾ, വിശ്വസിക്കുക അസാധ്യമായിരുന്നപ്പോൾ പ്രകടിപ്പിച്ച വിശ്വാസം.

മഹാനായ ആധ്യാത്മിക മനുഷ്യനായിരുന്നു അബ്രഹാം. മാത്രമല്ലാ, അസാധ്യമായതു വിശ്വസിക്കുവാനുള്ള ഒരു സാഹചര്യത്തിൽ ഇസ്രായേൽ ജനം മുഴുവൻതന്നെയും ആയെന്നു തോന്നുന്നു. ബി. സി. രണ്ടാം ശതകത്തിൻെറ മധ്യകാലംവരെ, മരണാനന്തരജീവിതത്തിൽ ഏതെങ്കിലും ശിക്ഷയെയോ, സമ്മാനത്തെയോ സംബന്ധിച്ച് ഇസ്രായേൽ ജനതയ്ക്കു മിക്കവാറും വ്യക്തമായ അറിവില്ലായിരുന്നുവെന്നാണ് മിക്ക വേദപുസ്തക പണ്ഡിതൻമാരും ചിന്തിക്കുന്നത്. മരണാനന്തരജീവിതം ഉണ്ടെന്ന് അവർക്കറിയാമായിരുന്നു. പക്ഷേ ശിക്ഷയുടെയും സമ്മാനത്തിൻെറയും കാര്യത്തിൽ അവർ അജ്ഞരായിരുന്നു. അതേസമയം തന്നെ ദൈവം നീതിപൂർവം സമ്മാനം നൽകുകയും ശിക്ഷിക്കയും ചെയ്യുമെന്ന് വെളിപ്പെടുത്തപ്പെട്ടിട്ടുണ്ടെന്നും അവർക്കറിയാമായിരുന്നു. മരണാനന്തര ജീവിതത്തിൽ ഇങ്ങനെ സംഭവിക്കുമെന്ന് വ്യക്തമായി അറിയാവുന്ന നമുക്ക് ഇതൊരു പ്രശ്നമല്ല. പക്ഷേ, ദുഷ്ടന്മാർ തഴച്ചുവളരുകയും ശിഷ്ടന്മാർ മരണംവരെ സഹിക്കുകയും ചെയ്യുന്നതു കാണുമ്പോൾ, ഐഹികജീവിതത്തിൽതന്നെ അതു സംഭവി

www.malankaralibrary.com

ക്കുമെന്ന വിശ്വാസം പുലർത്തിയിരുന്നവരുടെ സ്ഥിതി യൊന്നു വിഭാവനം ചെയ്യുക. ദൈവം നീതിപൂർവം സമ്മാനം നൽകുകയും ശിക്ഷിക്കുകയും ചെയ്യുമെന്ന് വിശ്വസിക്കേണ്ടിവരുക, അതേസമയം പാരത്രിക ജീവിതത്തിൽ സമ്മാനമോ ശിക്ഷയോ ഉണ്ടെന്ന് അറിയാതിരിക്കുക—ഇതു അവിശ്വസനീയമായതു വിശ്വസിക്കുവാനാവശ്യപ്പെടുകയാണ്. എന്നിരുന്നാലും അന്ധകാരത്തിലും വിശ്വാസത്തിൽ നില നിൽക്കാൻ അവരോട് ആവശ്യപ്പെട്ടിരുന്നു.

മറിയത്തിൻെറ വിശ്വാസത്തിനു വിഷമമുള്ളതു മംഗല വാർത്താദിനത്തിൽ ആവശ്യപ്പെടുന്നതു നാം മുമ്പുകണ്ടു കഴിഞ്ഞതാണ്. വിശ്വാസത്തിൻെറ ഈ വശത്തിനുള്ള ഏററം മഹനീയ മാതൃക അവളാണ്. അവളുടെ മകൻ ദൈവമായിരുന്നു. അതിനാൽ അവിടുത്തേക്കിതു ആവശ്യമില്ലായിരുന്നു. അവരംക്കാകട്ടെ, ദൈവം ഒന്നേയുള്ളുവെന്ന് വിശ്വസിക്കേണ്ടിയിരുന്നു. അതേസമയം തന്നെ പിതാവ് ദൈവമാണെന്നും തൻെറ പുത്രൻ ദൈവമാണെന്നും അവരംക്കു വിശ്വസിക്കേണ്ടിയിരുന്നു.

ആ ദിവസത്തിനുശേഷം പഞ്ചേന്ദ്രിയങ്ങരം തന്നോടു പറഞ്ഞതും വിശ്വാസം തന്നോടു പറഞ്ഞതും തമ്മിലുള്ള നിരന്തര പോരാട്ടം അവരംക്കു നേരിടേണ്ടിവന്നു. തൻെറ മകൻ ദൈവപുത്രനാണെന്ന് വിശ്വാസം അവളോടു പറഞ്ഞു. എന്നാൽ ഒരു ശിശുവായി അവിടുത്തെ അവരം പരിചരിച്ചു, അവിടുത്തോടൊന്നിച്ച് ഈജിപ്തിലേക്കു പലായനം ചെയ്തു, അവിടുത്തോടൊന്നിച്ചു നസ്രേത്തിൽ വെറും സാധാരണ ജീവിതം നയിച്ചു. ഇവയിലെല്ലാം അവളുടെ പഞ്ചേന്ദ്രിയങ്ങളും വിശ്വാസവും തമ്മിൽ പൊരുത്തപ്പെട്ടില്ല. അവ തമ്മിൽ ഇടയുമായിരുന്നു. അതിനാൽ അവരംക്കു വിശ്വസിക്കേണ്ടിയിരുന്നു. ഏററം പരിപൂർണ്ണമായി അവരം വിശ്വസിക്കുകയും ചെയ്തു. അവിടുന്ന് മുപ്പതു വർഷങ്ങരം നസ്രേത്തിൽ രഹസ്യജീവിതം നയിച്ചപ്പോരം അത്ഭുതപ്പെടുവാനും അവരം പരീക്ഷിക്കപ്പെട്ടിരിക്കാം. അവിടുന്ന് പ്രത്യേകമായ ഒന്നും ചെയ്യാൻ പോകുന്നില്ലെന്നു മാനുഷികരീതിയിൽ അവരം ചിന്തിച്ചുകാണുകയില്ലെന്നും പറയാനൊക്കുമോ ?

www.malankaralibrary.com

പുത്രന്മാരിൽ ഏററം നല്ലവൻെറയും അമ്മമാരിൽ ഏററം നല്ലവളുടെയും ഇടയിൽ എല്ലാം മധുരവും പ്രകാശവുമായിരുന്നെന്നു നമുക്കു തോന്നാം. പക്ഷേ, പന്ത്രണ്ടാം വയസ്സിൽ അവിടുന്ന് ദൈവാലയത്തിൽ തങ്ങിയ ആ രീതിയെക്കുറിച്ച് നാം എന്താണു പറയേണ്ടത്? അവിടുത്തെ മറുപടിയുടെ കാമ്പ് യൗസേഫും മറിയവും ഗ്രഹിച്ചില്ലെന്നു വി. ലൂക്കോസ് പ്രസ്താവിക്കുന്നുണ്ട് (ലൂക്കോ. 2:50). അവിടുത്തെ ദൈവത്വം അവർക്കജ്ഞാതമായിരുന്നെന്ന് ഇതിനർത്ഥമില്ല. പക്ഷേ, അതറിയാമായിരുന്നിട്ടും വർഷങ്ങളായി കണ്ടനുഭവിച്ച അവിടുത്തെ പ്രവർത്തനരീതിയിൽ നിന്നുള്ള വിചിത്രമായ വ്യതിയാനം അവരെ കുഴയ്ക്കുക തന്നെ ചെയ്തു.

കാനായിലുണ്ടായ രംഗം അവാംക്കു കൂടുതൽ വിഷമകരമായിരുന്നു. വീഞ്ഞ് തീർന്നുപോകുന്ന കാര്യം ഗ്രഹിച്ച് ശാന്തവും സ്ത്രൈണവുമായ രീതിയിൽ അവാം അവിടുത്തോടു സൂചിപ്പിക്കുക മാത്രം ചെയ്തു. "അവർക്കു വീഞ്ഞില്ല", പക്ഷേ, അവിടുത്തെ മറുപടി പ്രത്യേക രീതിയിലുള്ള ഒന്നായിരുന്നു. അതിനാൽ, അതിൻെറ പരിഭാഷ പലവിധത്തിലായി. "സ്ത്രീയേ, എനിക്കും നിനക്കും എന്ത്?" (യോഹ 2:4). ഈ ശൈലി വേദപുസ്തകത്തിൽ ചിലടത്തെല്ലാമുണ്ട്. അവിടെയെല്ലാം അതു ഒരു നിരാകരണം സൂചിപ്പിക്കുന്നുണ്ടെന്നു തോന്നാം. "സ്ത്രീ" എന്ന പദം ബഹുമാന്യപദവിയെ സൂചിപ്പിച്ചിരുന്നുവെങ്കിലും അതു ഒരു തണുപ്പൻ മട്ട് പ്രകടിപ്പിക്കുന്നതായി തോന്നാം, മറിയത്തിൻെറ ആ പ്രസ്താവനയുടെ ഫലം, അവിടുത്തെ ആദ്യത്തെ അത്ഭുതം, അതൊരു നിരാകരണമല്ലെന്നു വ്യക്തമാക്കുന്നുണ്ട്. സ്ത്രീ എന്ന ആ പദം സുവിശേഷകൻേറതാകാം, യേശുവിൻേറതല്ലാതാകാം. ഉല്പത്തി മൂന്നാം അധ്യായം 15-ാം വാക്യത്തിൽ പ്രസ്താവിച്ചിരിക്കുന്ന സ്ത്രീ തന്നെയാണു മറിയമെന്നു വ്യക്തമാക്കുവാൻ സുവിശേഷകൻ ഉപയോഗിച്ചതാവാം. മറിയം കുരിശിൻചുവട്ടിൽ നിന്നപ്പോഴും യേശു ഈ പദം ഉപയോഗിച്ചതായി വി. യോഹന്നാൻ പ്രസ്താവിക്കുന്നു. "സ്ത്രീയേ, ഇതാ നിൻെറ

www.malankaralibrary.com

മകൻ. അനന്തരം അവൻ ആ ശിഷ്യനോടു പറഞ്ഞു: ഇതാ, നിന്റെ അമ്മ'' (യോഹ 19:26-27).

കൂടാതെ, വെളിപാട് 12:1-ൽ ''സൂര്യനെ ഉടയാടയാക്കിയ'' ഒരു സ്ത്രീയെക്കുറിച്ച് നാം കാണുന്നു. അതു സഭയെയും മറിയത്തെയും ഏക പ്രതിബിംബത്തിൻ കീഴിൽ പരാമർശിച്ചതാകാം. അതിനാൽ യേശുവോ, യോഹന്നാനോ, ഈ പദമുപയോഗിച്ചത് വേദപുസ്തകത്തിലെ പരാമർശനവിധേയയായ വനിത മറിയമാണെന്നു സൂചിപ്പിക്കാനായിരിക്കാം. പക്ഷേ, അഭിസംബോധനവേളയിൽ മറിയം അതറിഞ്ഞിരുന്നുവോ? തീർച്ചയായും അതു അവളുടെ വിശ്വാസത്തിന്മേലുള്ള ഒരു ആഘാതമായിരുന്നു. പക്ഷേ, അവൾ ആ വിഷമവേളയിലും വിശ്വാസം വിടാതെ പിടിച്ചു നിന്നു, എന്നിട്ട് അവൾ ഭൃത്യന്മാരോടു പറഞ്ഞു: ''അവൻ നിങ്ങളോടു പറയുന്നതു ചെയ്യുവിൻ'' (യോഹ. 2:5).

യേശുവിന്റെ മൂന്നു് അരുളപ്പാടുകൾ ഒരു പ്രഹേളികയായി തോന്നാവുന്നതാണ്. വി. ലൂക്കോസ് അവ മൂന്നും ഒന്നിച്ചാണ് രേഖപ്പെടുത്തിയിരിക്കുന്നതു്. അവയെല്ലാം ഒരു സന്ദർഭത്തിൽതന്നെയാണോ അവിടുന്നു അരുളിച്ചെയ്തതെന്നു് നമുക്കറിഞ്ഞുകൂടാ. ഒന്നാമത്തേതു്, ഒരാൾ യേശുവിനോടു പറഞ്ഞു: ''നീ എവിടെപ്പോയാലും ഞാൻ നിന്നെ അനുഗമിക്കും'' യേശു പറഞ്ഞു: 'കുറുനരികൾക്കു മാളങ്ങളും ആകാശത്തിലെ പക്ഷികൾക്കു കൂടുകളും ഉണ്ട്. മനുഷ്യപുത്രനു തല ചായിക്കാൻ ഇടമില്ല'. ഇതു യഥാർത്ഥമാണെങ്കിലും പ്രചോദനപ്രദമല്ലായിരുന്നു. രണ്ടാമത്തേതാണു കൂടുതൽ പ്രശ്നസങ്കീർണ്ണം. യേശു വേറൊരുവനോടു പറഞ്ഞു: എന്നെ അനുഗമിക്കുക. അവൻ പറഞ്ഞു: ''കർത്താവേ, ഞാൻ ആദ്യം പോയി എന്റെ അപ്പനെ സംസ്കരിക്കുവാൻ അനുവദിച്ചാലും'' യേശു പറഞ്ഞു: ''മരിച്ചവർ തങ്ങളുടെ മരിച്ചവരെ സംസ്കരിക്കട്ടെ''. ഇതു തീർച്ചയായും ഞെട്ടലുളവാക്കുന്ന മറുപടിയായി തോന്നാം. മാതാപിതാക്കളോടു കാണിക്കേണ്ട ബഹുമാനത്തെക്കുറിച്ചാണു നാലാം കല്പന. യേശു അതു അവഗണിക്കുകയാണെന്നുതോന്നാം. ഒരു സംസ്കാരചടങ്ങിൽ പങ്കെടുക്കാ

www.malankaralibrary.com

തിരിക്കുക നിഷ്കൃഷ്ടാർത്ഥത്തിൽ നാലാം കൽപനയുടെ ലംഘനമാവുകയില്ലെന്നു തീർച്ച. ചില വ്യാഖ്യാതാക്കളുടെ അഭിപ്രായം ഇതാണ്: തൻെറ പിതാവിൻെറ ചരമംവരെ വീട്ടിൽ അനിശ്ചിതകാലം താമസിക്കണമെന്നാണ് അയാറം ഉദ്ദേശിച്ചതു്. പിന്നീട് വേറൊരുവൻ യേശുവിനോടു പറഞ്ഞത്, താൻ അവിടുത്തെ അനുഗമിക്കാമെന്നും തൻെറ വീട്ടുകാരോടു യാത്ര പറയാൻ ആദ്യം പോകണമെന്നുമാണു്. യേശു മറുപടിയരുളി: "കലപ്പയിൽ കൈവച്ചിട്ടു് പിന്തിരിഞ്ഞു നോക്കുന്ന ഒരുവനും സ്വർഗ്ഗരാജ്യത്തിനു അനുയോജ്യനല്ല" (ലൂക്കോ 9. 57-61) ഒരു പക്ഷേ, യേശു സാധാരണ ഒരു പഴംചൊല്ലു് ഉദ്ധരിച്ചതായിരിക്കാം. ഇതും പരുക്കൻ മറുപടിയായി തോന്നുന്നു.

ഈ മൂന്നു സംഭവങ്ങളുടെയും അകക്കാമ്പ് എന്താണു്? നാം മുമ്പു കണ്ടതുപോലെ ഗ്രഹിക്കാതെതന്നെ വിശ്വസിക്കുവാൻ, ഇരുട്ടിൽ തപ്പുവാൻ ആത്മാക്കളെ ആഹ്വാനം ചെയ്യുന്ന രീതി. അവിടുന്നു ഉപദേശിച്ചുകൊണ്ടിരുന്ന ജനക്കൂട്ടത്തിനു സമീപം മാതാവെത്തി. മാതാവിൻെറ സാന്നിധ്യം യേശുവിനെ ഒരാറം അറിയിച്ചു. അപ്പോറം അവിടുന്നരുളിച്ചെയ്ത മറുപടി പതിമ്മൂന്നാം അധ്യായത്തിൽ നാം കണ്ടതാണു്. മാതാവിന് സ്നേഹോഷ്മളമായ ഒരു സ്വാഗതം നല്കുന്നതിനു പകരം അവിടുന്നു തൻെറ ശിഷ്യന്മാരെ ചൂണ്ടിക്കാണിച്ച് അരുളിച്ചെയ്തു. "ആരാണ് എൻെറ അമ്മ, ആരാണ് എൻെറ സഹോദരർ?...........ഇതാ എൻെറ അമ്മയും സഹോദരന്മാരും. സ്വർഗ്ഗസ്ഥനായ എൻെറ പിതാവിൻെറഇഷ്ടം നിറവേറുന്നവനാരോ, അവനാണ് എൻെറ സഹോദരനും സഹോദരിയും അമ്മയും. മത്താ 12; 48-50) വളരെ ഗഹനമായ ഒരു പാഠം. തീർച്ചയായും അവിടുന്നു് പഠിപ്പിക്കുകയായിരുന്നു. ദൈവതിരുമനസ്സുമായി യോജിച്ചിരിക്കുന്ന വ്യക്തിയുടെ മാഹാത്മ്യം ശാരീരികമായി ദൈവമാതാവായിരിക്കുന്നതിനേക്കാറം വലുതാണ്. ദൈവമാതൃത്വം "ദൈവം കഴിഞ്ഞുള്ള മാഹാത്മ്യ"മുള്ളതാണെന്നു ഒൻപതാം പീയൂസ് മാർപ്പാപ്പാ പഠിപ്പിച്ചിട്ടുണ്ടു്. അദ്ദേഹം വി. തോമസ് അകചിനാസിൻെറ ഈ വാക്കുകറം

www.malankaralibrary.com

ഉദ്ധരിക്കുന്നുമുണ്ടു്: "അനന്താനന്ദമയായ ദൈവത്തിൽനിന്നു് ഒരു രീതിയിലുള്ള അനന്ത മാഹാത്മ്യം", സ്ഥാനമാഹാത്മ്യത്തിലും ദൈവതിരുമനസ്സുമായുള്ള യോജിപ്പിലും അവരം ഏററം ഉന്നതതലത്തിലായിരുന്നു. അതിനാൽ അവിടുത്തെ വാക്കുകരം അവരംക്കു ഒരു പരീക്ഷയായിരുന്നിരിക്കാം. കാരണം, അവ തീർച്ചയായും വിചിത്രമായിരുന്നു.

വി. യോഹന്നാന്റെ സുവിശേഷം 6-ാം അധ്യായത്തിൽ മററൊരു സവിശേഷസംഭവം കാണാം. യേശു പ്രഖ്യാപിച്ചു: സ്വർഗ്ഗത്തിൽ നിന്നിറങ്ങിയ ജീവനുള്ള അപ്പം ഞാനാണ്. ആരെങ്കിലും ഈ അപ്പത്തിൽനിന്നു ഭക്ഷിച്ചാൽ അവൻ എന്നേക്കും ജീവിക്കും. ലോകത്തിന്റെ ജീവനുവേണ്ടി ഞാൻ നൽകുന്ന അപ്പം എന്റെ ശരീരമാണ്." (യോഹ 6. 51) യഹൂദന്മാർ മുറുമുറുക്കാൻ തുടങ്ങി. അതു ന്യായമുള്ളതാണുതാനും. അക്കാലത്തു അവരുടെ ഭാഷാശൈലിയനുസരിച്ച് ഒരാളുടെ മാംസം ഭക്ഷിക്കുകയെന്നു പറയുക അവനെ നിന്ദിക്കുകയെന്നായിരുന്നു വിവക്ഷ. ഇവിടെ അതാകാൻ നിവൃത്തിയില്ല. അല്ലെങ്കിൽ നരമാംസഭോജനത്തിനു ആഹ്വാനം ചെയ്യുകയാണെന്നു തോന്നാം. പക്ഷേ, യേശു വിശദീകരണം നൽകിയില്ല. അവിടുന്നു ആവർത്തിക്കുകമാത്രം ചെയ്തു. "സത്യം സത്യമായി ഞാൻ നിങ്ങളോടു പറയുന്നു, നിങ്ങരം മനുഷ്യപുത്രന്റെ മാംസം ഭക്ഷിക്കുകയും അവന്റെ രക്തം പാനം ചെയ്യുകയും ചെയ്യുന്നില്ലെങ്കിൽ നിങ്ങരംക്കു ജീവൻ ഉണ്ടായിരിക്കുകയില്ല." (യോഹ. 6: 53) ഈ സന്ദർഭത്തിൽ ജനക്കൂട്ടത്തിലുള്ള അനേകർ അവിടുത്തെ വിട്ടുപോകുവാനാരംഭിച്ചു. അവിടുന്നു ശ്ലീഹന്മാരുടെ നേരെ തിരിഞ്ഞു ചോദിച്ചു: "നിങ്ങളും പോകുന്നില്ലയോ"? ഇങ്ങനെ പറയുന്നതായിരുന്നു അവിടുത്തേക്കു എളുപ്പം." വരട്ടെ....ദയവു ചെയ്തു പോകാതിരിക്കുക. നരമാംസഭോജനം ഞാൻ ഉദ്ദേശിക്കുന്നില്ല. ഞാൻ അപ്പമെടുത്തു് "ഇതെന്റെ ശരീരമാകുന്നു' എന്നും വീഞ്ഞെടുത്ത്" ഇതെന്റെ രക്തമാകുന്നു"വെന്നും പറയും. അതു അത്ര പ്രയാസകരമാണോ?" പക്ഷേ, അതിനു പകരം കേവലമായ വിശ്വാസം, അന്ധകാരത്തിലും കൈവിടാത്ത വിശ്വാസം അവിടുന്നു ആവശ്യപ്പെടുകയാണുണ്ടായതു്.

www.malankaralibrary.com

അവിടുന്നു തൻെറ മാതാവിനോടു പെരുമാറിയ രീതി നാം ഗ്രഹിച്ചതാണു്. ആ സന്ദർഭങ്ങളിൽ മഹത്തായ വിശ്വാസം അവരാക്കു കാണിക്കേണ്ടിവന്നിട്ടുണ്ടു്. കുരിശുമരണമാകട്ടെ, ലൗകികരീതിയിൽ അവിടുത്തെ ദയനീയപരാജയവേളയായിരുന്നു. യോഹന്നാനൊഴികെ മററെല്ലാ അപ്പോസ്തലന്മാരും തടിരക്ഷിക്കാൻ ഒഴിഞ്ഞുമാറി. അവിടുത്തെ മരണം ലോകരക്ഷയ്ക്കാണെന്നു അവരാക്കു വിശ്വസിക്കേണ്ടിവന്നു. മുമ്പു പാപിനിയായിരുന്ന മറിയം മഗ്ദലേനയ്ക്കാണ് പുനരുത്ഥാനശേഷം അവിടുന്നു ആദ്യം പ്രത്യക്ഷപ്പെട്ടതെന്നു് വേദപുസ്തകം പറയുന്നു, തൻെറ മാതാവായ മറിയത്തിനു പ്രത്യക്ഷനായെന്നു പറയുന്നില്ല. അതു അവിടുന്നു ഉപേക്ഷിച്ചതാണോ? നമുക്കറിഞ്ഞുകൂടാ. എന്നാൽ, നമുക്കറിയാവുന്ന ഒന്നുണ്ടു്. ഈ പെരുമാററരീതി, തൻെറ മാതാവിനോടുപോലും അനുവർത്തിച്ച രീതി അന്ധകാരത്തിലും വിശ്വാസത്തിന്മേൽ മുറുകെ പിടിക്കാൻ ഇടയാക്കുന്ന ഈ രീതി, ഒരുവനു് ആധ്യാത്മികമായി വളരാൻ കാരണമാകും.

അവിടുന്നു ഗർഭസ്ഥനായ ദിവസം മാലാഖ പ്രസ്താവിച്ച പ്രകാരം മറിയം പ്രസാദവരപൂരിതയായിരുന്നു. ''ദൈവത്തിനു താഴെ മററാരെക്കുറിച്ചും ചിന്തിക്കാൻ കഴിയാത്തവിധവും ദൈവത്തിനു മാത്രം ഗ്രഹിക്കുവാൻ കഴിയുന്ന വിധവും'' ഉത്ഭവനിമിഷം മുതൽ അവളുടെ പരിശുദ്ധി അത്രമാത്രം വലുതായിരുന്നുവെന്നു് ഒൻപതാം പീയൂസ് മാർപ്പാപ്പാ പ്രസ്താവിച്ചിട്ടുണ്ടു്. എന്നിരുന്നാലും അവരാക്കു വളരുവാൻ കഴിയുമായിരുന്നു. അല്പം പകതയില്ലാത്ത ഒരു താരതമ്യം ഇതു ഗ്രഹിക്കുവാൻ സഹായിച്ചേക്കാം. വ്യത്യസ്തമായ അളവുള്ള പാത്രങ്ങരം. ഓരോന്നിലും നിറയെ ദ്രാവകം. ചിലതിൽ മററുള്ളവയെക്കാരം കൂടുതലുണ്ടു്. പ്രസാദവരം തീർച്ചയായും ദ്രാവകം പോലല്ല. അതു ദൈവശക്തി ആത്മാവിൽ വേരോടുന്നതാണ്. ഈ വേരോട്ടത്തിൻെറ പരിമാണത്തിൽ വളരുക ആത്മാവിനു സാധ്യമാണ്. അതിനാൽ ഓരോ ഘട്ടത്തിലും അതിനു പൂർണ്ണതയുണ്ടാകും. ഇതു ആപേക്ഷികമായ പൂർണ്ണതയാണ്. ഇതായിരുന്നു മറിയത്തിൻെറ പൂർണ്ണത.

www.malankaralibrary.com

ദൈവ-മനുഷ്യനായ ക്രിസ്തുവിന്റെ പൂർണ്ണതയാകട്ടെ, കേവലമായ പൂർണ്ണതയാണ്. അതിനു വളരുക സാധ്യമല്ല. എന്നാൽ, മറിയത്തിലാകട്ടെ നിത്യസൗഭാഗ്യം കൂടുതൽ ആസ്വദിക്കാനായി അതിനു വളരുക സാധ്യമായിരുന്നു. പ്രയാസങ്ങൾ നേരിട്ടാലും, അന്ധകാരത്തിലും പിടിവിടാതെ നിൽക്കേണ്ടിവരുമെങ്കിലും, ആ വലുതായ സൗഭാഗ്യം ഒരാൾക്കുണ്ടാകാൻ ഇച്ഛരിക്കുന്നതു് വലുതായ സ്നേഹമാണു്. കാരണം, സ്നേഹമെന്നതു അപരനുവേണ്ടിതന്നെ നന്മ ഇച്ഛരിക്കുന്നതാണല്ലോ. അതിനാൽ അവളോടുള്ള അവിടുത്തെ സ്നേഹം ഇപ്രകാരം പ്രവർത്തിക്കുവാൻ കാരണമായിത്തീർന്നു. നാമെല്ലാവരോടുമുള്ള അവിടുത്തെ സ്നേഹം ഇങ്ങനെ ക്ലേശകരമായ ഘട്ടങ്ങളിൽ നമ്മളെ എത്തിക്കും. അപ്പോൾ നാം കൂടുതലായി വളരുകയോ ഒഴിഞ്ഞു മാറുകയോ ചെയ്യും. അവിടുത്തെ മാതാവിനെ അനുകരിക്കുന്ന പക്ഷം നാം വളരും, വളരെ വളരും. അപ്പോൾ ദൈവം നിത്യമായി നൽകുന്ന അനന്ത ദർശനവും സ്നേഹവും ഉൾക്കൊള്ളാൻ നാം പ്രാപ്തരാകും. നമ്മുടെ സ്വന്ത ശക്തി മുഖേന വിശ്വാസത്തിൽ വളരാനൊക്കുമെന്നു കരുതാതിരിക്കുക. അങ്ങനെ ചിന്തിക്കുകതന്നെ തെററാണ്. ദൈവം നമുക്കു നൽകുന്ന ദാനമാണു വിശ്വാസം. നമ്മുടെ രക്ഷയ്ക്കുള്ള വ്യവസ്ഥയും അതാണ്. അതിനാൽ വി. പൗലോസ് എഫേസ്യർക്കെഴുതി: "വിശ്വാസംവഴി കൃപയാലാണ് നിങ്ങൾ രക്ഷിക്കപ്പെട്ടതു്. അതു നിങ്ങൾ നേടിയെടുത്തതല്ലാ, ദൈവത്തിന്റെ ദാനമാണ്" (എഫേ 2: 8) അതു നമ്മിൽ നിന്നല്ലാത്തതുമൂലം എങ്ങനെ അതു രക്ഷയ്ക്കുള്ള വ്യവസ്ഥയാകുമെന്നതു ശ്രദ്ധേയമായ കാര്യമാണ്. നാമതു പതിനെട്ടാം അധ്യായത്തിൽ ആരായുന്നതായിരിക്കും)

വിശ്വാസം ദൈവദാനമാകയാൽ അതിൽ വളരുന്നതിനു നമുക്കു സ്വയം കാരണമാകാൻ കഴിയുകയില്ലെങ്കിലും അതിനുസഹായകമായ പലതും നമുക്കു ചെയ്യുവാൻ കഴിയും: ആ ദാനത്തോടു ചെറുത്തുനിൽക്കാതിരിക്കുകയും കൂടുതലായ അളവിൽ അതു സ്വീകരിക്കുവാൻ നമ്മെ സജ്ജരാക്കുകയും ചെയ്യുവാൻ നമുക്കു കഴിയും. കൂടുതൽ വിശ്വസത്തിനു വേണ്ടി പ്രാർത്ഥിക്കുകയാണ് ആദ്യം വേണ്ടത്. ജീവിത

www.malankaralibrary.com

ത്തിലെ വിഷമങ്ങൾ, പ്രത്യേകിച്ച് അന്ധകാരത്തിലും പിടിച്ചുനിൽക്കുവാൻ സാഹചര്യമുളവാക്കുന്നവ അപ്പോൾ നമുക്കു സ്വാഗതം ചെയ്യുവാൻ കഴിയും. വിശ്വാസം മൂലം പ്രവർത്തിക്കുമ്പോൾ നമ്മുടെ വിശ്വാസം വർദ്ധിക്കും. വരാനിരിക്കുന്ന ജീവിതത്തിലെ നന്മകളുമായി താരതമ്യപ്പെടുത്തുമ്പോൾ ഐഹികജീവിതനന്മകൾ ഒട്ടുമേ തന്നെ വിലയുള്ളതല്ലായെന്ന് വിശ്വാസം നമ്മോടു പറയുന്നു. അവ നല്ലതല്ലെന്നു നാം പറയുന്നില്ല. ദൈവം അവയെ നല്ലതാക്കിയിട്ടുണ്ട്. പക്ഷേ, നിത്യനന്മകളുമായി താരതമ്യം ചെയ്യുമ്പോൾ അവ വെറും ഉച്ഛിഷ്ടംപോലെയാണെന്നു നാം പറയുന്നു. വി. പൗലോസ് ഉപയോഗിച്ച ശൈലിയാണിത്. വി. പൗലോസ് ഫിലിപ്പ്യർക്കെഴുതിയ ലേഖനത്തിൽ ഈ വസ്തുത സവിസ്തരം പ്രതിപാദിക്കുന്നുണ്ട്. ഒരു യഹൂദനും ഫരിസേയനും സഭയെ പീഡിപ്പിച്ചിരുന്നവനുമായ തന്നെക്കുറിച്ചും കറപുരളാത്ത തന്റെ നിയമാനുഷ്ഠാനങ്ങളെക്കുറിച്ചും പരാമർശിച്ചശേഷം അദ്ദേഹമെഴുതി: എന്നാൽ, എനിക്കു ലാഭമായിരുന്ന ഇവയെല്ലാം ക്രിസ്തുവിനെപ്രതി നഷ്ടമായിതന്നെ ഞാൻ കണക്കാക്കി. ഇവമാത്രമല്ല, എന്റെ കർത്താവായ യേശുവിനെപ്പററിയുള്ള ജ്ഞാനം കൂടുതൽ വിലയുള്ളതാകയാൽ, സർവ്വവും നഷ്ടമായിത്തന്നെ ഞാൻ പരിഗണിക്കുന്നു. അവനെ പ്രതി ഞാൻ സകലവും നഷ്ടപ്പെടുത്തുകയും ഉച്ഛിഷ്ടംപോലെ കരുതുകയുമാണ്. ഇതു ക്രിസ്തുവിനെ നേടുന്നതിനും അവനോടുകൂടി ഒന്നായി കാണപ്പെടുന്നതിനും വേണ്ടിയത്രെ (ഫിലി.3,7-9).

ഇവ ഒട്ടും വിലയില്ലാത്തതായി പ്രസ്താവിച്ചതിന്റെ കാരണം, ഇവയെക്കാൾ ഉപരിയായ നന്മകൾ മറക്കുന്നതിനും അങ്ങനെ അവ നഷ്ടപ്പെടുത്തുന്ന അപകടത്തിൽ ചെന്നു ചാടാൻ ഐഹികനന്മകൾ പ്രലോഭനകാരണമായിത്തീരുമെന്നതിനാലുമാണ്.

ഈ സത്യങ്ങളെക്കുറിച്ച് നാം ആഴമായ അവബോധം നേടേണ്ടതുണ്ട്. അവ വെറുതെ അറിഞ്ഞിരുന്നാൽ മാത്രം പോരാ. ഈ അവബോധത്തിനുള്ള ഒരു മാർഗ്ഗം കൂടുതൽ ധ്യാനിക്കുകയാണ്. മററൊരു മാർഗ്ഗം അതനുസരിച്ച് പ്രവർത്തിക്കുകയുമാണ്. അവ എങ്ങനെ പ്രാവർത്തികമാക്കാം എന്ന് നാം അല്പം ചർച്ച ചെയ്തതാണ്. ഇനിയും കൂടുതൽ ചർച്ച ചെയ്യുകയും ചെയ്യും.

www.malankaralibrary.com

# അധ്യായം 15

## വിശ്വാസമെന്ന അനുസരണം

നാം അനുസരണം / സ്നേഹം അഭ്യസിക്കണമെന്നതിൻെറ അടിസ്ഥാനകാരണമെന്ത്? അനുസരണത്തിൻെറ വശംനോക്കുകയാണെങ്കിൽ, കാരണം സ്പഷ്ടമാണ്. അവിടുന്നു നമ്മുടെ പിതാവാണ്, നമ്മുടെ അസ്തിത്വത്തിനും ആ അസ്തിത്വത്തിൻെറ തുടർച്ചയ്ക്കും നാം കടപ്പെട്ടിരിക്കുന്ന നമ്മുടെ സ്രഷ്ടാവാണ്. കൂടാതെ, വലിയൊരു വില നല്കി അവിടുത്തെ പുത്രൻ തിന്മപ്പെട്ടവൻെറ അടിമത്തത്തിൽ നിന്ന് നമ്മെ വീണ്ടെടുത്തു.

സ്നേഹത്തിൻെറ വശം പരിഗണിക്കുന്ന പക്ഷം അതിൻെറ പ്രേരകശക്തി അവിടുത്തെ അമേയവും അവാച്യവുമായ നന്മയാണെന്നു കാണാം. മുൻ അധ്യായങ്ങളിൽ അല്പമായെങ്കിലും നാമതു ചർച്ച ചെയ്തിട്ടുണ്ട്.

ഈ രീതിയിലുള്ള പ്രേരകശക്തികൾ പലവിധമുണ്ട്. ഏററം താണതലത്തിൽ, ശിക്ഷയെക്കുറിച്ചുള്ള ഭീതിയിൽ നിന്നുളവായ ദാസോചിതമായ അനുസരണം കാണുവാൻ കഴിയും. ഈ പ്രേരകശക്തി തെററായതല്ല. സുവിശേഷങ്ങളിൽ യേശുതന്നെ അതെക്കുറിച്ച് പ്രസ്താവിക്കുന്നുണ്ട്. ‘‘ശരീരത്തെ കൊല്ലുകയും ആത്മാവിനെ കൊല്ലാൻ കഴിവില്ലാതിരിക്കുകയും ചെയ്യുന്നവരെ നിങ്ങൾ ഭയപ്പെടേണ്ട. മറിച്ച്, ആത്മാവിനെയും ശരീരത്തെയും നരകത്തിലാക്കുവാൻ കഴിയുന്നവനെ ഭയപ്പെടുവിൻ’’ (മത്താ: 10, 28).

എന്നാൽ, അവിടുത്തെ പുത്രൻെറ ശരിയായ മുന്നറിയിപ്പ് വിസ്മരിക്കാതെതന്നെ, കൂടുതൽ ഉയരുവാൻ നമ്മുടെ പിതാവിൻെറ നന്മ നമ്മെ പ്രേരിപ്പിക്കുന്നുണ്ട്. നാം സ്നേഹിക്കണം, അനുസരിക്കണം. കാരണം, നമ്മുടെ പിതാവ് നല്ലവനാണ്. അവിടുത്തെ പുത്രൻ നൽകിയ നാടകീയമായ പാഠം നാം ഓർക്കുക. താൻ നല്ലവനാണെന്നതോ, ദൈവമാണെന്നതോ യേശു നിഷേധിച്ചില്ല, നേരെമറിച്ച്

www.malankaralibrary.com

നല്ലവൻ എന്ന പദം സൃഷ്ടികൾക്കും സ്രഷ്ടാവിനും ഉപയോഗിക്കുമ്പോൾ അതിൻെറ അർത്ഥം വ്യത്യാസമുള്ളതാണെന്നു ശക്തമായി കാണിക്കുവാൻ അവിടുന്നു ആഗ്രഹിച്ചു. നമ്മുടെ പിതാവായ ദൈവം കേവലമായ നന്മതന്നെയാണു്.

എന്നാലും അനുസരണത്തിൻെറ/ സ്നേഹത്തിൻെറ കാര്യത്തിൽ നാം ഒരു വ്യതിരിക്തത കാണണം. നമ്മുടെ പിതാവ് നമ്മോടു നല്ലവനായി വർത്തിക്കുന്നുവെന്നു്, അല്ലെങ്കിൽ തന്നിൽതന്നെ നല്ലവനാണെന്നു നാം പരിഗണിക്കുന്നു. രണ്ടും ശരിതന്നെ. അവിടുന്നു അവകാശപ്പെടുന്ന കൂടുതൽ ഉന്നതമായ പ്രേരകശക്തി താൻ തന്നിൽതന്നെ നല്ലവനാണെന്ന പരിഗണനയാണ്. അവിടുന്നവകാശപ്പെടുന്ന ഏററം പൂർണ്ണമായ സ്നേഹം ഈ ഉന്നത പ്രേരകശക്തിയിൽ നിന്നുള്ളതാണ്.

ഒരു സൃഷ്ടിക്കു ഇപ്രകാരമുള്ള ഉന്നതമായ സ്നേഹം സാധ്യമാണോ? ഉവ്വ്, ഒരു കരുതലോടുകൂടി മാത്രമേ അതു പറയാനൊക്കുകയുള്ളുവെന്നുമാത്രം. നാം മുമ്പു കണ്ടതുപോലെ, ഒരു മനുഷ്യനെ നാം സ്നേഹിക്കുമ്പോൾ നമ്മുടെ സ്നേഹത്തിനു ഒരു ആരംഭകാരണമുണ്ടായിരിക്കും. ആ വ്യക്തിയിൽ നല്ലതായ എന്തെങ്കിലും നാം കാണണം. നാം ഇങ്ങനെ ചിന്തിക്കുന്നു: ‘‘ഒരുനല്ലയാൾ. അവന്, അവൾക്ക്, നല്ലതു ഭവിക്കട്ടെ. അവന്, അവൾക്ക്, സന്തോഷം നൽകുന്നതു സംഭവിക്കട്ടെ’’ എന്നാൽ നമ്മുടെ പിതാവിനു നമ്മോടുള്ള സ്നേഹത്തിന് ഒരു ആരംഭകാരണമില്ല. മാനുഷികഭാഷയിൽ പറഞ്ഞാൽ, ആ സ്നേഹം അവിടുത്തേക്കുണ്ടായപ്പോൾ, നാം ഉണ്ടായിരുന്നില്ല. നാം ഉണ്ടായപ്പോൾ സ്നേഹയോഗ്യമായ യാതൊന്നും അവിടുന്ന് നമ്മിൽ കണ്ടില്ല. ഞാനായിരിക്കുന്ന നന്മയും എനിക്കുള്ള നന്മയും അവിടുത്തെ ദാനമാണ്. വി. പൗലോസിൻെറ വാക്കുകൾ ശ്രദ്ധിക്കുക: ‘‘നിനക്ക് എന്ത് പ്രത്യേക മാഹാത്മ്യമാണുള്ളത്? ദാനമായി ലഭിച്ചതല്ലാതെ നിനക്കെന്തുണ്ട്?’’ (1 കോറി.4:7) ഞാനായിരിക്കുന്നത്, എനിക്കുള്ളത്, ഞാൻ ചെയ്യുന്നത്— സകലവും ദൈവദാനമാണ്. ഞാൻ അല്പംപോലും നന്മ

www.malankaralibrary.com

എന്റെ സ്വന്തം ശക്തികൊണ്ട് ഉളവാക്കിയിട്ടില്ല. സ്വന്തം ശക്തികൊണ്ട് ഞാൻ എന്തെങ്കിലും നന്മ ഉളവാക്കുകയാണെങ്കിൽ അതു സൃഷ്ടിക്കുകയാണ്. ദൈവം മാത്രമേ സൃഷ്ടിക്കുന്നുള്ളു. അതിനാൽ എന്റെ സ്ഥാനം ഞാൻ ഗ്രഹിക്കണം. ഞാൻ ഉളവാക്കാത്തതിനെക്കുറിച്ച് വീമ്പിളക്കരുതു്.

പരിപൂർണ്ണമായി ഔദാര്യമുള്ള സ്നേഹം നമ്മുടെ പിതാവിന്റെ സ്നേഹം മാത്രമാണു്. സ്നേഹിക്കുവാൻ അവിടുത്തേക്കു ആരംഭകാരണം ആവശ്യമില്ല. സൃഷ്ടികളായ നമുക്ക് അങ്ങനെയൊരു ആരംഭകാരണം ആവശ്യമാണ്. എങ്കിലും അവിടുത്തെ കൃപമൂലം ഉയർത്തപ്പെട്ട് അവിടുന്നു തന്നിൽതന്നെ നന്മയായതുമൂലം അവിടുത്തെ സ്നേഹിക്കുന്നതിനു പ്രാപ്തമായതലത്തിൽ ചിലപ്പോഴെങ്കിലും എത്തുന്നതിനു നമുക്കു സാധിക്കും. അവിടുത്തെ പ്രസാദിപ്പിക്കുന്നതിനുവേണ്ടി നാം പ്രാർത്ഥിക്കുന്നതെന്തിനും അവിടുന്നു സമ്മാനം നല്കുമെന്ന ബോധം നമ്മുടെ മനസ്സിന്റെ അടിത്തട്ടിലെങ്കിലും എപ്പോഴുമുണ്ടാകുമെന്നതു നേരുതന്നെ. അതിനാൽ അവിടുന്നു എന്നോടു നല്ലവനാണെന്ന ആരംഭകാരണം പൂർണ്ണമായി ഇല്ലാതാകയില്ല. ബോധമണ്ഡലത്തിന്റെ താഴേക്കു അതിനെ തള്ളിവിടാമെന്നു മാത്രം.

എന്നിരുന്നാലും കഴിയുംവിധത്തിൽ മുൻപു പ്രസ്താവിച്ച നിർമ്മലസ്നേഹത്തിന്റെ തലത്തിലെത്തുന്നതിനു നാം പരിശ്രമിക്കണം, നമുക്കതു സാധ്യമാണു്. അവിടുത്തെ കൃപ അതിനാവശ്യമാണ്. എങ്കിലും അതു അവിടുന്നു അർഹിക്കുന്നുണ്ടു്. (ഇതു് പ്രാവർത്തികമാക്കുന്നതെങ്ങനെയെന്നു പതിനെട്ടാം അധ്യായത്തിൽ നാം കാണും.) നമ്മുടെ ആധ്യാത്മിക വളർച്ചയ്ക്കുവേണ്ടി ഇക്കാര്യത്തിൽ നാം കൂടുതൽ കൂടുതൽ പരിശ്രമിക്കേണ്ടതുണ്ടു്. അവിടുത്തെ പുത്രൻ നമുക്കു നിശ്ചയിച്ചുതന്ന ലക്ഷ്യം ഇതാണു്: "നിങ്ങളുടെ സ്വർഗ്ഗസ്ഥനായ പിതാവ് പരിപൂർണ്ണനായിരിക്കുന്നതുപോലെ നിങ്ങളും പരിപൂർണ്ണരായിരിപ്പിൻ" (മത്താ. 5: 48). നമ്മുടെ പിതാവിന്റെ ഭവനത്തിൽ,

www.malankaralibrary.com

സ്വർഗ്ഗത്തിൽ, നാം എത്തുമ്പോൾ മാത്രമേ നമുക്കു സാധ്യമായതിൻെറ ഔന്നത്യത്തിൽ നാം എത്തുകയുള്ളു. അപ്പോഴും അതു പരമമായ ഔന്നത്യമായിരിക്കയില്ല. അപ്പോൾ വി. ആൻസലം പ്രസ്താവിക്കുന്നതുപോലെ, ആത്മാവു് "തന്നെയും മററുള്ളവരെയും സ്നേഹിക്കുന്നതിനോടു താരതമ്യം ചെയ്യാൻ പാടില്ലാത്തവിധം ദൈവത്തെ സ്നേഹിക്കും. അതിനാൽ തനിക്കും മററുള്ളവർക്കുമുള്ള സൗഭാഗ്യാവസ്ഥയെക്കുറിച്ചു് സന്തോഷിക്കുന്നതിലും കൂടുതലായി ദൈവത്തിൻെറ സൗഭാഗ്യാവസ്ഥയെക്കുറിച്ചു് ആത്മാവ് സന്തോഷിക്കും." അതായതു് ആത്മാവ് ദൈവത്തിനു നന്മ ഇച്ഛരിക്കും. ഇതാണല്ലോ സ്നേഹത്തിൻെറ അർത്ഥം. തനിക്കുവേണ്ടി ആത്മാവ് ഇച്ഛരിക്കുന്നതിനേക്കാൾ അനന്തമായ രീതിയിൽ വലുതായ നന്മ ആത്മാവു് ദൈവത്തിനു് അവിടുത്തെപ്രതി ഇച്ഛരിക്കും. കാരണം, അവിടുന്നു നന്മയാകുന്നു.

അതേസമയം, 'ഇതുമതി' എന്നു് കണ്ണുനീരിൻെറ ഈ താഴ്വരയിൽ ഒരിക്കലും നമുക്കു പറയുക സാധ്യമല്ല. എന്തെന്നാൽ, പിതാവിനെപ്പോലെ പൂർണ്ണരായിരിക്കുകയെന്നു അവിടുത്തെ പുത്രൻ നമുക്കു നിശ്ചയിച്ച ലക്ഷ്യത്തിൽ ഒരിക്കലും നാം എത്തിച്ചേരുന്നില്ല.

സാന്ദർഭികമായി പ്രസ്താവിച്ചുകൊള്ളട്ടെ, ഈ പരിപൂർണ്ണത എല്ലാ ജീവിതാവസ്ഥകളിലുമുള്ള എല്ലാവർക്കും വേണ്ടിയുള്ളതാണ്. ചില ജീവിതാവസ്ഥകൾ കൂടുതൽ ആധ്യാത്മിക സഹായം നൽകുമെന്നതു ശരിതന്നെ. പക്ഷേ, യേശുവിൻെറ കല്പന എല്ലാവർക്കും ബാധകമാണു്. വി. ഫ്രാൻസിസ് ദെ സാലസിൻെറ മൂന്നാം ശതാബ്ദിയോടു ബന്ധപ്പെടുത്തി പതിനൊന്നാം പീയൂസ് മാർപ്പാപ്പാ പുറപ്പെടുവിച്ച ചാക്രിക ലേഖനത്തിൽ അദ്ദേഹം എഴുതി: "ഈ ക്ഷണം തെരഞ്ഞെടുക്കപ്പെട്ട ഏതാനും പേർക്കു മാത്രമുള്ളതാണെന്നും മററുള്ളവർ പുണ്യത്തിൻെറ താഴ്ന്ന തലത്തിൽ കഴിഞ്ഞാൽ മതിയെന്നും ആരും കരുതാതിരിക്കുക. ഈ നിയമം ഒഴിവില്ലാതെ എല്ലാവർക്കും ബാധകമാണു്." മാർപ്പാപ്പായുടെ ഈ പ്രസ്താവന വളരെ സമയോചിതമായി

www.malankaralibrary.com

രുന്നു. കാരണം 'ഭക്തമാർഗ്ഗപ്രവേശിക' എന്ന തൻെറ ഗ്രന്ഥത്തിൽ വിശുദ്ധൻ രേഖപ്പെടുത്തിയിട്ടുള്ളതു്, ആ ധ്യാത്മിക ജീവിതത്തിലെ ഭക്ത്യകൃത്യങ്ങഠം ഓരോ ജീവിതാവസ്ഥയ്ക്കുമനുസൃതം ക്രമപ്പെടുത്തേണ്ടതുണ്ടെങ്കിലും എല്ലാവരും പൂർണ്ണരാകാൻ വിളിക്കപ്പെട്ടിരിക്കുന്നു എന്നാണു്. എല്ലാ ജീവിതാവസ്ഥകളിലുമുള്ള സ്ത്രീപുരുഷന്മാരുഠംപ്പെട്ട വിശുദ്ധരുടെ പട്ടിക ഇതു ശരിയെന്നു തെളിയിക്കുന്നുണ്ടു്.

എന്തിലാണ് ആധ്യാത്മികവളർച്ച അടങ്ങിയിട്ടുള്ളത്. തീർച്ചയായും സ്നേഹത്തിൽ / അനുസരണത്തിൽതന്നെ. വിവിധ ഭക്താഭ്യസനങ്ങഠം വർദ്ധിപ്പിക്കുന്നതിലല്ലാ ഇതടങ്ങിയിരിക്കുന്നതു്. അവ അവിടുന്നു നമുക്കു നിശ്ചയിച്ചിട്ടുള്ള ലക്ഷ്യം പ്രാപിക്കുന്നതിലുള്ള മാർഗ്ഗങ്ങഠം മാത്രമാണു്. മാർഗ്ഗങ്ങളും ലക്ഷ്യവും തമ്മിൽ കൂട്ടിക്കുഴയ്ക്കാതിരിക്കുക.

പൊതുവേ പറഞ്ഞാൽ എന്തെങ്കിലും സന്ദർഭത്തിൽ നമ്മുടെ ആധ്യാത്മിക പുരോഗതി ഏതു തലത്തിലാണെന്നു ദൈവം നമ്മെ അറിയിക്കുന്നില്ലെന്നാണു് വി. ഫ്രാൻസിസ് ദെസാലസ് പ്രസ്താവിച്ചിട്ടുള്ളതു്. ഏററം അടിസ്ഥാനപുണ്യമായ എളിമയിലുള്ള നമ്മുടെ വളർച്ചയിൽനിന്ന് അതേക്കുറിച്ചു അല്പമായ അറിവ് ലഭിച്ചേക്കാമെന്നു വിശുദ്ധൻ പ്രസ്താവിക്കുന്നുണ്ടു്. ഏററം അടിസ്ഥാനപുണ്യമെന്നു പറഞ്ഞതിനു കാരണമുണ്ടു്. സ്നേഹമാണ് ഏററം വലിയ പുണ്യം. പക്ഷേ, സ്നേഹത്തിൻെറ നിലനിൽപ്പിനു് എളിമ ആവശ്യമാണു്. ഇതു നാം പതിനെട്ടാമധ്യായത്തിൽ കാണും.

എന്നിരുന്നാലും സ്നേഹത്തിലുള്ള നമ്മുടെ വളർച്ചയറിയുവാൻ പ്രയോജനപ്പെടുന്ന മറെറാരു അളവുകോലുണ്ട്. പൂർണ്ണസ്നേഹം എല്ലാ പാപങ്ങളെയും ഒഴിവാക്കും. വിവേകത്തിൻെറ ഉപദേശാനുസൃതം അപൂർണ്ണതകളും ഒഴിവാക്കും. ഇതിൻെറ അർത്ഥമിതാണ്: സ്നേഹം പൂർണ്ണമാണെങ്കിൽ ഒരുവൻ യാതൊരു മാരകപാപവും ചെയ്യുകില്ല; മനഃപൂർവമായ പാപദോഷംപോലും ചെയ്യുകയില്ല.

www.malankaralibrary.com

പാപത്തിൻെറയും അപൂർണ്ണതയുടെയും പ്രകൃതിയുമായി ബന്ധപ്പെടുത്തി ആദ്ധ്യാത്മിക ജീവിതത്തിൻെറ ചില വശങ്ങൾ ചർച്ചചെയ്യുക സമുചിതമാണ്. മനപൂർവ്വമായ പാപദോഷങ്ങളെക്കുറിച്ച് നാം പ്രസ്താവിച്ചിട്ടുണ്ട്. ബലഹീനതയുടെ ഒരു നിമിഷത്തിൽസംഭവിക്കുന്ന മററു ചെറിയ പാപങ്ങളുമുണ്ട്. ബലഹീനതമൂലമുളവാകുന്ന ഈ ചെറുപാപങ്ങളിൽനിന്ന് പ്രത്യേകമായ ഒരു അനുഗ്രഹമില്ലാതെ ഒഴിയുക ആർക്കും സാധ്യമല്ല. ആധ്യാത്മികമായി പുരോഗമിച്ചിട്ടുണ്ടെങ്കിലും പൂർണ്ണതയിലെത്തിയിട്ടില്ലാത്ത ഒരുവൻ കോപാവേശംമൂലം പലതും പറയുന്നെന്നു കരുതുക. ഒരുവൻ തന്നോടുതന്നെ ബലപ്രയോഗം നടത്തുകയും തനിക്ക് ഒട്ടും സംതൃപ്തി അനുവദിക്കാതിരിക്കുകയും ചെയ്യുമ്പോൾ ബലഹീനമായ അയാളുടെ മാനുഷികപ്രകൃതിക്ക് സമ്മർദ്ദമുണ്ടാകും. പ്രകോപനകാരണമുണ്ടാകുമ്പോൾ അയാൾ കോപംകൊള്ളും. പക്ഷേ, ഈ സമ്മർദ്ദമില്ലാത്തവന് മിക്കപ്പോഴും ഇതുണ്ടാകുകയുമില്ല. ഇന്ദ്രിയനിഗ്രഹങ്ങളിൽനിന്ന് അധികം ഒഴിഞ്ഞുമാറണമെന്നല്ലാ നാം അർത്ഥമാക്കുന്നത്. ഇരുപതാം അധ്യായം ഇത് ചർച്ച ചെയ്യും. നാം നമ്മോടുതന്നെ അല്പം ക്ഷമാശീലരായിരിക്കുക. ഒററദിവസംകൊണ്ട് വിശുദ്ധനാകാൻ പരിശ്രമിക്കരുതെന്ന് വിശുദ്ധ ജോൺ ക്രിസോസ്റ്റോം പ്രസ്താവിക്കുന്നുണ്ട്.

ഒററയടിക്കുതന്നെ മാരകപാപം ചെയ്യുന്ന ശീലത്തിൽനിന്ന് നമുക്കു മാറാൻ കഴിയും. മദ്യപാനം നിറുത്തിയവരുടെ സംഘടന ഒരുദാഹരണമാണ്. അവരുടെ പക്കൽ ചെല്ലുന്ന അനേകർ ഒററയടിക്കുതന്നെ മദ്യത്തിൽനിന്നു വിമുക്തരാകുന്നത് കാണാം. അവർ പല മാർഗ്ഗങ്ങളും ചൂണ്ടിക്കാണിക്കുന്നുണ്ട്. അവയിൽ പ്രധാനമായത് 'സഹായം, ദൈവികവും മാനുഷികവുമായ സഹായം, ആവശ്യമാണെന്നതാണ്. ശക്തമായ ഒരു പ്രേരകഘടകം വളർത്തിയെടുക്കുകയാണാവശ്യം. പരസ്യം പ്രസിദ്ധപ്പെടുത്തുന്നവർ ഉപയോഗിക്കുന്ന മനശാസ്ത്രംപോലെയൊന്ന്. നാം എന്തെങ്കിലും ആഗ്രഹിക്കുന്നതിൻെറ കാരണങ്ങൾ ശരിയായി വിശകലനംചെ

www.malankaralibrary.com

യ്ത് അവ നമ്മുടെ മനസ്സിൽ പ്രതിഷ്ഠിക്കുകയാണ് ആ മനശാസ്ത്രപദ്ധതി. അപ്പോഠം നമ്മുടെ ഇച്ഛാശക്തി പ്രബലമാകും. ഈ ഇച്ഛാശക്തിയുടെ തീവ്രതതന്നെ ഒരു പ്രത്യേക ഘടകമാണ്. അഭ്യസനംവഴി ഇത് സാധിക്കാം. മനശ്ശാസ്ത്രജ്ഞന്മാർ ഇത് ശരിവയ്ക്കുന്നുണ്ട്. (നാമിത് പതിനാറാം അധ്യായത്തിൽ വിശദമായി ചർച്ച ചെയ്യും.)

പാപദോഷങ്ങളുടെ ഒരു പ്രത്യേക കെണിയെക്കുറിച്ച് നാം ബോധമുള്ളവരായിരിക്കുക. പാപദോഷങ്ങളോടുള്ള മമത എന്നതിനെ വിളിക്കാം. ദൈവതിരുമനസ്സ് നിറവേററുവാനുള്ള സന്നദ്ധതയുടെ ഒരു അഭാവമാണത്. ഒരുവൻെറ മനോഭാവം ഇങ്ങനെയാണെന്ന് സങ്കല്പിക്കുക: ഏതെങ്കിലും മാരകപാപമോ, എന്നെ ശല്യം ചെയ്യുന്ന പാപദോഷങ്ങളോ, ചെയ്യാൻ ഞാനാഗ്രഹിക്കുന്നില്ല. പക്ഷേ, ഒന്നോ രണ്ടോ കാര്യങ്ങളിൽ എനിക്കു പ്രത്യേകത വരാം. ഉദാഹരണമായി ഉപവിയില്ലാത്ത പരാമർശങ്ങഠം വഴിമാത്രമേ ഒരു സംഭാഷണത്തിലേർപ്പെടുവാനൊക്കുകയുള്ളുവെങ്കിൽ ഞാനങ്ങനെ ചെയ്തേക്കാം. അല്ലെങ്കിൽ ഗൗരവമുള്ള കാര്യമുണ്ടെങ്കിൽ ഞാൻ കള്ളം പറഞ്ഞേക്കാം. ഇങ്ങനെ പ്രത്യേകതയുള്ളവർക്ക് ആധ്യാത്മികവളർച്ച സാധ്യമല്ല. കാരണം, ഇത് ഹൃദയത്തിന്മേലുള്ള ഒരു പിടുത്തംപോലെയാണ്. ചില കാര്യങ്ങളിൽമാത്രം വികസിക്കുകയും അതിനുശേഷം സങ്കോചിക്കുകയും ചെയ്യുന്ന രീതിയാണിത്.

പാപദോഷത്തിലും താണതലത്തിലുള്ളതിനാണ് അപൂർണ്ണതയെന്നു പറയുക. എന്താണ് ഒരു അപൂർണ്ണത? അനേകം ഉദാഹരണങ്ങഠം നിരത്താം. അപൂർണ്ണത പലവിധങ്ങളിലുമുണ്ട്. മോശമായ രീതിയിൽ,മനസ്സില്ലാമനസ്സോടെ, ഒരു കാര്യം പ്രവർത്തിക്കുക അപൂർണ്ണതയാണ്. കേവലം സ്വാഭാവികകാര്യങ്ങളോടുള്ള മമതാപരമായ ചായ്വ്, ചഞ്ചലവും ഉപയോഗശൂന്യവുമായ ആഗ്രഹങ്ങഠം, കല്പനാലംഘനമല്ലെങ്കിലും വിഷമം കൂടാതെ ചെയ്യാവുന്ന നല്ല കാര്യങ്ങഠം ചെയ്യാതിരിക്കുക—ഇവയെല്ലാം അപൂർണ്ണതയുടെ പട്ടികയിൽ വരും. അപൂർണ്ണത പാപമാണോ? ആണ

www.malankaralibrary.com

ന്നു ചില സന്മാർഗ്ഗശാസ്ത്രജ്ഞന്മാർ പ്രസ്താവിക്കുന്നുണ്ട്. പക്ഷേ, അവ പാപമല്ല. പക്ഷേ, അവ വളരെ താണതലത്തിലുള്ള നൻമയാണ്. പൂർണ്ണതയില്ലായ്മയാണല്ലോ അപൂർണ്ണത. ഔദാര്യമുള്ള ഒരാത്മാവ് ആ പൂർണ്ണതകരം ഒഴിവാക്കാൻ പ്രയത്നിക്കും. എന്നാൽ, പൊതുവേ പറഞ്ഞാൽ എല്ലാ അപൂർണ്ണതകളും ഒഴിവാക്കാൻ പ്രതിജ്ഞയെടുക്കുക സാധ്യമാണോ? തീർച്ചയായും എല്ലാം ഒററയടിക്ക് ഒഴിവാക്കുക സാധ്യമല്ല. നമ്മുടെ മാനുഷികപ്രകൃതിക്ക് അത് വളരെയധികം സമ്മർദ്ദമുണ്ടാക്കും. അതിനാൽ ഒരാരം ഇക്കാര്യത്തിൽ വളരെ വിവേകപൂർവ്വം പ്രവർത്തിക്കണം, പിതാവിൻെറ ഇഷ്ടമറിയുന്നതിന് ആത്മപ്രകാശം ലഭിക്കാൻ പ്രാർത്ഥിക്കണം, ഓരോന്നിനെയും കുറിച്ച് പ്രകാശം ലഭിക്കാൻ പ്രാർത്ഥിക്കണം. നാം നമ്മുടെ മാതാവിനോട് ദൃഢസ്നേഹത്തിൽ വർത്തിക്കുന്നപക്ഷം അവരംവഴി കാണിച്ചുതരും.

അപൂർണ്ണതയോടുള്ള മമതയെന്നു പറയാവുന്ന ഒന്നുണ്ടു്. പാപദോഷത്തെക്കുറിച്ച് നാം പ്രസ്താവിച്ചത് ഇതിനും ബാധകമാണ്. പാപദോഷത്തോടുള്ള ആ മമതയും ബോധപൂർവമാകണമെന്നില്ല. അതുതന്നെയാണ് അപൂർണ്ണതയുടെ കാര്യത്തിലുമുള്ളത്. ചിലപ്പോരം അതിനെക്കുറിച്ച് ആത്മാവ് അറിയുകയേയില്ല. അതിനാൽ അവയുടെ സാന്നിധ്യത്തെക്കുറിച്ച് ആത്മപരിശോധന ആവശ്യമാണ്, പ്രത്യേകിച്ച് ധ്യാനദിവസങ്ങളിൽ. അസാധാരണമാംവിധം വിവേകവും സാമാന്യബുദ്ധിയുമുണ്ടായിരുന്ന വി. ഫ്രാൻസിസ് ദെ സാലസ് എഴുതി:

"ഏതെങ്കിലും അപൂർണ്ണതയോട് അത് എത്രമാത്രം ചെറുതായിരുന്നാലും മമതയുള്ള കാലത്തോളം ഒരിക്കലും നമുക്ക് പൂർണ്ണത നേടുക സാധ്യമല്ല. ആവശ്യമില്ലാത്ത വിചാരങ്ങരം വച്ചുപുലർത്തുക, എത്ര ചെറുതാണെങ്കിലും ഒരു തെററിനോടു മമതയുണ്ടായിരിക്കുക-ഇവ മമതയില്ലാതെയും മനപൂർവമല്ലാതെയും ചെയ്തുപോകുന്ന നൂറ് അപൂർണ്ണതകളെക്കാരം പൂർണ്ണതയ്ക്ക് എതിരായുള്ളതാണ്".

www.malankaralibrary.com

മമതയെന്ന് വിശുദ്ധൻ ഉദ്ദേശിക്കുന്നത് നാം മുമ്പ് പ്രസ്താവിച്ച ചായ്‌വാണ്.

കുരിശിന്റെ വി. യോഹന്നാൻ നാടകീയമായ ഒരു പ്രതിബിംബം മുഖേന ഈ സത്യം അവതരിപ്പിക്കുന്നു. "ഒരു പക്ഷി അതിനെ കെട്ടിയിട്ട ചരട് പൊട്ടിക്കാത്തിടത്തോളം കാലം കട്ടിയുള്ളതോ ലോലമായതോ ആയ ചരടുകൊണ്ട് ബന്ധിക്കപ്പെടുന്നതിന് തുല്യമാണത്". ചരടുള്ളിടത്തോളംകാലം ചരടിന്റെ നീളമനുസരിച്ചുമാത്രമേ പക്ഷിക്ക് പറക്കാനാവൂ. കൂടുതൽ ഉയരം അതിന് നേടാനാവുകയില്ല. പൂർണ്ണതയിലേക്കുള്ള വഴിയിൽ കുറച്ചു പുരോഗമിച്ചവർപോലും മനപൂർവമല്ലാതെ ഇപ്രകാരമുള്ള മമതകൾ വച്ചുപുലർത്തുന്നുണ്ടെന്നും വിശുദ്ധൻ പ്രസ്താവിച്ചിട്ടുണ്ട്. ഇതെങ്ങനെയാണ് സംഭവിക്കുകയെന്ന് പത്തൊൻപതാം അധ്യായത്തിൽ നാം കാണും.

ഇക്കാര്യങ്ങൾ പ്രസ്താവിക്കുകവഴി സ്നേഹത്തെക്കുറിച്ചുള്ള നമ്മുടെ വിശദീകരണങ്ങളിൽ നാം യാന്ത്രികരീതി അവലംബിക്കുകയാണോ, അതോ അത്രശ്രദ്ധയുള്ളവരാകുകയാണോ? തീർച്ചയായും അല്ല. ഉത്തമമായ ആദർശം എന്തിലാണ് അടങ്ങിയിരിക്കുന്നതെന്ന് നാം ആരായുകയാണ്. അങ്ങനെ നാം എവിടെ നിൽക്കുന്നുവെന്നറിയുകയും അലംഭാവത്തിൽ വീഴാതിരിക്കുകയും ചെയ്യും. മനപൂർവമായ പാപദോഷങ്ങൾവഴി നാം തരംതാഴുകയാണ്. നാം അപ്പോൾ ഫലത്തിൽ നമ്മുടെ പിതാവിനോട് ഇപ്രകാരം പറയുന്നു: "മാരകപാപം ചെയ്യുന്നതിന് ഞാൻ ഉദ്ദേശിക്കുന്നില്ല; എനിക്ക് അങ്ങയെ നഷ്ടപ്പെടും; എനിക്ക് എന്റെ ആത്മാവ് നഷ്ടപ്പെടും. പക്ഷേ, പാപദോഷങ്ങൾ? അതു സാരമില്ല. അങ്ങ് അവ ഇഷ്ടപ്പെടുന്നില്ലെന്ന് എനിക്കറിയാം. എന്നാൽ, ഞാനത് പരിഗണിക്കുന്നില്ല". കാവ്യരായിരുന്ന ഗ്രീക്കുകാർ ഡെൽഫിയുടെ പ്രവചനസ്ഥാനത്ത് ഇങ്ങനെ എഴുതിവച്ചിരുന്നു: "നിന്നെതന്നെ അറിയുക". ആധ്യാത്മികമായി നാം വളരെ വളരണമെങ്കിൽ നാം നമ്മെതന്നെ അറിയണം. നമ്മുടെ പിതാവ് അർഹിക്കുന്ന രീതിയിൽ അവിടുത്തേക്ക് പ്രതിസ്നേഹം നൽകണമെങ്കിൽ നാം നമ്മെതന്നെ അറിയണം.

www.malankaralibrary.com

ഡൽഫിയുടെ പ്രവചനസ്ഥാനത്തുണ്ടായിരുന്ന ലിഖിതം ആധുനികമനശാസ്ത്രവും സമ്മതിക്കുന്ന ഒന്നാണ്. നാം ഓരോരുത്തരിലും പരിശോധിക്കാത്ത ആഴങ്ങളുണ്ട്. ബോധമണ്ഡലത്തിൻെറ അടിയിൽ മുങ്ങിക്കിടക്കുന്ന പ്രേരകഘടകങ്ങളുണ്ടെന്നുതന്നെ പറയാം. അവയെ നേരിടാൻ നാം ഉപരിതലത്തിൽ കൊണ്ടുവരണം. ഒരുദാഹരണം: വരുന്ന യാഴ്ച ഇന്ന ദിവസം ഇന്ന സ്ഥലത്തുവച്ച് ജീവകാരുണ്യ പ്രവർത്തനത്തിനു സംഭാവനകൾ സ്വീകരിക്കുന്നതായിരിക്കുംഎന്നൊരുപത്രവാർത്ത ഞാൻ കാണുന്നുവെന്നിരിക്കട്ടെ. ആയിരം രൂപാ നൽകുന്നതിനു ഞാൻ തീരുമാനിക്കുന്നു. അതു മററുള്ളവർ നൽകുന്നതിനെക്കാൾ കൂടുതലായിരിക്കും. എന്തായിരിക്കും എൻെറ പ്രേരകഘടകം? ജീവകാരുണ്യപ്രവർത്തനത്തിനുവേണ്ടിയാണെന്നു നൂറുശതമാനവും ഞാൻ ചിന്തിക്കുന്നു. ചിലപ്പോൾ അതു ശരിയാകാം. പക്ഷേ, ഒരു സമ്മിശ്രവികാരവും കാണും. ഞാൻ കൂടുതൽ നൽകുന്നതു മററുള്ളവർ അറിയണം, പണം സ്വീകരിക്കുന്നയാൾ മററുള്ളവരുടെ മുൻപിൽവച്ച് എന്നെ പ്രശംസിക്കും, എനിക്കങ്ങനെ സന്തോഷമുണ്ടാകും, ഈ ചിന്തകൾ മനസ്സിൻെറ അടിത്തട്ടിൽ ഒളിഞ്ഞുകിടക്കുന്നുണ്ടായിരിക്കും. ഈ രണ്ടു പ്രേരകഘടകങ്ങളിൽ നാല്പതു ശതമാനം സംഭാവനയ്ക്കും അറുപതു ശതമാനം പൊങ്ങച്ചത്തിനും ഉള്ളതായിരിക്കാം.

ഈ നിലപാട് എൻെറ പ്രവൃത്തിയെ എങ്ങനെ ബാധിക്കും ? ജീവകാരുണ്യപ്രേരിതനായി മാത്രം ചെയ്യുന്ന പ്രവൃത്തിയുടെ നന്മയിൽനിന്നു താണതലത്തിലുള്ളതായിരിക്കും ഈ സമ്മിശ്രചിന്തകൊണ്ടു ചെയ്യുന്ന പ്രവർത്തിക്കുള്ളത്. ഇപ്രകാരമുള്ള സമ്മിശ്രിതം തെററായ കാര്യങ്ങളിലുമുണ്ടാകാം. ഒരു വിദ്യാർത്ഥി തൻെറ പഠനവിഷയമായ ജീവശാസ്ത്രം പൊതുവേ ഉഴപ്പുന്നു. പക്ഷേ, ലൈംഗികതയുടെ കാര്യം പ്രതിപാദിക്കുന്ന പാഠങ്ങൾ വരുമ്പോൾ അവൻ ബുദ്ധിമുട്ടി പഠിക്കുന്നു. പഠനത്തിനുള്ള അവൻെറ പ്രേരകഘടകം ശക്തമായതല്ല. തീർച്ചയായും ജിജ്ഞാസയെങ്കിലും അതിൽ പങ്കുവഹിച്ചുകാണും. ഒരു പക്ഷേ വെറും രസവും ചീത്ത ലക്ഷ്യവും അതിൽ കണ്ടേക്കാം.

www.malankaralibrary.com

ദോഷൈകദൃക്കായ ഒരുവൻ പ്രസ്താവിച്ചിട്ടുണ്ട്: താൻ ചെയ്യാനാഗ്രഹിക്കുന്ന ഏതു പ്രവൃത്തിക്കും ഒരു നല്ല കാരണം കണ്ടുപിടിക്കാൻ കഴിവുള്ളതിനാൽ മനുഷ്യൻ ബുദ്ധിശക്തിയുള്ള ഒരു ജന്തുവാണ്. നമുക്ക് നമ്മെതന്നെ ഇങ്ങനെ വഞ്ചിക്കാം. വികാരംമൂലമോ, പ്രയാസരഹിതമായതിനാലോ, താണനിലയിലുള്ള പ്രേരകഘടകംമൂലമോ, എന്തെങ്കിലും നാം പ്രവർത്തിച്ചു തുടങ്ങുന്നു. നാം എന്തിനാണതു പ്രവർത്തിച്ചതെന്ന് പിന്നീട് ആരെങ്കിലും ആരാഞ്ഞാൽ ആരംഭവേളയിൽ നമുക്കില്ലാതിരുന്ന ഒരു കാരണം നാം കണ്ടുപിടിക്കുന്നു.

ആളുകൾ തങ്ങളെത്തന്നെ പൂർണ്ണമായി അറിയാതിരിക്കുന്നതിന്റെയും അതിനാൽ തങ്ങളെതന്നെ വഞ്ചിക്കുന്നതിന്റെയും മററൊരു കാരണം അവരുടെ ജീവിതത്തിൽ പല അറകളെന്നു പറയാവുന്നവ ഉള്ളതുകൊണ്ടാണ്. നാമുദ്ദേശിക്കുന്നത് ഇതാണ്: ഒരുവന് തന്റെ ജോലിസ്ഥലത്ത് ഒരു പെരുമാററരീതി, വീട്ടിൽ തികച്ചും ഭിന്നമായ പെരുമാററരീതി. എന്നാൽ, താൻ വ്യത്യസ്തരീതിയിലാണ്, സ്ഥിരരീതിയിലല്ലാ പെരുമാറുന്നതെന്ന് അയാൾ അറിയുന്നില്ല. ഇങ്ങനെയുള്ളവർ അത്യാവശ്യമായി ആത്മശോധന നടത്തി സ്വഭാവത്തിലെ അസ്ഥിരത കണ്ടുപിടിക്കണം.

നാം നമ്മുടെ പിതാവിനെ സ്നേഹിക്കുന്നുവെങ്കിൽ മററൊരു കാര്യം അനുക്തസിദ്ധമാണ്. അവിടുന്ന് എനിക്കു മാത്രമല്ല, എന്റെ അയൽക്കാരെന്ന് അവിടുത്തെ പുത്രൻ വിശേഷിപ്പിച്ച എല്ലാവർക്കും വളരെ ഉദാരമായി നൽകുവാനാഗ്രഹിക്കുന്നു. അതിനാൽ ഞാൻ നമ്മുടെ പിതാവിനെ സ്നേഹിക്കുന്നുവെങ്കിൽ അവിടുത്തേക്ക് ആ സന്തോഷം നൽകുന്നതിനു ഞാൻ ഇച്ഛിക്കുകയും, പ്രവർത്തിക്കുകയും ചെയ്യും. അതായത്, പിതാവിന്റെ ദാനങ്ങൾ സ്വീകരിക്കുവാൻ എന്റെ അയൽക്കാരൻ ഒരുക്കമുള്ളവനായിരിക്കണമെന്നു ഞാൻ ആഗ്രഹിക്കും. ഞാനിങ്ങനെ ആഗ്രഹിക്കുന്നതിനു രണ്ടു കാരണങ്ങളുണ്ട്. ഒന്നാമത്തേത്, നൽകുന്നതിൽ പിതാവിനു സന്തോഷമുണ്ടാകുവാൻ; രണ്ടാമത്തേത്, എന്റെ അയൽക്കാരന് അയാളെപ്രതി നന്മ ഇച്ഛിക്കുന്ന

www.malankaralibrary.com

തിന് പ്രായോഗികതലത്തിൽ ഇവ വേർപെടുത്തുക സാധ്യമല്ല. രണ്ടാമത്തെ കല്പന ഒന്നാമത്തെ കല്പനപോലെയാണെന്ന് ക്രിസ്തുനാഥൻ അരുളിച്ചെയ്തത് വെറുതെയല്ല.

നമ്മുടെ വികാരങ്ങൾ എതിർദിശയിലേക്കു പോകുമ്പോൾ അയൽക്കാരനെ സ്നേഹിക്കുവാൻ നമുക്കു കഴിയുമോ? തീർച്ചയായും. കാരണം, ഇച്ഛയുടെ ഭാവത്തിലാണ് സ്നേഹം സ്ഥിതിചെയ്യുന്നത്. വികാരവുമായി ഇതിനുള്ള ബന്ധം നാം പതിനേഴാം അദ്ധ്യായത്തിൽ ചർച്ച ചെയ്യും. ഏതവസരത്തിലും എല്ലാവരോടും സ്നേഹാത്മകവികാരങ്ങൾ നമുക്കുണ്ടാകേണ്ടതില്ല. പ്രത്യേകിച്ച് നമ്മുടെ ശത്രുക്കളോട്. സ്നേഹം എന്താണെന്ന് നാം വീണ്ടും ഓർക്കുക. അതു മററുള്ളവർക്കു അവരെപ്രതി നന്മ ഇച്ഛിക്കുകയോ ആഗ്രഹിക്കുകയോ ആണ്. ഇതു സ്ഥിതി ചെയ്യുന്നത് നമ്മുടെ ആധ്യാത്മികമായ ഇച്ഛയിലാണ്, നമ്മുടെ വികാരങ്ങളിലല്ല. അതിനാൽ നമുക്ക് നമ്മുടെ ശത്രുക്കളെയും, അവർക്കു നന്മ, പ്രത്യേകിച്ച് നിത്യരക്ഷ, ഇച്ഛിച്ചുകൊണ്ട് സ്നേഹിക്കുവാൻ കഴിയും. ഇക്കാര്യത്തിൽ അവരെ നമ്മുടെ പ്രാർത്ഥനയിൽ ഉൾപ്പെടുത്തുകയാണ് ഏററം കുറഞ്ഞതായി നാം ചെയ്യേണ്ടത്. കൂടാതെ, അവരുടെ നന്മ നാം ശക്തമായി ഇച്ഛിക്കുന്നുവെങ്കിൽ നാം അതനുസരിച്ച് പ്രവർത്തിക്കും, മററുള്ളവരെ, പ്രത്യേകിച്ച് പാവപ്പെട്ടവരെ സഹായിക്കും. (നമ്മുടെ മനോഭാവമനുസരിച്ച് പ്രവർത്തിക്കുമ്പോൾ ആ ഭാവവും ശക്തമാകുമെന്നോർക്കുക) അതിനാലാണ് പാവപ്പെട്ടവരെ സഹായിക്കണമെന്നുള്ള അനേക ആഹ്വാനങ്ങളും വേദപുസ്തകത്തിലുള്ളത്. നാം അങ്ങനെ ചെയ്യുന്ന പക്ഷം അതു അവർക്കു മാത്രമല്ലാ നമുക്കും പ്രയോജനപ്പെടും. ദാനിയേൽ പ്രവാചകൻ ഉദ്ബോധിപ്പിക്കുന്നു: ‘‘ധർമ്മനിഷ്ഠ പാലിച്ചുകൊണ്ട് പാപങ്ങളിൽ നിന്നും മർദ്ദിതരോടു കാരുണ്യം കാണിച്ചുകൊണ്ട് അകൃത്യങ്ങളിൽ നിന്നും ഒഴിഞ്ഞുനിൽക്കുക’’ (ദാനി. 4; 27). തോബിത് തൻെറ മകനെ പ്രബോധിപ്പിക്കുന്നു: ‘‘ദാനധർമ്മം മൃത്യുവിൽ നിന്നു രക്ഷിക്കുകയും അന്ധകാരത്തിൽ പെടുന്നതിൽനിന്നുകാത്തുകൊള്ളുകയും ചെയ്യുന്നു’’ (തോബിത് 4: 10).

www.malankaralibrary.com

ഇതു സുവിശേഷമായ ഒരു ചിന്തയാണ്. കരുണയുള്ളവർക്കു നമ്മുടെ പിതാവ് കരുണ വാഗ്ദാനം ചെയ്തിട്ടുണ്ട്. അത് അവിടുത്തേക്ക് നമ്മോടുള്ള സ്നേഹത്തിന് അതിൽ തന്നെ നന്മയായതിനോട്, ഉള്ള സ്നേഹത്തോട്, അനുരൂപമായതാണ്. മററുള്ളവർക്കു നന്മ ചെയ്യുക വഴി അവിടുത്തെ വാഗ്ദാനാനുസൃതം അവിടുത്തെ നന്മ നമുക്കു ലഭിക്കാനുള്ള ഒരു അവകാശം നാം ഉളവാക്കുന്നു. അതു അവിടുത്തേക്കു കൂടുതൽ പ്രീതികരവുമാണ്. അങ്ങനെ ഒരേ പ്രവൃത്തി തന്നെ അയൽക്കാരനും നമുക്കും ഗുണകരമാകുന്നു. അയൽക്കാരന് അതുമൂലം നമ്മുടെ സഹായം ലഭിക്കുന്നു. നമുക്കാകട്ടെ, അവിടുത്തെ കൃപകരം ലഭിക്കാനുള്ള അവകാശവും ഉളവാകുന്നു. ഇങ്ങനെ സംഭവിക്കുന്നതിൻെറ കാരണം അവിടുത്തെ ദയയാണ്. അന്ത്യവിധിനാളിൽ നമ്മുടെ കർത്താവ് പറയുന്ന വാക്കുകരം സുവിശേഷത്തിൽ രേഖപ്പെടുത്തിയിട്ടുള്ളതു ശ്രദ്ധിക്കുക, അയൽക്കാരനു ചെയ്തത് തനിക്കു ചെയ്തതായി അവിടുന്നു പരിഗണിക്കുന്നു.

വസ്തുനിഷ്ഠമായ ക്രമത്തിൻെറ തുലാസ് ശരിയാക്കുന്നതിനെക്കുറിച്ച് നാലാമധ്യായത്തിൽ നാം പ്രതിപാദിച്ചിട്ടുണ്ടല്ലോ. ഇതുമായി ബന്ധപ്പെടുത്തി ഒരു കാര്യം നമുക്കു നോക്കാം. ജീവിതത്തിൽ സന്തോഷം ചെയ്യുന്ന കാര്യങ്ങരം നാം ഉപേക്ഷിക്കുന്ന പക്ഷം തുലാസിൻെറ തട്ടിൽ നിന്നു നമുക്കെടുക്കാനവകാശമില്ലാത്തവ പാപം മുഖേന എടുത്തതിനു നാം പരിഹാരം ചെയ്യുകയാണ്. അതിനാലാണ് പാപങ്ങരംക്കു പരിഹാരം ചെയ്യുവാൻ ദാനിയേൽ പ്രവാചകൻ ആവശ്യപ്പെട്ടത്.

ഈ സന്ദർഭത്തിൽ ഒരു മുന്നറിയിപ്പിൻെറ ആവശ്യമുണ്ട്. ദൈവസ്നേഹവുമായി താദാത്മ്യപ്പെടുത്തുന്ന നിലയിൽ ഇക്കാലത്ത് ചിലർ അയൽക്കാരനോടുള്ള സ്നേഹത്തെ പുകഴ്ത്തുന്നുണ്ട്. ദൈവസ്നേഹം പ്രത്യക്ഷരീതിയിൽ അഭ്യസിക്കേണ്ടതില്ലെന്നുപോലും ചിലർ പ്രസ്താവിക്കാറുണ്ട് ഈ വീക്ഷണം വച്ചുകൊണ്ട് എൻെറ ഒരു സ്നേഹിതൻ ഒരിക്കൽ എന്നോടു പറയുകയുണ്ടായി: "ഏകനായി ഞാൻ ഒരു

www.malankaralibrary.com

ഭീപ്പീലായാൽ എനിക്കു ദൈവത്തോടു ബന്ധപ്പെടാനൊക്കുകയില്ല. അതു ആളുകൾ മുഖേന മാത്രമേ എനിക്കു സാധിക്കൂ.'' എത്രയോ വിരൂപമായ ചിന്താഗതി ! ഒന്നാം കല്പനയുപേക്ഷിച്ചിട്ട് രണ്ടാം കല്പന നിറവേറുന്നതു കൊണ്ട് എന്തുഫലം?

ഉടമ്പടിയെ സംബന്ധിച്ചുള്ള പഴയനിയമഭാഗങ്ങൾ വായിക്കുമ്പോൾ തെററായ ധാരണ നമുക്കുളവാകാൻ സാധ്യതയുണ്ട്, ഉദാഹരണമായി പുറപ്പാട് 19-ാം അധ്യായം 5-ാം വാക്യം: "അതുകൊണ്ട് നിങ്ങൾ എൻെറ വാക്കു കേൾക്കുകയും എൻെറ ഉടമ്പടി പാലിക്കുകയും ചെയ്യുന്ന പക്ഷം നിങ്ങൾ എല്ലാ ജനങ്ങളിലും വച്ച് എനിക്കു ഏററം പ്രിയപ്പെട്ട എൻെറ സ്വന്തജനമായിരിക്കും.'' മററു പല ഭാഗങ്ങളിലും നാം വായിക്കും: ഇതു ചെയ്യുക, നിങ്ങൾ ജീവിക്കും. അതിനാൽ അനുസരണം മുഖേന കൃപകളും അനുഗ്രഹങ്ങളും നാം സ്വീകരിക്കുന്നുവെന്ന ധാരണയുളവാകാം. അനുസരിക്കുന്നതുകൊണ്ടാണ് നാം നേടുന്നുവെന്നത് ശരിയാണോ? നാം നിയമത്തിൽ നിന്നു സ്വതന്ത്രരാണെന്നും രക്ഷ നമുക്കു നേടാനൊക്കുകയില്ലെന്നും വി. പൗലോസ് പല പ്രാവശ്യം പ്രസ്താവിക്കുന്നുണ്ട്. ഇവ രണ്ടും എങ്ങനെ നമുക്കു സമന്വയിപ്പിക്കാൻ കഴിയും?

ഈ പ്രശ്നത്തിനുത്തരം കാണാൻ വി. പൗലോസിൻെറ വാക്കുകൾ തന്നെ നമുക്കു സഹായകമാണ്. വലിയ പാപികൾ സ്വർഗ്ഗരാജ്യത്തിനവകാശികളാകയില്ലെന്ന് അദ്ദേഹം പ്രസ്താവിക്കുന്നു (1 കോറി. 6, 9-10) നമ്മുടെ കർത്താവുതന്നെ അരുളിച്ചെയ്തിരിക്കുന്നു: നിങ്ങൾ ശിശുക്കളെപ്പോലെയാകുന്നില്ലെങ്കിൽ നിങ്ങൾ സ്വർഗ്ഗരാജ്യത്തിൽ പ്രവേശിക്കുകയില്ല'' (മത്താ. 18; 3) നമ്മുടെ മാതാപിതാക്കളിൽ നിന്ന് നമുക്ക് അവകാശം ലഭിക്കുമ്പോൾ നാം അതു നേടിയതാണെന്നു നാം പറയുമോ? അവർ നല്ലതായവ തങ്ങളുടെ മരണത്തിനു മുൻപും പിൻപും (അവകാശം) നമുക്കു നൽകുന്നത് നാം നല്ലവരായതുകൊണ്ടല്ലേ. പക്ഷേ, പാപികൾക്കു അവകാശമില്ലെന്ന് വി. പൗലോസ് പ്രസ്താവിക്കുന്നത് സ്വയ പ്രയത്നത്താൽ നിത്യസമ്മാനം നമുക്കു നേടുക

www.malankaralibrary.com

സാധ്യമല്ലെങ്കിലും നമ്മുടെ പ്രവൃത്തികൾ മൂലം അതു നഷ്ടപ്പെടുത്താൻ സാധിക്കുമെന്നാണ്.

ഇതു ഏററം അടിസ്ഥാനപരമായ ഒരു സത്യമാണ്. നീതീകരണത്തെക്കുറിച്ച് നാം ചർച്ച ചെയ്ത സത്യത്തിന് ഇത് സമാന്തരമാണ്. സ്വർഗ്ഗരാജ്യം സ്വന്തപ്രയത്നത്താൽ നമുക്കു നേടുക സാധ്യമല്ല. പക്ഷേ, നമ്മുടെ പിതാവിൻെറ നിയമം ലംഘിച്ച് അതു നമുക്കു നഷ്ടപ്പെടുത്താം. ആ നിയമം അവിടുന്ന് ഔദാര്യപൂർവ്വം നമുക്ക് നൽകുവാനാഗ്രഹിക്കുന്നതു സ്വീകരിക്കുവാൻ നമ്മെ പ്രാപ്തരാക്കണമെന്നുദ്ദേശിച്ചുള്ളതാണ്. തങ്ങൾ തങ്ങളുടെ മാതാപിതാക്കളുടെ സംരക്ഷണം നേടുകയല്ലെന്നു മക്കൾക്കറിയാം. അതേസമയം തന്നെ അനുസരണരാഹിത്യം മൂലം തങ്ങൾ ശിക്ഷ നേടുമെന്നും അവർക്കറിയാം. ഈ രണ്ടു കാര്യങ്ങളും തമ്മിൽ പൊരുത്തക്കേടില്ല.

എന്നാൽ, മറെറാരു നിലയിൽ നോക്കുമ്പോൾ നാം നേടുന്നതായി പറയാം. കാരണം, ഉടമ്പടി വ്യവസ്ഥ ഇങ്ങനെയാണെന്നു തോന്നാം. "നിങ്ങൾ ഇതു ചെയ്യുന്ന പക്ഷം ഞാനതു ചെയ്യും." പക്ഷേ, ഇതു സാമാന്യമായ, അപ്രധാനമായ അർത്ഥത്തിലാണ്. അടിസ്ഥാനപരമായ അർത്ഥത്തിൽ യാതൊരു സൃഷ്ടിക്കും സ്വന്തപ്രയത്നം മൂലം നേടുന്നതിനായുള്ള ഒരവകാശം ദൈവത്തിൻെറ മേൽ ഉളവാക്കുക സാധ്യമല്ല. എന്നാൽ, ദൈവം ഒരു വാഗ്ദാനം ചെയ്യുകയോ, ഒരുടമ്പടിയിൽ ഏർപ്പെടുകയോ ചെയ്താൽ, സൃഷ്ടിവ്യവസ്ഥകൾ നിർവഹിക്കുന്ന പക്ഷം കൃപകൾ നൽകുവാൻ അവിടുന്നു തുനിയും. ഈ അർത്ഥത്തിലാണ് റോമാക്കാർക്കുള്ള ലേഖനം രണ്ടാം അധ്യായം ആറാം വാക്യത്തിൽ "ഓരോരുത്തർക്കും താന്താങ്ങളുടെ പ്രവൃത്തികൾക്കനുസരിച്ച് അവിടുന്ന് പ്രതിഫലം നൽകു"മെന്ന് വി. പൗലോസ് എഴുതിയത്. ഇത് മുൻപ് പ്രസ്താവിച്ചതു പോലെ അടിസ്ഥാനപരമായ അർത്ഥത്തിലല്ല, സാമാന്യമായ അർത്ഥത്തിൽ മാത്രമാണ്.

നാം ഇതേവരെ പ്രസ്താവിച്ചതിൽനിന്നും ഒരു കാര്യം വ്യക്തമാണ്. പരിപൂർണ്ണത അടങ്ങിയിരിക്കുന്നത് അനു

www.malankaralibrary.com

സരണം / സ്നേഹംവഴി നമ്മുടെ ഇച്ഛ പിതാവിൻെറ ഇച്ഛയോടു സംയോജിപ്പിക്കുന്നതിലാണ്. യഥാർത്ഥത്തിൽ എന്നിൽ സ്വതന്ത്രമായ ഒരു കാര്യമേയുള്ളു—എൻെറ ഇച്ഛാശക്തി. അത് അവിടുത്തേതിനോട് അനുയോജ്യമാക്കാൻ എനിക്കു കഴിയുമെങ്കിൽ പിന്നെ മററൊന്നും ചെയ്യേണ്ടതില്ല. അതു പരിപൂർണ്ണതയായിരിക്കും.

എന്നാൽ, ഇതും ഒരു പ്രശ്നത്തിലേക്ക് നമ്മെ നയിക്കുന്നു. എല്ലാ പരിപൂർണ്ണതയും പിതാവിൻെറ തിരുഹിതത്തിനു എൻെറ ഇച്ഛാശക്തി അനുയോജ്യമാകുന്നതിലാണടങ്ങിയിരിക്കുന്നതെങ്കിൽ, ഒരു ചാപ്പലിലോ മറേറതെങ്കിലും നിശ്ശബ്ദസ്ഥാനത്തോ പോയി അവിടുത്തെ തിരുഹിതം സ്വീകരിച്ചുകൊണ്ടുള്ള ഒരു പ്രാർത്ഥന ഞാൻ നടത്തിയാൽ പോരേ? ഉദാഹരണമായി വി. ഇഗ്നേഷ്യസിൻെറ മനോഹരമായ ഈ പ്രാർത്ഥന: "ഓ കർത്താവേ, എൻെറ എല്ലാ സ്വാതന്ത്ര്യവും എൻെറ ഓർമ്മശക്തിയും എൻെറ ഗ്രഹണശക്തിയും എടുത്തുകൊള്ളുക...." ഈ പ്രാർത്ഥന ആത്മാർത്ഥതയോടെ ചൊല്ലുകയും അതു ഞാൻ ഉദ്ദേശിക്കുകയും ചെയ്യുന്നുവെങ്കിൽ ആ നിമിഷം തന്നെ ഞാൻ പൂർണ്ണനാകുമോ? അതു യഥാർത്ഥമായി സംഭവിക്കുന്നതല്ലെന്നു നമുക്കറിയാം. പക്ഷേ, എന്തുകൊണ്ട്? ആദ്യത്തെ കാരണം പിതാവിൻെറ തിരുഹിതമായി ഞാൻ ജീവിതത്തിൽ എന്തെല്ലാം സ്വീകരിക്കണമെന്നത് ഒന്നിച്ചു മുൻകൂട്ടി കാണുവാൻ കഴിയുകയില്ലെന്നതാണ്. മററൊരു കാരണം, നമ്മുടെ പ്രകൃതിനിമിത്തം തന്നെ നമ്മുടെ ആധ്യാത്മികവളർച്ച നാം മുമ്പു പ്രസ്താവിച്ചിട്ടുള്ള ഒരു കാര്യമായ ശാരീരികപ്രതിധ്വനിയുടെ വികസനവുമായി ബന്ധപ്പെട്ടിരിക്കുന്നതാണ്. അടുത്ത അധ്യായത്തിൽ നാമിതു ആരായുന്നതായിരിക്കും.

www.malankaralibrary.com

# അധ്യായം 16

## മനഃശാസ്ത്രത്തിൽ നിന്നു സഹായം

സ്നേഹം, ഒരാഗ്രഹമാണെന്ന്, മററൊരുവന് അവനെ പ്രതി അവൻെറ സന്തോഷത്തിനുള്ള ഇച്ഛയാണെന്ന് നമുക്കറിയാം. മററുള്ള മനുഷ്യരുടെ നേർക്കാകുമ്പോൾ ഇതിന്നർത്ഥം അവരുടെ സുസ്ഥിതിക്കാവശ്യമായവ അവർക്കുണ്ടായിരിക്കയും ലഭിക്കുകയും ചെയ്യാനുള്ള ആഗ്രഹമാണ്. ദൈവത്തിൻെറ നേർക്കാകുമ്പോൾ അതിനർത്ഥം നാം അവിടുത്തേക്ക് ഇഷ്ടം നൽകുകയാണ്. അതായത് അവിടുത്തെ നിർദ്ദേശങ്ങൾ, കല്പനകൾ പാലിച്ചുകൊണ്ട് നാം നമ്മെ അവിടുത്തെ അനുഗ്രഹങ്ങൾ സ്വീകരിക്കുന്നതിനു സജ്ജരാക്കുമ്പോൾ നമുക്കു നൽകുവാനുള്ള ഉദാരമായ സന്തോഷം അവിടുത്തേക്കു നൽകുകയാണ്.

ദൈവത്തോടുള്ള സ്നേഹവും മനുഷ്യരോടുള്ള സ്നേഹവും അതിൽതന്നെ അടിസ്ഥാനപരമായി ആധ്യാത്മികമാണ്. അതു ആധ്യാത്മികമായ ഇച്ഛാശക്തിയിലാണ് സ്ഥിതിചെയ്യുക. എന്നാൽ, മനുഷ്യരെ സ്നേഹിക്കുന്ന കാര്യത്തിലെങ്കിലും തോന്നലുകൾക്കു സ്ഥാനമുണ്ടെന്ന് എല്ലാവർക്കുമറിയാം. അനേകർ സ്നേഹത്തെ തോന്നലുമായി താദാത്മ്യപ്പെടുത്തുന്നുണ്ട്. അതിനാലാണ് ആംഗല ഭാഷയിൽ ലൈംഗികവേഴ്ചയെ "സ്നേഹമുളവാക്കുക" എന്നു പരാമർശിക്കുന്നത്.

സ്നേഹംയഥാർത്ഥത്തിൽ തോന്നലിലല്ല സ്ഥിതിചെയ്യുന്നതെന്നും നിഷ്കൃഷ്ടാർത്ഥത്തിൽ അതിനുതോന്നൽ ആവശ്യമില്ലെന്നും നാം കണ്ടതാണ്. അങ്ങനെയാണെങ്കിൽ എല്ലാമനുഷ്യരെയും, ശത്രുക്കളെപ്പോലും, സ്നേഹിക്കണമെന്നും ദൈവത്തെ സകലതിലുമുപരി സ്നേഹിക്കണമെന്നുമുള്ള ക്രിസ്തുവിൻെറ കല്പന അസാധ്യമാകും. എല്ലായ്പോഴും, എന്നല്ലാ പലപ്പോഴും ഊഷ്മളമായ തോന്നൽ നമുക്കുണ്ടാകയില്ലല്ലോ. ശത്രുക്കളുടെ കാര്യം പറയേണ്ട

www.malankaralibrary.com

തില്ല. നമ്മുടെ പ്രിയപ്പെട്ടവരോടു നമുക്കുണ്ടാകുന്നതിലു പരി ദൈവത്തിൻെറ നേർക്കും നമുക്കു ഊഷ്മളമായ തോന്നൽ സാധാരണമായി ഉണ്ടാകുകയില്ല. (ദൈവത്തോടുള്ള സ്നേഹത്തിലെ തോന്നലുകളെക്കുറിച്ചു നാം പിന്നീടു കാണും)

എന്നാലും തോന്നലുകൾക്കു ഒരു സുപ്രധാന ഭാഗം നിർവഹിക്കാനുണ്ട്. സ്നേഹിക്കാനുള്ള പ്രവണത ശാരീരിക പ്രതിധ്വനിയാണെന്നുപറയാം. നമ്മുടെ പ്രകൃതിയുടെ ഭാഗത്ത് ഇതിനു സ്ഥാനമുണ്ട്. നമ്മുടെ ആദ്ധ്യാത്മികമായ ആത്മാവിലും ഇതുണ്ട്. ശാരീരികവും ആദ്ധ്യാത്മികവുമായ പ്രതിധ്വനികൾ ഇരട്ടപോലെ ആണെന്നു പറയാം.

മനശാസ്ത്രപരമായ ചിന്താഗതിയിൽ വലിയൊരു വിപ്ലവത്തിൻെറ നാന്ദികുറിച്ച പ്രസിദ്ധ മനശാസ്ത്രജ്ഞനായിരുന്ന ഡോക്ടർ തോമസ് വേർണർമൂർ, ഇതുഗ്രഹിക്കുവാനുതകുന്ന കാര്യങ്ങൾ തൻെറ അവസാന ഗ്രന്ഥത്തിൽ പരമാർശിച്ചിട്ടുണ്ട്. വാഷിംഗ്ടൺ ഡി. സി. യിൽ പ്രാക്ടീസ് ചെയ്തകാലത്ത് അദ്ദേഹത്തിൻെറ ചികിത്സയിലായിരുന്ന ഒരു രോഗിയുടെ കാര്യം അദ്ദേഹം പ്രസ്താവിക്കുന്നുണ്ട്. ഭിഷഗ്വരന്മാർ Manic-depressive Psychosis (ഏററം കടുത്തവിഷാദലിപ്തമായ മാനസികാവസ്ഥ) എന്നുവിളിക്കുന്ന രോഗമായിരുന്നു അയാളുടേത്. ഒന്നുകിൽ എപ്പോഴും അത്യാഹ്ലാദമോ അല്ലെങ്കിൽ അതിയായ വിഷാദമോ ആണ് ആ രോഗലക്ഷണം. ഒരിക്കലും സാധാരണയാളുടെ മാനസികാവസ്ഥ അയാൾക്കുണ്ടാകയില്ല. ഒരിക്കൽ വിഷാദചിന്തയുടെ അടിത്തട്ടിൽ വീണുകിടന്ന സമയം അയാൾ ഡോക്ടർ മൂറിൻെറ പക്കൽ ചികിത്സയ്ക്കെത്തി. തൻെറ വിശ്വാസം നഷ്ടപ്പെടുന്നതായി അയാൾ പരാതിപ്പെട്ടു. അതുശരിയായിരുന്നുവെന്ന് ഡോക്ടർ മൂർ രേഖപ്പെടുത്തുന്നു. വിഷാദാവസ്ഥയിൽനിന്നു വിടുതൽ ലഭിച്ചപ്പോൾ അയാളുടെ വിശ്വാസം പഴയപടിയായി. അയാളുടെ രോഗരീതി (നിർഭാഗ്യകരമായ ശാരീരിക രസതന്ത്രം അയാൾക്കുണ്ടായിരുന്നുവെന്നുതോന്നുന്നു) ശാരീരിക പ്രതിധ്വനി

www.malankaralibrary.com

യോടുകൂടി അയാളുടെ വിശ്വാസത്തിൽ ഇടപെടുന്നതായി ഡോക്ടർ അയാൾക്ക് വിശദമാക്കി.

മേൽപ്രസ്താവിച്ചകാര്യം ഗ്രഹിക്കുവാൻ വിഷമമില്ല. മനുഷ്യനു രണ്ടുഭാഗങ്ങളുണ്ട്; അരൂപിയായ ആത്മാവും സ്ഥൂലമായ ശരീരവും. ഇവ രണ്ടും സംയോജിച്ചതാണു മനുഷ്യനെന്നതിനാൽ സാധാരണ ഗതിയിൽ ഒന്നിന്റെ പ്രവർത്തനം മറേറതിന്റെ പ്രവർത്തനത്തിനു സമാന്തരമായിരിക്കണം. ആ സമാന്തരസ്ഥിതിക്കാണ് പ്രതിധ്വനിയെന്നു പറയുന്നത്. സാധാരണഗതിയിൽ പ്രവർത്തനം ശരീരത്തിന്റെ ഭാഗത്താണ്. അതിനു ശാരീരിക പ്രതിധ്വനി (Somatic resonance) എന്നുപറയും. സോമാ എന്ന ഗ്രീക്കു പദത്തിനർത്ഥം ശരീരമെന്നാണ്.

മൂറിന്റെ രോഗിയുടെ കാര്യം. വിശ്വാസം ആത്മാവിന്റെ വശത്താണ്. പ്രതിധ്വനി ശരീരത്തിന്റെ ഭാഗത്തും. ശാരീരിക പ്രതിധ്വനിയുടെ കുറവ് വിശ്വാസത്തെ ബഹിഷ്കരിക്കുന്നില്ല. അതിനാൽ യഥാർത്ഥത്തിൽ രോഗിക്ക് വിശ്വാസം നഷ്ടപ്പെട്ടില്ല. പക്ഷേ, വിശ്വാസം പ്രാവർത്തികമാക്കുന്നതിന് ശാരീരിക പ്രതിധ്വനിയുടെ കുറവ് തടസ്സമാകും. അതിനാൽ തനിക്കു വിശ്വാസം നഷ്ടപ്പെട്ടതായി അയാൾക്കു തോന്നിയെന്നു മാത്രമേയുള്ളൂ.

ശാരീരികപ്രതിധ്വനിയെന്ന ഈ ആശയം ആദ്ധ്യാത്മിക ജീവിതമണ്ഡലത്തെക്കുറിച്ച് നമുക്ക് സഹായകമായ പല ഉൾക്കാഴ്ചകളും നൽകുന്നുണ്ട്. ഇവ നാം പിന്നീട് കൂടുതലായികാണും. ഈ പ്രതിധ്വനിക്കു സ്നേഹത്തിലുള്ള ഭാഗം, ലൈംഗികതയും മാനുഷിക പക്വതയുമായുള്ള ബന്ധം എന്നിവ ഇപ്പോൾ നാം ആരായുവാൻ പോകുകയാണ്.

സ്നേഹം അടിസ്ഥാനപരമായി ആത്മാവിന്റെ ഭാഗത്താണെങ്കിൽ, സാധാരണ മാനുഷിക പ്രവർത്തനങ്ങളിൽ ശരീരത്തിന്റെ ഭാഗത്തുനിന്നൊരു പ്രതിധ്വനിയുണ്ടാകണം. എന്താണത്? അതൊരുവികാരമാണ്. മാതാപിതാക്കൾക്കു

www.malankaralibrary.com

മക്കളോടുളവാകുന്ന ലൈംഗികമില്ലാത്ത വികാരവും ദമ്പതികൾക്കുണ്ടാകുന്ന ലൈംഗികവികാരവുമെല്ലാം ഇതിലുൾപ്പെടും.

നമ്മുടെ പിതാവിൻെറ പദ്ധതിയനുസരിച്ചുപയോഗിക്കുന്ന പക്ഷം ലൈംഗികവികാരം മനോഹരവും സഹായകവുമാണെന്നു ഗ്രഹിക്കുവാൻ ഈ ഉൾക്കാഴ്ച ഉപകരിക്കും. അതിനുവേണ്ടി മനുഷ്യൻെറ ജനനം മുതൽ അവനു പക്വത ലഭിക്കുന്നതുവരെയുള്ള മാനുഷിക വികസനത്തിൻെറ വിവിധ ഘട്ടങ്ങൾ നാം ചർച്ചചെയ്യുവാൻ പോകുകയാണ്.

ഒരു ദയനീയരീതിയിലാണ് നാം ജീവിതമാരംഭിക്കുന്നത്. സ്വയത്തിൻെറ ചിപ്പിക്കകത്ത് അടയ്ക്കപ്പെട്ട ഒരു ജീവിതമാണതു. നാടകീയരീതിയിൽ നോക്കാം. താനാഗ്രഹിക്കുന്നത്, താനാഗ്രഹിക്കുമ്പോൾ, താനാഗ്രഹിക്കുന്ന രീതിതിയിൽ നൽകുന്ന ഭീമാകാരരായവരെ ശിശു തനിക്ക് ചുററും കാണുന്നു. ലഭിക്കാത്തപക്ഷം ശിശു കരച്ചിലായി.

സ്വയം അടച്ചുവച്ചിരിക്കുന്ന ഈ ചിപ്പിയിൽ നിന്ന് പക്വതയിലെത്തിച്ചേർന്ന്, മനുഷ്യജീവിതത്തിനുണ്ടാകണമെന്നു ദൈവം ആഗ്രഹിക്കുന്ന പൂർത്തീകരണംവരെ, തന്നെക്കുറിച്ചുചിന്തിക്കാതെ, മററുള്ളവരുടെ സന്തോഷത്തെക്കുറിച്ച് ആത്മാർത്ഥമായി ചിന്തിക്കുകയും പ്രയത്നിക്കുകയും ഒരു ഘട്ടം വരെ മനുഷ്യൻ എങ്ങനെയാണെത്തുക? നമ്മുടെ പിതാവ് മഹത്തായ ഒരു രീതി സംവിധാനം ചെയ്തിട്ടുണ്ട്. ആ സംവിധാനത്തിൽ ലൈംഗികത, സ്നേഹത്തിനുള്ള പ്രതിധ്വനി, വലിയൊരു പങ്ക് നിർവഹിക്കുന്നുണ്ട്.

മററുകുട്ടികളുമൊന്നിച്ച് കളിക്കുവാൻ തക്കവണ്ണം ശിശു വളർന്നുകഴിയുമ്പോൾ അവൻ ഭീതിദമായ ഒരു കാര്യം കണ്ടുപിടിക്കുന്നു. ചില അവകാശങ്ങൾ തനിക്കുണ്ടെന്ന് ആ കുട്ടി എന്തിനു ചിന്തിക്കുന്നു? അവകാശമുള്ളവൻ താൻ മാത്രമാണ്. ഇങ്ങനെ തനിക്കുമാത്രമാണവകാശമെന്നു ചിന്തിച്ച് ശിശുക്കൾ ഒരു കളിപ്പാട്ടമോ മററെന്തെങ്കിലും നിമിത്തമോ വഴക്കിടുന്നു. അങ്ങനെ സ്വയത്തിൻെറ ചിപ്പിയിൽ

www.malankaralibrary.com

നിന്ന് പുറത്തുകടക്കുവാൻ വേദനയോടെ, സാവകാശത്തിൽ ഒരു ആരംഭം കുറിക്കുകയായി.

ഏതാനും വർഷങ്ങൾക്കുശേഷം മറെറാരു ഘട്ടം തുടങ്ങുന്നു. മനഃശാസ്ത്രജ്ഞന്മാർ അതിനെ ലൈംഗികമായ അകൽച്ചയെന്നുവിളിക്കുന്നു. ഈ സന്ദർഭത്തിലാണ് ചെറിയ ആൺകുട്ടികൾക്കു പെൺകുട്ടികളിൽനിന്ന് അകൽച്ച തോന്നുക. പെൺകുട്ടികൾക്കും അങ്ങനെതന്നെ. വൃത്തിയില്ലാത്തവരോട് ഇരുകൂട്ടർക്കും പ്രത്യേക വിരസതതോന്നും.

ഒരു വേനൽക്കാലത്ത് ഞാൻ കുട്ടികളെ നീന്തൽ പഠിപ്പിക്കുകയായിരുന്നു. അടുത്ത ക്ലാസ്സിൽ ഒൻപതുവയസ്സുള്ള ഒരാൺകുട്ടിയൊഴികെ മറെറല്ലാവരും പെൺകുട്ടികൾ. തനിക്ക് ആ പെൺകുട്ടികളോടൊന്നിച്ച് പഠിക്കാൻവയ്യാ, അതിനാൽ പഠനം നിറുത്തുകയാണെന്ന് അവൻ തന്റെ അമ്മയോടു പറഞ്ഞു. ഒന്നോ രണ്ടോ വർഷത്തിനുശേഷം അവനു മാററമുണ്ടായി. അവൻ തലമുടിചീകി ഭംഗിയാക്കാൻ തുടങ്ങിയെന്ന് അവന്റെ അമ്മ എന്നോടു പറഞ്ഞു.

ആൺകുട്ടികളും പെൺകുട്ടികളും തമ്മിൽ ഇങ്ങനെയകലുക നമ്മുടെ പിതാവിന്റെ പദ്ധതിയുടെ ഭാഗമാണ്. അതു അടുത്തഘട്ടത്തിലേക്ക് ഓരോ കൂട്ടരും തങ്ങളുടെ സ്വഭാവസവിശേഷതകൾ ശക്തമാക്കുവാനാണ്.

ആ ഘട്ടത്തിൽ ശരീരികമാററങ്ങൾ ആവിർഭാവിക്കയായി. പ്രതിധ്വനിയിലും മാററങ്ങളുളവാകുന്നു. രണ്ടു ഹോർമോണുകളുടെ പ്രവർത്തനം ത്വരിതപ്പെടുന്നു. അപ്പോൾ ആൺകുട്ടി പെൺകുട്ടിയെ പുതിയ രീതിയിൽ കാണുകയായി. താൻ തള്ളിക്കളഞ്ഞവൾപോലും അപ്പോൾ മനോഹരിയാണ് പെൺകുട്ടികൾക്കും ഈ രീതി അനുഭവപ്പെടുന്നു. ഒരു പെൺകുട്ടി സംഭാഷണചതുരയാണ്, നന്നായി കളിക്കും, നന്നായി പഠിക്കും എന്നെല്ലാം പറയുന്നെന്നു സങ്കല്പിക്കുക. അതുവരെ അവന്റെ മനസ്സിൽ മറെറാന്നും കയറിപ്പററിയിട്ടില്ല. എന്നാൽ സുന്ദരി, മനോഹരി എന്നൊക്കെ അവൻ പറഞ്ഞുതുടങ്ങുമ്പോൾ ശാരീരിക രസതന്ത്രം പ്രവർത്തിച്ചുതുടങ്ങിയെന്നു ഗ്രഹിക്കാം. അപ്പോൾ പരസ്പരാകർഷണം ആൺകുട്ടികളും പെൺകുട്ടികളും തമ്മിൽ തുടങ്ങിക്കഴിഞ്ഞുവെന്നു ഗ്രഹിക്കാം.

www.malankaralibrary.com

സ്രഷ്ടാവ് സംവിധാനം ചെയ്ത നിലയിലാണ് യുവതീയുവാക്കൾ വർത്തിക്കുന്നതെങ്കിൽ, ഈ സന്ദർഭത്തിൽ ആധ്യാത്മികവും വികാരാത്മകവുമായ സ്നേഹത്തിനവസരമുണ്ടാകുന്നു. അല്ലാത്തപക്ഷം തിരിച്ചടിയുണ്ടാകും. ഈ വേളയിൽ സ്വതന്ത്രമായ രണ്ടു സമാന്തരമാർഗ്ഗങ്ങൾ വഴി സ്നേഹം വികസിക്കാൻ തുടങ്ങുകയായി.

ശാരീരിക പ്രതിധ്വനിയുടെ കാര്യം:- പെൺകുട്ടികളിലോ ആൺകുട്ടികളിലോ ഇതുണ്ടായാൽ മറുഭാഗത്ത് ഇതുണ്ടാകുകയും വികസിക്കുകയും ചെയ്യാനുള്ള സാധ്യതയുണ്ട്. ശരിയായവിധമുള്ള വികാരമുണ്ടെങ്കിൽ സ്നേഹം ആധ്യാത്മികമായ ഇച്ഛയിൽ വികസിക്കുവാനുള്ള സാധ്യതയുണ്ട്. (സ്നേഹത്തോടുള്ള ശാരീരികപ്രതിധ്വനി പലവിധത്തിലാവാം. ആദ്യം അതു പരോക്ഷരീതിലായിരിക്കും. പിന്നീടുമാത്രമേ അതു പ്രത്യക്ഷപ്പെടുകയുള്ളൂ. ഇവിടെ ലൈംഗികാകർഷണവും തദനുസൃതമായ സ്നേഹവുമാണ് പ്രതിപാദ്യം).

രണ്ടാമത്തെവിധം കാണുന്നതിനു സ്നേഹത്തിന്റെ രൂപീകരണത്തിൽ മൂന്നു ഘട്ടങ്ങളുണ്ടെന്നു നാം സ്മരിക്കുക. ആദ്യമായി ഒരാൾ മറെറയാളിൽ എന്തോ നല്ലതു കാണുന്നു. അതുമുൻപറഞ്ഞ പ്രതികരണത്തിലെത്തുന്നു. "എത്രയോ നല്ല ആൾ. അവന്/അവൾക്ക് ഞാൻ നന്മ നേരുന്നു, സന്തോഷകരമായ ജീവിതം അവന്/അവൾക്ക് ഞാനാഗ്രഹിക്കുന്നു." പിന്നീടുള്ളഘട്ടം ഇങ്ങനെയാണ്. ആഗ്രഹം ശക്തമാണെങ്കിൽ വെറും ആഗ്രഹംകൊണ്ടു തൃപ്തിപ്പെടാതെ മറെറവ്യക്തിക്കു സന്തോഷമുളവാക്കുന്ന കാര്യങ്ങളിൽ ഏർപ്പെടുകയുണ്ടായി. ആഗ്രഹത്തിന്റെ ശക്തിക്കനുസൃതമായിരിക്കും പ്രവൃത്തി.

ഒരാൾ നല്ലവനാണ്, നല്ലവളാണ് എന്നതു സ്നേഹിക്കുവാനുള്ള ഒരു പ്രേരകശക്തിയാണെങ്കിൽ, ആ വ്യക്തിയെ ഹൃദയഹാരിയായിക്കാണുകയാണെങ്കിൽ രണ്ടു ഹൊർമോണുകളുടെ പ്രതിധ്വനിമൂലം എന്തുതന്നെ സംഭവിക്കയില്ല!

സ്നേഹം വികസിക്കാനുതകുന്ന രണ്ടുശക്തമായ നീർച്ചാലുകളുള്ളതു നമ്മുടെ പിതാവിന്റെ പദ്ധതിയനുസരിച്ചാണ്.

www.malankaralibrary.com

ഒരു കാര്യം പ്രത്യേകം ഓർക്കേണ്ടതുണ്ട്. ദൈവം ഉദ്ദേശിച്ചവിധത്തിലല്ലാതെ ഈ 'യന്ത്രം' ദുഷിപ്പിക്കാനും ദുരുപയോഗപ്പെടുത്താനും സാധ്യതയുണ്ട്.

ഇതു രണ്ടുവിധത്തിലാവാം: ആൺകുട്ടിയോ പെൺകുട്ടിയോ സ്വയംഭോഗം നടത്തുന്നതാണൊന്ന്. സ്വയത്തിൻെറ പുറന്തോടു പൊട്ടിച്ചു പുറത്തുവരാതെ വീണ്ടും സ്വയത്തിൻെറ പുറന്തോടിനകത്തേക്കു ചുരുങ്ങുകയാണത്. വിവാഹംവഴി പരസ്പരം സമർപ്പിച്ച് വ്യക്തിവികസനം നേടുന്നതിനു ഇതു തടസ്സമാകും.

വേറൊരുവഴിക്കും ദൈവിക പദ്ധതിയെ തകിടം മറിക്കാം. വിവാഹത്തിനുമുൻപ് യുവതീയുവാക്കൾ സ്വയം നിയന്ത്രണംവിട്ട് ലൈംഗികവേഴ്ചയിൽ ഏർപ്പെടുന്നതാണത്. ഇത് യഥാർത്ഥ സ്നേഹമല്ല. വെറും കാമശക്തി മൂലം സ്നേഹിതനെയോ സ്നേഹിതയെയോ സ്വന്തം ഐന്ദ്രിക സംതൃപ്തിക്കുവേണ്ടി ഉപയോഗിക്കയാണത്. ദൈവം നൽകിയിട്ടുള്ള നിയമത്തിൻെറ ഈ ലംഘനം അനേകം പ്രത്യാഘാതങ്ങൾക്കു വഴിയൊരുക്കുന്നു. ശാരീരികവും മാനസികവും ആധ്യാത്മികവുമായ തകർച്ചയും നിത്യസൗഭാഗ്യനഷ്ടവും പിന്നെ മററുപലതും ഇതുമൂലം സംഭവിക്കുന്നു.

ഇങ്ങനെയാണെങ്കിലും ശാരീരിക രസതന്ത്ര പ്രവണതയെ യഥാർത്ഥ സ്നേഹമായി ചിലർ തെററിദ്ധരിച്ച് ഇങ്ങനെയുള്ള അവസ്ഥയിൽ എത്തിച്ചേരുന്നുണ്ട്. അതുമൂലം യഥാർത്ഥ സ്നേഹം വികസിപ്പിക്കുന്നതിനു അവർ പരാജയപ്പെടുന്നു. "രണ്ടാളുകൾ ഒരിക്കലും ഇത്രമാത്രം അഗാധമായി സ്നേഹിച്ചിട്ടില്ല" എന്ന് അവർ ചിന്തിക്കുകയായി, പറയുകയായി, വിവാഹജീവിതത്തിൽ ഏർപ്പെടുകയായി. എന്നാൽ, അവർക്കു യഥാർത്ഥ സ്നേഹമില്ല, ശാരീരികമായ ആകർഷണം മാത്രമേയുള്ളൂ. ഒന്നുരണ്ടുവർഷത്തിനുള്ളിൽ ആ ആകർഷണതീവ്രത നഷ്ടപ്പെടുകയായി. തനിക്കു യഥാർത്ഥ സ്നേഹമില്ലാത്തയാളുമായാണ് താൻ ബന്ധപ്പെട്ടിരിക്കുന്നതെന്ന് അപ്പോൾ അവനോ അവളോ

www.malankaralibrary.com

കരുതുകയായി. അപ്പോൾ പ്രശ്നങ്ങൾ തലപൊക്കുന്നു. ഇക്കാലത്ത് വിവാഹജീവിതം തകരുന്നതിന്റെ ഒരു പ്രധാനകാരണം ഇതാണ്. (വിവാഹം പരാജയപ്പെടുന്ന മറെറാരു കാരണം "ആധുനികമായ ആധ്യാത്മികത"യുടെ തെററായ ധാരണയാണെന്ന് ഇരുപതാം അധ്യായത്തിൽ നാം കാണും).

അവർ ഇങ്ങനെ പറഞ്ഞെന്നുവരും. "ഞങ്ങൾക്കു പരസ്പരം സ്നേഹോഷ്മള വികാരങ്ങളുണ്ട്. രണ്ടുപേർക്കും സന്തോഷമുണ്ടാകണമെന്നാണു ഞങ്ങളുടെ ആഗ്രഹം" അതിനുള്ള മറുപടി: ശരീരത്തിന്റെ രസതന്ത്രപ്രവർത്തനത്തെ സ്നേഹമായി കരുതുന്ന ജീവിതനാശകമായ തെററ് ഉണ്ടാക്കാതിരിക്കുക. ഒരുദാഹരണം ഇക്കാര്യം ഗ്രഹിക്കുവാൻ സഹായകമാവും. ഡോക്ടർ നിർദ്ദേശിച്ച മരുന്ന് എന്റെ ഒരു സ്നേഹിതൻ ഉപയോഗിച്ചുപോന്നു. ആ കാലത്ത് അയാൾക്കു ഫ്ളൂ ബാധയുണ്ടായി. അപ്പോൾ അയാൾ ഏതാനും ആസ്പിരിൻ ഗുളികകൾ കഴിച്ചു. രാത്രിയിലെ ഭക്ഷണത്തിനു മുൻപ് രണ്ടുതരം മരുന്നുകളും ഒരു മണിക്കൂർ സമയത്തിനകമാണ് അയാൾ ഉപയോഗിച്ചത്. കാലേകൂട്ടി കാണാൻ കഴിയാതിരുന്നത് അപ്പോൾ സംഭവിച്ചു. അയാൾ ആകെ ഭയപ്പെടാൻ തുടങ്ങി. എന്തിനെക്കുറിച്ച്? പ്രത്യേകിച്ചൊന്നുമില്ല. പൊതുവേയുള്ള ഒരു ഭയം അയാളെ പിടികൂടിയെന്നുമാത്രം. ഭാഗ്യവശാൽ അയാളുടെ മനസ്സ് തെളിവുള്ളതായിരുന്നു. അതിനാൽ അയാൾ സ്വയം പറഞ്ഞു: "ഇതെന്താണെന്ന് എനിക്കറിയാം. ഇതു ശരീരത്തിന്റെ തെററായ രസതന്ത്രപ്രവർത്തനമാണ്. ഏതാനും മണിക്കൂറുകൾ ഞാനിങ്ങനെ കഴിഞ്ഞുകൂടണം. അപ്പോഴെല്ലാം ശരിയായാകും." മൂന്നോ നാലോ മണിക്കൂറുകൾക്കകം അയാൾ ഇങ്ങനെ, അതായത് അയാളുടെ ഒരുഭാഗം ഭയത്തിലും മനസ്സ് 'ഇതെന്താണെന്ന് എനിക്കറിയാം' എന്ന അവസ്ഥയിൽ കാര്യം ഗ്രഹിച്ച് ശാന്തമായും കഴിച്ചുകൂട്ടി. ഏതാനും മണിക്കൂറുകൾക്കകം ശരീരത്തിന്റെ മോശമായ രസതന്ത്രപ്രവർത്തനം ഇല്ലാതായി.

www.malankaralibrary.com

ഈ ഉദാഹരണത്തിനു സമാന്തരമായ രീതിയിൽ ലൈംഗിക ഹോർമോണുകളുടെ കൂടുതലായ പ്രവർത്തനംമൂലം സ്നേഹോഷ്മള വികാരങ്ങളുണ്ടാകാം. എന്നാൽ അതു സ്നേഹത്തിൻെറ കള്ളനാണയം മാത്രമാണ്.

യഥാർത്ഥസ്നേഹമാണെങ്കിൽ ഒരാൾക്കു അതു എങ്ങനെ ഗ്രഹിക്കുവാൻ കഴിയും? ഒരു സുരക്ഷിതത്വം മാത്രമേയുള്ളൂ. നമ്മുടെ പിതാവ് സംവിധാനം ചെയ്ത നിലയിൽ അതു കൈകാര്യം ചെയ്യുകമാത്രം. അപ്പോൾ ലൈംഗികതയുടെ ഈ പോക്ക് രണ്ടു മാർഗ്ഗങ്ങൾവഴി യഥാർത്ഥസ്നേഹം ഉളവാക്കുന്നതിനു ഇടയാക്കും. അല്ലാത്തപക്ഷം ജീവിതകാലം മുഴുവൻതന്നെയും ചിലപ്പോൾ നിത്യതതന്നെയും ഈ കള്ളനാണയത്തിനു വിലയായി നൽകേണ്ടിവരും.

എന്നാൽ യുവതീയുവാക്കൾ നമ്മുടെ പിതാവിൻെറ പദ്ധതികളെ പിൻചെല്ലുന്നപക്ഷം അവർ പരസ്പരമുള്ള കരുതൽ വികസിപ്പിച്ചെടുക്കും, അവർ സ്വയത്തിൻെറ പുറംതോടിൽനിന്ന് വിമുക്തരാകും. അപ്പോൾ ഒരു ഇൻഷുറൻസ് പദ്ധതി പരസ്യം ചെയ്തപ്രകാരം 'അവരുടെ ലക്ഷ്യങ്ങൾ നിങ്ങളുടെ ലക്ഷ്യങ്ങളാകും'. അപ്പോൾ മനോഹരമായ ഒരു പക്വത സംഭവിക്കും, നമ്മുടെ പിതാവ് സംവിധാനം ചെയ്ത രീതിയിൽ ഐഹികജീവിതം അവർ ആസ്വദിക്കും, നിത്യമായ ആസ്വാദനത്തിന് അതു അവരെ തയാറാക്കും.

പോൾ ആറാമൻ മാർപ്പാപ്പാ പ്രസ്താവിക്കുകയുണ്ടായി: "ക്രിസ്തീയ വിവാഹവും ക്രിസ്തീയ കുടുംബവും ധാർമ്മികമായ ഒരു അർപ്പണം ആവശ്യപ്പെടുന്നുണ്ട്. ക്രിസ്തീയ ജീവിതവീഥിയിലൂടെയുള്ള അവരുടെ യാത്ര അത്ര സുഗമമായിരിക്കാനിടയില്ല. പക്ഷേ, ഈ വീഥിയിൽകൂടി യാത്ര ചെയ്യുവാനാണ് ദൈവമക്കളിൽ ഭൂരിഭാഗവും വിളിക്കപ്പെട്ടിരിക്കുന്നത്. പരിശുദ്ധി പ്രാപിക്കാനുള്ള ഒരു നീണ്ട പാതയാണത്." കാരണം, നമ്മുടെ പിതാവ് സംവിധാനം ചെയ്ത രീതിയിൽ ദമ്പതികൾ ജീവിക്കുന്നപക്ഷം തൻകാര്യക്കാരാകാതെ, ആധ്യാത്മികവും മനശാസ്ത്രപരവുമായ പക്വതനേടി അവർ യാത്ര ചെയ്യുകയും അങ്ങനെ പിതാവിൻെറ തിരുഹിതം നിറവേററുകയും ചെയ്യും.

www.malankaralibrary.com

ഇങ്ങനെ അർപ്പണമുള്ള ഒരു കുടുംബത്തിലെ മക്കൾ തകർന്നവരാകയില്ലെന്നു പറയേണ്ടതില്ലല്ലോ. പക്വതയില്ലാത്ത, ബാലിശപ്രകൃതികളായ മാതാപിതാക്കൾക്കാണ് മക്കൾ ഒരു ഭാരമായിതോന്നുക. "ആ പയ്യന്റെ രീതി നോക്കുക. അവൻ എന്റെ സന്തോഷം നശിപ്പിക്കയാണ്. അവന് അതുമിതുമെല്ലാം വേണംപോലും."

മനശാസ്ത്രപരമായ ഒരു സത്യം പ്രസ്താവ്യമാണ്. ആർക്കുവേണ്ടി നാം കഷ്ടപ്പാടുകളും പീഡതന്നെയും ഏറ്റെടുക്കുന്നുവോ, അവരെ നാം സ്നേഹിക്കും. മാതാപിതാക്കളും മക്കളുംതന്നെ ഉദാഹരണം. അവ നാം ഏറ്റെടുക്കുന്നത് മറ്റെയാളിനെ സഹായിക്കാൻ നാം ആഗ്രഹിക്കുന്നതിനാലാണ്. അവരുടെ ആവശ്യങ്ങളെക്കുറിച്ചു നമുക്ക് കരുതലുണ്ട്. ഇതാണു സ്നേഹം. മറ്റൊരുകാര്യംകൂടി പരിഗണനീയമാണ്. നമ്മുടെ പ്രയത്നങ്ങൾക്കർഹതയില്ലാത്ത ഒരാൾക്കുവേണ്ടി കഷ്ടപ്പാടുകൾ നാം ഏറ്റെടുക്കുമ്പോൾ അതു മണ്ടത്തരമാണെന്നു നമുക്കുതോന്നും. അങ്ങനെ ചിന്തിക്കുക നമുക്കിഷ്ടമുള്ള കാര്യമല്ല അതിനാൽ നല്ലരീതിയിൽ അയാളെക്കുറിച്ചു ചിന്തിക്കാൻ നാം പ്രേരിതരാകും. അതു സ്നേഹത്തിനു നിദാനമാകും. നേരെമറിച്ചും സംഭവിക്കാം. നാം മറ്റൊരാൾക്കു തിന്മ ചെയ്തെങ്കിൽ അയാൾ നല്ലവനല്ലെന്നു ചിന്തിക്കാൻ അതുനമുക്കു പ്രേരകമാകും. അല്ലാതെയിരുന്നെങ്കിൽ അതു നാം ചെയ്യുകയില്ലായിരുന്നുവെന്നും നാം ചിന്തിക്കും. റോമൻ ചരിത്രകാരനും കാവ്യമതാനുയായിയുമായിരുന്ന ടാസിററസ് പ്രസ്താവിച്ചിട്ടുണ്ട്; "നിങ്ങൾ ഉപദ്രവിച്ചയാളെ വെറുക്കുകയെന്നതു മനുഷ്യപ്രകൃതിക്കു സഹജമാണ്".

ഇവിടെ ഒരു കാര്യം സൂചിപ്പിച്ചുകൊള്ളട്ടെ. പിന്നീട് നാം ഇതു വിശദമായി ചർച്ചചെയ്യുന്നതായിരിക്കും. തെററായ ഒരു ആധ്യാത്മികതയെ പിൻചെല്ലുകമൂലം എന്തെങ്കിലും മതപരമായ കാരണത്താൽ ഉപേക്ഷിക്കുക, "നിഷേധാത്മകമായ ഇന്ദ്രിയ നിഗ്രഹം" ചെയ്യുക, പ്രയോജനകരമല്ലെന്നു ചിന്തിക്കുന്ന അനേകർ ഇന്നുണ്ട്. ആ ആധ്യാത്മികതയെ പിൻചെല്ലുക ദുരന്തകാരണമാകും. കൊടുക്കുകയും

www.malankaralibrary.com

സ്വീകരിക്കുകയും ചെയ്യുക വിവാഹജീവിതത്തിലാവശ്യമാണ്. പുരുഷന്റെ മനശാസ്ത്രവും സ്ത്രീയുടെ മനശാസ്ത്രവും വിഭിന്നമാണ്. അതിനാൽ ഉത്തമമായ വിവാഹജീവിതത്തിൽപോലും ദമ്പതികൾക്ക് ഇങ്ങനെ പറയാൻ കഴിയും. "ഈ ജീവിതം പ്രായോഗികമാകാൻ ഞാൻ മിക്കപ്പോഴും പലതും ഉപേക്ഷിക്കേണ്ടതുണ്ട്". ഇപ്രകാരമുള്ള ജീവിതം ഈ ലോകത്തിലും പരലോകത്തിലും പ്രയോജനം ചെയ്യും. ഏതുവിവാഹജീവിതവും സുഗമമാക്കാൻ ഇതാവശ്യമാണ്.

മറ്റെയാൾക്കുവേണ്ടിയുള്ള ഉദാരമായ സ്വയത്യാഗത്തിന്റെ ഈ അരൂപി വസ്തുനിഷ്ഠമായി അതിൽതന്നെ മനോഹരമാണ്. അതു നമ്മുടെ പിതാവ് സ്നേഹിക്കുന്ന പരിശുദ്ധിയുടെ, വസ്തുനിഷ്ഠമായ ക്രമത്തിന്റെ പൂർത്തീകരണമാണ്. അതിനാൽ മനുഷ്യർ ഉദാരതയുള്ളവരാകാൻ അവിടുന്ന് പലകാര്യങ്ങളും മധുരത്തിൽ പൊതിഞ്ഞിരിക്കയാണ്. അവർ അവിടുത്തെ സംവിധാനം നടപ്പാക്കുന്നുവെങ്കിൽ മാത്രമേ അതു മധുരമുള്ളതാകുകയുള്ളുവെന്ന് പറയേണ്ടതില്ലല്ലോ! ആ മധുരം ലൈംഗികസന്തോഷമാണ്. മനുഷ്യനെ ആധ്യാത്മികമായ അപകടത്തിൽ ചാടിക്കുവാൻ തക്കവണ്ണം അത്രമാത്രം ശക്തമാണ് ആ സന്തോഷം. അതേസമയംതന്നെ നാം മുൻപുകണ്ടമനോഹരഫലങ്ങൾ പുറപ്പെടുവിക്കുവാനും അതു ശക്തമാണ്. അങ്ങനെയല്ലെങ്കിൽ തങ്ങളുടെ ജീവിതം മറ്റൊരുവ്യക്തിയുമായി പൂർണ്ണനിലയിൽ പങ്കിടുവാൻ അനേകർ അറച്ചുനിൽക്കും.

സ്വാർത്ഥതയിൽനിന്നു അകന്നുമാറാനായി മധുരം പൊതിഞ്ഞ ഈ അനുഭവം ബ്രഹ്മചര്യത്തിന്റെയോ കന്യകാത്വത്തിന്റെയോ വ്രതം ആശ്ലേഷിച്ചവർക്കില്ല. തന്മൂലം ഈ ഇല്ലായ്മ നികത്താൻ അവർ ജീവിതത്തിൽ തീവ്രമായി പരിശ്രമിക്കേണ്ടതുണ്ട്. അങ്ങനെ പ്രയത്നിച്ച് നിസ്വാർത്ഥതയുടെ തലത്തിൽ അവർ എത്തുകയാണെങ്കിൽ നമ്മുടെ പിതാവിന്റെ തിരുഹിതത്തോട് കൂടുതലായ അവലംബനം അവർ പ്രകാശിപ്പിക്കും. അവർ കൂടുതൽ പ്രയത്നിക്കുന്ന

www.malankaralibrary.com

തുതന്നെ കാരണം. (അതിൽതന്നെ നന്മയായത് നമ്മുടെ പിതാവ് അന്വേഷിക്കുന്നത് നമ്മുടെ സന്തോഷത്തിന് സമാന്തരമായാണ് പോകുന്നതെന്ന് നാം മുമ്പുകണ്ടതാണല്ലോ.)

ഈ വികാരങ്ങൾ സ്നേഹത്തിനുള്ള പ്രചോദകഹേതുവായി പ്രവർത്തിക്കുന്നുവെങ്കിൽ വിദ്വേഷത്തിന്റെ പ്രചോദകഹേതു എന്താണ്? തീർച്ചയായും വെറുപ്പിന്റെ വികാരങ്ങൾ തന്നെ. എന്നാൽ ഒരു കാര്യം ഗ്രഹിക്കുക. ഈ വികാരങ്ങൾ അവയിൽതന്നെ വിദ്വേഷമല്ല, വിദ്വേഷത്തിന്റെ പ്രവേസ്ഥാനം മാത്രമാണ്. യഥാർത്ഥ വിദ്വേഷം സ്നേഹത്തിനു എതിരായതാണ്, അതു സ്ഥിതിചെയ്യുന്നത് ആത്മാവിന്റെ ഇച്ഛാശക്തിയിലാണ്. ഒരുവന് അവനെ പ്രതിതന്നെ നന്മ ഇച്ഛിക്കുന്നതാണ് സ്നേഹം. ഒരുവന് തിന്മ ഇച്ഛിക്കുകയാണ്, ഒരുവന് തിന്മ വരണമെന്ന് ആഗ്രഹിക്കുകയാണ്, വിദ്വേഷം.

വെറുപ്പിന്റെ വികാരങ്ങൾ ത്യജിക്കേണ്ടതിന്റെ പ്രാധാന്യം നമുക്കതിൽനിന്നുഗ്രഹിക്കാം. അവ വിദ്വേഷത്തിനു വിത്തുപാകുന്നവയാണ്. കാരണം, നമ്മുടെ ആധ്യാത്മികമായ ഇച്ഛാശക്തിയെ വിദ്വേഷത്തിലേക്ക് വലിച്ചിഴയ്ക്കാൻ നമ്മുടെ ശാരീരിക പ്രതിധ്വനിക്കു സാധിക്കും.

ചിലപ്പോൾ വിദ്വേഷത്തിനു കാരണമുണ്ടാകും, ചിലപ്പോൾ ഒരു കാരണവുമില്ലായിരിക്കും. അപ്പോൾ ആ വിദ്വേഷം കേവലം ബുദ്ധിശൂന്യതയാണ്. ഒരുവൻ പറഞ്ഞേന്നുവരാം: "ആ ആളുണ്ടല്ലോ അയാളെ എനിക്കിഷ്ടമില്ല" ഒരുവൻ ചോദിച്ചുവെന്നിരിക്കട്ടെ: "എന്താണു കാരണം?" മറുപടി ഇപ്രകാരമായിരിക്കും: "എനിക്കറിഞ്ഞുകൂടാ, എനിക്കയാളെ ഇഷ്ടമല്ല". ഒരു തമാശനിലവിലുണ്ട്. "ആ മനുഷ്യനുണ്ടല്ലോ, അയാളോടു എനിക്കു അലൗകിക സ്നേഹം മാത്രമേയുള്ളു". അതിനർത്ഥം; "ഞാനായാൾക്കുവേണ്ടി പ്രാർത്ഥിക്കാം. പക്ഷേ, എനിക്ക് അയാളെ ഒട്ടും ഇഷ്ടമല്ല".

ഈദൃശ വികാരങ്ങളുള്ളപ്പോൾ നമ്മുടെ നിലപാട് എന്താണ്? നാം അവപരിപോഷിപ്പിക്കുകയോ വർദ്ധിക്കാൻ കാരണമാകുകയോ ചെയ്യുന്നില്ലെന്നതു ശരി. നാം

www.malankaralibrary.com

അയാൾക്കുവേണ്ടി കൂടുതലായി പ്രാർത്ഥിക്കുകയാണുചിതം. അതാണ് യഥാർത്ഥ സ്നേഹം. സ്നേഹത്തിനും വിദ്വേഷത്തിനും ഒരേസമയം ഒന്നിച്ചുകഴിയുക സാധ്യമല്ല. അതിനാൽ അപരനു നന്മ ചെയ്യുകയെന്നത് വെറുപ്പിനെ അകററാൻ സഹായകമാണ്. തീരെകുറഞ്ഞപക്ഷം, അതു ആ വികാരങ്ങൾ മനപൂർവമല്ലാതാക്കും. തിന്മയെന്ന നിലയിൽ യാതൊരുവനും തിന്മ ചെയ്യുന്നില്ലെന്നു ഗ്രഹിക്കുക ഇതിനു സഹായകമായിരിക്കും. ഏതോ നന്മയെന്നുകരുതിയാണ് അയാൾ തിന്മ ചെയ്യുന്നത്. ഏററം തിന്മയായതുപോലും ഇങ്ങനെയാണുളവാകുക. തങ്ങൾ നന്മയാണുചെയ്യുന്നതെന്ന് ഭീകരപ്രവർത്തകർപോലും കരുതുന്നുണ്ട്. ഒരുവൻെറ ഉള്ളിൽ നടക്കുന്നതുപോലും അനായാസം കണ്ടുപിടിക്കുക നമുക്ക് സാധ്യമല്ലെന്നും ഓർക്കുക.

യുക്തിസഹമല്ലാത്ത വെറുപ്പ് നമുക്ക് ആരോടു തോന്നുവോ, അവരോടു ദയയോടെ പെരുമാറുകയും ഇടപഴകുകയും ചെയ്താൽ അവർ നല്ലവരാണെന്നുതോന്നും. ഇതു ചിലരെ സംബന്ധിച്ചുമാത്രമേ തോന്നുകയുള്ളു.

മററുചില സന്ദർഭങ്ങളിൽ വെറുപ്പിൻെറ കാരണങ്ങൾ കാണാൻ നമുക്കു കഴിയും. ഉദാഹരണമായി നമ്മുടെ അഭിപ്രായങ്ങൾക്കെതിരായ അഭിപ്രായങ്ങൾ ഒരു വ്യക്തി എപ്പോഴും വച്ചുപുലർത്തുക. ആ വ്യക്തിയോടു സ്നേഹപൂർവം പറയുക. "നിങ്ങൾ എൻെറ അഭിപ്രായത്തിനെതിരാണെന്ന് എനിക്കറിയാം, ഞാൻ എന്നിലേക്കുതന്നെ നോക്കി എൻെറ അഭിപ്രായത്തിനെതിരായതു കണ്ടുപിടിക്കുവാൻ ശ്രമിക്കയാണ്" ഇതുവളരെ ഫലം നൽകും എപ്പോഴും ഫലമുണ്ടാകണമെന്നുമില്ല.

പതിനഞ്ചാം അദ്ധ്യായത്തിൻെറ അവസാനത്തിൽ നാം ഈ ചോദ്യമുന്നയിച്ചു: ദൈവതിരുമനസ്സ് പൂർണ്ണമായി സ്വീകരിച്ചുകൊണ്ടുള്ള ഒരു സ്വീകരണ പ്രകരണംവഴി ഉടൻ തന്നെ എനിക്ക് പരിപൂർണ്ണതനേടാമോ? അതിൻെറയുത്തരം ഇല്ല എന്നാണെന്ന് ഇപ്പോൾ വ്യക്തമായികാണാൻ കഴിയും.

www.malankaralibrary.com

ക്കുൻെറ ജീവിതകാലത്ത് സ്വീകരിക്കണമെന്ന് അവിടു ത്തെ തിരുമനസ്സ് ആവശ്യപ്പെടുന്നവയെല്ലാം ഒരേസമയം തന്നെ കാണാൻ എനിക്ക് കഴിവില്ല എന്നതാണ് അതിൻെറ കാരണത്തിൻെറ ഒരുഭാഗം. പക്ഷേ, അടിസ്ഥാനപരമായ മററൊരുകാരണം നാമിപ്പോഠം കാണുന്നു—ശാരീരിക പ്രതി ധ്വനി. ശാരീരികപ്രതിധ്വനി ശരീരത്തിലുള്ളതാകയാൽ അതു ശാരീരിക നിയമങ്ങഠംക്ക് വിധേയമാണ്. എല്ലാ വസ് തുക്കളുടെയും വളർച്ച ബാഹ്യമായിതള്ളിക്കൊണ്ടാണ്. ഒരു ചെടിയുടെയോ മൃഗത്തിൻെറയോ വളർച്ചയുടെ ഒരു ചിത്ര മെടുത്താൽ അതു നേരെയോ വളഞ്ഞോ ഉള്ള വളർച്ചാരീതി യല്ലെന്നുകാണാം. അപ്പോഠം കാര്യം ഇങ്ങനെയാണ്. ദൈവ തിരുമനസ്സുമായുള്ള സംയോജിപ്പിലാണു നമ്മുടെ ആധ്യാ ത്മികപൂർണ്ണത അടങ്ങിയിരിക്കുന്നത്. പക്ഷേ, അതുപ്രാ വർത്തികമാക്കുന്നതിനു ശാരീരികപ്രതിധ്വനിയുടെ സമാ ന്തരവികസനം ആവശ്യമാണ്. ആ വികസനം പ്രകൃതിനി യമമനുസരിച്ചുമാണ്.

ആധ്യാത്മിക ജീവിതത്തിൽ "ഒരു കുതിപ്പ്" സാധ്യ മായ സമയങ്ങളുണ്ടോ? സാധാരണഗതിയിലില്ല. എന്നാൽ, ഏററം വിഷമകരമായ എന്തെങ്കിലും ദൈവതിരുമനസ്സായി സ്വീകരിക്കാൻ നാം നേരിടുന്നു, പിന്നെ അതിനെ ഹൃദയ പൂർവം ആശ്ലേഷിക്കുന്നു എന്നുകരുതുക. അപ്പോഠം ആ വിഷമത്തിൻെറ കാഠിന്യം നിമിത്തം നമ്മുടെ ശാരീരികപ്ര തിധ്വനി ഒരു പ്രവാഹമെന്നപോലെ സമൃദ്ധമാകും. ആ സന്ദർഭത്തിൽ ആ കുതിപ്പുണ്ടാകാം. ചില പ്രത്യേകരീതി യിലുള്ള ഇന്ദ്രിയ നിഗ്രഹങ്ങളുടെ പ്രാധാന്യം ഇതുമായി ബന്ധപ്പെട്ടിരിക്കുന്നു. (ഈ വസ്തുത ഇരുപതാമധ്യായ ത്തിൽ ചർച്ചചെയ്യും.)

വ്യായാമംകൊണ്ടു നമ്മുടെ പേശികഠംക്കു ബലമുണ്ടാ കും. നമ്മുടെ ഇച്ഛാശക്തി അതുപോലെയല്ലെന്നാണ് മനശാസ്ത്രജ്ഞന്മാർ പറയുന്നത്. ഒരു വൈദ്യുത സമ്പർ ക്കത്തോട് അതിനെ കൂടുതൽ ഉപമിക്കാം. ഒന്നുകിൽ ഗുണ കരം, അല്ലെങ്കിൽ ദോഷകരം. എന്നിരുന്നാലും ശാരീരിക പ്രതിധ്വനിയെക്കുറിച്ച് നമുക്കറിയാവുന്നതിൻെറ വീക്ഷണ

www.malankaralibrary.com

കോണിൽകൂടി നോക്കുമ്പോഠം പേശികളുടെ വളർച്ചയുമായി സാമ്യമുള്ള ചിലകാര്യങ്ങഠം കാണാം. വിഷമകരമായ കാര്യങ്ങഠംക്കുവേണ്ടി ഈ പ്രതിധ്വനി നമുക്ക് വികസിപ്പിച്ചെടുക്കാൻ കഴിയും. അപ്പോഠം വിഷമമുള്ളവ സ്വീകരിക്കാൻ നമുക്കു പ്രയാസമുണ്ടാകയില്ല. നമുക്കൊരു ഉദാഹരണം നോക്കാം. ജീവിതകാലം ദൈവതിരുമനസ്സിനോടു വിശ്വസ്തത പുലർത്തിയ ഒരാഠം. അയാഠംക്കു ഗൗരവമുള്ള രോഗമൊന്നുമുണ്ടായിട്ടില്ല. എന്നാൽ, ഒടുവിൽ അയാളെ രോഗം കീഴടക്കി. അയാഠം വേദനസഹിച്ച് ആസ്പത്രിയിൽ കിടക്കുന്നു. ദൈവതിരുമനസ്സ് സ്വീകരിക്കുവാൻ സാധാരണനിലയിൽ അയാഠം സന്നദ്ധനാണ്. ഇപ്പോഠം അയാഠം അതിനു കഠിനയത്നം ചെയ്യേണ്ടിയിരിക്കുന്നു. കാരണം, ഈ കാര്യത്തിൽ അയാളുടെ ശാരീരികപ്രതിധ്വനി അധികം വികസിച്ചിട്ടില്ല. വളരെ നിഗൂഢമായ ഒരു വാക്യം ഹെബ്രായർക്കുള്ള ലേഖനത്തിൽ വി. പൗലോസ് എഴുതിയിട്ടുണ്ട്. ''പുത്രനായിരുന്നിട്ടും തൻെറ സഹനത്തിലൂടെ അവൻ അനുസരണം അഭ്യസിച്ചു'' (ഹെബ്രാ. 5-8) ഒരു പക്ഷേ നാം മുകളിൽ പ്രസ്താവിച്ചനിലയിൽ അതു വ്യാഖ്യാനിക്കാമെന്നുതോന്നുന്നു. ഏതായാലും ആസ്പത്രിയിലുള്ള ആ മനുഷ്യൻ തൻെറവേദനയുമായി പൊരുത്തപ്പെടുന്നു. ദൈവതിരുമനസ്സു സ്വീകരിക്കുക അപ്പോഠം അയാഠംക്കു എളുപ്പമായിത്തീരുന്നു.

യൗവനാരംഭത്തിൽ പലർക്കും വിശ്വാസത്തിൻെറ പ്രതിസന്ധി നേരിടുന്നതിൻെറ ഒരു കാരണം ഈ ശാരീരികപ്രതിധ്വനിയാണെന്നു പറയാം. യൗവനാരംഭത്തിൽ ശാരീരിക വ്യതിയാനങ്ങഠം തുടങ്ങുകയായി, പ്രത്യേകിച്ച് ലൈംഗിക തലത്തിൽ. ഈ വ്യതിയാനങ്ങഠം ശാരീരിക പ്രതിധ്വനികളെ തകരാറിലാക്കും, അതിൻെറ ഫലം: മുൻപുകാത്തുപോന്ന പല ആശയങ്ങളും ചഞ്ചലപ്പെടും, തങ്ങളുടെ മാതാപിതാക്കഠംക്കു പലതിലും കാര്യമായ അറിവൊന്നുമില്ലെന്ന് യുവാക്കഠം കരുതാൻ തുടങ്ങും, അവരുടെ മതവിശ്വാസത്തിൽ സംശയങ്ങഠം കയറിപ്പററും. ഈ വ്യതിയാനങ്ങളുടെ കാരണം അവരെ ഗ്രഹിപ്പിക്കുവാൻ കഴിയുന്നപക്ഷം, അവരുടെ

www.malankaralibrary.com

വിഷമതകരം ഇല്ലാതാകുകയില്ലെങ്കിലും തങ്ങളെതന്നെ പുറത്തു നിന്നുകൊണ്ട് വസ്തുനിഷ്ഠമായി കാണുവാൻ അവരെ സഹായിക്കും.

വി. ഫ്രാൻസീസ് അസ്സീസി തൻെറ സഹജമായ ശൈലിയിൽ സകലതിനെയും സഹോദരനെന്നോ, സഹോദരിയെന്നോ വിളിച്ചുപോന്നു. "കഴുത സഹോദരൻ" എന്നാണ് അദ്ദേഹം തൻെറ ശരീരത്തെക്കുറിച്ചു പറഞ്ഞിരുന്നത് (നീളമുള്ള ചെവികളോടുകൂടിയ മൃഗത്തെയാണ് അദ്ദേഹം ഉദ്ദേശിച്ചത്) ഇപ്രകാരമുള്ള ഒരു കഴുത മററൊരുകഴുതയോടു ഒരിക്കലും പറയുകയില്ല. "സഹോദരാ, നിങ്ങരം എന്നെക്കാരം കൂടുതൽകാലം ജീവിച്ചവനാണ്, ഗ്രഹിക്കുവാൻ എന്നെ സഹായിച്ചാലും". ഒരു കഴുതയ്ക്കു മററുള്ളവരിൽനിന്നും ഒന്നും പഠിക്കുവാനൊക്കുകയില്ല. പിൻകാലുകളുപയോഗിച്ചുള്ള കഠിനമായ അനുഭവത്തിൽനിന്ന് അതു പഠിക്കും. കഴുത സഹോദരൻെറ ഈ രീതി പലപ്പോഴും നമ്മുടെ ജീവിതത്തിലുമുണ്ടാകും. ബാങ്ക് കൊള്ളചെയ്യാനുള്ള പ്രലോഭനം ഒരുവനുണ്ടായെന്നിരിക്കട്ടെ. ആയുധധാരികളായ സൂക്ഷിപ്പുകാരെക്കുറിച്ചും കൊള്ളയെന്ന പാപം ക്ഷമിക്കപ്പെടാൻ കൊള്ളമുതൽ തിരികെ നൽകണമെന്നതിനെക്കുറിച്ചും ചിന്തിക്കുമ്പോരം ആ പ്രലോഭനത്തിൽനിന്നും അവൻ ഒഴിഞ്ഞുമാറും. എന്നാൽ ഒരു യുവാവ് ഒരു അശ്ലീല മാസികയിലെ ചിത്രങ്ങരം സാകൂതം നോക്കുകയാണെന്ന് കരുതുക. ഇക്കിളിയുളവാക്കുകയും മാദകചിന്തകളുണർത്തുകയും ചെയ്യുന്ന ചിത്രങ്ങരം നോക്കുമ്പോരം അവൻെറ വികാരങ്ങരം കാടുകയറുകയായി. അപ്പോരം മനസ്സാകുന്ന സഹോദരൻ ചോദിക്കുന്നു. "സഹോദരാ, എന്തിന് ഇത്രമാത്രം വികാരങ്ങരം? അതു മഷിപുരണ്ടകടലാസ്സുകഷണം മാത്രമല്ലേ?" കഴുതസഹോദരൻ ശാന്തനാകുമോ? മിക്കവാറും ഇല്ല. ഇതായിരിക്കാം വി. പൗലോസ് ഇങ്ങനെ പ്രസ്താവിക്കുവാൻ കാരണം. "വ്യഭിചാരത്തിൽനിന്ന് ഓടിയകലുവിൻ" (1 കോറി 6:18) ശ്ലീഹാ ഇപ്രകാരം പ്രസ്താവിച്ചില്ല. അതെക്കുറിച്ചു ചിന്തിച്ച് അതിൽനിന്ന് മാറുക. കഴുത സഹോദരന് മനസ്സാകുന്ന സഹോദരനെ ശരിയായി ശ്രവിക്കുക

www.malankaralibrary.com

സാധ്യമല്ല. കഴുതസഹോദരൻ തന്റെ ശക്തമായ ശാരീരിക പ്രതിധ്വനിമൂലം മനസ്സാകുന്ന സഹോദരനെയും തന്റെ കൂടെ വലിച്ചിഴയ്ക്കും.

വി. പൗലോസിന് അദ്ദേഹത്തിന്റെ മഹത്തായ ദർശന ശേഷം "ശരീരത്തിൽ ഒരുമുള്ള്" (2 കോറി. 12: 7-8) നൽകപ്പെട്ടു. അതു അദ്ദേഹത്തെ വിനയമുള്ളവനാക്കി നിറുത്തുന്നതിന് ഏതോ ശക്തമായ പ്രലോഭനമാണെന്ന് ചില വേദവ്യാഖ്യാതക്കാം പ്രസ്താവിക്കുന്നുണ്ട്. താൻ അഹങ്കരിക്കരുതെന്ന് വി. പൗലോസിന്റെ മനസ്സിനറിയാമായിരുന്നു. പക്ഷേ, കഴുതസഹോദരനായ അദ്ദേഹത്തിന്റെ ശരീരത്തെ സംബന്ധിച്ചിടത്തോളം കഠിനമായ അനുഭവങ്ങളിൽ കൂടി അതു പഠിക്കേണ്ടിയിരുന്നു. അങ്ങനെ മാത്രമേ ശരീരത്തിനുപഠിക്കുവാനൊക്കുകയുമുള്ളായിരുന്നു. ഈ പരീക്ഷ ദൈവത്തിന്റെ ആവശ്യകത അദ്ദേഹത്തിലുളവാക്കി. "നിനക്ക് എന്റെ കൃപമതി, എന്തെന്നാൽ ബലഹീനതയിലാണ് എന്റെ ശക്തി പൂർണ്ണമായി പ്രത്യക്ഷപ്പെടുന്നത്" (2 കോറി 12: 8-10) ഇക്കാര്യം പരാമർശിക്കവെ ബലഹീനതയെക്കുറിച്ച് നാലുപ്രാവശ്യം ശ്ലീഹാ പ്രസ്താവിക്കുന്നുണ്ട്. അതിൽ അഭിമാനം കൊള്ളുന്നുണ്ട്. അദ്ദേഹമനുഭവിച്ച ബലഹീനതയെക്കുറിച്ചുള്ള ചിന്ത എളിമയോടുള്ള ശാരീരിക പ്രതിധ്വനിയുടെ ഭാഗമായിരുന്നു. ദൈവത്തോടുള്ള തുറന്ന പ്രകൃതിയിൽ വർത്തിക്കാൻ എളിമ അത്യാവശ്യമാണ്. എളിമയില്ലാത്തവൻ താൻ നല്ലവനായിരിക്കുന്ന അവസ്ഥയും താൻ ചെയ്യുന്ന നന്മയും തന്റേതായി കരുതും. എന്നാൽ, ഒരുവന് എളിമയുണ്ടെങ്കിൽ അവന്റെ ആത്മാവ് തുറന്നുള്ളരീതിയിലാണെന്നുകണ്ട് നമ്മുടെ പിതാവ് തന്റെ ഏററം സമ്പന്നമായ അനുഗ്രഹങ്ങൾ അവനു നൽകും.

അതുപോലെ, സൃഷ്ടികളിൽനിന്നോ മററുള്ളവരിൽ നിന്നോ നമുക്കു പ്രയാസങ്ങളോ പരീക്ഷകളോ ഉണ്ടെങ്കിൽ, ഐഹികകാര്യങ്ങൾ അത്യാവശ്യമുള്ള നന്മകളല്ലെന്നുഗ്രഹിക്കുവാൻ നമ്മുടെ ശാരീരികവശം സഹായിക്കും. അതിനാൽ വിജാതീയരായിരുന്ന റോമാക്കാരും ഗ്രീക്കുകാരുംപോലും അറിഞ്ഞിരുന്നതുപോലെ ലളിതജീവിതവും ജീവിതത്തിൽ

www.malankaralibrary.com

പാലിക്കുന്ന മിതത്വവും മഹത്തായ സത്യങ്ങൾ കാണാനുള്ള മാർഗ്ഗമാണ്. (18-ാം അധ്യായത്തിൽ ഇതു പ്രതിപാദിക്കുന്നതായിരിക്കും) നേരെമറിച്ച് ഭൗതികമായ സമൃദ്ധി ഒരു വ്യക്തിയെ മാത്രമല്ല, ഒരു ജനതയെതന്നെ മതത്തോടും ദൈവത്തോടും താത്പര്യമില്ലാത്ത നിലയിലെത്തിക്കും.

ശാരീരിക പ്രതിധ്വനികൾ മററുരീതികളിലും നമുക്കു പയോഗിക്കാം. ഉദാഹരണമായി നമ്മുടെ ബാഹ്യമായ ആചരണങ്ങൾ ബഹുമാനം കാണിക്കുന്നവയാണെങ്കിൽ നമ്മുടെ ആന്തരിക ഭാവങ്ങളും തദനുസൃതമാകുവാൻ നിർബന്ധിക്കപ്പെടും. മറെറാരുദാഹരണം: വളരെവേഗം പ്രാർത്ഥന തീർക്കുന്നതിനു നമുക്കു പ്രലോഭനമുണ്ടാകുന്നെന്നു കരുതുക. അപ്പോൾ സാധാരണയിൽ കൂടുതൽ സമയമെടുത്ത് പ്രാർത്ഥിക്കുവാൻ നാം നമ്മോടുതന്നെ ബലംപ്രയോഗിക്കുകയാണെങ്കിൽ കഴുതസഹോദരനെ മെരുക്കുവാൻ നമുക്കു കഴിയും. നമ്മുടെ ആന്തരികഭാവം അപ്പോൾ കൂടുതൽആദരമുള്ളതാകും. ''ഇതുവേഗം തീർക്കാം എന്നിട്ട് മററുജോലികളിൽ ഏർപ്പെടാം'' എന്നാൽ പ്രാർത്ഥിക്കുകാണ്, പ്രത്യേകിച്ച് വി. കുർബാനയിൽ പങ്കുകൊള്ളുകയാണ് ഏതു ദിവസവും നമ്മുടെ ഏററം വലിയ കർത്തവ്യം. ആ സന്ദർഭത്തിലാണ് നമ്മുടെ പിതാവിൻെറ ദാനങ്ങൾ സ്വീകരിക്കുവാൻ നാം നമ്മെ സജ്ജരാക്കുന്നത്.

www.malankaralibrary.com

# അധ്യായം 17

## ദൈവത്തോടുള്ള സ്നേഹവികാരങ്ങൾ

മാനുഷിക സ്നേഹത്തിൽ വികാരങ്ങൾ സുപ്രധാനമാണ്. നാം ദൈവത്തെ സ്നേഹിക്കുമ്പോഴും അവ സാധാരണമായുള്ളതാണോ? ഇവ രണ്ടും സമാന്തരമായി പോകുന്നതല്ല. മറ്റൊരാളെ കാണുമ്പോൾ പലപ്പോഴും നമുക്ക് ഐന്ദ്രികമായ സന്തോഷമുളവാകും. എന്നാൽ ദൈവം ഏതെങ്കിലും വിധത്തിൽ നമ്മുടെ ഇന്ദ്രിയങ്ങൾക്കു വിഷയമല്ല. കൂടാതെ നാം മുമ്പ് കണ്ടതുപോലെ ദൈവത്തോടുള്ള സ്നേഹം പ്രായോഗികതലത്തിൽ അവിടുത്തോടുള്ള അനുസരണമാണ്. അതായത് നമ്മുടെ ഇച്ഛ അവിടുത്തെ ഇച്ഛയുമായി സംയോജിപ്പിക്കുകയാണ്. അതു വികാരങ്ങളൊന്നുമില്ലാതെ സാധ്യവുമാണ്. കാര്യങ്ങൾ ഏറ്റം പ്രയാസത്തിലിരിക്കുമ്പോൾ, സന്തോഷത്തിനുപകരം വേദനയുണ്ടായിരിക്കുമ്പോൾ, അവിടുത്തെ ഇച്ഛ നാം മുറുകെപിടിക്കുകയാണെങ്കിൽ, അതു അവിടുത്തോടുള്ള നമ്മുടെ യോജിപ്പാണ്. നാമപ്പോൾ വിജയിക്കും. അല്ലെങ്കിൽ തോൽവിയടയും.

മനുഷ്യരോടുള്ള സ്നേഹത്തിൽപോലും എപ്പോഴും വികാരം കണ്ടെന്നുവരുകയില്ല. എല്ലാവരോടുമുള്ള സ്നേഹത്തിൽ, നാം ഒരിക്കലും കണ്ടിട്ടില്ലാത്തവരോടും ശത്രുക്കളോടുമുള്ള സ്നേഹത്തിൽ സാധാരണഗതിയിൽ വികാരങ്ങൾ കാണുകയില്ല.

എന്നിരുന്നാലും, ദൈവത്തോടുള്ള സ്നേഹത്തിൽ വികാരമുണ്ടാകാം. അതിന്‌വ്യത്യസ്തമായ രണ്ടുതലങ്ങളുണ്ട്. താണതലം ആധ്യാത്മിക ജീവിതത്തിൽ പുരോഗമിച്ചിട്ടില്ലാത്തവരുടേതാണ്. ഉയർന്ന തലമാകട്ടെ, നിവേശിതധ്യാനമുള്ളവരുടേതാണ്. താഴ്ന്നതലത്തിൽ, നമുക്കു മതാത്മക കാര്യങ്ങളിൽ എന്തെങ്കിലും വികാരങ്ങളോ സംതൃപ്തിയോ ഉളവാകാം. ദൈവശാസ്ത്രജ്ഞന്മാർ അതിനെ സമാശ്വാസമെന്നുവിളിക്കുന്നു. നേരെമറിച്ച് വികാരമില്ലാതിരിക്കുകയും യഥാർത്ഥമായ അതൃപ്തിതോന്നുകയും ചെയ്യുക അവരുടെ ഭാഷയിൽ വരൾച്ചയാണ്.

www.malankaralibrary.com

ഈ അധ്യായത്തിന്റെ അവസാനഭാഗത്ത് ദൈവം നൽകുന്ന ഒരു സംതൃപ്തിയെക്കുറിച്ച് നാം കാണും. ആ സംതൃപ്തി ശരിയായ അർത്ഥത്തിൽഒരു വികാരമല്ല. അവിടുത്തെ ഇച്ഛയുമായി തീവ്രമായി യോജിച്ചിരിക്കുന്നവർക്കു മാനസികശാന്തതയായി അനുഭവപ്പെടും. ആ സന്ദർഭം ഏതു നിലയിലായാലും അനുഭവപ്പെടും.

ദൈവനിവേശിതധ്യാനത്തിന്റെ തലത്തിൽ വികാരങ്ങൾ ഉണ്ടായിരിക്കുകയോ ഇല്ലായിരിക്കുകയോ ചെയ്യും. അവ ഉണ്ടായിരിക്കുക ആളിന്റെ ആധ്യാത്മികതയുടെ ആഴത്തിൽ സമൃദ്ധമായുളവാകുന്ന ഒരു പ്രതിഭാസമാണ്. ഇത് സമൃദ്ധമായുള്ള ധ്യാനത്തിന് മധുരമുള്ളതെന്നും ഇല്ലാത്തതിനു വരൾച്ചയുള്ളതെന്നും നാം പറയുന്നു. (നാം ഇതു 22-ാം അധ്യായത്തിൽ ചർച്ചചെയ്യും) ഇപ്പോൾ താണതലത്തിലുള്ള ധ്യാനം മാത്രം നാം ചർച്ചചെയ്യുകയാണ്. ഈ താണതലത്തിൽ സമാശ്വാസങ്ങളും വരൾച്ചയും സഹായകമാണ്, ചിലപ്പോൾ അവ ഉപദ്രവകരങ്ങളുമാകാം. അവ അവയിൽതന്നെ നിഷ്പക്ഷമാണ്.

ഇന്ദ്രിയങ്ങൾക്കു വിധേയമായ വസ്തുക്കളോടുള്ള മമത വിച്ഛേദിക്കുന്നതിനു സമാശ്വാസങ്ങൾ ആത്മാവിന് കാര്യമായ സഹായങ്ങൾ നൽകും. നല്ല പ്രതിജ്ഞകളെടുക്കാൻ, കൂടുതൽ പ്രാർത്ഥിക്കുവാൻ, സ്വയം ത്യജിക്കുന്നതിൽ കൂടുതൽ ഉദാരതയുള്ളവനാകാൻ അവ ധൈര്യം നൽകും.

അതേസമയംതന്നെ സമാശ്വാസങ്ങളിൽ ഒരപകടം പതിയിരുപ്പുണ്ട്. ഒരാത്മാവിൽ സമാശ്വാസങ്ങൾ ധാരാളമുള്ളപ്പോൾ ആ ആത്മാവിന്റെ പ്രേരകഘടകം എന്താണെന്നു ഗ്രഹിക്കുക പ്രശ്നമാകും. ഈ സന്തോഷം മൂലമാണോ അയാൾ ശാരീരികമായ രീതിയിൽ മുൻപോട്ടുപോകുന്നത്, അതോ ദൈവത്തെ പ്രസാദിപ്പിക്കുവാനാണോ, അതോ ഇവ രണ്ടും ഭാഗികമായി അയാളെ നയിക്കുകയാണോ എന്നതാണു പ്രശ്നം. കുരിശിന്റെ വി. യോഹന്നാൻ ഇതിനെക്കുറിച്ച് ശക്തമായി പ്രതിപാദിക്കുന്നു: "മാധുര്യത്തിലും അനായാസമായും മുന്നോട്ടുപോകാനാഗ്രഹിക്കുകയും അതേസമയം

www.malankaralibrary.com

ക്രിസ്തുവിനെ അനുകരിക്കുന്നതിൽനിന്ന് ഓടിമറയുകയും ചെയ്യുന്ന ആത്മാവ് ശരിയായരീതിയിലല്ല പ്രവർത്തിക്കുന്നത്''.

ക്രിസ്തുവിനെ അനുകരിക്കുന്നതിൽനിന്ന് ഓടിമറയുന്നതുകൊണ്ട് വിശുദ്ധൻ വിവക്ഷിക്കുന്നതു സ്വയനിഗ്രഹപ്രവർത്തികരം ഉപേക്ഷിക്കുകയെന്നതാണ്. വി. പൗലോസിന്റെ അനേകം പ്രസ്താവങ്ങരം ഒരുമിച്ചുനോക്കിയാൽ ക്രിസ്തീയ ജീവിതത്തെക്കുറിച്ചുള്ള അദ്ദേഹത്തിന്റെ വീക്ഷണം ഇങ്ങനെയാണെന്നുകാണാം. ഒരുവൻ രക്ഷിക്കപ്പെടുകയും പരിശുദ്ധി പ്രാപിക്കുകയും ചെയ്യുക അവൻ ക്രിസ്തുവിന്റെ അവയവമായിരിക്കുകയും അവിടുത്തെപ്പോലെയായിരിക്കുന്നതിന്റെ വ്യാപ്തിയെയും ആശ്രയിച്ചിരിക്കുന്നു. ക്രിസ്തുവിന്റെ ജീവിതത്തിൽ രണ്ടു ഘട്ടങ്ങരം കാണാം. ഒന്നാമത്തേത് കാഠിന്യമുള്ള ജീവിതം; ദാരിദ്ര്യം, പീഡാസഹനം, മരണം. രണ്ടാമത്തേത് മഹത്വീകരണം. നാമിപ്പോരം ഒന്നാം ഘട്ടത്തിലാണ്. അതിനാൽ നാം അവയിൽ എത്രമാത്രം അവിടത്തോടു സദൃശരായിരിക്കുന്നുവോ, അത്രമാത്രം കൂടുതൽ മഹത്വത്തിൽ നാം അവിടുത്തോടു സദൃശരായിരിക്കും. കുരിശിന്റെ വി. യോഹന്നാന്റെ ആശയങ്ങളെ മറെറാരു രീതിയിൽ വി. ഫ്രാൻസിസ് ദെസാലസ് പിൻചെല്ലുന്നു.

''മാധുര്യത്തിന്റെയും ലോലഭാവത്തിന്റെയും സമാശ്വാസത്തിന്റെയും വികാരങ്ങരം ത്യജിക്കുന്ന പ്രകരണങ്ങരം കൂടെക്കൂടെ നാം ചൊല്ലുക. ദൈവം അവ നമുക്കുനൽകുന്നതുകൊണ്ടും ദൈവത്തെ സ്നേഹിക്കാൻ അവ നമുക്കു പ്രചോദനഹേതുവാകുന്നതുകൊണ്ടുംമാത്രം നാം അവയെ സ്വീകരിക്കുന്നുവെങ്കിലും അവയിൽനിന്ന് നമ്മുടെ ഹൃദയങ്ങരം പിൻവലിക്കുക. നാം ദൈവത്തെ അന്വേഷിക്കുന്നതും സ്നേഹിക്കുന്നതും ഇവ നിമിത്തമായിരിക്കരുത്. നാം അന്വേഷിക്കുന്നതു സമാശ്വാസങ്ങളല്ലാ, പ്രത്യുത സമാശ്വാസങ്ങരം നൽകുന്ന ദൈവത്തെയാണ്''.

എല്ലാ സമാശ്വാസങ്ങളും ദൈവത്തിൽ നിന്നുള്ളവയല്ലെന്നും പ്രസ്താവ്യമാണ്. പ്രാർത്ഥിക്കുന്ന ആത്മാക്കളിൽ

www.malankaralibrary.com

ചിലപ്പോൾ സാത്താൻ സന്തോഷമുളവാക്കും. എന്തുകൊണ്ട്? "പ്രഭാപൂർണ്ണനായ ദൈവദൂതനായി വേഷം കെട്ടാൻ" (2 കോറി 11: 14) അവൻ ആഗ്രഹിക്കുന്നതുകൊണ്ട്. അതിന്റെ അർത്ഥം ഇതാണ്: നമുക്ക് ഒരു സമാശ്വാസം നൽകാൻ സാത്താനുകഴിയും, അല്പകാലത്തേക്ക് അവൻ നന്മയ്ക്കു പ്രചോദനം നൽകിയെന്നുവരും. അവസാനം അവൻ അവന്റെ തനിനിറം കാണിക്കും. സമാശ്വാസത്തോട്, ദൈവത്തോടല്ലാ, മമത നമുക്കുണ്ടാകുന്നതിനു പരിശ്രമിക്കുവാൻ അവൻ കാരണമാകും, പരിശുദ്ധരായിത്തീർന്നുകഴിഞ്ഞു വെന്ന വിചാരം നമ്മിലുളവാക്കുന്നതിനു അവൻ കഴിയും. ആധ്യാത്മികമായ അഹങ്കാരത്തെക്കാൾ വിനാശകരമായ മറെറാരുതിന്മയുമില്ലെന്നു പറയാം. അവിലായിലെവി. ത്രേസ്യാ എഴുതി: "ഈ ലോകത്തിൽ മനുഷ്യരെ അഹങ്കാരികളാക്കുകയാണ് പിശാചിന്റെ മുഖ്യലക്ഷ്യം ........ കണ്ണുനീർ നല്ലതാണെങ്കിലും അതുണ്ടാകുന്നതുകൊണ്ട് പൂർണ്ണത പ്രാപിച്ചെന്ന് കരുതാനാവില്ല. എളിമയും ഇന്ദ്രിയനിഗ്രഹത്തിലും ലൗകിക കാര്യങ്ങളോടുള്ള നിസ്സംഗതയിലും മററു പുണ്യങ്ങളിലും കൂടുതൽ സുരക്ഷിതത്വമുണ്ട്". ഒരുവന് ഒരു ഘട്ടത്തിൽ സാധ്യമല്ലാത്തതും ആത്മാവിന് അസഹ്യമായതും വിവേകപൂർവമല്ലാത്തുതുമായ നല്ല പ്രതിജ്ഞകളെടുപ്പിക്കുവാനും സാത്താനു കഴിയും. ആ പ്രതിജ്ഞകളിൽ നിലനിൽക്കുക ആത്മാവിനു സാധ്യമല്ലെന്ന് അവനറിയാം. അപ്പോൾ ആ വ്യക്തി അതും അതിൽകൂടുതലും ഉപേക്ഷിക്കും, ഉയരാനാരംഭിച്ചതലത്തിൽ നിന്നുതന്നെയും കീഴോട്ടുപോകും, ആധ്യാത്മികതയിൽ വളരുന്നതിനുള്ള ശ്രമംതന്നെയും ഉപേക്ഷിക്കും.

ആധ്യാത്മികവരൾച്ചയും സഹായകരമോ ദോഷകരമോ ആകാം. നമ്മെ അധീരരാക്കുവാൻ, ആധ്യാത്മിക പ്രയത്നങ്ങൾ ഉപേക്ഷിക്കുവാൻ, ദൈവത്തെ പ്രസാദിപ്പിക്കുന്നതിനുള്ള നമ്മുടെ യത്നങ്ങളിൽ അലസതയുളവാക്കുവാൻ, വരൾച്ചയുണ്ടാക്കുന്നതിന് സാത്താനുകഴിയും. എന്നാൽ ദൈവം തന്നെ പലപ്പോഴും വരൾച്ച അയച്ചെന്നുംവരും. അതിന്റെ സാധാരണരീതി ഇപ്രകാരമായിരിക്കും: ഒരാൾ "രണ്ടാം മാനസാന്തരം" എന്നു വിളിക്കപ്പെടുന്ന നിലയിലെത്തുമ്പോൾ,

www.malankaralibrary.com

അതായതു് ദൈവത്തെ പ്രീതിപ്പെടുത്തണമെന്ന തീവ്രപ്രതിജ്ഞയോടെ അയാരം പ്രവർത്തിക്കുന്ന നിലയിലെത്തുമ്പോരം, ആത്മാവിനു പ്രചോദനം നൽകുവാൻ, ഐന്ദ്രിക കാര്യങ്ങളിൽനിന്ന് വേർപെട്ടുകഴിയുവാൻ, ദൈവം സമാശ്വാസങ്ങളയയ്ക്കും. എന്നാൽ, വളരെക്കാലത്തേക്ക് സമാശ്വാസങ്ങളുണ്ടായാൽ നാം മുൻപുകണ്ട അപകടം, അതായതു് ദൈവത്തെ സേവിക്കുക ദൈവത്തിനുവേണ്ടിയല്ല, നമ്മുടെ സന്തോഷത്തിനുവേണ്ടിയെന്ന അപകടം ഉളവാകാം. ഈ അപകടത്തിൽ വീഴാതെ സൂക്ഷ്മതയുണ്ടായിരിക്കുന്നതിന് ദൈവം സാധാരണയായി ആധ്യാത്മിക വരരംച്ച അയയ്ക്കുന്നു.

മൂർച്ചയുള്ള ഒരു കത്തി ഒരു ശിശുവിൻെറ കൈയിൽ ഇരിക്കുകയാണെങ്കിൽ നാം അതു ബലംപ്രയോഗിച്ചു വാങ്ങാൻ ശ്രമിക്കരുതു്, ശിശുവിനു മുറിവേൽക്കും എന്ന് കുരിശിൻെറ വി. യോഹന്നാൻ പ്രസ്താവിക്കുന്നുണ്ട്. അതിനുപകരം ഒരു കളിപ്പാട്ടം ശിശുവിനു മുൻപിൽ വയ്ക്കുക, ശിശുവിനു കളിപ്പാട്ടത്തിൽ താല്പര്യമുളവായി കത്തിതാഴെയിടും. ഇതുപോലെയാണു സമാശ്വാസങ്ങരം. അവ കളിപ്പാട്ടങ്ങരം പോലെയാണ്. ലൗകികകാര്യങ്ങളിൽ നിന്ന് വിമുക്തരാകുവാൻ അവ നമ്മെ സഹായിക്കും. എന്നാൽ ഈ കളിപ്പാട്ടങ്ങളില്ലാതെ തന്നെ അപകടങ്ങളിൽ നിന്ന് വിമുക്തരാകുന്ന രീതിയിൽ വളരാൻ ഒരുവനു കഴിയണം.

മുൻപ് പ്രസ്താവിച്ചതു തൻെറ ലക്ഷ്യത്തിനുവേണ്ടിയുപയോഗിക്കുവാൻ സാത്താനുകഴിയും. "എനിക്കു സമാശ്വാസങ്ങളുടെ ആവശ്യമില്ല. അതിനുതക്കവണ്ണം ഞാൻ ശക്തിയും വിശുദ്ധിയും ഉള്ള വ്യക്തിയാണ്".

ആധ്യാത്മിക വരരംച്ച പലപ്പോഴും മനപ്പതർച്ചയ്ക്ക് കാരണമാകും. സമാശ്വാസങ്ങരംക്കിടയിലും മനപ്പതർച്ചയുണ്ടാകാം. മനപ്പതർച്ചവരുന്നതുകണ്ടാൽ അതിനെ ഉടൻതന്നെ നാം നേരിടുന്നപക്ഷം നമ്മുടെ പ്രാർത്ഥനയ്ക്കുള്ള വിലയുടെ സാരാംശം കുറയുകയില്ല. ('കണ്ടാലുടൻതന്നെ' എന്നു പ്രസ്താവിച്ചതിനുകാരണം, പലപ്പോഴും അതു നാം കണ്ടു

www.malankaralibrary.com

പിടിക്കുന്നതാണ്). സിനിമയിലെ ഒരു ദൃശ്യംപോലെ അതു തുടർന്നുകൊണ്ടിരിക്കും. അപ്പോഠം നാം ജാഗ്രതയോടെ അതു നീക്കിക്കളയണം. സമാശ്വാസങ്ങളിൽ ഒരാത്മാവ് നീന്തിത്തുടിക്കുന്നതിനേക്കാഠം പ്രലോഭനങ്ങളോടെതിരിട്ടു ബുദ്ധിമുട്ടിപ്രാർത്ഥിക്കുന്നതു നമ്മുടെ പിതാവിനെ സന്തോഷിപ്പിക്കും.

സ്വഭാവിക കാരണങ്ങഠംതന്നെ സമാശ്വാസത്തെയും ആധ്യാത്മിക വരംച്ചയെയും സ്വാധീനിക്കും. നമ്മുടെ ദഹന സ്ഥിതി, ക്ഷീണം, ശരീരത്തിൻെറ പൊതുവേയുള്ള ആരോഗ്യനില, ജോലിയെക്കുറിച്ചുള്ള ചിന്ത—ഇവയെല്ലാം ആ സ്വാഭാവികകാരണങ്ങളിൽപെടും. പാപമോ, ധ്യാനരാഹിത്യമോ ആധ്യാത്മിക വരംച്ചയുളവാക്കും.

പ്രാർത്ഥനവേളയിലെ ശാരീരികവിന്യാസം പ്രാർത്ഥനയ്ക്കു സഹായകമോ ദോഷകരമോ ആകാം. തന്മൂലം സമാശ്വാസത്തെയോ ആധ്യാത്മിക വരംച്ചയെയോ അതു സ്വാധീനിക്കാം. നമ്മുടെ ബാഹ്യരീതി ആന്തരിക ഭാവങ്ങളെ സ്വാധീനിക്കും. അതിനാൽ ആദരം കാണിക്കാത്ത നിലയിലുള്ള ശാരീരിക വിന്യാസം മാനസികമായ ആദരം ഇല്ലാതാക്കും. മുട്ടുകുത്തിയോ, സാഷ്ടാഗപ്രണാമം ചെയ്തോ പ്രാർത്ഥിക്കുക കൂടുതൽ വിനയാന്വിതമായിരിക്കും. മുസ്ലീമുകഠം ഇങ്ങനെ ചെയ്യുന്നുണ്ട്. പുരാതന പൗരസ്ത്യരാജാക്കന്മാർ തങ്ങളുടെ ഭരണീയരിൽനിന്ന് ഈ സാഷ്ടാംഗ പ്രണാമം ആവശ്യപ്പെട്ടിരുന്നു.

സ്വാഭാവികമോ ദേശീയമോ ആയ ശീലങ്ങഠം സമാശ്വാസങ്ങളുടെ സാന്നിധ്യത്തെയോ രാഹിത്യത്തെയോ സ്വാധീനിക്കാം. ഉദാഹരണമായി വി. അഗസ്തീനോസിനു പ്രാർത്ഥനവേളകളിൽ ധാരാളം സമാശ്വാശങ്ങഠം ലഭിച്ചിരുന്നു. അതു ഭാഗികമായി അദ്ദേഹത്തിൻെറ ശീലത്തിൻെറയും ഭാഗികമായി ലത്തീൻജനതയുടെ ശീലത്തിൻെറയും ഫലമായിരുന്നു. നേരെമറിച്ച് ലിസ്യൂവിലെ വി. കൊച്ചുത്രേസ്യാ ഒരു ധ്യാനശേഷം തൻെറ ഒരു സഹോദരിക്കെഴുതി :

www.malankaralibrary.com

"സമാശ്വാസങ്ങളിൽ ഞാൻ നീന്തിത്തുടിക്കയാണെന്നു കരുതരുത്. ഓ, അതൊന്നും ലോകത്തിൽ ഇല്ലാതിരിക്കയെന്നതാണ് എന്റെ സമാശ്വാസം. തന്നെതന്നെ വെളിപ്പെടുത്താതെ, തന്റെ വാക്കുകൾ കേൾപ്പിക്കാതെ, യേശു എന്നെ രഹസ്യമായി പഠിപ്പിക്കുന്നു. അവ ഗ്രന്ഥങ്ങൾ മുഖേനയല്ല, കാരണം, ഞാൻ വായിക്കുന്നത് ഞാൻ ഗ്രഹിക്കുന്നില്ല. നിശ്ശബ്ദതയിലും വരൾച്ചയിലും ഞാൻ കഴിഞ്ഞശേഷം പ്രാർത്ഥനയുടെ അവസാനത്തിൽ എന്നെ സമാശ്വസിപ്പിക്കുന്നതിന് ചിലപ്പോൾ ഇതുപോലൊരു വാക്കുവരും. 'നിനക്കു ഞാൻ നൽകുന്ന ഗുരു ഇതാ. നീ ചെയ്യേണ്ട സകലതും അവൻ നിന്നെ പഠിപ്പിക്കും. സ്നേഹത്തിന്റെ ശാസ്ത്രം അടങ്ങിയിട്ടുള്ള ജീവന്റെ പുസ്തകം നിന്നെക്കൊണ്ടുവായിപ്പിക്കണമെന്ന് ഞാനാഗ്രഹിക്കുന്നു".

വളരെകുറച്ചുമാത്രം സമാശ്വാസങ്ങളുണ്ടായിരുന്ന ഒരു വിശുദ്ധയായിരുന്നു അവളെന്നു തോന്നുന്നു. അവൾ അതിൽ സംതൃപ്തയായിരുന്നു. സമാശ്വാസങ്ങളുളവാക്കിയേക്കാവുന്ന വഞ്ചനയില്ലാതിരിക്കയാണു സുരക്ഷിതമെന്ന് അവൾ കരുതിയിരുന്നെന്നു തോന്നുന്നു.

ആധ്യാത്മികമായ ആകർഷണത്തിലെ വ്യത്യാസങ്ങളും സമാശ്വാസങ്ങളും വരൾച്ചയെയും കാര്യമായി സ്വാധീനിക്കും. ഇങ്ങനെയുള്ള വ്യത്യാസങ്ങൾ വിശദമാക്കുവാൻ, ആധ്യാത്മിക ജീവിതത്തിൽ രണ്ടുതലങ്ങളുണ്ടെന്ന് നാം ഗ്രഹിക്കേണ്ടതാവശ്യമാണ്. ആദ്യത്തേത് അടിസ്ഥാന തത്വങ്ങളുടെ തലമാണ്. ആധ്യാത്മികനാശംകൂടാതെ അവ അവഗണിക്കുകയോ ലംഘിക്കുകയോ ഒരുവനും സാധ്യമല്ല. ഈ അടിസ്ഥാനതത്വങ്ങൾ എല്ലാവർക്കും ഒന്നുതന്നെയാണ്. അവയ്ക്കപ്പുറം, രണ്ടാം തലത്തിൽ അത്ഭുതകരമായ ഭേദങ്ങൾക്കുസ്ഥാനമുണ്ട്.

രണ്ടുദാഹരണങ്ങൾ ഇതുവ്യക്തമാക്കും. ഫ്രാൻസിലെ രാജകീയ സദസ്സിലെ ജീവിതശൈലിയുമായി പൊരുത്തപ്പെടുന്നതിന് വി. ഫ്രാൻസിസ് ദെസാലസിനു വിഷമമില്ലായിരുന്നു. അതേസമയം വി. ബനഡിക്ട് ജോസഫ് ലാബർ

www.malankaralibrary.com

അലഞ്ഞുനടക്കുന്നവൻെറ ജീവിതമാണ് നയിച്ചത്. അദ്ദേഹം പുരാതന റോമയുടെ നഷ്ടാവശിഷ്ടങ്ങൾക്കിടയിൽ, റോമിലെ പള്ളികളിൽ, ദിവസങ്ങൾ ചെലവഴിച്ചിരുന്നു. കൈയുറകളിൽനിന്ന് പേനുകൾ പുറത്തായാൽ ഇന്ദ്രിയ നിഗ്രഹത്തിനുവേണ്ടി അദ്ദേഹം അവയെ ഉറകളുടെ അകത്തേക്ക് വീണ്ടും തള്ളിവിടുമായിരുന്നുവെന്ന് അദ്ദേഹത്തിൻെറ ജീവിതചരിത്രമെഴുതിയവർ രേഖപ്പെടുത്തിയിട്ടുണ്ട്.

ഈ രണ്ടു വിശുദ്ധന്മാരും ആധ്യാത്മിക ജീവിതത്തിൻെറ അടിസ്ഥാന തത്വങ്ങൾ പ്രാവർത്തികമാക്കിയവരാണ്. എന്നാൽ രണ്ടാം തലത്തിൽ എന്തെന്തുവ്യത്യാസങ്ങൾ!

ദാരിദ്ര്യമെന്ന വനിതയെ അനുഗമിച്ചവരുടെ ഏററം വലിയ മാതൃകയായ വി. ഫ്രാൻസിസ് അസ്സീസിയെക്കുറിച്ച് നമുക്ക് പരിചിന്തനം ചെയ്യാം. അദ്ദേഹത്തെപ്പററി അനേകസംഭവങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്. അവയിലെ നെല്ലും പതിരുംവേർതിരിച്ചെടുക്കുകപ്രയാസകരവുമാണ്. പക്ഷേ, നമുക്കുലഭിച്ചിട്ടുള്ള പൊതുചിത്രം അദ്ദേഹത്തിനുയോജിക്കുന്നതുമാണ്. തൻെറ സഹോദരന്മാർക്ക് ധാരാളം ഗ്രന്ഥങ്ങളുണ്ടായിരിക്കുന്നതിനോട് അദ്ദേഹത്തിനു യോജിപ്പില്ലായിരുന്നു. ഇതിൽനിന്നു വ്യത്യസ്തമാണ് വി. തോമസ് അക്വിനാസിൻെറ ജീവിതം അദ്ദേഹം ഒരു "പുസ്തകപ്പുഴു" വായിരുന്നുവെന്നു തന്നെപറയാം, ധാരാളം എഴുതുകയും ചെയ്തു. രണ്ടുപേരും വിശുദ്ധന്മാരായിരുന്നു. വി. ഫ്രാൻസിസ് അസ്സീസി ഒരു കവിതാത്മക സ്വഭാവക്കാരനായിരുന്നു, വികാരങ്ങൾക്കു വശംവദനായിരുന്നു. വിവിധ സൃഷ്ടവസ്തുക്കളെക്കുറിച്ച് അദ്ദേഹം സഹോദരനും സഹോദരിയുമെന്നാണ് പ്രസ്താവിച്ചിരുന്നത്. തൻെറ ഹൃദയം ദൈവസന്നിധിയിലേക്കുയർത്തുന്നതിനു സൃഷ്ടവസ്തുക്കൾ സഹായകമായി അദ്ദേഹംകണ്ടു. പക്ഷികളുടെ സൗന്ദര്യം നമ്മുടെ പിതാവിനു നന്ദിപറയുവാൻ അദ്ദേഹത്തെ പ്രേരിപ്പിച്ചു. ഇത്രമനോഹരമായ സൃഷ്ടികളെ നമുക്കു നൽകിയ ദൈവത്തിൻെറ കരുണ അദ്ദേഹം പക്ഷികളിൽകണ്ടു. നേരെ മറിച്ച് കുരിശിൻെറ വി. യോഹന്നാനാകട്ടെ സൃഷ്ട വസ്തുക്കളെ വീക്ഷിക്കുന്നതിൽ തല്പരനല്ലായിരുന്നു. അവയിൽനിന്ന് വികാരം കൊള്ളുക അദ്ദേഹത്തിനു സാധ്യമല്ലാ

www.malankaralibrary.com

യിരുന്നു. വി. തോമസ് അക്വിനാസിനു പ്രാർത്ഥനവേളകളിൽ വികാരങ്ങളുളവാകുമായിരുന്നു, എന്നാൽ അദ്ദേഹം അവ വെളിപ്പെടുത്തിയിട്ടില്ല. അതിനാൽ, ദിവ്യകാരുണ്യത്തെക്കുറിച്ചുള്ള അദ്ദേഹത്തിൻെറ രചനപോലും ബുദ്ധിയുടെ ഒരു വ്യായാമമായിതോന്നാം.

ഇപ്രകാരമുള്ള വ്യത്യാസങ്ങൾ പരിഗണിക്കാതിരിക്കുക വലിയ അപകടങ്ങൾക്കുകാരണമാകും. ഏററം വലുത് ഇതാണ്: ആധ്യാത്മിക കാര്യങ്ങളിൽ വികാരങ്ങൾക്കു വലിയ സ്ഥാനം നൽകുന്നയാൾ അങ്ങനെ സ്ഥാനം നൽകാത്തയാൾ ആധ്യാത്മിക വളർച്ചയുള്ളവനാണെന്ന് കരുതും. അയാൾ മറെറയാളെക്കുറിച്ച് താണനിലയിൽ ചിന്തിക്കും, മറെറയാളെ 'വിശ്വാസമില്ലാത്തവൻ' എന്നു വിളിക്കും. എററം വലിയ പാപമായ ആധ്യാത്മികമായ അഹങ്കാരം അങ്ങനെ ഉത്ഭവിക്കുകയായി.

വികാരാവേശമുള്ള ചിലയാളുകൾ പഴയനിയമം ചൂണ്ടികാണിക്കും. ഉദാഹരണമായി: "ജനതകളേ കരഘോഷം മുഴക്കുവിൻ; ദൈവത്തിൻെറ മുൻപിൽ ആഹ്ലാദാരവം മുഴക്കുവിൻ" (സങ്കീർ 47: 2) എന്നിട്ട് ഇങ്ങനെയുള്ളവർ വികാരം കൊള്ളാത്തവരോടു പറയും: "നോക്കുക, നിങ്ങൾ ഞങ്ങളെയല്ലാ എതിർക്കുന്നത് വേദപുസ്തകത്തെ തന്നെയാണ്" അതേസമയം തന്നെ വികാരം കൊള്ളാത്തയാൾ താൻ ആധ്യാത്മികതയിൽ മുന്നിട്ടുനിൽക്കുന്നുവെന്ന് കരുതും, കാരണം, അയാൾക്ക് ഇങ്ങനെ 'വികാരസഹായങ്ങൾ' ആവശ്യമില്ല.

വികാരത്തെയും മനസ്താപത്തെയും കുറിച്ചു രണ്ടു വാക്കുകൾ. ദൈവത്തോടുള്ള നമ്മുടെ മനോഭാവത്തിലുളവാകുന്ന അടിസ്ഥാനപരമായ ഒരു വ്യതിയാനമാണ് മനസ്താപം. പാപി സ്വജീവിതത്തിലേക്കു തിരിഞ്ഞുനോക്കി ഈരീതിയിൽ പറയുന്നുവെന്നുകരുതാം. ഞാനതു ചെയ്യേണ്ടതില്ലായിരുന്നു. ചെയ്തതു തെററാണ്. ഞാനതു വീണ്ടും

www.malankaralibrary.com

ചെയ്യുകയില്ല. (ഈ മനോഭാവത്തിൻെറ പ്രേരകഘടകം ഭയമാവാം, എനിക്കു നന്മമാത്രം പ്രവർത്തിച്ചിട്ടുള്ള ദൈവത്തെ ദ്രോഹിച്ചതിലുള്ള സങ്കടമാവാം, തന്നിൽതന്നെ നല്ലവനായ ദൈവത്തെ ദ്രോഹിച്ചതിലുള്ള സങ്കടമാവാം).

മനസ്താപത്തിൻെറ ആവശ്യഘടകം വികാരമല്ല. ഒരുവൻ ധാരാളം കണ്ണുനീർ പൊഴിച്ചെന്നുവരാം. പക്ഷേ, അവനു മനസ്താപമുണ്ടായിരിക്കണമെന്നില്ല. മററൊരാൾക്കു കണ്ണുനീരേ ഉണ്ടാകയില്ല. എന്നാൽ അയാൾക്കു യഥാർത്ഥ മനസ്താപമുണ്ടായിരിക്കാം. വികാരത്തെക്കുറിച്ച് നാം മുമ്പു കണ്ടകാര്യങ്ങൾ ഇക്കാര്യത്തിലും സംഗതമാണ്.

ആധ്യാത്മിക ജീവിതത്തിൽ വികാരമോ വരൾച്ചയോ സാധ്യമാക്കുന്ന മൂന്ന് ഉത്ഭവസ്ഥാനങ്ങളുണ്ടെന്ന് ഈ അധ്യായത്തിൻെറ ആരംഭത്തിൽ നാം കണ്ടു. അവ ദൈവം, നാം തന്നെ, സാത്താൻ—എന്നിവയാണ്. സമാശ്വാസമുളവാകുന്നത് എവിടെ നിന്നാണെന്നു തീർച്ചവരുത്തുക പ്രാധാന്യമർഹിക്കുക്കുന്ന ഒന്നല്ല. അങ്ങനെ തീർച്ചവരുത്തുക സഹായകമാകുമെന്നേയുള്ളു. സമാശ്വാസവും വരൾച്ചയും എങ്ങനെ ഉപയോഗപ്പെടുത്താമെന്നറിയുകയാണ് പ്രാധാന്യമർഹിക്കുന്നകാര്യം. ഇവയിൽ ഏതെങ്കിലും ഉണ്ടായിരിക്കുകയോ ഇല്ലാതിരിക്കുകയോ ഉന്നത വിശുദ്ധിയുടെ സാന്നിദ്ധ്യം തെളിയിക്കുന്നുമില്ല. ഏതുവന്നാലും അതു പ്രയോജനപ്പെടുത്തുകയാണു പ്രാധാന്യമുള്ളകാര്യം.

സമാശ്വാസരൂപത്തിലുള്ളതും അതേസമയംതന്നെ പൊതുവേ വികാരരഹിതവുമായ ഒന്നിനെക്കുറിച്ച് മുൻപു പ്രസ്താവിച്ചിട്ടുണ്ടല്ലോ. ഇതു വിശദമാക്കുവാൻ ഇരുപതിനായിരം അടി ഉയരമുള്ള ഒരു പർവ്വതത്തെക്കുറിച്ച് നമുക്കു ചിന്തിച്ചുനോക്കാം. ആ പർവ്വതശൃംഗം മിക്കവാറും കാർമേഘങ്ങൾക്കും കൊടുങ്കാററിനും മുകളിലായിരിക്കും. അതിൻെറ ഉപരിതലം ശാന്തവുമായിരിക്കും. കൊടുങ്കാററടിക്കാത്തവിധം ഉയരത്തിലുള്ള സമതലമുണ്ടല്ലോ.

www.malankaralibrary.com

മനുഷ്യരായ നമ്മുടെ ആത്മാവിലും ശരീരത്തിലും വിവിധതലങ്ങളിലുള്ള പ്രവർത്തനങ്ങളുണ്ട്. അതായത് നമുക്ക് വിവിധപ്രേരകങ്ങളും ആവശ്യങ്ങളുമുണ്ട്. ഓരോന്നും അതിൽതന്നെ നിയമ വിധേയമായതുമാണ്. എന്നാലും ഓരോന്നും വ്യക്തിയുടെ മുഴുവൻ ആവശ്യങ്ങളും കണക്കിലെടുക്കാതെ, തന്റെ ആവശ്യത്തിനുവേണ്ടിയുള്ളതു പ്രവർത്തിക്കുന്നു. ഈ വിവിധ പ്രവർത്തനങ്ങൾമൂലം വ്യക്തി താണതലങ്ങളിൽ വിഷമം അനുഭവിക്കും. പക്ഷേ, ആത്മാവിന്റെ ഉപരിതലത്തിൽ ശാന്തതമാത്രം. വി. ഫ്രാൻസിസ് ദെസാലസ് ഇതു ഇങ്ങനെ വ്യക്തമാക്കുന്നു:

"ചിലപ്പോൾ കഷ്ടതകൾമൂലം ആത്മാവ് ഉള്ളിൽ പീഡകളുടെ ഭാരം താങ്ങാനാവാത്ത നിലയിലെത്തുന്നു. അതിനാൽ അതിന്റെ പ്രവർത്തനശേഷിയും ആശ്വാസമേകുന്നവയുടെ അഭാവംമൂലം കുറയുന്നു. സകലതും ദുഃഖമേകുന്നവയാണെന്ന് അതിനുതോന്നുന്നു. എന്നാൽ അതിന്റെ നല്ലവശം നഷ്ടപ്പെടുന്നില്ല. കാരണം, ദൈവപ്രസാദത്തോടും ദൈവഹൃദയത്തോടും അതു യോജിപ്പിച്ചിരിക്കുന്നതു തന്നെ അത് ദൈവതിരുമനസ്സിനു പൂർണ്ണമായ വിധേയത്തിലായിട്ടു പ്രസ്താവിക്കുന്നു: ഓ, നിത്യപിതാവേ, എന്റേതല്ലാ, അങ്ങയുടെ തിരുവിഷ്ടം നിറവേറട്ടെ".

ഈദൃശ രീതിയിൽ ആത്മാവിന്റെ വലിയ സമാധാനം വി. പൗലോസിനുണ്ടായിരുന്നു. അദ്ദേഹം ഫിലിഫ്യർക്കെഴുതി: "നിങ്ങൾ എപ്പോഴും നമ്മുടെ കർത്താവിൽ സന്തോഷിക്കുവിൻ. ഞാൻ വീണ്ടും പറയുന്നു. നിങ്ങൾ സന്തോഷിക്കുവിൻ" (ഫിലിഫ്യർ 4: 4) നാം മുമ്പുകണ്ടതുപോലെ അഗാധമായ ഈ സന്തോഷം ദൈവത്തിൽ നിന്നുതന്നെയാണ് വരുന്നത്. ക്ലേശങ്ങൾ നമ്മെ വലയംചെയ്യുമ്പോൾ വി. പൗലോസിന്റെ ഈ വാക്കുകൾ ധ്യാനവിഷയമാക്കുക. ആ ധ്യാനം നമുക്ക് സഹായകമാവും.

www.malankaralibrary.com

"ഞങ്ങളുടെ ക്ലേശങ്ങൾ നിസ്സാരവും ക്ഷണികവുമാണ്; അവയുടെ ഫലമോ, അനുപമമായ മഹത്വവും, ദൃശ്യമായവയല്ല, അദൃശ്യമായവയാണ് ഞങ്ങളുടെ ലക്ഷ്യം. ദൃശ്യങ്ങൾ നശ്വരങ്ങളാണ്, അദൃശ്യങ്ങൾ അനശ്വരവും" (2 കോറി 4: 17, 18).

"നമുക്കു വെളിപ്പെടാനിരിക്കുന്ന മഹത്വത്തോടു തുലനം ചെയ്യുമ്പോൾ ഇന്നത്തെ കഷ്ടതകൾ നിസ്സാരമാണെന്ന് ഞാൻ കരുതുന്നു". (റോമാ 8: 18)

നിസ്സാരവും ക്ഷണികവുമായവയ്ക്കു ഇതു സാധ്യമെങ്കിൽ നിസ്സാരമല്ലാത്തതിനെക്കുറിച്ച്, തീവ്രമായതിനെക്കുറിച്ച്, ക്ഷണികമല്ലാത്തതിനെക്കുറിച്ച്, നിത്യമായതിനെക്കുറിച്ച് നാം എന്തുകരുതണം? ഉവ്വ്, ജീവിതത്തിലെ ക്ലേശങ്ങളുമായി താരതമ്യപ്പെടുത്തുമ്പോൾ നമ്മുടെ പിതാവിൻെറ അവാച്യ നന്മയിൽനിന്ന് വരാനിരിക്കുന്നത് എത്രയോ മഹത്തമം.

www.malankaralibrary.com

## അധ്യായം 18

## "ഓ, ദൈവമേ, എന്നെ സഹായിക്കുക" എന്നു പ്രാർത്ഥിക്കുക നല്ലതോ?

ഈ അധ്യായത്തിൻെറ ശീർഷകത്തിനുത്തരം അതേ എന്നു തന്നെയാണ്. പക്ഷേ, ഈ ഭാഷ ബലഹീനമാണെന്ന് പറയേണ്ടതുണ്ട്. ഈ ഭാഷ ദ്യോതിപ്പിക്കുന്നതിലും വളരെ ഉപരിയായ നിലയുള്ളതാണ് ദൈവത്തോടു നമുക്കുള്ള ആശ്രയത്വം.

നാമിപ്പോൾ ആരായാൻ പോകുന്ന പ്രശ്നം എളിമയുടേതാണ്. തീർച്ചയായും അതു ഒരു പ്രശ്നം തന്നെയാണ്. സ്നേഹമാണ് ഏററം വലിയ പുണ്യമെന്നു നാം പറയുന്നു. എന്നിരുന്നാലും അനുപമമായ ഒരു സ്ഥാനമാണ് എളിമയ്ക്കുള്ളത്.

ശ്രദ്ധാപൂർവം സുവിശേഷങ്ങൾ വായിക്കുന്ന പക്ഷം നാം ഗ്രഹിക്കുന്ന കാര്യം ഇതാണ്: യേശു പാപികളോട് ഉദാത്തമായ കരുണ കാണിക്കുന്നു. വ്യഭിചാരത്തിൽ പിടിക്കപ്പെട്ട സ്ത്രീയോടുള്ള അവിടുത്തെ പെരുമാററം വി. യോഹന്നാൻെറ സുവിശേഷത്തിൽ വിവരിച്ചിട്ടുള്ള ഭാഗം കയ്യെഴുത്തുപ്രതികളിൽ നിന്ന് വിട്ടുകളയാൻ തക്കവണ്ണം ചിലർക്കു ഇടർച്ച വരുത്തിയിട്ടുണ്ട്. എന്നിരുന്നാലും കരുണയുടെ ഉറവിടത്തിൽ വരൾച്ച വരുത്തിയ ഒരു ഗണം പാപികളുണ്ടായിരുന്നു—ഫരിസേയർ. വളരെ ദയാശീലനാണ് യേശുവെന്ന് കരുതുന്നവർ ഫരിസേയരോടുള്ള അവിടുത്തെ വാക്കുകൾ കേട്ട് ഞെട്ടും: "സർപ്പങ്ങളെ, അണലി സന്തതികളേ, നരകവിധിയിൽ നിന്നൊഴിഞ്ഞുമാറാൻ നിങ്ങൾക്കെങ്ങനെ കഴിയും?" (മത്താ. 23, 33) "കപടനാട്യക്കാരായ ഫരിസേയരെ, നിയമജ്ഞരേ, നിങ്ങൾക്കു ദുരിതം! നിങ്ങൾ വെള്ളയടിച്ച കുഴിമാടങ്ങൾക്കു സദൃശരാണ്. അവ പുറമെ മനോഹരമായി കാണപ്പെടുന്നുവെങ്കിലും അവയ്ക്കുള്ളിൽ മരിച്ചവരുടെ അസ്ഥികളും സർവ വിധ മാലിന്യങ്ങളും നിറഞ്ഞുകിടക്കുന്നു" (മത്താ. 23, 27).

www.malankaralibrary.com

കരുണയുടെ നിറകുടമായ യേശുവിനെ അവർക്കെതിരാക്കിയ അവരുടെ കുററം എന്തായിരുന്നു? അതു കേവലമായ അഹങ്കാരം, കാപട്യം നിറഞ്ഞ അഹങ്കാരം, ആയിരുന്നു. കർത്താവ് അരുളിച്ചെയ്ത ഈ വാക്കുകൾ ശ്രവിച്ച വി. പത്രോസ് പിന്നീട് അവ പ്രതിധ്വനിച്ചു. ദൈവം അഹങ്കാരികളെ എതിർക്കുകയും വിനയമുള്ളവർക്കു കൃപ നൽകുകയും ചെയ്യുന്നു.'' (1 പത്രോ. 5, 5) ഈ വാക്കുകൾ യഥാർത്ഥത്തിൽ ഭയമുളവാക്കുന്നവയാണ്. അഹങ്കാരികൾക്കു കൃപ കുറച്ചുമാത്രമെ നൽകുന്നുള്ളുവെന്നോ, ഒട്ടും നൽകുന്നില്ലെന്നോ അല്ല അവ പ്രസ്താവിക്കുന്നത്, പ്രത്യുത ദൈവം അഹങ്കാരികളെ യഥാർത്ഥമായി എതിർക്കുന്നുവെന്നാണ്. ദൈവം ഒരുവനോടെതിരാണെങ്കിൽ, അവിടുത്തേക്കു വെറുപ്പുളവാക്കുന്ന രീതി അവൻ മാറുകയല്ലാതെ മറെറാരു രക്ഷാമാർഗ്ഗവുമില്ല.

ഇതെങ്ങനെ? വലിയ പുണ്യം സ്നേഹമല്ലയോ? രണ്ടു മറുപടികൾ ഇതിനുണ്ടു്. ഒന്നാമത്തേതു് നാമിപ്പോൾ ചർച്ച ചെയ്യുകയാണ്. രണ്ടാമത്തേതു് ഈ അധ്യായത്തിന്റെ അവസാനഭാഗത്തു് ചർച്ച ചെയ്യുന്നതായിരിക്കും. താൻ ദൈവമാണെന്ന അവകാശപ്പെടൽവരെ അഹങ്കാരം എത്തുകയാണെന്നു് നാമപ്പോൾ കാണും.

ആദ്യത്തെ മറുപടി: സ്നേഹമാണ് ഏററം വലിയ സദ്ഗുണമെങ്കിലും വിനയമില്ലാതെ സ്നേഹമുണ്ടാകയില്ല എന്ന നിലയാണ് സ്നേഹവും വിനയവും തമ്മിലുള്ള ബന്ധത്തിനുള്ളതു്. യഥാർത്ഥത്തിൽ ഇവ തമ്മിൽ ഒരു അനുപാതം തന്നെയുണ്ടു്. വലിയ സ്നേഹത്തിനുള്ള സാധ്യത വലിയ വിനയത്തിലാണ്. ഇക്കാര്യം നമുക്കു് മനസ്സിലാക്കാൻ സഹായകമായ ഒരു താരതമ്യം വി. അഗസ്തിനോസ് നൽകുന്നുണ്ട്. ''കെട്ടിടം എത്രത്തോളം ഉയരണമോ, അതിനനുസൃതമായി അടിസ്ഥാനത്തിനുവേണ്ടി കുഴിക്കേണ്ടതുണ്ടു്.'' സ്നേഹംതന്നെ ഏററം വലിയ പുണ്യമായി സ്ഥിതി ചെയ്യുന്നു. കാരണം അതിലാണു് നിയമവും പ്രവാചകന്മാരും ആശ്രയിച്ചിരിക്കുന്നതു്. എന്നാൽ

www.malankaralibrary.com

സ്നേഹത്തിനു സ്ഥാനംനൽകാൻ വിനയം അത്യാവശ്യമാണു്. സ്വയത്തെ ത്യജിക്കുന്നതിൻെറ തോതനുസരിച്ചാണ് ദൈവിക സ്നേഹത്തിൻെറ സ്വാർത്ഥയില്ലായ്മയ്ക്കു ഇടം ലഭിക്കുക.

വിനയരഹിതനായ ഒരുവനു് തനിക്കു വലിയ സ്നേഹമുണ്ടെന്നുതോന്നാം. ഇവിടെ അഹങ്കാരം ഹാസ്യാനുകരണത്തിൽ ഏർപ്പെട്ടിരിക്കയാണു്. എല്ലാ പുണ്യങ്ങൾക്കും പ്രത്യക്ഷത നൽകുവാൻ അതിനു കഴിയും. എന്നാൽ അവയൊന്നും യഥാർത്ഥത്തിൽ ആത്മാവിൽ കാണുകയില്ല. "ദൈവനഗരം" എന്ന തൻെറ സുപ്രസിദ്ധമായഗ്രന്ഥത്തിൽ വി. അഗസ്തീനോസ് ഈ ആശയം വെളിവാക്കുന്നുണ്ടു്. റോമാക്കാർക്കു ഇത്ര വലിയ ഒരു സാമ്രാജ്യം ദൈവപരിപാലന നൽകിയതിൻെറ കാരണം അദ്ദേഹം ആരായുന്നു. വിജാതീയനും റോമൻ ചരിത്രകാരനുമായ സാലസ്റ്റിൻെറ വാക്കുകളിൽ അദ്ദേഹം അതിൻെറ ഉത്തരം കണ്ടുപിടിക്കുന്നു. റോമൻ ചരിത്രത്തിൻെറ ആദ്യകാലഘട്ടമായ ബി. സി. 200 വരെ റോമാക്കാർ വലിയ സദ്ഗുണങ്ങൾ പാലിച്ചിരുന്നുവെന്നാണു് സാലസ്ററ് പ്രസ്താവിക്കുന്നതു്. തത്ഫലമായി അവർ പത്തുവർഷങ്ങൾക്കു മുൻപുപോലും കീഴ്പ്പെടുത്തിയ ജനപദങ്ങൾ അവർക്കെതിരായല്ല, അവരോടൊന്നിച്ചു യുദ്ധം ചെയ്വാൻ തയ്യാറായിരുന്നു. പക്ഷേ, ആ സദ്ഗുണങ്ങളുടെ ഉത്ഭവസ്ഥാനം പ്രശംസയ്ക്കുള്ള അമിതമായ ആഗ്രഹം, പണക്കാര്യങ്ങളിലുള്ള ഉദാരത, വലിയ മഹത്വം പ്രാപിക്കാനുള്ള ആഗ്രഹം എന്നിവയായിരുന്നു. വി. അഗസ്തീനോസ് നൽകുന്ന വ്യാഖ്യാനം "ഈ മഹത്വമാണു് അവർ ഏററം വലുതായി ആഗ്രഹിച്ചതു്. ഇതിനുവേണ്ടി ജീവിക്കാൻ അവർ ആഗ്രഹിച്ചു; ഇതിനുവേണ്ടി മരിക്കാൻ അവർക്കു മടിയില്ലായിരുന്നു; ഈ ഒററ കാര്യത്തിനുവേണ്ടി മറെറല്ലാ ആഗ്രഹങ്ങളും അവർ തടഞ്ഞുനിർത്തി"

കൂലംകഷമായി ചിന്തിക്കുമ്പോൾ എല്ലാ പുണ്യങ്ങളെയും അനുകരിക്കുവാൻ അഹങ്കാരത്തിനു കഴിയുമെന്നു കാണാം. പ്രശംസ പിടിച്ചുപററുവാൻവേണ്ടി ഒരുവനു

www.malankaralibrary.com

ചെയ്യുവാൻ കഴിയാത്ത ഏതെങ്കിലും പുണ്യമുണ്ടോ? അഹങ്കാരത്തിനു വിനയത്തെപ്പോലും അനുകരിക്കുവാൻ കഴിയുമെന്നതാണുനേരു്, താൻ പ്രദർശിപ്പിക്കുന്ന വിനയം നിമിത്തം പ്രശംസിക്കപ്പെടുവാൻവേണ്ടി ഒരുവനു വിനയപൂർവം പെരുമാറാൻ കഴിയും.

യേശുവിൻെറ മാതാവു് അവിടുത്തെ എളിമയാണു് അനുകരിച്ചതു്. ഏതെങ്കിലുമൊരു സൃഷ്ടിക്കുലഭിക്കാവുന്നതിലേററം വലിയ ബഹുമാന്യ സ്ഥാനത്തേക്കു അവരം ഉയർത്തപ്പെട്ട നിമിഷം തന്നെ, ഒൻപതാം പീയൂസ് മാർപ്പാപ്പാ പ്രസ്താവിച്ചതുപോലെ, "ദൈവത്തിൻേറതിൽനിന്നു മാത്രം താഴെയായ മഹത്വം", "ദൈവത്തിൻെറ അനന്ത നന്മയിൽനിന്നു് ഒരു പ്രകാരം അനന്തമെന്നുതന്നെ പറയാവുന്ന മഹത്വം" അവരംക്കു ലഭിച്ച ആ നിമിഷം തന്നെ അവളുടെ മറുപടി ഇതായിരുന്നു: "ഇതാ, ഞാൻ കർത്താവിൻെറ അടിമപ്പെണ്ണു്" (വി. ലൂക്കോസ് ഗ്രീക്കിലാണല്ലോ സുവിശേഷം രചിച്ചതു്. അദ്ദേഹം ഉപയോഗിച്ച പദം ദൂളെ (doule) എന്നതാണു്. ആ പദത്തിൻെറ ശരിയായ അർത്ഥം ദാസി എന്നല്ലാ, അടിമപ്പെണ്ണു് എന്നാണ്. രണ്ടു പദങ്ങരംക്കും വ്യത്യസ്തമായ അർത്ഥമാണല്ലോ) മററുള്ളവരിൽനിന്നു് ആദരം നേടാൻ മനുഷ്യരെ അക്കാര്യം അവരം അറിയിച്ചുമില്ല. പരിശുദ്ധാത്മപ്രേരിതയായി (നാമിതു 23-ാം അധ്യായത്തിൽ കാണും) അവളാചരിച്ചമൗനം തീവ്രമായതായിരുന്നു. അവരം വ്യഭിചാരം ചെയ്തില്ലായെന്ന് വി. യൗസേഫിനു ഉറപ്പുണ്ടാക്കുവാൻ ഒരു മാലാഖയുടെ ആഗമനം തന്നെ വേണ്ടിയിരുന്നു.

ഇപ്പോരം മറെറാരു പ്രശ്നം: എളിമമൂലം അനേകം വിശുദ്ധർ തങ്ങളെക്കുറിച്ചു താഴ്ത്തിക്കെട്ടിസംസാരിച്ചിട്ടുണ്ടു്. എന്നിട്ടും തിരുസഭ അവരെ വിശുദ്ധരെന്നു പ്രഖ്യാപിക്കുകയും ചെയ്തിട്ടുണ്ട്. അപ്പോരം പ്രശ്നം ഇതാണ് ഈ ലോകത്തിൽ എളിമ സ്വയം വഞ്ചനയിലാണോ അടങ്ങിയിരിക്കുക? ഒരുവൻ താൻ വിലയില്ലാത്തവനാണെന്നു ഇപ്പോരം സമ്മതിച്ചിട്ട് പിന്നീട് താൻ ആധ്യാത്മിക മഹിമയുള്ളവനാണെന്നു സമ്മതിക്കാമോ? യേശുവിനുതന്നെ

www.malankaralibrary.com

എങ്ങനെ "ഹൃദയത്തിൻെറ എളിമ"യുള്ളവനാകാൻ കഴിയും? തന്നെക്കുറിച്ചുതന്നെ അവിടുത്തെ മാതാവിനു എങ്ങനെ അടിമപ്പെണ്ണെന്നു പറയാൻ കഴിയും?

യാതൊരു പുണ്യവും അതിനെക്കുറിച്ചു ഒരുവനു കള്ളം പറയാൻ ആവശ്യമാണെങ്കിൽ, പുണ്യമേയല്ലെന്നു നമുക്കറിയാം. അതായതു് താൻ നല്ലവനായിരിക്കെ വിലയില്ലാത്തവനാണെന്നു പറയുക. എളിമ സത്യത്തിൽ അധിഷ്ഠിതമായിരിക്കണം. അപ്പോഠം എനിക്കു സ്വയം പറയാമോ? "ഞാൻ സത്യത്തെ അഭിമുഖീകരിക്കണം. ഞാൻ വിശുദ്ധനല്ലെന്നു തീർച്ചയായും സമ്മതിക്കുന്നു. അതേസമയം ഞാനൊരു ചീത്തയാളുമല്ല. ഇതിനു രണ്ടിനുമിടയിലുള്ള ഒരു നല്ല മനുഷ്യനാണു ഞാൻ." അപ്പോഠം എനിക്കു എന്നെത്തന്നെ അനുമോദിക്കാൻ തോന്നുകയായി.

ഇതു പ്രശ്നം തീർക്കുന്ന ഒന്നല്ല. കാരണം, വിശുദ്ധർ തങ്ങളെക്കുറിച്ചു മോശമായി സംസാരിച്ചിട്ടുണ്ടു്. എന്നാൽ അവർ ആധ്യാത്മികവീരന്മാരായിരുന്നു. രണ്ടും ശരിയാകും. എങ്ങനെ?ഏതെങ്കിലും പ്രശ്നം സങ്കീർണമാണെങ്കിൽ അതിനുത്തരം കണ്ടുപിടിക്കുവാൻ നാം അതിൻെറ വ്യതിരിക്തതകളിൽനിന്നു തുടങ്ങണം, എങ്കിൽ മാത്രമേ വിരുദ്ധമെന്നു കാണപ്പെടുന്നവ സമന്വയിപ്പിക്കാനുള്ള മാർഗ്ഗം കണ്ടുപിടിക്കാനാവൂ. അതിനാൽ വിശുദ്ധനായ ഒരാഠക്കു രണ്ടു വിഭിന്ന വശങ്ങളുണ്ടായിരിക്കും. ഒരു വശം നോക്കുമ്പോഠം താൻ മോശമായതാണെന്നും മറേറവശം നോക്കുമ്പോഠം താൻ വിശുദ്ധിയുള്ളവനാണെന്നും അയാഠക്കു പറയാം.

എനിക്കു എന്നെക്കുറിച്ചുതന്നെ വ്യത്യസ്ത രീതിയിൽ പറയാവുന്ന രണ്ടുതലങ്ങളുണ്ട്. അടിസ്ഥാനപരമായ തലത്തിൽ ഞാൻ സ്വയം ചോദിക്കുന്നു: ഞാനെത്രമാത്രം നല്ലവനാണ്, എനിക്കെന്തുമാത്രം നന്മയുണ്ട്, ഞാൻ നിർവഹിക്കുന്നതിൻെറ ആരംഭം എന്നിലാണോ, മററൊരിടത്തുനിന്ന്, ദൈവത്തിൽ നിന്നുപോലും വരാത്തതാണോ? രണ്ടാം തലത്തിൽ ഞാൻ വിചാരിക്കുന്നു: ഞാൻ നല്ലവനായിരിക്കുക, എനിക്കുള്ള നന്മകഠം, ഞാൻ പ്രാർത്ഥിക്കുന്ന നന്മകഠം— ഇവയെല്ലാം ദൈവദാനങ്ങഠം നിമിത്തമല്ലേ?

www.malankaralibrary.com

അടിസ്ഥാനപരമായ തലത്തിലേക്കു തിരിയുമ്പോൾ വി. പൗലോസിൻെറ ഈ വാക്കുകളുടെ പ്രസക്തി നാം ഗ്രഹിക്കും. "സ്വന്തമായി എന്തെങ്കിലും മേന്മ അവകാശപ്പെടാൻ ഞങ്ങൾ യോഗ്യരല്ല. ഞങ്ങളുടെ യോഗ്യത ദൈവത്തിൽ നിന്നാണ്". (2 കോറി 3: 5)

ഓറൻജ് (Orange) എന്ന സ്ഥാനത്ത് എ. ഡി. 529-ൽ സമ്മേളിച്ച സൂന്നഹദോസ് ഇപ്രകാരം പഠിപ്പിച്ചു:

"പരിശുദ്ധാത്മാവിൻെറ പ്രകാശനവും നിവേശനവുമില്ലാതെ നിത്യരക്ഷയെ സംബന്ധിച്ച രക്ഷാകരമായ പ്രസംഗം, അതായത് സുവിശേഷം, സ്വീകരിക്കാൻ നമുക്കു സമ്മതം നൽകാൻ കഴിയുമെന്ന് ആരെങ്കിലും കരുതുന്നുവെങ്കിൽ, .... അയാൾ വേദവിപരീതമായ ഒരാത്മാവാൽ വഞ്ചിക്കപ്പെടുകയാണ്. "എന്നെ കൂടാതെ നിങ്ങൾക്കുയാതൊന്നും ചെയ്യുക സാധ്യമല്ല" എന്ന സുവിശേഷത്തിലുള്ള ദൈവവചനം അയാൾ ഗ്രഹിക്കുന്നില്ല".

രക്ഷയിലേക്കു നമ്മെ നയിക്കുന്ന ഒരു നല്ല വിചാരം പോലും പരിശുദ്ധാത്മാവിൻെറ സഹായമില്ലാതെ നമുക്കു സ്വന്തമായി ഉണ്ടാകുകയില്ലെന്നും പ്രസ്തുത സൂനഹദോസ് പഠിപ്പിച്ചു.

എന്നാൽ: ദൈവം നമ്മിൽ നല്ല ചിന്തയുളവാക്കിയതിനുശേഷം ദൈവകൃപ നമുക്കുകാണിച്ചുതരുന്നതിനെക്കുറിച്ച് ചിന്തിച്ചിട്ട് നമുക്കു നല്ല തീരുമാനം (ഇച്ഛാശക്തിയുടെ പ്രവൃത്തി) എടുക്കാൻ കഴിയുമെന്നുപറയാമോ? ഉത്തരം, ഉവ്വ്, നാം സ്വതന്ത്രരാണ് എന്നത്രെ, പക്ഷേ, വി. പൗലോസ് പ്രസ്താവിക്കുന്നു: "തൻെറ അഭീഷ്ടമനുസരിച്ച് ഇച്ഛിക്കാനും പ്രവർത്തിക്കാനും നിങ്ങളെ ഉത്തേജിപ്പിക്കുന്നതു ദൈവമാണ്" (ഫിലിഫ്യർ 2: 13) ഈ പ്രസ്താവന നാം സൂക്ഷ്മതയോടെ പഠിക്കുന്നുവെങ്കിൽ "പ്രവർത്തിക്കാനും" എന്ന പദംകൊണ്ട് അപ്പോസ്തലൻ ഉദ്ദേശിക്കുന്നത് ദൈവം എൻെറ നല്ലപ്രവൃർത്തിക്കും കാരണമാകുന്നുവെന്നാണെന്ന് കാണാൻ കഴിയും. അതായത് ദൈവം എൻെറ ഇച്ഛാശക്തിയുടെ നല്ലപ്രവൃത്തിക്കു കാരണമാ

www.malankaralibrary.com

കുന്നുവെന്ന്. അതാകട്ടെ, ഞാനെന്തെങ്കിലും നന്മ ചെയ്യുന്നതിനുമുൻപുതന്നെ. ആധുനിക അമേരിക്കൻ ബൈബിളിലെ വിവർത്തനം ഈ പദത്തിന്റെ ശക്തികുറച്ചിട്ടുണ്ട്. അതിലെ പരിഭാഷ ഇച്ഛാശക്തിയുടേതെന്നല്ലാ, ആഗ്രഹത്തിന്റേതെന്നാണ്. ആ പരിഭാഷയുടെ അർത്ഥം ഇങ്ങനെവരും "ദൈവം ഒരു നല്ല ആഗ്രഹം എനിക്കു നൽകുന്നു. പക്ഷേ, ഞാനാണ് ഒരു തീരുമാനത്തിന്റെ അല്ലെങ്കിൽ ഇച്ഛാശക്തിയുടെ പ്രവൃത്തിയുടെ നന്മ ഉളവാക്കുക". ഇതുശരിയല്ല. വി. പൗലോസ് തന്നെ വീണ്ടും ചിന്തിപ്പിക്കുന്നു. "ദാനമായി ലഭിച്ചതല്ലാതെ നിനക്കെന്തുണ്ട്? എല്ലാം ദാനമായിരിക്കെ, ദാനമല്ല എന്നമട്ടിൽ എന്തിന് നീ അഹങ്കരിക്കുന്നു" (1 കോറി 4: 7) അതായത്: നിനക്കുള്ളതോ, നീ ചെയ്യുന്നതോ, ആയ ഏതു നന്മയും ദൈവദാനമാണ്. നീ അതു സ്വീകരിക്കാത്തതാണെങ്കിൽ, നിന്റെ ശക്തിമൂലം നിന്നിൽനിന്നുതന്നെ ഉളവായതാണെങ്കിൽ, അതിനെക്കുറിച്ച് നിനക്ക് 'അഹങ്കരിക്കാം'. പക്ഷേ, അങ്ങനെയല്ല. നിനക്കു വീമ്പടിക്കാനോ അഹങ്കരിക്കാനോ, സാദ്ധ്യമായ യാതൊന്നും നിനക്കില്ല. നിനക്കുള്ളതും നീ ചെയ്യുന്നതുമായ നന്മ ദൈവത്തിൽ നിന്നുള്ളതാണ്.

നല്ല ആഗ്രഹത്തിനുമാത്രം ദൈവം കാരണമാകുന്നു, നല്ല ഇച്ഛയ്ക്കു നാമാണ് കാരണമാകുന്നത് എന്നു പറയുക പെലാജിയൂസിന്റെ പാഷണ്ഡതയാണ്.

ഹൃദയത്തിൽ ചൂഴ്ന്നിറങ്ങുന്ന നിലയിൽ ഈ കാര്യം വി. അഗസ്തീനോസ് എഴുതി: "നിന്റെ യോഗ്യതകൾക്കു ദൈവം കിരീടം അണിയിക്കുമ്പോൾ അവിടുന്നു തന്റെതന്നെ ദാനങ്ങളെ കിരീടമണിയിക്കുകയാണു്".

വിശുദ്ധർ തങ്ങളിൽതന്നെ യാതൊരു നന്മയും കാണാഞ്ഞതിന്റെ കാരണം ഇപ്പോൾ നമുക്കു ഗ്രഹിക്കുവാൻ സാധിക്കും. അടിസ്ഥാനതലത്തിൽ ദൈവത്തിൽനിന്നും ദാനമായി ലഭിച്ചനന്മയേ എനിക്കുള്ളൂ. എന്നിൽനിന്നുയാതൊരു നന്മയും പുറപ്പെടുന്നില്ല എന്നതാണു് അതിന്റെ കാരണം. വാസ്തവത്തിൽ അല്പം കൂടി മോശമായ നിലയിൽ നമുക്കു് നമ്മെക്കുറിച്ചുതന്നെ പ്രസ്താവിക്കുവാൻ കഴിയും.

www.malankaralibrary.com

കുന്നുവെന്ന്. അതാകട്ടെ, ഞാനെന്തെങ്കിലും നന്മ ചെയ്യുന്ന തിനുമുൻപുതന്നെ. ആധുനിക അമേരിക്കൻ ബൈബിളി ലെ വിവർത്തനം ഈ പദത്തിന്റെ ശക്തികുറച്ചിട്ടുണ്ട്. അതിലെ പരിഭാഷ ഇച്ഛാശക്തിയുടേതെന്നല്ലാ, ആഗ്ര ഹത്തിന്റേതെന്നാണ്. ആ പരിഭാഷയുടെ അർത്ഥം ഇങ്ങ നെവരും "ദൈവം ഒരു നല്ല ആഗ്രഹം എനിക്കു നൽകുന്നു. പക്ഷേ, ഞാനാണ് ഒരു തീരുമാനത്തിന്റെ അല്ലെങ്കിൽ ഇച്ഛാശക്തിയുടെ പ്രവൃത്തിയുടെ നന്മ ഉളവാക്കുക". ഇതുശരിയല്ല. വി. പൗലോസ് തന്നെ വീണ്ടും ചിന്തിപ്പി ക്കുന്നു. "ദാനമായി ലഭിച്ചതല്ലാതെ നിനക്കെന്തുണ്ട്? എല്ലാം ദാനമായിരിക്കെ, ദാനമല്ല എന്നമട്ടിൽ എന്തിന് നീ അഹങ്കരിക്കുന്നു" (1 കോറി 4: 7) അതായത്: നിനക്കുള്ള തോ, നീ ചെയ്യുന്നതോ, ആയ ഏതു നന്മയും ദൈവദാന മാണ്. നീ അതു സ്വീകരിക്കാത്തതാണെങ്കിൽ, നിന്റെ ശക്തിമൂലം നിന്നിൽനിന്നുതന്നെ ഉളവായതാണെങ്കിൽ, അതിനെക്കുറിച്ച് നീനക്ക് 'അഹങ്കരിക്കാം'. പക്ഷേ, അങ്ങ നെയല്ല. നിനക്കു വീമ്പടിക്കാനോ അഹങ്കരിക്കാനോ, സാ ദ്ധ്യമായ യാതൊന്നും നിനക്കില്ല. നിനക്കുള്ളതും നീ ചെ യ്യുന്നതുമായ നന്മ ദൈവത്തിൽ നിന്നുള്ളതാണ്.

നല്ല ആഗ്രഹത്തിനുമാത്രം ദൈവം കാരണമാകുന്നു, നല്ല ഇച്ഛയ്ക്കു നാമാണ് കാരണമാകുന്നത് എന്നു പറ യുക പെലാജിയൂസിന്റെ പാഷണ്ഡതയാണ്.

ഹൃദയത്തിൽ ചൂഴ്ന്നിറങ്ങുന്ന നിലയിൽ ഈ കാര്യം വി. അഗസ്തീനോസ് എഴുതി: "നിന്റെ യോഗ്യതകൾക്കു ദൈവം കിരീടം അണിയിക്കുമ്പോൾ അവിടുന്നു തന്റെത ന്നെ ദാനങ്ങളെ കിരീടമണിയിക്കുകയാണു'".

വിശുദ്ധർ തങ്ങളിൽതന്നെ യാതൊരു നന്മയും കാണാ ഞ്ഞതിന്റെ കാരണം ഇപ്പോൾ നമുക്കു ഗ്രഹിക്കുവാൻ സാ ധിക്കും. അടിസ്ഥാനതലത്തിൽ ദൈവത്തിൽനിന്നും ദാന മായി ലഭിച്ചനന്മയേ എനിക്കുള്ളൂ. എന്നിൽനിന്നുയാതൊരു നന്മയും പുറപ്പെടുന്നില്ല എന്നതാണു് അതിന്റെ കാരണം. വാസ്തവത്തിൽ അല്പം കൂടി മോശമായ നിലയിൽ നമു ക്കു് നമ്മെക്കുറിച്ചുതന്നെ പ്രസ്താവിക്കുവാൻ കഴിയും.

www.malankaralibrary.com

ഒരു കണക്കു പുസ്തകത്തിന്റെ കാര്യം അടിസ്ഥാനതല ത്തിൽ നാം കാണുന്നെന്നു കരുതുക അതിന്റെ ഒരു വശ ത്തു് വരവും മറുവശത്തു് കടവുമാണു്. വരവിന്റെ ഭാഗ ത്തു് എന്തെഴുതുവാൻ എനിക്കു കഴിയും? ഒന്നും ഇല്ല. ഈ അടിസ്ഥാനതലത്തിൽ യാതൊരു നല്ല പ്രവൃത്തിയോ നന്മയോ നല്ല തീരുമാനമോ, നല്ല ചിന്തയോ എന്റേതായി മാത്രമില്ല. അതിനാൽ അവിടെ ഞാൻ വട്ടപ്പൂജ്യമിടുന്നു. ഈ വട്ടപ്പൂജ്യത്തെക്കുറിച്ചു് എനിക്ക് അഹങ്കരിക്കാമോ, വീ മ്പിളക്കാമോ? തീർച്ചയായും സാധ്യമല്ല.

എന്റെ കടത്തിന്റെ വശത്തോ? ഞാൻ ചെയ്തുപോയ തിന്മകൾ, പാപങ്ങൾ, ഞാൻ ആ വശത്തെഴുതുന്നു. നാമോ രോരുത്തർക്കും സംഖ്യകൾ വ്യത്യസ്തമായിരിക്കും. പ ക്ഷേ, ഒന്നുണ്ടു്. നമുക്കു് ആ സംഖ്യകളുണ്ടു്. നാമെല്ലാം പാപികളാണു്. അപ്പോൾ ഭീതിദമായ ഈ വിചാരം നാമ്പെ ടുക്കുകയായി. വരവിന്റെ ഭാഗത്ത് വട്ടപ്പൂജ്യം. കടത്തി ന്റെ ഭാഗത്തു് വളരെയധികം. പൂജ്യത്തെക്കാൾ അപ്പോൾ ഞാൻ താണനിലയിലായി. ഒന്നുമല്ലായ്മയേക്കാൾ താണ തുതന്നെ. അടിസ്ഥാനാർത്ഥത്തിൽ ഞാൻ നന്മയൊന്നും ചെയ്തിട്ടില്ല, തിന്മകൾ ധാരാളം ചെയ്തിട്ടുമുണ്ടു്. അ തിനാൽ വിശുദ്ധർ തങ്ങളെക്കുറിച്ചു പ്രസ്താവിച്ചിട്ടുള്ള തിൽ അത്ഭുതപ്പെടേണ്ടതുണ്ടോ? സത്യമാണു് അവർ പറ ഞ്ഞതു്. മാനസികതകരാറില്ലാത്തവൻ കാര്യങ്ങൾ അതേപടി കാണുന്നു. താൻ നെപ്പോളിയനാണെന്നു് അവൻ അവകാ ശപ്പെടുകയില്ല. മാനസികമായി ഏററം നല്ല സുസ്ഥിതി യിലുള്ളവരാണു വിശുദ്ധർ. അതിനാൽ, അടിസ്ഥാന തലത്തിൽ ഭീതിദമായി ഒരു സത്യം അവർ കാണുകയാണു്.

അതേസമയംതന്നെ പരിഗണനീയമായ മറെറാരു കാര്യ വുമുണ്ടു്. നമ്മെക്കുറിച്ചുതന്നെ നമുക്കു വളരെ മോശവും വികലപവുമായ ഒരു പ്രതിച്ഛായ ഇല്ലാതിരിക്കുകയെ ന്നതു് മനശാസ്ത്രപരമായിസുപ്രധാനമാണു്, ചിലർ മററുള്ളവരെക്കാൾ ഈ ചിന്തകളോടു ശക്തമായി പ്രതിക രിക്കും. പഴയ ഒരു ചൊല്ലുണ്ടല്ലോ. "ഒരു പട്ടിക്കു് ഒരു നല്ല പേരു നൽകുക, അതു അതനുസരിച്ചു ജീവിച്ചുകൊ

www.malankaralibrary.com

ള്ളും.'' ഇല്ല. എതിരായതാണു സത്യം. തന്നെക്കുറിച്ചു തനിക്കു തന്നേയുള്ള മോശമായ പ്രതിച്ഛായ മോശമായ നിലയിൽ പെരുമാറുന്നതിനു ഒരുവനു പ്രേരകമാകും. അതിനാൽ രണ്ടാമത്തെ തലത്തിലേക്കു നമുക്കു നോക്കാം. അവിടെ തനിവ്യത്യസ്തമായ ഒരു ചിത്രമാണു നാം കാണുക. രണ്ടാമധ്യായത്തിൽ ദൈവമക്കളെക്കുറിച്ചു പ്രതിപാദിച്ചിട്ടുള്ളതു് ഓർക്കുക. ദൈവകൃപയാൽ നാം ദൈവമക്കളാണു്. ദൈവം നമ്മെ ദത്തെടുക്കുക മാത്രമല്ലായിരുന്നു. മാനുഷികരീതിയിൽ ചിന്തിക്കുമ്പോൾ ദത്തെടുക്കൽ ഒരു നൈയാമികസങ്കല്പം മാത്രമാണു്. എന്നാൽ. പ്രസാദവരം മുഖേന തന്റെ ദൈവിക സ്വഭാവത്തിൽ ഒരു പങ്ക് ദൈവം നമുക്കു നൽകിയിട്ടുണ്ടു്.

പട്ടിപിടുത്തക്കാരുടെ ഒരു സംഘടന ഒരു രാഷ്ട്രത്തലവനെ സന്ദർശിച്ചു് അദ്ദേഹത്തെ തങ്ങളുടെ സംഘടനയുടെ ഓണററി പ്രസിഡൻറാക്കുന്ന രേഖ നൽകുന്നുവെന്നു് ഒന്നു സങ്കല്പ്പിക്കാം. തികഞ്ഞ രാഷ്ട്രീയക്കാരനായ അദ്ദേഹം അതു സ്വീകരിച്ചു് തന്റെ സെക്രട്ടറിയെ ഏല്പ്പിക്കുന്നുവെന്നും സങ്കൽപ്പിക്കുക. അവർ പോയിക്കഴിയുമ്പോൾ അദ്ദേഹം ഇങ്ങനെ പറഞ്ഞെന്നുവരും. ''ഞാൻ ആരാണെന്നാണ് അവർ കരുതുന്നതു്. ഞാൻ ഈ രാഷ്ട്രത്തിന്റെ തലവനാണു്. അവരെന്നെ ഓണററി പട്ടിപിടുത്തക്കാരനാക്കുന്നു. ഹും'' തീർച്ചയായും ഈ പുതിയ പദവി രാഷ്ട്രത്തലവനെ നിഗളിപ്പിക്കയില്ല. രാജാവിനും രാഷ്ട്രത്തലവനും ഉള്ള മേന്മയെക്കാൾ വലുതാണു് ദൈവസ്വഭാവത്തിൽ പങ്കാളിയാകയെന്നതു്. നമ്മുടെ പദവി അതുല്യമാണു്. ഏതു ലൗകിക പദവിയെക്കാളും അതു ഉന്നതവുമാണു്.

അവിശ്വസനീയമായ വ്യത്യസ്തതകളുടെ ഉടമകളാണു നാം. അടിസ്ഥാനതലത്തിൽ നാം ഒന്നുമല്ല, ഒന്നുമല്ലായ്മയിൽനിന്നുപോലും താഴെയാണു്. നമ്മുടെ പാപങ്ങൾ തന്നെ കാരണം. നാം പിന്നീട് എന്തു നന്മ ചെയ്താലും നമുക്കുവേണ്ടി ദൈവം 'ചെലവാക്കുന്ന തുക''യാണവ. കാരണം, നമ്മുടെ സൽപ്രവൃത്തികൾ നമ്മുടെ പാപങ്ങൾക്കു

www.malankaralibrary.com

പരിഹാരമാകയില്ല. (നാലാമദ്ധ്യായത്തിൽ നാം കണ്ടതു പോലെ തുലാസിൻെറ സമതുലിതമായ അവസ്ഥ വരുത്തുക അവയ്ക്കു സാധ്യമല്ല.) എന്നിരുന്നാലും രണ്ടാം തലത്തിൽ സകലവിധ മാനുഷിക ബഹുമതികളെയും നിഷ്പ്രഭമാക്കുന്ന അത്ഭുതകരമായ യോഗ്യതകളുടെ ഉടമകളാണ് നാം. മാനുഷിക ബഹുമതികൾ "സാരാംശമില്ലാത്ത പുക"യാണെന്നാണ് വി. അഗസ്തീനോസ് പ്രസ്താവിച്ചിരിക്കുന്നതു്.

നാമിക്കാര്യം പ്രസ്താവിച്ചുതീർന്നിട്ടില്ല. നാം സ്വതന്ത്രരാണെന്നു വി. പൗലോസ് രേഖപ്പെടുത്തിയിട്ടുള്ളതും ഇതും എങ്ങനെ പൊരുത്തപ്പെടുത്താമെന്നു് നാം ആരായേണ്ടതുണ്ടു്. അതായതു്, ഒരു നല്ല വിചാരമോ, തീരുമാനമെടുക്കുകയോ നമുക്കു സാധ്യമല്ലെന്നു ഒരർത്ഥത്തിൽ വി. പൗലോസു് ഊന്നിപ്പറയുന്നു. അതേസമയംതന്നെ സ്വതന്ത്രമായ ഇച്ഛാശക്തിയുള്ളവരാണു നാമെന്നും നമുക്കറിയാം. വി. വേദപുസ്തകത്തിലെ അനേക ഭാഗങ്ങളിൽ ഇതു വ്യക്തമാണു്. വി. പൗലോസ് തന്നെ രേഖപ്പെടുത്തി: "നിങ്ങൾക്കു കൈവന്നിരിക്കുന്ന ദൈവകൃപ വ്യർത്ഥമാക്കരുതെന്നു അവിടുത്തെ സഹപ്രവർത്തകരെന്ന നിലയിൽ ഞങ്ങൾ നിങ്ങളോട് അപേക്ഷിക്കുന്നു." (2 കോരി. 6: 1) അതിനാൽ അതു വ്യർത്ഥമാകാതിരിക്കുന്നതിനു എന്നെ നിയന്ത്രിക്കേണ്ടതുണ്ടല്ലോ. അതുപോലെ നാം അനുതപിക്കണമെന്നും ദൈവത്തിലേക്കു തിരിയണമെന്നും വേദപുസ്തകം ആവശ്യപ്പെടുന്നുണ്ടു്.

ഈ വസ്തുതകൾ, അതായതു് നമ്മുടെ സ്വാതന്ത്ര്യവും ദൈവത്തോടുള്ള നമ്മുടെ പൂർണ്ണമായ ആശ്രയത്വവും എങ്ങനെ പൊരുത്തപ്പെടുത്താം? എങ്ങനെയെന്നു വേദപുസ്തകമോ സഭയോ പ്രസ്താവിച്ചിട്ടില്ല. അതിനാൽ നമുക്കു നമ്മുടെ ഊഹത്തെ ആശ്രയിക്കുക മാത്രമേ നിവൃത്തിയുള്ളൂ.

ചില ദൈവശാസ്ത്രജ്ഞന്മാർ ഇങ്ങനെ പ്രസ്താവിക്കുന്നു. ഒരു കൃപ എൻെറ പക്കലേക്കു വരുമ്പോൾ ഒരു നല്ല തീരുമാനമെടുക്കുന്നതിനു മുൻപ് എനിക്കില്ലാതിരുന്ന ശക്തി ഉടൻതന്നെ അതെനിക്കു നൽകുന്നു. ഇതു

www.malankaralibrary.com

സാദ്ധ്യമായിരിക്കാം. പക്ഷേ, വി. പൗലോസിൻെറ വാക്കുകളുമായി കൂടുതൽ പൊരുത്തപ്പെടുന്ന മറെറാരു മാർഗ്ഗമുണ്ടെന്നു തോന്നുന്നു.

ഈ മറേറ വീക്ഷണത്തിൽ, ഒരു കൃപ വരുമ്പോഴും ഒരു നല്ല പ്രവൃത്തി ചെയ്യാൻ എന്നെ ശക്തമാക്കുന്ന രണ്ടു സാധ്യതകൾ മാത്രമേയുള്ളുവെന്നതിലാണ് അതു തുടങ്ങുന്നതു്. ഇവയാണവ. ആദ്യത്തേതു്, കൃപ സ്വീകരിക്കുന്നതിനു തീരുമാനിക്കുക, രണ്ടാമത്തേതു് കൃപ നിരസിക്കുക.

എന്നാൽ: സ്വീകരിക്കുവാൻ തീരുമാനിക്കുകയെന്നതു് ഇച്ഛാശക്തിയുടെ പ്രവൃത്തിയാണു്. എനിക്കു് അങ്ങനെയൊരു ശക്തിയില്ലെന്നു് വി, പൗലോസ് ഫിലിഫ്യർ 2: 13-ൽ പ്രസ്താവിക്കുന്നുണ്ടു്: ‘‘എന്തെന്നാൽ തൻെറ അഭീഷ്ടമനുസരിച്ച് ഇച്ഛിക്കാനും പ്രവർത്തിക്കാനും നിങ്ങളെ ഉത്തേജിപ്പിക്കുന്നതു ദൈവമാണു്’’

എനിക്കു കൃപ തീർച്ചയായും നിരസിക്കാൻ കഴിയും. എനിക്കു അതിനുള്ള ശക്തി മാത്രമേയുള്ളുവെങ്കിൽ ഞാൻ സ്വതന്ത്രനല്ല. അങ്ങനെയൊന്നുമാത്രമേ സ്വീകരിക്കാവൂ എന്നു വരുന്ന സ്ഥാനത്ത് സ്വാതന്ത്ര്യമില്ലല്ലോ. അതിനാൽ എൻെറ കഴിവിലുള്ള മറെറാരു സാദ്ധ്യതയുണ്ടായിരിക്കണം. അതാകട്ടെ, നിരസിക്കാതിരിക്കുക എന്നതാണ്. ‘‘നിരസിക്കാതിരിക്കുകയും സ്വീകരിക്കുകയും ചെയ്യുക ഒന്നു തന്നെയല്ലയോ?’’ എന്ന ചോദ്യമുളവാകാം, നമ്മുടെ മറുപടി അതിൻെറ ഫലം ഒന്നുതന്നെ. പക്ഷേ, ആ ഫലം ലഭിക്കുന്ന പ്രവർത്തനരീതി വ്യത്യസ്തമാണ്.

നിരസിക്കാതിരിക്കുകയെന്ന ഈ പ്രവർത്തനരീതി ഇച്ഛാശക്തിയുടെ പ്രവർത്തനവും തീരുമാനവും ഉൾപ്പെട്ടതാകയുമരുത്. അല്ലാത്തപക്ഷം, വി. പൗലോസ് ഫിലിപ്പ്യർക്കെഴുതിയ മുൻപുദ്ധരിച്ച വാചകം നമ്മെ പിടിച്ചുനിറുത്തും.

അതിനാൽ നിരസിക്കാതിരിക്കുകയെന്നത് ഇതിൽ മാത്രം അടങ്ങിയിരിക്കണം. ഒരു കൃപവരുകയും എനിക്കു നല്ലൊരു ആശയമുളവാക്കുകയും അനുകൂലമായ ഒരു മനോഭാവം (ഒരു തീരുമാനമല്ല) വരുകയും ചെയ്യുമ്പോൾ ഉടൻ

www.malankaralibrary.com

തന്നെ എനിക്കതു നിരസിക്കാമെങ്കിലും ഞാൻ യാതൊന്നും ചെയ്യുന്നില്ല, ഒന്നും തീരുമാനിക്കുന്നുമില്ല. യാതൊന്നും ചെയ്യാതിരിക്കുകയെന്നത് എൻെറ ശക്തിയിൽപെട്ടതാണ്. എന്നിരുന്നാലും ആ സന്ദർഭത്തിൽ നിരസിക്കാതെ ഒന്നും ചെയ്യാതിരിക്കുക ഒരു വ്യവസ്ഥയാകാം. ആ വ്യവസ്ഥ സന്നിഹിതമായിരിക്കുമ്പോൾ പ്രവർത്തനനിരതമാകാൻ ദൈവം തൻെറ കൃപയ്ക്ക് ശക്തി നൽകും. അങ്ങനെ "ഇച്ഛാശക്തിയെയും പ്രവൃത്തിയെയും" അതു സ്വാധീനിക്കും. ഈ ആശയം വളരെ ലളിതമാണ്. നിരസിക്കുവാനുള്ള ശക്തി എനിക്കുണ്ടെങ്കിലും കൃപയ്ക്കെതിരായ ഒരു തീരുമാനം ഞാനെടുക്കുന്നില്ല. അപ്പോൾ അതു ഇച്ഛാശക്തിയെയും പ്രവൃത്തിയെയും സ്വാധീനിക്കുന്നു.

ഈ നിലപാട് യഥാർത്ഥത്തിൽ പൂർണ്ണമായി എന്നെ നിശ്ചേഷ്ടനാക്കുകയാണോ? തീർച്ചയായും അല്ല. അതിൻെറ കാരണങ്ങൾ രണ്ടാണ്. ഒന്നാമതായി നിരസിക്കാവുന്ന വേളയിൽ ആ നിരസനം ഞാൻ ഒഴിവാക്കുന്നു. രണ്ടാമതായി നിരസനമില്ലായ്മയുടെ തലത്തിൽ കൃപ എനിക്കു പ്രചോദനപ്രദമാകുകയാണ്; കൃപമൂലമുളവാകുന്ന ശക്തിയാൽ ഞാൻ പ്രവർത്തിക്കുകയാണ്. ഈ സിദ്ധാന്തം വി. പൗലോസിൻെറ വാക്കുകളുമായി യോജിക്കുന്നുണ്ട്.

നിരസിക്കുകയെന്നതിനെക്കുറിച്ച് അല്പംകൂടി ചർച്ച ചെയ്യുക ആവശ്യമാണ്. ആ നിരസനമില്ലായ്മയുടെ ചട്ടക്കൂട്—കൃപ നൽകിയ ആകർഷണത്താൽ നന്മയോട് എനിക്കു തോന്നുന്ന സ്ഥിതി, നിരസിക്കാതിരിക്കുന്നതിനു മുൻകൂറായി ലഭിച്ച വ്യവസ്ഥയാണ്. കാരണം, ആരംഭത്തിൽ തന്നെ കൃപ അതു കാണിക്കുന്ന നന്മയോട് അനുകൂലമായ ഒരു മനോഭാവം എന്നിലുളവാക്കിയിട്ടുണ്ട്. അപ്പോഴും തീരുമാനം ഞാനെടുത്തിട്ടില്ല. കൂടാതെ നിരസനമില്ലായ്മയിലേക്ക് എന്നെ നയിക്കുന്നത് എൻെറ ആധ്യാത്മികാവസ്ഥയാണല്ലോ. അതു മുൻപ് എനിക്കു കിട്ടിയിട്ടുള്ള കൃപകളോട് കടപ്പെട്ടിരിക്കുന്നു. ഈ കടപ്പാട് വളരെയധികം പിൻപോട്ടു പോകുന്നതുമാണ്.

www.malankaralibrary.com

ദൈവികവെളിപാടിനെക്കുറിച്ചുള്ള തങ്ങളുടെ അവബോധം ആഴമുള്ളതാക്കാൻ ആദ്യകാലത്തെ സഭാപിതാക്കൻമാർ തത്വശാസ്ത്രമുപയോഗിച്ചിരുന്നു. പ്ലേറോയുടെ തത്വശാസ്ത്രമാണ് അവർ ഉപയോഗിച്ചത്. എന്നാൽ, വി. തോമസ് അകപിനാസാകട്ടെ അരിസ്റ്റോട്ടലിൻെറ തത്വശാസ്ത്രമാണുപയോഗിച്ചത്. അതു കൂടുതൽ ഫലമണിഞ്ഞു. വി. പൗലോസിൻെറ ഗഹനമായ വാക്കുകൾ വേണ്ടവിധം ഗ്രഹിക്കുവാൻ അരിസ്റ്റോട്ടലിൻെറ ഏതാനും ആശയങ്ങൾ നാമിപ്പോൾ ഉപയോഗിക്കുകയാണ്.

ഞാനിപ്പോൾ ഭൂമിയിൽ ഒരിടത്താണ്. മറെറാരു സ്ഥലത്തേക്കു യാത്രചെയ്യാനാഗ്രഹിക്കുന്നുവെങ്കിൽ പോകുന്നതിനു മുൻപു തന്നെ അതിനുള്ള കഴിവ് എനിക്കുവേണം. യാത്രചെയ്തെങ്കിൽ കഴിവ് പൂർത്തിയാകും. ഇവയെ കഴിവ് (Potency) എന്നും പ്രവൃത്തി അല്ലെങ്കിൽ പൂർത്തീകരണം (act or actualisation) എന്നും അരിസ്റ്റോട്ടിൽ നാമകരണം ചെയ്തു. ഈ വാക്കുകൾ നാമുപയോഗിക്കണമെന്നില്ല, പക്ഷേ അവ സൗകര്യപ്രദമാണ്.

കഴിവിൻെറയും അതിൻെറ പൂർത്തീകരണത്തിൻെറയും കാര്യം നോക്കുമ്പോൾ എപ്പോഴും ഒരു മാററം സംഭവിച്ചുവെന്ന് കാണാം. മാററത്തിനു മുൻപ് കഴിവ്. ആ കഴിവ് പൂർത്തീകരണമാകയാണ്.

ഇതും നാം ശ്രദ്ധിക്കുക: കഴിവിൽ നിന്ന് പൂർത്തീകരണത്തിലെത്തുന്നതിനു കൂടുതലായ എന്തോ ഒന്ന് വേണമല്ലോ. മാററം സംഭവിക്കുന്നതിനു മുൻപ് ശൂന്യമായ കഴിവേ ഉണ്ടായിരുന്നുള്ളു. ആ കഴിവ് നിർവഹണത്തിലെത്തേണ്ടിയിരുന്നു. അതിനാൽ നാം ചോദിക്കുന്നു: കൂടുതലായ എന്തോ ഒന്ന് എന്നു നാം പ്രസ്താവിച്ചത് എവിടെ നിന്നുൽഭവിക്കുന്നു? യാതൊരുവനും തൻെറ ഷൂസുകളുടെ ചരടു വലിച്ച് നിലത്തുനിന്ന് സ്വയം ഉയരാൻ സാധിക്കയില്ല. അല്ലെങ്കിൽ തനിക്കില്ലാത്തത് മറെറാരുവനു നൽകുവാനും അവനു സാധ്യമല്ല. അപ്പോൾ കൂടുതലായി സംഭവിച്ചത് എവിടെ നിന്നു വന്നു?

www.malankaralibrary.com

ഒരു പക്ഷേ, എൻെറ മറേറതോ ഒരു അംശം (മാററത്തിനു കാരണം ഞാനാണെങ്കിൽ) കൂടുതലായുള്ളതിന്, പുറമേ നിന്നുള്ളതിന്, ആവശ്യമായിരുന്നു. അങ്ങനെയെങ്കിൽ എൻെറ ആ അംശത്തിനു എങ്ങനെ ലഭിച്ചു? അതിനും കഴിവിൽ നിന്ന് പൂർത്തീകരണത്തിലേക്കുയരേണ്ടിയിരുന്നുവല്ലോ. അപ്പോഠം ആ കൂടുതലായുള്ളതു കാണുവാൻ ഞാൻ എന്നിൽ നിന്നു ബാഹ്യമായ ഒന്നിലേക്ക്, മററൊരു കാരണത്തിലേക്ക് നോക്കേണ്ടിയിരിക്കുന്നു. ആ കാരണത്തിനും അതു എവിടെ നിന്നു ലഭിച്ചു? അതിനും കഴിവിൽ നിന്ന് പ്രവൃത്തിയിലേക്കുയരേണ്ടതുണ്ടായിരുന്നു. ഇങ്ങനെ കാരണങ്ങളുടെ ഒരു ശൃംഖലതന്നെ ഉണ്ടാക്കാം, നാം ആഗ്രഹിക്കുന്നിടത്തോളം തന്നെ. എന്നാലും നാം നമ്മുടെ പ്രശ്നത്തിനു പരിഹാരം കാണുകയില്ല. ഇങ്ങനെ ശൃംഖലയുടെ കണ്ണികഠം പിന്തുടർന്നു ചെല്ലുമ്പോഠം നാം എത്തിച്ചേരുക കഴിവിൽ നിന്ന് പ്രവൃത്തിയിലേക്ക് നീങ്ങേണ്ട ആവശ്യമില്ലാത്ത, പ്രവൃത്തിതന്നെയായ, സ്വയം സത്തയായ ഒരു കാരണത്തിലായിരിക്കും. അരിസ്റ്റോട്ടിൽ അതിനെ ആദികാരണമെന്നു വിളിച്ചു. ദൈവമെന്ന പദം തന്നെ ചില സന്ദർഭങ്ങളിൽ അദ്ദേഹം ഉപയോഗിച്ചിട്ടുണ്ട്.

ഇപ്പോഠം ആശ്ചര്യകരമായ ഒരു കാഴ്ചപ്പാട് നമുക്കുണ്ടാകുന്നു; കഴിവിൽ നിന്ന് പ്രവൃത്തിയിലേക്ക് പുരോഗമിക്കേണ്ട ഒരു നല്ല വിചാരം എനിക്കുണ്ടാകുമ്പോഠംപോലും അതു സംഭവിക്കുവാൻ എനിക്കു ആദികാരണത്തിൻെറ ആവശ്യമുണ്ട്. കൂടുതൽ ആശ്ചര്യകരം: എൻെറ ഇച്ഛാശക്തിയുടെ സ്വതന്ത്രമായ ഒരു തീരുമാനം ഞാനെടുക്കുമ്പോഠം, അതു കഴിവിൽ നിന്ന് പ്രവൃത്തിയിലേക്കു നീങ്ങുന്നതിനും എനിക്ക് ആദികാരണത്തിൻെറ, ദൈവത്തിൻെറ, ആവശ്യമുണ്ട്. ഇതാണ് വി. പൗലോസ് ഇങ്ങനെ പ്രസ്താവിച്ചതിൻെറ കാരണം: "തൻെറ അഭീഷ്ടമനുസരിച്ച് ഇച്ഛിക്കാനും പ്രവർത്തിക്കാനും നിങ്ങളെ ഉത്തേജിപ്പിക്കുന്നതു ദൈവമാണ്."

ഒരു കാര്യം നല്ലതാണെന്നു കാണുന്നതിനും അതിനോട് അനുകൂലമനോഭാവമുണ്ടാക്കുന്നതിനും ആദികാരണം (ദൈവം) എനിക്കു കാരണമാകുമ്പോഠം ഞാനതു നിരസിക്കാ

www.malankaralibrary.com

തീരിക്കയാണെങ്കിൽ, (അതായതു തീരുമാനമെടുക്കാതിരിക്കയാണെങ്കിൽ) നാം മുമ്പു പ്രസ്താവിച്ചതുപോലെ അവിടുത്തെ പ്രചോദനം പ്രവർത്തനനിരതമാകുന്നു. അപ്പോഠം ഒരു നല്ല തീരുമാനമെടുക്കുന്നതിനു എൻെറ കഴിവ് പ്രവൃത്തിയിലെത്തുന്നു.

വി. പൗലോസ് ഫിലിഫ്യർക്കെഴുതിയ വാക്യം നാം ഉദ്ധരിച്ചല്ലോ. ആ വാക്യത്തിനു മുൻപ് വി. പൗലോസ് ഇപ്രകാരമെഴുതി: "ഭയത്തോടും വിറയലോടുംകൂടെ നിങ്ങളുടെ സ്വന്തം രക്ഷയ്ക്കുവേണ്ടി അധ്വാനിക്കുവിൻ" തുടർന്നാണ് അദ്ദേഹമെഴുതിയത്. "എന്തെന്നാൽ തൻെറ അഭീഷ്ടമനുസരിച്ച് ഇച്ഛരിക്കാനും പ്രവർത്തിക്കാനും നിങ്ങളെ ഉത്തേജിപ്പിക്കുന്നതു ദൈവമാണ്". ഒരു അടിമയുടെ ഭയവും വിറയലുമല്ലാ അദ്ദേഹം ഉദ്ദേശിച്ചത്, പ്രത്യുത 'ആദര'ത്തോടുകൂടി എന്നാണ്. അതിനാൽ എനിക്ക് ആദരമുണ്ടായിരിക്കണം. എന്തുകൊണ്ട്? ഞാൻ എന്തെങ്കിലും നന്മ ചെയ്യുമ്പോഠം അവിടുത്തെ ശക്തിയാണ് എന്നിൽ പ്രവർത്തിക്കുന്നത് എന്നതുകൊണ്ട്. എന്നാൽ കൂടുതൽ ഭയാനകമായ ഒരുവസ്തുതയുണ്ട്, അതാകട്ടെ തിന്മ ചെയ്യുമ്പോഴും അവിടുത്തെ ശക്തിയാണ് എന്നിൽ പ്രവർത്തിക്കുന്നതെന്നുള്ളതാണ്. തിന്മയിലേക്കു ഞാൻ തിരിയുന്നതിൻെറ കാരണം അവിടുന്നല്ല. ഞാനതു ചെയ്യുകയാണ്. അതേസമയം അവിടുത്തെകൂടാതെ എനിക്കുയാതൊന്നും ചെയ്യുക സാധ്യമല്ല. എനിക്കുള്ള ശക്തി അവിടുന്ന് നൽകുന്നതാണ്. ദൈവം എനിക്കു നൽകിയ ശക്തിയാണ് തിന്മയ്ക്കുപോലും ഞാനുപയോഗിക്കുന്നതെന്നുള്ളത് ഭയാനകമായ ചിന്തതന്നെ. നന്മയ്ക്കായാൽ ആ ചിന്ത ഭീതിദമല്ലല്ലോ. ആദരം ഉണ്ടാകണമെന്ന് വി. പൗലോസ് പ്രസ്താവിച്ചത് ഇതിനാലാണ്.

നന്മ ചെയ്യാനുള്ള നമ്മുടെ കഴിവ് രണ്ടുഘട്ടങ്ങളിലെന്നതുപോലെയാണ് ദൈവത്തിൽനിന്നുവരുന്നത്. ഇതു കൂടുതലായി ഗ്രഹിക്കുവാൻ ഒരു താരതമ്യം സഹായകമാവും. ടി. വി. സെററുകഠംഉള്ള ഒരു കടയിൽ ഒരു പ്രത്യേകയിനം ടി. വി. സെററ് ഞാൻ കൗതുകപൂർവ്വം നോക്കുകയാ

www.malankaralibrary.com

ണെന്നു സങ്കല്പിക്കുക. വില പതിനായിരം രൂപ. വില്പനക്കാരൻ എൻെറ അടുത്തപരിചയക്കാരനുമാണ്. അയാഠം എൻെറ സമീപം വന്നുചോദിക്കുന്നു: നിങ്ങഠംക്ക് ആ ടി. വി. സെററ് ഇഷ്ടമാണെന്നു തോന്നുന്നല്ലോ. എന്തുകൊണ്ട് വാങ്ങിക്കൂടാ?'' എൻെറ മറുപടി: ''എനിക്കതു ഇഷ്ടപ്പെട്ടു. പക്ഷേ, എൻെറ പക്കൽ പണമില്ലല്ലോ''. അയാഠം ഉടനെ എനിക്കു ഏഴായിരം രൂപ നൽകുന്നു. എന്നിട്ടും ഞാൻ വാങ്ങുന്നില്ല. കാരണം, ബാക്കി പണം എൻെറ പക്കലില്ല. പിറെറദിവസവും ഞാനവിടെ ചെല്ലുന്നു. പഴയ നോട്ടവും പഴയചോദ്യവും പഴയമറുപടിയും തന്നെ. സ്നേഹിതനായതിനാൽ വില്പനക്കാരൻ ബാക്കി മൂവായിരം രൂപയും കൊടുത്ത് ആ ടി. വി. സെററ് വാങ്ങുന്നു. ആ ടി. വി. എൻേറതാണെന്ന് എനിക്കുപറയാം. ഞാനതിൻെറ വില നൽകിയതാണല്ലോ. പക്ഷേ, അയാഠംക്കു വിലനൽകിയത് അയാളുടെ പണം കൊണ്ടു മാത്രമാണ്.

ഏകദേശം ഇതുപോലെ നമ്മുടെ ജീവിതാരംഭത്തിൽ ദൈവം നമുക്ക് ശരീരം, ആത്മാവ്, ഇവ രണ്ടിൻെറയും ശക്തിവിശേഷതകഠം എന്നിവ നൽകിയിട്ടുണ്ട്. ഇവ നമ്മുടെ സ്ഥിരമായ ഉപകരണങ്ങളാണെന്നു പറയാം. ഇവ മാത്രമല്ലാ നമ്മുടെ പ്രവൃത്തിവേളയിൽ കൂടുതലായ എന്തോ ഒന്ന് നമുക്കാവശ്യമാണ്. അതിനാൽ നാം പ്രവർത്തിക്കുന്നതിന് അവിടുന്ന് കൂടുതൽ നൽകേണ്ടതുണ്ട്. അവിടുന്ന് അതു ചെയ്യുന്നുമുണ്ട്. ഞാനായിരിക്കുന്ന നന്മ, എനിക്കുള്ള നന്മ, ഞാൻ ചെയ്യുന്ന നന്മ — ഇവയെല്ലാം നാം മുമ്പ് പ്രസ്താവിച്ചതുപോലെ അവിടുത്തെ ദാനങ്ങളാണ്. (1കോറി 4: 7) അവിടുത്തെ പണംതന്നെ ഞാൻ അവിടുത്തേക്കു നൽകുന്നു. അതിനാൽ അപ്രധാനമായ അർത്ഥത്തിൽ ഞാൻ നൽകിക്കഴിഞ്ഞു, അതുഎൻെറ പ്രവൃത്തിയാണ്. എനിക്കുള്ള ശക്തിവിശേഷതകളാലാണ് അതു ചെയ്യുന്നതെന്നുപറയാം. തന്മൂലം ആ നന്മ എൻേറതാണെന്നുകരുതാൻ ശക്തമായ പ്രലോഭനത്തിനവസരമുണ്ട്. ആ പ്രലോഭനത്തിനെതിരായി ഞാൻ നിരന്തരം പോരാടേണ്ടതുണ്ട്. കാരണം, അടിസ്ഥാനപരമായ അർത്ഥത്തിൽ അതു എൻേറതല്ലാ, അപ്രധാനമായ

www.malankaralibrary.com

അർത്ഥത്തിൽ മാത്രമാണ് എന്നേറ്റ്. അടിസ്ഥാനപരമായി നാം എന്താണെന്ന് മുമ്പ് പ്രസ്താവിച്ചിട്ടുള്ളത് ഓർക്കുക. നമ്മുടെ ഭാഗത്തുനിന്ന് നാം നന്മ ചെയ്യുന്നില്ല. തിന്മ മാത്രമേ നമുക്കുളവാക്കാനാവൂ. എന്നിരുന്നാലും അപ്രധാനമായ അർത്ഥത്തിൽ അവിടുത്തെ ദാനങ്ങൾകൊണ്ടുതന്നെ നാം അവിടുത്തേക്കു നൽകുന്നു. അതിനാലാണ് വി. അഗസ്തീനോസ് ഇപ്രകാരം രേഖപ്പെടുത്തിയത്: "ദൈവം നിങ്ങളുടെ യോഗ്യതകൾക്കുകിരീടമണിയിക്കുമ്പോൾ അവിടുത്തെ ദാനങ്ങൾക്കല്ലാതെ മറ്റൊന്നിനുമല്ലാ കിരീടമണിയിക്കുക".

ഞാൻ കേവലമൊരു യന്ത്രമനുഷ്യനാണെന്ന് ഇതിനാൽ അർത്ഥമാക്കേണ്ടതില്ല. വളരെ മുൻപുതന്നെ ദൈവം എനിക്കുനൽകിയിട്ടുള്ള ശക്തിവിശേഷതകൾ നന്മയുല്പാദിപ്പിക്കുന്നു. ദൈവിക പ്രചോദനമനുസരിച്ചുമാത്രമേ അവയ്ക്കു അതു സാധ്യമാകുകയുള്ളുവെന്നുമാത്രം. നമ്മുടെ പ്രവൃത്തിയുടെ രണ്ടാംഘട്ടത്തിൽ (നാമിതു മുമ്പ് കണ്ടതാണ്) കൃപമൂലം നാം പ്രചോദിതരാകയും അതേസമയം തന്നെ കൃപമൂലം ലഭിച്ചശക്തിമൂലം അപ്പോൾതന്നെ പ്രവർത്തിക്കാനാരംഭിക്കുകയും ചെയ്യുകയാണ്.

കാര്യം കൂടുതൽ വിശദമാക്കുന്നതിന് ആ ടി. വി. സംഭവത്തിലേക്കു നമുക്കു വീണ്ടും തിരിയാം. അവസാനമായി എനിക്കു പണം ലഭിച്ചപ്പോൾ വില്പനക്കാരൻ മനസ്സിൽ കണ്ടതിനുവിപരീതമായി ഞാൻ പുറത്തുപോയി മറ്റെന്തെങ്കിലും വാങ്ങിക്കാത്തതിൻെറ കാരണമെന്ത്? നാം മുമ്പുകണ്ടതുപോലെ കൃപയുടെ ആകർഷണമാണ് നിരസിക്കാനുള്ള സാധ്യതയില്ലാതാക്കുന്നത്. കൂടാതെ നമ്മുടെ ആധ്യാത്മികമായ അവസ്ഥയും. ആ അവസ്ഥയിലായതുതന്നെ പലവേളകളിൽ കൃപയെ അഭിമുഖീകരിച്ചതിൻെറ ഫലവുമാണ്.

എന്നിരുന്നാലും സൽപ്രവർത്തികൾ മുഖേന ഞാൻ യോഗ്യതകൾ നേടുമ്പോഴോ, അവ ധാരാളം സമ്പാദിക്കുമ്പോഴോ, അതു പ്രത്യാശയ്ക്കു കാരണമായിത്തീരുന്നു. പക്ഷേ, അതു സ്വന്തശക്തിമൂലം ഞാൻ സ്വയം സൽപ്രവൃ

www.malankaralibrary.com

ത്തികരം ഉളവാക്കുന്നതിനാലല്ല പ്രത്യുത, പ്രത്യാശയുടെ അടിസ്ഥാനം ഈ അവകാശങ്ങരം എനിക്കു തരുന്നതിൽ അവിടുന്ന് എന്നോടുള്ള സ്നേഹം വ്യക്തമാക്കുന്നു എന്ന വസ്തുതയാണ്.

അതിനാൽ അഹങ്കാരം യേശുവിന് അരോചകമായിരുന്നതിന്റെ കാരണം കാണാൻ നമുക്കു സാധിക്കുന്നു. അഹങ്കാരം ഭംഗ്യന്തരേണ ദൈവമെന്നവകാശപ്പെടുകയാണ്. കാരണം, നന്മ യഥാർത്ഥത്തിൽ ഉളവാക്കുവാനോ അതിനു ആരംഭമിടാനോ എനിക്കു യഥാർത്ഥത്തിൽ അനന്തശക്തിയുണ്ടായിരിക്കണം. അതിനുള്ള കാരണം: ഞാൻ സ്വന്തശക്തിമൂലം ഏതെങ്കിലും നന്മയുളവാക്കുകയാണെങ്കിൽ എന്റെ ആ പ്രവൃത്തിക്കുമുൻപ് നന്മ ഇല്ലായിരുന്നു. എങ്കിലും ആ നന്മ ഉണ്ടായി. യാതൊന്നുമില്ലായ്മയിൽനിന്ന് നന്മയുളവാക്കുവാൻ ഏതു ശക്തിയാണാവശ്യം? ഒന്നുമില്ലായ്മയിൽനിന്ന് നന്മയിലേക്കുള്ള ഉയർച്ച അനന്തതയുള്ള ഉയർച്ചയാണ്. വാച്യാർത്ഥത്തിൽതന്നെ ഒന്നുമില്ലായ്മയിൽനിന്ന് ഒന്നുളവാക്കുക സൃഷ്ടിയാണ്. അതിനാൽ, എന്റെ സ്വന്തശക്തിമൂലം എനിക്കു നന്മയുളവാക്കാമെങ്കിൽ എന്റെ ശക്തി അനന്തമായതിനാൽ ഒരു പ്രപഞ്ചംതന്നെ സൃഷ്ടിക്കുവാൻ എനിക്കു കഴിയും. തന്മൂലം അഹങ്കരിക്കാനുള്ള പ്രലോഭനം എനിക്കുണ്ടാകുമ്പോരം ഞാൻ എന്നോടുതന്നെ ചോദിക്കേണ്ടത്: ഞാൻ ഈയിടെ എത്രപ്രപഞ്ചങ്ങരം സൃഷ്ടിച്ചിട്ടുണ്ട്?

ഈ കാര്യങ്ങളെല്ലാം അറിയുകമാത്രമല്ലാ, കൂടെക്കൂടെ ഇവ ധ്യാനിക്കുകയും ചെയ്യുക ആധ്യാത്മികമായി വളരെ പ്രയോജനകരമാണ്. കാരണം, നാം മുമ്പ് പ്രസ്താവിച്ചതുപോലെ നമ്മുടെ ശക്തിവിശേഷതകരം ചിലപ്പോരം നല്ല പ്രവൃത്തികരം ഉളവാക്കുന്നതിനാൽ അവ നമ്മിൽനിന്നുതന്നെ ഉളവാക്കുന്നതാണെന്ന ധാരണ നമുക്കുണ്ടാകുവാനിടയുണ്ട്. വി. പൗലോസും അരിസ്റ്റോട്ടിലും പ്രസ്താവിച്ചിട്ടുള്ളതുപോലെ നന്മ യഥാർത്ഥത്തിൽ നമ്മിൽനിന്നു വരുന്നതല്ല. തിന്മയ്ക്കുള്ള ചായ്‌വാണ് നമ്മിൽനിന്നു വരുന്നത്.

www.malankaralibrary.com

മറെറാരാ൦ ഒരു വലിയ പാപം ചെയ്യുന്നതു കാണു മ്പോഠം, "ദൈവകൃപനിമിത്തം ഞാനതിൽ വീഴാതിരിക്കു ന്നു" എന്നു നമുക്കു് പറയാമോ? അങ്ങനെ പറയുന്നതിൽ വലിയൊരു അപകടം പതിരിയിക്കുന്നുണ്ട്. നാം ചെയ്യുന്ന തോ ആയ അൽപം നന്മപോലും അവിടുത്തെ ദാനമാണെന്ന തു് ശരിതന്നെ. പക്ഷേ, നാം മുമ്പു കണ്ടതുപോലെ ഒരു കൃപ വരുമ്പോഠം അതു വ്യർത്ഥമാകാതിരിക്കാൻ നാം ഏ തോ രീതിയിൽ പ്രവർത്തിക്കുന്നുണ്ടു്. (2 കോറി 6: 1) നമ്മെത്തന്നെ നാം താഴ്ത്തിക്കെട്ടുന്നതുവഴി നാം ദൈവത്തെ യും താഴ്ത്തിക്കെട്ടരുതു്. നാം പാപിയായി കാണുന്നവ നെപ്പോലെ നാമും പാപികളാകാത്തതിൻെറ ഏക കാരണം കൃപയാണെന്നു പറയുക ദൈവത്തെ കുററപ്പെടുത്തുക യാണു്.

എളിമയുള്ളവനായിരിക്കുന്നതിനു ശ്രമിക്കുകയും എ ന്തെങ്കിലും നന്മ ചെയ്യുകയും ചെയ്യുമ്പോഠം അതിൽ സന്തോ ഷവികാരമുണ്ടാകാതിരിക്കാൻ സൂക്ഷിക്കുകയും ചെയ്യുക, ആ വികാരം ശാരീരിക പ്രതിധ്വനിക്കും അങ്ങനെ ഏററം വലിയ പാപമായ അഹങ്കാരത്തിനും കാരണമായേക്കാം. അഹങ്കാരം താൻ ദൈവമാണെന്ന അവകാശവാദം ഭംഗ്യന്ത രേണ പുറപ്പെടുവിക്കും. അടിസ്ഥാനപരമായ അർത്ഥ ത്തിൽ ദൈവത്തിനു മാത്രമേ സൽപ്രവൃത്തികഠംക്കുള്ള പ്രചോദനം നൽകാനാവൂ. എന്നാൽ താനാണതു ഉളവാക്കു ന്നതെന്നു് പാപി കരുതുന്നു.

പതിനഞ്ചാമധ്യായത്തിൽ നാം പ്രതിപാദിച്ച നിഗൂഢ പ്രേരകശക്തികളെയും നാം സൂക്ഷിക്കേണ്ടതുണ്ടു്. തങ്ങഠം വലിയ നന്മയാണു പ്രവർത്തിക്കുന്നതെന്ന് വിശുദ്ധർക്ക് അറിയാമായിരുന്നു. എന്നാൽ അവ ദൈവത്തിൽനിന്നുവരു ന്നവയാണെന്നഅവബോധം അവർക്കുണ്ടായിരുന്നു, പക്ഷേ, ഫരിസേയൻ ദൈവാലയത്തിൽ പ്രാർത്ഥിച്ചത്: "മററുള്ള വരെപ്പോലെയാകാതിരിക്കുന്നതിൽ ഞാൻ അവിടുത്തേക്കു നന്ദി പറയുന്നു" എന്നാണു്. (ലൂക്കോ 13; 11) തൻെറ സൽപ്രവൃത്തികഠം അയാഠം എണ്ണിപ്പറഞ്ഞു. അവയ്ക്കുള്ള മഹത്ത്വം അധരങ്ങഠംകൊണ്ടു് അയാഠം ദൈവത്തിനു നൽകി. പക്ഷേ, അടിസ്ഥാനനിലയിൽ താനാണു നന്മയുളവാക്കു ന്നതെന്നനിലയിൽ ഉപബോധമനസ്സിലെങ്കിലും അവയ് ക്കുള്ള മഹത്ത്വം അയാഠം തട്ടിപ്പറിച്ചെടുക്കുകയായിരുന്നു. തന്മൂലമാണു് നീതീകരിക്കപ്പെടാത്തവനായി അയാഠം പ്രാർ ത്ഥനാലയത്തിൽനിന്നുപോയിയെന്നു് ദിവ്യരക്ഷകൻ അരു ളിച്ചെയ്തതു്.

www.malankaralibrary.com

യേശു പ്രസ്താവിച്ചിട്ടുള്ളതോർക്കുക: "നീ ദാന ധർമ്മം ചെയ്യുമ്പോൾ അതു രഹസ്യമായിരിക്കേണ്ടതിനു് നിൻെറ വലുത്തുകൈയ് ചെയ്യുന്നതു് ഇടതുകൈയ് അറി യാതിരിക്കട്ടെ" (മത്താ. 6: 3) നമ്മുടെ കൈയ്കൾക്കു ജ്ഞാനമില്ലെന്നു നമുക്കറിയാം. യേശു ഉദ്ദേശിച്ചതിതാ ണു്. നന്മ ചെയ്യുന്നതിനേക്കുറിച്ചു അധികം ചിന്തിക്കാതി രിക്കുക. അധികം ചിന്തിച്ചാൽ, ഉപബോധമനസ്സുകൊണ്ടെ ങ്കിലും ആ മഹത്ത്വം നാം തട്ടിയെടുത്തെന്നുവരും.

നാം കൂടുതൽ നല്ലവരാണെന്നു കരുതാൻ നമ്മെ പ്രലോ ഭിപ്പിക്കുന്ന ഒരു പ്രത്യേക രീതിയുണ്ടു്. തൻെറ സഹോദ രിയോ സഹോദരനോ മോശമായി ചിലപ്പോൾ പെരുമാറു ന്നതു കാണുമ്പോൾ ഒരു പയ്യൻ വിചാരിച്ചേക്കാം: "ഇനി യും അമ്മ എന്നെ കൂടുതൽ പരിഗണിക്കും,". ഇല്ല. യാ തൊരുവനും മററൊരുവൻെറ നഷ്ടം മുതലാക്കി വളരാൻ ശ്രമിക്കരുതു്. സ്നേഹത്തിൻെറയും വിനയത്തിൻേറയും കുറവാണിതു കാണിക്കുന്നതു്.

അതിനാൽ, എളിമ ലഭിക്കുന്നതിനുവേണ്ടി നാം വളരെ യധികം പ്രാർത്ഥിക്കുക, ഈ അധ്യായത്തിൽ കണ്ട കാര്യ ങ്ങൾ നന്നായി ധ്യാനിക്കുക. നന്മ ചെയ്യാനുള്ള പ്രാപ്തി നമുക്കുണ്ടെന്നും ഉള്ള അറിവോടെ നാം പ്രവർത്തിക്കണം. നമ്മുടെ ആന്തരികമായ വിശ്വാസങ്ങൾ ശക്തിപ്പെടുത്താൻ പ്രവൃത്തികാരണമാകും. പ്രവൃത്തിയും ഇച്ഛാശക്തി യും നമ്മിലുളവാക്കാൻ ദൈവം സദാ സന്നദ്ധമാണു്.

യേശു അരുളിച്ചെയ്തു: ‚,നിങ്ങൾ ശിശുക്കളെപ്പോലെ യാകുന്നില്ലെങ്കിൽ നിങ്ങൾ സ്വർഗ്ഗരാജ്യത്തിൽ പ്രവേശിക്കു കയില്ല." (മത്താ. 18: 3) തങ്ങൾ തങ്ങളുടെ പിതാവിൻെറ ഭവനത്തിൽ ഒരു സ്ഥാനം നേടിയെടുക്കുകയല്ലെന്നു ശിശു ക്കൾക്കറിയാം. ആ സ്ഥാനം അവർക്കു ലഭിക്കുന്നതു അ വർ നല്ലവരായതുകൊണ്ടല്ലാ, പ്രത്യുത പിതാവ് നല്ലവനാ യതുകൊണ്ടാണു്. ഈ ബോധത്തോടെ ജീവിക്കുവാൻ നമ്മെ പഠിപ്പിക്കുന്നതാകട്ടെ, എളിമയുമാണു്.

www.malankaralibrary.com

## കുരിശെന്തിനു്?

"ആരെങ്കിലും എന്നെ അനുഗമിക്കാൻ ആഗ്രഹിക്കുന്നുവെങ്കിൽ അവൻ തന്നെതന്നെ പരിത്യജിച്ചു് തന്റെ കുരിശുമെടുത്തു് എന്നെ അനുഗമിക്കട്ടെ" (മത്താ: 16: 24) എന്നു യേശു ശക്തമായി പ്രസ്താവിച്ചിട്ടുണ്ടു്. ഈ ആശയം തന്നെ വി. പൗലോസ് മറെറാരു വിധത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. അതു ഇങ്ങനെ സംഗ്രഹിക്കാം: ഒരുവൻ ക്രിസ്തുവിന്റെ അവയവമായിരിക്കുന്നിടത്തോളവും അവിടുത്തെപ്പോലെയായിരിക്കുന്നിടത്തോളവും മാത്രമേ രക്ഷിക്കപ്പെടുകയും വിശുദ്ധീകരിക്കപ്പെടുകയുമുള്ളു. യേശുവിന്റെ ജീവിതത്തിൽ രണ്ടു ഘട്ടങ്ങൾ കാണാം. ഒന്നാമത്തേതു് ക്ലേശകരമായ ജീവിതം, സഹനം, മരണം. രണ്ടാമത്തേതു് നിത്യമഹത്വം.

നാം ഒന്നാം ഘട്ടത്തിലാണ്. അതിനാൽ നാമിപ്പോൾ നമ്മുടെ സഹനത്തിൽ എത്രമാത്രം കൂടുതലായി അവിടുത്തെപ്പോലെയായിരിക്കുന്നുവോ, അത്രമാതം കൂടുതലായിരിക്കും പരലോകത്തിൽ നമ്മുടെ മഹത്വവും. തന്മൂലമാണ് വി. പൗലോസ് ഇപ്രകാരം രേഖപ്പെടുത്തിയത്: "ഞങ്ങളുടെ ക്ലേശങ്ങൾ നിസ്സാരവും ക്ഷണികവുമാണ്, അവയുടെ ഫലമോ അനുപമമായ മഹത്വവും.... നമുക്ക് വെളിപ്പെടാനിരിക്കുന്ന മഹത്വത്തോടു തുലനം ചെയ്യുമ്പോൾ ഇന്നത്തെ കഷ്ടതകൾ നിസ്സാരമാണെന്നു ഞാൻ കരുതുന്നു." (2 കോറി 4: 17, റോമാ 8: 18).

അപ്പോൾ നമുക്കു സന്തോഷത്തിനുവകയുണ്ട്; വി. പൗലോസിനെപ്പോലെ ക്ലേശങ്ങളിൽപോലും നമുക്കു സന്തോഷിക്കുവാനും കഴിയും. കൂടാതെ വി. പൗലോസിനെപ്പോലെ ക്രിസ്തുവിനോടു കൂടുതൽ അനുരൂപരാകുന്നതിൽ നാം സന്തോഷിക്കുകയും വേണം. ഇതു മനസ്സിലാക്കുവാൻ അവിടുന്ന് ആരാണെന്ന് ആഴമായ അനുഭവസിദ്ധി നമുക്കുണ്ടാകണം. നമ്മുടെ കാലഘട്ടത്തിനു പാപത്തെക്കുറി

www.malankaralibrary.com

ച്ചുള്ള ബോധം നഷ്ടപ്പെട്ടിരിക്കുകയാണ്. അതിനാൽ ഏതാനും നൂററാണ്ടുകൾക്കു മുൻപ് ജീവിച്ച് അതിദാരുണമായ മരണമടഞ്ഞ ഒരു വ്യക്തിയായിമാത്രം, ആ മരണം നമ്മെ വീണ്ടെടുത്തു എന്നു നാം പറയുന്നുണ്ടെങ്കിലും, അവിടുത്തെക്കുറിച്ച് ചിന്തിക്കുക നമ്മെ ഗാഢമായി സ്പർശിച്ചെന്നുവരുകയില്ല. അതിനാൽ അവിടുന്ന് ആരാണെന്ന് മനസ്സിലാക്കാതിരിക്കുന്നപക്ഷം അവിടുത്തെ അനുകരിക്കാൻ നമുക്കു ആകർഷണമുണ്ടാകുകയില്ല. വി. പൗലോസിനും അദ്ദേഹത്തിന്റെ സമകാലീനർക്കും ഇതുകൂടുതൽ ഗ്രഹിക്കുവാൻ കഴിയുമായിരുന്നു. കുരിശ് അതിന്റെ ഭീകരതയിൽ കണ്ടവരാണവർ. അതേസമയം നാംകാണുന്ന ക്രൂശിതരൂപങ്ങൾ അത്രമാത്രം ഭീതിയുളവാക്കുകയില്ല. പക്ഷേ അവർ, വിജാതീയർപോലും, ദൈവം മനുഷ്യനുമായി സമ്പർക്കം പുലർത്തുന്നെന്നു പറയുന്നതിൽ വലിയ ഞെട്ടലനുഭവിച്ചിരുന്നു. നാം മുമ്പുകണ്ടതുപോലെ മഹാനായിരുന്ന പ്ലേറേറാ എഴുതി: "യാതൊരു ദൈവവും സമ്പർക്കത്തിലേർപ്പെടുന്നില്ല". പ്ലേറേറായെക്കാൾ മഹാനായിരുന്ന അരിസ്റ്റോട്ടിൽ പ്രസ്താവിച്ചത് ഒരു ദൈവവും മനുഷ്യനുമായുള്ള മൈത്രി അസാധ്യമാണ്, കാരണം അവർ തമ്മിലുള്ള അകലം അത്ര വലുതാണ്.

ദൈവത്തെക്കുറിച്ച് അവർ വികലമായ ധാരണ പുലർത്തിയിരുന്നു. സർവ്വശക്തനും അനന്തനുമായ ദൈവം മനുഷ്യനായി, അവിടുന്ന് അതിദാരുണവും അതിലജ്ജാവഹവുമായ ഒരു മരണത്തിന് സ്വയം സമ്മതിച്ചു, എന്നു കേട്ടിരുന്നെങ്കിൽ അവർ എന്തു വിചാരിച്ചേനേ! അതിനാലാണ് വി. പൗലോസ് ഇപ്രകാരം രേഖപ്പെടുത്തിയത്: "ഞങ്ങളാകട്ടെ, യഹൂദർക്കു ഇടർച്ചയും വിജാതീയർക്കു ഭോഷത്തവുമായ ക്രൂശിക്കപ്പെട്ട ക്രിസ്തുവിനെ പ്രസംഗിക്കുന്നു." (1 കോറി. 2, 23) നമ്മുടെ പ്രശ്നം നാം ഈ പഠനങ്ങളോടൊന്നിച്ച് വളർന്നവരാണ്, അതിനാൽ നമ്മെ സംബന്ധിച്ചിടത്തോളം ഇതിന്റെ മൂർച്ച ഇല്ലാതായി എന്നതാണ്. മുമ്പുപോലും ഈ പ്രബോധനങ്ങളുടെ മൂർച്ച യഥാർത്ഥത്തിൽ നാം ഗ്രഹിച്ചിട്ടുള്ളവരുമല്ല. ആ മൂർച്ച കരസ്ഥമാ

www.malankaralibrary.com

ക്കുവാൻ നാം പരിശ്രമിക്കേണ്ടതാണ്. അപ്പോഠം, അവിടുന്ന് ആരാണ്, അവിടുന്നു നമുക്കുവേണ്ടി എന്തു ചെയ്തു എന്ന കാര്യങ്ങഠം ആഴമായി നാം ഗ്രഹിക്കുകയും അവിടുത്തെപ്പോലെയാകുവാൻ ഇന്ദ്രിയനിഗ്രഹങ്ങളനുഷ്ഠിക്കാൻ സന്തോഷപൂർവ്വം നാം ആഗ്രഹിക്കുകയും ചെയ്യും.

നമ്മുടെ പാപങ്ങളാണ് അവിടുത്തെ പീഡാസഹനത്തിനും മരണത്തിനും കാരണമായതെന്നും നാം ഗ്രഹിക്കേണ്ടതുണ്ട്. അവിടുന്ന് എന്നെ സ്നേഹിക്കുകയും എനിക്കുവേ വേണ്ടി ജീവൻ ത്യജിക്കുകയും ചെയ്തു'' (ഗലാ. 2: 20) എന്ന് വി. പൗലോസിനോടുകൂടെ നാമോരോരുത്തർക്കും പറയാവുന്നതിനാൽ "അവിടുന്ന് എന്നെപ്രതി മരിച്ചു, എൻെറ പാപങ്ങഠം നിമിത്തം മരിച്ചു'' എന്നും നാം പറയുക. മററു കാരണങ്ങഠം കൂടി ഇന്ദ്രിയനിഗ്രഹമഭ്യസിക്കേണ്ടതിനുണ്ട്. സുപ്രധാനമായ ഒരു കാരണം നമ്മുടെ ആധ്യാത്മികവീക്ഷണത്തിൻെറ വികസനമാണ്. രണ്ടുപേർ ഒരുമിച്ച് സുപ്രസിദ്ധമായ ഒരു ചിത്രപ്രദർശനാലയത്തിൽ പോകുന്നതായി സങ്കല്പിക്കുക. ഒരാഠം ചിത്രങ്ങഠം കണ്ട് ആനന്ദമടയുന്നു. അപരന് മടുപ്പും തോന്നുന്നു. എന്തിനാണ് തൻെറ സ്നേഹിതൻ അവിടെ കൂടുതൽ സമയം ചെലവഴിക്കുന്നതെന്ന് അയാഠം ചിന്തിക്കുന്നു. അയാഠംക്കിഷ്ടം വെറും ചവറുകഠം കാണുകയാണ്. ഇതിൻെറ കാരണം ഒരുവൻ കലയിലെ സൗന്ദര്യം ആസ്വദിക്കാൻ അഭ്യസിച്ചിട്ടുണ്ട്, മറേറയാഠംക്കു ആ അഭ്യസനമില്ലായിരുന്നു, അതിനാൽ കലയിലെ സൗന്ദര്യാസ്വാദനം അയാഠംക്കു സാധിക്കുകയില്ല എന്നതാണ്.

ഇതുപോലെ ദൈവികസത്യങ്ങഠം ആസ്വദിക്കാൻ നാം നമ്മെ സജ്ജരാക്കണം. അങ്ങനെ സജ്ജമാക്കുന്നതിനു പലതും ആവശ്യമാണു്. അവയിലൊന്നു് എളിമയാണെന്നു നാം കണ്ടുകഴിഞ്ഞു. ഇനിയും ഇന്ദ്രിയനിഗ്രഹത്തെക്കുറിച്ചുള്ള വസ്തുതകഠം നാം ആരായുകയാണു്.

ഇങ്ങനെ അതിനെ സമീപിക്കുവാൻ നമുക്കു കഴിയും: ആദത്തിനും ഹവ്വായിക്കും മനുഷ്യത്വത്തിനാവശ്യമായവ (ശരീരം, ആത്മാവ്, മനസ്സു്, ഇച്ഛാശക്തി)യിൽ കൂട്ടു

www.malankaralibrary.com

തലായുണ്ടായിരുന്നു. അവയെ പൊരുത്തപ്പെടുത്താനുള്ള ദാനവും അവർക്കുണ്ടായിരുന്നു. അതില്ലാതിരുന്നതുമൂലം നമുക്കിപ്പോഠം ഇന്ദ്രിയനിഗ്രഹത്തിൻെറ ആവശ്യമുണ്ടു്. കാരണം, ശരീരത്തിലും ആത്മാവിലും പല പ്രവണതകളും നമുക്കുണ്ടാകും. അവ അവയിൽതന്നെ കുററകരവുമല്ല. പക്ഷേ, അവ ഓരോന്നും വ്യക്തിയെ മുഴുവൻ പരിഗണിക്കാതെ തനിക്കിഷ്ടമുള്ളവിധം തൻെറതന്നെ സംതൃപ്തിയെ അന്വേഷിക്കുന്നു. (മുമ്പു നാം കണ്ടതുപോലെ പൊരുത്തപ്പെടലിനുള്ള ദാനത്തിൻെറ പൂർണ്ണത നഷ്ടപ്പെട്ട വസ്തുത വീഴ്ചയ്ക്കുശേഷം ആദം സ്വയം ഒളിച്ചുവെന്ന വസ്തുതയിൽ നാം കാണുന്നു. കാരണം ആദം നഗ്നനായിരുന്നു. വീഴ്ചയ്ക്കുമുൻപും ആദം നഗ്നനായിരുന്നു. എന്നാൽ ലൈംഗിക പ്രേരണ ആദത്തെ വലിച്ചിഴച്ചിരുന്നില്ല. അതു ആദത്തിൻെറ ബുദ്ധിയെ അനുസരിച്ചിരുന്നു)

ഒരു ലോഹക്കഷണം സ്പ്രിംഗ് എന്ന നിലയിൽ പരിഗണിച്ചുനോക്കുക. ഒററവലിക്കും അതു നേരെയാകയില്ല. വീണ്ടും വീണ്ടുമുള്ള പ്രയത്നം ആവശ്യമാണു്. ഇതുപോലെ ക്രമരഹിതമായ നമ്മുടെ പ്രേരണകഠം ഇല്ലാതാക്കുന്നതിനു വളരെക്കാലത്തെ പ്രയത്നം ആവശ്യമാണു്. കാരണം, അവ എതിർത്തുകൊണ്ടിരിക്കും. ഈ ജീവിതത്തിൽ ആ പ്രേരണകളെ ഇല്ലാതാക്കുന്നതിനു നിയമാനുസൃതരീതിയിൽ അവയാഗ്രഹിക്കുന്നതു നൽകാതിരിക്കയാണു മാർഗ്ഗം.

യേശു ഒരിക്കൽ അരുഠംച്ചെയ്തു: ''നിങ്ങളുടെ നിക്ഷേപം എവിടെയോ, അവിടെയായിരിക്കും നിങ്ങളുടെ ഹൃദയവും'' (മത്താ 6: 21) സങ്കുചിതാർത്ഥത്തിൽ, ഒരുവൻ അവൻെറ വീടിൻെറ തറയ്ക്കുതാഴെ ഒളിച്ചുവച്ചിരിക്കുന്ന ഒരു പെട്ടിയാണു് അതെന്നു പറയാം. അവന് അങ്ങനെയൊരു നിക്ഷേപമുണ്ടെങ്കിൽ അതിനെക്കുറിച്ചു ചിന്തിക്കുന്നത് അവൻ ആസ്വദിക്കും. അവൻെറ വിചാരങ്ങളും ഹൃദയവും വലിച്ചടുപ്പിക്കുന്ന ഒരു കാന്തമായിരിക്കും അതു്.

നിക്ഷേപമെന്നതു നാണയമായി പെട്ടിയിൽ ഇടുന്നതു മാത്രമല്ല. അതു എന്തുമാകാം. സുഖഭക്ഷണം, ലൈംഗികാസക്തി, യാത്ര, പൊതുജനത്തിൻെറ നല്ല അഭിപ്രായം,

www.malankaralibrary.com

അധികാരം—എന്നിങ്ങനെ അതു പലതുമാകാം. ഇവയെല്ലാം ദൈവത്തെക്കാരം താണവയാംനു്, ചിലതു് മററു ചിലതിനേക്കാരം താണവ. ഇവയോടെല്ലാമോ എതെങ്കിലുമൊന്നിനോടോ ഒരാരംക്കു ശക്തമായ ആകർഷണമുണ്ടാകുമെന്നതാണ് പ്രാധാന കാര്യം. ആകർഷണതലങ്ങരം തമ്മിൽ വ്യത്യാസമുണ്ടാകാം. ചിലർക്കു കേവലം അപൂർണ്ണതയെന്നുപറയാവുന്നനിലയിലേ ആകർഷണമുണ്ടാകൂ. മററു ചിലർക്കു ലഘുപാപങ്ങളുടെ നിലയിൽ മാത്രം. വേറെ ചിലർക്കു മാരകപാപത്തിൻെറ തലത്തിൽ ആകർഷണമുണ്ടാകും. ഇതു വല്ലപ്പോഴുമോ സാധാരണയോ ആയി ഉണ്ടാകാം, ഏററം താണ നിലയിലുള്ള ആകർഷണങ്ങരം നമ്മെ പിടികൂടുമ്പോരം നമ്മുടെ ചിന്തകളും ഹൃദയങ്ങളും ദൈവസന്നിധിയിലേക്കുയരുകയില്ല. ദൈവത്തെക്കുറിച്ചു ചിന്തിക്കുകയും അവിടുത്തെ സ്നേഹിക്കുകയും അപ്പോരം കൂടുതൽ വിഷമകരമാകും.

ഇതു ഗ്രഹിക്കുവാൻ ഒരു താരതമ്യം സഹായിക്കും. നാം ഒരു ഗാൽവനോമീററിനെക്കുറിച്ചു ചിന്തിക്കുക, ഒരു ചൂഴിയാണിയിൽ ഉറപ്പിച്ചതും എങ്ങോട്ടും കറങ്ങാൻ കഴിവുള്ളതുമായ ഒരു കാന്തസൂചിയാണതു്. ഏകദേശം ഒരു ദിഗ് നിർണ്ണയസംവിധാനമെന്നു പറയാം. അതിനുചുററും ഒരു വളയമുണ്ടു്. ആ വളയത്തിൽ വിദ്യുച്ഛക്തി കടത്തിയാൽ സൂചി ശരിയായ ദിശയിലേക്കു ശരിയായ നിലയിൽ കറങ്ങും. വിദ്യുച്ഛക്തിയെ അതു അളക്കുന്നു.

എൻെറ മനസ്സ് ഇപ്രകാരമുള്ള ഒരു മീററർ ആണ്. ഒരു പ്രവൃത്തി നിർവഹിക്കുവാൻ നയിക്കുന്നതിനും കഴിവുള്ളവനാക്കുന്നതിനും ഒരു യഥാർത്ഥ കൃപ ദൈവം അയയ്ക്കുമ്പോരം (അധ്യായം 18-ഉം ഫിലിപ്യർ 2: 13-ഉം ഓർക്കുക) ഞാനെന്താണു ചെയ്യേണ്ടതെന്ന് ദൈവം ആഗ്രഹിക്കുന്ന നല്ല ആശയം എൻെറ ഉള്ളിൽ കൃപ ആദ്യം ഉളവാക്കുന്നു. എൻെറ സ്വാതന്ത്ര്യം വിലമതിക്കുന്ന നിലയിൽ അതു മൃദുലമായിരിക്കും. അതു കമ്പി വളയത്തിലേക്കു വിദ്യുച്ഛക്തി കടത്തിവിടുന്നതിനു തുല്യമാണു്. പക്ഷേ, ബാഹ്യമായി സൃഷ്ടികളുടെ ആകർഷണം, ചിലപ്പോരം സൃഷ്ടി

കളുടെ നിയമാനുസൃതമായ ഉപയോഗം തന്നെയും ശക്തമായി നമ്മെ വലിച്ചുകൊണ്ടിരിക്കും. കൃപ എന്റെ സ്വാതന്ത്ര്യത്തെ വിലമതിക്കുന്നുവെങ്കിലും ഈ വലിവുകൾ അതിനെ വിലമതിക്കുന്നില്ല.

അപ്പോൾ ഒരു കാര്യം വ്യക്തം: ദൈവകൃപയുടെ പ്രവർത്തനങ്ങൾക്കു നാം പൂർണ്ണമായി വിധേയരാകണമെങ്കിൽ സൃഷ്ടികൾ നമ്മുടെമേലുളവാക്കുന്ന വലിവുകൾ നാം ഇല്ലാതാക്കണം. ആ വലിവുകളെ കുറയ്ക്കുന്നതു് ഇന്ദ്രിയനിഗ്രഹമാണു്. കഴിവുള്ളടത്തോളം ഈ വലിവുകളിൽ നിന്നു്, ഈ ആകർഷണങ്ങളിൽനിന്നു്, സ്വതന്ത്രരായിരിക്കുന്നതിനു വിശുദ്ധർ പരിശ്രമിച്ചു. ചിലർ മരുഭൂമിയിലേക്കുപോലും പോയി. ചെറിയ പാപങ്ങൾ മാത്രമല്ല, അപൂർണ്ണതകൾപോലും ഒഴിവാക്കുന്നതിനു അവർ പരിശ്രമിച്ചു. ബ്രഹ്മചരിയത്തിന്റെയും കന്യകാത്വത്തിന്റെയും വില ഇവിടെ നാം കാണുന്നു. ലൈംഗികത ഏററം ശക്തമായ ഒരു ആകർഷണപ്രതിഭാസമാണ്. വിവാഹജീവിതത്തിൽ അതു നിയമാനുസൃതം മാത്രമല്ല, ശരിയായ വ്യവസ്ഥകൾ പാലിക്കുന്ന പക്ഷം യോഗ്യതാദായകവുമാണു്. നിയമാനുസൃതമായിരിക്കുമ്പോൾ പോലും അതു വലിയ വലിവിനു കാരണമാകാം, അതിനാൽ ദൈവസന്നിധിയിലേക്കു ചിന്തകളും ഹൃദയവും ഉയർത്തുന്നതിനു പ്രയാസകരവുമാവാം. തന്മൂലം വിവാഹിതർ പരസ്പരസമ്മതത്തോടുകൂടി ചിലപ്പോഴെങ്കിലും സംയമനം പാലിക്കുവാൻ വി. പൗലോസ് നിർദ്ദേശിക്കുന്നു, അതു അവർ പ്രാർത്ഥനാജീവിതത്തിനുവേണ്ടി സ്വതന്ത്രരായിരിക്കുന്നതിനാണ്. (1 കോരി 5: 7) വി. പൗലോസ് വിവാഹജീവിതത്തെ അവമതിക്കയാണെന്നു കരുതാതിരിക്കുക, അല്ല. വിവാഹജീവിതം ദൈവദാനമാണെന്നാണ് അദ്ദേഹം പരിഗണിക്കുന്നതു്. (1 കോറി 7: 7) സഭയും ക്രിസ്തുവും തമ്മിലുള്ള ബന്ധം പോലെയാണു് വി. പൗലോസ് വിവാഹജീവിതത്തെ പരിഗണിക്കുന്നതു്. (എഫേ: 5: 32) പക്ഷേ, ഒരു കാര്യത്തിനുതന്നെ രണ്ടു വശങ്ങൾ കാണും. ഉദാഹരണത്തിനു വിതക്കാരന്റെ ഉപമ നോക്കുക. (ലൂക്കോ. 8: 14) ചില

www.malankaralibrary.com

വിത്തുകൾ മുള്ളുകൾ വളരുന്നിടത്തു വീഴുന്നു. മുള്ളുകൾ ഞെരുക്കി ആ വിത്തുകളുടെ വളർച്ച നശിപ്പിക്കുന്നു. ഐഹികജീവിതസമ്പത്തുകളും സന്തോഷങ്ങളുമാണു മുള്ളുകൾ എന്നു സുവിശേഷം പ്രസ്താവിക്കുന്നുണ്ട്. ലൗകികവസ്തുക്കൾ അവയിൽത്തന്നെ തിന്മയല്ല, അവ അവയിൽ തന്നെ നല്ലതാണു്. അവ നല്ല രീതിയിൽ ഉപയോഗിക്കുവാൻ കഴിയുന്നവയാണു്. പക്ഷേ അവയ്ക്കു ഒരു മറുവശമുണ്ടു്. അവ മുള്ളുകളാണു്. തന്മൂലം ചിന്തകൾ ദൈവസന്നിധിയിലേക്കുയരാൻ അവ പ്രതിബന്ധമാകാം. അതിനാൽ ഒരുവൻ അവയിൽ തൻെറ ഹൃദയം നിക്ഷേപിക്കാതിരിക്കണം. അവയുടെ വലിവുകളിൽനിന്നു സ്വതന്ത്രനാകുന്നതിനു കുറെയെങ്കിലും അയാൾ ഉപേക്ഷിക്കണം.

അപ്പോൾ കന്യാത്വത്തിൻെറയും ബ്രഹ്മചര്യത്തിൻെറയും ആത്മാവിലെങ്കിലുമുള്ള ദാരിദ്ര്യത്തിൻെറയും ആധ്യാത്മികവില നമുക്കു ഗ്രഹിക്കുവാൻ കഴിയുന്നു. ദൈവസന്നിധിയിലേക്കു ചിന്തകളുയർത്തുന്നതിനും അവിടുത്തെ നിവേശനങ്ങളുടെ ലോലമാരുതനുപോലും മറുപടി നൽകുന്നതിനും അവ നമ്മെ സഹായിക്കുന്നു. അതുപോലെ അനുസരണം നമ്മുടെ ഇച്ഛാശക്തിയെ നിയന്ത്രിക്കുവാൻ സഹായിക്കുന്നു. ബ്രഹ്മചര്യം, ദാരിദ്ര്യം, അനുസരണം എന്നിവയെ സുവിശേഷോപദേശങ്ങൾ എന്നു പറയുന്നു. ഇവ മൂന്നും യേശുതന്നെ ശുപാർശ ചെയ്തിട്ടുള്ളവയാണു്. അതിനാൽ "ക്രിസ്തുനാഥൻ തെരഞ്ഞെടുത്തതും അവിടുത്തെ ദിവ്യജനനി ആശ്ലേഷിച്ചതും ദാരിദ്ര്യത്താലും വിരക്തിയാലും മുദ്രിതവുമായ ജീവിതത്തോടു ക്രൈസ്തവനെ പൊരുത്തപ്പെടുത്താൻ പര്യാപ്തമാണു്" അവയെന്നു രണ്ടാം വത്തിക്കാൻ സൂനഹദോസ് പ്രസ്താവിച്ചു.

ഇതിനെക്കുറിച്ചു പൗരസ്ത്യസഭാപിതാക്കന്മാരുടെ ഉപദേശം ഇങ്ങനെയാണ്: ഒരുവൻ നിയമാനുസൃതമായ ലൈംഗികാകർഷണത്തിൽ നിന്നുമാത്രം അകന്നാൽ പോരാ, പ്രത്യുത സൃഷ്ടികളുടെ എല്ലാ ആകർഷണങ്ങളിൽനിന്നും അകന്നുമാറണം. തന്മൂലം വിവാഹജീവിതം വേണ്ടെന്നുവയ്ക്കുന്നയാൾ അതുകൊണ്ടുമാത്രം തൃപ്തിയടയരുതു്.

www.malankaralibrary.com

യേശുവിനോടും അവിടുത്തെ മാതാവിനോടും സാധർമ്യം പ്രാപിക്കുന്നതിനും പൂർണ്ണമായ ആധ്യാത്മികവീക്ഷണം ലഭിക്കുന്നതിനും സൃഷ്ടികളോടുള്ള ആകർഷണത്തിൽനിന്നും അയാരം വിമുക്തനാകണം,

നാം ഇതുംകൂടി പരിഗണിക്കേണ്ടതുണ്ടു്. പതിനാറാം അധ്യായത്തിൽ നാം കണ്ടതുപോലെ ഒരാരം സ്വയത്തിൽനിന്നു വിമുക്തനാകുന്നതിനും മറെറാരാളെ അയാളെപ്രതി സ്നേഹിക്കുന്നതിനും ഉള്ള ദൈവപരിപാലനയുടെ മാർഗ്ഗമാണു വിവാഹം. വിവാഹം വേണ്ടെന്നുവയ്ക്കുന്നവർക്കു ഈ സഹായമില്ലല്ലോ. അതിനാൽ ആ കുറവു മററു മാർഗ്ഗങ്ങരം മുഖേന നികത്താൻ അവർ ശ്രദ്ധിക്കേണ്ടതുണ്ടു്. വി. പൗലോസ് കോറിന്ത്യർക്കെഴുതിയ ഒന്നാം ലേഖനം ഏഴാം അധ്യായത്തിൽ പ്രസ്താവിക്കുന്നതു്, വിവാഹജീവിതത്തിൽ ദൃശ്യമാകാത്ത ആധ്യാത്മികസഹായം അവിവാഹിതജീവിതത്തിൽ ലഭിക്കുമെന്നാണ്. വിവാഹജീവിതം നല്ലതു തന്നെ. എന്നാൽ അവിവാഹിതജീവിതം അതിലും ശ്രേഷ്ഠമായതാണു്.

കാലക്രമേണ നമ്മുടെ ശാരീരിക പ്രതിധ്വനി (16ാം അധ്യായത്തിൽ നാമിതു കണ്ടതാണു്) സൃഷ്ടിയുടെ ആകർഷണത്തിൽനിന്നകലുന്നതിനു സാവധാനമായെങ്കിലും സഹായിക്കും. അങ്ങനെ നമുക്കു ലഭിക്കുന്ന ദൈവകൃപയുടെ ആഹ്വാനത്തോടു നാം കൂടുതലായിപ്രതികരിക്കും. ഒരു ശീലമാകുമ്പോരം അതു കൂടുതൽ എളുപ്പം സാധിക്കും.

ചിലർ ഇക്കാലത്തു് ഇങ്ങനെ ഒരു അഭിപ്രായംവച്ചു പുലർത്തുന്നുണ്ടു്: സർഗ്ഗാത്മകരീതി വച്ചുപുലർത്തുക, അന്യരെ സ്നേഹിക്കുക, സ്നേഹമാണു് വലുതെന്നതിനാൽ പലതും ഉപേക്ഷിക്കുകയെന്ന നിഷേധ നിലപാടെടുക്കാതിരിക്കുക. പക്ഷേ, ഇതു യഥാർത്ഥത്തിൽ ഒട്ടും പ്രായോഗികമല്ല. ശാരീരികാരോഗ്യത്തിനു പല ഭക്ഷണപദാർത്ഥങ്ങരം നമുക്കാവശ്യമാണ്. ചിലതു മററു ചിലതിനേക്കാരം താണവയായിരിക്കാം. അതുപോലെ നിഷേധപരമായ ഇന്ദ്രിയ നിഗ്രഹവും ആവശ്യമാണ്. കാരണം അതു നമ്മുടെ ശരീരത്തെ ബാധിക്കുകയും ശാരീരിക പ്രതിധ്വനി

www.malankaralibrary.com

നേരെയാക്കുകയും ചെയ്യും. ആധ്യാത്മികതലത്തിൽ പുരോഗമിക്കുന്നതിനും അതു സഹായകമാകും. കൂടാതെ, നമ്മുടെ ശാരീരികമായ ഇന്ദ്രിയനിഗ്രഹം കൂടുതൽ വിഷമകരമാണെങ്കിൽ, നമ്മുടെ ശാരീരിക പ്രതിധ്വനിയെ കൂടുതൽ നേരെയാക്കാം, ഒരു പ്രത്യേക ആധ്യാത്മിക തലത്തിൽനിന്നു മറ്റൊന്നിലേക്കു കടക്കുക അപ്പോൾ കൂടുതൽ എളുപ്പമാവുകയും ചെയ്യും. കൂടുതൽ ക്ലേശകരമായതു കൂടുതൽ നന്നായതാണെന്നു നാം പ്രസ്താവിക്കുമ്പോൾ അതു വിവേകപൂർവ്വമായ ഇന്ദ്രിയ നിഗ്രഹമായിരിക്കണമെന്നും വിവക്ഷയുണ്ടു്. മിക്കപ്പോഴും ആളുകൾ ഇന്ദ്രിയനിഗ്രഹത്തിന്റെ പരിധി ഗണിക്കാറില്ല. ഒന്നുകിൽ അവർ യാതൊന്നും ചെയ്യാതിരിക്കും, അല്ലെങ്കിൽ ഇന്ദ്രിയ നിഗ്രഹത്തിന്റെ അങ്ങേയററംവരെ എത്താൻ ശ്രമിക്കും. ഇതിൽനിന്നു് ഒരു കാര്യം വ്യക്തമാണു്. ഇന്ദ്രിയനിഗ്രഹത്തിന്റെ കാര്യത്തിൽ ഒരു നല്ല ആധ്യാത്മികനിയന്താവിന്റെ സഹായം നമുക്കു് അത്യന്താപേക്ഷിതമാണു്. ഒരാൾക്കു സ്വന്തകാര്യത്തിൽ ഒരു നല്ല വിധി കർത്താവാകുക സാധ്യമല്ലല്ലോ.

ഇന്ദ്രിയനിഗ്രഹത്തിന്റെ ആവശ്യകതയ്ക്കു മറെറാരു കാരണം കൂടിയുണ്ടു്. നാലാമധ്യായത്തിൽ നാം കണ്ടതുപോലെ തുലാസിന്റെ തട്ടുകൾ വസ്തുനിഷ്ഠമായ നിലയിൽ സമതുലിതമാക്കുക എന്നതാണതു്. നമ്മുടെ പിതാവിന്റെ പരിശുദ്ധി അതാഗ്രഹിക്കുന്നുണ്ടു്. അതിനാൽ നാം അവിടുത്തെ സ്നേഹിക്കുന്നുവെങ്കിൽ തുലാസിന്റെ തട്ടുകൾ സമതുലിതമാക്കുന്നതിനു കഴിവതെല്ലാം ചെയ്യുവാൻ നാമാഗ്രഹിക്കും. ദൈവാഭീഷ്ടമനുസരിച്ചു ജീവിക്കുകയെന്നതുതന്നെയാണു ദൈവസ്നേഹമെന്നും ഓർക്കുക.

അവിടുത്തെ പുത്രനോടു അനുരൂപരാകാനുള്ള ആഗ്രഹവും തുലാസിന്റെ തട്ടുകൾ സമതുലിതമാക്കുന്നതിന് ഇന്ദ്രിയ നിഗ്രഹപ്രവൃത്തികളനുഷ്ഠിക്കാൻ നമുക്കു പ്രചോദനമേകുന്നു. തുലാസിന്റെ തട്ടുകൾ സമതുലിതമാക്കുന്നതിനുവേണ്ടി മരിക്കുവാൻ അവിടുന്നു സന്നദ്ധനായി. അവിടുത്തെ തിരുഹൃദയത്തിനു ഏററം പ്രിയപ്പെട്ട

www.malankaralibrary.com

ഈ കൃത്യത്തിൽ അവിടുത്തെപ്പോലെയാകുവാൻ അവിടുത്തോടുള്ള സ്നേഹം നമ്മെ നയിക്കണം. വി. പൗലോസ് പ്രസ്താവിക്കുന്നതു്, നാം രക്ഷിക്കപ്പെടുകയും വിശുദ്ധരാക്കപ്പെടുകയും ചെയ്യുന്നതു് അവിടുത്തെ അവയവങ്ങളാകുന്നതിൽ മാത്രമല്ല, പ്രത്യുത എല്ലാ കാര്യങ്ങളിലും അവിടുത്തോടു സദൃശരാകുന്നതനുസരിച്ചുമാണെന്നാണു്. അതു് അവിടുത്തെ രക്ഷാകരകൃത്യത്തിലും പങ്കു ചേരുകയാണു സൂചിപ്പിക്കുന്നതു്.

ഈ നിലയിലേക്കു വ്യക്തിപരമെന്നു കരുതാവുന്ന വികാരവും നമ്മെ നിർബന്ധിക്കേണ്ടതാണു്. അവിടുന്നു നമുക്കുവേണ്ടി സഹിച്ചു; അതിനാൽ നാമും അവിടുത്തേക്കുവേണ്ടി സഹിക്കേണ്ടവരാണെന്നതാണു് ആ വികാരം. വി. മാർഗ്ഗരീത്താമറിയം തനിക്കു ലഭിച്ച ദർശനങ്ങളൊന്നിൽ ആളുകളുടെ നന്ദിയില്ലായ്മയെക്കുറിച്ചു നമ്മുടെ കർത്താവു് ഇങ്ങനെ പരിഭവപ്പെടുന്നതായി രേഖപ്പെടുത്തിയിട്ടുണ്ടു്. "ഞാൻ എന്റെ പീഡാനുഭവവേളയിൽ അനുഭവിച്ചതിനേക്കാൾ കൂടുതൽ നൊമ്പരം അതെനിക്കു നൽകുന്നുണ്ടു്. അവർ എന്റെ സ്നേഹത്തിനു പ്രതിസ്നേഹം തന്നിരുന്നുവെങ്കിൽ അവർക്കുവേണ്ടി ഞാൻ ചെയ്തതെല്ലാം നിസ്സാരമെന്നു ഞാൻ പരിഗണിച്ചേനെ. സാധ്യമെങ്കിൽ അവർക്കുവേണ്ടി കൂടുതൽ സഹിക്കുവാൻ ഞാൻ ആഗ്രഹിച്ചേനെ".

ഈ സന്ദർഭത്തിൽ നമ്മുടെ സാധാരണമായ കാഴ്ചപ്പാടിന്റെ ശക്തിക്കതീതമായ ഒരു കാര്യം ഗ്രഹിക്കുവാൻ നാം പരിശ്രമിക്കുക. അവിടുത്തെ മാനുഷികമനസ്സു് അതിന്റെ ഉത്ഭവവേളയിൽതന്നെ അവശ്യമായി ദൈവത്വത്തോടു യോജിച്ചിരുന്നതിനാൽ ദൈവത്വത്തിന്റെ കാഴ്ചയിൽ ആ മനസ്സ് നൂററാണ്ടുകളിൽ ലോകത്തിലുണ്ടായതും ഉണ്ടാകുവാനിരിക്കുന്നതുമായ പാപങ്ങരം ശരിയായി കണ്ടിട്ടുണ്ടു്. അവയ്ക്കു പരിഹാരമായി മനുഷ്യർ അനുഷ്ഠിക്കുന്ന പ്രായശ്ചിത്തങ്ങളും പരിഹാരപ്രവൃത്തികളും കണ്ടിട്ടുണ്ടു്. ഇതു അവിടുത്തേക്കു കുറെ സമാശ്വാസം നൽകുമെന്നതും തീർച്ചയാണു്. അതിനാൽ പതിനൊന്നാം പീയൂസ് മാർ

www.malankaralibrary.com

പ്പാപ്പാ തന്റെ "മിസരന്തീസിമൂസ് റെദംപ്തോർ" (ഏറ്റം കരുണയുള്ള രക്ഷകൻ) എന്ന ചാക്രികലേഖനത്തിൽ രേഖപ്പെടുത്തി: "വരാനിരിക്കുന്നവ മുൻകൂട്ടി കണ്ടതിനാൽ നമ്മുടെ പാപങ്ങൾ നിമിത്തം ക്രിസ്തുവിന്റെ ആത്മാവു് (ഗത്സമേനിൽ) മരണകരമായ ദുഃഖത്തിലെത്തിയെങ്കിൽ നമ്മുടെ പരിഹാരപ്രവൃത്തികൾ മൂലം അവിടുത്തേക്കു കുറെ സമാശ്വാസങ്ങളും ഉണ്ടായെന്നതു സംശയരഹിതമായ കാര്യമാണു്"'. ഇതിനെക്കുറിച്ച് ശരിയായ അവബോധം നമുക്കു സാധ്യമല്ല. എന്നാൽ ദൈവശാസ്ത്രപരമായ നിഗമനം മാർപ്പാപ്പാ പ്രസ്താവിച്ചതു ശരിയാണെന്നും കാണിക്കുന്നുണ്ടു്. ഇപ്പോഴുള്ള നമ്മുടെ പ്രവൃത്തി അന്നു് അവിടുത്തേക്കു സമാശ്വാസം നൽകിയിയിട്ടുണ്ടു്. അതു സമൃദ്ധമായി നിർവഹിക്കുന്നതിനു സ്നേഹവും നന്ദിയും നമ്മെ പ്രേരിപ്പിക്കണം.

അപ്പോൾ ഈ നിഗമനം കൂടിയുണ്ടാകും. വി. പൗലോസ് പ്രസ്താവിക്കുന്നതുപോലെ "അവിടുന്നു് എന്നെ സ്നേഹിക്കുകയും എനിക്കുവേണ്ടി മരിക്കുകയും ചെയ്തു." (ഗലാത്യർ 2; 20) അങ്ങനെ ഞാനുൾപ്പെടെ എല്ലാ മനുഷ്യർക്കുംവേണ്ടിയാണു്, ഓരോ ആത്മാവിനും വേണ്ടിയാണ് അവിടുന്നു് സ്വയംബലിയായർപ്പിച്ചത്. അതിനാൽ ഞാൻ അവിടുത്തെ സ്നേഹിക്കുന്നുവെങ്കിൽ, അവിടുത്തെ പ്രതി ആത്മാക്കളെ രക്ഷിക്കുവാൻ പ്രയത്നിക്കും. അതിനുവേണ്ടി പാപപരിഹാരം ചെയ്യുന്നതിനു് അതായതു അവിടുത്തെ പുത്രനോടൊന്നിച്ചു തുലാസിന്റെ തട്ടുകൾ സമതുലിതമാക്കുന്നതിനു്, പിതാവിന്റെ പരിശുദ്ധി ആവശ്യപ്പെടുന്നു.

നമ്മുടെ പരിശുദ്ധ ജനനി 1917 ആഗസ്റ്റ് 13-ാം തീയതി ഫാത്തിമായിൽവച്ചു് മൂന്നു കുട്ടികളോടു പറഞ്ഞ കാര്യം ഇതു കൂടുതൽ സ്പഷ്ടമാക്കുന്നുണ്ടു്. പ്രാർത്ഥിക്കുക, വളരെയധികം പ്രാർത്ഥിക്കുക. പാപികൾക്കുവേണ്ടി പ്രായശ്ചിത്തമനുഷ്ഠിക്കാനും മധ്യസ്ഥത യാചിക്കാനും ആരുമില്ലാത്തതിനാൽ അവർ നരകത്തിൽ പോകാനിടയാകാതിരിക്കേണ്ടതിനു പ്രായശ്ചിത്തമനുഷ്ഠിക്കുക.

www.malankaralibrary.com

പ്രാർത്ഥിക്കാനും പ്രായശ്ചിത്തമനുഷ്ഠിക്കാനും മററൊരാളില്ലാത്തതിനാൽ, എങ്ങനെ ഒരു ആത്മാവ് നരകത്തിലാകും? അതിന്റെ കാരണം, ചില ആത്മാക്കൾ തങ്ങളെത്തന്നെ അന്ധരാക്കുന്നതാണു്. സൃഷ്ടികളുടെ ആകർഷണവലിച്ചിലിൽ അവർ സ്വയം അകപ്പെടുത്തുന്നതിനാൽ കൃപയുടെ ലോലമാരുതൻ അവരെ ഏശുകയില്ല. അപ്പോൾ പ്രവർത്തനപ്രചോദനം അവർക്കു നല്കുന്നതിനു കൃപയ്ക്കു സാധ്യമാകാതെവരും. അവരുടെയുള്ളിൽ നല്ല ചിന്ത കടന്നുചെല്ലുകയെന്ന ആദ്യഘട്ടം തന്നെ അസാധ്യമാകും. കൃപ കൂടാതെ ഒരുവനും രക്ഷ പ്രാപിക്കുക സാധ്യമല്ലല്ലോ. കൃപ കടന്നു ചെല്ലുന്നതിനുള്ള വാതിൽ കൊട്ടിയടച്ചാൽ അവർ നഷ്ടപ്പെട്ടതുതന്നെ. എന്നിരുന്നാലും ഒരു സാധ്യത പരിശുദ്ധ ജനനി കാണിച്ചുതരുന്നു, സഹനവും വളരെയധികം പ്രാർത്ഥനയും. അവളുടെ വാക്കുകൾ ഒരു വസ്തുത ഭംഗ്യന്തരേണ വ്യക്തമാക്കുന്നുണ്ടു്. അന്ധരും കഠിനഹൃദയരുമായ പാപികളെപ്പോലും അവർ അസാധാരണമായ കൃപ സ്വീകരിച്ചാൽ നരകത്തിൽ അകപ്പെടുന്നതിൽ നിന്നും രക്ഷിക്കാം. ഒരു അത്ഭുതത്തോട് സ്വാഭാവികനിലയിൽ അതിനെ താരതമ്യപ്പെടുത്താം.

ഏതു വ്യവസ്ഥകളിലാണു് ഇപ്രകാരം അസാധാരണമായതോ അത്ഭുതകരമായതോ ആയ കൃപ നൽകപ്പെടുക? വസ്തുനിഷ്ഠമായ ക്രമത്തിലുള്ള തുലാസിന്റെ തട്ടുകളുടെ സമതുലിതാവസ്ഥ നമ്മുടെ പിതാവിന്റെ പരിശുദ്ധി പരിഗണിക്കുന്നു. ആ തുലാസിന്റെ തട്ടുകളൊന്നിൽ അസാധാരണഘനമുള്ള ഒരു കട്ടിയിടുന്നപക്ഷം, അതു കഠിനപാപികളെ രക്ഷിക്കുന്നതിനു അത്ഭുതകരമായ കൃപ നൽകുവാനുള്ള അപേക്ഷ സ്വീകാര്യമാക്കും. നരകത്തിൽ വീഴുന്നതിൽനിന്നു കഠിനപാപികളെപ്പോലും രക്ഷപെടുത്തുവാൻ നമ്മുടെ പിതാവിനോടും ആത്മാക്കളോടുമുള്ള സ്നേഹം നമ്മെ പ്രേരിപ്പിക്കുന്നു. ഫാത്തിമായിലെ ആ മൂന്നു കുട്ടികളും ഈ ഉദ്ദേശ്യത്താൽ പ്രേരിതരായി വീരോചിതമാംവിധം പ്രവർത്തിച്ചു.

യാതൊന്നിനും മാററിക്കളയാൻ പാടില്ലാത്തതും നിലനില്ക്കുന്നതുമായ ഒരു സമാധാനം, ആത്മാവിന്റെ അഭി

www.malankaralibrary.com

കാമ്യസ്ഥിതിയെന്നു പറയാവുന്ന സമാധാനം, നമ്മുടെ പിതാവിനോടു വളരെ വിശ്വസ്തരായ ആത്മാക്കൾക്കു ലഭിക്കുമെന്നു പതിനേഴാം അധ്യായത്തിൽ നാം കണ്ടതാണ്. നമ്മുടെ അസ്തിത്വത്തിൻെറ താണതലങ്ങളിൽ കൊടുങ്കാറേറാ അന്ധകാരമോ ഉണ്ടായേക്കാം. പക്ഷേ, അതിൻെറ ഉപരിതലം എപ്പോഴും സൂര്യപ്രകാശത്തിൽ ഉയർന്നു വിരാജിക്കും. ഈ സ്ഥിതിയുളവാക്കുന്ന പ്രധാന കാരണം ഇന്ദ്രിയനിഗ്രഹത്തിൽ നാം കാണിക്കുന്ന ഉദാരതയാണു്. വരാനിരിക്കുന്ന ലോകത്തിലെ നന്മയുമായി തുലനം ചെയ്യുമ്പോൾ ഐഹികകാര്യങ്ങൾ വിലയില്ലാത്തതാണെന്നു വിശ്വാസം നമ്മെ പഠിപ്പിക്കുന്നു. "ക്രിസ്തുവിനുവേണ്ടി സകലതും പരിത്യജിച്ചെന്നും അവയെല്ലാം ഉച്ഛിഷ്ടമായി" പരിഗണിക്കുന്നുവെന്നും (ഫിലിപ്യർ 3; 8) ധൈര്യപൂർവ്വം തന്നെ വി. പൗലോസ് രേഖപ്പെടുത്തി. ദൈവം സൃഷ്ടിച്ചവയെല്ലാം നല്ലവയാണെന്നു് വി. പൗലോസിനറിയാമായിരുന്നു. അദ്ദേഹം അതു നിഷേധിച്ചില്ല. പക്ഷേ, ഐഹികകാര്യങ്ങൾ വരാനിരിക്കുന്ന ജീവിതത്തിലെ നന്മയുമായി തുലനം ചെയ്യുമ്പോൾ വിലയില്ലാത്തതാണെന്നു അദ്ദേഹം പ്രസ്താവിച്ചതു് നാം ലക്ഷ്യത്തിലെത്താതിരിക്കുവാൻ അവ മനപ്പതർച്ച ഉണ്ടാക്കുന്നതുനിമിത്തമാണു്. ജ്ഞാനം ഇതു നന്നായി പറയുന്നു: "തിന്മയുടെ വശീകരണശക്തിയിൽ നന്മയ്ക്കു മങ്ങലേൽക്കുന്നു; ഭ്രമിപ്പിക്കുന്ന മോഹഹം നിഷ്കളങ്കഹൃദയത്തെ വഴി തെററിക്കുന്നു" (ജ്ഞാനം 4: 12) നമ്മുടെ മാനസികമായ അളവുകോലിനുണ്ടാകാവുന്ന വലിവുകൾ നോക്കുമ്പോൾ ഇതു വ്യക്തമാകും.

ഇങ്ങനെയുള്ള വിശ്വാസത്തോടുകൂടി പ്രവൃത്തിക്കുക ആത്മാവിനെ ശക്തമാക്കാനുള്ള മാർഗ്ഗമാണ്. ആത്മാവിനു അഭികാമ്യമായ സംതൃപ്തിയും സമാധാനവും അതുമൂലം ലഭിക്കും. ദിവ്യനാഥൻ ഗിരിപ്രഭാഷണത്തിൽ അരുളിച്ചെയ്ത അഷ്ടസൗഭാഗ്യങ്ങൾ (മത്താ: 3-10) ഈ ലോകത്തിൽ മാത്രമല്ല നിത്യമായ ലോകത്തിലും സന്തോഷമനുഭവിക്കാനുതകുമെന്നു് നാം ഗ്രഹിക്കുക. ഈ രീതിയിൽ ജീവിക്കുന്നതിനു സൃഷ്ടവസ്തുക്കളോടുള്ള നിസ്സംഗത

www.malankaralibrary.com

യും ഇന്ദ്രിയനിഗ്രഹവും വളരെ ആവശ്യമാണു്. അങ്ങനെ ജീവിക്കുന്നവർ ഈ ലോകത്തിൽത്തന്നെ സന്തോഷമനുഭവിക്കും.

മറിച്ച് ക്ഷണഭംഗുരമായ സന്തോഷത്തിന്റെ പിന്നാലെ പായുന്നവൻ അതു തന്നിൽനിന്നു ഓടിയകലുന്നതായിത്തന്നെ കാണും. ജീവിതത്തിൽ ധാരാളം ധനം സമ്പാദിക്കയും ഐഹികസുഖങ്ങൾ ആവോളം പാനം ചെയ്യുകയും ചെയ്തിട്ടും മാനസികസംതൃപ്തി ആസ്വദിക്കാൻ കഴിയാത്ത ധാരാളം സമ്പന്നരുടെ കഥകൾ നാം കേട്ടിട്ടുണ്ടല്ലോ. വെറുതെയല്ല വി. അഗസ്തീനോസ് പ്രസ്താവിച്ചതു്: "കർത്താവേ, നീ ഞങ്ങളെ നിനക്കായി സൃഷ്ടിച്ചു, നിന്നിൽ വന്നു ചേരുന്നതുവരെ ഞങ്ങളുടെ ഹൃദയം സംതൃപ്തമാകയില്ല". പലതും സ്വയം ത്യജിക്കുന്നവർക്കു ഈ ലോകത്തിൽ തന്നെ പലതും സമൃദ്ധമായി ലഭിക്കും. "പ്രത്യാശ സാക്ഷാത്കാരത്തെക്കാൾ വലുതാണ്" എന്ന പഴമൊഴിയിൽ കുറച്ചു കഴമ്പുണ്ടു്,

ഈ ലോകത്തിൽ എല്ലാ സൃഷ്ടവസ്തുക്കളും മടുപ്പുളവാക്കുന്നവയാണു്. വളരെ നാളുകൾ ആഗ്രഹിച്ചശേഷം ഒരാൾ ഒരു ടേപ്പ്റിക്കാർഡർ വാങ്ങിയെന്നു സങ്കല്പിക്കുക. കുറെ നാളത്തേക്കു അതു പ്രവർത്തിപ്പിക്കുക അയാൾക്കു സന്തോഷകരമായിരിക്കും, ദീർഘനാളുകൾക്കുശേഷം അതിൽ അയാൾ സന്തോഷം കണ്ടെത്തുകയില്ല. പ്രത്യുത അയാൾക്കു മടുപ്പു തോന്നും. വേറൊരാൾ അതു പ്രവർത്തിപ്പിക്കുമ്പോഴും അയാൾക്ക്അതിൽ രസം തോന്നുകയില്ല. ലൗകിക വസ്തുക്കളിൽ തുടർച്ചയായി സന്തോഷം തേടുന്നവർ സംതൃപ്തരാകയില്ല. ചിലപ്പോൾ അവർ ഞരമ്പുരോഗികളുമായേക്കാം.

ലൈംഗികകാര്യത്തിന്റെ കഥ പറയാനുമില്ല. ടേപ്പ് റിക്കാർഡിനെക്കാൾ വേഗംതന്നെ അതു മടുപ്പും ചെടിപ്പും ഉളവാക്കും. അതിനാലാണു് "ലൈംഗികതയുടെ സന്തോഷം അനുഭവിക്കുക" എന്ന പേരോ മറ്റോ ഉള്ള ചവറുപുസ്തകങ്ങൾ രതിവൈകൃതങ്ങളിലേക്കും അനുവാചകരെ മാടിവിളിക്കുന്നതു്, കുറെ കാലത്തേക്കെങ്കിലും ലൈം

www.malankaralibrary.com

ഗിക പ്രവൃത്തികളിൽനിന്നു വിട്ടു നിന്നിട്ട് വീണ്ടും അവ യിൽ ഏർപ്പെടാൻ ചില മനശാസ്ത്രജ്ഞന്മാർ അതിനാലാണു പറയുന്നതു്. വിവാഹജീവിതത്തിൽ പ്രകൃത്യനുസൃതമായ കുടുംബസംവിധാനം വിവാഹജീവിതത്തിന്റെ സുഗമമായ പുരോഗമനത്തിനനുപേക്ഷണീയമാണു്.

വിജാതിയനായിരുന്ന എപ്പിക്കൂരസ് പഠിപ്പിച്ചതു് ഐഹിക സന്തോഷമാണു് ജീവിതലക്ഷ്യമെന്നാണു്. പക്ഷേ,മേലുദ്ധരിച്ച ആശയം അയാ‌ൾ അല്പമെങ്കിലും ഗ്രഹിച്ചിരുന്നെന്നു തോന്നുന്നു. കാരണം അയാളുടെ ജീവിതം വളരെ ലളിതമായിരുന്നു. റോമൻ തത്വശാസ്ത്രജ്ഞനായിരുന്ന സെനക്കാ രേഖപ്പെടുത്തിയിട്ടുള്ളതു എപ്പിക്കുരസ് ചില വേളകളിൽ സന്തോഷങ്ങളിൽനിന്നു വിട്ടു നിൽക്കുമെന്നും "വളരെ ചെറിയ ഒരു നാണയം കൊണ്ടു് ഒരു നേരത്തെ ഭക്ഷണം ഞാൻ കഴിക്കും" എന്നു് പ്രസ്താവിച്ചിട്ടുണ്ടെന്നുമാണു്. ഡയാജെനസ്ലേർസിയൂസ് എഴുതിയ എപ്പിക്കൂരസിന്റെ ജീവിതചരിത്രത്തിൽ എപ്പിക്കൂരസിന്റെ ഒരു കത്തിന്റെ ഭാഗം ഉദ്ധരിച്ചിട്ടുള്ളതു ശ്രദ്ധിക്കുക: "എനിക്കു ഒരു പാത്രം പാൽക്കട്ടി അയയ്ക്കുക. അതുകൊണ്ടു് ഒരു സദ്യതന്നെ ഞാൻ കഴിക്കും." അയാളുടെ ശിഷ്യന്മാരാണ് എപ്പിക്കൂരിയനിസം എന്ന മോശമായ വാക്കിനു കാരണക്കാരായതു്.

നമ്മുടെ പിതാവു് അനന്തമായ ഔദാര്യമാണ്. അവിടുത്തേക്കുവേണ്ടി ഈ ലോകത്തിൽ പലതും നാം ത്യജിച്ചാൽ അവിടുത്തെ പുത്രൻ വാഗ്ദാനം ചെയ്ത നൂറു മടങ്ങു് (മർക്കോ, 10: 30, ലൂക്കോ 18: 39) ഈ ലോകത്തിൽവച്ചു തന്നെ നമുക്കു ലഭിക്കും.

www.malankaralibrary.com

# അധ്യായം 20

## കുരിശിനെ എങ്ങനെ പിൻചെല്ലണം

കഴിഞ്ഞ അധ്യായത്തിൽ പ്രസ്താവിച്ച കാര്യങ്ങൾ ആഴമായി നാം ധ്യാനിക്കുമെങ്കിൽ, നമ്മുടെ കുരിശെടുത്തു് അവിടുത്തെ അനുഗമിക്കുന്നതിലേക്കും പരിശുദ്ധ ജനനിയുടെ സഹനങ്ങളിൽ പങ്കു ചേരുന്നതിലേക്കും അതു നമ്മെ നയിക്കും. പക്ഷേ, അടുത്ത ചോദ്യം: ഒരുവൻ എങ്ങനെയാണു് ഇതു പ്രാവർത്തികമാക്കേണ്ടതു്?

ആദ്യം രണ്ടു കാര്യങ്ങൾ ഓർക്കുക, രണ്ടു രീതികളിലുള്ള ഇന്ദ്രിയനിഗ്രഹമുണ്ടു്. സ്വയം ഏൽപ്പിക്കുന്നതും ദൈവപരിപാലനയിലുള്ളതും.

ദൈവപരിപാലനയിലുള്ള ഇന്ദ്രിയനിഗ്രഹം ദൈവം അയയ്ക്കുന്നതോ നമ്മുടെ പക്കൽ വരുന്നതിനു അനുവദിക്കുന്നതോ ആണു്. അവിടുത്തെ തിരുഹിതത്തോടു യോജിച്ചുകൊണ്ട് നാം അതു ഏററം നന്നായി ഉപയോഗിക്കണം. സ്വയം ഏൽപ്പിക്കുന്ന ഇന്ദ്രിയനിഗ്രഹം നാം സ്വമേധയായും സ്വതന്ത്രമായും നമ്മുടെ മേൽ ഏൽപ്പിക്കുന്നതാണു്.

നിർഭാഗ്യവശാൽ ആധുനിക കാലത്തു് ആധ്യാത്മിക മാർഗ്ഗത്തിൽ തനി വ്യക്തിപരമായ ആശയങ്ങൾ കുത്തിത്തിരുകി ആത്മാക്കളെ വഴിതെററിക്കുന്ന ചിലർ കടന്നു കൂടിയിട്ടുണ്ടു്. ദൈവപരിപാലനയിലുള്ള ഇന്ദ്രിയ നിഗ്രഹം ദൈവം അയയ്ക്കുന്നതാകയാൽ നല്ലതാണെന്നു അവർ സമ്മതിക്കുന്നുണ്ട്. സ്വയം ഏൽപ്പിക്കുന്ന ഇന്ദ്രിയനിഗ്രഹം നല്ലതല്ലെന്ന് അവർ പറയുന്നു. ചില കാര്യങ്ങൾ ഉപേക്ഷിക്കുക ദോഷകരമാണെന്നും മേലധികാരികളോടുള്ള അനുസരണം ആധ്യാത്മികമായ പക്വത നേടാൻ പലപ്പോഴും വിലങ്ങുതടിയാകുമെന്നുംകൂടി അവർക്കഭിപ്രായമുണ്ടു്,

ആത്മീയ പ്രേഷിതത്വത്തെക്കുറിച്ച് രണ്ടാം വത്തിക്കാൻ സൂനഹദോസ് പുറപ്പെടുവിച്ച ഡിക്രിയിലെ ഏഴാം ഖണ്ഡിക അവർ തങ്ങളുടെ വാദത്തിനു ഉപോൽബലകമാക്കുന്നു. മൂന്നു കാരണങ്ങൾ നിമിത്തം അവ നല്ലതാണ്.

www.malankaralibrary.com

1) ദൈവം അവയെ നല്ലതായി സൃഷ്ടിച്ചു. ഓരോന്നിനെ സൃഷ്ടിച്ചശേഷം അതു നല്ലതാണെന്നു ദൈവം അരുളിച്ചെയ്തു. 2) എല്ലാ സൃഷ്ടവസ്തുക്കളും മനുഷ്യരുടെ ഉപയോഗത്തിനാണ്. ദൃശ്യസൃഷ്ടിയുടെ ഉത്തുംഗതയാണു മനുഷ്യൻ. 3) മനുഷ്യാവതാരത്തിൽ ക്രിസ്തു മനുഷ്യസ്വഭാവം സ്വീകരിച്ചു. അവിടുന്നു സൃഷ്ടവസ്തുക്കൾ ഉപയോഗിച്ചു. അങ്ങനെ സൃഷ്ടവസ്തുക്കൾക്കു ഒരു പുതിയ മഹത്വം കൈവന്നു.

എല്ലാ സൃഷ്ടികൾക്കും ഈ ത്രിവിധമഹത്ത്വം അഥവാ നന്മയുണ്ടെന്നതു ശരി. വത്തിക്കാൻ സൂനഹദോസ് അതു ഉറപ്പായി പ്രസ്താവിച്ചിട്ടുണ്ടെന്നതും ശരി. പക്ഷേ, മുൻ പ്രസ്താവിച്ച വികലമായ ആശയം വച്ചുപുലർത്തുന്നവരുടെ തെററ് ഇതാണ്. എല്ലാ സൃഷ്ടികളും നല്ലതായതിനാൽ ഒന്നും ഉപേക്ഷിക്കേണ്ടതില്ല. നേരെമറിച്ച് ദൈവസന്നിധിയിലേക്കു അവിടുത്തെ പൂർണ്ണതകൾ കാണിച്ചുകൊണ്ട് അവ നമ്മെ നയിക്കുന്നു.

സൃഷ്ടികൾ നല്ലതുതന്നെ. പക്ഷേ, സ്വമനസ്സാലെ എന്തെങ്കിലുമുപേക്ഷിക്കുന്നതിൽ വിലയൊന്നുമില്ലെന്ന നിഗമനത്തിലെത്തുക തെററായ ചിന്താരീതിയാണ്. രണ്ടാം വത്തിക്കാൻ സൂനഹദോസ് ഈ ചിന്താരീതി സ്വീകരിച്ചിട്ടില്ല. നേരെമറിച്ച് പത്തൊമ്പതാം അധ്യായത്തിൽ നാം കണ്ടതുപോലെ സുവിശേഷോപദേശങ്ങളായ അനുസരണം ബ്രഹ്മചര്യം, ദാരിദ്ര്യം എന്നിവ "ക്രിസ്തുനാഥൻ സ്വയം തെരഞ്ഞെടുത്തതും അവിടുത്തെ ദിവ്യജനനി ആശ്ലേഷിച്ചതും ദാരിദ്രത്താലും വിരക്തിയാലും മുദ്രിതമായ ജീവിതത്തോടു ക്രൈസ്തവനെ പൊരുത്തപ്പെടുത്താൻ പര്യാപ്തവുമാണു്" എന്നത്രേ സൂനഹദോസ് പ്രസ്താവിച്ചിട്ടുള്ളതു്. ദാരിദ്ര്യവും അനുസരണവും ബ്രഹ്മചര്യവും സൃഷ്ടികളെ ഉപേക്ഷിക്കുന്നതിനുള്ള മൂന്നു മാർഗ്ഗങ്ങളാണു്. അതിനാൽ മുമ്പു പ്രസ്താവിച്ച വികലമായ ആധ്യാത്മികത തെററാണ്. കൂടാതെ 19-ാം അധ്യായത്തിൽ നാം പ്രതിപാദിച്ച സൃഷ്ടികളുടെ വലിച്ചിൽ അഥവാ ആകർഷണം അതു കണക്കിലെടുക്കുന്നില്ല. സൃഷ്ടികളെ വളരെ സൂ

www.malankaralibrary.com

ക്ഷ്മതയോടെ കൈകാര്യം ചെയ്താൽ അവ ദൈവത്തിങ്കലേക്കു നമ്മെ നയിക്കും. മുള്ളുകളുടെ ഇടയിൽ വീണ വിത്തുകളെക്കുറിച്ചുള്ള ഉപമകൂടി ഈ സന്ദർഭത്തിൽ നാം ഓർക്കുക.

മേൽ പ്രസ്താവിച്ച വികലമായ ആധ്യാത്മികത രണ്ടുവിധത്തിൽ നാശകരമാകാം. ഒന്നാമതായി, വിവാഹജീവിതം തകരുന്നതിനോ, അസാധുവായ വിവാഹത്തിനുതന്നെയോ കാരണമാകാം. ഭോഗലിപ്സാപൂരണമല്ലാ വിവാഹജീവിതം. അതു വളരെ കൊള്ളക്കൊടുക്കുകൾ ആവശ്യപ്പെടുന്ന ഒന്നാണു്. വിവാഹദിനംവരെ യാതൊന്നുമുപേക്ഷിക്കാതെ ജീവിച്ച ഒരു വ്യക്തി ഇങ്ങനെയുള്ള കൊള്ളക്കൊടുക്കുകൾക്കു സന്നദ്ധത കാണിക്കുകയില്ലെന്നു തീർച്ചയാണു്. സുഖാന്വേഷിമാത്രമായ ഒരു വ്യക്തി സ്ഥിരമായി സ്വയം, ത്യാഗമാവശ്യപ്പെടുന്ന ഒരു ജീവിതാവസ്ഥയ്ക്കു പ്രാപ്തിയില്ലാത്തയാളാണു്. വിവാഹം അതിന്റെ പ്രകൃതിയാൽതന്നെ രണ്ടു വ്യക്തികളുടെ പരസ്പരമുള്ള സമർപ്പണമാണു്. വളരെ അപൂർവ്വമായിട്ടെങ്കിലും ആരംഭത്തിൽതന്നെ ആ വിവാഹം വിജയപ്രദമാക്കുന്നതിനുള്ള സാധ്യത വളരെ കുറവായിരിക്കും.

ദൈവവിളികളുടെ കാര്യത്തിലും ഈ അപകടം സംഭാവ്യമാണു്. ഒരു യുവാവ് പൗരോഹിത്യമോ സന്ന്യാസജീവിതമോ പരിഗണിക്കുന്നുവെന്നു് സങ്കല്പ്പിക്കുക. ശരിയായ നിലയിൽ ജീവിക്കാനാണെങ്കിൽ അയാൾ പലതും ഉപേക്ഷിക്കേണ്ടിവരുമെന്നതു തീർച്ചയാന്നു്. അപ്പോൾ മുൻപുപറഞ്ഞ ആധ്യാത്മികത അയാളെ പിടികൂടുന്നുവെന്നു കരുതുക എന്തെങ്കിലും ഉപേക്ഷിക്കുക എനിക്കു യാതൊരു ഗുണവും ചെയ്യുകയില്ല എന്നയാൾ കരുതുന്നുന്നു. ഇങ്ങനെയുള്ള ഒരു ദൈവവിളിക്കു പിന്നാലെ ഏതു മണ്ടനാണു പോകുക? ഇനിയും മഠത്തിൽ ചേർന്ന ഒരു സഹോദരിയുടെ കാര്യം സങ്കല്പിക്കാം. മുൻപു പറഞ്ഞ വികലമായ ചിന്ത അവളെയും പിടികൂടുന്നു. ഒന്നുകിൽ അവൾ മഠം വിട്ടുപോകും. അല്ലെങ്കിൽ തന്റെ നവീനാശയമനുസരിച്ചു ജീവിക്കുവാനും മഠത്തിലാകെ ആ വിനാശകരമായ

www.malankaralibrary.com

ചിന്ത പരത്താനം ശ്രമിച്ചെന്നുവരും. ശരിയായ ആധ്യാത്മികതയുടെ തളർച്ച അവിടെ ആരംഭിക്കുകയായി. വസ്ത്രധാരണഫാഷനിൽ, ദാരിദ്രമില്ലായ്മയിൽ ഒക്കെ വീണുപോകുന്ന ആ ജീവിതം ഒരു യഥാർത്ഥ സന്യാസിനിയുടേതാകുമോ?

കൂടാതെ ഈ വികലമായ ആശയമനുസരിച്ച് ജീവിക്കുന്നവർക്കു യഥാർത്ഥ സന്തോഷമുണ്ടാകുകയില്ല. കാരണം, യഥാർത്ഥ പക്വത മാത്രമേ സന്തോഷം നല്കുകയുള്ളു. സുഖഭോഗത്തിലാറാടി, ഒന്നുമുപേക്ഷിക്കാതെ ജീവിക്കുന്നവർ പക്വത പ്രാപിക്കുകയില്ല. 16-ാം അദ്ധ്യായത്തിൽ നാം കണ്ടതുപോലെ വിജാതീയനായിരുന്ന സോക്രട്ടീസിനുപോലും ഇതറിയാമായിരുന്നു. സത്യാന്വേഷി ശാരീരിക സന്തോഷങ്ങൾ ആവുന്നിടത്തോളം പരിത്യജിക്കണമെന്നു് അദ്ദേഹം പല പ്രാവശ്യം പ്രസ്താവിച്ചിട്ടുണ്ടു്. 256 ബി. സി. വരെ വിജാതിയരായ റോമാക്കാർ തങ്ങളുടെ ജീവിതത്തിൽ ഈ തത്വം പാലിച്ചുപോന്നു. ശരിയായി ജീവിച്ച അവർ സന്തോഷമനുഭവിച്ചിരുന്നു. വെറുതെയല്ല വി. അഗസ്തീനോസ് പ്രസ്താവിച്ചതു്: "ക്രമരഹിതമായി ജീവിക്കുന്ന ഓരോ ആത്മാവിനും അതിൻെറ ശിക്ഷ ലഭിക്കുന്നു."

സ്വയമായി അനുഷ്ഠിക്കുന്ന ഇന്ദ്രിയനിഗ്രഹം അത്യാവശ്യമാണു്. മനുഷ്യർക്കു മുമ്പിൽ നല്ലവരായി ചമയാൻ വേണ്ടിയുള്ളതല്ല. അതു പറഞ്ഞാൽ പത്താം അദ്ധ്യായത്തിൽ നാം കണ്ടതുപോലെ മനുഷ്യൻ ഒററ ഭക്ഷ്യവസ്തു മാത്രമുപയോഗിച്ചാൽ പോരാ. അവനു പല ഭക്ഷണസാധനങ്ങളും ആവശ്യമാണു്. അതുപോലെതന്നെയാണു സ്വയമായി അനുഷ്ഠിക്കുന്ന നിഷേധരൂപത്തിലുള്ള ഇന്ദ്രിയനിഗ്രഹത്തിൻെറ കാര്യവും.

വി. പൗലോസ് ഇതു നന്നായി ഗ്രഹിച്ചിരുന്നു. ദൈവപരിപാലനയനുസരിച്ചു് വിശുദ്ധൻ പല കഷ്ടതകളിൽകൂടി കടന്നുപോയി, എങ്കിലും ഉപവാസം അനുഷ്ഠിക്കുന്നതിൽ അദ്ദേഹം നിഷ്ണാതനായിരുന്നു. കോറിന്ത്യർക്കെഴുതിയ രണ്ടാം ലേഖനം 11-ാം അധ്യായം 27-ാം വാക്യം

www.malankaralibrary.com

ഇതു തെളിയിക്കുന്നു; ''കഠിനാധ്വാനത്തിലും വിഷമസന്ധികളിലും നിരവധി രാത്രികളിലെ ജാഗരണത്തിലും വിശപ്പിലും ദാഹത്തിലും പലപ്പോഴും ഉപവാസത്തിലും തണുപ്പിലും നഗ്നതയിലും ഞാൻ ജീവിച്ചു.''

പൊതുവായി പറഞ്ഞാൽ സ്വയമനുഷ്ഠിക്കുന്ന രണ്ടു വിധമുള്ള ഇന്ദ്രിയനിഗ്രഹങ്ങളുണ്ടു്. ഒന്നിനെ വലിയ വഴിയെന്നും മറേറതിനെ ചെറിയവഴിയെന്നും നമുക്കു വിളിക്കാം. വലിയ വഴിയിൽ ഒരുവൻ വലിയ കാര്യങ്ങൾ, ശാരീരികമായ സ്വയം ദണ്ഡനംതന്നെ അനുഷ്ഠിക്കുന്നു. വിവേകപൂർവ്വം വേണം ഇതു നിർവ്വഹിക്കേണ്ടതു്. (ഇതിനു ഒരു അധ്യാത്മികനിയന്താവു് ആവശ്യമാണ്, ഇതു പ്രയോജനപ്രദമാണു്) ജോൺ 23-ാമൻ മാർപ്പാപ്പാ പ്രത്യക്ഷത്തിൽ വലിയ ഇന്ദ്രിയ നിഗ്രഹങ്ങൾ ചെയ്തിരുന്നെന്നു് ആരും കരുതിയിട്ടില്ല. സുഹൃത്തുക്കളുടെ സാമീപ്യം അദ്ദേഹം ഇഷ്ടപ്പെട്ടിരുന്നു. പക്ഷേ, ആഴ്സിലെ വികാരിയെക്കുറിച്ചുള്ള തൻെറ ചാക്രികലേഖനത്തിൽ വിശുദ്ധൻെറ ജീവിതത്തിലെ ഒരു സംഭവം അദ്ദേഹം വിവരിക്കുന്നുണ്ടു്. ആഴ്സിലെ വികാരിയായിരുന്ന വി. ജോൺ മരിയ വിയാനിയോടു് അദ്ദേഹത്തിൻെറ സ്നേഹിതനായിരുന്ന ഒരു വൈദികൻ തൻെറ പൗരോഹിത്യ ശുശ്രൂഷ ഫലവത്താകുന്നില്ലെന്നു പരാതി പറഞ്ഞു. വിശുദ്ധൻ ഇങ്ങനെ മറുപടി പറഞ്ഞതായി മാർപ്പാപ്പാ രേഖപ്പെടുത്തിയിരിക്കുന്നു. ''നിങ്ങൾ പ്രാർത്ഥിച്ചു, നിങ്ങൾ കരഞ്ഞു, നിങ്ങൾ വിങ്ങിപ്പൊട്ടി, നിങ്ങൾ ദീർഘനിശ്വാസമുതിർത്തു. എന്നാൽ, നിങ്ങൾ ഉപവസിച്ചിട്ടുണ്ടോ, ഉറങ്ങാതെ ജാഗരണം ചെയ്തിട്ടുണ്ടോ, നിങ്ങൾ പരുപരുത്ത നിലത്തു കിടന്നു ഉറങ്ങിയിട്ടുണ്ടോ, നിങ്ങൾ സ്വയം ശരീരദണ്ഡനമേൽപ്പിച്ചിട്ടുണ്ടോ? നിങ്ങൾ അത്രയും എത്തിയിട്ടില്ലെങ്കിൽ എല്ലാം ചെയ്തുവെന്നു് കരുതാതിരിക്കുക?''

എന്നിട്ടു് മാർപ്പാപ്പാ രേഖപ്പെടുത്തി; ''ആത്മാക്കളുടെ ചുമതലയുള്ള എല്ലാ വൈദികരുടെ പക്കലേക്കും ഞാൻ തിരിയുന്നു. മേലുദ്ധരിച്ചശക്തമായ വാക്കുകൾ അവർ ശ്രദ്ധിക്കുവാൻ ഞാനഭ്യർത്ഥിക്കുന്നു. നമ്മുടെ പ്രവൃ

www.malankaralibrary.com

ത്തികളെ എപ്പോഴും നയിക്കേണ്ട അലൗകിക വിവേകമനുസരിച്ചു് തൻെറ അജപാലനപരമായ സൂക്ഷ്മത ഏല്പ്പിച്ചിരിക്കുന്ന ആളുകളെ സംബന്ധിച്ച് ആവശ്യമുള്ളതെല്ലാം ഓരോ വ്യക്തിയും നിർവഹിക്കാനിടയാകട്ടെ.''

ചെറിയ വഴിയുടെ വിശദാംശങ്ങഠം ലിസ്യൂവിലെ വി. കൊച്ചുത്രേസ്യാ രേഖപ്പെടുത്തിയിട്ടുണ്ടു്. ഒരു സുവർണ്ണമത്സ്യം അതിൻെറ സ്ഫടികപ്പാത്രജലത്തിൽ ജീവിക്കുന്നതുപോലെ തോന്നും അവളുടെ ജീവിതശൈലി അവളുടെ ആത്മകഥ വായിക്കുമ്പോഠം. ചെറിയ കാര്യങ്ങളിൽ വളരെ ശ്രദ്ധ ചെലുത്തി. ഉദാഹരണമായി വീട്ടിൽനിന്നു് രാവിലെയൊരു കത്തു കിട്ടിയാൽ വൈകുന്നേരം വരെ അവഠം അതു തുറക്കുകയില്ല. ഏതെങ്കിലുമൊരു ഭക്ഷ്യവസ്തുവിനോടു പ്രതിപത്തിയുണ്ടെങ്കിൽ അവഠം മറെറാരു ഭക്ഷ്യവസ്തുവായിരിക്കും ഉപയോഗിക്കുക. അവഠംക്കു പ്രിയംകരമെന്നു സഹോദരികഠം കരുതി വിളമ്പുന്ന ഭക്ഷ്യവസ്തു അവഠംക്കിഷ്ടമല്ലെങ്കിൽ അവഠം യാതൊന്നും പറയുകയില്ല. നിഷ്പാദുക സന്യാസിനിയെന്ന നിലയിൽ തൻെറ അടിസ്ഥാനപരമായ നിലപാട് അവഠം മറന്നിരുന്നില്ലായെന്നും ഓർക്കുക. കൂടുതൽ മനോഭാരമുണ്ടാകാത്ത നിലയിൽ അവഠം ജീവിക്കുകയും തൻെറ പ്രവൃത്തികളിൽനിന്നെല്ലാം അമൂല്യമായ ആധ്യാത്മികനേട്ടം ഉണ്ടാക്കുകയും ചെയ്തു.

ഈ ജീവിതശൈലിക്കും ഒരു നല്ല ആധ്യാത്മിക നിയന്താവിൻെറ സഹായം അനുപേക്ഷണീയമാണു്. നേരെമറിച്ചു് ചിലർ ഈ രീതി തങ്ങളുടെ ആരോഗ്യത്തിനുളവാക്കുന്ന ഫലങ്ങളെക്കുറിച്ചു അമിതചിന്തയുള്ളവരായിരിക്കും. അവിലായിലെ വി. ത്രേസ്യാ ഇങ്ങനെ പറയുമായിരുന്നു. ''നമ്മുടെ ഈ ശരീരത്തിനു ഒരു തകരാറുണ്ടു്. നിങ്ങഠം അതിനെ കൂടുതൽ താലോലിക്കുന്നപക്ഷം അതിനു കൂടുതൽ ആവശ്യങ്ങളും രോഗങ്ങളുമുണ്ടെന്നു നിങ്ങഠം കാണും'' തമാശരൂപേണ അവർ പറയുമായിരുന്നു: 'നാം പ്രാർത്ഥനാസ്ഥലത്തേക്കു പോകുവാനാരംഭിക്കുമ്പോഠം തലവേദനയുണ്ടെന്നു ഭാവനയിൽ നമുക്കു തോന്നും. തലവേദന നമ്മെ കൊല്ലുകയില്ല. യഥാർത്ഥ തലവേദനയായതിനാൽ ഒരു

www.malankaralibrary.com

ദിവസം നാം പോകുകയില്ല. പിന്നെ മൂന്നു ദിവസങ്ങൾ ആ തലവേദനയോർത്തുപോകുകയുമില്ല!'

നാം ആഗ്രഹിക്കാതെതന്നെ നിയതമായ ജീവിതക്രമം ഇന്ദ്രിയനിഗ്രഹസ്വീകരണത്തിനുള്ള അവസരങ്ങൾ ഉണ്ടാക്കും. ആളുകൾ തിങ്ങിനിറഞ്ഞ ബസ്സുകളും ട്രെയിനുകളും സമയം തെററിയുള്ള വിമാനം, ശുണ്ഠിക്കാരനായ ഒരു മേലധികാരിക്കു കീഴ്വഴങ്ങുക—ഇങ്ങനെയെല്ലാം അവ ഉണ്ടാകാം. ശല്യക്കാരായ രോഗികളുമായി ഡോക്ടന്മാരും നേഴ്സുകളും ഒത്തുപോകേണ്ടിവരും. യുക്തിരഹിതമായി സംസാരിക്കുന്നവരോടും പെരുമാറുന്നവരോടും കച്ചവടക്കാർക്ക് ഒത്തുപോകേണ്ടിവരും. വാങ്ങുന്നവർ എപ്പോഴും ശരിയായ നിലയിൽ പ്രവർത്തിക്കുന്നവരാണെന്നു വിൽപനക്കാർ സമ്മതിച്ചേതീരൂ. വിരസമായി പഠിപ്പിക്കുന്ന അധ്യാപകരുടെ കാര്യത്തിൽ വിദ്യാർത്ഥികൾ സഹിക്കണം. ക്ലാസ്സിൽ ശ്രദ്ധിക്കാത്ത വിദ്യാർത്ഥികളുടെ കാര്യത്തിൽ അധ്യാപകർക്കും ഇങ്ങനെതന്നെ. യന്ത്രഭാഗങ്ങൾ ഒന്നിനുപുറകെ ഒന്നായി വരുമ്പോൾ (assemblyline) അവ കൂട്ടി യോജിപ്പിക്കുന്നവർ വിരസത അനുഭവിക്കണം. സ്ത്രീയുടെയും പുരുഷൻെറയും വ്യത്യസ്തമായ മനഃശാസ്ത്രം വിവാഹിതർക്കു ശല്യമുണ്ടാക്കും. കാര്യമായ കുഴപ്പം തന്നെ ചിലപ്പോൾ അനുഭവിക്കേണ്ടിവരാം. പല പ്രായത്തിലുള്ള മക്കളുടെ ഭാഗത്തുനിന്നുമുണ്ടാകുന്ന പ്രശ്നങ്ങൾ വിവിധ തരത്തിലാകാം. രസം അതിൻെറ ഉച്ചസ്ഥായിലായിരിക്കുമ്പോൾ ടി. വി. ആരെങ്കിലും നിറുത്തുക പ്രയാസമുണ്ടാക്കും. ഇങ്ങനെ എത്രയെത്ര കാര്യങ്ങൾ അനുദിനജീവിതത്തിൽ ഇന്ദ്രിയനിഗ്രഹത്തിനു കാരണമാകാം!

ചിലർക്കു വലിയ പ്രശ്നങ്ങളെ നേരിടാൻ പ്രയാസമില്ല. അതേസമയംതന്നെ ചെറിയ പ്രശ്നങ്ങൾ അവരെ വല്ലാതെ അലോസരപ്പെടുത്തും. ഇവിടെ ഒരു അപകടം പതിയിരുപ്പുണ്ടു്. വീരോചിതകാര്യങ്ങൾ തങ്ങൾ ചെയ്യുന്നുവെന്ന അഹന്ത അവരെ പിടികൂടും. ആധ്യാത്മികതയ്ക്കേൽക്കുന്ന ഒരു വലിയ അപകടമായിരിക്കുമതു്.

www.malankaralibrary.com

ഒരു ആധ്യാത്മിക "വിററാമിൻഗുളിക" ദിവസത്തിലൊരു പ്രാവശ്യമെങ്കിലും ഉപയോഗിച്ചുനോക്കൂ. ക്രമേണ അതു കൂട്ടിക്കൊണ്ടുവരാം. ഫലം അത്ഭുതകരമായിരിക്കും. ഇവിടെയും വിവേകിയായ ഒരു ആധ്യാത്മികനിയന്താവിൻെറ സഹായം അനുപേക്ഷണീയമാണു്.

നാം മുമ്പു പ്രസ്താവിച്ച വികലമായ ആധ്യാത്മികാശയങ്ങൾ വച്ചുപുലർത്തുന്നവർപോലും ദൈവപരിപാലനയനുസരിച്ചു ലഭിക്കുന്ന വിഷമതകളും ക്ലേശങ്ങളും നാം സന്തോഷപൂർവം സഹിക്കണമെന്ന അഭിപ്രായക്കാരാണെന്നു ഓർക്കുക. സ്വയം കൃതമായ ഇന്ദ്രിയനിഗ്രഹത്തോടുമാത്രമേ അവർ എതിർപ്പു് പ്രകടിപ്പിക്കുന്നുള്ളു.

നമ്മുടെ ഇച്ഛാശക്തി ദൈവേച്ഛയുമായി അനുരൂപപ്പെടുത്തേണ്ടതിൻെറ ആവശ്യകത നാം മുമ്പ് ചർച്ച ചെയ്തിട്ടുണ്ട്. എനിക്കു സ്വന്തമായുള്ളത് എൻെറ ഇച്ഛാശക്തി മാത്രമാണ്. അതു ദൈവേച്ഛയുമായി യോജിപ്പിക്കുക മാത്രമേ സാധ്യമാവൂ. എത്ര ആത്മാർത്ഥമായിട്ടാണെങ്കിലും ഒരു പ്രാർത്ഥനപ്രകരണംവഴി അതു സാധ്യമാകയില്ലെന്നും നാം കണ്ടു. നമ്മുടെ ഭാവി ജീവിതത്തിൽ അവിടുന്നാവശ്യപ്പെടുന്നവ മുൻകൂട്ടി കാണാൻ നമുക്കു കഴികയില്ല. ശാരീരിക പ്രതിധ്വനിയുടെ ക്രമാനുസൃതമായ വികസനത്തിൻെറ ആവശ്യകതയും നാം ഓർക്കുക.

ദൈവപരിപാലനയിലുള്ള ഇന്ദ്രിയനിഗ്രഹമാകട്ടെ നമ്മുടെ ഇച്ഛാശക്തി ജീവിതത്തിൽ ദൈവേച്ഛയോടു പൊരുത്തപ്പെടുന്നതിലാണു പ്രധാനമായി അടങ്ങിയിരിക്കുന്നതു്. വിഷമകരമായതെങ്കിലും അവിടുന്നു നമുക്കയയ്ക്കുന്നവ സ്വീകരിക്കാൻ നാം തയ്യാറായിരിക്കണം.

ഈ സ്വീകരണത്തിനു പല തലങ്ങളുണ്ടു്. ഒന്നാമതായി ദൈവം അയയ്ക്കുന്നതിനെക്കുറിച്ചു നാം പരാതിപ്പെടാതിരിക്കണം. എന്നാൽപരിപൂർണ്ണ സ്വീകരണം അടങ്ങിയിരിക്കുന്നതു സഹനത്തിൽ സന്തോഷിക്കുന്നതിലാണ്. അപ്പോൾ നാം അവയെ ആശ്ലേഷിക്കുകയാണു്. കഷ്ടതകളെ ആശ്ലേഷിക്കുകയെന്നതു യാഥാർത്ഥ്യത്തിൽ നിന്നു് ഓടിയകലാതിരിക്കുകയാണു്. അങ്ങനെ ഓടിയകലുക

www.malankaralibrary.com

ആദ്ധ്യാത്മികമായി ദോഷം ചെയ്യുക മാത്രമല്ല മനശാസ്ത്രപരമായി ഗുണകരവുമാകയില്ല. അതിനാൽ ഈ സ്വീകരണം മനശാസ്ത്രപരമായി നമുക്കു ഉപകാരപ്രദമാണു്, അതു നമുക്കു സന്തോഷം നൽകും, ആത്മാവ് ശാന്തതയുടെ അഭികാമ്യനിലയിലെത്തുകയും ചെയ്യും. ഒരുവൻ സൃഷ്ടികളോടകൽച്ചയുള്ളവനല്ലെങ്കിൽ അവനു സൃഷ്ടികളെപ്പോലും ആസ്വദിക്കാനാവില്ലെന്നാണു കുരിശിന്റെ വി. യോഹന്നാൻ അഭിപ്രായപ്പെടുന്നതു്; "സൃഷ്ടികളോടു നിസ്സംഗത പാലിക്കുകനിമിത്തം അവൻ അവയിൽ നിന്നു് കൂടുതൽ സന്തോഷംനേടും."

ഏതർത്ഥത്തിലാണ് സഹനത്തെ ആശ്ലേഷിക്കാൻ നമുക്കു കഴിയുക? സഹനം അതിൽ തന്നെ നല്ലതാണെന്നു നാം കരുതുന്നില്ല. പക്ഷേ, അതിന്റെ ഫലങ്ങൾ നാം ഇഷ്ടപ്പെടുന്നു. നമ്മുടെ രക്ഷകനോട് അതു നമ്മെ കൂടുതൽ അനുരൂപപ്പെടുത്തുന്നു. തന്റെ ഔദാര്യം നിമിത്തം നമുക്കു നല്കുവാൻ നമ്മുടെ പിതാവു് ഇഷ്ടപ്പെടുന്ന ദാനങ്ങൾക്കുവേണ്ടി അതുമൂലം നാം സജ്ജമാകുന്നതിനാൽ അവിടുന്നു അതിഷ്ടപ്പെടുന്നു. അതു നമ്മുടെയും മററുള്ളവരുടെയും പാപങ്ങൾക്കു പരിഹാരം ചെയ്യുന്നു. അങ്ങനെ നാമും അവരും അവിടുത്തെ ദാനങ്ങൾ കൂടുതലായി സ്വീകരിക്കുന്നതിനു ഒരുക്കമുള്ളവരാകയും ചെയ്യുന്നു.

ഈ കാര്യത്തിൽ പ്രാചീനകാലത്തെ യഹൂദന്മാരുടെ മനോഭാവം പണ്ഡിതനായ J. Bonsirven ഇങ്ങനെ രേഖപ്പെടുത്തുന്നു. "നീതിമാനായ ഒരു മനുഷ്യൻ പീഡകൾക്കു വിധേയനാകുമ്പോൾ സഹനങ്ങളെ "സ്നേഹം മൂലമുള്ള തെററുതിരുത്തൽ" എന്നു വിളിച്ചുപോന്നു. ഇങ്ങനെയുള്ള സഹനം ദീർഘകാലത്തേക്കു് ഇല്ലാതെ വരുമ്പോൾ ചിലർ കൂടുതൽ സങ്കടപ്പെടുമായിരുന്നു"

നമ്മുടെ ഇച്ഛാശക്തി ദൈവതിരുമനസ്സുമായി സംയോജിപ്പിക്കുന്നതിൽ അല്ലെങ്കിൽ സഹനസ്വീകരണത്തിൽ രണ്ടു തലങ്ങൾ കാണാം. ഒന്നാമത്തേതു് അവിടുത്തെ തിരുമനസ്സ് സുതരാം വ്യക്തമായ കാര്യങ്ങളിൽ, രണ്ടാമത്തേതു് ഭാഗികമായെങ്കിലും അവിടുത്തെ തിരുമനസ്സു് നമുക്കു അജ്ഞാതമായ കാര്യങ്ങളിൽ,

www.malankaralibrary.com

അവിടുത്തെ തിരുമനസ്സ് വ്യക്തമായ കാര്യങ്ങളിൽ ഒരിക്കലും നാം നിശ്ചേഷ്ടരായിരിക്കരുതു്. നേരെമറിച്ചു് അവിടുന്നു അയയ്ക്കുന്നവ അവിടുത്തെ പുത്രനോടു യോജിച്ചുകൊണ്ടു ആശ്ലേഷിക്കുകയാണു വേണ്ടതു്. സഹനമോ വിഷമമോ സമീപമെത്തുമ്പോഠം നമുക്കതറിയാം. അതു അവിടുന്നു അയച്ചതാണ്, അല്ലെങ്കിൽ അനുവദിച്ചതാണ് എന്നതിൽ സംശയിക്കേണ്ടതില്ല. ഇതുകൊണ്ടു് രോഗത്തെ പ്രതിരോധിക്കരുതെന്നോ രോഗശമനത്തിനു സാധാരണ മാർഗ്ഗങ്ങഠം ഉപയോഗിക്കേണ്ടതില്ലെന്നോ അർത്ഥമാക്കരുതു്. നാം ഔഷധങ്ങഠം ഉപയോഗിക്കുകതന്നെ വേണം. പക്ഷേ, പിന്നെയും വേദനയും സഹനവും നീണ്ടുനിന്നാൽ കുറെ കാലത്തേക്കെങ്കിലും നാമതു സഹിക്കേണ്ടതു ദൈവതിരുച്ചിത്തമാണെന്നു കരുതുക. (ഒരു പക്ഷേ, അത്ഭുതകരമായ ഒരു രോഗശാന്തി ദൈവം നമുക്കു നൽകിയെന്നു വരാം. നാം രോഗിയായിരിക്കവേ അവിടുന്നു തന്റെ മഹത്വം കാണിച്ചെന്നുവരാം)

ഇക്കാലത്ത് മനുഷ്യർ മിക്കവരും ഉൽകണ്ഠാകുലരാണ്. ഈ കാര്യം അല്പം ചർച്ചചെയ്യേണ്ടതുണ്ട്. പിതാവിലുള്ള ആഴമായ വിശ്വാസവും ഉറപ്പും മൂലം അത് വളരെയധികം കുറയും. എങ്കിലും അവകൊണ്ട് എല്ലാം മാറുക വിഷമകരമാണ്. (16-ാം അദ്ധ്യായത്തിൽ നാം കണ്ടതുപോലെ മിക്കവാറും അതിന്റെ അടിസ്ഥാനം ശരീരപ്രവർത്തനമാണ്) അതൊരു കുറവായി നാം കരുതണമോ? ആവശ്യമില്ല. എട്ടാം അദ്ധ്യായത്തിൽ നാം കണ്ടതുപോലെ യേശുവിനുപോലും വരാനിരിക്കുന്ന പീഡാസഹനങ്ങളും മരണവും ഓർത്ത് ഉൽകണ്ഠ ജനിച്ചിരുന്നുവെന്ന് നാം ഓർക്കുക. അതിനാൽ ഉൽകണ്ഠപോലും നാം സ്വീകരിക്കുക. എന്നിട്ട് അതുമൂലമുള്ള സഹനം നമ്മുടെ പിതാവിന് കാഴ്ചയായർപ്പിക്കുക.

പക്ഷേ, അവിടുത്തെ തിരുച്ചിത്തം അനേകകാര്യങ്ങളിൽ വ്യക്തമല്ല, അല്ലെങ്കിൽ പൂർണ്ണമായും വ്യക്തമല്ല. അപ്പോഴോ? അറിഞ്ഞുകൂടാത്തത് സർഗ്ഗാത്മകരീതിയിൽ സ്വീകരിക്കുക സാധ്യമല്ലല്ലോ. അവിടുന്ന് അയയ്ക്കുന്നവ

www.malankaralibrary.com

സസന്തോഷം സ്വീകരിക്കുക മാത്രമേ നമുക്ക് കരണീയമായുള്ളു. അങ്ങനെ സ്വീകരിക്കുമ്പോൾ പലപ്പോഴും അവിടുത്തെ ഉദ്ദേശ്യം ക്രമേണ നമുക്ക് വ്യക്തമായെന്നും വരാം.

നമുക്കൊരു ഉദാഹരണം നോക്കാം. ഒരുപവി പ്രവൃത്തിക്കുവേണ്ടി ഒരു തുക പിരിച്ചെടുക്കാൻ നമ്മുടെമേൽ നിയമാനുസൃതം അധികാരമുള്ള വ്യക്തി ആവശ്യപ്പെടുന്നു. അധികാരത്തോടെയാണ് അതു് ആവശ്യപ്പെടുന്നതെങ്കിൽ പിതാവിന്റെ ഇഷ്ടം അതാണെന്നു നമുക്കു വ്യക്തമാണു്. ഉടനെതന്നെ നാം ബുദ്ധിപൂർവ്വം അതു പ്രവൃത്തിയിൽ വരുത്തേണ്ടതുണ്ടു്. പക്ഷേ, ഇപ്രകാരമുള്ള ഒരു പ്രവൃത്തി എപ്പോഴും നല്ല ഫലം നൽകുമെന്നു കരുതാമോ? തീർച്ചയായും ഇല്ല, അതു ദൈവതിരുമനസ്സാണെന്നു നമുക്കറിയാമെങ്കിലും അതു എപ്പോൾ ഏതുവിധം ഫലദായകമാകുമെന്നു് അവിടുന്നു നമുക്കു വെളിപ്പെടുത്തിയിട്ടില്ല. നാം അതിനു കാത്തിരിക്കുകയേ കരണീയമായുള്ളു.

ഈ മനോഭാവം എങ്ങനെ നേടാം? ബാഹ്യപ്രേരണകളുടെ സമ്മർദ്ദങ്ങളുടെ ശക്തിക്കു കീഴ്പ്പെടാതിരിക്കുക വഴി. പരിശുദ്ധാത്മാവു നല്കുന്ന ലഘു സ്പന്ദനങ്ങൾ സ്വീകരിക്കുവാൻ ആ സമ്മർദ്ദങ്ങളുടെ ശക്തി വിഘാതം സൃഷ്ടിക്കും. അതു വരാതിരിക്കുന്നതിനു പലതും ഉപേക്ഷിച്ച് സ്വയമേൽപ്പിക്കുന്ന ഇന്ദ്രിയനിഗ്രഹം പരിശീലിക്കുക. അങ്ങനെ ആ മനോഭാവം നേടിയെടുക്കുക.

നമ്മുടെ ആഗ്രഹങ്ങൾക്കു തന്നെ സംയമനം അത്യാവശ്യമാണു്. ശാരീരികമായ ഇന്ദ്രിയനിഗ്രഹങ്ങളെക്കാളാവശ്യം ഇതാണെന്നു കുരിശിന്റെ വി. യോഹന്നാൻ പഠിപ്പിക്കുന്നു.

"ദൈവികജ്ഞാനവുമായി ഐക്യപ്പെടാൻ അസാധാരണമായ ഇന്ദ്രിയനിഗ്രഹപ്രവൃത്തികൾ മതിയാകുമെന്നു് കരുതുന്നവരുടെ അജ്ഞത സഹതാപാർഹമാണ്. തങ്ങളുടെ ആഗ്രഹങ്ങളെ നിഗ്രഹിക്കുന്നതിനു ജാഗ്രതയുള്ളവരല്ലെങ്കിൽ അവർക്കു ഈ ഐക്യം ഉണ്ടാകുകയില്ല. ശാരീരികമായ ഇന്ദ്രിയ നിഗ്രഹങ്ങൾക്കുവേണ്ടി അവർ ചെലവഴിക്കുന്നതിന്റെ പകുതി ശക്തിയെങ്കിലും ആഗ്രഹങ്ങളെ നിഗ്ര

www.malankaralibrary.com

ഹിക്കാൻ ചെലവഴിക്കുമെങ്കിൽ വലിയ ശാരീരിക ദണ്ഡനങ്ങാം മുഖേന ലഭിക്കുന്ന അഭിവൃദ്ധിയെക്കാളുപരിയായ ആധ്യാത്മിക പുരോഗതി കുറഞ്ഞ സമയംകൊണ്ട് അവർ നേടും.''

ദൈവമഹത്വവും നമ്മുടെയും നമ്മുടെ അയൽക്കാരന്റെയും രക്ഷയും നാം ആഗ്രഹിക്കരുതെന്നല്ലാ വി. യോഹന്നാൻ അർത്ഥമാക്കുന്നതു്. തീർച്ചയായും നാം ആഗ്രഹിക്കണം. എന്നാൽ നാം അവ ജീവിതത്തിൽ എങ്ങനെ നേടണമെന്നുള്ളത് കാലാകാലങ്ങളിൽ ദൈവഹിതം നാം അറിയുന്നതനുസരിച്ചായിരിക്കണമെന്നാണ്, അദ്ദേഹം അർത്ഥമാക്കുന്നതു്. വസന്തകാലത്തെ ഒരു വേട്ടനായോടു ആഗ്രഹങ്ങാം നിറയെയുള്ള ആത്മാക്കളെ വി. ഫ്രാൻസിസ് ദെസാലസ് താരതമ്യപ്പെടുത്തുന്നു. പല വിധത്തിലുള്ള ഗന്ധങ്ങാം അപ്പോഴുള്ളതിനാൽ വേട്ടമൃഗത്തെ കണ്ടെത്തുക അതിനു പ്രയാസകരമാണു്. ''എപ്പോഴും ആഗ്രഹങ്ങളും പദ്ധതികളുമുള്ള ആത്മാക്കാം പരിശുദ്ധമായ സ്വർഗ്ഗീയ സ്നേഹം തങ്ങാംക്കുണ്ടായിരിക്കേണ്ടതുപോലെ ഉള്ളവരല്ല. ദൈവികസ്നേഹഭാജനത്തിന്റെ ആനന്ദദായകമായ ഗന്ധം പിടിക്കുന്നതിൽ അവർ പരാജയപ്പെടുന്നു.''

നമ്മുടെ പിതാവ് ഇച്ഛരിക്കുന്നിടത്തോളം മാത്രമേ നാമും ആഗ്രഹിക്കാവൂ എന്നതാണ് ആഗ്രഹങ്ങളെ നിഗ്രഹിക്കുന്നതിനുള്ള ഒരു കാരണമെന്ന് സ്പഷ്ടമാണല്ലോ. അതിനപ്പുറം കടക്കുക അവിടുത്തെ തിരുവിഷ്ടത്തിൽ നിന്ന് നാം മാറുകയാണ്.

മറെറാരു കാര്യംകൂടി. ആഗ്രഹങ്ങാം നമ്മെ വഴിതെററിക്കും. നമുക്കുള്ള നല്ലകാര്യങ്ങളിൽനിന്ന് നാം വിട്ടുമാറിയെന്നും വരാം. സൃഷ്ടികളെ ശരിയായ നിലയിൽ ഉപയോഗിക്കുക ആധ്യാത്മികാഭിവൃദ്ധിക്കുള്ള മാർഗ്ഗമാണ്. പക്ഷികളെപ്പോലുള്ള സുന്ദരസൃഷ്ടികളെ നമുക്കു നല്കിയ പിതാവിന്റെ നിസ്തുലവും ലോലവുമായ കരുണയെ വി. ഫ്രാൻസിസ് അസ്സീസി പാടിപ്പുകഴ്ത്തിയിട്ടുണ്ടല്ലോ. വലിയ ആളുകാം ചെയ്തിട്ടുള്ള വലിയ കാര്യങ്ങാം നമു

www.malankaralibrary.com

ക്കും ചെയ്യണമെന്ന ആഗ്രഹം മിക്കപ്പോഴും അപ്രായോഗികമാണ്. നമ്മുടെ പരിമിതി നാം ഓർക്കേണ്ടതുണ്ട്.

ദൈവത്തെ മഹത്വപ്പെടുത്തുന്നതിൽ സൃഷ്ടവസ്തുക്കൾ നമുക്കുപയോഗിക്കാം. പക്ഷേ, നമ്മുടെ മനസ്സ് അവയോട് ഒട്ടിപ്പിടിക്കാതിരിക്കാൻ നാം സൂക്ഷിക്കേണ്ടതുണ്ട്. നമ്മുടെ മനസ്സും ഹൃദയവും ദൈവസന്നിധിയിലേക്കുയരുവാൻ ആ ഒട്ടിപ്പിടിക്കൽ വിഘാതമായിത്തീരും. വി. കുർബാനയിലുപയോഗിക്കുന്ന ഗാനങ്ങൾ ഹൃദയഹാരിയാണ്. പക്ഷേ, അവയുടെ ഹൃദയഹാരിതയിൽ മനസ്സുവച്ചുകൊണ്ട് നാം അവ ആലപിക്കുന്നപക്ഷം നമ്മുടെ ഹൃദയങ്ങളെ ദൈവസന്നിധിയിലേക്കുയർത്തുന്നതിന് ആ ഗാനങ്ങൾ തന്നെ വിഘാതമായിത്തീരാം.

നമ്മുടെ കൈവശമുള്ള നല്ലകാര്യങ്ങളുപേക്ഷിച്ചിട്ട് കൈവശമില്ലാത്ത നല്ലകാര്യങ്ങൾക്കുവേണ്ടി വൃഥാപരിശ്രമം ചെയ്യുക അഭിലഷണീയമേയല്ല.

യേശുവിനോടും അവിടുത്തെ മാതാവിനോടും സാദൃശ്യമുളവാകുന്നതിന് സഹനങ്ങൾക്കുവേണ്ടി നാം അപേക്ഷിക്കണമോ? ലോകത്തിൽ പ്രവേശിച്ചപ്പോൾ അവിടുന്ന് ഇങ്ങനെ അരുളിച്ചെയ്തു: ''ഇതാ! ദൈവമേ, ഞാൻ അവിടുത്തെ തിരുഹിതം നിവർത്തിക്കുവാൻ വന്നിരിക്കുന്നു'' (ഹെബ്രാ. 10: 7). അവിടുന്ന് വലിയ സഹായത്തിനപേക്ഷിച്ചില്ല. പക്ഷേ അവിടുന്ന് അത് സ്വീകരിച്ചു. അതുപോലെ ഗത്സമേൻ തോട്ടത്തിൽവച്ച് അവിടുന്നപേക്ഷിച്ചു: ''പിതാവേ, അങ്ങേയ്ക്കിഷ്ടമെങ്കിൽ ഈ പാനപാത്രം എന്നിൽനിന്നകറ്റേണമെ. എങ്കിലും എൻെറ ഹിതമല്ലാ, അങ്ങയുടെ ഹിതം നിറവേറട്ടെ'' (ലൂക്കോ. 22:42). ഈ രീതിയിൽതന്നെ രക്ഷകൻെറ മാതാവാകുന്നതിന് മറിയത്തോടാവശ്യപ്പെട്ടപ്പോൾ അവൾ ഇങ്ങനെ മറുപടി പറഞ്ഞു: ''നിൻെറ വചനംപോലെ എനിക്ക് ഭവിക്കട്ടെ''. അതുമൂലമുളവാകാവുന്നതെല്ലാം അവൾ അറിഞ്ഞിരുന്നു. സഹനത്തിനുവേണ്ടി അവൾ അപേക്ഷിച്ചില്ല. പക്ഷേ, അവൾ അത് സ്വീകരിച്ചു. ലിസ്യൂവിലെ വി. കൊച്ചുത്രേസ്യാ 1897 ആഗസ്റ്റ് 11-ാം തീയതി ഇങ്ങനെ പ്രസ്താവിച്ചതായി രേഖപ്പെടുത്തിയിരിക്കുന്നു:

www.malankaralibrary.com

"കൂടുതൽ സഹനങ്ങൾക്ക് വേണ്ടി ഞാൻ ദൈവത്തോടപേക്ഷിക്കുകയില്ല. കാരണം, അപ്പോൾ അവ എൻെറ മാത്രം സഹനങ്ങളാകും. തനിയെമാത്രം അവ സഹിക്കുവാൻ എനിക്കൊരിക്കലും കഴിയുകയില്ല". (1897 സെപ്റ്റംബർ 30-നാണല്ലോ അവൾ ദിവംഗതയായത്. അപ്പോൾ മരണത്തിൻെറ ഏതാനും ആഴ്ചകൾക്കു മുൻപു മാത്രം അവൾ പറഞ്ഞ വാക്കുകളാണിവ.)

ഇവയിൽനിന്നെല്ലാം നാം എന്ത് ഗ്രഹിക്കണം? ഒന്നാമത്തേത്: സഹനത്തിനുവേണ്ടി നാം ആഗ്രഹിക്കുന്നത് ഒരു കാര്യം; രണ്ടാമത്തേത്, തൻെറ പുത്രനോട് നാം സദൃശപ്പെടാനും അവിടുത്തെ പരിശുദ്ധ മാതാവുമായി യോജിക്കുന്നതിനും ദൈവം അത് അയയ്ക്കുമ്പോൾ സന്തോഷിക്കുക മറെറാരു കാര്യം. സഹനത്തിനുവേണ്ടി അപേക്ഷിക്കുന്ന കാര്യം? പൊതുവായനിലയിൽ നമുക്കപേക്ഷിക്കാം. പക്ഷേ ഒരു വ്യവസ്ഥയോടുകൂടിമാത്രം. നമ്മുടെ പിതാവിന് അത് ഇഷ്ടമാണെങ്കിൽ മാത്രം. എന്നാൽ, ഏതെങ്കിലും പ്രത്യേക സന്ദർഭത്തിൽ ഏതെങ്കിലും പ്രത്യേക സഹനത്തിനുവേണ്ടി അപേക്ഷിക്കരുത്. കാരണം, അത് ദൈവത്തിനിഷ്ടമാണോയെന്ന് നമുക്കറിഞ്ഞുകൂടാ.

എന്നാൽ, ഇക്കാര്യത്തിൽ അവിടുത്തേക്കിഷ്ടമുള്ള നിലയിൽ നമുക്കിത് നിർവഹിക്കുവാൻ കഴിയും. നമുക്കറിഞ്ഞുകൂടെങ്കിലും ഒരു പ്രത്യേക സന്ദർഭത്തിൽ നമുക്കെന്ത് നല്കുവാനാണ് അവിടുന്ന് ഇഷ്ടപ്പെടുന്നതെന്ന് നമ്മുടെ അമ്മയായ പരിശുദ്ധ കന്യകയ്ക്കറിയാം. നമ്മുടെ മുക്തിയാർ (Power of attorney) പോലെയൊന്ന് അവൾക്ക് നല്കിയിട്ട് നമുക്ക് പറയാം. "ഈ വേളയിൽ അവിടുത്തേക്കിഷ്ടമുള്ള എന്ത് പ്രത്യേകസമർപ്പണമാണ് നൽകേണ്ടതെന്ന് എനിക്കറിഞ്ഞുകൂടാ. പക്ഷേ, അത് നിനക്കറിയാം. അതിനാൽ എനിക്കുവേണ്ടി സംസാരിക്കുവാൻ ഞാൻ നിന്നോടാവശ്യപ്പെടുകയാണ്. സദയം എനിക്കു വേണ്ടി സംസാരിക്കണമെ". ഒരിക്കൽ ഈ മുക്തിയാർ അവൾക്ക് കൊടുത്തുകഴിഞ്ഞാൽ നാമത് ഒരിക്കലും പിൻവലിക്കരുത്. നേരേമറിച്ച് അത് നവീകരിച്ചുകൊണ്ടേയിരിക്കുക,

www.malankaralibrary.com

പ്രത്യേകിച്ച് വിഷമസന്ധികളിൽ: "അമ്മേ, സദയം എനിക്കുവേണ്ടി സംസാരിക്കണമെ".

നമ്മുടെ ഇന്ദ്രിയനിഗ്രഹങ്ങരം വിലയുള്ളതും പ്രയോജനപ്രദവുമാകുന്നതിനു് നാം ആഗ്രഹിക്കുന്നുവെങ്കിൽ അവ യേശുവിൻെറയും അവിടുത്തെ മാതാവിൻെറയും സഹനങ്ങളോട് നാം സംയോജിപ്പിക്കണം. തനിയെ നാം ഒന്നുമല്ല. പക്ഷേ, നമ്മുടെ പക്കൽ ആഗതയാകാനും അവളുടെ മനോഭാവങ്ങരം നമ്മുടേതുമായി യോജിപ്പിക്കാനും പിന്നെ അവയെല്ലാം അവളുടെ ദൈവികസുതൻേറതിനോട് യോജിപ്പിക്കാനും അവളോട് നാം അപേക്ഷിക്കുക. അപ്പോരം നാം ചെയ്യുന്നത് പരമമായ വിലയുള്ളതായിരിക്കും.

www.malankaralibrary.com

## അധ്യായം 21

## മനഃപ്രാർത്ഥന

പ്രാർത്ഥന പൊതുവായി മനസ്സിലും ഇച്ഛാശക്തിയിലും ദൈവവുമായി നേരേയുള്ള സമ്പർക്കമോ അല്ലെങ്കിൽ ഐക്യമോ അന്വേഷിക്കുന്നു. പതിനൊന്നാം അധ്യായത്തിൽ സഭയുടെ ഔദ്യോഗികപ്രാർത്ഥനകളിൽ പങ്കെടുക്കുന്നതിനെക്കുറിച്ച് നാം പ്രസ്താവിച്ചു. ആന്തരികമായ പങ്കുചേരലാണ് അതിൻെറ കാതലെന്നും അതേസമയംതന്നെ ബാഹ്യമായ പങ്കെടുക്കൽ വസ്തുനിഷ്ഠമായി ആവശ്യമാണെന്നും നാം പ്രസ്താവിച്ചിട്ടുണ്ട്. ആന്തരികമായതില്ലാതെ ബാഹ്യമായതിന് യാതൊരു വിലയുമില്ലെന്നും നാം കണ്ടതാണ്. സഭയുടെ ഔദ്യോഗികപ്രാർത്ഥനയുടെ പ്രാധാന്യത്തിൻെറ കാരണം ഇതാണ്. അത് ക്രിസ്തുവിൻെറ പ്രാർത്ഥന, മുഴുവൻ ക്രിസ്തുവിൻെറയും പ്രാർത്ഥന, അതായത് അവിടുത്തെയും അവിടുത്തെ അവയവങ്ങളുടെയും പ്രാർത്ഥനയാണ്.

സഭയുടെ ആരാധനക്രമത്തിലെ ഈ പ്രാർത്ഥനയ്ക്ക് മഹത്വമുണ്ടെങ്കിലും മററു പ്രാർത്ഥനകൾ, പ്രത്യേകിച്ച് മനഃപ്രാർത്ഥന, ഉപേക്ഷിക്കാവുന്നതാണെന്ന് കരുതാതിരിക്കുക. നാം മുമ്പ് കണ്ടതുപോലെ ഒരാൾ നല്ല ഒരുഭക്ഷ്യസാധനം മാത്രമുപയോഗിച്ച് ജീവിക്കാൻ ശ്രമിക്കുന്നെന്ന് കരുതുക. പോഷകാംശക്കുറവിനാൽ അയാൾ രോഗിയാകും. അതുപോലെ ആരാധനക്രമത്തിലുള്ള പ്രാർത്ഥനകൊണ്ടു മാത്രം തൃപ്തിപ്പെടുകയെന്നുവച്ചാൽ അതുവലിയ ആധ്യാത്മികനഷ്ടത്തിൽ കലാശിക്കും.

കൂടാതെ മറെറാരു കാര്യവും ഓർക്കേണ്ടതുണ്ടു്. ഇന്ദ്രിയനിഗ്രഹത്തിൻെറയോ എളിമയുടേയോ താങ്ങില്ലാതെയുള്ള പ്രാർത്ഥനയ്ക്കു പൂർണ്ണമായി വിലയില്ലാതാകുന്നില്ലെങ്കിലും വിലകുറയും. വി. ജയിൻഷന്താൾ പ്രസ്താവിക്കുന്നതുമതിഭ്രമത്തിൻെറ അപകടംപോലും അതുനിമിത്തം ഉണ്ടാകാമെന്നാണ്. "പ്രാർത്ഥനാവേളയിൽ ഉന്നതമോ, പ്രത്യേ

www.malankaralibrary.com

കന്മോ ആയ കൃപ ദൈവം ആർക്കു നൽകുന്നുവോ ആ വ്യക്തി അതോടൊന്നിച്ചു യഥാർത്ഥമായ ഇന്ദ്രിയ നിഗ്രഹവും എളിമയും പരിശീലിക്കാൻ പരിശ്രമിക്കേണ്ടതാണു്. അപ്രകാരം ചെയ്യുന്നില്ലെങ്കിൽ അതു നിലനില്ക്കുകയില്ല. അല്ലെങ്കിൽ അതു മതിഭ്രമമല്ലാതെ മറ്റൊന്നുമാകയില്ല'' ഉത്തമമായ ഈ ഉപദേശം ഇക്കാലത്തു വളരെ പ്രസക്തമാണു്, ചില പ്രത്യേക സാങ്കേതിക രീതികൾ അനുഷ്ഠിച്ചു പ്രാർത്ഥനയുടെ ഉന്നത സ്ഥാനത്തെത്താമെന്നു ചിലർ ധരിച്ചിട്ടുണ്ടെന്നു കാണാം. അവർക്കു ആധ്യാത്മിക പുരോഗതി കൈവരിക പ്രയാസകരമായിരിക്കും. കാരണം, അവർ പിൻചെല്ലുന്നതു തെററായ ആധ്യാത്മികതയെയാണ്. സ്വയംകൃതമായഇന്ദ്രിയനിഗ്രഹത്തിനവർ സന്നദ്ധരാകാത്തതുമൂലമാണതു്. ''പ്രഭാപൂർണ്ണനായ മാലാഖയുടെ വേഷം കെട്ടുന്ന'' (2 കോറി: 11: 14) പിശാചിന്റെ വലയിൽ അവർ വീഴുന്നു. അയൽക്കാരനോടുള്ള സ്നേഹത്തെക്കുറിച്ചു തെററായ ചിന്തയുളവാക്കി അവൻ അവരെ വഞ്ചിക്കുന്നു.

അതിനാൽ കാലാകാലങ്ങളിൽ പരീക്ഷണവിധേയമായതിന്റെ ഫലമായി സ്പുടം ചെയ്തെടുക്കപ്പെട്ട മനപ്രാർത്ഥനയെക്കുറിച്ചുള്ള ചില കാര്യങ്ങൾ ഈ അധ്യായത്തിൽ നാം ചർച്ച ചെയ്യുകയാണു്, അവയോടൊന്നിച്ചു ചില പുതിയ ആശയങ്ങളും ഈ അധ്യായത്തിൽ നാം കാണും.

ഏതെങ്കിലും മനപ്രാർത്ഥനയ്ക്കു തുനിയുന്നതിനു മുൻപ് നാം ഒരു കാര്യം ഓർക്കുക ഏററം അഭിലഷണീയമാണു്. എപ്പോഴും നമുക്കതു ബോധ്യമില്ലെങ്കിലും നാം നമ്മുടെ പിതാവിന്റെ സന്നിധിയിലാണ് എന്ന വിചാരമാണതു്. മറെറാരുവിധത്തിൽ പറഞ്ഞാൽ ദൈവസാന്നിധ്യബോധം. ഈ സാന്നിധ്യബോധം നമുക്കുണ്ടെങ്കിൽ അതു നമ്മുടെ ജീവിതത്തിൽ എത്രയോ വ്യതിയാനം വരുത്തും. നാം ആരാണ്, അവിടുന്നു ആരാണ് എന്ന ചിന്ത അപ്പോൾ നമ്മിൽ തീർച്ചയായും ഉളവാകും. അപ്പോൾ അവിടുത്തെ അനന്ത മഹത്വം നാം ഗ്രഹിക്കും. അവിലായിലെ വി. ത്രേസ്യാ അവിടുത്തെ പക്കൽനിന്നും അസാധാരണമായ കൃപകൾ നേടിയവളാണ്. എന്നിട്ടും എപ്പോഴും അവിടു

www.malankaralibrary.com

ത്തെക്കുറിച്ചു "(മഹാരാജാവ്" എന്നാണു പറഞ്ഞുപോന്ന തു്. ഈ മനോഭാവം അടിസ്ഥാനപരമായി ആരാധനതന്നെ യാണ്. ഈ ആരാധനാഭാവത്തിൽ നമ്മുടെ ചിന്തകളും, ഹൃദയവും മുഴുകിക്കഴിഞ്ഞാൽ നാം മനപ്രാർത്ഥനയുടെ സ്ഥിരമായ അവസ്ഥയിൽ ആയിത്തീരും. കാരണം, ഈ മനോഭാവം വളരെ വിലയുള്ളതും നമ്മുടെ പിതാവിനു പ്രീതികരവുമാണ്. ഈ ചിന്തതന്നെ ദൈവികമായ പ്രകാശത്തിനും സഹായത്തിനും വേണ്ടി അപേക്ഷിക്കുന്നതിനും തദ്വാരാ നന്നായി പ്രാർത്ഥിക്കുന്നതിനും നമ്മെ നയിക്കും. (സഹായത്തിനുവേണ്ടി പ്രാർത്ഥിക്കുക സുപ്രധാനമായ ഒന്നാണ്. അല്ലാത്തപക്ഷം നാമാണു പ്രധാന പ്രവർത്തകരെന്നും ദൈവം കേവലമൊരു തുണ മാത്രമാണെന്നും ചിന്തിക്കാനിടയാകാം. എന്നാൽ വസ്തുത അങ്ങനെയല്ലല്ലോ)

പിന്നെ നമ്മുടെ ബലഹീനതയേയും അയോഗ്യതയേയും കുറിച്ചു ബോധമുള്ളവരായി നാം പരിശുദ്ധ കന്യകയുടെ സഹായം അപേക്ഷിക്കണം. നമ്മുടെ കുറവായ മനോഭാവങ്ങൾ നികത്താൻ അവൾ തന്റെ പരിപൂർണ്ണമായ ആരാധനയോടെ നമ്മുടെ പക്കലെത്തുന്നതിനു നാം അപേക്ഷിക്കണം.

ഇതിനുശേഷം ധ്യാനവുമായി മുന്നോട്ടുപോകാൻ പല രീതികൾ അഥവാ സമ്പ്രദായങ്ങളുണ്ടു്. കാരണം, കൃപയ്ക്കുള്ള മറുപടിയിൽ നമുക്കു വ്യക്തിപരമായ വ്യത്യാസങ്ങളുള്ളതുതന്നെ.

ധ്യാനത്തിനുള്ള ഔപചാരികരീതി സഭയിൽ വളർന്നുവന്നിട്ടു അധികകാലമായിട്ടില്ല. പക്ഷേ, അതിനു മുൻപ് സഭയുടെ ആരംഭകാലത്തു് ധ്യാനമില്ലായിരുന്നുവെന്നു് അർത്ഥമാക്കേണ്ടതില്ല. തീർച്ചയായും ഉണ്ടായിരുന്നു. ഔപചാരികരീതി ഇല്ലായിരുന്നെന്നു മാത്രം. വേദപുസ്തകം ധ്യാനപൂർവ്വം രഹസ്യമായി വായിക്കുന്നതിൽനിന്നു അതു സംഭവിച്ചിരുന്നെന്നു മാത്രം,

ചിലർക്കു ഔപചാരികരീതിയോടു ആകർഷണമുണ്ടാകാം. ചിലർക്കതു ഉണ്ടാകയില്ല. സുപ്രധാനമായതു നമ്മുടെ മനസ്സും (ഭാവനയും ചേർന്നു്) ഇച്ഛാശക്തിയും

www.malankaralibrary.com

(വികാരങ്ങളുൾപ്പെടെ) ദൈവവുമായി ഐക്യപ്പെടുത്തുവാൻ പരിശ്രമിക്കുകയാണു്. ഏതു രീതിയിലാണോ ഒരു സന്ദർഭത്തിൽ ഒരാൾക്കു പ്രയോജനകരം, ആ രീതിയിലാണു് അയാൾക്കു നല്ലതു്.

ഒരു രീതി വിചാരാത്മകധ്യാനം (discursive meditation) എന്നു വിളിക്കപ്പെടുന്നതാണു്. ഇതിനു മിക്കവർക്കും ഒരു ആധ്യാത്മികഗ്രന്ഥം ആവശ്യമാണു്. തങ്ങളെ സ്പർശിക്കുന്ന ഏതെങ്കിലും ഭാഗം കാണുന്നതുവരെ അവർ അതു വായിക്കുന്നു. പിന്നെ ആ ഭാഗത്തെക്കുറിച്ചു അവർ ഗഹനമായി ചിന്തിക്കുന്നു, ചിന്തയിൽ പുരോഗമിച്ചു് തങ്ങളോടുതന്നെ ന്യായവാദം ചെയ്യുന്നു. ഒരു നല്ല പ്രസംഗം കേൾക്കുമ്പോൾ ഉണ്ടാകുന്നതുപോലെതന്നെ. ഒടുവിൽ നമ്മുടെ പിതാവിനോടും യേശുവിനോടും പരിശുദ്ധ ജനനിയോടും ആവശ്യമെങ്കിൽ വിശുദ്ധരോടും അവർ സംഭാഷണം ചെയ്യുന്നു. ഈ സംഭാഷണം മാനസികമോ ബാഹ്യ രീതിയിലോ ആകാം. പൊതുവായി പറഞ്ഞാൽ ആരംഭകാലത്തു ഇതു വളരെ പ്രയോജനകരമായിരിക്കും. ഓരോ വ്യക്തിയിലും ഇതു വ്യത്യസ്ത രീതിയിലായിരിക്കും. വായിക്കുന്ന ഭാഗം ചിലർ ആത്മശോധനയ്ക്കു വിധേയമാക്കുന്നു. ഇതു അനുതാപത്തിനും ഭാവിയിൽ കൂടുതൽ നല്ലതായി ജീവിക്കുവാനപേക്ഷിക്കാനും അവർക്കു കാരണമാകുന്നു.

ചിലർ ഒരു ഭാഗംതന്നെ വീണ്ടും വീണ്ടും വായിച്ചെന്നു വരാം. വേറെ ചിലരാകട്ടെ ആ ഭാഗം തീരുമ്പോൾ മുൻപോട്ടു വായിച്ച് മുൻപു പ്രസ്താവിച്ചതെല്ലാം നിർവഹിക്കുന്നു. അങ്ങനെ തങ്ങൾ നിശ്ചയിച്ച ഒരു ക്ലിപ്തസമയം അവർ ധ്യാനത്തിനുപയോഗിക്കുന്നു.

ചിലർ വേദപുസ്തകം, പ്രത്യേകിച്ച് സുവിശേഷങ്ങൾ, ആണ് ഉപയോഗിക്കുക. തീവ്രമായ ഭാവനയുള്ളവർ വായിച്ച ഭാഗങ്ങൾ തങ്ങൾ കാണുന്നതായി കരുതും. ചിലർ തങ്ങൾതന്നെ ആ വേദപുസ്തകസംഭവത്തിൽ ഉൾപ്പെട്ടിരിക്കുന്നതായും പ്രധാന സംഭവങ്ങളിൽ ഭാഗഭാക്കാക്കുന്നവരോടു സംഭാഷണം നടത്തുന്നതായും കരുതും. ഈ സു

www.malankaralibrary.com

വിശേഷസംഭവങ്ങളിൽ നമ്മുടെ കർത്താവിനെ ഉററു നോക്കുകയും ആ നോട്ടം മാഞ്ഞുപോകാതെ സൂക്ഷിക്കുകയും ചെയ്യുക.

മററുചിലരാകട്ടെ, വാചാപ്രാർത്ഥന ഉപയോഗിക്കും. ഉദാഹരണമായി ''സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ' എന്ന പ്രാർത്ഥന ഓരോ വാക്കും ഉള്ളിൽ അഗാധമായി സ്പർശിക്കുംവിധം നിറുത്തിനിറുത്തി ഉച്ചരിച്ച് അതെക്കുറിച്ച് അവർ ചിന്തിക്കും. ഈ രീതി വളരെ നല്ലതാണ്, ധ്യാനത്തിൽ പുരോഗമിച്ചിട്ടുള്ളവർക്കുപോലും.

ധ്യാനിച്ച കാര്യങ്ങൾക്കനുസൃതം ജീവിതത്തിൽ പുരോഗമിക്കാനും അതിനുവേണ്ടി ഏതെങ്കിലും പ്രത്യേക പ്രതിജ്ഞയെടുക്കാനും സഹായകമാകുമാറ് ധ്യാനാവസാനത്തിൽ ഒരു പ്രാർത്ഥനകൂടി ചേർക്കുന്നതു നല്ലതാണ്.

ഇതേവരെ പ്രസ്താവിച്ച സമ്പ്രദായത്തിലുള്ള ധ്യാനം ആരംഭകർക്കുള്ളതാണ്. അതിൽ മനസ്സും ഭാവനയും ശ്രദ്ധയോടെ പ്രവർത്തിക്കുന്നു. ഇച്ഛാശക്തിയുടെയും തൻമൂലമുള്ള പ്രാർത്ഥനാപൂർവകമായ സംഭാഷണത്തിൻെറയും ഭാഗം കുറവായിരിക്കും. ഏതായാലും ഒരു കാര്യം പ്രത്യേകം ഓർക്കുക. ഓരോ ആത്മാവും വ്യത്യസ്തമാണ്. ഇങ്ങനെയുള്ള ധ്യാനം ചിലർക്കു ദീർഘനാൾ നില നില്ക്കും. ചിലർ പെട്ടെന്നുതന്നെ പുരോഗമിച്ചെന്നും വരും. ഈ പുരോഗമനത്തിൽ ധ്യാനസമയത്തിൻെറ ഭൂരിഭാഗവും സംഭാഷണമായിരിക്കും. ഇപ്രകാരമുള്ള ധ്യാനത്തിനു സ്നേഹാത്മകധ്യാനമെന്നു(affective meditation) പറയുന്നു.

ഈ രണ്ടു ഘട്ടങ്ങളും, അതായത് വിചാരാത്മകധ്യാനവും സ്നേഹാത്മകധ്യാനവും കഴിയുമ്പോൾ ആർജ്ജവധ്യാനമെന്ന് (prayer of simplicity) വിളിക്കപ്പെടുന്ന പദവിയിൽ ചിലരെത്തുന്നു. (നിർഭാഗ്യവശാൽ ആർജ്ജവമെന്ന പദം എല്ലാ ഗ്രന്ഥകാരന്മാരും ഒരേ അർത്ഥത്തിലല്ല ഉപയോഗിക്കുന്നത്. അതിനാൽ ഈ ഗ്രന്ഥകർത്താവിൻെറ ആശയം ഗ്രഹിക്കുവാൻ സദയം ശ്രദ്ധ പതിപ്പിക്കുക) ദൈവസ്നേഹത്തിൽ വളരുന്നതിന് പരിശ്രമിക്കുന്നവർക്ക്,

www.malankaralibrary.com

പ്രത്യേകിച്ച് സൃഷ്ടികളോടുള്ള നിസ്സംഗത, ഇന്ദ്രിയനിഗ്രഹം, എളിമ, എന്നിവവഴി പരിശ്രമിക്കുന്നവർക്കു മാത്രം കൈവരുന്ന ഒന്നാണിത്. ഇവയോടൊന്നിച്ച് സ്വാഭാവിക ധ്യാനചിന്തകളും, അതായത് കൂടെക്കൂടെയുണ്ടാകുന്ന ദൈവസാന്നിധ്യബോധവും ഉണ്ടായിരിക്കണം. എല്ലാ പ്രവൃത്തികളിലും ആ വ്യക്തി ശുദ്ധമായ ലക്ഷ്യബോധത്താൽ നയിക്കപ്പെടണം. ഉപബോധമനസ്സിൽപോലും ഈ ഉദ്ദേശശുദ്ധി ഉണ്ടായിരിക്കണം. അയാരം പരിപൂർണ്ണനായിരിക്കണമെന്നല്ലാ ഇവിടെ വിവക്ഷിക്കുന്നത്. പക്ഷേ, ഉദാത്തമായ ആധ്യാത്മിക വളർച്ചയ്ക്കുവേണ്ടി പ്രയത്നിക്കുന്നവനായിരിക്കണം. ഈ വ്യവസ്ഥകളില്ലാത്തപ്പോരം ആർജ്ജവധ്യാനമെന്ന് കാണപ്പെടുന്നത് ഒരു മതിഭ്രമമാകാനിടയുണ്ട്. ഈ അധ്യായത്തിൽ വി. ജെയിൻ ദെ ഷന്താരം പ്രസ്താവിച്ചിട്ടുള്ളത് ഉദ്ധരിച്ചിട്ടുണ്ടല്ലോ.

ആർജ്ജവധ്യാനമെന്ന ശൈലി ഒരു നല്ല വിശദീകരണമാണ്. സ്നേഹാത്മകമായ ധ്യാനത്തിൽ മനസ്സിൻെറയോ ഭാവനയുടെയോ പ്രവൃത്തി വളരെ ലളിതമായിത്തീരുന്നു. അതായത് കേവലം ഒരുചിന്ത മുഴുവൻ ധ്യാനസമയത്തിനും അടിസ്ഥാനമായിത്തീരുന്നു. ആർജ്ജവധ്യാനത്തിലാകട്ടെ, ഇച്ഛാശക്തിയുടെയും വികാരങ്ങളുടെയും സംഭാഷണങ്ങളുടെയും സംഭാഷണപരമായ പ്രാർത്ഥനയുടെയും പ്രവൃത്തി ലളിതമായിത്തീരുന്നു. നാം ഉദ്ദേശിക്കുന്നത് ഒരാരം അനുയോജ്യമായ ഒററ ചിന്ത അതിനനുസൃതമായ ഹൃദയഭാവങ്ങളോടെ എടുക്കുകയും ധ്യാനവേള മുഴുവനും അയാരം അത് ആവർത്തിക്കുകയും അങ്ങനെ അയാളുടെ ആത്മാവിലേക്ക് അത് ചൂഴ്ന്നിറങ്ങുന്നതുമാണ്.

ഒരുദാഹരണം. മുരംമുടി ധരിപ്പിക്കപ്പെട്ട്, മുഖം മുഴുവനും മററുള്ളവരുടെ തുപ്പൽ നിറഞ്ഞ്, പടയാളികളാൽ പരിഹസിക്കപ്പെടുന്ന യേശുവിനെക്കുറിച്ച് ഒരുവൻ ചിന്തിക്കുന്നു. അയാളുടെ ഹൃദയഭാവം ഇതായിരിക്കണം: ഇതിൻെറ കാരണക്കാരൻ ഞാനാണ്, ഇതു് എനിക്കു വേണ്ടിയാണ്, ഞാൻ ദുഃഖിക്കുന്നു. ഇവയിൽ ഏതെങ്കിലും ഒരു ചിന്ത മതിയാവും. അല്ലെങ്കിൽ ഈ സങ്കീർത്തനവാക്യം ഒരാരം

www.malankaralibrary.com

ചിന്തിക്കുന്നു: "കർത്താവേ, ഞങ്ങളുടെ കർത്താവേ, ഭൂമിയിലെങ്ങും അവിടുത്തെ നാമം എത്ര മഹനീയം" (സങ്കീ. 8) ഈ ചിന്തയോടൊന്നിച്ച് ആരാധനയുടെയോ ആദരത്തിൻെറയോ മനോഭാവമുണ്ടാകുന്നു.

നാം പ്രസ്താവിച്ചതുപോലെ ഈ പ്രാർത്ഥനയാരംഭിക്കുന്നത് ഒരാം ഇപ്രകാരമുള്ള ഒരു ചിന്തയും ആ ചിന്തയ്ക്കനുയോജ്യമായ ഇച്ഛാശക്തിയുടെയോ ഹൃദയത്തിൻെറയോ ഭാവവും എടുക്കുമ്പോഴാണ്. ഇത് എത്രനേരം ദീർഘിക്കും? അല്പനേരം മാത്രം. ചിലപ്പോരം രണ്ടു മിനിട്ട്. പിന്നെ അത് അവ്യക്തതയിലാണ്ടുപോകും. അപ്പോരം വീണ്ടും തുടങ്ങണം. വീണ്ടും അവ്യക്തമാകും. വീണ്ടും ആവർത്തിക്കുക. തിരമാലകരം കടൽത്തീരത്തടിക്കുന്ന രീതിയിൽ ധ്യാനവേളമുഴുവനും ഇതാവർത്തിച്ചുകൊണ്ടിരിക്കും. എന്നിരുന്നാലും ഏകവിചാരവും ഏകമനോഭാവവും മറുപടിയും ധ്യാനവേളമുഴുവനുമുണ്ടായിരിക്കും.

ഈ ആർജ്ജവധ്യാനം ആദ്യം പ്രത്യക്ഷപ്പെടുമ്പോരം ചിന്ത ഏതെങ്കിലും ഭക്തകാര്യത്തെക്കുറിച്ചാകാം. എന്നാൽ കാലം മുന്നോട്ടു പോകുന്തോറും ആ വ്യക്തി ആധ്യാത്മികപുരോഗതിക്കും നേട്ടത്തിനും പൊതുവായി തീവ്രയത്നം ചെയ്യുന്നപക്ഷം ദൈവത്വത്തെക്കുറിച്ചുള്ള പൊതുവായതും അമൂർത്തവുമായ ചിന്തയിലെത്തും. യേശുവിൻെറ ദിവ്യമായ മനുഷ്യത്വത്തെക്കുറിച്ചുള്ള ചിന്ത അയാരംക്ക് നഷ്ടപ്പെടുമെന്നല്ലാ നാം ഉദ്ദേശിക്കുന്നത്. പക്ഷേ, ആത്മാവ് അഭിവൃദ്ധിയുടെ തലത്തിൽ ചരിക്കുകയായിരിക്കും. അടുത്തു വരുന്ന ഘട്ടവുമായി ആ മനുഷ്യത്വം യോജിച്ചുപോകാത്ത ഒരു സ്ഥിതി വരും. പക്ഷേ, പിന്നീട് ആ പഴയ സ്ഥിതി പൂർവ്വാധികം ശക്തിയോടെ തിരിച്ചുവരും. ഇത് നാം അടുത്ത അധ്യായത്തിൽ കാണും.

ഈ സന്ദർഭത്തിൽ ദൈവനിവേശിതമായ പ്രകാശരേണുക്കരം പ്രത്യക്ഷമാകാനിടയുണ്ട്. നാമിത് പിന്നീട് ചർച്ച ചെയ്യും. ഇപ്രകാരമുള്ള പ്രകാശം ഏതു സമയത്തും ഉളവാകാം. ഔപചാരികമായ പ്രാർത്ഥനാവേളകളിലല്ലാത്ത

www.malankaralibrary.com

പ്പോഠംപോലും ഇതു സംഭവിക്കാം. ഈ പ്രകാശഫലമായാണ് ക്രിസ്തുവുമായി താരതമ്യപ്പെടുത്തുമ്പോഠം സകലതും "ഉച്ചിഷ്ട"മാണെന്ന് വി. പൗലോസ് പ്രസ്താവിച്ചത് (ഫിലി. 3:8). ഐഹികജീവിതകാര്യങ്ങഠം വെറും കളിപ്പാട്ടങ്ങഠംപോലെയാണ് തോന്നുന്നതെന്ന് അവിലായിലെ വി. ത്രേസ്യായും പ്രസ്താവിച്ചിട്ടുണ്ട്.

ധ്യാനവേളയിലല്ലാതെ നടത്തുന്ന നല്ല ആദ്ധ്യാത്മിക പാരായണം ധ്യാനത്തിന് പോഷകമാണെന്ന് പറയേണ്ടതില്ലല്ലോ.

ധ്യാനത്തിൻെറ പ്രാധാന്യം വളരെ വലുതാണു്. പതിനൊന്നാം പീയൂസ് മാർപ്പാപ്പാ പ്രസ്താവിച്ചതുപോലെ മറെറാന്നും അതിനു പകരമാകയില്ല. ആദ്ധ്യാത്മിക വളർച്ചയാഗ്രഹിക്കുന്ന യാതൊരുവനും അതുപേക്ഷിക്കുക പ്രയോജനം ചെയ്യുകയില്ല. ധ്യാനം സന്യാസത്തിലോ വൈദികപദവിയിലോ ഉള്ളവർക്ക് മാത്രമുള്ളതാണെന്ന് കരുതാതിരിക്കുക.

ഒരാഠംക്ക് ധ്യാനത്തിന് സമയം കിട്ടുന്നില്ലെങ്കിൽ? ദീർഘസമയം നല്ലതുതന്നെ. പക്ഷേ, അത്യാവശ്യമല്ല. ഒരു ദിവസം കേവലം അഞ്ചുമിനിട്ട് സമയമെടുത്താൽ പോലും ധ്യാനം ഫലദായകമാകും. വളരെ ജോലിത്തിരക്കുള്ള ഒരാഠം അല്പസമയത്തെ മയക്കംകൊണ്ട് ഉന്മേഷവാനാകുന്നത് നാം കാണുന്നുണ്ടല്ലോ, ആ മയക്കം കഴിഞ്ഞ് അയാഠം അനായാസം ജോലി തുടരുന്നു. ഇതുപോലെ അല്പസമയത്തേക്കുള്ള ധ്യാനത്തിനും അത്ഭുതകരമായ ഫലമുളവാക്കാൻ കഴിയും.

ചില പുതുമയുള്ള സാങ്കേതികരീതികഠം ചിലർ ധ്യാനത്തിനുവേണ്ടി ഇക്കാലത്ത് പ്രചരിപ്പിക്കുന്നുണ്ട്. പഴയ പാരമ്പര്യത്തിൻെറ നവീകരണമാണ് ചിലതെന്നും ചിലത് പുതിയതാണെന്നും അവർ അവകാശപ്പെടുന്നുണ്ട്. നാം ആ രീതികളെക്കുറിച്ച് എന്താണ് കരുതേണ്ടത്? അവ തമ്മിലുള്ള വ്യത്യാസം നാം കണക്കിലെടുക്കേണ്ടതുണ്ട്.

അതീന്ദ്രിയധ്യാനമെന്നത് (Transcendental meditation) ഇന്നു പലരും കേഠംക്കുന്നുണ്ട്. എന്നാൽ അത് അതീന്ദ്രിയ

www.malankaralibrary.com

വുമല്ല, ധ്യാനവുമല്ല. അതുപയോഗിക്കുന്നവർ ചില ഹൈന്ദവസൂത്രവാക്യങ്ങൾ അഥവാ മന്ത്രങ്ങൾ ചിലർക്കുപദേശിക്കുന്നു. മന്ത്രം രഹസ്യമാണ്. ആ വ്യക്തിക്കു മാത്രമുള്ളതാണ് എന്നുമവർ പറയും. ഇത് വെറും തട്ടിപ്പാണു്. ഹാർവാർഡ് യൂണിവേഴ്സിററി മെഡിക്കൽ സ്കൂളിലെ ഡോ. ഹെർബർട്ട് ബെൻസൺ തൻെറ പരീക്ഷണത്തോട് സഹകരിക്കാൻ തയ്യാറായ ചില അതീന്ദ്രിയ ധ്യാനഗുരുക്കൻമാരെ കണ്ടെത്തി. അദ്ദേഹം അവരെ സൂക്ഷ്മനിരീക്ഷണത്തിന് വിധേയരാക്കി. ഹൈന്ദവമയമായ ചില വാക്കുകൾ കൈയൊഴിഞ്ഞാൽ അത് കേവലം സ്വാഭാവിക സംഗതി മാത്രമാണെന്ന് താൻ ഗ്രഹിച്ചതായി അദ്ദേഹം തൻെറ The Relaxation Response (വിശ്രമപരിപാടി) എന്ന ഗ്രന്ഥത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. മാനസികപിരിമുറുക്കം ഇല്ലാതാക്കുന്നതിനു അതു നേരിട്ടു സഹായകമാണെന്നും അദ്ദേഹം രേഖപ്പെടുത്തിയിട്ടുണ്ട്.

ഈ രീതി വളരെ ലളിതമാണു്. സുഖദായകമായ ഒരു കസേരയിൽ ഇരിക്കുക, കുനിഞ്ഞിരിക്കരുതു്. ആവശ്യമെങ്കിൽ ശരീരത്തിൻെറ ഓരോ അവയവത്തിനും അയവു വരുത്തണം. ഇത്രയും അടിസ്ഥാനപരം. പിന്നെ കണ്ണുകളടച്ചു "ധ്യാനം" തുടങ്ങണം. എന്നിട്ട് അധരങ്ങൾകൊണ്ടുച്ചരിക്കാതെ ആന്തരികമായി ഒന്നു് എന്ന വാക്കു പറയുക. (ഡോക്ടർ ബെൻസൺ ഈ വാക്കു സ്വീകരിച്ചതിനുകാരണം ഒരു മന്ത്രവും ആവശ്യമില്ലെന്നു കാണിക്കുവാനാണു്) ഓരോ പ്രാവശ്യവും ആന്തരികമായി ഒന്നു് എന്നു പ്രസ്താവിക്കുമ്പോൾ ശ്വാസം വിടുന്നതു നല്ലതാണു്. എല്ലാ ശ്രദ്ധയും ആ വാക്കിൽതന്നെ കേന്ദ്രീകരിക്കണം. ശ്രദ്ധ പതറാം. അപ്പോൾ മന്ദമായ രീതിയിൽ അതു മാററി വീണ്ടും പഴയപടി ആരംഭിക്കണം ഈ അതീന്ദ്രിയ നിലയിലെത്താൻ പത്തു മിനിട്ടു ആവശ്യമാകും. പത്തു മിനിട്ടുകൾ കൂടി ആ നിലയിൽ തുടരുക അഭികാമ്യമാണ്. ദിനം പ്രതി ഇതു നിർവ്വഹിക്കുക.

പക്ഷേ, ഇതു പ്രാർത്ഥനയല്ല, പിരിമുറക്കത്തിനു സ്വാഭാവികമായ അയവു നൽകാനുള്ള മനഃശാസ്ത്രപരമായ

www.malankaralibrary.com

ഒരു സാങ്കേതിക നടപടി മാത്രം. പ്രാർത്ഥനയ്ക്കു ഇതു സഹായകമാകുമോ? ഒരു പക്ഷേ, ധ്യാനത്തിനുള്ള ശ്രദ്ധയുടെ കേന്ദ്രീകരണത്തിനു പ്രാരംഭസഹായം നൽകിയേക്കാം. പൊള്ളയായ ഒരു വാക്കിൽ മാത്രം ശ്രദ്ധ കേന്ദ്രീകരിക്കുക ധ്യാനമല്ലല്ലോ.

കേന്ദ്രീകൃതമായ പ്രാർത്ഥനയെന്നു വിളിക്കുന്നതും ബേസിൽ പെന്നിംഗ്ട്ടൺ പ്രോത്സാഹിപ്പിക്കുന്നതുമായ പ്രാർത്ഥന ഈ സന്ദർഭത്തിൽ നാം ചർച്ച ചെയ്യുന്നു. അതും ഇരുപതു മിനിററുവീതം രണ്ടു തവണ ഓരോ ദിവസവും എടുക്കും. ശാന്തത കൈവരിക്കാൻ ഒന്നോ രണ്ടോ മിനിററെടുത്താണു അതിൻെറ തുടക്കം. ഇതിനു അതീന്ദ്രിയ ധ്യാനത്തിൻെറ നടപടിക്രമം സഹായകമാകും. അതിനു ശേഷം ഒരാൾ തൻെറ ഹൃദയത്തിൻെറ അഗാധതയിൽ വസിക്കുന്ന ദൈവത്തെക്കുറിച്ചു് ഒരു വാക്കുമാത്രമെടുത്തു ചിന്തിക്കുന്നു. യേശു എന്ന വാക്കു് പ്രത്യേകം സഹായിക്കും. എന്നിട്ട് ആ വാക്കു് ആവർത്തിക്കുകയോ അതിൽ ശ്രദ്ധ കേന്ദ്രീകരിക്കുകയോ ചെയ്യുക. ശ്രദ്ധ പതറിയാൽ അതീന്ദ്രിയധ്യാനത്തിലെന്നതുപോലെ ചെയ്യുക. അവസാനം അയാൾ സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ എന്ന പ്രാർത്ഥനയോ മററേതെങ്കിലും പ്രാർത്ഥനയോ മനസ്സാ ചൊല്ലി പിരിമുറുക്കമെല്ലാം നീങ്ങിയ സ്ഥിതിയാലാകുക.

ഈ സമ്പ്രദായത്തെക്കുറിച്ചു് നാം എന്തു ചിന്തിക്കണം? രണ്ടു കാര്യങ്ങൾ പ്രത്യേകം പരിഗണനയർഹിക്കുന്നു. ഒന്നാമത്തേതു്, ഒരുവൻ തൻെറ ആത്മാവിൽ വസിക്കുന്ന ദൈവത്തിൽ യഥാർത്ഥത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കുകയാണെങ്കിൽ അതീന്ദ്രീയ ധ്യാനത്തിലില്ലാത്ത ഒരു ആധ്യാത്മികത അതിലുണ്ടു്.പക്ഷേ, ഇതനുഷ്ഠിക്കുന്ന വ്യക്തി ദൈവവിചാരത്തിൻെറ സ്ഥാനത്തു് അവ്യക്തതയോ ശൂന്യതതന്നെയോ കയറിപ്പററാതെ സൂക്ഷിക്കേണ്ടിയിരിക്കുന്നു. കാരണം ഈ ഒററ വാക്കിൻെറ തുടർച്ചയായ ആവർത്തനം ഹിപ്നോട്ടിക്ഭാവം ഉളവാക്കാൻ പര്യാപ്തമാണ്. രണ്ടാമത്തേതു്, ഇവയെല്ലാം വളരെ നന്നായി ചെയ്യുന്നപക്ഷം നാം മുമ്പു പ്രസ്താവിച്ച ആർജ്ജവധ്യാനത്തിൽ അതു

www.malankaralibrary.com

ചെന്നു നില്ക്കും. കൂടാതെ ഈ ആവർത്തനം വിരസതയ്ക്കു കാരണമാകാം. ആർജ്ജവധ്യാനമെന്നു നാം വിളിക്കുന്നതു അനായാസേന പരിശീലിക്കാവുന്ന ഒന്നല്ല. വലുതായ ഇന്ദ്രിയനിഗ്രഹം, എളിമയുടെ സമ്പാദനം, ധ്യാനാരൂപിയുടെ ശീലം, ഈ അദ്ധ്യായത്തിന്റെ ആരംഭത്തിൽ നാം ഉദ്ധരിച്ച വി. ജെയിൻ ദെഷന്താളിന്റെ അഭിപ്രായാനുസൃതമായ കാര്യങ്ങൾ പരിശീലിച്ചുള്ള ജീവിത , എന്നിവവഴിയായി അഗാധമായ ആധ്യാത്മികത ആ വ്യക്തിക്കുണ്ടായിരിക്കുകയുംവേണം.

മററു വാക്കുകളിൽ പറഞ്ഞാൽ ഏതെങ്കിലും സാങ്കേതികരീതി ആധ്യാത്മികവളർച്ചയ്ക്കുപകാരമാകുകയില്ല, ആ രീതിവച്ച് 'ഉടൻധ്യാനം' കൈവശപ്പെടുത്തുക സാധ്യവുമല്ല. ഈ രീതി അനുഷ്ഠിക്കുന്ന വ്യക്തി തനിക്കു ശരിയായ് സമാധാനം ലഭിക്കുന്നുണ്ടെന്നു പറഞ്ഞാലും അതു ഒരു ജാലവിദ്യ കണക്കെയുള്ളതാണു്. ശാന്തതയുടെ വികാരമുണ്ടാകാം. അതീന്ദ്രിയ ധ്യാനത്തിലുണ്ടാകുന്നതുപോലുള്ള ശാന്തത. പക്ഷേ, അതു ശൂന്യതയുടെ ശാന്തതയാണു്. അതിനു ആധ്യാത്മിക വളർച്ച നൽകാൻ കഴിവില്ല.

A. DeMello തന്റെ 'സാധന' എന്ന ഗ്രന്ഥത്തിൽ ഇത് മറെറാരു വിധത്തിൽ രേഖപ്പെടുത്തിയിട്ടുണ്ടു്.

നമുക്കുള്ള മനസ്സും ഹൃദയവും കൂടാതെ നാമെല്ലാം ഒരു മിസ്റ്റിക്കൽ മനസ്സും മിസ്റ്റിക്കൽ ഹൃദയവും ഉള്ളവരാണെന്നു അനേകം മിസ്റ്റിക്കുകൾ പ്രസ്താവിക്കുന്നുണ്ടു്. ആ സിദ്ധിവിശേഷംമൂലം ദൈവത്തെ നേരിട്ടറിയാൻ നമുക്കു കഴിയും. അവിടുത്തെ, നമ്മിൽ ആവസിപ്പിക്കാൻ കഴിയുമെന്നാണ് അവർ പറയുന്നതു്. പക്ഷേ, അതു ചിന്തകളും ആശയങ്ങളും പ്രതിബിംബങ്ങളും കൂടാതെ തെളിമയില്ലാത്തവിധമായിരിക്കുമെന്നാണു് പറയുന്നതു്. നിശ്ശബ്ദമായി ഞാൻ ദൈവത്തെ ഉററുനോക്കുമ്പോൾ ഞാൻ എന്താണ് ഉററു നോക്കുക—ഒരു ശൂന്യത.

ഇപ്രകാരമുള്ള ഒരു സിദ്ധിവിശേഷം നമുക്കുണ്ടോ? തീർച്ചയായും ഇല്ല. 22-ാം അധ്യായത്തിൽ നാം ചർച്ച ചെ

www.malankaralibrary.com

യ്യാനിരിക്കുന്നതുപോലെ ദൈവനിവേശിത ധ്യാനത്തിൽ (infused contemplation) ലഭിക്കുന്ന തെളിമയില്ലാത്ത എന്തോ ഒന്നു് നമുക്കു ലഭിക്കാം. പക്ഷേ, നിവേശിതധ്യാനത്തിൽ ശൂന്യതയില്ല. അതു നാം നമ്മുടെ പ്രവൃത്തിമൂലം ഉളവാക്കുന്നതുമല്ല, ദൈവം തിരുവിഷ്ടമാകുമ്പോാം അവിടുന്നു നമുക്കു നൽകുന്നതാണതു്. സാധാരണ അതു ഏതാനും മിനിട്ടുകാം മാത്രം നിലനിൽക്കും. ഒരു കാര്യം തീർച്ച. ആത്മാവിഷ്ടപ്പെടുമ്പോാം ആത്മാവിൻെറ ശക്തിമുഖേനയുളവാക്കുന്നതല്ലാ അതു്.

ഏററം വലിയ ഒരു മിസ്റ്റിക്കു് ആയിരുന്ന ആവിലായിലെ വി. ത്രേസ്യായുടെ ചരമത്തിൻെറ നാലാം ശതാബ്ദി പ്രമാണിച്ചുനടന്ന ചടങ്ങിൽ ജോൺ പോാം രണ്ടാമൻ മാർപ്പാപ്പാ ഈ ശൂന്യതാവാദത്തിനെതിരെ പ്രസംഗിക്കുകയുണ്ടായി. ദൈവത്വത്തിലേക്കുള്ള അവ്യക്തമായ സ്വാംശീകരണവും യാതൊന്നും ചിന്തിക്കാതിരിക്കുകയും ചെയ്യുന്നതാണു ധ്യാനസമാധിയെന്നു പഠിപ്പിച്ചിരുന്ന തൻെറ കാലത്തെ ഗ്രന്ഥങ്ങളെ ത്രേസ്യാ എതിർത്തിരുന്നുവെന്നു് അദ്ദേഹം പ്രസ്താവിച്ചു. അവളുടെ ഈ പ്രതികരണം "ക്രിസ്തുവിനെ മറന്നു് ശൂന്യമായ മാനസികാവസ്ഥയിലേക്കു നയിക്കുന്ന ഇക്കാലത്തെ ചില ധ്യാനരീതികാംക്കു് യോജിച്ചതാണ് എന്നും അദ്ദേഹം പ്രസ്താവിച്ചു. വി. ത്രേസ്യാ പഠിപ്പിച്ചതും ജീവിതത്തിൽ പ്രവൃത്തിപഥത്തിൽ കൊണ്ടുവന്നതുമായ ധ്യാനം "ആന്തരിക വിശുദ്ധീകരണത്തിനു സ്ഥാനം നൽകാതെയുള്ള രീതികാംവഴി നിഗൂഢവും ആത്മനിഷ്ഠവുമായ സാധ്യതകാംക്കുള്ള ഒരന്വേഷണമല്ലായിരുന്നു" എന്നും അദ്ദേഹം കൂട്ടിച്ചേർത്തു. വി. ജെയിൻ ദെഷന്താാം പ്രസ്താവിച്ചതും ഇതുതന്നെയാണു്.

പ്രാർത്ഥനയിൽ ബുദ്ധിയുടെ വ്യാപാരം തടഞ്ഞു നിർത്തുന്നതിനെക്കുറിച്ച് വി.ത്രേസ്യാ പ്രസ്താവിക്കുന്നു:

"ഞാൻ വിശദമാക്കുവാനാരംഭിച്ച മിസ്റ്റിക്കൽ ദൈവശാസ്ത്രത്തിൽ ബുദ്ധിയുടെ പ്രവർത്തനം നിശ്ചലമാക്കപ്പെടുന്നു. ദൈവം അതു നിശ്ചലമാക്കുന്നതാണു് അതിനുള്ള കാരണം. ചിന്തിക്കാതിരിക്കാനും നമുക്കുതന്നെ

www.malankaralibrary.com

അതു തടഞ്ഞുനിർത്താനും കഴിയുമെന്നു നാം കരുതുന്നുവെങ്കിൽ പായ്മരത്തണ്ടുകളും വരാൽച്ചയുള്ളവരുമായി കഴിയും. നാം ഒന്നും നേടുകയുമില്ല.''

അതിനർത്ഥം: മനസ്സിൻെറ പ്രവൃത്തി ദൈവം തന്നെ തടഞ്ഞുനിർത്തുന്ന ദൈവനിവേശിത ധ്യാനത്തിലേക്കു നാം പുരോഗമിക്കുകയോ അടിസ്ഥാനപരമായ ധ്യാനഫലം നമുക്കു ലഭിക്കുകയോ ചെയ്യുകയില്ല.

ജപമാലയെക്കുറിച്ചു ഏതാനും വാക്കുകൾ അവസാനമായി നാമിവിടെ ചേർക്കുകയാണ്. ജപമാലയുടെ ശക്തി കാണിക്കുന്ന തെളിവുകൾ ഇവിടെ നിരത്തേണ്ട ആവശ്യമില്ലല്ലോ. അനേകം മാർപ്പാപ്പാമാർ ആതു ശുപാർശ ചെയ്തിട്ടുണ്ടു്. രണ്ടാം വത്തിക്കാൻ സൂനഹദോസ് ഭംഗ്യന്തരേണ ഇതു ശുപാർശ ചെയ്യുന്നുമുണ്ട്.

''ഈ കത്തോലിക്കാവിശ്വാസം ഈ പരിശുദ്ധ സൂനഹദോസ് അവധാനപൂർവ്വം പഠിപ്പിക്കുകയും പരിശുദ്ധ കന്യകയോടുള്ള വണക്കം അതിപ്രധാനമായി തിരുകർമ്മവിധികളിലൂടെ ഔദാര്യപൂർവ്വം വർദ്ധിപ്പിച്ചുകൊണ്ടുവരണമെന്നു് ഉദ്ബോധിപ്പിക്കുകയും ചെയ്യുന്നു. അതിനായി നൂററാണ്ടുകളിലൂടെ സഭയുടെ പ്രബോധനാധികാരം അംഗീകരിച്ചിട്ടുള്ള ഭക്തമുറകൾ വിലമതിക്കുകയും ചെയ്യണമെന്നു് ഉദ്ബോധിപ്പിക്കുന്നു.''

'ക്രിസ്തി മാത്രി റൊസാരി' എന്ന തിരുവെഴുത്തിൽ രണ്ടാം വത്തിക്കാൻ സൂനഹദോസിൻെറ ഈ ശുപാർശയിൽ ജപമാലയും ഉൾപ്പെട്ടിട്ടുണ്ടെന്നു് പോൾ ആറാമൻ മാർപ്പാപ്പാ ഊന്നിപ്പറഞ്ഞിട്ടുണ്ടു്.

ജപമാല ഇവിടെ പരാമർശനവിഷയമാക്കിയതിൻെറ പ്രത്യേക കാരണം പതിനഞ്ചു രഹസ്യങ്ങളിൽ ഓരോ രഹസ്യവും ധ്യാനത്തിലുൾപ്പെടുത്തണമെന്നതാണു്.

ഒന്നാമതായി ഒരു കാര്യം ഓർക്കുക. ജപമാലയിലെ അൻപതു നന്മനിറഞ്ഞ മറിയമേ എന്ന പ്രാർത്ഥനയിലെയും അഞ്ചു സ്വർഗ്ഗസ്ഥനായ പിതാവേ, എന്ന പ്രാർത്ഥനയിലെയും ഓരോ വാക്കിനെയുംക്കുറിച്ചു് നാം അവധാനപൂർവം ചിന്തിക്കണമെന്നില്ല. പ്രത്യേകാനുഗ്രഹ

www.malankaralibrary.com

മുണ്ടെങ്കിൽപോലും അതു മാനുഷികകഴിവിനപ്പുറമാണ്. നേരെമറിച്ച് ഈ വാചാപ്രാർത്ഥന ഒരു തരത്തിലുള്ള പശ്ചാത്തലമൊരുക്കുകയാണു്. ഈ വാചാപ്രാർത്ഥനയോടൊന്നിച്ച് ആ രഹസ്യങ്ങളെ നാം ധ്യാനവിഷയമാക്കണമെന്നേ വിവക്ഷയുള്ളു.

ഇതു വിഷമകരമായ ഒന്നാണ്. ചില വിശുദ്ധർ പോലും ഇതു സമ്മതിച്ചിട്ടുണ്ടു്. ഇതു രണ്ടു രീതികളിൽ നിർവഹിക്കാം.

ഒന്നാമത്തേതു് നന്മനിറഞ്ഞ മറിയമേ എന്ന പ്രാർത്ഥനയ്ക്കിടയിൽ ഏതാനും വാക്കുകളോ വാചകങ്ങളോ ചേർക്കുകയാണു്. അപ്പോൾ ഓരോ നന്മനിറഞ്ഞ മറിയമേ എന്ന പ്രാർത്ഥനയോടൊപ്പം ദിവ്യരഹസ്യത്തിന്റെ പൊരുൾ ഓരോ പടി മുന്നോട്ടും പോകും. ചിലർക്കു ഇതു സ്വന്തമായി ചൊല്ലാം. മററു ചിലർക്കു ഈ ലക്ഷ്യം കണക്കാക്കിയുള്ള ഏതെങ്കിലും ഗ്രന്ഥത്തിൽ നിന്നുദ്ധരിക്കാം.

മററു ചിലർ വാചാപ്രാർത്ഥനയോടൊപ്പം വിചിന്തന ധ്യാനവും ഉൾപ്പെടുത്തുന്നു. ഇതും അത്ര എളുപ്പമല്ല. എന്നിരുന്നാലും ഇതു ആധ്യാത്മികമായി വളരെ പ്രയോജനപ്രദമാകയാൽ അതു നിർവഹിക്കാൻ ശ്രമിക്കാതിരിക്കുക ശരിയല്ല. അതിനൊരുമാർഗ്ഗമുണ്ടു്. പ്രാർത്ഥനയുടെ ഓരോ ദശകത്തിനുശേഷം അല്പസമയമെടുത്തു് വിഷയം ധ്യാനിക്കുക. ചിലർക്കു ഇതു വിചിന്തനധ്യാനമാകും. ഒരു ചിന്തയിൽനിന്നു മറെറാന്നിലേക്കു കടക്കുക. അല്ലെങ്കിൽ ധ്യാനവിഷയത്തിന്റെ ഒരു ചിത്രം മനസ്സിൽ രൂപപ്പെടുത്തുക. മററു ചിലർക്കു ഓരോ രഹസ്യത്തിന്റെയും കാതൽ മനസ്സിൽ കരുതാം.

നമുക്കൊരുദാഹരണം നോക്കാം. സന്തോഷകരമായ രഹസ്യങ്ങളാണു ധ്യാനവിഷയം. നമ്മുടെ മനുഷ്യസ്വഭാവം സ്വീകരിക്കുന്നതിനു ദൈവം കനിഞ്ഞ അത്ഭുതം ആദ്യ രഹസ്യത്തിൽ നാം ധ്യാനവിഷയമാക്കുന്നു. രണ്ടാമത്തേതിൽ മറിയത്തിന്റെ ഗർഭത്തിൽ ഒൻപതു മാസങ്ങൾ വസിക്കുവാൻ അവിടുന്നു തിരുമനസ്സായത്. അവിടുത്തേക്കു സകലതുമറിയാമായിരുന്നു. മാനുഷികമായ തലച്ചോറു്

www.malankaralibrary.com

പ്രകൃതി നിയമമനുസരിച്ചു പക്വമാകാഞ്ഞപ്പോഴും അവിടുത്തെ മാനുഷികാത്മാവിനു ആധ്യാത്മികബുദ്ധി ശക്തിയുണ്ടായിരുന്നു. അതു ദൈവദർശനത്തിലാണു കഴിഞ്ഞതു്. മൂന്നാമത്തെ രഹസ്യത്തിൽ നമ്മുടെ ധ്യാനവിഷയം നിസ്സഹായനായ ഒരു ശിശുവാകുവാൻ അവിടുന്നു തിരുമനസ്സായതാണു്. നാലാമത്തെ രഹസ്യം, ശിശുവായ യേശുവിനെ ദൈവാലയത്തിൽ കാഴ്ച വയ്ക്കുന്നു. അവിടുന്നു അപ്പോൾ കുരിശിനു സ്വയം സമർപ്പിക്കുന്നു. മംഗലവാർത്താവേളയിൽ 'എനിക്കു ഭവിക്കട്ടെ' എന്ന മറിയത്തിന്റെ ആ വചനത്തിന്റെ തുടർച്ചയായി അവൾ സ്വപുത്രന്റെ സമർപ്പണത്തോടു തന്റെ സമർപ്പണവും സംയോജിപ്പിക്കുന്നു. അഞ്ചാമത്തെ രഹസ്യം, യറൂസലേം ദൈവാലയത്തിൽ വേദപണ്ഡിതൻമാരെ തോല്പ്പിക്കാതിരിക്കാൻ അവിടുന്നു കരുതലെടുത്തു. തന്റെ വളർത്തുപിതാവിനും അപ്പോൾ ഗ്രഹിക്കാൻ കഴിയാത്ത മറുപടി അവിടുന്നു അരുളിച്ചെയ്തു, ഇപ്രകാരം ഓരോ, രഹസ്യത്തെയും കുറിച്ച് ധ്യാനിക്കുക സാധ്യമാണു്.

ഒരുവൻ സ്നേഹാത്മകധ്യാനത്തിലും ആർജ്ജവധ്യാനത്തിലും പുരോഗമിക്കുമ്പോൾ തീർച്ചയായും അവന്റെ ധ്യാനരീതിയും പുരോഗമിക്കും.

ധ്യാനത്തിന്റെ ഉത്തമമായ അഭിവൃദ്ധി നേടിക്കഴിയുമ്പോൾ ജപമാല പ്രാർത്ഥന നിന്നുപോകുമെന്നു പറയുന്നവരുണ്ടു്. അതേക്കുറിച്ചു് പറയാനുള്ളതിതാണു്.
1) ജപമാലപ്രാർത്ഥനാവേളയിൽ ദൈവനിവേശിതധ്യാനം ഉണ്ടാകുന്നപക്ഷം ആ സമയത്തേക്കു ജപമാല മാററിവയ്ക്കാം. എല്ലാ വാചാപ്രാർത്ഥനകളും നിർത്തിവയ്ക്കാം. ദൈവികപ്രകാശം ആത്മാവിൽ പ്രവർത്തിക്കുന്ന സമയമാണതു്. 2) ഈ ദൈവനിവേശിതധ്യാനശേഷം ജപമാല പ്രാർത്ഥന തുടരേണ്ടതാണു്:-

ഒരുവൻ ജപമാല പ്രാർത്ഥനയിലെ ധ്യാനം ഭംഗിയായി, ഒരു ശീലമായി, നടത്തുകയാണെങ്കിൽ അവന്റെ ആധ്യാത്മികജീവിതം മുഴുവൻതന്നെ പരിവർത്തനവിധേയമാകും. ജപമാലയോ മറേറതെങ്കിലും ധ്യാനപരമായ പ്രാർത്ഥനയോ ദൈവവുമായുള്ള ഐക്യത്തിൽ വളരുന്നതിനു അത്യാവശ്യമാണു്.

www.malankaralibrary.com

# അധ്യായം 22

## മൗതികറോസാപുഷ്പം (മിസ്റ്റിക്കൽറോസ്)

നാം പ്രസ്താവിച്ച ധ്യാനങ്ങളുടെ ചക്രവാളങ്ങൾക്കുമപ്പുറം ദൈവനിവേശിതധ്യാനത്തിലേക്കുപോലും പോകുന്ന ആധ്യാത്മിക വളർച്ചയുടെ ഒരു നീണ്ട പാതയുണ്ടു്.

ചില ബഹുമാന്യ ദൈവശാസ്ത്രജ്ഞന്മാർ ആധ്യാത്മികവളർച്ചയെക്കുറിച്ചു നല്കുന്ന ചിത്രങ്ങൾ തമ്മിൽ വലിയ വ്യത്യാസമുണ്ടെന്നു ഈ സന്ദർഭത്തിൽ നാം ഓർക്കുക. ആധ്യാത്മികജീവിതത്തിൽ ശുദ്ധീകരണഘട്ടം, പ്രകാശിതഘട്ടം, ഐക്യഘട്ടം എന്നിങ്ങനെ മൂന്നു ഘട്ടങ്ങളുണ്ടെന്നു എല്ലാവരും സമ്മതിക്കുന്നുണ്ടു്. ഇതേവരെ നാം പ്രസ്താവിച്ച ധ്യാനരീതികൾ ശുദ്ധീകരണഘട്ടത്തിലേതാണെന്നും എല്ലാവരും സമ്മതിക്കുന്നുമുണ്ടു്. അതിനുമപ്പുറമുള്ളതിനെക്കുറിച്ചു് അവർ വ്യത്യസ്തമായ അഭിപ്രായം പുലർത്തുന്നവരാണ്.

സുപ്രധാനമായ ചോദ്യം ഇതാണ്. ദൈവനിവേശിതമായ ധ്യാനസമാധി ആധ്യാത്മികമായി വളരെയധികം പുരോഗമിച്ച ഒരാൾക്കു തീർച്ചയായും ഉണ്ടാകേണ്ട ആധ്യാത്മിയവളർച്ചയുടെ ഒരു സാധാരണ ഭാഗമാണോ? അതു വളർച്ചയുടെ ഒരു അത്യാവശ്യഘടകമാണെന്ന് ചില ദൈവശാസ്ത്രജ്ഞന്മാർ പ്രസ്താവിക്കുന്നു. മററു ചിലർ അതു നിഷേധിക്കുന്നു. ഇരുകൂട്ടരും തങ്ങളുടെ അഭിപ്രായത്തിനുപോദ്ബലകമായി സഭയിലെ ഏററം വലിയ മിസ്റ്റിക് ദൈവശാസ്ത്രജ്ഞരായ കുരിശിൻെറ വി. യോഹന്നാനെയും അവിലായിലെ വി. ത്രേസ്യായെയും ചൂണ്ടിക്കാട്ടുന്നു.

ദൈവനിവേശിതധ്യാനം ഒരു അത്യാവശ്യഘടകമാണെന്നു പ്രസ്താവിക്കുന്നവരുടെ അഭിപ്രായം ഇങ്ങനെയാണ്: അതു ആദ്യമായി പ്രത്യക്ഷപ്പെടുന്നതു ശുദ്ധീകരണ ഘട്ടത്തിൽനിന്നു പ്രകാശിതഘട്ടത്തിലേക്കു ആത്മാവു കടക്കുന്നവേളയിലാണ്. ഈ ആദ്യവീഥിയെ അവർ ഇന്ദ്രിയങ്ങളുടെ അന്ധകാര രാത്രി എന്നുവിളിക്കുന്നു. പ്രകാശിത

www.malankaralibrary.com

വീഥിയിൽ കൂടുതൽ ഉയർന്ന നിലയിലുള്ള ധ്യാനം ഉളവാകും. പക്ഷേ, ആ വീഥിയുടെ അവസാനഘട്ടത്തിൽ വീണ്ടും ഒരു പരിവർത്തനം ഉണ്ടാകും. അതു ആത്മാവിൻെറ അന്ധകാരപൂർണ്ണമായ രാത്രിയാണ്. അതു കൊണ്ടുചെന്നെത്തിക്കുന്നതു ഈ ഐഹികജീവിതത്തിൽ കാണുന്ന ഏററം വലിയ ധ്യാനത്തിലേക്കാണ്.

മറേറ ചിന്താഗതി ഇപ്രകാരമാണ്. നാമും ദൈവകൃപയും ചേർന്നു നമ്മുടെ കുററങ്ങരം നിർമ്മാർജ്ജനം ചെയ്തു നമ്മുടെ ആത്മാവിനെ ശുദ്ധമാക്കുന്ന ഘട്ടമാണ് ശുദ്ധീകരണവീഥി. പ്രകാശത്തിൻെറ അനുഗ്രഹങ്ങരം സ്വീകരിക്കുന്ന ഘട്ടമാണ് പ്രകാശവീഥി. ഈ ജീവിതത്തിൽ ദൈവവുമായി നിരന്തരം ഐക്യം പുലർത്തുന്ന ഘട്ടമാണ് ഐക്യവീഥി. ദൈവനിവേശിതധ്യാനം പ്രത്യക്ഷപ്പെടുന്നതു അസാധാരണമായ ഒന്നാണ്. അതു സംഭവിക്കുന്നെങ്കിൽ അതു ഐക്യവീഥിയിലേ ഉണ്ടാകുകയുള്ളു. ഈ ദൈവശാസ്ത്രജ്ഞന്മാർ ചിലപ്പോരം രണ്ടു രാത്രികളെക്കുറിച്ച് പരാമർശിക്കുന്നുണ്ട്, പക്ഷേ വളരെ കുറവായ രീതിയിലാണ് അവർ അതു മനസ്സിലാക്കുന്നത്. ആദ്ധ്യാത്മികവളർച്ചയിലേക്കുള്ള ഒരു പടിയാണ് ദൈവനിവേശിതധ്യാനമെന്നു ഈ അദ്ധ്യായത്തിൽ നാം ചർച്ച ചെയ്യുകയാണ്. ഈ വീക്ഷണത്തിൻെറ കാരണം ഈ അധ്യായത്തിൽ വ്യക്തമാകും.

ഈ അധ്യായത്തിനു 21-ാം അധ്യായവുമായി ബന്ധമുണ്ട്. അതിൻെറ അവസാനഭാഗത്ത് ആർജ്ജവപ്രാർത്ഥന നാം ചർച്ചചെയ്തതാണ്. ആ ധ്യാനത്തിൽ ധ്യാനവിഷയം മിക്കവാറും അമൂർത്തരീതിയിൽ ദൈവികതലത്തിലേക്കു മാത്രമായ നിലയിൽ വികസിക്കുന്നതിനുദ്യമിക്കുമെന്നും നാം കണ്ടു. അതേസമയം തന്നെ ആർജ്ജവധ്യാനപരിശീലനത്തിൻെറ ആരംഭദശയിൽ ഏതു ഭക്തിപരമായ വിഷയവും പോരുന്നതാണെന്നും നാം കണ്ടു. കുറെക്കാലത്തേക്കെങ്കിലും യേശുവിൻെറ പരിശുദ്ധമായ മനുഷ്യത്വത്തെക്കുറിച്ച് ധ്യാനിക്കുവാൻ ആത്മാവ് അശക്തമായിരിക്കുമെന്നും നാം കണ്ടു. കാരണം, ആ ഘട്ടത്തിൽ അതു നിർവഹിക്കാനും

www.malankaralibrary.com

അതേസമയം തന്നെ ഒരു പടികൂടി മുന്നോട്ടുപോകുവാനും ആത്മാവ് വളരെ ബലഹീനമായിരിക്കും. കുറേകഴിഞ്ഞ് കൂടുതൽ ആദ്ധ്യാത്മികഫലദായകമായ നിലയിൽ അവിടുത്തെ മനുഷ്യത്വത്തോടുള്ള ഭക്തി പ്രത്യാഗമിക്കുന്നു.

പ്രാർത്ഥനയുടെ ഈ വികസനത്തോടൊന്നിച്ചുതന്നെ എളിമയിലും ഇന്ദ്രിയനിഗ്രഹത്തിലും ഉള്ള വളർച്ചയും വേണം. പ്രാർത്ഥനയുടെ ഈ വികസനത്തോടൊന്നിച്ച് ഇവയുണ്ടാകുന്നില്ലെങ്കിൽ പ്രാർത്ഥനയുടെ പുരോഗതി സംഭവിച്ചുവെന്ന തോന്നൽ അർത്ഥരഹിതമായിരിക്കും. 21-ാം അദ്ധ്യായത്തിൽ വി. ജെയിൻ ദെ ഷന്താളിന്റെ വാക്കുകൾ ഉദ്ധരിച്ചിട്ടുള്ളതു നാം വീണ്ടും സ്മരിക്കുക.

ഇവകൂടാതെ, ഉദ്ദേശിക്കാത്ത നേരങ്ങളിൽ, ജോലിയിലേർപ്പെട്ടിരിക്കുമ്പോൾ പോലും പരിശുദ്ധാത്മാവ് അയക്കുന്ന പ്രകാശരേണുക്കൾ ആത്മാവിൽ കടന്നുവരാം. (23-ാം അധ്യായത്തിൽ ഈ ദാനങ്ങൾ നാം സവിസ്തരം ചർച്ച ചെയ്യും.) ഈ പ്രകാശത്തിന്റെ വളരെ സാധാരണമായ ഫലം ഇതാണ്: ദൈവവുമായി താരതമ്യപ്പെടുത്തുമ്പോൾ എല്ലാത്തിന്റെയും നമ്മുടെ തന്നെയും ഒന്നുമില്ലായ്മയെക്കുറിച്ച് പതിവായ ധ്യാനം മുഖേന നേടാൻ കഴിയാത്ത അഗാധമായ ഒരവബോധം ആത്മാവിലുണ്ടാകുന്നു. ഇപ്രകാരമുള്ള പ്രകാശരേണുക്കൾ വരുമ്പോൾ സാധ്യമെങ്കിൽ മററെല്ലാം നിറുത്തിവച്ച് പ്രകാശത്തിന് ശ്രദ്ധ നൽകണമെന്നും പ്രകാശഫലം സ്വീകരിക്കണമെന്നും ആത്മാവ് അറിഞ്ഞിരിക്കണം. മററു പ്രാർത്ഥന, പ്രത്യേകിച്ച് വാചാപ്രാർത്ഥന ഇതിനു ശല്യം ചെയ്യും. ഇതു എത്ര സമയം നിലനില്ക്കും? സാധാരണ രണ്ടു മിനിട്ടുമാത്രം. പക്ഷേ, അതിന്റെ ഫലം കൂടുതൽ സമയം നമ്മെ പിൻചെല്ലും.

ആത്മാവ് പിന്നെയും കൂടുതൽ പുരോഗമിക്കുകയാണെങ്കിൽ നിവേശിതധ്യാനത്തിന്റെ ആഗമനം മൂന്നു ലക്ഷണങ്ങൾമൂലമറിയാം,

www.malankaralibrary.com

ആദ്യലക്ഷണം തീവ്രമായ വരൾച്ചയുടെ അനുഭവമാണ്. ഐഹികകാര്യങ്ങളിലോ ആദ്ധ്യാത്മികകാര്യങ്ങളിൽ തന്നെയോ ആത്മാവ് യാതൊരു സന്തോഷവും കാണുകയില്ല. ആത്മാവിനു ഇതു അസഹ്യമാകും. പ്രലോഭനങ്ങൾക്കു ആത്മാവ് വശംവദയാകാനിടയാകാം. കേവലം നിസ്സാരകാര്യങ്ങൾപോലും അതിനു സഹനവിഷയമാകാം. ആധ്യാത്മികമായ അനാസ്ഥമൂലമുളവാകുന്ന വരൾചയിൽ നിന്നു ഈ വരൾചയെ വ്യത്യസ്തമായി കാണേണ്ടതാവശ്യമാണ്. വ്യത്യാസം ഇതാണ്: ആദ്ധ്യാത്മികമായ അനാസ്ഥയോ പാപമോ ഉള്ളയാൾ ഇന്ദ്രിയകാര്യങ്ങളിൽ സന്തോഷിക്കും;ദൈവികകാര്യങ്ങളിൽ സന്തോഷിക്കയുമില്ല. രണ്ടാമത്തെ ലക്ഷണം: ശ്രദ്ധയുടെ പതർച്ചക്കിടയിലും ദൈവസാന്നിധ്യം കൂടെക്കൂടെ അനുഭവപ്പെടുക. അവിടുത്തെക്കുറിച്ചു അനുസ്യൂതമായ അവബോധം ഈ ജീവിതത്തിൽ ആർക്കും സാധ്യമല്ല. അതിനു വളരെ പ്രത്യേകമായ കൃപ ആവശ്യമാണ്. എന്നിരുന്നാലും രണ്ടാമത്തെ ലക്ഷണത്തിൽ ഒരുവന്റെ പൂർണ്ണശ്രദ്ധ ആവശ്യമായ ജോലി കഴിഞ്ഞാലുടൻ തന്നെ ദൈവസാന്നിദ്ധ്യബോധം അവനുണ്ടാകും. എന്നാൽ ഈ അവബോധം അത്ര വ്യക്തമല്ല, പക്ഷേ യഥാർത്ഥമായതാണ്. ദൃഢിമയുള്ള ഐക്യം ദൈവവുമായിട്ടുണ്ടാകുന്നതിനു അതു ആത്മാവിൽ ആഗ്രഹമുളവാക്കുന്നു. താൻ ദൈവത്തെ നന്നായി ഉപാസിക്കുന്നില്ലെന്നു ആത്മാവിനു തോന്നും. അതു ശരിയാണ്. കാരണം, ഈ ഘട്ടത്തിലും ആത്മാവ് ശുദ്ധീകരണവീഥിയിലാണ്. ഈ ലോകത്തിൽ സാധ്യമായ ആധ്യാത്മികതയുടെ ഉത്തുംഗശൃംഗത്തിലെത്താൻ വളരെ നീണ്ട ഒരു വഴി ആത്മാവിനു താണ്ടേണ്ടതുണ്ട്.

മന്ദോഷ്ണതയോ പാപമോ മൂലമുളവാകുന്ന സാധാരണവരൾച്ചയും ഈ സ്ഥിതിയും തമ്മിലുള്ള വ്യത്യാസം നാം വീണ്ടും കാണുക. സാധാരണ രീതിയിലുണ്ടാകുന്ന വരൾച്ച ദൈവോപാസനയ്ക്കു വലിയ ആഗ്രഹം നൽകുകയില്ല, അല്ലെങ്കിൽ അവിടുത്തേക്കുറിച്ച് അനുസ്യൂതചിന്തയിലേക്കു തിരിയുകയുമില്ല.

www.malankaralibrary.com

മൂന്നാമത്തേത്: ധ്യാനവിഷയത്തിലെ ഓരോ രംഗവും മനസ്സിലും ഭാവനയിലും കണ്ടുകൊണ്ട് വിചിന്തനധ്യാനത്തിലേക്ക് മടങ്ങാനുള്ള കഴിവില്ലായ്മ. ധ്യാനം വളരെ ഉയർന്ന തലത്തിലെത്തുമ്പോഠം മനസ്സും ഭാവനയും ഒട്ടും തന്നെ പ്രവർത്തിക്കാതെ വരുന്നതായി കാണുക. ഒരു ഗ്രന്ഥം മനസ്സിലാക്കുവാൻപോലും അസാധ്യമായിതീരുക. എന്നാൽ പ്രാർത്ഥനാവേളയില്ലാത്തപ്പോഠം അനുദിനപ്രവൃത്തികഠം ആ വ്യക്തിക്കു ചെയ്യാവുന്നതാവും. എന്നിരുന്നാലും അനേകർക്കു, പ്രത്യേകിച്ച് ധ്യാനജീവിതം അത്ര വളരെ വികസിച്ചിട്ടില്ലാത്തവർക്കു ഈ മൂന്നു ലക്ഷണങ്ങഠക്കിടയിൽപ്പോലും പഴയ വിചിന്തനധ്യാനരീതിയിലേക്കു മടങ്ങുക സാധ്യമാണ്.

ഈ വലിയ വരംച്ച ദൈവംതന്നെ ആത്മാവിൽ പ്രവർത്തിക്കുന്നതിനാലുളവാകുന്നതാണെന്ന കാര്യം പലരും ഓർക്കാറില്ല. സാധാരണമായ കൃപകളുടെ സഹായത്താൽ സ്വന്തം കഴിവുകളുപയോഗപ്പെടുത്തി ശുദ്ധീകരണവീഥിയിൽ കൂടിമാത്രമേ മനുഷ്യർക്കു യാത്ര ചെയ്യാനൊക്കുകയുള്ളു. കൂടുതൽ വികസനത്തിനു ദൈവം തന്നെ പ്രവർത്തിക്കണം. ആത്മാവ് ഒരുമാതിരി രീതിയിൽ നിശ്ചേഷ്ടവുമായിരിക്കണം.

ഈ മൂന്നു ലക്ഷണങ്ങളും സംഭവിച്ചുകഴിയുമ്പോഠം ദൈവനിവേശിതധ്യാനം പ്രത്യക്ഷപ്പെടാം. രണ്ടു രീതികളിൽ അതു പ്രത്യക്ഷപ്പെടാം. ആർജ്ജവ പ്രാർത്ഥനയെന്നു നാം പ്രസ്താവിച്ചതു ദൈവനിവേശിതധ്യാനവുമായി കൂടിച്ചേരുന്നു. ഈ ആർജ്ജവപ്രാർത്ഥനയെന്നു നാം പ്രസ്താവിച്ചതു ദൈവനിവേശിതധ്യാനവുമായി കൂടിച്ചേരുന്നു.

ഈ ആർജ്ജിത പ്രാർത്ഥനയുടെ വികസനരൂപത്തിൽ ദൈവത്തിൻെറ നേർക്കു സ്നേഹാത്മകമായ ഒരു ഉററുനോട്ടം ആത്മാവിനുണ്ടാകും. എന്നിരുന്നാലും ഈ ഉററുനോട്ടം സാധാരണ കൃപയുടെ സഹായം നിമിത്തം ആത്മാവു ചെയ്യുന്ന പ്രവൃത്തിയാണ്. പരിശുദ്ധാത്മദാനങ്ങളുടെ പ്രവൃത്തിമൂലമാണ് ആ ഉററുനോട്ടം സംഭവിക്കുന്നതു്. അതു നിശ്ചേഷ്ടവുമാണ്.

www.malankaralibrary.com

മറേറ രീതിയിൽ, ദൈവനിവേശിതധ്യാനം നാം വ്യക്തമായ രീതിയിലാണുണ്ടാക്കുക. ദൈവവുമായുള്ള ഒരു സമ്പർക്കദൃശ്യം തൻെറ അഗാധതയിൽനിന്നുയരുന്നതായി ആത്മാവു കാണുന്നു. പതിനേഴാം അധ്യായത്തിൽ നാം ചർച്ച ചെയ്ത സമാശ്വാസങ്ങളിൽനിന്നു് ഇതു് വളരെ വ്യത്യസ്തമാണു്. ആ സമാശ്വാസങ്ങൾ ഇന്ദ്രിയതലത്തിൽ നിന്നുളവാകുന്നവയാണ്. ആത്മാവിൽ അവിടുത്തെ ഛായയോ ശബ്ദമോ ഇല്ല. എല്ലാം അവ്യക്തംതന്നെ. വിശ്വാസത്തിൻെറ അന്ധകാരം മാത്രം. എന്നാൽ ദൈവസാന്നിധ്യം താൻ അനുഭവിക്കുന്നുവെന്നു ആത്മാവിനു പ്രസ്താവിക്കുവാൻ കഴിയുന്നവിധത്തിലാണതുളവാകുക. ഇവിടെ ആത്മാവിനു തോന്നുന്നു എന്ന പദം അപ്രസക്തമാണു്. കാരണം, ഇതു ഇന്ദ്രിയതലത്തിലുള്ളതല്ല. പക്ഷേ, ദൈവനിവേശിതധ്യാനം മാധുര്യത്തോടെയുളവാക്കുമ്പോൾ ഇന്ദ്രിയതലത്തിലേക്കു അതു കവിഞ്ഞൊഴുകും.

ഈ അനുഭവം പ്രാർത്ഥനാവേളയിലുണ്ടാകാം, മററു സമയങ്ങളിലുണ്ടാകാം, ജോലിത്തിരക്കിനിടയിൽപോലും ഉണ്ടാകാം. ഇവിടെ വിവക്ഷിക്കുന്നതു സാധാരണമായ അനുദിന പ്രവൃത്തികളാണ്. ഇതു സംഭവിക്കുന്നതിനുള്ള പശ്ചാത്തലമൊരുക്കുന്നതു തുടരെത്തുടരെയുള്ള ദൈവവിചാരമാണെന്നു പറയേണ്ടതില്ലല്ലോ.

ഇതു സംഭവിക്കുമ്പോൾ മറെറല്ലാം മാററിവച്ച് അതിൽ ശ്രദ്ധ കേന്ദ്രീകരിക്കുക. വാചാപ്രാർത്ഥന, അതു ആന്തരികമായി ചൊല്ലുന്നതാണെങ്കിൽപോലും ഒരു തടസ്സമായിരിക്കും. ഈ പ്രതിഭാസം ഒരു രീതിയിലുള്ള സംയോജനമാണു്.

ആത്മാവ് ശ്രദ്ധ കേന്ദ്രീകരിക്കണമെന്നു നാം പ്രസ്താവിച്ചു. കാരണം, അപ്പോൾ മററു കാര്യങ്ങളിലേർപ്പെട്ടാൽ ഈ നിവേശിതധ്യാനം മുടങ്ങിപ്പോകും. ഈ സമയത്തുപോലും ശ്രദ്ധയുടെ പതർച്ചയുണ്ടാകാം. (ആത്മാവ് ധ്യാനം പ്രത്യേകിച്ചുമധുരമായ നിലയിൽ, ആസ്വദിക്കു

www.malankaralibrary.com

മ്പോഴും ഇന്ദ്രിയ തലത്തിലേക്കു ശക്തമായ പ്രവാഹം സംഭവിക്കുന്നില്ലെങ്കിൽ ശരീരം അതിൽ സുഖം കാണാതിരിക്കും.)

ഈ ധ്യാനം എത്ര നേരത്തേക്കു നിലനിൽക്കും? മുൻപ്രസ്താവിച്ചതുപോലെ സാധാരണഗതിയിൽ കുറച്ചുസമയംമാത്രം. ദൈവനിവേശിത പ്രകാശരേണുക്കളെക്കുറിച്ചു മുൻപു പ്രസ്താവിച്ചതോർമ്മയുണ്ടല്ലോ. എപ്പോൾ അതു വീണ്ടുമുണ്ടാകും? ദൈവം ആഗ്രഹിക്കുന്നവേളയിൽ, കാരണം, ഇതുളവാക്കുക നമുക്കു സാധ്യമല്ല. ഇതുളവാക്കാൻ നാം ശ്രമിക്കുകയുമരുതു്. അപ്പോൾ അതു വെറും മായാജാലമാകും. അതു ദൈവഹിതത്തിനെതിരാകും. അവിടുത്തെ ഇഷ്ടപ്പെടുത്തുന്നതിൽ കൂടുതൽ കൂടുതൽ വളരുവാൻ നാം ആഗ്രഹിക്കുമ്പോഴും ഒരു പ്രത്യേക സമയം ഒരു പ്രത്യേക മാർഗ്ഗം അവലംബിക്കാതിരിക്കുക. 20-ാം അദ്ധ്യായത്തിൽ നാമിതു കണ്ടതാണ്. അതു നാം അവിടുത്തേക്കു വിട്ടുകൊടുക്കുക.

ദൈവനിവേശിതധ്യാനത്തെക്കുറിച്ചു പ്രസ്താവിക്കവേ കുരിശിന്റെ വി. യോഹന്നാൻ പറയുന്നു( "ഇപ്രകാരം ആത്മാവ് എല്ലാ കാര്യങ്ങളിൽനിന്നും വിമുക്തമായി സ്വയം ശൂന്യമാക്കി നിസ്സംഗതയോടെ കഴിയുമ്പോൾ, ദൈവം ആത്മാവിനോടു രഹസ്യത്തിലും നിശ്ശബ്ദതയിലെങ്കിലും ആശയവിനിമയം നടത്താതിരിക്കുക അസാദ്ധ്യമാണു്. നിങ്ങൾ നിങ്ങളുടെ ജനാലകൾ തുറക്കുമ്പോൾ നിങ്ങളുടെ ഭവനത്തിൽ പ്രവേശിക്കുന്നതിനു സൂര്യൻ നേരത്തെ ഉണർന്നെഴുന്നേൽക്കുന്നതുപോലെ, ദൈവം ശൂന്യമായി സ്ഥിതി ചെയ്യുന്ന ആത്മാവിൽ പ്രവേശിക്കുകയും അതിൽ ദൈവിക നന്മകൾ നിറയ്ക്കുകയം ചെയ്യും".

ഈ വാക്കുകൾ സൂചിപ്പിക്കുന്നതും ദൈവനിവേശിതധ്യാനം ആധ്യാത്മിക വളർച്ചയുടെ ഒരു സാധാരണ ഭാഗമാണെന്നാണ്. കാരണം, തന്റെ ഭാഗം ആത്മാവ് നിർവഹിക്കുന്നെങ്കിൽ അതു ദൈവം നൽകുവാൻ മടിക്കുകയില്ല.

www.malankaralibrary.com

സന്യാസഭവനങ്ങളിലോ മഠങ്ങളിലോ ഉള്ളവർക്കു മാത്രമേ ദൈവനിവേശിത ധ്യാനം ഉളവാക്കുകയുള്ളോ? തീർച്ചയായും അല്ല. ദൈവഭക്"തിയുള്ളവരും തങ്ങളുടെ ജീവിതാവസ്"ഥയ്ക്കനുസൃതമാംവിധം നാം മുൻപു പ്രസ്"താവിച്ച മാർഗ്ഗങ്ങൾ ഉപയോഗിക്കുന്നവരുമായ ലൗകിക ജീവിതം നയിക്കുന്ന ചിലർക്കും ഇതുണ്ടാകുന്നുണ്ട്. പക്ഷേ, ധ്യാനഭവനങ്ങളിലുള്ളവർക്കും ലൗകികജീവിതം നയിക്കുന്നവർക്കും ഇതിൻെറ രീതികളിൽ വ്യത്യാസം കാണും.

ദൈവം ഇച്"ഛിക്കുന്ന രീതിയിൽ ഈ വീതി പിന്നിട്ടു കഴിയുമ്പോൾ പ്രകാശിതവീഥിയിലേക്കു ആത്"മാവ് പ്രവേശിക്കുന്നു. അവിടെ കൂടുതൽ ഉന്നതനിലയിലുള്ള ധ്യാനം പ്രത്യക്ഷപ്പെടും. ആ ധ്യാനത്തിനു ശാന്തതയുടെ പ്രാർത്"ഥനയെന്നുപറയാം. ഒരു മേശപ്പുറത്തു വച്ചിരിക്കുന്ന കൈയ്"പോലെ ദൈവസമ്പർക്കത്തിൻെറ കാഴ്"ച അവിടെ ലഭിക്കും.

ആരംഭകാലത്തു വല്ലപ്പോഴും മാത്രമേ ഈ പ്രാർത്"ഥനാരീതി പ്രത്യക്ഷപ്പെടുകയുള്ളു. ഒരു തവണ കുറെ നിമിഷങ്ങളിലേക്കുമാത്രം. ഒരു പക്"ഷേ, ഒരു പ്രാവശ്യം നന്മ നിറഞ്ഞ മറിയമേ എന്ന പ്രാർത്"ഥനയ്ക്കെടുക്കുന്ന സമയം. ചില ആളുകളിൽ അപ്രതീക്ഷിതവേളകളിൽ ഈ കൃപ വന്നുചേരും, പെട്ടെന്നു അസാധാരണരീതിയിലുള്ള ധ്യാനത്തിലേക്കു അവർ വഴുതി വീഴുന്നു. ദൈവികമായതു അവരിൽ ചൂഴ്"ന്നിറങ്ങുകയായി. പെട്ടെന്നു അതു പ്രത്യക്ഷമാകയും ചെയ്യും. ഈ പ്രാർത്"ഥനയുടെ തീവ്രത പല സമയങ്ങളിലും വ്യത്യസ്"തമായിരിക്കും.

ഈ കൃപ ആദ്യം ലഭിച്ചശേഷം പിന്നീടതു വളരെക്കാലത്തേക്കു ചിലപ്പോൾ സംവത്സരങ്ങൾതന്നെ, ഉണ്ടായെന്നുവരുകയില്ല. ആത്"മാവിൻെറ വിശ്വസ്"തതയുടെ കുറവാണു ഈ തടസ്സമുണ്ടാക്കുന്ന കാരണം, അല്ലെങ്കിൽ അപ്രകാരമാണെന്നു ദൈവം ഇഷ്"ടമാകുന്നതെന്നും പറയാം. മററുള്ള ധ്യാനങ്ങളിൽ ഈ ഇടവേളകളുണ്ടാകയില്ല.

www.malankaralibrary.com

ഈ തലത്തിലെത്തുമ്പോൾ പോലും ഈ ലോകത്തിൽ സാധ്യമായ ആധ്യാത്മികതയുടെ ഉത്തുംഗതയിൽ നിന്നും വളരെ അകലെയായിരിക്കും ആത്മാവ്. അതിനാൽ ക്രൂരമെന്നു തോന്നാവുന്ന കൂടുതലായ ശുദ്ധീകരണപ്രക്രിയയ്ക്കു ആത്മാവു വിധേയമാകും. മിക്കവാറും അതു നിശ്ചേഷ്ട രീതിയിലായിരിക്കും, ദൈവശാസ്ത്രജ്ഞൻമാർ ഈ പ്രതിഭാസത്തിനു ആത്മാവിൻെറ അന്ധകാരപൂർണ്ണമായ രാത്രി എന്നു പേരു നൽകുന്നു. ആ വേളയിൽ ഏതെങ്കിലും പുണ്യത്തിനെതിരായ പരീക്ഷകളും പ്രലോഭനങ്ങളും വലുതായനിലയിൽ ഉണ്ടാകാം. വിശ്വാസം, ശരണം, ശുദ്ധത എന്നിവയ്ക്കെതിരായിപ്പോലും, വി. പൗലോസ് കോറിന്ത്യർക്കെഴുതിയ രണ്ടാം ലേഖനം 12-ാം അധ്യായം ഏഴാം വാക്യത്തിൽ പ്രസ്താവിക്കുന്ന "ശരീരത്തിലെ മുള്ള്" ശുദ്ധതയ്ക്കെതിരായ പ്രലോഭനങ്ങളായിരുന്നെന്നു പ്രസ്താവിക്കുന്ന ചില വേദപുസ്തകവ്യാഖ്യാതാക്കളുണ്ട്.

ആത്മാവിൻെറ ഈ രാത്രി വർഷങ്ങളോളം നീണ്ടുനില്ക്കാം. കാരണം, ആദ്യരാത്രി, അതായതു ഇന്ദ്രിയങ്ങളുടെ രാത്രി ഇന്ദ്രിയ മണ്ഡലത്തിൽ വേരൂന്നിയിട്ടുള്ള തെററുകൾ നിർമ്മാർജ്ജനം ചെയ്യാനാണു പ്രധാനമായി ശ്രമിച്ചത്. അതേസമയംതന്നെ ആത്മാവിൻെറ അഗാധതയിൽ അനേകം തെററുകൾ വേരു പിടിച്ചു കിടപ്പുണ്ടു്. പരിശുദ്ധാത്മപ്രവർത്തനം മുഖേന മാത്രമേ ആ തെററുകളുടെ വേരു പിഴുതുകളയുക സാധ്യമാകൂ. ആ നിലയിലേക്കു ആത്മാവിനെ കൊണ്ടെത്തിക്കുകയാണു ഈ രാത്രിയുടെ ലക്ഷ്യം.

അവസാനം കട്ടിപിടിച്ച ആ അന്ധകാരത്തിൽ നിന്നു ആത്മാവ് പുറത്തുവരുമ്പോൾ ഈ ലോകത്തിൽ സാധ്യമായ ധ്യാനാത്മകശൃംഗത്തിൽ അതു എത്തിച്ചേരുന്നു. അപ്പോൾ ഇച്ഛാശക്തി മാത്രമല്ലാ, ആത്മാവിൻെറ എല്ലാ സിദ്ധിവിശേഷതകളും ദൈവത്താൽ പ്രവർത്തിക്കപ്പെടുന്നു, ഈ ലോകത്തിൽ സാധ്യമാംവിധം ആത്മാവു ദൈവവുമായി ഐക്യപ്പെടുന്നു.

www.malankaralibrary.com

മുൻപു നാം സാന്ദർഭികമായി പ്രസ്താവിച്ചപോലെ ഈ ധ്യാനം ആസ്വാദനീയമായ മധുരരീതിയിൽ ചില ആത്മാക്കളിൽ ഉണ്ടാകും; മററു ചിലതിൽ സന്തോഷരഹിതമായ വരാംച്ചയിലും. അപ്പോഠം പോലും ആത്മാവ് അതിൻെറ ഏററം നല്ല തലത്തിലായിരിക്കും. 17-ാം അധ്യായം കാണുക) ലിസ്യൂവിലെ വി. കൊച്ചുത്രേസ്യാ ഇങ്ങനെയുള്ള ഒരാത്മാവായിരുന്നെന്നു തോന്നുന്നു. ഇങ്ങനെയായിരുന്നു പ. കന്യകയെന്നു കരുതാൻ അവഠം ഇഷ്ടപ്പെട്ടിരുന്നു.

മറെറാരു തരത്തിലുള്ള ധ്യാനത്തെ "മരിയൻധ്യാനം" എന്നു വിളിക്കുന്നുണ്ട്. ദൈവമാതാവിനുണ്ടായിരുന്ന ധ്യാനരീതിയെന്നോ, തങ്ങളുടെ ധ്യാനത്തിൽ ആത്മാക്കഠം അവളെ കാണുന്ന രീതിയെന്നോ, ഏതു വിധത്തിലും ഈ ശൈലി ഉപയോഗിക്കാം.

മറിയം ഇക്കാര്യങ്ങളെല്ലാം തൻെറ ഹൃദയത്തിൽ സംഗ്രഹിച്ചിരുന്നുവെന്നു വി. ലൂക്കോസ് ഒന്നിലധികം പ്രാവശ്യം പ്രസ്താവിക്കുന്നുണ്ട്. മറിയത്തിൻെറ അമലോത്ഭവം പ്രഖ്യാപിച്ച "ഇൻഎഫാബിലിസ്ദേയൂസ്" എന്ന രേഖയിൽ ഒൻപതാം പീയൂസ് മാർപ്പാപ്പാ ഈ വസ്തുത കൂടുതൽ വിശദമാക്കുന്നുണ്ട്. ഉത്ഭവവേളയിൽതന്നെ അവഠംക്കുണ്ടായിരുന്ന പരിശുദ്ധി വിശദമാക്കിക്കൊണ്ട് അദ്ദേഹം പ്രസ്താവിക്കുന്നതു്.

"മറെറല്ലാ സൃഷ്ടികളെക്കാളും ഉന്നതമായ ദൈവം അവളിൽ സ്നേഹം ചൊരിയുകയും പ്രത്യേക സന്തോഷം കണ്ടെത്തുകയും ചെയ്തു. അതിനാൽ എല്ലാ മാലാഖമാരെക്കാളും വിശുദ്ധരെക്കാളും ദൈവത്വത്തിൻെറ ഭണ്ഡാഗാരത്തിൽനിന്നു് ധാരാളമായി സ്വർഗ്ഗീയ അനുഗ്രഹങ്ങഠം അവഠംക്കു നൽകി. അതിനാൽ എല്ലാ പാപത്തിൻെറയും കറയിൽനിന്നു് അവഠം പൂർണ്ണമായി വിമുക്തയായി. പൂർണ്ണമായും മുഴുവനായും അവഠം സൗന്ദര്യമുള്ളവളായിരുന്നു. നിഷ്കളങ്കതയുടെയും പരിശുദ്ധിയുടേയും പൂർണ്ണത അവളിൽ പ്രശോഭിച്ചു. അതിനാൽ ദൈവത്തിനു കീഴിൽ മററാരെക്കുറിച്ചും അങ്ങനെ ചിന്തിക്കുക സാധ്യമല്ല. ദൈവത്തിനല്ലാതെ മററാർക്കും അതു ഗ്രഹിക്കുകയും സാധ്യമല്ല".

www.malankaralibrary.com

അതായതു് അവളുടെ പരിശുദ്ധി ഗ്രഹിക്കുവാൻ പ്രാപ്തിയുള്ള വ്യക്തിയെ ദൈവത്തിനു സൃഷ്ടിക്കാൻ കഴിയുമെന്നു നമുക്കു പറയാമെങ്കിലും അവിടുന്നു അങ്ങനെ ചെയ്തിട്ടില്ല. പ്രധാന മാലാഖമാരിലും സെറാഫേന്മാരിലും ഏറാം പ്രമുഖൻ പോലും അതു ഗ്രഹിക്കുക സാധ്യമല്ല. അതു അവിടുത്തേക്കു മാത്രമേ, ഗ്രഹിക്കാനാവൂ. പുണ്യത്തിന്റെ അഗ്രിമ സ്ഥാനത്തെത്തിയ ഒരാത്മാവു് നിറുത്തിയിടത്താണു അവർ തുടങ്ങിയതുതന്നെ. അതിനാൽ അവളുടെ ധ്യാനം എപ്രകാരമായിരുന്നുവെന്നു ഗ്രഹിക്കുക നമുക്കു സാധ്യമാണ്. ഇങ്ങനെയാണെങ്കിലും നസ്രേത്തിലെ ഭവനത്തിലുള്ള ചുമതലകരം നിറവേററുന്നതിൽ അവരം വീഴ്ച വരുത്തിയില്ല. പ്രത്യേക രീതിയിൽ നല്ലവളായി മാത്രം മററുള്ളവർ അവളെ കണ്ടു.

മറെറാരു ധ്യാനമുണ്ടെന്നു ചുരുക്കം ചില ആത്മാക്കരം പ്രസ്താവിച്ചിട്ടുണ്ട്. ദൈവനിവേശിതധ്യാനവിഷയത്തിൽ മറിയത്തിനും ഒരു ഭാഗമുണ്ടായിരുന്നതായി അവർക്കനുഭവപ്പെട്ടിട്ടുണ്ടു്. ദൈവശാസ്ത്രപരമായി ഇതു വ്യക്തമായ രീതിയിൽ സാധ്യമാണു്. ദൈവനിവേശിത ധ്യാനത്തിൽ ദൈവവുമായുള്ള പ്രത്യക്ഷസമ്പർക്കം ഒരുവനു നല്കപ്പെടുന്നെങ്കിൽ, മാലാഖമാരിൽ പ്രമുഖനെക്കാളും കൂടുതലായി മറിയം ദൈവത്തോടു ഐക്യപ്പെട്ടിരുന്നതിനാൽ, ദൈവം തിരുമനസ്സാകുന്നപക്ഷം ദൈവത്തോടൊന്നിച്ചു മറിയത്തിന്റെയും ഒരു ദർശനം ആത്മാവിനു ലഭിക്കുമെന്നു പറയേണ്ടതില്ലല്ലോ. 17-ാം നൂററാണ്ടിൽ നെതർലാൻഡ്സിൽ ജീവിച്ചിരുന്ന ഒരു മിസ്റ്റിക്കായിരുന്ന വി. ത്രേസ്യായുടെ വാഴ്ത്തപ്പെട്ട മേരിയുടെ കാര്യത്തിൽ ഇതു സംഭവിച്ചു. തനിക്കു ഒരു നിവേശിത ധ്യാനം നൽകപ്പെട്ടതായി അവരം പ്രസ്താവിക്കുന്നു. "ആ ധ്യാനത്തിൽ ദൈവത്തോടൊന്നിച്ചും ഐക്യപ്പെട്ടും ഇരിക്കുന്ന നിലയിൽ മറിയത്തെ ആസ്വദിക്കാൻ കഴിഞ്ഞു. ദൈവത്തെ രുചിച്ചറിയുന്നതിൽ ഞാൻ അവിടുത്തോടു സംയോജിച്ച നിലയിലെന്ന വിധം മറിയത്തെയും രുചിച്ചറിയുന്നു". "മറിയവുമായി സംയോജിതമായ ജീവിതം" എന്ന വിശിഷ്ട ഗ്രന്ഥം രചിച്ച ഫാദർ എമിൽന്യൂബർട്ട് പ്രസ്തിവിക്കു

www.malankaralibrary.com

ന്നതു്, മറിയത്തിന്റെ അമലോത്ഭവം പ്രഖ്യാപിതമായ ശേഷം, അതിനു മുൻപുള്ളതിലേക്കാളും കൂടുതലായി മറിയത്തോടു പ്രത്യേകരീതിയിൽ ഐക്യപ്പെടുന്ന ആത്മാക്കളുണ്ടെന്നാണ്. മരിയൻ ആധ്യാത്മിക ശാസ്ത്രമനുസരിച്ചു വളരാനാഗ്രഹിക്കുന്ന ആത്മാക്കൾക്കു അദ്ദേഹത്തിന്റെ ഗ്രന്ഥം ഒരു വിശിഷ്ട വഴികാട്ടിയാണ്.

മുൻപു പ്രസ്താവിച്ചതുപോലുള്ള ഒരു സമ്പർക്കം വി. യൗസേഫിനോടും തനിക്കുണ്ടായിട്ടുണ്ടെന്നു വാഴ്ത്തപ്പെട്ട മേരി പ്രസ്താവിക്കുന്നുണ്ടു്. ദൈവശാസ്ത്രപരമായി ഇതും സാധ്യമാണ്. കാരണം, സ്വർഗ്ഗീയ മഹത്വത്തിൽ വി. യൗസേഫും ദൈവത്തോടു ഗാഢമായി ബന്ധപ്പെട്ടിരുന്നു. ദൈവം ആഗ്രഹിക്കുന്ന പക്ഷം ദൈവദർശനം ലഭിക്കുന്ന താഴ്ന്ന നിലയിലുള്ള ആത്മാക്കൾക്കുപോലും ഇപ്രകാരമുള്ള ഒരു സമ്പർക്കം നൽകുവാൻ ദൈവത്തിനു കഴികയില്ലെന്നു പറയുക സാധ്യമല്ല.

ഈ മരിയൻധ്യാനമെന്ന പ്രത്യേക കൃപ എപ്പോഴും ഒരാത്മാവിനു ലഭിക്കണമെന്നതു തീർച്ചയായും നമ്മുടെ പിതാവിന്റെ തീരുമാനത്തെ ആശ്രയിച്ചാണിരിക്കുന്നതു്. ദൈവനിവേശിതധ്യാനത്തിന്റെ അടിസ്ഥാനത്തിൽ ഒരാത്മാവ് ആധ്യാത്മികമായി ആരോഹണം ചെയ്യുന്നതിലടങ്ങിയിരിക്കുന്നതാണിതു്. മറ്റെല്ലാകാര്യങ്ങളിലുമെന്നപോലെ മരിയൻ ധ്യാനത്തിന്റെ കാര്യത്തിലും നാം അവിടുത്തെ തിരുഹിതത്തോടു സഹകരിക്കുകയും യോജിക്കുകയും വേണം.

MALANKARA
LIBRARY
www.malankaralibrary.com

# അദ്ധ്യായം 23

## പരിശുദ്ധാത്മാവിന്റെ മണവാട്ടി

ഇരുപത്തിരണ്ടാം അധ്യായത്തിൽ നാം പ്രസ്താവിച്ച ദൈവനിവേശിതധ്യാനം പരിശുദ്ധാത്മദാനങ്ങൾ, മുഖേനയാണ്, പ്രധാനമായി ജ്ഞാനവും ഗ്രഹണശക്തിയും മുഖേനയാണുളവാകുക. പക്ഷേ, ഈ ദാനങ്ങൾക്ക് മററ് കൃത്യങ്ങളുമുണ്ട്. പ്രത്യേകിച്ച് പരിശുദ്ധാത്മാവ് നമ്മെ നയിക്കുന്നതിനനുവദിക്കുകയെന്നതാണത്.

ഈ വസ്തുത വ്യക്തമാക്കുന്നതിന്, നാം ഒരു തീരുമാനത്തിലെത്താൻ നമ്മെ വഴികാട്ടുന്ന മൂന്നു വഴികാട്ടികൾ അല്ലെങ്കിൽ വഴികാണിക്കുന്ന തലങ്ങൾ ഉണ്ടെന്നു നാം കാണുന്നു.

ആദ്യത്തേതും ഏററം താണതുമായ തലം ആത്മാവിന് ആ നിമിഷത്തിലുണ്ടാകുന്ന തോന്നലാണ്. ആ തോന്നൽ സന്തോഷം നൽകുന്നതുമായിരിക്കണം. അരിസ്റേറാട്ടിൽ വിജാതീയനും മഹാനുമായ തത്വശാസ്ത്രജ്ഞനായിരുന്നു. അദ്ദേഹം പ്രസ്താവിച്ചത് സന്തോഷം വരാൻ നമ്മുടെ ജീവിതം "മൃഗതുല്യം" ആയിരിക്കണമെന്നാണ്. ഒരു നായയുടെ ജീവിതം താരതമ്യത്തിനെടുക്കുക സഹായകരമായിരിക്കും. നായയുടെ പ്രവർത്തനശൈലി പൂർണ്ണമായും മുൻകൂട്ടി അറിയാം. ഭക്ഷണമാഗ്രഹിക്കുമ്പോൾ ഒരു നായ് ഭക്ഷണം കഴിക്കും. ഉറങ്ങാനുള്ള അവസരമുണ്ടാകുകയും അത് തോന്നുകയും ചെയ്യുമ്പോൾ തീർച്ചയായും ഉറങ്ങും. ലൈംഗികകാര്യങ്ങളിലും മറെറല്ലാ കാര്യങ്ങളിലും ഇങ്ങനെതന്നെ. അതിനിഷ്ടമുള്ളത് തോന്നുന്ന സന്ദർഭത്തിൽ തോന്നലനുസരിച്ച് അത് പ്രവർത്തിക്കും. അതിനു തോന്നുന്നതും സന്തോഷം നൽകുന്നതും നിമിഷത്തിനകം ചെയ്യുകയായി.

ഇതുപോലെ ചില മനുഷ്യരുണ്ട്. തങ്ങൾ ആഗ്രഹിക്കുന്നത്, ആഗ്രഹിക്കുന്ന വേളയിൽ, ആഗ്രഹിക്കുന്നതുപോലെചെയ്യുകയാണ്, വി. പൗലോസ് പ്രസ്താവിക്കുന്ന

www.malankaralibrary.com

"ദൈവമക്കളുടെ സ്വാതന്ത്ര്യം" എന്നവർ കരുതുന്നു. അക്ഷരാർത്ഥത്തിൽ തന്നെ അവൻ ഒരു നായയുടെ ജീവിതം, മൃഗസമാനമായ ജീവിതം, നയിക്കുകയാണ്.

തീർച്ചയായും നമ്മുടെ ജീവിതം ഒരു നായയുടെ ജീവിതത്തെക്കാൾ ഉന്നതമായതായിരിക്കണം. രണ്ടാമത്തെ തലത്തിൽ മനുഷ്യൻെറ വഴികാട്ടി വിവേചനശക്തിയാണ്. മനുഷ്യരുടെ ജീവിതം ഇങ്ങനെയുള്ളതായിരിക്കണം. നമ്മുടെ പിതാവിൻെറ നന്മയോടും ഉദാരതയോടും നാം നന്ദിയുള്ളവരായിരിക്കുക. കാരണം നമ്മുടെ വിവേചനശക്തി ആത്മാർത്ഥമായി നാം ഉപയോഗിക്കാൻ ശ്രമിക്കുമ്പോൾ നമുക്ക് യഥാർത്ഥ കൃപകളുടെ സഹായം ലഭിക്കും. വി. പൗലോസ് ഫിലിപ്യർക്കെഴുതിയ ലേഖനം 2-ാം അധ്യായം 13-ാം വാക്യം നാമോർക്കുക. (18-ാം അധ്യായം)

എന്നാൽ ഇതിലും ഉന്നതമായ മറെറാരു തലമുണ്ട്—പരിശുദ്ധാത്മാവിൻെറ ദാനങ്ങളുടെ തലം. ഈ തലത്തിൽ ഒരുവന് ഏററം ഉന്നതനായ വഴികാട്ടിയെ ലഭിക്കുന്നു. ഈ മൂന്നാം തലവും രണ്ടാം തലവും തമ്മിലുള്ള വ്യത്യാസം സ്പഷ്ടമാകുന്നതിന് ഇവ തമ്മിൽ നമുക്കൊന്ന് താരതമ്യം ചെയ്തുനോക്കാം. രണ്ടാം തലത്തിൽ ഒരുവൻ യഥാർത്ഥ കൃപകളുടെ സഹായത്തോടെ വിവേചനശക്തിയെ പിൻചെല്ലുന്നു. ഈ തലത്തിൽ ഒരുവന് സാധാരണയായി പടിപടിയായി ചിന്തിക്കേണ്ടതുണ്ട്. ഒരുദാഹരണം. പാപം ചെയ്തുപോയെന്ന് ഞാൻ മനസ്സിലാക്കുന്നുവെന്ന് സങ്കല്പിക്കുക. നമ്മുടെ കർത്താവിനെതിരായി ചെയ്തുപോയ ആ പാപത്തിനു ഞാൻ പരിഹാരം ചെയ്യേണ്ടതുണ്ട്. അങ്ങനെ നമ്മുടെ പിതാവ് സ്നേഹിക്കുന്ന വസ്തുനിഷ്ഠമായ ക്രമം പാലിക്കുന്നതിന് തുലാസിൻെറ തട്ടുകൾ ഞാൻ സമതുലിതമാക്കണം. എൻെറ ചിന്തയും ഹൃദയവും പിതാവിൻെറ സന്നിധിയിലേക്കുയർത്തുന്നതിനെതിരായി സൃഷ്ടികൾ നടത്തുന്ന വടംവലികൾ കുറയ്ക്കുവാൻ ഞാൻ പരിശ്രമിക്കണം. (19-ാം അധ്യായം നോക്കുക) പാപപരിഹാരപ്രവൃത്തികളും ഇന്ദ്രിയനിഗ്രഹങ്ങളും ആവശ്യമാണെന്ന് ബോധ്യപ്പെട്ടശേഷം ഞാൻ എന്നോടുതന്നെ ചോദിക്കുന്നു:

www.malankaralibrary.com

എന്റെ പാപങ്ങരം പരിഗണിക്കുമ്പോരം ഞാൻ ഇവ എന്തു മാത്രം അനുഷ്ഠിക്കണം? എന്റെ ജീവിതപരിതോവസ്ഥയനുസരിച്ച് ഏതുതരത്തിലുള്ള ഇന്ദ്രിയനിഗ്രഹമാണാവശ്യം? ഞാനെന്താണ് ചെയ്യേണ്ടതെന്ന് കണ്ടുപിടിക്കാൻ ഞാൻ ആലോചിക്കേണ്ടിയിരിക്കുന്നു. നമ്മുടെപിതാവ് എപ്പോഴും നൽകുന്ന യഥാർത്ഥകൃപയുടെ സഹായത്തോടെ നാം അത് നിരസിക്കുന്നില്ലെങ്കിൽ—എന്താണ് ചെയ്യേണ്ടതെന്നു കണ്ടുപിടിക്കാൻ ഞാൻ ആലോചിക്കേണ്ടതുണ്ട്. ഞാൻ എന്റെ നിഗമനത്തിലെത്തുമ്പോരം ഒരാരം എന്നോട് ചോദിച്ചേക്കാം: നീ എന്തിനാണിത് ചെയ്യുന്നത്? ബുദ്ധിയുപയോഗിച്ച് പടിപടിയായി ആ നിഗമനത്തിലെത്തിയതിനാൽ അപ്പോരം യുക്തിയുക്തമായ ഒരു വിശദീകരണം നൽകുവാനെനിക്കു കഴിയും.

എന്നാൽ ദാനങ്ങരം മുഖേന നമുക്ക് വഴി തെളിയുമ്പോരം ഇതിനുപരി പ്രസ്താവിച്ച നടപടിക്രമമില്ല. നേരേമറിച്ച് മറുപടി നമ്മുടെ ബുദ്ധിയിൽ വീഴിച്ചതുപോലെ തോന്നും. പരിശുദ്ധാത്മാവാണ് അങ്ങനെ ചെയ്യുന്നത്. അവിടുന്ന് തന്റെ ദാനങ്ങളുടെ ശക്തിയാൽ ഇത് ചെയ്യുന്നു. വഴി കാണുവാൻ ദാനങ്ങരം എനിക്ക് സഹായം നൽകുന്നു. അപ്പോരം എന്തിനാണ് ഞാനിങ്ങനെ ചെയ്യുന്നതെന്ന് ഒരാരം ആരായുന്നുവെന്നിരിക്കട്ടെ. എന്റെ മറുപടി മിക്കവാറും ഇതായിരിക്കും: “വിശദമാക്കുവാൻ എനിക്കറിഞ്ഞകൂടാ. അത് നല്ലതാണെന്നുമാത്രം എനിക്കറിയാം”. പടിപടിയായുള്ള ചിന്തയില്ലാത്തതിനാലാണ് ഇങ്ങനെ സംഭവിക്കുന്നത്.

ഇവിടെ വലിയൊരു പ്രയോജനവും ഒരപകടവും നമുക്ക് കാണാൻ കഴിയും. ഒരുവൻ തന്നെതന്നെ വഞ്ചിക്കുമെന്നതും, തോന്നലുകരം പരിശുദ്ധാത്മാവ് വഴി കാണിക്കുന്നതാണെന്നു കരുതുമെന്നതുമാണ് അപകടം. (ചില എഴുത്തുകാർ ഇത് പരിശുദ്ധാത്മപ്രചോദനങ്ങളാണെന്ന് പറയുന്നുണ്ടെന്നത് വിസ്മരിക്കുന്നില്ല. ഇതിൽ അല്പം വാസ്തവവുമില്ലാതില്ല. തോന്നലുകരം തന്നെ പിടികൂ

www.malankaralibrary.com

ടാൻ ഒരുവൻ കാത്തിരിക്കുന്നു, തോന്നലുണ്ടാകുമ്പോൾ അത് പരിശുദ്ധാത്മാവ് നിമിത്തമാണ് എന്ന് അയാൾ കരുതുന്നതായി കണക്കാക്കാതിരിക്കുക)

ഈ അപകടം എങ്ങനെ ഒഴിവാക്കാം? ദാനങ്ങൾ മുഖേന മാർഗ്ഗദർശനമുണ്ടാകുമ്പോൾ അത് ആന്തരികമായ ഉറപ്പ് നമുക്ക് ചിലപ്പോൾ നൽകുന്നതായും ചിലപ്പോൾ നല്കാതിരിക്കുന്നതായും അനുഭവം പഠിപ്പിക്കുന്നുണ്ട്. സാധാരണയായി ഈ ഉറപ്പ് ലഭിക്കുന്നില്ല, സംശയം ബാക്കി കിടക്കും. ഇത് സംഭവിക്കുക നാം ഒരു നല്ല ആദ്ധ്യാത്മികനിയന്താവിന്റെ ഉപദേശം തേടണമെന്ന് പരിശുദ്ധാത്മാവ് ആഗ്രഹിക്കുന്നതിനാലാണ്. കൂടുതൽ തപോനിഷ്ഠകളുള്ള ഒരു കർമ്മലീത്താസമൂഹം ആരംഭിക്കുവാൻ പ്രത്യേകമായ ഒരു വെളിപാടുവഴി പരിശുദ്ധാത്മാവിൽനിന്നൊരു ദൗത്യം അവിലായിലെ വി. ത്രേസ്യായ്ക്ക് ലഭിച്ചു. എന്നാൽ ഒന്നിലധികം ആദ്ധ്യാത്മികനിയന്താക്കളോട് ആലോചിക്കുന്നതിനുമുൻപ് അത് തുടങ്ങാൻ അവൾ ധൈര്യപ്പെട്ടില്ല. പൊതുവേ പറഞ്ഞാൽ ദൂരവ്യാപകമായ ഫലങ്ങളുളവാക്കുന്നതാണെങ്കിൽ തീർച്ചയായും വഴികാട്ടിയുണ്ടായിരിക്കണം. കൂടാതെ, ആദ്ധ്യാത്മികജീവിതത്തിൽ വളരെയധികം പുരോഗമിച്ചുകഴിയാതെ ഇങ്ങനെയൊരു ദൈവനിവേശനം തനിക്കുണ്ടായി എന്ന് യാതൊരുവനും അനായാസം കരുതരുത്. ആരംഭകാലത്തെങ്കിലും ഈ ദാനങ്ങൾ അവയുടെ സ്വാധീനം കാര്യമായി പ്രകടമാക്കുകയില്ല. എന്നാൽ അപ്രത്യക്ഷമായ ഫലം കണ്ടേക്കാം.

ഏതെങ്കിലും ഒരു കാര്യം തീരുമാനിക്കണം, പക്ഷേ മേലധികാരിയോടോ ആദ്ധ്യാത്മികനിയന്താവിനോടോ ആലോചിക്കാനവസരമില്ല എന്നുവരുമ്പോഴാണ് പരിശുദ്ധാത്മാവ് ഒരു യഥാർത്ഥ ഉറപ്പ് നൽകുക. ഇങ്ങനെ വരുമ്പോൾപോലും അയാൾ സൂക്ഷ്മതയുള്ളവനായിരിക്കണം. കാരണം, ഉറപ്പെന്ന് തോന്നുന്നത് ആത്മവഞ്ചനയിൽനിന്നുളവാകാം. ഒരുവൻ എളിമയുള്ളവനും ഇന്ദ്രിയനിഗ്രഹവും ധ്യാനവും നടത്തുന്നവനും പരിശുദ്ധ ജനനിയോട് സഹായം തേടുന്നവനും ആയിരുന്നാൽ ഈ ആത്മവഞ്ചനയിൽ നിന്ന് സംരക്ഷണമുണ്ടാകും.

www.malankaralibrary.com

ചില സന്ദർഭങ്ങളിൽ ദാനങ്ങളുടെ അപ്രത്യക്ഷമായ പ്രവർത്തനങ്ങളുണ്ടാകാമെന്ന് നാം മുൻപ് പ്രസ്താവിച്ചിട്ടുണ്ടല്ലോ. ദാനങ്ങളുടെ ഈ പ്രവർത്തനവേളകളിൽ ആത്മാവ് മിക്കവാറും നിശ്ചേഷ്ടമായിരിക്കും. പരിശുദ്ധാത്മാവ് നയിക്കുന്നതിന് സമ്മതിക്കുന്നതല്ലാതെ അത് മറെറാന്നും ചെയ്യുന്നില്ല. നേരേമറിച്ച് സാധാരണമായ യഥാർത്ഥ കൃപകൾ ലഭിക്കുമ്പോൾ ആത്മാവ് കൂടുതൽ പ്രവർത്തനോന്മുഖമാകും. ആ വ്യക്തിയുടെ സിദ്ധിവിശേഷതകൾ പ്രവർത്തനോന്മുഖമായി ഫലങ്ങളുളവാക്കാൻ കൃപയുടെ പ്രവൃത്തികൾ കാരണമായിത്തീരുന്നു. ദാനങ്ങൾ അപ്രത്യക്ഷരീതിയിലാകുമ്പോൾ ആത്മാവു് നിശ്ചേഷ്ടമാണു്. പക്ഷേ, ദാനങ്ങൾ പൂർണ്ണമായി പ്രവർത്തിച്ചുതുടങ്ങുമ്പോൾ ആ നില മാറും. ഉദാഹരണമായി ആർജ്ജവപ്രാർത്ഥനയിൽനിന്നു ദൈവനിവേശിതധ്യാനത്തിലേക്കു ആത്മാവ് ക്രമേണ പുരോഗമിക്കുമ്പോൾ കൃപകളുടെ പ്രവർത്തനവും ധ്യാനത്തിൽനിന്നു ലഭിക്കുന്ന പ്രകാശവും തമ്മിൽ സംയോജിച്ചെന്നുവരും. ദാനങ്ങളുടെ പങ്ക് അപ്പോൾ വ്യക്തമായെന്നുവരുകയില്ല. അല്ലെങ്കിൽ ദൈവനിവേശിതമായ വിവേകം ഉപയോഗിക്കുന്നതിനെക്കുറിച്ച് ഒരാൾ ചിന്തിക്കുന്നുവെന്നു കരുതുക. ദാനങ്ങളിൽനിന്നുള്ള പ്രചോദനം അപ്പോൾ അയാൾക്ക് കൂടുതൽ പ്രാകാശം നൽകും. അല്ലെങ്കിൽ അപ്പോൾ സുവിശേഷങ്ങളിൽനിന്നൊരു ചിന്ത അയാളിലുണ്ടാകും. ഈ നിലയിലുള്ള സഹായം വിവേചനത്തോടെയുള്ള ആലോചനയുമായി നന്നായി ചേരുന്നത് അയാൾ അറിയാതിരുന്നേക്കാം. ഏതു കാര്യത്തിലായാലും ഏററം ഉയർന്ന തലത്തിലുള്ള ഈ മാർഗ്ഗദർശനത്തിനു വലിയ പ്രയോജനമുണ്ട്. കാരണം അതു പരിശുദ്ധാത്മാവിൽനിന്നു വരുന്നതാണു്. നിത്യരക്ഷയ്ക്കു ദാനങ്ങളുടെ സഹായം ആവശ്യമാണെന്നു വി. തോമസ് അക്വിനാസ് അഭിപ്രായപ്പെട്ടിട്ടുണ്ട്. കാരണം, നിത്യരക്ഷയുടെ ലക്ഷ്യം ദൈവത്തെ അഭിമുഖം കാണുകയാണ്. എന്നാൽ അത് ഏതെങ്കിലും സൃഷ്ടിയുടെ സ്വാഭാവിക പ്രാപ്തികൾക്കതീതമാണ്. അതിനാൽ ദാനങ്ങൾ നൽകുന്ന മനുഷ്യരീതി നമുക്കാവശ്യമാണ്. ബുദ്ധിശക്തിക്കെതിരല്ലാത്ത

www.malankaralibrary.com

തും അതേസമയംതന്നെ ബുദ്ധിശക്തിക്കു എത്തിച്ചേരുക സാധ്യമല്ലാത്തതുമായ ഒരു ഉന്നത സ്ഥാനത്തേക്കു പരിശുദ്ധാത്മാവ് ആത്മാവിനെ നയിക്കും. യേശു ദൈവമായിരുന്നിട്ടും അവിടുത്തെ മനുഷ്യാത്മാവിനു നേരിട്ടുള്ള ദൈവദർശനമുണ്ടായിരുന്നിട്ടും എപ്പോഴും പരിശുദ്ധാത്മാവിനാൽ നയിക്കപ്പെട്ടിരുന്നു. സുവിശേഷങ്ങളിൽനിന്നു ഇതു നമുക്കറിയാം. ഉദാഹരണമായി, അവിടുന്നു തന്റെ പരസ്യജീവിതമാരംഭിക്കുന്നതിനു മുൻപ് നാല്പതു ദിവസങ്ങൾ ഉപവസിക്കുന്നതിനായി പരിശുദ്ധാത്മാവ് അവിടുത്തെ മരുഭൂമിയിലേക്ക് നയിച്ചു (ലൂക്കാ. 4:1). അവിടുന്ന് "പരിശുദ്ധാത്മാവിൽ ആനന്ദിച്ചു" എന്ന് വേറൊരിടത്ത് രേഖപ്പെടുത്തിയിട്ടുണ്ട് (ലൂക്കാ. 10:21).

എല്ലാ കാര്യങ്ങളിലും നല്ല ക്രമം പാലിക്കുവാൻ നമ്മുടെ പിതാവ് ഇഷ്ടപ്പെടുന്നതിനാൽ, യേശുവിന്റെ മാനുഷികശക്തികൾ ഈ ദാനങ്ങൾ മുഖേന നയിക്കപ്പെടണമെന്നും പ്രചോദിതപ്പെടണമെന്നും നമ്മുടെ പിതാവ് ഇച്ഛിച്ചു, എല്ലാം അവിടുത്തെ ദൈവത്വത്തിന് നേരിട്ട് പ്രവർത്തിക്കാമായിരുന്നിട്ടും.

പരിശുദ്ധാത്മാവിന്റെ ഈ മാർഗ്ഗദർശനം ബുദ്ധിക്കെതിരായിട്ട് പ്രവർത്തിക്കയില്ല, അതിനതീതമായ കാര്യങ്ങളിലേ പ്രവർത്തിക്കുകയുള്ളു എന്നതിന് ഒരു പ്രത്യേക സന്ദർഭം ഓർമ്മയിലെത്തുന്നു. രക്ഷകന്റെ മാതാവാകുന്നതിന് പരിശുദ്ധ കന്യകയുടെ സമ്മതം പ്രധാന മാലാഖ തേടുകയും "എനിക്ക് ഭവിക്കട്ടെ" എന്ന അവളുടെ സമ്മതം നേടുകയും ചെയ്ത സന്ദർഭം. വി. പൗലോസ് പ്രസ്താവിക്കുന്ന "ആത്മീയമനുഷ്യന്റെ" രീതിയിലല്ലാതെ "ലൗകികമനുഷ്യന്റെ" രീതിയിൽ (1കോറി. 2:14-15) ചിന്തിച്ചിരുന്നെങ്കിൽ അവൾ ഇങ്ങനെ ചിന്തിക്കുമായിരിക്കാം. "ഈ ദിവസത്തിനുവേണ്ടി എന്റെ ജനങ്ങൾ നൂററാണ്ടുകൾ തന്നെ കാത്തിരുന്നതാണ്. രക്ഷകന്റെ ആഗമനം അവർ ആഗ്രഹിച്ചു. അവിടുന്ന് എന്നിൽ ഗർഭസ്ഥനായി എന്ന് പ്രധാന മാലാഖയുടെ വാക്കുകളിൽനിന്ന് എനിക്കറിയാം. ഈ സന്തോഷം ഞാൻ എന്നിൽമാത്രം സൂക്ഷിച്ച് വയ്ക്കരുത്.

www.malankaralibrary.com

ഇത് എന്റെ ജനങ്ങളോട്, പ്രത്യേകിച്ച് ജറൂസലേമിലെ അധികാരികളോട് ഞാൻ പറയണം. എന്റെ ഭർത്താവായ യൗസേഫിന്റെ കാര്യമോ? ഞാൻ ഗർഭിണിയാണെന്ന് അദ്ദേഹം കണ്ടുപിടിക്കുമല്ലോ. അദ്ദേഹം എന്തായിരിക്കാം സംശയിക്കുക? ഇപ്പോഠംതന്നെ എല്ലാം അദ്ദേഹത്തോട് ഞാൻ തുറന്ന് പറയണം''.

പക്ഷേ, അവഠം ചെയ്തതെന്താണെന്ന് സുവിശേഷങ്ങളിൽനിന്ന് നമുക്കറിയാം. മുൻപ് പ്രസ്താവിച്ച യാതൊരുകാര്യവും നടന്നില്ല. പരിശുദ്ധാത്മാവ് അവളെ എളിമയുടെ ഉന്നതശൃംഗത്തിലേക്ക് നയിച്ചു. അവഠം ആരോടും ഒന്നും പറഞ്ഞില്ല. യൗസേഫിനോടുപോലും. സ്വാഭാവികമായി യൗസേഫ് ആകുലതയിലകപ്പെട്ടു. അവളെ രഹസ്യമായി ഉപേക്ഷിക്കുന്നതിൽനിന്ന് യൗസേഫിനെ വിലക്കാനായി ദൈവത്തിന് ഒരു മാലാഖയെ അയയ്ക്കേണ്ടിവന്നു.

പരിശുദ്ധാത്മാവിനോടു അവഠംക്കുണ്ടായിരുന്ന വിശ്വസ്തത കുരിശിന്റെ വി. യോഹന്നാൻ സമ്യക്കായ വിധം പ്രസ്താവിക്കുന്നു: ''സമുചിതവും ദൈവനിയോഗാനുസൃതവുമായ പ്രവൃത്തികഠംക്കു ദൈവം മാത്രം ഈ ആത്മാക്കളുടെ ശക്തികഠം ചലിപ്പിക്കുന്നു. ആ ശക്തികഠം മററു കാര്യങ്ങഠംക്കായി വിനിയോഗിക്കപ്പെടുക സാധ്യമല്ല ...നമ്മുടെ നാഥയായ ഏററം മഹത്വമുള്ള കന്യകയുടെ ജീവിതം ഇപ്രകാരമായിരുന്നു .... ജീവിതാരംഭത്തിൽ തന്നെ ഏററം ഉന്നതമായ ഈ സ്ഥിതിയിലേക്ക് ഉയർത്തപ്പെട്ട അവളിൽ ഏതെങ്കിലും സൃഷ്ടി തന്റെ മുദ്രപതിപ്പിച്ചിട്ടില്ല. യാതൊരു സൃഷ്ടിയാലും അവഠം ചലിപ്പിക്കപ്പെട്ടുമില്ല, പ്രത്യുത പരിശുദ്ധാത്മാവിനാൽ അവഠം എപ്പോഴും ചലിപ്പിക്കപ്പെട്ടിരുന്നു.''

സാധാരണ ആത്മാക്കളുടെ മേൽ സൃഷ്ടികഠം അവയുടെ മുദ്ര പതിക്കും. മൃഗങ്ങളെപ്പോലെ പെരുമാറുവാൻ സൃഷ്ടികളുടെ ആകർഷണം അവർക്കു പ്രേരകമാകും. തീരെ കുറഞ്ഞപക്ഷം ആദ്ധ്യാത്മികമായി അവർ ഉന്നതിയിലെത്തുകയില്ല. എന്നാൽ, ഭാഗ്യവതിയായ നമ്മുടെ

www.malankaralibrary.com

അമ്മയെക്കുറിച്ച് അവളുടെ അമലോത്ഭവം അധ്യവസാനം ചെയ്ത് ഒൻപതാം പീയൂസ് മാർപ്പാപ്പാ രേഖപ്പെടുത്തിയത് നാം ഇവിടെ അനുസ്മരിക്കുകയാണ്:

''അവിടുന്ന് (നമ്മുടെ പിതാവ്) മററെല്ലാ സൃഷ്ടികളെക്കാളും ഉപരിയായി അവളിൽ സ്നേഹം ചൊരിയുകയും അവളിൽ മാത്രം പ്രത്യേകം ആനന്ദം കണ്ടെത്തുകയും ചെയ്തു. അതിനാൽ എല്ലാ മാലാഖമാരെയും വിശുദ്ധരെയുംകാൾ കൂടുതലായി ദൈവത്വത്തിന്റെ സമ്പന്നതയിൽ നിന്ന് സമൃദ്ധമായ സ്വർഗ്ഗീയാനുഗ്രഹങ്ങൾ അവിടുന്ന് അവൾക്കു നൽകി. അതിനാൽ അവൾ എല്ലാ പാപങ്ങളുടെയും കറയിൽ നിന്നു പൂർണ്ണമായി വിമുക്തയായിരുന്നു. പരിപൂർണ്ണമായും മുഴുവനായും അവൾ സൗന്ദര്യമുള്ളവളായിരുന്നു. നിഷ്കളങ്കതയുടെയും പരിശുദ്ധിയുടെയും പൂർണ്ണത അവളിൽ ശോഭിച്ചു. അതിനാൽ, ദൈവത്തിനു താഴെ മററാരാളെക്കുറിച്ചും അങ്ങനെ ചിന്തിക്കുക സാധ്യമല്ല. ദൈവത്തിനല്ലാതെ മററാർക്കും അതു ഗ്രഹിക്കുകയും സാധ്യമല്ല.''

ഉത്ഭവകാലം മുതൽ അവളുടെ പരിശുദ്ധി ഇപ്രകാരമായിരുന്നെങ്കിൽ പരിശുദ്ധാത്മാവിനോടുള്ള മഹോന്നതമായ വിശ്വസ്തതമൂലം നീണ്ടുനിന്നതും ഏററം വിഷമകരവുമായ ഐഹികജീവിതശേഷം അതു എന്തായിരുന്നിരിക്കണം! അതിനാൽ അവളെ പരിശുദ്ധാത്മാവിന്റെ മണവാട്ടിയെന്നുആധുനികരായ അനേകം ദൈവശാസ്ത്രജ്ഞന്മാർ വിളിക്കുന്നത് എത്രയോ സമുചിതം! വി. മാക്സ്മീലിയൻ കോൾബെ് തന്നെ വേദസാക്ഷിത്വത്തിലേക്കു നയിച്ച 1941 ഫെബ്രുവരി 17-ാം തീയതിയിലെ അവസാനത്തെ അറസ്റ്റിനു ഏതാനും മണിക്കൂറുകൾക്കു മുൻപ് ദൈവശാസ്ത്രപരമായി മഹത്തമമായ ഈ വരികൾ എഴുതി.

''പരിശുദ്ധാത്മാവ് ആരാണ്? പിതാവിന്റെയും പുത്രന്റെയും സ്നേഹം പുഷ്പിച്ചത്, സൃഷ്ടമായ ഒരു സ്നേഹത്തിന്റെ ഫലം സൃഷ്ടമായ ഉത്ഭവമാണെങ്കിൽ ദൈവികസ്നേഹത്തിന്റെ ഫലം അത്യാവശ്യമായും ഒരു ''ദൈവികഉത്ഭവ''മായിരിക്കണം. അതിനാൽ പരിശുദ്ധാ

www.malankaralibrary.com

ത്മാവ് "സൃഷ്ടിക്കപ്പെടാത്ത നിത്യമായ ഉത്ഭവമാണ്", ഏററം പരിശുദ്ധമായ ഉത്ഭവം, അനന്തമായി പരിശുദ്ധമായ അമലോത്ഭവം. നിത്യമായ ഈ "അമലോത്ഭവം" (പരിശുദ്ധാത്മാവ്) മറിയത്തിൻെറ ആത്മാവിൻെറ ഗർഭത്തിൽ (അല്ലെങ്കിൽ ആഴങ്ങളിൽ) അമലരീതിയിൽ ദൈവികജീവൻ തന്നെ ഉളവാക്കുന്നു. അങ്ങനെ അവഠ അമലോത്ഭവമാകുന്നു. (ലൂർദ്ദിൽ വച്ച് അവഠ തന്നെതന്നെ അമലോത്ഭവമെന്നു വിളിച്ചു) അങ്ങനെ അവഠ മാനുഷികമായ അമലോത്ഭവമാണ്, മനുഷ്യരുടെയിടയിൽ ഭാര്യ ഭർത്താവിൻെറ നാമം സ്വീകരിക്കുന്നു. കാരണം, അവഠ അവനുള്ളവളാണ്, അവനോടു യോജിച്ചവളാണ്, അവനോടൊന്നിച്ച് ഒരു പുതിയ ജീവൻെറ ഉറവിടമായിത്തീരുന്നവളാണ്. ഇങ്ങനെയെങ്കിൽ ദൈവികഅമലോത്ഭവമായ പരിശുദ്ധാത്മാവിൻെറ, നാമം അവളുടെ നാമമായി പറയുക എത്രയോ യുക്തിസഹമായിരിക്കും. കൃപയുടെ ആധ്യാത്മികക്രമത്തിൻെറ ജീവഹേതുവായ പരിശുദ്ധാത്മാവ്, സൃഷ്ടിക്കപ്പെടാത്ത ആ സ്നേഹം, അവളിൽ വസിക്കുന്നതാണ് അതിൻെറ കാരണം."

സെഹിയോൻ മാളികയിൽ പെന്തിക്കോസ്തിനു മുമ്പ് പ്രാർത്ഥനാനിരതയായിരുന്ന അവളെക്കുറിച്ച് പന്ത്രണ്ടാം പീയൂസ് മാർപ്പാപ്പാ ഇങ്ങനെ എഴുതിയതിൽ അത്ഭുതമില്ല. "കുരിശിൽ നൽകപ്പെട്ട ദിവ്യരക്ഷകൻെറ ആത്മാവ് നവജാതമായ സഭയ്ക്കു പെന്തിക്കോസ്തുദിവസം അത്ഭുതകരമായ ദാനങ്ങളോടെ സഭയ്ക്കു നൽകപ്പെടുന്നതിനുള്ള അനുഗ്രഹം തൻെറ ഏററംശക്തമായ പ്രാർത്ഥനകഠമൂലം അവളാണ് നേടിയത്."

അവളോടു ഭക്തിയുള്ളവർക്കു ഈ ദാനങ്ങളുടെ തന്നെ പ്രവർത്തനസമ്പന്നത അവളുടെ പ്രാർത്ഥനമൂലം നേടുവാൻ കഴിയുമെന്നതും സ്പഷ്ടമാണ്. വി. ലൂയിസ് ദെമോൺ ഫോർട്ട് രേഖപ്പെടുത്തി: "അവളുടെ മണവാളനായ പരിശുദ്ധാത്മാവ് മറിയത്തെ ഒരാത്മാവിൽ കണ്ടുകഴിഞ്ഞാൽ അവിടുന്ന് അവിടെ പറന്നെത്തുന്നു, തൻെറ നിറവിൽ അവിടുന്ന് അവിടെ പ്രവേശിക്കുന്നു, തൻെറ മണവാ

www.malankaralibrary.com

ട്ടിക്കു അവിടെ നൽകിയിട്ടുള്ള സ്ഥാനമനുസരിച്ച് അവിടുന്ന് ആ ആത്മാവിന് സ്വയം സമൃദ്ധമായി നൽകുന്നു.''

ഈ ദാനങ്ങളെല്ലാം ജ്ഞാനസ്നാനവേളയിൽ നാം സ്വീകരിക്കുന്നു, ഒരുപക്ഷേ അതിനും മുൻപുതന്നെയും പ്രായപൂർത്തിയായിട്ടാണു ജ്ഞാനസ്നാനമെങ്കിൽ പ്രസാദവരം സ്വീകരിക്കുമ്പോൾ അവ ലഭിക്കും. നമ്മുടെ ജീവിതത്തിൽ അവയ്ക്കു ഫലം കാണാത്തത് എന്തുകൊണ്ടാണെന്ന ചോദ്യം പ്രസക്തമാണ്. അതിൻെറ അടിസ്ഥാനകാരണം സ്വീകരണസജ്ജതയിലെ, ആവശ്യമുള്ള മനോഭാവങ്ങളിലെ, കുറവാണ്. ഒരു ആത്മാവ് പുരോഗമിച്ചു കഴിയുമ്പോൾ മാത്രമേ ദാനങ്ങളുടെ ഫലം വ്യക്തമാകൂ. (മുൻപു പ്രസ്താവിച്ച അപ്രത്യക്ഷഫലങ്ങളെക്കുറിച്ചോർക്കുക). ആദ്ധ്യാത്മികാഭിവൃദ്ധിക്കുതകുന്ന എന്തും ദാനങ്ങളുടെ പ്രവർത്തനങ്ങളെയും അഭിവൃദ്ധിപ്പെടുത്തും. പ്രധാന കാര്യങ്ങൾ എളിമ, ഇന്ദ്രിയനിഗ്രഹം, ധ്യാനം ഇവയാണ്. ഇവ സ്നേഹം വളർത്തുന്നവയാണ്. ഇവയോടൊന്നിച്ച് ദൈവമാതാവിനോടുള്ള അഗാധമായ ഭക്തിയും.

ലഘു പാപങ്ങളോടുള്ള മമത ഒരു പ്രധാന തടസ്സമാണ്. പതിനഞ്ചാം അധ്യായത്തിൽ നാമതു കണ്ടു. ദൈവത്തെ പ്രസാദിപ്പിക്കുന്നതിനു ഈ മമത വിലങ്ങുതടിയാണ്. ജീവിതത്തിലെ പ്രയാസവേളയിൽ ലഘുപാപം മുഖേന ദൈവത്തെ ഉപദ്രവിക്കാൻ ഒരുവൻ ഉദ്ദേശിക്കും. ഇങ്ങനെയാകുമ്പോൾ ആധ്യാത്മിക പുരോഗമനം അസാധ്യമാകും. ഏതെങ്കിലും സൃഷ്ടിവസ്തുവിനോടുള്ള മമതയും ഈ പുരോഗമനത്തിനു വിഘ്നാതമുളവാക്കും. നാമപ്പോൾ ഒരു ചരടിൽ കെട്ടിയിട്ടിരിക്കുന്ന പക്ഷിയെപ്പോലാവും.

മഠത്തിലെ ഏതു സഹോദരിയേയും, അധികാരരഹിതയായവളെപ്പോലും അനുസരിക്കുക എന്നതു ലിസ്യൂവിലെ വി. കൊച്ചുത്രേസ്യാ ശീലമാക്കിയിരിക്കുന്നു. ഇന്ദ്രിയനിഗ്രഹമായിരിക്കാം അതിൻെറ കാരണം. നാം മുമ്പു പ്രസ്താവിച്ച അന്നേരം തോന്നുന്നതു പ്രവർത്തിക്കുക എന്നതാണതലമുണ്ടല്ലോ, അതിനെ ഒഴിവാക്കുകയും അവളുടെ

www.malankaralibrary.com

ഉദ്ദേശ്യമായിരുന്നിരിക്കാം. മററൊരു വ്യക്തിയെ അനുസ രിക്കുക വഴിതീർപ്പു കല്പിക്കുകതാനല്ലല്ലോ എന്നതും കാരണമായിരുന്നിരിക്കാം. അവളുടെ സാഹചര്യത്തിൽ നി ന്നു വ്യത്യസ്തതയുള്ള സാഹചര്യത്തിൽ ഇതു സാധ്യമല്ല. പക്ഷേ, നമ്മുടെ ആഗ്രഹംതന്നെ നടക്കണമെന്ന നിർബന്ധം പിടിക്കാതിരിക്കുകവഴി ഗിരിപ്രഭാഷണത്തിലെ അഷ്ടസൗ ഭാഗ്യങ്ങളുടെയും അവയോടനുബന്ധിച്ചുള്ള കാര്യങ്ങളു ടെയും ആന്തരികഭാവം നമുക്ക പരിരക്ഷിക്കാൻ കഴിയും.

കൂടാതെ വ്യക്തിപരമെന്നു പറയാവുന്ന ഒരു തപ സംഹിത നമുക്കുണ്ടായിരിക്കുക അഭികാമ്യമാണ്. ഒരു നല്ല ആധ്യാത്മികോപദേശകൻെറ സഹായം ഇക്കാര്യത്തിൽ നാം തേടണം. ഏതെല്ലാം ഭക്താനുഷ്ഠാനങ്ങൾ, എപ്പോൾ ഏതു വിധത്തിൽ നമ്മുടെ ജീവിതസ്ഥിതിയനുസരിച്ചു് അനുദിനം അഭ്യസിക്കണമെന്നു അദ്ദേഹം ഉപദേശിക്കും. പൊതുവായ ഇന്ദ്രിയ നിഗ്രഹപ്രവർത്തികളും അതിൽ ഉൾപ്പെടും. ഇന്ദ്രിയ നിഗ്രഹത്തിൻെറ കാര്യത്തിൽ ഇതാ വശ്യമാണ്. കാരണം, സ്വന്തം കാര്യത്തിൽ ഇന്ദ്രിയ നിഗ്രഹത്തിൻെറ വസ്തുനിഷ്ഠമായ നിലപാട് ഒരാൾക്കു വ്യക്തമാണെന്നു വരികയില്ല. അല്പം കൂടുതൽ, അല്പം കുറവ് എന്നിങ്ങനെയും സംഭവിക്കാം. ഇതിലാണു ഒരു ആദ്ധ്യാത്മിക നിയന്താവിൻെറ ആവശ്യം സ്പഷ്ട മാകുന്നത്. ഇതു പ്രായോഗികമാക്കിയാൽ ആ നിലയിൽ നിന്നു മാറേണ്ട ആവശ്യമുളവാക്കുന്നതുവരെ ഒട്ടും വ്യതിച ലിക്കാതിരിക്കുക. ആ മാററവും ഒരു ആധ്യാത്മിക നിയ ന്താവിൻെറ ഉപദേശാനുസൃതമായിരിക്കണം. തീർച്ചയായും വ്യതിയാനങ്ങളുണ്ടാകും. ആവിലായിലെ വി. ത്രേസ്യാ പ്രസ്താവിക്കുന്നതു നമ്മുടെ ശരീരത്തിനു കൂടുതൽ കൂ ടുതൽ ആവശ്യങ്ങൾ തോന്നുമ്പോൾ നാം കാർക്കശ്യമുള്ളവ രായിരിക്കണമെന്നാണു്. ശരീരം ചൂണ്ടിക്കാട്ടുന്ന കാരണ ങ്ങൾ വ്യക്തവും അത്യാവശ്യവുമല്ലെങ്കിൽ അവയ്ക്കു നാം വശംവദരാകാതിരിക്കണം. അല്ലാത്തപക്ഷം ഈ വ്യതിയാന ങ്ങൾ പൊതുനിയമമാകും.

സ്വാഭാവിക നിവേശനം എന്നു വിളിക്കപ്പെടുന്ന പ്രതി ഭാസത്തെക്കുറിച്ചു രണ്ടുവാക്കുകൾ. വെറും ബുദ്ധിമുഖേന

www.malankaralibrary.com

നല്ലതെന്നു ആത്മാവിനു കാണാൻ കഴിയാത്തവനല്ലതെന്നു കാണാൻ ആത്മാവിനു കാരണമാകുകയാണു പരിശുദ്ധ ദാനങ്ങളുടെ ആദ്യകൃത്യം. പിന്നീട് അവ പ്രാവർത്തിക മാക്കാൻ ദാനങ്ങൾ ആത്മാവിനു ശക്തിനൽകുന്നു. വേദസാക്ഷികൾതന്നെ ഉദാഹരണം. ശാരീരികമായ കഠിന പീഡകൾക്കിരയായപ്പോൾപോലും അവർ സന്തോഷചിത്ത രായിരുന്നതിൻെറ കാരണം ഇതാണ്.

നാം മുമ്പു പ്രസ്താവിച്ചതുപോലെ സാധാരണക്കാർ ക്കു അപ്രാപ്യമായ ഉന്നതിയിലേക്കു ഒരാളെ നയിക്കാൻ ദാ നങ്ങൾക്കു കഴിയും. സ്വാഭാവിക കാര്യങ്ങളിൽ ഒരു വിധ ത്തിലുള്ള ദൈവപ്രവർത്തനമുണ്ട്. ദാനങ്ങൾ മുഖേനയ ല്ലാതെതന്നെ ഒരുവൻ സ്വാഭാവികക്രമത്തിൽ കാര്യങ്ങൾ അതിമാനുഷികരീതിയിൽ കാണാനും അവയിലേയ്ക്കു ചെന്നെത്താനും ദൈവപ്രവർത്തനം സഹായിക്കും. നാം ഉദ്ദേശിക്കുന്നതിതാണ്. അവിടുത്തെ പ്രവർത്തിമൂലം ഒരു സംഗീതജ്ഞനു സംഗീതാത്മക സൗന്ദര്യത്തിൻെറ ഒരു ദർ ശനം സിദ്ധിക്കുകയും അതു ഓർക്കസ്ട്രാമുഖേനയോ ഓറയാം മുഖേനയോ ഒരു ഗണം മുഖേനയോ അവതരിപ്പി ക്കാൻ കടലാസ്സിൽ രേഖപ്പെടുത്തുകയും ചെയ്യുന്നു. ഈ വിധത്തിലാണ് മഹത്തായ ഒരു സംഗീതരൂപം കൊള്ളുന്ന ത്. നമുക്കൊരുദാഹരണം നോക്കാം, കേവലം ശൈശവ കാലത്തുതന്നെ ഒരു പൈതലിനെ കഴിവുള്ളടത്തോളം സം ഗീതം അഭ്യസിപ്പിക്കുക. ഈ പൈതൽ ലോകപ്രശസ്ത സംഗീതസമ്രാട്ടുകളായ ബിത്തോവിനെയോ മൊസാർട്ടിനെ പ്പോലെയോ ആകുമോ? മിക്കവാറും സംശയമാണു്. സം ഗീതരചയിതാക്കൾ കഠിന പ്രയത്നം ചെയ്യുന്നവരാണ് എന്നിരുന്നാലും അവർക്കു സംഗീതത്തെക്കുറിച്ചുള്ള ദർശ നവും അതു പിടിച്ചെടുത്ത് നമുക്കു നല്കുന്ന സംഗീത ത്തിൻെറ അനവദ്യസുന്ദരമായ അനുഭൂതിയും സാധാരണ മനുഷ്യർക്കു സാധ്യമല്ല. അതു അതിമാനുഷികമാണ്. ആ നിവേശനങ്ങൾക്കു കാരണം നമ്മുടെ പിതാവിൻെറ ഹൃദ യത്തിലെ ഔദാര്യമാണ്. സാധാരണക്കാർക്കു എത്തിപ്പിടി

www.malankaralibrary.com

ക്കാൻ സാധ്യമല്ലാത്ത ആ വിഭവസമ്പത്ത് അവർക്കു നൽകിയത് നമ്മുടെ പിതാവാണ്. ഉദാത്തമായ ആ സംഗീതത്തിനു നാം നമ്മുടെ പിതാവിനു നന്ദി പറയുക. മറെറല്ലാ കലാരൂപങ്ങളുടെ കാര്യവും ഇങ്ങനെതന്നെ.

സ്വാഭാവികക്രമത്തിൽ ഇതുപോലെ അതിമാനുഷികമായ മററു സദ്ഗുണങ്ങളുമുണ്ട്. ഉദാഹരണം, ധൈര്യം. അരിസ്റ്റോട്ടിൽ എഴുതി;

''മൃഗീയമായ പെരുമാററത്തിനെതിരായി സാധാരണ മനുഷ്യനതീതമായ സദ്ഗുണത്തെക്കുറിച്ചു പ്രസ്താവിക്കുക സമുചിതമാണ്. വളരെ ധൈര്യമുള്ളവനായി കാണപ്പെട്ട ഹെക്ടറിനെക്കുറിച്ചു പ്രിയാം ഇങ്ങനെ പറയുന്നതായി ഹോമർ എഴുതി: ''ഒരു മനുഷ്യൻെറ പുത്രനായിട്ടല്ലാ, പ്രത്യുത ഒരു ദൈവത്തിൻെറ പുത്രനായിട്ടാണു അവൻ കാണപ്പെട്ടതു''.

www.malankaralibrary.com

# അധ്യായം 24

## യേശുവിനോടും മറിയത്തോടുമുള്ള പ്രതിഷ്ഠാപനം.

യേശുവിൻെറയും മറിയത്തിൻെറയും ഹൃദയങ്ങളോടുള്ള പരിപൂർണ്ണമായ ഒരു പ്രതിഷ്ഠാപനം ജീവിക്കുന്നതിലാണു ആധ്യാത്മികവളർച്ചയുടെസകല അനുഷ്ഠാനങ്ങളുമെന്നു സംഗ്രഹമായി പറയാം. ആധ്യാത്മിക വളർച്ചയുടെ പൂർണ്ണതയും അങ്ങനെയാണ് നേടുന്നത്.

1899-ൽ ലെയോ പതിമൂന്നാമൻ മാർപ്പാപ്പാ ലോകത്തെ യേശുവിൻെറ തിരുഹൃദയത്തിനു പ്രതിഷ്ഠിച്ചു. ആ പ്രതിഷ്ഠാപനത്തിൻെറ അടിസ്ഥാനം അദ്ദേഹം ഇങ്ങനെ വിശദമാക്കി.

"കാരണം, നാം നമ്മെതന്നെ പ്രതിഷ്ഠിക്കുന്നതിൽ അവിടുത്തെ ആധിപത്യം പ്രത്യക്ഷമായും സ്വതന്ത്രമായും അംഗീകരിക്കുകയും സ്വീകരിക്കുകയും മാത്രമല്ലാ ചെയ്യുക. പിന്നെയോ, നാം നൽകുന്നതു നമ്മുടേതായിരുന്നുവെങ്കിൽ ഏററം സന്മനസ്സോടെതന്നെ നാം അത് നൽകിയേനെ യഥാർഥത്തിൽ സാക്ഷിക്കുകയാണു്. അതു നമ്മുടേതല്ലെങ്കിലും അതു ഏററം സന്തോഷപൂർവം സ്വീകരിക്കുവാൻ നാം അഭ്യർത്ഥിക്കുകയുമാണ്".

ഇതു ആ വാക്കിൻെറ പൂർണ്ണമായ അർത്ഥത്തിൽതന്നെ ഒരു പ്രതിഷ്ഠാപനമാണെന്നു കാണാം. കാരണം, പ്രതിഷ്ഠിക്കുക എന്ന പദം 'ഭരമേല്പിക്കുക' എന്ന അർത്ഥത്തിലും ഉപയോഗിക്കാറുണ്ട്. ഏററം പൂർണ്ണമായ സേവനം യേശുവിൻെറ തിരുഹൃദയത്തിനുനൽകുവാൻ നാം കടപ്പെട്ടിരിക്കുന്നു എന്നാണു മാർപ്പാപ്പായുടെ പ്രസ്താവന കാണിക്കുന്നത്. രണ്ടു കാരണങ്ങളാലാണു നമുക്കു ആ കടപ്പാടോടുള്ളത്. ദൈവമെന്ന നിലയിൽ ശൂന്യതയിൽ നിന്നു അവിടുന്നു നമ്മെ സൃഷ്ടിച്ചു. രക്ഷകനെന്നനിലയിൽ തന്നെ തന്നെ വീണ്ടെടുപ്പു വിലയായി നൽകിക്കൊണ്ട് തിന്മപ്പെട്ടവൻെറ അടിമത്വത്തിൽ നിന്ന് അവിടുന്നു നമ്മെ വീണ്ടെ

www.malankaralibrary.com

ടുത്തു. (അധ്യായം 9 കാണുക) അതിനാൽ ലെയോ പതി മൂന്നാമൻ പ്രസ്താവിച്ചത് നാം നൽകുന്നതു് നമ്മുടേതല്ലാ, കാരണം, അത് നൽകുവാൻ നാം കടപ്പെട്ടു കഴിഞ്ഞതാണെന്നാണ്, അത് അവിടുത്തെ വകയാണെന്നാണ്. എന്നിരുന്നാലും അത് സ്വീകരിക്കുന്നതിനു ഒരു പുതിയ അവകാശത്തോടെ, സ്നേഹത്തിൻെറ അവകാശത്തോടെ, അഭ്യർത്ഥിക്കുവാൻ നമുക്ക് കഴിയും. അതിനാൽ നാം ഇപ്രകാരം പറയുന്നതുപോലെ കരുതാം. "സകലത്തിലും ഞങ്ങൾ അവിടുത്തോടു കടപ്പെട്ടുകഴിഞ്ഞവരാണ്. എന്നാൽ അങ്ങനെയല്ലെങ്കിൽപോലും സ്നേഹം നിമിത്തം ഞങ്ങളുടെ പൂർണ്ണ സേവനം അവിടുത്തേക്കു നൽകുവാൻ ഞങ്ങളാഗ്രഹിക്കും". നമ്മുടെമേൽ അവിടുത്തേക്കുള്ള അവകാശങ്ങൾ പൂർണ്ണമായതിനാൽ നമ്മുടെ പ്രതിഷ്ഠാപനം സകലതും ഉൾക്കൊള്ളുന്നുണ്ടെന്നു കാണാൻ കഴിയും.

"സേവനത്തെ"ക്കുറിച്ചു പ്രസ്താവിക്കുമ്പോൾ ഒന്നാമധ്യായത്തിൽ നാം കണ്ടതുപോലെ, നമ്മുടെ, "സേവനം" അവിടുത്തേക്കു യാതൊരു തരത്തിലും പ്രയോജനം ചെയ്യുകയില്ലെന്നും നാമെപ്പോഴും ഓർക്കണം. അത് അവിടുത്തെ ഭാഗത്തുനിന്നുമുള്ള വെറും കരുണയാണ്. കാരണം, അവിടുന്ന് ഔദാര്യപൂർവ്വം നമുക്കു നൽകുവാൻ ആഗ്രഹിക്കുന്നവ സ്വീകരിക്കാൻ സേവനം നമ്മെ സജ്ജരാക്കുകയാണ്. വസ്തുനിഷ്ഠമായ നമ്മയോടുള്ള അവിടുത്തെ സ്നേഹം അനുഗ്രഹിക്കുവാനും വിലമതിക്കാനും അവിടുത്തെ പ്രേരിപ്പിക്കുന്നു.

ഈ ഭക്തകൃത്യം നാം തെരഞ്ഞെടുത്തതെന്തിനെന്നു ചിലർ അത്ഭുതപ്പെട്ടേക്കാം. Haurietis aquas (ജലം കോരിയെടുക്കുക) എന്ന തൻെറ ചാക്രിക ലേഖനത്തിൽ പന്ത്രണ്ടാം പീയൂസ് മാർപ്പാപ്പാ രേഖപ്പെടുത്തിയിരിക്കുന്നത് യേശുവിൻെറ തിരുഹൃദയത്തോടുള്ള ഭക്തി വി. അന്തോണിയോടോ, നമുക്കു പ്രിയപ്പെട്ട മറേറതെങ്കിലും വിശുദ്ധനോടോ ഉള്ള ഭക്തിപോലെ ഇഷ്ടം അനുസരിച്ചു തെരഞ്ഞെടുക്കാവുന്ന ഒരു കാര്യമല്ലെന്നാണ്. കാരണം സ്പഷ്ടമാണ്. യേശുവിൻെറ തിരുഹൃദയത്തോടുള്ള

www.malankaralibrary.com

ഭക്തി ദൈവത്തിനു നമ്മോടുള്ള സ്നേഹത്തോടു നാം കാണിക്കുന്ന ഭക്തിയാണ്. അതില്ലാതെ ആധ്യാത്മിക ജീവിതം നയിക്കുകതന്നെ സാധ്യമല്ല, നിത്യസൗഭാഗ്യം പ്രാപിക്കുകയും സാധ്യമല്ല. ഇതിനേക്കാരം ഉപരിയായ മററൊരു ഭക്തിയുമില്ല. ഈ ഭക്താനുഷ്ഠാനത്തിൽ കാണുന്ന പലതും അതിൻെറ അത്യാവശ്യഘടകങ്ങളല്ല. ഉദാഹരണമായി, സഭ പ്രോത്സാഹിപ്പിക്കുന്നുണ്ടെങ്കിലും ഒൻപതു മാസാന്ത്യ വെള്ളിയാഴ്ചകളുടെ ആചരണം. ഏററം അത്യാവശ്യഘടകം അവിടുത്തെ തിരുസുതൻെറ ഹൃദയം വഴി കാണപ്പെടുന്നതും വിശദമാക്കപ്പെടുന്നതുമായ ദൈവത്തിൻെറ സ്നേഹത്തെ ആദരിക്കുകയും സ്നേഹിക്കുകയുമാണ്.

ഈ പ്രതിഷ്ഠാപനത്തിനു സമാന്തരമായ മററൊരു പ്രതിഷ്ഠാപനവുമുണ്ടു്- മറിയത്തിൻെറ വിമലഹൃദയത്തോടുള്ള പ്രതിഷ്ഠാപനം. കാരണം, അവിടുത്തോടു ഐക്യപ്പെട്ടിരിക്കുന്നതിനാൽ നമ്മുടെ സേവനത്തിന് സമാന്തരമായ അവകാശമുള്ളവളാണ് അവരം. അവരം നമ്മുടെ സ്രഷ്ടാവല്ല. പക്ഷേ, നമ്മെ സൃഷ്ടിച്ച ദൈവത്തിൻെറ മാതാവാണ്. അവരം തന്നാൽതന്നെ നമ്മുടെ രക്ഷകയല്ല. പക്ഷേ, പത്താമധ്യായത്തിൽ നാം കണ്ടതുപോലെ നമ്മുടെ രക്ഷയിൽ ഏററം ഗാഢമായ രീതിയിൽ അവരം അവിടുത്തോടൊന്നിച്ചു പങ്കാളിയായി.

1946 മേയ് 13-ാം തീയതി ഫാത്തിമായിൽ സമ്മേളിച്ച തീർത്ഥകരോടു റേഡിയോ പ്രക്ഷേപണം വഴി പ്രസംഗിക്കവേ പന്ത്രണ്ടാം പീയൂസ് മാർപ്പാപ്പാ ഈ വസ്തുത ഏററം മനോഹരമായ രീതിയിൽ വിശദമാക്കി: "ദൈവസുതനായ അവിടുന്ന് തൻെറ രാജത്വത്തിൻെറ മഹത്വവും മഹനീയതയും അധികാരവും തൻെറ സ്വർഗ്ഗീയ മാതാവിൻെറ മേൽ പ്രതിഫലിപ്പിക്കുന്നുണ്ട്." നമ്മുടെ സേവനത്തിനുള്ള അവിടുത്തെ അവകാശം ഇവിടെ കാണാം.

മാർപ്പാപ്പാ തുടർന്നു:

"മാതാവും സഹായിയുമെന്ന നിലയിൽ മനുഷ്യരക്ഷയെന്ന അവാച്യമായ കർമ്മത്തിൽ രക്തസാക്ഷികളുടെ രാജാ

www.malankaralibrary.com

വുമായി പങ്കാളിത്തം വഹിച്ചതിനാൽ പ്രായോഗികനില യിൽ,രക്ഷയിൽനിന്നുൽഭവിച്ച കൃപകളുടെ വിതരണത്തിൽ, അവരം അവിടുത്തോടു സംയോജിതയാണ്. പ്രകൃതിയാലെ യും വിജയത്താലെയും യേശു നിത്യമായ രാജാവാണ്. ദൈ വികബന്ധത്താലും വിജയത്തിൻെറ അവകാശത്താലും പ്ര ത്യേകനിലയിൽ തെരഞ്ഞെടുക്കപ്പെട്ടവളെന്ന നിലയിലും അവിടുന്ന് വഴിയായും അവിടുത്തോടുകൂടിയും അവിടു ത്തേക്കു കീഴ്പ്പെട്ട നിലയിലും പ്രസാദവരത്താൽ മറിയം രാജ്ഞിയാണ്. അവളുടെ സുതനും ദൈവവുമായ അവിടു ത്തേതുപോലെതന്നെ അവളുടെ രാജ്യവും അതിവിപുലമാ ണ്. കാരണം, അവളുടെ അധികാരത്തിൽനിന്നു യാതൊ ന്നും ഒഴിച്ചുനിർത്തപ്പെട്ടിട്ടില്ല.''

അവളുടെ രാജ്യം അവളുടെ മകൻേറതുപോലെ അത്ര വിപുലമാണെന്നു മാർപ്പാപ്പാ പ്രസ്താവിക്കുന്നതായി നാം ഗ്രഹിക്കുന്നു. അനന്തമായ ഒരു ശക്തിയും അതിനു കീഴ്പ്പെട്ട നിലയിലുള്ള ഒരു ശക്തിയും എന്ന നിലയിൽ അവ രണ്ടു ശക്തികളാണെന്നു നാം ചിന്തിക്കാതിരിക്കുക. നേരെമറിച്ച് അവളുടെയും അവളുടെ ദൈവിക സുതൻെറ യും ശക്തികരം ഒററ ശക്തി മാത്രമുള്ള ഒരു യൂണിററാ യി നാം പരിഗണിക്കുക. കാരണം, അവളുടെ മനസ്സ് എ പ്പോഴും ഏററം പൂർണ്ണനിലയിൽ അവിടുത്തെ തിരുമനസ്സു മായി സംയോജിതമാണ്. അതിനാൽ Haurictis aquas എന്ന ചാക്രികലേഖനത്തിൽ മാർപ്പാപ്പാ കൂട്ടിച്ചേർത്തു: ''അതിനാൽ, യേശുവിൻെറ ഏററം പരിശുദ്ധമായ ഹൃദയ ത്തോടുള്ള ഈ ആരാധനയിൽനിന്നു്, ക്രിസ്തീയ കുടുംബത്തിന്മേലും മനുഷ്യവർഗ്ഗം മുഴുവൻമേലും തന്നെ വള രെ സമൃദ്ധമായ പ്രയോജനങ്ങരം പ്രവഹിക്കുന്നതിനു വേണ്ടി, ദൈവമാതാവിൻെറ വിമല ഹൃദയത്തോടുള്ള ഭക് തിയും അതിനോടു സംയോജിപ്പിക്കുന്നതിന് വിശ്വാസി കരം ശ്രദ്ധിക്കട്ടെ.'' ദൈവം അവിടുത്തെ തിരുസുതൻെറ ജീവിതത്തിലെയും മരണത്തിലെയും എല്ലാ രഹസ്യങ്ങളു മായി അവളെ സംയോജിപ്പിച്ചിട്ടുണ്ട്. ദൈവം യോജിപ്പി ച്ചത് യാതൊരുവനും അകററാതിരിക്കട്ടെ.

www.malankaralibrary.com

രണ്ടാം വത്തിക്കാൻ സൂന്നഹദോസ് തിരുസ്സഭയെക്കുറിച്ച് പുറപ്പെടുവിച്ച പ്രമാണരേഖയിലെ സുദീർഘമായ മരിയൻ അധ്യായത്തിൽ നിന്ന് (അധ്യായം 8) ചില വാക്യങ്ങൾ ഉദ്ധരിക്കുകയാണ്. ഉദ്ധരണിചിഹ്നമുള്ളതെല്ലാം സൂന്നഹദോസിന്റെ രേഖയിൽ നിന്നാണ്. അതോട്ടൊന്നിച്ച് ഈ ഗ്രന്ഥകാരന്റെ സ്വന്തം വാചകങ്ങളും കാണാം. "ദൈവവചനം മനുഷ്യനായി അവതരിക്കണമെന്നു ദൈവപരിപാലന അനാദിയിൽ നിശ്ചയിച്ചപ്പോൾ പരിശുദ്ധ കന്യകമറിയത്തെ ദൈവമാതാവായി തെരഞ്ഞെടുത്തു. ദൈവപരിപാലനയുടെ ക്രമീകരണം വഴി അവൾ ലോകത്തിൽ ദിവ്യരക്ഷകന്റെ വത്സലമാതാവായും അതുല്യമാം വിധം ഉൽകൃഷ്ടയായ സഹപ്രവർത്തകയായും കർത്താവിന്റെ എളിയ ദാസിയായും സേവനമനുഷ്ഠിച്ചു." അതായത് അവിടുത്തോടുള്ള അവളുടെ ഐക്യം നിത്യതയിലുള്ളതായിരുന്നു. കാരണം, പിതാവ് സ്വപുത്രന്റെ മനുഷ്യാവതാരത്തിനു പദ്ധതിയിട്ടിരുന്നതിനാൽ തീർച്ചയായും അതു ആരുമുഖേന സംഭവിക്കണമോ, ആ മാതാവിനും പദ്ധതി തയ്യാറാക്കിയിരുന്നു.

"ആദിമാതാപിതാക്കന്മാരുടെ അധഃപതനത്തെതുടർന്ന് സർപ്പത്തിന്റെ മേൽ വിജയം വരിക്കുമെന്ന വാഗ്ദാനത്തിൽ അവൾ പ്രവചനാത്മകമായ രീതിയിൽ അവതരിക്കപ്പെട്ടിരിക്കുന്നതായി കാണാം." ഉല്പത്തി മൂന്നാമധ്യായം 15-ാം വാക്യമാണ് സൂന്നഹദോസ് ഇവിടെ സൂചിപ്പിക്കുന്നത്. പിതാവ് നിത്യതയിൽ അവളെക്കുറിച്ച് പദ്ധതി തയ്യാറാക്കുന്നതു മാത്രമല്ലാ, ആദിമാതാപിതാക്കളുടെ അധഃപതനത്തിനുശേഷം ഉടൻതന്നെ അവളെക്കുറിച്ച് പ്രസ്താവിക്കുന്നതായും നാം കാണുന്നു. "അതുപോലെ തന്നെ കന്യക ഗർഭം ധരിക്കും, അവൾ ഒരു പുത്രനെ പ്രസവിക്കും എന്നു പറഞ്ഞിരിക്കുന്നതും ഇവളെക്കുറിച്ചുതന്നെ." ഇതു ഏശയ്യാ 17: 14-ൽ ഉള്ള പ്രവചനമാണ്.

"മനുഷ്യാവതാരത്തിനു മുൻപുതന്നെ, മാതാവായി തെരഞ്ഞെടുക്കപ്പെട്ടവളുടെ സമ്മതം നടക്കണമെന്നു കരുണകളുടെ പിതാവ് ആഗ്രഹിച്ചു". "മനുഷ്യവർഗ്ഗം മുഴുവന്റെയും

www.malankaralibrary.com

നാമത്തിൽ സമ്മതം നൽകുവാൻ അവളോടാവശ്യപ്പെട്ടു'' എന്ന് ലെയോ പതിമ്മൂന്നാമൻ മാർപ്പാപ്പാ പ്രസ്താവിച്ചതും ഇതുതന്നെയാണ്. ''മരണം ലോകത്തിൽ തേർവാഴ്ച നടത്തുന്നതിനു ഒരു സ്ത്രീ സഹകരിച്ചതുപോലെ ജീവൻെറ പുനഃപ്രാപ്തിയിലും ഒരു സ്ത്രീ സഹകരിക്കുകയെന്നതു ഉചിതമായിരുന്നു''. പ്രമുഖസഭാപിതാക്കന്മാരിൽ മിക്കവരും പ്രസ്താവിച്ചിട്ടുള്ള പുതിയ ഹവ്വാ എന്ന ആശയം സൂനഹദോസ് ഇവിടെ വിശദമാക്കുകയാണ്. അതായത് ആദ്യത്തെ ഹവ്വാ നമ്മുടെ വർഗ്ഗത്തെ ഉത്ഭവപത്തിൻെറ നാശത്തിലുറപ്പെടുത്തിയതുപോലെ ആ നഷ്ടം പ്രതിലോമമാക്കുന്നതിൽ പുതിയ ഹവ്വായായ മറിയം പങ്കാളിയായി. ''രക്ഷാകർമ്മത്തിൽ സ്വസുതനുമായുള്ള ഈ മാതാവിൻെറ ഐക്യം ക്രിസ്തുവിൻെറ കന്യകാജനനം മുതൽ മരണംവരെ വെളിപ്പെടുത്തുന്നുണ്ട്.'' മംഗലവാർത്താവേളയിൽ തന്നെ ഈ ഐക്യം വെളിപ്പെട്ടതായി സൂനഹദോസ് പ്രസ്താവിക്കുകയാണ്. സൂനഹദോസ് പഠിപ്പിക്കുന്നതുപോലെ നിത്യതയിൽ തന്നെ അതുണ്ടായിരുന്നെങ്കിലും അതിനു മുൻപ് അതു വെളിപ്പെട്ടിരുന്നില്ല.

''ആദ്യമായി ഇതു പ്രത്യക്ഷമാകുന്നത് മറിയം ധൃതിയിൽ എഴുന്നേററ് ഏലിസബെത്തിനെ സന്ദർശിക്കുവാനെത്തിയപ്പോഴാണ്. അവിടെവച്ച് രക്ഷയുടെ വാഗ്ദാനത്തിലുള്ള വിശ്വാസു മൂലം ഭാഗ്യവതിയായിരിക്കുന്നവളേ എന്ന് ഏലിസബത്തിനാൽ അവരം അഭിസംബോധന ചെയ്യപ്പെട്ടു........രക്ഷകൻെറ തിരുപ്പിറവിയുടെ അവസരത്തിൽ അവരം തൻെറ കന്യകാത്വപൂർണ്ണതയെ കുറയ്ക്കാതെ അതിനെ വിശുദ്ധീകരിച്ച്, ആ ആദ്യജാതനെ ഇടയന്മാർക്കും വിജ്ഞാനികരംക്കും സന്തോഷസമേതം അവതരിപ്പിക്കുകയുണ്ടായി.'' അവളുടെ കന്യകാത്വം കേവലമൊരു ആധ്യാത്മികപ്രതീകമല്ല, അതു ശാരീരികമാണ്. കാരണം, ''പൂർണ്ണത''യെന്നു സൂനഹദോസ് പറയുന്നുണ്ടല്ലോ, അത് ശാരീരികമാണ്. ''അവരം ദൈവാലയത്തിൽവച്ച് അവിടുത്തെ സമർപ്പിച്ചപ്പോഴും അതു പ്രത്യക്ഷമായിരുന്നു.'' അവിടെ, അവിടുത്തെ മാനുഷികമനസ്സിനു ദൈവത്വത്തിൻെറ ദർശനമുണ്ടായിരുന്നതിനാലും തന്മൂലം സെഹിയോൻമാളിക

www.malankaralibrary.com

യിാലയും കുരിശിന്മേലുള്ള ബലിയെക്കുറിച്ചും പൂർണ്ണ ബോധവാനായിരുന്നതിനാലും അവ അവിടുന്ന് പിതാവായ ദൈവത്തിനു സമർപ്പിച്ചു. എട്ടാം അധ്യായത്തിൽ ഇതു നാം കണ്ടതാണ്. അവളുടെ ഭാഗത്ത്, "എനിക്കു ഭവിക്കട്ടെ" എന്നു മംഗലവാർത്താവേളയിലുള്ള തന്റെ മറുപടി അവരം തുടർന്നുകൊണ്ടിരുന്നു. "തദവസരത്തിൽ ശെമഓൻ പ്രവചനരൂപത്തിൽ പ്രസ്താവിച്ചു, അവളുടെ സുതൻ വൈരുദ്ധ്യത്തിന്റെ അടയാളമായിരിക്കുമെന്നും അവളുടെ ഹൃദയത്തിലൂടെ ഒരു വാരം കടക്കുമെന്നും അങ്ങനെ അനേകരുടെ ഹൃദയങ്ങളിലെ വിചാരങ്ങരം വെളിപ്പെടുമെന്നും." ആ സന്ദർഭത്തിലും ആ ഐക്യം പ്രത്യക്ഷമായിരുന്നു. തീർച്ചയായും ഇത് അവരംക്കറിയാമായിരുന്നു, ദുഃഖപൂർവം അറിയാമായിരുന്നു. ശെമഓന്റെ വാക്കുകരം എപ്പോഴുമുണ്ടായിരുന്ന ആ മുറിവിന്റെ വേദന വർദ്ധിപ്പിക്കും.

"ക്രിസ്തുവിന്റെ പരസ്യജീവിതകാലത്ത് ശ്രദ്ധേയമാംവിധം മറിയം പ്രത്യക്ഷപ്പെടുന്നുണ്ട്. ആദ്യമായി നാം അവളെ കാണുന്നതു കാനായിലെ വിരുന്നിലാണ്. അവിടെ കണ്ട ദയനീയാവസ്ഥയിൽ ഈ മാതാവിന്റെ മനസ്സലിഞ്ഞു. അഭിഷിക്തനായ ക്രിസ്തുവിന്റെ ആദ്യത്തെ അത്ഭുതം മറിയത്തിന്റെ മധ്യസ്ഥതവഴി കാനായിൽ നടന്നു. ദൈവപുത്രൻ തന്റെ പ്രേഷിതജീവിതത്തിൽ ദൈവരാജ്യത്തെ മാംസരക്തങ്ങളുടെ പരിഗണനകരംക്കും ബന്ധങ്ങരംക്കും ഉപരിയായി പുകഴ്ത്തുകയും മറിയം വിശ്വസ്തതാപൂർവം ചെയ്തിരുന്നതുപോലെ ദൈവവചനം കേരംക്കുകയും പ്രാവർത്തികമാക്കുകയും ചെയ്യുന്നവർ ഭാഗ്യവാന്മാരാണെന്നു പ്രസ്താവിക്കയും ചെയ്ത വചനങ്ങരം അവരം ശ്രവിച്ചു." നാടകീയരീതിയിൽ അവളുടെ മകൻ രണ്ടുവിധത്തിലുള്ള മഹത്ത്വം വിശദമാക്കി—ദൈവത്തിന്റെ ശാരീരികമാതാവായിരിക്കുന്നതും അവിടുത്തെ വചനം കേരംക്കുകയും പ്രാവർത്തികമാക്കുകയും ചെയ്യുന്നതും. രണ്ടാമത്തേതാണു കൂടുതൽ മഹനീയം. എന്നിരുന്നാലും വി. സൂനഹദോസ് പ്രസ്താവിക്കുന്നതുപോലെ ഈ രണ്ടുവിധമഹത്വത്തിലും ഏററം മഹോന്നതയായവരം അവളായിരുന്നു.

www.malankaralibrary.com

"വിശ്വാസത്തിൽ അവൾ തന്റെ പുത്രനുമായുള്ള ഐക്യം കുരിശുവരെ അഭംഗുരം വിശ്വസ്തതാപൂർവ്വം തുടരുകയും ചെയ്തു". അതേ, അവളുടെ ഐക്യം, എനിക്ക് ഭവിക്കട്ടെ എന്ന മനോഭാവത്തിന്റെ തുടർച്ച വിഷമകരമായിരുന്നു. അതിനാൽ അവൾ അതു സഹിച്ചു, അല്ലെങ്കിൽ അതോടൊന്നിച്ച് ജീവിച്ചു, എന്നു പറയുന്നതാവും ശരി. "അതിനാൽ അവൾ ദൈവികപദ്ധതിയുമായി പൊരുത്തപ്പെട്ടു ജീവിച്ചു". വി. യോഹന്നാനെപ്പോലെ അവൾ ഒരു സാധാരണ വ്യക്തിയായിരുന്നില്ല, അവൾ അവിടെ യഥാർത്ഥമായി, ഔദ്യോഗികമായി, പുതിയ ഹവ്വാ എന്ന നിലയിൽ രക്ഷാകരകർമ്മത്തിൽ സഹകരിക്കാൻ നിയോഗിക്കപ്പെട്ടവളായിരുന്നു. "അവിടെ അവൾ മാതൃസഹജമായ വികാരങ്ങളോടെ അവിടുത്തെ ബലിയോട് സ്വയം യോജിക്കുകയും തന്നിൽനിന്നു ജനിച്ച ആ ബലിവസ്തുവിനെ ഹോമിക്കാൻ സ്നേഹപുരസ്സരം സമ്മതിക്കുകയും ചെയ്തു". അവിടുന്ന് മരിക്കണമെന്നത്, പിതാവിന്റെ തിരുഹിതമായിരുന്നു. അവളുടെ പുത്രന്റെ തിരുഹിതവും അതുതന്നെയായിരുന്നു. അതിനാൽ വ്യക്തമായും പ്രവർത്തനാത്മകമായും അവിടുത്തെ മരണം ഇച്ഛിച്ചുകൊണ്ടുതന്നെ ആ തിരുഹിതത്തോട് അവൾക്ക് യോജിക്കേണ്ടിയിരിക്കുന്നു! ഇത് നമ്മെ രക്ഷിക്കുവാനും വസ്തുനിഷ്ഠമായ ക്രമം ശരിയാക്കുവാനുമായിരുന്നു. "അവിടുന്നു കുരിശിൽ കിടന്നു മരിച്ചപ്പോൾ അവിടുത്തെ പീഡകളോട് അവൾ സ്വയം യോജിച്ചു. ഇങ്ങനെ ആത്മാക്കൾക്ക് അതിസ്വാഭാവികജീവൻ നൽകാനുള്ള രക്ഷകന്റെ ദൗത്യത്തിൽ അവൾ തന്റെ അനുസരണം, വിശ്വാസം, ശരണം, ഉജ്ജ്വലത്തായ ഉപവി എന്നിവ വഴി തികച്ചും അനിതരസാധാരണരീതിയിൽ സഹകരിച്ചു". അവളുടെ ഈ സഹകരണം ഉൾക്കൊള്ളുന്ന വിപുലസമ്പത്ത് പത്താമധ്യായത്തിൽ നാം കണ്ടതാണ്. "ഇതുകൊണ്ടാണ് പ്രസാദവരമണ്ഡലത്തിൽ അവൾ നമ്മുടെ മാതാവായിരിക്കുന്നത്". ഒരു സാധാരണ മാതാവ് ഒരു പുതിയ ജീവൻ ഉളവാക്കുന്നതിൽ പങ്കാളിയാകണം, അനന്തരം ആ ജീവൻ സംരക്ഷിക്കുകയും വേണം. മഹത്തായ ബലിയിൽ തന്നെ സഹകരണംവഴി അവൾ പങ്കാളിയായി. ഇന്നു തന്റെ

www.malankaralibrary.com

മകൻെറ സഹോദരങ്ങളെ സംരക്ഷിക്കുന്നത് അവരം തുടരുന്നു. കാരണം, സ്വർഗ്ഗത്തിൽപോലും "അപകടങ്ങളും പ്രതിസന്ധിഘട്ടങ്ങളും നിറഞ്ഞ ജീവിതയാത്രചെയ്യുന്ന സ്വപുത്രൻെറ സഹോദരർ സൗഭാഗ്യം നിറഞ്ഞ പിതൃഭവനത്തിൽ എത്തുന്നതുവരെ മാതൃസഹജമായ വാത്സല്യത്തോടെ അവരം അവരുടെ സംരക്ഷണം നിർവ്വഹിക്കുകയും ചെയ്യുന്നു. തന്മൂലമത്രേ തിരുസ്സഭ പരിശുദ്ധ കന്യകയെ, അഭിഭാഷക, സഹായിക, ഉപകാരിണി, മധ്യസ്ഥ, എന്നീ അഭിധാനങ്ങളിൽ വിളിച്ചപേക്ഷിക്കുന്നത്".

വീണ്ടും:

"പെന്തിക്കോസ്തി തിരുനാളിന്മുൻപ് ശ്ലീഹന്മാർ 'ഭക്തസ്ത്രീകളോടും ക്രിസ്തുവിൻെറ മാതാവായ മറിയത്തോടും അവിടുത്തെ സഹോദരന്മാരോടും ഏകമനസ്സായി പ്രാർത്ഥനയിൽ നിലനിന്നിരുന്നതായും' മംഗളവാർത്താവേളയിൽ തൻെറമേൽ ആവസിച്ച പരിശുദ്ധാത്മാവിൻെറ ദാനം സ്വീകരിക്കുവാൻ മറിയം പ്രാർത്ഥിച്ചിരുന്നതായും നാം കാണുന്നു. ജന്മപാപത്തിൻെറ എല്ലാ കറകളിൽനിന്നും സ്വതന്ത്രയായിരുന്ന നിർമ്മലകന്യക ഐഹികജീവിതാവസാനത്തിൽ ആത്മശരീരങ്ങളോടെ സ്വർഗ്ഗത്തിലേക്ക് ആരോപിതയായി. ഇതിനും പുറമേ, നമ്മുടെ കർത്താവ് പ്രപഞ്ചത്തിൻെറ മുഴുവൻ രാജ്ഞിയായി അവളെ വാഴിച്ചു. ഇത് കർത്താക്കളുടെ കർത്താവും പാപത്തെയും മരണത്തെയും ജയിച്ചവനുമായ തൻെറ തിരുസുതനോട് അവരം കൂടുതൽ അനുരൂപപ്പെടുവാൻ വേണ്ടിയായിരുന്നു".

സ്വർഗ്ഗത്തിൽ അവളെ ദർശിക്കുമ്പോരം സൗഭാഗ്യമുള്ള ഓരോ ആത്മാവിനും ഉളവാകുന്ന കൂടുതലായ സന്തോഷത്തെക്കുറിച്ച് പന്ത്രണ്ടാം പീയൂസ് മാർപ്പാപ്പാ പ്രസ്താവിച്ചിട്ടുള്ളത് ഇവിടെ രേഖപ്പെടുത്തുക സമുചിതമാണ്.

"തീർച്ചയായും ദൈവം തൻെറ മാതാവിൻെറ മുഖത്ത് അവിടുത്തെ ദൈവികകലയുടെ സകല ശോഭകളും ഒന്നിച്ചു ചേർത്തിട്ടുണ്ട്........പ്രിയ മക്കളേ, ഒരു ദയനിറഞ്ഞ ഹൃദയത്തെ മാനുഷികസൗന്ദര്യം എത്രവേഗം ഹർഷപുളകിതമാക്കുമെന്ന് നിങ്ങരംക്കറിയാമല്ലോ. മറിയത്തിൻെറ സൗന്ദര്യം

www.malankaralibrary.com

കാണുമ്പോൾ അപ്പോൾ അത് എത്രയോ അധികം സന്തോഷിക്കയില്ല!....അതിനാലാണ് ഡാൻന്റേ എന്ന മഹാകവി പറുദീസായിൽ സന്തോഷമനുഭവിക്കുന്ന പത്തുലക്ഷത്തിലധികം മാലാഖമാരുടെ മദ്ധ്യേ പുഞ്ചിരി തൂകുന്ന ഒരു സൗന്ദര്യം കണ്ടെത്തിയത്. എന്തുമാത്രം ആനന്ദം. മറെറല്ലാ വിശുദ്ധരുടെയും കണ്ണുകളിൽ അത് പ്രതിഫലിക്കുന്നുണ്ടായിരുന്നു....മറിയം''.

എത്രയോ മഹോന്നതമായ ഒരു വീക്ഷണമാണ് സൂനഹദോസ് നമ്മുടെ മുമ്പിൽ അവതരിപ്പിക്കുന്നത്! അക്ഷരാർത്ഥത്തിൽതന്നെ നിത്യതയിൽ, അതായത് കാലം ആരംഭിക്കുന്നതിന് മുൻപുതന്നെ, മനുഷ്യാവതാരത്തെക്കുറിച്ചുള്ള തീരുമാനത്തിൽ, അവൾ സ്വസുതനോട് സംയോജിച്ചിരുന്നു. കാലം ഇല്ലാതാകുന്ന നിത്യതയിലും എല്ലാ മാലാഖമാർക്കും വിശുദ്ധർക്കും പ്രത്യേക സന്തോഷനിദാനമായി അവൾ സ്വർഗ്ഗരാജ്ഞിയായിരിക്കും. പന്ത്രണ്ടാം പീയൂസ് മാർപ്പാപ്പാ പ്രസ്താവിച്ച പ്രകാരം അവിടുത്തെ ജീവിതത്തിലും മരണത്തിലും ഉയിർപ്പിലുമെല്ലാം തന്നെ ''അവിടുത്തെ പ്രവൃത്തികളിൽ പങ്കാളിയായി'' അവളെ നാം കാണുന്നു. പിതാവിന് നമ്മോടുള്ള സമീപനത്തിൽ അവളുണ്ട്. അവളുടെ ഭാഗം സകലതിലുമുണ്ട്.

നമ്മുടെ പിതാവിനെ അനുകരിക്കുക എന്നതിലുപരിയായി നമുക്കൊന്നും ചെയ്യുക സാധ്യമല്ലാത്തതിനാൽ, നമ്മുടെ പിതാവ് അവൾക്ക് നൽകിയ സ്ഥാനം അതായത് സകലതിലുമുള്ള ഭാഗഭാഗിത്വം നാം നമ്മുടെ ആദ്ധ്യാത്മിക ജീവിതത്തിൽ അവൾക്ക് നൽകുകയാണ് ഉത്തമമെന്ന് സ്പ്ടമാണല്ലോ. അങ്ങനെ ജീവിക്കുന്നതിന് അവളുടെ വിമലഹൃദയത്തിന് അവളുടെ മകന്റെ തിരുഹൃദയത്തോടുള്ള ഐക്യത്തിൽ നാം നമ്മെ പ്രതിഷ്ഠിക്കുക. ഇങ്ങനെയുള്ള ഒരു പ്രതിഷ്ഠാപനം രണ്ടാം വത്തിക്കാൻ സൂനഹദോസ് ശുപാർശചെയ്യുന്നുണ്ട്.

''ഈ കത്തോലിക്കാ വിശ്വാസം പരിശുദ്ധ സൂനഹദോസ് അവധാനപൂർവം പഠിപ്പിക്കുകയും പരിശുദ്ധ കന്യകയോടുള്ള വണക്കം അതിപ്രധാനമായി തിരുക്കർമ്മവാ

www.malankaralibrary.com

ധികളിലൂടെ ഔദാര്യപൂർവം വർദ്ധിപ്പിച്ചുകൊണ്ടുവരണമെന്ന് ഉദ്ബോധിപ്പിക്കുകയും ചെയ്യുന്നു. അതിനായി നൂററാണ്ടുകളിലൂടെ സഭയുടെ പ്രബോധനാധികാരം അംഗീകരിച്ചിട്ടുള്ള ഭക്തമുറകൾ വിലമതിക്കുകയും വേണം.

ഈ ശുപാർശകളിൽ പ്രതിഷ്ഠാപനവും ഉൾപ്പെടുന്നുണ്ട്. സൂനഹദോസിന്റെ മൂന്നാം യോഗാവസാനത്തിൽ പോൾ ആറാമൻ മാർപ്പാപ്പാ സൂനഹദോസ് ശാലയിൽ വച്ചു തന്നെ സഭയെയും ലോകത്തെയും അവൾക്ക് പ്രതിഷ്ഠിച്ചതിന്റെ നവീകരണം നിർവ്വഹിച്ചു. ലോകം മുഴുവനേയും പീയൂസ് പന്ത്രണ്ടാമൻ മാർപ്പാപ്പാ മറിയത്തിന്റെ വിമല ഹൃദയത്തിന് പ്രതിഷ്ഠിച്ച കാര്യം അദ്ദേഹം അനുസ്മരിച്ചു. അത് "നമ്മുടെ ബഹുമാന്യ മുൻഗാമി പിയൂസ് പന്ത്രണ്ടാമൻ....ഉന്നതത്തിൽനിന്നുള്ള നിവേശനം മൂലം മറിയത്തിന്റെ വിമലഹൃദയത്തിന് ആഘോഷപൂർവ്വം നടത്തിയ പ്രതിഷ്ഠാപനമാണ്....ഓ! പരിശുദ്ധ കന്യകയേ, സൂനഹദോസിന്റെ മാതാവേ, സഭ മുഴുവനെയും നിനക്ക് ഞാൻ സമർപ്പിക്കുന്നു". 1967 മേയ് 13-ാം തീയതി ഫാത്തിമാ സന്ദർശിച്ച വേളയിൽ അദ്ദേഹം ഇക്കാര്യം അനുസ്മരിച്ചു.

"1964 നവംബർ 21-ാം തീയതി നാംതന്നെ നടത്തിയ പുനഃപ്രതിഷ്ഠാപനം നാം ഓർക്കുന്നു. സഭയുടെ മാതാവായ മറിയത്തിന്റെ വിമല ഹൃദയത്തിനുള്ള പ്രതിഷ്ഠാപനം വ്യക്തിപരമായി നവീകരിക്കുന്നതിനു സഭാതനയരെ നാം ഉദ്ബോധിപ്പിക്കുന്നു. അങ്ങനെ ഏററം മഹനീയമായ ഈ വണക്കം ദൈവതിരുമനസ്സിനനുയോജ്യമാം വിധം കൂടുതൽ സജീവമാക്കുകയും പുത്രസഹജമായ സേവനമനഃസ്ഥിതിയോടെ അവർ തങ്ങളുടെ സ്വർഗ്ഗീയ രാജ്ഞിയെ അനുകരിക്കുകയും ചെയ്യട്ടെ".

ഇവിടെ ഒരു പ്രത്യേക വിശദീകരണം ആവശ്യമാണ്. ശക്തമായ യുക്തിയാണ് നാം കണ്ടത്. അതായത് നമ്മോടുള്ള സമീപനത്തിൽ എല്ലാം സമഗ്രമായി ഉൾക്കൊള്ളുന്ന ഒരു രീതി പിതാവ് അവൾക്ക് നൽകിയിരിക്കുന്നതിനാൽ നമ്മുടെ ആധ്യാത്മിക ജീവിതത്തിൽ അതേ സ്ഥാനം നാം അവൾക്കു നൽകുക സമുചിതമാണ്. ഇതു അനേകം

www.malankaralibrary.com

ആത്മാക്കളെ അഗാധമായി സ്പർശിക്കുന്നുണ്ട്, ഒരു കല്പനയായിതന്നെ അവർ സ്വീകരിക്കുന്നുമുണ്ട്. പക്ഷേ, ഇവിടെ ഒരു വ്യതിരിക്തത സ്വീകരിക്കുവാൻ നാം തയാറാകണം. അവളുടെ പുത്രന്റെ തിരുഹൃദയത്തോടുള്ള ഭക്തി മുൻപു പ്രസ്താവിച്ചിട്ടുള്ള ഔചിത്യങ്ങളോടുകൂടി കൽപനാപരമായ ഒന്നാണ്. കാരണം, അതു നമ്മുടെ വിശ്വാസത്തിന്റെ കേന്ദ്രബിന്ദുവാണ്. അവിടുന്ന് ദൈവമാണല്ലോ. പിതാവ് അവൾക്കുനൽകിയ സ്ഥാനം പരിഗണിക്കുമ്പോൾ ഔചിത്യപൂർവകമായ ഭക്തി അവളോടും ആവശ്യമാണ്. അവളെ പരിഗണിക്കാതിരിക്കുക തെററുതന്നെയാണ്. പക്ഷേ, അതു ആധ്യാത്മികജീവിതത്തിലെ ആവശ്യം ആവശ്യമായ ഘടകമല്ല. ആധ്യാത്മികാനുഗ്രഹങ്ങുടെ വ്യത്യസ്ഥതയെന്ന തത്ത്വം നാം ഇവിടെ പരിഗണിക്കണം. അതിനാൽ ഓരോരുത്തരും തങ്ങൾക്കു ലഭിച്ചിട്ടുള്ള കൃപകൾക്കനുസൃതമായി മുൻപോട്ടുപോകും. ചിലർ മററുള്ളവരെക്കാൾ കൂടുതൽ മുൻപിലായിരിക്കും.

ഒരു പ്രതിഷ്ഠാപനത്തിനു മുൻപ് കുറേക്കാലമെങ്കിലും അതിനുവേണ്ടി തയ്യാറെടുക്കുക ഗുണകരമാണ്. വി. ജൂയിസ് ദെ മോൺ ഫോർട്ട് രചിച്ച 'യഥാർത്ഥ ഭക്തി' എന്ന ഗ്രന്ഥത്തിന്റെ അവസാനഭാഗത്ത് ഈ തയ്യാറെടുപ്പ് എങ്ങനെ നിർവഹിക്കാമെന്നു വിവരിച്ചിട്ടുണ്ട്.

സാധാരണമായതോ ആഘോഷപൂർവമായതോ ആയ പ്രതിഷ്ഠാപനച്ചടങ്ങു നടത്തുകയല്ല ഏററം അത്യാവശ്യ ഘടകം. അതു പ്രധാനമാണെന്നു സമ്മതിക്കുന്നു. ഏററം അത്യാവശ്യമായത് ആ പ്രതിഷ്ഠാപനത്തിനനുസരിച്ചു ജീവിക്കുകയാണ്.

ഒരു പ്രതിഷ്ഠാപനം എങ്ങനെ ജീവിക്കാം എന്നു വിശദമാക്കുന്ന പലഗ്രന്ഥങ്ങളുമുണ്ട്. സിദ്ധാന്തവും പ്രയോഗവും വിശദമാക്കുന്ന ഉത്തമഗ്രന്ഥങ്ങൾ ഫാദർ ഷാമിനേഡ്, വി. ജൂയിസ് ദെ മോൺ ഫോർട്ട്, വി. മാക്സിമീലിയിൻ കോൾബെ എന്നിവർ രചിച്ചിട്ടുണ്ട്.

ഈ രീതിയിലുള്ള ഗ്രന്ഥങ്ങൾ നിർദ്ദേശിക്കുന്ന കാര്യങ്ങളിൽ വ്യത്യാസങ്ങൾ കാണാമെങ്കിലും അവ തമ്മിൽ സാദൃ

www.malankaralibrary.com

ശ്യങ്ങളുമുണ്ട്. ഒരു പ്രതിഷ്ഠാപനം എങ്ങനെ നടത്തണമെന്ന് നമുക്കിപ്പോൾ പൊതുവേ ചർച്ചചെയ്യാം. മറിയം നമ്മെ അവളുടെ തിരുസുതന്റെ തിരുഹൃദയത്തിലേക്കു നയിക്കുമെന്നതു തീർച്ച. ഇതു ഗ്രഹിച്ചുകൊണ്ട് മരിയൻ പ്രതിഷ്ഠാപനം നടത്തുകയാണ് അഭികാമ്യം. എന്നിരുന്നാലും ആധ്യാത്മികമായ ആകർഷണങ്ങൾ വിവിധങ്ങളാണല്ലോ. അതിനാൽ യേശുവിന്റെ തിരുഹൃദയത്തോടുള്ള പ്രതിഷ്ഠാപനം ജീവിച്ചുകൊണ്ട് ചിലർ മരിയൻ പ്രതിഷ്ഠാപനത്തിലേക്കു കടക്കും.

ഒരു പ്രതിഷ്ഠാപനം അനുസരിച്ചുള്ള ജീവിതത്തിൽ ഐക്യം, ആശ്രയം, അനുസരണം എന്നീ മൂന്നു ഘടകങ്ങൾ അല്ലെങ്കിൽ മനോഭാവങ്ങൾ ഉണ്ടായിരിക്കും.

മറിയത്തോടും അവളുടെ തിരുസുതനോടുമുള്ള ഐക്യത്തിനു രണ്ടുകാര്യങ്ങൾ വേണം. അവരുടെ സാന്നിധ്യത്തെക്കുറിച്ചു തുടർച്ചയായ സജീവബോധമുള്ളവരായി, അവരെപ്പോലെയാകുവാൻ അവിടുത്തെയും അവളെയും അനുകരിക്കുകയാണവ.

"ഇനിയും ഞാനല്ലാ ക്രിസ്തുവാണ് എന്നിൽ ജീവിക്കുന്നത്" (ഗലാ 2: 20) എന്ന് വി. പൗലോസ് പ്രസ്താവിച്ചിട്ടുണ്ടല്ലോ വി. മാക്സിമീലിയൻ കോൾബേ കാവ്യാത്മക രീതിയിൽ പ്രസ്താവിച്ചു, "അവളിൽ ആയിരിക്കുന്നതിന്, അല്ലെങ്കിൽ അവൾ ആകുന്നതിന്" എന്ന് അങ്ങനെ നാം "നമ്മെതന്നെ മറന്ന്" അവളിൽ "ഇല്ലാതാകുന്നു" ഇതു നടപ്പാക്കുക യേശുവിനെയും മറിയത്തെയും നാം അനുകരിക്കുകയും യേശുവിനെ നയിച്ച ആത്മാവ്, ആരുടെ മണവാട്ടിയാണോ അവൾ, ആത്മാവ് തന്നെ നമ്മിൽ പൂർണ്ണമായി പ്രവർത്തിച്ച് ആധ്യാത്മികമായ ഉന്നതങ്ങളിൽകൂടി നമ്മെ നയിക്കുകയും ചെയ്യുമ്പോഴാണ്. അപ്പോൾ കുരിശിന്റെ വി. യോഹന്നാൻ രേഖപ്പെടുത്തിയ വാക്കുകൾ യഥാർത്ഥമാകും: "ദൈവം മാത്രമാണു ഈ ആത്മാക്കളുടെ ശക്തി അനുയോജ്യമായ പ്രവർത്തികളിലേക്കു ചലിപ്പിക്കുന്നത്.... അവയെ മററുള്ളവയിലേക്കു അപ്പോൾ ചലിപ്പിക്കുക സാധ്യമല്ല."

www.malankaralibrary.com

അവിടുന്ന് ദൈവമാകയാൽ എല്ലായിടത്തും സന്നിഹിതനാണ്. ദിവ്യകാരുണ്യത്തിൽ അവിടുന്ന് പ്രത്യേകവിധം സന്നിഹിതനാണ്. പ്രതിഷ്ഠാപനനിലയിലുള്ള ജീവിതം നയിക്കുന്ന വ്യക്തിക്കു ദിവ്യകാരുണ്യത്തിലുള്ള യേശുവിൻെറ സാന്നിധ്യത്തോടു ആകർഷണമുണ്ടാകാതെവയ്യ.

ഏതർത്ഥത്തിലാണു മറിയം നമ്മുടെ പക്കൽ സന്നിഹിതയായാകുന്നത്? അവരം കേവലം ആത്മാവല്ല. സ്വർഗ്ഗാരോപിതയായ അവളുടെ മഹത്വീകരിക്കപ്പെട്ട ശരീരം ആത്മാക്കരംക്കനുസൃതമായ നിലയിലാണു പ്രവർത്തിക്കുന്നത്. മഹത്വീകരിക്കപ്പെടാത്ത നമ്മുടെ ശരീരത്തിനു ശാരീരികമായി സന്നിഹിതമാകുന്നതിന്സ്ഥലം ആവശ്യമാണ്. എന്നാൽ, ശരീരത്തിൻെറ നിയമമനുസരിച്ചു പ്രവർത്തിക്കേണ്ടാത്ത മഹത്വീകരിക്കപ്പെട്ട ശരീരത്തിനും ആത്മാവിനും അങ്ങനെ ഒരു സ്ഥലത്തിൻെറ, സ്ഥാനത്തിൻെറ, ആവശ്യമില്ല. സെഹിയോൻ മാളികയിലെ ശാലയിൽ കതകടഞ്ഞു കിടന്നിരുന്നപ്പോരം യേശു സന്നിഹിതനായതു നാം ഓർക്കുക. ആത്മാവ് ഫലംപുറപ്പെടുവിക്കുന്നിടത്ത് ആത്മാവുണ്ടെന്നു നാം പറയുന്നു. അതിനാൽ അവരം ഫലം പുറപ്പെടുവിക്കുന്നിടത്തെല്ലാം അവളുണ്ട്. എന്താണ് ആ ഫലം? എല്ലാ കൃപകളും അവരം മുഖേന വരുന്നു. നാം ലോകത്തിലായിരിക്കുന്നിടത്തോളംകാലം നമുക്ക് ഈ കൃപകരം ആവശ്യമാണ്. അതിനാൽ അവളോടു ഭക്തിയുള്ളവരുടെ പക്കൽ അവരം യഥാർത്ഥത്തിൽ സന്നിഹിതയാണ്. മററൊരുവിധത്തിലുള്ള സാന്നിധ്യവുമുണ്ട്. സ്നേഹാത്മകസാന്നിധ്യം. ചിന്തകരം വഴിയുള്ള സാന്നിധ്യം. പരസ്പരം തീവ്രമായ സ്നേഹമുള്ള രണ്ടുപേർ അകലെയായിരുന്നാലും ചിന്തകരം വഴിയുള്ള സാന്നിധ്യബോധം ഉണ്ടാകാം.

ഏററം അസാധാരണമായ ഒരു കൃപയില്ലാതെ ഒരുവനും ദൃഢമായ നിലയിൽ ദൈവത്തിൻെറ, യേശുവിൻെറ, മറിയത്തിൻെറ, അന്യൂനവും അഭംഗുരവുമായ സാന്നിധ്യംതോന്നുകയില്ല. പക്ഷേ, കൂടെക്കൂടെ ആ സാന്നിധ്യബോധം ഉണ്ടാകുന്നതിനു നമുക്കു അഭ്യസിക്കാൻ കഴിയും. നമ്മുടെ ചുമതലകരം നിർവഹിക്കുമ്പോഴുണ്ടാകുന്ന ഇടവേളകരം കഴിയു

www.malankaralibrary.com

മ്പോൾ ആ സാന്നിധ്യബോധം ഉടൻതന്നെ തിരികെ വരും. ചിന്തകളുടെ ക്രമീകരണം ആഭ്യസിച്ച് അതു സാധിക്കാം. ഉദാഹരണമായി, കോവണിയുള്ള ഒരു കെട്ടിടത്തിലാണു നാം താമസിക്കുന്നതെന്നു സങ്കല്പിക്കുക. കോവണിയുടെ ഓരോ പടി കയറുമ്പോഴും ഇറങ്ങുമ്പോഴും ഔപചാരികമോ അനൗപചാരികമോ ആയ സുകൃത ജപങ്ങൾ മനസ്സിലെങ്കിലും ചൊല്ലുക ശീലമാക്കാം. അങ്ങനെ നാം പ്രത്യേകം പ്രയത്നിക്കാതെതന്നെ ആ ശീലം നമ്മിൽ വളർന്നുകൊള്ളും. മുറിയിൽ നിന്നിറങ്ങുകയോ മുറിയിൽ പ്രവേശിക്കുകയോ, ചെയ്യുമ്പോഴും ഇങ്ങനെ ഓരോ കാര്യം നിർവഹിക്കുമ്പോഴും ഇതു ശീലമാക്കാം. ചിലർക്കു അല്പം പതുക്കെ പറയുന്നതു പ്രയോജനകരമാകും. രണ്ടുപേർ ഒരു മുറിയിലിരുന്നു ജോലി ചെയ്യുന്നെന്നു കരുതുക. ഏകാഗ്രത ആവശ്യമില്ലാത്ത ജോലിയാണെങ്കിൽ അവർ തമ്മിൽ കൊച്ചുവർത്തമാനങ്ങൾ പറയും. നാം തനിയെ ആയിരിക്കുമ്പോൾ യേശുവിനോടും മറിയത്തോടും നമുക്കു സംസാരിച്ചുകൂടേ? ഇതു പ്രാർത്ഥനയുടെ ഉന്നത ശ്രേണിയല്ല, പ്രാർത്ഥനയ്ക്കു സഹായകരമായ ഒന്നുമാത്രം.

രണ്ടാമതായി ആശ്രയമനോഭാവം. യേശു ദൈവമാകയാൽ നമുക്കു അവിടുത്തോടുള്ള ആശ്രയബോധം തീവ്രമായിരിക്കണം. 18-ാം അധ്യായത്തിൽ വി. പൗലോസ് ഫിലിപ്പിയർക്കെഴുതിയ ലേഖനം രണ്ടാമധ്യായം 13-ാം വാക്യത്തെക്കുറിച്ചു പ്രതിപാദിച്ചിട്ടുള്ളതോർക്കുക. നമ്മുടെ പ്രതിഷ്ഠാപനം ഏററം പരിപൂർണ്ണമാകണമെങ്കിൽ നമുക്കുള്ളവയെല്ലാം, അവ ആധ്യാത്മികമോ ഭൗതികമോ ആകട്ടെ, കൈകാര്യം ചെയ്യുവാൻ യേശുവിനും മറിയത്തിനും നാം വിട്ടുകൊടുക്കണം. നമ്മുടെ ബാങ്കക്കണക്കിൽ അവരുടെ പേരു ചേർക്കാമെന്നല്ലാപറയുന്നത്. പക്ഷേ, നാം പൂർണ്ണപ്രതിഷ്ഠാപനം ജീവിക്കുന്നെങ്കിൽ അവർക്കനിഷ്ടമുണ്ടാകുന്ന രീതിയിൽ പണം നാം കൈകാര്യം ചെയ്യുകയില്ലെന്നു നിശ്ചയം. ഇതു ജീവിത സ്ഥിതിയനുസരിച്ചു ക്രമീകരിക്കേണ്ട ഒന്നാണ്. വൈദികർക്കും സന്ന്യാസ സഭാംഗങ്ങൾക്കും ഒരു സാധാരണ വിശ്വാസിയെക്കാളും നല്ലരീതിയിൽ പ്രവർത്തിക്കാൻ കഴിയും.

www.malankaralibrary.com

നമുക്കെന്തെങ്കിലും നന്മയുണ്ടെങ്കിൽ അതു കൈകാര്യം ചെയ്യുവാനുള്ള അവകാശവും പരിപൂർണ്ണമായ പ്രതിഷ്ഠാപനത്തിൽ യേശുവിനും മറിയത്തിനും നൽകുക. നമ്മുടെ ആധ്യാത്മിക നന്മ നമുക്കു തനതായി നേടാൻ കഴിയാത്ത യോഗ്യതകളും നമുക്കനുയോജ്യമായ യോഗ്യതകളും (Condign and congrous merits) ഉൾക്കൊള്ളുന്നതാണ്. ആദ്യത്തേത് നമുക്കു നമ്മിൽ നിന്നകററാൻ വയ്യാത്ത വിധം വ്യക്തിപരമായതാണ്. രണ്ടാമത്തേത് ദൈവികവാഗ്ദാനമനുസരിച്ച് അവിടുത്തെ പക്കൽ നിന്നു നന്മ സ്വീകരിക്കുവാൻ നമുക്കവകാശം തരുന്ന ഒന്നാണ്. (അഞ്ചാമദ്ധ്യായം കാണുക) "ചോദിപ്പിൻ, നിങ്ങൾക്കു നൽകപ്പെടും" എന്നാണല്ലോ യേശു അരുളിച്ചെയ്തിട്ടുള്ളത്. പക്ഷേ, പരിപൂർണ്ണമായ പ്രതിഷ്ഠാപനത്തിൻെറ ജീവിതത്തിൽ നമുക്കു വേണ്ടിയോ, മാററാർക്കെങ്കിലും വേണ്ടിയോ, അവരോടു നമുക്കു കടമയുണ്ടെങ്കിൽപോലും, നാം പ്രത്യേകമായി യാതൊന്നും ചോദിക്കുന്നില്ല. നമ്മുടെ ഈ കടമ യേശുവിനും മറിയത്തിനും അറിയാമല്ലോ. ദൈവമെന്ന നിലയിൽ അവിടുത്തെ പക്കൽ നിന്നാണ് ഈ കല്പന നമുക്കു ലഭിച്ചിരിക്കുന്നത്: "നിൻെറ പിതാവിനെയും മാതാവിനെയും ബഹുമാനിക്കുക." ഈ കല്പന, അനുസരണം മാത്രമല്ലാ ആവശ്യപ്പെടുന്നതെന്നു നമുക്കറിയാം. മാനസികമായ വിധേയത്വവും ധനസഹായവും കൂടി ഈ കല്പന ആവശ്യപ്പെടുന്നുണ്ട്. തീർച്ചയായും നാം സ്നേഹിക്കുന്നതിൽ കൂടുതൽ നമ്മുടെ മാതാപിതാക്കളെ യേശുവും മറിയവും സ്നേഹിക്കുന്നുണ്ട്. അതുപോലെ നമുക്കു കടപ്പാടുള്ളവരെയും. നമ്മുടെ കടപ്പാടുകൾ നിർവഹിക്കാൻ അവർ നമ്മെ സഹായിക്കും. മറെറാരുവിധത്തിൽ പറഞ്ഞാൽ പൂർണ്ണമായ പ്രതിഷ്ഠാപനത്തിൽ നാം ഒരു "സഞ്ചിതനിധി" രൂപവൽക്കരിക്കുകയാണ്. ഈശോയുടെയും മറിയത്തിൻെറയും നിധിയിലേക്കു നാം നമ്മുടെ ശുഷ്കമായ നിധി ഇടുന്നു. ഈ നിധി കൈകാര്യം ചെയ്യുന്നതിനുള്ള അവകാശവും അവർക്കു നാം നൽകുന്നു. അതിനാൽ ഞാൻ പ്രാർത്ഥിക്കുമ്പോൾ പ്രത്യേക ആളുകൾക്കു വേണ്ടി പ്രത്യേകമായ അനുഗ്രഹങ്ങളെ അഭ്യർത്ഥിക്കാം.

www.malankaralibrary.com

പക്ഷേ, "ഇതു നിങ്ങൾക്കിഷ്ടമാണെങ്കിൽ, അല്ലെങ്കിൽ നിങ്ങൾ ഇഷ്ടപ്പെടുന്നവിധം വിനിയോഗിക്കുക" എന്ന ഒരു വ്യവസ്ഥ കൂടി ആ പ്രാർത്ഥനയ്ക്കുണ്ടായിരിക്കണമെന്നുമാത്രം.

പ്രാർത്ഥനയിൽ, നമ്മുടെ പിതാവിനോടു നേരിട്ടു സംസാരിക്കാനുള്ള സ്വാതന്ത്ര്യമുണ്ട്. കാരണം, അവിടുന്നു നമ്മെ സ്നേഹിക്കുന്നുണ്ടെന്നതുതന്നെ. നാം അതു ചെയ്യുമ്പോൾപോലും യേശുവിനോടും, മറിയത്തോടും നമുക്കുള്ള ആശ്രയത്വത്തെക്കുറിച്ച്, മഹത്തായ ബലിമൂലം അവർ നമുക്കു നേടിത്തന്നതിനെക്കുറിച്ച്, നമുക്കു ബോധമുണ്ടായിരിക്കണം. മറിയം മുഖേന പ്രാർത്ഥിക്കുക രണ്ടു രീതികളിലാവാം. ഒന്നാമത്തേതിൽ, എനിക്കുവേണ്ടി സംസാരിക്കണമെന്നഭ്യർത്ഥിച്ചുകൊണ്ടു ഞാൻ അവളോടു നേരിട്ട് പ്രാർത്ഥിക്കുന്നു. മറേറതിൽ, ഞാൻ പിതാവിനോടോ, പുത്രനോടോ നേരിട്ടു സംസാരിക്കുന്നു. ഇതിൽ പോലും അവളുടെ സഹനങ്ങളുടെയും കഷ്ടപ്പാടുകളുടെയും മേൽ ഞാൻ ആശ്രയിക്കുന്നുവെന്ന അവബോധം എനിക്കു വേണം. പരിശുദ്ധാത്മാവു നമുക്കു നല്കുന്ന പ്രചോദനമനുസരിച്ച് ചിലപ്പോൾ നേരിട്ടോ, ചിലപ്പോൾ നേരിട്ടല്ലാതെയോ പ്രാർത്ഥിക്കുകയാണു നല്ലത്.

മേൽ പറഞ്ഞ വ്യവസ്ഥകൾ പാലിച്ചുകൊണ്ട് വിശുദ്ധരോടും നമുക്കു പ്രാർത്ഥിക്കാമെന്നതും സ്പഷ്ടമാണല്ലോ.

ഒരു മാതിരി മുക്തിയാർ (Power of attorney) അവൾക്ക് നൽകാൻ നമുക്ക് കഴിയുമെന്ന് ഇരുപത്തിരണ്ടാമദ്ധ്യായത്തിൽ നാം കണ്ടതു സ്മരിക്കുക. പ്രത്യേകമായ പീഡനങ്ങൾക്കോ സഹനങ്ങൾക്കോ അവ അവിടുത്തോടും അവളോടും നമ്മെ അനുരൂപമാക്കാനുള്ള മാർഗ്ഗങ്ങളാണെങ്കിലും നാം നേരിട്ടപേക്ഷിക്കുന്നില്ല. ഒരു പ്രത്യേക സന്ദർഭത്തിൽ, ഒരു പ്രത്യേക കാര്യത്തിൽ നമ്മുടെ പിതാവിനു ഇഷ്ടമുള്ളതെന്താണെന്നു നമുക്കു അറിഞ്ഞുകൂടാത്തതിനാൽ നാം അവളോടു പറയുന്നു: "അമ്മേ, എനിക്കു

www.malankaralibrary.com

വേണ്ടി സംസാരിക്കുക. എന്റെ പേരിൽ അവിടുന്നു സമർപ്പിക്കുന്നതെന്തും മുൻപിനാലെതന്നെ സ്ഥിരപ്പെടുത്തിയിട്ടുണ്ടല്ലോ''

നമ്മുടെ സ്വർഗ്ഗീയ രാജാവിനോടും സ്വർഗ്ഗീയ രാജ്ഞിയോടും നമുക്കു അനുസരണത്തിന്റെ മനോഭാവമുണ്ടായിരിക്കണം. പ്രതിപകരമായി നമുക്കു നല്കുന്നതിൽ അവർ തികച്ചും ഔദാര്യമുള്ളവരാണെങ്കിലും അങ്ങനെ പ്രതിപകരമായി നമുക്കു അർഹതയില്ലാതെതന്നെ നമ്മോടെന്തും ആവശ്യപ്പെടാൻ അവർക്കർഹതയുണ്ടു്. പ്രതിഷ്ഠാപനത്തിൽ നാം ആ അവകാശം അംഗീകരിക്കയാണു ചെയ്യുക. സ്നേഹത്തിലധിഷ്ഠിതമായ അംഗീകാരമാണത്. അപ്പോൾ ഏററം ഉദാരതയോടെ ആ പ്രതിഷ്ഠാപനം നിർവഹിക്കാൻ നാം ശ്രദ്ധിക്കും.

അനുസരണത്തിന്റെ കാര്യത്തിൽ ഇതു ശ്രദ്ധിക്കുക. നാം എന്തു ചെയ്യണമെന്നാണു അവരുടെ ഇഷ്ടമെന്ന കാര്യത്തിൽ ചിലതുവ്യക്തവും ചിലതു അവ്യക്തവുമണ്. നമ്മുടെമേൽ അധികാരമുള്ളവരുടെ കല്പനകൾ നാം അനുസരിക്കണമെന്നു തീർച്ചയായും അവർ ആഗ്രഹിക്കുന്നുണ്ട്. നമ്മുടെ ജീവിതാവസ്ഥയ്ക്കനുസൃതമായ ചുമതലകൾ നാം ആത്മാർത്ഥതയോടെ നിർവഹിക്കണമെന്നു അവർ ആഗ്രഹിക്കുന്നുണ്ടു്. ഒരു പ്രത്യേകവേളയിൽ നമുക്കു വ്യക്തമാക്കുന്ന പിതാവിന്റെ തിരുഹിതത്തോടു യോജിക്കണമെന്നാണു അവരുടെ ആഗ്രഹം. അതു വ്യക്തമല്ലെങ്കിൽ അതിനുവേണ്ടി നാം കാത്തിരിക്കയും വേണം.

മേൽ പ്രസ്താവിച്ചവയിൽ ഉൾപ്പെടാത്ത കാര്യങ്ങളുമുണ്ട്. ഒരു പ്രത്യേകവേളയിൽ യേശുവിനെയും മറിയത്തെയും ഇഷ്ടപ്പെടുത്തുന്നതെന്താണെന്നതിൽ നമുക്കു പലപ്പോഴും തീരുമാനമെടുക്കേണ്ടിവരും. അപ്പോൾ നാം എന്തു ചെയ്യണം? തീർച്ചയായും പ്രാർത്ഥിക്കണം. എന്നാൽ ഒരു തോന്നലിനുവേണ്ടി കാത്തിരിക്കയും തോന്നലുണ്ടാകുമ്പോൾ അതു ദൈവനിവേശിതമാണെന്നു കരുതാതിരിക്കയും ചെയ്യുക. സ്വയപ്രത്യായനത്തിനും തിന്മപെട്ട

www.malankaralibrary.com

വന്റെ നിർദ്ദേശങ്ങൾക്കും ചിലപ്പോൾ നാം വശംവദരായെന്നുവരും. നേരെമറിച്ച്, പ്രാർത്ഥനയ്ക്കുശേഷം നമ്മുടെ അപ്പോഴത്തെ ചുററുപാടിൽ യേശുവും മറിയവുമായിരുന്നെങ്കിൽ എന്തു ചെയ്യും എന്നു നാം ചിന്തിക്കണം. അതാകട്ടെ, പലസ്തീനയിൽ ആദ്യ നൂററാണ്ടിലേതിനെക്കാൾ വിഭിന്നമായിരിക്കുമെന്നുതീർച്ചയാണ്. അവരുടെ നന്മകൾ നാം അനുകരിക്കുക, അവർ പ്രവർത്തിച്ച രീതിയിൽ പ്രവർത്തിക്കുന്നതിന് നാം ശ്രമിക്കുക.

സുപ്രധാന തീരുമാനങ്ങളിലോ, അല്ലെങ്കിൽ അനേകം ചെറിയ കാര്യങ്ങൾ ഉൾക്കൊള്ളുന്ന തീരുമാനങ്ങളിലോ, നാം സ്വയം ചോദിക്കുന്നു; ഈ നിശ്ചയം നമ്മുടെ ജീവിതാവസ്ഥയ്ക്കു ചേരുന്നതാണോ? പ്രാർത്ഥനാവേളയിൽ ഒരു പ്രകാശം ലഭിച്ചാൽ നാം സ്വയം ചോദിക്കുന്നു: ദീർഘകലാടിസ്ഥാനത്തിൽ ഹൃദയത്തിന്റെ സമാധാനത്തിനും ശാന്തതയ്ക്കും ഇതു ഉപയുക്തമാണോ? വി. ഫ്രാൻസിസ് ദെസാലസും വി. ഇഗ്നേഷ്യസ് ലയോളായും മററു ഗ്രന്ഥകാരന്മാരും പ്രസ്താവിച്ചിട്ടുള്ള ആത്മാവിന്റെ വിവേചനമെന്ന നിയമം അനുസരിക്കുക ഇങ്ങനെയുള്ള കാര്യങ്ങളിൽ വളരെ പ്രയോജനപ്രദമായിരിക്കും. കൂടാതെ നമുക്കവസരമുള്ളപ്പോൾ സുപ്രധാന കാര്യങ്ങളിൽ നല്ല ഒരു ആധ്യാത്മിക നിയന്താവിന്റെ ഉപദേശമാരായുക പ്രയോജനം ചെയ്യും. നമ്മുടെ പിതാവ് അനുസരണത്തെ സ്നേഹിക്കുന്നു. അവിടുത്തെ പുത്രൻ തന്റെ അനുസരണം മുഖേന ലോകത്തെ രക്ഷിച്ചു അനുസരിക്കുമ്പോൾ നാം സുരക്ഷിതരാണ്, അതിനു പുറത്ത് അപകടമുണ്ടു്.

മാമോദീസായിൽ നാം ചെയ്ത പ്രതിജ്ഞകളുമായി ബന്ധപ്പെടുത്തി പ്രതിഷ്ഠാപനത്തെ പരാമർശിക്കുവാനാണ് വി. മാക്സിമീലിയൻ കോൾബെ ഇഷ്ടപ്പെട്ടതു്. സാത്താനെയും അവന്റെ പ്രവൃത്തികളെയും ഉപേക്ഷിക്കാനും യേശുവിനെ അനുഗമിക്കാനും മാമോദീസായിൽ നാം പ്രതിജ്ഞ ചെയ്തു. യേശു നമ്മെ അവിടുത്തെ സ്വന്തമായി മാമോദീസായിൽ മുദ്ര കുത്തി. മാമോദീസായിൽ നാം ചെയ്ത പ്രതിജ്ഞകൾ നിറവേററുന്നതിനുള്ള സന്നദ്ധത

www.malankaralibrary.com

യുടെ ഏററം പൂർണ്ണമായ പ്രകടനമാണ് പ്രതിഷ്ഠാപനം. മറിയത്തിൻെറ അമലോത്ഭവത്തെക്കുറിച്ചു ചിന്തിക്കുമ്പോരം അവളിൽ ഈ സന്നദ്ധത ഏററം പൂർണ്ണമായിരുന്നുവെന്നും അവരം അപ്രകാരം തന്നെ ജീവിച്ചുവെന്നും കാണാം. അവളുടെ ഈ സന്നദ്ധത നമുക്കു ഗ്രഹിക്കാവുന്നതിലും ഉപരിയായതാണ്. "ദൈവത്തിനുതാഴെ മററൊരാളെയും കുറിച്ചു ചിന്തിക്കാനസാധ്യമാംവിധം, ദൈവത്തിനു മാത്രം ഗ്രഹിക്കാവുന്നവിധം" അവരം തൻെറ ഉത്ഭവവേളമുതൽ അത്രമാത്രം പരിശുദ്ധയായിരുന്നുവെന്നു് ഒൻപതാം പീയൂസ് മാർപ്പാപ്പാ പ്രസ്താവിച്ചിട്ടുള്ളതു നാം ഇവിടെ സ്മരിക്കുന്നു.

ഇങ്ങനെയുള്ള ഒരു പ്രതിഷ്ഠാപനം പൂർണ്ണരീതിയിൽ ജീവിച്ചാൽ അതു നമ്മെ ക്ലേശങ്ങളിൽ നിന്ന് വിമുക്തമാക്കുകയോ നമ്മുടെ ജീവിതം അനായാസമാക്കുകയോ ചെയ്യുകയില്ല. നേരെ മറിച്ച് യേശുവിനോടും മറിയത്തോടുമുള്ള നമ്മുടെ കൂടുതലായ സാദൃശ്യം കൂടുതൽ ക്ലേശങ്ങരക്ക് നമ്മെ വിധേയരാക്കിയെന്നു വരാം. എന്നാൽ, യാതൊരുവനും നമ്മുടെ ആത്മാവിൽ നിന്നു എടുത്തുകളയാൻ സാധ്യമല്ലാത്ത സമാധാനം നൽകിക്കൊണ്ടും നമ്മുടെ ഭാവനയ്ക്കതീതമായ അന്ത്യത്തിലേക്കു നമ്മെ നയിച്ചുകൊണ്ടും അതു ജീവിതം കൂടുതൽ സന്തോഷപ്രദമാക്കും. ആ അന്ത്യമാകട്ടെ, കണ്ണുകരം കണ്ടിട്ടില്ലാത്തതും ചെവികരം കേട്ടിട്ടില്ലാത്തതുമാണ്. തന്നെ സ്നേഹിക്കുന്നവർക്കുവേണ്ടി ദൈവം സജ്ജമാക്കിയിട്ടുള്ളതും മനുഷ്യഹൃദയത്തിൽ പ്രവേശിച്ചിട്ടില്ലാത്തതുമായ അന്ത്യമാണത്.

www.malankaralibrary.com

# അദ്ധ്യായം 25

## അവസാനമില്ലാത്ത അവസാനം

നമ്മുടെ ആദിമാതാപിതാക്കൾ, നമ്മുടെ വർഗ്ഗത്തിൻെറ ഉത്ഭവവേളയിൽ, ദൈവങ്ങളെപ്പോലെയാകുന്നതിനാഗ്രഹിച്ചു. എന്നാൽ, അവർ തങ്ങളുടെ വിഡ്ഢിത്തത്തിൽ തങ്ങൾക്കു നേരത്തെ തന്നെയുണ്ടായിരുന്ന ദൈവികത്വത്തിലെ ഭാഗഭാഗിത്വം, തങ്ങൾ വലിച്ചെറിയുന്നതു ലഭിക്കുമെന്ന ചിന്തയാൽ ഇല്ലാതാക്കി. പക്ഷേ, ഒരു പഴയ പോർത്തുഗീസ് പഴമൊഴി പറയുന്ന പ്രകാരം വളഞ്ഞവരികൾകൊണ്ട് കോടാത്ത വരികൾ എഴുതാൻ കഴിയുന്ന നമ്മുടെ പിതാവ് നാം അവിടുത്തെതന്നെ ദൈവികസ്വഭാവത്തിൽ പങ്കാളികളാകുന്നതിനും ആ ദൈവികസ്വഭാവം നമുക്കു കൂടുതലുണ്ടാകുവാനും അങ്ങനെ നാം ഭാഗികമായി ദൈവികരാകുന്നനിനും വേണ്ട പദ്ധതികൾ ഉടനാരംഭിച്ചു. കാരണം, വീണ്ടെടുപ്പ് വീഴ്ചയെക്കാൾ വലുതായിരുന്നു (റോമാ. 5: 15-19) നമുക്കു ജീവനുണ്ടാകാൻ, അതു സമൃദ്ധമായുണ്ടാകാൻ അവിടുന്ന് സ്വപുത്രനെ അയയ്ക്കും. (യോഹ.10:10) നിഗൂഢരീതിയിൽ, എന്നാൽ, യഥാർത്ഥമായി അവിടുന്ന് പ്രഖ്യാപിച്ചു: "നീയും (പാമ്പും) സ്ത്രീയും തമ്മിൽ ഞാൻ ശത്രുതയുളവാക്കും." സ്ത്രീയുടെ മകൻ സർപ്പത്തിൻെറ തല തകർക്കും, അവിടുത്തെ ഉടമ്പടിയിലുള്ള പൂർണ്ണമായ ഭാഗഭാഗിത്വം മുഖേന നമ്മുടെ വർഗ്ഗത്തിന് തൻെറ ദൈവത്വത്തിൽ കൂടുതൽ പങ്കാളിത്തത്തിനുള്ള മാർഗ്ഗം തുറന്നിടും.

"അറിയാതിരിക്കുകമൂലം അറിയാവുന്നവൻ," "വിശദമാക്കാൻ കഴിയാത്തവൻ, കാരണം നാം അതു പറയുമ്പോൾ എന്തെങ്കിലും പറയുകയാണ്" (ആമുഖം)—ആയിരിക്കുന്നവനായ നമ്മുടെ പിതാവ് "നമ്മുടെ സമാധാനമായിരിക്കു" മെന്ന (എഫേ. 2: 14) തൻെറ ഏകജാതൻ മുഖേന നാം അവിടുത്തെ ഗ്രഹിക്കാവുന്നവനാകുവാൻ ഇച്ഛരിച്ചു. അവിടുത്തെ പ്രത്യക്ഷതയുടെ കാലം വരെ നൂററാണ്ടുകളിൽ ജീവി

www.malankaralibrary.com

ച്ചിരുന്നവർ വരാനിരുന്നവനായ അവിടുത്തെക്കുറിച്ച് വിശ്വസിച്ച് മുന്നറിവ് നിമിത്തം അവിടുത്തെ അവയവങ്ങളും, അവിടുത്തെ സഭയുടെ അംഗങ്ങളും ആകേണ്ടിയിരുന്നു. കാരണം, വിശ്വാസമെന്നത് ദൈവത്തോട് മനസ്സിലും ഇച്ഛാശക്തിയിലും മനുഷ്യനുള്ള പൂർണ്ണമായ അവലംബനമാണ്. അവിടുത്തെക്കുറിച്ച് ഒരു വാക്ക് അനേകർ കേട്ടിട്ടുപോലുമില്ലായിരുന്നെങ്കിലും "അവരുടെ ഹൃദയത്തിൽ നിയമമെഴുതിയത്"' (റോമാ. 2:15, യെരമ്യാ 31:33) അവിടുത്തെ ആത്മാവാണ്. അങ്ങനെ ആ വാക്ക്, തങ്ങളുടെ ഹൃദയത്തിൽ രേഖപ്പെടുത്തപ്പെട്ട അവിടുത്തെ ആ വാക്ക് സ്വീകരിച്ചതു വഴി, തങ്ങൾ അങ്ങനെ ചെയ്യുകയാണെന്നു വ്യക്തമായി ഗ്രഹിക്കാതെതന്നെ, അവർ ദൈവവചനത്തിന്റെ ഇച്ഛയുമായി യോജിച്ചിരുന്നു.

ഒടുവിൽ, നമ്മുടെ പിതാവിന്റെ പദ്ധതിയിലെ കാലം തികഞ്ഞു. "പൂർവ്വകാലങ്ങളിൽ പ്രവാചകന്മാർ വഴി വിവിധ ഘട്ടങ്ങളിലും വിവിധ രീതികളിലും ദൈവം നമ്മുടെ പിതാക്കന്മാരോടു സംസാരിച്ചിട്ടുണ്ട്. എന്നാൽ, ഈ അവസാനനാളുകളിൽ തന്റെ പുത്രൻ വഴി അവിടുന്ന് നമ്മോടു സംസാരിച്ചിരിക്കുന്നു. അവനെ അവിടുന്ന് സകലത്തിന്റെയും അവകാശിയായി നിയമിക്കുകയും അവൻ മുഖേന പ്രപഞ്ചത്തെ സൃഷ്ടിക്കയും ചെയ്തു" (ഹെബ്രാ. 1:1) ഒടുവിൽ 'എനിക്കു ഭവിക്കട്ടെ' എന്നു പരിശുദ്ധ കന്യക പിതാവിന്റെ ദൂതനോടു പ്രസ്താവിച്ചപ്പോൾ "വചനം ശരീരിയായി നമ്മുടെയിടയിൽ വസിച്ചു." എന്നാൽ, "ദൈവത്തിന്റെ രൂപത്തിലായിരുന്നെങ്കിലും അവൻ ദൈവവുമായുള്ള സമാനത നിലനിർത്തേണ്ട ഒരു കാര്യമായി പരിഗണിച്ചില്ല. തന്നെതന്നെ ശൂന്യനാക്കിക്കൊണ്ട് ദാസന്റെ രൂപം സ്വീകരിച്ച്, മനുഷ്യരുടെ രൂപത്തിൽ ആയിത്തീർന്ന്, ആകൃതിയിൽ മനുഷ്യനെപ്പോലെ കാണപ്പെട്ടു" (ഫിലി. 2: 6–8) അങ്ങനെ "യഹൂദർക്കു ഇടർച്ചയും വിജാതീയർക്കു ഭോഷത്വവുമാകുവാൻ" (1 കോറി.1: 22) "മരണംവരെ, അനുസരണമുള്ളവനായി തന്നെത്തന്നെ താഴ്ത്തി."

ഈ ജനനംകൊണ്ടു തന്നെ അവിടുന്ന് നമുക്ക് തന്നോടുള്ള സഹോദരത്വത്തിന്റെ ആരംഭം നല്കി. "തന്നെ സ്വീ

www.malankaralibrary.com

കരിച്ചവർക്കെല്ലാം, തന്റെ നാമത്തിൽ വിശ്വസിക്കുന്നവർക്കെല്ലാം, ദൈവമക്കളാകുവാൻ അവൻ കഴിവു നൽകി'' യോഹ. 1: 12) നാം അവിടുത്തെ സഹോദരങ്ങളായി. അവിടുത്തോടൊന്നിച്ച് നമ്മുടെയും മാതാവ് ഒരാരം തന്നെയായി. പന്ത്രണ്ടാം പീയൂസ് മാർപ്പാപ്പാ പ്രസ്താവിച്ചതുപോലെ ''ശിരസ്സിന്റെ മാതാവ് എല്ലാ അവയവങ്ങളുടെയും മാതാവാകും.'' നാം അവയവങ്ങളാകുന്നത് സഭയാകുന്ന അവിടുത്തെ ശരീരത്തിന്റെ അംഗങ്ങളാകുന്നതു നിമിത്തമാണ്. അവിടുത്തെ ഉടമ്പടിയിൽ ഉള്ള ഭാഗഭാഗിത്വം നമുക്കു സഹോദരസ്ഥാനവും നൽകുന്നു.

അവിടുന്ന് നമ്മോടരുളിച്ചെയ്തു: ''വഴിയും സത്യവും ജീവനും ഞാനാണ്'' (യോഹ. 14: 6)

പിതാവിലേക്കുള്ള വഴി അവിടുന്നാണ്. കാരണം, അവിടുന്നരുളിച്ചെയ്തു: ''ഞാനും പിതാവും ഒന്നാണ്'' (യോഹ. 10: 30) അതിനാൽ, അവിടുത്തെ കാണുന്നവർ പിതാവിനെ കാണുന്നു (യോഹ. 14: 9). അവിടുത്തെ അവയവങ്ങളാകുക മുഖേനയാണു നാം ആ വഴിയിൽ പ്രവേശിക്കുക. പൂർണ്ണമായും ബോധമനസ്സോടെയോ ആ വഴിയിൽ പ്രവേശിക്കാം. അല്ലെങ്കിൽ തങ്ങളുടെ ഹൃദയത്തിൽ രേഖപ്പെടുത്തിയിട്ടുള്ള നിയമം (റോമ.2:15,യെരമ്യാ 31:33) ബോധപൂർവമല്ലെങ്കിലും പിൻചെന്ന് അവിടുത്തോട് കാര്യമാംവിധം അവലംബനം കാട്ടുന്നവരും അവിടുത്തെ അവയവങ്ങളാകും. നാം അവിടുത്തെ അവയവങ്ങളായിരിക്കുന്നിടത്തോളവും മാത്രമാണു നാം രക്ഷിക്കപ്പെടുകയും പരിശുദ്ധരാക്കപ്പെടുകയും ചെയ്യുക. വി. പൗലോസിന്റെ ഈ പ്രസ്താവന ക്രിസ്തീയതയെ പ്രകടിപ്പിക്കുന്നതാണ്. മുൻപു പ്രസ്താവിച്ച അടിസ്ഥാനനിലയിലെങ്കിലും അവിടുത്തെ അവയവങ്ങളാകാത്തവർ രക്ഷ പ്രാപിക്കുകയില്ല എന്ന അർത്ഥത്തിലാണ് സഭയ്ക്കു പുറമേ രക്ഷയില്ലാ എന്ന പ്രബോധനം.

അവിടുന്നാണ് സത്യം. True to form എന്നൊരു ഇംഗ്ലീഷ് ഭാഷാശൈലിയുണ്ടല്ലോ. ഇത് പറയുമ്പോൾ നമ്മു

www.malankaralibrary.com

ടെ വാക്കുകൾ നമ്മുടെ മനസ്സിലുള്ളതുമായി അനുരൂപമായിരിക്കണമെന്നല്ലാ, നേരേമറിച്ച് ഒരു വസ്തു അതിൻെറ മാതൃകയുമായി അനുരൂപപ്പെട്ടതായിരിക്കണമെന്നാണ് നാം ഉദ്ദേശിക്കുന്നത്. എല്ലാ മനുഷ്യരും അനുരൂപരായിരിക്കേണ്ട മാതൃക അവിടുന്നാണ്. അതിനാൽ വി. അഗസ്തീനോസ് പ്രസ്താവിച്ചു: "മനുഷ്യൻെറ രീതിയിൽ മാത്രം ജീവിച്ചാൽ പോരാ". അതിനർത്ഥം: കേവലമായ മാനുഷികനിലയിൽ ജീവിച്ചാൽ പോരാ, നാം ദൈവികമാതൃകയനുസരിച്ച് ജീവിക്കണം. അഗ്രാഹ്യനായ ദൈവത്തിൻെറ മാതൃക, അവിടുത്തെ വചനവും "അദൃശ്യനായ ദൈവത്തിൻെറ പ്രതിരൂപവുമായ" (കോലോ. 15) അവിടുത്തെ പുത്രൻെറ മാതൃക വിവിധ മാർഗ്ഗങ്ങളിൽ, വിവിധ തലങ്ങളിൽ, അനുകരിച്ച് നാം ജീവിക്കണം. ചുരുക്കിപ്പറഞ്ഞാൽ നാം അവിടുത്തെ യഥാർത്ഥമായി അനുകരിക്കണം, നാം യേശുക്രിസ്തുവിനുണ്ടായിരുന്ന 'മനോഭാവത്തോടെ' ജീവിക്കണം. (ഫിലിപ്പിയർ 2:5) പിതാവിൻെറ തിരുഹിതം നിറവേററുകയെന്നതായിരുന്നല്ലോ ആ മനോഭാവം. അവിടുത്തെ പുത്രൻ സ്വന്തഹിതം നിറവേററാനല്ലാ, പിന്നെയോ തന്നെ അയച്ചവൻെറ ഇഷ്ടം നിറവേററാനാണ് വന്നത് (യോഹ. 6:38). അതിനാൽ ഇങ്ങനെ പറയുവാൻ അവിടുത്തേക്ക് കഴിഞ്ഞു: "എന്നെ അയച്ചവൻെറ ഇഷ്ടം പ്രവർത്തിക്കുകയാണ് എൻെറ ഭക്ഷണം" (യോഹ. 4:34). ദിവ്യബലിയാകുന്ന പുതിയ ഉടമ്പടിയുടെ നവീകരണത്തിൽ നാം അവിടുത്തോട് യോജിക്കുമ്പോൾ മാത്രമേ പിതാവിൻെറ തിരുഹിതത്തോട്, അതായത് മരണംവരെയുള്ള അനുസരണത്തോട് നാം സദൃശരാകയുള്ളു.

അവിടുന്ന് ദൈവികസത്യം നമ്മെ പഠിപ്പിക്കുന്നതിനാലും സഭയെ എല്ലാ സത്യത്തിലേക്കും നയിക്കുന്ന പരിശുദ്ധാത്മാവിനെ (യോഹ. 14:26) നമ്മുടെ പക്കലേക്കയച്ചതിനാലും സത്യമാകുന്നു. സഭ എല്ലാക്കാര്യങ്ങളിലും ദൈവികസത്യം പഠിപ്പിക്കുന്നതിനാണ് അവിടുന്ന് അപ്രകാരം ചെയ്തത്. അതിനാൽ തൻെറ ദിവ്യഗുരുവിൻെറ വാക്കുകൾ ദൈവികമായ അധികാരത്തോടെ പഠിപ്പിക്കു

www.malankaralibrary.com

വാൻ കഴിയുന്നു: "നിങ്ങളെ കേൾക്കുന്നവൻ എന്നെ കേൾക്കുന്നു" (ലൂക്കോ. 10:16). അവിടുന്നാണ് ജീവൻ. അവിടുന്നു മുഖേനമാത്രമാണ് ഒരാൾ ആദ്ധ്യാത്മികജീവനുള്ളവനായിരിക്കുക. അവിടുത്തെ ആഗമനത്തിനു മുമ്പുള്ള നൂററാണ്ടുകളിൽ ജീവിച്ചിരുന്നവർപോലും തങ്ങളുടെ ഹൃദയത്തിൽ എഴുതപ്പെട്ടിരുന്ന നിയമം പാലിച്ച് ജീവിച്ചവർ ബോധപൂർവ്വമായിരുന്നില്ലെങ്കിലും അവിടുത്തോട് യോജിച്ച് ജീവിച്ചവരാണ്. കാരണം, അവിടുന്ന് മുന്തിരിവള്ളിയാണ്, നാം അതിൻെറ ശിഖരങ്ങളാണ് (യോഹ. 15:5). നാം അവിടുത്തോട് ഒട്ടിച്ചേർക്കപ്പെട്ടിട്ടില്ലെങ്കിൽ (റോമ. 11:19). നാം ഉണങ്ങിയ ശിഖരങ്ങളാണ്. കാരണം നാമപ്പോൾ "ശിരസ്സിനോട് ഗാഢബന്ധം പുലർത്തുന്നില്ല. ശരീരം മുഴുവൻ (അവിടുത്തെ സഭ) സന്ധിബന്ധങ്ങളാലും സിരകളാലും പരിപുഷ്ടമാക്കപ്പെട്ടും കൂട്ടിയിണക്കപ്പെട്ടും ദൈവഹിതാനുസരണം പൂർണ്ണവളർച്ച പ്രാപിക്കുന്നത് ഈ ശിരസ്സിൽ നിന്നാണല്ലോ" (കൊലേ. 2:19).

സഭയാകുന്ന അവിടുത്തെ ശരീരത്തിൽ പൂർണ്ണമായ അംഗത്വമുള്ളവരാണ് നാം. ജ്ഞാനസ്നാനമെന്ന വാതിലിൽക്കൂടി നാം സഭയിൽ പ്രവേശിക്കുന്നു. വി. പൗലോസിൻെറ വാക്കുകൾ (2കോറി. 1:22) സ്മരിച്ചുകൊണ്ട് അവിടുത്തെ പുത്രൻെറ ആത്മാവിനാൽ നാം മുദ്രിതരാകുന്നുവെന്നാണ് സഭാപിതാക്കന്മാർ പ്രസ്താവിക്കുന്നത്. അനുയോജ്യമായ മറെറാരു വേളയിൽ സ്ഥിരീകരണമെന്ന കൂദാശവഴി അവിടുത്തെ ആത്മാവിനാൽ നാം കൂടുതൽ ശക്തി പ്രാപിക്കുന്നു. ആ ശക്തി നമുക്കാവശ്യമാണ്. കാരണം, "നമ്മൾ മാംസത്തിനും, രക്തത്തിനും എതിരായിട്ടല്ല, പ്രഭുത്വങ്ങൾക്കും ആധിപത്യങ്ങൾക്കും ഈ അന്ധകാരലോകത്തിൻെറ അധിപന്മാർക്കും സ്വർഗ്ഗീയ ഇടങ്ങളിൽ വർത്തിക്കുന്ന തിന്മയുടെ ദുരാത്മാക്കൾക്കുമെതിരായിട്ടാണ് പടവെട്ടുന്നതു്" (എഫേ. 6:12). മാനുഷികബലഹീനതമൂലം ചിലപ്പോൾ നാം കാലിടറുകയോ വീഴുകയോ ചെയ്യുമ്പോൾ അതിന് പ്രതിവിധിയായി "നിങ്ങൾ ആരുടെ പാപങ്ങൾ മോചിക്കുന്നുവോ,അവ മോചിക്കപ്പെട്ടിരിക്കും"

www.malankaralibrary.com

(യോഹ. 20:23) എന്ന അധികാരം അവിടുന്ന് അപ്പസ്തോലന്മാർക്ക് നൽകിയിട്ടുണ്ട്. ആന്തരികക്ഷമയുടെ അല്പമായ സുരക്ഷിതത്വം മാത്രമല്ലാ, നമ്മുടെ പാപങ്ങരം മോചിക്കപ്പെട്ടിരിക്കുന്നുവെന്ന ശക്തമായ പ്രഖ്യാപനത്തിനും നമുക്ക് സാധ്യത ലഭിച്ചിരിക്കുന്നു.

''ഞാൻ വന്നിരിക്കുന്നത് അവർക്ക് ജീവനുണ്ടാകുവാനും അത് സമൃദ്ധമായി ഉണ്ടാകുവാനുമാണ്'' (യോഹ. 10:10) എന്ന അവിടുത്തെ തിരുവചനം അതിൻെറ പാരമ്യത്തിലെത്തുക, അതിൻെറ കേന്ദ്രബിന്ദുവിലെത്തുക, പുതിയ ഉടമ്പടിയുടെ നവീകരണമായ ദിവ്യബലിയിലാണ്. ആ ദിവ്യബലിയിൽ മരണംവരെയുള്ള അവിടുത്തെ അനുസരണത്തോട് നമ്മുടെ അനുസരണവും കൂട്ടിച്ചേർക്കുന്നതിന് നമ്മോടാവശ്യപ്പെടുന്നുണ്ട്. ''അങ്ങനെ ബലിവസ്തുവിൻെറ ഏകവും ഒന്നുതന്നെയുമായ സമർപ്പണം പിതാവായ ദൈവത്തിന് നൽകപ്പെടുന്നു''. ശിരസ്സിൻെറയും അവയവങ്ങളുടെയും ഭിവിധമായ അനുസരണം ഉരുകിയൊന്നായാലെന്നതുപോലെ ഒന്നായിട്ടാണ് ദിവ്യബലിയിലെ ആ അനുസരണസമർപ്പണം നടക്കുന്നത്. ആ അനുസരണം യേശുവിൻെറ അമ്മയായ മറിയത്തിൻെറ അനുസരണവുമായി സംയോജിതമാണ്. കാരണം, പുതിയ ഉടമ്പടിയുണ്ടാകുന്നതിന് കാൽവരിയിൽ അവരം ഗാഢമായ സഹകരണം നൽകി. (11-ാം അധ്യായം കാണുക) ''കർത്താവേ, കർത്താവേ, ഞങ്ങരം അവിടുത്തേയ്ക്ക് സമർപ്പിക്കുന്നു'' എന്നു നാം ദിവ്യബലിവേളയിൽ പൊള്ളയായി പറയാതിരിക്കേണ്ടതിന് അവിടുത്തെ ഈവാക്കുകരം നാം സ്മരിക്കണം. ''കർത്താവേ, കർത്താവേ, എന്ന് എന്നോട് വിളിച്ചപേക്ഷിക്കുന്നവനല്ല, എൻെറ സ്വർഗ്ഗസ്ഥനായ പിതാവിൻെറ ഇഷ്ടം നിറവേററുന്നവനാണ് സ്വർഗ്ഗരാജ്യത്തിൽ പ്രവേശിക്കുന്നത്''. (മത്താ. 7:21) 21-ാം അധ്യായം നോക്കുക. നാം തുറന്ന മനസ്സുള്ളവരും അനുസരണവും സ്നേഹവുമുള്ളവരാകുന്നതിന് പ്രാപ്തരാകുന്നതിനും വേണ്ട കാര്യങ്ങരം ആ അധ്യായത്തിൽ ചർച്ചചെയ്തിട്ടുണ്ട്. ഇന്ദ്രിയനിഗ്രഹം മൂലം അവിടുത്തെ കുരിശിനെ അനുഗമിച്ച് സ്വയം ശൂന്യ

www.malankaralibrary.com

മാക്കുന്നതിന് നമുക്ക് സന്നദ്ധതയുണ്ടായിരിക്കണം. അതും പോരാ. നമുക്കുള്ള ചെറിയ നന്മപോലും അവിടുത്തെ ദാനമാണെന്നുള്ള അവബോധം വളർത്തി അവിടുത്തെ മാതാവോടൊന്നിച്ച് നാം എളിമ അഭ്യസിക്കണം. മ്ശേശുഖായുടെയും മറിയത്തിൻെറയും ഹൃദയങ്ങളോടുള്ള പൂർണ്ണമായ പ്രതിഷ്ഠാപനം ഇതിനുപരി രേഖപ്പെടുത്തിയ കാര്യങ്ങൾക്ക് വളരെ സഹായകമാണ്.

വി. അഗസ്തീനോസ് ദിവ്യബലിയെക്കുറിച്ച് പ്രസ്താവിച്ചത് സഭാ "ഈ ശിരസ്സിൻെറ ശരീരമാകയാൽ തന്നെത്തന്നെ സമർപ്പിക്കുവാൻ അവിടുന്നു മുഖേന പഠിക്കുന്നു" എന്നാണ്.

വ്യത്യസ്തമായ ജീവിതാന്തസ്സാണ് ഓരോ വ്യക്തിക്കും പിതാവ് ഇച്ഛരിക്കുന്നത്. അത് വിവാഹജീവിതമാണെങ്കിൽ പോൾ ആറാമൻ മാർപ്പാപ്പാ പ്രസ്താവിച്ചതുപോലെ "വിശുദ്ധീകരണത്തിനുള്ള ഒരു നീണ്ട പാതയാണ്". നമ്മുടെ പിതാവിൻെറ പദ്ധതിയനുസരിച്ച് അതുപയോഗിക്കുകയാണെങ്കിൽ ദമ്പതികൾ പിതാവിൻെറ ഇഷ്ടം നിറവേറ്റുന്നതിനാവശ്യമായ കൂദാശാപരമായ സഹായങ്ങൾ ആവശ്യമുള്ള സമയം അവർക്ക് ലഭിക്കും. യേശു വിവാഹത്തെ ഒരു കൂദാശയായി കാനായിൽവച്ച് ഉയർത്തിയത് ദമ്പതികൾക്ക് ഈ സഹായം ലഭിക്കുന്നതിനാണല്ലോ.

തിരുപ്പട്ടമെന്ന കൂദാശയുടെ കാര്യമെടുക്കാം. ഈ കൂദാശമുഖേന ക്രിസ്തുവുമായി മായാത്ത സാരൂപ്യം വൈദികനു ലഭിക്കുവാൻ പരിശുദ്ധാത്മാവ് വൈദികൻെറ ആത്മാവിൽ മുദ്രപതിക്കുന്നു. ശുശ്രൂഷാപരമായ ഈ പൗരോഹിത്യമുദ്ര അവിടുത്തെ അവയവങ്ങളുടെയും വൈദികൻെറ തന്നെയും നന്മയ്ക്കായുള്ളതാണ്.

അവസാനം, നമ്മുടെ പിതാവിൻെറ പക്കലേക്ക് കടക്കുവാൻ നമ്മെ ശക്തരാക്കുവാൻ നമ്മുടെ ജീവൻ തന്നെയായ അവിടുന്ന് തൈലാഭിഷേകം ഏർപ്പെടുത്തിയിരിക്കുന്നു. ശരിയായ മനോഭാവമുള്ളപക്ഷം അതു മുഖേന പാപമോചനവും നമുക്കുലഭിക്കുന്നു. ആ കടന്നുപോകൽ സുപ്രധാന

www.malankaralibrary.com

മായ ഒന്നാണ്. കാരണം, അപ്പോഴുള്ള നമ്മുടെ ആത്മാവിന്റെ സ്ഥിതിയനുസരിച്ചാണു നിത്യസൗഭാഗ്യമോ നിത്യശിക്ഷയോ നമുക്കു ലഭിക്കുക.

വിശുദ്ധ ലിഖിതങ്ങളുടെ സഹായത്തോടും നമുക്കു വേണ്ടി നമ്മുടെ പിതാവ് പ്രത്യേക പ്രകാശം നൽകിയ മഹാമനീഷികൾ വ്യക്തമാക്കിയിട്ടുള്ള തത്വങ്ങളുടെ സഹായത്തോടുംകൂടി ആ കടന്നുപോകൽ എങ്ങനെയുള്ളതായിരിക്കുമെന്നുള്ളതിനെക്കുറിച്ചു ചില കാര്യങ്ങൾ നമുക്കു ഗ്രഹിക്കുവാൻ കഴിയും.

നമ്മുടെ പിതാവിൽനിന്ന് വലിയ ആന്തരിക ദർശനങ്ങൾ ലഭിച്ച ആ വിജാതീയ തത്വശാസ്ത്രജ്ഞനായിരുന്ന അരിസ്റ്റോട്ടിൽ പ്രസ്താവിച്ചത് "മുൻപും പിൻപുമുണ്ടാകുന്ന മാററത്തിന്റെ അളവാണ് സമയം" എന്നത്രേ. ഈ ജീവിതത്തിൽ നാം മാററത്തിൽ മുഴുകിയവരാണ്, അതിനാൽ നാം സമയത്തിലാണ്. നമ്മുടെ ശരീരത്തിലെ ഓരോ കോശവും പറിച്ചെടുക്കപ്പെടുകയും വീണ്ടും നിർമ്മിക്കപ്പെടുകയുമാണ്. അതിനാൽ അക്ഷരാർത്ഥത്തിൽ തന്നെ നാം മാററത്തിനു വിധേയരാണ്. ഇരുപത്തിനാല് മണിക്കൂറിൽ ഒരു പ്രാവശ്യം സ്വന്തം അച്ചുതണ്ടിൽ കറങ്ങുകയും അതേസമയം തന്നെ ഒരു വർഷംകൊണ്ട് സൂര്യനെചുററുകയും ചെയ്യുന്ന ഒരു ഗ്രഹത്തിലാണ് നാം ജീവിക്കുന്നത്. അതേസമയം തന്നെ സൂര്യനും അതിന്റെ ഗ്രഹങ്ങളും ക്ഷീരപഥത്തിന്റെ ഒരുഭാഗമാണ്. ക്ഷീരപഥം ഭയാനകമായ വേഗത്തിൽ സ്പേസിൽ കൂടി സഞ്ചരിക്കുന്നു. എങ്ങോട്ടെന്നു നമുക്കറിഞ്ഞുകൂടാ.

അപ്പോൾ, ആന്തരികമായി നാം മാററം നിറഞ്ഞവരും ബാഹ്യമായി മാററത്താൽ വലയം ചെയ്യപ്പെട്ടവരുമാണ്. നമ്മുടെ ശരീരം ഈ മാററവുമായി ബന്ധപ്പെട്ടിരിക്കുന്നു. ശരീരത്തിൽ നിന്നു നാം സ്വതന്ത്രരാകുമ്പോൾ മാററവുമായി പിന്നെ നമുക്കു ബന്ധമേയില്ല. ഈ മാററത്തിന്റെ അളവുകോലായ സമയത്തിലല്ലാ നാമിപ്പോൾ. മരിച്ചവർ നിത്യതയിലാണെന്ന് നാം പറയുന്നു. എന്നാൽ നിത്യത എന്ന വാക്ക് നിഷ്കൃഷ്ടമായ അർത്ഥത്തിൽ "മാററമോ മാററത്തിന്റെ

www.malankaralibrary.com

നിഴലോ ഇല്ലാത്ത' (യാക്കോബ് 1:17) ദൈവത്തിനു മാത്രമേ ചേരുകയുള്ളു. അവിടുത്തേക്കു ഭൂതകാലമോ, ഭാവികാലമോ ഇല്ല. അവിടുന്ന് ആകുന്നു. നാം മരണാനന്തര ജീവിതത്തിലേക്കു കടന്നുകഴിഞ്ഞാലും നമുക്ക് ഒരു ഭൂതകാലമുണ്ട്, കുറച്ചെങ്കിലും മാററത്തിനു നാം വിധേയരാകയും ചെയ്യും. പക്ഷേ, ഭാവികാലമെന്നു നാം വിളിക്കുന്നതും പെട്ടെന്നുതന്നെ അതു വർത്തമാനകാലവും ഭൂതകാലവും ആകുന്ന തരത്തിലുള്ള വ്യതിയാനം അവിടെ സംഭവിക്കുന്നില്ല. അല്പമായ വ്യത്യാസങ്ങളുണ്ടാകുന്നതു നാമറിയും. തുടർച്ചയായ വ്യതിയാനങ്ങളുണ്ടാകുകയുമില്ല. കാതലായ മാററത്തിനവിടെ സ്ഥാനമില്ല. പിതാവിന്റെ തിരുഹിതത്തിനനുകൂലമോ പ്രതികൂലമോ ആയ മാററത്തിനും അവിടെ സ്ഥാനമില്ല.

പ്രകാശം നഷ്ടപ്പെടുന്ന ഒരവസ്ഥയാണ് മരണമെന്ന് ചിലർ ഭാവന ചെയ്യുന്നുണ്ട്. അതു ശരിയല്ല. അതു ശരിയല്ല. നാം അതേവരെ അറിഞ്ഞിട്ടില്ലാത്ത പ്രകാശാവസ്ഥ അവിടെയുണ്ടാകും. അതാകട്ടെ ഈ ലോകത്തിൽ നാം ജീവിച്ചതനുസരിച്ചായിരിക്കുകയുംചെയ്യും. അതിനാലാണ്നമ്മുടെശരീരത്തിൽനിന്ന് വേർപെടുമ്പോൾ മാത്രമാണ് നമ്മുടെ മനസ്സ് അതിന്റെ തനതായ അവസ്ഥയിലെത്തുന്നതെന്നു അരിസ്റ്റോട്ടിൽ രേഖപ്പെടുത്തിയത്. കാരണം ഈ ലോകത്തിൽ നമ്മുടെ ബുദ്ധിക്ക് രണ്ട് ഘടകങ്ങളുണ്ട്. പ്രഗത്ഭരായ ശാസ്ത്രജ്ഞന്മാർപോലും അപൂർണ്ണമായി മാത്രം ഗ്രഹിച്ചിട്ടുള്ള നമ്മുടെ തലച്ചോറും നമ്മുടെ ആത്മാവിന് സഹജമായ ആത്മീയബുദ്ധിയുമാണവ. ആത്മീയബുദ്ധി ശാരീരികബുദ്ധിയേക്കാൾ വളരെ ഉയർന്നതലത്തിലാണ്. ആത്മാവ് ഭൗതികവസ്തുവിനതീതമായതാണ് അതിന്റെ കാരണം. പക്ഷേ, ഐഹികജീവിതത്തിൽ ഈ രണ്ടു ഘടകങ്ങളും ഒന്നിച്ച് ചേർന്നാണ് പ്രവർത്തിക്കുന്നത്. നമ്മുടെ തലച്ചോറിന് ക്ഷതമേററാൽ അത് നമ്മുടെ ബുദ്ധിശക്തിയെ ബാധിക്കുന്നുണ്ടല്ലോ. അതിനാൽ നമ്മുടെ ആത്മീയബുദ്ധി ഈലോകത്തിൽ തടസ്സത്തിന് വിധേയമാണെന്ന് വ്യക്തം.

www.malankaralibrary.com

എന്നാൽ, നാം കടന്നുകഴിയുമ്പോൾ, ഈ മൺമയമായ ശരീരം വിട്ടകന്നു കഴിയുമ്പോൾ, നമ്മുടെ ആത്മികബുദ്ധി പ്രവർത്തനനിരതമാകുന്നു. ദൈവത്തെ നേരിട്ടു ദർശിക്കാൻ ഉടൻതന്നെ സാധിച്ചില്ലെങ്കിൽപോലും ഈലോകത്തിൽ നാം അറിഞ്ഞിട്ടില്ലാത്ത രീതിയിൽ ദൈവം എപ്രകാരമുള്ളവനാണെന്ന് നാം ഗ്രഹിക്കും. ആത്മാവിൻെറ ശോഭയേറിയ പ്രകാശത്താലാണ് അതു സംഭവിക്കുക. ഈ ജീവിതത്തിൽ ദൈവവിചാരമില്ലാതെ പ്രവർത്തിക്കുക നമുക്ക് എളുപ്പമാണ്. ദൃശ്യമായ ഈലോകം മാത്രമാണ് പ്രധാനമെന്ന് നമ്മുടെ ശാരീരികമായ ഇന്ദ്രിയങ്ങൾ നമ്മെ ഉൽബോധിപ്പിക്കുന്നതാണ് അതിൻെറ കാരണം. എന്നാൽ ശരീരമില്ലാതാകുമ്പോൾ ആ ഇന്ദ്രിയങ്ങൾ നമുക്കില്ലാതാകുന്നു, ആ പതർച്ച തന്മൂലം ഇല്ലാതാകുന്നു. ആത്മീയബുദ്ധിയുടെ ശോഭയേറിയ പ്രകാശം അവിടുന്ന് എപ്രകാരമുള്ളവനാണെന്ന് കാണും. തന്മൂലം ഈ ജീവിതത്തിൽ യഥാർത്ഥത്തിൽ നമുക്കനുഭവപ്പെട്ടിട്ടില്ലാത്ത ആഗ്രഹം അവിടുത്തേക്കുവേണ്ടി ആത്മാവിനുണ്ടാകും. വിശുദ്ധരിൽ ഏററം ഉന്നതരായവർക്ക് ഈലോകത്തിൽവച്ചുതന്നെ അങ്ങനെയുള്ള ആഗ്രഹം ഉണ്ടായിക്കാണാം. 42-ാം സങ്കീർത്തനത്തിലെ ഈ വാക്യം അപ്പോൾ ആത്മാവ് അതിൻെറതാക്കുന്നുവെന്ന് പറയാം. ''നീർച്ചാൽ തേടുന്ന മാൻപേടയെപ്പോലെ എൻെറ ഹൃദയം അങ്ങയെ തേടുന്നു.....ഓ, ദൈവമേ, എപ്പോഴാണ് എനിക്ക് ദൈവസന്നിധിയിലെത്തി അങ്ങയെ കാണാൻ കഴിയുക?''.

നിത്യനാശത്തിലകപ്പെട്ടവർക്കുപോലും ഈ ആഗ്രഹമുണ്ടാകും. പക്ഷേ, ആ ആഗ്രഹം ഒരിക്കലും നിറവേറുകയില്ല. നേരേമറിച്ച് അവർ അവിടുത്തെ ആഗ്രഹിക്കുകയും അതേ വേളയിൽ തന്നെ വെറുക്കുകയും ചെയ്യും. കാരണം, അവർ ഈലോകം വിട്ടത് അവരുടെ ഇച്ഛാശക്തി അവിടുത്തെ ഇച്ഛാശക്തിക്ക് എതിരായ നിലയിലാണ്. അത് ഒരിക്കലും തിരുത്തപ്പെടുന്നതുമല്ല. നരകത്തിൻെറ ഏററം തീവ്രമായ വേദന ഇതിലാണടങ്ങിയിരിക്കുന്നത്. ഒരേ സമയം തന്നെ ആഗ്രഹിക്കുകയും വെറുക്കുകയും ചെയ്യുന്ന

www.malankaralibrary.com

ആ സ്ഥിതിയെ രോഗഗ്രസ്ഥനായ ഒരുവന്റെ സ്ഥിതിയോട് തുലനംചെയ്യാമെന്ന് തോന്നുന്നു. അവൻ പാതിരാത്രിയിൽ ഉണരാൻ ശ്രമിക്കുന്നെന്ന് കരുതുക. രോഗംമൂലം സുബോധാവസ്ഥയുടെ പൂർണ്ണതയിലെത്താൻ അവനു് കഴിയുന്നില്ല. ഉറക്കത്തിന്റെയും ഉണർവ്വിന്റെയും ഇടയ്ക്കുള്ള ഭീതിദമായ ഒരവസ്ഥയിലവൻ കഴിയുന്നു.

സഭ പ്രസ്താവിക്കുന്ന പ്രകാരം ശാരീരികമായ ഉയിർപ്പിന്റെ നേരം "പാപിയുടെ മുഴുവൻ അവസ്ഥയ്ക്കും ഒരു പ്രതിഘാതം" അനുഭവപ്പെടും. അതായത് ശരീരം ഏതോ നിഗൂഢരീതിയിൽ തീവ്രവേദനയ്ക്ക് വിധേയമാകും. കാരണം, അതുപാപത്തിൽ സഹകരിച്ചു, ആത്മാവിനെ പാപത്തിനു പ്രേരിപ്പിച്ചു. ഈ പ്രതിഘാതം തീർച്ചയായും ഭയാനകമാണ്. കാരണം, ക്രിസ്തുതന്നെ അതിനെ "തീയ്" എന്നു വിളിക്കുന്നു.

എന്നാൽ, അടിസ്ഥാനപരമായി തങ്ങളുടെ മനസ്സു് പിതാവിന്റെ തിരുഹിതവുമായി സംയോജിപ്പിച്ചിരുന്നവർ ക്രിസ്തു അവർക്കു നൽകിയ വിധിമൂലം തങ്ങൾ ആ ദർശനത്തിൽ എത്തിച്ചേരുമെന്നും ദൈവത്തിന്റെ തിരുമുഖം കാണുമെന്നും അറിയുന്നു. പക്ഷേ, ആവശ്യമായ തയ്യാറെടുപ്പിൽ അവർക്കു കുറവു വന്നിരിക്കാം. പാപം ഉളവാക്കിയ വസ്തുനിഷ്ഠമായ ക്രമത്തിന്റെ സമതുലിതാവസ്ഥ ഉളവാക്കുവാൻ ശരിയായവിധം അവർക്കു സാധിക്കാതെപോയിരിക്കാം. (അധ്യായങ്ങൾ 4-ഉം 19-ഉം കാണുക) ദൈവതിരുമുഖം ദർശിക്കുവാൻ തക്കവണ്ണമുള്ള പരിശുദ്ധി അവർ നേടിയിട്ടില്ലായിരിക്കാം. ഈ പൂർണ്ണത ഐഹികജീവിതത്തിൽ അവർ നേടേണ്ടതായിരുന്നു. അതു നേടിയില്ലെങ്കിൽ പിതാവിന്റെ കാരുണ്യം നിമിത്തം അവിടുന്നു തിരുമനസ്സായ ഒരു ശുദ്ധീകരണം മൂലം അവർ തങ്ങളുടെ കുറവുകൾ നികത്തേണ്ടതുണ്ടു്. ഈ ശുദ്ധീകരണമില്ലെങ്കിൽ അവർക്കൊരിക്കലും ദൈവതിരുമുമ്പാകെ എത്താൻ സാധിക്കയില്ല.

ശുദ്ധീകരണസ്ഥലത്ത് സമയമില്ല. എന്നാൽ ശുദ്ധീകരണത്തിൽ നിഗൂഢമായ ചില ഘട്ടങ്ങളുണ്ട്. ഒരു

www.malankaralibrary.com

ഗ്രാഫിൽ ശുദ്ധീകരണകർമ്മത്തിന്റെ കാലയളവു് (സമയമല്ല) സൂചിപ്പിക്കുന്ന ഒരു വരയും അതിനു താഴെ ലോകത്തിലെ സമയം സൂചിപ്പിക്കുന്ന ഒരു വരയും ഇടുന്നുവെന്നു സങ്കല്പിക്കുക. അവ തമ്മിൽ ഏതോ സാദൃശ്യം കാണാം. വിശുദ്ധരിൽ ചിലർക്ക്, ഉദാഹരണമായി ജനോവായിലെ വി. കാതറൈന്, ലഭിച്ച രഹസ്യമായ ആവിഷ്ക്കരണങ്ങൾ ഒരുവനു വിശ്വസിക്കാമെങ്കിൽ, ചെറിയ കുററങ്ങൾക്കുപോലും ഈ ലോകത്തിലെ സുദീർഘസംവത്സരങ്ങളോളം നീണ്ടുനിൽക്കുന്ന കാലഘട്ടത്തിലുള്ള ശുദ്ധീകരണത്തിനു ആത്മാവ് വിധേയമാകുമെന്നുകാണാം.

ആ അവസ്ഥയിലുള്ള ആത്മാക്കൾ അപൂർണ്ണ വ്യക്തികളാണ്. കാരണം, മനുഷ്യനു ആത്മാവും ശരീരവും വേണമല്ലോ. പരേതർക്കു പുനരുത്ഥാനവേളവരെ ശരീരമില്ല. നരകത്തിലുള്ളവർക്കു തങ്ങളുടെ ശരീരത്തോടുകൂടി വേദനയനുഭവിക്കാൻ പുനരുത്ഥാനദിനം വരെ കാത്തിരിക്കേണ്ടതുണ്ടു്. ആ വേദന എന്നും അവർ അനുഭവിക്കണം. സ്വർഗ്ഗത്തിലുള്ള പരേതർ ശരീരത്തോടുകൂടി സൗഭാഗ്യമനുഭവിക്കാനും പുനരുത്ഥാനദിനംവരെ കാത്തിരിക്കണം.

സ്വർഗ്ഗത്തിലും നരകത്തിലും സമയമില്ലാത്തതിനാൽ നമ്മുടെ ഒരു നിമിഷം പോലെ മാത്രമേ ആ കാത്തിരിപ്പു് അവർക്കനുഭവപ്പെടുകയുള്ളു. പക്ഷേ, ശുദ്ധീകരണസ്ഥലത്തായവർ ശുദ്ധീകരണകർമ്മം കഴിക്കുന്നതുവരെ കാത്തിരിക്കണം.

ദൈവദർശനം സാധ്യമാംവിധം ഒരാത്മാവ് ശുദ്ധീകൃതമാകുമ്പോൾ അതു എന്തുപോലെയായിരിക്കും? രണ്ടാമധ്യായത്തിൽ നാം കണ്ടതുപോലെ ജ്ഞാനത്തിന്റെയും സ്നേഹത്തിന്റെയും അനന്തമായ പ്രവാഹത്തിൽ അതു പങ്കാളിയാകുന്നു. യാതൊരു സൃഷ്ടിക്കും സ്വശക്തിയാൽ അതു സാധ്യമല്ല. കൃപമൂലം ഭാഗികമായി ദൈവികമായിട്ട് ആത്മാവ് മഹത്വത്തിന്റെ പ്രകാശമായിത്തീരുന്നുവെന്നു പറയാം. അപ്പോൾ സൃഷ്ടബുദ്ധിയുമായി ദൈവം സ്വയം യോജിപ്പിക്കുന്നു. അപ്പോൾ യാതൊരു പ്രതിച്ഛായയുമില്ല. കാരണം, അവിടുന്നായിരിക്കുന്ന

www.malankaralibrary.com

തുപോലെ യാതൊരു പ്രതിച്ഛായയ്ക്കും അവിടുത്തെ കാണിക്കുക സാദ്ധ്യമല്ല. (രണ്ടാമദ്ധ്യായം കാണുക)

പ്രസ്തുത ദർശനം അനന്തമായതാണ്. അനന്തമല്ലാത്ത ആത്മാവ് അനന്തമായതിനെ സ്വീകരിക്കുവാൻ ശ്രമിക്കുകയാണിപ്പോൾ. രണ്ടാമദ്ധ്യായത്തിൽ നാം കണ്ട ചിത്രശലഭത്തിന്റെ ഉപമയോർക്കുക. കാലം കഴിയുംതോറും ആ ദർശനം നമുക്കു നിരുന്മേഷകരമാകുമോ? ഇല്ല. കാരണം അതു അനന്തമായ ദർശനസാധ്യതയുള്ളതാണ്. നാമാകട്ടെ, ഒരു ദർശനത്തിൽ തന്നെ സകലതും ഉൾക്കൊള്ളാൻ പ്രാപ്തിയില്ലാത്തവരാണു്, അനന്തതയില്ലാത്തവരാണ്. പക്ഷേ, വി. അഗസ്തീനോസ് പ്രസ്താവിച്ചതുപോലെ ഭാവി-വർത്തമാനം-ഭൂതം എന്നിങ്ങനെ മാററത്തിനു വിധേയമല്ലാത്ത അവിടുത്തെ നിത്യതയിൽ നാം പങ്കാളികളാകും. അവിടുന്നിൽ നാം പങ്കാളികളാകുക മുഖേന നാം കേവലം ആയിരിക്കും, അനുഗ്രഹീതരാകും, സങ്കൽപ്പിക്കാനാവാത്തവിധം സന്തോഷമനുഭവിക്കും, സംതൃപ്തരാകും.

നമ്മുടെ പിതാവിന്റെ കാരുണ്യം നാമിവിടെ കാണുന്നു. നരകവും അവസാനമില്ലാത്തതാണ്. പക്ഷേ, ആളുകൾക്കിടയിലുള്ള ഒരു പഴയ സങ്കല്പത്തിനു നാം വിധേയരാകാതിരിക്കുക. ആ സങ്കല്പം ഇതാണ്. പതിനായിരം വർഷങ്ങളിൽ ഒരിക്കൽ ഒരു പക്ഷി വന്ന് ഒരു കരിങ്കല്ലുപർവ്വതത്തിൽ നിന്ന് ഒരു കൊച്ചു കഷണം കൊത്തിയെടുക്കുന്നു. അങ്ങനെ ആ പർവ്വതം ഇല്ലാതാകുമ്പോഴും നിത്യത ആരംഭിക്കുന്നതതേയുള്ളു. അല്ല. നരകത്തിലുള്ള ആത്മാക്കൾ കേവലമായ ദുരിതാവസ്ഥയിലായിരിക്കും. അന്ത്യമില്ലാത്ത വലിച്ചിഴയ്ക്കലെന്നതൊന്നും അവിടെയുണ്ടായിരിക്കയില്ല. നരകത്തിൽ ഭീദിതമായ സ്ഥിതിയില്ലെന്നല്ല ഇതിനർത്ഥം. അവിടെ ആത്മാവനുഭവിക്കുന്ന വേദന നമ്മുടെ ഊഹത്തിനതീതമാണ്. പാപി അവിടെയനുഭവിക്കുന്ന വേദന തീയിൽ കിടന്നുള്ള വേദനയായിട്ടാണല്ലോ ക്രിസ്തുനാഥൻ താരതമ്യപ്പെടുത്തിയിട്ടുള്ളത്.

ദൈവദർശനമുള്ളവർക്കു അവർ ഇച്ഛിക്കുന്നപക്ഷം നമ്മുടെ പിതാവിന്റെ അത്ഭുതങ്ങൾ കാണാൻ പ്രപഞ്ച

www.malankaralibrary.com

ത്തിലെവിടെയും പോകാവുന്ന അത്ഭുതകരമായ ഒരു രണ്ടാം തരം സന്തോഷം ലഭിക്കും. പ്രപഞ്ചത്തിലെ ഇപ്പോഴത്തെ വേഗം പ്രകാശത്തിൻെറ വേഗമാണല്ലോ. സ്വർഗ്ഗീയർ അതിനു വിധേയരല്ല. നമ്മുടെ പ്രിയപ്പെട്ടവരോടും വിശുദ്ധരോടും ഒന്നിച്ചിരിക്കുക എന്ന സന്തോഷവും അവിടെ ലഭിക്കും. മറിയത്തിൻെറ ദർശനം പത്യേകം സന്തോഷഹേതുവാകും. പന്ത്രണ്ടാം പിയൂസ് മാർപ്പാപ്പാ അതു സുന്ദരമായ രീതിയിൽ വിവരിക്കുന്നു:

"ദൈവം തൻെറ മാതാവിൻെറ മുഖത്ത് തൻെറ ദൈവികകരവിരുതുകൾ നൽകുന്ന ശോഭ തീർച്ചയായും മുഴുവൻ ചേർത്തിട്ടുണ്ട്. പ്രിയ പുത്രന്മാരും പുത്രികളുമേ, മാനുഷികസൗന്ദര്യം ദയനിറഞ്ഞ ഒരു ഹൃദയത്തിൽ എത്ര അനായാസമായി സന്തോഷമുളവാക്കുമെന്നു നിങ്ങൾക്കറിയാമല്ലോ. മറിയത്തിൻെറ സൗന്ദര്യത്തിനു മുൻപിൽ അത് എത്രയോ നിഷ്പ്രഭമായിരിക്കും! അതിനാലാണ് ആനന്ദഭരിതരായ പത്തു ലക്ഷം മാലാഖമാരുടെ മധ്യേ ഒരു സൗന്ദര്യം പുഞ്ചിരിക്കുന്നതായി ഡാൻേറ പറുദീസായിൽ കണ്ടത്.... എത്രയോ സന്തോഷപ്രദം. അതു മററെല്ലാ വിശുദ്ധരുടെ കണ്ണുകളിലും പ്രതിഫലിച്ചിരുന്നു—മറിയം."

രണ്ടാം വത്തിക്കാൻ സൂന്നഹദോസ് പ്രസ്താവിക്കുന്നു: "സഭ അവളുടെ പൂർണ്ണതസ്വർഗ്ഗത്തിൻെറ മഹത്വത്തിൽ മാത്രമേ പ്രാപിക്കുകയുള്ളു." അപ്പോൾ മാത്രമേ ഉടമ്പടിയുടേതായ ആ വാഗ്ദാനം, സീനായിൽ വച്ച് പിതാവ് നൽകിയ ആ വാഗ്ദാനം ഏററം പൂർണ്ണമായി നിറവേറുകയുള്ളു. "അതുകൊണ്ട് നിങ്ങൾ എൻെറ വാക്കു കേൾക്കുകയും എൻെറ ഉടമ്പടി പാലിക്കുകയും ചെയ്യുന്നപക്ഷം നിങ്ങൾ എല്ലാ ജനങ്ങളിലുംവച്ച് എനിക്കു ഏററം പ്രിയപ്പെട്ട എൻെറ സ്വന്തം ജനമായിരിക്കും" (പുറ. 19: 5) യെരമ്യാ മുഖേന ദൈവത്തിൻെറ ഈ ജനത്തെക്കുറിച്ച് പിതാവ് അരുളിച്ചെയ്തു: "ഞാൻ അവരുടെ ദൈവവും അവർ എൻെറ ജനവുമായിരിക്കും" (യെരമ്യാ 31: 33) കാരണം, ആരുമുഖേന നാം നിത്യമായി അനുഗ്രഹീതരായിരിക്കുന്നുവോ ആ നമ്മുടെ ശിരസ്സുമായി നാം എന്നേക്കും സംയോജിതരായ അവയവങ്ങളായിരിക്കും.

www.malankaralibrary.com

വി. അഗസ്ത്തീനോസ്രചിച്ച "ദൈവത്തിന്റെ നഗരം" എന്ന ഗ്രന്ഥത്തിൽനിന്നു ഏതാനും വാചകങ്ങൾ ഇവിടെ ഉദ്ധരിക്കുക സമുചിതമാണെന്നു കരുതുന്നു.

"അപ്പോൾ, സംതൃപ്തരായിത്തീർന്നു് അവിടുന്നു ദൈവമാണെന്നു നാം കാണും. "നിങ്ങൾ ദൈവങ്ങളെപ്പോലെയാകും' എന്നു പ്രലോഭകനെ ശ്രദ്ധിച്ച് എന്തായിത്തീരുവാനാഗ്രഹിച്ചു് യഥാർത്ഥ ദൈവത്തിൽനിന്നകന്നുപോയ നാം അതായിത്തീരും. അകന്നുപോകൽ നിമിത്തമല്ലാ പങ്കാളിത്തം വഴിയാണ് നാം അങ്ങനെയാകുന്നതു്. അവിടുന്നുമുഖേന പുനഃസൃഷ്ടിക്കപ്പെട്ട്...........അവിടുന്നു് ദൈവമാണെന്നു ദർശിച്ച് നാം എന്നേക്കും സംതൃപ്തരാകും. അവിടുന്ന് എല്ലാവരിലും എല്ലാമാകുമ്പോൾ, അവിടുന്ന് മുഖേന നാം നിറയപ്പെടും. അപ്പോൾ നാം സംതൃപ്തരാകും, നാം കാണും, നാം കാണുകയും സ്നേഹിക്കുകയും ചെയ്യും. അവസാനമില്ലാത്ത അവസാനത്തിൽ എന്തു സംഭവിക്കുന്നുവെന്ന് കാണുക."

വി. അഗസ്ത്തീനോസിന്റെ ഈ വാക്കുകളും ഞാൻ കൂട്ടിച്ചേർക്കുന്നു: "കർത്താവിന്റെ സഹായത്താൽ ഈ വലിയ ഗ്രന്ഥം ഞാൻ പൂർത്തിയാക്കിയിരിക്കുന്നു. ഇതു വളരെ ചെറുതായിപ്പോയെന്നു് കരുതുന്നവരും എന്നോട് ക്ഷമിക്കട്ടെ. ഇതു ശരിയായതാണെന്നു കരുതുന്നവർ എനിക്കല്ലാ, ദൈവത്തിനു നന്ദി പറയട്ടെ. ആമേൻ. ആമേൻ !!

www.malankaralibrary.com

## സഭയ്ക്കു പുറമെ രക്ഷയുണ്ടോ?

സഭയ്ക്കു പുറമെ ആയിരിക്കുന്നവരും അങ്ങനെ കാണപ്പെടുന്നവരും രക്ഷ പ്രാപിക്കുമോ എന്ന സങ്കീർണവും വളരെക്കാലമായി ചർച്ച ചെയ്യപ്പെടുന്നതും ആയ പ്രശ്നത്തിൻെറ ഉത്തരത്തിനുള്ള ചില സാദ്ധ്യതകൾ Guistav Thils എന്ന ഗ്രന്ഥകാരൻ്റെ അടുത്ത കാലത്തെ Pour une theologie de structure planataire എന്ന ഗ്രന്ഥത്തിൽ നൽകുന്നുണ്ട്.

ചോദ്യം വിഷമകരമാണ്. കാരണം നീതിപൂർവ്വം പ്രതിഫലം നൽകുന്ന ദൈവത്തിലുള്ള പ്രകൃത്യാതീതമായ വിശ്വാസം, ധാർമ്മികനിയമത്തോട് അതിനെക്കുറിച്ചറിയാവുന്നിടത്തോളമുള്ള യോജിപ്പ്—ഇവ മാത്രമല്ല, പിന്നെയോ സഭയുടെ അംഗത്വവും കൂടി രക്ഷയ്ക്കാവശ്യമാണ്. ചില സഭാപിതാക്കൻമാരെ കൂടാതെ മാർപ്പാപ്പാമാരും സൂനഹദോസുകളും തന്നെയും ഈ അംഗത്വത്തിൻെറ ആവശ്യകത ഊന്നിപ്പറഞ്ഞിട്ടുണ്ട്.

സാധാരണയാളുകൾക്കുള്ള മിഷൻ മാസികകളിലും പലപ്പോഴും കൂടുതൽ പണ്ഡിതോചിതമായ ഗ്രന്ഥങ്ങളിലും ഈ അംഗത്വത്തിൻെറ ആവശ്യകതയെക്കുറിച്ചു നിരാശയുളവാക്കുന്ന ചർച്ചകൾ നാം കണ്ടിട്ടുണ്ട്. ഉദാഹരണമായി 1984-ൽ കാതലിക് തിയോളജിക്കൽ സൊസൈററി ഓഫ് അമേരിക്ക ക്രിസ്തു ശാസ്ത്രത്തെക്കുറിച്ചു നടത്തിയ ഒരു സെമിനാറിൽ പങ്കെടുത്ത ചിലർ സഭയെ മാത്രമല്ലാ, ക്രിസ്തുവിനെ തന്നെയും ഒഴിവാക്കാമെന്നു് അഭിപ്രായപ്പെടുകയുണ്ടായി. കൂടാതെ, ‘‘സത്യം വീക്ഷണമനുസരിച്ചുള്ളതാണ്’’ എന്ന ആശയത്തോടു ചായ്വ് കാണിക്കുംവിധം ‘‘പരസ്പരവിരുദ്ധമല്ലാത്ത സത്യത്തെക്കുറിച്ചുള്ള ധാരണയിലും’’ ചിലർ സംശയം പ്രകടിപ്പിക്കുകയുണ്ടായി.

രക്ഷയ്ക്കുള്ള സന്ദർഭം യഥാർത്ഥമായി ലഭിക്കാതെ മിക്ക ആളുകളും നശിച്ചുപോകുന്നുവെന്നു് വി. അഗസ്തീനോസ് അഭിപ്രായപ്പെട്ടിട്ടുണ്ട്. ഒരു ദോഷൈകദൃക്കി

www.malankaralibrary.com

ൻെറ അഭിപ്രായമാണതെന്നു പറയം. എന്നാൽ സഭയുടെ അംഗത്വത്തിൻെറ ആവശ്യകത മൗലികവാദികഠം ഉന്നയിക്കുന്ന രീതിയിൽ അദ്ദേഹം ഉന്നയിച്ചിട്ടുമില്ല. ഈ മൗലികവാദാനുസരണം വിജാതിയരെ നിത്യനാശത്തിൽനിന്നു രക്ഷിക്കുന്നതിനു തീവ്രമായ മിഷൻ പ്രവർത്തനങ്ങഠം നടത്തിയിട്ടുള്ളവർ ധാരാളമുണ്ടായിട്ടുണ്ട്. ഇതു ചരിത്രത്തിൽനിന്നു നമുക്കു കാണാവുന്ന കാര്യമാണ്.

എങ്കിലും ആദിമശതകങ്ങളിലെ സഭാപിതാക്കന്മാർ ഈ വിഷമപ്രശ്നത്തിൻെറ ഉത്തരം ലഭിക്കുന്നതിനു യത്നിച്ചിട്ടുണ്ട്. പൂർണ്ണമായ ഉത്തരം അവർക്കു ലഭിച്ചില്ലെന്നുതോന്നുന്നു. പക്ഷേ, അവർ നമുക്കു തെളിച്ചുതന്ന വഴി ശരിയായിട്ടുള്ളതാണ്.

അവരുടെ ചിന്താസരണി വേണ്ടവിധം ഗ്രഹിക്കുന്നതിനു നാം ഒരു കാര്യം അറിഞ്ഞിരിക്കേണ്ടതുണ്ട്. അവരിൽ അനേകർ ദൈവശാസ്ത്രപരമായ ചിന്താസമ്പ്രദായത്തോടു വിശ്വസ്തരായിരുന്നെന്നതാണതു്. ദൈവികമായ ആവിഷ്കരണകാര്യത്തിൽ ഒരാഠം രണ്ടു നിഗമനങ്ങളിലെത്തുക, വീണ്ടും പരിശോധിക്കുമ്പോഠം രണ്ടും സത്യമായി കാണപ്പെടുക, അതിനാൽ അവ രണ്ടും തമ്മിൽ അനുരജ്ഞനമുണ്ടാകുന്ന ഒരുത്തരം കണ്ടുപിടിക്കുന്ന ദിവസത്തിനുവേണ്ടി കാത്തിരിക്കുക—ഇവ അസാധാരണമായ ഒന്നല്ലെന്നു് അവർ അറിഞ്ഞിരുന്നു. വേദപുസ്തകത്തിലുള്ള രണ്ടു വാക്യങ്ങഠം തമ്മിൽ എങ്ങനെ പൊരുത്തപ്പെടുമെന്നതിനെക്കുറിച്ച് അവർ നടത്തിയ ശ്രമം തന്നെ ഒരുദാഹരണം. "യേശു ജ്ഞാനത്തിലും പ്രായത്തിലും ദൈവത്തിൻെറയും മനുഷ്യരുടെയും പ്രീതിയിലും വളർന്നുവന്നു" (ലൂക്കോ 2. 52) എന്ന വാക്യവും ലോകാന്ത്യദിനത്തെക്കുറിച്ചു് തനിക്കറിഞ്ഞുകൂടാ എന്ന് യേശു പ്രസ്താവിച്ച വാക്യവും (മർക്കോ 13; 32)

ഇതിൻെറ ഫലമായി യേശുവിൻെറ മാനുഷിക ജ്ഞാനത്തെക്കുറിച്ച് രണ്ടു ഗണത്തിലുള്ള അഭിപ്രായങ്ങഠംതന്നെ സഭാപിതാക്കന്മാരുടെ ഗ്രന്ഥങ്ങളിലുളവായി. അവിടുത്തേക്കു ജ്ഞാനമില്ലായ്മയുണ്ടായിരുന്നതായി ചിലർ കരുതുന്നു. അതിനാൽ അവിടുത്തേക്ക് അക്ഷരാർത്ഥത്തിൽ

www.malankaralibrary.com

തന്നെ ജ്ഞാനത്തിൽ വളരാൻ കഴിയുമായിരുന്നു, അവിടു ത്തേക്കു ലോകാന്ത്യദിനത്തെക്കുറിച്ച് അറിവില്ലായ്മയു ണ്ടാകാം എന്നു പ്രസ്താവിക്കുന്നു. എന്നാൽ മറ്റേഗണ ത്തിലുള്ള പ്രസ്താവനകളാകട്ടെ, അവിടുത്തേക്കു അജ്ഞ തയില്ലായിരുന്നുവെന്നു ഉറപ്പിച്ചും പറയുന്നു.

ഈ രണ്ടുവിധമുള്ള പ്രസ്താവങ്ങളും ദീർഘകാലം സഭാപിതാക്കന്മാർ പുറപ്പെടുവിച്ചുപോന്നു. ഒരുവശത്തു് വേദപുസ്തകം പറയുന്നതായി കാണപ്പെടുന്നതു തീർത്തു നിഷേധിക്കാൻ അവർ ആഗ്രഹിച്ചില്ല. മറുവശത്തു് അവി ടുത്തെ മാനുഷിക ബുദ്ധിയിൽ അജ്ഞതയില്ലായിരുന്നു എന്ന് അവർക്കറിയാമായിരുന്നു. പരസ്പരവിരുദ്ധമെ ന്നു തോന്നാവുന്ന ഈ നിലപാടുകൾ തമ്മിൽ പൊരുത്തപ്പെ ടുത്താവുന്ന കാലം വരെ അതു നിലനിന്നു. ജ്ഞാനത്തി ൻെറ ശരിയായ വളർച്ചയും ജ്ഞാനത്തിൻെറ വെളിപ്പെടുത്ത ലും വ്യത്യസ്തമായി കാണേണ്ടതുണ്ട്. കാരണം, "ദൈവ ത്തിൻെറ മുൻപിലും മനുഷ്യരുടെ മുൻപിലും" എന്നാണു പ്രയോഗിച്ചിരിക്കുന്നതെന്നു വി. അത്താനേഷ്യസ് കണ്ടു പിടിച്ചു. അന്ത്യദിനത്തെക്കുറിച്ച് അവിടുത്തേക്കുള്ള അ റിവ് എന്ന പ്രശ്നത്തിനുത്തരം ലഭിക്കാൻ പിന്നെയും വള രെക്കാലങ്ങൾ കഴിയേണ്ടിവന്നു. അവിടുന്ന് അതു തൻെറ മനുഷ്യത്വത്തിൽ അറിഞ്ഞിരുന്നു, പക്ഷേ മനുഷ്യത്വത്തിൽ നിന്നല്ലാ അതു അറിഞ്ഞതെന്നു് എവുലോജിയസും മഹാ നായ ഗ്രീഗറിയും ഉത്തരം നൽകി.

മേലുദ്ധരിച്ചതിനോട് സദൃശമായ സാഹചര്യമാണു് സഭയ്ക്കുപറമേ രക്ഷയില്ല. എന്ന കാര്യത്തിൽ സഭാപിതാ ക്കന്മാരുടെ ഗ്രന്ഥങ്ങൾ അവധാനപൂർവം പഠിച്ചാൽ കാ ണുക. ചില ഗ്രന്ഥകാരന്മാർ രണ്ടു വിധത്തിലുള്ള പ്രസ് താവങ്ങൾതന്നെ നൽകിയിട്ടുമുണ്ട്. ഒരു ഗണം അഭിപ്രാ യങ്ങൾ അംഗത്വത്തിൻെറ ആവശ്യകത ശക്തിപൂർവം ഉയർ ത്തിപ്പിടിക്കുന്നു. മറേറ ഗണം അഭിപ്രായങ്ങളാകട്ടെ വിശാ ലമായ ഒരു വീക്ഷണം സ്വീകരിച്ചുകൊണ്ട് അംഗത്വം എന്തി ലാണ് സ്ഥിതിചെയ്യുന്നതെന്ന് വ്യക്തമാക്കുകയും അംഗ ത്വത്തിൻെറ ആവശ്യകതയ്ക്കു മാർദ്ദവത്വം നൽകുകയും ചെയ്യുന്നു.

www.malankaralibrary.com

യേശുവിൻെറ മാനുഷിക ജ്ഞാനത്തിൻെറ കാര്യത്തിലെന്നപോലെ ഈ രണ്ടുത്തരങ്ങളും എങ്ങനെ പൊരുത്തപ്പെടുത്താമെന്ന് സമാപിതാക്കന്മാർക്കു ക്രമേണ വ്യക്തമായി. സഭയിലെ അംഗത്വമെന്നപ്രശ്നത്തിനു ഇപ്പോഴും അവർ ഭാഗികമായ ഉത്തരം മാത്രമേ കണ്ടുപിടിച്ചിട്ടുള്ളുവെന്നു തോന്നുന്നു. എന്നാൽ, അവരുടെ സഹായത്തോടെ ഈ അനുബന്ധത്തിൻെറ അവസാനഭാഗത്തു് വേദപുസ്തകാധിഷ്ഠിതമായ ഒരുത്തരം നാം അവതരിപ്പിക്കും.

നാം മുമ്പോട്ടു പോകുന്നതിനു മുൻപു് വ്യാഖ്യാനത്തെക്കുറിച്ച് ഒരു തത്വം കൂടി നാം ഗ്രഹിക്കേണ്ടതുണ്ടു്. അതിനാണ് സഭയുടെ പ്രബോധനാധികാരത്തിൻെറ പ്രഖ്യാപനങ്ങളിൽ ഉറപ്പു നൽകിയിട്ടുള്ളവയും അതിലും താണ രീതിയിൽ സഭാപിതാക്കന്മാരുടെ കൃതികളിൽ സംരക്ഷിക്കപ്പെട്ടിട്ടുള്ളവയും മാത്രമേ രേഖപ്പെടുത്തിയിട്ടുള്ളു. ലേഖിതാക്കളുടെ മനസ്സിൽ കൂടുതൽ വിശാലമായ ചില പ്രത്യേക ചിന്തകൾ ഉണ്ടായിരുന്നിരിക്കാമെന്നു് ചരിത്രത്തിൽ നിന്നു നാം അറിഞ്ഞിരിക്കുക. എന്നാൽ, വ്യക്തമായി രേഖപ്പെടുത്തിയിട്ടുള്ളവ മാത്രമാണ്, ലേഖിതാക്കളുടെ മനസ്സിൽ രേഖപ്പെടുത്താതെയുണ്ടായിരുന്നവയല്ല, ദൈവപരിപാലനസംരക്ഷിച്ചതെന്നും നാം ഓർക്കുക.

ഒരുമാതിരി സാഹസികത ദൈവം കാണിച്ചുവെന്നും നമ്മുടെ ഭാഷയിൽ പറയാമെന്നു തോന്നുന്നു. വിരുദ്ധദശകളിലേക്കു പോകുന്ന രണ്ടു കാര്യങ്ങൾ നമ്മുടെ ദൃഷ്ടിയിൽ അവിടുന്നു നിർവഹിച്ചു. ഒന്നാമത്തേതു് അവിടുന്നു മനുഷ്യനെ സ്വതന്ത്രനായി സൃഷ്ടിച്ചു, രണ്ടാമതായി ഈ പ്രബോധനത്തിൻെറ സംരക്ഷണത്തിനു അവിടുന്നു ഉറപ്പു നല്കി. അതിനാൽ വ്യക്തമായി എഴുതപ്പെട്ടവയ്ക്കുള്ളതുമാത്രം അവിടുന്നു ഉറപ്പു നൽകുന്നു. എഴുതപ്പെട്ടവയിൽ പരോക്ഷമായിട്ടുള്ളതിനോ, എഴുതിയവരുടെ മനസ്സിലുള്ളതിനോ, അവിടുന്നു സംരക്ഷണം വൽകുന്നില്ല. ഉദാഹരണമായി ഭൂരിപക്ഷം ആളുകളും നശിച്ചുപോകുമെന്ന സിദ്ധാന്തം. (Massa damnata theory) വി. അഗസ്തീനോസാണ് ഈ സിദ്ധാന്തത്തിൻെറ പ്രണേതാവ്. അദ്ദേ

www.malankaralibrary.com

ഹത്തിൻെറ കാലത്തും അതിനുശേഷവും ഈ സിദ്ധാന്തം ഭാഗികമായെങ്കിലും വിശ്വസിച്ച ചിലരുടെ പ്രസ്താവങ്ങളുണ്ട്. അവരുടെ മനസ്സിലുണ്ടായിരുന്ന ഈ സിദ്ധാന്തം സഭ സ്വീകരിച്ചില്ലെന്നതാണു വസ്തുത. വേറൊരുദാഹരണം. ഒരു വസ്തുവിൻെറ സാരാംശത്തെയും ആഗന്തുകത്തെയും സംബന്ധിച്ച് അരിസ്റ്റോട്ടലിൻെറ ആശയങ്ങൾ ദിവ്യകാരുണ്യത്തെക്കുറിച്ചുള്ള പഠനത്തിൽ ചിലരുടെ മനസ്സിലുണ്ടായിരുന്നു. പക്ഷേ, ഈ വാക്കുകൾ സാധാരണ ഗതിയിലും സാങ്കേതികമല്ലാത്തനിലയിലും ഗ്രഹിക്കുവാൻ കഴിയുന്നവയാണ്. അതിനാൽ അരിസ്റ്റോട്ടേലിയാനിസം എന്നു വിളിക്കപ്പെടുന്ന ഈ ആശയത്തിനു സഭ ഉറപ്പു നൽകിയില്ല. കൂടാതെ ഒൻപതാം പീയൂസ്, പതിനാറാം ഗ്രീഗറി (ഒരു പക്ഷേ ലെയോ പതിമൂന്നാമൻ) എന്നീ മാർപാപ്പാമാർ മതസ്വാതന്ത്ര്യം മതപരമായ ഉദാസീനത, എന്നിവയെക്കുറിച്ച് മനസ്സിൽ വിശാലമായ ആശയങ്ങൾ സൂക്ഷിച്ചിരുന്നുവെന്നു കരുതാൻ ന്യായങ്ങളുണ്ട്. പക്ഷേ, അവർ രേഖപ്പെടുത്തിയിട്ടുള്ളവ മാത്രമേ സഭ അംഗീകരിച്ചിട്ടുള്ളു.

'സഭയ്ക്കു പുറമെ രക്ഷയില്ല' എന്ന പ്രശ്നത്തെക്കുറിച്ചുള്ള പ്രസ്താവനകൾ വായിക്കുമ്പോൾ നാം മുമ്പു പറഞ്ഞിട്ടുള്ള തത്ത്വം ഓർക്കുക.

ആശയങ്ങളുടെ വ്യക്തതയ്ക്കുവേണ്ടി രണ്ടു ഗണത്തിലുള്ള പ്രസ്താവനകളും നാം വെവ്വേറെ ചർച്ച ചെയ്യുകയാണ്. ആദ്യം നാം ചർച്ച ചെയ്യുന്നതു് ആശയപരമായ ഇടുങ്ങിയ അതിർത്തിയുള്ള രേഖകളാണു്. സഭാപിതാക്കന്മാരുടെ ഇടുങ്ങിയ ആശയാതിർത്തിയുള്ള രേഖകൾ. ഒരു പക്ഷേ, ഈ രേഖകളിൽ ആദ്യത്തേത് ഹെർമാസിൻെറ ഇടയൻ എന്ന ഗ്രന്ഥത്തിലുള്ളതായിരിക്കാം.

"ദൈവപുത്രൻെറ നാമം പ്രസംഗിച്ച ഈ അപ്പസ്തോലൻമാരും ദൈവപുത്രൻെറ ശക്തിയിലും വിശ്വാസത്തിലും നിദ്ര പ്രാപിച്ചപ്പോൾ, തങ്ങൾക്കു മുൻപേ നിദ്ര പ്രാപിച്ചവരോടും പ്രസംഗിച്ചു. അവർക്കു അവർ പ്രസംഗ

www.malankaralibrary.com

ത്തിൻെറ മുദ്ര നൽകി. അതിനാൽ അവർ അവരോടുകൂടി ജലത്തിലിറങ്ങുകയും വീണ്ടും ഉയർന്നുവരികയും ചെയ്തു.

ഈ രേഖയിൽ ശാരീരികമായ മാമോദീസായെക്കുറിച്ചു് ഏറ്റം ഇടുങ്ങിയ അഭിപ്രായമാണ് ഹെർമാസ് പുറപ്പെടുവിക്കുന്നതു്. അദ്ദേഹത്തിൻെറ വീക്ഷണത്തിൽ അതു മരണശേഷംപോലും നൽകേണ്ട ഒന്നാണ്. അല്ലെങ്കിൽ രക്ഷയില്ല. വളരെ വിശാലമായ ഒരു രേഖയും ഹെർമാസിൻേറതായിട്ടുണ്ടു്. അതു നാം രണ്ടാം ഗണത്തിൽ ചർച്ച ചെയ്യും.

ഹെർമാസിൻെറ കാലഘട്ടത്തോടുത്തുതന്നെ ജീവിച്ചിരുന്ന രക്തസാക്ഷിയായ വി. ജെസ്റ്റിൻ രണ്ടാം ശതകത്തിൻെറ മധ്യകാലത്ത് എഴുതി: "പിന്നീട് അവർ (മതപരിവർത്തനം ചെയ്യുന്നവർ) ജലമുള്ള സ്ഥലത്തേക്ക് ഞങ്ങളാൽ നയിക്കപ്പെടുകയും വീണ്ടും ജനിക്കപ്പെടുകയും ചെയ്യുന്നു. കാരണം, ക്രിസ്തു അരുളിച്ചെയ്തിട്ടുണ്ട്. നിങ്ങൾ വീണ്ടും ജനിക്കുന്നില്ലായെങ്കിൽ സ്വർഗ്ഗരാജ്യത്തിൽ പ്രവേശിക്കുകയില്ല" സന്ദർഭമനുസരിച്ചു നോക്കുമ്പോൾ മതപരിവർത്തനം ചെയ്യുന്നവരെക്കുറിച്ചാണു ജസ്റ്റിൻ പ്രസ്താവിക്കുന്നതെന്ന് കാണാം. ഇതിൽ മാമോദീസായുടെ ആവശ്യകതയെക്കുറിച്ചുള്ള പ്രസ്താവന ശക്തമാണ്. എന്നാൽ, വളരെ വിശാലമായ രീതിയിലുള്ള പ്രസ്താവനകളും ജസ്റ്റിൻേറതായുണ്ട്. അവ നാം പിന്നീടു കാണാം.

വിശാലമായ ആശയം പുലർത്തുന്ന പല ലേഖനഭാഗങ്ങളും വി. ഇരനയൂസിൻേറതായിട്ടുണ്ട്. എന്നാൽ അദ്ദേഹം വളരെ സങ്കുചിതമായ അതിരിട്ട ഒരു രേഖയിതാ:" ദൈവം അപ്പോസ്തലന്മാരെയും സഭയിൽ നിയമിച്ചിട്ടുണ്ട്. ................ഇവരോടു പങ്കു ചേരാത്തവർ, സഭയിലേക്കു ഓടി എത്താത്തവർ, തിന്മയുള്ള അഭിപ്രായങ്ങളാലും, ദുഷ്പ്രവർത്തികളാലും തങ്ങൾക്കുതന്നെ ജീവൻ ഇല്ലാതാക്കുന്നു. തങ്ങളുടെ കുററംകൊണ്ടു സഭയെ നിഷേധിക്കുന്നവരെയാണു അദ്ദേഹം ഉദ്ദേശിക്കുന്നതെന്നു തോന്നുന്നു.

അലക്സാന്ത്രിയായിലെ ക്ലെമൻറിൻെറ അനേകം പ്രസ്താവങ്ങൾ നാം രണ്ടാം ഗണത്തിൽ ഉൾപ്പെടുത്തിയിട്ടു

www.malankaralibrary.com

ണ്ട്. പക്ഷേ, അദ്ദേഹം ഹെർമാസിൻെറ മേലുദ്ധരിച്ച വാക്യങ്ങാം Stromata (ശയ്യാതലങ്ങാം) എന്ന പ്രബന്ധത്തിൽ) (Stromata 2. 9) പദാനുപദം ഉദ്ധരിച്ച് അതിനോടു യോജിക്കുന്നതായി തോന്നുന്നു. അദ്ദേഹം ഇങ്ങനെയും എഴുതി: "വാതലിൽക്കൂടി പ്രവേശിക്കാത്തവൻ കള്ളനം കവർച്ചക്കാരനുമാണ്. അതിനാൽ അവർ തത്വശാസ്ത്രത്തിന്മേൽ ഊന്നിനിൽക്കുന്നവരാണെങ്കിൽപോലും രക്ഷ പ്രാപിക്കുവാൻ ക്രിസ്തു മുഖേന സത്യം പഠിക്കുക ആവശ്യമാണ്." തങ്ങളുടെതന്നെ കുററംകൊണ്ട് വിശ്വാസം നിരസിക്കുന്നവർ മാത്രമേ നശിക്കുന്നുള്ളുവെന്നു് ഇവിടെ ക്ലമൻറു് ഉദ്ദേശിക്കുന്നുള്ളുവോയെന്നു നമുക്കു പറയുക സാധ്യമല്ല.

ക്ലമൻറിൻെറ മഹാനായ ശിഷ്യൻ ഒരിജൻ രണ്ടു ഗണത്തിലുമുള്ള അഭിപ്രായങ്ങളും രേഖപ്പെടുത്തിയിട്ടുണ്ട്.

"ആ ആളുകളിൽ ആരെങ്കിലും രക്ഷ പ്രാപിക്കുവാൻ ആഗ്രഹിക്കുന്നുവെങ്കിൽ അവൻ ഈ ഭവനത്തിൽ, യേശുവിൻെറരക്തം രക്ഷയുടെ ഒരു അടയാളമായിരിക്കുന്ന ഈ ഭവനത്തിൽ, രക്ഷിക്കപ്പെടുന്നതിനായി വരട്ടെ..........അതിനാൽ ഒരുവനും സ്വയം ഉപദേശിക്കാതിരിക്കട്ടെ: ഈ ഭവനത്തിനു പുറത്തു്, അതായതു സഭയ്ക്കു പുറത്തു യാതൊരുവനും രക്ഷിക്കപ്പെടുന്നില്ല. ആരെങ്കിലും പുറത്തുപോയാൽ അവൻ സ്വന്തം മരണത്തിനുത്തരവാദിയാകുന്നു."

റഹാബിൻെറ യറിക്കോയിലെ ഭവനത്തെ ഒരിജൻ ദൃഷ്ടാന്തേണ കാണിക്കുകയാണ്. പക്ഷേ, അതിൽനിന്നു പുറത്തുപോയവർ തങ്ങളുടെതന്നെ തെററു നിമിത്തം പുറത്തുപോയവരാണെന്നു തോന്നുന്നു.

ഇവരെക്കാളെല്ലാം കടുത്ത ഭാഷ ഉപയോഗിക്കുന്നതു വി. സിപ്രിയാനാണ്. "സഭയിൽനിന്നു വേർപെട്ടുപോകുന്നവൻ ആരായിരുന്നാലും ............... അവൻ സഭയുടെ വാഗ്ദാനങ്ങളിൽനിന്നു വേർപെട്ടവനാണ്. മാതാവായ സഭ ഇല്ലാത്തവന് ദൈവം പിതാവായും ഇല്ല. നോഹയുടെ പെട്ടകത്തിൽനിന്ന് ആർക്കെങ്കിലും രക്ഷപെടാനൊത്തെങ്കിൽ സഭയ്ക്കു പുറത്തുള്ളവനം രക്ഷപെടും.

www.malankaralibrary.com

കൂടുതൽ കടുത്ത ഭാഷയിൽ അദ്ദേഹമെഴുതി:

ഒരുവൻ മനുഷ്യരുടെ മുൻപാകെ ക്രിസ്തുവിനെ ഏററുപറഞ്ഞതിനാൽ പീഡനങ്ങൾ സഹിച്ച് സ്വന്ത രക്തത്താൽ മാമോദീസാ മുക്കപ്പെടുമ്പോഴുള്ളതിനേക്കാൾ കൂടുതൽ ശക്തി മാമോദീസായ്ക്കുണ്ടാകുക സാധ്യമല്ല. സാധ്യമാണോ? എന്നാൽ ക്രിസ്തുവിനെ ഏററുപറഞ്ഞശേഷം അവൻ സഭയ്ക്കു പുറത്തായിരിക്കുമ്പോൾ വധിക്കപ്പെട്ടാൽ ആ പാഷാണ്ഡിക്കു എന്തു പ്രയോജനം ലഭിക്കും?''

വി. സിപ്രിയാൻെറ ഈ പ്രസ്താവത്തിനു അദ്ദേഹം തന്നെ മങ്ങലേൽപ്പിച്ചിട്ടുണ്ട്. കാരണം, വേദപിപരീതികൾ അഥവാ പാഷണ്ഡികൾ നൽകുന്ന മാമോദീസാ സാധുവാണെന്ന് വി. സ്റ്റീഫൻ മാർപ്പാപ്പാ പഠിപ്പിച്ചതിനെ എതിർത്തതിനാൽ അദ്ദേഹം സഭയുടെ ഐക്യത്തിൽ നിന്നു് പുറത്തു പോയതാണ്. സിപ്രിയാൻെറ വാക്കുകൾ ദൈവം കാര്യമായി എടുത്തിരുന്നെങ്കിൽ അദ്ദേഹം വേദസാക്ഷിയായിരുന്നെങ്കിൽപോലും നാശത്തിലാകുമായിരുന്നു.

ലക്താൻസിയൂസും ഏകദേശം ഇതുപോലൊരു പ്രസ്താവന നടത്തിയിട്ടുണ്ടു്. ''അവിടെ (സഭയിൽ) പ്രവേശിക്കാതിരുന്നവനും അവിടെനിന്നു പുറത്തു പോകുന്നവനും ജീവൻെറ പ്രത്യാശയ്ക്കും രക്ഷയ്ക്കും അന്യനാണു്.' സ്വന്തം തെററുമൂലം പുറത്തു നില്ക്കുന്നവരെയാണു അദ്ദേഹം ഉദ്ദേശിച്ചതെന്നു തോന്നുന്നു.

വി. അഗസ്തീനോസിൻെറ Massa damnata സിദ്ധാന്തം (ഭൂരിപക്ഷവും നഷ്ടപ്പെടുമെന്ന സിദ്ധാന്തം) നോക്കുമ്പോൾ അതിൽ വിഷാദാത്മകത തുടിച്ചുനില്ക്കുന്നതായികാണാം. അതിനാൽ വി. അഗസ്തീനോസ് കഠിനമായ പല പ്രസ്താവങ്ങളും നടത്തിയിട്ടുണ്ടെന്നു നമുക്കു തോന്നാനിടയുണ്ട്. പക്ഷേ, കാര്യം അങ്ങനെയല്ല. അദ്ദേഹത്തിൻെറ ഈ ദൃശരേഖകൾ കുറവാണ്; അവ അവ്യക്തവുമാണ്. പ്രകൃതിയെയും പ്രസാദവരത്തെയും (De natura et Gratia) ക്കുറിച്ചുള്ള തൻെറ പ്രബന്ധത്തിൽ അദ്ദേഹം രേഖപ്പെടുത്തി: ''യാതൊരു ലക്ഷ്യവുമില്ലാതെയല്ല ക്രിസ്തു മരിച്ചത്. അതിനാൽ വിശ്വാസവും ക്രിസ്

www.malankaralibrary.com

തുവിൻെറ രക്തമെന്ന കൂദാശയും വഴിയല്ലാതെ ദൈവത്തിൻെറ ഏററം നീതിപൂർവകമായ കോപത്തിൽനിന്നു് സകല മനുഷ്യപ്രകൃതിയും നീതീകരിക്കപ്പെടാനും രക്ഷിക്കപ്പെടാനും മററൊരു മാർഗ്ഗമില്ല.'' പക്ഷേ, ഈ വാക്കുകരംപോലും അതിനു ഏതാനും വരികരംക്കു മുൻപെഴുതിയവമൂലം അദ്ദേഹം മയപ്പെടുത്തിയിട്ടുണ്ടു്. ''ക്രിസ്തുവിൻെറ ദൈവത്വവും മനുഷത്വവുമെന്ന കൂദാശ അവരെ അറിയിച്ചില്ലെങ്കിൽ നീതിയുള്ളവർക്കു നീതിയുടെ സമ്മാനം പിൻവലിക്കുന്നവിധം ദൈവം നീതിരഹിതനല്ല''. തൻെറ കാലത്തു് ചുരുക്കം ചില സ്ഥലങ്ങളിൽ മാത്രമേ സുവിശേഷം പ്രസംഗിക്കപ്പെടാതിരുന്നിട്ടുള്ളു എന്നു് അദ്ദേഹം കരുതി. ഭൂമിയുടെ വിസ്തൃതി അദ്ദേഹത്തിന് അജ്ഞാതമായിരുന്നു.

''ജൂലിയനെതിരെ'' (Contra Julianum) എന്ന പ്രബന്ധത്തിൽ വി. പൗലോസ് റോമാക്കാർക്കെഴുതിയ ലേഖനം രണ്ടാമധ്യായം 14 മുതൽ 16 വരെയുള്ള വാക്യങ്ങരംക്കു അദ്ദേഹം ഒരു ഭാഷ്യം നല്കുന്നുണ്ട്. നിയമമില്ലാത്ത വിജാതിയരെയാണ് അദ്ദേഹം ഉദ്ദേശിക്കുന്നതെന്നു തോന്നുന്നു. മതപരിവർത്തനം ചെയ്ത വിജാതിയരാണവർ എന്നു വേണം കരുതാൻ. അദ്ദേഹം പ്രസ്താവിക്കുന്നു: ''അവിശ്വാസികരംക്കുപോലും യഥാർത്ഥ സദ്ഗുണങ്ങളുണ്ടാകാമെന്നത് നിങ്ങരം തെളിയിക്കുവാനാഗ്രഹിക്കുന്നുവെങ്കിൽ അവർ മുഖേന അതു തെളിയിക്കുവാൻ നിങ്ങരംക്കു സാധ്യമല്ല.'' അതുപോലെ, വി. പത്രോസിൻെറ ഒന്നാം ലേഖനം മൂന്നാം അദ്ധ്യായത്തിലെ നിഗൂഢമായ 19-ാം വാക്യത്തിനു അദ്ദേഹം ഭാഷ്യം നൽകിയപ്പോരം ഒരു പക്ഷേ, മരിച്ചുപോയ സകലരോടും ക്രിസ്തു സുവിശേഷം പ്രസംഗിച്ചുവെന്നും അങ്ങനെ രക്ഷയ്ക്കുള്ള ഒരു അവസരം അവർക്കു നൽകിയെന്നും പ്രസ്താവിച്ചിട്ടുണ്ട്.

J. N. D. Kelly പ്രസ്താവിക്കുന്നതു്. കരുണ വിശുദ്ധ നഗരത്തിനു പുറത്തു ലഭിക്കുകയില്ല'' എന്നു് അലക്സാണ്ട്രിയായിലെ വി. സിറിൽ എഴുതിയപ്പോരം സകലരും ധരിച്ചിരുന്നതാണദ്ദേഹം എഴുതിയതെന്നാണ്,

www.malankaralibrary.com

ഭൂസ്റപയിലെ വി. ഫുൽജെൻസിയൂസ് വി. സിപ്രിയാൻെറ വിചാരധാരയ്ക്കനുസൃതം രേഖപ്പെടുത്തി.

"കത്തോലിക്കാസഭയ്ക്കു പുറത്തു തങ്ങളുടെ ജീവിതം അവസാനിപ്പിക്കുന്ന വിജാതിയർ മാത്രമല്ല, യഹൂദരും പാഷണ്ഡികളും ശീശ്മക്കാരും നിത്യാഗ്നിയിലേക്കു പോകും.......കത്തോലിക്കാസഭയുടെ മാർവിലും ഐക്യത്തിലും നില നില്ക്കാത്ത യാതൊരുവനും അവൻ എത്രതന്നെ ദാനധർമ്മം ചെയ്തിട്ടുണ്ടെങ്കിലും ക്രിസ്തുവിൻെറ നാമത്തിൽ രക്തം ചൊരിഞ്ഞിട്ടുണ്ടെങ്കിലും രക്ഷ പ്രാപിക്കുക സാധ്യമല്ല"

സഭയുടെ പ്രബോധനാധികാരത്തിൽനിന്ന് തുടങ്ങിയ അതിർത്തിയിട്ട രേഖകൾ.

സഭയുടെ പ്രബോധനാധികാരസ്ഥാനത്തു നിന്നും വളരെ കഠിനമെന്നു തോന്നാവുന്ന പല രേഖകളും ഉണ്ടായിട്ടുണ്ടു്. വാൽദെൻസിയൻസ് എന്ന പേരിൽ അറിയപ്പെട്ട പാഷണ്ഡികൾ സഭാംഗങ്ങളാകുമ്പോൾ അവർ ചെയ്യേണ്ട വിശ്വാസപ്രതിജ്ഞ ഇപ്രകാരമായിരിക്കണമെന്നു് 1208 എ. ഡി. യിൽ ഇന്നസെൻറ് മൂന്നാമൻ മാർപ്പാപ്പാ കൽപിച്ചു. "ഒരു സഭയേ ഉള്ളൂവെന്നും അതു പാഷണ്ഡികളുടെ സഭയല്ല, പരിശുദ്ധ റോമൻ കത്തോലിക്കാ അപ്പോസ്തോലികസഭയാണെന്നും അതിനു പുറത്തു് ആരും രക്ഷിക്കപ്പെടുകയില്ലെന്നും ഞങ്ങളുടെ ഹൃദയത്തിൽ ഞങ്ങൾ വിശ്വസിക്കുകയും അധരങ്ങൾകൊണ്ട് ഏററുപറയുകയും ചെയ്യുന്നു." അതുപോലെ 1215 എ. ഡിയിൽ നാലാം ലാററൻ സൂനഹദോസ് അൽബീജിയൻസസിനും കത്താരിക്കും എതിരെ പ്രഖ്യാപിച്ചു? "വിശ്വാസികളുടെ സാർവ്വത്രികമായ ഏക സഭയേയുള്ളു. അതിനു പുറത്തു് യാതൊരുവനും രക്ഷ പ്രാപിക്കുകയില്ല"

എ. ഡി. 1302 നവംമ്പർ 18-ാം തീയതി എട്ടാം ബോണിഫസ് മാർപ്പാപ്പാ തൻെറ ഉന്നാം സാംക്താം (Unam Sanctam) ഏകവും വിശുദ്ധവും എന്ന പ്രഖ്യാതമായ രേഖയിലെഴുതി: "സഭയ്ക്കു പുറമേ രക്ഷയോ പാപമോ

www.malankaralibrary.com

ചനമോ ഇല്ല........രക്ഷ പ്രാപിക്കുവാൻ ഒരുവൻ റോമാമാർ പാപ്പായുടെ അധികാരത്തിൻകീഴിലായിരിക്കേണ്ടതു് അത്യാവശ്യമാണെന്നു നാം പ്രഖ്യാപിക്കുകയും പ്രസ്താവിക്കുകയും അധ്യവസാനം ചെയ്യുകയും ചെയ്യുന്നു,''

ഇന്നസൻറു് മൂന്നാമൻ മാർപാപ്പായുടെയും നാലാം ലാററൻ സൂനഹദോസിൻെറയും പ്രസ്താവങ്ങരം നാം മുമ്പു കണ്ട സഭാപിതാക്കൻമാരുടെ രേഖകളിൽനിന്നു അധികം മുൻപോട്ടു പോകുന്നവയല്ല. എന്നാൽ ബോണിഫസ് എട്ടാമൻ മാർപാപ്പായുടെ പ്രസ്താവത്തിലെ രണ്ടാം വാചകം കൂടുതൽ ചോദ്യങ്ങരംക്കു പ്രസക്തിയേകുന്നുണ്ടു്. എന്നാൽ ഈ പ്രശ്നം അനായാസേന കൈകാര്യം ചെയ്യാവുന്നതേയുള്ളു. Contra errores Greacorum (ഗ്രീക്കുകാരുടെ തെററുകരംക്കെതിരെ) എന്ന പ്രബന്ധത്തിൽ വി. തോമസ് അക്വിനാസ് എഴുതിയ ഒരു വാചകം മാർപാപ്പാ ഉദ്ധരിച്ചിരിക്കയാണു്. "Ostenditur etiam quod subesse Romano Pontifici sit de necesitate salutis" (റോമാമാർപ്പാപ്പായുടെ അധികാരത്തിൽ കീഴിലായിരിക്കയാണ് രക്ഷയ്ക്കാവശ്യമെന്നും വെളിവാക്കപ്പെടുന്നു.) എന്നാൽ ഈ സന്ദർഭത്തിൽ വി. തോമസ് അക്വിനാസ് നൽകുന്ന രണ്ട് ഉദ്ധരണികളിൽനിന്ന് സഭയ്ക്കുപുറമേ രക്ഷയില്ലെന്നുമാത്രമേ അദ്ദേഹം അർത്ഥമാക്കുന്നുള്ളുവെന്നുകാണാം. ആ അർത്ഥത്തിൽ ഒരുവൻ മാർപ്പാപ്പായുടെ അധികാരത്തിൽ കീഴിലായിരിക്കണം.

1351 സെപ്ററംബർ 29-ാം തീയതി ആറാം ക്ലമൻറു് മാർപാപ്പാ പ്രസിദ്ധപ്പെടുത്തിയ ഒരു കത്തിൽ ഈ പ്രസ്താവം കാണാം: "സഭയുടെ വിശ്വാസത്തിനും റോമാ മാർപാപ്പായുടെ അധികാരത്തിനും പുറമെ നിൽക്കുന്ന യാതൊരുവനും രക്ഷ പ്രാപിക്കുക സാധ്യമല്ല''.

1442-ൽ ഫ്ളോറൻസിൽ കൂടിയ സൂനഹദോസ് വളരെ ശക്തമായ ഭാഷയുള്ള ഈ ഡിക്രി പുറപ്പെടുവിച്ചു.

www.malankaralibrary.com

"കത്തോലിക്കാസഭയ്ക്കു പുറത്തുള്ള ഒരുവനും, വിജാതിയർ മാത്രമല്ല, യഹൂദരും പാഷണ്ഡികളും ശീശ്മക്കാരും തങ്ങളുടെ ജീവിതാവസാനത്തിനു മുൻപു് അതിനോട് (സഭയോട്) യോജിക്കാത്തപക്ഷം നിത്യജീവിതം അനുഭവിക്കയില്ലെന്നും അവർ നിത്യാഗ്നിയിലേക്കു പോകുമെന്നും അതിൽ (സഭയിൽ) നിലനില്ക്കുന്നതിൽ മാത്രമേ സഭയുടെ കൂദാശകരം രക്ഷയ്ക്കു പ്രയോജനം ചെയ്യുകയുള്ളുവെന്നവിധം സഭാശരീരത്തിന്റെ ഐക്യം അത്രമാത്രം ശക്തമാണെന്നും ഉപവാസങ്ങളും ക്രിസ്തീയമായ ഭക്തമുറകളും അവർക്കു മാത്രമേ നിത്യസമ്മാനദായകമാകുകയുള്ളുവെന്നും അതു (സൂനഹദോസ്) ദൃഢമായി വിശ്വസിക്കുകയും പരസ്യമായി പ്രസ്താവിക്കുകയും പ്രഘോഷിക്കുകയും ചെയ്യുന്നു. കത്തോലിക്കാസഭയുടെ മറവിലും ഐക്യത്തിലും നിലനില്ക്കാത്ത യാതൊരുവനും അവൻ എത്രതന്നെ ദാനധർമ്മം ചെയ്തിട്ടുണ്ടെങ്കിലും ക്രിസ്തുവിന്റെ നാമത്തിൽ രക്തം ചൊരിഞ്ഞിട്ടുണ്ടെങ്കിലും രക്ഷപ്രാപിക്കുക സാധ്യമല്ല"

ഉദ്ധരണിക്കകത്തെ ഉദ്ധരണി ഫുറംജൻസിയൂസിന്റെ വാക്കുകളാണ്. അതു നാം മുമ്പു കണ്ടതാണ്. ഫുറംജൻസിയൂസിന്റെ എല്ലാ അനുമാനങ്ങളും സൂനഹദോസു് സ്വീകരിക്കുകയാണോ? ആണെന്നു തോന്നുന്നില്ല. നാം മുമ്പു കണ്ടതുപോലെ, മാമോദീസാ ലഭിക്കാത്ത ശിശുക്കരംക്കു നിത്യനാശമുണ്ടാകുമെന്നും പാഷാണ്ഡികളുടെ മാമോദീസാ സാധുവല്ലെന്നു വി. സ്റ്റീഫൻ മാർപ്പാപ്പായുടെ പ്രബോധനത്തെ എതിർത്തുകൊണ്ടും ഫുറംജൻസിയൂസ് പഠിപ്പിക്കുന്നുണ്ട്. പാഷണ്ഡികളെ സഭാപിതാക്കൻമാർ ശക്തിയുക്തം എതിർക്കുകയായിരുന്നുവെന്നു നാം ഓർക്കുക. Ad Demetrianum (ആദ്ദെമത്രിയാനും) എന്ന പേരിൽ വി. സിപ്രിയാൻ രചിച്ച പ്രബന്ധം ഇതിനു നല്ലൊരുദാഹരണമാണ്. അറിഞ്ഞുകൊണ്ടുതന്നെ സഭയെ നിരസിക്കുകയും അങ്ങനെ മോശമായ വിശ്വാസത്തിലായിരിക്കുകയും ചെയ്യുന്നവരുടെ കാര്യമാണ് ഈ സഭാപിതാക്കന്മാരുടെ മനസ്സിലുണ്ടായിരുന്നതെന്നുവേണം കരുതുവാൻ.

www.malankaralibrary.com

ത്തങ്ങളുടെ ഭാഗത്തു തെററില്ലാത്തവരും സഭയെ കണ്ടെത്താൻ കഴിയാത്തവരും അവരുടെ ചിന്തയിലില്ലായിരുന്നുവെന്നു തോന്നുന്നു. അപ്പോ൦ ഇവിടം മുതൽ പരിഗണിക്കേണ്ട ഒരു കാര്യമുണ്ട്. പ്രബോധനത്തിൻെറ കാര്യമല്ല, വസ്തുനിഷ്ഠതയുടെ കാര്യമാണ് അതെന്നവസ്തുത, എത്ര പേർ കുററമുള്ളവരായുണ്ട്? കൂടാതെ ഈ പ്രസ്താവന 1442-ലേതാണു്. 1492-ൽ അമേരിക്കയും പിന്നെയും നൂററാണ്ടുക൦ കഴിഞ്ഞ് ആസ്ത്രേലിയായും മററു പല പ്രദേശങ്ങളുംകണ്ടുപിടിക്കപ്പെട്ടിട്ടുണ്ട്. തങ്ങ൦ എഴുതുന്നതിനു മുൻപുതന്നെ സകലയിടത്തും സുവിശേഷം എത്തിക്കഴിഞ്ഞിട്ടുണ്ടെന്നാണു അവരെല്ലാം കരുതിയതു്. ആ രാജ്യങ്ങളിൽ വസിച്ചിരുന്നവരെ മനഃപൂർവമായ തെററിലുള്ളവരായി കരുതുക സാഹസമല്ലേ?

അതിനാൽ "സഭയ്ക്കു പുറമെ രക്ഷയുണ്ടോ?" എന്ന പ്രശ്നം നാം വീണ്ടും പരിശോധിക്കയാണു്.

## വിശാലവീക്ഷണത്തോടുകൂടിയ രേഖകൾ.

സുന്നഹദോസ് സഭയുടെ പ്രബോധനാധികാരസ്ഥാപനമാണ്. മാർപ്പാപ്പായും സഭയുടെ പ്രബോധനാധികാരസ്ഥാനമാണ്. സഭയുടെ പ്രബോധനാധികാരസ്ഥാനങ്ങളെ നയിക്കുന്നതു പരസ്പരവിരുദ്ധമായി പറയുകയില്ലാത്ത ഒരേ പരിശുദ്ധാത്മാവാണ്. വ്യാഖ്യാനമാവശ്യമുള്ള രേഖക൦ പുറപ്പെടുവിച്ചിട്ടുള്ളതു് ഈ പ്രബോധനാധികാരസ്ഥാനങ്ങ൦തന്നെയാണ്. നമ്മുടെ വ്യാഖ്യാനങ്ങളിൽ നമുക്കു തെററുപററാം.

1863 ആഗസ്റ്റ് പത്താം തീയതി ഒൻപതാം പീയൂസ് മാർപാപ്പാ പുറപ്പെടുവിച്ച Quantoconficiamar moerore എന്ന തിരുവെഴുത്തിൽ അദ്ദേഹം രേഖപ്പെടുത്തി.

"മനഃപൂർവമായി തെററുചെയ്യാത്തവർ നിത്യശിക്ഷക൦ കൊണ്ട് ശിക്ഷിക്കപ്പെടാൻ ദൈവം തൻെറ പരമോന്നതമായ നന്മയിലും കരുണയിലും ഒരു കാരണത്താലും അനുവദിക്കുന്നില്ല. പക്ഷേ, കത്തോലിക്കാസഭയ്ക്കുപുറമേ രക്ഷ പ്രാപിക്കുവാൻ ആർക്കും സാധ്യമല്ലെന്നതും കത്തോലിക്കാസഭയുടെ വിശ്വാസസത്യമാണ്. ഈ സഭയുടെ അധികാര

www.malankaralibrary.com

ത്തെയും പ്രബോധനങ്ങളെയും മനഃപൂർവം വകവയ്ക്കാത്തവർക്കും ഈ സഭയുടെയും രക്ഷകൻ തൻെറ മുന്തിരിത്തോപ്പിൻെറ കൈകാര്യകർത്തൃത്വം ഏല്പിച്ച പത്രോസിൻെറ പിൻഗാമിയായ റോമാമാർപാപ്പായുടെയും ഐക്യത്തിൽ നിന്ന് മർക്കടമുഷ്ടിയോടെ വേർപെട്ടു നിൽക്കുന്നവർക്കും രക്ഷ പ്രാപിക്കുക സാധ്യമല്ല''.

ഇതു ഏററം സുപ്രധാനമായ ഒരു രേഖയാണു്. കാരണം അതിൽ ഒൻപതാം പീയൂസ് മാർപ്പാപ്പാ വിശാലമായ വീക്ഷണവും അംഗത്വത്തിൻെറ ആവശ്യകതയും വ്യക്തമാക്കിയിട്ടുണ്ടു്. നിസ്സംഗമനോഭാവത്തെ ശക്തമായി അപലപിച്ചിട്ടുള്ള വ്യക്തിയാണ് ഒൻപതാം പീയൂസ്. അതിനാൽ ഒരുവൻ സത്യം അറിയുന്നെങ്കിൽ ഔപചാരികമായി തന്നെ സഭയിൽ പ്രവേശിക്കുവാൻ അവൻ കടപ്പെട്ടവനാണെന്നതു അദ്ദേഹം നിഷേധിക്കുന്നില്ല. അല്ലാത്തപക്ഷം അതു നിസ്സംഗതയായിരിക്കും. പക്ഷേ, വളരെ വിശാലമായ ഒരു പ്രസ്താവന അദ്ദേഹം നൽകുന്നുണ്ടു്. ഒരുവൻ തനിക്കറിയാവുന്ന നിലയിൽ ധാർമ്മികനിയമം പാലിക്കുന്നപക്ഷം മററു വിധത്തിലുള്ള ആവശ്യഘടകങ്ങളുളവായിക്കൊള്ളും. എങ്ങനെയെന്ന് അദ്ദേഹം പ്രസ്താവിക്കുന്നില്ല. (ഈ അനുബന്ധത്തിൻെറ അവസാനം എങ്ങനെയെന്നു് വിശദമാക്കുവാൻ നാം ശ്രമിക്കും.) ''മനഃപൂർവം വകവയ്ക്കാത്തവർ, മർക്കടമുഷ്ടിയോടെ'' എന്നീ പദങ്ങൾ അദ്ദേഹം ഉപയോഗിക്കുന്നതിനാൽ തങ്ങളുടെ തെററ് മൂലം സഭയെ നിരസിക്കുന്നവരെയാണ് അദ്ദേഹം ഉദ്ദേശിക്കുന്നതെന്നു വ്യക്തമാണ്.

പന്ത്രണ്ടാം പീയൂസ് മാർപ്പാപ്പായുടെ കൽപനപ്രകാരം 1949 ആഗസ്റ്റ് 9-ാം തീയതി വിശ്വാസസംരക്ഷണത്തിനുള്ള തിരുസംഘത്തിൻെറ ഓഫീസ് ഒരു രേഖ പുറപ്പെടുവിച്ചു. ക്രിസ്തുവിൻെറ മൗതികശരീരം (mystical body of Christ) എന്ന പേരിൽ പന്ത്രണ്ടാം പീയൂസ് പുറപ്പെടുവിച്ച ചാക്രികലേഖനത്തെ അടിസ്ഥാനമാക്കിയുള്ളതായിരുന്നു ആ രേഖ. തങ്ങളുടെതന്നെ തെററുമൂലമല്ലാതെപോലും സഭയിൽ ഔപചാരികമായി പ്രവേശിക്കാത്തവർ രക്ഷ

www.malankaralibrary.com

പ്രാപിക്കുകയില്ലായെന്നുള്ള ലെയൊ നാർദ്ഫീനിയുടെ അഭിപ്രായം തെററാണെന്ന് ആ രേഖ ചൂണ്ടിക്കാണിച്ചു. ആ രേഖയിൽ നാം വായിക്കുന്നു:

"യഥാർത്ഥ നിലയിൽ ഒരുവൻ സഭയുടെ അംഗമാകണമെന്നത് എപ്പോഴും ആവശ്യമുള്ള കാര്യമല്ല. പക്ഷേ, ഇത്രയുമെങ്കിലും ആവശ്യമാണ്. ഒരുവൻ ആഗ്രഹത്താലെയെങ്കിലും യോജിച്ചിരിക്കണം. ഇതു എപ്പോഴും പ്രത്യക്ഷമായിരിക്കണമെന്നും ആവശ്യമില്ല.....പക്ഷേ, ഒരുവൻ അജയ്യമായ അജ്ഞതയിൽ കഴിഞ്ഞുകൂടുമ്പോൾ ദൈവം പരോക്ഷമായ ഇച്ഛപോലും സ്വീകരിക്കുന്നു. പരോക്ഷമായ ഇച്ഛയെന്നു അതു വിളിക്കപ്പെടുന്നത് തൻെറ ഇച്ഛ ദൈവത്തിൻെറ ഇച്ഛയോട് യോജിപ്പിക്കുന്ന ഒരാത്മാവിൻെറ നല്ല ഭാവങ്ങളിൽ അതു അടങ്ങിയിരിക്കുന്നതിനാലാണു്".

പന്ത്രണ്ടാം പീയൂസ് മാർപ്പാപ്പാ പ്രസ്താവിക്കയുണ്ടായി, ഒരുവൻ "തനിക്കുതന്നെ അജ്ഞാതമായ നിലയിൽ സഭയിലേക്കു വിളിക്കപ്പെടാം" എന്ന്. അതായത് നാം മുമ്പു കണ്ട രേഖയിൽ പ്രസ്താവിച്ചിരിക്കുന്ന നല്ല മനോഭാവത്തിൽ അത് അടങ്ങിയിരിക്കുന്നു.

'ജനതകളുടെ വെളിച്ചം' (തിരുസ്സഭ) എന്ന പ്രമാണരേഖയിൽ രണ്ടാം വത്തിക്കാൻ സുന്നഹദോസ് പ്രസ്താവിച്ചു:

"സ്വന്തം കുററം കൂടാതെ ക്രിസ്തുവിൻെറ സുവിശേഷത്തെയും അവിടുത്തെ സഭയേയും അറിയാതിരിക്കുകയും അതേസമയം ശുദ്ധഹൃദയത്തോടെ ദൈവത്തെ അന്വേഷിക്കുകയും മനസ്സാക്ഷിയുടെ സ്വരത്തിലൂടെ പ്രകടമാക്കുന്ന ദൈവതിരുമനസ്സ് പ്രസാദവരത്തിൻെറ പ്രചോദനങ്ങൾക്കനുസൃതമായിട്ടുനിറവേററാൻ പരിശ്രമിക്കുകയും ചെയ്യുന്നവരും നിത്യരക്ഷ പ്രാപിക്കുന്നു."

പ്രസാദവരത്തിൻെറ പ്രചോദനങ്ങൾക്കനുസൃതമായി അവർ പ്രവർത്തിക്കേണ്ടതുണ്ടെന്ന് സൂനഹദോസ് പ്രസ്താവിക്കുന്നത് ശ്രദ്ധിക്കുക. തങ്ങൾക്കു കഴിവുള്ളതു ചെയ്യുന്നവർക്കെല്ലാം ഈ പ്രസാദവരം എപ്പോഴും നൽകപ്പെടുന്നുണ്ട്. കൂടാതെ, അവർക്ക് നിത്യരക്ഷ പ്രാപിക്കാമെ

www.malankaralibrary.com

ന്ന് രണ്ടാം വത്തിക്കാൻ സൂന്നഹദോസ് പ്രസ്താവിച്ചിട്ടുള്ളതും ശ്രദ്ധിക്കുക. ഇങ്ങനെയുള്ളവർ മരണാനന്തരം ലിംബോയിലായിരിക്കുമെന്ന് ഫീനിയുടെ അഭിപ്രായം സ്വീകരിച്ചിട്ടുള്ള ചിലർ പ്രസ്താവിക്കുന്നുണ്ട്. പക്ഷേ, പ്രായപൂർത്തിയായവർക്കുവേണ്ടി ഇങ്ങനെയുള്ള ഒരു മധ്യാവസ്ഥയുണ്ടെന്നു സഭയ്ക്കറിവില്ല.

## സഭാപിതാക്കൻമാരുടെ വിശാലവീക്ഷണമുള്ള രേഖകൾ

സഭാപിതാക്കന്മാരുടെ വിശാലവീക്ഷണമുള്ള അനേകം രേഖകൾ വിജാതീയർ തൊടുത്തുവിട്ട ആരോപണങ്ങൾക്കും ചോദ്യങ്ങൾക്കുമുള്ള മറുപടികളാണ്: സഭയും ക്രിസ്തുവും അത്യാവശ്യമാണെങ്കിൽ വളരെക്കാലം കഴിഞ്ഞുമാത്രം അവിടുന്ന് എന്തിനുവന്നു, അവിടുത്തെ കാലത്തിനു മുമ്പുള്ള എണ്ണമററ ലക്ഷങ്ങളെ എന്തിനു അവഗണിച്ചു? ഇങ്ങനെയുള്ള ഒരു വാദത്തിന്റെ ചരിത്രപരമായ ആദ്യരേഖ ഏകദേശം 178 A. D. യിൽ വിജാതീയനായിരുന്ന ചെൽസൂസ് എഴുതിയ 'സത്യസംവാദം' (True discourse) എന്ന ഗ്രന്ഥത്തിലാണ്. ചെൽസൂസിന്റെ വാക്കുകൾ ഒരിജൻ ഉദ്ധരിക്കുന്നുണ്ട്: "അനേകയുഗങ്ങൾക്കുശേഷം മനുഷ്യജീവിതം നീതിയുള്ളതാക്കുന്നതിനു ദൈവം വിചാരിച്ചുവോ, അതിനുമുമ്പ് അവിടുന്ന് അത് പരിഗണിച്ചില്ലേ?"

വി. പൗലോസ് റോമാക്കാർക്കെഴുതിയ ലേഖനം മൂന്നാമധ്യായം 29-ഉം 30-ഉം വാക്യങ്ങളിൽ ചോദിച്ചിരിക്കുന്നതും ഈ സന്ദർഭത്തിൽ ശ്രദ്ധേയമാണ് "ദൈവം യഹൂദരുടേതു മാത്രമാണോ? വിജാതിയരുടേതുമല്ലേ? അതേ, അവിടുന്ന് വിജാതിയരുടെയും ദൈവമാണ്. എന്തെന്നാൽ, ദൈവം ഏകനാണ്. അവിടുന്ന് പരിച്ഛേദിതരെയും (യഹൂദർ) അപരിച്ഛേദിതരെയും (വിജാതീയർ) അവരവരുടെ വിശ്വാസത്താൽ നീതീകരിക്കും. മററു വാക്കുകളിൽ പറഞ്ഞാൽ അവിടുന്നു തന്റെ പഴയ ആവിഷ്കരണം അറിയാനിടയാകാഞ്ഞവർക്കു ആവശ്യമുള്ളതു (നിത്യരക്ഷ) നൽകുന്നില്ലെങ്കിൽ അവരുടെ ദൈവമെന്ന നിലയിൽ അവിടുന്ന് പ്രവർത്തിക്കുന്നെന്നു കരുതാനാവുന്നില്ല. ഇതുതന്നെ

www.malankaralibrary.com

ക്രിസ്തുവിൻെറ കാലശേഷവും സംഭവിക്കുന്നു. കാരണം, റോമാക്കാർക്കുള്ള ലേഖനം 5-ാം അധ്യായം 15-മുതൽ 19 വരെയുള്ള വാക്യങ്ങളിൽ പ്രസ്താവിക്കുന്നതു വീഴ്ചയെക്കാറം സമൃദ്ധമായ നിലയിൻ വീണ്ടെടുപ്പ് ഉണ്ടായെന്നാണ്. ക്രിസ്തുവിനു മുമ്പ് ആവശ്യമുള്ളതു ദൈവം നൽകുകയും ക്രിസ്തുവിനുശേഷം മനുഷ്യരെ കൂടുതൽ മോശമായ നിലയിൽ ഉപേക്ഷിക്കുകയും ചെയ്തുവെങ്കിൽ, അങ്ങനെയുള്ള മനുഷ്യർക്കു വീണ്ടെടുപ്പ് സമൃദ്ധമായതല്ല, നേരെമറിച്ച് കഠിനമായ അപകടമാണ്.

ചെൽസൂസോ മററാരെങ്കിലമോ ക്രിസ്തുവിനെതിരെ തിരിയുന്നതിനു വളരെ വർഷങ്ങറംക്കു മുമ്പ്-94 A. D.—യിൽ ക്ലെമൻറ് മാർപാപ്പാ കോറിന്ത്യർക്കെഴുതി:

"എല്ലാ തലമുറകളിൽ കൂടിയും നമുക്കു കടന്നുപോകുകയും തൻെറ പക്കലേക്കു തിരിയുന്നവരായി ഓരോ തലമുറയിലുമുള്ളവർക്കും അനുതാപത്തിനുള്ള സന്ദർഭം ഗുരുനാഥൻ നൽകിയിട്ടുണ്ടെന്നു പഠിക്കുകയും ചെയ്യാം. നോഹ അനുതാപം പ്രസംഗിച്ചു. അദ്ദേഹത്തെ കേട്ടവർ രക്ഷിക്കപ്പെട്ടു. നിനുവേക്കാരോടു യോനാ അനുതാപം പ്രസംഗിച്ചു. അനുതപിച്ച് പ്രാർത്ഥനവഴി ദൈവത്തെ പ്രീതിപ്പെടുത്തിയവർ, അവർ ദൈവത്തിനു അന്യരായിരുന്നിട്ടുപോലും രക്ഷിക്കപ്പെട്ടു."

അതായത്, അവർ ഔപചാരികമായി ദൈവജനത്തിലുറംപ്പെടാതിരുന്നവരായിട്ടുകൂടി എന്ന്.

ഏററം സുപ്രധാനരേഖകറം വേദസാക്ഷിയായ വി. ജസ്റ്റിനിൽ നിന്ന് നമുക്കു ലഭിച്ചിട്ടുണ്ട്. അദ്ദേഹം എഴുതിയത് ചെൽസൂസിനു മുമ്പാണ്. പക്ഷേ ചെൽസൂസ് ഉന്നയിച്ച തടസ്സവാദം അദ്ദേഹം മുൻകൂട്ടി കണ്ടിരുന്നു. അദ്ദേഹം തൻെറ First Apology (പ്രഥമന്യായവാദം) എന്ന ഗ്രന്ഥത്തിൽ പ്രസ്താവിക്കുന്നത്, ക്രിസ്തുവിനു മുമ്പു ജീവിച്ചിരുന്നവർ തങ്ങളുടെ പ്രവൃത്തികറംക്കു മറുപടി പറയേണ്ടവരല്ലായെന്ന തടസ്സവാദത്തിന താൻ മുൻകൂട്ടി തന്നെ മറുപറയാമെന്നാണ്. "മനുഷ്യവർഗ്ഗം മുഴുവനും ഭാഗഭാക്കായിത്തീരുന്ന ലോഗോസ് (ദൈവവചനം) ആണ് ക്രിസ്തു.

www.malankaralibrary.com

ലോഗോസിനനുരൂപരായി ജീവിച്ചിരുന്നവരെല്ലാം, അവർ നിരീശ്വരരായി പരിഗണിക്കപ്പെട്ടിരുന്നെങ്കിൽപോലും, ക്രിസ്ത്യാനികളാണ്. ഉദാഹരണമായി ഗ്രീക്കുജനതയിലുണ്ടായിരുന്ന സോക്രട്ടീസും ഹെരാക്ലീററസും.'' ജസ്റ്റിൻ തൻെറ 'ദ്വിതീയന്യായവാദ'ത്തിൽ (10:8) ഇതു കൂടുതൽ വ്യക്തമാക്കുന്നുണ്ട്: ''വരാനിരിക്കുന്നവയെക്കുറിച്ച് പ്രവാചകന്മാർ മുഖേന പ്രവചിക്കപ്പെട്ടവനും ശരീരിയായി നമുക്കു സദൃശ്യനുമായ ക്രിസ്തു എല്ലാവരിലും ലോഗോസ് ആയിരുന്നു, ആയിരിക്കുന്നു.'' അതുപോലെ ദ്വിതീയന്യായവാദം 13. 3—ൽ പ്ലേറോ, ജിതേന്ദ്രിയർ (stoics) മുതലായവരെക്കുറിച്ച് രേഖപ്പെടുത്തിയിട്ട് അദ്ദേഹം തുടർന്നു: ''അവർ ഓരോരുത്തർക്കും ദൈവികലോഗോസുമായി പങ്കുണ്ടായിരുന്നതിനാൽ, അതിനനുരൂപമായ വിധം അവർ നന്നായി സംസാരിച്ചു.''

നമുക്ക് സഹായകമായ ഒരു വിശദീകരണം ഡാനിയേലോ നൽകുന്നുണ്ട്. ജസ്റ്റിൻ സ്റ്റോയിക്കുകളുടെ ശൈലി കടം കൊണ്ടതാണെന്ന് അദ്ദേഹം ചിന്തിക്കുന്നു. എല്ലാ മനുഷ്യരിലും 'ലോഗോസിൻെറ ഒരു വിത്ത്'' ഉണ്ട്. ലോഗോസിൻെറ പ്രവർത്തനഫലമാണ് ആ വിത്ത്. സ്റ്റോയിക്കുകളുടെ ദൃഷ്ടിയിൽ ലോഗോസാണ് എല്ലാ ബുദ്ധിശക്തിലും ഉള്ള പ്രവർത്തനശക്തി. അതിൻെറ ബഹിർപ്രകടനമാണ് മനുഷ്യൻെറ വിവേചനശക്തി. ''ലോഗോസിൻെറ ഈ പ്രവർത്തനമാണ് ധാർമ്മികവും മതാത്മകവുമായ ചിന്തകൾ രൂപപ്പെടുത്തുവാൻ ഓരോ മനുഷ്യനും പ്രാപ്തി നൽകുന്നത്........സോക്രട്ടീസും ഹെറാക്ലിററീസും യഥാർത്ഥത്തിൽ അറിഞ്ഞിരുന്നത് വചനത്തെയായിരുന്നു''. അവർ അത് ഭാഗികമായും അവ്യക്തമായും മാത്രമേ അറിഞ്ഞിരുന്നുള്ളു. പക്ഷേ, അവർ അറിഞ്ഞ സത്യത്തിൻെറ ഉള്ളടക്കങ്ങളും ആവിഷ്ക്കരണംവഴി വന്നിട്ടുള്ള സത്യത്തിൻെറ ഉള്ളടക്കങ്ങളും തമ്മിൽ ഉള്ള വ്യത്യാസം ജസ്റ്റിൻ കാണുന്നില്ല. ഡാനിയേലോ തുടരുന്നു; ''പൂർണ്ണതയിലും അസന്നിഗ്ദ്ധതയിലും വ്യക്തതയിലും തീർച്ചയായും വ്യത്യാസമുണ്ട്''.

www.malankaralibrary.com

തത്വശാസ്ത്രജ്ഞനായിരുന്ന ജസ്റ്റിൻ സ്റ്റോയിസിസത്തിൽനിന്ന് കടംകൊണ്ട ഭാഷയും ആശയങ്ങളും ഉപയോഗിച്ചുവെന്നുള്ള ഡാനിയേലോയുടെ അഭിപ്രായത്തോട് നാം തീർച്ചയായും യോജിക്കുന്നു. പക്ഷേ ജസ്റ്റിന്റെ ചിന്തകൾക്ക് കൂടുതൽ ആഴമുണ്ടെന്ന് നാം വിശ്വസിക്കുന്നു. അത് നാം പിന്നാലെ കാണും. അദ്ദേഹം അനേകം തത്വശാസ്ത്രങ്ങൾ ഗ്രഹിച്ചിരുന്നു. എന്നാൽ ഒരു വെറും തത്വശാസ്ത്രജ്ഞനായിരിക്കുക എന്നതല്ലാതെ അവ ക്രിസ്തുവിനെ സേവിക്കുന്നതിനുപയുക്തമാക്കാൻ അദ്ദേഹം ആഗ്രഹിച്ചു. ജസ്റ്റിന്റെ വിചാരധാരയുടെ പ്രഭവസ്ഥാനം വി. പൗലോസ് റോമാക്കാർക്കെഴുതിയ ലേഖനം രണ്ടാമധ്യായം 14 മുതൽ 15 വരെയുള്ള വാക്യങ്ങളാണെന്ന് തോന്നുന്നു. ദൈവം, അഥവാ ദൈവാത്മാവ്, അഥവാ ക്രിസ്തു മനുഷ്യഹൃദയങ്ങളിൽ, വിജാതിയരുടെ ഹൃദയങ്ങളിൽപോലും നിയമമെഴുതുന്നുണ്ടെന്നാണ് ആ വാക്യങ്ങളിൽ വി. പൗലോസ് പ്രസ്താവിക്കുന്നത്. അതായത് താൻ പ്രവർത്തിക്കേണ്ടതെന്താണെന്ന് ഓരോ വ്യക്തിക്കും മനസ്സാക്ഷിമുഖേന അറിവ് ലഭിക്കുന്നു എന്ന്. (ആധുനിക നരവംശ ശാസ്ത്രം ഇതിനോട് യോജിക്കുന്നുണ്ട്. വിജാതീയർ ധാർമ്മിക നിയമത്തെക്കുറിച്ച് അത്ഭുതകരമായ അറിവുള്ളവരാണ്) ദൈവാത്മാവ് ഹൃദയങ്ങളിലെഴുതിയ നിയമങ്ങളനുസരിക്കുന്നവൻ ലോഗോസിനെയാണ് പിന്തുടരുന്നത്. അതിനാൽ റോമ. 2:16-ൽ പ്രസ്താവിക്കുന്ന പ്രകാരം അവർക്ക് രക്ഷപ്രാപിക്കുവാൻ കഴിയും. തന്മൂലം ഹാക്കർ ഇപ്രകാരം പറയുന്നത് ശരിയല്ല; "ഭക്തരായ വിജാതീയർ നിത്യതയിൽ ദൈവദർശനം നേടുമെന്ന കാര്യത്തിൽ ജസ്റ്റിൻ മൗനമവലംബിക്കുന്നു". സോക്രട്ടീസ് ക്രിസ്ത്യാനിയായിരുന്നുവെന്നും ലോഗോസിന്റെ ഹിതമനുസരിച്ച് ജീവിച്ചുവെന്നും ജസ്റ്റിൻ പറയുന്നുവെങ്കിൽ, ഇങ്ങനെയുള്ള ഒരു ക്രിസ്ത്യാനി എങ്ങനെ ലക്ഷ്യത്തിലെത്താതിരിക്കും? റോമ. 2:16. വിധിവേളയിൽ ഈ അവസാനപൂർത്തിയെക്കുറിച്ച് പ്രസ്താവിക്കുന്നുമുണ്ട്.

മരണശേഷവും മാമോദീസ ആവശ്യമാണെന്ന ഹെർമാസിന്റെ വിചിത്രമായ വീക്ഷണം നാം മുമ്പു കണ്ടതാണ്.

www.malankaralibrary.com

എന്നാൽ അദ്ദേഹത്തിൻെറ 'സ്വപ്നദർശനം' എന്ന ഗ്രന്ഥത്തിൻെറ രണ്ടാം ഭാഗം നാലാം അധ്യായം 1-ാം വാക്യത്തിൽ കൂടുതൽ വിശാലമായ ഒരു വീക്ഷണം കാണാം. ചെറിയ ഗ്രന്ഥം ഹെർമാസിനു നൽകിയ വൃദ്ധ ആരാണെന്നാണ് അദ്ദേഹം കരുതുന്നതെന്ന് മാലാഖചോദിക്കുന്നു. സിബിൽ ആണെന്നാണ് താൻ കരുതുന്നതെന്ന് ഹെർമാസ് മറുപടി പറയുന്നു. മാലാഖ അദ്ദേഹത്തിൻെറ തെററു തിരുത്തുന്നു. "നിങ്ങൾക്ക് തെററി.....അത് സഭയാണ്. ഞാൻ അവനോട് പറഞ്ഞു: അപ്പോൾ എന്തിനൊരു വൃദ്ധ? എല്ലാത്തിനും മുൻപെ അവൾ സൃഷ്ടിക്കപ്പെട്ടതു നിമിത്തം. ഇക്കാരണത്താലാണ് അവൾ വൃദ്ധയായത്. അവൾക്കുവേണ്ടിയാണ് ലോകം സ്ഥാപിതമായത്," അതിനാൽ, സഭ എപ്പോഴും ഉണ്ടായിരുന്നു. സൃഷ്ടിതന്നെ സംഭവിച്ചത് അവൾ ഉണ്ടാകുന്നത് മുൻകൂട്ടി കണ്ടതിനാലാണെന്ന് കരുതാം.

ക്ലെമൻറിൻെറ പേരിലുള്ള രണ്ടാം ലേഖനം (അതു ഏകദേശം 150 എ. ഡി. യിൽ എഴുതപ്പെട്ടതാണെന്ന് കരുതാം. അതിൻെറ രചയിതാവ് ക്ലമൻറല്ല എന്നാണ് പണ്ഡിതാഭിപ്രായം) ഇതിനോടു യോജിക്കുന്നു. "പ്രവാചകന്മാരുടെയും അപ്പസ്തോലൻമാരുടെയും ഗ്രന്ഥങ്ങൾ പ്രസ്താവിക്കുന്നതു് സഭ ഇപ്പോൾ മാത്രമല്ല ഉള്ളത്. ആരംഭം മുതൽ ഉണ്ടായിരുന്നുവെന്നാണ്. നമ്മുടെ യേശുവെന്നപോലെ അവളും ആധ്യാത്മീകമായിരുന്നു. നമ്മളെ രക്ഷിക്കുന്നതിനു അവസാനനാളുകളിൽ അവളെ പ്രത്യക്ഷപ്പെടുത്തുകയായിരുന്നു.

നാം മുമ്പുകണ്ടതുപോലെ ഇരണയൂസ് ഇടുങ്ങിയ വീക്ഷണത്തോടുകൂടിയ ചർച്ചാഭാഗം എഴുതിയിട്ടുണ്ട്. എന്നാൽ മററനേകം ഭാഗങ്ങളിൽ അദ്ദേഹം വിശാലവീക്ഷണം പുലർത്തുന്നുമുണ്ട്. "പിതാവായ ദൈവവും അവിടുത്തെ ലോഗോസും ഏക ദൈവമാണ്. വ്യത്യസ്തമായ ക്രമീകരണങ്ങളോടെ അവിടുന്നു മനുഷ്യവർഗ്ഗത്തെ സഹായിക്കുന്നു. പല കാര്യങ്ങളും പ്രവർത്തിക്കുന്നു. രക്ഷപെട്ടവരെ അവിടുന്നു ആദ്യം മുതൽ രക്ഷിച്ചു. അവർ ദൈവത്തെ സ്നേഹിക്കുന്നവരാണ്, തങ്ങളുടെ കാലഘട്ടത്തിനനുസരിച്ചു് അവിടുത്തെ ലോഗോസിനെ പിൻചെന്നവരാണ്''.

www.malankaralibrary.com

ഇരണയസ് വിവിധ കാലഘട്ടങ്ങളിലുള്ള വിവിധ ക്രമീകരണങ്ങളുള്ള മനുഷ്യവർഗ്ഗത്തെക്കുറിച്ചാണ്, അല്ലാതെ യഹൂദരെക്കുറിച്ചും ദൈവം അവർക്കു നൽകിയ ക്രമീകരണങ്ങളെക്കുറിച്ചുമല്ല, പ്രതിപാദിക്കുന്നത്. കൂടാതെ കാല്പനിക ഭാവനയിൽ തല്പരനല്ലാത്ത ഇരണയസ് ലോഗോസിൽ വിശ്വസിക്കുന്നവരെല്ലാം രക്ഷിക്കപ്പെടുമെന്നും എഴുതുന്നു. ഇതു മുൻപു പ്രസ്താവിച്ച ജസ്റ്റിൻെറ അഭിപ്രായത്തോട് യോജിച്ചതാണ്. ഗ്രീൻമേയർ ഇതിനെക്കുറിച്ചു രേഖപ്പെടുത്തുന്നു: "അദ്ദേഹത്തിൻെറ മനുഷ്യാവതാരം ലോഗോസിൻെറ പ്രത്യക്ഷീകരണങ്ങളുടെ ഒരു സമാപ്തിയായിരുന്നു. അവയുടെ ആരംഭമാകട്ടെ ലോകസൃഷ്ടി മുതലാണ്."

ഇതേ ചിന്താസരണി തുടർന്ന് ഇരണയസ് എഴുതി: "പുത്രനാകട്ടെ, പിതാവിനുവേണ്ടി സകലതും ഭരിച്ചുകൊണ്ട് ആരംഭം മുതൽ അവസാനംവരെ അവിടുത്തെ പ്രവൃത്തി പൂർത്തിയാക്കുന്നു. പുത്രൻ ആരംഭം മുതലേ അവിടുത്തെത്തന്നെ സൃഷ്ടികളെ സഹായിച്ച് അവിടുന്നു ഇച്ഛിക്കുന്നവർക്കെല്ലാം പിതാവിനെ വെളിപ്പെടുത്തുന്നു." ചെൽസൂസിനുള്ള മറുപടിയെന്നവിധം അദ്ദേഹം രേഖപ്പെടുത്തി.

"തിബേരിയസ് സീസറിൻെറ കാലം മുതൽ വിശ്വസിച്ചവർക്കുവേണ്ടി മാത്രമല്ലാ ക്രിസ്തു വന്നത്. പിതാവാകട്ടെ, ഇപ്പോഴുള്ളവർക്കു മാത്രമല്ലാ, പിന്നെയോ, തങ്ങളുടെ പ്രാപ്തിക്കനുസരണം ദൈവത്തെ സ്നേഹിക്കുകയും നീതിയനുസരിച്ചു ജീവിക്കുകയും ക്രിസ്തുവിനെ കാണുന്നതിനും അവിടുത്തെ വാക്കുകൾ കേൾക്കുന്നതിനും ആഗ്രഹിച്ച ആരംഭം മുതലേയുള്ളവർക്കെല്ലാം ആവശ്യമായവയെല്ലാം നൽകുകയും ചെയ്തു."

വിശാലവീക്ഷണത്തോടുകൂടിയ പല പ്രസ്താവങ്ങളും അലക്സാന്ത്രിയായിലെ വി. ക്ലെമൻറിൻേറതായുണ്ടു്, "ഇപ്പറഞ്ഞതിൽനിന്നു് പണ്ടു മുതലേ ഒരു സത്യസഭ ഉണ്ടെന്നു വ്യക്തമായതായി ഞാൻ കരുതുന്നു. നീതിമാന്മാരായവർ നിശ്ചയപ്രകാരം സഭയിൽ ചേർക്കപ്പെടുന്നു." കൂടാ

www.malankaralibrary.com

തെ, "ക്രിസ്തുവിന്റെ ആഗമനത്തിനു മുൻപു് നീതീകരണത്തിനു ഗ്രീക്കുകാർക്ക് തത്വശാസ്ത്രം ആവശ്യമായിരുന്നു. ഇപ്പോഴതു ഭക്തിക്കു പ്രയോജനകരമാണു്........ കാരണം യഹൂദരെ ക്രിസ്തുവിന്റെ പക്കലേക്കു നിയമം കൊണ്ടുവന്നതുപോലെ ഗ്രീക്കുകാരെ ക്രിസ്തുവിന്റെ പക്കലേക്കു അതു കൊണ്ടുവന്നു".

മനസ്സിൽ ചൂഴ്ന്നിറങ്ങുന്ന ഭാഷ്യങ്ങരം ഡാനിയേലോ നൽകുന്നു. ക്രിസ്തുവിനു മുമ്പ് ലോഗോസിന്റെ പൊതുവിലുള്ള പ്രവൃത്തിയെക്കുറിച്ചാണ് ജസ്റ്റിൻ പ്രസ്താവിച്ചത്. പക്ഷേ, ക്ലെമൻറാകട്ടെ രണ്ടു വ്യത്യസ്ത രീതികരം കാണുന്നു. "യഹൂദർക്കു നിയമമെന്നതുപോലെ ഗ്രീക്കുകാർക്കു തത്വശാസ്ത്രമുണ്ടായിരുന്നു." അപ്പോരം വിവേചനജനിതമായ, സാമാന്യമായ അറിവ് മാത്രമേ ഗ്രീക്കുകാർക്കുണ്ടായിരുന്നുള്ളു. യഹൂദർ ലോഗോസിന്റെതന്നെ പ്രവർത്തികളും സ്വീകരിച്ചിരുന്നു. അതിനാൽ ഡാനിയേലോ ക്ലമൻറിന്റെ Stromata-യിൽനിന്ന് ഉദ്ധരിക്കുന്നു: ഒരു കൂട്ടർക്കു നിയമങ്ങളും മററുള്ളവർക്കു തത്വശാസ്ത്രവും അവിടുന്നു നല്കി. വിശ്വസിക്കാതിരുന്ന യാതൊരുവനും ക്ഷമയുടെ കാരണം ഉണ്ടായിരുന്നില്ലായെന്നതാണ് അതിന്റെ ഫലം".

പക്ഷേ, ഹാക്കർ പ്രസ്താവിക്കുന്നതിങ്ങനെയാണ്. "അന്തിമമായി രക്ഷ നേടാൻ നല്ല ജീവിതം നയിച്ച ഹാദേസിലുള്ള വിജാതിയരുടെ ആത്മാക്കരെ പരിഹാരപ്രവൃത്തികളനുഷ്ഠിക്കുകയും ക്രിസ്തുവിലുള്ള വിശ്വാസം സ്വീകരിക്കുകയും ചെയ്യേണ്ടത് അനുപേക്ഷണീയമാണ്." തന്റെ അഭിപ്രായസ്ഥിരതയ്ക്കുവേണ്ടി മരിച്ചവർ മാമോദീസാ സ്വീകരിക്കണമെന്ന ഹെർമാസിന്റെ അഭിപ്രായം ക്ലെമൻറു് ഉദ്ധരിച്ചതും അദ്ദേഹം ഉപയോഗിച്ചിരുന്നെങ്കിൽ എത്ര നന്നായേനെ! ഹാക്കർ വിന്യാസപരമായ വീഴ്ചയ്ക്കു വശംവദനായെന്നു തോന്നുന്നു. ക്ലമന്റെഴുതിയ അസാമ്യമായ വാചകങ്ങരം കൂട്ടിച്ചേർക്കാൻ നടത്തിയ അഭ്യാസപാടവത്തിന്റെ ഫലമായുണ്ടായ അബന്ധമാണതു്. നാം മുമ്പു കണ്ടതുപോലെ ക്ലമൻറ് ഉരംപ്പെടെയുള്ള പല എഴു

www.malankaralibrary.com

ത്തുകാരിലും രണ്ടുവിധമുള്ള രേഖകൾ കാണാം. ക്ലമൻറ് മററുള്ളവരെപ്പോലെ രണ്ടും കൂട്ടിക്കുഴച്ചിട്ടില്ല. ഓരോന്നും പ്രത്യേകമായി രേഖപ്പെടുത്തുകയായിരുന്നു. എന്നിരുന്നാലും വിജാതീയർ രക്ഷപ്രാപിക്കുമെന്നു് ക്ലമൻറ് കരുതിയിരുന്നതായി തോന്നുന്നു. കാരണം Stromata 1. 20. 99-ൽ അദ്ദേഹം രേഖപ്പെടുത്തി:

തത്വശാസ്ത്രം അതിനാൽ തന്നെ ഗ്രീക്കുകാരെ പൂർണ്ണമായിട്ടല്ലെങ്കിലും നീതിയുള്ളവരാക്കി. പൂർണ്ണ നീതിക്കു അതു സഹായിയായിരുന്നു. ഒരു ഭവനത്തിലേക്കു പ്രവേശിക്കാനുള്ള ഒന്നാമത്തെയും രണ്ടാമത്തെയും പടി പോലെയും ഭാവിയിലെ തത്വശാസ്ത്രത്തിനുവേണ്ടിയുള്ള പ്രാഥമികാധ്യാപകനെപ്പോലെയും''

നാം ഇവിടെ രണ്ടു കാര്യങ്ങൾ കാണുന്നു.

1) തത്വശാസ്ത്രം ഒരിക്കൽ ഗ്രീക്കുകാരെ നീതിയുള്ളവരാക്കി. 2) അതു പൂർണ്ണമായ നീതിയല്ലായിരുന്നു. ഭവനത്തിലേക്കു പ്രവേശിക്കുവാനുള്ള ഒന്നാമത്തെയും രണ്ടാമത്തെയും പടികളോടു അതിനെ സാധർമ്യപ്പെടുത്തി അദ്ദേഹം അതു വ്യക്തമാക്കി. തത്വശാസ്ത്രം നീതിയുള്ളവരെ ഉളവാക്കി. പക്ഷേ, അതു ക്ലമൻറിൻെറ ഭാഷയിൽ പൂർണ്ണ ക്രിസ്ത്യാനികൾ നേടുന്ന ഉന്നതതലങ്ങളിലേക്കു ഗ്രീക്കുകാരെ നയിച്ചിട്ടില്ല.

നമ്മുടെ ഈ വ്യാഖ്യാനത്തിനു ഹാക്കർ സഹായം നൽകുന്നുണ്ട്. ''എല്ലാ മനുഷ്യരെയും പ്രകാശിപ്പിക്കുന്ന ലോഗോസിൻെറ വെളിച്ചത്തെക്കുറിച്ച് പ്രസ്താവിക്കുന്ന വി. യോഹന്നാൻെറ സുവിശേഷത്തിൻെറ ആരംഭഭാഗത്തിലെ ആശയം ക്ലമൻറിൻെറമനസ്സിൽ ഉണ്ടായിരുന്നതു അദ്ദേഹം സൂചിപ്പിക്കയായിരുന്നുവെന്നാണ് ഹാക്കർ പ്രസ്താവിക്കുന്നത്. വി. പൗലോസ് റോമാക്കാർക്കെഴുതിയ ലേഖനം രണ്ടാമധ്യായം 15-ാം വാക്യവും നാം ഓർക്കുക. ''ലോഗോസിനനുസൃതമായിട്ടായിരിക്കും നിത്യജീവൻ പ്രാപിക്കുന്നതു്'' എന്നു് ക്ലമൻറിൻെറ അഭിപ്രായത്തോട് യോജിച്ചുകൊണ്ട് എസ്ക്രിബാനോ- അൽബേർകായും പ്രസ്താവിക്കുന്നുണ്ട്.

www.malankaralibrary.com

ക്ലമൻറിൻെറ പ്രശസ്ത ശിഷ്യനായിരുന്ന ഒരിജൻ ഈ ചിന്താസരണിയിൽകൂടി കൂടുതൽ മുൻപോട്ടുപോയി. ഉത്തമമായ അറിവുള്ളവർ എന്നു വിളിക്കുവാൻ ക്ലമൻറു് ഇഷ്ടപ്പെടുന്ന പൂർണ്ണ ക്രിസ്ത്യാനികളുടെ അദൃശ്യസഭയ്ക്കു ഊന്നൽ നല്കുവാനും ഈ ആധ്യാത്മികസഭയെ ക്രിസ്തുവിൻെറ മൗതികശരീരമായി കണക്കാക്കുവാനും അലക്സാന്ത്രിയൻ താത്പര്യം വഴി തെളിച്ചുവെന്നു് J. N. D. Kelly പ്രസ്താവിക്കുന്നു. "ഈ നിഗൂഢാർത്ഥത്തിൽ ക്രിസ്തുവിൻെറ മൗതിക ശരീരത്തിൽ മനുഷ്യവർഗ്ഗം മുഴുവൻ, സൃഷ്ടി മുഴുവൻതന്നെ, അടങ്ങിയിരിക്കുന്നു." എന്ന് ഒരിജൻെറ ലിഖിതങ്ങളിൽനിന്നു സ്പഷ്ടമാണെന്നും കെല്ലി പ്രസ്താവിക്കുന്നു. സൃഷ്ടിക്കു മുൻപുതന്നെ ഒരു സ്വർഗ്ഗീയസഭ നില നിന്നിരുന്നുവെന്നു പോലും പറഞ്ഞുവയ്ക്കാൻ ഒരിജൻ ധൈര്യം കാണിച്ചു. ഒരിജൻെറ പ്രസ്താവം ഇതാണ്: "രക്ഷകൻ ശരീരിയായതിനു ശേഷമുള്ള മണവാട്ടിയെ അഥവാ സഭയെക്കുറിച്ചു മാത്രമാണു ഞാൻ പ്രസ്താവിക്കുന്നതെന്നു കരുതാതിരിക്കുക. നേരെമറിച്ച് മനുഷ്യവർഗ്ഗത്തിൻെറ ആരംഭം മുതൽ തന്നെയുള്ള സഭയെയാണ്. വി. പൗലോസിനെ നേതാവായി സ്വീകരിച്ചുകൊണ്ട് ഈ രഹസ്യത്തിൻെറ ആരംഭം ആഴമായിത്തന്നെ അന്വേഷിച്ചു കണ്ടുപിടിക്കാൻ ഞാൻ ആഗ്രഹിക്കുന്നതിനാൽ ലോകസ്ഥാപനത്തിനു മുൻപെതന്നെ സഭ ഉണ്ടായിരുന്നു എന്നു പറയും. വി. പൗലോസ് എഫേസ്യർക്കെഴുതിയ ലേഖനം നാലാം വാക്യത്തിൽ പ്രയോഗിച്ചിരിക്കുന്ന ഗ്രീക്കുപദമായ Katabole എന്ന പദത്തിനർത്ഥം നല്ല അവസ്ഥയിൽനിന്നുള്ള ഒരു വീഴ്ചയായി ഒരിജൻ കരുതുന്നതായി കാണാം. മേൽ പ്രസ്താവിച്ചതെഴുതിയപ്പോൾ ഇതു അദ്ദേഹത്തിൻെറ മനസ്സിലുണ്ടായിരുന്നു. ഈ ജീവിതത്തിനു മുൻപ് നാമെല്ലാം ആത്മാക്കളുടെ ഒരു ലോകത്തിലായിരുന്നുവെന്നു ഒരിജൻ കരുതുന്നു. വ്യത്യസ്ത യോഗ്യതകൾ മൂലം ചിലർ മനുഷ്യരായി, ചിലർ മാലാഖമാരായി, ചിലർ പിശാചുക്കളായി, ചിലർ ആകാശത്തിൽ നക്ഷത്രങ്ങളായി. (ഒരിജൻെറ കാലത്ത് ശാസ്ത്രം ഇന്നത്തെ നിലയിൽ എത്തിയിരുന്നില്ല

www.malankaralibrary.com

ല്ലോ. പരിഭാഷകൻ) നമ്മുടെ മാനുഷിക ക്ലേശങ്ങൾക്കു കാരണമായി ഈ ജീവിതത്തിനു മുൻപുതന്നെയുള്ള ഒരു പാപത്തെ കാണേണ്ടതാവശ്യമാണെന്നു് ഒരിജൻ ചിന്തിച്ചു.

ക്രിസ്തുമതത്തിനെതിരായി ചെൽസൂസ് ഇങ്ങനെ എഴുതിയതു് നാം മുൻപു കണ്ടതാണ്: അനേകയുഗങ്ങൾ കഴിഞ്ഞശേഷം മനുഷ്യജീവിതം നീതിയുള്ളതാക്കുന്നതിനു ദൈവം വിചാരിച്ചുവോ, അതിനുമുൻപ് അവിടുന്ന് അതു പരിഗണിച്ചില്ലേ?'' ഇതിനു മറുപടിയായി ഒരിജൻ എഴുതി:

''ഇതിനു മറുപടിയായി ഞങ്ങൾ പ്രസ്താവിക്കുന്നത് മനുഷ്യജീവിതം നീതിയുള്ളതാക്കാൻ ദൈവം ഇച്ഛരിക്കാതിരുന്ന ഒരു സമയവും ഉണ്ടായിട്ടില്ല എന്നാണ്. എപ്പോഴും അവിടുന്ന് അതു കരുതിയിരുന്നു. ബുദ്ധി ഉപയോഗിക്കുന്നവൻ നീതിയുള്ളവനാകാൻ സദ്ഗുണത്തിനുള്ള അവസരങ്ങൾ അവിടുന്നു നൽകി. തലമുറ തലമുറകളിലായി ദൈവത്തിൻെറ ഈ ജ്ഞാനം അതു വിശുദ്ധമായി കണ്ട ആത്മാക്കളിലെത്തുകയും അവരെ ദൈവത്തിൻെറയും പ്രവാചകരുടെയും സ്നേഹിതരാകുകയും ചെയ്തു.''

ഇതുപോലെ വി. പൗലോസ് റോമാക്കാർക്കെഴുതിയ ലേഖനം രണ്ടാമധ്യായം 14 മുതൽ 16 വരെയുള്ള വാക്യങ്ങൾക്കുള്ള ഭാഷ്യത്തിൽ ഒരിജൻ പ്രസ്താവിച്ചത്. ഹൃദയങ്ങളിലെഴുതപ്പെട്ട നിയമം സാബത്തിനെയോ പൂർണ്ണ ചന്ദ്രനെയോ സംബന്ധിച്ചല്ല, എന്നാണ്.

നേരെമറിച്ചു്:

''അവർ കൊലപാതകവും വ്യഭിചാരവും ചെയ്യാതിരിക്കുന്നതിനും മോഷ്ടിക്കാതിരിക്കുന്നതിനും കള്ളസാക്ഷി പറയാതിരിക്കുന്നതിനും മാതാപിതാക്കളെ ബഹുമാനിക്കുന്നതിനും ഇതുപോലെയുള്ള മററു കാര്യങ്ങൾക്കുമാണ്. പ്രകൃതി നൽകിയ ബഹുമതിയാലല്ലാ ഓരോരുത്തനും വിധിക്കപ്പെടുന്നതു്. നേരെമറിച്ചു്, അവൻെറതന്നെ വിചാരങ്ങൾ നിമിത്തമാണ്, അവൻെറതന്നെ മനസ്സാക്ഷിയുടെ സാക്ഷിനിമിത്തമാണ് ഒരുവൻ കുററക്കാരനോ കുററവിമുക്തനോ ആയി വിധിക്കപ്പെടുക''

www.malankaralibrary.com

"പ്രകൃതിയുടെ ബഹുമതി"യെക്കുറിച്ചുള്ള പരാമർശം വിമർശിക്കുന്നത് ഒരുവൻ യഹൂദനാണോ അല്ലാത്തവനാണോ എന്നതാണ്. ദൈവം അങ്ങനെ ആരെയും മതിക്കുന്നില്ല.

വിജാതീയരുടെ ബലികളെക്കുറിച്ചും ഒരിജൻ ഒരു പ്രത്യേക പ്രസ്താവം പുറപ്പെടുവിച്ചിട്ടുണ്ട്. "പ്രസാദവരം സമൃദ്ധമാക്കുന്നതിനു ദൈവം ആഗ്രഹിക്കുന്നതിനാൽ സന്നിഹിതനായിരിക്കുക സമുചിതമെന്നു് ദൈവം കരുതുന്നു...............വിജാതീയരുടെ ബലികളല്ല, പ്രത്യുത തന്നെ സന്ദർശിക്കുവാൻ വരുന്നവൻെറ പക്കലാണു ദൈവം സന്നിഹിതനാകുന്നത്. അവിടെ അവിടുന്നു തൻെറ വചനം നൽകുന്നു." ലത്തീൻ ഭാഷയിലുള്ള രേഖ മാത്രമേ നമ്മുടെ കൈവശമുള്ളു. മൂല ഭാഷയായ ഗ്രീക്കിൽ ഒരു പക്ഷേ, ലോഗോസ് എന്നായിരിക്കാം ഒരിജൻ രേഖപ്പെടുത്തിയിട്ടുള്ളതു്. തൻെറ ഗുരുവായ ക്ലമൻറിനെയും ജസ്റ്റിനെയും പോലെതന്നെ.

ചെൽസൂസ് പുറപ്പെടുവിച്ച എതിർവാദത്തിനുള്ള മറുപടി Acts of Archelus with Manus (അർക്കലെയൂസും മാനസുമായുള്ള സംവാദം) എന്നു വിളിക്കപ്പെടുന്ന ഗ്രന്ഥത്തിൽ പ്രസ്പഷ്ടമായികാണാം. J. Quasten പ്രസ്താവിക്കുന്നത് അതൊരു സാങ്കല്പിക കൃതിയാണ് അങ്ങനെയൊരു സംവാദം സംഭവിച്ചിട്ടില്ലായെന്നാണു്. ഈ ഗ്രന്ഥം എഴുതിയതു് കൽക്കദോനിയായിലെ ഹെഗമോണിയസ് ആണെന്നു് ക്വാസ്റ്റൻ അഭിപ്രായപ്പെടുന്നു. ഹെഗമോണിയസിനെക്കുറിച്ച് നമുക്കു കൂടുതലായി അറിവൊന്നുമില്ല. ഗ്രന്ഥനിർമ്മിതി നടന്നത് നാലാം നൂററാണ്ടിൻെറ ആദ്യപകുതിക്കു മുൻപായി കണക്കാക്കപ്പെടുന്നു. നിഖ്യാസൂനഹദോസിനു ശേഷമെഴുതിയ ഗ്രന്ഥമായിട്ടാണ് കരുതപ്പെടുന്നത്. പ്രാചീനകാലങ്ങളിൽ ജീവിച്ചിരുന്നവരുടെവിധിയെക്കുറിച്ച് മാന്തൂസുമായി അർക്കലെയൂസ് സംവാദത്തിലേർപ്പെട്ടിരുന്നു. അർക്കലെയൂസ് അവരെക്കുറിച്ചു പ്രസ്താവിക്കുന്നു:

www.malankaralibrary.com

"ലോകസൃഷ്ടി മുതൽ നീതിമാന്മാരോടുകൂടി അവിടുന്ന് എപ്പോഴും ഉണ്ടായിരുന്നു. "അവർ ഓരോരുത്തനും താൻെറ ഹൃദയത്തിലുണ്ടായിരുന്ന നിയമത്തിൻെറ പ്രവൃത്തികൾ" അനുഷ്ഠിച്ചതിനാലല്ലേ അവർ നീതികരിക്കപ്പെട്ടത്? നിയമമില്ലാത്ത ഒരുവൻ നിയമത്തിൻെറ പ്രവൃത്തികൾ പ്രകൃതിയാലേ അനുഷ്ഠിക്കുമ്പോൾ അവനു നിയമമില്ലെങ്കിലും തനിക്കു നിയമമുള്ളവനാണ്.......... നിയമത്തിൻെറ പ്രവൃത്തികൾ കൂടാതെ ഒരുവൻ നീതികരിക്കപ്പെടുന്നുവെന്നു നാം വിധിക്കുന്നുവെങ്കിൽ ........മനുഷ്യർക്കു ഗുണകരമായ കാര്യങ്ങളടങ്ങിയ നിയമം പൂർത്തിയാക്കുന്നവർ എത്രമാത്രം കൂടുതൽ നീതി നേടുകയില്ല"

റോമാ: 15-നോട് ഹെഗസോണിയസ് തൻെറ വിശ്വാസം ബന്ധിക്കുന്നതു പ്രത്യേകം അർത്ഥവത്താണ്. ഇതു നാം പിന്നാലെ കാണും. "തങ്ങളുടെ ഹൃദയങ്ങളിൽ എഴുതപ്പെട്ടിരിക്കുന്ന നിയമത്തിൻെറ പ്രവർത്തികൾ അവർ കാണിക്കുന്നു." വിജാതികർക്കു അറിഞ്ഞുകൂടായിരുന്നെങ്കിലും ജസ്റ്റിൻ ആരെക്കുറിച്ചു പ്രസ്താവിച്ചുവോ ആ ലോഗോസിനാൽ അവ യഥാർത്ഥത്തിൽ എഴുതപ്പെട്ടിരുന്നു.

പഴയ കാലങ്ങളിൽ ദൈവം പരിഗണിച്ചില്ലയോ എന്ന വാദത്തിനു അർനോബിയസും മറുപടി നൽകിയിട്ടുണ്ട്:

"നാശത്തിൻെറ ജീർണ്ണതയിൽനിന്ന് നിർഭാഗ്യരായ ആത്മാക്കളെ രക്ഷിക്കുവാനാണ് ക്രിസ്തുവിനെ ദൈവം അയച്ചതെങ്കിൽ, അവിടുത്തെ ആഗമനത്തിനു മുൻപു് മരണത്തിൻെറ വ്യവസ്ഥിതിയിലിരുന്ന അതിനു മുൻപേയുള്ള യുഗങ്ങൾക്കു എന്തവകാശപ്പെടാനൊക്കും എന്നു് അവർ ചോദിക്കുന്നു. ഈ വിധ ചിന്തകൾ വിട്ടുകളയുക, നിങ്ങൾക്കു ഗ്രഹിക്കുവാൻ സാധ്യമല്ലാത്ത ചോദ്യങ്ങൾ ഉപേക്ഷിക്കുക; കാരണം, രാജകീയ കാരുണ്യം അവർക്കു നൽകപ്പെട്ടു. ദൈവികമായ അനുഗ്രഹങ്ങൾ അവരിലെല്ലാം ഒരുപോലെ ഒഴുകി, അവർ സുരക്ഷിതരായിത്തീർന്നു, അവർ വിമോചിതരായിത്തീർന്നു, മരണത്തിൻെറ വ്യവസ്ഥിതി അവരിൽ നിന്നൊഴിവായി"

www.malankaralibrary.com

സഭയുടെ പ്രഥമചരിത്രകാരനായ കേസറിയായിലെ എവുസേബിയസ് മേൽ പ്രസ്താവിച്ചതിനോടു യോജിക്കുന്നു.

"ഞങ്ങൾ, ക്രിസ്ത്യാനികൾ, തീർച്ചയായും പുതിയ ആളുകളാണെങ്കിൽപോലും, ക്രിസ്ത്യാനികളെന്ന പുതിയ നാമം ഇപ്പോൾ മാത്രമാണ് ജനതകളുടെയിടയിൽ അറിയപ്പെടുന്നതെങ്കിൽപോലും, ഞങ്ങളുടെ മതത്തിന്റെ കല്പനകൾക്കനുസൃതമാണ് ഞങ്ങളുടെ ജീവിതവും പ്രവർത്തനരീതിയുമെങ്കിലും ഈ നാമം ഈയിടെ ഞങ്ങൾ കണ്ടുപിടിച്ചതല്ല. നേരെമറിച്ച്, മനുഷ്യസൃഷ്ടിയുടെ ആരംഭം മുതൽതന്നെയെന്നു പറയാം, ദൈവത്തെ സ്നേഹിച്ച പുരാതന മനുഷ്യരുടെ സ്വാഭാവികമായ, സഹജമായ ചിന്തകൾക്കനുസൃതമായിട്ടുള്ളതാണു ഈ നാമമെന്നു പറയാം. ഇതു ഞങ്ങൾ വെളിപ്പെടുത്താം...........അബ്രഹാം മുതൽ ആദിമ മനുഷ്യൻവരെ പിന്നോട്ടു പോയി നീതിമാന്മാരായിരുന്നവരെ ആരെങ്കിലും ക്രിസ്ത്യാനികളെന്നുവിളിക്കുന്നപക്ഷം അയാൾ സത്യം വെളിപ്പെടുത്തുകയായിരിക്കും." അപ്പോൾ എവുസേബിയസിന്റെ അഭിപ്രായപ്രകാരം ക്രിസ്തീയ ധാരണകൾ മനുഷ്യനു ജന്മനാലെയുള്ളതാണെന്നു പറയാം. അതിനാൽ ആരംഭം മുതലേ ക്രിസ്ത്യാനികളുണ്ടായിരുന്നുവെന്നു പറയാം. കാരണം, ഈ പുരാതന മനുഷ്യർ അവരറിയാതെതന്നെ ലോഗോസിനെ പിൻചെല്ലുകയായിരുന്നു. ഇവിടെ ജസ്റ്റിന്റെ 'പ്രഥമസംവാദം നാം അനുസ്മരിക്കുന്നു. മുനോസ് പാലാസിയോസ് ചൂണ്ടിക്കാണിക്കുന്നതുപോലെ എവുസേബിയസ് ലോഗോസിനു നൽകുന്ന വിപുലമായ, പ്രപഞ്ചത്തെയാകമാനം സ്പർശിക്കുന്ന, നിലപാട് മുൻകൂട്ടി കണക്കാക്കപ്പെട്ടതാണ്.

മതപരിവർത്തനം ചെയ്യുകയും പിന്നീട് ഒരു ബിഷപ്പാകുകയും ചെയ്ത വി. ഗ്രീഗറി നസിയാൻസൻ തന്റെ പിതാവിന്റെ മൃതദേഹസംസ്കാരവേളയിലെ പ്രസംഗത്തിൽ ഇങ്ങനെ പ്രസ്താവിച്ചു:

"നമ്മുടെ കൂട്ടത്തിലാകുന്നതിനു മുൻപുതന്നെ അദ്ദേഹം നമ്മുടേതായിരുന്നു. അദ്ദേഹത്തിന്റെ ജീവിതം അദ്ദേ

www.malankaralibrary.com

ഹത്തെ അങ്ങനെയാക്കിയിരുന്നു. തങ്ങളുടെ ജീവിതമുഖേന നമ്മുടെ ശരീരത്തിൽ (സഭയിൽ) അല്ലാതെ നമുക്കുള്ള അനേകരുണ്ട്. അതുപോലെ തങ്ങളുടെ ജീവിതം മുഖേന വിശ്വാസം മുൻകൂട്ടി കണ്ടവരായ പുറത്തുള്ള അനേകർ നമുക്കുള്ളവരാണ്. അവർക്കു യാഥാർത്ഥ്യമുണ്ട്. പേരു മാത്രമേ അവർക്കാവശ്യമുള്ളു.''

ഈ ചിന്താരീതിയിൽ തൻെറ സഹോദരിയായിരുന്ന ഗൊർഗോണിയായെക്കുറിച്ചും അദ്ദേഹം പ്രസംഗിക്കുകയുണ്ടായി: ''അവളുടെ ജീവിതം മുഴുവനും അവർക്കു ഒരു ശുദ്ധീകരണവും പൂർണ്ണതയിലേക്കുള്ള പ്രയാണവുമായിരുന്നു. ആത്മാവിൻെറ വീണ്ടും ജനനം അവൾക്കുണ്ടായിരുന്നു. അവളുടെ പൂർവ്വജീവിതം തന്നെ ഇതു സ്ഥിരീകരിക്കുന്നു. അതിനാൽ രഹസ്യം (മാമോദീസാ) അവർക്കു ഒരു മുദ്ര മാത്രമായിരുന്നു, കൃപയല്ലായിരുന്നു എന്നു ധൈര്യപൂർവ്വം പ്രസ്താവിക്കാം.''

വി. ജോൺ ക്രിസോസ്റ്റോം റോമാ 2, 14: 16 വ്യാഖ്യാനിക്കുമ്പോൾ 14-ാം വാക്യത്തിലുള്ള 'സ്വാഭാവികമായി തന്നെ' എന്ന പദത്തിനർത്ഥം 'സ്വാഭാവികമായ വിവേചന ശക്തിക്കനുസൃതം' എന്താണെന്നു പറയുന്നുണ്ട്.

ഇക്കാരണത്തിൽ അവർ വിസ്മയകരരാണെന്ന് അദ്ദേഹം പ്രസ്താവിക്കുന്നു. കാരണം നിയമം അവർക്കു ആവശ്യമില്ലായിരുന്നു. നിയമത്തിൻെറ സകല പ്രവൃത്തികളും അവർ കാണിക്കുന്നു....അദ്ദേഹം എങ്ങനെയാണ് ആ ദിവസത്തെ പ്രദർശിപ്പിക്കുന്നതെന്നും അതിനെ സമീപസ്ഥമാക്കുന്നതെന്നും നിങ്ങൾ കാണുന്നില്ലേ? നിയമമില്ലാതെതന്നെ നിയമത്തിൻെറ പ്രവൃത്തികൾ അനുഷ്ഠിച്ച അവർ ബഹുമാനിക്കപ്പെടേണ്ടവരാണെന്നും അദ്ദേഹം കാണിക്കുന്നു........ നിയമത്തിനു പകരം മനസ്സാക്ഷിയും വിവേചനചിന്തയും മതിയാവും. സദ്ഗുണം തെരഞ്ഞെടുക്കുവാനും തിൻമയിൽ നിന്നു ഓടിയകലാനും തക്കവിധം സ്വയം പര്യാപ്തത നൽകിയാണ് ദൈവം മനുഷ്യനെ സൃഷ്ടിച്ചതെന്ന് ഇവ മുഖേന അദ്ദേഹം വീണ്ടും കാണിച്ചു ........ നിയമം നൽകിയതിനു മുമ്പുള്ള ആദികാലങ്ങളിൽ പോലും പൂർണ്ണമായ

www.malankaralibrary.com

ദൈവപരിപാലന മനുഷ്യർ അനുഭവിച്ചിരുന്നുവെന്നും അദ്ദേഹം കാണിച്ചു. 'ദൈവത്തെക്കുറിച്ച് ഗ്രഹിക്കാവുന്നത്.' അവർക്കു വ്യക്തമായിരുന്നു. നന്മയെന്തെന്നും തിന്മയെന്തെന്നും അവർക്കറിയാമായിരുന്നു.''

ചെൽസൂസ് കൂടെക്കൂടെ ഉന്നയിച്ചുകൊണ്ടിരുന്ന തടസ്സവാദത്തിനു വി. ജോൺ ക്രിസോസ്റ്റോം തൻെറ പ്രസംഗങ്ങളിൽ മറുപടി നൽകിയിട്ടുണ്ട്. ''അപ്പോൾ, നമുക്കു നേരെ കുററം ഉന്നയിക്കുന്നു. 'പരിഗണിക്കാതിരുന്ന് പഴയ കാലയളവിൽ ക്രിസ്തു എന്താണ് ചെയ്തുകൊണ്ടിരുന്നത്?' നാം മറുപടി പറയും; അവിടുന്നു ലോകത്തിലാഗതനാകുന്നതിനു മുൻപുപോലും തൻെറ പ്രവൃത്തികൾ അനുഷ്ഠിച്ചിരുന്നു. യോഗ്യരായ എല്ലാവർക്കും അവിടുന്ന് അറിയപ്പെട്ടവനായിരുന്നു.'' ബുദ്ധിശക്തിമൂലം മനുഷ്യർ ധാർമ്മികാവശ്യങ്ങൾ അറിഞ്ഞിരുന്നുവെന്ന് മുൻപുള്ള പ്രസ്താവനകളെക്കാൾ കൂടുതൽ തെളിമയോടെ ഇവിടെ വിശുദ്ധൻ പ്രസ്താവിക്കുന്നു. അവിടുന്ന് ലോഗോസെന്ന നിലയിൽ അവർക്കു സ്വയം ആന്തരികമായി വെളിപ്പെടുത്തിയിരുന്നുവെന്ന് ഇപ്പോൾ പറയുന്നു. ധാർമ്മികസംഹിതയെക്കുറിച്ച് വിജാതിയർക്കുള്ള അറിവ് സ്വാഭാവികനിയമത്തെക്കുറിച്ചുള്ള അറിവാണെന്നു പറയാം. എന്നാൽ പ്രത്യക്ഷമായ വിവേചനചിന്തയിൽകൂടിയല്ലാ അവർ അതിലെത്തുന്നത്, പിന്നെയോ നിഗൂഢമായ ഒരു ആന്തരികജ്ഞാനം വഴിയാണ്. അതാകട്ടെ, ക്രിസ്തുവിൻെറ ആത്മാവായ പരിശുദ്ധാത്മാവിൻെറ പ്രവൃത്തിയുടെ ഫലവുമാണ്. കൂടാതെ സ്വാഭാവികനിയമം ദൈവേച്ഛയുമായി ഏകീഭവിക്കുന്നതുമാണ്.

റോമാക്കാർക്കുള്ള ലേഖനം 2, 29-ാം വാക്യത്തിൻെറ ഭാഷ്യത്തിൽ ക്രിസോസ്റ്റോം പ്രസ്താവിക്കുന്നു. ''തീർച്ചയായും വിഗ്രഹാരാധകനായ ഒരു ഗ്രീക്കുകാരനെയല്ല, പ്രത്യുത ദൈവഭയമുള്ളവനെയാണ് അദ്ദേഹം ഉദ്ദേശിക്കുന്നത്.'' എല്ലാ വിഗ്രഹാരാധനക്കാരും കുററമുള്ളവരാണെന്ന് അദ്ദേഹം കരുതുന്നതായി തോന്നുന്നു. അതു സംഭവ്യമാകാം, പക്ഷേ പ്രബോധനാത്മകനിഗമനമല്ല. ഒരു പക്ഷേ

www.malankaralibrary.com

റോമാക്കാർക്കുള്ള ലേഖനം ഒന്നാമധ്യായം 20-22-വരെയുള്ള വാക്യങ്ങരം അദ്ദേഹത്തെ സ്വാധീനിച്ചിരിക്കാം. വി. അമ്പ്രോസിൻെറ ചിന്ത അത്രയധികം കടന്നുപോകുന്നില്ല. "നമ്മുടെ വിലയാകട്ടെ ക്രിസ്തുവിൻെറ രക്തമാണ്..... നശിച്ചുപോകുന്നവൻ തൻെറ മരണകാരണം തനിക്കുതന്നെ നൽകേണ്ടതാണ്. കാരണം, രോഗശമനമാർഗ്ഗമുണ്ടായിരുന്നപ്പോരം സുഖപ്പെടുവാൻ അവന് ഇച്ഛയില്ലായിരുന്നു....കാരണം, ക്രിസ്തുവിൻെറ കാരുണ്യം സകലരോടും പ്രഖ്യാപിക്കപ്പെട്ടതാണ്." രക്ഷയുടെ ഒരു സ്രോതസ്സായി ദൈവം അതു നിശ്ചയിച്ചിരിക്കുന്നെന്ന് അംബ്രോസ് അതിനെ കണക്കാക്കിയതായി തോന്നുന്നില്ല: വ്യക്തിപരമായ തെററാലല്ലാതെ ഒരുവൻ അവിടെയെത്തുന്നില്ലെങ്കിൽ അവൻ നശിച്ചുപോകും. നൂററാണ്ടുകരംക്കു ശേഷം വി. തോമസ് അക്വിനാസിൻെറ ദൈവശാസ്ത്രം അംഗീകരിച്ചവരും ഈ ആശയം വച്ചുപുലർത്തിയിരുന്നു. നേരെമറിച്ച് അംബ്രോസ് പ്രസ്താവിക്കുന്നത് നശിച്ചുപോകുന്നവൻ 'തൻെറ മരണകാരണം തനിക്കുതന്നെ നൽകേണ്ടതാണ്' എന്നത്രെ.

ഈ പഠനത്തിൻെറ ആരംഭത്തിൽ നാം ഊന്നൽ നൽകിയ രീതി വി. അഗസ്തീനോസ് സ്വീകരിച്ചിരിച്ചിരിക്കുന്നു. കാരണം, അദ്ദേഹത്തിൻെറ മുൻപിൽ നാം മുമ്പു കണ്ട ഇടുങ്ങിയ വീക്ഷണത്തിൻെറയും വിശാലവീക്ഷണത്തിൻെറയും മാതൃകകരം ഉണ്ടായിരുന്നു. ഇതുമായി ഗാഢമായി ബന്ധപ്പെട്ട ഒരു കാര്യം അദ്ദേഹം എങ്ങനെ കൈകാര്യം ചെയ്യുന്നുവെന്നറിയുക നമുക്കു സഹായകമായിരിക്കും. അതു മുൻനിർണ്ണയം (Predestination) എന്നതാണ്. അദ്ദേഹത്തിൻെറ 'നശിച്ചുപോകുന്നവരുടെ ഗണം' (Massa damnata) എന്ന സിദ്ധാന്തം സുപ്രസിദ്ധമാണ്. മിക്കവരും നശിച്ചുപോകുമെന്നാണ് ആ സിദ്ധാന്തത്തിൽ നിന്നു വ്യക്തമാകുക.

"അതിൽ (ശിക്ഷയിൽ) പ്രസാദവരത്തിലുള്ളവരെക്കാരം കൂടുതൽ പേരുണ്ട്. ഇതു മുഖേന, എല്ലാവർക്കും വേണ്ടതെന്നായിരുന്നുവെന്ന് വെളിപ്പെടുത്തുവാൻ കഴിയും." ഒരാരം ഏതു ഭാഗത്താണെന്നത് അയാളുടെ യോഗ്യതകളുടെ മുൻവീക്ഷണത്തെ ആശ്രയിച്ചിരിക്കുന്നതല്ലായെന്നും അദ്ദേ

www.malankaralibrary.com

ഹം പ്രസ്താവിച്ചിട്ടുണ്ട്. ചില സന്ദർഭങ്ങളിൽ അദ്ദേഹം പഠിപ്പിക്കുന്നതു ഒരാറം ശിക്ഷയനുഭവിക്കണമെന്ന മുൻനിർണ്ണയം അയാളുടെ വ്യക്തിപരമായ അയോഗ്യതകളെ ആശ്രയിച്ചാണ്, ഉത്ഭവപാപത്തെ ആശ്രയിച്ചല്ല എന്നുമാണ്. (എന്നാൽ യോഗ്യതകളെ ആശ്രയിച്ചാണ് മുൻനിർണ്ണയമെന്നത് അദ്ദേഹം ഒരിടത്തും വ്യക്തമാക്കിയിട്ടുമില്ല) De diversis quarstionibus (പല കാര്യങ്ങളെയും കുറിച്ച്) എന്ന പ്രബന്ധത്തിൽ അദ്ദേഹം രേഖപ്പെടുത്തിയത്. സുവിശേഷത്തിലുള്ള വിരുന്നിൻെറ ഉപമയിൽ പങ്കെടുത്തവർക്കു ക്ഷണിക്കപ്പെടാതെവരുക സാധ്യമല്ലായിരുന്നു, എന്നാൽ "പങ്കെടുക്കാനിചഛരിക്കാത്തവർക്കു അതു മററാരുടെമേലും പഴിചാരുവാൻ സാധ്യമല്ല" — അതിനാൽ ദൈവത്തിൻെറ മുൻകൂട്ടിയുള്ള ഉപേക്ഷയല്ല അതിൻെറ കാരണം എന്നാണ് മനിക്കേയനായ ഫെലിക്സുമായുള്ള വാദപ്രതിവാദത്തിൽ നഷ്ടപ്പെട്ടുപോയപാപികരംഎന്തുകൊണ്ടു ശുദ്ധീകരിക്കപ്പെട്ടില്ല എന്ന് ഫെലിക്സ് ചോദിച്ചു. അഗസ്റ്റിൻെറ മറുപടി: "അവർ അതു ആഗ്രഹിച്ചില്ല." ഫെലിക്സ് ചോദിച്ചു. 'താങ്കരം ഇത് പറഞ്ഞുവോ, അവർ ആഗ്രഹിച്ചില്ല എന്ന്" അഗസ്റ്റിൻെറ മറുപടി: 'ഞാനിതു പറഞ്ഞതാണ്. കാരണം അത് അവർ ആഗ്രഹിച്ചില്ല." ശിക്ഷിതരുടെ ഗണം (Massa damnata) എന്ന ആശയത്തിലെ സന്ദർഭമനുസരിക്കുമ്പോരം അങ്ങനെയവർ ശിക്ഷിക്കപ്പെടാനുള്ള അടിസ്ഥാനകാരണം അവർ ദൈവത്തെ ഉപേക്ഷിച്ചതിനുശേഷം ദൈവം അവരെ ഉപേക്ഷിച്ചതാണ്. അതിനാൽ 'കുററം കാണലും കൃപയും' (De correptione et gratia) എന്ന പ്രബന്ധത്തിൽ കൃപയിൽ നിലനിൽക്കാത്തവരെക്കുറിച്ച് അഗസ്റ്റിൻ പ്രസ്താവിക്കുന്നു: 'അവർ ദൈവത്തെ ഉപേക്ഷിക്കുന്നു, അതിനാൽ അവർ ഉപേക്ഷിക്കപ്പെടുന്നു". ശിക്ഷിതരുടെ ഗണം എന്ന പ്രബന്ധത്തിൽ അഗസ്റ്റിൻ ഇങ്ങനെ പറയേണ്ടതായിരുന്നു. ദൈവം അവരെ ഉപേക്ഷിച്ചു, പിന്നീട് അവർ ദൈവത്തെ ഉപേക്ഷിച്ചു. അതിനാൽ മുൻനിർണ്ണയം (Predestination) യോഗ്യതകരം പരിഗണിക്കാതെയാണ്, പക്ഷേ, ശിക്ഷ അയോഗ്യതകരം പരിഗണിച്ചാ

www.malankaralibrary.com

ണ് എന്ന വ്യത്യസ്തമായ ഒരു സിദ്ധാന്തം അഗസ്റ്റിൻ ഇവിടെ സൂചിപ്പിക്കുന്നു.

ദൈവത്തിന്റെ നഗരം (De civitate Dei) എന്ന തന്റെ ഗ്രന്ഥത്തിൽ ആ നഗരത്തിന്റെ വ്യത്യസ്തമായ രണ്ട് പ്രതിച്ഛായകൾ അദ്ദേഹം കാണിക്കുന്നുണ്ട്. കെല്ലിയുടെ അഭിപ്രായപ്രകാരം അദ്ദേഹം ഇവ രണ്ടും തമ്മിൽ അനുരൂപപ്പെടുത്തിയിട്ടില്ല. അതിന്റെ അവസാനമായ 22-ാം പുസ്തകത്തിൽ, പ്രത്യേകിച്ച് 30-ാം അധ്യായത്തിൽ ദൈവത്തിന്റെ നഗരത്തിന്റെ അവസാനം സ്വർഗ്ഗമാണെന്നാണ് അദ്ദേഹം പ്രസ്താവിക്കുന്നത്, എന്നാൽ 16:2-ൽ അദ്ദേഹം ദൈവത്തിന്റെ നഗരത്തെ സഭയുമായി താദാത്മ്യപ്പെടുത്തുന്നുണ്ട്. സഭയിലുള്ള എല്ലാവരും രക്ഷിക്കപ്പെടുകയില്ലെന്നും അദ്ദേഹത്തിനറിയാം. (18: 28; 20, 5, 9) കൂടാതെ 18:47-ൽ അദ്ദേഹം പ്രസ്താവിക്കുന്നു:

"ഇസ്രായേൽ ഉണ്ടായ കാലം മുതൽ ഇസ്രായേൽക്കാരനല്ലാത്ത മററ് യാതൊരുവനും ദൈവത്തിനുള്ളവനായിരുന്നില്ല എന്ന് യഹൂദന്മാർ വാദിക്കുവാൻ തുനിയുമെന്ന് ഞാൻ കരുതുന്നില്ല. മററ് ജനപദങ്ങളിലും യഥാർത്ഥ ഇസ്രായേലിനുള്ളവരായവർ ഉണ്ടായിരുന്നുവെന്നകാര്യം നിഷേധിക്കുവാൻ അവർക്ക് സാധ്യമല്ല. അവർ ഉന്നതത്തിലുള്ള പിതൃഭൂമിയുടെ പൗരരായിരുന്നു. സ്വർഗ്ഗീയമായ ബന്ധം നിമിത്തമാണ്, അല്ലാതെ ലൗകികബന്ധം നിമിത്തമല്ല അവർ അങ്ങനെയായിരുന്നത്''.

ഇതിനുദാഹരണമായി അദ്ദേഹം ജോബിന്റെ കാര്യവും 18:23-ൽ കൂമയിലെ സിബിലിന്റെ കാര്യവും പ്രസ്താവിക്കുന്നുണ്ട്.

അഗസ്റ്റിൻ തന്റെ 'പിൻവലിക്കലുകൾ' (Retactions) എന്ന പ്രബന്ധത്തിൽ ആദ്യത്തെ ക്ലമൻറ് തുടങ്ങിവച്ച പാരമ്പര്യത്തെ പിൻചെന്നുകൊണ്ട് ഇത് വിശദമാക്കുന്നു: "ക്രിസ്തുമതമെന്ന് വിളിക്കപ്പെടുന്ന ഇത് പുരാതനരുടെ ഇടയിൽ നിലനിന്നിരുന്നു. ക്രിസ്തു ശരീരത്തിൽ വരുന്നതുവരെയുള്ള പുരാതനക്കാർക്കിടയിൽ അത് ഇല്ലാതിരുന്നില്ല. ക്രിസ്തു വന്നശേഷം ഇങ്ങനെ നിലനിന്ന യഥാർത്ഥ

www.malankaralibrary.com

മതം ക്രിസ്തുമതമെന്ന് വിളിക്കപ്പെടുവാൻ തുടങ്ങി''. നേരത്തേ അദ്ദേഹം തന്റെ 102-ാം ലേഖനത്തിൽ ചെൽസൂസ് ആദ്യമായി ഉന്നയിച്ചതും പോർഫിറി ആവർത്തിച്ചതുമായ എതിർവാദത്തിന് മറുപടി നൽകവേ ഇങ്ങനെ പ്രസ്താവിച്ചു:

''ആര് മുഖേന സകലതും നിർമ്മിക്കപ്പെട്ടുവോ, ആരുടെ ഭരണത്തിൻകീഴിൽ ആത്മികമായതും ശാരീരികമായതുമായ സകല സൃഷ്ടികളും ആയിരുന്നുവോ, ആയിരിക്കുന്നുവോ, ആ ക്രിസ്തുവിനെ ദൈവത്തിന്റെ വചനം (ലോഗോസ്) എന്ന് നാം വിളിക്കുന്നു. മനുഷ്യവർഗ്ഗത്തിന്റെ ആരംഭംമുതൽ അവിടുന്നിൽ വിശ്വസിച്ചവരും ഒരുമാതിരി അവിടുത്തെ അറിഞ്ഞവരും അവിടുത്തെ കല്പനകൾക്കനുസൃതം ഭക്തിപൂർവമായും നീതിപൂർവമായും ജീവിച്ചിരുന്നവരുമായവർ, അവർ എവിടെ ആയിരുന്നെങ്കിലും എപ്പോൾ ആയിരുന്നെങ്കിലും അവിടുന്നുമുഖേന സംശയമെന്യേ രക്ഷിക്കപ്പെട്ടു.

കൂടാതെ അദ്ദേഹം തന്റെ 102-ാം ലേഖനം 15-ൽ പ്രസ്താവിക്കുന്നു. ''എന്നിരുന്നാലും അവിടുന്നു ശരീരത്തിൽ വരുന്നതുവരെ, ആദം മുതൽ മോശവരെ—രണ്ടുപേരും ഇസ്രായേലിൽതന്നെ പെട്ടവർ തന്നെ—മനുഷ്യവർഗ്ഗത്തിന്റെ ആരംഭം മുതൽ എല്ലാ ജനപദങ്ങളിലുമുള്ളവരായി അവനിൽ വിശ്വസിച്ചവർ കുറവല്ല''.

അഗസ്റ്റിനും തനിക്ക് മുമ്പുള്ള സകല ഗ്രന്ഥകാരന്മാരെയുംപോലെ, മനുഷ്യാവതാരത്തിന് മുൻപുപോലും സകലതും ഭരിച്ച ലോഗോസുമായി തന്റെ മറുപടിയെ ബന്ധപ്പെടുത്തുകയും ലോഗോസിനെ പിൻചെന്നവരെല്ലാം രക്ഷിക്കപ്പെട്ടെന്ന് പ്രസ്താവിക്കുകയും ചെയ്യുന്നു. വി. ജസ്റ്റിൻ സോക്രട്ടീസിനെയും ഹെരാക്ലിററസിനെയും ക്രിസ്ത്യാനികളെന്നുപോലും വിളിച്ചത് നാം ഇവിടെ ഓർക്കുക.

ലെയോ ഒന്നാമൻ മാർപ്പാപ്പായുടെ സെക്രട്ടറിയും വി. അഗസ്റ്റിന്റെ അഭിപ്രായങ്ങൾ മുറുകെപ്പിടിച്ചിരുന്ന

www.malankaralibrary.com

വ്യക്തിയുമായ വി. പ്രോസ്പറാണ് 'എല്ലാ ജനതകളുടെയും ദൈവവിളി' (De vocatione omnium gentium) എന്ന ഗ്രന്ഥത്തിന്റെ കർത്താവ് എന്ന് ഇന്ന് സകലരും സമ്മതിക്കുന്നതായി Jurgens പ്രസ്താവിക്കുന്നു. മുൻനിർണ്ണയത്തെക്കുറിച്ചുള്ള അഗസ്റ്റിന്റെ അഭിപ്രായം പ്രോസ്പർതിരുത്തിയോ എന്തുമാത്രം തിരുത്തിയോ, എന്തുമാത്രം തിരുത്തി എന്നതിനെക്കുറിച്ച് അഭിപ്രായവ്യത്യാസങ്ങളുണ്ട്. ഡിലററർ (De Letter) കരുതുന്നത് അത് പ്രോസ്പർ തിരുത്തിയില്ലെന്നാണ്. "അഗസ്റ്റീനിയൻ മുൻനിർണ്ണയത്തിന്റെ സ്വാധിനത്തിൽനിന്ന് വഴുതി മാററാൻ പ്രോസ്പർ പാടുപെടുകയാണ്. അതിൽനിന്നു പൂർണ്ണമായി മാറാൻ കഴിവില്ലാത്തതിനാൽ എല്ലാവർക്കും നൽകപ്പെടുന്നുവെന്ന് അദ്ദേഹം പ്രസ്താവിക്കുന്ന പൊതുവായ കൃപയെക്കുറിച്ചുള്ള അദ്ദേഹത്തിന്റെ ആശയം ഈ പ്രശ്നം പരിഹരിക്കാൻ അപര്യാപ്തമാണ്". പ്രത്യേക കൃപകൾ ചിലർക്ക് നൽകാതിരുന്നതിന്റെ ഏകകാരണം അവർ അവ നിഷേധിച്ചതിനാലാണെന്നു പ്രോസ്പർ പറഞ്ഞിരുന്നുവെങ്കിൽ കൂടുതൽ നന്നായിരുന്നേനെയെന്ന് ഡിലററർ പ്രസ്താവിക്കുന്നു.

എന്നാൽ പ്രോസ്പർ അഗസ്റ്റിന്റെ അഭിപ്രായത്തിൽ നിന്ന് വിട്ടുമാറിയെന്നാണ് Jurgens പ്രസ്താവിക്കുന്നത്. "പ്രോസ്പറെ സംബന്ധിച്ചിടത്തോളം തെരഞ്ഞെടുക്കപ്പെട്ടവരെക്കുറിച്ചുള്ള ദൈവത്തിന്റെ മുന്നറിവിന്റെ ഫലമാണ് തെരഞ്ഞെടുപ്പ്. ദൈവം എന്തുകൊണ്ടാണ് തെരഞ്ഞെടുക്കുന്നതെന്നും മുൻനിർണ്ണയിക്കുന്നതെന്നും ഉള്ള നിഗൂഢമായ കാര്യത്തിനുള്ള മറുപടി അതു മാത്രമാണ്".

പ്രോസ്പറിന്റെതന്നെ രേഖകൾ നമുക്കു നോക്കാം. "അതിനനുസൃതമായി (വേദപുസ്തകം) മനുഷ്യരെ മുഴുവൻ ഉൾക്കൊള്ളുന്ന ദൈവപരിപാലനയിൽ കുറവൊന്നുമില്ലായിരുന്നുവെന്ന് നമ്മൾ വിശ്വസിക്കുകയും ഭക്തിയോടെ സമ്മതിക്കുകയും ചെയ്യുന്നു." വീണ്ടും, "ഇവർക്ക് (അതുവരെ ക്രിസ്തുവിനെക്കുറിച്ച് കേട്ടിട്ടില്ലാത്തവർക്ക്) എല്ലാ മനുഷ്യർക്കും ഉന്നതത്തിൽ നിന്നു നൽകപ്പെടുന്ന

www.malankaralibrary.com

പൊതുസഹായത്തിൻെറ അളവ് നിഷേധിക്കപ്പെടുന്നില്ല.'' ഈ രേഖകൾ അത്ര വ്യക്തമല്ലെന്നു നാം സമ്മതിക്കുന്നു. കൃപ എല്ലാവർക്കും നൽകപ്പെടുന്നുണ്ടെന്നും എന്നാൽ രക്ഷക്കാവശ്യമായ ഉപരിസഹായം കാരണമൊന്നുമില്ലാതെ ചിലർക്കു നിഷേധിക്കപ്പെടുന്നുണ്ടെന്നും മാത്രമാണ് പ്രോസ്പർ അർത്ഥമാക്കുന്നതെന്നു ഡിലററർക്കു അഭിപ്രായമുന്നയിക്കാം.

പക്ഷേ, മറെറാരിടത്ത് വ്യക്തമായ അഭിപ്രായം പ്രോസ്പർ പ്രസ്താവിച്ചിട്ടുണ്ട്. ''ഈ കാരണത്താൽ അതായത്, മനഃപൂർവം കല്പനകൾ ലംഘിച്ച് അവർ ജീവിക്കുമെന്നാിയാമായിരുന്നതിനാൽ, അവർ മുൻനിർണ്ണയം ചെയ്യപ്പെട്ടിട്ടില്ല ...കാരണം, ദൈവത്തെ ഉപേക്ഷിക്കുവാൻ തക്ക നിലയിൽ അവർ ദൈവത്താൽ ഉപേക്ഷിക്കപ്പെട്ടിരുന്നില്ല. എന്നാൽ അവർ ഉപേക്ഷിച്ചു. അതിനാൽ ഉപേക്ഷിക്കപ്പെട്ടു.'' അഗസ്റ്റിൻെറ ശിക്ഷിതരുടെ ഗണം എന്ന സിദ്ധാന്തമനുസരിച്ച് ആദ്യപടി ദൈവം മനുഷ്യനെ ഉപേക്ഷിക്കയാണ്, രണ്ടാമത്തെ പടി മനുഷ്യൻ ദൈവത്തെ ഉപേക്ഷിക്കയാണ്. പക്ഷേ, ഈ ക്രമം പ്രോസ്പർ തിരിച്ചിടുന്നു. നാം മുമ്പു കണ്ടതുപോലെ അഗസ്റ്റിൻ രണ്ടു സിദ്ധാന്തങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ശിക്ഷിക്കപ്പെട്ടവരുടെ ഗണം എന്ന സിദ്ധാന്തത്തിനു വ്യക്തതയുണ്ട്. മറേറ സിദ്ധാന്തം അദ്ദേഹം വ്യക്തമായി രേഖപ്പെടുത്തിയിട്ടില്ലെങ്കിലും 388-426വരെയുള്ള കാലഘട്ടത്തിലുള്ള അദ്ദേഹത്തിൻെറ രചനകളിൽ അതു ഭംഗ്യന്തരേണ അവതരിക്കപ്പെട്ടിട്ടുണ്ട്. പ്രോസ്പർ ശിക്ഷിതരുടെ ഗണം എന്ന സിദ്ധാന്തത്തിൽ നിന്നു വിട്ടുമാറി ഈ രണ്ടാമത്തെ സിദ്ധാന്തത്തോടാണ് യോജിക്കുന്നത്. അദ്ദേഹം തൻെറ 'കുററം കാണലും കൃപയും' (De correptione et gratia) എന്ന ഗ്രന്ഥത്തിലെ 13: 42-ൽ എഴുതി: ''ഒന്നുകിൽ തലമുറയായി സംക്രമിച്ച പാപത്തിൽ അവർ കഴിയുന്നു,....അല്ലെങ്കിൻ ദൈവകൃപ അവർ സ്വീകരിക്കുന്നു. പക്ഷേ അതു താൽക്കാലികമാണ്, അവർ അതിൽ നിലനിൽക്കുന്നില്ല, അവർ ദൈവത്തെ ഉപേക്ഷിക്കുന്നു, അതിനാൽ (ദൈവത്താൽ) ഉപേക്ഷിക്കപ്പെടുന്നു.'' നാം മുമ്പു കണ്ടതുപോലെ പ്രോസ്പറും പ്രസ്താവിക്കുന്നു

www.malankaralibrary.com

ണ്ട്, "അവർ ഉപേക്ഷിക്കുന്നു, അതിനാൽ ഉപേക്ഷിക്കപ്പെടുന്നു" എന്ന്. അഗസ്റ്റിൻ വീണ്ടും എഴുതിയിട്ടുണ്ട്: "വരുന്നതിനു മനസ്സില്ലാതിരുന്ന അവർ (സുവിശേഷത്തിൽ പ്രസ്താവിച്ചിട്ടുള്ള വിരുന്ന്) ആ കാര്യം തങ്ങളിലല്ലാതെ മററാരിലും ആരോപിക്കരുത്." എന്നാൽ ശിക്ഷിതരുടെ ഗണം എന്ന സിദ്ധാന്തത്തിൽ ഉപേക്ഷിക്കുവാനുള്ള ദൈവതീരുമാനമാണ് അവസാനകാരണം. പാപികളുടെ യോഗ്യതകളും പാപമോചനവും (De peecatorum meritis et remissione) എന്ന പ്രബന്ധത്തിൽ അഗസ്റ്റിൻ എഴുതി: "മറഞ്ഞിരിക്കുന്നത് അറിയപ്പെടുന്നതിന് മനുഷ്യമനസ്സുകളെ സഹായിക്കുന്നതും ഇഷ്ടമില്ലാത്തതിനെ മധുരമുള്ളതാക്കുന്നതും ദൈവകൃപയാണ്. അവർ സഹായിക്കപ്പെടാതിരുന്നതിന്റെ കാരണം അവരിൽ തന്നെയാണ്, ദൈവത്തിലല്ല." അതിനാൽ പ്രോസ്പറിന്റെ ആദ്യരേഖ സ്വീകരിക്കുകയാണ് സമുചിതമായിട്ടുള്ളത്. ഏതോ വിധത്തിൽ എല്ലാവർക്കും രക്ഷയ്ക്കവസരം ലഭിക്കുന്നുണ്ട്, സഭയുടെ അംഗമാകണമെന്ന ആവശ്യം പരോക്ഷമായി നിറവേറുന്നുണ്ട് എന്ന് ആ രേഖയാൽ നിന്നും കാണാം.

തെയോഡോഷ്യസിന്റെ സൈന്യത്തിൽ ഉദ്യോഗസ്ഥനായിരുന്ന ശേഷം സീനായിലെ ഒരാശ്രമത്തിലേക്ക് പിൻവലിഞ്ഞ ആളാണോ, അതോ അങ്കീറായിലെ ഒരു ആശ്രമത്തിന്റെ ശ്രേഷ്ഠനും വി. ജോൺ ക്രിസോസ്റ്റോമിന്റെ ശിഷ്യനുമായിരുന്നോ വി. നീലൂസ് എന്ന് നമുക്കറിവില്ല. എന്നിരുന്നാലും വി. ജോൺ ക്രിസോസ്റ്റോമിന്റേതായി നാം കണ്ട പ്രസ്താവവുമായി ഭാഗികമായെങ്കിലും അദ്ദേഹത്തിന്റെ അഭിപ്രായം യോജിക്കുന്നുണ്ട്:

"എല്ലാ ജനപദങ്ങളിലും ദൈവത്തെ ഭയപ്പെടുന്നവനും നീതി പ്രവർത്തിക്കുന്നവനും അവിടുത്തേക്ക് സ്വീകാര്യനാണ്. ഇങ്ങനെയുള്ളവൻ ദൈവത്തിനു സ്വീകാര്യനാണെന്നും അവൻ തക്കസമയത്തു ദൈവത്തിന്റെ അനുഗൃഹീത ജ്ഞാനത്തെ ആരാധിക്കുവാൻ ഓടുന്നവനാണെന്നും ഉപേക്ഷിക്കപ്പെടുന്നവനല്ലെന്നും വ്യക്തമാണല്ലോ. അവൻ തന്റെ അജ്ഞതയിൽ മരിക്കുവാൻ ദൈവം അനുവദിക്കുക

www.malankaralibrary.com

യില്ല, നേരെമറിച്ച് കൊർണേലിയോസിനോടു ചെയ്തതുപോലെ ജ്ഞാനത്തിൻെറ പ്രകാശം കൊണ്ട് അവനെ പ്രകാശിപ്പിക്കും.''

ദൃശ്യസഭയിലെത്തിയശേഷമേ ഒരുവനു രക്ഷ നേടാൻ കഴിയുകയുള്ളുവെന്നു വി. നീലൂസ് ചിന്തിക്കുന്നതായി തോന്നുന്നു. അലക്സാന്ത്രിയായിലെ വി. സിറിലിൻെറ മഹത്തായ അഭിപ്രായം ഇതാ:

''എല്ലാവർക്കും മുകളിൽ ഒരാളുണ്ടെങ്കിൽ, അവിടുന്ന് എല്ലാവരുടെയും അധിപനാണ്, കാരണം, അവിടുന്നാണ് എല്ലാവരുടെയും സ്രഷ്ടാവ്. അതിനാൽ അവിടുന്ന് വിജാതിയരുടെയും ദൈവമാണ് സ്രഷ്ടാവ് എല്ലാവരുടെയും ഹൃദയങ്ങളിൽ മുദ്രിതവുമാണ്. കാരണം, വി. പൗലോസ് പ്രസ്താവിക്കുന്നതുപോലെ നിയമം ഇല്ലാതിരിക്കെ പ്രകൃതിയാലെ നിയമം അനുഷ്ഠിക്കുമ്പോൾ തങ്ങളുടെ ഹൃദയങ്ങളിൽ രേഖപ്പെടുത്തിയിട്ടുള്ള നിയമമാണ് അവർ പ്രത്യക്ഷമാക്കുന്നത്. അവിടുന്ന് യഹൂദരുടെ മാത്രമല്ല, വിജാതീയരുടെയും ദൈവവും സ്രഷ്ടാവും ആയതിനാൽ....ഇസ്രായേലിൻെറ രക്തമുള്ളവരെ മാത്രമല്ല, ലോകത്തിലുള്ള സകലരെയും തൻെറ ദൈവികപരിപാലനയിൽ കാത്തുസൂക്ഷിക്കുവാൻ കരുതലുള്ളവനാണ്.''

സിറിൽ തൻെറ ചിന്തകൾക്കാധാരമാക്കുന്നത് ദൈവം വിജാതീയരുടെയും ദൈവമാകയാൽ അവർക്കാവശ്യമുള്ളത് അവിടുന്ന് നൽകിയിട്ടുണ്ടെന്നു വി. പൗലോസ് റോമാക്കാർക്കെഴുതിയ ലേഖനം മൂന്നാമധ്യായം 29-ാം വാക്യമാണ്. അവരുടെ ഹൃദയങ്ങളിൽ നിയമം രേഖപ്പെടുത്തിയാണ് (റോമാ. 2: 15) ദൈവം ഇതു നിർവഹിച്ചതെന്ന് സിറിൽ കരുതുന്നു.

റോമാക്കാർക്കുള്ള ലേഖനം 2: 14-16 വരെയുള്ള വാക്യങ്ങൾക്കു ഭാഷ്യം നൽകവേ, സൈറസിലെ വി. തിയോഡറററ് ചില വിജാതീയർ ദൃശ്യനിലയിൽ ദൈവജനമല്ലെങ്കിലും രക്ഷിക്കപ്പെടുമെന്നു വി. പൗലോസിലെപ്പോലെ താനും കരുതുന്നതായി വ്യക്തമാക്കിയിട്ടുണ്ട്.

www.malankaralibrary.com

"കാരണം, മോശയുടെ നിയമത്തിന് മുൻപുതന്നെ തങ്ങളുടെ ജീവിതം ഭക്തചിന്തകളാലും സൽപ്രവൃത്തികളാലും അലങ്കരിച്ച അവർ ദൈവനിയമം പ്രവൃത്തിപഥത്തിലെത്തിക്കുവാൻ വിളിക്കപ്പെട്ടവരാണ് തങ്ങളെന്ന് കരുതി. അങ്ങനെ അവർ തങ്ങൾക്കുതന്നെ നിയമദാതാക്കളായി ഭവിച്ചു.....പ്രകൃതിനിയമം അവരുടെ ഹൃദയങ്ങളിൽ എഴുതപ്പെട്ടിരുന്നുവെന്ന് വി. പൗലോസ് വ്യക്തമാക്കുന്നുണ്ട്. ഈ ചിന്തയനുസരിച്ച് തങ്ങളുടെ തീരുമാനത്തിന്റെ ചുമതല സ്വീകരിച്ച് അതിന്റെ നീതി പ്രഖ്യാപിക്കുന്നവരുടെ ഭാവിയിലുള്ള വിധിയും മനസ്സാക്ഷിയും നമുക്ക് വിശദമാക്കാം".

'ഗ്രീക്കുകാരുടെ രോഗത്തിനുള്ള ഔഷധം' (Remedy of Greek diseases) എന്ന ഗ്രന്ഥത്തിൽ ചെൽസൂസിന്റെ എതിർവാദവും തെയോഡോററ് ഖണ്ഡിക്കുന്നു:

"എല്ലാവരുടെയും സ്രഷ്ടാവ് ഇത് പണ്ടേതന്നെ എന്തുകൊണ്ട് നിർവഹിച്ചില്ലാ എന്ന് നിങ്ങൾ പറയുന്നപക്ഷം ഭിഷഗ്വരന്മാരെപ്പോലും നിങ്ങൾ കുററപ്പെടുത്തുകയാണ്. കാരണം, ശക്തിയുള്ള ഔഷധം അവർ ഒടുവിലാണ് നൽകുന്നത്. ശക്തി കുറഞ്ഞ ഔഷധങ്ങൾ പ്രയോഗിച്ചുനോക്കിയശേഷമാണ് ശക്തിയുള്ള ഔഷധങ്ങൾ അവർ നൽകുന്നത്. നമ്മുടെ ആത്മാക്കളെസുഖപ്പെടുത്തുന്ന ഏററംബുദ്ധിമാനായ ഭിഷഗ്വരനും ഇതാണ് ചെയ്തത്. വിവിധ ഔഷധങ്ങൾ പ്രയോഗിച്ചശേഷം....ഒടുവിൽ ഏററം ശക്തവും രക്ഷാകരവുമായ ഔഷധം അവിടുന്നു പ്രയോഗിച്ചു".

ക്രിസ്തുവിന് മുൻപ് വലിയ സഹായങ്ങളൊന്നും ദൈവം നൽകിയില്ലെങ്കിലും "വ്യത്യസ്തമായ ഔഷധങ്ങൾ" വഴി ദൈവം മനുഷ്യരെ പരിരക്ഷിച്ചുവെന്നാണ് തെയഡോററിന്റെ അഭിപ്രായം.

മഹാനായ ലെയോ മാർപ്പാപ്പാ ഈ കാര്യത്തിൽ മററുള്ളവരുടെയത്രയും വ്യക്തത കാണിക്കുന്നില്ലെങ്കിലും വിപുലമായിക്കൊണ്ടിരുന്ന പാരമ്പര്യത്തിന്റെ വെളിച്ചത്തിൽ, എല്ലായ്പ്പോഴും ഒരു സഭയുണ്ടായിരുന്നതായി അദ്ദേഹം കരുതിയിരുന്നുവെന്നു കാണാം.

www.malankaralibrary.com

"അതിനാൽ ഒരു നവീനപദ്ധതിയനുസരിച്ചോ, പിന്നീടുണ്ടായ കരുണ നിമിത്തമോ അല്ല മനുഷ്യരുടെ കാര്യങ്ങൾ ദൈവം നടപ്പാക്കിയത്. നേരമറിച്ച് ലോകാരംഭംമുതൽതന്നെ എല്ലാവരുടെയും രക്ഷയ്ക്കുവേണ്ടി ഒരേ ഒരു കാരണംതന്നെയാണ് അവിടുന്ന് സ്ഥാപിച്ചത്. വിശുദ്ധരുടെ സാകല്യം നീതീകരിക്കുന്ന ദൈവകൃപ വർദ്ധിച്ചത് ക്രിസ്തു ജനിച്ചപ്പോഴാണ്, എന്നാൽ ആരംഭിച്ചത് അപ്പോഴല്ല".

വി. അഗസ്റ്റിൻെറ വലിയൊരു പ്രശംസകനായിരുന്ന മഹാനായ വി. ഗ്രിഗറി മാർപ്പാപ്പായും ക്രിസ്തു മരിച്ചവരോട് പ്രസംഗിച്ചതായി പ്രസ്താവിക്കുന്നു. "അവിടുന്ന് അധോലോകത്തിലേക്കിറങ്ങിയപ്പോൾ ശരീരത്തിൽ തങ്ങൾ ജീവിച്ചിരുന്നകാലത്ത് വിശ്വാസത്തിലും സൽപ്രവൃത്തികളിലും തൻെറ കൃപമൂലം സംരക്ഷിച്ചവരെ മാത്രമേ കാരാഗൃഹവിമുക്തരാക്കിയുള്ളു". എന്നാൽ അധോലോകത്തിൽ ഒരു മാമോദീസാ ഉണ്ടായതായി ഗ്രിഗറിയും അഗസ്റ്റിനും പ്രസ്താവിക്കുന്നില്ല. പക്ഷേ, ഔപചാരികമായി ദൈവജനത്തിൽ പ്രവേശിക്കാതിരുന്നവർക്ക് ആവശ്യമുള്ളവ ദൈവം എങ്ങനെയോ നൽകിയെന്ന് അദ്ദേഹത്തിനുറപ്പുണ്ടായിരുന്നുവെന്നത് വ്യക്തമാണ്.

സഭ ആരംഭംമുതലേ നിലനിന്നിരുന്നുവെന്നുള്ള അഗസ്റ്റിൻെറയും മററുള്ളവരുടെയും അഭിപ്രായങ്ങൾ നാം കണ്ടതാണ്. ഗ്രഗറി മാർപ്പാപ്പയും ആ അഭിപ്രായക്കാരനാണ്:

"സഭയുടെ പീഡാനുഭവം ഹാബേൽമുതൽതന്നെ ആരംഭിച്ചതാണ്. തെരഞ്ഞെടുക്കപ്പെട്ടവരുടെ ഒരു സഭയുണ്ട്. മുൻപ് ജീവിച്ചിരുന്നവരുടെയും പിന്നീട് അവരെ അനുഗമിച്ചവരുടേയും........അപ്പോൾ അവർ പുറത്തായിരുന്നു, പക്ഷേ, വിശുദ്ധ സഭയിൽനിന്ന് അവർ അപ്പോഴും വേർതിരിക്കപ്പെട്ടിരുന്നില്ല. കാരണം മനസ്സിലും പ്രവൃത്തിയിലും പ്രബോധനത്തിലും അവർക്ക് വിശ്വാസത്തിൻെറ കൂദാശകൾ ഉണ്ടായിരുന്നു, അവർ വിശുദ്ധ സഭയുടെ മഹിമ കണ്ടു."

www.malankaralibrary.com

ഹാഡ്രുമേറാം എന്ന സ്ഥലത്തെ ബിഷപ്പായിരുന്ന പ്രിമാസിയൂസ് ഏകദേശം 560 A. D. യിൽ വി. പൗലോസ് റോമക്കാർക്കെഴുതിയ ലേഖനത്തിനൊരു ഭാഷ്യമെഴുതി. സഭയെക്കുറിച്ച് അദ്ദേഹം അതിൽ വ്യക്തമായി പരാമർശിക്കുന്നില്ല. എന്നിരുന്നാലും ദൈവത്തിൻെറ ആദ്യജനത്തിൽ (യഹൂദർ-പരിഭാഷകൻ) ദൃശ്യരീതിയിൽ അംഗങ്ങളല്ലാതിരുന്ന ചിലർ നീതിമാന്മാരായിരുന്നുവെന്നും അവർ വിധിദിവസം രക്ഷിക്കപ്പെടുമെന്നും വി. പൗലോസിനെപ്പോലെ അദ്ദേഹം വ്യക്തമാക്കുന്നുണ്ട്.

"പ്രകൃതിയാലെ നിയമത്തിൻെറ പ്രവൃത്തികൾ അവർ അനുഷ്ഠിക്കുന്നു"....അദ്ദേഹം (വി. പൗലോസ്) പ്രസ്താവിക്കുന്നത്. ഒന്നുകിൽ പ്രകൃതിയുടെ നിയമം പാലിക്കുന്നവരെക്കുറിച്ചാകാം. തങ്ങളോട് മറ്റുള്ളവർ പ്രവർത്തിക്കുന്ന ഇഷ്ടമല്ലാത്തവ അവർ മറ്റുള്ളവരോട്ചെയ്യുന്നില്ല, അല്ലെങ്കിൽ നല്ലവരെ പ്രകീർത്തിക്കുകയും ദുഷ്ടരെ വിധിക്കുകയും ചെയ്യുന്ന വിജാതിയരെക്കുറിച്ചുപോലുമാകാം. അത് നിയമത്തിൻെറ പ്രവൃത്തിയാണല്ലോ. അല്ലെങ്കിൽ ഇപ്പോഴും നന്മ ചെയ്യുമ്പോൾ ദൈവത്തെ പ്രസാദിപ്പിക്കുവാനുള്ള മാർഗ്ഗങ്ങൾ ദൈവത്തിൽനിന്നു തങ്ങൾ സ്വീകരിച്ചിട്ടുണ്ടെന്ന് സാക്ഷിക്കുന്നവരെക്കുറിച്ചാകാം.... "അവരുടെ വൈരുദ്ധ്യമാർന്ന വിചാരങ്ങൾ അവരെ കുററപ്പെടുത്തുകയോ ന്യായീകരിക്കുകയോ ചെയ്യും....മനുഷ്യരുടെ രഹസ്യങ്ങൾ വിധിക്കുന്ന ദിവസം ഇതും വെളിവാകും" വിചാരവൈരുദ്ധ്യങ്ങളെക്കുറിച്ച് അദ്ദേഹം പ്രസ്താവിക്കുന്നു. ....ഇതനുസരിച്ച് കർത്താവിൻെറ ദിനത്തിൽ നാം വിധിക്കപ്പെടും."

സഭാപിതാക്കന്മാരിൽ അവസാനത്തെ ആളായി പലപ്പോഴും പരിഗണിക്കപ്പെടുന്ന വി. ജോൺ ഡമഷീൻ നമുക്കു സഹായകമായ ഒരു രേഖ നൽകിയിട്ടുണ്ട്:

ഏകവും പരിശുദ്ധവും അപ്പോസ്തലികവുമായ ദൈവത്തിൻെറ സഭയിൽ വിശ്വസിക്കുവാനും വിശ്വാസപ്രമാണം നമ്മെ പഠിപ്പിക്കുന്നു. കത്തോലിക്കാസഭ അപ്പോസ്തലികം മാത്രമാവാൻ സാദ്ധ്യമല്ല, കാരണം, അവളുടെ

www.malankaralibrary.com

ശിരസ്സായ ക്രിസ്തുവിന്റെ ശക്തിക്കു അപ്പോസ്തലന്മാർ മുഖേന ലോകം മുഴുവനെയും രക്ഷിക്കുവാൻ കഴിയും. അതിനാൽ, യുഗങ്ങളിലായി ജീവിച്ച വിശുദ്ധ പിതാക്കന്മാരുടെ ഗണം, ഗോത്രപിതാക്കന്മാർ, അപ്പോസ്തലന്മാർ, സുവിശേഷപ്രഘോഷകർ, വേദസാക്ഷികൾ—ഇവരോടൊന്നിച്ച് ഏകമാർഗ്ഗത്തിൽ വിശ്വസിക്കുന്ന എല്ലാ വിജാതീയരും ഉൾക്കൊള്ളുന്ന ദൈവത്തിന്റെ വിശുദ്ധമായ കത്തോലിക്കാസഭയുണ്ട്."

ക്രിസ്തുവിന്റെ ശക്തിക്കു ലോകം മുഴുവനെയും രക്ഷിക്കുവാൻ കഴിയുമെന്നും അതു ക്രിസ്തുവിനു മുമ്പ് "യുഗങ്ങളിലായി ജീവിച്ചിരുന്ന വി. പിതാക്കന്മാർവരെ" വ്യാപിച്ചിരുന്നുവെന്നും വി. ജോൺ ഡമഷീൻ പ്രസ്താവിക്കുന്നതായി നാം കാണുന്നു. ക്രിസ്തുവിന്റെ ശക്തി മനുഷ്യാവതാരത്തിനു മുൻപു തന്നെ ലോഗോസിന്റെ ശക്തിയെന്ന നിലയിൽ എല്ലാവർക്കും ലഭിച്ചിരുന്നുവെന്നു അദ്ദേഹം ഉദ്ദേശിക്കുന്നതായി തോന്നുന്നു'

സഭാപിതാക്കന്മാരുടെ കാലശേഷമുള്ള ഗ്രന്ഥകാരന്മാരുടെ എല്ലാ രേഖകളും എടുത്തുകാണിക്കുന്നില്ല. കേവലം രണ്ടെണ്ണം മാത്രം രേഖപ്പെടുത്തുന്നു.

ഹാൽബർസ്റ്റാഡിലെ (Halberstadt) മെത്രാനായിരുന്ന ഹേമോ (Haymo) 853-ൽ ദിവംഗതനായി) വി. പൗലോസ് റോമാക്കാർക്കെഴുതിയ ലേഖനത്തിനൊരു ഭാഷ്യം എഴുതിയിട്ടുണ്ട്. പ്രസ്തുത ലേഖനം 2: 14-16 വരെയുള്ള വാക്യങ്ങളിൽ വിജാതീയരുടെ ഹൃദയങ്ങളിൽ നിയമം രേഖപ്പെടുത്തിയിട്ടുണ്ടെന്നു വി. പൗലോസ് പ്രസ്താവിക്കുന്നത് രണ്ട് വിധത്തിൽ മനസ്സിലാക്കാൻ കഴിയുമെന്ന് അദ്ദേഹം പ്രസ്താവിക്കുന്നു. ഒന്നാമതായി:

"പ്രകൃതി നിയമം തങ്ങളുടെ ഹൃദയങ്ങളിൽ എഴുതപ്പെട്ടിരിക്കുന്നുവെന്നും തങ്ങൾ തങ്ങൾക്കുതന്നെ നിയമമാണെന്നും അവർ തീർച്ചയായും കാണിക്കുന്നുണ്ട്. കാരണം, നിയമം അവർക്കു നൽകപ്പെട്ടിട്ടില്ലെങ്കിലും നിയമം അനുശാസിക്കുന്നതു അവർ പ്രവർത്തിക്കുന്നു. ഉദാഹരണം സരസന്മാർ (മുഹമ്മദീയർ) ക്കു മോശയുടെ നിയമമോ സുവി

www.malankaralibrary.com

ശേഷത്തിൻെറ നിയമമോ ഇല്ല. എങ്കിലും അവർ പ്രകൃതിയാലെ നിയമം അനുഷ്ഠിക്കുന്നു. കൊലപാതകമോ വ്യഭിചാരമോ അവർ ചെയ്യുന്നില്ല. അവരുടെ ഹൃദയത്തിൽ എഴുതപ്പെട്ടിരിക്കുന്ന നിയമമനുസരിച്ച് ചെയ്യുവാൻ പാടില്ലാത്ത മററു കാര്യങ്ങളും അവർ ചെയ്യുന്നില്ല. അവർ അവർക്കു തന്നെ നിയമമാണ്.

രണ്ടാമതായി: വിജാതീയർ സ്വാഭാവികരീതിയിൽ.... പ്രവർത്തിക്കുമ്പോഠം...കാരണം സർവ്വശക്തനായ ദൈവത്തിൻെറ നിവേശനാനുസൃതം മോശയുടെതന്നെ നിയമങ്ങഠം അവരുടെ ഹൃദയങ്ങളിൽ എഴുതപ്പെട്ടിരിക്കുന്നു...''അവരുടെ വൈരുദ്ധ്യമാർന്ന വിചാരങ്ങഠം അവരെ കുററപ്പെടുത്തുകയോ ന്യായീകരിക്കുകയോ ചെയ്യും.'' ഇതു എപ്പോഴായിരിക്കും? എൻെറ സുവിശേഷമനുസരിച്ച് ''യേശുക്രിസ്തു മുഖേന ദൈവം മനുഷ്യരുടെ രഹസ്യങ്ങഠം വിധിക്കുന്ന ദിവസം.''

തൻെറ കാലത്തെ മുഹമ്മദീയരിൽ ചിലർപോലും രക്ഷപെടുമെന്നു ഹേമോ ചിന്തിക്കുന്നു.

ഇതുപോലെതന്നെ, വി. പൗലോസിൻെറ മേലുദ്ധരിച്ചിട്ടുള്ള വാക്യങ്ങഠംക്ക് ഭാഷ്യം നൽകിയപ്പോഠം ഏകദേശം A.D. 990-ൽ ഏക്കുമേനിയസും (Oecomenius) ഈ വ്യാഖ്യാനം തന്നെ നൽകി:

''നീതിയുള്ള പ്രവൃത്തികഠംക്കു പ്രകൃതിയുടെ യുക്തിപൂർവകമായ വിവേചനങ്ങളുപയോഗിച്ച് ''അവർ നിയമത്തിൻെറ പ്രവൃത്തികകഠം ചെയ്യുന്നു.'' യാതൊരു അധ്യാപകൻെറയും ആവശ്യമില്ലാതെ, തങ്ങഠംക്കു തന്നെ നിയമദാതാക്കളും ആ നിയമം പൂർത്തിയാക്കുന്നവരുമായ അവർ ആദരണീയരാണ്. ''അവരുടെ മനസ്സാക്ഷി അതിനുസാക്ഷ്യം വഹിക്കുന്നു. കാരണം നിയമത്തിൻെറ സ്ഥാനത്ത് അവരുടെ തന്നെ മനസ്സാക്ഷി അവർക്കു സാക്ഷ്യം വഹിക്കുന്നു... വിധിദിവസം ബാഹ്യനിലയിലുള്ള ദോഷാരോപണക്കാരോ പണക്കാരോ സാക്ഷികളോ അവർക്കാവശ്യമില്ല ... നേരെമറിച്ച് ഓരോരുത്തൻെറയും ചിന്തകളും മനസ്സാക്ഷിയും അവ കുററം വിധിക്കുകയോ ന്യായീകരിക്കുകയോ ചെയ്യും.''

www.malankaralibrary.com

## സംക്ഷേപവും ഉപസംഹാരവും

ഹെർമാസ്, ജസ്ററിൻ, വി. ഇരണേയൂസ്, അലക്സാ ന്ത്രിയായിലെ ക്ലെമൻറ്, ഒരിജൻ, വി. സിപ്രിയാൻ, ലക്താൻ സിയൂസ്, വി. അഗസ്തീനോസ്, അലക്സാന്ത്രിയായിലെ വി. സിറിൾ, വി. ഫുൾജൻസിയൂസ് എന്നിവരുടെ ഇടുങ്ങിയ അഭിപ്രായങ്ങൾ നാം കണ്ടു. സഭയുടെ പ്രബോധനസ്ഥാനത്തുനിന്നുതന്നെ അങ്ങനെയുള്ള അഞ്ചു രേഖകളും നാം കണ്ടു.

വിശാലവീക്ഷണമുള്ള രേഖകളാണു നാം കൂടുതൽ കണ്ടതു്. മുൻപു പ്രസ്താവിച്ച പത്തു് സഭാപിതാക്കന്മാരിൽ മൂന്നുപേർ മാത്രമേ ഇടുങ്ങിയ രേഖകൾ മാത്രം നൽകിയിട്ടുള്ളു. വി. സിപ്രിയാൻ, ലക്താൻസിയൂസ്, വി. ഫുൾജൻസിയൂസ് എന്നിവരാണവർ. മററെല്ലാവരും വിശാലവീക്ഷണമുള്ള രേഖകളും നമുക്കു നൽകിയിട്ടുണ്ടു്. കൂടാതെ മററനേകം പേരും.

ആദ്യത്തെ ക്ലെമൻറു്, വി. ജസ്റ്റിൻ, ഹെർമാസ്, രണ്ടാമത്തെ ക്ലമൻറ്, വി. ഇരണെയൂസ്, അലക്സാന്ത്രിയായിലെ ക്ലമൻറ്, ഒരിജൻ, ഹെഗമോണിയൂസ്, അർനോബിയൂസ്, കേസറിയായിലെ എവുസേബിയൂസ്, വി. ഗ്രീഗറിനസിയാൻസൻ, വി. ജോൺക്രിസോസ്റ്റോം, വി. അംബ്രോസു്, വി. പ്രോസ്പർ, വി. നീലൂസ്, അലക്സാന്ത്രിയായിലെ വി. സിറിൾ, തെയോദോററ്, മഹാനായ വി. ലെയോ, മഹാനായ വി. ഗ്രീഗറി, പ്രിമാസിയൂസ്, വി. ജോൺഡമഷീൻ എന്നിവർ വിശാലവീക്ഷണമുള്ള രേഖകൾ നമുക്കു നൽകിയിട്ടുണ്ട്. പിന്നീടുള്ളവരിൽ നിന്ന് രണ്ടു മാതൃകകൾ നാം എടുത്തുകാട്ടി, ഹെമോയുടേതും എക്കുമെനിയസിൻേറതും.

വളരെയധികം കാലം കഴിഞ്ഞു മാത്രം ക്രിസ്തു വന്നതെന്താണ് എന്ന ചെൽസൂസിൻെറ എതിർവാദത്തിനു പ്രത്യക്ഷമായി സഭാപിതാക്കന്മാർ നൽകിയ മറുപടികളും നാം കണ്ടു. വി. ജസ്റ്റിൻ, വി. ഇരണിയൂസ്, ഒരിജൻ, ഹെഗോമണിയൂസ്, അർനോബിയൂസ്, വി. ജോൺ ക്രിസോസ്റ്റോം, വി. അഗസ്തീനോസ് എന്നിവർ പരോക്ഷമായി മാത്രം നൽകുന്ന മറുപടികളും നാം കണ്ടു.

www.malankaralibrary.com

സഭ എപ്പോഴും നിലവിലുണ്ടായിരുന്നുവെന്ന് അനേകർ പ്രസ്താവിക്കുന്നുണ്ടു്. ഹെർമാസ്, രണ്ടാം ക്ലമൻറ്, അലക്സാന്ത്രിയായിലെ ക്ലമൻറ്, ഒരിജൻ, എവുസേബിയൂസ്, വി. അഗസ്തീനോസ്, വി. ലെയോ, വി. ഗ്രീഗറി, വി. ജോൺ ഡമഷീൻ എന്നിവരാണവർ.

പഴയനിയമകാലത്തുള്ള ദൈവത്തിൻെറ പ്രവൃത്തികൾ ലോഗോസിൻേറതാണെന്നു കരുതുന്ന സഭാപിതാക്കന്മാരുണ്ട്. അതിനാൽ മനുഷ്യരെ രക്ഷിക്കുവാൻ ലോഗോസ് അവർക്കു സന്നിഹിതനായിരുന്നെന്നുള്ള അനേകം സഭാപിതാക്കന്മാരുടെ അഭിപ്രായത്തിൽ നാം ആശ്ചര്യപ്പെടേണ്ടതില്ല. വി. ജസ്റ്റിൻ, വി. ഇരണയൂസ്, വി. ജോൺ ക്രിസോസ്റ്റോം, വി. അഗസ്തീനോ മുതലായവരാണവർ.

മേൽ പ്രസ്താവിച്ച ആശയവുമായി അടുത്തു ബന്ധപ്പെട്ടതാണു റോമാക്കാർക്കുള്ള ലേഖനം. 2: 15-ൽ പ്രസ്താവിതമായ പ്രകാരം തങ്ങളുടെ ഹൃദയങ്ങളിൽ ക്രിസ്തുവിൻെറ അഥവാ ലോഗോസിൻെറ ആത്മാവ് എഴുതിയിട്ടുള്ള നിയമം അനുസരിക്കുന്ന വിജാതിയർ രക്ഷിക്കപ്പെടുമെന്ന ആശയം ഇതിൻെറ പ്രണേതാക്കൾ ഒരിജൻ, ഹെഗമോണിയൂസ്, വി. ജോൺ ക്രിസോസ്റ്റോം, അലക്സാന്ത്രിയായിലെ വി. സിറിൽ, തെയോദോററ്, പ്രിമാസിയൂസ് എന്നിവരാണു്.

പൊതുവായ മാനദണ്ഡം എന്താണ്? ചെൽസൂസിനെക്കുറിച്ചു പ്രത്യക്ഷമായി പരാമർശിക്കുന്നില്ലെങ്കിലും വിശാലവീക്ഷണം പുലർത്തുന്ന രേഖകളുടെ അടിയൊഴുക്ക് ഈ ഉറപ്പാണ്. അതായതു് പഴയ കാലത്തു് ദൈവം എല്ലാ മനുഷ്യർക്കും രക്ഷയ്ക്കാവശ്യമായത് നൽകി. റോമാക്കാർക്കുള്ളലേഖനം 3: 29-30-വാക്യങ്ങളിലെ ആശയവുമായി (അവിടുന്നു യഹൂദരുടെ മാത്രം ദൈവമല്ല) ഇതു ഗാഢമായി ബന്ധപ്പെട്ടിരുക്കുന്നു. എല്ലാവർക്കും ഉറപ്പു നൽകിയ വാക്യങ്ങളാണവ. പക്ഷേ, അതു എങ്ങനെ പ്രാവർത്തികമായെന്നതു വ്യക്തമല്ല. അതു വിശദമാക്കുവാൻ ലേഖിതാക്കൾ തുനിഞ്ഞിട്ടുമില്ല.

www.malankaralibrary.com

എന്നിരുന്നാലും നാം മുമ്പു കണ്ട രണ്ടു വിധത്തിലുമുള്ള രേഖകൾ തമ്മിൽ യോജിപ്പുള്ളവാക്കി. സഭയ്ക്കുപുറമേ രക്ഷയില്ല എന്ന പ്രശ്നത്തിനു പരിഹാരം കാണാൻ കഴിയും. വി. ജസ്റ്റിനാണ് ഏററം നല്ല തുടക്കസ്ഥാനം നമുക്കു നൽകുന്നതു്. ഓരോ വ്യക്തിയിലുമുള്ള ലോഗോസിനെ അനുഗമിച്ചവർ, നിരീശരരായി അവർ ഗണിക്കപ്പെട്ടിരുന്നെങ്കിലും ക്രിസ്ത്യാനികളായിരുന്നു എന്നാണ് അദ്ദേഹം പ്രസ്താവിക്കുന്നതു്. ഉദാഹരണം സോക്രട്ടീസും ഹെരാക്ലീററസും. നാം മുമ്പു പ്രസ്താവിച്ചതുപോലെ ജസ്റ്റിൻസ്റ്റോയിസിസത്തിൻെറ (ഒന്നിലും താല്പര്യമില്ലാത്ത തത്വശാസ്ത്രത്തിൻെറ ഭാഷ ഉപയോഗിക്കുകയായിരുന്നു. ഏററം നല്ല തത്വശാസ്ത്രജ്ഞന്മാരുടെ ചിന്തയോടു സാദൃശ്യമുള്ളതാണു ക്രിസ്തീയ ചിന്തയെന്നു കാണിക്കുവാൻ ന്യായവാദികൾ ((apologists) സ്വീകരിച്ചിരുന്ന നയത്തിൻെറ ഭാഗമാണ് ആ ഭാഷാശൈലി. പക്ഷേ, സ്റ്റോയിസിസം നമുക്കു നൽകാനാണോ ജസ്റ്റിൻ ഉദ്ദേശിച്ചതു്. അതോ ലോഗോസ് (വചനം, ബുദ്ധിശക്തി) എന്ന വാക്കിൻെറ അവ്യക്തതകൊണ്ടു അമ്മാനമാടാനാണോ? തീർച്ചയായും അല്ല. അതിനാൽ സോക്രട്ടീസിനും മററുള്ളവർക്കും ഏതു വിധത്തിലാണ് ലോഗോസ് സന്നിഹിതനായിരുന്നുയെന്നതു് നാം ഗ്രഹിച്ചാൽ മററനേകം സഭാപിതാക്കന്മാരുടെ ആശയം ഗ്രഹിക്കുവാൻ നമുക്കതു സഹായകമാകും. നിയമം ഹൃദയങ്ങളിൽ രേഖപ്പെടുത്തിയത് ലോഗോസാണ്. (റോമാ 2: 15) ആധുനികമായ പരിശോധനാത്മകനരവംശശാസ്ത്രം ഇതിനോടു യോജിക്കുന്നു. ധാർമ്മിക നിയമം വിജാതീയർക്കു വളരെ നന്നായി അറിയാം. എങ്ങനെ അവർ അതറിയുന്നു? കേവലം ബുദ്ധിശക്തികൊണ്ടോ, ന്യായവിവേചനശക്തികൊണ്ടോ മാത്രമല്ലെന്നു തീർച്ച. ഏതോ ആന്തരിക രീതിയിലെന്നുപറയാം. ആ ആന്തരിക രീതിയാകട്ടെ, അതെന്താണെന്നു വിജാതിയർ തിരിച്ചറിഞ്ഞില്ലെങ്കിലും ദൈവമാണ്, അല്ലെങ്കിൽ ദൈവാത്മാവാണ്, അല്ലെങ്കിൽ ലോഗോസാണ്. എല്ലാത്തിൻെറയും അർത്ഥം ഒന്നുതന്നെ. വി. പൗലോസിൻെറ ചിന്തയിൽ ഇതു വ്യക്തമായുണ്ടായിരുന്നു. കാരണം, റോമാ 2: 15-ൽ ജറമ്യാ 31:33-ൽ

www.malankaralibrary.com

ഉള്ളതു് (പുതിയ ഉടമ്പടിയുടെ പ്രവചനം പ്രതിധ്വനി പ്പിക്കുകയാണു്: "ഞാൻ എന്റെ ഉടമ്പടി അവരുടെയുള്ളിൽ നിക്ഷേപിക്കും."

അതിനാൽ മനുഷ്യഹൃദയങ്ങളിൽ ദൈവം തന്റെ നിയമം എഴുതി, എഴുതുന്നു. നാം മുൻപു പ്രസ്താവിച്ചിട്ടുള്ളതുപോലെ ഇതു നിർവഹിക്കുന്നതു ദൈവത്തിന്റെ ആത്മാവാണു്. അല്ലെങ്കിൽ ദൈവികലോഗോസാണ് എന്നതു സ്പഷ്ടമത്രെ. ജസ്റ്റിൻ പ്രസ്താവിക്കുന്നതുപോലെ ലോഗോസിനെ അനുഗമിച്ചവരും അനുഗമിക്കുന്നവരും ക്രിസ്ത്യാനികൾ ആയിരുന്നു, ആണു്.

റോമാക്കാർക്കു വി. പൗലോസ് എഴുതിയ ഏതാനും വാക്കുകൾ കൂട്ടിച്ചേർത്താൽ നമുക്കു ഇനിയും പുരോഗമിക്കാനൊക്കും. റോമാ 8: 9-ൽ അദ്ദേഹം പ്രസ്താവിക്കുന്നു. "ക്രിസ്തുവിന്റെ ആത്മാവില്ലാത്തവൻ ക്രിസ്തുവിനുള്ളവനല്ല". അതിനാൽ ക്രിസ്തുവിന്റെ ആത്മാവുള്ളവരായിരിക്കുകയും തങ്ങളുടെ ഹൃദയങ്ങളിൽ ലോഗോസ് എഴുതുന്ന നിയമം കാത്ത് ലോഗോസിനെ അനുഗമിക്കുകയും ചെയ്യുന്നവർ ക്രിസ്തുവിനുള്ളവരാണ്. മറ്റൊന്നുകൂടി പരിഗണനീയമാണ്. വി. പൗലോസിന്റെതന്നെ അഭിപ്രായത്തിൽ ക്രിസ്തുവിനുള്ളവനാകുക എന്നു പറഞ്ഞാൽ ക്രിസ്തുവിന്റെ അവയവമാകുകയാണു്. വീണ്ടും വീണ്ടും പരിഗണിക്കേണ്ടതിതാണു്. ക്രിസ്തുവിന്റെ അവയവമാകുക, ക്രിസ്തുവിന്റെ സഭയിലെ അംഗമാകുകയാണ്. കാരണം സഭ ക്രിസ്തുവിന്റെ ശരീരമാണ്.

അതിനാൽ പ്രശ്നത്തിനുള്ള മറുപടി നമുക്കു ലഭിച്ചെന്നു തോന്നുന്നു. ക്രിസ്തുവിന്റെ ആത്മാവിനെ, തങ്ങളുടെ ഹൃദയങ്ങളിൽ നിയമമെഴുതുന്ന ലോഗോസിനെ അനുഗമിക്കുന്നവർ ക്രിസ്ത്യാനികളാണ്, ക്രിസ്തുവിന്റെ അവയവങ്ങളാണ്, അവിടുത്തെ സഭയുടെ അംഗങ്ങളാണ്. തീർച്ചയായും അവർക്കു സഭയോടു ബാഹ്യമായ അവലംബനം ഇല്ല, അവർ സഭയെക്കുറിച്ച് കേട്ടിട്ടുമുണ്ടായിരിക്കയില്ല. എന്നിരുന്നാലും സാരവത്തായ അർത്ഥത്തിൽ

www.malankaralibrary.com

ഔപചാരികമായ അവലംബനം ഇല്ലാതെതന്നെ, അവർ ക്രിസ്തുവിനുള്ളവരാണ്, അവിടുത്തെ സഭയ്ക്കുള്ളവരാണ്.

അവരെ ദൈവമക്കളെന്നും വിളിക്കാം. കാരണം, റോമ: 8: 14-ൽ നാം വായിക്കുന്നു: "ദൈവാത്മാവിനാൽ നയിക്കപ്പെടുന്നവരെല്ലാം ദൈവത്തിൻെറ പുത്രന്മാരാണ്". മക്കളെന്നനിലയിൽ തീർച്ചയായും അവർ ക്രിസ്തുവിനോടൊന്നിച്ച് കൂട്ടവകാശികളാണ്. (റോമാ 8: 17) അതിനാൽ അവിടുത്തോടൊന്നിച്ച് അവർ രാജ്യത്തിനവകാശികളാകും.

വസ്തുനിഷ്ഠമായിതന്നെ ഇതു നമുക്കു പറയാൻ സാധിക്കും. ഒരു പക്ഷേ, കരടുരേഖയെഴുതിയവരും ആരേഖയ്ക്കു സൂനഹദോസിൽ സമ്മതം നൽകിയവരും അങ്ങനെ കരുതിയിരുന്നില്ലെങ്കിൽപോലും വത്തിക്കാൻ സൂനഹദോസ് ഇതാണു പഠിപ്പിച്ചത്. "ക്രിസ്തുവിനുള്ളവരെല്ലാം അവിടുത്തെ അരൂപിയെ പ്രാപിച്ച് ഒരു സഭയായിരൂപം പ്രാപിക്കുകയും അവിടുത്തോടു ചേർന്നിരിക്കുകയും ചെയ്യുന്നു."

ഇതു പ്രസ്താവിക്കുകമൂലം പന്ത്രണ്ടാം പീയൂസു് മാർപ്പാപ്പായുടെ പ്രബോധനത്തിനു (ക്രിസ്തുവിൻെറ മൗതികശരീരം എന്ന ചാക്രികലേഖനത്തിനു) വിരുദ്ധമായി നാം യാതൊന്നും പറയുന്നില്ല. തങ്ങളംതന്നെ അറിയുന്നില്ലെങ്കിലും ഒരു പ്രതേകമായ ആഗ്രഹം വഴി ചിലർ സഭയുമായി ബന്ധിതരാണെന്നു് അദ്ദേഹം പഠിപ്പിച്ചു. അതു നാം അംഗീകരിക്കുന്നു. സത്യത്തോടുകൂട്ടിച്ചേർക്കുക സത്യത്തിൻെറ നിഷേധിക്കലെല്ലല്ലോ.

മൂന്നു് എതിർവാദങ്ങൾക്കുള്ള സാധ്യതപിന്നെയുമുണ്ടു്. ഒന്നാമത്തേതു്; നമ്മുടെ മറുപടി ഉദാസീനമായതാണോ? തീർച്ചയായും അല്ല. കാരണം, ഔപചാരികമായ അവലംബനം ഇല്ലാത്തവർക്ക് ഔപചാരികമായി സഭയിൽ പ്രവേശിക്കാനുള്ള വസ്തുനിഷ്ഠമായ കടമയുണ്ടെന്നു നാം ഊന്നിപ്പറയുന്നു. അവരെ കുററവിമുക്തരാക്കുന്നതു അവരുടെ അജ്ഞത മാത്രമാണ്. നാം മുമ്പു കണ്ടതുപോലെ ഉദാസീനത അഥവാ നിസ്സംഗതയ്ക്കെതിരായിരുന്നുതാടി

www.malankaralibrary.com

ച്ചിട്ടുള്ള ഒൻപതാം പീയൂസ് മാർപ്പാപ്പാ ഇങ്ങനെയുള്ളവർ എങ്ങനെയോ രക്ഷ പ്രാപിക്കുമെന്നുള്ള നമ്മുടെ നിഗമനവുമായി യോജിക്കുന്നുണ്ടു്.

രണ്ടാമതായി: നാം പ്രകൃതിഗുണം നിർദ്ദേശിക്കയാണോ? അതായത് ഒരുവൻ സ്വഭാവത്താലെ നല്ലവനാണെങ്കിൽ അതുമതിയെന്നാണോ നാം വിവക്ഷിക്കുന്നതു്? തീർച്ചയായും അല്ല. ഒന്നാമതായി, പ്രകൃതിനിയമം ദൈവത്തിന്റെയും നിയമമാണ്. രണ്ടാമതായി ഈ ആളുകൾ ദൈവത്തിന്റെ ആത്മാവിനെ വസ്തുനിഷ്ഠമായി അനുഗമിക്കുന്നു. അതിനാൽ അവർ ആദ്ധ്യാത്മികതലത്തിലാണ്. അവസാനമായി രണ്ടാം വത്തിക്കാൻ സൂനഹദോസിന്റെ വിശാലമായ പ്രമാണരേഖ പ്രസ്താവിച്ചപ്രകാരം അവർക്കും പ്രാപ്യമായ യഥാർത്ഥകൃപകൾ ലഭിക്കുന്നുണ്ടു്. അവർ അവ ഉപയോഗിക്കുന്നുമുണ്ട്. തങ്ങൾക്കു ചെയ്യാവുന്നവ ചെയ്യുന്നവർക്കു ദൈവം എപ്പോഴും യഥാർത്ഥ കൃപകൾ നൽകുന്നുണ്ട്. മൂന്നാമതായും അവസാനമായും: ക്രിസ്തുവിനു മുൻപുള്ളവരെക്കുറിച്ചു മാത്രമാണ് സഭാപിതാക്കന്മാരും സഭയുടെ പ്രബോധനാധികാരസ്ഥാനവും പ്രസ്താവിച്ചിട്ടുള്ളതു്. അവിടുന്നുആഗതനായ ശേഷം സഭയിലുള്ള ഔപചാരികമായ പ്രവേശനം ആവശ്യമാണ്. നമ്മുടെ മറുപടി: ഒന്നാമാതായി, സഭയുടെ പ്രബോധനാധികാരസ്ഥാനത്തുനിന്നുള്ള രേഖകൾ വർത്തമാനകാലമാണ് ഉപയോഗിക്കുന്നത്. ഭൂതകാലമല്ല. ഉദാഹരണമായി ഒൻപതാം പീയൂസ് മാർപ്പാപ്പാ: "നിത്യശിക്ഷകൾ മൂലം യാതൊരുവനും ശിക്ഷിക്കപ്പെടാൻ ദൈവം അനുവദിക്കുന്നില്ല" തിരുസംഘം പ്രസ്താവിച്ചു "അതുഎപ്പോഴും ആവശ്യമുള്ളതല്ല" ഇതുപോലെ രണ്ടാം വത്തിക്കാൻ സൂനഹദോസും പ്രസ്താവിച്ചിട്ടുണ്ട്. "തങ്ങളുടെ ഭാഗത്തുനിന്നുള്ള കുററമില്ലാത്തവർക്കു.......... നിത്യരക്ഷ പ്രാപിക്കുവാൻ കഴിയും". രണ്ടാമതായി, ക്രിസ്തുവിനു മുൻപുള്ളവർക്കു നിത്യരക്ഷയ്ക്കാവശ്യമായവ നൽകിയിട്ടുണ്ടെന്ന അടിസ്ഥാനപരമായ തങ്ങളുടെ ഉറപ്പാണ് സഭാപിതാക്കന്മാരുടെ പ്രസ്താവങ്ങൾ കാണിക്കുന്നത്. ക്രിസ്തു

www.malankaralibrary.com

വിനു ശേഷമുള്ളവർക്കും ഇതു ബാധകമാണ്. കൂടാതെ റോമാക്കാർക്കുള്ള ലേഖനം 5-ാം അധ്യായം 15 മുതൽ 19 വരെയുള്ള വാക്യങ്ങളിൽ വി. പൗലോസ് വീണ്ടും വീണ്ടും ഊന്നിപ്പറയുന്നുണ്ട്, വീണ്ടെടുപ്പ് വീഴ്ചയെക്കാൾ സമൃദ്ധമാണെന്ന്. എന്നാൽ, ക്രിസ്തുവിന്റെ ആഗമനം എണ്ണമററ ലക്ഷങ്ങൾക്കു രക്ഷയ്ക്കുള്ള അവസരം പ്രായോഗികമായി നഷ്ടപ്പെടാൻ കാരണമാകുന്നുവെങ്കിൽ വീണ്ടെടുപ്പ് സമൃദ്ധമാകുകയില്ല. അതു ഒരു ദുരന്തമാകും— ഈ ആളുകൾക്കു ഒരു കടുത്ത ദുരന്തം. അങ്ങനെയാണെങ്കിൽ റോമാക്കാർക്കുള്ള ലേഖനം 3: 28-30-ൽ വി. പൗലോസ് ഉറപ്പോടെ പ്രസ്താവിക്കുന്നപ്രകാരം താൻ അവരുടെ ദൈവമാണെന്നനിലയിൽ ദൈവം പ്രവർത്തിക്കുകയായിരിക്കുകയില്ല.

MALANKARA
LIBRARY

www.malankaralibrary.com